ഒരു പുരോഹിതന്റെ ആത്മകഥ

# എന്റെ കഥ എന്റെ ജീവൻ

921 ALO

ഫാ. അലോഷ്യസ് ഡി ഫെർണാന്റസ്

# എന്റെ കഥ എന്റെ ജീവൻ

**ente katha ente jeevan**

•

*fr. aloysius d fernandez*

•

*first edition*
April 2012

•

*typesetting & published*
chintha publishers, thiruvananthapuram

•

*printed*
akshara offset, thiruvananthapuram

•

*cover*
vinod

•

*price*
rupees two hundred and twenty five only

Rights reserved

---

***വിതരണം***

**ദേശാഭിമാനി ബുക്ക് ഹൗസ്**

H O തിരുവനന്തപുരം-695 035
www.chinthapublishers.com
chinthapublishers@gmail.com

***ബ്രാഞ്ചുകൾ***

ഹെഡ്ഡാഫീസ് കുന്നുകുഴി • ഓവർബ്രിഡ്ജ് തിരുവനന്തപുരം • കെ എസ് ആർ ടി സി ബസ് സ്റ്റേഷൻ ആലപ്പുഴ • കെ എസ് ആർ ടി സി ബസ് സ്റ്റേഷൻ എറണാകുളം • മച്ചിങ്ങൽ ലെയ്ൻ തൃശൂർ • ഐ ജി റോഡ് കോഴിക്കോട് • കെ എസ് ആർ ടി സി ബസ് സ്റ്റേഷൻ കോഴിക്കോട് • എൻ ജി ഒ യൂണിയൻ ബിൽഡിങ് കണ്ണൂർ • സെൻട്രൽ ബസ് ടെർമിനൽ കോംപ്ലക്സ് താവക്കര കണ്ണൂർ.

---

CO - 1661 / 2810

# എന്റെ കഥ എന്റെ ജീവൻ

7154

ഫാ. അലോഷ്യസ് ഡി ഫെർണാന്റസ്

PG Library & Research Center

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം-695 035
വില : ₹ 225

921 ALO

## ഫാ. അലോഷ്യസ് ഡി ഫെർണാന്റസ്

കൊല്ലം ജില്ലയിൽ, കുമ്പളത്തു വലിയവിളപൊയ്കയിൽ 1947 ആഗസ്റ്റ് 29 നു ജനനം. അച്ഛൻ ദാവീദ് വി ഫെർണാന്റസ്, അമ്മ ത്രേസ്യാമ്മ. കുമ്പളത്ത് സെന്റ്മേരീസ് സ്കൂളിലും തങ്കശ്ശേരി ഇൻഫന്റ്ജീസസിലുമായി സ്കൂൾ വിദ്യാഭ്യാസം. 9 വർഷം സെമിനാരി പഠനം. കേരളാ യൂണിവേഴ്സിറ്റിയിൽനിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ബി എ, ആലുവ സെന്റ് ജോസഫ് പൊന്റിഫിക്കൽ സെമിനാരിയിൽനിന്നും ബി ഡി, അമേരിക്കയിലെ ബോസ്റ്റൻ കോളേജിൽനിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം. 1970 ൽ പൗരോഹിത്യം സ്വീകരിച്ചു. ഇന്ത്യക്കകത്തും പുറത്തുമുള്ള വിവിധ ഇൻസ്റ്റിറ്റ്യൂട്ടുകളിൽനിന്നും സോഷ്യൽ വർക്കിലും കമ്യൂണിറ്റി ഓർഗനൈസേഷനിലും സർട്ടിഫിക്കറ്റുകൾ.

28 വർഷങ്ങളായി മനുഷ്യവിമോചന ശബ്ദമായി പ്രസിദ്ധീകരിച്ചുവരുന്ന ഓറ മാസികയുടെ സ്ഥാപകാംഗം; തുടർന്ന് മാനേജിങ് എഡിറ്റർ. ഇപ്പോൾ മുഖ്യഉപദേഷ്ടാവ്. ഒപ്പം ജനജാഗൃതി ഡയറക്ടറും. കൊച്ചുമോൾ എം ടി യാണ് കൂട്ടുകാരി.

പ്രസിദ്ധീകരിച്ച പ്രധാന പുസ്തകങ്ങൾ: കറുത്ത കുർബാന - ഞാൻ നടന്ന വഴികൾ (ആത്മകഥ), ലേഖനസമാഹാരങ്ങൾ: അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ, മരണത്തിലൂടെ ജീവൻ, നേർക്കാഴ്ചകൾ, ആത്മീയതയുടെ സൂപ്പർമാർക്കറ്റ്, വിഭജിക്കപ്പെട്ട സമൂഹം, ബൈബിൾ - കറുത്തനീതിയുടെ പാഠപുസ്തകം, മണ്ണും പെണ്ണും കറുത്ത ദൈവവും, വെളുത്ത ദൈവത്തെ കൊല്ലുക, വിൽക്കാനുണ്ട് ബ്രഹ്മചര്യം, പുതിയ ഗാഗുൽത്തകൾ, ഒതപ്പ് നൽകുന്നവർ, അരാഷ്ട്രീയക്കാരന്റെ രാഷ്ട്രീയം, വിവാഹസർട്ടിഫിക്കറ്റ്, ക്രൈസ്തവ സഭ യേശുവിന്റെ സഭയോ? ക്രിസ്ത്യാനിയും കമ്യൂണിസ്റ്റും, കാതുള്ളവർ കേൾക്കട്ടെ. പഠനങ്ങൾ: ഒരു ഫെമിനിസ്റ്റാവുക, തിരുമേനിമാർക്ക് യേശു മാപ്പുതരില്ല, പെരുവട്ടന്മാരുടെ സുവിശേഷം, സൗഹൃദത്തിന്റെ രസതന്ത്രം, ഞങ്ങൾക്കു ബറാബാസിനെ മതി, സഭയും സംസ്കാര സാത്മീകരണവും, പ്രപഞ്ചസിംഫണി, തിരുസഭയുടെ ചാവുദോഷങ്ങൾ, *The Chemistry of Intimacy*, സ്ത്രീ, കുടുംബം, ലൈംഗികത, അനുഭവങ്ങൾ: ഒരു പുരോഹിതന്റെ ഡയറിക്കുറിപ്പുകൾ, ഓർമകളിലെ വേനലും വസന്തവും, ഒരു പുരോഹിതന്റെ ബദൽ ജീവിതരേഖ, അനുഭവങ്ങൾ: തണൽമരങ്ങൾ, തീക്കനലുകൾ, അനുഭവം സമ്പത്ത്, മാനവികതയുടെ നേരറിവുകൾ പുന്നപ്രവയലാർ സമരം - അനുഭവങ്ങളിലൂടെ (എഡിറ്റർ) ജീവചരിത്രങ്ങൾ: സോളമനച്ചൻ ആത്മസമർപ്പണത്തിന്റെ പ്രതീകം, ഇവൻ യേശു. *Black Mass - The Path I have Trodden* (Autobiography).

# ഉള്ളടക്കം

അവതാരിക 7

ഒരു വാക്ക് 12

ബന്ധങ്ങൾ വഴിമാറുന്നു 15

പ്രതിരോധസംഘങ്ങൾ - ജനകീയസമരങ്ങൾ 23

വഴിതെളിച്ചവർ വഴിവിളക്കുകൾ 50

കൊച്ചുമോൾ എന്റെ കൂട്ടുകാരി 127

സഭയും ഞാനും 145

ജനജാഗ്യതിയുടെ രൂപപ്പെടൽ 188

ഓറ മാസിക പ്രവർത്തനം 208

ബദൽ കൂട്ടായ്മകൾ 255

ഇന്നു ഞാൻ - പൗരോഹിത്യരാജി-ദിശ
-സ്വപ്നം-നിലപാട് ... ഇനി ഞാൻ 296

## അനുബന്ധങ്ങൾ

മോചക ജീവക മുന്നേറ്റം, മാവേലിക്കര 308

കൊല്ലം ബിഷപ്പിന്റെ 14. 10. 1982 ലെ കത്ത് 311

12 കൊല്ലം രൂപതാ വൈദികർ ബിഷപ്പിനു അയച്ച കത്ത് 313

ഫാ. ജോസ് ജെ കളീക്കലും ഫാ. അലോഷ്യസ്
ഡി ഫെർണാന്റസും സംയുക്തമായി
27. 10. 1982ൽ ബിഷപ്പിനയച്ച മറുപടിക്കത്ത് 315

വിമോചന വിശ്വാസ സംരക്ഷണ പ്രസ്ഥാനം 318
പ്രതിഷേധ മെമ്മോറാണ്ടം 320
കൊല്ലം ലത്തീൻകത്തോലിക്കാസഭയിലെ രൂപതാധ്യക്ഷന്
ഒരു തുറന്ന കത്ത് - ഈ പോക്ക് ആർക്കുവേണ്ടി? 323
സാബത്ത് മനുഷ്യനുവേണ്ടിയോ
മനുഷ്യൻ സാബത്തിനു വേണ്ടിയോ? 326
മത്സ്യത്തൊഴിലാളിസംഘടനകൾ 332
കൊല്ലം ബിഷപ്പിനു കൊല്ലം ജില്ല
സ്വതന്ത്രമത്സ്യത്തൊഴിലാളിയൂണിയന്റെ
29. 7. 1984 ലെ തുറന്ന കത്ത് 336
ഫാ. അലോഷ്യസിന് അവധി അനുവദിച്ചു
കൊണ്ടുള്ള ബിഷപ്പിന്റെ 25. 11. 1986 ലെ കത്ത് 341
അമേരിക്കയിൽ പഠനത്തിനു പോകാൻ അനുവദിച്ചുകൊണ്ടുള്ള
ബിഷപ്പിന്റെ 31. 8. 1987 ലെ കത്ത് 343
ഓറയുടെ ലക്ഷ്യം വ്യക്തമാക്കുന്ന
1982ലെ ആദ്യ എഡിറ്റോറിയൽ 344
കവർസ്റ്റോറികൾ 2000 ജനുവരി മുതൽ 2010 സെപ്തംബർ വരെ 346
ഓറയുടെ ലഘുചരിത്രം 352
സംഘജീവിതത്തിനായി വിശകലനത്തിനുള്ള ചോദ്യങ്ങൾ 354
ബദൽ അന്വേഷണത്തിലെ ദർശനസമാനതകൾ 357
സംഘജീവിതത്തെപ്പറ്റിയുള്ള അന്വേഷണം കുറച്ചുകൂടി മുന്നോട്ട് 361
മരണാനന്തര ഒസ്യത്ത് (21. 9. 1998 ൽ എഴുതിയത്) 368

# അവതാരിക

**വി**ശിഷ്ട സോഷ്യലിസ (qualified socialism) ത്തിന് അഥവാ വിശിഷ്ട സമതാദർശനത്തിന് ഏറെ പ്രാധാന്യമുണ്ട്. വ്യക്തിക്കു സ്വാതന്ത്ര്യവും സൗഖ്യവും ഉരുവാകുന്നതും സഫലമാകുന്നതും സമൂഹത്തിൽക്കൂടിയാണ്. സമൂഹസാഫല്യത്തിലൂടെ മാത്രമാണ് വ്യക്തിസാഫല്യം സാധ്യമാകുന്നത്. വ്യക്തിക്കു മാത്രമായി ഒരു സാഫല്യവുമില്ല. 'അപരന്റെ മൂക്കിനു മുമ്പിൽവച്ച് എന്റെ സ്വാതന്ത്ര്യം അവസാനിക്കുന്നു' എന്നത് ഒരു സൂത്രവാക്യമാണ്. ഈ വിശിഷ്ട സമതാദർശനമാണ് അഹിംസയുടെയും ആഴമേറിയ സഹാനുഭൂതിയുടെയും അടിത്തറയും ഉത്ഭവസ്ഥാനവും.... പ്രകൃതി ഒരിക്കലും സ്വകാര്യസ്വത്തല്ല. അങ്ങനെ ആവരുത്, ആക്കരുത്. പ്രകൃതി പൊതുസ്വത്താണ്, സോഷ്യലിസത്തിന്റെ അടിസ്ഥാനവും അതാണ്. 'ഞാൻ ഭൂമിയുടേതാണ്, ഭൂമി എന്റേതല്ല.' നമ്മുടെ ജീവിതചിന്തയെയും സാമൂഹ്യദർശനത്തെയും ആകെ പിടിച്ചുകുലുക്കുന്ന ഒരു സമീപനമാണ് ഇവിടെ നാം ഏറ്റുപിടിക്കുന്നത്.

വിശിഷ്ടമായ ഈ ഗ്രന്ഥത്തിലെ 'ബദൽ കൂട്ടായ്മകൾ' എന്ന അധ്യായത്തിൽനിന്നാണ് മുകളിലത്തെ വാക്കുകൾ ഞാൻ ഉദ്ധരിച്ചത്. ഇതുപോലെ ഉദ്ധരിക്കാവുന്ന അനേകം ഭാഗങ്ങൾ വേറെയുമുണ്ട്. എങ്കിലും അടിസ്ഥാനമായ ഒരു സമീപനത്തിനു ഊന്നൽ നൽകുന്നതിനു വേണ്ടിയാണ് ഈ പ്രത്യേകഭാഗത്തിലേക്കു വായനക്കാരുടെ ശ്രദ്ധയാകർഷിക്കാൻ ഞാൻ തുനിഞ്ഞത്. ആരുടെ സമീപനം? ഗ്രന്ഥകാരനായ ഫാ. അലോഷ്യസ് ഡി ഫെർണാന്റസ് എന്ന വ്യക്തിയുടെ സമീപനം

എന്നു ഞാൻ വ്യക്തമാക്കട്ടെ. പക്ഷേ, ഇവിടെ ഒരു തെറ്റിദ്ധാരണ ഉണ്ടാകാവുന്നതാണ്. ഫാ. അലോഷ്യസ് വാസ്തവത്തിൽ ഒരു വ്യക്തിയല്ല, ഒരു പ്രസ്ഥാനമാണ്.

ക്രൈസ്തവസഭയിലെ പുരോഹിതനായിട്ടാണ് ഫാ. അലോഷ്യസ് വൈദികമായ മേഖലയിൽ കാലൂന്നുന്നത്. യേശുവിലും വിശ്വവിശാലമായ യേശുദർശനത്തിലും വിശ്വാസം അർപ്പിച്ചുകൊണ്ട് സ്വകർമങ്ങളിലൂടെ ആ വിശ്വാസത്തിനു സാഫല്യം അരുളുന്നതിന് അദ്ദേഹം സ്വയം സമർപ്പിക്കുകയും ചെയ്തു. ആ സമർപ്പണത്തിന് ഒരു അനുഷ്ഠാനത്തിന്റെ സ്വഭാവമില്ല. സ്വന്തം ജീവിതത്തിൽ നിറഞ്ഞുനിന്ന ഒരു വ്രതമായിരുന്നു അത്. അതുകൊണ്ട് വൈദികവൃത്തിയിലേർപ്പെട്ട അദ്ദേഹം യേശുദർശനത്തിന്റെ പ്രാഥമിക പാഠങ്ങൾ വാക്കിലും കർമത്തിലുംകൂടി ആവിഷ്കരിക്കാൻ തുടങ്ങി. സമൂഹത്തിന്റെ അടിത്തട്ടിലെ അന്ധകാരത്തിൽ കഴിഞ്ഞുകൂടുന്ന ദലിതരുടെയും ദരിദ്രരുടെയും മധ്യത്തിലേക്കാണ് അദ്ദേഹം കടന്നുചെന്നത്. വെളിച്ചം പ്രസരിപ്പിക്കേണ്ടത് അവിടെയാണെന്ന് അദ്ദേഹം നല്ലതുപോലെ അറിഞ്ഞിരുന്നു. അവരെ സ്വന്തം സഹോദരങ്ങളായി അദ്ദേഹം കണ്ടു. അവരുടെ ഭൗതികവും മാനസികവുമായ ജീവിതങ്ങളിൽ സ്നേഹത്തിന്റെ സന്ദേശം എത്തിക്കുന്നതിന് അദ്ദേഹം തുനിഞ്ഞു. അതിനു ലഭിച്ച പ്രതിഫലം അളവറ്റതാണ്. അവർ അന്ധകാരത്തിന്റെ പുറത്തുകടന്നു വെളിച്ചം ഉൾക്കൊള്ളുന്നവരായി മാറി. അവരുടെ ദൈനംദിനജീവിതത്തിൽ സാംസ്കാരികമായ മാറ്റങ്ങൾ പ്രത്യക്ഷമായി. ആ കാഴ്ചയാണ് ഫാ. അലോഷ്യസിനു ലഭിച്ച പ്രതിഫലം. അതിനേക്കാൾ വലിയ പ്രതിഫലം ഒരു വൈദികനു ലഭിക്കാനില്ല.

ഏതെല്ലാം ഇടവകകളിൽ താൻ പ്രവർത്തിച്ചുവോ അവിടങ്ങളിലെല്ലാം ഇതേ പ്രവർത്തനശൈലി, വിഭിന്ന രീതികളിൽ അവലംബിക്കുന്നതിനുദ്ദേഹം ശ്രമിച്ചു. കർഷകത്തൊഴിലാളികളെയും ദലിതരെയും അദ്ദേഹം സംഘടിപ്പിച്ചു. അവർക്കു ന്യായമായ കൂലി കിട്ടുന്നതിനു വേണ്ടി മാത്രമല്ല, സാംസ്കാരികമായ ഉന്നമനം ലഭിക്കുന്നതിനു വേണ്ടിയും അദ്ദേഹം ഒരേകാലത്ത് പരിശ്രമിച്ചു. എതിർപ്പുണ്ടാവുക സ്വാഭാവികം. പത്തനംതിട്ടയിൽ ഒരു ദലിതനെ ആഢ്യനായ ക്രിസ്ത്യാനി, ചായക്കടയിൽ ഒരേ ബഞ്ചിൽ ഒപ്പമിരുന്നതിന്റെ പേരിൽ കൈയേറ്റം ചെയ്തതിനെതിരെ അദ്ദേഹം പ്രതിഷേധിച്ചു; ജനങ്ങളെ സംഘടിപ്പിച്ചു. ആ പ്രതിഷേധത്തിനു ധാർമികതയുടെ സംഘടിതരൂപം നൽകി. പ്രകോപനപരമായ ഒരു പ്രവൃത്തിയാണതെന്ന് അദ്ദേഹം വിചാരിച്ചില്ല. പക്ഷേ, ഉന്നതസ്ഥാനങ്ങളിൽനിന്നും അതിനെതിരെ താക്കീതുകൾ ലഭിച്ചു. അപ്പോൾ അദ്ദേഹം ആലോചിച്ചു. യേശു ആരുടെ പക്ഷത്ത്? ദരിദ്രരുടെയും ദലിതരുടെയും പക്ഷത്തോ? യേശുവിനെ നല്ലവണ്ണം മനസിലാക്കിയ ഒരു വ്യക്തി എന്നനിലയിൽ അതിനുത്തരം കാണുക പ്രയാസമായിരുന്നില്ല. യേശു തീർച്ചയായും അധ്വാനിക്കുന്നവരുടെയും ഭാരം ചുമക്കുന്നവരുടെയും പക്ഷത്താണ്. അതോടെ തന്റെ മാർഗം ഏതെന്ന് അദ്ദേഹത്തിനു വ്യക്തമായി. അവിടെ സംശയങ്ങൾക്കു സ്ഥാനമുണ്ടായിരുന്നില്ല.

താൻ വികാരിയായി പ്രവർത്തിച്ച ഇടവകകളിലെല്ലാം ഫാ. അലോഷ്യസ് സഭാനേതൃത്വത്തിൽനിന്നു സ്വതന്ത്രമായ ജനകീയസംഘങ്ങൾക്കു രൂപംനൽകി. അവയുടെ കൂട്ടത്തിൽ ഏറ്റവുമധികം ശ്രദ്ധിക്കപ്പെട്ടതു മാവേലിക്കരയിലെ എം ജെ എം സെന്ററാണ്. മത്സ്യമേഖലയിലെയും ദലിത്മേഖലയിലെയും സഹോദരങ്ങളെ ആ സംഘത്തിൽ ഉൾപ്പെടുത്തി. അവരെ സംഘടിപ്പിച്ച്, ലോകം, സമൂഹം, ധാർമികബോധം, നീതി മുതലായവയെക്കുറിച്ച് അവർക്ക് അറിവു പകർന്നുകൊടുത്തു. എഴുതാനും പ്രസംഗിക്കാനുമുള്ള പരിശീലനവും അവർക്കു നൽകി. അങ്ങനെ അവർ നല്ല പ്രസംഗകരും യൂണിയൻ നേതാക്കളുമായി ഉയർന്നതുകണ്ട് അദ്ദേഹം കൃതാർഥത അനുഭവിച്ചു. അദ്ദേഹത്തിന്റെ മനസിൽ യേശു അധികമധികം തെളിഞ്ഞുവന്നു. ഈ പ്രക്രിയയിൽ ഫാ. ജോസ് ജെ കളീക്കലും ഫാ. എ സോളമനും കൂടെയുണ്ടായിരുന്നു.

അതുപോലെ ദരിദ്രപക്ഷ ദൈവശാസ്ത്രവിജ്ഞാനീയത്തിനു അടിത്തറ പാകിയ ഡോ. ശാമുവൽ രായൻ, ഫാ. സെബാസ്റ്റ്യൻ കാപ്പൻ, ഡോ. എം എം തോമസ് എന്നിവർ ചെലുത്തിയ സ്വാധീനത്തെക്കുറിച്ചും പ്രത്യേകം പ്രസ്താവിക്കേണ്ടതാണ്.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുവേണ്ടി കൊല്ലം കളക്ട്രേറ്റിനു മുമ്പിൽ 11 ദിവസം ഫാ. അലോഷ്യസ് നിരാഹാരവ്രതം അനുഷ്ഠിച്ചതിനെക്കുറിച്ചു ഞാൻ ഓർക്കുന്നു. മത്സ്യങ്ങൾ മുട്ടയിടുന്ന ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ട്രോളിങ്‌വഴി നടത്തുന്ന അശാസ്ത്രീയവും അനിയന്ത്രിതവുമായ മത്സ്യബന്ധനം നിരോധിക്കണമെന്നതായിരുന്നു സമരത്തിന്റെ മുഖ്യ ആവശ്യം. പിൽക്കാലത്ത് ആ ആവശ്യം സർക്കാർ അനുവദിക്കുന്നതിനു പിന്നിൽ ഈ സത്യഗ്രഹസമരത്തിന്റെ സ്വാധീനവുമുണ്ട്. ഇതുപോലെ എത്രയെത്ര രംഗങ്ങളിൽ ഫാ. അലോഷ്യസ് പ്രതിജ്ഞാബദ്ധനായി നിർധനർക്കുവേണ്ടി പോരാടിയിരിക്കുന്നു.

ആലപ്പുഴയിലെ ജനജാഗൃതി എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ച കാലത്താണ് ഫാ. അലോഷ്യസുമായി അടുത്ത സമ്പർക്കം പുലർത്താൻ എനിക്കവസരം ഉണ്ടായത്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലെ മൂന്നു ഗുണങ്ങൾ പ്രഥമസംഗമത്തിൽത്തന്നെ എന്റെ മനസിൽ പതിഞ്ഞു. പാവങ്ങളുടെ ഉന്നമനത്തിനുവേണ്ടി സ്വയം സമർപ്പിതനാണ് താൻ എന്ന ബോധം അദ്ദേഹത്തിൽ കത്തിനിന്നു. അവരെ സംഘടിപ്പിച്ചു ധാർമികമായ മാർഗങ്ങളിൽ നയിക്കുന്നതിനുള്ള കർമശേഷി അദ്ദേഹം പ്രകടമാക്കി. സമീപത്തുള്ള മത്സ്യത്തൊഴിലാളികളും ദലിതരും സഹോദരഭാവേന അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതു ഞാൻ കണ്ടു. അവരും ഫാദറും ജനജാഗൃതിയിൽ ഒരേ കുടുംബത്തിലെ അംഗങ്ങളാണ്. തുടർന്ന്, സ്വകാര്യസംഭാഷണത്തിൽ ഏർപ്പെട്ടപ്പോഴാണ് ഫാ. അലോഷ്യസിന്റെ ചിന്താശീലവും നവീനാശയങ്ങളുടെ നേർക്കുള്ള ആഭിമുഖ്യവും പ്രകടമായത്. സമൂഹത്തെ നീതിയുക്തമായ അവസ്ഥയി

ലേക്കു വളർത്തിയെടുക്കേണ്ടത് എങ്ങനെ — ഇതാണ് അദ്ദേഹത്തിന്റെ ചിന്താവിഷയം. മതവിശ്വാസത്തിന്റെയും ദർശനങ്ങളുടെയും പിൻബലത്തോടുകൂടി ചിന്തിച്ചതിന്റെ ഫലമായി അദ്ദേഹത്തിനു സ്വന്തമായ ആശയങ്ങളിൽ എത്തിച്ചേരാൻ കഴിഞ്ഞു. ആ ആശയങ്ങളുടെ യുക്തിബന്ധമായ ഒരു സംഗതിയാണ് ഈ ഗ്രന്ഥത്തിലെ 'ബദൽ കൂട്ടായ്മകൾ' എന്ന എട്ടാം അധ്യായത്തിൽ കാണുന്നത്.

എന്നാൽ ഫാ. അലോഷ്യസ് ക്രൈസ്തവസഭയുടെ ചട്ടക്കൂട്ടിലെ ഒരംഗം മാത്രമാണല്ലോ. അവിടെ സ്വതന്ത്രമായ ചിന്തകൾക്കും സ്വച്ഛന്ദമായ പ്രവർത്തനങ്ങൾക്കും എത്രത്തോളം അവസരങ്ങൾ ലഭിക്കും? അതൊരു വലിയ ചോദ്യമാണ്. യേശുവാണോ സഭയാണോ വലുത് എന്ന വലിയ ചോദ്യം അദ്ദേഹത്തിന്, തന്നെ നിയന്ത്രിക്കാൻ ശ്രമിച്ച മേലധ്യക്ഷന്മാരുടെ മുമ്പാകെ സമർപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. തൃപ്തികരമായ ഉത്തരം അദ്ദേഹത്തിനു ലഭിച്ചില്ല. അതിന്റെ ചരിത്രപരമായ തെളിവുകൾ ഈ ഗ്രന്ഥത്തിൽ അധ്യായം അഞ്ചിലും അനുബന്ധ രൂപേണയും നിങ്ങൾക്കു കാണാം. നിങ്ങളുടെ ആദർശബോധത്തെ അത് ഉദ്ദീപിപ്പിക്കും എന്ന കാര്യത്തിൽ എനിക്കു സംശയമില്ല.

വ്യത്യസ്തമായി ചിന്തിക്കുന്ന, വ്യത്യസ്തമായി പ്രവർത്തിക്കുന്ന ഒരു വ്യക്തിത്വത്തിന്റെ ആവിഷ്കരണമാണ് ഈ ഗ്രന്ഥത്തെ സജീവമാക്കുന്നത്. ശീലിച്ചുപോന്ന പെരുമാറ്റരീതികളും, ആശ്രയിച്ചുപോന്ന ആശയഗതികളും മാറ്റിവച്ചുകൊണ്ടല്ലാതെ ഗ്രന്ഥകാരന്റെ വലിയ മനസുമായി സംവദിക്കാൻ നമുക്കു സാധിക്കുകയില്ല. അങ്ങനെ സംവദിക്കേണ്ടതാണെന്നബോധം ഈ ഗ്രന്ഥത്തിലെ ആഖ്യാനം നമ്മിൽ അവശേഷിപ്പിക്കുകയും ചെയ്യുന്നു. അപ്പോൾ, നാം ജീവിക്കുന്ന ഈ സമൂഹവും ലോകവും ധർമാനുസാരിയായി പരിവർത്തനത്തിനു വിധേയമാകേണ്ടതാണെന്ന നിഗമനത്തിൽ നാം എത്തിച്ചേരുന്നു. ആ നിഗമനത്തോടു നീതി പുലർത്തണമെങ്കിൽ കുടുംബം, സദാചാരം, കൂലിപ്പണി, ധർമം, മതം, മേൽ-കീഴ് അധികാരക്രമം മുതലായവയെക്കുറിച്ചെല്ലാം ഒരു വീണ്ടുവിചാരത്തിനു നാം സന്നദ്ധരാകേണ്ടതാണെന്നു നാം അറിയുന്നു. എത്രപേർ അതിനു സന്നദ്ധരാകുമെന്ന് എനിക്കു നിശ്ചയമില്ല. പക്ഷേ, ദിവ്യമായ ആന്തരീകാസ്വാസ്ഥ്യവും സർഗാത്മകമായ ചിന്താധാരയും ഉണർത്തിവിടുന്ന ഒരു ഗ്രന്ഥമെന്നനിലയിൽ ഫാ. അലോഷ്യസിന്റെ ഈ സൃഷ്ടി എല്ലാ വായനക്കാരുടെയും മനസുകളിൽ ഒളിമങ്ങാതെ തങ്ങിനിൽക്കുമെന്നാണ് എന്റെ വിശ്വാസം.

തുലോം വിഭിന്നമെന്നു പറയാവുന്ന ഒരു മാസികയുടെ സജീവപ്രവർത്തകൻ കൂടിയാണ് ഫാ. അലോഷ്യസ്. *ഓറ* എന്ന ആ മാസിക കഴിഞ്ഞ 28 വർഷക്കാലമായി മുടങ്ങാതെ പ്രവർത്തിക്കുന്നു. ഫാ. അലോഷ്യസിന്റെ വിചാരയാത്ര അവശേഷിപ്പിക്കുന്ന പാദമുദ്രകൾ ആ മാസികയുടെ ലക്കങ്ങളിൽ നിങ്ങൾക്കു കാണാം. 'പ്രതിബദ്ധത' എന്നു നാം സാധാരണ പറയാറുള്ള പദം അർഥഭാരം ഉൾക്കൊള്ളുന്നതാണെന്ന്

അറിഞ്ഞുകൊണ്ടാണ് - അതിൽ ഉറച്ചുനിന്നുകൊണ്ടാണ് ഫാ. അലോഷ്യസ് ആ മാസികയ്ക്കു നേതൃത്വം നൽകുന്നത്. അദ്ദേഹത്തിന്റെ കർമവീഥിയുടെ ഒരു സാക്ഷ്യപത്രം കൂടിയാണ് ആ മാസിക എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കൂടുതൽ വിവരങ്ങൾ ഏഴാം അധ്യായത്തിൽ നിന്നു മനസിലാക്കാവുന്നതാണ്.

പറയുന്നതു വിശ്വസിക്കുക, വിശ്വസിക്കുന്നതു പ്രാവർത്തികമാക്കുക, എപ്പോഴും മാനവരാശിയുടെ മോചനം ലക്ഷ്യമാക്കുക - എന്നീ മുദ്രാവാക്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ടു ജീവിതത്തിനു അർഥം നൽകാൻ അനവരതം പരിശ്രമിച്ചുപോന്ന ഒരു മനസിന്റെ സ്പന്ദനമാണ് ഈ ഗ്രന്ഥം വായിക്കുന്നവർക്ക് അനുഭവപ്പെടുക.

"ഈ ഗ്രന്ഥത്തെ ആരു സ്പർശിക്കുന്നുവോ അയാൾ ഒരു മനുഷ്യനെയാണ് സ്പർശിക്കുന്നത്" എന്ന് ഒരു പാശ്ചാത്യകവി എഴുതിയിട്ടുള്ള വാക്കുകൾ ഫാ. അലോഷ്യസിന്റെ ആത്മകഥാസദൃശമായ ഈ ഗ്രന്ഥത്തിനു നല്ലതുപോലെ ഇണങ്ങുന്നു.

എം കെ സാനു

# ഒരു വാക്ക്

*കറുത്ത കുർബാന - ഞാൻ നടന്ന വഴികൾ* എന്ന എന്റെ ആത്മ കഥ 2005 ൽ പ്രസിദ്ധീകരിച്ചപ്പോൾ, എന്റെ ആമുഖത്തിൽ ഇങ്ങനെ എഴുതി: "ആദ്യന്തം എഴുത്തിനു വിശ്വാസത്തിന്റെ മാനമുണ്ട്. അത് എന്റെ ജീവിതത്തിന്റെ ഒരു മുഖമാണ്. ആ ഒരു മുഖം മാത്രമേ ഇവിടെ പ്രധാനമായും അനാവരണം ചെയ്തിട്ടുള്ളൂ എന്ന വലിയ പരിമിതി ഈ പുസ്തകത്തിനുണ്ട്. വിമോചനപോരാട്ടത്തിന്റെയും ജനകീയമുന്നേറ്റത്തിന്റേതുമായ ഒരു മുഖം ഇനിയും പ്രകാശനം കാണേണ്ടതുണ്ട്." കഴിഞ്ഞ വർഷങ്ങളിൽ എന്റെ ഉദ്യമം ഈ വശം വ്യക്തമാക്കാനായിരുന്നു. അതിന്റെ ഫലമാണ് *എന്റെ കഥ, എന്റെ ജീവൻ.*

അപൂർണമായ എന്റെ കഥ എന്റെ ജീവനാണ്. പ്രപഞ്ചത്തോളം വിശാലവും, അതേസമയം പരമാണുപോലെ ചെറുതുമായ എന്റെ ജീവിതം തുടരുന്നു - നിങ്ങളോടൊപ്പം, ഭൂമിയോടൊപ്പം, പ്രപഞ്ചത്തോടൊപ്പം; കടലിലെ തിരമാലകൾ തീരത്തെ, കരയെ, നിരന്തരം തളരാതെ തഴുകുന്നതുപോലെ, മന്ദമാരുതൻ നിതരാം തലോടുന്നതുപോലെ; ഒപ്പം തിരമാലകൾ ആഞ്ഞടിക്കുംപോലെയും കൊടുങ്കാറ്റു വീശിയടിക്കും പോലെയും ജീവിതം തുടരട്ടെ. ജീവന്റെ തുടിപ്പിന്റെ ലഹരിയിൽ പ്രാപഞ്ചിക പരിണാമപ്രക്രിയയിൽ ഒരു കണ്ണിയായി അലിഞ്ഞുചേരുംവരെ എന്റെ കഥ തുടരട്ടെ.

ഈ പുസ്തകം ഇത്ര ധന്യമാക്കാൻ എനിക്കു പ്രചോദനം നൽകിയ ധാരാളംപേരുണ്ട്. അവരെയെല്ലാം പ്രത്യേകിച്ചു സർവശ്രീ എൻ ജി ശാസ്ത്രി, സി പി സുധാകരൻ, ഡെൽസൺ എം സ്കറിയ, എം ടി കൊച്ചുമോൾ, ഒ പി പ്രസന്നകുമാർ, ഡി സഞ്ജീവഘോഷ്, തോമസ് സ്കറിയ, എ ജോൺസൺ എന്നിവരെ നിറഞ്ഞ നന്ദിയോടെ സ്മരി

ക്കുന്നു. ഹൃദയസ്പർശിയായ ഒരു അവതാരിക എഴുതി പുസ്തകത്തെ സമ്പന്നമാക്കിയ പ്രൊഫ. എം കെ സാനുവിനെ ആദരവോടെ ഓർക്കുന്നു. സ്ക്രിപ്റ്റ് ഏറ്റുവാങ്ങി അച്ചടിച്ചു പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുന്ന ചിന്ത പബ്ലിഷേഴ്സിനും എന്റെ നിസ്സീമമായ നന്ദി.

ക്രിയാത്മകമായ ചർച്ചയ്ക്കും വിമർശനത്തിനും കാര്യക്ഷമമായ ജനകീയമുന്നേറ്റത്തിനും അടിസ്ഥാനപരമായ സാമൂഹികമാറ്റത്തിനുമായി ഈ പുസ്തകം ജനസമക്ഷം സമർപ്പിക്കട്ടെ.

**ഫാ. അലോഷ്യസ് ഡി ഫെർണാന്റസ്**

# 1

# ബന്ധങ്ങൾ വഴിമാറുന്നു

**കൊ**ല്ലം ജില്ലയിൽ കുമ്പളം എന്ന ഗ്രാമത്തിൽ വലിയവിളപൊയ്കയിലാണെന്റെ ജനനം. വീട് അഷ്ടമുടി കായലിന്റെ തീരത്ത്. താഴ്വാരവും കുന്നും ചെടികളും വൃക്ഷലതാദികളും കായലും നീരുറവയും എല്ലാം സമൃദ്ധിയിൽ അനുഭവിക്കുന്ന ഒരു കൊച്ചുഗ്രാമം. ദാവീദു ഫെർ



*അമ്മയുടെ മരണം. ഇരിക്കുന്നത്: സഹോദരർ: ബ്രൗൺലി, ബേബി, മേരി. നിൽക്കുന്നത്: ഫാ. അലോഷ്യസ്, വിജയൻ, ഫാ. അലോഷ്യസ് ജോസഫ്*

ണാണ്ടസിന്റെയും ത്രേസ്യാമ്മയുടെയും പത്താമത്തെ മകനായി ജനിച്ചു. വലിയൊരു കുടുംബത്തിലെ ഏറ്റവും ഇളയമകൻ. എന്തുമാത്രം സ്നേഹം അനുഭവിച്ചാണു വളർന്നതെന്നു വിവരിക്കാൻ പ്രയാസം. മാത്രമല്ല ഞാൻ കൊച്ചൊരു സുന്ദരനുമായിരുന്നു. എന്നോട് എല്ലാവർക്കും വലിയ ഇഷ്ടമായിരുന്നു. വീട്ടിൽ മാത്രമല്ല, നാട്ടിലും സ്കൂളിലും ഞാൻ പ്രിയപ്പെട്ടവനായിരുന്നു. അധ്യാപകർക്കുണ്ടായിരുന്ന വാത്സല്യം ഒന്നു വേറെയായിരുന്നു. പള്ളിയിൽ അങ്ങനെ കൃത്യമായി പോകുമായിരുന്നില്ല. അപ്പാപ്പൻ (അപ്പനെ അങ്ങനെയാണു ഞങ്ങളെല്ലാവരും വിളിച്ചിരുന്നത്) പള്ളിയിൽ പോകുമ്പോൾ കൂടെ കൊണ്ടുപോകുമായിരുന്നു. അൾത്താര ശുശ്രൂഷകനല്ലായിരുന്നു. അപ്പാപ്പന്റെ ജ്യേഷ്ഠൻ ലൂക്കാസും അനുജൻ തോബിയാസും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച വൈദികരായിരുന്നതിനാൽ വൈദികർക്കിടയിൽ അപ്പാപ്പനു വലിയ അംഗീകാരമുണ്ടായിരുന്നു. അപ്പാപ്പനുമൊത്തു വൈദികരെ കാണാൻ ചെന്നപ്പോഴൊക്കെ, വൈദികർക്ക് എന്നോട് ഒത്തിരി സ്നേഹമായിരുന്നു. അങ്ങനെ കിട്ടിയ സ്നേഹമായിരിക്കാം, പിന്നെ വൈദികനാകാൻ എന്നെ പ്രേരിപ്പിച്ചതിലെ വിദൂര ഘടകം. ചുരുക്കത്തിൽ സ്നേഹം സമൃദ്ധിയിൽ അനുഭവിച്ചൊരു ബാല്യകാലമായിരുന്നു എന്റേത്.

പതിനൊന്നാമത്തെ വയസിലാണ് കൊല്ലം മൈനർ സെമിനാരിയിൽ വൈദികപഠനത്തിനു ചേരുന്നത്. പരിശീലനരീതിയിൽ ചില ഗൗരവതരമായ പാളിച്ചകൾ ഉണ്ടായെങ്കിലും, ധാരാളം സ്നേഹവും അംഗീകാരവും ലഭിച്ച അനുഭവങ്ങളാണ് ഇന്നും മനസിൽ നിലനിൽക്കുന്നത്. തുടർന്ന് എറുണാകുളം - ആലുവായിലെ സെന്റ് ജോസഫ് പൊന്റിഫിക്കൽ മേജർ സെമിനാരിയിലെ ഏഴു വർഷവും പൊതുവേ പറഞ്ഞാൽ എല്ലാവരുടേയും (സഹപാഠികളുടേയും പ്രൊഫസർമാരുടേയും സ്ഥാപന ജോലിക്കാരുടേയും) താൽപ്പര്യവും സ്നേഹവും വളരെയധികം അനുഭവിച്ച വ്യക്തിയാണു ഞാൻ.

ആയിരത്തിത്തൊള്ളായിരത്തി എഴുപത് ഡിസംബർ 21നു കൊല്ലം രൂപതയിലെ ഒരു വൈദികനായി. സ്വന്തം നാടായ കുമ്പളത്തുവച്ചായിരുന്നു വൈദികപട്ടം. കൊല്ലം രൂപതയിലെ ഒട്ടുമിക്ക വൈദികരും നല്ലൊരു ശതമാനം കന്യാസ്ത്രീകളും എല്ലാ ബന്ധുക്കളും നാട്ടുകാർ മുഴുവനും പങ്കെടുത്ത അതിഗംഭീരമായൊരു ചടങ്ങായിരുന്നു അത്. അതിൽ പങ്കെടുത്തവരിൽ മിക്കവരും എന്നോടുള്ള താൽപ്പര്യവും സ്നേഹവും കരുതലും കൊണ്ടുമാത്രമാണ് ഒത്തുകൂടിയത്.

വൈദികവൃത്തി ആരംഭിച്ചു. ചാരുംമൂട് (പടനിലം, നൂറനാട്, കറ്റാനം, പല്ലാരിമംഗലം, ആനയടി, വെട്ടിയാർ, മാഹാണിമല), ഇലവുംതിട്ട (കോട്ട, കൈപ്പുഴ), ആറന്മുള, പത്തനംതിട്ട (പുത്തൻപീടിക, നാരങ്ങാനം, മഞ്ഞനിക്കര, ചിറ്റാർ, അറയാഞ്ഞലിമണ്ണ്, ചെങ്ങറ), പടപ്പക്കര എന്നീ ഇടവകകളിലാണ് ഞാൻ 16 വർഷത്തെ (1. 12. 1986 വരെ) വൈദികശുശ്രൂഷ നടത്തിയത്. എല്ലായിടത്തും ആത്മാർഥമായി ജോലി ചെയ്തു. ജന



*1970 ഡിസംബർ 21ന് വൈദികപട്ടം സ്വീകരിച്ച ദിവസം മാതാപിതാക്കളോടും ബന്ധുക്കളോടുമൊപ്പം*

ങ്ങൾക്ക് എന്നോടു വലിയ താൽപ്പര്യവും കാര്യവുമായിരുന്നു. ഇന്നും ഈ സ്ഥലങ്ങളിൽ പോയാൽ ആളുകൾ ക്ഷേമം അന്വേഷിച്ചുകൊണ്ടു കടന്നുവരുന്ന കാഴ്ച അഭിമാനവും അത്ഭുതവും ഉളവാക്കുന്നു.

മുകളിൽപ്പറഞ്ഞ ബന്ധത്തെക്കാൾ ആഴവും ശക്തവുമായ മറ്റൊരു ബന്ധം ഞങ്ങൾ ചെറിയൊരു വൈദിക സംഘാംഗങ്ങൾ തമ്മിൽ രൂപപ്പെട്ടു വളർന്നു. ഈ സംഘബന്ധം അടിക്കടി തഴച്ചു വളർന്നു. ഈ സംഘബലംകൊണ്ടു രൂപതയിൽ പല നവീകരണപ്രവർത്തനങ്ങളും നടത്താൻ സാഹചര്യമുണ്ടായി. ഈ വൈദികസംഘത്തിലും, ഫാ. നിക്ളസ്, ഫാ. ജോസ് ജെ കളിക്കൽ പിന്നെ ഞാൻ എന്നീ മൂവർസംഘാംഗങ്ങൾ തമ്മിലുള്ള ബന്ധം പിരിയാൻ വയ്യാത്ത രീതിയിൽ അത്ര സുദൃഢമായിരുന്നു.

ഇങ്ങനെ സ്നേഹാംഗീകാരത്തിന്റെ വലിയൊരു ബന്ധവലയം എനിക്ക് എന്നുമുണ്ടായിരുന്നതാണ് എന്റെ ജീവിത സംതൃപ്തിയുടെയും വിജയത്തിന്റെയും രഹസ്യമെന്നു ഞാൻ തിരിച്ചറിയുന്നു. പക്ഷേ, എന്റെയും ഞാൻ ഉൾക്കൊള്ളുന്ന ചെറുവൈദികസംഘത്തിന്റെയും പഠനവും സത്യാന്വേഷണവും ഞങ്ങളിൽത്തന്നെ പല ചോദ്യങ്ങൾ ഉയർത്തി. ഇന്നത്തെ മാർപ്പാപ്പ- ബിഷപ്പ് -പുരോഹിതർ നേതൃത്വം നൽകുന്ന കേന്ദ്രീകൃത സ്ഥാപിത സഭയും യേശുവിന്റെ ദരിദ്ര സഭയും തമ്മിൽ വല്ല ബന്ധവുമുണ്ടോ? ഇന്നത്തെ അധികാര കേന്ദ്രീകൃത രാജകീയ പൗരോഹിത്യവും യേശുവിന്റെ ദാസ്യപൗരോഹിത്യവും തമ്മിൽ എന്തു ബന്ധം? ഇടയനു തന്റെ ആടുകളെ പേരുചൊല്ലി വിളിക്കാൻ പറ്റുന്ന യേശുദർശനവും ആടുകളിൽ (ജനത്തിൽ) നിന്നും അകന്ന് അംബര ചുംബികളായ കൊട്ടാരങ്ങളിൽ താമസിക്കുന്ന ഇന്നത്തെ ഇടയരും തമ്മിൽ എന്തുബന്ധം? യേശുവിൽ സ്നാനപ്പെട്ട എല്ലാവരും തുല്യർ, ദൈവമക്കൾ, പരസ്പരം സഹോദരർ എന്നു പഠിപ്പിക്കുകയും

ഞങ്ങളുടെ രൂപതയിൽത്തന്നെ പരമ്പരാഗത ക്രൈസ്തവർ എന്നും, ദലിതരിൽ നിന്നും യേശുവിശ്വാസം സ്വീകരിച്ചവരെ പുതുക്രിസ്ത്യാനികൾ എന്നും വേർതിരിച്ചു വിവേചനം കാണിക്കുന്നതിലെ ക്രിസ്തുദർശനമെന്ത്? ഈ ദലിത് ക്രൈസ്തവരെ സഭയുടെ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്നു അകറ്റി നിർത്തുന്നതിന്റെ ദൈവശാസ്ത്ര അടിത്തറ എന്ത്? ദലിത് ക്രൈസ്തവ ഇടവക-കൂട്ടായ്മകളുടെ നടത്തിപ്പിൽ, അവരിൽ നിന്നും ഒരു കമ്മറ്റിയെപ്പോലും തെരഞ്ഞെടുക്കാൻ അവകാശമില്ലാത്ത 'ദൈവജനം' എന്ന സമീപനം ഹീനവും മനുഷ്യത്വരഹിതവും അല്ലേ? പള്ളിവരുമാനത്തിന്റെ സുതാര്യമായ കണക്കു വേണ്ടേ? സമൂഹത്തിൽ ബഹുഭൂരിപക്ഷം വരുന്ന സാമാന്യ ജനവിഭാഗം അനുഭവിക്കുന്ന പട്ടിണി, അവഗണന, സാമ്പത്തിക-സാംസ്കാരിക അരാജകത്വം തുടങ്ങിയ ജീവിതബന്ധിയായ പ്രശ്നങ്ങളെപ്പറ്റി സഭയ്ക്കു ഒന്നും പറയാനില്ലേ? യേശു അങ്ങനെയായിരുന്നോ? ഇങ്ങനെ ഒട്ടനവധി ഗൗരവമേറിയ ചോദ്യങ്ങൾ ഞങ്ങൾ ഉന്നയിച്ചു.

ഈ ചർച്ചകൾക്കും വിചിന്തനങ്ങൾക്കും സെമിനാറുകൾക്കും നിദാനമായി ഞങ്ങൾ എടുത്തത് ബൈബിളിന്റെ അന്തർധാരയായ ദരിദ്രപക്ഷം പിടിച്ചുകൊണ്ട് നീതിക്കുവേണ്ടി പോരാടുന്ന യഹോവയും, സമൂഹത്തിലെ അവശരോടും ആലംബഹീനരോടും ദരിദ്രരോടും ചൂഷിതരോടും സ്ത്രീകളോടും ഒപ്പം ചേർന്ന് അവരുടെ മനുഷ്യത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി നിലപാട് എടുത്തതിന്റെ ഫലമായി നിഷ്ഠുരമായി വധിക്കപ്പെട്ട യേശുവും, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളും, മാർപ്പാപ്പമാരുടെ സാമൂഹ്യ ചാക്രീയലേഖനങ്ങളും ആയിരുന്നു. അതുകൊണ്ടുതന്നെ ഞങ്ങൾ ആരംഭിച്ച ഈ പഠനപ്രക്രിയയ്ക്കു ജനങ്ങളുടെ ഇടയിൽ താൽപ്പര്യം ജനിച്ചു. ഈ പഠനപ്രക്രിയയ്ക്കു ഞങ്ങൾ കൊടുത്ത പേരാണ് 'പരിവർത്തനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസം.' സാമാന്യ ജനത്തിനിടയിൽ കുറച്ചുപേർക്ക് ഇവയോടു താൽപ്പര്യമുണ്ടായെങ്കിലും, സഭാ മേലധികാരികളുടേയും വൈദികവൃന്ദത്തിന്റെയും വശത്തുനിന്ന് നിഷേധാത്മക സമീപനമാണ് ഉണ്ടായത്. ആരോടും ഒരു രീതിയിലും വഴക്കിട്ടിട്ടില്ല, തെറിപറഞ്ഞിട്ടില്ല, അകലാൻ ഒന്നും ചെയ്തിട്ടില്ല. പക്ഷേ, അന്നുവരെ കൂടെ നിന്നവർ അറിയാതെ അകലുന്ന അനുഭവം അനുദിനം വർധിച്ചു വരുന്നതായി അനുഭവപ്പെട്ടു. നേരത്തേ വളരെ കാര്യമായി ബന്ധപ്പെട്ടിരുന്നവർ ഇപ്പോൾ കണ്ടാൽ മിണ്ടില്ല. ഇനി മിണ്ടാൻ നിർബന്ധസാഹചര്യമുണ്ടാകുമ്പോൾ എങ്ങും തൊടാതെയുള്ള ഉപരിപ്ലവമായ ഇടപെടൽ. ചിലപ്പോൾ സംശയബുദ്ധിയോടെയുള്ള നിഷേധ കമന്റുകളും ബോധപൂർവം ഒറ്റപ്പെടുത്താനുള്ള ശ്രമങ്ങളും. ഞങ്ങൾ എന്തോ കുഴപ്പം പിടിച്ചവർ, ഞങ്ങളുമായി സഹകരിച്ചാൽ അവർതന്നെ ചീത്തയായിപ്പോകുമെന്ന മട്ടിലുള്ള ഇടപെടലും സംസാരവും.

ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ഞങ്ങളുടെ ആത്മാർഥതയെയോ സത്യസന്ധതയെയോ ആരും ചോദ്യം ചെയ്തിട്ടില്ല. സഭയുടെ പഠനങ്ങൾക്ക് അനുയോജ്യമല്ല ഞങ്ങളുടെ നീക്കങ്ങൾ എന്നതായിരുന്നു പൊതുവായ ആരോപണം. കൊല്ലം രൂപതയുടെ വികാരി ജനറൽ (ബിഷപ്പ് കഴിഞ്ഞാലുള്ള രൂപതയുടെ അധികാരി) ഒരിക്കൽ എന്നോട് ഇങ്ങനെ പറഞ്ഞു: 'നിങ്ങളുടെ സംസാരം കേട്ടാൽ തോന്നും നിങ്ങൾ മാത്രമാണു ദരിദ്രപക്ഷം പിടിച്ചുകൊണ്ടു ദരിദ്രരെ സഹായിക്കുന്നതെന്ന്; ഞങ്ങളും പാവപ്പെട്ടവരെ സഹായിക്കുന്നുണ്ട്.' അദ്ദേഹത്തിന്റെ നിരീക്ഷണത്തിലെ ആത്മാർഥതയെ മാനിച്ചുകൊണ്ട് ഞാൻ ഇങ്ങനെ പ്രതികരിച്ചു: 'സഭയുടെ ദരിദ്രരെ സഹായിക്കൽ തീർത്തും വ്യക്തിഗതമാണ്. ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുന്ന അനീതി നിറഞ്ഞ സാമൂഹ്യഘടനയെ സഭ അഭിസംബോധന ചെയ്യുന്നതേയില്ല. സഭയുടേത് ഏതാണ്ട് ഭിക്ഷ കൊടുക്കുന്ന രീതിയാണ്. ഈ സഹായംകൊണ്ട് ജനങ്ങൾക്ക് ആത്മാഭിമാനം ലഭിക്കുന്നില്ല; എന്നും സഭയിൽ ആശ്രിതരായി ജീവിക്കാൻ പ്രേരിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. സഭാധികാരികൾ അത് ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ ഞങ്ങളുടെ ദർശനം സമഗ്രമായ ഘടനാമാറ്റമാണ്. അതിലേക്കുതകുന്ന സമരമുഖങ്ങളും ജനകീയ സംരംഭങ്ങളുമാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നതും പ്രാവർത്തികമാക്കുന്നതും.'

ഇതു വ്യക്തമാക്കുന്ന ഒരു അനുഭവകഥകൂടി വികാരി ജനറലുമായി പങ്കുവെച്ചു. കഥ ഇതാണ്. ആലപ്പുഴ കാട്ടൂർ എന്ന സ്ഥലത്തെ മത്സ്യത്തൊഴിലാളികൾ 1981-ൽ മീൻ പിടിക്കാൻ പോയപ്പോൾ യന്ത്രവൽകൃത ബോട്ടിടിച്ച് അച്ചാണി വള്ളം തകരുകയും ബാബു എന്ന മത്സ്യത്തൊഴിലാളി മരിക്കുകയും ചെയ്തു. ഇത് ആദ്യത്തെ സംഭവമല്ല. ധാരാളം മത്സ്യത്തൊഴിലാളികൾ ഇങ്ങനെ കൊല്ലപ്പെട്ടിട്ടുണ്ട്; അവരുടെ വള്ളങ്ങളും വലകളും നഷ്ടപ്പെട്ടിട്ടുമുണ്ട്. ഈ പ്രശ്നം ജനമധ്യത്തിൽ കൊണ്ടുവരാൻ ഞങ്ങൾ തീരുമാനിച്ചു. കാട്ടൂരിൽ നിന്ന് അച്ചാണി വള്ളത്തിന്റെ ഒരു കഷണം പേറിക്കൊണ്ട് ബാബുവിന്റെ വീട്ടുകാർക്ക് ആയിരം രൂപ നഷ്ടപരിഹാരം സർക്കാർ നൽകണമെന്നാവശ്യപ്പെട്ട് ഫാ. പോൾ അറയ്ക്കലിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തേക്ക് ജാഥ നടത്തി. പോളച്ചൻ തിരുവനന്തപുരത്ത് നിരാഹാരം കിടക്കാനായിരുന്നു തീരുമാനം. നിരാഹാരം ആരംഭിച്ചപ്പോഴേ സർക്കാർ ചർച്ചയ്ക്കു വിളിച്ചു. ആയിരം രൂപ തന്നതിന്റെ വെളിച്ചത്തിൽ സമരം അവസാനിപ്പിച്ചു. തുടർന്ന് കേരളാ സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ, മത്സ്യബന്ധനത്തിനിടയിൽ മരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് അർഹമായ കൂടുതൽ നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എല്ലാ വർഷവും സമരം ചെയ്തു. സർക്കാർ ആ ഡിമാന്റ് അംഗീകരിച്ചു.

ഇന്നു കേരളത്തിൽ കായലിലോ, കടലിലോ, നദിയിലോ, തോട്ടിലോ, ചിറയിലോ എവിടെയാലും ജോലിചെയ്യുമ്പോൾ മരിക്കുന്ന ഏതൊരു മത്സ്യത്തൊഴിലാളിക്കും ഒരു ലക്ഷം രൂപ നഷ്ടപരിഹാരം സർക്കാർ



ഫാ. അലോഷ്യസ് കുർബാന അർപ്പിക്കുന്നു

നൽകുന്നു. തീർത്തും ചെറുതെന്നു തോന്നുന്ന ഈ സമരങ്ങളുടെ ഗുണ ഫലത്തിന്റെ വ്യാപ്തി വളരെ വലുതാണ്. ഇങ്ങനെയൊരു ഡിമാന്റിനെ പ്പറ്റിയോ സമരത്തെക്കുറിച്ചോ സഭയ്ക്ക് സ്വപ്നം കാണാൻ പോലും പറ്റുകയില്ല. അവർക്കുവേണ്ടത് അംഗീകാരവും വിധേയത്വവുമാണ്. അതു വ്യക്തിഗതമായ സഹായം ചെയ്താലേ കിട്ടുകയുള്ളൂ. കേരള ത്തിലെ മത്സ്യത്തൊഴിലാളികളിൽ ആരെങ്കിലും മരിച്ചാൽ അവരുടെ കുടും ബത്തിനു ലഭിക്കുന്ന നഷ്ടപരിഹാരം സർക്കാരിന്റെ ഔദാര്യമല്ല., മത്സ്യ ത്തൊഴിലാളികളുടെ അവകാശമാണ്. ഈ രണ്ടു കാഴ്ചപ്പാടുകളുടെ അന്തരം ഒരു രീതിയിലും ബന്ധിപ്പിക്കാൻ സാധിക്കുന്നതിലും അപ്പുറ മാണ്, ഇത്രയുമായപ്പോൾ വികാരി ജനറൽ പറഞ്ഞു: 'നിങ്ങൾ പറയു ന്നതിൽ എന്തോ ശരിയുണ്ടെന്നു തോന്നുന്നു. സത്യത്തിൽ കാര്യം മനസി ലാകുന്നില്ല. സഭയും നന്മ ചെയ്യുന്നുണ്ടല്ലോ.' അദ്ദേഹത്തിന്റെ മാനസിക സംഘർഷം കണ്ട് എനിക്ക് സഹതാപമാണ് തോന്നിയത്.

വ്യക്തമായ ലക്ഷ്യത്തോടെ സാമൂഹ്യാപഗ്രന്ഥനത്തിന്റെ അടിസ്ഥാ നത്തിൽ തൊഴിലാളിവർഗ താൽപ്പര്യം മുൻ നിർത്തി ദരിദ്രപക്ഷം പിടി ച്ചുകൊണ്ടുള്ള പ്രവർത്തനം മുന്നോട്ടു പോയപ്പോൾ, ഒപ്പം ഉണ്ടായിരുന്ന ചെറു വൈദികസംഘത്തിൽ നിന്നുതന്നെ ചോർച്ചയുണ്ടായി. അവ രൊക്കെ സുരക്ഷിത മേഖലകളിലേക്കു കാൽ വെച്ചു വഴിമാറി നടക്കു ന്നതായി അനുഭവപ്പെട്ടു. ഞങ്ങളുടെ വൈദിക സംഘം ഏതാണ്ടു നാലു പേരിൽ – ഫാ. എ സോളമൻ, ഫാ. ജോസ്. ജെ കളീക്കൽ, ഫാ. ജോസഫ് തോമസ്, ഞാൻ – ഒതുങ്ങി. ഞങ്ങൾക്കു പ്രചോദനമായി ഫാ. തോമസ് കോച്ചേരിയും, റവ. എം ജെ ജോസഫും ഉണ്ടായിരുന്നു.

ഈ അവസരത്തിൽ മറ്റൊരു കാര്യം കൂടി അനുബന്ധമായി നടന്നു. ബഹുഭൂരിപക്ഷം വരുന്ന വൈദികരും കന്യാസ്ത്രീകളും, 'നല്ല' വിശ്വാസി കളും ഞങ്ങളെ ഒറ്റപ്പെടുത്തി. അവർ ഞങ്ങളെ തഴഞ്ഞപ്പോൾ ധാരാളം പുതിയ ബന്ധങ്ങൾ പൊട്ടിവിടർന്നു എന്നത് ശുഭോദർക്കമായ വസ്തു

തയാണ്. ജാതിമതലിംഗ വ്യത്യാസമില്ലാതെ എല്ലാമേഖലകളിലുമുള്ള ആളുകൾ ഒപ്പം വന്നത് ഞങ്ങൾക്ക് ആവേശമായിരുന്നു - പ്രത്യേകിച്ചു മത്സ്യത്തൊഴിലാളികളും കർഷകത്തൊഴിലാളികളും ദലിതരും നല്ലൊരു പറ്റം തൊഴിലാളിവർഗ യുവജനങ്ങളും ഞങ്ങളോടൊപ്പം ചേർന്നു. ശക്തവും സജീവവുമായ കൂട്ടായ്മകളാണ് സംജാതമായത്.

ഏറ്റവും ദു:ഖകരമായ ഒരു അനുഭവം പറയട്ടെ. പിൽക്കാലത്ത് ഞങ്ങൾ നാലു വൈദികരുടെ ഇടയിൽത്തന്നെ ക്രമേണ വിയോജിപ്പും ഭിന്നിപ്പും ഉണ്ടായി. 1993 മെയ് 14ന് ഫാ. ജോസ് ജെ കളീക്കൽ ഞങ്ങളുടെ ഗ്രൂപ്പിൽ നിന്നും പിന്മാറി സഭയുടെ ഉള്ളിലേക്കു തന്നെ വലിഞ്ഞു- അവിടെ മാറ്റങ്ങൾ വരുത്താമെന്ന ധാരണയായിരുന്നു ജോസിന്. ഞങ്ങൾ മൂവരും ഒത്തുപ്രവർത്തിക്കുന്നതിനിടയ്ക്ക്, 1995 ജൂലൈ 4 നു ഫാ. സോളമൻ ആകസ്മികമായി മരിച്ചു. തുടർന്നു ഫാ. ജോസഫ് തോമസും ഞാനും സ്വരചേർച്ചയില്ലാത്ത ഒരു അവസ്ഥയിലായി. അത് കോടതി ക്കേസ്സുവരെയായി. ഏറെ കണ്ണീരൊഴുക്കിയ സംഭവമാണിത്. 2008 ജനുവരി 16ന് ഫാ. ജോസഫ് തോമസിനെ നേരിട്ട് കണ്ട് സംസാരിച്ചതിന്റെ ഫലമായി അദ്ദേഹം കേസുകൾ പിൻവലിച്ചു. അങ്ങനെ മനസമാധാനത്തോടെ നീങ്ങുമ്പോഴാണ് ഫാ. ജോസഫ് തോമസ് 2008 ജൂൺ 20 നു മരിക്കുന്നത്. അതോടെ ഞാൻ ഒറ്റയ്ക്കായി. ഫാ. ജോസഫ് തോമസും ഞാനും തമ്മിൽ സ്വരച്ചേർച്ച ഇല്ലാതായപ്പോൾ, കൂടെയുണ്ടായവരും ഏതാണ്ടു രണ്ടു ചേരിയിലായതുപോലെ ധ്രുവീകരണം സംഭവിച്ചു. വേദനാ ജനകമായിരുന്നു ഈ പ്രക്രിയ. എങ്കിലും, നെല്ലും പതിരും തിരിക്കുന്ന അനുഭവമാണ് ഇവിടെയുണ്ടായത്. എന്റെ കൂടെ നിന്നവർ ഏതു ത്യാഗവും സഹിച്ച് എന്നോടൊപ്പം എന്നും നിലകൊണ്ടു. അങ്ങനെ ധാരാളം പേർ എന്നോടൊപ്പം ഉണ്ടെങ്കിലും പേരെടുത്തു പറയേണ്ട ചിലരുണ്ട്. സർവശ്രീ എൻ ജി ശാസ്ത്രി, എ ഷാഹുൽ ഹമീദ്, സി പി സുധാകരൻ, എം റ്റി കൊച്ചുമോൾ, ഒ പി പ്രസന്നകുമാർ, എലിസബത്ത്, തങ്കച്ചൻ ചെമ്പകത്തിൽ, ശോശ ജോർജ്, ജോസഫ് കെന്നഡി, എം ഐ സുകുമാരൻ, റവ. എം ജെ ജോസഫ്, റ്റി ജോൺ, എ മാർട്ടിൻ തുടങ്ങിയവരെ പ്രത്യേകം ഓർക്കുന്നു. ഇവരോടൊപ്പം പുതിയ സുഹൃത്തുക്കളുടെ വലിയൊരു വലയമാണുണ്ടായത്. അവിടെയും കുറച്ചുപേരെയെങ്കിലും പേരുചൊല്ലി ഓർത്തില്ലെങ്കിൽ അത് അക്ഷന്തവ്യമായ അപരാധമായിരിക്കും. പി ഡി മാണി, തോമസ് വെട്ടിക്കൽ, ആൻ മാത്യൂ, സലോമി ജോൺ, ആനി അലക്സാണ്ടർ, ഷാജി ജോർജ്, ഡോ. സത്യൻജി, ഡോ. ലാസർ തേർമഠം, കെ കെ രാജമ്മ, എ ആർ ചന്ദ്രൻ, ഡൽസൺ എം സ്കറിയ, സൈമൺ ബ്രിട്ടോ, ജോൺസൺ എ, കെ കെ മോഹൻലാൽ, കെ സുദർശനാ ഭായി, സെബാസ്റ്റ്യൻ ജോർജ്, ആഞ്ചമ്മ, സി ജെ അന്നമ്മ, അഡ്വ. ഡി ലില്ലി, ടി കെ സൗദാമിനി ദേവി, ജോജി കൂട്ടുമ്മേൽ, ഫാ. തോമസ് കൊടിയൻ, പി റ്റി ജോസഫ്, പി സി സിക്സ്റ്റസ്, സിസ്റ്റർ ആനി പുന്നൂസ്, പി ജി പത്രോസ്, എൻ കെ രവീ

ന്ദ്രൻ വട്ടയാൽ, മറിയാമ്മ ജോസഫ്, ജ്യോതി നാരായണൻ, ധർമരാജ് അടാട്ട്, പ്രൊഫ. കെ വിജയൻ നായർ, പ്രൊഫ. എരുമേലി പരമേശ്വരൻ പിള്ള, ശിവരാമാൻ ചെറിയനാട്ട്, കവി കടമ്മനിട്ട രാമകൃഷ്ണൻ, ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, ഡോ. ജോർജ് കെ അലക്സ്, കെ അമൃതാഭായിപിള്ള, പ്രഭാത് കൊല്ലം, കൃഷ്ണകുമാർ, ആസിയ, സന്തോഷ്തോമസ്, സോഫി, തോമസ് സ്കറിയ, അജിത, എ മാഗ്ദലിൻ, പി കെ രതി, ചെല്ലമ്മ ടീച്ചർ, കടമ്മനിട്ട വാസുദേവൻ പിള്ള, എ ആൻഡ്രൂസ്, ആലീസ് ബേബി, എസ് കെ പാണ്ഡവത്ത്, കെ പി കൃഷ്ണൻകുട്ടി, സി എം പി പെണ്ണുക്കര, ശമുവൽ നെറ്റിയാടൻ, അഡ്വ. സുജിത്, അമ്പിളി, പുന്നപ്ര അപ്പച്ചൻ, ഡോ. എ ജോൺ കൊല്ലം തുടങ്ങി അനേകരെ നിറഞ്ഞ സ്നേഹ വികാരങ്ങളോടെയാണ് ഓർക്കുക.

ചുരുക്കത്തിൽ ജനനം മുതൽ ഇന്നു വരെ എന്റെ ജീവിതം സമ്പന്നമാക്കിയത് ബന്ധങ്ങളാണ്. ബന്ധങ്ങൾ വഴിമാറിയത് നിലപാടിന്റെയും വ്യക്തമായ കാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിൽത്തന്നെ. ആ രീതിയിൽ എന്റെ ജീവിതത്തിൽ ഞാൻ സംതൃപ്തനാണ്.

## 2

# പ്രതിരോധസംഘങ്ങൾ- ജനകീയസമരങ്ങൾ

എന്റെ 39 വർഷത്തെ വൈദിക ജീവിതത്തിൽ ഔദ്യോഗിക സഭാ ഉത്തരവാദിത്തമുണ്ടായിരുന്നത് 16 വർഷമാണ്. അതിൽ 13 വർഷവും എന്റെ മുഖ്യപ്രവർത്തനമേഖല ദളിത് സുഹൃത്തുക്കളോടൊപ്പമായിരുന്നു.




കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ ആലപ്പുഴയിൽ ഉൾനാടൻ മേഖല സമരജാഥ കാരിച്ചാലിലേക്ക് ഫാ. അലോഷ്യസ് ഫെർണാന്റസ് നയിക്കുന്നു. (1977)

പിന്നെ കുറച്ചു പരമ്പരാഗത ഉൾനാടൻ മത്സ്യത്തൊഴിലാളി സമൂഹവും രണ്ടു ആദിവാസി (മലയരയരും, മലവേടരും) സമൂഹങ്ങളും. അങ്ങനെ സമൂഹത്തിൽ ഏറ്റവും കൂടുതൽ അവശതയും അവഗണനയും വിവേചനവും അനുഭവിക്കുന്ന ജനവിഭാഗങ്ങളായിരുന്നു എന്റെ പാഠശാല. എന്റെ ജീവിതപരിണാമത്തിന് ഇതു വലിയ പങ്കു വഹിച്ചിട്ടുണ്ട്. അതിനെ ഞാൻ അങ്ങേയറ്റം അഭിമാനത്തോടെ വിലമതിക്കുന്നു.

1970 ൽ വൈദികനായതു ജനങ്ങൾക്കുവേണ്ടി ജീവാർപ്പണം ചെയ്യണം എന്ന വ്യക്തമായ ബോധ്യത്തോടുകൂടിയായിരുന്നു. അതുകൊണ്ടുതന്നെ 1971-ൽ ആദ്യമായി ചാർജ് എടുത്ത ചാരുംമൂട്ടിൽ ജനങ്ങളെ ദൈവത്തോടു അടുപ്പിക്കുന്ന ഏറ്റവും ഫലപ്രദമായ മാർഗം ആരാധനാക്രമം തന്നെയാണെന്നു അന്നു വിശ്വസിച്ചതിനാൽ, ആരാധനാക്രമത്തിൽ ഇടവക ജനത്തെ മുഴുവൻ സജീവമായി പങ്കെടുപ്പിക്കുന്ന പ്രക്രിയയിൽ വ്യാപൃതനായി. വൃത്തിയുള്ള വസ്ത്രം ധരിച്ച് ഭക്തി നിർഭരമായി ഗാനങ്ങൾ ആലപിച്ചും ഒരേ സ്വരത്തിൽ പ്രാർഥനകൾ ഉരുവിട്ടും സജീവമായി ആരാധനാക്രമത്തിൽ പങ്കെടുത്ത ജനത്തോടൊപ്പം പ്രാർഥനയിൽ അലിഞ്ഞുചേരുക എന്നത് എനിക്കൊരു ആത്മീയഹരമായിരുന്നു. അടുത്തപടിയായിട്ടു ചെയ്തതു ഈ ദലിത് കുടുംബാംഗങ്ങളെ സന്ദർശിക്കാനായി അവരുടെ വീടുകളിലേക്കുള്ള യാത്രയായിരുന്നു. ശുഭ്രവസ്ത്രധാരികളായി, ആഹ്ലാദഭരിതരായി, ദൈവീകാനുഭൂതിയിൽ പങ്കാളികളായി ആരാധനാക്രമത്തിൽ പങ്കെടുത്തവരുടെ ഞായറാഴ്ച മുഖവും മറ്റു ആറുദിവസങ്ങളിലെ പച്ചയായ പരുക്കൻ ജീവിതവും എല്ലാം കൊണ്ടും വിഭിന്നമായി കാണപ്പെട്ടു. പട്ടിണി, നഗ്നത, ഇടിഞ്ഞു പൊളിഞ്ഞ കൂരകളിലെ താമസം, നിരക്ഷരത, തൊഴിലില്ലായ്മ, തൊഴിലിടങ്ങളിൽ അവഗണനയും വേർതിരിവും, അങ്ങനെ നീറുന്ന നിരവധി പ്രശ്നങ്ങളാണവർ അനുഭവിച്ചുകൊണ്ടിരുന്നത് എന്ന സത്യം ഈ ഭവനസന്ദർശനം എന്നെ ബോധ്യപ്പെടുത്തി.

ഇതേപ്പറ്റി ധാരാളം അനുഭവങ്ങൾ പറയാനുണ്ട്. ഒന്നുരണ്ടെണ്ണം മാത്രം കുറിക്കട്ടെ, ചാരുംമൂട് ഇടവകയുടെ അധീനതയിൽ സബ്-സ്റ്റേഷനുകളുണ്ടായിരുന്നു. ഒരു ദിവസം ഒരു സ്ഥലമെന്ന രീതിയിൽ എന്നോടൊപ്പം ഓരോസ്ഥലത്തേക്കും സന്ദർശനത്തിനായി ചാരുംമൂടു ക്യൂൻ ഓഫ് ദി അപ്പോസിൽസ് മഠത്തിൽ നിന്നും ഓരോ കന്യാസ്ത്രീയും വന്നിരുന്നു. കന്യാസ്ത്രീകൾ അവരുടെ ഔദ്യോഗിക വേഷത്തിലും ഞാൻ സാധാരണ ഡ്രസ്സിലും. വീടുസന്ദർശനം ഒരവസരമായെടുത്തു വിശദമായ കുടുംബസർവേ എടുക്കാനും ഞങ്ങൾ ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ ആനയടി സബ് സ്റ്റേഷനിലെ കുടുംബങ്ങൾ സന്ദർശിച്ചുകൊണ്ടു അതിരാവിലെ യാത്രപുറപ്പെട്ടു. ഉച്ചയ്ക്ക് മൂന്നുമണിയടുത്തു. ഞങ്ങൾക്കു അതിഭയങ്കരമായ ദാഹം. ഇന്നത്തെപ്പോലെ 'ശുദ്ധീകരിച്ച' കുപ്പിവെള്ളം കൊണ്ടു നടക്കുന്ന കാലമല്ല അത്. ഒരു കുടുംബത്തിൽ എത്തിയപ്പോൾ അൽപ്പം വെള്ളം വേണമെന്നു ആ ദലിത് കുടുംബത്തോടു പറഞ്ഞു. ആദ്യമായാണ് അവർക്ക് അങ്ങനയൊരനുഭവം. സന്തോഷത്തോടെ

സ്ത്രീ കുടിലിന്റെ ചാർത്തിലേക്ക് ഓടിപ്പോയി ഒരു മൺചട്ടി എടുത്തുകൊണ്ടു മുറ്റത്തിരുന്ന കുടത്തിലെ വെള്ളത്തിൽ കഴുകി ഒരു ചട്ടിവെള്ളം കൊണ്ടു വന്നു എനിക്കു നീട്ടി. ഞാൻ അതു കൈയിൽ വാങ്ങി. കൈതെറ്റിപ്പോകുന്നരീതിയിൽ വഴുവഴുപ്പുള്ളതായിരുന്നു ആ ചട്ടി. ഞാനാവെള്ളം സന്തോഷത്തോടെ കുടിച്ചു. ആ സ്ത്രീ എന്റെ കൈയിൽ നിന്നും ചട്ടി വാങ്ങി വീണ്ടും വെള്ളം നിറച്ച് കന്യാസ്ത്രീക്കു കൊടുത്തു. വഴുവഴുപ്പൻ ചട്ടിയെ തൊട്ടപ്പോൾത്തന്നെ അവർക്കു ബുദ്ധിമുട്ടായി. അവർ സാവകാശം കുടിക്കുന്നതുപോലെ കാണിച്ചിട്ട് ആ സ്ത്രീ കാണാതെ വെള്ളം തെങ്ങിൻ ചുവട്ടിലേക്ക് കമഴ്ത്തി. തുടർന്നു ഞങ്ങൾ ആ കുടിലിൽക്കയറി അവരുമൊത്തു കുശലം പറഞ്ഞു. അവരുടെ വീട്ടിൽ പൊട്ടിയ വേറെ രണ്ടു ചട്ടിയും രണ്ട് കൊച്ചു കലങ്ങളും ഒരു കുടവും മാത്രമേ പാചകത്തിനുണ്ടായിരുന്നുള്ളു. അവരുടെ ഏറ്റവും നല്ല പാത്രമായിരുന്നു ഞങ്ങൾക്കു വെള്ളം പകർന്നു തന്ന ചട്ടി. ഏതാണ്ടു രണ്ടു മണിക്കൂർ ഞങ്ങൾ അവരോടൊപ്പം ചെലവഴിച്ചു. അവർക്കു പറയാനുണ്ടായിരുന്നത് കണ്ണീരിന്റെയും അവഗണനയുടെയും തൊഴിലില്ലായ്മയുടെയും കഥകളായിരുന്നു. അവർ, ഭാര്യയും ഭർത്താവും രണ്ടു കുഞ്ഞുങ്ങളും, അന്ന് ഒന്നും കഴിച്ചിട്ടില്ല. വിശപ്പ് എന്ന പച്ചയായ യാഥാർഥ്യം എന്റെ കണ്ണു തുറപ്പിച്ച അനുഭവമായി അതിന്നും നിലകൊള്ളുന്നു. ഈ വിവരിച്ചത് ഒരു വീടിന്റെ മാത്രം കഥയല്ല, ഒട്ടു മിക്ക വീടുകളുടെയും കഥയാണ്.

ഇങ്ങനെ കാര്യങ്ങൾ നീങ്ങവേ ഞാൻ വൈദികന്റെ ഔദ്യോഗിക ഡ്രസ്സായ ളോഹ ധരിക്കാതെ സാധാരണ ഡ്രസ്സിൽ ആളുകളുടെ വീടു സന്ദർശിക്കുന്നു എന്നു എങ്ങനെയോ കൊല്ലം ബിഷപ്പ് ഡോ. ജറോം എംഫെർണാണ്ടസ് അറിയുന്നു. ബിഷപ്പ് എന്നെ കൊല്ലം അരമനയിലേക്കു വിളിപ്പിച്ചു. നിശ്ചിത സമയത്തു ബിഷപ്പ് കാനോൻ നിയമം എന്ന കനത്ത ലത്തീൻ പുസ്തകവുമായാണ് വന്നത്. ഞങ്ങൾ പരസ്പരം അഭിവാദനം ചെയ്തു. ബിഷപ്പു സംസാരം ആരംഭിച്ചു തുടങ്ങിയതുതന്നെ, കാനോൻ നിയമ പുസ്തകത്തിൽ വൈദിക ഡ്രസ്സു കോഡി (clerical dress) നെപ്പറ്റിയുള്ള ഭാഗം ലത്തീൻഭാഷയിൽ വായിച്ചുകൊണ്ടാണ്. തുടർന്ന് അത് അദ്ദേഹം തന്നെ മലയാളത്തിലേക്ക് തർജമചെയ്തു. തുടർന്നു ഒരു വൈദികൻ ളോഹ ധരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ശക്തമായ ഭാഷയിൽ സംസാരിച്ചു. എല്ലാം കേട്ടിട്ടു ഞാൻ ഏതാണ്ടിങ്ങനെ മറുപടി പറഞ്ഞു: 'തിരുമേനി പറയുന്നത് നിയമപരമായി ശരിയാണ്. കാനോൻ നിയമം അതാണ് അനുശാസിക്കുന്നത്. പക്ഷേ, എന്നെപ്പോലെയുള്ളവർ ജോലിചെയ്യുന്നതു സമൂഹത്തിൽ എല്ലാരീതിയിലും അവശതയും വിവേചനവും അനുഭവിക്കുന്ന ദലിത് മേഖലയിലാണ്. അവിടെ അവർക്കു സൗകര്യമുള്ളവീടില്ല, ചെറ്റക്കുടിലുകളാണ്. അവിടെ ഇതുവരെയും വൈദികർ വീടുസന്ദർശനത്തിനു ചെല്ലുമ്പോൾ അടുത്ത വീട്ടിലെ അച്ചായന്റെ (സുറിയാനി-മാർത്തോമ-യാക്കോബ ക്രിസ്ത്യാനിയുടെ) കുടുംബത്തിൽ നിന്നു കൊണ്ടുവരുന്ന ചൂരൽ കസേരയിൽ

മുറ്റത്തിരുന്നു കാര്യങ്ങൾ പറയുമ്പോഴേക്കും അച്ചായന്റെ വീട്ടിൽ നിന്നും പാൽ അല്ലെങ്കിൽ കരിക്കിൻ വെള്ളം വരും. അതുകുടിച്ച് തൃപ്തനായി തിരികെ പോന്നിരുന്നു. ആ വൈദികർ ആരും തന്നെ ഈ ജനതയുടെ കുടിലിൽ കയറിയിട്ടില്ല. അവരുടെ ളോഹ അതിനനുവദിച്ചില്ല. എന്റെ സിവിൽ ഡ്രസ്സ് ആ കുടിലുകളിൽ കയറാൻ, അവരുടെ കീറിയ പായുടെ ഒരറ്റത്ത് അവരോടൊപ്പമിരുന്നു കാര്യങ്ങൾ സംസാരിക്കാൻ, അവരിൽ ഒന്നാകാൻ എന്നെ സഹായിക്കുന്നു. തിരുമേനി പറഞ്ഞതു കാനോനിക മായി ശരിയാണെങ്കിൽ, അജപാലനപരമായി എന്റെ രീതിയാണു കൂടു തൽ ജനപക്ഷപരം.' ഇതുകേട്ടു ബിഷപ്പ് കോപാകുലനായി. അദ്ദേഹ ത്തിന്റെ മുഖം രോഷംപൂണ്ടു, താടിമീശ നിവർന്നു. അദ്ദേഹം പറഞ്ഞു: 'ഞാൻ പറഞ്ഞത് കാനോൻ നിയമമാണ്.' അതിനു എന്റെ മറുപടി: 'തിരു മേനി എന്റെ മേലധികാരിയായ ബിഷപ്പാണ്. ബിഷപ്പ് ഇങ്ങനെ ചൂടാകു കയാണെങ്കിൽ എനിക്ക് ഒന്നും പറയാനില്ല. ഇനി ഞാൻ ഒന്നും പറയു ന്നുമില്ല.' അദ്ദേഹം എന്നെ സൂക്ഷിച്ചൊന്നു നോക്കി. തുടർന്നു കുറച്ചേറെ സമയം മിണ്ടാതെ ഇരുന്നു. തുടർന്നു വീണ്ടും കാനോൻ നിയമം എടു ത്തിട്ടു. തീർത്തും ശാന്തനായി വൈദിക ഡ്രസ്സ് കോഡിനെപ്പറ്റി പറഞ്ഞി രിക്കുന്നഭാഗം ഒന്നുകൂടി വായിച്ചിട്ട്, കാനോൻ നിയമത്തിന്റെ പ്രാധാ ന്യത്തെപ്പറ്റിയും അവ അനുസരിക്കേണ്ടതു നമ്മുടെ ധർമമാണ് എന്ന തിനെപ്പറ്റിയും വിശദമായി സംസാരിച്ചു. എല്ലാം ഞാൻ സശ്രദ്ധം കേട്ടു. അവസാനം അദ്ദേഹം ഏതാണ്ടു സമാപനമായി വീണ്ടും പറഞ്ഞു: 'പര സ്യമായി പ്രത്യക്ഷപ്പെടുമ്പോൾ ളോഹ ധരിക്കുക കാനോൻ നിയമമാണ്. വീടു സന്ദർശിക്കുമ്പോൾ ളോഹ ധരിക്കണം'. അതിനു ഞാൻ: 'അങ്ങു പറഞ്ഞതു ശരി. ഈ അരമനയിലിരുന്ന് ഇങ്ങനെ പറയാം. ഞങ്ങൾ ജീവി ക്കുന്നത് ജനങ്ങളോടൊപ്പമാണ്. അവരുടെ മാനസികവും ബാഹ്യവു മായ അവസ്ഥകണക്കിലെടുത്തേ ഞങ്ങൾക്കു പ്രവർത്തിക്കാനാവൂ.' ഇപ്രകാരം എന്റെ നിലപാടു വ്യക്തമാക്കിയപ്പോൾ, അദ്ദേഹം ഇരിപ്പിട ത്തിൽ നിന്നെഴുന്നേറ്റുകൊണ്ടു ഇങ്ങനെ പറഞ്ഞു. You are a disobedient son of the church (നിങ്ങൾ സഭയുടെ അനുസരണയില്ലാത്ത പുത്ര നാണ്) അതിനു ഞാനും എണീറ്റിട്ടു Still I am a son of the church, know? (എന്നിരുന്നാലും ഞാൻ സഭയുടെ പുത്രൻ തന്നെയാണല്ലോ?) എന്നു മറുപടി പറഞ്ഞു. അതിനദ്ദേഹം സരസമായി ഉറക്കെ ചിരിച്ചു. ഞങ്ങൾ പിരിഞ്ഞു. പിന്നെ ഇതുവരെ ളോഹ ഇടുന്നതിനെപ്പറ്റി ആരും സംസാരിച്ചിട്ടില്ല. ഔദ്യോഗിക ഉത്തരവാദിത്തം ഉണ്ടായിരുന്നപ്പോൾ തന്നെ ഒട്ടുമിക്ക പരിപാടികൾക്കും ളോഹ ഇല്ലാതെയാണു പങ്കെടുത്തി രുന്നത്. ജനത്തോടുള്ള എന്റെ ഇടപെടൽ രീതിയും അവർക്ക് എന്നോ ടുള്ള താൽപ്പര്യവും കാരണം ഞാൻ ളോഹ ഇടുന്നോ ഇല്ലയോ എന്നത് ഒരു പ്രശ്നമേ ആയിരുന്നില്ല. ഔദ്യോഗിക ഉത്തരവാദിത്വം കഴിഞ്ഞ് ഈ വസ്ത്രം ധരിച്ചിട്ടേ ഇല്ല. പലപ്പോഴും കുർബാന അർപ്പിച്ചിട്ടുണ്ട്, ജ്ഞാന

സ്നാനം നടത്തിയിട്ടുണ്ട്, വിവാഹാഘോഷം ആശീർവദിച്ചിട്ടുണ്ട്. അവിടെയെല്ലാം ളോഹ ഇല്ലാതെ ശുശ്രൂഷാവസ്ത്രങ്ങൾ മാത്രം അണിഞ്ഞു കർമങ്ങൾ നിറവേറ്റി.

സത്യത്തിൽ ഈ വസ്ത്രത്തിനൊന്നും ഒരു പവിത്രതയുമില്ല. റോമാ ചക്രവർത്തിയുടെ അടിവസ്ത്രമായിരുന്നു അത്. റോമൻ ചക്രവർത്തിയുടെ മാനസാന്തരമെന്ന ക്രൈസ്തവീകരണത്തോടെ സഭാധികാരികളുടെ അധികാര-അധിനിവേശത്തിന്റെ അടയാളമായി ഈ അടിവസ്ത്രത്തെ മാറ്റേണ്ടത് അവരുടെ ആവശ്യമായിരുന്നു. ളോഹയെപ്പറ്റി ഏതാണ്ടു 25 വർഷങ്ങൾക്കു മുമ്പ് *ഓറ* മാസികയുടെ സ്ഥാപക അംഗമായ ഫാ. റൊമാൻസ് അന്റണി രചിച്ച ഒരു കവിത പ്രസിദ്ധീകരിച്ചിരുന്നത് ഇവിടെ ഉദ്ധരിക്കുന്നതു സന്ദർഭോചിതമാണെന്നു തോന്നുന്നു.

**അൽപ്പനേരം ഞാൻ ഞാനായിത്തീരട്ടെ**

കേൾക്കണ്ടേ നിങ്ങൾക്കീ
തൂവെള്ള വസ്ത്രത്തിന്റെ കഥ?
നൂറ്റാണ്ടുകളുടെ കദനങ്ങൾ
ചൊല്ലുമീ വിശുദ്ധ അങ്കിയുടെ കഥ?
ഇതാണ് ഞങ്ങളുടെ യൂണിഫോറം
റോമാക്കാരുടെ അടിവസ്ത്രമായിരുന്നത്
ഞങ്ങൾക്കിതു ആഡംബരത്തിൻ മേൽവസ്ത്രം
ഇതാണു ഞങ്ങൾക്ക് രാജ്യവും ശക്തിയും
മഹത്വവുമേകുന്നത്.
രണ്ടു ലോകങ്ങളുടെയും അധിപന്മാരല്ലയോ ഞങ്ങൾ
വേണം, ഞങ്ങൾക്കു സ്തുതിയും പുകഴ്ചയും
ഈ അംഗവസ്ത്രമാണ് ഞങ്ങൾക്ക് രാജസോപാനമേകുന്നത്
തെരുവീഥിയിൽ അഭിവാദനം
നഗരകവാടങ്ങളിൽ പ്രമുഖസ്ഥാനം.
ഈ ലോകത്തിന്റെ പ്രഭുക്കന്മാരോടൊപ്പം
ദൈവകുമാരന്റെ കീർത്തനങ്ങൾ പാടാൻ
വേണം ഞങ്ങൾക്കീ മാലാഖമാരുടെ അങ്കി
ഉദ്യോഗസ്ഥ വൃന്ദങ്ങളിൽ സ്വാധീനം
മണിമന്ദിരങ്ങളിൽ സ്ഥാനവും മാനവും
അയ്യയ്യോ കാപട്യത്തിൻ മൂടുപടം.
ഇതിട്ടോണ്ടെന്തും പറയാം; എന്തും ചെയ്യാം
ചോദ്യം ചെയ്യില്ലാരും തീർച്ച-തീർച്ച.
ഇതൂരിയാൽ സ്വീകരിക്കില്ല നിങ്ങളെന്നെ
അത്ഭുതമില്ലതെല്ലും; തച്ചന്റെ മകനെ സ്വീകരിച്ചില്ലല്ലോ നിങ്ങൾ!
അയ്യയ്യോ! മടുത്തു ഞാൻ.......... മടുത്തു ഞാൻ
ഊരട്ടെ ഞാനീ ചമയവും കോലവും

അൽപ്പനേരം ഞാൻ ഞാനായി തീരട്ടെ!
അൽപ്പനേരം ഞാൻ...................

(ഓറ വാല്യം 4,നമ്പർ 8, ഡിസംബർ 1986.)

മറ്റൊരവസരത്തിൽ പത്തനംതിട്ടയിൽ നാരങ്ങാനത്തു ഞാൻ ഒറ്റയ്ക്കു വീടു സന്ദർശിക്കവേ ഉണ്ടായ ഒരനുഭവം പറയട്ടെ. സമയം ഏതാണ്ടു ഉച്ചയ്ക്ക് 12 മണി. ഒരു വീട്ടിലെ ഏതാണ്ട് ഒന്നു രണ്ടു വയസ്സു തോന്നിക്കുന്ന ഒരു കുട്ടി വാവിട്ടു കരയുന്നു. വിശക്കുന്നു, കഞ്ഞിക്കു വേണ്ടിയാണ് നിലവിളി. ഞാനാ കുടിലിൽ കയറിച്ചെന്നു. ഒരു മുറിയും പൊട്ടിപ്പൊളിഞ്ഞ ചെറിയ ഒരു ചാർത്തും. ചാർത്തിൽ കുറച്ചു പാത്രങ്ങളും അടുപ്പും. അന്നവിടെ തീ കത്തിച്ചിട്ടില്ല, അടുപ്പിൽ ചാരമേയില്ല. സ്വതന്ത്രമായുള്ള എന്റെ ഇടപെടൽരീതി അവർക്കറിയാമായിരുന്നു. ചാർത്തിൽ കയറി അടച്ചുവെച്ചിരുന്ന കലങ്ങളും പാത്രങ്ങളും തുറന്നു നോക്കി. പാചകത്തിനായി ഒരു സാധനവുമില്ല. കുഞ്ഞു കരഞ്ഞു കരഞ്ഞു തളർന്നു കഴിഞ്ഞു. 50രൂപ കൊടുത്തിട്ട് കുഞ്ഞിനു കഞ്ഞിയുണ്ടാക്കിക്കൊടുക്കുക എന്നുപറഞ്ഞുകൊണ്ടു ഞാൻ അടുത്തവീടുകളിലേക്ക് പോയി. സമയം 4 മണിയായപ്പോഴേക്കും തിരികെ പോകുംവഴി വീണ്ടും ഞാനാ വീട്ടിൽ കയറി. കുഞ്ഞു വിശന്നു തളർന്നു ഏതാണ്ടു ബോധം കെട്ടരീതിയിൽ കിടക്കുന്നു. അടുപ്പു രാവിലത്തെപ്പോലെ ശൂന്യം. അരി വാങ്ങി കുഞ്ഞിനു കഞ്ഞിയുണ്ടാക്കിക്കൊടുത്തില്ല. എനിക്കു വല്ലാത്ത ദേഷ്യം വന്നിട്ടു ചോദിച്ചു: 'കുഞ്ഞിനു കഞ്ഞി കൊടുത്തില്ലേ?' അതിനു അവരുടെ മറുപടി: 'വൈകിട്ട് 5 മണിക്കേ റേഷൻകട തുറക്കൂ. മറ്റു കടയിൽ അരിക്കു വലിയ വിലയാണ്. റേഷൻ കടയിലെ അരികൊണ്ടു രണ്ടു-മൂന്നു ദിവസം പട്ടിണിയില്ലാതെ കിടക്കാം.' അവരുടെ മറുപടി എനിക്ക് തീർത്തും ഒരു വെളിപാടായിരുന്നു. അരി വാങ്ങി കഞ്ഞി വെക്കുക എന്നല്ലാതെ പൊതുമാർക്കറ്റിലെ വിലയും റേഷൻ കടയിലെ വിലയും തമ്മിലുള്ള വ്യത്യാസം എന്നെ അതുവരെ ബാധിച്ചിരുന്നില്ല. എന്നെ ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും ബാലപാഠം പഠിപ്പിച്ച ഈ സംഭവത്തെ നന്ദിയോടെയാണു ഞാൻ ഇന്നു സ്മരിക്കുന്നത്.

ആരാധനാക്രമത്തിലെ സജീവ പങ്കാളിത്തവും അർഥപൂർണമായ ഭവന സന്ദർശനവും എന്റെ വൈദിക ശുശ്രൂഷയ്ക്കു മൂല്യം നൽകിയെങ്കിലും, ഈ ജനതയുടെ പരിതാപകരമായ അവസ്ഥ എന്നിലും ഞങ്ങളുടെ ചെറുസംഘം വൈദികരിലും കാര്യമായ മാനസികസംഘർഷം ഉണ്ടാക്കി. അങ്ങനെയാണ് ഫാ. സാംസണും, ഫാ. ജോസ് ജെ കളീക്കലും സിസ്റ്റർ കൊറോണാ മേരിയുടെ സഹായത്തോടെ ഞാനും കൊല്ലം രൂപതയിൽ കോഴിവളർത്തൽ, ആടുവളർത്തൽ, കക്കൂസു നിർമാണം, ഭവന നിർമാണം തുടങ്ങിയ സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്. ഞാൻ കൂടുതലും ശ്രദ്ധിച്ചതു രണ്ടു മുറിയും അടുക്കളയും ചെറിയ വരാന്തയും ഉള്ള ചെറിയ ഭവന നിർമാണത്തിലായിരുന്നു. ഒത്തിരിയേറെപ്പേർക്ക് ഈ രീതിയിലുള്ള വീടുകളുണ്ടായി. കുടിലുകൾ മാറിയ

സന്തോഷം. ഇനി വർഷംതോറും മേൽക്കൂര മേയണ്ട, ഓലകൊണ്ടു വശങ്ങൾ അടയ്ക്കണ്ടാ. ഏതാണ്ടു സുരക്ഷിതമായ കൊച്ചു വീടുകൾ.

ഈ അവസ്ഥയെപ്പറ്റിയുള്ള വിലയിരുത്തൽ അടുത്ത പടിയിലേക്ക് ഞങ്ങളെ നയിച്ചു. ഒരുവിധം നല്ലവീട്ടിലായി താമസമെങ്കിലും, മാനസികമായിട്ടു അവരെല്ലാം ഇപ്പോഴും അടിച്ചമർത്തലിന്റെ വേദന അനുഭവിക്കുന്നു. നേരെ നിവർന്നു നിന്നു കാര്യങ്ങൾ പറയാനുള്ള തന്റേടമില്ല. ഇവിടെ വേണ്ടതു ബോധവൽക്കരണമാണെന്ന് മനസിലാക്കി യുവതീയുവാക്കൾക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും കുട്ടികൾക്കും കുടുംബങ്ങൾക്കും എന്നുവേണ്ട എല്ലാവർക്കും തുടരെത്തുടരെ സെമിനാറുകളും ചർച്ചാക്ലാസുകളും സംഘടിപ്പിച്ചു; അതുപോലെ നേതൃത്വപരിശീലന ക്ലാസുകളും ക്യാമ്പുകളും നടത്തി. അവ ജനത്തിൽ വലിയൊരുണർവുണ്ടാക്കിയെന്നത് എടുത്തുപറയേണ്ട കാര്യമാണ്.

ഏതാണ്ടു ഈ സമയത്താണ് 1976 ൽ ശ്രീമതി ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. അപ്പോഴാണു തിരുവല്ലയിൽ ഡോ. എം എം തോമസിന്റെ നേതൃത്വത്തിൽ ചെറിയൊരുകൂട്ടം വൈദികർ അടിയന്തരാവസ്ഥയ്ക്കെതിരെ രംഗത്തുവന്നത്. അടിയന്തരാവസ്ഥ മനുഷ്യസ്വാതന്ത്ര്യത്തിന്മേലും അവന്റെ അടിസ്ഥാന അവകാശങ്ങളിന്മേലുമുള്ള കടന്നുകയറ്റമാണെന്നും അതു മനുഷ്യാവകാശ ലംഘനമാണെന്നും ഞങ്ങൾ പരസ്യമായി പ്രഖ്യാപിക്കുകയും യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ഇതു ഞങ്ങളുടെ ആദ്യത്തെ പ്രതിരോധനടപടിയായി വിശേഷിപ്പിക്കാം.

ഈ ഇടപെടൽ പ്രതിരോധ പ്രവർത്തനങ്ങളുടെ പ്രത്യയശാസ്ത്രത്തിലേക്ക് കൂടുതൽ താൽപ്പര്യപൂർവം പഠനങ്ങൾ നടത്താൻ ഞങ്ങൾക്കു പ്രചോദനമായി. ഇതിന്റെ ആദ്യപടിയായി ഡോ. എം എം തോമസിന്റെ വീട്ടിൽ താമസിച്ചുകൊണ്ടു ഏഴുദിവസത്തെ സാമൂഹ്യാപഗ്രഥന ക്ലാസ്സു നടത്തുകയുണ്ടായി. അതിനു ചുക്കാൻ പിടിച്ചതു റവ. എം ജെ ജോസഫാണ്. പ്രതിരോധ ഇടപെടലുകൾക്ക് ബൈബിളിന്റെ അടിത്തറ പാകിക്കൊണ്ടുള്ള ക്ലാസുകൾ നടത്തിയതും ചർച്ചകൾ നയിച്ചതും ഡോ. എം എം തോമസാണ്. അതിലെ ഒരു സജീവ പങ്കാളിയായിരുന്നു ഞാൻ. ഒത്തിരിയേറെ ഉൾക്കാഴ്ച ലഭിച്ചെങ്കിലും, എന്റെ ദർശനത്തെ മുഴുവൻ സ്പർശിച്ചതും അതിന്റെ ഫലമായി എന്നിൽ കാതലായ വ്യതിയാനം വരുത്തിയതുമായ രണ്ടു കാര്യങ്ങൾ എടുത്തു പറയട്ടെ.

ഒന്നാമതായി, സമൂഹത്തിലെ സാമാന്യ ജനതയുമായി അടുത്തു ഇടപഴകുക എന്റെ സ്വഭാവമായിരുന്നു. അവരുടെ ആധ്യാത്മികവും സാമൂഹ്യവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ കാര്യത്തിൽ ഇടപെടാനും അങ്ങനെ അവരുടെ വളർച്ചയിൽ ഇടപഴകാനും ഞാൻ ബദ്ധശ്രദ്ധനായിരുന്നു. അതിനുവേണ്ടി ഏതു ത്യാഗം സഹിക്കാനും ബുദ്ധിമുട്ടുകൾ ഏറ്റെടുക്കാനും തയാറുമായിരുന്നു. പക്ഷേ, ഇവയ്ക്കൊക്കെത്തന്നെ ഒരു രാഷ്ട്രീയമാനം ഉണ്ട് എന്ന കാര്യത്തിൽ എനിക്കു

നേരത്തെ വ്യക്തതയില്ലായിരുന്നു. രാഷ്ട്രീയം ജനനന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനമാണെന്നും രാഷ്ട്രീയക്കാരൻ ജനനന്മയ്ക്കായി ആത്മാർപ്പണം ചെയ്തവനാണെന്നുമുള്ള പ്ലേറ്റോയുടെ നിർവചനത്തിന്റെ അന്തസ്സത്തയിലേക്കു ഞങ്ങളുടെ ക്യാമ്പ് നടന്നടുത്തു. ജീവിതത്തിൽ നാം എന്തു പറഞ്ഞാലും എന്തു പ്രവർത്തിച്ചാലും അതിലൊക്കെ ഒരു രാഷ്ട്രീയമുഖമുണ്ട്. നിഷ്പക്ഷമെന്നോ അരാഷ്ട്രീയമെന്നോ പറയുന്നതിൽത്തന്നെ ഒരു വലതുപക്ഷരാഷ്ട്രീയം ഒളിഞ്ഞു കിടപ്പുണ്ട് എന്ന വ്യക്തതയുമുണ്ടായി. ഇതിന്റെ അർഥം എല്ലാവരും ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയുടെ വാലാകണം എന്നല്ല. മറിച്ച്, ഉത്തരവാദിത്വമുള്ള പൗരനു രാഷ്ട്രീയ അവബോധം അനിവാര്യമാണ്. അങ്ങനെ ജീവിത യാഥാർഥ്യങ്ങളെയും സംഭവങ്ങളെയും രാഷ്ട്രീയമായ കാഴ്ചപ്പാടോടെ നോക്കിക്കാണേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയുള്ള അവബോധം ലഭിച്ചത് വലിയ നേട്ടമായാണു കാണുന്നത്.

രണ്ടാമതായി, യേശു സമൂഹത്തിലെ അവശതയും കഷ്ടപ്പാടും അനുഭവിക്കന്നവരോടൊക്കെ പ്രത്യേക സ്നേഹം കാട്ടിയിരുന്നു എന്നും സമൂഹത്തിലെ അധീശവർഗത്തോടു വ്യവസ്ഥാപിതമായിട്ടേ ഇടപെട്ടിട്ടുള്ളൂവെന്നുമുള്ള ഒരു പൊതുധാരണയുണ്ടായിരുന്നെങ്കിലും, പഴയനിയമത്തിലെ യഹോവയുടെയും, പുതിയനിയമത്തിലെ യേശുവിന്റെയും ദരിദ്രപക്ഷ കാഴ്ചപ്പാട് ഒരു ജീവിത നിലപാടായി സ്വീകരിച്ചതു ഡോ. എം എം തോമസിന്റെ ബൈബിൾ വിചിന്തന ക്ലാസുകളുടെ ഫലമായിട്ടാണ്. "ഈജിപ്തിലെ എന്റെ ജനത്തിന്റെ കഷ്ടപ്പാടു ഞാൻ കണ്ടു. അവരുടെ രോദനം ഞാൻ കേട്ടു. അവർ അനുഭവിക്കുന്ന പീഡനം ഞാൻ മനസിലാക്കുന്നു. ഈജിപ്തുകാരുടെ കരങ്ങളിൽ നിന്നു ജനതയെ മോചിപ്പിക്കുവാൻ ഞാനിതാ ഇറങ്ങിവരുന്നു, തേനും പാലുമൊഴുകുന്ന നാട്ടിലേക്കു ആനയിക്കുവാനായി" (പുറപ്പാടു 3:7-8). ഇങ്ങനെ പീഡനവും കഷ്ടപ്പാടും അനുഭവിക്കുന്ന ജനത്തിന്റെ പക്ഷം പിടിച്ചുകൊണ്ടു അവരുടെ മോചനത്തിനുവേണ്ടിയുള്ള ജനത്തിന്റെ പോരാട്ടത്തിൽ മുൻനിരയിൽ നിന്നു അവരോടൊപ്പം പോരാടുന്ന ഒരു ദൈവസങ്കൽപ്പമാണ് പഴയനിയമം പ്രദാനം ചെയ്യുന്നത്. പീഡിപ്പിക്കപ്പെടുന്നവർക്കു നീതി നടപ്പാക്കുക അദ്ദേഹത്തിന്റെ ഹൃദയദാഹമായിരുന്നു. പുതിയ നിയമത്തിലെ യേശു വ്യക്തമായും ദരിദ്രപക്ഷനിലപാട് എടുത്താണ് ജീവിച്ചത്. ദരിദ്രരോടും പീഡിതരോടും ചുങ്കക്കാരോടും പാപികളോടും വേശ്യകളോടും പുറംജാതിക്കാരോടും ഭ്രഷ്ട്കൽപ്പിക്കപ്പെട്ടിരുന്നവരോടും കുഷ്ഠരോഗികളോടും സ്ത്രീകളോടും യേശുവിനു അഗാധമായ സ്നേഹവും കരുതലുമാണ് ഉണ്ടായിരുന്നത്. അതേസമയം ധനികരോടും മതമേലധ്യക്ഷന്മാരോടും ഭരണാധികാരികളോടും വിദ്യാസമ്പന്നരോടും യേശുവിന്റെ ഇടപെടൽ വ്യവസ്ഥാപിതമായിട്ടായിരുന്നു. അവരെ യേശു അതിശക്തമായ ഭാഷയിൽ വിമർശിച്ചു; ചാട്ടവാർ എടുക്കാൻ പോലും അദ്ദേഹം തയാറായി. ചുരുക്കത്തിൽ ബൈബിൾ നമ്മെ ജീവിതത്തിൽ ഒരു നില

പാടെടുക്കാൻ ബാധ്യസ്ഥരാക്കുന്നു - അതെ, ദരിദ്രപക്ഷനിലപാട്. ഇവിടെ ഒരു വിട്ടുവീഴ്ചയുമില്ല, ദാക്ഷിണ്യവുമില്ല. ഈ ദരിദ്രപക്ഷനില പാടിനും ഒരു രാഷ്ട്രീയമുണ്ട് എന്ന വ്യക്തതയും ആ ക്യാമ്പിലൂടെ കിട്ടിയ ഏറ്റവും വലിയ സമ്പത്തായി ഞാൻ കരുതുന്നു.

ഈ വെളിച്ചത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയനിൽ ഫാ. ജോസ് ജെ കളീക്കലും ഞാനും അവരുടെ യോഗത്തിൽ സംസാരിക്കുകയും അവരുടെ ചില സമരങ്ങളിൽ അവരോടൊപ്പം പങ്കുചേരുകയും ചെയ്തെങ്കിലും 1980 ൽ ബാംഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിസ്റ്റ്യൂട്ടി (ഐ എസ് ഐ)ൽവെച്ച് Community Organization എന്ന മൂന്നു മാസത്തെ പഠനം ഭാവി പരിപാടികൾക്കും ഇടപെടലിനുമുള്ള ദർശനവ്യക്തതയും താത്വിക അടിത്തറയും ദിശാബോധവും നൽകി. അതിനു ഐ എസ് ഐ യുടെ ഡയറക്ടറായിരുന്ന ഫാ. സ്റ്റാൻ ലൂർദു സ്വാമി വഹിച്ച പങ്കു വലുതാണ്.

ബോധവൽക്കരണത്തിൽ നിന്നുള്ള അടുത്ത പടി ജനകീയ സമരമാണെന്ന തിരിച്ചറിവാണ് ഈ കോഴ്സ് നൽകിയ ഏറ്റവും വലിയ സംഭാവന. ഫാ. സെബാസ്റ്റ്യൻ കാപ്പന്റെ അന്തേവാസിയായിരുന്ന് ഗുരുകുല പഠന മാതൃകയിൽ മാർക്സിനെ കാണാൻ ശ്രമിച്ചു. അതിലൂടെ മാർക്സിസത്തിലേക്ക് ഒന്ന് എത്തിനോക്കി. ആ പഠനത്തിൽ അൽപ്പംകൂടി ആഴത്തിൽ പോകാനും മാർക്സിയൻ ശാസ്ത്രീയ അപഗ്രഥന രീതിശാസ്ത്രത്തിലൂടെ സമൂഹത്തെ നോക്കിക്കാണാനും ഇതു സാഹചര്യമൊരുക്കി. ഇവിടെ ജനമെന്നാൽ ബഹുഭൂരിപക്ഷം വരുന്ന ചൂഷിതരും നിന്ദിതരും അടിച്ചമർത്തപ്പെട്ടവരും ആണ്. അതുപോലെ തന്നെ ഇത്തരം ജനകീയ സമരങ്ങളിൽ നമ്മുടെ രാഷ്ട്രീയ നിലപാടും പക്ഷംചേരലും സമൂഹത്തിൽ അവശതയും അവഗണനയും ചൂഷണവും വിവേചനവും അടിച്ചമർത്തലും കൂടുതലായി അനുഭവിക്കുന്ന അസംഘടിതമേഖലകളിലെ ജനവിഭാഗങ്ങളോടൊപ്പമായിരിക്കണം എന്ന വ്യക്തതയും ഇതിന്റെ ഭാഗമായി ലഭിച്ചതാണ്. മാത്രമല്ല, അരാഷ്ട്രീയ മനോഭാവത്തിന്റെ ഭീകര മുഖം കൂടുതൽ വ്യക്തതയോടെ നോക്കിക്കാണാനും, രാഷ്ട്രീയ പ്രതിബദ്ധതയോടെ ജീവിത യാഥാർത്ഥ്യങ്ങളെയും ജനത്തിന്റെ പ്രശ്നങ്ങളെയും അഭിസംബോധന ചെയ്യാനും ആവുന്നത്ര അർപ്പണബോധത്തോടെ അവയെ ഏറ്റുപിടിച്ച് ജനകീയ നീക്കങ്ങളാക്കുവാനും ബാധ്യസ്ഥരാണെന്നും ഉള്ള ചിന്ത ബലവത്തായിത്തീർന്നു. ഈ ചിന്താധാരയ്ക്കു, വൈദികനെന്ന നിലയ്ക്കു ദൈവശാസ്ത്ര അടിത്തറയായി നിലകൊണ്ടതു ദരിദ്രപക്ഷ യഹോവ-യേശു ദർശനമായിരുന്നു.

ഇങ്ങനെ മാനസികമായും ബൗദ്ധികമായും ഒരുങ്ങി പത്തനംതിട്ട ഇടവകയിൽ തിരിച്ചു വന്നപ്പോൾ, രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല, അവിടുത്തെ കർഷകത്തൊഴിലാളികളുടെയും ദലിതരുടെയും പ്രശ്നങ്ങളിൽ ഇടപെടാനും അവരെ അവകാശപോരാട്ടങ്ങൾക്കായി

സംഘടിപ്പിക്കാനും സമരങ്ങളിൽ പങ്കുചേരാനും, അതുപോലെ തന്നെ ഔദ്യോഗിക ക്രിസ്തീയ സഭകളുടെ സമ്പന്ന-അധീശപക്ഷ നിലപാടുകളെയും ദരിദ്രവിരുദ്ധ ഇടപെടലുകളെയും എടുത്തു കാട്ടി 'സഭയിൽ മാറ്റമുണ്ടാക്കണം', 'സഭയെ ദരിദ്രപക്ഷകൂട്ടായ്മയാക്കണം' എന്ന മുദ്രാവാക്യത്തോടെ സഭാജനങ്ങളിൽ അവബോധം സൃഷ്ടിക്കാനും അവരുടെ സമരങ്ങളിൽ പങ്കുചേരുവാനും സാധിച്ചു. ഈ പ്രക്രിയ കൂടുതൽ കാര്യക്ഷമവും ജനബന്ധിതവുമാക്കാൻ ഫാ. ജോസ് ജെ കളീക്കലും ഞാനും ഒരു ദ്വിമുഖ സമീപനമാണു സ്വീകരിച്ചത്. ഒന്ന്: പ്രതിരോധസംഘങ്ങളുടെ രൂപീകരണം; രണ്ട്: ജനങ്ങളുടെ യഥാർഥ സമരങ്ങളിലെ കൂടിച്ചേരൽ. ഈ രണ്ടു സമീപനങ്ങളെപ്പറ്റി അൽപ്പം കൂടി വിശദികരിക്കേണ്ടതുണ്ട്.

1970-80 കളിൽ ആഗോളതലത്തിൽത്തന്നെ ബഹുഭൂരിപക്ഷം വരുന്ന അസംഘടിത മേഖലകളിലെ തൊഴിലാളികളെ കർത്താക്കളായിക്കണ്ട്, പ്രതിരോധ സംഘങ്ങൾക്ക് രൂപം കൊടുക്കുന്ന ഒരു അന്തർദേശീയ പശ്ചാത്തലമുണ്ട്. ആ നീക്കത്തിന്റെ ഭാഗമായാണ് ശ്രീമതി ഇന്ദിരാഗാന്ധിയുടെ അടിയന്തിരാവസ്ഥയ്ക്ക് എതിരായി പൗരസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള വൈദിക സമിതിക്കുരൂപം നൽകിയത്. ഇങ്ങനെയുള്ള പ്രസ്ഥാനങ്ങളുടെ സ്വഭാവം സ്വതന്ത്രമായിരുന്നു. ഒരു രാഷ്ട്രീയ പാർട്ടിയുടെയും അവിഭാജ്യഘടകമല്ലായിരുന്നു; പക്ഷേ, ബഹുഭൂരിപക്ഷം വരുന്ന അവശ ജനവിഭാഗത്തിന്റെ പക്ഷം ചേർന്നാണ് ഞങ്ങൾ അവിടെ നിന്നിരുന്നത്. ഇന്നത്തെ രാഷ്ട്രീയവും മതവും വല്ലാതെ സ്ഥാപനവൽക്കരിച്ച്, ന്യൂനപക്ഷം അധീശസമ്പന്ന വർഗത്തിനു ദാസ്യം ചെയ്യുന്ന ഭീകരാവസ്ഥയ്ക്കൊരു ബദലായി രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും വിമോചനധാരകളെ അടയാളപ്പെടുത്തിക്കൊണ്ടുള്ള ജനകീയ പ്രതിരോധ മുന്നേറ്റത്തിന്റെ അന്തർദേശീയ പ്രയോഗമായിട്ടുവേണം വിമോചന-കറുത്ത ദൈവശാസ്ത്രങ്ങളെ കാണാൻ. അവരുടെ ഈ നീക്കത്തിന്റെ വിശ്വാസ അടിത്തറ ബൈബിളും വിമോചകനായ യേശുവും സഭയുടെ സാമൂഹ്യ പഠനങ്ങളുമായിരുന്നു.

ഈ ആഗോള പ്രതിഭാസത്തോടു കണ്ണിചേർന്നുകൊണ്ടാണ്, കേരളത്തിൽ അങ്ങോളമിങ്ങോളം പല വൈദികരും കന്യാസ്ത്രീകളും ജനത്തോടൊപ്പം പ്രതിരോധ പ്രവർത്തനങ്ങളിലിടപെട്ടത്. അങ്ങനെ ബോധവൽക്കരണത്തിന്റെയും പ്രതിരോധ പ്രവർത്തനത്തിന്റെയും ഭാഗമായി, മാവേലിക്കര കേന്ദ്രമാക്കി ഫാ. ജോസ് ജെ കളീക്കലിന്റെയും എന്റെയും നേതൃത്വത്തിൽ 'പരിവർത്തനത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം' എന്ന നിലയിൽ രണ്ടു മാസത്തെ ഇടവേളയിൽ രണ്ടു ദിവസം വീതം ഒരു വർഷം നീണ്ടുനിന്ന വിദ്യാഭ്യാസ തുടർ പരിപാടികൾക്കു രൂപം കൊടുത്തു (അനുബന്ധം 1). ഏതാണ്ടു 50 യുവതീയുവാക്കൾ ഇതിൽ തുടർച്ചയായി പങ്കെടുത്തു. മൂന്നുനാലു ക്യാമ്പുകൾ കഴിഞ്ഞപ്പോഴേ, ക്യാമ്പ് പങ്കാളികൾ അവരവരുടെ ഗ്രാമങ്ങളിൽ അവിടങ്ങളിലെ പ്രാദേശിക

സാമൂഹ്യ പ്രശ്നങ്ങളോടും പ്രാദേശിക സഭയുടെ ജനവിരുദ്ധ നീക്കങ്ങളോടുമുള്ള അവരുടെ വിയോജിപ്പുകൾ ഒറ്റയ്ക്കും സംഘമായും അറിയിക്കുകയും ചെറിയ സമര മുറകൾക്കു രൂപംകൊടുക്കുകയും ചെയ്തു. കൊല്ലം ബിഷപ്പ് ഡോ. ജോസഫ് ജി ഫെർണാണ്ടസ് തന്നെ ഞങ്ങളുടെ നീക്കത്തിനെതിരെ രംഗത്തു വന്നു. 'ഈ സെമിനാറുകൾ നിർത്തിവെക്കാൻ ദൈവനാമത്തിൽ ഞാൻ ആജ്ഞാപിക്കുന്നു' എന്നുവരെ കൽപ്പന അയയ്ക്കാൻ അദ്ദേഹം തയാറായി. അപ്പോഴാണു ഞങ്ങളുടെ പ്രസ്ഥാനത്തെ ഇന്ത്യൻ ഭരണഘടനയ്ക്കു വിധേയമായി ഒരു ശാസ്ത്ര സാഹിത്യ സാധുപരിപാലന സംഘമായി രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചത്. അങ്ങനെ 1983 ൽ രജിസ്റ്റർ ചെയ്ത ഞങ്ങളുടെ ആദ്യത്തെ പ്രതിരോധ പ്രസ്ഥാനമാണ് 'മോചകജീവക മുന്നേറ്റം' (എം ജെ എം) സെന്റർ. മാവേലിക്കര ആസ്ഥാനമാക്കി സംഘം രജിസ്റ്റർ ചെയ്തു കഴിഞ്ഞെന്നു മനസിലാക്കിയ സഭാനേതൃത്വം അവരുടെ എതിർപ്പു പ്രകടമാക്കിയതു ദുഷ്പ്രചരണങ്ങളിലൂടെയും അപവാദങ്ങളിലൂടെയും ഗുണ്ടാവിളയാട്ടത്തിലൂടെയുമായിരുന്നു. പക്ഷേ, അപ്പോഴേക്കും ഞങ്ങളുടെ നിശ്ചയദാർഢ്യം എം ജെ എം സെന്ററിനെ മത്സ്യ-കർഷകത്തൊഴിലാളി-ദലിത് സമരങ്ങൾക്കു ബൗദ്ധികവും പ്രായോഗികവുമായ പരിശീലനം കൊടുക്കുന്ന ഒരു പഠന-പരിശീലന കേന്ദ്രമായി രുപാന്തരപ്പെടുത്തിക്കഴിഞ്ഞിരുന്നു. ഞങ്ങളോടൊപ്പം നിന്ന് ഏതു ത്യാഗവും വെല്ലുവിളികളും ഏറ്റെടുത്ത് പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി ത്യാഗപൂർണമായ സേവനം ചെയ്ത കുറച്ചു യുവതീയുവാക്കളുടെ പങ്ക് സ്തുത്യർഹമാം വിധം വലുതാണ്. ഫാ. സോളമനും ഫാ. ജോസഫ് തോമസും ഞങ്ങളോടൊപ്പം ചേർന്നു. അങ്ങനെ ഞങ്ങൾ നാലുപേരും ഇടവകകളുടെ ഔദ്യോഗിക ഉത്തരവാദിത്തം ഉണ്ടായിരുന്ന സ്ഥലങ്ങളിൽ അവിടത്തെ അസംഘടിത ജനവിഭാഗത്തെ പ്രതിനിധീകരിച്ചുകൊണ്ട് പല പ്രതിരോധ സംഘങ്ങൾക്കും രൂപംനൽകി. അങ്ങനെയാണ് കർഷകത്തൊഴിലാളികളുടെയും ദലിതജനവിഭാഗത്തിന്റെയും സമഗ്രവികസനം കണ്ടുകൊണ്ട് 'വികസന വിദ്യാഭ്യാസ കേന്ദ്രം' (വി വി കെ) നാരങ്ങാനത്തും, അതേ ലക്ഷ്യത്തോടെ 'ജനകീയ വിദ്യാഭ്യാസ പ്രസ്ഥാനം' (ജെ വി പി) മഞ്ഞനിക്കരയിലും, ദലിത് ജനതയെ മുൻനിർത്തിക്കൊണ്ട് 'ആറ്റുവാശ്ശേരി ഡെവലപ്മെന്റ് എഡ്യുക്കേഷൻ സൊസൈറ്റി' (ആഡസ്) പുത്തൂരിലും, കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിന്റെ തീരത്തു താമസിക്കുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ സംഘാടനത്തെ ഉന്നംവച്ചുകൊണ്ട് 'ഡിവലപ്മെന്റ് പ്രോഗ്രാം ഫോർ ഇൻലന്റ് ഫിഷർമെൻ കമ്യൂണിറ്റി' (ഡി പി ഐ എഫ് സി) കുണ്ടറയിലും, ദലിത്ജനതയുടെ സമഗ്രവളർച്ചയ്ക്കു മുൻഗണന കൊടുത്തുകൊണ്ടു 'സൊസൈറ്റി ഫോർ കൾച്ചർ ആന്റ് ഡെവലപ്മെന്റ്' (എസ് സി ഡി) കടമ്പനാട്ടും ചണ്ണപ്പേട്ടയിലും, ഈ സംഘങ്ങളെയൊക്കെ ഏകോപിക്കുക എന്ന ലക്ഷ്യത്തോടെ 'സരോവര' കൊട്ടാരക്കര അന്തമണ്ണിലും, സ്ത്രീജനത്തിന്റെ സംഘാടനവും നില



ഫാ. സോളമൻ അനുസ്മരണം ജനകീയാരാധന സരോവരയിൽ വച്ച്
ഫാ. അലോഷ്യസ് ഡി ഫെർണാന്റസ് നേതൃത്വം കൊടുക്കുന്നു

നിൽപ്പും സമഗ്രവളർച്ചയും മുന്നിൽക്കണ്ടുകൊണ്ട് 'സമന്വയം' ആലപ്പുഴ പറവൂരിലും 'ഭൈരവി സ്ത്രീസംഘം' പത്തനംതിട്ട വാലുതറയിലും, മാധ്യമം സാമൂഹ്യമാറ്റത്തിന് എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ 'ജനജാഗൃതി' ആലപ്പുഴയിലും തുടങ്ങിക്കൊണ്ടു പ്രതിരോധസംഘങ്ങളുടെ ഒരു നിരയ്ക്കു തന്നെ രൂപം കൊടുത്തത്. 1990 കളുടെ ആരംഭത്തിൽ രൂപീകൃതമായ ജനജാഗൃതി, ഭൈരവി സ്ത്രീസംഘം, സമന്വയം ഇവയൊഴിച്ച് ബാക്കിയെല്ലാം രൂപീകൃതമായത് 1980 കളുടെ ആരംഭത്തിലാണ്; ഇവയുടെയെല്ലാം ഏകോപനസമിതിയായ ജനകീയസംഘ ഏകോപനസമിതിയും രൂപീകരിക്കപ്പെട്ടു. ഏതാണ്ടു 8–10 വർഷം ഈ സംഘങ്ങളെല്ലാം സ്തുത്യർഹമായ സേവനമാണു അനുഷ്ഠിച്ചത്.

1990 കളിൽ ആഗോളതലത്തിൽത്തന്നെ പ്രതിരോധ സംഘങ്ങൾക്കു പല പാളിച്ചകളും നിർജീവതയും സംഭവിച്ചത് ഒരു ചരിത്രവസ്തുതയാണ്. അതിന്റെ പ്രതിഫലനം ഇവിടെയും ഉണ്ടായി. എന്തിനു വേണ്ടിയാണീ സംഘങ്ങൾ രൂപീകൃതമായതെന്നു വിസ്മരിച്ചുകൊണ്ട്, സംഘങ്ങളുടെ കാതലായ/കർത്താക്കളായ ജനവിഭാഗത്തെ മറന്നുകൊണ്ട്, ശ്രേണീകൃത അധികാര പ്രയോഗം ഇവിടെയും കടന്നു വന്നു. വിദേശ സാമ്പത്തിക സഹായം എന്ന ലേബലിൽ സാമ്രാജ്യത്വത്തിന്റെ നുഴഞ്ഞു കയറ്റം ജനകീയ സംഘങ്ങളിൽ അർപ്പണബോധമില്ലായ്മയും വിഭജനവും സൃഷ്ടിച്ചു. പ്രസ്ഥാനങ്ങൾക്ക് ആസ്തി ഉണ്ടാകാൻ തുടങ്ങി. അരാഷ്ട്രീയ കാഴ്ചപ്പാടുകൾ കടന്നു കൂടി. സംഘങ്ങളുടെ പ്രതിരോധപ്രവർത്തന സ്വഭാവത്തിൽ നിന്നും ക്രമേണ മാറി തികച്ചും സാമൂഹ്യസേവന പ്രവർത്തനത്തിലേക്ക് നീങ്ങുന്ന അവസ്ഥ തന്നെയുണ്ടായി. ഫലമോ? ഇവയിൽ പലതും നിർജീവമായി. ചിലവ തീർത്തും പ്രവർത്തന രഹിത

മായി. ഇപ്പോൾ ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന മട്ടിൽ വി വി കെ, സമന്വയം, എം ജെ എം, ജനജാഗൃതി എന്നീ നാലു സംഘങ്ങളാണു കുറച്ചെങ്കിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇവയിൽ ജനജാഗൃതി രാഷ്ട്രീയ വ്യക്തതയോടെ ഇപ്പോഴും ഏതാണ്ടു സജീവമായി നിലകൊള്ളുന്നു. ജനജാഗൃതിയെപ്പറ്റി വിശദമായി പിന്നെ പ്രതിപാദിക്കുന്നതാണ്.

ജനകീയസമരങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ, അവയെ മതത്തിലെ തിന്മയ്ക്കും അനീതിക്കും ഏകാധിപത്യത്തിനും എതിരെയുള്ള സമരങ്ങൾ എന്നും, തീർത്തും തൊഴിലാളിവർഗ താൽപ്പര്യത്തെ മുൻനിർത്തി മതനിരപേക്ഷ സ്വാഭാവത്തോടെയുള്ള സമരങ്ങൾ എന്നും രണ്ടു വീക്ഷണകോണുകളിൽ നിന്നുകൊണ്ടു വിശകലനം ചെയ്യേണ്ടതുണ്ട്.

വിശ്വാസത്തിന്റെ ജനാധിപത്യപരവും മാനുഷികവും വിമോചനാത്മകവുമായ ഉള്ളടക്കത്തിനു ഊന്നൽ നൽകികൊണ്ടു വിശ്വാസവിമോചനപോരാട്ടങ്ങൾക്കും വീണ്ടും രണ്ടു മുഖങ്ങളുണ്ടാകുന്നു: മധ്യ തിരുവിതാംകൂർ കേന്ദ്രമാക്കി റവ. എം ജെ ജോസഫിന്റെ നേതൃത്വത്തിൽ സി എസ് ഐ മഹാസഭയിലെ അനീതിക്കും വിവേചനത്തിനും എതിരേ നടത്തിയ ജനകീയ സമരങ്ങൾ. കൊല്ലം-പുനലൂർ രൂപതകളിൽ ഞാൻ ഉൾപ്പെട്ട ചെറുവൈദിക സംഘത്തിന്റെ നേതൃത്വത്തിൽ നടത്തിയ ജനകീയ സമരങ്ങൾ. കൊല്ലം പുനലൂർ രൂപതകളെ കേന്ദ്രീകരിച്ച സമരങ്ങളെപ്പറ്റിയാണ് ഇനി അൽപ്പം പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നത്.

സഭയിൽ നവീകരണവും മാറ്റവും അനിവാര്യമാണെന്നു കണ്ട അന്നത്തെ കൊല്ലം രൂപതയിലെ (ഇന്നത്തെ പുനലൂർ, കൊല്ലം രൂപതകൾ) ഒരു പറ്റം വൈദികർ 1970 കളുടെ മധ്യത്തോടെ ഒത്തുകൂടുകയും ഇടവകകളുടെയും രൂപതയുടെയും പൊതുതാൽപ്പര്യങ്ങൾക്കു മുൻതൂക്കം കൊടുത്തുകൊണ്ടു മേലധികാരികൾക്കു കത്തുകൾ അയയ്ക്കുകയും മറ്റു പ്രതികരണങ്ങൾ നടത്തുകയും ചെയ്തു. ഈ ചെറുവൈദികസംഘത്തിനു ഞങ്ങൾ കൊടുത്ത പേര് 'യങ് പ്രീസ്റ്റ്സ് അസോസിയേഷൻ' (വൈ പി എ) എന്നായിരുന്നു. അതിന്റെ സെക്രട്ടറി ഞാനായിരുന്നു. രണ്ടു മാസത്തിൽ ഒരിക്കൽ കൂടുന്ന വൈ പി എ, കൊല്ലം രൂപതയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുരാലയങ്ങൾ, ആശുപത്രികൾ, സോഷ്യൽ സർവീസ് സൊസൈറ്റികൾ, വസ്തുവകകളും മറ്റ് ആസ്തികളും, ഇടവകപ്രശ്നങ്ങൾ, ബിഷപ്പും വൈദികരും തമ്മിലുണ്ടായിരിക്കേണ്ട സാഹോദര്യബന്ധം, ബൈബിളിന്റെ ജനകീയവൽക്കരണം, രൂപതയ്ക്കു പൊതുവേ ഉണ്ടാകേണ്ട മാറ്റങ്ങളുടെ കരടുരൂപം, ഇടവക നവീകരണം തുടങ്ങി നിരവധി പ്രശ്നങ്ങളെപ്പറ്റി സഗൗരവം ചർച്ച നടത്തുകയും, ഏതെങ്കിലും വിഷയത്തിൽ ചില ധാരണകൾ ഉണ്ടായാൽ ആ ധാരണയോടു യോജിക്കുന്നവർ ഒപ്പിട്ടുകൊണ്ടു ബന്ധപ്പെട്ട മേലധികാരികൾക്കു കത്തയക്കുകയും ചെയ്യുമായിരുന്നു. ചില വിഷയങ്ങളിൽ ധാരാളം പേർ ഒപ്പിടുമ്പോൾ ചിലതിൽ കുറച്ചുപേരെ ഒപ്പിടുമായിരുന്നു

ള്ളൂ. എല്ലാ ധാരണകളെയും പിൻതാങ്ങിക്കൊണ്ടു ഒപ്പിട്ടതു ഞങ്ങൾ കുറച്ചു പേർ മാത്രമാണ്. ഈ പ്രക്രിയ രൂപതയിൽ പല ചർച്ചകൾക്കും വഴിയൊരുക്കി. പല തരത്തിലുള്ള ചലനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ കത്തുകളെല്ലാം ശേഖരിച്ച്, 29. 3. 1984 ൽ *A Crisis and our Faith Response* എന്ന ലഘുലേഖ പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ അതിന്റെ വിവിധ വശങ്ങളിലേക്ക് പോകുന്നില്ല.

ചില പ്രശ്നങ്ങളോടു രൂക്ഷമായ വിമർശനവും നിലപാടും എടുത്തതോടെ വൈ പി എ യിൽ നിന്നു മിക്ക വൈദികരും പിന്മാറി. ഫാ. എ സോളമൻ, ഫാ. റൊമാൻസ് ആന്റണി, ഫാ. വിൻസെന്റ് മച്ചാഡോ ഫാ. ജോസ് ജെ കളീക്കൽ, ഫാ. ജോസഫ് തോമസ്, ഫാ. ജെറോം അഗസ്റ്റിൻ, പിന്നെ ഞാൻ എന്ന ഏഴംഗങ്ങളായി ചുരുങ്ങി. ഞങ്ങൾ 1982ൽ കാഞ്ഞിരകോടു ഇടവകയിൽക്കൂടി ഈ ചെറുസംഘത്തിന്റെ സാംഗത്യത്തെപ്പറ്റി ഗൗരവമായി ചർച്ച നടത്തി. അവിടെവച്ച് ഈ ഗ്രൂപ്പിനു 'ഫോറം ഫോർ റിന്യൂവൽ ആന്റ് ക്രിസ്ത്യൻ സോളിഡാരിറ്റി' (FRCS) എന്ന് നാമകരണം ചെയ്തു. അതിന്റെ പ്രസിഡന്റ് ഫാ. എ. സോളമനായിരുന്നു. FRCS ന്റെ പേരിലാണ് 1982 ൽ വിമോചന ദൈവശാസ്ത്രത്തിന്റെ ജിഹ്വയായ *ഓറ* (ഓർഗൻ ഫോർ റാഡിക്കൽ ആക്ഷൻ -ORA) മാസിക പുറത്തുവരുന്നത്. അതിനെപ്പറ്റി പിന്നെ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ഈ ചെറുസംഘം വൈദികർ അന്നു കേരളത്തിൽ നടന്നു കൊണ്ടിരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നിരവധി സമരങ്ങളിലും ദലിത് മുന്നേറ്റങ്ങളിലും ഓരോ വ്യക്തിയുടെയും ബോധ്യത്തിന്റെ തോതനുസരിച്ചു ഇടപെട്ടുകൊണ്ടിരുന്നു. ഇതിനൊക്കെ പ്രചോദനമായി നിലകൊണ്ടിരുന്നത് യേശുവിന്റെ ദരിദ്രപക്ഷ നിലപാടുതന്നെ ആയിരുന്നു. ഞങ്ങളിൽ കുറച്ചുപേർ ഈ സമരങ്ങളിൽ മുൻനിരയിൽ തന്നെ ഉണ്ടായിരുന്നു. ഞങ്ങളെ ഞങ്ങളുടെ പ്രവർത്തനമേഖലകളിൽ നിന്നും പറിച്ചുമാറ്റി ദൂരസ്ഥലങ്ങളിലേക്കും ധാരാളം പരമ്പരാഗത ക്രൈസ്തവരുള്ള വലിയ ഇടവകകളിലേക്കും സ്ഥലം മാറ്റിയാൽ ഇവർ സ്വയം ഒതുങ്ങിക്കൊള്ളും; അല്ലെങ്കിൽ ജനം ഇവരെ ഒതുക്കിക്കൊള്ളും എന്ന ഉപദേശം ബിഷപ്പിന്റെ കൗൺസിലേഴ്സ് കൊടുത്തതിന്റെ വെളിച്ചത്തിലായിരിക്കാം ആലപ്പുഴ ജില്ലാ ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയനിൽ ഇടപെട്ടുകൊണ്ടിരുന്ന ചെറിയനാടു വികാരിയായിരുന്ന ഫാ. ജോസ് ജെ കളിക്കലിനെ ദലിത് മേഖലയായ പൂത്തൂരിലേക്കും ശൂരനാട് ദലിത് മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഫാ. റൊമാൻസ് ആന്റണിയെ കല്ലടയ്ക്കും പത്തനംതിട്ട കർഷകത്തൊഴിലാളി-ദലിത് മേഖലയിൽ അവരുടെ അവകാശ പോരാട്ടങ്ങളിൽ പങ്കാളിയായിപ്പോന്നിരുന്ന എന്നെ പടപ്പക്കരയിലേക്കും സ്ഥലം മാറ്റിക്കൊണ്ട് ഓർഡർ പുറപ്പെടുവിച്ചു. പടപ്പക്കരയും കല്ലടയും പരമ്പരാഗത കത്തോലിക്കർ തിങ്ങിപാർക്കുന്ന വലിയ ഇടവകകളാണ്.

ഈ സാഹചര്യത്തിൽ കാഞ്ഞിരകോട്ടുള്ള ഫാ. സോളമന്റെ വസതിയിൽ FRCS കൂടി സ്ഥലമാറ്റം സ്വീകരിക്കാനും എവിടെ ജോലി ചെയ്യാനും തയാറാണെങ്കിലും, യാതൊരു കാരണവുമില്ലാതെ, ഞങ്ങൾ തുടങ്ങിവച്ച പ്രവർത്തനങ്ങൾ എങ്ങും എത്തിക്കാതെ, വളരെ പെട്ടെന്നു തീർത്തും വ്യത്യസ്തമായൊരു മേഖലയിലേക്കു പോകുന്നതു, ഞങ്ങൾ ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന ജനത്തോടുള്ള അവിശ്വസ്തതയും വഞ്ചനയും ഉത്തരവാദിത്വമില്ലായ്മയും ആകുമെന്നു ഞങ്ങൾ വിലയിരുത്തി. ഞങ്ങൾ ഈ സ്ഥലമാറ്റ ഉത്തരവു സ്വീകരിച്ചു പുതിയ സ്ഥലത്തു പോവുകയില്ല എന്നു ബിഷപ്പിനെ അറിയിക്കാൻ തീരുമാനിച്ചു. അത് അറിയിക്കുകയും ചെയ്തു. അതിന്റെ പുറത്തു നടപടിയുണ്ടായാൽ FRCSന്റെ മറ്റംഗങ്ങളായ ഫാ. എ സോളനനും ഫാ. വിൻസന്റ് മച്ചാഡോയും ഫാ. ജോസഫ് തോമസും വോളന്ററിയായി അവധി എടുക്കുമെന്നും തീരുമാനിച്ചു. നിശ്ചിതദിവസം ജോസിന്റെ സാമഗ്രികൾ എം ജെഎം സെന്ററിലേക്കും റൊമാൻസിന്റേത് തന്റെ തങ്കശ്ശേരിയിലെ കുടുംബ വീട്ടിലേക്കും എന്റേതു നാരങ്ങാനം വി വി കെ യിലേക്കും നീക്കി.

അങ്ങനെ ഞങ്ങൾ മൂന്നുപേരും ഞങ്ങൾക്കു പുതിയതായി നിയോഗിച്ച സ്ഥലങ്ങളിലേക്കു പോയില്ല. ഞങ്ങൾ സംഘടിതരായി നിന്നതിന്റെ പശ്ചാത്തലത്തിൽ സഭാമേലധികാരികൾ ശിക്ഷണനടപടികൾക്കല്ല മുതിർന്നത്. പിന്നെയോ പലതന്ത്രങ്ങൾ ഉപയോഗിച്ച് ഞങ്ങളുടെ സംഘ ഐക്യത്തെ തകർക്കാനാണവർ ശ്രമിച്ചത്. അതിനവർ പിടിച്ചതു ഫാ. റൊമാൻസിന്റെ മാതാപിതാക്കളെയും ബന്ധുക്കളെയുമാണ്. അവർ ഫാ. റൊമാൻസിനെ ശരിക്കും നിർബന്ധിച്ചു സ്വാധീനിച്ചു. 4-5 ദിവസം കഴിഞ്ഞപ്പോൾ റൊമാൻസ് ഞങ്ങളുടെയടുത്തു പറയാതെ കല്ലട ഇടവകയുടെ ചാർജ് എടുത്തു. ഉടൻ തന്നെ FRCSന്റെ മറ്റു അംഗങ്ങൾ കാഞ്ഞിരകോട്ടു കൂടി. റൊമാൻസിന്റെ നടപടിയോടുള്ള വിയോജിപ്പു പ്രകടിപ്പിച്ചു. ഇനി എന്ത് എന്ന വിചിന്തനത്തിൽ, സംഘബലത്തെ പൊളിച്ച സാഹചര്യത്തിൽ ഞങ്ങളും പുതിയ പള്ളികളിൽ ചാർജ് എടുക്കുക ആയിരിക്കും തന്ത്രപരമായി ഉചിതമെന്നു തീരുമാനിച്ചു. അങ്ങനെ വളരെ താമസിയാതെ ഫാ. ജോസ് ജെ കളീക്കൽ പുത്തൂർ ഇടവകയുടെ ചാർജും അതിനടുത്തദിവസം ഞാൻ പടപ്പക്കര ഇടവകയുടെ ചാർജും ഏറ്റെടുത്തു. ഫാ. റൊമാൻസ് ആന്റണിയുടെ കൂറുമാറ്റത്തോടെ 'നിന്നെ ഒന്നും വിശ്വസിക്കാൻ കൊള്ളുകയില്ല, ഒരു തീരുമാനം എടുത്താൽ തീരുമാനമായിരിക്കണം' എന്നു പറഞ്ഞുകൊണ്ടു തന്റെ പ്രതിഷേധം രേഖപ്പെടുത്തി ഫാ. വിൻസന്റ് മച്ചാഡോ FRCS ൽ നിന്നും പിൻവാങ്ങി. അങ്ങനെ FRCS വീണ്ടും ക്ഷീണിതമായി. അവസാനം ഉറച്ചുനിന്ന നാലുപേർ -ഫാ. എ സോളമനും ഫാ. ജോസ് ജെ കളിക്കലും ഫാ. ജോസഫ് തോമസും ഞാനുമായിരുന്നു.

എന്റെ സ്ഥലമാറ്റത്തിനു അനുബന്ധമായി മറ്റൊരു സംഭവം കൂടി എടുത്തുപറയേണ്ടതുണ്ട്. പത്തനംതിട്ടയിലെ നാരങ്ങാനം, മഞ്ഞനിക്കര,

പുത്തൻപീടിക, ഇടകടത്തി, ചിറ്റാർ, ചെങ്ങറ എന്നീ സ്ഥലങ്ങളിലെ കർഷകത്തൊഴിലാളികളുടെയും ദലിതരുടെയും അവകാശ പോരാട്ടങ്ങളിൽ അവർ സംഘടിതരായി വരുന്നതേയുണ്ടായിരുന്നുള്ളു. അതിനു നേതൃത്വം കൊടുത്തതു ഞാനായിരുന്നു. എങ്ങും എത്തിക്കാതെ ഞാൻ സ്ഥലം മാറിപ്പോയാൽ അതവരുടെ ഭാവിയെ എല്ലാ നിലയിലും പ്രതികൂലമായി ബാധിക്കും എന്നും അതുകൊണ്ടു ഉടൻ സ്ഥലം മാറ്ററുതെന്ന് കാണിച്ചുകൊണ്ട് ഒരു മെമ്മോറാണ്ടവുമായി എല്ലാ സ്ഥലങ്ങളിലെയും പ്രതിനിധികൾ കൊല്ലത്ത് അരമനയിൽ പോയി ബിഷപ്പിനെ നേരിട്ടു കണ്ടു സംസാരിച്ചിരുന്നു. അന്നവർക്കു ബിഷപ്പ് വാക്കു നൽകിയത് ഉടൻ സ്ഥലം മാറ്റുകയില്ലെന്നും സ്ഥലം മാറ്റുന്നതിനു മുൻപ് അവരെ വിളിച്ചു സംസാരിക്കുമെന്നുമായിരുന്നു. പക്ഷേ, അടുത്താഴ്ച തന്നെ ബിഷപ്പിന്റെ സ്ഥലംമാറ്റ ഉത്തരവ് എത്തുകയും പിന്നത്തെ ഞായറാഴ്ച അതു പള്ളിയിൽ പ്രഖ്യാപിക്കുകയും ചെയ്തു. ജനം ക്ഷുഭിതരായി. അവർ യോഗം കൂടി തീരുമാനിച്ചത് ഇങ്ങനെയാണ്. സ്ഥലംമാറ്റുന്ന ദിവസം എന്നെ മേടയിൽ ബന്ധനസ്ഥനാക്കും. പുതിയ അധികാരം ഏറ്റുവാങ്ങാൻ വരുന്ന വൈദികനെയോ അവരോധിക്കാൻ വരുന്ന ബിഷപ്പിന്റെ പ്രതിനിധിയെയോ പള്ളി കോമ്പൗണ്ടിൽ കയറ്റുകയില്ല. എല്ലാ സ്ഥലങ്ങളിലെയും ജനങ്ങൾ പുത്തൻപീടിക പള്ളിയങ്കണത്തിൽ ഒത്തുകൂടി. എന്നെ അവർ മേടയിൽ പൂട്ടിയിട്ടു. അവർ പൊതുയോഗം കൂടി ബിഷപ്പിന്റെ ഈ അധാർമികവും ജനവിരുദ്ധവുമായ നടപടിയെ അപലപിച്ചു. അവർ 'വിമോചന വിശ്വാസസംരക്ഷണ പ്രസ്ഥാന' (VVSP) ത്തിനു രൂപം കൊടുത്തു. ശ്രീ. എൻ. തങ്കച്ചൻ ചെമ്പകത്തിനാലായിരുന്നു കൺവീനർ. സർവശ്രീ ഫിലിപ്പ് ജോർജ്, വിൻസെന്റ് ബനഡിക്റ്റ്, കൊച്ചുമോൾ എം റ്റി, പത്രോസ് പി ജി, ശോശ ജോർജ്, എബ്രഹാം ചീനിക്കാലായിൽ, ഒ പി അനിൽകുമാർ തുടങ്ങിയവരായിരുന്നു തങ്കച്ചനോടൊപ്പം ഈ നീക്കത്തിനു നേതൃത്വം നൽകിയത്. അധികാരം കൈമാറി നൽകാൻ ബിഷപ്പിന്റെ പ്രതിനിധിയായി നിയോഗിച്ചിരുന്ന ഫാ. വിനാംസി വന്നപ്പോൾ, ജനം സംഘടിതമായി ഗേറ്റടച്ചിട്ടു വന്ന കാറിൽ തന്നെ തിരിച്ചയച്ചു. പുതിയ വികാരിയാകാൻ നിയമിതനായ എന്റെ ഏക വൈദിക സഹപാഠിയായ ഫാ. വാൾട്ടർ മോറിസ് ഗേറ്റിൽ വന്നപ്പോഴും, ജനം പറഞ്ഞയയ്ക്കുയായിരുന്നു ചെയ്തത്. തുടർന്നു നടന്നത് സഭയിലെ അനീതിക്കും അധികാര ദുഷ്പ്രഭുത്വത്തിനും വിവേചനത്തിനും എതിരെ എങ്ങനെ വി വി എസ് പി സജീവമാക്കാം എന്ന് ഏതാണ്ട് ഒരു ദിവസം നീണ്ടുനിന്ന ചർച്ചകളും പ്രായോഗിക തീരുമാനങ്ങളുമായിരുന്നു. എല്ലാം കൊണ്ടും വികാരതീവ്രമായ സന്ദർഭം. ദലിത് ജനത അവരുടെ അവകാശങ്ങൾക്കായി, അവരെ അവഗണിച്ചതിനെതിരായി ഉയർത്തെഴുന്നേറ്റ ദിനം. അവർ നിവർന്നുനിന്നു ചോദ്യങ്ങൾ ചോദിച്ച ദിനം. ഇത് ഒരു തുടക്കമായിരുന്നു. തുടർന്ന് ഈ സമരപോരാട്ടം പല ഇടവകളിലേക്കും വ്യാപിച്ചു. വി വി എസ് പി യുടെ യൂണിറ്റുകൾ ചാരുംമൂട്, ശൂരനാട്, കട

മ്പനാട്, കുണ്ടറ, പഴകുളം തുടങ്ങി പല സ്ഥലത്തും രൂപം കൊള്ളുകയും ചെയ്തു.

പത്തനംതിട്ട ഇടവകയിൽ, ഞാൻ നടത്തിയ നവീകരണപ്രവർത്തനങ്ങളെ തിരുത്തി വ്യവസ്ഥാപിതമാക്കണമെന്ന സഭാമേലധികാരികളുടെ നിർദേശത്തോടെ, എന്റെ പിൻഗാമിയായിട്ട് ചാർജ് എടുത്തത്, ഫാ. വാൾട്ടർ മോറീസിനു ശേഷം ഫാ. ലാസർ ആന്റണിയായിരുന്നു. അദ്ദേഹം അവിടുത്തെ ദലിത് ജനതയെ ശരിക്കും പീഡിപ്പിച്ചു. അവരും അവരുടേതായ രീതിയിൽ ചെറുത്തു നിൽപ്പു നടത്തി. നാരങ്ങാനം പള്ളിയിൽ ഫാ. ലാസർ അന്റണിയും ഗുണ്ടകളും പാവപ്പെട്ട ദലിത് ജനതയെ ആക്രമിച്ചു. അതിനെ അവർ ചോദ്യം ചെയ്തു. അവരെ കള്ള കേസ്സിൽ കുടുക്കി. അതിന്റെ നടപടി നടക്കുന്നതിനിടെ, പ്രതിരോധ സംരംഭത്തിൽ ഇടപെട്ടിരുന്ന ശ്രീ. ഒ പി ചന്ദ്രബോസിനെ ഫാ. ലാസർ ആന്റണിയും സംഘവും വളഞ്ഞ് അവരുടെ ജീപ്പിൽ വലിച്ചുകയറ്റി പത്തനംതിട്ട പള്ളിമേടയിൽ കൊണ്ടുവന്നു വിവസ്ത്രനാക്കി അതിക്രൂരമായി മർദിച്ചു. അങ്ങനെ പത്തനംതിട്ട പള്ളിമേട ദലിതന്റെ കണ്ണീരിന്റെയും പ്രതികാരത്തിന്റെയും രക്തം വീണ ഇടമായി. ദലിതന്റെ ഉയർത്തെഴുന്നേൽപ്പിന്റെ രക്തസാക്ഷിയാണ് ഒ പി ചന്ദ്രബോസ്. ഫാ. ലാസർ ആന്റണിയുടെ വീരകൃത്യം തുടർന്നു. രാവിലെ 5.30 നുള്ള പള്ളിമണി അടിക്കാൻ കപ്യാർ ജോണി അൽപ്പം താമസിച്ചു വന്നതിന്, വരാന്തയിൽ നിന്നും അടിച്ചു താഴെയിട്ടു. ദലിത് ജനത ഇതിനൊക്കെ എതിരായി ഉണർന്നു പ്രതിഷേധ നോട്ടീസും ജാഥയും പൊതുയോഗങ്ങളും നടത്തി. പല ഇടവകകളിൽ നടക്കുന്ന അനീതികളെയും വിവേചനത്തെയും എടുത്തുകാട്ടി. അതിനെതിരെ വി വി എസ് പിയുടെ നേതൃത്വത്തിൽ പുനലൂർ രൂപതയുടെ സിരാകേന്ദ്രമായ ബിഷപ്പ്സ് ഹൗസിലേക്കവർ ജാഥ നടത്തി. പുനലൂർ ദലിത് രൂപതയ്ക്ക് കോടികൾ ചെലവാക്കി കത്തീഡ്രൽ പണിയുന്നതിനെതിരെ, ഇത് യേശു ദർശനത്തിനു കടകവിരുദ്ധമാണെന്നു കാണിച്ചുകൊണ്ട്, പ്രതിഷേധ നോട്ടീസ് ഇറക്കി അതിന്റെ ഉദ്ഘാടനച്ചടങ്ങിൽ അവർ വിതരണം ചെയ്തു. പൊലീസിനെക്കൊണ്ട് അവരെ വിരട്ടി ഓടിക്കാനും മർദനം ഏൽപ്പിക്കാനും സഭാധികാരികൾ മറന്നില്ല. ഇങ്ങനെ പത്തനംതിട്ടയിൽ സമരമാരംഭിച്ച വിശ്വാസവിമോചന സംരക്ഷണ പ്രസ്ഥാനത്തിന്റെ സമര പോരാട്ടത്തിന്റെ സ്വാധീനം ദൂര വ്യാപകമായിരുന്നു.

തൊഴിലാളി വർഗതാൽപ്പര്യങ്ങളെ അടിസ്ഥാനമാക്കി ഞാൻ മുഖ്യമായും ഇടപെട്ട മേഖലകൾ കർഷകത്തൊഴിലാളി മേഖലയും പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയുമാണ്. കശുവണ്ടിത്തൊഴിലാളി, മണൽവാരൽത്തൊഴിലാളി, ഈറ്റത്തൊഴിലാളി തുടങ്ങി ആദിവാസി മേഖലയിൽ എന്റെ ഇടപെടൽ നാമമാത്രമായിരുന്നു. എല്ലാം കൊണ്ടും നൂതനവും ക്രിയാത്മകവുമായ സമരമായിരുന്നു പത്തനംതിട്ട നാരങ്ങാനം കേന്ദ്രമാക്കി നടന്ന കർഷകത്തൊഴിലാളി സമരം. ആ സമരങ്ങളുടെ

മുൻനിരയിൽ പങ്കുചേരാൻ സാധിച്ചത് എന്റെ ജീവിതസാഫല്യമായി ഞാൻ ഇന്നും കരുതുന്നു. നാരങ്ങാനത്തു കന്നിടംകുഴിയിൽ ഒരു ചായ ക്കടയിൽ സ്ഥലത്തെ സമ്പന്നനായ കുഞ്ഞുമോൻ, താൻ ഇരുന്നു ചായ കുടിച്ചിരുന്ന ബഞ്ചിന്റെ മറ്റേ അറ്റത്ത് ഒരു ദലിത് സുഹൃത്ത് ഇരുന്നു ചായ കുടിച്ചു എന്ന ഒറ്റക്കാരണത്തിൽ അമർഷം പൂണ്ട്, 'നീയൊക്കെ ഒപ്പം ഇരിക്കാൻ ആളായോടാ' എന്ന് ആക്രോശിച്ചുകൊണ്ട് അടിച്ചു. എന്നിട്ടും കലി തീർന്നില്ല. കടയിൽ നിന്നും ഇറങ്ങിയിട്ടു വഴിയരികിൽ നിന്ന രണ്ടു ദലിത് സഹോദരങ്ങളെ 'നിന്നെയൊന്നും ആറുമണികഴി ഞ്ഞാൽ ഇവിടെങ്ങും കണ്ടുപോകരുത്' എന്നലറിക്കൊണ്ട് അടിക്കുക യായിരുന്നു. ഇതു നടന്നതു നൂറ്റാണ്ടുകൾക്കപ്പുറമല്ല; 1981 ലാണ് എന്നോർക്കണം. തീർത്തും മനുഷ്യത്വരഹിതവും യേശുവിരുദ്ധവും നീച വുമായ പ്രവൃത്തിയെയും അതിനു കളമൊരുക്കിയ സാമൂഹ്യ പരിതഃ സ്ഥിതിയേയും വിശകലനം ചെയ്തുകൊണ്ടായിരുന്നു ഞങ്ങൾ പിന്നീട് സമരമുറകൾ ആസൂത്രണം ചെയ്തത്. തിരുവല്ല കേന്ദ്രമാക്കി പ്രവർത്തി ക്കുന്ന ഡൈനാമിക് ആക്ഷൻ സംഘം മുഴുവൻ ഈ സമര പ്രക്രിയ യിൽ എന്നോടൊപ്പം നിന്നു സജിവ പങ്കാളിത്തം വഹിച്ചു.

ഈ സമരത്തെപ്പറ്റി വിശദമായി പലകുറി പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇവിടെ വീണ്ടും ആവർത്തിക്കുന്നില്ല. ആ സമരം സമൂഹത്തിലുണ്ടാ ക്കിയ ചലനങ്ങളിലേക്കുമാത്രം വിരൽ ചൂണ്ടട്ടെ, അന്നുവരെ അധീശ വർഗമെന്നു സ്വയം പ്രഖ്യാപിച്ചവരിൽ നിന്നും അടികൊണ്ടിട്ടുള്ള ചരി ത്രമേ ഈ ദലിത് ജനതയ്ക്കുണ്ടായിരുന്നുള്ളൂ. ജന്മിക്ക് ഈ ജനതയ്ക്കു മേൽ എന്തിനും അധികാരമുണ്ടായിരുന്നു; കൊന്നാൽപ്പോലും ആർക്കും ചോദിക്കാൻ ധൈര്യമോ, അവകാശമോ ഇല്ലാതിരുന്ന കാലം. അവർ പങ്കുവച്ച ഒരു കഥ പറയട്ടെ. 1975 നോടടുത്ത് അവിടത്തെ ഒരു ജന്മി ഒരു ദലിതനെ അടിച്ചുകൊന്നു. പൊലീസിന്റെ സഹായത്തോടെ കേസ്സാ യത് ഇങ്ങനെയാണ്. പലചരക്കു കടയുണ്ടായിരുന്ന ജന്മിയുടെ കട കുത്തിത്തുറന്ന് ഒരു ചാക്ക് അരി ഈ ദലിതൻ കട്ടുകൊണ്ടുപോയപ്പോൾ തൊണ്ടിയോടെ പിടിച്ചു. മനംനൊന്ത് അവൻ ആത്മഹത്യ ചെയ്തു. പണവും സ്വാധീനവും എന്തും എങ്ങനെയും ആക്കാമെങ്കിലും, ഇന്നു ചില പ്രതികരണങ്ങളെങ്കിലും ഉണ്ടാകുമല്ലോ. അന്നാ കേസ് എല്ലാരീ തിയിലും തേഞ്ഞുമാഞ്ഞുപോയി. അക്ഷരാർഥത്തിൽ തിരുവായ്ക്ക് എതിർവായ് ഇല്ലാതിരുന്ന കാലം. ഒരു നീണ്ട ബോധവൽക്കരണ പ്രക്രിയയിലൂടെയാണ് ഈ സമരത്തിനു രൂപം കൊടുത്തത്. നാരങ്ങാനം പള്ളിയിലെ അൾത്താരയിൽ നിന്നും പ്രതിഷേധ റാലിയുടെ കൊടികളും പേറി മുദ്രാവാക്യങ്ങളും മുഴക്കി നീങ്ങിയ ജാഥ കുഞ്ഞുമോന്റെ വീടിനു മുൻപിലാണ് സമാപിച്ചത്. അവിടെ നടന്ന പൊതുയോഗം എല്ലാം കൊണ്ടും അധീശ വർഗത്തിനു ഒരു താക്കീതായിരുന്നു. ഇന്നുവരെ അടി കൊണ്ടു; ഇനി അതായിരിക്കില്ല സംഭവം. നിങ്ങളുടെ കൈ വെളുത്ത് മൃദുലമാണ്; നിങ്ങളുടെ അടി ഞങ്ങൾക്ക് ഏശുകയില്ല. പാറപൊട്ടിക്കുന്ന,

കൂന്താലി പിടിക്കുന്ന ഞങ്ങളുടെ കൈ തഴമ്പുള്ളതാണ്. ഞങ്ങളുടെ അടി, അടിതന്നെയായിരിക്കും. ഏതാണ്ട് ഇങ്ങനെ പോയി സംസാരം. യോഗത്തിൽ അധ്യക്ഷത വഹിച്ച ഞാൻ ഇതൊരു തുടക്കമേ ആയിട്ടുള്ളൂ എന്നു പറഞ്ഞാണു യോഗം അവസാനിപ്പിച്ചത്. ഇതിന്റെ വെളിച്ചത്തിൽ 'സ്വതന്ത്ര തൊഴിലാളി യൂണിയൻ' (എസ് റ്റി യു) എന്ന സംഘടനയ്ക്ക് രൂപം നൽകി.

ജന്മിമാരും സമ്പന്നരും സംഘടിതമായി; ഗുണ്ടകളെ കൊണ്ട് എന്നെ ശാരീരികമായി ഉപദ്രവിക്കാൻ ശ്രമിച്ചു. അവിടെ എന്റെ ദലിത് ജനത കണ്ണിലെ കൃഷ്ണമണിപോലെ എന്നെ സംരക്ഷിച്ചതു വികാരതീവ്രതയോടെ മാത്രമേ ഓർക്കാൻ കഴിയുന്നുള്ളൂ. എതിരാളികൾ ധാരാളം കള്ള ക്കേസുകൾ കൊടുത്തു ഞങ്ങളെ കുടുക്കാൻ ശ്രമിച്ചു. ഉദാഹരണത്തിനു ഒരെണ്ണം പറയട്ടെ. നാരങ്ങാനത്തെ ദലിത് ജനതയുടെ ഒരു മുഖ്യതൊഴിൽ പാറപൊട്ടിക്കലാണ്. ഒരു ജന്മി നാലുലോഡ് പാറ (റബിൾ) വേണമെന്നു പറഞ്ഞ് വെടിമരുന്നും മറ്റും വാങ്ങാനായി കുറച്ചു പൈസ അഡ്വാൻസായി കൊടുത്തു. അതു കഴിഞ്ഞു അദ്ദേഹം പൊലീസ് സ്റ്റേഷനിൽ അറിയിച്ചതാകട്ടെ ഇന്ന ഇന്ന വ്യക്തികൾ രാത്രിയിൽ മാരകമായ ബോംബുകൾ ഉണ്ടാക്കുന്നു എന്ന്. രാത്രി പൊലീസ് എത്തി ഈ സാധുജനങ്ങളുടെ വീടുകൾ റെയിഡ് ചെയ്തു. പരിശോധനയിൽ അവർ ഒന്നും കണ്ടെത്തിയില്ല. കാരണം അന്നു വൈകിട്ട് വെടിമരുന്നു വാങ്ങേണ്ടതില്ല; പിറ്റേന്നു രാവിലെ വാങ്ങിയാൽ മതിയെന്നു സംഘടന തീരുമാനമെടുത്തിരുന്നു.

ഈ കേസുകളിലൊക്കെ അവരോടൊപ്പം പൊലീസ് സ്റ്റേഷനിൽ പോകാനും എസ് ഐ, സി ഐ, ഡി എസ് പി, എസ് പി, ഐ ജി, ആഭ്യന്തരമന്ത്രി, മുഖ്യമന്ത്രി തുടങ്ങിയവർക്കൊക്കെ നിവേദനങ്ങൾ കൊടുക്കാനും മറ്റും ഞാനും പൂർണമായി ഇടപെട്ടിരുന്നു. ആറന്മുള എസ് ഐ ഒരിക്കൽ എന്നോട് വ്യക്തിഗതമായി ഏതാണ്ടിങ്ങനെ സംസാരിച്ചു. 'അച്ചോ കേരളത്തിൽ മിക്കവാറും എല്ലാ ജില്ലകളിലും പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണു ഞാൻ. ധാരാളം വൈദികരുമായി നല്ല ബന്ധവുമുണ്ട്. ഇങ്ങനെയൊര് അച്ചനെ ഞാനെങ്ങും കണ്ടിട്ടില്ല. അച്ചനു പള്ളിക്കാര്യം നോക്കിയിരുന്നാൽ പോരെ? എന്തിനാച്ചോ വെറുതെ ഈ പീറ പുലയരുടെയും പറയരുടെയും പ്രശ്നത്തിൽ ഇടപെട്ടു സമയം കളയുന്നത്. ഇവരുടെ കാര്യം ഞങ്ങൾ നോക്കിക്കോളാം.' എന്റെ ഹൃദയം രോഷം കൊണ്ട് ജ്വലിച്ചു. തുടർന്ന് ഏതാണ്ടിങ്ങനെ തിരിച്ചടിച്ചു. 'വലിയവന്റെ കീശയിലെ പണം വാങ്ങി പാവപ്പെട്ടവരെ ദ്രോഹിക്കുന്ന നിങ്ങളെപ്പോലെയുള്ളവരാണ് എന്നെ ഈ രംഗത്തിറക്കിയത്. പാവപ്പെട്ട ദലിത് ജനതയെ നിങ്ങൾ വിശേഷിപ്പിച്ചത് 'പീറ...' അവർ താങ്കളെയും എന്നെയും പോലെ മനുഷ്യരാണു സാർ. എന്റെ കൊക്കിൽ ജീവനുള്ളടത്തോളം ഈ ജനത്തോടൊപ്പമായിരിക്കും എന്റെ ജീവിതം.' 'അച്ചൻ ഇങ്ങനെ വികാരഭരിതനാകാനല്ല ഞാൻ പറഞ്ഞത്. അച്ചൻ എന്തിനീ പൊല്ലാപ്പിനു

പോകുന്നു?' എന്നായി അദ്ദേഹം. അതിനുള്ള എന്റെ പ്രതികരണം: 'ഇതു പൊല്ലാപ്പല്ല, സർ. ഇതു എന്റെ ധർമമാണ്. ഈ ഇടപെടലിലാണു ഞാൻ യേശുവിന്റെ യഥാർഥ വൈദികനാകുന്നത്. ഇതൊരു വെല്ലുവിളിയായി ഞാൻ ഏറ്റെടുത്തിരിക്കുകയാണ്.' ഈ സന്ദർഭങ്ങളിലൊക്കെ ഫിലിപ്പ് ജോർജും സംഘവും നാരങ്ങാനത്തെ പാവപ്പെട്ട ജനങ്ങളും എന്റെ ശക്തിയും ജീവനുമായിരുന്നു.

സ്വതന്ത്ര തൊഴിലാളി യൂണിയൻ അവിടത്തെ കർഷകത്തൊഴിലാളികളുടെ പല അവകാശ പോരാട്ടങ്ങളും നയിച്ചു. കൂലി വർധിപ്പിക്കാൻ, തൊഴിൽ സമയം നിജപ്പെടുത്താൻ, കൃത്യസമയത്തു കൂലി പൂർണമായും തന്നു തീർക്കാൻ, തൊഴിലാളികളോടു മാന്യമായി ഇടപെടാൻ, സംസാരിക്കാൻ എന്നിങ്ങനെ നിരവധി ആവശ്യങ്ങളുമായി സമരങ്ങളിൽ ഏർപ്പെട്ടു. അതിന്റെയൊക്കെ ഫലമായി അടികൊണ്ട് വളഞ്ഞു നടന്നവർ ഇന്നിതാ നിവർന്നു നിന്നു ചോദ്യങ്ങൾ ചോദിക്കാൻ തയാറായി മാറിയിരിക്കുന്നു. റോഡിലൂടെ നിവർന്നു നടന്നു അവരവരുടെ കാര്യങ്ങൾ നിർവഹിക്കാൻ തുടങ്ങി. ഒറ്റ വാക്കിൽ അവരുടെ തൊഴിലാളിവർഗ ബോധം നിർണായകമാം വിധം വളർന്നുവന്നു.

സാവകാശം സ്വതന്ത്ര തൊഴിലാളി യൂണിയൻ, പല ചർച്ചയുടെയും



കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ആലപ്പുഴ ജില്ല ഉൾനാടൻ മേഖല ധർണ ഫാ. അലോഷ്യസ് ഡി ഫെർണാന്റസ് നേതൃത്വം നൽകുന്നു. (1977)

ആശയവിനിമയത്തിന്റെയും ഫലമായി, കേരള സ്റ്റേറ്റ് കർഷകത്തൊഴിലാളി ട്രേഡ് യൂണിയനിൽ ലയിച്ചു. നാരങ്ങാനം തൊഴിലാളി സമരങ്ങളുടെ സ്വാധീനം ശാശ്വതവും ദൂരവ്യാപകവുമാണ്. ഒരു ഉദാഹരണം കൂടി പറഞ്ഞുകൊണ്ട് കാർഷികമേഖലയെപ്പറ്റിയുള്ള കഥ അവസാനിപ്പിക്കാം.

1985 ഡിസംബർ. മൂന്നു നാലു കർഷകത്തൊഴിലാളി സ്ത്രീകൾ അവിടത്തെ ഒരു ഓലിയിൽ (ചെറിയ നീരുറവ) കുളിച്ചുകൊണ്ടിരിക്കെ, സ്ഥലത്തെ അച്ചായന്മാരുടെ (സമ്പന്നരായവരെ പൊതുവേ വിളിച്ചിരുന്ന പദമാണ് അച്ചായൻ) മക്കൾ ഉയർന്ന സ്ഥലത്തു നിന്നുകൊണ്ടു എത്തിനോക്കി ആസ്വദിച്ചു. ഒട്ടും താമസിച്ചില്ല, ദലിതയുവാക്കൾ അവർക്കു നല്ല തല്ലു കൊടുത്തു. ഒരു കേസ്സും ഉണ്ടായില്ല. അഞ്ചാറു വർഷങ്ങൾക്കു മുൻപ് ഇങ്ങനെയൊന്നു ചിന്തിക്കാൻ പോലും സാധിച്ചിരുന്നില്ല. അങ്ങനെ കർഷകത്തൊഴിലാളി സമരങ്ങളുടെ മായാത്ത മുദ്രകൾ ഇന്നും എനിക്ക് ഊർജം പകരുന്നു.

ഇലവുംതിട്ട-ആറന്മുള- പത്തനംതിട്ട ഇടവകകളിൽ ശ്രുശ്രൂഷ ചെയ്തിരുന്നപ്പോൾ ആലപ്പുഴ ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയന്റെ പ്രവർത്തനങ്ങളിൽ ശ്രീ. കെ ജി സെലസ്റ്റിൻ, ഫാ. ജോസ് ജെകളീക്കൽ എന്നിവരുമായി സഹകരിച്ചു പ്രവർത്തിച്ചു. കുറച്ചു നാൾ യൂണിയന്റെ വൈസ് പ്രസിഡന്റായി പ്രവർത്തിക്കുകയും ചെയ്തു എന്നല്ലാതെ ശക്തമായി ഞാൻ അതിൽ ഇടപെട്ടിട്ടില്ല. പത്തനംതിട്ടയിലെ കാർഷിക മേഖലയിലെ ദലിത് ജനതയുമായുള്ള എന്റെ ഇടപെടലിന്റെയും അവരുടെ സമരപോരാട്ടത്തിലുള്ള എന്റെ പങ്കാളിത്തത്തിന്റെയും വെളിച്ചത്തിൽ സമൂഹത്തിലെ അധീശവർഗം നൽകിയ പരാതികളുടെ ഫലമായി കിട്ടിയ ശിക്ഷണ നടപടിയായിട്ടായിരുന്നല്ലോ പടപ്പക്കരയ്ക്കുള്ള സ്ഥലമാറ്റം. അതുകൊണ്ടുതന്നെ, പടപ്പക്കരയുടെ ചാർജ് ഏറ്റുവാങ്ങിയിട്ടുള്ള എന്റെ നയപ്രഖ്യാപനത്തിൽ ഞാൻ അർഥശങ്കയില്ലാതെ വ്യക്തമാക്കിയതിതാണ്. 'ഈ ഇടവകയിലുള്ളിടത്തോളം കാലം ആത്മാർഥമായി പ്രവർത്തിക്കും. പള്ളിയിൽ നിന്നു കിട്ടേണ്ട ശുശ്രൂഷകളും കർമങ്ങളും എല്ലാവർക്കും ഒരുപോലെ ലഭിക്കും. പക്ഷേ തൊഴിലാളി വർഗത്തോടാണെന്റെ പ്രതിബദ്ധത. പടപ്പക്കര ഇടവകയിൽ ബഹു ഭൂരിപക്ഷവും പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ്. അവരുടെ സംഘാടനത്തിനും അവരുടെ പ്രശ്നങ്ങളിലുള്ള ഇടപെടലിനുമായിരിക്കും ഞാൻ മുൻഗണന നൽകുന്നത്. അവിടെ വിട്ടുവീഴ്ച എന്നൊന്നില്ല.' കേട്ടിരുന്ന ജനങ്ങൾക്കു ഈ പറഞ്ഞതിന്റെ പൊരുൾ അന്നു മനസിലായില്ലെങ്കിലും, തുടർന്നു നടന്ന മൂന്നു വർഷത്തെ എന്റെ പ്രവർത്തനശൈലി അതിന്റെ അർഥം വ്യക്തമാക്കിക്കൊടുത്തു.

അവിടെ ആദ്യം ഒരു തീവ്രയത്ന പരിപാടിയായി ഭവന സന്ദർശനവും സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക-മതപരവുമായ വിശദമായ സർവേയും നടത്തുകയുണ്ടായി. സർവേയുടെ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ മറ്റൊന്നും ചിന്തിക്കാതെ മത്സ്യത്തൊഴിലാളി മേഖലയിലേക്കു ഞാൻ എടുത്തു ചാടുകയായിരുന്നു. കൊല്ലം ജില്ലാ ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയന്റെ പ്രായോഗിക പ്രവർത്തന ഓഫീസായി എന്റെ മേടയിലെ ഒരു മുറി പ്രയോജനപ്പെടുത്തി. കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ അംഗ യൂണിയനാണ് കൊല്ലം ജില്ലാ ഉൾനാ

ടൻ മത്സ്യത്തൊഴിലാളി യൂണിയൻ. അതിന്റെ പ്രസിഡന്റായി കുറച്ചു നാൾ പ്രവർത്തിച്ചു. കൊല്ലം അഷ്ടമുടിക്കായലിന്റെ തീരത്തുള്ള മത്സ്യ ത്തൊഴിലാളികളുടെ സമഗ്രവികാസം ഉന്നം വച്ചുകൊണ്ടു ഫാ. സോള മനും ഞാനും കൂടി കുണ്ടറ കേന്ദ്രമാക്കി ഡവലപ്മെന്റ് പ്രോഗ്രാം ഫോർ ഇൻലാന്റ് ഫിഷർമെൻ കമ്യൂണിറ്റി (ഡി പി ഐ എഫ് സി) ക്കു രൂപം കൊടുത്തു. മത്സ്യത്തൊഴിലാളി യൂണിയൻ പ്രവർത്തകർക്കു പരിശീല നവും ഉത്തേജനവും നൽകാൻ ഡി പി ഐ എഫ് സി ക്കു സാധിച്ചു.

പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിലെ എന്റെ ഇടപെടൽ എല്ലാം കൊണ്ടും മതനിരപേക്ഷവും തൊഴിലാളി വർഗതാൽപ്പര്യങ്ങളിൽ ഊന്നിയതുമായിരുന്നു. കേരള ലത്തീൻ കത്തോലിക്കാ മത്സ്യത്തൊഴി ലാളി ഫെഡറേഷനെ മതത്തിന്റെയും സമുദായത്തിന്റെയും ചുറ്റുവട്ടങ്ങ ളിൽ നിന്നും മോചിപ്പിച്ച് കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡ റേഷൻ (കെ എസ് എം റ്റി എഫ്) എന്നതിലേക്കു കൊണ്ടുവരുവാൻ ബന്ധപ്പെട്ടവരോടുകൂടി ചേർന്നു ഞാൻ വഹിച്ച പങ്കു നിർണായകമാണ്. മത്സ്യത്തൊഴിലാളി വർഗത്തിന്റെ സർവതോമുഖമായ വികാസത്തെയും വളർച്ചയെയും മുന്നിൽ കണ്ടുകൊണ്ട് കെ എസ് എം റ്റി എഫ് നട ത്തിയ നിരവധി സമരങ്ങളിൽ സജീവ പങ്കാളിയാകാൻ സാധിച്ചത് എന്റെ ജീവിത നേട്ടമായാണ് ഞാൻ അടയാളപ്പെടുത്തുന്നത്. ഇതിൽ ധാരാളം കൃതികൾ എഴുതുവാനുള്ള അനുഭവങ്ങളാണുള്ളത്. പരമ്പരാഗത മത്സ്യ ത്തൊഴിലാളികളെ പൊതുവായി വിഭജിക്കുന്നത് കടലോര മത്സ്യത്തൊ ഴിലാളികളെന്നും ഉൾനാടൻ മത്സ്യത്തൊഴിലാളികളെന്നുമാണ്. അതു കൊണ്ട് ഈ രണ്ടു മേഖലകളിൽ നിന്നും എന്നെ സ്പർശിച്ച ഓരോ അനുഭവ കഥകൾകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാമെന്നു തോന്നുന്നു.

കടലോര മത്സ്യത്തൊഴിലാളികളുടെ പല സമരങ്ങളിലും നിർണാ യക പങ്കു വഹിച്ചിട്ടുണ്ടെങ്കിലും ഒരു വൈദികനെന്ന നിലയിൽ, പ്രത്യേ കിച്ചും കൊല്ലം ലത്തീൻ കത്തോലിക്കാ രൂപതയിലെ ഒരു വൈദിക നെന്ന നിലയിൽ, മത്സ്യത്തൊഴിലാളി സമരത്തിനിടയിൽ സജീവമായി ഞാൻ അർപ്പിച്ച പതിനൊന്നു ദിവസം നീണ്ടുനിന്ന യഥാർഥ കുർബാന യെപ്പറ്റി പറയുന്നതാകും കൂടുതൽ ഉചിതമെന്നു തോന്നുന്നു. 1983ൽ കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ കേരളമൊട്ടാകെ ഉശി രൻ സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളി സമൂഹ ത്തിന്റെ വിവിധങ്ങളായ വികസന മുന്നേറ്റത്തിനുതകും വിധമുള്ള നിര വധി ആവശ്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണീ സമരം നടത്തിയത്. അവയിൽ അതിപ്രധാനമായ ഡിമാന്റ് മത്സ്യ പ്രജനനത്തെ ഇല്ലാതാക്കി മത്സ്യ വംശനാശം വരുത്തുന്ന മൺസൂൺകാല ട്രോളിങ്ങ് നിരോധിക്കണ മെന്നതായിരുന്നു. ഈ ഡിമാന്റിനുപോദ്ബലകമായ മുദ്രാവാക്യം ഉണ്ടാ ക്കിയെടുത്തത് ട്രോളിങ്ങിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്ന മത്സ്യ

ത്തൊഴിലാളികൾത്തന്നെയാണ് എന്നത് സവിശേഷമായ ശ്രദ്ധ ആകർഷിക്കുന്നു. അതിങ്ങനെയാണ്:

ജൂൺ, ജൂലൈ, ആഗസ്റ്റ്
മീൻ മുട്ടയിടുന്നൊരു കാലം
അരുതേ അരുതേ ഇക്കാലത്തു
ട്രോളിങ് ഇവിടെ നടത്തരുതേ.

സമരം കേരളത്തിലെ തീരദേശ ജില്ലകളെ കേന്ദ്രീകരിച്ചാണ് ആസൂത്രണം ചെയ്തു നടപ്പിലാക്കിയത്. ആദ്യപടിയായി നിവേദനം നൽകിക്കൊണ്ടുള്ള സൂചനാസമരങ്ങൾ, ശക്തിപ്രകടനങ്ങൾ തുടങ്ങിയവ നടത്തുക, തുടർന്നു ജില്ലാ കേന്ദ്രമായ ഓരോ കളക്ട്രേറ്റിനും മുൻപിൽ നിരാഹാരം കിടന്നുകൊണ്ടുള്ള സമരം നടത്തുക - ഇങ്ങനെയാണ് തീരുമാനിച്ചത്. അങ്ങനെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് കളകട്രേറ്റുകളുടെ മുമ്പിൽ നിരാഹാര സമരങ്ങൾ തുടങ്ങി. എല്ലാ സ്ഥലങ്ങളിലുമായി ഏതാണ്ടു അൻപതിലേറെ പേർ നിരാഹാരം കിടന്നു. കൊല്ലം കളക്ട്രേറ്റിനു മുമ്പിൽ കിടന്നവരിൽ ഒരാൾ ഞാനായിരുന്നു. ജൂൺ 10-ാം തീയതി തൊട്ടു 21-ാം തീയതിവരെ ഞാൻ നിരാഹാരം കിടന്നു.


കളക്ട്രേറ്റിനു മുന്നിലെ നിരാഹാരം

ജൂൺ മാസം ആരംഭത്തിൽ നടന്നുകൊണ്ടിരുന്ന എല്ലാ സമരപരിപാടികളിലും സജീവമായി പങ്കുചേർന്നുകൊണ്ട്, നിരാഹാരത്തിന്റെ ദൈവശാസ്ത്ര അടിത്തറ എന്തെന്നു ദിവസങ്ങളോളം പഠിക്കുകയും ചിന്തിക്കുകയും ചെയ്തുകൊണ്ടുള്ള ഒരുക്കത്തോടെയാണ് ഞാൻ ഈ സംരംഭത്തിനു എന്നെത്തന്നെ തയാറാക്കിയത്. ഒരു സുപ്രഭാതത്തിൽ ഓടിച്ചെന്നു നിരാഹാരം കിടക്കുകയല്ല ചെയ്തത്. എന്റെ ദൈവശാസ്ത്ര വിചിന്തനം വഴി യേശുവിന്റെ കുരിശുമരണവുമായി നിരാഹാരത്തെ ബന്ധിപ്പിക്കാൻ സാധിച്ചു. മനുഷ്യസമൂഹത്തിന്റെ, പ്രത്യേകിച്ച് സമൂഹത്തിൽ അവശതയും അവഗണനയും യാതനയും ചൂഷണവും അടിച്ചമർത്തലും അനുഭവിക്കുന്ന സമൂഹത്തിന്റെ, വിമോചനത്തിനായി യേശു തന്റെ ഓരോ തുള്ളി രക്തവും ചിന്തുകയും പീഡാസഹനങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തു എന്ന ക്രൈസ്തവ വിശ്വാസത്തെ എങ്ങനെയാണു വർത്തമാനകാലയാഥാർഥ്യമാക്കുക എന്ന ചിന്തയ്ക്ക്, ചോദ്യത്തിന് ഏറ്റവും ഉചിതമായ ഉത്തരമായി ഞാൻ കണ്ടതു നിരാഹാര സമരമായിരുന്നു.

1970 ലാണല്ലോ എനിക്കു പൗരോഹിത്യ പട്ടം ലഭിച്ചത്. അന്നുതൊട്ടു എല്ലാ ദിവസവും കുർബാന അർപ്പിക്കുന്നുണ്ടായിരുന്നു. ചില ദിവസങ്ങളിൽ രണ്ടും മൂന്നും കുർബാനകളും. എങ്ങനെയൊക്കെയായാലും കുറഞ്ഞതു 500 കുർബാനകളെങ്കിലും വർഷം തോറും ചെയ്തിട്ടുണ്ടാകും. അങ്ങനെ 1983 ആകുമ്പോഴേക്കും 13 വർഷങ്ങൾ കൊണ്ടു കുറഞ്ഞതു 6500 കുർബാനകൾ എങ്കിലും ഞാൻ ചെയ്തിട്ടുണ്ട്. അതൊക്കെ അനുഷ്ഠാനങ്ങളായിരുന്നു. ഏതാണ്ടു വലിയൊരു ഭക്തകൃത്യം- അങ്ങനെ അവ എല്ലാ ദിവസത്തെയും പതിവ് പരിപാടിയായി നടന്നിരുന്നു എന്നു മാത്രം. മത്സ്യത്തൊഴിലാളി സമരവുമായി ബന്ധപ്പെട്ട നിരാഹാരത്തെ ഞാൻ കണ്ടത് ഒരു ചടങ്ങായിട്ടോ അനുഷ്ഠാനമായിട്ടോ അല്ല, മറിച്ചൊരു ജീവാർപ്പണമായിട്ടാണ്. അതിനെപ്പറ്റി ഓർക്കുക ഇന്നും ജീവദായകമായ ഒരനുഭൂതിയാണ്.

ജൂൺ 10-ാം തീയതി രാവിലെ 10 മണിയോടെ എനിക്കു മുൻപേ നിരാഹാരം കിടന്ന വ്യക്തിക്കു ഉപ്പിട്ട നാരാങ്ങ നീർ കൊടുത്തു മാറ്റുന്ന സ്ഥലത്തേയ്ക്ക്, നിരാഹാരപന്തലിലേക്ക്, കടന്നുചെന്നതു ബലിവേദിയെ സമീപിക്കുന്ന ഉത്ക്കടമായ വികാരത്തള്ളലോടെയായിരുന്നു. മത്സ്യത്തൊഴിലാളികളുടെ ഹൃദയസ്പർശിയും ആവേശനിർഭരവുമായ അഭിവാദ്യങ്ങളും മുദ്രാവാക്യങ്ങളും എന്റെ അർപ്പണനിശ്ചയത്തിനു ആക്കം കൂട്ടി. ഓരോ ദിവസം കഴിയുംതോറും ഈ അർപ്പണബോധത്തിന്റെ ആഴവും വ്യാപ്തിയും വർധിക്കുന്നതായി അനുഭവപ്പെട്ടു. നാലുദിവസമായപ്പോഴേക്കും എന്നെ അറസ്റ്റുചെയ്തു മാറ്റാനുള്ള സർക്കാരിന്റെ (പൊലീസിന്റെ) നീക്കത്തെ വ്യക്തിഗതമായും യൂണിയൻ തലത്തിലും എതിർത്തു നിരാഹാരം തുടർന്നതൊക്കെ ഇന്നലെത്തെപ്പോലെ ഓർക്കുന്നു. ഞാൻ നിരാഹാരം കിടക്കുന്നതിനിടയ്ക്കാണു കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷ(കെ എസ് എം ടി എഫ്)ന്റെ ലോങ് മാർച്ച് എന്നറിയപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സെക്രട്ടറിയേറ്റു മാർച്ചു നടന്നത്. കൊല്ലം കളക്ട്രേറ്റിനു മുമ്പിലെ സമരപ്പന്തലിൽ നിന്നാരംഭിച്ച-മത്സ്യത്തൊഴിലാളികളുടെ (സ്ത്രീകളും പുരുഷന്മാരും) കാൽനട ജാഥ-പരവൂർ, അഞ്ചുതെങ്ങ്, കൊച്ചുവേളി എന്നീ തീരദേശങ്ങളിലൂടെ തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ എത്തുന്ന സാഹസികമായ രണ്ടു ദിവസത്തെ ലോങ് മാർച്ച്. മാർച്ചിന്റെ ഓരോ ഘട്ടത്തിലും സമരപ്പന്തലിൽ വിവരങ്ങൾ അറിയിച്ചുകൊണ്ടിരുന്നത് ആവേശമായിരുന്നു. ഇതിനിടെ തീർത്തും ചെറിയൊരു സംഘത്തോടെ എന്നെ ഒറ്റയ്ക്കാക്കിയാൽ പൊലീസ് വന്നു എന്നെ അറസ്റ്റുചെയ്തു കൊണ്ടുപോയേക്കും എന്നു മണത്തറിഞ്ഞതിനാൽ, നല്ലൊരു സംഘം മത്സ്യത്തൊഴിലാളികൾ നിതാന്ത ജാഗ്രതയോടെ സമരപ്പന്തലിനു കാവൽ നിന്നിരുന്ന കാര്യം സ്മരണാർഹമാണ്. ദിവസങ്ങൾ കഴിയുതോറും എന്റെ ശരീരം ക്ഷീണിക്കുന്നുണ്ടായിരുന്നെങ്കിലും മനസ്സ് കൂടുതൽ ശക്തമാവുകയായിരുന്നു. 11-ാം ദിവസം ഉച്ചകഴിഞ്ഞ് സർക്കാർ ഡോക്ടറും പൊലീസും എന്നെ നിർബന്ധിച്ച് അറസ്റ്റു ചെയ്തു ആത്മഹത്യയ്ക്കു കേസെടുത്തു.

അന്നു രാവിലെ രസകരമായൊരു സംഭവമുണ്ടായി. അന്നു ജൂൺ 21-ാം തീയതിയാണ്. ജൂൺ 21 സെന്റ് അലോഷ്യസ് ഗൊൻസാഗൊയുടെ തിരുനാളാണ്. ഓരോരുത്തരുടെയും പേരിന്റെ നാമധേയത്തിലുള്ള പുണ്യവാളന്മാരുടെ തിരുനാൾ ദിവസം അതേ പേരുകാരന്റെയും തിരുനാൾ എന്നുകണ്ടു ആഘോഷിക്കുന്ന രീതി കൊല്ലം രൂപതയിലുണ്ടായിരുന്നു. അങ്ങനെ ജൂൺ 21-ാം തീയതി രാവിലെ 9 മണിയോടെ കൊല്ലം രൂപതയുടെ സാമ്പത്തികം കൈകാര്യം ചെയ്തുകൊണ്ടിരുന്ന ഫാ. ജെയിംസ് പുത്തൻപുരയ്ക്കൽ ഒരു റോസപ്പൂവുമായി എനിക്കു തിരുനാൾ ആശംസിക്കാനായി സമരപ്പന്തലിൽ കടന്നുവന്നിട്ടു 'ഹാപ്പി ഫീസ്റ്റ് അലോഷി' എന്നു പറഞ്ഞു. എനിക്കത് ഒട്ടും പിടിച്ചില്ല. നിരാഹാരം കിടക്കാൻ പ്ലാനിട്ട കാര്യം കൊല്ലം ബിഷപ്പിനെ അറിയിച്ചിരുന്നു. അതിന്റെ ദൈവശാസ്ത്ര അടിത്തറ കാണിച്ചുകൊണ്ടുള്ള ഒരു തുറന്ന കത്തു കൊല്ലം ബിഷപ്പിനും കൊല്ലം രൂപതയിലെ എല്ലാ വൈദികർക്കും നേരത്തെ തന്നെ ഞാൻ അയച്ചു കൊടുത്തിരുന്നു. ഒരു വ്യക്തിപോലും അതിനോടു പ്രതികരിച്ചിട്ടില്ല. എന്റെ ദരിദ്രപക്ഷ നിലപാടിനെ എതിർത്തതല്ലാതെ, ജനത്തിന്റെ പക്ഷം പിടിച്ചുകൊണ്ടു ഒരക്ഷരം മിണ്ടിയിട്ടില്ല. ഈ സാഹചര്യത്തിൽ ജയിംസച്ചന്റെ ആശംസകൾക്കു ഒരർഥവുമില്ല എന്നു പറഞ്ഞുകൊണ്ടു വൈദിക വ്യൂഹത്തിന്റെ കാപട്യവും അനൈക്യവും അവസരവാദവും സ്വാർഥതയും എടുത്തുകാട്ടി ജെയിംസച്ചനെ നിശിതമായി വിമർശിച്ചു. എന്നെ ആലിംഗനം ചെയ്യാൻ വന്നപ്പോൾ 'എന്നെ തൊട്ടു പോകരുത്, ഇതു കാപട്യത്തിന്റെയും വഞ്ചനയുടെയും ആലിംഗനമാണ്' എന്നു ഞാൻ ആക്രോശിച്ചു. ജെയിംസച്ചൻ വേദനയോടെയാണു തിരികെ പോയത്. എന്റെ ഈ നടപടി ശരിയായോ എന്നു ഞാൻ ഒറ്റയ്ക്കും ചെറുസംഘത്തിലും ചിന്തിച്ചു. കുറച്ചുകൂടി സൗമ്യമായി സംസാരിച്ചിരുന്നെങ്കിൽ എന്ന നിർദേശം ഉണ്ടായെങ്കിലും, സഭയുടെ അധികാര-സമ്പന്നപക്ഷപാതിത്വം എടുത്തുകാട്ടിക്കൊണ്ടു വ്യക്തമായി സംസാരിച്ച് ആശംസകൾ സ്വീകരിക്കാതിരുന്നത്, നമ്മുടെ ദരിദ്രപക്ഷ നിലപാടിനോടുള്ള പ്രായോഗിക വിശ്വസ്തയാണ് എന്നാണ് വിലയിരുത്തപ്പെട്ടത്.

ചുരുക്കത്തിൽ, പുതിയൊരു സമൂഹസൃഷ്ടിക്കായി സ്വയം ജീവാർപ്പണം ചെയ്യലാണ് അർഥസമ്പുഷ്ടമായ കുർബാന അഥവാ ബലിയെന്നുള്ള വ്യക്തതയുണ്ടാക്കിയതു കെ എസ് എം റ്റി എഫി ന്റെ മത്സ്യത്തൊഴിലാളി സമരത്തിൽ ഇടപെട്ടുകൊണ്ടു ചെയ്ത നിരാഹാരസമരമാണ്. അതേ, എന്റെ വൈദിക ജീവിതത്തിൽ അർഥവത്തായി അർപ്പിച്ചിട്ടുള്ള വളരെ കുറച്ചു കുർബാനകളിൽ ഏറ്റവും സജീവ അനുഭവമായി നിലകൊള്ളുന്നതു മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള കൊല്ലം കളക്ട്രേറ്റിനു മുമ്പിലെ നിരാഹാരസമരമാണ്.

കെ എസ് എം റ്റി എഫ് ന്റെ മൂന്നു ഉൾനാടൻ യൂണിയനുകൾ കൊല്ലം ജില്ല, ആലപ്പുഴ ജില്ല, എറണാകുളം ജില്ല ഉൾനാടൻ മത്സ്യ

ത്തൊഴിലാളി യൂണിയനുകളാണ്. ഉൾനാടൻ മേഖലകളിൽ, ഓരോ സ്ഥലത്തെയും പ്രത്യേകതകൾ എടുത്തുകാട്ടിക്കൊണ്ടും അവയ്ക്ക് അനുയോജ്യമായ ഡിമാന്റുകൾ വച്ചുകൊണ്ടും വളരെയധികം ചെറുതും വലുതുമായ സമരങ്ങൾ നടത്തിയിട്ടുണ്ട്. ഒട്ടുമിക്കവയിലും ചെറുതായി ട്ടെങ്കിലും പങ്കുചേരാനും സാധിച്ചിട്ടുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളി കളുടെ ജീവിതത്തെ ആകമാനം പ്രതികൂലമായി ബാധിച്ച ഒരു സംഭവ മായിരുന്നു മത്സ്യരോഗം എന്ന പ്രതിഭാസം. ജലാശയങ്ങളിൽ കൂട്ട ത്തോടെ മീൻ ചത്തൊടുങ്ങുന്നു. മത്സ്യത്തിന്റെ മാംസം ഇറുന്നു പോയിട്ട് വെറും അസ്ഥികൂടവും തലയുമായി കാണുന്നു. പല മീനിന്റെയും വംശ നാശം തന്നെ സംഭവിക്കുന്നു. വളരെ കുറച്ചു നല്ല മീനേ കിട്ടിയിരുന്നു ള്ളൂ. അതും തലയിൽ പേറി ചന്തകളിലും വീടുകൾതോറും ചെന്നാൽ, അവിടെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്കു അനുഭവിക്കേണ്ടിവന്ന അവ ഗണന വലുതായിരുന്നു. രോഗം പിടിച്ച് ചീഞ്ഞ മീനുമായിട്ടാണോ വന്നി രിക്കുന്നത് എന്ന് തുടങ്ങിയ ഹൃദയഭേദകമായ വാക്കുകൾ. ഈ പ്രശ്ന ത്തിന് പരിഹാരം സർക്കാർ ശാസ്ത്രീയമായും ഇച്ഛശക്തിയോടെയും പ്രവർത്തിക്കുക മാത്രമാണ് എന്നു ഞങ്ങൾ പറഞ്ഞു.

മത്സ്യരോഗ ഭീഷണിക്ക് ശാശ്വത പരിഹാരം കാണണം എന്ന മുഖ്യ ആവശ്യവുമായി ഫാ. ജോസ് ജെ കളീക്കൽ തിരുവനന്തപുരത്തു സെക്ര ട്ടറിയേറ്റിന്റെ മുന്നിൽ നിരാഹാരസമരം ആരംഭിച്ചു. കെ എസ് എം റ്റി എഫിന്റെ നേതൃത്വത്തിലായിരുന്നു സമരം. പക്ഷേ, കേരളത്തിലെ ഉൾനാ ടൻ മത്സ്യത്തൊഴിലാളികളായിരുന്നു സമരത്തിനു ചുക്കാൻ പിടിച്ചത്. ധാരാളം നിരാഹാര സമരങ്ങളും അതിനോടനുബന്ധിച്ച ജനകീയ നീക്ക ങ്ങളും നടന്നിട്ടുണ്ടെങ്കിലും, ഈ സമരത്തിനു എല്ലാം കൊണ്ടും ഒരു പുതുമയുണ്ടായിരുന്നു. ഫാ. ജോസിനോടുള്ള ഐക്യദാർഢ്യം പ്രഖ്യാ പിക്കാനായി എല്ലാ സ്ഥലങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികൾ, സകു ടുംബം വന്ന് അഭിവാദനം അർപ്പിച്ചു. സമരപന്തൽ എപ്പോഴും തിങ്ങിനി റഞ്ഞിരുന്നു. മിക്കവരും അന്നു പകൽ ഫാ. ജോസിനോടൊപ്പം നിരാ ഹാരവും എടുത്തിരുന്നു. വൈകിട്ടു സെക്രട്ടറിയേറ്റിന്റെ മുമ്പിൽ തന്നെ ജനം തരുന്ന സംഭാവനകൊണ്ടു അരിവാങ്ങിച്ചു കഞ്ഞിവച്ചു എല്ലാവരും പങ്കുവയ്ക്കുമായിരുന്നു. മാത്രമല്ല, രാത്രിയിൽ ഫാ.ജോസിനോപ്പം തങ്ങുന്ന സ്ത്രീകളും പുരുഷന്മാരും കുട്ടികളും എല്ലാ ദിവസവും വൈകിട്ടു ജനശ്രദ്ധ പിടിച്ചുപറ്റുന്ന പുതിയ പുതിയ സമരമുറകൾ സ്വീക രിച്ചു സർക്കാറിന്റെ ശ്രദ്ധപിടിച്ചുപറ്റി. സമരം ശക്തമായതോടെ സർക്കാർ സമരപ്രതിനിധികളെ ചർച്ചയ്ക്കു വിളിച്ചു സംസാരിച്ചു ധാരണയായതോ ടെയാണ് സമരം പിൻവലിച്ചത്.

അങ്ങനെ കർഷകത്തൊഴിലാളികളുടെയും പരമ്പരാഗത മത്സ്യ ത്തൊഴിലാളികളുടെയും സംഘാടനത്തിലും സമരപോരാട്ടത്തിലും കുറ ച്ചൊക്കെ സജീവമായി ഇടപെടാൻ സാധിച്ചതു വലിയ നേട്ടമായാണ്

ദർശിക്കുന്നത്. ഈ ഇടപെടലുകൾ എന്റെ ജീവിതവീക്ഷണത്തിനും ദർശനവ്യക്തതയ്ക്കും മൂർച്ച വർധിപ്പിച്ചു. ആദിവാസികളുടെ സമരങ്ങളിലും ദലിത് മുന്നേറ്റത്തിലും കൂടെനടന്നു പിൻബലം നൽകിയതല്ലാതെ നേതൃനിരയിലേക്കു കടന്നില്ല. അങ്ങനെ പ്രതിരോധസംഘങ്ങളുടെ അസ്തിത്വസാംഗത്യവും ജനകീയ സമരങ്ങളുടെ കൂട്ടായ്മയും കൈകോർത്തു നീങ്ങിയ 1980 കൾ, എല്ലാ രീതിയിലും എന്റെ ജീവിതത്തിനു അർഥവും വ്യാപ്തിയും നൽകിയ കാലയളവായിരുന്നു.

# 3

# വഴിതെളിച്ചവർ, വഴിവിളക്കുകൾ

**നി**ലനിൽക്കുന്ന മുഖ്യധാരയ്ക്കൊപ്പം നടക്കാതെ മാറി നടക്കാൻ, ജാതി-മത-ദൈവ ചിന്തകൾക്കപ്പുറം മാനവീകതയിലും പ്രാപഞ്ചികതയിലും അടികളുറപ്പിക്കാൻ, സ്വജീവിതം സാമൂഹ്യ അസ്തിത്വത്തിനും പ്രതിബദ്ധതയ്ക്കുമായി നീക്കിവയ്ക്കാൻ, അങ്ങനെ വേറിട്ടു സഞ്ചരിക്കാൻ ഇടയാക്കിയതിന്റെ പിന്നിൽ ആയിരക്കണക്കിനു മനുഷ്യരുടെ ഇടപെടലുകളും ചിന്തകളുമുണ്ട്. എല്ലാവരേയും എടുത്തുപറയുക അസാധ്യം തന്നെ; എങ്കിലും, എന്റെ പാത വെട്ടിത്തെളിച്ചവരിൽ കുറച്ചു പേരെയെങ്കിലും സ്മരിക്കുക എന്റെ ധർമമാണെന്നുകരുതുന്നു.

## i) മാതാപിതാക്കൾ

എന്നിൽ എന്റെ മാതാപിതാക്കൾ ചെലുത്തിയ സ്വാധീനത്തെപ്പറ്റി *കറുത്ത കുർബാന* എന്ന എന്റെ ആത്മകഥയിൽ ഏതാണ്ട് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. എന്റെ കൂടെ പ്രവർത്തിച്ചിട്ടുള്ളവരും പ്രവർത്തിക്കുന്നവരും എന്നെപ്പറ്റി പൊതുവേ പറയുന്ന ഒരു നിരീക്ഷണമിതാണ്. ഒരു കണക്കുകൂട്ടലും വിശ്രമവുമില്ലാതെ തന്നെത്താൻ ജോലിചെയ്യുന്നതിനൊപ്പം, ആരെ കണ്ടാലും അയാളെക്കൊണ്ടു കൊച്ചുകൊച്ചു ജോലികൾ ചെയ്യിപ്പിക്കും. അതുപോലെ കൂടെ പ്രവർത്തിക്കുന്നവരും നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കണം. അവരുടെ ഈ നിരീക്ഷണത്തിൽ സത്യമുണ്ട്. എവിടെനിന്നു എനിക്കീ സ്വഭാവം കിട്ടി എന്നുള്ള ആത്മശോധനയിൽ, അതിന്റെ സ്രോതസ്സ് എന്റെ മാതാപിതാക്കൾ തന്നെ എന്നു വ്യക്തമാണ്. ഒരുപാടു ഉദാഹരണങ്ങൾ എടുത്തുപറയാനുണ്ട്. രണ്ടുപേരിൽ നിന്നും ഓരോന്നു മാത്രം ഉദാഹരണമായി കുറിക്കട്ടെ.

കുമ്പളം ഗ്രാമത്തിലെ റേഷൻകട, വീട്ടിലായിരുന്നു. അല്ലാതെതന്നെ ആലപ്പുഴയിൽ നിന്നും കെട്ടുവള്ളത്തിൽ അത്യാവശ്യം വരുന്ന തുണിയും അരിയും മറ്റു പലവ്യഞ്ജനങ്ങളും വീട്ടിലെത്തിച്ചു കച്ചവടം നടത്തിയിരുന്നു. അങ്ങനെ ബിസിനസ്സ് നടത്തിയിരുന്ന മുറിക്കു 'സാമാനമുറി'യെന്നായിരുന്നു പേര്. ഈ സമയത്തുതന്നെ 15 റാട്ടുകളിൽ കയറുപിരിയുമുണ്ടായിരുന്നു. തൊണ്ടു വെള്ളത്തിൽ മൂടി, ചീയുമ്പോൾ കരയിലിട്ടു തല്ലി, ചകരിച്ചോറും കളഞ്ഞു ശുദ്ധമായ ചകിരികിട്ടുന്നതിനു ചക്കുമുണ്ടായിരുന്നു. ഒരു റാട്ടിൽത്തന്നെ മൂന്നുപേരുടെ ജോലിയുണ്ട്. ചുരുക്കത്തിൽ ഏതാണ്ടു 100 പേരോളം വീട്ടിൽ എല്ലാ ദിവസവും ജോലി ചെയ്യാൻ ഉണ്ടായിരുന്നു. ഇന്നത്തെപ്പോലെ ചായക്കടയും മറ്റുമില്ലായിരുന്നു. എല്ലാവർക്കും ആഹാരം വീട്ടിൽ നിന്നാണ്. അമ്മാമ്മ (ഞാനെന്റെ അമ്മയെ അമ്മാമ്മ എന്നാണ് വിളിക്കുന്നത്) പുലർച്ചെ കൃത്യം മൂന്നുമണിക്കുണരും. പല്ലുതേച്ചു വൃത്തിയായിട്ടു ഏതാണ്ടു മുക്കാൽ മണിക്കൂർ നീണ്ട പ്രാർഥന. നാലു മണിക്കു അടുക്കള ജോലിക്കു കയറിയാൽ, ഇവർക്കെല്ലാവർക്കും രാവിലത്തെ കഞ്ഞിയും കൂട്ടാനും, ഉച്ചത്തേയ്ക്കുള്ള ചോറും ചീനിയും (കപ്പയ്ക്കു കുണ്ടറയിലൊക്കെ 'ചീനി' എന്നാണു വിളിച്ചിരുന്നത്) കറികളും ഒറ്റയ്ക്കു പാചകം ചെയ്തു തീർത്തിട്ടു, കൃത്യം ഏഴുമണിക്കു സാമാനമുറിയുടെ ചാർജ് ഏറ്റെടുക്കുമായിരുന്നു. (ഞാനെന്റെ അച്ഛനെ വിളിക്കുന്നത് അപ്പാപ്പൻ എന്നാണ്) കടയിലെ തുണിക്കച്ചവടത്തിന്റെ കാര്യത്തിലേ അപ്പാപ്പൻ കുറച്ചൊക്കെ ഇടപെടേണ്ടിയിരുന്നുള്ളൂ. അപ്പാപ്പന്റെ പകലത്തെ മുഖ്യജോലി മുമ്പേ സൂചിപ്പിച്ച വീടിനു പുറത്തുള്ള ജോലികളെല്ലാം നടത്തിക്കുക എന്നതായിരുന്നു. അപ്പാപ്പൻ രാവിലെ നാലരമണിക്കു വൃത്തിയായതിനുശേഷം തലേന്നെ മേശപ്പുറത്തു വിളമ്പിവച്ചിരിക്കുന്ന പഴംചോറും ചമ്മന്തിയും എടുത്ത് ഭക്ഷിച്ചിട്ടു കുന്നുംപുറത്തുള്ള പറമ്പിൽ പോയി കിളയ്ക്കുക, ചീനി, കാച്ചിൽ, ചേമ്പ്, ചേന, പയറു, മുതിര, കൂവരകു, പഞ്ഞിപ്പുല്ലു, ഉഴുന്നു തുടങ്ങിയ വിവിധയിനം കൃഷികൾ ഇറക്കുക ദിവസേനയുള്ള ജോലിയുടെ ഭാഗമാണ്. ഞങ്ങൾ മക്കളെയും കൂട്ടിപോകുമായിരുന്നു. കൊച്ചായിരുന്നതുകൊണ്ട്, ചെറിയ കൂന്താലിയും ചെറിയ തൂമ്പായും ഞങ്ങൾക്കായി പ്രത്യേകം നിർമിച്ചിരുന്നു. എങ്ങനെ തെങ്ങിനു തടമെടുക്കണം, എങ്ങനെ കിളയ്ക്കണം, എങ്ങനെ കയ്യാല കോരണം, എങ്ങനെ പയറിനും മറ്റുംവാരംകോരണം അങ്ങനെ ഓരോ കൃഷിയും ഏതു രീതിയിൽ ചെയ്യണം എന്നു പരിശീലിപ്പിക്കുകയും ചെയ്യുമായിരുന്നു. ഇതൊക്കെ പഠിപ്പിക്കുന്നതു തീർത്തും ബാലനായിരുന്നപ്പോൾ ആണെന്നോർക്കണം. വൈകിട്ടു ജോലിക്കാരൊക്കെ അവരവരുടെ വീട്ടിൽ പോയിക്കഴിഞ്ഞാൽ, അപ്പാപ്പനു മറ്റുജോലികൾ കിടക്കുന്നതേയുള്ളൂ. തേങ്ങ ഉടച്ചു വെള്ളം പോകാനായിട്ടു കൊട്ടയിൽ കമഴ്ത്തി വയ്ക്കുക, ഉടച്ച തേങ്ങ തലേന്നു വെയിലത്തു വച്ചു ഉണക്കിയാൽ അതു ചിരട്ടയിൽ നിന്നു ഇളക്കുക, ഓല കീറി കെട്ടിമാറ്റുക, തുഞ്ചാണിയും മട

പ്പൊളിയും വേറെ വേറെ അടുക്കി കെട്ടിമാറ്റുക, മടൽ കീറി വെയിലത്തിടുക, മാവിന്റെ അടിയിലെ കരിയില തൂത്തുകൂട്ടിവാരി ഓരോ തെങ്ങിന്റെ മൂട്ടിലും കൂട്ടിയിട്ട് അതിരാവിലെ മഞ്ഞുള്ളപ്പോൾ തീയിട്ടു പുകയ്ക്കുക, തീ ആളിക്കത്തിയാൽ കുറച്ചുവെള്ളം തളിച്ചു നല്ല രീതിയിൽ പുക തെങ്ങിന്റ മണ്ടയിൽ എത്തിക്കുക..... ഇങ്ങനെ ഒന്നിനു പുറകെ ഒന്നായി ജോലിയിൽ സദാ വ്യാപൃതനാണ്. ഇവയിലൊക്കെ കഴിവതും ഞങ്ങൾ മക്കളെ ബന്ധിപ്പിക്കുമായിരുന്നു. ചുരുക്കത്തിൽ ഈ രണ്ടുപേരുടെയും കഠിനാധ്വാന ശീലം ഞങ്ങൾ മക്കളെ സ്വാധീനിച്ചില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ.

അമ്മാമ്മ നാലാം ക്ലാസ്സും അപ്പാപ്പൻ അഞ്ചാം ക്ലാസ്സും വരെയെ പഠിച്ചുള്ളുവെങ്കിലും രണ്ടുപേർക്കും നല്ല ബുദ്ധിയായിരുന്നു. അമ്മാമ്മ കഠിനമായ നിശ്ചയ ദാർഢ്യമുള്ള സ്ത്രീയായിരുന്നു. ഒരു കാര്യം തീരുമാനിച്ചാൽ അതു എന്തുത്യാഗം സഹിച്ചും നടത്തിയിരിക്കും. എതിർപ്പും ഭീഷണിയും അമ്മാമ്മ വക വയ്ക്കുകയില്ലായിരുന്നു. ഈ സ്വഭാവദാർഢ്യമുണ്ടായിരുന്നിട്ടും നിറയെ സ്നേഹമുള്ള ഒരു വ്യക്തിയായിരുന്നു അവർ. മക്കളും കൊച്ചുമക്കളുമായ ഞങ്ങൾക്കു മാത്രമല്ല, നാട്ടിലുള്ള എല്ലാവർക്കും അവർ അമ്മാമ്മ ആയിരുന്നു. ഈ നിശ്ചയദാർഢ്യത്തിന്റെ ഒരു പങ്കു എന്നിലുമുണ്ടെന്നു പല സംഭവങ്ങളും വിശകലനം ചെയ്യുമ്പോൾ തോന്നിപ്പോകുന്നു.

അപ്പാപ്പൻ ബഹുഗുണ സമ്പന്നനായിരുന്നു. തുറന്ന മനസ്സ്, ജീവൽ പ്രശ്നങ്ങൾ പറഞ്ഞുകൊണ്ടു തന്നെ സമീപിക്കുന്നവരുടെ മുമ്പിൽ വ്യവസ്ഥയില്ലാതെ കൈതുറന്നു സഹായിക്കുന്നവൻ, കൊച്ചുകാര്യങ്ങളിൽപ്പോലും വിശ്വസ്തൻ, കൃത്യമായി കണക്കു എഴുതുന്നവൻ, സഭയുടെ നിയമങ്ങളോടു അന്ധമായ അനുസരണയോ അനുകരണമോ ഇല്ലാത്തവൻ, കൃത്യനിഷ്ഠയുള്ളവൻ, എല്ലാത്തിനും ചിട്ടയുള്ളവൻ, അറിയാനുള്ള താൽപ്പര്യംകൊണ്ടു അറിവുള്ളവരുടെ മുമ്പിൽ ചെന്നു ശിഷ്യത്വം സ്വീകരിച്ചു കാര്യങ്ങൾ പഠിക്കുന്നവൻ, സമൂഹത്തിലെ പ്രശ്നങ്ങളിൽ ഇടപെട്ട് മധ്യസ്ഥം വഹിച്ച് കലഹങ്ങൾ ഒത്തുതീർപ്പാക്കുന്നവൻ..... ഇങ്ങനെ ധാരാളം കാര്യങ്ങൾ പറയാനുണ്ട്. അതിനു ഇപ്പോൾ തുനിയുന്നില്ല.

അപ്പാപ്പന്റെ ചിട്ടയെപ്പറ്റി ഒരു രസകരമായ കഥയുണ്ട്. അതുമാത്രം ഇവിടെ സൂചിപ്പിക്കട്ടെ. വീട്ടിൽ കോഴികളെ വളർത്തുന്നുണ്ടായിരുന്നു. മുട്ടയെടുത്തു അടവച്ചു കോഴിക്കുഞ്ഞുങ്ങളെ വിരിയിച്ച് വളർത്തുന്നതും വിൽക്കുന്നതുമൊക്കെ വീട്ടിലെ ജോലികളിൽപ്പെടും. കോഴി വീട്ടിനകത്തു കയറിവരാനും വിസർജിക്കാനുമുള്ള സാധ്യതയുണ്ട്. കോഴികളെ വിരട്ടി ഓടിക്കാൻ ഓരോ മുറിയിലും വരാന്തകളിലും ഒരു പ്രത്യേക മൂലയിൽ ഓലയുടെ ചൂന്തു (തുഞ്ചാണി എന്നാണ് ഞങ്ങൾ പറഞ്ഞിരുന്നത്) വെട്ടി ചാരിയിരിക്കണം എന്നാണു നിഷ്ഠ. കോഴി കയറിയാൽ, ഈ തുഞ്ചാണി എടുത്തു കുലുക്കിയാൽ/ചലിപ്പിച്ചാൽ കോഴി പുറ

ത്തേക്കു ഓടിപ്പോകും. ഒരു ദിവസം കോഴി വരാന്തയിൽ കയറി. എന്റെ അമ്മാച്ചന്റെ മകൾ പുഷ്പവും ഞാനും എന്റെ നേരെ മൂത്ത ജ്യേഷ്ഠൻ അല്ലിയച്ചാനും അവിടെയുണ്ട്. അപ്പാപ്പന്റെ സ്ഥിരം ഡ്രസ്സ് ഒരു വലിയ തോർത്തുമാത്രമാണ്. കോഴിയെ അടിച്ചിറക്കാൻ തുഞ്ചാണി നോക്കിയപ്പോൾ ചിട്ടയായിട്ടു ഇരിക്കേണ്ട സ്ഥലത്ത് അതില്ല. ദേഷ്യപ്പെട്ടുകൊണ്ട് നിങ്ങളെ ഒരു പാഠം പഠിപ്പിക്കുകയാണ് എന്നുപറഞ്ഞുകൊണ്ട് ഉടുത്തിരുന്ന തോർത്തുരിഞ്ഞു കോഴിയെ അടിച്ചു പുറത്താക്കി. തുടർന്നു പറഞ്ഞു ഇനിയെങ്കിലും ഓരോന്നു വയ്ക്കേണ്ട സ്ഥലത്തുതന്നെ വയ്ക്കണം. പുഷ്പവും ഞാനും ഇപ്പോഴും ഈ കഥ പറഞ്ഞു ചിരിക്കുമെങ്കിലും ആ സംഭവത്തിന്റെ പിന്നിലെ കൃത്യമായ ചിട്ടയോടുകൂടിയ ജീവിതം ഒന്നു വലുതാണ്.

## ii) സ്വാധീനം ചെലുത്തിയ വൈദികർ

ഫാ. ഇമ്മാനുവേൽ, ഫാ. സ്റ്റീഫൻ ഗോമസ്, ഫാ. ആൻഡ്രൂസ്, ഫാ. എമെലിയൂസ്, ഫാ. ഡൊമിനിക്ക് ഇവർ അഞ്ചുപേർ എന്റെ മൈനർ-മേജർ സെമിനാരി ജീവിതത്തിൽ നിർണായകമായ സ്വാധീനം ചെലുത്തിയവരാണ്. കൊല്ലത്തെ സെന്റ് റഫേൽ മൈനർ സെമിനാരിയിലെ പ്രീഫെക്റ്റും പിന്നെ സ്പിരിചൽ ഡയറക്ടറുമായിരുന്നു ഫാ. ഇമ്മാനുവേൽ. ആത്മാർഥത അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. വിശ്വസിച്ച കാര്യങ്ങളോടു 100 ശതമാനവും വിശ്വസ്തത കാട്ടുന്ന വ്യക്തിത്വം. അതുകൊണ്ടായിരിക്കാം ലൈംഗികതയെപ്പറ്റിയും സ്ത്രീപുരുഷബന്ധത്തെപ്പറ്റിയും തീർത്തും വികലമായ ധാരണയാണ് വച്ചു പുലർത്തിയിരുന്നത്-എങ്കിലും പുതിയതു പഠിക്കാൻ താൽപ്പര്യമുള്ള വ്യക്തിയായിരുന്നു ഇമ്മാനുവേലച്ചൻ.

ഞങ്ങൾ യുവവൈദികർ ഇമ്മാനുവേലച്ചനെ ചേർത്തു ഒരു തമാശ കഥയുണ്ടാക്കി. കത്തോലിക്ക വൈദികർക്കു വിവാഹം കഴിക്കാൻ പാടില്ല എന്ന നിയമം എടുത്തുമാറ്റി. ജനത്തിന്റെ യഥാർഥ പ്രശ്നം അറിയണമെങ്കിൽ വിവാഹം കഴിച്ചിരിക്കണം എന്നു നിർബന്ധമാക്കി. അങ്ങനെ ഇമ്മാനുവലച്ചൻ വിവാഹിതനായി. ആദ്യരാത്രി ഇമ്മാനുവേലച്ചൻ മുട്ടുകുത്തിനിന്നുകൊണ്ട് ഭാര്യയോടു പറയുകയാണ്: 'നമ്മൾ ഇന്നു വിവാഹിതരായി. ദൈവത്തിന്റെ സൃഷ്ടികർമത്തിൽ നാം പങ്കുചേരാൻ പോവുകയാണ്. ദൈവസന്നിധിയിൽ ഈ കർമം ഏറ്റം പവിത്രമായി ചെയ്യാനായി നമ്മുടെ പാപങ്ങളെ ഓർത്തു പശ്ചാത്തപിക്കാം...' ഇതു കേട്ട് ആ സ്ത്രീ ഇറങ്ങി ഓടിമറഞ്ഞു. തീർത്തും ഭാവനാത്മകമെങ്കിലും, സെമിനാരിക്കാരുടെ പരിശീലനത്തിൽ ഇത്രയും അശാസ്ത്രീയവും വികലവുമായ രീതിയിൽ ലൈംഗിക വിദ്യാഭ്യാസം പകർന്ന ഒരു വ്യക്തി എന്ന നിലയിൽ ഈ കഥയ്ക്ക് അതിന്റേതായ പ്രാധാന്യമുണ്ട്.

ഇമ്മാനുവേലച്ചനെ അവസാനമായി ഞാൻ കാണുന്നതു കുമ്പളത്തു ഇടവകയിൽ വച്ച് കൊല്ലം രൂപതയുടെ വികാരി ജനറലും എന്റെ

കസിൻ ജ്യേഷ്ഠനുമായ മൊൻസിഞ്ഞോർ ചാൾസ് എം ഫെർണാണ്ട സിന്റെ ശവസംസ്കാര വേളയിലാണ്. അതിനു കുറച്ചു നാൾമുമ്പ് 'Search and Fidelity' എന്നൊരു ലേഖനം *ജീവധാരയിൽ* ഞാൻ എഴു തിയിരുന്നു. അതിന്റെ രത്നചുരുക്കം എന്റെ ജീവിതപരിണാമമായിരുന്നു. ഇപ്പോൾ മുഖ്യധാരയിലല്ലാത്തതിന്റെ വിവിധ വശങ്ങളെപ്പറ്റിയും പ്രതി പാദിച്ചിട്ടുണ്ട്. ചാൾസ് അച്ചന്റെ അടക്കം കഴിഞ്ഞു ഇമ്മാനുവേലച്ചൻ എന്നെ വിളിച്ചിട്ടുപറഞ്ഞു: 'ജീവധാരയിലെ ലേഖനം സശ്രദ്ധം വായിച്ചു. എല്ലാം കൊള്ളാം. ശരിയുമാണ്. ഒരു കാര്യം മാത്രം - ബിഷപ്പുമായിട്ടു ഒന്നിച്ചു നിന്നിട്ടു ഈ മാറ്റങ്ങൾ നടത്തിക്കൂടെ?' അതിനു ഞാൻ പ്രതി കരിച്ചതു ഇങ്ങനെയാണ്: 'അച്ചന്റെ നല്ലവാക്കിനു നന്ദി. ബിഷപ്പിനോടു എനിക്ക് ഒരു വിരോധവുമില്ല. അനീതി നിറഞ്ഞ സഭാഘടനയാണ് എന്റെ പ്രശ്നം. അവിടെ ഒത്തുതീർപ്പു വഞ്ചനയാണ്. അച്ചൻ ഞങ്ങളെ പഠിപ്പി ച്ചത് എപ്പോഴും സത്യം അന്വേഷിക്കുക, കണ്ടെത്തുന്ന സത്യത്തോടു എന്തുവിലകൊടുത്തും വിശ്വസ്തനായിരിക്കുക എന്നല്ലേ? ബിഷപ്പുമായി ഒത്തുപോയാൽ, സത്യത്തോടു വിശ്വസ്തത പുലർത്തുക അസാധ്യം.' എന്റെ കൈക്കുപിടിച്ചു ശരീരം അടുപ്പിച്ചു ആലിംഗനം ചെയ്തുകൊണ്ടു 'സത്യത്തിൽ അടിയുറച്ചു നിൽക്കുക' എന്നുപറഞ്ഞു. പിന്നെ കാണു ന്നതു കൊല്ലത്ത് തില്ലേരിയിൽ മരിച്ചു കിടക്കുന്ന ഇമ്മാനുവേലച്ചനെ യാണ്. പല കുറവുകളുണ്ടെങ്കിലും സത്യത്തെ പുൽകാൻ പ്രേരിപ്പിച്ച തിൽ നല്ലൊരു പങ്ക് ഇമ്മാനുവേലച്ചനുണ്ട്. അദ്ദേഹത്തെ ഓർക്കുമ്പോൾ അഭിമാനമേയുള്ളൂ.

മിഡിൽ സ്കൂൾ കഴിഞ്ഞാണു മൈനർ സെമിനാരിയിൽ പ്രവേശി ച്ചത്. തുടർന്നു നടന്ന ഹൈസ്കൂൾ പഠനം തങ്കശ്ശേരി ഇൻഫന്റ് ജീസസ് ആംഗ്ലോ ഇൻഡ്യൻ ഹൈസ്കൂളിലാണ്. അവിടുത്തെ ഹെഡ്മാസ്റ്ററാ യിരുന്നു ഫാ. സ്റ്റീഫൻ ഗോമസ്. എന്തു കാരണമെന്നറിയില്ല ഗോമസ ച്ചന് എന്നോടു പെരുത്ത ഇഷ്ടമായിരുന്നു. ഇംഗ്ലീഷിന് അദ്ദേഹം ട്യൂഷൻ എടുത്തു. 'എന്റെ സ്റ്റുഡൻസ്' എന്നു പറയുന്നതിൽ അദ്ദേഹം എന്നും അഭിമാനം കൊണ്ടു; വൈദികനായിട്ടും എവിടെവച്ചു കണ്ടാലും, അവിടെ നിൽക്കുന്നവരോട് എന്നെപ്പറ്റി പറയുന്നതു 'my student' എന്നാണ്. എനിക്കും അച്ചനോടു അഗാധമായ ബഹുമാനവും സ്നേഹവുമാണ്. ഗോമസച്ചൻ പഠിപ്പിച്ച പലതും ഇന്നും ഓർമയിൽ നിൽക്കുന്നു. എടുത്തു പറയേണ്ട ഒന്നിതാണ്. ഞങ്ങളുടെ ക്ലാസ്സിൽ (std X) ചില പ്രശ്നങ്ങൾ ഉണ്ടായപ്പോൾ, അതിനെ വിശകലനം ചെയ്തുകൊണ്ട് അദ്ദേഹം പറ ഞ്ഞു, 'An opportunity lost, is lost forever; you can never regain it, however smart you are.' (നഷ്ടപ്പെട്ട അവസരം നിത്യമായി നഷ്ടപ്പെട്ടു കഴിഞ്ഞു. എത്ര മിടുക്കനായാലും ഒരിക്കലും അതിനെ തിരികെ പിടി ക്കാൻ പറ്റുകയില്ല.) ഈ വാചകം അദ്ദേഹം തന്നെ ക്ലാസ്സിൽ പല പ്രാവശ്യം സാവകാശം വ്യക്തതയോടെ ഉരുവിട്ടു. പിന്നെ ഞങ്ങളെ കൊണ്ടു കൂട്ടമായി പറയിപ്പിച്ചു, ഓരോ ബഞ്ചിലുമിരുന്ന ചെറിയ ഗ്രൂപ്പു

കളെക്കൊണ്ട് പറയിപ്പിച്ചു. പിന്നെ ക്ലാസിന്റെ പല ഇടങ്ങളിൽ നിന്നും വ്യക്തികളെക്കൊണ്ടു പറയിപ്പിച്ചു. അവസാനം അദ്ദേഹം പറഞ്ഞു: 'ഇതു നിങ്ങളുടെ ജീവിത നിയമമായിരിക്കട്ടെ' (Let this be your rule of life). ജീവിതത്തിൽ അക്ഷരാർഥത്തിൽ ഇതു പ്രാവർത്തികമാക്കാൻ പറ്റിയി ല്ലെങ്കിലും, പലപ്പോഴും എന്റെ മനസിൽ തികട്ടിത്തികട്ടി വരുന്നൊരു വാക്യമാണിത്. കുറച്ചൊക്കെ പാലിച്ചിട്ടുമുണ്ട്.

ഫാ. ആൻഡ്രൂസ് ഒ സി ഡിയെയും ഫാ. എമീലിയുസ് ഒ സിഡി യെയും ഒന്നിച്ച് ഓർക്കാനാണു ഞാൻ ഇഷ്ടപ്പെടുന്നത്. ഞങ്ങളുടെ വൈദിക പരിശീലനകാലത്തു മേജർ സെമിനാരിയിലെ രീതിയനുസ രിച്ച് പുതുതായി സെമിനാരിയിൽ എത്തിക്കഴിഞ്ഞ് ഒരു മാസത്തിനകം ഓരോരുത്തർക്കും താൽപ്പര്യം തോന്നുന്ന ആധ്യാത്മികോപദേഷ്ടാവിനെ (spritual director) തിരഞ്ഞെടുത്ത് മേലധികാരിയായ ഫാ. റെക്റ്ററിനെ അറിയിച്ചിരിക്കണം. ഏതാണ്ടു 50 ഓളം പ്രൊഫസർമാരിൽ നിന്നും നമ്മെ സഹായിക്കാൻ കെൽപ്പുള്ള വ്യക്തി ആരെന്നു കണ്ടുപിടിക്കുക സെമി നാരിക്കാർക്കു പൊതുവേ ബുദ്ധിമുട്ടുണ്ടാക്കിയ പ്രശ്നമായിരുന്നു. ഈ പ്രശ്നത്തിനു ലളിതമായൊരു പരിഹാരമായിരുന്നു ഞാൻ കണ്ടുപിടി ച്ചത്. ഫാ. ഇമ്മാനുവേലിന്റെ ജേഷ്ഠസഹോദരൻ ഫാ. ആൻഡ്രൂസ് അവി ടത്തെ ഒരു പ്രൊഫസറായിരുന്നു. ഇമ്മാനുവേലച്ചന്റെ ശിക്ഷണത്തിന്റെ തുടർച്ച അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ വഴിയാകട്ടെ എന്നു ഞാനുറപ്പിച്ചു. അങ്ങനെ ആൻഡ്രൂസച്ചനെ എന്റെ ആധ്യാത്മിക ഗുരുവായി സ്വീകരിച്ചു. ആഴ്ചയിൽ ഒരിക്കൽ പോയി അദ്ദേഹത്തെ കാണണം, ഉപദേശം സ്വീക രിക്കണം. കുമ്പസാരം നടത്തേണ്ടതു അദ്ദേഹത്തോടാണ്. കാര്യങ്ങൾ ചിട്ടയായി പോയി. എപ്പോഴും സുസ്മേര വദനനായിരുന്നു അദ്ദേഹം. ഞങ്ങളുടെ കുമ്പസാരം കേൾക്കുമ്പോൾ കൊതുകു വന്നു കടിച്ചുകൊ ണ്ടിരിക്കും. അതിനെ ആട്ടി ഓടിക്കുകയില്ല. കർത്താവിനുവേണ്ടി ചെറിയ ത്യാഗ പ്രവർത്തി ചെയ്തു പുണ്യത്തിൽ വളരുന്ന ശൈലി അതാണെന്നും പഠിപ്പിക്കുമായിരുന്നു. ഒരു സെമിനാരിക്കാരൻ നമ്മോടു അനാവശ്യമായി സംസാരിക്കുകയോ ഇടപെടുകയോ ചെയ്താൽ, കർത്താവിനുവേണ്ടി മറുപടി പറയാതെ സഹിക്കുക വഴി യേശുവിന്റെ രക്ഷണീയ കർമത്തിൽ നാം പങ്കാളിയാവുകയാണ്. പുണ്യത്തിൽ വളരുന്നതിനുള്ള ഏറ്റവും നല്ല മാർഗം ആത്മസംയമനമാണ്. ഒരു രുചികരമായ മാങ്ങ കാണുന്നു. തിന്നാൻ കൊതിയാവുന്നു. കർത്താവിനുവേണ്ടി ഇപ്പോൾ കഴിക്കുന്നില്ല എന്ന ആത്മസംയമനം ചെയ്യുമ്പോൾ ഒരു പുണ്യമായി. പിന്നീട് ആവ ശ്യമെങ്കിൽ മാങ്ങ കഴിക്കാം. അങ്ങനെ ഒരു പുണ്യവുമാകും. മാങ്ങ തിന്നു കയും ചെയ്യാം. ഇങ്ങനെയുള്ള പരിശീലനങ്ങൾക്കൊപ്പം ആവിലായിലെ വിശുദ്ധ അമ്മ ത്രേസ്യയുടെ 'ആത്മീയ കൊട്ടാരം,' വിശുദ്ധകുരിശിന്റെ യോഹന്നാന്റെ ആത്മീയ ഗ്രന്ഥങ്ങൾ തുടങ്ങിയവ വായിക്കാനും ധ്യാനി ക്കാനുമായിത്തരുമായിരുന്നു. എല്ലാംകൂടി നോക്കിയാൽ നമ്മുടെ പുണ്യ ങ്ങളുടെ കൃത്യമായ കണക്കുവച്ചുകൊണ്ടു സ്വർഗത്തിൽ ഏതു

സ്ഥാനത്തു ഇരിപ്പിടം ഉറപ്പിക്കാൻ സാധിക്കുമെന്നു വരെ പറയാൻ പറ്റുന്ന രീതിയിലുള്ള തീവ്രമായ ആത്മീയ പരിശീലനമാണു ആൻഡ്രൂസച്ചൻ നൽകിയത്. അദ്ദേഹത്തിനു താൻ ചെയ്യുന്നതിനോടു നൂറു ശതമാനവും ആത്മാർഥതയുണ്ടായിരുന്നു. ലൈംഗികതയെപ്പറ്റി തീർത്തും വികലമായ കാഴ്ചപ്പാടായിരുന്നു അദ്ദേഹത്തിന്റേതും. വല്ലപ്പോഴും സ്വയംഭോഗം നടത്തുക എന്റെ ശീലമായിരുന്നു. ഓരോ പ്രാവശ്യവും കുമ്പസാരിക്കുക വഴി ആ പാപമാലിന്യം ആഡ്രൂസച്ചൻ കഴുകിക്കളയുമായിരുന്നു. അങ്ങനെ മൂന്നു വർഷത്തെ ഫിലോസഫി പഠനം കഴിഞ്ഞു.

ദൈവശാസ്ത്രപഠനം 4 വർഷമാണ്. ആദ്യത്തെ വർഷത്തെ പ്രധാന കർമം ഔദ്യോഗികമായി ളോഹ ധരിപ്പിക്കുക (vestition) എന്നതാണ്. ഇതു ലഭിക്കുന്നതിന് ആധ്യാത്മിക ഗുരുവിന്റെ നല്ല സർട്ടിഫിക്കറ്റ് റക്ടറച്ചനു കൊടുക്കണം. ആ സർട്ടിഫിക്കറ്റില്ലെങ്കിൽ, പഠനത്തിനും പെരുമാറ്റത്തിലും ഇടപെടലിലും മുന്തിയ അവസ്ഥയിലാണെങ്കിലും വെസ്റ്റിഷൻ ലഭിക്കുകയില്ല. ആൻഡ്രൂസച്ചനോടു സർട്ടിഫിക്കറ്റു ചോദിച്ചപ്പോൾ അദ്ദേഹം അതു നിഷേധിച്ചു. കാരണം എന്റെ സ്വയംഭോഗ ശീലമാണ്. അതേസമയം പഠനത്തിലും കളിയിലും പാഠ്യേതര പരിപാടികളിലും പ്രവർത്തനങ്ങളിലും ഒക്കെ വളരെ മിടുക്കനായിരുന്നു. അദ്ദേഹത്തിന്റെ നിഷേധത്തെ ഞാൻ ചോദ്യം ചെയ്തു. എനിക്ക് വൈദികനാകണം. അതിനായി എനിക്കു സർട്ടിഫിക്കറ്റ് എന്ന എൻ ഒ സി തന്നേ പറ്റു എന്നു ഞാൻ നിർബന്ധിച്ചു. ഞങ്ങൾ ഒരു രീതിയിലും ഒത്തുതീർപ്പിൽ എത്തുന്ന അവസ്ഥ ഉണ്ടായില്ല. അവസാനം ആൻഡ്രൂസച്ചൻ ഒരു നിർദേശം മുന്നോട്ടുവച്ചു. സെമിനാരിയിലെ വേറെ ഏതെങ്കിലും പ്രൊഫസറോടു കാര്യം തുറന്നു സംസാരിച്ചിട്ട് ആദ്ദേഹം എൻ ഒ സി തന്നാൽ ആൻഡ്രൂസച്ചൻ ആവശ്യമായ സർട്ടിഫിക്കറ്റു തരാമെന്നതാണ് നിർദേശം. ആ നിർദേശത്തോടു ഞാനും യോജിച്ചു.

ഇനിയത്തെ പ്രശ്നം മറ്റാരെ സമീപിക്കും എന്നതായി. ധർമശാസ്ത്രത്തിന്റെ (moral theology) പ്രൊഫസറായ ഇറ്റലിക്കാരനായ ഫാ. എമെലിയുസിനെ തന്നെ സമീപിക്കാമെന്നു ഞാൻ നിശ്ചയിച്ചുറച്ചു. നേരത്തെ അപ്പോയിന്റ്മെന്റ് എടുത്തുകൊണ്ട് ഒരു ദിവസം അദ്ദേഹത്തെ കണ്ടു. ഞാൻ എന്റെ ഹൃദയം തുറന്നു കാര്യങ്ങളൊക്കെ പങ്കുവച്ചു, പ്രത്യേകിച്ച് എന്റെ സ്വയംഭോഗശീലത്തെപ്പറ്റി. അദ്ദേഹം എന്റെ സ്വയംഭോഗത്തെപ്പറ്റിയോ ലൈംഗികതയുമായി ബന്ധപ്പെട്ട യാതൊന്നിനെപ്പറ്റിയോ ഒരു ചോദ്യവുമില്ലാതെ തിരിച്ചു കുറെ ചോദ്യങ്ങൾ എന്നോടു ഉന്നയിച്ചു. അതേക്കുറിച്ചു വിശദമായി എന്റെ *കറുത്തകുർബാനയിൽ* പറഞ്ഞിട്ടുണ്ട്. രത്നച്ചുരുക്കമിതാണ്. സഹോദരർക്കുവേണ്ടി, പ്രത്യേകിച്ചു സമൂഹത്തിൽ അവശതയും വേദനയും അനുഭവിക്കുന്നവർക്കുവേണ്ടി കഷ്ടപ്പെടാൻ തയാറാണോ? മറ്റുള്ളവരുടെ പ്രശ്നത്തിൽ അനുകമ്പയും സഹാനുഭൂതിയുമുണ്ടോ? സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാൻ താൽപ്പര്യമുണ്ടോ? സ്വയം മറന്നുകൊണ്ട് മറ്റുള്ളവർക്കു നന്മ ചെയ്യാൻ

തയാറാണോ? ചുരുക്കത്തിൽ സഹോദരങ്ങളെ കേന്ദ്രീകരിച്ചുള്ള ചോദ്യങ്ങൾ. അവിടെ ദൈവം, ലൈംഗികത, ആധ്യാത്മികത - എന്നിവയെപ്പറ്റി ഒരു വാക്കുപോലും ഉച്ചരിച്ചില്ല. ചോദ്യങ്ങൾക്കെല്ലാം എന്റെ ഉത്തരം, 'തയാറാണ്, താൽപ്പര്യമാണ്' എന്നു മാത്രമായിരുന്നു. അദ്ദേഹം വിധിയെഴുതി, 'ഞാൻ വൈദികനാകാൻ യോഗ്യൻ' എന്ന്. എന്റെ സ്വയംഭോഗശീലത്തെപ്പറ്റി ഞാൻ എടുത്തു ചോദിച്ചപ്പോൾ 'അലോഷ്യസ്, നിങ്ങൾ സ്വയംഭോഗം ചെയ്യുന്നുണ്ടോ ഇല്ലയോ എന്നു നോക്കിയിരിക്കാൻ ദൈവത്തിനു നേരമില്ല. സന്തോഷമായി ജനങ്ങൾക്കുവേണ്ടി ജീവിക്കൂ' എന്നായിരുന്നു പ്രതികരണം. ഈ വിവരം ആൻഡ്രൂസച്ചനെ അറിയിക്കുകയും അദ്ദേഹം വെസ്റ്റിഷന് എൻ ഒ സി നൽകുകയും ചെയ്തു.

ഈ രണ്ടു വ്യക്തികൾ വിഭിന്ന രീതിയിൽ ചിന്തിക്കുന്ന വ്യക്തികളായിരുന്നു. ഈ രണ്ടുപേരും രണ്ടു രീതിയിൽ എന്നെ അഗാധമായി സ്പർശിച്ചവരാണ്. അപ്പാപ്പന്റെ ആത്മാർഥതയുടെ ഒരാൾ രൂപമായിരുന്നു ആൻഡ്രൂസച്ചൻ; അതുപോലെ തുറന്ന മനസിന്റെ, മാനവീകതയുടെ ഒരാൾരൂപമായിരുന്നു എമെലിയൂസച്ചൻ. എന്റെ ജീവിത പന്ഥാവ് വെട്ടി തെളിക്കുന്നതിൽ ഇവരുടെ പങ്ക് വിലപ്പെട്ടതാണ്.

ഞാൻ ഫിലോസഫി തുടങ്ങിയപ്പോൾ വൈസ് റക്റ്ററും പിന്നെ സെമിനാരിയുടെ റക്റ്ററുമായിരുന്നു സ്പാനിഷ്കാരനായ ഫാ. ഡോമിനിക് ഒ സി ഡി. ഡോമിനിക്കച്ചനെപ്പറ്റി ഒരു പാടു പറയാനുണ്ട്. അദ്ദേഹം എന്റെ വ്യക്തിത്വ രൂപീകരണത്തിൽ ഗുണകരമായ ഏറെ പങ്കുവഹിച്ചിട്ടുണ്ട്. എന്തുകേട്ടാലും 'good' എന്നുപറഞ്ഞു കൊണ്ടുള്ള 'positive' സമീപനം അദ്ദേഹത്തിന്റെ രണ്ടാം സ്വഭാവമായിരുന്നു, ഇദ്ദേഹത്തിന്റെ സ്ഥിരം 'good' പ്രയോഗത്തിന് ഞങ്ങൾ സെമിനാരിക്കാരുടെ ഇടയിൽ ഒരു കഥയുണ്ട്. ഒരു സെമിനാരിക്കാരന്റെ അച്ഛൻ മരിച്ച വിവരം കിട്ടി. ഇക്കാര്യം റക്റ്ററച്ചനെ അറിയിച്ചിട്ടു വീട്ടിൽ പോകാനുള്ള അനുവാദത്തിന് അദ്ദേഹത്തെ സമീപിച്ചു. ബ്രദർ തന്റെ അച്ഛൻ മരിച്ച കാര്യം പറഞ്ഞു തീർന്നുടൻ 'good' എന്നു റക്റ്ററച്ചൻ. വീണ്ടും ബ്രദർ ആവർത്തിച്ചു; ഇന്നലെ രാത്രി തന്റെ അച്ഛൻ മരിച്ചു; വീട്ടിൽ പോകണം എന്ന്. അതിനും റക്റ്ററച്ചൻ 'good' എന്നു മറുപടി. ഇങ്ങനെ ഞങ്ങൾ അദ്ദേഹത്തെ കളിയാക്കുമായിരുന്നെങ്കിലും, കാര്യങ്ങളെ ക്രിയാത്മകമായി ഇതുപോലെ കാണുന്ന ഒരു വ്യക്തിയെ ഞാൻ ജീവിതത്തിൽ കണ്ടിട്ടില്ല.

അതുപോലെ, സെമിനാരിക്കാർക്കു സ്വാതന്ത്ര്യം നൽകണമെന്നദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. ഓർക്കണം ഇതു 1965 കളിലാണ്. സഭയുടെ എല്ലാ കാര്യത്തിന്റെയും നീതികരണവും അംഗീകാരവും കാനോൻനിയമം, സെമിനാരി നിയമം തുടങ്ങിയവ അനുസരിക്കുന്നുണ്ടോ ഇല്ലയോ എന്നു ഒറ്റ മാനദണ്ഡം നിലനിൽക്കുന്ന കാലം. അന്നു ഞങ്ങൾക്കും നിറയേ സ്വാതന്ത്ര്യം നൽകുമായിരുന്നു ഡോമിനിക്കച്ചൻ. ഒരൊറ്റ കാര്യം മാത്രം അദ്ദേഹം അതിനോടു കൂട്ടി ചേർക്കുമായിരുന്നു.

സ്വാതന്ത്ര്യം ഉപയോഗിക്കുന്നതു ഉത്തരവാദിത്വത്തോടെയായിരിക്കണം. ചെയ്യുന്ന കാര്യത്തെ ഏറ്റുപിടിക്കാനുള്ള മന:കരുത്തും വ്യക്തതയുമുണ്ടായിരിക്കണം. അല്ലാതെ തോന്നുന്നതു ചെയ്യുന്നതു സ്വാതന്ത്ര്യമല്ല, താന്തോന്നിത്തരമാണ്. മനുഷ്യന്റെ ഏറ്റവും വലിയ സവിശേഷത അവന്റെ സ്വാതന്ത്ര്യമാണ്. അതു ശരിയായ രീതിയിൽ ഉത്തരവാദിത്വത്തോടെ ഉപയോഗിക്കുകയാണ് മനുഷ്യന്റെ ധർമം. അനുസരണയുടെയും നിയമത്തിന്റെയും പേരുപറഞ്ഞു ഒരുവന്റെ ജന്മസിദ്ധവും ദൈവസിദ്ധവുമായ സ്വാതന്ത്ര്യത്തെ ചങ്ങലയ്ക്കിടാൻ പാടില്ല. ഇങ്ങനെ തീർത്തും വിശാലമായൊരു ദർശനത്തിന്റെ ഉടമയായിരുന്നു ഡൊമിനിക്കച്ചൻ.

ഞങ്ങൾ ചെറിയൊരു സംഘം സെമിനാരിക്കാർ സുദീർഘമായി ചർച്ച ചെയ്തിട്ട്, സെമിനാരി നവീകരണത്തിൽ മേലധികാരികൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ എന്തെന്നു അക്കമിട്ടു എഴുതി ഒരു നിവേദനം ഞങ്ങളുടെ പ്രീഫക്റ്റച്ചനും റക്റ്ററായ ഡൊമിനിക്കച്ചനും സമർപ്പിച്ചു. ബഹു. പ്രീഫക്റ്റച്ചൻ അതിന്റെ പേരിൽ എന്നെ ശിക്ഷിക്കാൻ ശ്രമിച്ചു. ഡൊമിനിക്കച്ചനോ ഞങ്ങളെ വിളിച്ചുകാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു. ഞങ്ങളുടെ സന്മനസിനെ അഭിനന്ദിച്ചു. തീർന്നില്ല. സെമിനാരിക്കാർക്കെല്ലാം, വൈദിക വിദ്യാർഥികൾക്കും പ്രൊഫസർമാർക്കും, ത്രിദിന സെമിനാർ സംഘടിപ്പിച്ചു. ചർച്ചവിഷയം- സെമിനാരി നവീകരണം. ആ സെമിനാർ നയിക്കാൻ ഞങ്ങൾ ചെറുസംഘം സെമിനാരിക്കാരെ ചുമതലപ്പെടുത്തി. ആ മൂന്നു ദിവസങ്ങളിലെ എല്ലാ ക്ലാസുകളിലും ചർച്ചകളിലും സജീവമായി പങ്കെടുത്ത സ്റ്റുഡന്റായിരുന്നു റക്റ്ററായ ഡൊമിനിക്കച്ചൻ. ഈ സെമിനാറിന്റെ മുഴുവൻ ചുക്കാൻ പിടിച്ചതും ഞാനായിരുന്നു. അദ്ദേഹത്തിനു എന്നോടു പ്രത്യേകമായ താൽപ്പര്യമുണ്ടായിരുന്നു. നാട്ടുകാർ സെമിനാരി ഏറ്റെടുത്തപ്പോൾ വിദേശികൾ തിരികെപോയി. 1990 ൽ അമേരിക്കയിൽ നിന്നും തിരിച്ചുവരുംവഴി റോമിൽ പോയിരുന്നു. അവിടെ ഒരു സ്ഥാപനത്തിൽ ഡൊമിനിക്കച്ചൻ ഉണ്ടെന്നറിഞ്ഞു ഞാൻ അവിടെപോയി അദ്ദേഹത്തെ കണ്ടു. 20 വർഷം കഴിഞ്ഞുള്ള കൂടികാഴ്ച. കണ്ടയുടൻ ഫാ.അലോഷ്യസ് എന്നു പേർ വിളിച്ചു. കഴിഞ്ഞ മൂന്നു വർഷം മുൻപ് ആലുവാ സെമിനാരിയുടെ ശതാബ്ദി ആഘോഷത്തിനു ഡൊമിനിക്കച്ചൻ വന്നിരുന്നു. അന്നു കണ്ടപ്പോൾ കൊല്ലം രൂപതയിലെ ഫാ. അലോഷ്യസ് എന്നദ്ദേഹം ഉരുവിട്ടു.

ഇന്നു വഴി മാറി നടക്കാൻ ഉദ്യമിക്കുന്ന എനിക്കു വഴികാട്ടി, ഉത്തരവാദിത്വത്തോടെയുള്ള സ്വാതന്ത്ര്യത്തെ ക്രിയാത്മകമായും അനുഗുണമായും ഉപയോഗിച്ചുകൊണ്ടുള്ള നീക്കത്തിനു കാരണക്കാരൻ അദ്ദേഹമാണ്. ഇന്നും ഡൊമിനിക്കച്ചൻ എന്റെ ജീവിതത്തിൽ സജീവമായി നിലകൊള്ളുന്നു.

### iii) ഫാ. ഏലിയാസ് ജോസ്:

1970 ൽ വൈദികനായിട്ടു ആദ്യത്തെ എന്റെ നിയമനം ചാരുംമൂടു ഇടവകയിലേക്കാണ്. അവിടത്തെ വികാരിയച്ചൻ ഫാ. ഏലിയാസ് ജോസ്

ആയിരുന്നു. ഞാനോ അസിസ്റ്റന്റ് വികാരിയും. ഞങ്ങൾ സന്തുഷ്ടരായാണ് ഒരുമിച്ചു കഴിഞ്ഞത്. എല്ലാ കാര്യത്തിലും എന്നെ പ്രോത്സാഹിപ്പിക്കുക ഏലിയാസച്ചന്റെ സ്വഭാവമായിരുന്നു. എന്തു ആഹാരം ഉണ്ടാക്കിയാലും അതിന്റെ പങ്കു അസിസ്റ്റന്റച്ചനു മാറ്റിവച്ചേക്കണം എന്നത് നിലനിന്നിരുന്ന ഒരു വസ്തുതയാണ്. മാസത്തിന്റെ ആരംഭത്തിൽ അരമനയിൽപ്പോയി ശമ്പളവും മറ്റും വാങ്ങിവരുമ്പോൾ, എല്ലാ മാസവും എന്തെങ്കിലും പ്രത്യേക സമ്മാനം അസിസ്റ്റന്റ് അച്ചനുണ്ട്. ആർക്കും എന്നെ കുറ്റപ്പെടുത്താൻ പറ്റില്ലായിരുന്നു. ആരെങ്കിലും കുറ്റപ്പെടുത്തിയാൽ ഉടൻ ഏലിയാസച്ചൻ ഇടപെട്ടുകൊണ്ടു പറയും 'He is my assistant; I will take care of him.' (എന്റെ അസിസ്റ്റന്റാണ്. അദ്ദേഹത്തിന്റെ കാര്യം ഞാൻ ശ്രദ്ധിച്ചുകൊള്ളാം.)

ഇങ്ങനെ ഒരു മേലധികാരിയെ/വികാരിയെ കിട്ടിയതു എന്റെ വലിയ അനുഗ്രഹമായാണ് ഞാൻ എപ്പോഴും കരുതുന്നത്. അദ്ദേഹത്തിന്റെ അടുത്തും അദ്ദേഹത്തിന്റെ മുറിയിലും, എനിക്കു പൂർണസ്വാതന്ത്ര്യമായിരുന്നു. ഇടവകയുടെയും സെന്റ് ജോസഫ് ശിശുഭവന്റെയും സാമ്പത്തിക ചുമതല എന്നെ ഏൽപ്പിച്ചു. അതുപോലെ ചാരുംമൂടിന്റെ കീഴിലുള്ള ഏഴു സബ്സ്റ്റേഷനുകളിൽ പടനിലം, നൂറനാട്, നൂറനാടു കുഷ്ഠരോഗ സാനിറ്റോറിയം എന്നീ സ്ഥലത്തിന്റെയും പൂർണ ഉത്തരവാദിത്വം എനിക്കു വിട്ടുതന്നു. ചുരുക്കത്തിൽ സ്വന്തം കാലിൽനിന്നു പ്രവർത്തിക്കാനുള്ള ഏറ്റം നല്ല പ്രായോഗിക പരിശീലനം നൽകിയത് ഏലിയാസച്ചനാണ്.

അദ്ദേഹവുമായി ഉണ്ടായിരുന്ന ഒന്നരവർഷം എന്റെ വൈദികജീവിത ശുശ്രൂഷയ്ക്കു എല്ലാ രീതിയിലും ആക്കം വർധിപ്പിച്ച കാലമായിരുന്നു. ധാരാളം ഹൃദയസ്പർശിയായ കൊച്ചുകൊച്ചു അനുഭവങ്ങൾ പറയാനുണ്ട്. ഒന്നുരണ്ടു കാര്യങ്ങൾ കുറിക്കട്ടെ. ചാരുമൂടിന്റെ ഒരു സബ്സ്റ്റേഷനാണ് ആനയടി. അവിടെ ഉള്ള ഇടവകക്കാർ ഒക്കെത്തന്നെ ദലിത് കത്തോലിക്കർ. സാമ്പത്തികമായി വളരെ യാതന അനുഭവിക്കുന്നവർ. തൊഴിലില്ലായ്മ രൂക്ഷം. ഒരു ദിവസം രാവിലെ ഒരു ചെറുപ്പക്കാരൻ സുഖമില്ലാതിരുന്ന തന്റെ അച്ഛൻ മരിച്ചുപോയി എന്നു മേടയിൽ വന്നറിയിച്ചു. ശവസംസ്കാരത്തിനു പെട്ടിവാങ്ങാനായിട്ടും മറ്റും ആവശ്യമുള്ള പൈസ കൊടുക്കാൻ ഏലിയാസച്ചൻ എന്നോടു പറഞ്ഞു. ഞാൻ അതുകൊടുത്തുകൊണ്ട്, എപ്പോഴാണ് അടക്കം വേണ്ടത് എന്നാരാഞ്ഞു. വൈകിട്ട് 4 മണിക്കു എന്നു തീരുമാനിച്ചു. മഠത്തിൽ നിന്നും കന്യാസ്ത്രീമാരും ഞാനും 3.30 ആയപ്പോൾ അവരുടെ വീട്ടിൽ എത്തി. മരിച്ചുപോയി എന്നു പറഞ്ഞ അപ്പച്ചൻ അവരുടെ കുടിലിന്റെ വരാന്തയിൽ കുത്തിയിരിക്കുന്നതായാണ് കണ്ടത്. മകൻ അവിടെ എങ്ങുമില്ല. ആ അപ്പച്ചനെ ശുശ്രൂഷിക്കുകയും മറ്റും ചെയ്തുകൊണ്ട് ഞങ്ങൾ തിരികെപ്പോന്നു. ഞങ്ങൾ തിരിച്ചുവന്നു ഈ വിവരം ഏലിയസച്ചനോടു പറഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ പ്രതികരണം ഏതാണ്ടിങ്ങനെയായിരുന്നു: 'അവന്റെ അച്ഛൻ

സുഖമില്ലാതായിട്ടു ഏതാണ്ടു രണ്ടുവർഷം. അമ്മയില്ല. നമ്മൾ വല്ലപ്പോഴും പേരിനുമാത്രം സഹായിച്ചതുകൊണ്ട് എന്തെടുക്കാനാണ്? വല്ലപ്പോഴും കിട്ടുന്ന കൂലിവേല കൊണ്ടു എങ്ങനെ ജീവിക്കാനാണ്? അച്ചനു സുഖമില്ല സഹായിക്കണം, എന്നുപറഞ്ഞുവരുന്നതിന് ഒരു അതിരുണ്ടല്ലോ? അങ്ങനെ വന്നപ്പോൾ ചിലപ്പോഴൊക്കെ വഴക്കു പറഞ്ഞു തിരിച്ചയച്ചിട്ടുമുണ്ട്. ഇങ്ങനെ മരിച്ചെന്നു പറഞ്ഞാൽ സഹായം തീർച്ചയായും കിട്ടും എന്നവൻ വിചാരിച്ചു. അത്രമാത്രം. അവനോടു കെറുവിച്ചിട്ടു കാര്യമില്ല. നമ്മൾ അവന്റെ അവസ്ഥയിൽ ആയിരുന്നെങ്കിൽ ഒരു പ്രാവശ്യമല്ല പല പ്രാവശ്യം നമ്മുടെ അച്ഛന്മാരെ അടക്കിയേനേ.'

മറ്റൊരു കഥ. ഒരു ദിവസം സെന്റ് ജോസഫ് ശിശുഭവന്റെ ഒരു കാര്യം കണക്കുപറഞ്ഞു സെറ്റിൽ ചെയ്തപ്പോൾ എന്റെ കൈയിൽ കണക്കുതീർക്കാൻ ചില്ലറ നോട്ടുകളില്ലായിരുന്നു. 50 രൂപയുടെ ഒരു നോട്ടു കൊടുത്തിട്ട് ചില്ലറ ഉണ്ടെങ്കിൽ തരണമെന്നഭ്യർഥിച്ചു. 'ഇല്ല' എന്നായിരുന്നു മറുപടി. അദ്ദേഹത്തിന്റെ അടുത്തു വച്ചിരുന്ന അലമാര തുറന്നു കിടപ്പുണ്ട്. അഞ്ചു രൂപയുടെയും രണ്ടുരൂപയുടെയും ഒരു രൂപയുടെയും പുത്തൻകെട്ടുകൾ ആ അലമാരയിൽ ഇരിക്കുന്നത് എനിക്ക് കാണാം. 'ഇല്ല' എന്നു അച്ചൻ പറഞ്ഞതും, 'പിന്നെ അതെന്താണ്' എന്നു അലമാരയിലേക്ക് വിരൽ ചൂണ്ടി ചോദിക്കുന്നതും ഏതാണ്ടൊരേ സമയത്തായിരുന്നു. അതിന് ഏലിയാസച്ചന്റെ മറുപടി ഇങ്ങനെ: 'അലോഷ്യസ്, അതു തനിക്കുള്ളതല്ല. ഇവിടെ ധാരാളം ഭിക്ഷക്കാർ വരുന്നുണ്ടല്ലോ. എല്ലാവർക്കും വേണ്ടതെല്ലാം കൊടുക്കാൻ നമുക്കാവില്ല. എന്തെങ്കിലും ചെറിയ തുക കൊടുക്കാനേ നമുക്കു പറ്റൂ. അവരുടെ കൈയിൽ പൊതുവേ കിട്ടുന്നതു ചില്ലറ നാണയങ്ങളാണ്; തീർത്തും യാദൃശ്ചികമായിട്ടായിരിക്കും ഒറ്റ രൂപയുടെയോ രണ്ടു രൂപയുടെയോ നോട്ടു കിട്ടുക. പലപ്പോഴും അതു കീറിയതും മുഷിഞ്ഞതുമായിരിക്കും. അവർ ചിലപ്പോൾ ജീവിതത്തിൽ ഒരു പുത്തൻ നോട്ടു കണ്ടിട്ടുപോലുമില്ലായിരിക്കും. അവരുടെ കൈയിൽ അഞ്ചിന്റേയും രണ്ടിന്റേയും ഒന്നിന്റേയും ഒരു പുത്തൻ നോട്ടു കിട്ടുമ്പോൾ അവർക്കുണ്ടാകുന്ന സന്തോഷം ഒരു നൂറു രൂപാ കിട്ടിയതിന്റേതായിരിക്കും.' ഏതാണ്ടു ഒരു പുതിയ മനുഷ്യനായാണ് ഞാൻ അദ്ദേഹത്തിന്റെ മുറിയിൽ നിന്നും ഇറങ്ങിപ്പോയത്. ഇങ്ങനെ പല രസകരമായ സംഭവങ്ങളുണ്ട്. വിസ്താരഭയം അതിനനുവദിക്കുന്നില്ല.

തന്നിൽ ചെറിയവരെ യഥാർഥ കരുതലോടെ ബഹുമാനിക്കാനും അപരന്റെ ജീവിത സാഹചര്യവും അവന്റെ/അവളുടെ മനോവികാരത്തിലൂടെ നോക്കിക്കാണാനും മനസിലാക്കാനും അദ്ദേഹത്തിനുണ്ടായ കഴിവ് അപാരമായിരുന്നു. അദ്ദേഹവുമായിട്ടുള്ള എന്റെ സഹവാസം ചെറിയ രീതിയിലെങ്കിലും എന്നിൽ സ്വാധീനം ചെലുത്തി എന്നതു നന്ദിയോടെ സ്മരിക്കുന്നു.

## iv) വൈദിക സുഹൃത്തുക്കൾ

നല്ല സുഹൃത്തുക്കളുണ്ടെങ്കിൽ ഒരു വ്യക്തിയുടെ ജീവിതം ധന്യമാകും എന്നതു പൊതുവേ അംഗീകരിച്ചിട്ടുള്ള ഒരു തത്വമാണ്; അതുപോലെ ചീത്ത സൗഹൃദം ജീവിത പരാജയ കാരണമെന്നും. ഈ തത്വം ശരിയോ തെറ്റോ എന്നിവിടെ വിലയിരുത്തുന്നില്ല. ഒരു കാര്യം സത്യം. വളരെ നല്ല സുഹൃത്തുക്കളെ കൊണ്ടു സമ്പന്നമായൊരു ജീവിതമാണ് എനിക്ക് ലഭിച്ചത്. അതിൽ ഞാൻ അനുഗൃഹീതനും സംതൃപ്തനുമാണ്.

മൂന്നു വൈദിക സുഹൃത്തുക്കൾ എന്റെ ജീവിത ദർശന രൂപീകരണത്തിൽ നിർണായകമായ പങ്കു വഹിച്ചവരാണ്. അവരെ ഓരോരുത്തരെപ്പറ്റിയും വാല്യങ്ങൾ എഴുതാനുണ്ട്. വളരെ ചുരുക്കി ചില കാര്യങ്ങൾ മാത്രം ഇവിടെ സൂചിപ്പിക്കാമെന്നു കരുതുന്നു.

നിക്ളസിനെ പരിചയപ്പെടുന്നതു ആലുവ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്റിഫിക്കൽ സെമിനാരിയിൽ ദൈവശാസ്ത്രപഠനത്തിന്റെ ആദ്യവർഷമാണ്. മുന്നു വർഷത്തെ തത്വശാസ്ത്ര പഠനം ആലുവ കാർമൽ ഗിരിയിലായിരുന്നു. തുടർന്നുള്ള പഠനത്തിനു ഞങ്ങൾ സഹപാഠികളൊക്കെ മംഗലപ്പുഴയിൽ എത്തിയപ്പോൾ, ഞങ്ങളുടെ ക്ലാസ്സിൽ ഒരു പുതുമുഖം- ബ്രദർ നിക്ളസ്. ശ്രദ്ധിച്ചപ്പോൾ അദ്ദേഹം വൈകിട്ടുള്ള സ്പോർട്സിലെങ്ങും പങ്കെടുക്കാതെ റബ്ബർ തോട്ടത്തിന്റെ അരികിലും പെരിയാർ നദിയുടെതീരത്തുമൊക്കെ ഒറ്റയ്ക്കിരിക്കുന്നതായി ഞാൻ മനസിലാക്കി. ഫുട്ബോളും വോളിബോളും ബാസ്കറ്റ് ബോളും എനിക്കു നല്ല ഇഷ്ടമായിരുന്നു. നല്ലൊരു ഒത്ത ചെറുപ്പക്കാരൻ എന്തുകൊണ്ടുകളിയിൽ പങ്കെടുക്കുന്നില്ല എന്ന ജിജ്ഞാസ എന്നിലുണർന്നു. ഒരു ദിവസം കളിവേണ്ട എന്നു തീരുമാനിച്ച്, ഞാൻ നിക്ളസിന്റെ അടുത്തു കുശലം പറയാനടുത്തു. മനസിലായതിതാണ്. അദ്ദേഹത്തിന്റെ ഹൃദയവാൽവിനും തൽഫലമായി ഹൃദയത്തിനും ചില പ്രശ്നങ്ങളുണ്ട്. സെമിനാരിയിൽ തുടരാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് ഒരു വർഷം വിശ്രമിച്ചു മരുന്നും മറ്റും എടുത്തിട്ടു സുഖമാകുന്നെങ്കിൽ തിരിച്ചു വരുക എന്ന നിർദേശത്തോടെ തലേ വർഷം വീട്ടിലേക്കു പറഞ്ഞു വിട്ടിരുന്ന വ്യക്തിയാണ് നിക്ളസ്. ഒരു വർഷം കഴിഞ്ഞു അദ്ദേഹം വീണ്ടും തിരിച്ചുവന്നു. അങ്ങനെ അടുത്ത ക്ലാസിലെ പഠിതാക്കളുമായി സഹപാഠിയായതാണ്. സത്യത്തിൽ അദ്ദേഹം ജോസ്.ജെ. കളീക്കലിന്റെ സഹപാഠിയായിരുന്നു തലേ വർഷം വരെ. അതായത് ജോസ് എന്നേക്കാൾ ഒരു വർഷം സീനിയർ. ഇങ്ങനെ സുഖമില്ലാത്തതുകൊണ്ടു വലിയ ആയാസമുള്ളതൊന്നും ചെയ്യരുത് എന്നാണു ഡോക്ടറുടെ നിർദേശം. കാര്യങ്ങളൊക്കെ കേട്ടപ്പോൾ, ഞാനും അദ്ദേഹത്തോടൊപ്പം കൂടി. നദീതീരത്തു മീനിന്റെ കളിനോക്കി ആസ്വദിച്ചിരിക്കുക, റബ്ബർ തോട്ടത്തിന്റെ അടുത്തുള്ള നടപ്പാതയിലൂടെ സവാധാനം നടക്കുക, അവധി ദിവസങ്ങളായ ഞായറും വ്യാഴവും ഉച്ചകഴിഞ്ഞ് സെമിനാരിയുടെ പുറത്തോട്ടുള്ള യാത്രയിൽ അനുധാവനം ചെയ്യുക - ഒക്കെ എന്റെയും പതിവായി. അന്നു വരെ

ഞാൻ നടക്കുന്നതു നല്ല വേഗതയിലായിരുന്നു. ആദ്യമൊക്കെ നിക്ളസിനൊപ്പം പതുക്കെ നടക്കുക ഏതാണ്ടു അസാധ്യം തന്നെ ആയിരുന്നു. വേഗം കുറച്ചു കാലടികൾ വച്ചു അൽപ്പം മുന്നിലാകുമ്പോൾ, ബോധപൂർവം സ്ലോ ചെയ്തു ഒപ്പം നടക്കും. വീണ്ടും വേഗത കൂടും, വീണ്ടും സാവകാശമാകും. അതൊരു പരിശീലനമായിരുന്നു. അവസാനം ഞങ്ങൾ ഒത്തു നടക്കുന്നവരായി — വെറും നടത്തത്തിൽ മാത്രമല്ല; ജീവിതത്തിലുടനീളം, ഇന്നേവരെ തന്നെ.

വലിയ സെമിനാരിയിലെ നാലുവർഷത്തെ ഒത്തുള്ള ജീവിതം ഞങ്ങൾക്കു പരസ്പരവും സെമിനാരിക്കാരുടെ ജീവിതത്തിനും സെമിനാരി പരിശീലനത്തിനും ഏറെ ഉപകരിച്ചു എന്നതു സന്തോഷം നൽകുന്ന ഓർമകളായി നിലകൊള്ളുന്നു. ധാരാളം അനുഭവങ്ങൾ പങ്കുവയ്ക്കാനുണ്ട്. രണ്ടു മൂന്നു സൂചനകൾ മാത്രം. അവധി ദിവസങ്ങളിൽ സെമിനാരിക്കു പുറത്തുപോകുമ്പോൾ ആരുടെയും വീടുകളിൽ പോകരുത്, വൈകിട്ടു കൃത്യസമയത്തു തന്നെ തിരിച്ചെത്തണം എന്ന കർശന നിയമമുണ്ട്. സാവകാശം നടന്നു വരുന്ന വഴി ആളുകളുമായും കുടുംബങ്ങളുമായും ബന്ധപ്പെടുക നിക്ളസിന്റെ പ്രത്യേകതയായിരുന്നു. ചില കുടുംബങ്ങളുമായി ബന്ധപ്പെടുമ്പോൾ, അവരുടെ പ്രശ്നങ്ങൾ ഞങ്ങളോടു അവതരിപ്പിക്കുകയും അതിൽ ഇടപെട്ടു വരുമ്പോഴേക്കും സെമിനാരിയിൽ തിരിച്ചെത്താൻ താമസിക്കുകയും ചെയ്യും. അടുത്താഴ്ച റിമാർക്കിൽ, നടക്കാൻ പോയാൽ ബ്രദേഴ്സ് കൃത്യസമയത്തു തന്നെ തിരിച്ചെത്തണം എന്ന നിയമം ആവർത്തിക്കും. ഞങ്ങളെപ്പറ്റിയാണീ പറയുന്നതെന്നു ഞങ്ങൾക്കറിയാം. എന്നാലും അടുത്തയാഴ്ചകളിലും ഞങ്ങൾ ഇതു ആവശ്യാനുസരണം ആവർത്തിച്ചിരുന്നു. മറ്റു ബ്രദേഴ്സിനു ഞങ്ങൾ അനുസരണയില്ലാത്തവർ എന്ന തോന്നലുവരെയായി. എന്താ ചെയ്യുക? ഞങ്ങൾ ആലോചിച്ചു. ഞങ്ങളിടപെട്ട കുടുംബപ്രശ്ന പരിഹാര പ്രക്രിയയിൽ റെക്ററായ ഡോമിനിക്ക് അച്ചനെ ബന്ധിപ്പിക്കാൻ ഞങ്ങൾ തീരുമാനിച്ചു. കാര്യങ്ങളെല്ലാം സുതാര്യമായി റക്ടറച്ചനെ അറിയിച്ചു. അദ്ദേഹവും ഞങ്ങളോടൊപ്പം ആ കുടുംബങ്ങളിൽ വന്ന് പ്രശ്നം പരിഹരിച്ചു. ഞങ്ങൾ ഈ ശൈലി തുടർന്നു. ഇപ്പോൾ തിരിഞ്ഞു നോക്കുമ്പോൾ, നിയമത്തിനുമപ്പുറം ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടണമെന്ന അടിയുറച്ച വിശ്വാസവും ജീവിതശൈലിയും പിൽക്കാലത്തുണ്ടായതിന്റെ ബീജം പാകുന്നതിൽ ഒരു പങ്കുവഹിച്ചതു നിക്ളസാണ് എന്ന് വ്യക്തം.

എന്റെ ജീവിത ചിന്താഗതിയെ ആഴത്തിൽ സ്വാധീനിച്ച മറ്റൊരു ചെറിയ സംഭവം. *കറുത്തകുർബ്ബാനയിൽ* ഇതു സൂചിപ്പിച്ചുണ്ടെങ്കിലും, ഇതിവിടെ പറയേണ്ടതുണ്ട്. നിക്ളസും മറ്റൊരു സുഹൃത്തും ഞാനുമൊത്ത് ഒരു വ്യാഴാഴ്ച നടക്കാനിറങ്ങി. ആലുവ ടൗൺ എത്തിയപ്പോൾ ഞങ്ങൾ രണ്ടുപേരും ചെറിയൊരു ഷോപ്പിങ് നടത്തി. അൽപ്പം ക്ഷീണം അനുഭവപ്പെട്ടതുകൊണ്ട് ഒരു ചായക്കടയിൽക്കയറി ചായയും ലഘുഭ

ക്ഷണവും കഴിച്ചു. അതിന്റെ പൈസ കൊടുത്തതു നിക്ളസാണ്. ഞങ്ങൾ തിരിച്ചെത്തി ഓരോരുത്തരുടെയും മുറിയിലേക്കുപോയി. അവിടെച്ചെന്നിട്ടു അന്നത്തെ കണക്കു കൃത്യമായി കൂട്ടിക്കുറച്ചപ്പോൾ നിക്ളസ് നാലര രൂപ എനിക്കായി അധികം ചെലവാക്കിയിട്ടുണ്ട്. എന്നിലെ നീതിബോധം ഉണർന്നു. നീതി എന്നാൽ ഓരോരുത്തർക്കും അവകാശപ്പെട്ടത് അവരവർക്കു തന്നെ കിട്ടണം എന്നാണ്. നിക്ളസിനു നാലര രൂപ അവകാശപ്പെട്ടതാണ്. നാലര രൂപയും എടുത്ത് നിക്ളസിന്റെ മുറിയിലെത്തി. നിക്ളസ് പൈസ വാങ്ങാൻ കൂട്ടാക്കിയില്ല. അങ്ങനെ തിരികെ പോകാൻ എന്നിലെ നീതി ബോധം അനുവദിച്ചില്ല. ഞാനാ പൈസ നിക്ളസിന്റെ മുറിയിൽ ബലമായി വച്ചിട്ടു തിരികെ നടന്നു, ചെയ്യേണ്ടതു ചെയ്യേണ്ടതു പോലെ ചെയ്തു എന്ന ധാരണയിൽ.

അതേ, അന്നു നീതിയോടു കൂടി ജീവിക്കണമെന്നു നിർബന്ധ മുണ്ടായിരുന്നു. നീതിമാനായ ദൈവം ഓരോ വ്യക്തിയുടെയും നിഗൂ ഢമായ പാപങ്ങൾ പോലും കൃത്യമായി കണക്കുവയ്ക്കുമെന്നും നരക ത്തിലേക്കോ ശുദ്ധീകരണസ്ഥലത്തിലേക്കോ, അതും പാപത്തിന്റെ കാഠി ന്യവും ഗൗരവവും കണക്കിലെടുത്തു, കൃത്യമായ സ്ഥാനത്തേക്കു ശിക്ഷിക്കുമെന്നും നന്മ ചെയ്യുന്നെങ്കിൽ അതിന്റെയും വലിപ്പവും പ്രാധാ ന്യവും കണക്കിലെടുത്തു കൃത്യമായ സ്ഥാനത്തു സ്വർഗത്തിൽ ഇടം തരുമെന്നും പൂർണമായും വിശ്വസിച്ചിരുന്ന കാലം. ദൈവത്തിന്റെ നീതി ബോധം എന്നെ വിഴുങ്ങിയിരുന്നു. അങ്ങനെ നല്ലൊരു പുണ്യപ്രവർത്തി യാണു നാലരരൂപ തിരികെ നിർബന്ധിച്ചു കൊടുത്തതിലൂടെ ചെയ്ത തെന്നും സത്യമായി വിശ്വസിച്ചിരുന്ന കാലം.

അന്നു വൈകിട്ടു നിക്ളസും ഞാനും നടക്കാൻ ഒത്തുകൂടിയപ്പോൾ, ഇക്കാര്യം ഒരു തുറന്ന ചർച്ചയ്ക്ക് വിധേയമാക്കണമെന്നു ഞാൻ തീരു മാനിച്ചിരുന്നു. വാസ്തവത്തിൽ നിക്ളസ് തന്നെ വിഷയം ചർച്ചയ്ക്കു എടുത്തിട്ടു. നീതി വളരെ വിലകൊടുത്തു കാത്തുസൂക്ഷിച്ചു വളർത്തി എടുക്കേണ്ടതാണെന്നു ഞാൻ വ്യക്തമാക്കി. അതിനു നിക്ളസിന്റെ പ്രതി കരണം ബന്ധത്തിനു കണക്കില്ല എന്ന തത്വം പല രീതിയിൽ വിശദീക രിക്കലായിരുന്നു. നീതി വിലപ്പെട്ടതാണ്. പക്ഷേ സ്നേഹം ഇല്ലാത്ത നീതി നിർജീവമാണ്. നീതിക്കു ജീവനും ഓജസ്സും നൽകുന്നതു സ്നേഹ മാണ്. ഇവ രണ്ടിന്റേയും അടിസ്ഥാനം ബന്ധമാണ്. മനുഷ്യജീവിതം തന്നെ ബന്ധങ്ങളുടെ ഒരു സമാഹാരമല്ലാതെ മറ്റെന്താണ്? ഇനി അർഥ വത്തായ ബന്ധത്തിൽ എവിടെങ്കിലും കണക്കുവയ്ക്കുന്നതു കണ്ടി ട്ടുണ്ടോ? ഏതമ്മയാണ് തന്റെ മകനു/മകൾക്കു വേണ്ടി ഏറ്റെടുത്തിട്ടുള്ള ത്യാഗത്തിനും ബുദ്ധിമുട്ടിനും കണക്കു വച്ചിട്ടുള്ളത്? ഒരമ്മയും അങ്ങനെ കണക്കു വയ്ക്കുകയില്ല. കണക്കു വയ്ക്കാൻ അറിയത്തുമില്ല. കാരണം അവിടെ ബന്ധം നിസ്വാർഥമാണ്, ജീവദായകമാണ്. എന്നു കണക്കുവ ച്ചുകൊണ്ടുള്ള ബന്ധപ്പെടൽ ഉണ്ടാകുന്നു, അവിടെ യഥാർഥ ബന്ധം

മരിക്കുന്നു. അവിടെ അർഥശൂന്യവും കണക്കുവച്ചിട്ടുള്ളതുമായ കൊടുക്കൽ വാങ്ങലേ ഉണ്ടാവൂ.

ഇതിന്റെ അർഥം ഒരാൾക്കു അവകാശപ്പെട്ടതു കൊടുക്കാതെ കൈക്കലാക്കുക എന്നല്ല. അപരനു അവകാശപ്പെട്ടതു കൊടുത്തിരിക്കണം. പക്ഷേ, രണ്ടുപേർ തമ്മിലുള്ള ബന്ധത്തിനും ഇടപെടലിനും ഇടപഴകലിനും പ്രാമുഖ്യം നൽകുമ്പോൾ, കണക്കു വയ്ക്കുന്ന പ്രക്രിയയുടെ ആക്കം കുറയും. അതുകൊണ്ടല്ലേ ദൈവം സർവജ്ഞാനിയാണെങ്കിലും എല്ലാ കാര്യങ്ങൾ അറിയുന്നവനാണെങ്കിലും കണക്കിൽ അദ്ദേഹത്തിന് മാർക്ക് വട്ടപ്പൂജ്യമാകുന്നത്. ബാക്കിയെല്ലാത്തിനും 100 ൽ 100 തന്നെ. എന്തേ കണക്കിൽ പൂജ്യം? ദൈവം ബന്ധം തന്നെയാണ്. അവിടെ കണക്കില്ല. ചുരുക്കത്തിൽ, നമുക്കു കൊച്ചൊരു ജീവിതം. അതു ധന്യമാക്കാൻ ബന്ധം അനിവാര്യം. അവിടെ നിർജീവമായ കൊടുക്കൽ വാങ്ങൽ കണക്കു കൃത്യതയോടെ വച്ചു നമ്മുക്കു ജീവിതം തന്നെ മുരടിപ്പിക്കണമോ? നല്ലൊരു സന്ധ്യ. ഈ വിഷയം ഒത്തിരിയേറെ ചിന്തയ്ക്ക് വിധേയമാക്കി. തുടർന്നുള്ള എന്റെ ബന്ധജീവിതത്തിൽ കണക്കുവയ്ക്കാതെ നീങ്ങാൻ തീരുമാനിച്ചു. അതേ എന്റെ ജീവിതത്തെ ആകമാനം പുന:പരിശോധിക്കാനും മാറ്റം വരുത്താനും ഈ കൊച്ചുസംഭവം ഇടയാക്കിയതു അഭിമാനപൂർവമാണ് ഓർക്കുക.

നിക്ളസുമായുള്ള ബന്ധത്തിൽ വളരെ സമ്പന്നമായൊരനുഭവം ഓർമയിൽ നിൽക്കുന്നത് എങ്ങനെ ഓരോരുത്തരും വായിക്കുന്ന പുസ്തകം സംഘത്തിനു ഗുണപ്രദമാക്കാൻ സാധിക്കുമെന്നതിനുവേണ്ട പ്ലാനിനു രൂപം കൊടുത്തതാണ്. ഞങ്ങൾ ഏഴു സഹപാഠികൾ കൂടുതൽ അടുത്തു. എല്ലാ ദിവസവും രാത്രി ആഹാരം കഴിഞ്ഞുള്ള ഉല്ലാസസവാരിയിൽ ഞങ്ങൾ ഏഴുപേർ ഒത്തുകൂടുക പതിവായി. നല്ല വീതിയുള്ള റോഡ്. മൂന്നും നാലുംപേർ അഭിമുഖമായി നിന്നിട്ടാണ് അങ്ങോട്ടുമിങ്ങോട്ടും നടക്കുക. അവിടെ ഞങ്ങൾ വായിച്ച, വായിച്ചുകൊണ്ടിരിക്കുന്ന പുസ്തകങ്ങളെ പരിചയപ്പെടുത്തുക ഏതാണ്ടൊരു കലപോലെ ഞങ്ങൾ പങ്കുവച്ചാസ്വദിക്കുമായിരുന്നു. എന്റെ മൈനർ സെമിനാരി ജീവിതത്തിൽ ഒരു നോവൽ വായിച്ചതിനു ചെള്ളയിൽ നാലു വിരലും പതിയത്തക്ക രീതിയിൽ ചെവികുറ്റിക്കു അടിവാങ്ങിയതിൽപ്പിന്നെ പഠനപുസ്തകങ്ങളല്ലാതെ മറ്റൊരു പുസ്തകവും തൊട്ടിട്ടില്ലാത്ത വ്യക്തിയാണു ഞാൻ. വലിയ സെമിനാരിയിൽ തത്വശാസ്ത്രം പഠിച്ചപ്പോൾ ആധുനിക ചിന്തകരുടെ കുറച്ചു പുസ്തകങ്ങൾ വായിച്ചു. ഞങ്ങളുടെ ഈ സംരംഭത്തിലൂടെയാണു ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ചതും. ലോകക്ലാസ്സിക്കുകളുമായും മറ്റും ബന്ധമുണ്ടായതും. അങ്ങനെ നിക്ളസുമായുള്ള ബന്ധം എന്നെ ഒത്തിരി വളർത്തി. ഞങ്ങൾ വൈദികരായിട്ടും ഈ ബന്ധം തുടർന്നു. സഭാ നവീകരണത്തിൽ ഞങ്ങൾ ഒത്തുപ്രവർത്തിച്ചു. എന്റെ ജീവിതപരിണാമത്തിലും ദർശനാന്വേഷണയാത്രയിലും ജാതി-മത ദൈവ-കുടുംബ ഘടനകൾക്കപ്പുറം നടന്നുനീങ്ങിയപ്പോൾ,

നിക്ളസ് ഇന്നും സഭയിൽ നവീകരണം സാധിക്കുമെന്ന വിശ്വാസത്തിൽ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്നു. അങ്ങനെ ഞങ്ങളിപ്പോൾ രണ്ടു ധ്രുവത്തിലാണെങ്കിലും ഞങ്ങളുടെ ബന്ധജീവിതം സുദൃഢമായി ഇന്നും തുടരുന്നു.

നേരത്തെ സൂചിപ്പിച്ചതുപോലെ ഫാ. ജോസ് ജെ കളീക്കൽ എന്റെ ഒരു വർഷം സീനിയറാണ്. 'കൊച്ചു' സെമിനാരിയിൽ ഞങ്ങൾ തമ്മിൽ വലിയ അടുപ്പമില്ലായിരുന്നു. ഒരോർമയാണ് ഇപ്പോഴും നിലകൊള്ളുന്നത്. സുന്ദരനും സുമുഖനുമായ ഒരു ചെറുപ്പക്കാരൻ. ഒരുദിവസം കുർബാന സ്വീകരിച്ചപ്പോൾ ഓസ്തിയുടെ ചെറിയൊരു കഷ്ണം തറയിൽ വീണു. കുർബാന നൽകിയ അച്ചൻ ഇതുകണ്ടില്ല. അച്ചൻ നടന്നു നീങ്ങിയപ്പോൾ ജോസ് ഓസ്തിയുടെ ഈ ചെറിയ കഷണം (കത്തോലിക്കരുടെ വിശ്വാസമനുസരിച്ച് ഇതു അപ്പമല്ല, യേശു ക്രിസ്തുവിന്റെ യഥാർഥ ശരീരമാണ്) ബഹുമാനപുരസരം ഒരു തൂവാലയിൽ ശേഖരിച്ച് സ്റ്റഡി ഹാളിലുള്ള ജോസിന്റെ അടപ്പുള്ള ഡസ്കിൽ അൽപ്പ സ്ഥലം നല്ലതുപോലെ പൂക്കൾകൊണ്ടും മറ്റും അലങ്കരിച്ചു അവിടെ സ്ഥാപിച്ചു. ദിവ്യകാരുണ്യ ആരാധനയും പ്രാർഥനയും തുടങ്ങി. രാവിലത്തെ പ്രാതൽ കഴിഞ്ഞപ്പോൾ ഇക്കാര്യം ബ്രേദേഴ്സിന്റെ ഇടയിൽ സംസാരമായി. ഫാ. പ്രീഫറ്റ് ആയിരുന്ന ഇമ്മാനുവേലച്ചന്റെ ചെവിയിൽ ന്യൂസ് എത്തി. കുർബാന ഒരു സ്ഥലത്ത് നിന്നു മറ്റൊരു സ്ഥലത്തേക്കു കൊണ്ടുപോകുമ്പോൾ, രണ്ടുപേർ രണ്ടു തിരികളും കത്തിച്ചു വിട്ടുവിട്ടു മണികിലുക്കി കുർബാന കൊണ്ടുവരുന്ന അച്ചന്റെ മുമ്പിൽ നടക്കണമെന്നാണ് വിശുദ്ധപാരമ്പര്യം. ഇമ്മാനുവലച്ചൻ രണ്ടു ബ്രദേഴ്സിന്റെ അകമ്പടിയോടെ തിരിയും മണിയുമായി ജോസിന്റെ ഡസ്കിന്റെ അടുത്തുവന്നു മുട്ടുകുത്തി അവിടെ ജോസ് വച്ചിരുന്ന ഓസ്തി കഷണം എടുത്തു തിരിയുടെയും മണിയുടെയും അകമ്പടിയോടെ പള്ളിയിൽ കൊണ്ടുചെന്നു കുർബാന വച്ചു സൂക്ഷിക്കുന്ന റ്റബർനാക്കിളിലെ സിബോറിയത്തിൽ പുനഃപ്രതിഷ്ഠിച്ചു. അന്നുമുതൽ ഞങ്ങൾ സുഹൃത്തുക്കൾ സരസമായി ജോസിനെ 'ദിവ്യകാരുണ്യത്തിന്റെ കൊച്ചൗദ' എന്നുവിളിക്കുമായിരുന്നു.

വലിയ സെമിനാരിയിൽ വന്നപ്പോൾ, ഞങ്ങൾക്കു തത്വശാസ്ത്രത്തിൽ മൂന്നുവർഷവും, ദൈവശാസ്ത്രത്തിൽ നാലുവർഷവും പഠിക്കാനുണ്ട്. ഓരോ ക്ലാസിലും ഏതാണ്ടു 100 പേർ കാണും. ഈ നൂറുപേർ തമ്മിലേ സംസാരം പാടുള്ളു. മറ്റു വർഷങ്ങളിൽ പഠിക്കുന്ന ഏതാണ്ടു 600 പേർ അവിടെയുണ്ടെങ്കിലും അവരുമായി സംസർഗം പാടില്ലായിരുന്നു. അതു കർശനനിയമമായിരുന്നു.

എന്തിനാണീ നിയമം എന്നൊരിക്കൽ എന്റെ ഗുരുവായ ആൻഡ്രൂസച്ചനോടു ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി തീർത്തും വിചിത്രമായിരുന്നു. ഈ നിയമം അറിയപ്പെട്ടിരുന്നതു rule of community എന്നായിരുന്നു. ഒരേയൊരു സെമിനാരിയിൽ ഏഴു കമ്യൂണിറ്റികളുണ്ട്. എന്റെ കമ്യൂണിറ്റി ഒഴികെയുള്ള മറ്റു കമ്യൂണിറ്റിയിലുള്ള വ്യക്തികളുമായി സംസാ

രിക്കണമെന്നും ബന്ധം പുലർത്തണമെന്നും ആഗ്രഹമുണ്ടാകും. ആ ആഗ്രഹത്തെ നാം ത്യജിക്കണം. നാം സ്വയം നിയന്ത്രിക്കുന്നു. ഇതു ഭാവിയിലേക്കുള്ള പ്രായോഗിക പരിശീലനമാണ്. വൈദികനായി കഴിയുമ്പോൾ, നമ്മുടെതല്ലാത്ത മറുലിംഗത്തിലെ സ്ത്രീകളുമായി സംസാരിക്കാനും ബന്ധപ്പെടാനുമുള്ള ആഗ്രഹം ഉണ്ടാകും. അവിടെ സംയമനം അത്യാവശ്യമാണ്. ഈ പരിശീലനം അന്നത്തേക്കു സഹായകമാകും - എത്രമാത്രം അശാസ്ത്രീയവും അബദ്ധജഡിലവുമായ ഉപദേശം! എങ്കിലും ഏതാണ്ടു നാലുവർഷം ഈ നിയമം കർശനമായി പാലിച്ചു. സാവകാശം ഇതു കഥയില്ലാക്കഥയാണെന്നു ബോധ്യപ്പെട്ടപ്പോൾ, അതിനെ ലംഘിക്കുക പതിവായി. അപ്പോഴേക്കും ഫിലോസഫി, തിയോളജി എന്ന രണ്ടു കമ്മ്യൂണിറ്റികളായി മാത്രം വേർതിരിച്ചു. ചുരുക്കത്തിൽ, ജോസുമായുള്ള യഥാർഥ ബന്ധം തുടങ്ങുന്നതു വൈദികനായി കഴിഞ്ഞിട്ടാണ്. ആദ്യം നിക്ളസിന്റെ സുഹൃത്തായി; പിന്നെ സാവകാശം ഞങ്ങളുടെ സുഹൃത്തായി മാറി. അങ്ങനെ ഞങ്ങൾ മൂവരും വലിയ സുഹൃത്തുക്കളായി. ഏതാണ്ടു രണ്ടു മാസത്തിലൊരിക്കൽ ഓരോരുത്തരുടെയും ഇടവകയിൽ മറ്റു രണ്ടുപേർ വരികയും പലപ്പോഴും കുറച്ചു ദിവസങ്ങൾ തന്നെ തങ്ങി ഇടവകനവീകരണപ്രവർത്തനങ്ങളിൽ ഇടപെടുക സാധാരണയായി. ഞങ്ങൾ നല്ല സുഹൃത്തുക്കളെന്നു കൊല്ലം-തിരുവനന്തപുരം രൂപതകളിലെ വൈദികർക്കും ഒത്തിരിയേറെ ഇടവകജനങ്ങൾക്കും അറിയാമായിരുന്നു. 'ത്രിമൂർത്തികൾ' എന്നു ചില വൈദികർ കളിയാക്കി വിളിക്കുമായിരുന്നു.

ജോസുമായുള്ള ബന്ധം ഒത്തിരി എന്നെ വളർത്തി. ഒന്നു രണ്ടു കാര്യങ്ങൾ മാത്രം കുറിക്കട്ടെ. മുമ്പു സൂചിപ്പിച്ചിട്ടുള്ളതുപോലെ കൊല്ലം രൂപതയിലെ ചെറു വൈദിക സംഘം രൂപത-ഇടവക നവീകരണത്തിനായി പല പരീക്ഷണങ്ങളും ആത്മാർഥമായി നടത്തിയവരാണ്. അവിടെയെങ്ങും തൃപ്തി കണ്ടെത്താൻ സാധിച്ചില്ല. ആരാധനാക്രമത്തിൽ സജീവ പങ്കാളിത്തം, സാമൂഹ്യപ്രവർത്തനം, ബോധവൽക്കരണ ക്ലാസുകളൊക്കെ നടത്തിയിട്ടും സാമൂഹ്യമാറ്റമുണ്ടാകുന്നില്ല. ഇനിയെന്ത് എന്ന ചോദ്യം ഞങ്ങൾ ഗൗരവമായി ഉന്നയിക്കുന്ന കാലം. ഞങ്ങളുടെ കൂട്ടത്തിൽ ജോസിനാണു ബാംഗ്ലൂരിൽ ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ മൂന്നു മാസത്തെ community organisation എന്ന കോഴ്സിൽ സംബന്ധിക്കാൻ ആദ്യം അവസരം കിട്ടിയത്. അന്നു ളോഹ ഇട്ടു ബാംഗ്ലൂരിൽ പോയ ജോസ് സിവിൽ ഡ്രസിൽ തിരികെവന്നു എന്നു ഞങ്ങൾ കളിയാക്കിപ്പറയുമായിരുന്നു.

അന്നു ഞാൻ ഇലവുംതിട്ടയിലും ജോസ് കൊഴുവല്ലൂരിലുമാണ് ഇടവകവികാരികൾ. ഇതു രണ്ടും ഭൂമിശാസ്ത്രപരമായി അടുത്ത സ്ഥലങ്ങളും. ഞങ്ങൾ പലവട്ടം ഒന്നിച്ചുകൂടി ബാംഗ്ലൂരിൽ പഠിച്ച കാര്യങ്ങൾ ചർച്ച ചെയ്യുമായിരുന്നു. അതിന്റെ പരിണിത ഫലമായി രൂപപ്പെട്ട ഒരു പ്രായോഗിക പരിപാടിയായിരുന്നു മുൻ സൂചിപ്പിച്ചിട്ടുള്ള മാവേലിക്കര

കേന്ദ്രമായി ആരംഭിച്ച 'പരിവർത്തനത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം.' ബോധവൽക്കരണത്തിൽ നിന്നും സംഘാടനത്തിലേക്കും സമരമുഖത്തിലേക്കും എന്ന ചിന്ത സജീവമായതു, ജോസുമായുള്ള നിരന്തര സംവാദത്തിലൂടെയായിരുന്നു. അങ്ങനെ ജോസുമായുള്ള ഇടപെടലും ചർച്ചയും സംവാദവും എന്റെ ദിശാബോധത്തിൽ തന്നെ വലിയ മാറ്റമുണ്ടാക്കി എന്നു ചുരുക്കം.

എന്റെ വൈദിക ജീവിതത്തിന്റെ ആരംഭത്തിൽ (1970 കളിൽ) കത്തെഴുതുന്ന സ്വഭാവം തീരെ ഇല്ലായിരുന്നു. കത്തുകൾ വന്നാൽ മറുപടി പോലും അയക്കുകയില്ലായിരുന്നു; വളരെ അത്യാവശ്യത്തിനൊഴികെ. ജോസാകട്ടെ വരുന്ന കത്തുകൾക്കു മറുപടി മാത്രമല്ല, ധാരാളം കത്തെഴുതുന്ന ഒരു വ്യക്തിയാണ്. അദ്ദേഹവുമായുള്ള ബന്ധവും അടുപ്പവും എന്നിൽ ബന്ധം ശക്തിപ്പെടുത്തുന്നതിനു വളരെ നല്ല മാർഗം കത്തെഴുതുകയാണ് എന്ന ബോധം വളർത്തി. ഞാനാ പ്രചോദനത്തോടു ഗുണകരമായിത്തന്നെ പ്രതികരിച്ചു. എനിക്കുവരുന്ന എല്ലാ കത്തുകൾക്കും ആശംസകൾക്കും മറുപടി ശീഘ്രം അയക്കുന്ന രീതി ഞാൻ അവലംബിച്ചു. മാത്രമല്ല, പലർക്കും പല അവസരത്തിലും കത്തയക്കാനും തുടങ്ങി. സാവകാശം ഇതൊരു കലയായി. പലർക്കും ആശ്വാസവും ശക്തിയും പകരുന്ന കത്തുകൾ അയയ്ക്കുന്ന ശൈലി മുഖ്യധാരാ വൈദിക ശുശ്രൂഷയിൽ ആയിരുന്നപ്പോഴും അങ്ങനെ അല്ലാതിരുന്ന ഏതാണ്ടു 16 വർഷവും തുടർന്നു. ഇക്കഴിഞ്ഞ 6,7 വർഷങ്ങളായി അങ്ങനെ കത്തെഴുതാറില്ല. അതിനു പല കാരണങ്ങളുണ്ട്. പല വശങ്ങളിൽ നിന്നുമുള്ള ഒറ്റപ്പെടൽ, എന്റെ പുതിയ നിലപാടിന്റെ വെളിച്ചത്തിൽ പഴയ സുഹൃത്തുക്കളുടെ പൊഴിഞ്ഞുപോകൽ, സുഹൃദ്വലയത്തിന്റെ ചുരുങ്ങൽ, പ്രത്യയശാസ്ത്രപരമായി സംവദിക്കാൻ ഓറ മാസികവഴിയുള്ള സാധ്യത — ഒക്കെയാകണം ഇപ്പോൾ കത്തിടപാടിൽ അൽപ്പം പിന്നോട്ടായത്. എങ്കിലും സാമൂഹ്യ പ്രശ്നങ്ങളോടു പ്രതികരിച്ചുകൊണ്ടു ബന്ധപ്പെട്ട വ്യക്തികൾക്ക് ഇന്നും കത്തുകൾ അയക്കുന്നുണ്ട്. ഉദാഹരണത്തിനു, സ. ഗൗരിയമ്മയെ മാർക്സിസ്റ്റു പാർട്ടിയിൽ നിന്നു പുറത്താക്കാൻ നീക്കം നടത്തിക്കൊണ്ടിരിക്കുന്ന സമയത്ത് സ. ഇ എം എസിനു എന്റെ വ്യക്തമായ അഭിപ്രായം കാണിച്ചു കത്തയച്ചിരുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി പ്രത്യേകിച്ചു കഴിഞ്ഞ മൂന്നര വർഷങ്ങളായി കേരളത്തിൽ സി പി ഐ (എം) ൽ നടന്നു വരുന്ന പ്രശ്നങ്ങളുടെ ഫലം ഏതു രീതിയിൽ കേരള ജനതയെയും സി പി ഐ (എം) എന്ന പാർട്ടിയെയും ബാധിക്കുമെന്നും അതു പരിഹരിക്കാനുള്ള മാർഗമെന്തെന്നും കാണിച്ചുകൊണ്ട് ദേശീയ സെക്രട്ടറി സ. പ്രകാശ് കാരാട്ടിന് അഞ്ചു കത്തുകളയച്ചിരുന്നു. സ. സോമനാഥ് ചാറ്റർജി സ്പീക്കർ ആയിരിക്കെ പാർട്ടിയുടെ താൽപ്പര്യത്തിനു വിരുദ്ധമായി നീങ്ങിയപ്പോൾ അതു ശരിയല്ല, ചരിത്രം അദ്ദേഹത്തിനു മാപ്പു തരില്ല എന്നു കാണിച്ചുകൊണ്ട് കത്തയച്ചു. ഇങ്ങനെ ഇപ്പോഴും ചില അവസരങ്ങളിൽ

സാമൂഹ്യപ്രശ്നങ്ങളെ ആസ്പദമാക്കിയും, വ്യക്തിഗതമായി വരുന്ന കത്തുകൾക്ക് ആവശ്യകതയും പ്രാധാന്യവുമുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിലും, കത്തെഴുതാറുണ്ട്. ഈ രീതി എന്നിൽ വളർത്താൻ ഏറ്റവും വലിയ പ്രചോദനം ജോസായിരുന്നു എന്നതിനെ അഭിമാനപൂർവമാണ് ഓർക്കുക.

ഇവിടെ ഒരു കാര്യംകൂടി പറയട്ടെ. 1987 ഫെബ്രുവരി ഒന്നു മുതൽ, രണ്ടു മാസത്തെ ഔദ്യോഗിക അവധി കഴിഞ്ഞു തിരിച്ചു വന്നപ്പോൾ, ബിഷപ്പ് എനിക്ക് അപ്പോയ്മെന്റ് തന്നില്ല. എവിടെ താമസിക്കും, എങ്ങനെ ജീവിക്കും - ഒക്കെ പ്രശ്നമായിരുന്ന കാലം. അവിടെ എന്റെ മൂത്ത സഹോദരൻ ശ്രീ. അലോഷ്യസ് ഡി ഫെർണാണ്ടസ് രണ്ടു കൈയും തുറന്നു എന്നെ സ്വീകരിച്ചു. എങ്കിലും അവിടെയല്ലല്ലോ ഞാൻ സ്ഥിരം താമസിക്കേണ്ടത് എന്ന വ്യക്തത എനിക്കുണ്ടായിരുന്നു. ആ ദിവസങ്ങളിൽ ജോസിന്റെ മനോഹരമായ, ഹൃദയ സ്പർശിയായ ഒരു കത്തു കിട്ടി. അതിന്നും ഞാൻ സൂക്ഷിച്ചു വച്ചിട്ടുണ്ട്. ചുരുക്കമിതാണ്. കഴിഞ്ഞ 16 വർഷം 5 ഇടവകകളിൽ നിറഞ്ഞു നിന്ന, ജനങ്ങളുടെ നിരവധിയായ പ്രശ്നങ്ങളിൽ ജനങ്ങളോടൊപ്പം യാത്ര ചെയ്ത, ഏതു വൈദികന്റെയും കന്യാസ്ത്രീയുടെയും പ്രശ്നത്തിൽ ത്യാഗബുദ്ധ്യാ നിരന്തരം ഇടപെട്ടിരുന്ന, സദാ സജീവമായിരുന്ന എനിക്കു ഔദ്യോഗിക ചുമതലകളൊന്നും ഇല്ലാത്ത അവസ്ഥ എന്തു അഗാധമായ ആഘാതമായിരിക്കും മനസിൽ ഉണ്ടാക്കുക. നമുക്കു ഒത്തിരുന്നു ഹൃദയവികാരം പങ്കുവെയ്ക്കാം. ധൈര്യമായിരിക്കണം. ഇതായിരുന്നു ആ കത്തിന്റെ ഉള്ളടക്കം.

നിക്ളസും ജോസും ഞാനും തമ്മിൽ വലിയ സൗഹൃദബന്ധമായിരുന്നു എന്നു നേരത്തെ സുചിപ്പിച്ചല്ലോ. ജോസ് നല്ല വാഗ്മിയാണ്. പ്രസംഗം ആവേശജനകമാണ്. നിക്ളസ് നല്ല ചിന്തകനും പ്രസംഗകനുമാണ്. ഞങ്ങൾ മൂന്നുപേരും നല്ല സംഘാടകരും. പ്രസംഗകലയിൽ മുന്നോട്ടു നീങ്ങാൻ, പെരുന്നാളിനും മറ്റും എന്നെ പ്രസംഗിപ്പിച്ചു, അതു കഴിഞ്ഞ് രണ്ടുപേരും വസ്തുനിഷ്ഠമായി വിലയിരുത്തൽ നടത്തി എന്നെ പ്രോത്സാഹിപ്പിക്കുമായിരുന്നു. രണ്ടു മാസത്തിൽ രണ്ടു-മൂന്നു ദിവസം മൂവരിൽ ഒരാളിന്റെ വീട്ടിൽ കൂടി പ്രവർത്തനവും ജീവിതംപങ്കുവെക്കലും ഏതാണ്ടു കൃത്യമായി നടക്കുന്നുണ്ടായിരുന്നു. ഒരു പ്രാവശ്യം നിക്ളസിന്റെ ഇടവകയായ നെല്ലിമൂടു എന്ന സ്ഥലത്തു കൂടിയ ഒരു രാത്രി പരസ്പരം പങ്കുവച്ചുകൊണ്ടിരിക്കെ ഞാൻ പറഞ്ഞു: 'നിങ്ങൾ രണ്ടു പേരും വലിയ വാഗ്മികൾ. ഒത്തിരി കഴിവുള്ളവർ. ഞാനോ വിക്കൻ. കാര്യം നേരെ ചൊവ്വേ പറയാൻ പറ്റാത്തവൻ.' അവർ രണ്ടു പേരുടെയും പ്രതികരണം തികച്ചും വ്യത്യസ്തമായിരുന്നു. ജോസ് പറഞ്ഞു: 'ഇന്നു താനും ഞാനും ഇലവുംതിട്ടയിൽ നിന്നും കൊഴുവല്ലൂരിൽ നിന്നും വൈകിട്ടിവിടെ എത്തി. താൻ രാവിലെ അവിടെനിന്നു വിട്ടിട്ടു വാളകത്തുള്ള സുഹൃത്തിന്റെ വീട്ടിൽ കയറി സൗഹൃദം പുതുക്കി, കൊട്ടാരക്കര മഠത്തിൽ കയറി പ്രാതൽ കഴിച്ചു ഫ്രെഷായി, തിരുവനന്തപുര

ത്തുള്ള ഏതാണ്ടു 5–6 സ്ഥാപനങ്ങളിൽ കയറി ബന്ധം പുതുക്കി 4 മണിക്ക് നെല്ലിമൂട്ടിലെത്തി. ഞാനോ രാവിലെ പ്രാതൽ കഴിഞ്ഞു ബസു കയറി പന്തളം, തുടർന്നു തിരുവനന്തപുരത്തെത്തി ഹോട്ടലിൽ നിന്നു ഉച്ചഭക്ഷണം. തുടർന്നു നെല്ലിമൂട്ടിലേക്കു ബസുകയറി 4.30ന് ഇവിടെ എത്തി. നിന്റെ ഹൃദയത്തിന്റെ വലിപ്പം കൊണ്ടാണു ഇത്രയും ബന്ധങ്ങൾ ഒരൊറ്റ ദിവസത്തിൽത്തന്നെ പുതുക്കാനും ശക്തിപ്പെടുത്താനും സാധിച്ചത്.' തുടർന്നു നിക്ളസ്, അന്നു ഞങ്ങൾ എത്തിയിട്ടു സന്ദർശിച്ച വീട്ടിലെ അനുഭവകഥ ഇങ്ങനെ വിവരിച്ചു: 'എനിക്കു പരിചയമുള്ളതും നിങ്ങൾ രണ്ടു പേർക്കും അറിഞ്ഞു കൂടാത്തതുമായ കുടുംബത്തെയാണു നാം സന്ദർശിച്ചത്. എത്ര വേഗമാണു അലോഷ്യസ് ആ കുടുംബത്തിലെ അംഗമായി മാറിയത്. ഏതാണ്ട് ഒരു വർഷമായി പരിചയമുള്ള ഞാനും ഇന്നു കണ്ട ജോസും സന്ദർശനമുറിയിൽത്തന്നെ ആദ്യന്തം ഇരുന്നു. താനോ വളരെവേഗം അവരുടെ അടുക്കളയിൽ എത്തി എല്ലാവരുമായി കുശലം പറഞ്ഞു അവരിൽ ഒരാളായി മാറി. വിചിത്രമെന്നു പറയട്ടെ, കാപ്പി സൽക്കാരത്തിന്റെ വിഭവങ്ങൾ അവരോടൊപ്പം സന്ദർശനമുറിയിൽ കൊണ്ടുവരുന്നതിൽ താനും കൂടി. അവർക്ക് അതെല്ലാം എന്ത് ഇഷ്ടമായി. അവസാനം ഇനിയുംവരണമെന്നുപറഞ്ഞപ്പോൾ, അവരുടെ എല്ലാവരുടെയും ശ്രദ്ധ തന്നിലായിരുന്നു. എന്താണിതു കാണിക്കുന്നത്? തന്റെ കഴിവ് അപാരമെന്നല്ലേ.' ഞങ്ങൾ ഈ രീതിയിൽ രാത്രി കുറച്ചേറെ സംസാരിച്ചു. ഫലമോ? എന്റെ അപകർഷകതാബോധത്തെ ഞാൻ അതിജീവിച്ചു. ഓരോ വ്യക്തിക്കും അവന്റേതായ/ അവളുടേതായ കഴിവുകളും ശേഷികളുമുണ്ട്. അതംഗീകരിച്ച് ജീവിക്കുകയാണ് സുഖകരമായ ജീവിതത്തിനാധാരം. തുടർന്നു പ്രസംഗകലയിൽ പ്രത്യേകം ശ്രദ്ധിച്ചു. ഇപ്പോൾ ഞാൻ ഏതാണ്ട് നല്ല രീതിയിൽ പ്രസംഗിക്കും എന്നു എനിക്കു തോന്നുന്നു. ജോസിന്റേയും നിക്ളസിന്റേയും വേദിയിൽപ്പോലും. ഇതിനു കളമൊരുക്കിയതു ഞങ്ങളുടെ സൗഹൃദബന്ധമാണ്.

ജോസുമായുള്ള അനേകവർഷത്തെ ബന്ധജീവിതത്തിൽ ഞങ്ങൾ പരസ്പരം അനുഭവിച്ച ഊഷ്മള സന്ദർഭങ്ങൾ അനേകമാണ്. ഒത്തു പ്രവർത്തിച്ച അവസരങ്ങൾ അവിസ്മരണീയമാണ്. വാല്യങ്ങൾ എഴുതിയാലും തീരാത്ത അനുഭവങ്ങളാണുള്ളത്. അതിലേക്കൊന്നും ഇപ്പോൾ പോകുന്നില്ല. എന്റെ വളർച്ചയുടെ വഴിയിൽ ജോസ് പല രീതിയിൽ തുണയായിട്ടുണ്ട്, കൂടെ നടന്നിട്ടുണ്ട്. അവയെയൊക്കെ സ്നേഹത്തോടെയാണ് ഓർക്കുക.

ഫാ. സോളമനുമായുള്ള എന്റെ സൗഹൃദം തുടങ്ങുന്നതു അദ്ദേഹം കടയ്ക്കൽ വികാരി ആയിരിക്കുമ്പോഴാണ്. പക്ഷേ, ബന്ധം ശക്തമാകുന്നത് യങ് പ്രീസ്റ്റ്സ് അസോസിയേഷൻ (വൈ പി എ) തുടങ്ങിയതോടെയാണ്. ഫാ. ഈറാണിമൂസ് കൊല്ലം രൂപതയിലെ സമർഥനായ ഒരു സീനിയർ വൈദികനാണ്. അദ്ദേഹത്തിന്റെ ഫീസ്റ്റിനു ഞങ്ങൾ 30 ഓളം

സുഹൃദ് വൈദികർ, അദ്ദേഹം ജോലി നോക്കികൊണ്ടിരുന്ന ഇടവകയായ ശക്തികുളങ്ങര എത്തിയിട്ടുണ്ട്. കുശലങ്ങളും താമശകളും കഴിഞ്ഞു രാത്രി അത്താഴത്തിനു നേരമായി. വിഭവസമൃദ്ധമായ ഊണ്. ആദ്യത്തെ സൂപ്പും ഒരു ഡിഷും കഴിഞ്ഞപ്പോൾ ഈറാണിമൂസച്ചന്റെ അസിസ്റ്റന്റച്ചൻ ഒരറ്റത്തുനിന്നേ വിദേശമദ്യം വിളമ്പികൊടുത്തുകൊണ്ട് വരുകയാണ്. എന്റെ അടുത്തുവന്നപ്പോൾ എനിക്കു മദ്യം വേണ്ട എന്നു പറഞ്ഞു. 'അൽപ്പം-കമ്പനി സേക്കിനു മാത്രം' എന്നായി. അതിനു ഞാൻ ഇങ്ങനെ പ്രതികരിച്ചു: 'കമ്പനി സേക്കിനല്ലേ ഞാൻ സൂപ്പു കുടിച്ചത്, ഡിഷ് ഭക്ഷിച്ചത്. ഇനിയും മറ്റു ആഹാരപദാർഥങ്ങൾ കഴിക്കൻ പോകുന്നത്. മദ്യം കുടിച്ചാലേ കമ്പനി സേക്ക് ആകുകയുള്ളോ?' സംസാരം പലരും ശ്രദ്ധിച്ചു. എന്റെ അടുത്തിരുന്നത് ജോസാണ്. ജോസും മദ്യം നിഷേധിച്ചു. നാലഞ്ചുപേർ കഴിഞ്ഞിരുന്നത് ഫാ. സോളമനാണ്. അസിസ്റ്റന്റച്ചൻ സോളമന്റടുത്തു ചെന്നപ്പോൾ സോളമൻ പറഞ്ഞു: 'ഞാൻ മദ്യപിച്ചിട്ടുണ്ട്. ഇപ്പോഴും എടുക്കുന്നതിൽ വിരോധമില്ല. പക്ഷേ കമ്പനി സേക്ക് എന്നു പറഞ്ഞു നിർബന്ധിക്കാൻ ശ്രമിച്ചതിനോടുള്ള എന്റെ പ്രതിഷേധമായി ഇന്നെനിക്കു മദ്യം വേണ്ട.' തുടർന്നു മുന്നോട്ടു പോയപ്പോൾ ഫാ. സെബാസ്റ്റ്യൻ ജോർജും ഫാ. പി സാംസണും മദ്യം വേണ്ടെന്നു പറഞ്ഞു സ്വീകരിച്ചില്ല. ആഹാരം കഴിഞ്ഞു ഞങ്ങൾ അഞ്ചുപേർ കൂടി തീരുമാനിച്ചു. ഞങ്ങൾ ആതിഥേയരാകുന്ന ഡിന്നറിൽ മദ്യം വിളമ്പുകയില്ല. ഞങ്ങൾ മദ്യം ഉപയോഗിക്കുകയുമില്ല. ഈ തീരുമാനം ശക്തമായിരുന്നു. ഞങ്ങൾ അങ്ങനെ തന്നെ തുടർന്നും ചെയ്തു. അന്നുവരെ കൊല്ലം രൂപതയിൽ ആഹാരത്തോടൊപ്പം മദ്യം വിളമ്പുന്നതു സാധാരണമായിരുന്നു. ഞങ്ങളുടെ ഈ ഇടപെടൽ, തുടർന്നു നടന്ന ഫീസ്റ്റുകളിൽ മാറ്റമുണ്ടാക്കി. പല വൈദികരും മദ്യത്തിന്റെ ഉപയോഗം നിറുത്തി. വളരെ ചുരുക്കം പേർക്കു ഇതു കിട്ടിയേ പറ്റൂ. അവരെ ഒറ്റയ്ക്കു വിളിച്ചു മദ്യം കൊടുത്തിട്ട് എല്ലാവർക്കും ഭക്ഷണം കൊടുക്കുന്ന രീതി കൊല്ലത്തു സംജാതമായി. ഞങ്ങൾ അഞ്ചുപേരിൽ സോളമനും സാംസനും മരണംവരെയും ബാക്കി മുകളിൽ സൂചിപ്പിച്ച ഞങ്ങൾ മൂന്നു പേരും ഇന്നുവരെയും ഈ വാക്കുപാലിച്ചു പോരുന്നു. ഈ സംഭവത്തിലൂടെയാണു സോളമനച്ചനുമായി കൂടുതൽ അടുക്കുന്നത്.

അദ്ദേഹം പത്തനംതിട്ടയിലും ഞാൻ ഇലവുംതിട്ടയിലും ഏതാണ്ടു ഏഴുവർഷം. അവിടെനിന്നു കൊല്ലത്തേക്കും മറ്റുമുള്ള മിക്കയാത്രകളും ഞങ്ങൾ ഒന്നിച്ചാണു നടത്തിയിരുന്നത്. ഒന്നുകിൽ ഞാൻ പത്തനംതിട്ടയിൽ എത്തും അല്ലെങ്കിൽ സോളമനച്ചൻ ഇലവുംതിട്ടിയിൽ വരും — പിന്നെ രണ്ടുപേരും ഒത്തു അദ്ദേഹത്തിന്റെ ബുള്ളറ്റിൽ യാത്ര. ആ യാത്ര എന്തുമാത്രം സുരക്ഷിതമായിരുന്നു. ബൈക്ക് യാത്രയിൽ അദ്ദേഹത്തിന്റെ മുതുകിലേക്കു ചാരിയിരുന്ന് പലവട്ടം ഉറങ്ങിയിട്ടുണ്ട്. വീഴാഞ്ഞതു ഭാഗ്യം എന്നു ഇപ്പോൾ പറയാമെങ്കിലും, ബൈക്കിൽ അദ്ദേഹത്തിന്റെ പിന്നിൽ ഭയലേശമന്യേ ഇരിക്കാമായിരുന്നു എന്നതു അനുഭവം.

സോളമനുമായിട്ടുള്ള ബന്ധത്തിൽ വാല്യങ്ങൾ തന്നെ എഴുതാനുണ്ട്. ധാരാളം ഹൃദയസ്പർശിയായ അനുഭവങ്ങളുണ്ട്- മുഖ്യധാരയിൽ ഇടവകയിൽ ആയിരുന്നപ്പോഴും, അതു വിട്ടു ഭൂമിയിൽ ഊന്നി ജീവിച്ചപ്പോഴും. വൈദികരുടെ സ്ഥലമാറ്റ ചടങ്ങുകളോടനുബന്ധിച്ചു യാത്രയയപ്പുയോഗം, പുതിയ സ്ഥലത്തേക്കു പഴയ സ്ഥലത്തെ ആളുകൾ അനേകം കാറുകളുടെ അകമ്പടിയോടെ കൊണ്ടാക്കൽ എന്നിവ ഏതാണ്ടു അലിഖിത നിയമംപോലെ പരമ്പരഗതമായി നടന്നിരുന്നു. സ്വന്തം പൈസ മുടക്കി 100 കാറുകളുടെ അകമ്പടിയോടെ പുതിയ സ്ഥലത്തു ചാർജ് എടുക്കാൻ പോയ അച്ചന്മാർവരെ ഉണ്ടായിരുന്ന കാലം. ഇതിനൊരു മാറ്റം വരുത്തണമെന്നു ഞങ്ങൾ തീരുമാനിച്ചു. ആദ്യം സോളമനച്ചന്റെ സ്ഥലം മാറ്റം. സോളമനച്ചന്റെ മോട്ടോർ സൈക്കിളിൽ പുതിയ സ്ഥലത്തേക്കു വരുന്നു. അടുത്ത സ്ഥലത്തേക്കു മോട്ടോർ സൈക്കിളിൽ പോകുന്നു. ഇലവുംതിട്ടയിൽ നിന്നും പത്തനംതിട്ടയിൽ ഞാൻ എത്തിയതും ഒറ്റയ്ക്ക് എന്റെ മോട്ടോർ സൈക്കിളിൽ. പൗരോഹിത്യത്തിന്റെ ജൂബിലി രണ്ടു സഹവൈദികർ ഗംഭീരമായി ആഘോഷിച്ചപ്പോൾ, സോളമനച്ചനാകട്ടെ രണ്ടു വർഷത്തെ അവധി എടുത്തു വടക്കേയിന്ത്യയിൽ ആദിവാസികളോടൊപ്പം താമസിച്ചു. ഇങ്ങനെ വേറിട്ടതും അർഥ സമ്പുഷ്ടവുമായ സോളമനച്ചന്റെ പ്രവർത്തനങ്ങളാണ് എന്നെ അദ്ദേഹവുമായി കൂടുതൽ കൂടുതൽ അടുപ്പിച്ചത്.

ആർക്ക് ഇഷ്ടപ്പെട്ടാലും ഇഷ്ടപെട്ടില്ലെങ്കിലും ശരിയെന്നു ബോധ്യമായതു പറയും, അതു നടപ്പിലാക്കുകയും ചെയ്യും. ബോധ്യം വരുത്താൻ നന്നേ പരിശ്രമിക്കുകയും ചെയ്യും. അദ്ദേഹത്തിന്റെ വായനയും വിചിന്തനവും ഇടതുപക്ഷരാഷ്ട്രീയ ധാരയിലേക്കു നീങ്ങുന്ന കാലം. എത്ര എത്ര മീറ്റിങ്ങുകളിലും സെമിനാറുകളിലും റഷ്യയിൽ നടക്കുന്ന ഏകാധിപത്യത്വരയും മറ്റും ചർച്ചയ്ക്ക് എടുത്തിട്ടുകൊണ്ടു സത്യാന്വേഷണം നടത്തിയതു ചരിത്രവസ്തുത. ഇടതുപക്ഷ രാഷ്ട്രീയവും യേശുദർശനവും തമ്മിൽ സത്താപരമായ സമാനതയുണ്ടെന്നു മനസിലാകുന്നിടംവരെയുള്ള ഗൗരവതരമായ വായനയും വിചിന്തനവും ചർച്ചകളും അദ്ദേഹത്തിന്റെ സ്വന്തം. ബോധ്യപ്പെട്ടു കഴിഞ്ഞാൽ, അതിൽ എന്തു വില കൊടുത്തും ഉറച്ചു നിൽക്കും. നാമൊക്കെ പൊതുവേ ഏതു രാഷ്ട്രീയക്കാർവന്നാലും ചെറിയ സംഭവാനകൊടുത്തു പറഞ്ഞയയ്ക്കുകയാണ് പതിവ്. സോളമനച്ചൻ അങ്ങനെയല്ല. വലതുപക്ഷക്കാർ വന്നാൽ അവരെ സ്നേഹപൂർവം സ്വീകരിച്ചു ഇരുത്തിയിട്ട് എങ്ങനെയാണവർ സത്യത്തിൽ ജനപക്ഷത്തല്ല എന്നു സാവകാശബുദ്ധ്യാ വിശദമാക്കിയിട്ട്, താൻ വിശ്വസിക്കുന്ന ഇടതുപക്ഷത്തിനേ സംഭാവനകൊടുക്കൂ എന്നു താത്വികമായി പറഞ്ഞു മനസിലാക്കിയിട്ട്, വെറുംകൈയോടെ പറഞ്ഞുവിട്ട അനുഭവകഥകളെത്ര. ആത്മാർഥമായി അന്വേഷിക്കുക, കിട്ടുന്ന വെളിച്ചത്തോടു വിശ്വസ്തത പാലിക്കുക എന്നതു എന്റെ ജീവിത ലക്ഷ്യമാണ്. അതിനു പ്രചോദനമായതു ഫാ. സോളമന്റെ ജീവിതമാണ്.

കൊച്ചുമോൾ എന്റെ കൂട്ടുകാരിയാണ്. ഞങ്ങളുടെ ബന്ധം വളർന്നു വന്നത് ഒരു നീണ്ട പ്രക്രിയയിലൂടെയാണ് - ഏതാണ്ടു 33 വർഷത്തെ. ഈ ബന്ധത്തെപ്പറ്റി പ്രസ്ഥാനത്തിൽ കൂടെ ഉണ്ടായിരുന്നവർക്കൊക്കെ അറിയാമായിരുന്നു. നേതൃത്വത്തിൽ ഇരുന്നവരുമായി തുറന്ന ചർച്ചയും നടത്തിയിട്ടുണ്ട്. 1988 ൽ ഞാൻ അമേരിക്കയിൽ ഉപരിപഠനാർഥം രണ്ടു വർഷത്തേക്കു പോയപ്പോൾ, കൊച്ചുമോൾ എം ജെ എം സെന്ററിലെ പ്രവർത്തകയാണ്. (ആ കാലയളവിൽ അവർ കൊച്ചുമോളെ അവഹേളിച്ചിരുന്നു. ഞാൻ അയയ്ക്കുന്ന കത്തുകൾപൊട്ടിച്ചു വായിച്ചിട്ടു കൊടുക്കുകയോ, കൊടുക്കാതിരിക്കുകയോ ചെയ്യുക, കൊള്ളിച്ചു സംസാരിക്കുക - ഇങ്ങനെ പലതും.) 1990 ൽ തിരിച്ചു വന്നിട്ടു ഫാ. തോമസ് കോച്ചേരിയുടെ നേതൃത്വത്തിൽ സരോവരയിൽ വച്ചു എം ജെ എമ്മിന്റെ വിലയിരുത്തൽ നടന്നു. അവിടെ ചെറുതും വലുതുമായ ധാരാളം കാര്യങ്ങൾ ചർച്ച ചെയ്തു. ബന്ധജീവിതം സമ്പന്നമാക്കേണ്ടതിനെപ്പറ്റി ഒത്തിരി പറഞ്ഞു. പക്ഷേ, ആരും കൊച്ചുമോളും ഞാനും തമ്മിലുള്ള ബന്ധം അവരുടെ ഇടയിൽ ബുദ്ധിമുട്ടുണ്ടാക്കിയെന്നു തുറന്നു പറഞ്ഞില്ല. അവസാനം ഞാൻ തന്നെ ഈ വിഷയം ചർച്ചയ്ക്കെടുത്തിട്ടു. ഈ ബന്ധത്തിന്റെ കാര്യം തുടക്കത്തിലേ ചർച്ച ചെയ്തിട്ടുള്ളതും ക്രിയാത്മകമായി കണ്ടിരുന്നതും ഓർമിപ്പിച്ചു. എന്നാൽ അന്നു നേതൃത്വത്തിലിരുന്ന രണ്ടു പേരുൾപ്പടെ ഈ ബന്ധത്തെ നിഷേധാത്മാകമായാണു കണ്ടത്. അവിടെ കോച്ചേരിയച്ചനും സോളമനച്ചനും വ്യത്യസ്തമായ നിലപാടാണു എടുത്തത്. സോളമനച്ചൻ തന്റെ നിലപാട് ഇങ്ങനെ വ്യക്തമാക്കി. ഈ ബന്ധത്തെ ഒരു കാരണവശാലും നിഷേധത്മകമായല്ല കാണേണ്ടത്. ഇവർ തമ്മിൽ ആരോഗ്യകരമായ ബന്ധം കൂടുതൽ പോഷിപ്പിക്കാൻ നാമെല്ലാവരും സഹകരിക്കുകയാണു വേണ്ടത്. ബന്ധജീവിതത്തെ ശക്തിപ്പെടുത്തണമെന്നുള്ള പൊതുതീരുമാനം എടുത്തതിനു ശേഷം ബന്ധത്തോടുള്ള ഈ നിഷേധാത്മക സമീപനത്തിൽ കാപട്യമുണ്ട്. ഈ ബന്ധത്തെ ശക്തിപ്പെടുത്താൻ കൂടെയുണ്ട് എന്നുപറഞ്ഞാണു സോളമനച്ചൻ സംസാരം അവസാനിപ്പിച്ചത്.

ജനജാഗൃതി ആരംഭിച്ചത് 1990 ലാണ്. ഏതാണ്ട് ആരംഭം തൊട്ടേ കൊച്ചുമോൾ ജനജാഗൃതിയിലുണ്ട്. 1993 ൽ മാർച്ച് എട്ട് അന്തർദേശീയ സ്ത്രീ ദിനത്തിലെ പൊതുയോഗത്തിൽ കടമ്പനാട് ഏഴാം മൈലിൽ പ്രസംഗിക്കാൻ കൊച്ചുമോളെയും എന്നെയും ക്ഷണിച്ചിരുന്നു. ഞങ്ങൾ രണ്ടുപേരും മോട്ടോർ സൈക്കിളിൽ നേരത്തെ തന്നെ യോഗസ്ഥലത്തെത്തി. അന്നു രാത്രി സരോവരയിൽ സോളമനച്ചന്റെയടത്തു താമസം എന്നു നേരത്തെ പറഞ്ഞിട്ടുണ്ട്. യോഗം നടന്നു. നല്ല ജനകീയ പങ്കാളിത്തം ഉണ്ടായിരുന്ന യോഗം. കടമ്പനാട്ടുമായി നേരത്തെ ഉണ്ടായിരുന്ന ബന്ധം കാരണം അവിടെയുണ്ടായിരുന്ന ഒട്ടുമിക്കവരെയും എനിക്കറിയാമായിരുന്നു. അവർക്കൊക്കെ ഞാൻ പഴയ അച്ചനാണ്. മീറ്റിങ് തീർന്നപ്പോൾ അവരുടെ മുമ്പിൽവച്ചു രണ്ടുപേരും മോട്ടോർ സൈക്കിളിൽ കയ

റിപോരുന്നതു അവരിൽ ആശയക്കുഴപ്പം ഉണ്ടാക്കുമെന്നു കരുതി, കൊച്ചു മോളെ ബസിൽ കടമ്പനാട്ടു വടക്കു ഇറങ്ങാൻ നിർദേശം കൊടുത്തു. പുറകേ ഞാൻ മോട്ടോർ സൈക്കിളിൽ പോയി. കടമ്പനാട്ടു വടക്കു എത്തി കൊച്ചുമോളെയും കൂട്ടി ഞങ്ങൾ രാത്രി സരോവരയിൽ എത്തി. അത്താഴം കഴിച്ചുകൊണ്ടിരിക്കെ നടന്ന സംഭവം വിവരിച്ചു. അതിനു സോളമന്റെ മറുപടി ഇങ്ങനെയായിരുന്നു: 'ഏഴാം മൈലിൽ നിന്നുതന്നെ നിങ്ങൾ രണ്ടുപേരും മോട്ടർ സൈക്കിളിൽ പോരണമായിരുന്നു. മറ്റുള്ള വർ എന്തുചിന്തിക്കുമെന്നതിനല്ല പ്രാമുഖ്യം. എന്റെ/നിന്റെ/നിങ്ങളുടെ ബോധ്യമാണു പ്രധാനം. നിങ്ങളുടെ ബന്ധത്തെപ്പറ്റി വ്യക്തതയുള്ളതു നിങ്ങൾക്കാണ്. അതു എവിടെയും പ്രകടമാക്കേണ്ടതുണ്ട്.' ഞങ്ങൾക്കു വലിയ ശക്തിപകർന്ന വാക്കുകളാണവ. സോളമനച്ചനും ബേബി മേഴ്സി യുമായുള്ള ബന്ധത്തിൽ ഈ സുതാര്യത് പുലർത്തിയിരുന്നു എന്നതു തന്നെ അതിന്റെ വലുപ്പം.

സരസമായ രീതിയിൽ, ഫലിതം ചേർത്തുകൊണ്ടു ഗഹനമായ കാര്യങ്ങൾ പറയുക സോളമനച്ചന്റെ ശൈലിയാണ്. ഒരനുഭവകഥ. 1974ൽ ഞാൻ ഇലവുംതിട്ട വികാരിയായി. ആറന്മുള, കോട്ട, കൈപ്പുഴ എന്നീ മൂന്നു സ്ഥലങ്ങളിൽ കൂടി ശുശ്രൂഷ നടത്തണം. യാത്രാസൗകര്യം കുറ വാണ്. ബിഷപ്പ് എനിക്കൊരു ഇരുചക്രവാഹനം തരാൻ തീരുമാനിച്ചു. ഏതെടുക്കണമെന്നു ഞാൻ ബിഷപ്പിനെ അറിയിക്കണം. എനിക്കു ഇരു ചക്രവാഹനങ്ങളുടെ നേട്ടക്കോട്ടങ്ങളെപ്പറ്റി പിടിയില്ല. പലരുടെയും ഉപ ദേശം തേടി. അന്നു ഞാൻ തീർത്തും മെലിഞ്ഞിരുന്ന കൊച്ചൊരു മനു ഷ്യൻ. പലരും ഉപദേശിച്ചതു ഭാരം കുറഞ്ഞ ഒന്നോ രണ്ടോ ഗിയറുള്ള ചെറിയ സ്കൂട്ടറായിരുന്നു. ഒരുദിവസം ഒരു മീറ്റിങ്ങിന് ഒത്തുകൂടിയ പ്പോൾ സോളമനച്ചനോടും അഭിപ്രായം ആരാഞ്ഞു. അദ്ദേഹം ഗൗരവ ത്തോടെ പ്രതികരിച്ചു. 'അലോഷ്യസ് വണ്ടിയും ചുമന്നുകൊണ്ടുപോ കാൻ പ്ലാനിടുന്നെങ്കിൽ ഭാരം കുറഞ്ഞ സ്കൂട്ടർ വാങ്ങുക. അതല്ല, വണ്ടി അലോഷ്യസിനെ കൊണ്ടുപോകുന്നതിനെങ്കിൽ എൻഫീൽഡ് ബുള്ളറ്റ് വാങ്ങുക.' എല്ലാവരും കുടാ കുടാ ചിരിച്ചു. പക്ഷേ ഞാൻ ആ നിമിഷം തന്നെ തീരുമാനമെടുത്തുകഴിഞ്ഞു 'ബുള്ളറ്റാണു എന്റെ മോട്ടോർസൈ ക്കിൾ.' അങ്ങനെ ബുള്ളറ്റു വാങ്ങി. അതിൽ ഡ്രൈവിംഗ് പഠിച്ചു. തുടർന്നു ഏതാണ്ടു 33 വർഷം ബുള്ളറ്റു തന്നെയാണു ഉപയോഗിച്ചിരുന്നത്. ബുള്ള റ്റിലുള്ള യാത്ര ഞാൻ ഏറെ ആസ്വദിച്ചാനന്ദിക്കുമായിരുന്നു.

ഏതു ഗൗരവമായ പ്രശ്നത്തിലും സമനില തെറ്റാതെ 'കൂളാ'യി ആളുകളെ കേൾക്കാനും പ്രശ്നം പരിഹരിക്കാനുമുള്ള അദ്ദേഹത്തിന്റെ കാര്യശേഷി വലുതായിരുന്നു. എല്ലാംകൊണ്ടും അനുകരണീയമായൊരു സവിശേഷത.

മറ്റൊരു സംഭവം എന്റെ കൂട്ടുകാരി കൊച്ചുമോളുമായി ബന്ധപ്പെട്ട താണ്. ഏതോ ഒരവസരത്തിൽ ജീവിതപ്രശ്നങ്ങളുടെ കാഠിന്യം കൊണ്ടു ജീവനൊടുക്കാൻ പ്ലാനിട്ടു. സോളമനച്ചനുമായുള്ള അടുപ്പം

കൊണ്ടു ഇക്കാര്യം കൊച്ചുമോൾ അദ്ദേഹവുമായി പങ്കുവച്ചു. സോളമനച്ചന്റെ മറുപടി: 'നീ ആത്മഹത്യ ചെയ്യുന്നതിനുമുമ്പ് എന്റെ സൗകര്യം ഒന്നന്വേഷിക്കണേ. എനിക്കു വന്നു നിന്നെ അടക്കണമല്ലോ.' അച്ചന്റെ ഇത്ര കൂളായ സംസാരം കൊച്ചുമോളുടെ മനസിൽ നിന്നും ആത്മഹത്യ ചെയ്യാനുള്ള ചിന്ത എന്നന്നേക്കുമായി ഓടിമറയാൻ കാരണമായി എന്നാണവർ സാക്ഷ്യം നൽകുന്നത്.

ഇങ്ങനെ നൂറു നൂറു അനുഭവങ്ങൾ എന്നെ സോളമനച്ചനുമായി അടുപ്പിക്കുകയായിരുന്നു.

നിക്ലസും ജോസും സോളമനും ഞാനും പല രീതിയിലും അടുത്തു പ്രവർത്തിച്ചിരുന്നു. നിക്ലസിന്റെ ഇടവകയിൽ ഞങ്ങൾ മൂന്നുപേരും ഒന്നിച്ചുപോയി ധ്യാനം നടത്തിയിട്ടുണ്ട്. ഒന്നിച്ചുള്ള ട്രിപ്പുകൾ പലപ്പോഴും നടത്തിയിട്ടണ്ട്. ഒരിക്കൽ ഞങ്ങളോടൊപ്പം ഫാ.ജോസഫ് തോമസിനെയും കൂട്ടി, മൂന്നു മോട്ടോർ സൈക്കിളിൽ പൂന്തുറയിൽ ഫാ.തോമസ് കോച്ചേരിയും മറ്റു രണ്ടു വൈദികരും കുറച്ചു മെഡിക്കൽ മിഷൻ സിസ്റ്റേഴ്സും മത്സ്യത്തൊഴിലാളികൾക്കൊപ്പം മീൻപിടിച്ചും മീൻവിറ്റും ജീവിക്കുന്നതു മനസിലാക്കാൻ പോയി. അങ്ങനെ അന്വേഷണാത്മക യാത്രകൾ, പരീക്ഷണങ്ങൾ ഒക്കെ നടത്തിയിട്ടുണ്ട്. യാത്രകളിൽ ഏറ്റവും കൂടുതൽ കളിയാക്കുന്നതും രസിക്കുന്നതും എന്റെ എന്തെങ്കിലും കോമാളിത്തരത്തെ ചൊല്ലിയായിരിക്കും. അതു ഞാൻ വളരെ ആസ്വദിച്ചിട്ടുള്ള സന്ദർഭങ്ങളാണ്. അങ്ങോട്ടുമിങ്ങോട്ടും കളിയാക്കുകയും കാലുവാരുകയും ചെയ്ത് അട്ടഹസിച്ചു ചിരിച്ചുതലതല്ലുക ഞങ്ങളുടെ കൂടിവരവിന്റെ പ്രത്യേകതയായിരുന്നു. ഒപ്പം ഗൗരവും സൃഷ്ടിപരവുമായ സംവാദങ്ങളും ചർച്ചകളും പ്ലാനിങ്ങും.

ഈ സ്നേഹക്കൂട്ടായ്മയിൽ നിന്നും വളരെ കുറച്ചു നാളത്തെ ധാരണപ്പിശകോടെ 14. 5. 1993 ൽ ജോസ് രാജിവച്ചു പിന്മാറി. സോളമൻ 4. 7. 1995 ൽ ആകസ്മികമായി മരണമടഞ്ഞു. മുമ്പു പറഞ്ഞിട്ടുള്ളതുപോലെ നിക്ളസും ഞാനും ഇന്നും ബന്ധം തുടരുന്നു; രണ്ടു മേഖലകളിൽ വേരുറപ്പിച്ചുകൊണ്ട്.

## v. സമരജീവിതത്തിനു പ്രചോദനം നൽകിയവർ

ഘടനാപരമായ സാമൂഹ്യമാറ്റത്തെ ഗൗരവബുദ്ധ്യ സ്വപ്നം കാണുന്ന ഏതൊരു വ്യക്തിയും ഇടപെടേണ്ട മേഖലകളെപ്പറ്റി സുദീർഘമായ ചർച്ച നടത്തിയിട്ടുള്ളതു ബാംഗ്ലൂർ ഐ എസ് ഐ ഡയറക്ടർ ആയിരുന്ന ഫാ. സ്റ്റാൻ ലൂർദ്സ്വാമിയുമായിട്ടാണ്. ജാർഖണ്ഡിലും ശ്രീലങ്കയിലും പ്രവർത്തിച്ച അനുഭവപാഠങ്ങളും ശാസ്ത്രീയസാമൂഹ്യ അപഗ്രഥനവും അടിസ്ഥാനമാറ്റം വേണമെന്നുള്ള ഉൽക്കടമായ ഹൃദയാഭിവാഞ്ജയും ഈ ചർച്ച സമ്പന്നമാകാൻ കാരണമായി. സഹകരണാടിസ്ഥാനത്തിലുള്ള പ്രവർത്തനം, സാമൂഹ്യവിശകലനത്തിലൂന്നിയ ദരിദ്രപക്ഷകാഴ്ചപ്പാടോടുകൂടിയ ജനകീയ പ്രക്ഷോഭങ്ങൾ, സമൂഹ

ത്തിൽ സമൂല പരിവർത്തനം അനിവാര്യമെന്നു കാണുന്ന പ്രത്യയശാസ്ത്രത്തിന്റെ പ്രായോഗിക പ്രതീകമായ രാഷ്ട്രീയ പാർട്ടിയുമായി സഹകരിച്ചു കൊണ്ടുള്ള സമരമുഖങ്ങൾ- ഇങ്ങനെ ഘടനാപരമായ സാമൂഹ്യമാറ്റത്തെപ്പറ്റി ചിന്തിക്കുമ്പോൾ മൂന്നു തട്ടുകൾ (layers) ഉള്ളതായാണു ഞങ്ങളുടെ ചർച്ച ചെന്നെത്തിനിന്നത്. ഈ താത്വിക വ്യക്തതയാണ് എനിക്കു സഹകരണ മേഖലയിൽ പ്രവർത്തിക്കാൻ കൂടുതൽ പ്രേരകമായത്; ജനകീയ സമരങ്ങളിൽ ദരിദ്രപക്ഷകാഴ്ചപ്പാടോടെയുള്ള നിരന്തര ഇടപെടലിന് കളമൊരുക്കിയത്; ഇടതുപക്ഷ കക്ഷിരാഷ്ട്രീയവുമായി, അവർക്കെന്തു കുറവുകളും പരിമിതകളുമുണ്ടെങ്കിലും, കൂടുതൽ കുറും ബന്ധവും പുലർത്തി മുന്നോട്ടുകൊണ്ടുപോകുന്നത്. കൂടെയുണ്ടായിരുന്നവർ പലരും ഇടതുപക്ഷത്തു നിന്നു വഴുതി മാറിയിട്ടും, തനതു വ്യക്തിത്വമില്ലാത്ത മാർക്സിസ്റ്റുകാരനെന്നു പലപ്പോഴും ലേബൽ ചെയ്തിട്ടും, പാർട്ടിക്കുള്ളിലെ അധികാരവടംവലിയും ഗ്രൂപ്പിസവും സാമ്പത്തിക അത്യാർത്തിയുമൊക്കെ കണ്ടിട്ടും, മനസു മടുക്കാതെ, ഹൃദയം തളരാതെ ഇടതുപക്ഷ കക്ഷിരാഷട്രീയത്തിൽത്തന്നെ ഉറച്ചു നിൽക്കുന്നതിന്റെ കാരണം സാമൂഹ്യമാറ്റത്തെ ഗൗരവമായി കാണുന്ന ഒരു പ്രത്യയശാസ്ത്രവ്യക്തതയുള്ളതുകൊണ്ടാണ്. അതിനു ഫാ. സ്റ്റാൻ വഹിച്ച പങ്കിനു ഞാൻ എന്നും കടപ്പെട്ടവനാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള മൂന്നുമാസത്തെ കോഴ്സിൽ പങ്കെടുത്തവരിൽ അദ്ദേഹത്തിന്റെ പഠനം ഗൗരവമായി എടുത്തവരുടെ സ്ഥലത്ത്, പരമിതികളോടെയാണെങ്കിലും ദർശനവ്യക്തതയോടെ എന്തെങ്കിലുമൊക്കെ ചെയ്യുന്ന ഗ്രൂപ്പുകളെ, കുറഞ്ഞതു രണ്ടു വർഷത്തിലൊരിക്കലെങ്കിലും സന്ദർശിക്കുകയും രണ്ടു മൂന്നു ദിവസം താമസിച്ചുകൊണ്ട് അവിടെ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെയും ഇടപെടലുകളെയും പ്രത്യയശാസ്ത്രാടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടു ദിശാബോധം പുതുക്കിപ്പിക്കുന്ന അദ്ദേഹത്തിന്റെ ഫോളോ അപ്/ തുടർപരിപാടിയെ അങ്ങേയറ്റം വിലമതിപ്പോടെയാണു ഞാൻ കാണുന്നത്. അദ്ദേഹത്തിന്റെ വല്ലപ്പോഴുമുള്ള ഈ സന്ദർശനവും ചർച്ചയും വലിയ ഉൾക്കാഴ്ച നൽകുന്നവയായിരുന്നു. ചുരുക്കത്തിൽ എന്റെ സമരജീവിതത്തിൽ ഫാ. സ്റ്റാനിന്റെ പങ്കു വലുതാണ്.

1970 കളുടെ മധ്യത്തോടെയാണു ഞാൻ റവ. എം ജെ ജോസഫുമായി ബന്ധം ആരംഭിക്കുന്നത്. ഇന്ദിരഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ച കാലത്തു ഡോ. എം എം തോമസിന്റെ നേതൃത്വത്തിൽ നടന്ന അടിയന്തരാവസ്ഥ വിരുദ്ധപോരാട്ടത്തിൽ റവ. ഏ പി ജേക്കബും റവ. എം ജെ ജോസഫും ഫാ. മാണി പറമ്പേട്ടും മുൻനിരയിൽ നിൽക്കുന്നതു ആവേശത്തോടെയാണു ഞാൻ ശ്രദ്ധിക്കുകയും കൂടെ നടക്കുകയും ചെയ്തത്. റവ. എം ജെ എനിക്കാവേശവും പ്രചോദനവുമായത് ചർച്ച് ഓഫ് സൗത്ത് ഇന്ത്യ മഹായിടവകയിലെ ദലിതർക്കെതിരെയുള്ള വിവേചനത്തെ മനുഷ്യാവകാശലംഘനമായും യേശുദർശനവിരുദ്ധത

യായും കണ്ടുകൊണ്ട്, അവരുടെ ശാക്തീകരണത്തിനും അതുവഴി സമൂഹത്തിൽ അവരുടെ അധികാരവൽക്കരണത്തിനുമായുള്ള സമരങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതു കണ്ടപ്പോഴാണ്. ആ സമരങ്ങളിൽ അത്ര സജീവമല്ലായിരുന്നെങ്കിലും പലപ്പോഴും ഞാൻ പ്രതിനിധീകരിക്കുന്ന സംഘടനകളുടെ പിൻബലവും ഐക്യദാർഢ്യവും പ്രകടിപ്പിച്ചുകൊണ്ടുള്ള നോട്ടീസുകൾ പ്രസിദ്ധീകരിച്ചും ചില പ്രത്യേക സന്ദർഭങ്ങളിൽ നടന്ന സമരങ്ങളിൽ പങ്കെടുത്തുകൊണ്ടുമാണ് റവ. എം ജെ യുടെ ലക്ഷ്യങ്ങളുമായി ഞാൻ താദാത്മ്യം പ്രാപിച്ചത്. അതിന്റെ ഭാഗമായി അദ്ദേഹം അനുഭവിക്കേണ്ടിവന്ന പീഡനങ്ങളിൽ ചിലവയുടെ ദൃക്സാക്ഷികൂടിയാണു ഞാൻ. ഇവയൊക്കെ പിൽക്കാലത്തു കർഷകത്തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയും അവകാശപോരാട്ടങ്ങളിൽ സജീവമാകാനും ഭാഗഭാക്കാകാനും അവശ്യഘട്ടങ്ങളിൽ നേതൃത്വം കൊടുക്കാനും പ്രേരകഘടകമായി. ഇന്നദ്ദേഹം വൈദിക ശുശ്രൂഷയിൽനിന്നു വിരമിച്ചു വായനയിലും പഠനത്തിലും എഴുത്തിലും മുഴുകി സ്വന്തം വീട്ടിൽ കഴിയുകയാണ്. ഇന്നാണെങ്കിൽ റവ. എം ജെ യുമായി എന്റെ എല്ലാ വഴിത്തിരിവുകളിലും ഗൗരവമായ ചർച്ച നടത്തുന്നുണ്ട്. എന്റെ മുന്നോട്ടുള്ള യാത്രയിൽ ദിശാബോധം നൽകുന്നതിൽ ഇന്നും റവ. എം ജെ സജീവ പങ്കുവഹിക്കുന്നുണ്ട്.

ബാംഗ്ലൂർ ഐ എസ് എ യിലെ കോഴ്സ് കഴിഞ്ഞു പത്തനംതിട്ടയുടെ ചാർജ് വഹിക്കുമ്പോഴാണ് ശ്രീ. ഫിലിപ്പു ജോർജുമായി ഞാൻ ബന്ധപ്പെടുന്നത്. നേരത്തെ സൂചിപ്പിച്ചിട്ടുള്ള 'നീയൊക്കെ (ദലിതരൊക്കെ) ഞങ്ങൾക്കൊപ്പം ബഞ്ചിൽ ഇരിക്കാനായോ?' എന്നു ആക്രോശിച്ചുകൊണ്ടു അടിക്കുന്ന സുറിയാനി ക്രിസ്ത്യാനിക്കു നേരെയുള്ള ദലിത്കർഷകത്തൊഴിലാളി മുന്നേറ്റത്തിനു നാരങ്ങാനത്തു കളമൊരുക്കിയതിൽ ശ്രീ. ഫിലിപ്പ് ജോർജിന്റെ നേതൃത്വത്തിലുള്ള തിരുവല്ലയിലെ ഡൈനാമിക് ആക്ഷൻ ഗ്രൂപ്പു നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. താത്വികമായി പഠിച്ചുകൊണ്ടു വന്ന എനിക്കു പ്രായോഗികമായി എങ്ങനെ ജനങ്ങളുടെ പ്രശ്നത്തിൽ ഇടപെടണം, എങ്ങനെ അവകാശ പോരാട്ടങ്ങൾ സംഘടിപ്പിച്ചു അവരുടെ സമരമുഖങ്ങളിൽ പങ്കാളിയാകാം എന്നു ജീവിതത്തിൽ കാട്ടിത്തന്ന വ്യക്തികളിൽ മുഖ്യനാണു ഫിലിപ്പ് ജോർജ്. എല്ലാ കാര്യങ്ങളെയും രാഷ്ട്രീയമായി കാണാനും വിലയിരുത്താനും ഒപ്പം ഓരോ സാഹചര്യത്തെയും രാഷ്ട്രീയ ശാക്തീകരണത്തിനായി ഫലവത്താക്കാനും ഫിലിപ്പു ജോർജ് നല്ല പങ്കുവഹിച്ചിട്ടുണ്ട്. പത്തനംതിട്ട - നാരങ്ങാനം കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ച വികസന വിദ്യാഭ്യാസ കേന്ദ്ര (വി വി കെ) ത്തിന്റെ സ്ഥാപക പ്രസിഡന്റ് ഞാനാണെങ്കിലും, സജീവമായി ജനശ്രദ്ധ പിടിച്ചുപറ്റിയ സമരങ്ങൾക്കു വി വി കെ നേതൃത്വം കൊടുത്തതിൽ എന്നോടൊപ്പം എല്ലാമെല്ലാമായി ഫിലിപ്പ് ജോർജ് ഉണ്ടായിരുന്നു. ഞാൻ അമേരിക്കയ്ക്ക് ഉപരിപഠനാർഥം പോയപ്പോൾ അദ്ദേഹത്തെയാണ് പ്രസിഡന്റായി തിരഞ്ഞെടുത്തത്. ചുരുക്കത്തിൽ കർഷ

കത്തൊഴിലാളി-ദലിത് മേഖലയിൽ അവരുടെ അവകാശ പോരാട്ടങ്ങളിലുള്ള എന്റെ പങ്കു അർഥവത്താക്കിയതിൽ നല്ലൊരു പങ്കുവഹിച്ചതു ഫിലിപ്പു ജോർജായിരുന്നു.

ഞാൻ അധികം ഇടപെട്ട തൊഴിലാളി മേഖല പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന്റേതാണ്. ആലപ്പുഴ ജില്ല ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയനിൽ എന്നെ ബന്ധിപ്പിച്ചതു ഫാ. ജോസ് ജെകളീക്കലാണെങ്കിലും ഈ മേഖലയിൽ സജീവമായി എന്നെത്തന്നെ വലിച്ചെറിയാൻ പ്രചോദനമായതു ഫാ. തോമസ് കോച്ചേരിയാണ്. പടപ്പക്കരയിൽ നിന്നു രണ്ടു മാസത്തെ അവധികഴിഞ്ഞ് വന്നപ്പോൾ ഇടവകയില്ലാതെ ജനകീയ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെട്ടുകൊണ്ടു കറങ്ങി നടന്നപ്പോൾ, കോച്ചേരിയച്ചനാണ് എറണാകുളം ജില്ല സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയനിൽ പ്രവർത്തിക്കാൻ ക്ഷണിച്ചതും കുറച്ചുനാൾ കൊച്ചി പള്ളുരുത്തിയിലുള്ള യൂണിയൻ ആഫീസിൽ താമസിച്ചുകൊണ്ടു യൂണിയനിൽ പ്രവർത്തിക്കാൻ ഇടയാക്കിയതും. അവിടെ നടന്ന ചർച്ചകളിൽ പലപ്പോഴും പോരാട്ടത്തിന്റെ ദൈവ ശാസ്ത്രത്തിലേക്കുള്ള വിചിന്തനങ്ങൾ പങ്കുവെക്കുന്നതു കോച്ചേരിയച്ചന്റെ സ്ഥിരം ശൈലിയായിരുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ബൈബിൾ സംഭവങ്ങളെയും ഉപമകളെയും കഥകളെയും വാക്യങ്ങളെയും ദരിദ്ര പക്ഷത്തു നിന്നു കൊണ്ടു, അവരുടെ വിമോചന പോരാട്ടത്തിന്റെ കണ്ണിലൂടെ അപഗ്രഥനം ചെയ്യുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന രീതി കോച്ചേരി അച്ചന്റെ സവിശേഷതയായി പറയാം. ഈ സമീപനം ഒത്തിരിയേറെ പുതിയ ഉൾക്കാഴ്ചകൾ പ്രദാനം ചെയ്യുന്നതാണ്; നമ്മുടെ ഇടപെടലിനു ആഴത്തിലുള്ള മാനം നൽകുന്നതാണ്. അദ്ദേഹവുമായി നടത്തിയിട്ടുള്ള സംവാദങ്ങളും വിചിന്തനങ്ങളും പിൽക്കാലത്തു ബിഷപ്പുമായുള്ള കത്തിടപാടുകൾക്ക് സഹായകമായിട്ടുണ്ട്.

കോച്ചേരിയച്ചന്റെ ജീവിതം എന്നിൽ മായാത്ത മുദ്ര പതിപ്പിച്ചതു അദ്ദേഹത്തിന്റെ അർപ്പണ-ലളിത ജീവിതമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതവുമായി താദാത്മ്യപെട്ടുകൊണ്ടു പൂന്തുറയിൽ അവരോടൊപ്പം ജീവിച്ച്, അവരുടെ കൂടെ കടലിൽ മീൻ പിടിക്കാൻ പോയി, അതിലൊരു പങ്കുകൊണ്ട് ജീവിതം മുന്നോട്ടുകൊണ്ടുപോയ കോച്ചേരിയച്ചനും സംഘവും എനിക്കെന്നും പ്രചോദനമായിരുന്നു. ധരിച്ചിരുന്ന ഒരു ജോഡി ഡ്രസ്സുകൊണ്ടും ഒരു തോർത്തുകൊണ്ടും കാസർകോട്ടു നിന്നു തിരുവനന്തപുരം വരെയുള്ള മത്സ്യത്തൊഴിലാളി ജാഥയുടെ ക്യാപ്റ്റനായി സമരം നയിച്ച കഥ ഓർമ വരുന്നു. എല്ലാ ദിവസവും രാത്രി എവിടെ തങ്ങുന്നുവോ അവിടെ പാന്റും ഷർട്ടും അടിവസ്ത്രവും തന്നത്താൻ കഴുകിയിടും. കൈലി ഉടുത്ത് ഉറങ്ങും. കഴുകിയിട്ട വസ്ത്രവും ധരിച്ചു രാവിലെ ജാഥ നയിക്കും. മാവേലിക്കര താമസിച്ചതു ആലപ്പുഴ ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയൻ നേതാവ് ശ്രീ. കെ ജി സെലസ്റ്റിന്റെ വീട്ടിലായിരുന്നു. അവിടെ ഇങ്ങനെ വസ്ത്രം

കഴുകിയപ്പോൾ, അദ്ദേഹവുമായി ഞാൻ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതുപോലെ ആഹാരവും വളരെ ലളിതം. പക്ഷേ അതിഥി വന്നാൽ നല്ലതുപോലെ സൽക്കരിക്കാൻ മറക്കുകയുമില്ല. അദ്ദേഹത്തിനു ആദ്യമായി ഹൃദയസ്തംഭനമുണ്ടായി പൂർണ വിശ്രമം വേണം എന്ന ഡോക്ടറിന്റെ നിർദേശം. എറണാകുളം യൂണിയൻ ബോട്ടുകളുടെ കടന്നുകയറ്റത്തിനെതിരെ നടത്തുന്ന കാൽനടജാഥ. അതിൽ മുഴുവൻ ദിവസവും നടന്നുതന്നെ പങ്കെടുത്തു പ്രസംഗിച്ചു. ചോദിച്ചപ്പോൾ, 'ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ മരിക്കുന്നെങ്കിൽ മരിക്കട്ടെ. അവർക്കുവേണ്ടി പ്രവർത്തിക്കാതെ ജീവിച്ചിട്ടു എന്തർഥം' എന്നായിരുന്നു പ്രതികരണം.

അദ്ദേഹം കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷനിൽ സജീവമായിരുന്ന കാലം. അന്നേ അച്ചനുമായി എനിക്കു നല്ല ബന്ധമുണ്ട്. പിന്നെ ദേശിയ ഫോറമുണ്ടായി; പിന്നെ അന്തർദേശീയ ഫോറങ്ങൾ തന്നെയുണ്ടായി. കോച്ചേരിയച്ചൻ ഏതാണ്ടു അന്തർദേശീയ വ്യക്തിത്വവുമായി. ഞാനുമായി അത്ര വലിയ ബന്ധമില്ല. (അദ്ദേഹം പഴയ കോച്ചേരിയച്ചൻ അല്ല എന്നൊക്കെ സംസാരമുണ്ട്. അതൊന്നും എനിക്കറിയില്ല. അവയൊന്നും എന്നെ സ്പർശിക്കുന്നുമില്ല.) എന്റെ മനസിൽ ഇന്നും സജീവമായി നിലനിൽക്കുന്നത്/നിലനിർത്തുന്നത് പഴയ ലാളിത്യത്തിന്റെയും അർപ്പണത്തിന്റെയും പ്രതീകമായ തോമസ് കോച്ചേരി അച്ചനാണ്.

ദരിദ്രപക്ഷം പിടിച്ചുകൊണ്ടു തീർപ്പെടുത്തു പ്രവർത്തിക്കുന്ന ഏതു സംഘത്തിനും പ്രചോദനമായി കോച്ചേരിയച്ചൻ ഇടപെടുന്നതു വിസ്മയത്തോടെയാണു ഞാൻ ശ്രദ്ധിച്ചിട്ടുള്ളത്. പുരോഗമന ചിന്താഗതിയോടെ പ്രവർത്തിക്കുന്ന സന്യാസി-സന്യാസിനി ഗ്രൂപ്പുകൾ, ജനകീയ പ്രസ്ഥാനങ്ങൾ, സ്ത്രീ പ്രസ്ഥാനങ്ങൾ, ആക്ഷൻ ഗ്രൂപ്പുകൾ, തൊഴിലാളിപ്രസ്ഥാനങ്ങൾ - ഇവിടെയൊക്കെ ഫാ. കോച്ചേരി തന്റെ നിർണായകമായ പങ്കു വഹിച്ചിട്ടുണ്ട്. കൊല്ലം-പുനലൂർ രൂപതയിൽ യേശുവിന്റെ ദരിദ്രപക്ഷദർശനം മുറുകെ പിടിക്കാൻ ശ്രമിച്ച ഞങ്ങളുടെ ചെറുവൈദികസംഘത്തിനു കോച്ചേരിയച്ചൻ ഏതാണ്ടു മാർഗദർശിയായിരുന്നു. ഞങ്ങളുടെ ഏതു പ്രശ്നത്തിലും ഇടപെടാനും വിഷമസന്ധിയിൽ കാര്യങ്ങൾ വിലയിരുത്തി പരിഹാരം കണ്ടെത്താനും കോച്ചേരിയച്ചൻ കൂടെയുണ്ടായിരുന്നു.

ഫാ. ജോസഫ് തോമസും ഞാനും, ഒപ്പം ഞങ്ങളുമായി ബന്ധപ്പെട്ടു നിലകൊണ്ട പ്രസ്ഥാനങ്ങളും പരസ്പരം സ്വരച്ചേർച്ച ഇല്ലാതായപ്പോൾ, അതിനൊരു ശാശ്വത പരിഹാരം കണ്ടെത്താൻ ഇടപെട്ടതു ഫാ. തോമസ് കോച്ചേരിയും റവ. എം ജെ ജോസഫുമാണ്. 'കോച്ചേരി-എം ജെ കമ്മീഷൻ' എന്നാണതറിയപ്പെടുന്നത്. അന്നു നടന്ന ധാരണകളുടെ അടിസ്ഥാനത്തിലാണ് പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടതും. ഈ ധാരണകൾക്കു വിരുദ്ധമായി ഫാ. ജോസഫ് തോമസ് കോടതിയിൽ കേസ്

കൊടുത്തപ്പോൾ നടന്ന കാര്യത്തിനു സാക്ഷിയായി കോടതിയിൽ വരണമെന്നു ഞാൻ ആവശ്യപ്പെട്ടപ്പോൾ റവ. എം ജെ ജോസഫ് വരാൻ തയാറായി. കോച്ചേരിയച്ചൻ വിസമ്മതിച്ചു. ഇത് എന്നിൽ അദ്ദേഹത്തെപ്പറ്റിയുള്ള പ്രതിച്ഛായ തകർക്കാൻ കാരണമായി. 'സത്യത്തിനു സാക്ഷ്യം നൽകാൻ വന്ന' യേശുവിനെപ്പറ്റി കോച്ചേരിയച്ചനു പറയാൻ അവകാശമില്ലെന്നുവരെ ഞാൻ ചിന്തിച്ചു. പ്രശ്നം അദ്ദേഹവുമായി നേരിൽ സംസാരിച്ചു. അദ്ദേഹത്തിന്റെ ന്യായീകരണമിതായിരുന്നു. ഫാ. ജോസഫ് തോമസും ഞാനും തമ്മിലുള്ള പ്രശ്നം പരിഹരിക്കാനായിട്ടാണു അന്നു ഇപെട്ടത്. ആ ധാരണയിൽ പോകാതെ കേസിനുപോയ സ്ഥിതിക്ക് അദ്ദേഹം ഇടപെടുന്നില്ല എന്നാണ്. രണ്ടു അച്ചന്മാരുടെ കാര്യത്തിൽ ഒരാളുടെ പക്ഷം പിടിക്കുകയില്ല. ഇതിനു എന്റെ പ്രതികരണം 'ഇതു രണ്ട് അച്ചന്മാർ തമ്മിലുള്ള പ്രശ്നമല്ല. ഒരു അച്ചന്റെയും പക്ഷം പിടിക്കുകയും വേണ്ടാ; സത്യത്തിന്റെ പക്ഷം പിടിക്കണം' എന്നായിരുന്നു. അതിനു യുക്തമായ മറുപടി ലഭിച്ചില്ല. ഈയൊരനുഭവം അൽപ്പം ബുദ്ധിമുട്ടുണ്ടാക്കിയെങ്കിലും, അദ്ദേഹത്തോടുള്ള ബഹുമാനത്തിനും ആദരവിനും യാതൊരു കുറവുമില്ല. തുടർന്നും ജനജാഗൃതിയും ഓറയുമായും ബന്ധപ്പെട്ടു പോന്നു. ഏതാണ്ടു രണ്ടു വർഷക്കാലത്തിലേറെ ഓറയിൽ 'നേരും നേരും' എന്ന പംക്തി എഴുതുന്നുണ്ടായിരുന്നു. സ്ഥാപിതമതത്തെയും സ്ഥാപിത രാഷ്ട്രീയത്തെയും നിശിതമായി വിമർശിച്ചുകൊണ്ട് ഒരു മതനിരപേക്ഷ ജനകീയ പ്രത്യയശാസ്ത്ര അടിത്തറയിൽ നീങ്ങുന്ന കോച്ചേരിയച്ചനെ ഓർത്തു അഭിമാനമേയുള്ളു.

തൃശൂരിലെ ബിഷപ്പ് പൗലോസ് മാർ പൗലോസ് ഒരു ജനകീയ സമരത്തിലും മുൻനിരയിൽ നിന്നു നയിക്കുന്നതു കണ്ടിട്ടില്ല. പക്ഷേ റവ. എം ജെ ജോസഫിന്റെ നേതൃത്വത്തിൽ സി എസ് ഐ മഹായിടവകയുടെ നയത്തിനെതിരെ നടന്ന സമരത്തിന്റെ വിലയിരുത്തലിലും പ്ലാനിങ്ങിലും സജീവമായി പങ്കെടുക്കുന്നതു ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. മാത്രമല്ല തൃശൂരിൽ ഏറെ ദിവസം നീണ്ടുനിന്ന ചുമട്ടു തൊഴിലാളി സമരത്തിൽ രാഷ്ട്രീയക്കാരൊക്കെ ഇടപെട്ടിട്ടു ഒത്തുതീർപ്പിൽ എത്താൻ കഴിഞ്ഞില്ല. അവിടെ ബിഷപ്പ് പൗലോസ് മാർ പൗലോസ് വ്യക്തമായ ദരിദ്രപക്ഷ കാഴ്ചപ്പാടോടെ ഇടപെട്ടു. അദ്ദേഹം ഇടപെട്ട് ഒത്തുതീർപ്പായ യോഗത്തിൽ സംസാരിച്ച ഒരു കാര്യം ഇന്നലത്തെപ്പോലെ ഓർക്കുന്നു: 'കപ്പൽ കച്ചവടക്കാരും കപ്പലണ്ടി കച്ചവടക്കാരും രണ്ടുപേരും കച്ചവടക്കാരും മുതലാളിമാരും ആണെന്നു പറയുന്നതിനെ വേർതിരിച്ചു കാണണം. ഒന്നു ആസൂത്രിത ചൂഷണം; മറ്റേത് ജീവിക്കാനുള്ള തത്രപ്പാടാണ്. ഇവിടെ നാം ആരുടെ കൂടെ നിൽക്കും? ആരുടെ കൂടെ നിൽക്കണം? എനിക്ക് വ്യക്തതയുണ്ട്-കപ്പലണ്ടി കച്ചവടക്കാരുടെ കൂടെ. ഈ തെരഞ്ഞെടുപ്പു നാം ഓരോരുത്തരും എടുക്കണം. അവിടെ ഇവിടത്തെ സമരം അർഥവത്തായി അവസാനിക്കുകയാണ്.' അതെ, നേരിട്ട് അദ്ദേഹത്തോടൊപ്പം സമരമുഖത്തു നിന്നുള്ള അനുഭവം ഇല്ലെങ്കിലും,

ബിഷപ്പിന്റെ വ്യക്തമായുള്ള ദരിദ്രപക്ഷനിലപാടും അതിനെ ശക്തിപ്പെടുത്തുന്ന ബൈബിൾ വ്യാഖ്യാനവും എന്നുമെനിക്ക് സമര പോരാട്ടങ്ങളിൽ സജീവമാകാൻ പ്രേരണയും പ്രചോദനവുമായിരുന്നു.

അദ്ദേഹം മരിക്കുന്നതിനു ഒരു വർഷം മുൻപ് ജനജാഗൃതിയിൽ വന്നു വിമോചന ദൈവശാസ്ത്രത്തിന്റെ ഇന്ത്യൻപതിപ്പ് മതേതര ദരിദ്ര പക്ഷമായിരിക്കണമെന്നു വ്യക്തമാക്കിയ സംസാരം ഇടിനാദംപോലെ ഇന്നും കാതുകളിൽ മുഴങ്ങുന്നു. മൂന്നു പ്രാവശ്യമാണ് തൃശൂർ അരമനയിൽ ചെന്നു ബിഷപ്പിനെ നേരിട്ടു കണ്ടിട്ടുള്ളത്. അപ്പോഴെല്ലാം ഹൃദയം തുറന്നു സ്ഥാപിത സഭയിൽ അദ്ദേഹം അനുഭവിക്കുന്ന പീഡനം പങ്കുവച്ചിരുന്നു. സാഹോദര്യസമഭാവനയിലുള്ള ഇടപെടൽ വളരെ ഹൃദ്യമായിരുന്നു. ഒരു പ്രാവശ്യം തൃശൂർ രൂപതയിലെ ഒരു വൈദികൻ ഫാ. ജേക്കബ് തച്ചറാട്ടിലും കൂടെയുണ്ടായിരുന്നു. സ്വയം പരിചയപ്പെടുത്തിയിട്ട് ബിഷപ്പും ഞാനും തമ്മിലുള്ള സംസാരം ശ്രദ്ധിച്ചിരുന്നതേയുള്ളു. കൂടിക്കാഴ്ചകഴിഞ്ഞു പുറത്തിറങ്ങിയപ്പോൾ, ഇത്ര സഹോദരബുധ്യാ ഒരു ബിഷപ്പു സംസാരിക്കുന്നത് ആദ്യമായിട്ടാണ് അനുഭവിച്ചതു എന്നു സാക്ഷ്യം നൽകി. ചുരുക്കത്തിൽ ബിഷപ്പ് എന്നും എനിക്ക് പ്രചോദനവും ശക്തിയുമാണ്.

## vi വ്യക്തിത്വ രൂപീകരണത്തിൽ സിസ്റ്റർ ഡോ. കരോൾ ഹസ്സ്, സിസ്റ്റർ ഫിലമിൻ മേരി

എന്റെ വ്യക്തിത്വ രൂപീകരണത്തിൽ എന്റെ മാതാപിതാക്കൾ, അധ്യാപകർ, സുഹൃത്തുക്കൾ, സഹപ്രവർത്തകർ.. എന്നുവേണ്ട എത്ര എത്ര വ്യക്തികളാണ് പലതരത്തിലുള്ള പങ്കുവഹിച്ച് എന്നെ വളർത്തിയത് എന്നു മുമ്പു പരാമർശിച്ചിട്ടുണ്ടല്ലോ. പിന്നെ എന്തേ സിസ്റ്റർ (ഡോ.) കരോൾ ഹസ്സ്. എം എം എസിനെയും സിസ്റ്റർ ഫിലമിൻ മേരി എം എം എസിനെയും പറ്റി എടുത്തു പറയണം? കാരണമുണ്ട്. അതിലേക്ക് ഒരു സൂചനമാത്രം.

ഞങ്ങൾ ആറു വൈദികരും (ഫാദർമാരായ സോളമൻ, നിക്ളസ്, ജോസ് ജെ കളീക്കൽ, ജോസ് പുത്തൻവീട്, ജോസഫ് തോമസ്, പിന്നെ ഞാനും) രണ്ടു കന്യാസ്ത്രീകളും രണ്ടു അൽമായരും- അങ്ങനെ ഞങ്ങൾ പത്തു പേർ രണ്ടാഴ്ചത്തേക്കു റാന്നിയിലുള്ള ഒരു എസ്റ്റേറ്റിന്റെ നടുവിലുള്ള ഒരു വീട്ടിൽകൂടി ട്രാൻസാക്ഷണൽ അനാലിസിസ് (ടി എ) എന്ന കോഴ്സിൽ പങ്കെടുത്തു. നയിച്ചതു സിസ്റ്റർ കരോളാണ്. എല്ലാം കൊണ്ടും ഉൾക്കാഴ്ച നൽകുന്ന, ആത്മബോധം വളർത്തുന്ന, പരസ്പരം അടുപ്പിക്കുന്ന നല്ലൊരു കോഴ്സായിരുന്നു അത്.

അന്നു സംഭവിച്ച ഒരു കാര്യം മാത്രം ഇവിടെ വ്യക്തമാക്കട്ടെ. ഞങ്ങൾ 10 പേരിൽ, 9 പേരും വർഷങ്ങളായി പരിചയമുള്ളവരാണ്; പരസ്പരം നല്ല ബന്ധമുണ്ട് എന്നു കരുതുന്നവരുമാണ്. ഒരാൾ മാത്രം ഈ 9 പേർക്കും പുതുമുഖം. അദ്ദേഹത്തിന്റെ പേര് ഫിലിപ്പ്.

ടി എ കോഴ്സിൽ സ്ക്രിപ്റ്റ് പങ്കുവയ്ക്കുക എന്നതു പ്രധാനപ്പെട്ട ഒരു ഐറ്റമാണ്. രണ്ടു മൂന്നു ദിവസങ്ങൾ അതിനായി ചെലവഴിക്കാറുണ്ട്. അതിന്റെ രീതി ഇങ്ങനെയാണ്. ഗ്രൂപ്പിൽ നിന്നും ഓരോ വ്യക്തിക്കും ഏറ്റവും ഇഷ്ടവും അടുപ്പവുമുള്ള ഒരാളെ തെരഞ്ഞെടുക്കും. അവർ രണ്ടു പേരും മാത്രം അവരുടെ ജീവിതകഥ പരസ്പരം പങ്കുവെയ്ക്കും. വളരെ വിശദവും ആഴത്തിലുള്ളതുമായ പങ്കുവെക്കലായിരിക്കും. ഓരോ വ്യക്തിയുടെയും കഴിവുകളും കഴിവുകേടുകളും, ഗുണങ്ങളും കുറവുകളും, നേട്ടങ്ങളും കോട്ടങ്ങളും, സ്വാധീനിച്ച വ്യക്തികൾ, കുടുംബപശ്ചാത്തലം, പഠനകാലം, തൊഴിൽ മേഖല- എന്നുവേണ്ട ഓരോ വ്യക്തിയും 100 ശതമാനവും ആത്മാർഥതയോടും സുതാര്യതയോടുമായിരിക്കും പരസ്പരം പങ്കുവെക്കുക. ആദ്യത്തെ ദിവസത്തെ സ്വയം പരിചയപ്പെടുത്തലും ആമുഖവും കഴിഞ്ഞു മൂന്നു ദിവസത്തെ പരിപാടിയാണ് സ്ക്രിപ്റ്റ് പങ്കിടീൽ. മൂന്നു ദിവസത്തെ സുദീർഘമായ സ്വയം വെളിപ്പെടുത്തൽ. സിസ്റ്റർ കരോളിന്റെ അധ്യക്ഷതയിൽ ഞങ്ങൾ 10 പേരുംകൂടി. ഓരോരുത്തരും അവരവർക്കു ഏറ്റവും താൽപ്പര്യവും അടുപ്പവുമുള്ളവരെ പേരുവിളിച്ചു അവരുടെ കൂട്ടു പങ്കാളിയാക്കി. ഞാൻ നിശ്ശബ്ദനായിരുന്നു. ഫലമോ? 8 പേർ നാലുജോഡികളായി. പിന്നെ ആകെ എനിക്കായുള്ളത് ശ്രീ ഫിലിപ്പുമാത്രം. ഫിലിപ്പിനു ഞാനും. മൂന്നുദിവസം ഫിലിപ്പും ഞാനും. ഒത്തിരുന്നും നടന്നും കിടന്നും ഞങ്ങളുടെ ജീവിതം അതിന്റെ തനിമയിൽ പങ്കുവെച്ചു. മണിക്കൂറുകളും ദിവസങ്ങളും പോയതറിഞ്ഞില്ല. മുന്നു ദിവസം കഴിഞ്ഞു ഞങ്ങൾ 5 ജോഡികൾക്കും ഇനിയും സമയം വേണം കൂടുതൽ പങ്കുവയ്ക്കാൻ എന്ന മനോഭാവത്തോടെയാണ് 4-ാം ദിവസം ഞങ്ങൾ ഒത്തുചേർന്നത്.

അവിടെ നടന്ന പ്രക്രിയ ഓരോ ജോഡിയിലുള്ളവർ തന്റെ കൂട്ടുകാരനെ/കൂട്ടുകാരിയെ പൊതുഗ്രൂപ്പിനു വിശദമായി പരിചയപ്പെടുത്തുകയായിരുന്നു. ആ രണ്ടുപേരും പരിചയപ്പെടുത്തി കഴിയുമ്പോൾ, ആ ബന്ധം ശക്തിപ്പെടുത്തുന്ന രീതിയിൽ സി കരോൾ ഒന്നു രണ്ടു ചോദ്യങ്ങളോ നിരീക്ഷണങ്ങളോ നടത്തിയിട്ടു, അടുത്ത ജോഡിയിലേക്കു നീങ്ങും. ഫിലിപ്പിന്റെയും എന്റെയും ഊഴം വന്നു. ഞാൻ ഫിലിപ്പിനെയും ഫിലിപ്പ് എന്നെയും ഗ്രൂപ്പിനു പരിചയപ്പെടുത്തി. അപ്പോൾ സി. കരോൾ എന്നോടായി ഇങ്ങനെ ചോദിച്ചു: "അലോഷ്യസ്, ഫിലിപ്പ് തന്റെ കള്ളത്തരങ്ങളും മോശമായ ഇടപെടലുകളും വൈരാഗ്യവും മറ്റും മറ്റും ഇങ്ങനെ തുറന്നു പറഞ്ഞപ്പോൾ തനിക്ക് അനുഭവപ്പെട്ടതെന്താണ്?" അതിനു എന്റെ മറുപടി: "ഓ, ഫിലിപ്പ് ഒരു വിസ്മയമാണ്. വളരെ നല്ലൊരു ചെറുപ്പക്കാരൻ; ഞാൻ അവനെ വല്ലാതെ സ്നേഹിക്കുന്നു." തുടർന്നു സി കരോൾ ഫിലിപ്പിനോടു; "ഫിലിപ്പ്, അലോഷ്യസ് അദ്ദേഹത്തിന്റെ വേണ്ടാതീനങ്ങളും സ്വയംഭോഗവും ലൈംഗിക ഇടപെടലുകളും വാശിയും മറ്റും ഇങ്ങനെ തുറന്നു സംസാരിച്ചപ്പോൾ, ഫിലിപ്പിനു എന്തുതോന്നി?" ഫിലിപ്പിന്റെ പ്രതികരണം ഇങ്ങനെ: "അലോ

ഷ്യസ് ഞാൻ ജീവിതത്തിൽ കണ്ടുമുട്ടിയ ഏറ്റവും നല്ല മനുഷ്യൻ. അദ്ദേഹത്തെ ഞാൻ അങ്ങേയറ്റം ഇഷ്ടപ്പെടുന്നു." തുടർന്നു സിസ്റ്റർ കരോൾ പറഞ്ഞു: "ബന്ധജീവിതത്തിൽ സ്വയം തുറക്കുന്നിടത്തു അപരൻ സ്വയം പങ്കുവയ്ക്കും. Risk ഉണ്ടെന്നുവെച്ച് selective തുറവിയാണെങ്കിൽ ഒരിക്കലും ആഴത്തിലുള്ള ബന്ധമാകില്ല. Risk സാധ്യത വെറും 5 ശതമാനം ആണ്. ഈ 5 ശതമാനത്തെ ഭയന്ന് ഇന്ന് മിക്കവരും പലതും ഉള്ളിൽ വെച്ചിട്ട് അപരൻ തുറക്കുന്നതിന്റെ തോത് കണക്കുകൂട്ടി ആർക്കും എങ്ങും തൊടാത്ത രീതിയിലുള്ള പങ്കുവെക്കലാണ് നടത്തുന്നത്. ഫലമോ? ആഴത്തിലുള്ള ബന്ധപ്പെടൽ നടക്കില്ല. ഫിലിപ്പിനെയും അലോഷ്യസിനെയും പോലുള്ള മിടുക്കരും നല്ലവരും വിസ്മയവുമായിരിക്കുന്ന മഹത് വ്യക്തികളെ കണ്ടെത്താനോ അനുഭവിക്കാനോ സാധിക്കാതെ വെറും ഉപരിപ്ലവ ജീവികളായി മനുഷ്യൻ തരംതാഴുന്നു. ചുരുക്കത്തിൽ, 'അപരൻ തുറക്കട്ടെ, അതനുസരിച്ച് ഞാനും തുറക്കാം' എന്നതല്ല അടിസ്ഥാന തത്വം. പിന്നയോ "തുറക്കുക, അപരനും തുറക്കും" എന്നതാണ് ആരോഗ്യകരമായ ബന്ധ സ്ഥാപനത്തിന്റെ അടിസ്ഥാനതത്വം.

ചെറിയൊരു സംഭവമാണെങ്കിലും, എന്റെ ജീവിതത്തെ ധന്യമാക്കിയ ഹൃദയത്തെ ആഴത്തിൽ സ്പർശിച്ച, ജീവിത ഇടപെടലിൽ സമൂലമാറ്റം വരുത്തിയ ഒരു ജീവിതകഥയാണിത്. ചെറുപ്പത്തിലേ ബന്ധജീവിതത്തിനു പ്രാധാന്യം കൊടുത്തിരുന്ന വ്യക്തിയാണ് ഞാൻ. എങ്കിലും ഈ അനുഭവം മറ്റുള്ളവരുമായി ജീവിതം സുതാര്യമായി പങ്കുവയ്ക്കുന്നതിൽ ഒത്തിരിയേറെ സഹായിച്ചു. എല്ലാംകൂടി വിലയിരുത്തുമ്പോൾ ഇതിന്റെ ഫലമായി ബന്ധജീവിതത്തിൽ വലിയ നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്. സി കരോൾ പറഞ്ഞതുപോലെ അഞ്ചു ശതമാനം സാഹസികത ഉണ്ടെന്നതും സത്യമാണെന്നു അനുഭവം പഠിപ്പിച്ചു. ആത്മാർത്ഥമായി ഹൃദയം തുറന്ന മൂന്നു വ്യക്തികൾ എന്നെ വഞ്ചിച്ചു. അതിന്റെ ഫലമായി കണ്ണുനീർ ഏറെ കുടിച്ചു. എന്റെ ഹൃദയം തുറന്നുള്ള പങ്കുവെക്കലിലൂടെ എത്രയോ മനുഷ്യരുമായിട്ട് ഇന്നും നല്ല സൗഹൃദ ബന്ധം പുലർത്തുന്നു എന്നു കാണുമ്പോൾ, ഈ ചെറിയ risk ഒരു പ്രശ്നമേയല്ല. സി കരോൾ വഴി ലഭിച്ച ഉൾക്കാഴ്ച ഇന്നും ജീവിതപാഠമായി ഞാൻ കൊണ്ടുനടക്കുന്നു.

സാമൂഹികമാറ്റത്തിനായുള്ള എന്റെ പ്രവർത്തനത്തിൽ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സുമായി ഉണ്ടായിരുന്ന ബന്ധം പലരീതിയിലും ഗുണകരമായ മേന്മയ്ക്കും വളർച്ചയ്ക്കും കളമൊരുക്കിയത് എടുത്തു പറയേണ്ട ഒന്നാണ്. ധാരാളം മെഡിക്കൽ മിഷൻ സിസ്റ്റേഴ്സുമായി ബന്ധപ്പെടാൻ സന്ദർഭം ഉണ്ടായിട്ടുണ്ടെങ്കിലും, സിസ്റ്റർ ഫിലമിൻ മേരി, സിസ്റ്റർ മേഴ്സി കുറ്റിയാനി, സിസ്റ്റർ പട്രീഷ്യ കുരുവിനാക്കുന്നേൽ, സിസ്റ്റർ തെറമാ പ്രായിക്കുളം, സിസ്റ്റർ ജോവാൻ ചുങ്കപ്പുര, സിസ്റ്റർ അൽഫോൺസ പത്രപാങ്കൽ, സിസ്റ്റർ വിജയ എന്നിവരെ പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. ഇവരുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനം ദാരിദ്ര്യവും അവ

ശതയും ചൂഷണവും വിവേചനവും അവഗണനയും അനുഭവിക്കുന്ന ബഹുഭൂരിപക്ഷംവരുന്ന ജനവിഭാഗത്തോട് അവർക്കുണ്ടായിരുന്ന അർപ്പണ മനോഭാവമായിരുന്നു. ഈ പൊതുധാരണയാണ് അവർ എന്റെ ഹൃദയത്തിൽ സ്ഥാനം പിടിക്കാൻ കാരണമായത്. അതുകൊണ്ട് ഓരോരുത്തരുടെയും പങ്കിനെപ്പറ്റി വിവരിക്കാതെ സിസ്റ്റർ ഫിലമിൻ മേരിയെ പ്രതീകമായി എടുത്തുകൊണ്ട് അൽപ്പം കാര്യങ്ങൾ കുറിക്കട്ടെ.

ചങ്ങനാശ്ശേരി സെന്റ് തോമസ് ഹോസ്പിറ്റലിന്റെ അഡ്മിനിസ്ട്രേറ്ററായി വർഷങ്ങൾ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിരുന്ന വ്യക്തിയാണ് സിസ്റ്റർ ഫിലമിൻ മേരി. അവിടെ കാര്യക്ഷമമായി തന്റെ ഉത്തരവാദിത്വം ചെയ്തുകൊണ്ടിരിക്കെ അവർ ഒരു ഗൗരവമായ ഗൃഹപാഠം ചെയ്തു. കഴിഞ്ഞ 15 വർഷമായി ആശുപത്രിയുടെ ആഡിറ്റ് ചെയ്ത കണക്കുകൾ പഠിച്ച് വിശകലനം നടത്തി. കോടികളുടെ ഇടപെടലുകളാണ് നടത്തുന്നത്. അതിൽ എത്ര ശതമാനം ദരിദ്രജനതയ്ക്ക് സേവനമായി മാറിയെന്നും വേർതിരിച്ച് മനസിലാക്കി. ഭയങ്കരമായ ഉൾക്കാഴ്ചകളാണ് ലഭിച്ചത്. സ്തുത്യർഹമായ സേവനം ചെയ്യുന്നു എന്നുള്ള സംസ്ഥാന അവാർഡ് തന്നെ സിസ്റ്ററിനെത്തേടിയെത്തി. അങ്ങനെ സേവനത്തിനു വലിയ അംഗീകാരം കിട്ടിയപ്പോഴും, വസ്തുനിഷ്ഠ അപഗ്രഥനത്തിന്റെ വെളിച്ചത്തിൽ ഈ സേവനം സമൂഹത്തിലെ തീർത്തും ന്യൂനപക്ഷത്തിനാണ് ലഭിക്കുന്നതെന്നും ബഹുഭൂരിപക്ഷത്തിന് നാമമാത്ര സഹായം മാത്രമേ ലഭിക്കുന്നുള്ളു എന്നുമുള്ള കണ്ടെത്തൽ സിസ്റ്ററിനെ അമ്പരപ്പിച്ചു. ഈ അപഗ്രഥന ഫലം സിസ്റ്റർ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ കൗൺസിലിലും മറ്റും ചർച്ചചെയ്തു. ദരിദ്ര പക്ഷം പിടിച്ചുകൊണ്ടുള്ള അവരുടെ സന്യസ്ത ജീവിതത്തിനു ഇങ്ങനെയുള്ള 'സ്തുത്യർഹ'മായ സേവനം ഭൂഷണമല്ല, കളങ്കം ചാർത്തുകയാണെന്നു സിസ്റ്റർ വാദിച്ചു. അവർ ആ പേരുകേട്ട ആശുപത്രിയുടെ പടിയിറങ്ങി പൂന്തുറ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മധ്യത്തിലേക്ക് നടന്നു നീങ്ങി. മറ്റുള്ളവരും ഏതാണ്ടിങ്ങനെ തന്നെ ദരിദ്രപക്ഷം പിടിച്ചുകൊണ്ടു വിവിധ മേഖലകളിലേക്ക് ഇറങ്ങിത്തിരിച്ചു. തുടർന്നുള്ള സാമൂഹിക ഇടപെടലുകളുടെ ചരിത്രത്തിനു ഞങ്ങളുമൊത്ത് സഹകരിച്ചും കൂടെ നടന്നുമുള്ള നിരവധി ആവേശകരവും ഹൃദയസ്പർശിയുമായ അനുഭവങ്ങളുടെ നീണ്ട ഒരു നിരതന്നെ എഴുതാനുണ്ട്. ആ സാഹസത്തിനു ഇവിടെ തുനിയുന്നില്ല. 1980 കളിൽ കേരള സമൂഹത്തിൽ കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷൻ സജീവ സമരരംഗത്തു നിറഞ്ഞു നിൽക്കുകയായിരുന്നു. മുമ്പു സൂചിപ്പിച്ചിട്ടുള്ളതുപോലെ 1983 ലെ സമരതന്ത്രം തീരപ്രദേശത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നേതാക്കൾ നിരാഹാരം ചെയ്തുകൊണ്ടുള്ളതായിരുന്നു. ഏതാണ്ട് ഒന്നരമാസം അങ്ങനെ നടന്നു. തുടർന്നു 'മരണംവരെ നിരാഹാരം' എന്ന മുദ്രാവാക്യം പേറിക്കൊണ്ട് ജില്ല കേന്ദ്രമാക്കിയുള്ള നിരാഹാരം നിർത്തിയിട്ട്, സംസ്ഥാന തലസ്ഥാനം കേന്ദ്രമാക്കി തിരുവനന്തപുരത്ത് സമരം കേന്ദ്രീ

കരിക്കാൻ തീരുമാനിച്ചു. അങ്ങനെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവനും സ്വത്തും സംരക്ഷിക്കാനായി മരണംവരെ നിരാഹാരം എന്നു ഏറ്റുപിടിച്ചുകൊണ്ട് നിരാഹാരം കിടന്നത് സിസ്റ്റർ ഫിലമിൻ മേരിയാണ്. 27 ദിവസമാണ് നിരാഹാരം. കിടന്നത്. ശരീരം ശരിക്കും ക്ഷീണിച്ചിട്ട് അപകടനിലയിൽ എത്തിയപ്പോൾ പൊലീസ് ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്ത് ഹോസ്പിറ്റലിലാക്കി നിർബന്ധിച്ച് ഗ്ലൂക്കോസ് കുത്തിവയ്ക്കാൻ ഒരു സംഘം നേഴ്സുമാരും പൊലീസും ചെന്നപ്പോഴും ശക്തമായി എതിർത്തുനിന്നു. എല്ലുംതൊലിയും മാത്രമായിരുന്ന സിസ്റ്റർ ഫിലമിൻ മേരിയുടെ ചിത്രം ഇന്നും മായാതെ മനസിൽ നിറഞ്ഞു നിൽക്കുന്നു. അതുപോലെ 'മത്സ്യത്തൊഴിലാളികളുടെ അമ്മ' എന്ന അപരനാമത്തിൽ സിസ്റ്ററിനെ അഭിസംബോധനചെയ്യുകയും ആർപ്പുവിളിക്കുകയും ചെയ്തുകൊണ്ടിരുന്ന നിമിഷങ്ങളെ, കോരിത്തരിപ്പിക്കുന്ന വികാര തീവ്ര തയോടെയേ ഓർക്കാൻ പറ്റൂ.

ഇങ്ങനെ സമരമുഖത്ത് ആവേശമായി നിന്നപ്പോഴും കൊല്ലത്തെ ചെറിയ വൈദിക സംഘത്തിന്റെ സമഗ്രവളർച്ചയിൽ അവർ താൽപ്പര്യം കാണിച്ചിരുന്നു. അങ്ങനെ സിസ്റ്റർ കരോളിന്റെയും സിസ്റ്റർ ഫിലമിൻ മേരിയുടെയും നേതൃത്വത്തിൽ ഞങ്ങൾ ചെറുസംഘം 1987 ഏപ്രിലിൽ ഒരാഴ്ച ഒത്തുകൂടി. ഞങ്ങൾ മാറിനടക്കാൻ തീരുമാനിച്ചിടത്ത് ഇനി എന്ത് എന്നുള്ള തീവ്രമായ അന്വേഷണ കൂടിച്ചേരലായിരുന്നത്. വളരെ സുതാ ര്യവും ഹൃദയഹാരിയുമായ പങ്കുവയ്ക്കലുകൾ. പുതിയ പാത അവ്യ ക്തമെങ്കിലും, ധാരാളം ചെയ്തു തീർക്കാനുണ്ട് എന്ന ചിന്ത എല്ലാവരു ടെയും ഗൃഹപാഠം കൂടുതൽ സൂക്ഷ്മതയുള്ളതും വിശാലവുമാക്കി. അന്നത്തെ ചർച്ചയിൽ രൂപപ്പെട്ട ഒരു തീരുമാനമാണ് ഫാ. എ സോള മൻ, ഫാ. ജോസ്. ജെ കളീക്കൽ, ഫാ. ജോസഫ് തോമസ്, ഫാ. അലോ ഷ്യസ് ഡി ഫെർണാണ്ടസ്, സിസ്റ്റർ കരോൾ ഹസ്, സിസ്റ്റർ ഫിലമിൻ മേരി എന്നീ ഏഴുപേർ അടങ്ങുന്ന സുഖപ്പെടുത്തുന്ന സംഘ (healing team) ത്തിനു രൂപം കൊടുക്കൽ. അങ്ങനെ ഒരു സംഘം സജീവമായി ഏറെ സ്ഥലത്തു പ്രവർത്തിച്ചിരുന്നു.

## VII. ദരിദ്രപക്ഷ ദൈവവിജ്ഞാനീയത്തിന് അടിത്തറ പാകിയവർ

ധാരാളം പേർ ദരിദ്രപക്ഷ ദർശനത്തിനും ജീവിതത്തിനും അതിന്റെ സാക്ഷാൽക്കാരത്തിനും പ്രചോദനവും ഉത്തേജനവും ആയി എന്റെ ജീവിതത്തിൽ കടന്നു വന്നിട്ടുണ്ട്. ഇവരിൽ ഫാ. സാമുവൽ രായൻ, ഫാ. സെബാസ്റ്റ്യൻ കാപ്പൻ, ഡോ. എം എം തോമസ് തുടങ്ങിയ മൂന്നു പേരും ഇങ്ങനെ എനിക്കു പ്രചോദനമായിരുന്ന അനേകരുടെ പ്രതിനിധികൾ മാത്രം.

അന്തർദേശീയ വിമോചന ദൈവശാസ്ത്രജ്ഞനായ ഫാ. സാമു വൽ രായൻ കൊല്ലത്തു കുമ്പളം ഗ്രാമത്തിലാണ് ജനിച്ചത്. എന്റെ സെമി നാരിക്കാലത്ത്, 1969 ൽ എന്റെ മൂന്നാം വർഷ ദൈവശാസ്ത്ര പഠനം

കഴിഞ്ഞുള്ള അവധിക്കാലത്തു ഐക്കഫി (AICUF) ന്റെ ആഭിമുഖ്യത്തിൽ യുവതിയുവാക്കൾക്കു വേണ്ടി ഒരാഴ്ചത്തെ ക്യാമ്പു നയിച്ചതു സാമുവലച്ചനായിരുന്നു. ഞാനും അതിലെ ഒരു പങ്കാളിയായിരുന്നു. അവിടെവച്ചാണു ആദ്യമായി ഞാൻ അദ്ദേഹത്തെ കണ്ട് ഇടപെട്ടത്. ജീവിതത്തിൽ തുറവിയോടെയാണു നീങ്ങേണ്ടതെന്ന അടിസ്ഥാന പാഠം അപ്പാപ്പൻ പഠിപ്പിച്ചെങ്കിലും, അതു വ്യക്തമാക്കിത്തന്നതു ഈ സെമിനാറിലൂടെ സാമുവലച്ചനാണ്. മാത്രമല്ല, ലൈംഗികതയെയും സ്ത്രീയെയും പറ്റി ക്രിയാത്മകമായും സർഗാത്മകമായും കാണണമെന്ന ചിന്താധാരയ്ക്കു ആദ്യ അടിത്തറ പാകിയതും ഈ ക്യാമ്പിലൂടെ അദ്ദേഹമായിരുന്നു. ഈ ബന്ധം തുടർന്നു. വൈദികനായപ്പോൾ, ഞാൻ ജോലിചെയ്യുന്ന ഇടവകകളിലൊക്കെത്തന്നെ അദ്ദേഹത്തെ കൊണ്ടുവന്നു ബൈബിൾ ക്ലാസുകളും കൺവെൻഷനുകളും നയിക്കാൻ അവസരം ഒരുക്കിയിരുന്നു. മാത്രമല്ല അദ്ദേഹം റിസോഴ്സ് പേഴ്സനായിട്ട് ഇടവകകളിലെ ചിന്തിക്കുന്ന യുവാക്കൾക്കു പ്രത്യേകം ക്യാമ്പുകൾ തന്നെ സംഘടിപ്പിച്ചു. അവിടെയെല്ലാം അദ്ദേഹം ഉറച്ചു നിന്നതു അടിസ്ഥാന യേശുദർശനം ദരിദ്രപക്ഷമായിരുന്നു എന്നതാണ്. അതുപോലെ യേശുവിന്റെ ദൈവരാജ്യത്തിന്റെ സവിശേഷഗുണങ്ങളൊക്കെ തന്നെ പരലോകോന്മുഖമല്ലായിരുന്നു. മറിച്ച്, ഈ ലോകത്തിലൂന്നിയ സമത്വം, നീതി, സാഹോദര്യം, സ്വാതന്ത്ര്യം തുടങ്ങിയവയായിരുന്നു. ബഹുഭൂരിപക്ഷം വരുന്ന ദരിദ്രർക്കും അടിച്ചമർത്തപ്പെട്ടവർക്കും അവഗണനയും വിവേചനവും അനുഭവിക്കുന്നവർക്കും പൂർണ മനുഷ്യത്വം പ്രദാനം ചെയ്യുന്ന പ്രവൃത്തികളിൽ ഇടപെടുകയാണു യേശുദർശനത്തിലൂന്നിയ നമ്മുടെ ധർമമെന്നദ്ദേഹം സുവ്യക്തമായി പഠിപ്പിച്ചു.

രായനച്ചന് എന്നോടു പ്രത്യേക മമത ഉള്ളതുപോലെയാണ് എപ്പോഴും അനുഭവപ്പെട്ടത്. ദില്ലിയിൽ നിന്ന് അവധിക്കു കേരളത്തിൽ വരുമ്പോഴാണ് പൊതുവേ നാട്ടിലുള്ള അദ്ദേഹത്തിന്റെ വിവിധ പഠന-സെമിനാർ പരിപാടികൾ. അങ്ങനെയുണ്ടായിരുന്ന പല പരിപാടികളിലും പങ്കാളിയായിരുന്നു ഞാൻ. ഞങ്ങളുമായി ബന്ധപ്പെട്ട ജനകീയ പ്രസ്ഥാനങ്ങളായ എം ജെ എം സെന്റർ, ഡി പി ഐ എഫ് സി, ജനജാഗൃതി, സമന്വയം, വി വി കെ, ജനകീയസംഘ ഏകോപനസമിതി - ഇവിടെയൊക്കെ രായനച്ചൻ ക്ലാസെടുത്തതിന്റെ സജീവത ഇപ്പോഴും വിട്ടിട്ടില്ല. മൂന്നു ദിവസം നീണ്ടുനിന്ന "പ്രപഞ്ചം പെറ്റു പോറ്റുന്ന ആത്മീയത" എന്ന വിഷയത്തെ ആസ്പദമാക്കിയ ക്ലാസ് സരോവരയിൽ നടന്നതു ഇന്നും മായാത്ത അനുഭവമായി നിലകൊള്ളുന്നു. ഈ സെമിനാറിൽ രായനച്ചൻ എടുത്ത ക്ലാസിന്റെ സംക്ഷിപ്തമാണ് ജനജാഗൃതി പുറത്തിറക്കിയ *പ്രപഞ്ചം പെറ്റു പോറ്റുന്ന ആത്മീയത* എന്ന ഓഡിയോ കാസറ്റ്. ഞങ്ങൾക്കുള്ള ക്ലാസ് കഴിഞ്ഞു കുമ്പളത്തും കല്ലടയുമുള്ള അദ്ദേഹത്തിന്റെ ബന്ധുവീടുകളിൽ കൊണ്ടുപോകുന്നത് സന്തോഷവും തൃപ്തിയും നൽകുന്ന ധർമമായിട്ടാണ് ഞാൻ കണ്ടിരുന്നത്. ഒരു ഡസ

നിലേറെ പ്രാവശ്യം ഞാനുമായി ബന്ധപ്പെട്ട പ്രസ്ഥാനത്തിലോ ഇടവകയിലോ രായനച്ചൻ വന്ന്, മുപ്പതിലേറെ ദിവസം ക്ലാസെടുത്തിട്ടുണ്ട്. ഒരിക്കലും യാത്രപ്പടിയായിട്ടു പോലും ഒരു പൈസ വാങ്ങിയിട്ടില്ല എന്നു എടുത്തു പറയേണ്ടതുണ്ട്. ഏതും ഒരുങ്ങി കുറിപ്പോടു കൂടിയേ സംസാരിക്കുകയുള്ളു എന്നതു രായനച്ചന്റെ അനുകരണീയ സവിശേഷത. ചുരുക്കത്തിൽ, എന്റെ ജീവിത ദർശന രൂപീകരണത്തിൽ രായനച്ചൻ നിർണായകമായ പങ്കുവഹിച്ചിട്ടുള്ളതിനെ അഭിമാനത്തോടെ സ്മരിക്കുന്നു.

ഫാ. സെബാസ്റ്റ്യൻ കാപ്പന്റെ 1972ൽ പ്രസിദ്ധീകരിച്ച *വിശ്വാസത്തിൽ നിന്നു വിപ്ലവത്തിലേക്ക്* എന്ന പുസ്തകം എന്നിൽ പുതിയൊരു ദിശാബോധം സൃഷ്ടിക്കാൻ കളമൊരുക്കി. അടിച്ചമർത്തപ്പെട്ടവരുടെ, ഉയർത്തെഴുന്നേൽപ്പ് കാംക്ഷിക്കുന്നവരുടെ വഴികാട്ടിയാണീ പുസ്തകം. എസ് കാപ്പൻ തൊടുപുഴയ്ക്കടുത്തു കോടിക്കുളം ഗ്രാമത്തിൽ ജനിച്ചു. 1944 ൽ ഈശോസഭാംഗമായി. ഉപരിപഠനാർഥം റോമിൽ ഗ്രിഗോറിയൻ സർവകലാശാലയിൽ നിന്നും *പ്രയോഗ (praxis)വും മതപരമായ അന്യവൽക്കരണവും മാർക്സിന്റെ സാമ്പത്തിക-ദാർശനിക കുറിപ്പുകളിൽ* എന്ന വിഷയത്തിൽ ഡോക്ടറേറ്റ് സമ്പാദിച്ചു. മാർക്സിന്റെ കൃതികൾ അദ്ദേഹം എഴുതിയ മൂലഭാഷയിൽത്തന്നെ പഠിക്കാൻ വേണ്ടി ജർമൻ, ഫ്രഞ്ച് എന്നീ ഭാഷകൾ സ്വായത്തമാക്കി. മാർക്സിസത്തിന്റെ വെളിച്ചത്തിൽ *ബൈബിളിനെ*യെന്നവണ്ണം ബൈബിളിന്റെ വെളിച്ചത്തിൽ മാർക്സിസത്തെയും പുനർവ്യാഖ്യാനിക്കാൻ കാപ്പനച്ചൻ ശ്രമിച്ചു. അതിന്റെ ആധികാരിക പുസ്തകമാണ് *Jesus and Freedom (യേശുവും സ്വാതന്ത്ര്യവും)*. ആ പുസ്തകം വത്തിക്കാന്റെ അധികാര പരിശോധന (censorship) യ്ക്കു വിധേയമാക്കി. ഇതുപോലെ ശ്രദ്ധ ആകർഷിച്ചതാണ് *നിഷേധങ്ങൾ (Negations)* എന്ന അദ്ദേഹത്തിന്റെ ചെറിയ കുറിപ്പുകൾ. കറന്റ് ബുക്സ് പ്രസിദ്ധീകരിച്ച *നാളത്തേക്ക് ഒരു ലൈംഗിക സദാചാരം* എന്ന അച്ചന്റെ പുസ്തകവും പ്രത്യേക ശ്രദ്ധ ആകർഷിച്ചു. മറ്റു പല പുസ്തകങ്ങളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും എന്റെ ചിന്താമണ്ഡലത്തെയാകെ സ്വാധീനിച്ച കൃതികളാണ് മുകളിൽ സൂചിപ്പിച്ചവ.

അദ്ദേഹവുമായി ഒത്തിരിയേറെ അടുത്തു ഇടപഴകാൻ അവസരമുണ്ടായിട്ടുണ്ട്. ഞാൻ ഇടവകകളിൽ ജോലി ചെയ്തിരുന്നപ്പോൾ, അവിടെയുള്ള യുവാക്കൾക്ക് മാർക്സിസത്തെ പരിചയപ്പെടൽ എന്ന ലക്ഷ്യത്തോടെ ക്യാമ്പുകൾ കാപ്പനച്ചൻ നയിച്ചിട്ടുണ്ട്. തമിഴ്നാട്ടിലും ബാംഗ്ലൂറിലും പോകേണ്ടിവന്നപ്പോഴൊക്കെ അച്ചന്റെ വസതിയിൽ പോയി അര ദിവസം ചെലവഴിക്കുക വിജ്ഞാനപ്രദവും ആനന്ദദായകവുമായ നിമിഷങ്ങളായി ഇന്നും മനസിൽ കോറിയിടുന്നു.

അദ്ദേഹത്തെപ്പറ്റി ഓർക്കുമ്പോൾ ആദ്യം മനസിൽ വരുന്നതിതാണ്. അദ്ദേഹത്തിന്റെ തമിഴ്നാട്ടിലെ വാടകക്കെട്ടിടത്തിൽ ഗുരുകുല മാതൃകയിൽ ഞങ്ങൾ ചെറിയൊരു സംഘം രണ്ടാഴ്ച താമസിച്ചുകൊണ്ട്, മാർക്സിസത്തിനു ഒരു മുഖവുര എന്ന ലക്ഷ്യത്തോടെ നടത്തിയ പഠന

മാണ്. ഞങ്ങളെല്ലാവരും വൃത്താകൃതിയിലിരുന്നു. പഠനം ആരംഭിച്ചത് അദ്ദേഹം മാർക്സിന്റെ *മൂലധനം* തുറന്നു വായിച്ചുകൊണ്ടാണ്. സെമിനാരിയിൽ മാർക്സിസത്തെപ്പറ്റിയും കമ്യൂണിസത്തെപ്പറ്റിയും മുൻവിധിയോടെ കുറച്ചൊക്കെ കേൾക്കുകയും പഠിക്കുകയും ചെയ്തിട്ടുള്ളതല്ലാതെ സത്യത്തിൽ മൂലധനം നേരത്തെ കണ്ടിരുന്നില്ല. സംസാരത്തിനിടയിൽ അദ്ദേഹം പറഞ്ഞു; നിങ്ങൾക്കു യഥാർഥ മാർക്സിസവും കമ്യൂണിസവും പഠിക്കണമെങ്കിൽ മാർക്സിനെത്തന്നെ വായിക്കുക; മാർക്സിനെപ്പറ്റിയുള്ളവ വായിക്കരുത്. ആ രണ്ടാഴ്ചയും ഞങ്ങൾ ആകെ വായിച്ചവ *മൂലധനവും കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയും* മാത്രമായിരുന്നു. ഫലമോ? മാർക്സിസത്തെപ്പറ്റി നല്ലൊരു അടിത്തറയോടെയാണ് ഞങ്ങൾ തിരിച്ചുപോന്നത്. ഈയിടെ യാദൃച്ഛികമായി അന്നത്തെ ചെറുസംഘത്തിലുണ്ടായിരുന്ന ഒരു കോളജ് പ്രിൻസിപ്പലിനെ കാണാൻ ഇടയായി. അദ്ദേഹത്തിനു അയവിറക്കാനുണ്ടായിരുന്നതു കാപ്പനച്ചനുമായുണ്ടായ ഗുരുകുല അനുഭവത്തെക്കുറിച്ചായിരുന്നു. ഇന്നു ചില കമ്യൂണിസ്റ്റു-മാർക്സിസ്റ്റു നേതാക്കളിൽക്കാണുന്ന അപചയം, ചില ഇടതുപക്ഷ രാഷ്ട്രീയക്കാരുടെ അധികാരമോഹവും തിരഞ്ഞെടുപ്പു വ്യാമോഹവും പണസമ്പാദനത്വരയും, സമത്വസുന്ദരമായൊരു പുതിയ ലോകത്തെ സ്വപ്നം കണ്ടവർക്കു ആഘാതമായി നിലകൊള്ളുന്നു. ഇവിടെ പല ഇടതുപക്ഷ സഹയാത്രികർ നിരാശരാവുകയും അരാഷ്ട്രീയ ചിന്തയിലേക്കു വഴുതി വീഴുകയും ചെയ്യുന്ന കാഴ്ച നാം ദിനംപ്രതി കണ്ടു വരുന്നു. ഇവിടെ തളരാതെ ഇന്നും എന്നും ശക്തമായി ഇടതുപക്ഷത്തോടൊപ്പം നിൽക്കാൻ പ്രേരകശക്തിയായത് കാപ്പനച്ചന്റെ ക്ലാസുകളും അദ്ദേഹവുമായി നടത്തിയ നിരവധി ചർച്ചകളുമാണ്. എന്റെ പ്രതീക്ഷ സോഷ്യലിസത്തിലും മാർക്സിസത്തിലുമാണ്. എല്ലാം എല്ലാവർക്കും ആവുന്ന പുതിയൊരു ലോക സൃഷ്ടി.

ഡോ. എം എം തോമസ് (ഞങ്ങളുടെ തോമാച്ചൻ) മാർത്തോമാ സഭയിലെ *വലിയൊരു ചിന്തകൻ, ബൈബിൾ പണ്ഡിതനും വ്യാഖ്യാതാവും, ദൈവശാസ്ത്രജ്ഞൻ, സോഷ്യലിസ്റ്റ് എന്നിങ്ങനെ വിപുലമായ പ്രവർത്തന മേഖലകളിൽ നിറഞ്ഞു നിന്ന വ്യക്തിത്വം. അദ്ദേഹത്തെ ഞാനാദ്യം പരിചയപ്പെടുന്നത് ഇന്ദിരാഗാന്ധി പ്രഖ്യാപിച്ച അടിയന്തരാവസ്ഥയുടെ കാലഘട്ടത്തിലാണ്. മനുഷ്യന്റെ മൗലിക സ്വാതന്ത്ര്യത്തിനെതിരായ അടിയന്തരാവസ്ഥക്കെതിരെ അദ്ദേഹം സ്വരമുയർത്തി. ഞങ്ങൾ ചെറിയൊരു വൈദികസംഘവും അദ്ദേഹത്തോടൊപ്പം കൂടി. അങ്ങനെ കൂടിയവരിൽ റവ. എം ജെ ജോസഫ്, ഫാ. മാണി പറമ്പേട്ട്, റവ. എ പി ജേക്കബ്, ഫാ. ജോസ് ജെ കളീക്കൽ, ഫാ. എം നിക്ളസ് എന്നിവരെ പ്രത്യേകം ഓർക്കുന്നു. ഞങ്ങളുടെ ഈ സംഘത്തെ അറിഞ്ഞിരുന്നത് 'മനുഷ്യാവകാശങ്ങൾക്കുവേണ്ടിയുള്ള വൈദിക കൂട്ടായ്മ' എന്നാണ്. തോമാച്ചനായിരുന്നു ഈ പ്രസ്ഥാനത്തിന്റെ അടിസ്ഥാന ശില.

മനുഷ്യാവകാശത്തിനു വേണ്ടിയുള്ള ഈ നീക്കം സമൂഹത്തെപ്പറ്റി

ഗൗരവമായി പഠിക്കാനും ഞങ്ങൾക്കു പ്രേരകശക്തിയായി. അങ്ങനെ സാമൂഹികമാറ്റത്തെ ഗൗരവബുധ്യാ നോക്കിക്കാണാൻ ആഗ്രഹിച്ചവരുടെ പല കൂടിച്ചേരലുകൾ നടന്നു. അവയ്ക്കെല്ലാം കളമൊരുക്കിയതു തോമാച്ചന്റെ തിരുവല്ലയിലെ വീടായിരുന്നു. ഒരു വീട് എന്തുമാത്രം ജനങ്ങൾക്കു പ്രയോജനമാകത്തക്ക രീതിയിൽ മാറ്റിത്തീർക്കാമെന്ന ഉൾക്കാഴ്ച കിട്ടിയതു അവിടെ നിന്നാണ്. വെറും അഞ്ചുമുറികളും രണ്ടു വരാന്തയുമുള്ള വീട്ടിൽ ഞങ്ങൾ 20-25 പേരുടെ ഏഴും പത്തും ദിവസങ്ങൾ നീണ്ട ക്യാമ്പുകൾ സുഖകരമായ രീതിയിൽ നടത്തി. മനുഷ്യന്റെ എല്ലാ പ്രശ്നങ്ങളും രാഷ്ട്രീയമാണെന്നും ഈ രാഷ്ട്രീയം നിഷ്പക്ഷമല്ലെന്നും ന്യൂനപക്ഷം വരുന്ന അധീശവർഗത്തിന്റെയോ ബഹുഭൂരിപക്ഷം വരുന്ന അധീന വർഗത്തിന്റെയോ പക്ഷം പിടിക്കാൻ നാം ബാധ്യസ്ഥരാണെന്നും മറ്റുമുള്ള രാഷ്ട്രീയ ഉൾക്കാഴ്ച കിട്ടിയത് ഈ ക്യാമ്പുകളിൽ നിന്നും തോമാച്ചനുമായി നടത്തിയിട്ടുള്ള സ്വകാര്യ സംഭാഷണങ്ങളിൽ നിന്നുമാണ്.

തോമാച്ചൻ വളരെ ലളിതമായി പങ്കുവച്ച ഒരു മഹാസത്യം ഇവിടെ കുറിക്കട്ടെ. കേരള ക്രിസ്തീയ സഭയ്ക്കു മോചനം/ അടിസ്ഥാന മാറ്റം എന്നതു സാധിതമാകണമെങ്കിൽ രണ്ടു ജനവിഭാഗത്തിനു മാത്രമേ അതിനുള്ള ഊർജമുള്ളൂ - ഒന്ന്, കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹം; രണ്ട്, കേരളത്തിലെ സി എസ് ഐ സഭയിലെ ദലിത് ക്രൈസ്തവ സമൂഹം. കാരണം അവരാണ് എല്ലാരീതിയിലും അടിച്ചമർത്തപ്പെട്ടവരും വിവേചനത്തിന്റെ ഇരകളും. അവിടെയുണ്ടാകുന്ന ഉയർത്തെഴുന്നേൽപ്പിനേ, സാമൂഹികമാറ്റത്തിന്റെ ശംഖനാദമായി മാറാൻ കഴിയൂ. ഈ ഉൾക്കാഴ്ച ഞങ്ങൾക്കു പിന്നിടു ദലിത്- മത്സ്യമേഖലകളിൽ സംഘാടനം നടത്താനും നിരവധിയായ പോരാട്ടങ്ങളിൽ പങ്കുചേരാനും പ്രചോദനവും ശക്തിയുമായിത്തീർന്നു.

തോമാച്ചനുമായുള്ള ബന്ധം അദ്ദേഹത്തിന്റെ അവസാനനാൾ വരെ അഭംഗുരം തുടർന്നു. കൊല്ലം-പുനലൂർ കത്തോലിക്കാ രൂപതയിലെ നാലു വൈദികരായ ഞങ്ങളുടെ നേതൃത്വത്തിൽ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ആരംഭിച്ച ജനകീയ സംഘങ്ങളോടു തോമാച്ചൻ പ്രത്യേക മമത കാട്ടിയിരുന്നു. ഞങ്ങളുടെ നേതൃത്വത്തിൽ തുടക്കം കുറിച്ച മാവേലിക്കര എം ജെ എം സെന്ററിന്റെയും അവസാനത്തെ ജനകീയ സംഘമായ ആലപ്പുഴ പറവൂർ ജനജാഗൃതിയുടെയും ഉദ്ഘാടനം നടത്തിയതു തോമാച്ചനായിരുന്നു. അതുപോലെ 1982ൽ ആരംഭിച്ച ഓറ മാസികയുടെ ഉറ്റ സുഹൃത്തായിരുന്നു. എപ്പോഴൊക്കെ പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ അപ്പോഴൊക്കെ കൈതുറന്നു സഹായിച്ചു ഓറയെ നിലനിർത്തുന്നതിൽ നല്ലൊരു പങ്കു അദ്ദേഹം വഹിച്ചു.

ശ്രീ. വി പി സിങ്ങ് പ്രധാനമന്ത്രിയായ കാലത്തു തോമാച്ചൻ നാഗാലാന്റ് ഗവർണറായി. ലളിതമായ ജീവിതം. ആയിടെ തൃശൂർ രൂപതയിലെ

അഞ്ചു വൈദികരെ, അവർ മനുഷ്യച്ചങ്ങലയിൽ കണ്ണിചേർന്നു എന്ന കാരണത്താൽ, സസ്പെന്റ് ചെയ്തിരുന്നു. ഏതോ ഔദ്യോഗിക കാര്യത്തിനു തൃശൂർ വന്നപ്പോൾ, അദ്ദേഹത്തിന്റെ ഔദ്യോഗിക കർമം കഴിഞ്ഞിട്ടു ഈ വൈദികരെ കണ്ടെത്താൻ തന്റെ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ആ വൈദികരുമായി പിതാവിനടുത്ത് വാത്സല്യത്തോടെ തോമാച്ചൻ കുറച്ചേറെ സമയം ചെലവഴിക്കുകയും അവർക്കോരോരുത്തർക്കും ചെറിയൊരു സാമ്പത്തിക സഹായം നൽകുകയും ചെയ്ത വിവരം വികാരതീവ്രതയോടെയാണ് ആ വൈദിക സംഘം എന്നോടു പങ്കുവെച്ചത്. ഗവർണർസ്ഥാനം രാജിവെച്ചിട്ടു തിരിച്ചു ട്രെയിനിൽ വന്ന് തിരുവല്ല റയിൽവേ സ്റ്റേഷനിൽ നിന്നും ഓട്ടോറിക്ഷയിൽ തിരുവല്ല മാളിയേക്കൽ വീട്ടിൽ വന്നു കയറുന്നതു ഇന്നത്തെപ്പോലെ ഓർക്കുന്നു.

ചുരുക്കത്തിൽ, തോമാച്ചൻ തന്റെ ലളിതജീവിതം വഴിയും ആഴമേറിയ ദൈവശാസ്ത്ര-ബൈബിൾ- സാമൂഹിക- രാഷ്ട്രീയ ഉൾക്കാഴ്ചകൾ വഴിയും എനിക്കു വഴികാട്ടിയും ശക്തിയുമായിരുന്നു.

## viii. സാഹിത്യ ലോകത്തിലേക്ക് ആനയിച്ചവർ

ശ്രീ. പി ഗോവിന്ദപ്പിള്ള, പ്രൊഫ. എം കെ സാനു, പ്രൊഫ. തിരുനല്ലൂർ കരുണാകരൻ, എം എൻ കുറുപ്പ്, വി കെ കരുണാകരൻ, പ്രൊഫ. സി കെ ഭരതവർമ്മ, പ്രൊഫ. വിജയൻ നായർ, കവി കടമ്മനിട്ട രാമകൃഷ്ണൻ, ശ്രീ. പുലിയൂർ രവീന്ദ്രൻ, ശ്രീ. തെങ്ങമം ബാലകൃഷ്ണൻ, പ്രൊഫ. എരുമേലി പരമേശ്വരൻ പിള്ള, പ്രൊഫ. സാറാ ജോസഫ് എന്നിവരെ ഇവിടെ സ്മരിക്കുമ്പോൾ, ആദ്യമായിട്ടുതന്നെ എടുത്തു പറയട്ടെ മറ്റനേകർ അവരുടെ മായാത്ത മുദ്ര എന്നിൽ പതിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ ഒട്ടുമിക്ക സാഹിത്യകാരന്മാരുമായി ഏതാണ്ടൊരു നല്ല ബന്ധമുണ്ട്. അതിനു ഓറമാസികയുടെ കഴിഞ്ഞ 27 വർഷത്തെ നടത്തിപ്പുകളമൊരുക്കി. ഏതാണ്ടു 400 ഓളം സാഹിത്യകാരന്മാർക്ക് ഓറമാസിക എല്ലാമാസവും രണ്ടാം തീയതി തന്നെ അയച്ചുകൊടുക്കുന്നുണ്ട്. ഈ സജീവ ബന്ധമാണ് *ഓറ* മാസികയ്ക്കു വേണ്ടിയുള്ള ഈടുറ്റ ലേഖനങ്ങൾ, കഥകൾ, കവിതകൾ, ലഘുനാടകങ്ങൾ, സ്ക്രിപ്റ്റുകൾ, നുറുങ്ങുകൾ തുടങ്ങിയ വിശിഷ്ട വിഭവങ്ങൾക്ക് ഒരു പൈസയുടെ പാരിതോഷികമില്ലാതെ സാഹിത്യകാരന്മാർ താൽപ്പര്യപൂർവം സഹകരിക്കുന്നത്. ഇവയെല്ലാം ഈ അവസരത്തിൽ അഭിമാനപൂർവം നന്ദിയോടെ സ്മരിക്കുന്നു. ഈ വലിയ നിരയുടെ പ്രതീകമായിട്ടാണു മുകളിൽ സൂചിപ്പിച്ച കുറെ വ്യക്തികളെ തുടർന്ന് പരാമർശിക്കുന്നത്.

പി ഗോവിന്ദപ്പിള്ള എന്ന എല്ലാവരുടെയും പ്രിയപ്പെട്ട പി ജി പരന്ന വായന, ആഴത്തിലുള്ള ചിന്ത, മാർക്സിസ്റ്റ് തത്വചിന്തയുടെ ലളിത വ്യാഖ്യാനം, അന്തർദേശീയ രാഷ്ട്രീയത്തിൽ ഉൾക്കാമ്പുള്ള അപഗ്രഥനം, ശക്തമായ എഴുത്ത്, വിമോചനധാരകളോടു സാമീപ്യം- ഇവയൊക്കെ അദ്ദേഹത്തിന്റെ സവിശേഷതകളിൽ കുറച്ചുമാത്രം. പി ജി

എന്റെ ജീവന്റെ ഭാഗമാണ്. അതുകൊണ്ടുതന്നെ എന്റെ പുസ്തകങ്ങളിൽ പലയിടത്തും പി ജിയെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. ഇവിടെയും ചില സൂചനകൾ മാത്രം കുറിക്കട്ടെ.

1982ലാണ് പിജിയുമായി ഒരാഴ്ചത്തെ അടുത്ത ഇടപഴകൽ നടന്നത്. സ്ഥലം, മാവേലിക്കര എം ജെ എം സെന്റർ. ഞങ്ങൾ ചെറുസംഘം വൈദികർ പുതിയ പ്രവർത്തനമേഖല എന്തു എന്നു ഗൗരവമായി അന്വേഷിക്കുന്ന കാലം. സമൂഹത്തെ ശാസ്ത്രീയ അപഗ്രഥനത്തിലൂടെ നോക്കിക്കാണുന്ന കാലം. സോഷ്യലിസ്റ്റ് ജീവിതവ്യവസ്ഥ സ്വപ്നം കാണുന്ന കാലം. അങ്ങനെ ഇനിയെന്ത്? എന്തായിരിക്കണം പുതിയ പ്രത്യയശാസ്ത്രം? ഏതു പാതയായിരിക്കണം സ്വീകരിക്കേണ്ടത്? ഞങ്ങൾ കൂട്ടമായി അന്വേഷിക്കാൻ തീരുമാനിച്ചു. ഞങ്ങളുടെ ചെറു വൈദികസംഘവും പരിവർത്തനത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം എന്ന തുടർപരിപാടിയിൽ പങ്കെടുക്കുന്നവരായിരുന്നു. പി ജി ആയിരുന്നു മുഖ്യ റിസോഴ്സ്പേഴ്സൺ. വളരെ താൽപ്പര്യപൂർവമാണ് ഞങ്ങളാ കോഴ്സിൽ പങ്കെടുക്കുകയും ചർച്ചകളിൽ സജീവമായി പങ്കുചേരുകയും ചെയ്തത്. നല്ല ഉൾക്കാഴ്ചയുള്ള ക്ലാസുകളും നിരീക്ഷണങ്ങളും. ഒരു സോഷ്യലിസ്റ്റു പാത വെട്ടിത്തെളിക്കേണ്ട ഉത്തരവാദിത്വം നമുക്കോരോരുത്തർക്കുമുണ്ട് എന്നുള്ള വ്യക്തത രൂഢമൂലമായി. ചർച്ച സജീവമായപ്പോൾ ഞങ്ങൾ പറഞ്ഞു: “ഞങ്ങളുടെ ‘അച്ചൻ പട്ടം’ രാജിവെച്ചുകൊണ്ട് മാർക്സിസ്റ്റ് പാർട്ടി അംഗത്വം സ്വീകരിച്ചു പുതിയൊരു ലോകത്തിനായി ഞങ്ങളെ തന്നെ വ്യയം ചെയ്യാൻ തയാർ.” അതിനുള്ള പി ജിയുടെ മറുപടി വളരെ ശ്രദ്ധേയമാണ്; അതിന് ഇന്നും പ്രസക്തിയുണ്ട്. അദ്ദേഹം പറഞ്ഞു:

> നിങ്ങൾ പാർട്ടി അംഗത്വം സ്വീകരിക്കേണ്ടാ; പാർട്ടി അംഗങ്ങളായ ഞങ്ങൾ, ഞങ്ങളുടെ എല്ലാ കുറവുകളോടെ തന്നെ, പാർട്ടിയുടെ കാര്യങ്ങൾ നോക്കിക്കൊള്ളാം. പക്ഷേ, ഞങ്ങൾക്കു കടന്നുവരാൻ/ കടന്നുപറ്റാൻ കഴിയാത്ത പല മേഖലകളും ഇടങ്ങളുമുണ്ട്. അവിടെ നിങ്ങൾ ജനപക്ഷം പിടിച്ചു പ്രവർത്തിക്കുകയും ബോധവൽക്കരണം നടത്തുകയും പോരാട്ടങ്ങൾ സംഘടിപ്പിക്കുകയും ജനകീയ ശക്തി വർധിപ്പിക്കുകയും ചെയ്യണം. അതായിരിക്കും നിങ്ങളുടെ തനതായ ധർമം.

അതെ, ഞങ്ങൾക്കു ദിശാബോധം പകരാൻ പി ജിയുമൊത്തുള്ള ജീവിതം ഏറെ സഹായിച്ചു. തുടർന്നും പി ജിയുമായുള്ള ബന്ധം തുടർന്നു. എന്നെ സംബന്ധിച്ചിടത്തോളം പുത്രസഹജമായ ബഹുമാനവും ആദരവും അദ്ദേഹത്തിനു കൊടുക്കുന്നു. പിതൃതുല്യമായ സ്നേഹവും കരുതലും ഇങ്ങോട്ടു കിട്ടുകയും ചെയ്യുന്നു.

പി ജിയുടെ വലുപ്പവും വിലയും വ്യക്തമാക്കാൻ ഹൃദയ സ്പർശിയായ ഒരു അനുഭവം കൂടിയെങ്കിലും പങ്കുവയ്ക്കേണ്ടത് എന്റെ മനസാ

ക്ഷിയുടെ ആവശ്യമാണ്. ഒരു ദിവസം പി ജിയുടെ ഒരു ഫോൺ. "*മാർ ഗ്രിഗോറിയോസിന്റെ മതവും മാർക്സിസവും* എന്ന എന്റെ പുസ്തകം അലോഷ്യസച്ചനു സമർപ്പിക്കുവാനാണെന്റെ ആഗ്രഹം." ഞാൻ വല്ലാത്തൊരു വികാരത്തിൽ ആണ്ടുപോയി. "ഈ പാവം എനിക്കോ?" എന്നു ചോദിച്ചു തീർന്നില്ല, അദ്ദേഹം സമർപ്പണവാചകം ഇങ്ങോട്ടു വായിച്ചു. സമർപ്പണം:

> ആലപ്പുഴയ്ക്കടുത്തു പുന്നപ്രയിൽ ജനജാഗൃതി എന്ന സ്ഥാപനത്തിന്റെ നായകനും *ഓറ* മാസികയുടെ പത്രാധിപരും *കറുത്ത കുർബാന* തുടങ്ങിയ പല ഹൃദയസ്പൃക്കും ചിന്തോദ്ദീപകവുമായ കൃതികളുടെ കർത്താവും മാർഗ്രിഗോറിയസ് തെളിച്ച വഴിയിലൂടെ നടന്നു നീങ്ങുന്ന കർമകുശലനുമായ എന്റെ സുഹൃത്ത് ഫാദർ അലോഷ്യസ് ഡി ഫെർണാണ്ടസിന് സ്നേഹപൂർവം.

തുടർന്നു ഇന്ന ദിവസമാണു പുസ്തകപ്രകാശനം, അതിൽ പങ്കെടുക്കാൻ തീർച്ചയായും വരണമെന്നും അദ്ദേഹം പറഞ്ഞു. അവാച്യമായൊരനുഭൂതിയാണുണ്ടായത്. പി ജിയെ ചെന്നു നേരിൽ കണ്ടു സ്നേഹവും നന്ദിയും അർപ്പിച്ചു. പുസ്തക പ്രകാശന യോഗത്തിൽ പങ്കെടുത്തു. അവിടെയും പി ജി വികാര തീവ്രതയോടെയാണു എന്റെ കാര്യം സദസ്യരോടു പറഞ്ഞത്. എനിക്കു രണ്ടു വാക്ക് പറയാൻ അവസരവും നൽകി. അവിസ്മരണീയമായൊരനുഭവം.

എത്ര നന്ദി പറഞ്ഞാലും തീരാത്ത അനുഭവം. *വിൽക്കാനുണ്ട് ബ്രഹ്മചര്യം* എന്ന എന്റെ അടുത്ത പുസതകം പി ജിക്കു തന്നെ ഞാൻ സമർപ്പിച്ചു. വാചകം ഇങ്ങനെ:

> സമർപ്പണം: എന്റെ ജീവിത നിലപാടുകൾക്ക് ഉറപ്പു പകർന്ന, മാർക്സിസത്തിന്റെ യഥാർഥ മനുഷ്യത്വവും വിശാലമായ ദർശനവും തുറന്നു കാട്ടിത്തന്ന, വിഭജിക്കപ്പെട്ട സമൂഹത്തിൽ എന്താണു ദരിദ്രപക്ഷമെന്നു അനുഭവവേദ്യമാക്കിത്തന്ന, ക്രിസ്റ്റ്യൻ-മാർക്സിസ്റ്റു സംവാദത്തിന്റെ അടിത്തറ ശക്തിപ്പെടുത്തിയ, ജനകീയ-പ്രതിരോധ സംഘങ്ങൾക്കു നിത്യപ്രചോദനം നൽകുന്ന, ജനജാഗൃതിയുടെ സുഹൃത്തും ശക്തിയുമായ, ഞാൻ പിതൃതുല്യം സ്നേഹിക്കുന്ന, കേരള സാംസ്കാരിക പൈതൃകത്തിന്റെ സാംസ്കാരരൂപമായ പി ജിക്ക് ആദരപൂർവം.

ആലപ്പുഴ വഴി പോകുമ്പോൾ ഒരറിയിപ്പും ഇല്ലാതെ സ്വതന്ത്രമായി ജനജാഗൃതിയിലേക്കു കടന്നുവന്നു സ്നേഹം പങ്കുവെച്ചുകൊണ്ടു പോകുന്ന പി ജി, ജനജാഗൃതിയുടെ പല പ്രധാനപ്പെട്ട ചടങ്ങുകളിലും മുഖ്യപ്രഭാഷണം നടത്തി ഞങ്ങളെ ധന്യരാക്കിയിട്ടുണ്ട്. അങ്ങ് തിരുവനന്തപുരത്തു വീട്ടിൽ രാവിലെ ഉപ്പും കുരുമുളകും പൊടിച്ചുചേർത്ത

ഉമിക്കരികൊണ്ടു പല്ലുതേച്ചു വീടിനു ചുറ്റും നടക്കുന്ന പി ജി തൊട്ടു, എ കെ ജി സെന്റർ, യോഗസ്ഥലങ്ങൾ, തിരഞ്ഞെടുപ്പു പോരാട്ടവീഥികൾ, അസുഖമായി കിടക്കുന്ന ആശുപത്രി- ഇവിടെയൊക്കെവച്ചു കാണുമ്പോഴും "വണ്ടി ഓടുന്നു'' എന്നു പറഞ്ഞുകൊണ്ടുള്ള ഹൃദ്യമായ ചിരി ആവേശമാണ്. ഒരിക്കൽ അദ്ദേഹം കുശലം പറഞ്ഞുകൊണ്ടിരിക്കെ ഇങ്ങനെ പറഞ്ഞു: "ഞാൻ പ്രാർഥനയിൽ വിശ്വസിക്കാത്ത വ്യക്തിയാണ്, എങ്കിലും എന്റെ പ്രാർഥനയിതാണ്. പ്രായമാകുമ്പോൾ മനസിന്റെ സമനിലതെറ്റി ഇന്നു പറഞ്ഞുകൊണ്ടിരിക്കുന്നതിനു വ്യത്യസ്തമായി ഒന്നും പറയാൻ ഇടവരല്ലേയെന്ന്." തുടർന്നു കുടുകുടാ ചിരിച്ചു. ഈ പ്രായത്തിലും നിതാന്തജാഗ്രതയോടെ എഴുത്തിലും വായനയിലും മുഴുകി ജീവിക്കുന്ന പി ജി എല്ലാം കൊണ്ടും വിസ്മയം തന്നെ.

പ്രൊഫ. എം കെ സാനു മാഷുമായുള്ള ബന്ധത്തിനു ജനജാഗൃതിയുടെ പ്രായം. 1991ൽ ജനജാഗൃതിയുടെ ഉദ്ഘാടന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയത് സാനുമാഷായിരുന്നു. അദ്ദേഹത്തെ ക്ഷണിക്കാനായി അദ്ദേഹത്തിന്റെ വീട്ടിൽ വച്ചാണ് ആദ്യമായി അടുത്തിരുന്നു സംസാരിച്ചത്. എന്തൊരു ലാളിത്യം, എന്തൊരു ഹൃദ്യത. അതു കഴിഞ്ഞു എറണാകുളത്തു പോകുമ്പോൾ സമയമുണ്ടെങ്കിൽ വെറുതെ അദ്ദേഹത്തെ കാണുക സ്വഭാവമായി. ഓരോ കൂടിക്കാഴ്ചയും വിജ്ഞാന ദായകവും അനുഗ്രഹസമ്പന്നവുമായ ഓർമകളാണ് കോറിയിടുന്നത്.

അദ്ദേഹത്തെപ്പറ്റി ഓർക്കുമ്പോൾ മനസിൽ ഓടിവരുന്ന ആദ്യത്തെ ചിത്രം വ്യക്തമായ ഇടതുപക്ഷദർശനം ഉൾക്കൊണ്ടുകൊണ്ടു സ്വതന്ത്രമായി ജനകീയപ്രതിരോധ സംഘപ്രവർത്തനങ്ങളെയും വിമോചന ധാരകളെയും അതിശക്തമായ ഭാഷയിൽ പിൻതുടരുന്ന വ്യക്തിത്വമായിട്ടാണ്. ജനജാഗൃതിയുടെ ഉദ്ഘാടനത്തിൽ അദ്ദേഹം നടത്തിയ പ്രഭാഷണം ജനജാഗൃതിയുടെ ചരിത്രധർമം സുവ്യക്തമാക്കുന്നതായിരുന്നു. ആ ധർമം നിറവേറ്റുന്നതിൽ ഞങ്ങളുടേതുപോലുള്ള ജനകീയ പ്രസ്ഥാനങ്ങൾ വഹിക്കുന്ന നിസ്തുലമായ പങ്കിനെപ്പറ്റിയും അദ്ദേഹം അനുസ്മരിച്ചു.

ഞങ്ങളുടെ ഹൃദയങ്ങൾ അടുത്തു. തുടർന്നു എത്രയോ പ്രാവശ്യം ജനജാഗൃതിയിൽ ഔദ്യോഗിക യോഗങ്ങളിൽ പങ്കെടുക്കാനും അനൗദ്യോഗികമായി വെറുതെ സ്നേഹ സന്ദർശനത്തിനായും വന്നത് വികാര തീവ്രതയോടെ മാത്രമേ ഓർക്കാൻ പറ്റൂ. എത്രയോ സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കുമായി മാഷെ ബന്ധിപ്പിച്ചുകൊടുക്കുന്നതിൽ എന്റെ ഇടപെടൽ സഹായകമായിട്ടുണ്ട്. ചുരുക്കത്തിൽ ധാരാളം പറയാനുള്ള, അതേ സമയം ഒന്നും എടുത്തു പറയാതെ തന്നെ ഹൃദയത്തിൽ നിറഞ്ഞു നിൽക്കുന്ന, വ്യക്തിരൂപമാണ് സാനുമാഷ്.

പ്രൊഫ. തിരുനല്ലൂർ കരുണാകരൻ ജനജാഗൃതിയുടെ ഗുരുസ്ഥാനീയനാണ്. ജനജാഗൃതിയുടെ വൈസ് പ്രസിഡന്റും ഓറമാസികയുടെ മുഖ്യ പത്രാധിപരുമായ ശ്രീ. എൻ ജി ശാസ്ത്രിയുടെ അധ്യാപകനാണ്.

ജനജാഗൃതി അദ്ദേഹത്തിനു തന്റെ സ്വന്തം കുടുംബംപോലെയായിരുന്നു. ജനജാഗൃതിയിൽ വന്നാൽ, അൽപ്പനേരം കിടന്നു വിശ്രമിക്കണമെന്നു നിർബന്ധമുണ്ടായിരുന്ന അദ്ദേഹം ജനകീയ സംഘങ്ങൾക്കു എപ്പോഴും പ്രചോദനവും താങ്ങുമായിരുന്നു.

*ജനയുഗ*ത്തിന്റെ മുഖ്യപത്രാധിപരായിരുന്ന കാലത്താണ് ആദ്യമായി ഞാൻ പ്രൊഫ. തിരുനെല്ലൂർ സാറിനെ കാണുന്നത്. കൊല്ലം കടപ്പാക്കടയിലുള്ള ഓഫീസിൽ വച്ചായിരുന്നു കൂടിക്കാഴ്ച. നേരത്തെ അപ്പോയിൻമെന്റ് വാങ്ങാതെ കടന്നുചെന്ന എന്നെ തന്റെ സ്വന്തം അനുജനെപ്പോലെ സ്വീകരിച്ചു. പല കൊച്ചു ഔദ്യോഗിക ഒപ്പിടലും മറ്റും നടക്കുന്നതിനിടെ, ഏതാണ്ടു നാലു മണിക്കൂർ സമയം ഞങ്ങൾ സംസാരിച്ചു. വിമോചന ദൈവശാസ്ത്രത്തിന്റെ അന്തർദേശീയ മാനം, അവിടെ ബൈബിൾ വഹിച്ച സുപ്രധാനമായ പങ്ക്, ഇന്ത്യയുടെ ബഹുമത സാമൂഹിക- രാഷ്ട്രീയ പശ്ചാത്തലത്തിൽ ഇവിടെ ഉരുത്തിരിയേണ്ട പുതിയ വിമോചനപാത, അവിടെ രാഷ്ട്രീയ പാർട്ടികൾക്കു അതീതമായി നിന്നുകൊണ്ട് ജനകീയ പ്രസ്ഥാനങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ തുടങ്ങിയവയെപ്പറ്റി സവിസ്തരം സംസാരിച്ചു. ഏറ്റവും ആനന്ദദായകമായിരുന്നു *ഓറ* മാസികയെപ്പറ്റിയുള്ള ചർച്ച.

> *ഓറ*യ്ക്കുവേണ്ടി ഒരു കവിതയ്ക്കായിരുന്നു ഞാൻ കടന്നുചെന്നത്. ഒരു ബുദ്ധിമുട്ടുമില്ലാതെ കവിത അയച്ചുതരാമെന്ന് ഏറ്റു. കവിത അയച്ചുതന്നു. പ്രസിദ്ധീകരിക്കുകയും ചെയ്തു. *ഓറ*യെപ്പറ്റി പറഞ്ഞതിതാണ്: '*ഓറ*യ്ക്കു അതിന്റേതായ ഒരു ചരിത്രധർമമുണ്ട്. അതു മറ്റാർക്കും ചെയ്യാൻ പറ്റുകയില്ല. എന്തിന്, സംഘടിതമായ കമ്യൂണിസ്റ്റു പാർട്ടികൾക്കുപോലും ചെയ്യാൻ പറ്റാത്ത ഒരു വലിയ കാര്യമാണ് നിങ്ങളുടെ കൊച്ചു *ഓറ*മാസിക ചെയ്തുകൊണ്ടിരിക്കുന്നത്. ഞങ്ങൾക്കു പണമുണ്ട്, ആളുണ്ട്, പ്രത്യയശാസ്ത്രദർശനമുണ്ട്. പക്ഷേ, അവയ്ക്കൊക്കെ ഒരു വേലിക്കെട്ടുണ്ട്. *ഓറ*യ്ക്കു പൈസയില്ല, ആളില്ല; ദർശനവ്യക്തതയുണ്ട്. വേലിക്കെട്ടുകളില്ലാത്ത ദരിദ്രപക്ഷ ദർശനമുണ്ട്. അതുകൊണ്ട് *ഓറ* ചെയ്യുന്നത്, ചെറുതെങ്കിലും വലിയ മൂല്യമുള്ള സംഗതിയാണ്. ഒരു കാരണവശാലും *ഓറ* നിർത്താൻ പാടില്ല.

എല്ലാം കേട്ടു ഏതാണ്ടു തികഞ്ഞ അഭിമാനത്തോടെയാണ് അവിടെ നിന്നിറങ്ങിയത്. തിരുനല്ലൂർ സാർ *ഓറ*യുടെ സന്തതസഹചാരിയായിരുന്നു. ആ ഓർമ ഞങ്ങൾക്കു ശക്തി നൽകുന്നു.

മൂന്നു വർഷങ്ങൾക്കു മുമ്പ് അദ്ദേഹം മരിച്ചു. എങ്ങനെയായിരിക്കണം ഒരു കമ്യൂണിസ്റ്റുകാരന്റെ, ഒരു യഥാർഥ മനുഷ്യന്റെ ശവസംസ്കാരം എന്നു വ്യക്തതയുള്ള വ്യക്തി. തീർത്തും മതനിരപേക്ഷമായി, യാതൊരു അനുഷ്ഠാന ചടങ്ങുകളുമില്ലാതെ, സ്വന്തം മണ്ണിന്റെ ഭൂമികയിൽ അലിഞ്ഞുചേരുകയായിരുന്നു. അനുകരണീയമായ മഹത്തായൊരു കർമം.

എം എൻ കുറുപ്പ് സാറിനെ ജീവിതത്തിൽ ആദ്യമായി അടുത്തു കാണുന്നതു ജനജാഗൃതിഭവന്റെ ഉദ്ഘാടന ദിവസമാണ്. പുരോഗമന കലാസാഹിത്യസംഘം സംസ്ഥാന പ്രസിഡന്റായ പ്രൊഫ. സാനുമാഷാണല്ലോ മുഖ്യ പ്രഭാഷണം നടത്തുന്നത്. ശ്രീ എം എൻ കുറുപ്പു സംസ്ഥാന സെക്രട്ടറിയാണ്. സാനുമാഷിനെ കേൾക്കാൻ അദ്ദേഹം വന്നു പറമ്പിലുള്ള ഒരു മരത്തിന്റെ തണലിൽ ഇരിക്കുന്നു. അന്നത്തെ പരിപാടിയുടെ അധ്യക്ഷനായി വരാമെന്നു ഏറ്റിരുന്നതു വിശ്വപ്രശസ്ത സാഹിത്യകാരൻ തകഴി ശിവശങ്കരപ്പിള്ളയായിരുന്നു. അദ്ദേഹത്തെ സുഖമില്ലാതെ തലേന്നു ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഞങ്ങൾ ചെറിയ പ്രതിസന്ധിയിലായി.

ഈ അവസ്ഥയിൽ ശ്രീ എൻ ജി ശാസ്ത്രിയും ഞാനുംകൂടെ എം എൻ കുറുപ്പുസാറിനെ സമീപിച്ചു. ഞങ്ങളുടെ ഹൃദയവികാരം പ്രകടമാക്കും മുൻപേ തന്നെ, അധ്യക്ഷസ്ഥാനം സന്തോഷത്തോടെ നിർവഹിക്കാമെന്നു പറഞ്ഞു. തുടർന്നു നടന്ന അധ്യക്ഷപ്രസംഗത്തിൽ മാർക്സിയൻ പ്രത്യയശാസ്ത്ര രൂപീകരണ വക്താക്കൾക്കൊക്കെ ബൈബിൾ പാരമ്പര്യമുണ്ടായിരുന്നെന്നും മാർക്സിസത്തിന്റെ താത്വിക അടിത്തറക്കു പ്രായോഗിക മാതൃകയായിരുന്നു ആദ്യത്തെ ക്രൈസ്തവ കൂട്ടായ്മകളെന്നും മറ്റും അസന്ദിഗ്ധമായി പറഞ്ഞു.

തുടർന്നു ശ്രീ. എം എൻ കുറുപ്പു ജനജാഗൃതിയുടെ ഉറ്റ സുഹൃത്തായി. ആലപ്പുഴയിൽ വരുമ്പോഴൊക്കെ ജനജാഗൃതിയിൽ വന്ന് അൽപ്പം വിശ്രമിക്കുകയും സഗൗരവം ആനുകാലിക രാഷ്ട്രീയത്തെപ്പറ്റി ചർച്ച നടത്തുകയും ചെയ്തിരുന്നു. അതുപോലെ ചേർത്തലയിലേക്ക് എപ്പോഴൊക്കെ ഞാൻ സ്വന്തം വാഹനത്തിൽ യാത്രചെയ്തുവോ അപ്പോഴൊക്കെ കലവൂരിൽ കുറുപ്പുചേട്ടന്റെ വീട്ടിൽ ചെന്നു അദ്ദേഹത്തെ കാണുക പതിവായി. അങ്ങനെ ഞങ്ങളുടെ പിതൃസ്ഥാനിയായി മാറി അദ്ദേഹം. അദ്ദേഹവുമായുള്ള സംസാരത്തിൽ ഒരുപാടു കാര്യങ്ങൾ കുറിക്കാനുണ്ട്. അതിനു മുതിരുന്നില്ല. ഒരു കാര്യം മാത്രം പറയട്ടെ.

ജനജാഗൃതിക്കു ഒരു പ്രസാധകസംഘ വിഭാഗമുണ്ട്. ഏതാണ്ടു മുപ്പത്തി അഞ്ചോളം പുസ്തകം പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. രണ്ടു വർഷം കൊണ്ടു ഏതാണ്ടു 10 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞപ്പോൾ ഞങ്ങൾ അനുഭവിച്ച ഏറ്റവും വലിയ പ്രശ്നം ഇവയുടെ കാര്യക്ഷമമായ വിതരണമാണ്. പുസ്തകങ്ങൾ കെട്ടിക്കിടക്കുന്നു. ഇറക്കുന്ന പൈസപോലും തിരികെ വരുന്നില്ല. ഒരിക്കൽ ഈ വിവരം കുറുപ്പുചേട്ടനുമായി പങ്കുവെച്ചു. അദ്ദേഹത്തിന്റെ കുറിക്കുകൊള്ളുന്ന മറുപടി ഇതായിരുന്നു. ഒരു പുസ്തകം പുറത്തിറക്കിയാൽ ഒരേ ഒരു മാസം കൊണ്ടു അവ വിറ്റഴിക്കാൻ ഒരു ചെറുസംഘത്തെ സ്വരൂപിക്കുക. അവർക്കു മാന്യമായ കൂലികൊടുക്കുക. ആവശ്യമെങ്കിൽ കൂടുതൽ കമ്മീഷൻ കൊടുക്കുക. എങ്ങനെയായാലും തീവ്രയത്നത്തോടെ ഒരു മാസത്തിനു മുൻപായി 1000 പ്രതികളും നിർബന്ധമായി വിറ്റിരിക്കണം." ഇതൊരു

വെല്ലുവിളിയായിരുന്നു. ഒരു ശ്രമം നടത്തിയതു വിജയിക്കുകയും ചെയ്തു. എങ്കിലും തുടർന്ന് മുന്നോട്ടുകൊണ്ടു പോകാൻ സാധിക്കാതെ ജനജാഗൃതി പ്രസാധക സംഘം ഏതാണ്ടു നിർജീവമായി. പക്ഷേ, അദ്ദേഹത്തിന്റെ അനുഭവജ്ഞാനത്തിൽ നിന്നുള്ള നിർദേശത്തിനു ഇന്നും ജീവനുണ്ട്.

വി കെ കരുണാകരൻ എന്ന ഞങ്ങളുടെ വി കെ. 1991 ൽ ജനജാഗൃതി ആലപ്പുഴ പുന്നപ്രയിൽ വേരുറപ്പിച്ചപ്പോൾ, കമ്യൂണിസ്റ്റു പാർട്ടിയുടെ ഊർജവും ശക്തിയുമായ പുന്നപ്ര മണ്ണിൽ ജനജാഗൃതിക്കു ഒരു ധർമമുണ്ട് എന്നു പരസ്യമായി പ്രഖ്യാപിച്ചുകൊണ്ടു എല്ലാരീതിയിലും ജനജാഗൃതിക്കു പിന്തുണ തന്ന വ്യക്തിത്വമാണ് ശ്രീ. വി കെ കരുണാകരൻ. പുന്നപ്ര-വയലാർ സമര നേതാക്കളിൽ ശക്തൻ. ജയിൽവാസവും പൊലീസിന്റെ കൊടും മർദനവുമേറ്റിട്ടും തളരാതെ ജനതയുടെ പ്രത്യയശാസ്ത്രത്തിൽ അടിയുറച്ചു നിന്ന ആൾ. നല്ല വായനക്കാരൻ, മനസിനെയും പ്രകൃതിയെയും സദാ സ്നേഹിച്ചവൻ. ചെറിയ ലൈൻ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച ജനജാഗൃതിക്കു ഒരു വീടിനെപ്പറ്റി പ്ലാനിട്ടപ്പോൾ, അടിസ്ഥാന കല്ലിടേണ്ടേതു വി കെ ആയിരിക്കണമെന്നു ഞങ്ങൾക്കു നിർബന്ധമുണ്ടായിരുന്നു. ആദ്യം ഒഴിവുകഴിവുകൾ പറഞ്ഞെങ്കിലും, അദ്ദേഹമാണു ജനജാഗൃതി ഭവനു തറക്കല്ലിട്ടത്. കാലിനു ബുദ്ധിമുട്ടുണ്ടായിട്ടും, ജനജാഗൃതിയുടെ ഏതു കാര്യത്തിനും ആരെ കാണാനും എവിടെ കൂടെ വരാനും തയാറായിരുന്നു അദ്ദേഹം. ആഴ്ചയിൽ കുറഞ്ഞതു മൂന്നു-നാലു ദിവസങ്ങളിലെങ്കിലും ജനജാഗൃതിയിൽ വരുമായിരുന്നു. വെറുതെ വന്നു പോവുകയില്ല. വിജ്ഞാനപ്രദമായ രാഷ്ട്രീയ ചർച്ചയാണിവിടെ നടന്നിരുന്നതു. *ഓറ* മാസികയിൽ രാഷ്ട്രീയ അവലോകന ലേഖനങ്ങൾ എഴുതുക മാത്രമല്ല, ഓറയുടെ വരിക്കാരെ വർധിപ്പിക്കാനുള്ള തീവ്രയത്നത്തിൽ അദ്ദേഹം മുൻനിരയിലായിരുന്നു. രാഷ്ട്രീയ ചർച്ചയിൽ കുറിക്കുകൊള്ളുന്ന ഉൾക്കാമ്പുള്ള അവലോകനങ്ങളും നിരീക്ഷണങ്ങളുമാണ് അവിടെ പങ്കുവയ്ക്കപ്പെട്ടിട്ടുള്ളത്. ധാരാളം കൊച്ചു വലിയ കാര്യങ്ങളിൽ ഒന്നു മാത്രം ഇവിടെ കുറിക്കട്ടെ.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ഘട്ടത്തിൽ, കൃത്യമായി പറഞ്ഞാൽ 1917 ൽ റഷ്യയിൽ കമ്യൂണിസ്റ്റ് ഭരണം ഉണ്ടാകുന്നു. ലെനിനെത്തുടർന്ന് സ്റ്റാലിൻ ഭരണ നിർവഹണം നടത്തുന്നു. ഇന്നു സ്റ്റാലിനിസം എന്നൊരു ഇസം തന്നെയുണ്ട്. ക്രൂരമായ, മനുഷ്യത്വ രഹിതമായ കൊലപാതകത്തിന്റെയും രാഷ്ട്രീയ പീഡനത്തിന്റെയും പ്രതീകമായാണീ ഇസത്തെ കാണുക. പക്ഷേ ഈ ക്രൂരതെ നീതീകരിക്കാതെ തന്നെ വി കെ യ്ക്കു വ്യത്യസ്തമായൊരു വിലയിരുത്തലാണുള്ളത്. കമ്യൂണിസ്റ്റ്-സോഷ്യലിസ്റ്റു ശിശു ജനിച്ചു വീണു. അതിനെ വളർത്തിയെടുക്കാനുള്ള തീവ്രയത്നത്തിലാണ് സ്റ്റാലിൻ. പ്രതിരോധമില്ല. ശ്രദ്ധ മുഴുവൻ ആഭ്യന്തര വളർച്ചയിൽ. അവിടെയിതാ ഈ ശിശുവിനെ വിഴുങ്ങാൻ മുതലാ

ളിത്തം കച്ചകെട്ടുന്നു. ഇതു മനസിലാക്കി സ്വയം രക്ഷയ്ക്കാണു ശക്തമായ പ്രതിരോധ നിര സൃഷ്ടിക്കുന്നത്. അതിന്റെ വലുപ്പം നമ്മൾ ഇന്ത്യക്കാർ തന്നെ അനുഭവിച്ചറിഞ്ഞതാണ്. ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൽ, പാകിസ്ഥാനെ അമേരിക്ക യുദ്ധക്കോപ്പുകൾ കൊണ്ടു സഹായിച്ചുകൊണ്ടിരിക്കെ, റഷ്യ പലവട്ടം അമേരിക്കയോടാവശ്യപ്പെട്ടു സഹായം പിൻവലിക്കാനും യുദ്ധം അവസാനിപ്പിക്കാനും. അവസാനം റഷ്യയുടെ പടക്കപ്പൽ ഇന്ത്യൻ സമുദ്രത്തിലെത്തി, ഇന്ത്യയ്ക്ക് സഹായകമായി. അമേരിക്ക പിൻവാങ്ങി. യുദ്ധം അവസാനിച്ചു. ഇതുപോലെ സ്റ്റാലിൻ മുൾമുനയിൽ കിടന്നുകൊണ്ടാണു കമ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ് ശിശുവിനെ സംരക്ഷിച്ചത്. നിതാന്ത ജാഗ്രത അദ്ദേഹത്തിന്റെ സവിശേഷതയായിരുന്നു. അങ്ങനെയാണു റഷ്യയെ കെട്ടിപ്പടുത്തത്. ഈ പ്രക്രിയയിൽ സാവകാശം അധികാരമത്തു പിടിച്ചിട്ടുണ്ടാകും. അതിനെ നീതീകരിക്കുന്നില്ല. പക്ഷേ സ്റ്റാലിൻ എന്നൊരു വ്യക്തിയില്ലായിരുന്നെങ്കിൽ, കമ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ് പരീക്ഷണം ഗൗരവമായി ലോകത്തിൽ ചിലപ്പോൾ നടന്നു എന്നേ വരില്ല. അത്ര വലിയ പ്രാധാന്യമാണ് സ്റ്റാലിനുള്ളതു എന്നാണ് വി കെ യുടെ രാഷ്ട്രീയ വിലയിരുത്തൽ.

വി കെ യുടെ മരണം ചരിത്രത്തിനു തന്നെ നഷ്ടമാണ് എന്നു പറയാമെങ്കിലും, ജനജാഗൃതിക്കു അതിന്റെ കാരണവരെയാണ് നഷ്ടപ്പെട്ടത്.

പ്രൊഫ. സി കെ ഭരതവർമ്മയെ ആലപ്പുഴ എസ് ഡി കോളജിന്റെ പ്രിൻസിപ്പൽ സ്ഥാനത്തു നിന്നും വിരമിച്ചതിനു ശേഷമാണു ഞങ്ങൾ കണ്ടുമുട്ടുന്നത്. കൂടുതലും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സജീവ പ്രവർത്തകനും ഭാരവാഹിയുമായിട്ടാണ് മനസിലാക്കിയത്. ജനജാഗൃതിയെ അദ്ദേഹം ഏറെ സ്നേഹിച്ചിരുന്നു. ഇവിടത്തെ ഏതു പരിപാടിക്കും ഒരു ഫോൺ മാത്രം മതി; മറ്റു പരിപാടികൾ ക്രമീകരിച്ച് ജനജാഗൃതിയിൽ നിശ്ചയമായും കൃത്യസമയത്തു തന്നെ എത്തിയിരിക്കും. ജനജാഗൃതിയുടെ നൂതനമായൊരു പരിപാടിയായിരുന്നു ശിശുവാടി. അതിനു സർവവിധമായ നിർദേശങ്ങളും പിന്തുണയും നൽകി; അധ്യാപകരെ ഇന്റർവ്യൂ ചെയ്തു; ഉദ്ഘാടന കർമത്തിൽ മുഖ്യാതിഥിയായി. ജനജാഗൃതിയുമായി ബന്ധപ്പെട്ട സമന്വയം എന്ന സ്ത്രീ സംഘടനയുടെ ആഭിമുഖ്യത്തിൽ പറവൂർ ജങ്ഷനിൽ സമത സ്റ്റോഴ്സിന്റെ പ്രവർത്തനം ആരംഭിച്ചപ്പോൾ, പരിസ്ഥിതിക്കും ജൈവകൃഷി ഉൽപ്പന്നങ്ങൾക്കും ഊന്നൽ നൽകുന്ന ബദൽ ഉൽപ്പന്നങ്ങളുടെ കടയാകണം സമത സ്റ്റോഴ്സ് എന്നദ്ദേഹം ശഠിക്കുമായിരുന്നു. ജനജാഗൃതിയുമായി അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധത്തിന്റെ ആഴം വലുതായിരുന്നു. അദ്ദേഹവുമായി നടത്തിയിട്ടുള്ള ചർച്ചകൾ എല്ലാ രീതിയിലും നൂതനവും സമ്പന്നവുമായിരുന്നു.

ഒരു കാര്യത്തിൽ അദ്ദേഹവുമായുള്ള ബന്ധത്തിൽ ഞാൻ പരാജയപ്പെട്ടു, ഓറ മാസികയോടു നല്ല താൽപ്പര്യമായിരുന്നു. സ്ഥിരമായി

അതിലെ വിഭവങ്ങൾ വായിക്കുമായിരുന്നു; കാണുമ്പോഴൊക്കെ ചർച്ച ചെയ്യുമായിരുന്നു. വിപുലമായ വിഷയങ്ങളെക്കുറിച്ച് ആഴത്തിലുള്ള സംവാദവും ചർച്ചയും എന്നിൽ കൗതുകമുണർത്തിയിട്ടുണ്ട്, ഇവയൊന്നു കുറിച്ചു തരൂ ഓറയ്ക്കു വേണ്ടി എന്നാവശ്യപ്പെട്ടിട്ടുണ്ട്. അതിനു താൻ ഒരു ആക്റ്റിവിസ്റ്റല്ല. എഴുതാൻ മടിയും. ശ്രമിക്കാം എന്നാണു ഉത്തരം. ഒരു ലേഖനവും എഴുതിക്കാൻ എനിക്കു സാധിച്ചില്ല എന്നതു തീരാദു:ഖമായി നിലകൊള്ളുന്നു. സഖാവ് വി കെ കരുണാകരനെപ്പോലെ, പറവൂരിലെ ജനജാഗൃതിയുടെ രണ്ടാമത്തെ കാരണവരായിരുന്നു പ്രൊഫ. ഭരതവർമ്മ. അദ്ദേഹത്തിന്റെ വേർപാട് ഞങ്ങൾക്കു തീരാനഷ്ടം തന്നെ.

പ്രൊഫ. കെ വിജയൻ നായർ ജനജാഗൃതിയുടെ മറ്റൊരു കാരണവർ. അതിന്റെ ആരംഭം മുതൽ എല്ലാകാര്യത്തിലും നിർബന്ധമായും ഞങ്ങൾ അഭിപ്രായം തേടിയിരുന്ന വ്യക്തിയായിരുന്നു വിജയൻ നായർ സാർ. പരന്ന വായന, ആഴത്തിലുള്ള ഉൾക്കാഴ്ച, ഇടതുപക്ഷ പ്രത്യയശാസ്ത്രത്തിനു ഊന്നൽ നൽകിയിട്ടുള്ള രാഷ്ട്രീയ വ്യക്തത - ഇവയൊക്കെ അദ്ദേഹവുമായി ഞങ്ങളെ കൂടുതൽ അടുപ്പിച്ചു. ഓറയുടെ വളർച്ചയുടെ ആദ്യഘട്ടത്തിൽ സാഹിത്യപംക്തി വർഷങ്ങളോളം സ്തുത്യർഹമാംവിധം നടത്തി. അവസാനം യാത്രാവിവരണവും. ജനജാഗൃതിയുടെയും ഓറയുടെയും എല്ലാമായ ശ്രീ. എൻ ജി ശാസ്ത്രി എഴുതിയിരുന്ന എല്ലാ ലേഖനങ്ങളും സാറിനെ വായിച്ചു കേൾപ്പിച്ച് ചർച്ച ചെയ്ത് കൂട്ടിച്ചേർക്കലും കുറയ്ക്കലും നടത്തിയിരുന്നു. ജനജാഗൃതിയുമായി ബന്ധപ്പെട്ടുള്ള ഏതൊരു പരിപാടിക്കും, അസുഖം തുടങ്ങിയ അസൗകര്യങ്ങൾ ഉണ്ടായപ്പോൾ പോലും, ഏറ്റവും താൽപ്പര്യപൂർവമാണു വന്നിരുന്നത്. അദ്ദേഹത്തിന്റെ സാന്നിധ്യം ഞങ്ങൾക്കൊരു തികവായിരുന്നു. വ്യക്തിഗതമായി എന്നെ സംബന്ധിച്ചിടത്തോളം വല്ലപ്പോഴും അദ്ദേഹത്തെ വീട്ടിൽ പോയി കാണുക ഒരു അനുഗ്രഹമായാണ് കണ്ടിരുന്നത്. ഏതാണ്ടു ഒരു മണിക്കൂർ നീണ്ടു നിൽക്കുന്ന സന്ദർശനം സാഹിത്യ-രാഷ്ട്രീയ ചർച്ചകൾ കൊണ്ടു സമ്പന്നമായിരിക്കും. പോയ വ്യക്തിയായിട്ടല്ല ഞാൻ വിജയൻനായർ സാറിനെ കണ്ടിട്ടു തിരികെ പോരുക. തീർത്തും സമ്പന്നമായൊരു അനുഭവത്തോടെയാണ് തിരിച്ചു പോന്നിരുന്നത്. ഓറയുടെ ഇന്നത്തെ വളർച്ചയ്ക്കു എല്ലാ നിലയിലും പിന്തുണ നൽകിയ മഹാനാണദ്ദേഹം.

കടമ്മനിട്ട രാമകൃഷ്ണനുമായുള്ള ഞങ്ങളുടെ ബന്ധം 1983 മുതലുള്ളതാണ്. മാവേലിക്കര കേന്ദ്രമാക്കി പ്രവർത്തിക്കുന്ന, ഞങ്ങളുടെ ഉത്തരവാദിത്വത്തിൽ ആദ്യം തുടങ്ങിയ ജനകീയ സംഘമായ എം ജെ എം സെന്ററിന്റെ ഉദ്ഘാടനവേളയിൽ കടമ്മനിട്ട *കുറത്തി* അവതരിപ്പിച്ചുകൊണ്ടു സ്റ്റേജിൽ നിറഞ്ഞു നിന്നതു മറക്കാനാവാത്ത ഓർമയാണ്. ഈ ബന്ധം ഞങ്ങൾ തുടർന്നു. സരോവരയിൽ നടന്ന കേരളത്തിലെ ജനകീയ സംഘങ്ങളുടെ സംഗമമായ നാട്ടുകൂട്ടത്തിന്റെ ഹരമായിരുന്നു

കടമ്മനിട്ട. മറ്റു ജനകീയ സംഘങ്ങളായ വി വി കെ, ഡി പിഐ എഫ് സി എന്നീയിടങ്ങളിൽ പലവട്ടം സാന്നിധ്യം പ്രസംഗത്തിലൂടെയും കവിതാപാരായണത്തിലൂടെയും വ്യക്തമാക്കിയിരുന്നു. ഞങ്ങളുമായി ബന്ധപ്പെട്ട ജനകീയ സംഘങ്ങളിൽ അവസാനത്തേതാണ് ജനജാഗൃതി. അതിന്റെ ഔദ്യോഗിക ഉദ്ഘാടന ദിവസത്തെ ഒറ്റ രാത്രി പരിപാടിയിൽ, ശ്രീ. കടമ്മനിട്ട രാമകൃഷ്ണനും പ്രൊഫ. കടമ്മനിട്ട വാസുദേവൻ പിള്ളയും ചേർന്നുകൊണ്ടു നടത്തിയ പടയണിയും കവിതാലാപനവും പറവൂരിൽ അഭൂതപൂർവമായ ചലനമാണു സൃഷ്ടിച്ചത്. തുടർന്നു ജനജാഗൃതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഏതു പരിപാടിക്കും ഒരു ഫോൺ മാത്രം മതി. ഉടൻ 'വരാൻ പറ്റും; അഥവാ മറ്റു പരിപാടികൾ ഏറ്റതുകൊണ്ടു വരാൻ പറ്റില്ല' എന്ന ഉത്തരം കിട്ടും. വരാമെന്നു പറഞ്ഞപ്പോഴൊക്കെ നേരത്തേ തന്നെ ജനജാഗൃതിയിൽ എത്തിയിട്ടുമുണ്ട്.

ആറന്മുള നിയോജക മണ്ഡലത്തിൽ ഇടതുപക്ഷ സ്വതന്ത്ര സ്ഥാനാർഥിയായി മത്സരിച്ചപ്പോൾ, അദ്ദേഹത്തോടൊപ്പം കുറച്ചു ദിവസങ്ങൾ ചെലവഴിച്ചു. പല പൊതുവേദിയിലും സംസാരിച്ചു. പഴയ പള്ളി ശുശ്രൂഷയുടെ സ്വാധീനം ഉപയോഗിച്ചു കുറച്ചു കുടുംബക്കാരെ വ്യക്തിഗതമായി നേരിട്ടു കണ്ട് വോട്ടു ഉറപ്പു വരുത്തി. അദ്ദേഹം അവിടെ നിന്നു ജയിച്ചു. തുടർന്നു ജനജാഗൃതിയിൽ അദ്ദേഹത്തിനു നൽകിയ സ്വീകരണത്തിൽ ഒരു വളവുമില്ലാതെ, വികാരാവേശത്തോടെയാണ് തന്റെ വിജയത്തിൽ ജനജാഗൃതി നടത്തിയ ചെറിയ പങ്കിനെ പരസ്യമായി അംഗീകരിച്ചു സംസാരിച്ചത്. ജനജാഗൃതി അദ്ദേഹത്തിനു സ്വന്തം കുടുംബം ആയിരുന്നു. അദ്ദേഹം ഞങ്ങളുടെ സ്വന്തം എന്നൊരു വികാരം ജനജാഗൃതി നിവാസികളിലെല്ലാം സജീവമായിരുന്നു.

ശ്രീ. പുലിയൂർ രവീന്ദ്രൻ ജനജാഗൃതിയുമായി ബന്ധപ്പെടുന്നതു അദ്ദേഹത്തിന്റെ കവിതാ സമാഹാരമായ *ഇരുമുടി* പ്രസിദ്ധീകരിക്കുന്ന കാര്യവുമായിട്ടായിരുന്നു. പക്ഷേ, ആ ബന്ധം പുസ്തക പ്രസാധനത്തിൽ ഒതുങ്ങിക്കൂടിയില്ല. സാമൂഹികതിന്മയും അനീതിയും ചീഞ്ഞുനാറുന്ന വ്യവസ്ഥിതിയാകുന്ന ഇരുമുടിക്കെട്ട് വലിച്ചെറിഞ്ഞുകൊണ്ടുള്ള പുതിയ സമൂഹത്തിനായുള്ള തന്റെ അന്തരംഗത്തിന്റെ അടങ്ങാത്ത മുറവിളി, ദൃഢവും വ്യക്തവുമായ സ്വരത്തിലുള്ള തന്റെ കവിതാവതരണം, എല്ലാംകൊണ്ടും ഹൃദയഹാരിയായിരുന്നു. അറിയാതെ ജനജാഗൃതി അംഗങ്ങളിൽ ഒരാളായി രവീന്ദ്രൻ സാർ മാറുകയായിരുന്നു. തന്റെ അധ്യാപകവൃത്തിക്കായി മലബാറിലേക്കു പോകുമ്പോഴും അവധിക്കു വരുമ്പോഴും ജനജാഗൃതിഭവൻ അദ്ദേഹത്തിന്റെ സന്ദർശന കുടുംബമായി. ജനജഗൃതിയുടെയും *ഓറ* മാസികയുടെയും ചൈതന്യമുൾക്കൊണ്ടുകൊണ്ടുള്ള കവിതകൾ ഹരം പകരുന്നവയായിരുന്നു. ജനജാഗൃതിയുടെ മിക്ക പരിപാടികൾക്കും കൊഴുപ്പു പകർന്ന ഒരു ഇനം അദ്ദേഹത്തിന്റെ ജീവ

ദായകമായ കവിതാപാരായണമായിരുന്നു. 2009 ജൂൺ 21ന് രാജി സമർപ്പിച്ചുകൊണ്ടു കൊല്ലം ബിഷപ്പ് സ്റ്റാൻലി റോമനു ഞാൻ അയച്ച കത്തു *ഓറ*യുടെ ജൂലൈ ലക്കത്തിൽ പ്രസിദ്ധീകരിച്ചതിൽ, എനിക്കു ഒത്താശയും ശക്തിയും പകർന്നു കൊണ്ടു ധാരാളം പേർ ഫോൺ വിളിക്കുകയും ബന്ധപ്പെടുകയും ചെയ്തു. എന്നാൽ റിട്ടയറായിട്ടു സുഖമില്ലാതെയിരുന്നിട്ടും, ജനജാഗൃതിയിൽ വന്നു നേരിട്ടു കണ്ടു പിന്തുണ നൽകിയ ഏക വ്യക്തി പുലിയൂർ സാറായിരുന്നു. അതെ, എന്നും ജനജാഗൃതിക്കു പുലിയൂർ സാർ ശക്തിയാണ്.

ശ്രീ. തെങ്ങമം ബാലകൃഷ്ണനെ ആദ്യം ബന്ധപ്പെടുന്നതു കുണ്ടറ ഡി പി ഐ എഫ് സിയുമായും സരോവരയുമായും ബന്ധപ്പെട്ടുകൊണ്ടാണെങ്കിലും, ഹൃദ്യമായ ഇടപെടലും അടുപ്പവുമുണ്ടാകുന്നതു ജനജാഗൃതിയുടെ പരിപാടികളുമായും *ഓറ*യുമായും ബന്ധപ്പെട്ടുകൊണ്ടാണ്. കടപ്പാക്കടയിലെ തന്റെ വീടു സന്ദർശിച്ചപ്പോഴൊക്കെ ഏതാണ്ടൊരു മണിക്കൂർ സമയം ഗൗരവമായ രാഷ്ട്രീയാവലോകനം നടന്നിരുന്നതു സമ്പന്നമായൊരനുഭവമായി കാണുന്നു. ആലപ്പുഴയ്ക്കോ എറണാകുളത്തിനോ കാറിൽ യാത്ര ചെയ്തിരുന്ന സന്ദർഭത്തിൽ അനൗപചാരികമായി ജനജാഗൃതി സന്ദർശിച്ചു വിശ്രമിക്കുകയും കുശലം പറയുകയും രാഷ്ട്രീയചർച്ച നടത്തുകയും ചെയ്യുക തെങ്ങമം സാറിന്റെ ഹോബിയായിരുന്നു. അദ്ദേഹത്തിന്റെ സാന്നിധ്യവും സംസാരവും ഞങ്ങൾ അങ്ങേയറ്റം വിലമതിക്കുന്നു. പഠനാർഹമായ ലേഖനങ്ങൾ നൽകി *ഓറ*യെ സമ്പുഷ്ടമാക്കിയതിനെയും *ഓറ*യുടെ വരിക്കാരെ വർധിപ്പിക്കുന്നതിൽ തന്റെ സ്വാധീനശക്തി ഉപയോഗപ്പെടുത്തിയതിനെയും നന്ദിപൂർവം സ്മരിക്കുന്നു. വിമോചന ദൈവശാസ്ത്രത്തിനു ശക്തിപകരുന്ന എന്റെ *പുതിയ ഗാഗുൽത്തകൾ* എന്ന പുസ്തകം കൊല്ലത്തു പ്രകാശനം ചെയ്തുകൊണ്ടുള്ള തെങ്ങമം സാറിന്റെ വാക്കുകളിൽ ആത്മാർഥതയും ഹൃദ്യതയും നിറഞ്ഞു നിന്നിരുന്നു. എന്നോടൊപ്പം ജനജാഗൃതി കുടുംബാംഗങ്ങളൊക്കെത്തന്നെ അദ്ദേഹത്തെ ഗുരുതുല്യനായാണ് വീക്ഷിക്കുന്നത്.

പ്രൊഫ. എരുമേലി പരമേശ്വരൻപിള്ളയുമായുള്ള ബന്ധം മാവേലിക്കര എം ജെ എമ്മിന്റെ കാലത്തേയുണ്ടെങ്കിലും, ഹൃദയസ്പർശിയായ ഇടപെടൽ ഉണ്ടാകുന്നതു ജനജാഗൃതിയുടെ തുടക്കം മുതലാണ്. *ഓറ*യ്ക്കു വേണ്ടി ശാസ്ത്രീയ ലേഖനങ്ങൾ സംഭാവന ചെയ്യുക എരുമേലി സാറിന്റെ പ്രത്യേകത തന്നെയായിരുന്നു. ജനജാഗൃതിയുടെ ഭാഗമായ ജനജാഗൃതി പ്രസാധകസംഘത്തെ കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം നല്ലൊരു പങ്കുവഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രായത്തിന്റെ പക്വതയും വായനയുടെ ഗൗരവവും ചിന്തയുടെ ആഴവും പങ്കുവെക്കലിന്റെ ആത്മാർഥതയും ഒക്കെ ജനജാഗൃതിയുടെ സുഗമമായ നടത്തിപ്പിനു കളമൊരുക്കിയിട്ടുണ്ട്. *ഓറ*യുടെ പരിണാമ ഘട്ടങ്ങളിൽ, അതിന്റെ

വളർച്ചയ്ക്കു ശക്തമായ നിർദേശങ്ങളും ഇടപെടലുകളും നടത്തുക എരുമേലി സാറിന്റെ പ്രത്യേകത തന്നെ. ഓറയിൽ സാഹിത്യത്തിന്റെ വിമോചന ധാരയ്ക്കു ഊന്നൽ നൽകിയ ലക്കങ്ങൾക്കു അവസരമൊരുക്കിയതു സാറാണ്. അദ്ദേഹത്തിന്റെ സ്ത്രീപരിപ്രേക്ഷ്യദർശനത്തോടു ഞങ്ങൾക്കു വിയോജിപ്പുണ്ടെങ്കിലും, സാമൂഹിക-രാഷ്ട്രീയ അർപ്പണബോധവും ദരിദ്രപക്ഷ കാഴ്ചപ്പാടും ഇടതുപക്ഷ നിലപാടും ജനതയുടെ വിമോചനത്തിലുള്ള ദൃഢതയും ഹൃദ്യമായ ബന്ധപ്പെടലും ഞങ്ങൾക്കെന്നും പ്രചോദനമാണ്. ഞങ്ങൾ ഏതു യോഗത്തിനു വിളിച്ചാലും മറ്റു പരിപാടികൾ ക്രമപ്പെടുത്തി പങ്കെടുക്കുകയും കാമ്പും കഴമ്പുമുള്ള അഭിപ്രായങ്ങൾ പറയുകയും അതു മുതൽക്കൂട്ടാകുകയും ചെയ്യുന്നുണ്ട്.

പ്രൊഫ. സാറാ ജോസഫിനെപ്പറ്റി പറയാതെ സാഹിത്യലോകത്തിലെ എന്റെ ഗുരുക്കളെപ്പറ്റിയുള്ള കുറിപ്പു എല്ലാംകൊണ്ടും അപൂർണമായിരിക്കും. ഓറയുടെ നിലനിൽപ്പിലും വളർച്ചയിലും പ്രൊഫ. സാറാ ജോസഫ് നല്ല പങ്കുവഹിച്ചിട്ടുണ്ട്. മാധ്യമം സാമൂഹ്യമാറ്റത്തിന് എന്ന ജനജാഗൃതിയുടെ പൊതു ലക്ഷ്യത്തിന്റെ മൂർത്തഘടകങ്ങളിൽ സ്ത്രൈണ - പാരിസ്ഥിതിക പരിപ്രേക്ഷ്യത്തിനു ഏറെ പ്രാധാന്യമുണ്ട്. ഈ ദർശനത്തിനു വ്യക്തത നൽകാൻ, സ്ത്രീസ്വാതന്ത്ര്യത്തിനും സ്ത്രീയുടെ നിർണയാവകാശത്തിനും വേണ്ടി പുതിയ ബദലുകൾക്കു രൂപം കൊടുക്കേണ്ടതുണ്ട്. എന്റെ ചിന്തകൾ ആ ദിശയിൽ സഞ്ചരിക്കാൻ ടീച്ചറിന്റെ ഇടപെടലുകളും പ്രഭാഷണങ്ങളും ഇടവരുത്തിയിട്ടുണ്ട്. ഇന്നത്തെ പുരുഷാധിപത്യ, സ്ഥാപിത, ജനാധിപത്യവിരുദ്ധ, സ്ത്രീവിരുദ്ധ, കുടുംബ സംവിധാനത്തെ പൊളിച്ചെഴുതണമെന്നുള്ള പ്രവാചകസ്വരം ജനജാഗൃതി അങ്കണത്തിൽ ശക്തിയുക്തം മുഴക്കിയതു പ്രൊഫ. സാറാ ജോസഫാണ്.

ജനജാഗൃതിയുടെ സ്ത്രീസംഘടനയാണ് സമന്വയം. അതിന്റെ പ്രധാനപ്രവർത്തനങ്ങളിൽ ഒന്നു ഹോം നേഴ്സിംഗ് പരിപാടിയായിരുന്നു. 1995 മുതൽ 2007 വരെ സജീവമായി നടന്ന പരിപാടിയാണിത്. അവരുടെ പരിശീലനത്തിൽ പ്രൊഫ. സാറാ ജോസഫിന്റെ പാട്ടുകൾ സ്ത്രീ കാഴ്ചപ്പാടും സ്ത്രീശക്തിയും പകരുന്നവയായിരുന്നു. അവരുടെ

ഉണർന്നെണീക്കുക സോദരീ
ഉയിർത്തെണീക്കുക സോദരീ
പോയ നൂറ്റാണ്ടുകളുടെ തടവറ
തകർത്തെണീക്കുക സോദരീ....
അടിമകളല്ലിനി നാം, കേവലമടിമകളല്ലിനി നാം.....
സ്വതന്ത്രമായ ചിന്തകൾ പഠനം നമുക്കൊരാധാരം
സ്വന്തം തൊഴിലും സ്വന്തം വഴിയും നമുക്കു നേടേണം

തുടങ്ങിയ പാട്ടുകൾ എല്ലാരീതിയിലും അർഥവും വ്യക്തതയും പകരുന്നവയാണ്.

എന്റെ ആത്മകഥയായ *കറുത്ത കുർബാനയ്ക്കു* അർഥസംപുഷ്ട

മായൊരു പുസ്തകാവലോകനം എഴുതിയത് ടീച്ചറാണ്. സ്ത്രീയുടെയും പുരുഷന്റെയും അടിസ്ഥാനാവകാശമാണ് പ്രണയം. അങ്ങനെ ആത്മാർ ഥമായ പ്രണയത്തിന്റെ ഫലമായി കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെടലും എതിർപ്പും നേരിടേണ്ടി വന്നവരെ പിന്തുണയ്ക്കാനും ശക്തിപ്പെടുത്താനും ടീച്ചറും ജനജാഗൃതിയും സമന്വയവും കൈ കോർത്തു നിന്നതിനെ അഭിമാനത്തോടെയാണ് സ്മരിക്കുക. *ഒരു ഫെമി നിസ്റ്റാവുക* എന്ന എന്റെ പുസ്തകത്തിനു ഏതാണ്ടു നല്ല സ്വീകരണം കിട്ടി. ഇന്നിപ്പോൾ രണ്ടാം പതിപ്പ് ഇറങ്ങിക്കഴിഞ്ഞു. അങ്ങനെയൊരു പുസ്തകത്തിനു പ്രചോദകരായ പ്രമുഖരിൽ മുൻനിരയിലുള്ളത് ടീച്ച റാണ്. ഒറ്റവാചകത്തിൽ, എന്റെ ഹൃദയത്തിൽ വലിയ സ്ഥാനമുണ്ട് ടീച്ചർക്ക്.

## ix. അധ്യാപക-ഉദ്യോഗസ്ഥവൃന്ദത്തിലെ പ്രമുഖർ

കുമ്പളത്തു കടവിൽ ജോസഫ്, എൻ ജി ശാസ്ത്രി, എ ഷാഹുൽ ഹമ്മീദ്, സി പി സുധാകരൻ, എന്റെ ജ്യേഷ്ഠൻ അലോഷ്യസ് ഡി ഫെർണാണ്ടസ്, ഡോ. സഞ്ജീവ് ഘോഷ്, പ്രൊഫ. വി സി ജോൺ, ദലിത് ബന്ധു എൻ കെ ജോസ്, ടി എ എസ് മേനോൻ, ശിവരാമൻ ചെറിയനാട്, ഡോ. ധർമരാജ് അടാട്ട്, ഡോ. ജോർജ് കെ അലക്സ്, അഡ്വ. കെ പി കേശവകാരണവർ എന്നിവരെ പ്രത്യേകം സ്മരിക്കുന്നു. ഇവർ വെറും പ്രതീകങ്ങളാണ്. എന്റെ ജീവിതത്തിന്റെ സമ്പത്തു നല്ല അധ്യാപക ഗണമാണ്. അവരെയൊക്കെ ഓർത്തുകൊണ്ടാണ് ഇവരെ പ്പറ്റി രണ്ടുവാക്കു കുറിക്കുക.

**കടവിൽ ജോസഫ്:** കൊല്ലം കുമ്പളത്തു എന്റെ ജന്മനാട്ടിലെ മിഡിൽസ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്നു. അദ്ദേഹം ഞങ്ങൾ കുട്ടി കൾക്കും അധ്യാപകർക്കും മാതൃകയായിരുന്നു. വൃത്തിയായി വസ്ത്രം ധരിക്കും, കൃത്യനിഷ്ഠയിൽ കാർക്കശ്യം; കുട്ടികളെ പേരു ചൊല്ലി അറി യൽ. നല്ലതുപോലെ പഠിപ്പിക്കും. കുട്ടികളുടെ പഠനത്തിൽ മാത്രമല്ല, മറ്റെല്ലാ കാര്യത്തിലും ശ്രദ്ധ ചെലുത്തിയിരുന്നു. വളരെ താമസിച്ചാണു വിവാഹിതനായത്. വിവാഹം വേണ്ടെന്നു തീരുമാനിച്ചു കുട്ടികൾക്കു വേണ്ടിയും സ്കൂളിനു വേണ്ടിയും ജീവാർപ്പണം ചെയ്ത വ്യക്തിത്വം. സത്യം, സ്നേഹം, കരുതൽ, നീതി തുടങ്ങിയ മാനുഷിക മൂല്യങ്ങളെ അദ്ദേഹം ശിരസാവഹിച്ചിരുന്നു. കുട്ടികളെ അറിഞ്ഞു സ്നേഹിച്ച അധ്യാ പകൻ. വല്ലപ്പോഴും അദ്ദേഹത്തെ സന്ദർശിക്കാറുണ്ട്. 2007ൽ അദ്ദേ ഹത്തെ സന്ദർശിച്ചപ്പോൾ ഇങ്ങനെ പറഞ്ഞു: "എനിക്കു വയസ്സ് 91. നമ്മൾ തമ്മിൽ 30 വയസിന്റെ വ്യത്യാസമാണുള്ളത്. ജനിച്ചതു 1947 അല്ലേ? നോക്കുക ഏതാണ്ടു 50 വർഷത്തിനപ്പുറമുള്ള ബന്ധത്തിന്റെ ആഴവും ദൃഢതയും. അധ്യാപകരെപ്പറ്റി ഓർക്കുമ്പോൾ ആദ്യം മനസിൽ വരുന്നതു ബഹു. ജോസഫ് സാറിനെയാണ്. അദ്ദേഹത്തിന്റെ മുമ്പിൽ പ്രണാമം.

**ശ്രീ. എൻ ജി ശാസ്ത്രി:** അദ്ദേഹവുമായുള്ള എന്റെ ബന്ധത്തിനു ഒരു നീണ്ടകഥയുണ്ട്. എന്റെ കൂട്ടുകാരി കൊച്ചുമോൾ മാവേലിക്കര എം ജെ എം പ്രവർത്തകയാണ്. ശാസ്ത്രി സാറിനു എം ജെ എമ്മുമായി നല്ല ബന്ധമുണ്ടായിരുന്നു. ആയുർവേദം പഠിച്ച ഒരു വ്യക്തി എന്ന നിലയ്ക്ക് ആയുർവേദത്തിന്റെ ബാലപാഠ ക്ലാസുകൾ കൊച്ചുമോൾക്കു നൽകുകയും ബന്ധപ്പെട്ട നോട്ടുകൾ തയാറാക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഇടവകയിലെ ജോലിത്തിരക്കിനിടയിൽ, വല്ലപ്പോഴും സമയം കിട്ടുന്നതനുസരിച്ചാണു ഞാൻ എം ജെ എമ്മിൽ വന്നിരുന്നത്. വരുമ്പോൾ ശാസ്ത്രിസാറുണ്ടെങ്കിൽ ഒന്നു കാണുമെന്നല്ലാതെ കാര്യമായ ബന്ധം പുലർത്തിയിരുന്നില്ല. പക്ഷേ, കൊച്ചുമോൾ ശാസ്ത്രിസാറിന്റെ സ്നേഹപുരസ്സരമായ ഇടപെടലിനെപ്പറ്റി എന്നോടു പറഞ്ഞിട്ടുണ്ട്. അത്ര മാത്രം. അങ്ങനെയിരിക്കെയാണ് 1988ൽ ഉപരിപഠനാർഥം ഞാൻ അമേരിക്കയിലേക്കു പോകാൻ തീരുമാനിച്ചത്. യാത്ര തിരിക്കുന്നതിനു രണ്ടു - മൂന്നു ദിവസങ്ങൾക്കു മുൻപ് ശാസ്ത്രി സാറും കൊച്ചുമോളും ഞാനും എം ജെ എം സെന്ററിൽ കൂടി. കൊച്ചുമോളെ ശാസ്ത്രി സാറിനെ ഏൽപ്പിച്ചിട്ടാണ് അമേരിക്കയിലേക്കു പോയത്. അന്നു അത്ര ഗൗരവത്തോടെയല്ല ഇങ്ങനെ പറഞ്ഞതെങ്കിലും, സാർ അതു വളരെ ഗൗരവത്തോടെ എടുത്തു. കൊച്ചുമോൾക്കു വേണ്ട എല്ലാ ശ്രദ്ധയും കരുതലും കൊടുത്തു.

ആയിടെയാണ് എം ജെ എം സെന്ററിന്റെ വിലയിരുത്തലിന്റെ ഭാഗമായി, പ്രവർത്തകർ സ്ഥാപനം കേന്ദ്രമാക്കിയല്ല, ഗ്രാമം കേന്ദ്രമാക്കി ജനങ്ങൾക്കൊപ്പം ജീവിച്ചു പ്രവർത്തിക്കണമെന്ന ധാരണയുണ്ടാകുന്നത്. ആ തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശാസ്ത്രി സാർ പെരിങ്ങലിപ്പുറത്തു ഒരു കുടുംബവുമായി കൊച്ചുമോൾക്കു താമസിച്ചു പ്രവർത്തിക്കാനുള്ള എല്ലാ ക്രമീകരണങ്ങളും രക്ഷാധികാരിയെപ്പോലെ ഉണ്ടാക്കിക്കൊടുത്തു.

അമേരിക്കയിൽ നിന്നും തിരികെ നാട്ടിൽ എത്തിക്കഴിഞ്ഞ്, എന്റെ ഭാവി പ്രവർത്തനങ്ങളെപ്പറ്റി ചിന്തിച്ചിടത്താണ് ശാസ്ത്രി സാറിനു നിർണായകമായ പങ്കുണ്ട് എന്നുള്ള വ്യക്തതവരുന്നത്. ജനജാഗൃതിയെപ്പറ്റിയുള്ള ആദ്യ ആലോചനായോഗത്തിൽത്തന്നെ ശാസ്ത്രി സാർ സന്നിഹിതനായിരുന്നു. എന്റെ ഭാവി സ്വപ്നമായ 'മാധ്യമം സാമൂഹികമാറ്റത്തിന്' എന്നതു ഫലപ്രദമായി എങ്ങനെ പ്രായോഗികമാക്കാം എന്നതിനെപ്പറ്റി വ്യക്തിഗതമായി സാറുമായി ആദ്യമേ പങ്കുവെച്ചപ്പോൾ തന്നെ ഞങ്ങൾ തമ്മിൽ എന്തോ ആന്തരികമായൊരടുപ്പം ഉണ്ടായി. അദ്ദേഹത്തിന്റെ സത്യസന്ധതയും എന്റെ ആത്മാർഥതയും തമ്മിൽ വേളി കഴിച്ചൊരനുഭവമാണുണ്ടായത്. അദ്ദേഹത്തിന്റെ സ്ത്രീ പരിപേക്ഷ്യത്തോടു ശക്തമായ വിയോജിപ്പുണ്ടെങ്കിലും, ഓരോ ദിവസം കഴിയുംതോറും ഞങ്ങളുടെ ഹൃദയങ്ങൾ അടുത്തുകൊണ്ടിരുന്നു.

ജനജാഗൃതിയുടെ ആരംഭത്തിലേ അതിന്റെ വേര് പുന്നപ്ര മണ്ണിൽ

ഉറപ്പിക്കുന്നതിൽ ശാസ്ത്രിസാറും ബദ്ധശ്രദ്ധനായിരുന്നു. ജനജാഗൃതി ഒരു ബദൽ സംസ്കാരത്തിന്റെയും സംസ്കൃതിയുടെയും അടയാളമാകണമെന്നു അങ്ങേയറ്റം കൊതിച്ച വ്യക്തിയാണു ശാസ്ത്രി സാർ. അതിനായി ഏറെ സ്വപ്നം കണ്ട്, ഒത്തിരി പ്രയത്നിച്ചു. കേരളത്തിലെ പ്രമുഖ സാമൂഹിക-സാംസ്കാരിക-സാഹിത്യ നായകന്മാരുമായൊക്കെ ജനജാഗൃതിക്കു ബന്ധമുണ്ടാകത്തക്ക രീതിയിൽ എനിക്കു ശക്തി പകർന്നുകൊണ്ട് അണിയറ പ്രവർത്തനങ്ങൾ നടത്തി. ആരംഭം മുതൽ ജനജാഗൃതിയുടെ വൈസ്പ്രസിഡന്റും, ഫാ. ജോസഫ് തോമസ് 1998 മേയിൽ ഓറയുടെ മുഖ്യപത്രാധിപസ്ഥാനം രാജിവച്ചിടം മുതൽ ഓറയുടെ മുഖ്യപത്രാധിപരുമായും ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ജനജാഗൃതിക്ക് നല്ല അംഗീകാരം കിട്ടി, സുഗമമായി നടന്നിരുന്നപ്പോൾ മാത്രമല്ല, ജനജാഗൃതിയുടെ ഇരുണ്ട കാലയളവിൽ നൂറു ശതമാനവും ആവേദന പേറിക്കൊണ്ടു കൂടെനിന്ന വ്യക്തിത്വമാണ് ശാസ്ത്രി സാർ.

സാറുമായി എന്നെ അടുപ്പിച്ച ഒരു കാര്യം എടുത്തു പറയേണ്ടതുണ്ട്. അദ്ദേഹത്തിന്റെ അടുത്ത് സഹായത്തിനു എത്തുന്നവരെ അവരുടെ നന്മതിന്മകളും സ്വഭാവശുദ്ധിയും നോക്കിയല്ല സഹായിച്ചിരുന്നത്. ഒരു കണക്കുവയ്ക്കലുമില്ലാതെ ആത്മാർഥമായി അവരുടെ സഹായത്തിനെത്തിയിരുന്നു. ഇവരിൽ പലരും നേരത്തെയും പിന്നെയും സാറിനു കുരിശുപാകിയവരാണ്. ഇതൊന്നും സാർ മനസിലാക്കാതെയല്ല, മറിച്ചു ഇവയൊക്കെ മനസിലാക്കിയിട്ടുതന്നെ, അവരുടെ കുറവുകളും കൃത്രിമത്വവും മറന്നുകൊണ്ടുതന്നെ, അവരുടെ സഹായത്തിനു എത്തുക ഒരു വലിയ മനസിന്റെ ഉടമയ്ക്കു മാത്രമേ സാധിക്കൂ. ഞങ്ങൾ തമ്മിൽ ചിലപ്പോൾ വഴക്കിടാറുണ്ട്; പരസ്പരം ഉറക്കെ കോപിച്ചുകൊണ്ട് സംസാരിച്ചിട്ടുമുണ്ട്. നിമിഷങ്ങൾ കഴിയും മുൻപ് രണ്ടുപേരും കരഞ്ഞുകൊണ്ട് കെട്ടിപ്പിടിച്ചു ആലിംഗനം ചെയ്തു ഒരു മെയ്യാകുന്ന നിമിഷങ്ങൾ അമൂല്യമാണ്.

ജനജാഗൃതി ആലപ്പുഴ പറവൂരിൽ സാംസ്കാരികമായിട്ടു വേരുറപ്പിക്കുന്നതിനു പുറമേ, ഭൗതികമായും വേരോട്ടം നടത്താൻ പ്രകൃതി ചികിത്സാകേന്ദ്രം, പ്രായം ചെന്നവർക്കുള്ള കുടുംബമായ സ്നേഹാലയം, പാവപ്പെട്ട സ്ത്രീ ഉദ്യോഗസ്ഥകൾക്കായി ജനകീയ ഹോസ്റ്റൽ, ജനകീയ ആരോഗ്യപദ്ധതി, ബദൽ വിദ്യാഭ്യാസ പരിപാടി തുടങ്ങി നിരവധി സ്വപ്നങ്ങളുമായാണു ഞങ്ങൾ മുന്നോട്ടു നീങ്ങിയത്. ആ സ്വപ്നങ്ങളെയൊക്കെ ചുട്ടുചാമ്പലാക്കിയ സാഹചര്യമുണ്ടായപ്പോൾ, കണ്ണീരോടെയാണെങ്കിലും തളരാതെ വ്യക്തമായ നിലപാടോടെ കൂടെ നിന്നുകൊണ്ട്, പ്രായോഗികമായി ചെയ്യാവുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടു ശക്തിയായി നീങ്ങാനുള്ള തീരുമാനമെടുത്തതിൽ മുഖ്യപങ്കു ശാസ്ത്രി സാറിനായിരുന്നു.

നല്ലൊരധ്യാപകൻ. പ്രായത്തിന്റെ ക്ഷീണവും രോഗവും മൂലം വല്ലാതെ ബുദ്ധിമുട്ടുന്നെങ്കിലും, പഠിക്കാൻ താൽപ്പര്യം കാണിച്ചുകൊ

ണ്ടൊരു വിദ്യാർഥി വന്നാൽ, എല്ലാം മറന്നു ആ കുട്ടിക്കുവേണ്ട എല്ലാ സഹായഹസ്തവും കൊടുക്കുക സാറിന്റെ സ്വഭാവ സവിശേഷതയാണ്. സാറുമൊത്തു ധാരാളം സ്ഥലത്തു യാത്രചെയ്തിട്ടുണ്ട്. പലയിടത്തും നല്ല ജോലിയും സ്ഥാനവുമുള്ള വ്യക്തികളെ പരിചയപ്പെട്ടിട്ടുണ്ട്. അവർ പരിചയപ്പെടുത്തുന്ന രീതി, 'സാറിന്റെ ശിഷ്യനാണു ഞാൻ;' 'സാറെന്നെ പഠിപ്പിച്ചതാണ്' തുടങ്ങിയ വാചകങ്ങളോടെയാണ്. അവരതു പറയുമ്പോൾ അവരുടെ സ്വരത്തിൽ കുളിർമയുടെയും ജീവന്റെയും തുടിപ്പുകൾ ദർശിക്കാം. സാർ നല്ല വാഗ്മികൂടിയാണ്. തന്റെ പ്രസംഗത്തിനും കാര്യങ്ങൾ പറഞ്ഞു പഠിപ്പിക്കുന്ന ശൈലിയുണ്ട്. അധ്യാപകനായിരുന്നതിൽ അങ്ങേയറ്റം അഭിമാനം കൊള്ളുന്ന ഒരു വ്യക്തിത്വമാണു ശാസ്ത്രി സാറിനുള്ളത്.

ഇന്നു ജനജാഗൃതിയും ഓറയും സാറിന്റെ ഹൃദയത്തിൽ എപ്പോഴും സജീവമായി നിലകൊള്ളുന്നു. എല്ലാ ദിവസവും രാത്രി 11-11.30 മണിയോടെ എന്റെ ഒരു ഫോൺ സാർ പ്രതീക്ഷിക്കുന്നു. ആ ദിവസത്തെ ജനജാഗൃതി-ഓറ വിശേഷങ്ങൾ അറിയാൻ. ഏതെങ്കിലുമൊരു ദിവസം ഞാൻ വിളിച്ചില്ലെങ്കിൽ, രാത്രി 11.45- 12 ഓടെ സാർ എന്നെ വിളിച്ചിരിക്കും. അന്നത്തെ കഥ അറിഞ്ഞില്ലെങ്കിൽ ഉറക്കം വരില്ല എന്നാണദ്ദേഹം പറയുക. ജനജാഗൃതിയും ഓറയും അങ്ങനെ ഏതാണ്ടു ഹൃദയത്തിന്റെയും ജീവിതത്തിന്റെയും ഭാഗമായിക്കഴിഞ്ഞു അദ്ദേഹത്തിന്.

ധാരാളം ഇനിയും പറയാനുണ്ട്. വിസ്താരഭയം അതിനനുവദിക്കുന്നില്ല. എങ്കിലും ഒരു കാര്യംകൂടി നിർബന്ധമായും പറയണമെന്നു തോന്നുന്നു. എന്റെ ജനനം 1947 ലെ തിരുവോണ ദിനമാണ്- അന്നു ആഗസ്റ്റ് 29. ഓരോ വർഷവും തിരുവോണദിനം മാറിവരും. എന്റെ ഓർമയിൽ ആഗസ്റ്റ് 29 ഉം തിരുവോണവും സമന്വയിച്ച് ഒരു ദിവസമായതു ഒരു വർഷം മാത്രം. ദിവസം മാറുന്നത് എന്റെ അമ്മയ്ക്കു പ്രശ്നമല്ലായിരുന്നു. അവർക്ക് എന്റെ ജന്മദിനം തിരുവോണദിവസം തന്നെയാണ്; ആഗസ്റ്റ് 29 അല്ല. അങ്ങനെ അമ്മാമ്മ മരിക്കുന്നിടം വരെ എല്ലാ തിരുവോണ ദിനത്തിലും അമ്മാമ്മയെ കാണുവാൻ പോകുമായിരുന്നു. അപ്പാപ്പൻ 1972 ഏപ്രിൽ 27ന് മരിച്ചു. അമ്മാമ്മ മരിച്ച (1981 മാർച്ച് 28)തിനുശേഷം എല്ലാവർഷവും തിരുവോണദിനത്തിൽ മാവേലിക്കരയിൽ പെരിങ്ങലിപ്പുറത്തുള്ള സാറിന്റെ വീട്ടിൽ ചെന്നു ഒത്തിരുന്നു ആഹാരം കഴിക്കണമെന്നു നിർബന്ധമായി. അതു കർക്കശമായും തുടർന്നു വരുന്നു. ചടങ്ങിലും ആചാരങ്ങളിലും വിശ്വാസമോ വിലയോ കൽപ്പിക്കാത്ത ഞാൻ ഇതുചെയ്യുന്നതിന്റെ പിന്നിലെ വികാരം ശാസ്ത്രി സാറിന്റെ അപാരമായ സ്നേഹവായ്പാണ്. അതെ, ജനജാഗൃതിയുടെയും ഓറയുടെയും ജീവനും ശക്തിയുമായി നിരന്തരം നിലകൊള്ളുന്ന ശാസ്ത്രിസാർ ഞങ്ങൾക്കെല്ലാം എന്നും പ്രചോദനമാണ്.

എ ഷാഹുൽ ഹമീദ് സാറിന്റെ സ്വന്തം സ്ഥലം കൊല്ലം ജില്ലയുടെ ഏതാണ്ടു കിഴക്കേയറ്റത്തുള്ള അഞ്ചലിലാണ്. ആദ്യം പട്ടികജാതി

വകുപ്പിലും പിന്നെ പട്ടികജാതി-പട്ടികവർഗ വകുപ്പിലും പ്രവർത്തിച്ചു ഡെപ്യൂട്ടി ഡയറക്ടറായി പെൻഷൻ പറ്റിയ വ്യക്തിയാണു ഹമീദ് സാർ. കുണ്ടറ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ഡി പി ഐ എഫ് സി യുടെ ഏകോപനം വേണമെന്നും പ്രവർത്തനങ്ങൾ കൂടുതലും സ്ത്രീശാക്തീ കരണത്തിന് ഉതകുന്നതാകണമെന്നും ഡി പി ഐ എഫ് സി യുടെ വിലയിരുത്തലിൽ ധാരണയായി. അതിലേക്കു പ്രവർത്തനപരിചയമുള്ള ഒരാളിന്റെ സേവനം അനിവാര്യമാണെന്നു കണ്ടു. അങ്ങനെയാണു 1992ൽ ശ്രീ. ഷാഹൂൽ ഹമീദ് ഞങ്ങളുമായി ബന്ധപ്പെടുന്നത്. അദ്ദേഹം ഡി പി ഐ എഫ് സി യുടെ കോ-ഓർഡിനേറ്ററായി ഉത്തരവാദിത്വം ഏറ്റെടുത്തു. ഗ്രാമങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു ഡസനിലേറെ സ്ത്രീ സംഘട നകൾക്കു രൂപം നൽകുന്നതിൽ അദ്ദേഹം നേതൃത്വം കൊടുത്തു. വളരെ ചിട്ടയോടു കൂടി പ്രവർത്തിച്ചു. കൃത്യനിഷ്ഠയും ഏറ്റകാര്യം സമയത്തു തന്നെ ചെയ്തു തീർക്കണമെന്ന നിർബന്ധബുദ്ധിയും അദ്ദേഹത്തിനു ണ്ടായിരുന്നു. അറിയാതെ ഞങ്ങൾ അടുത്തു. സോളമനച്ചൻ ഡി പി ഐ എഫ് സി യുടെ പ്രസിഡന്റും ഞാൻ വൈസ്-പ്രസിഡന്റും, പിന്നെ സോളമനച്ചൻ മരിച്ചപ്പോൾ ഞാൻ പ്രസിഡന്റുമായി. അപ്പോഴൊക്കെ ഹമീദ് സാർ കോ-ഓർഡിനേറ്ററും. ഒരു കാര്യത്തിലും ഗൗരവമായി ഇട പെടേണ്ട കാര്യം എനിക്കു ഉണ്ടായിട്ടില്ല. കമ്മിറ്റിയിൽ ചർച്ചചെയ്തു തീരുമാനിച്ചാൽ അതു ഭംഗിയായി പ്രാവർത്തികമാക്കുക അദ്ദേഹത്തിന്റെ സവിശേഷത തന്നെയായിരുന്നു.

ഡി പി ഐ എഫ് സി യുടെ കോ-ഓർഡിനേറ്റർ എന്ന രീതിയിൽ മാത്രമല്ല, ഞങ്ങൾ ചെറുവൈദിക സംഘവുമായി ബന്ധപ്പെട്ട എല്ലാ സംഘങ്ങളുടെയും കാര്യത്തിൽ അദ്ദേഹം പ്രത്യേക താൽപ്പര്യം കാണി ച്ചിരുന്നു. അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തിൽ ആടുവളർത്തൽ, പച്ച ക്കറിത്തോട്ടം, ഭവന നിർമാണ പദ്ധതി തുടങ്ങിയ ക്ഷേമ പ്രവർത്തന ങ്ങൾ നടത്തിയിട്ടുണ്ട്. അവിടെയൊക്കെ ഗുണഭോക്താക്കളുടെ വീടുകൾ സന്ദർശിക്കുക, ഏതു രീതിയിൽ ഈ പദ്ധതി അവർക്കു ഗുണപ്രദമായി എന്നന്വേഷിക്കുക, അവരുടെ ഓരോ കുടുംബങ്ങളുമായി കുശലം പറഞ്ഞു അവരുടെ മറ്റു പ്രശ്നങ്ങളിലും ഇടപെടുക തുടങ്ങിയവ അദ്ദേ ഹത്തിന്റെ പ്രവർത്തന ശൈലിയായിരുന്നു. ഫലമോ? ഒരു ഉദ്യോഗസ്ഥ നെക്കാൾ അവരിലൊരാളായി മാറിയിരുന്നു. ശാശ്വതമായ ബന്ധമാണ ദ്ദേഹം ജനങ്ങളുമായി സ്ഥാപിച്ചത്.

ജനജാഗൃതിയുമായുള്ള ബന്ധം ഇതിനേക്കാൾ ഏറെ ആഴമേറിയ തായിരുന്നു. ഞങ്ങളുടെ എല്ലാ പ്രസ്ഥാനങ്ങളുടെയും കണക്ക് ആഡിറ്റ് ചെയ്യുന്നതിൽ തൽപ്പരനായിരുന്നതിനു പുറമേ, ജനജാഗൃതിയുടെ എല്ലാ കാര്യത്തിലും ഇടപെട്ടിരുന്നു. എന്റെ മൂത്ത ജ്യേഷ്ഠന്റെ സ്ഥാനമാണ ദ്ദേഹത്തിനുണ്ടായിരുന്നത്. ഞങ്ങൾ തമ്മിൽ കൂടുതൽ അടുക്കാൻ മറ്റൊരു കാര്യം കൂടിയുണ്ട്. ജനജാഗൃതിയുടെ വിവിധ സ്വപ്നങ്ങളിൽ ഒന്നായിരുന്നു പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ബോധ

വൽക്കരണത്തെയും വളർച്ചയെയും ഉന്നം വെച്ചുകൊണ്ടുള്ള ഒരു ചലച്ചിത്ര നിർമാണം. മത്സ്യത്തൊഴിലാളികളോടുള്ള പ്രതിബദ്ധതയല്ലാതെ, ഇതിനായി മറ്റൊരു ബൃഹത് പ്രോജക്റ്റ് ഉണ്ടാക്കിയിട്ടല്ല, അതാണ് ഇങ്ങനെ ഒരു സ്വപ്നം സാക്ഷാൽക്കരിക്കാൻ തീരുമാനിച്ചത്. അതിലേക്കു ജനജാഗൃതിയെ നയിച്ചതു ജനജാഗൃതിയുടെ കമ്മിറ്റിക്കാരനും എന്റെ നീണ്ട വർഷങ്ങളിലെ സുഹൃത്തുമായ ശ്രീ. പി ആർ രവിയായിരുന്നു. ശ്രീ. രവിയായതുകൊണ്ടു തന്നെ കൃത്യസമയത്തു കണക്കു പരിശോധിക്കാനോ മറ്റു മോണിറ്ററിങ് നടത്താനോ ശ്രദ്ധിച്ചിരുന്നില്ല. ജനജാഗൃതിയുടെ ആൾ ജനജാഗൃതിയുടെ വളർച്ചയ്ക്കായി പ്രവർത്തിക്കുന്നു എന്ന ഒറ്റ ചിന്തയിൽ, ഉണ്ടായിരുന്ന പണം മുഴുവനും ചലച്ചിത്രത്തിനായി ചെലവഴിച്ചു. അവസാനം വലിയൊരു തുക കടമെടുത്താണ് *മീൻതോണി* എന്ന ഫിലിം പൂർത്തിയാക്കിയത്. അവിടെ ചതിയുടെയോ വഞ്ചനയുടെയോ ലാഞ്ഛനപോലുമുണ്ടെന്നു ഞാൻ കരുതിയിരുന്നില്ല. പക്ഷേ ശ്രീ രവി ബോധപൂർവം ആസൂത്രിതമായി ജനജാഗൃതിയെ വഞ്ചിച്ചു ചലച്ചിത്രം സ്വന്തമാക്കുകയും സൂര്യ ടി വിക്കു വിൽക്കുകയും ചെയ്തു. ഫലം ചുരുക്കി പറയട്ടെ. ജനജാഗൃതിക്കു ഫിലിം നഷ്ടപ്പെട്ടു; മിച്ചം കിട്ടിയതോ മറ്റു സ്വപ്ന സാക്ഷാൽക്കാരത്തിനുവേണ്ടി കരുതിയിരുന്ന പണം മുഴുവൻ തീർന്നെന്നു മാത്രമല്ല, ജനജാഗൃതി ഭീമമായ കടത്തിന്റെ ഉടമയുമായി. അതിനേക്കാളേറെ വേദനാജനകമായതോ നീണ്ട വർഷങ്ങളിലെ സൗഹൃദത്തിനു ഞങ്ങൾക്കു തിരിച്ചുകിട്ടിയ ക്രൂരമായ വഞ്ചനയും. ഞാൻ ഏതാണ്ടു പൂർണമായും തളർന്ന അവസ്ഥയിലായി. അവിടെ ഷാഹുൽ സാർ എന്നെ ശക്തിപ്പെടുത്തുന്നതിൽ വഹിച്ച പങ്കു വളരെ വലുതാണ്.

പ്രായാധിക്യം, പലവിധ രോഗങ്ങൾ. ഒരു ചെറിയ ബാഗു നിറയെ ഗുളികകൾ. ഇവയൊന്നും അദ്ദേഹത്തിനു പ്രശ്നമല്ലായിരുന്നു. ഫിലിമിന്റെ കാര്യത്തിനായി മൂന്നു പ്രാവശ്യം തമിഴ്നാട്ടിലേക്ക് ട്രെയിനിൽ യാത്രചെയ്തു - രണ്ടു പ്രാവശ്യം ബർത്തോ സീറ്റോ ഇല്ലാതെ. ഒരു പ്രാവശ്യം തിരിച്ചു വന്നതു മണിക്കൂറുകൾ നിന്നുകൊണ്ടാണ്. അങ്ങനെ ത്യാഗപൂർവം എന്നോടൊപ്പം നിന്നു. ശ്രീ രവിക്കു ഒരു ജീവിതം ഉണ്ടാക്കിക്കൊടുക്കുന്നതിനു പലവട്ടം പലരീതിയിൽ, മാനസികമായും ഭൗതികമായും സാമ്പത്തികമായും ഞാൻ ഇടപെട്ടിട്ടുണ്ട്. ഹമീദ് സാറിന്റെ കാര്യത്തിൽ അങ്ങനെയൊന്നുമില്ല. ഡി പി ഐ എഫ് സി യിലെ പ്രവർത്തനങ്ങൾ തൊട്ടിങ്ങോട്ടുള്ള ബന്ധങ്ങൾ മാത്രം. ഒരു ദിവസം ഞാൻ നേരിട്ടു ചോദിച്ചു. സാറിനു നല്ല സുഖമില്ലേ. ഏറെ ക്ഷീണം അനുഭവപ്പെടുന്നതായി മനസിലാക്കുന്നു. എന്നിട്ടു തമിഴ്നാട്ടിൽ കൂടെ വരാൻ എന്തേ താൽപ്പര്യം കാട്ടുന്നു? അതിനു സാർ നൽകിയ മറുപടി ഹൃദയസ്പർശിയായി. "അച്ചന്റെ കൂടെയാണു സത്യം. രവി നമ്മെ വഞ്ചിച്ചു. സത്യത്തിന്റെ കൂടെ നടക്കുകയാണു ധർമം. ആ ധർമം ചെയ്യുന്നതിനിടയിൽ മരണം, അതു എത്ര ധന്യമാണ്." അതെ, സത്യത്തിനു

സാക്ഷ്യം നൽകാൻ അദ്ദേഹം കൂടെയുണ്ടായിരുന്നു, അവസാനം വരെ. സത്യത്തിനു സാക്ഷ്യം നൽകാൻ കോടതി കയറുകയും ചെയ്തു.

അഞ്ചലിൽ നിന്നു അതിരാവിലെ ബസുകയറിയാൽ ഏതാണ്ടു നാലു മണിക്കൂർ കഴിയുമ്പോൾ ആലപ്പുഴ പറവൂർ ജങ്ഷനിൽ എത്തും. സുഖമില്ലാത്ത ഈ മനുഷ്യൻ ഇത്ര ദൂരമുള്ള യാത്ര രസകരമായി എടുക്കുമായിരുന്നു. ജനജാഗൃതിയുടെയും മറ്റു ജനകീയ സംഘങ്ങളുടെയും എല്ലാ മീറ്റിങ്ങുകളിലും കൃത്യസമയത്തു തന്നെ പങ്കെടുത്തിരിക്കും. മറ്റു പലജോലികളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരുന്നെങ്കിലും, ജനജാഗൃതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കു അദ്ദേഹം മുന്തിയ മുൻഗണന കൊടുത്തിരുന്നു. വീട്ടിലെ പല കാര്യങ്ങളും മാറ്റിവയ്ക്കുകയോ മറ്റാരെയെങ്കിലും ഏൽപ്പിക്കുകയോ ചെയ്തിട്ടു ഇവിടത്തെ കാര്യങ്ങളിൽ ഇടപെട്ട നിരവധി സംഭവങ്ങൾ എന്റെ ഓർമയിൽ വരുന്നു.

ജനജാഗൃതി, ഡി പി ഐ എഫ് സി, വി വി കെ, ഭൈരവി സ്ത്രീ സംഘം, സമന്വയം എന്നീ ജനകീയ സംഘങ്ങളുടെയും അവയുടെ ഒക്കെ ഏകോപന സമിതിയുടെയും ഉത്തരവാദിത്വം വഹിക്കുന്ന വ്യക്തി എന്ന നിലയ്ക്കു അവയുടെ വരവു-ചെലവു കണക്കുകൾ ശ്രദ്ധിക്കേണ്ട കാര്യമുണ്ടായിരുന്നു. ഷാഹുൽ സാറിന്റെ സാന്നിധ്യവും ഇടപെടലും ഇക്കാര്യത്തിൽ നല്ലതുപോലെ ഉണ്ടായിരുന്നു. കണക്കുകളെല്ലാം സൂക്ഷ്മമായി പരിശോധിച്ചു വ്യക്തമായിട്ടുള്ള റിപ്പോർട്ടു എഴുതിത്തരുന്ന രീതി എനിക്കു എന്തൊരു ആശ്വാസമായിരുന്നെന്നോ. എല്ലാ വൗച്ചറുകളും കൃത്യമായി പരിശോധിച്ചു, ആവശ്യമുള്ളവയ്ക്കു കൂടുതൽ വിശദീകരണങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും തേടി, എല്ലാം ഭംഗിയാക്കുന്ന കൃത്യനിഷ്ഠ എല്ലാംകൊണ്ടും അനുകരണീയമത്രേ. ഒറ്റവാക്കിൽ, എന്റെ ജീവിത വളർച്ചയിൽ ഹമീദ് സാറിനു നിർണായകമായ പങ്കുണ്ട്. സാറിന്റെ വേർപാട് (ഏപ്രിൽ 12) നികത്താനാകാത്ത നഷ്ടമായി ഇന്നും നിലകൊള്ളുന്നു.

ആലപ്പുഴ തിരുവമ്പാടിയിൽ സരിതാലയത്തിൽ ശ്രീ. സി പി സുധാകരൻ സാറിനെ ജനജാഗൃതിയുമായും ഓറയുമായും ബന്ധിപ്പിച്ചതു ശാസ്ത്രി സാറാണ്. അവർ അധ്യാപകവൃത്തിയിലായിരിക്കുമ്പോഴേ അധ്യാപക സംഘടനയുമായി ബന്ധപ്പെട്ടു ഉറ്റ സുഹൃത്തുക്കളായിരുന്നു. അവരുടെ ചങ്ങാത്തം ഇവിടെയും തുടരുകയായി. സി പി സുധാകരൻ സാറിന്റെ ഇടപെടൽ ഓറയ്ക്കും ജനജാഗൃതിക്കും മറ്റു ബന്ധപ്പെട്ട പ്രസ്ഥാനങ്ങൾക്കും ലഭിച്ചതും ലഭിച്ചുകൊണ്ടിരിക്കുന്നതും ഒരു പ്രത്യേക കാഴ്ചപ്പാടിലൂടെയാണ്. അനുഭവസമ്പത്താണ് അദ്ദേഹത്തിന്റെ കൈമുതൽ. ഏതു പ്രശ്നത്തിന്റെയും മറുപുറം കാണുക അദ്ദേഹത്തിന്റെ സവിശേഷമായ കഴിവാണ്. അതേസമയം സത്യസന്ധമായിട്ടുള്ള ഇടപെടൽ അദ്ദേഹത്തെ വേറിട്ടവനാക്കുന്നു.

ജനജാഗൃതിയുടെയും ഓറയുടെയും ഉറ്റ സുഹൃത്താണ് സാർ. ജീവിതത്തിന്റെ ഓരോ പരിണാമ പ്രക്രിയയിലും, ഓരോ കാര്യങ്ങളും എങ്ങനെ

ബാധിക്കും, എങ്ങനെ സ്വാധീനിക്കും എന്നും മറ്റും നേരത്തെ നിർദേശിക്കുന്ന കാരണവരാണ് സാർ. മറ്റൊരു കാര്യം എടുത്തു പറയേണ്ടതുണ്ട്. ജനജാഗൃതിയും ഓറയും പ്രസ്ഥാനങ്ങളായതുകൊണ്ട്, അവയുടെ ജീവൻ പുതിയ പദ്ധതികളും പരിപാടികളുമാണ്. എന്തെങ്കിലും പുതിയ പരിപാടിയുടെ സാധ്യതയെപ്പറ്റി കമ്മിറ്റിയിൽ ചർച്ചയുണ്ടാകുമ്പോൾ, അതിലുള്ള ഇരുണ്ടവശങ്ങൾ ശക്തമായി പറഞ്ഞു ഏതാണ്ടു നിരുത്സാഹപ്പെടുത്തുന്ന രീതിയിൽ ഇടപെടുക സാധാരണമാണ്. തുടർന്നു പരിപാടി നടത്താൻ തീരുമാനിച്ചാൽ അങ്ങേയറ്റം, തന്റെ പരിമിതികളുടെ അടിസ്ഥാനത്തിൽ, സഹകരിക്കുകയും ചെയ്യും. ആദ്യമേ നിഷേധാത്മകമായി പറഞ്ഞെങ്കിലും കമ്മിറ്റി തീരുമാനിച്ചാൽ, ആ തീരുമാനം പൂർണമായും തന്റേതു കൂടിയാണെന്നു എവിടെയും പറയും; ശരിക്കും സഹകരിക്കുകയും ചെയ്യും എന്നതു സുധാകരൻ സാറിന്റെ സവിശേഷതയാണ്.

ഒരു ഉദാഹരണം, ജനജാഗൃതി *മീൻതോണി* എന്ന ഫിലിം എടുക്കാൻ തീരുമാനിക്കുന്നതിനു മുൻപ് അദ്ദേഹം ഉത്കണ്ഠ പ്രകടിപ്പിച്ചു. ആദ്യത്തെ ഒരു ദിവസത്തെ ഇടപെടൽ അദ്ദേഹത്തെ രോഗാതുരനാക്കി. പക്ഷേ, കമ്മിറ്റിയിൽ തീരുമാനം എടുത്തു മുന്നോട്ടു നീങ്ങിയപ്പോൾ പൂർണമായും സഹകരിച്ചു. അവസാനം എല്ലാം അവതാളത്തിലായി. മുൻസൂചിപ്പിച്ചതുപോലെ ശ്രീ. രവി ഫിലിമിന്റെ ഉടമസ്ഥത കബളിപ്പിച്ചെടുത്തപ്പോൾ, കേസിനുപോകാൻ തീരുമാനിച്ചു. അന്നദ്ദേഹം പറഞ്ഞു: "എന്നെ സാക്ഷിയാക്കുക. കമ്മിറ്റിത്തീരുമാനമുണ്ട്. ആരോഗ്യമുണ്ടെങ്കിൽ കോടതി കയറാനും തയാർ." കോടതികയറി സാക്ഷ്യം നൽകി. അങ്ങനെ വിമർശിക്കേണ്ടിടത്തു വിമർശിക്കുകയും ഒത്തു തീരുമാനമെടുത്താൽ അതിനെ ശക്തമായി പിൻതാങ്ങുകയും സ്വീകരിക്കുകയും ചെയ്യുന്ന വലിയ മനസിന്റെ ഉടമയാണ് സി പി എസ്.

അദ്ദേഹത്തിന്റെ സേവനം നിശ്ശബ്ദമായാണ് നടക്കുന്നത്. കഴിഞ്ഞ ഏതാണ്ടു 10 വർഷമായി എല്ലാ മാസവും കൃത്യമായി *ഇതെന്തു കൗതുകം-ചെറുകുറികൾ* എന്ന പംക്തി ഓറയിൽ കൃത്യമായി എഴുതുന്നു. ഏതെങ്കിലും ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ, മാറ്റർ തരാഞ്ഞിട്ടല്ല, മറ്റു പ്രധാനപ്പെട്ടവ നിർബന്ധപൂർവം പ്രസിദ്ധീകരിക്കേണ്ടിവന്നതുകൊണ്ടാണ്. ഏതാണ്ടു 7-8 വർഷങ്ങളായി മിക്കവാറും ഓറയുടെ മുഖവചനം എഴുതുന്നതും സാറാണ്. ഞാനിപ്പോൾ 27 പുസ്തകം പ്രസിദ്ധീകരിച്ചു. അവയിലെ ലേഖനങ്ങളും കുറിപ്പുകളും ഏതാണ്ടു 90 ശതമാനവും വായിച്ചു എഡിറ്റു ചെയ്തത് സുധാകരൻ സാറാണ്. എന്റെ കുറിപ്പുകളും ലേഖനങ്ങളും സാർ എഡിറ്റു ചെയ്യുക എനിക്കു ഒത്തിരി സന്തോഷം നൽകുന്ന കാര്യമാണ്. അദ്ദേഹം അവ വായിച്ചിട്ട്, കാണുമ്പോൾ തന്റെ നിർദേശങ്ങൾ വ്യക്തമായി പറയുമായിരുന്നു. ജനജാഗൃതിയുടെയും സമന്വയത്തിന്റെയും മറ്റു ജനകീയ സംഘങ്ങളുടെയും ഏതു നോട്ടീസും മറ്റു ചെറു രേഖകളും എഴുതുകയോ എഡിറ്റിങ് നടത്തു

കയോ സി പി എസ് ചെയ്യുമായിരുന്നു. എല്ലാം വളരെ ഗൗരവതരമായ ജോലി; സമയം എടുക്കുന്ന ജോലി. പക്ഷേ എല്ലാം നിശ്ശബ്ദതയിൽ ഏറ്റവും സൂക്ഷ്മമായി ചെയ്യുക എന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. എന്റെയൊരു ജ്യേഷ്ഠ സഹോദരന്റെ സ്ഥാനമാണു സി പി എസിനുള്ളത്. പ്രസ്ഥാനത്തിന്റെ താൽപ്പര്യം മുൻ നിറുത്തി എല്ലാം നോക്കിക്കാണുന്ന രീതി എല്ലാംകൊണ്ടും അനുകരണീയമാണ്.

എന്റെ ജ്യേഷ്ഠൻ ശ്രീ. നാന്തിരിക്കൽ അലോഷ്യസ് ഡി ഫെർണാണ്ടസ് എനിക്കും ഞങ്ങളുടെ ജനകീയ പ്രസ്ഥാനങ്ങളിലും വലിയ കരുത്തായിരുന്നു. അദ്ദേഹം എന്നിലും ഞങ്ങൾ ബന്ധപ്പെട്ടു വളർത്തിയ പ്രസ്ഥാനങ്ങളിലും ചെലുത്തിയ സ്വാധീനം വലുതാണ്. അവയെപ്പറ്റി ഏതാണ്ടു വിശദമായിട്ടുതന്നെ അദ്ദേഹത്തിന്റെ 12-ാ മത് വാർഷികാഘോഷങ്ങളുമായി ബന്ധപ്പെട്ടു ഇറക്കിയ "വലിയവിള അലോഷ്യസ് ഡി ഫെർണാണ്ടസ് - ഞങ്ങളുടെ പപ്പ, ഞങ്ങളുടെ സാർ, ഞങ്ങളുടെ അണ്ണാണ്ണൻ" എന്ന സ്മരണികയിൽ 2009 നവംബറിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുകൊണ്ടു ഇവിടെ ആവർത്തിക്കുന്നില്ല. (മരണം- നവംബർ 7, 1997) ഒരു സാധാരണ അധ്യാപകൻ, സാമൂഹിക പ്രവർത്തകൻ. പക്ഷേ, പലതുകൊണ്ടും വേറിട്ടു നടന്നവൻ, കൃത്യനിഷ്ഠ, ജീവിതത്തിൽ ക്ലിപ്തതയും നിഷ്ഠയും, വാക്കുപാലിക്കൽ, സാമൂഹികപരത, ലളിതമായി ഗൗരവമേറിയ വിഷയാവതരണം, ഇല്ലാത്തവരോടുള്ള കരുതൽ, പഠിക്കാനും വായിക്കാനും നിരന്തര താൽപ്പര്യം, ദീർഘ വീക്ഷണം.. ഇങ്ങനെ നമുക്കൊക്കെ ജീവിതത്തിൽ പകർത്താൻ ധാരാളം നല്ല മാതൃകകൾ തെളിയിച്ചുതന്ന അണ്ണാണ്ണൻ ഒരിക്കലും മരിക്കുകയില്ല.

ഡോ. സഞ്ജീവഘോഷിനോടുള്ള ബന്ധത്തിനു ഏതാണ്ടു 30 വർഷത്തെ ചരിത്രമുണ്ട്. *ഓറ* മാസികയുടെ ആരംഭംതൊട്ട്. ഞങ്ങളുമായി ബന്ധപ്പെട്ട ജനകീയ സംഘങ്ങളുടെ തുടക്കമായ എം ജെ എം മാവേലിക്കരയുടെ ആരംഭം തൊട്ടുള്ള ബന്ധം ശക്തിയാർജിച്ചതു എനിക്കു പടപ്പക്കര ഇടവകയുടെ ചാർജുണ്ടായിരുന്ന 1984കളിലാണ്. അവിടെ ഫാ. സോളമനും ഞാനും കൂടി സംഘടിപ്പിച്ച മത്സ്യത്തൊഴിലാളികളുടെ പഠന ക്ലാസുകൾക്കും സെമിനാറുകൾക്കും സഞ്ജീവഘോഷ് സാറിന്റെ സജീവ സാന്നിധ്യവും ഇടപെടലും വലുതായിരുന്നു. കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെയും സരോവര, എം ജെ എം സെന്റർ, ഡി പി ഐ എഫ് സി തുടങ്ങിയ ജനകീയ സംഘങ്ങളുടെയും മുന്നോട്ടുള്ള പോക്കിൽ അദ്ദേഹം നിർണായകമായ പങ്കുവഹിച്ചിരുന്നു. എന്റെ ജീവിത പരിണാമദിശയിൽ കൂടെയുണ്ടായിരുന്നവരിൽ മിക്കവരും എന്നെ വിട്ട് ഞാൻ ഒറ്റപ്പെടലിന്റെ വേദന അനുഭവിച്ചിരുന്നപ്പോഴാണ്, ഞങ്ങൾ കൂടുതൽ അടുത്തത്. *ഓറ*യുടെ നിലനിൽപ്പ് അദ്ദേഹത്തിന്റെ കൂടെ ഉത്തരവാദിത്വമാണ് എന്നു ഏറ്റു പറഞ്ഞുകൊണ്ടാണ് കഴിഞ്ഞ മൂന്നു നാലു വർഷങ്ങളായി എല്ലാമാസവും *ഓറ*യിൽ എഴുതുന്ന 'ഫിഷറീസ് കോളം'. അതുപോലെ മത്സ്യമേഖലയെ അടി

സ്ഥാനമാക്കി എല്ലാ നവംബറിലും ഇറക്കുന്ന ഓാറ ലക്കത്തിന്റെ പൂർണ ഉത്തരവാദിത്വം ഘോഷ് സാർ ഏറ്റെടുത്തിരിക്കുകയാണ്. ഇതിനെല്ലാം ഉപരി അദ്ദേഹവും കുടുംബവും എന്റെ ജീവിതത്തിന്റെ ഭാഗമായി മാറുകയായിരുന്നു. ജനജാഗൃതിയുടെ എല്ലാനീക്കത്തിലും അദ്ദേഹം സജീവമായി ഇടപെടുന്നു. എന്റെ വ്യക്തിഗതമായ പ്രശ്നത്തിലും പ്രതിസന്ധിയിലും ശക്തിയും പ്രചോദനവുമായി കടന്നുവരുന്നു. അതെ, ഘോഷ് സാറും അദ്ദേഹത്തിന്റെ ജീവിതകൂട്ടുകാരിയായ ജയയുമായുള്ള സഹോദരതുല്യമായ ബന്ധം എല്ലാംകൊണ്ടും ജീവദായകമാണ്.

പ്രൊഫ. വി സി ജോണുമായുള്ള ബന്ധം എം ജെ എമ്മിന്റെ പ്രവർത്തനങ്ങളുമായാണ് ആരംഭിക്കുന്നത്. പക്ഷേ, ഈ ബന്ധത്തിനു ദൃഢതയും സജീവതയും ഉണ്ടായതു ജനജാഗൃതിയുടെ പിറവിയോടെയാണ്. ജനജാഗൃതിയുടെ പ്രസാധക വിഭാഗത്തിന്റെ ഭാഗമായി വിദ്യാഭ്യാസത്തെപ്പറ്റിയും ആരോഗ്യത്തെപ്പറ്റിയും അദ്ദേഹത്തിന്റെ രണ്ടു കാർട്ടൂൺ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. അവയ്ക്കു നല്ല സ്വീകരണമാണ് കിട്ടിയത്. ജനജാഗൃതിയുടെയും ഓറയുടെയും പിൻനിര ഉപദേഷ്ടാവായി അദ്ദേഹം തുടരവെ, 2000 മുതൽ ഓറയുടെ പുതിയൊരു മുഖത്തിനു രൂപം കൊടുത്തത്. അവിടെ എല്ലാമാസവും ആനുകാലിക വിഷയത്തെ ആസ്പദമാക്കി ഒരു പേജ് വരുന്ന കാർട്ടൂൺ വരയ്ക്കാൻ തുടങ്ങി. അതുപോലെ ഓറയിലെ ചിത്രീകരണച്ചുമതല പ്രൊഫ. വി സി യും ശ്രീ. ടി എ എസ് മേനോനും ഏറ്റെടുത്തത് നിറഞ്ഞ സ്നേഹ വികാരത്തോടെയേ ഓർക്കാൻ പറ്റൂ. ഇങ്ങനെ ഞാനുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങളിൽ സജീവമാകുന്നതിനൊപ്പം അറിയാതെ ഹൃദയങ്ങൾ അടുക്കുകയായിരുന്നു. വല്ലപ്പോഴും ഒത്തു ചെലവഴിക്കുന്ന നിമിഷങ്ങളിൽ നടത്തുന്ന അർത്ഥപൂർണമായ രാഷ്ട്രീയ-സാഹിത്യ-സാമൂഹികചർച്ചകൾ ഉൾക്കാമ്പു നൽകുന്നവയാണ്. ചെറുത് സുന്ദരവും വിലപ്പെട്ടതുമാണ് എന്ന ചിന്ത എന്നിൽ ശക്തിയാർജിക്കാൻ വി സി നല്ലൊരു പങ്കുവഹിച്ചിട്ടുണ്ട്. എന്റെ പല പുസ്തകങ്ങളുടെയും കവർ ലേഔട്ട് ചെയ്തത് വി.സിയാണ്. എന്റെ ചില അനുഭവങ്ങളെ ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു പുസ്തകത്തിനു അവതാരിക എഴുതുക മാത്രമല്ല, *അനുഭവങ്ങൾ- തണൽ മരങ്ങൾ: തീക്കനലുകൾ* എന്ന തലക്കെട്ടു കൊടുത്തത് വി സിയാണ്. ആത്മാർത്ഥതയും നേർചിന്തയും ഒപ്പം ഫലിതവും സരളവികാരങ്ങളും ഒത്തുചേർന്ന വി സി ജനജാഗൃതിക്കും എനിക്കും എപ്പോഴും ഉണർവും ശക്തിയുമാണ്.

ശ്രീ. ദലിത് ബന്ധു എൻ കെ ജോസ് ജീവിതത്തിൽ മറ്റുള്ളവരിൽ നിന്നും വഴിമാറി നടക്കുകയും ചിന്തിക്കുകയും എഴുതുകയും ചെയ്യുന്ന വ്യക്തിയാണ്. കഴിഞ്ഞ 25 വർഷത്തെ ബന്ധമാണ് അദ്ദേഹവുമായി എനിക്കുള്ളത്. 1991 ൽ ആണ് ജനജാഗൃതിയുമായി ഉറച്ചബന്ധം സ്ഥാപിക്കുന്നത്. ജനജാഗൃതി പ്രസാധക സംഘം 1991 ജൂണിൽ അദ്ദേഹത്തിന്റെ *ക്രിസ്തുവും ഭാരതവും* എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. ജനജാഗൃതിയുടെ പരിപാടികളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു പുസ്തകാവലോ

കനം. അങ്ങനെ ജനജാഗൃതിയുടെ ഉദ്ഘാടനം കഴിഞ്ഞു, ആദ്യമെ നടത്തിയ പുസ്തകാവലോകനയോഗം *ക്രിസ്തുവും ഭാരതവും* എന്ന പുസ്തകത്തെ അധികരിച്ചുള്ളതായിരുന്നു. അന്നേദിവസം നടത്തിയ പ്രസംഗത്തിൽ അടിക്കുന്നവന്റെയും അടികൊള്ളുന്നവന്റെയും വേട്ടക്കാരന്റെയും വേട്ടയാടപ്പെടുന്ന മൃഗത്തിന്റെയും ചരിത്രത്തെ വേർതിരിച്ചു കാണിച്ചുകൊണ്ടുള്ള പ്രസംഗം ഇന്നും എന്റെ കർണപുടങ്ങളിൽ സജീവമായി ആഞ്ഞടിച്ചുകൊണ്ടിരിക്കുന്നു. ഈ ഇടപെടൽ എന്റെ കാഴ്ചപ്പാടിൽ തന്നെ അടിസ്ഥാനപരമായ മാറ്റത്തിനു കളമൊരുക്കി. തുടർന്നു നിരന്തരമായി അദ്ദേഹം ഓറയിൽ എഴുതാൻ തുടങ്ങി. എല്ലാം ദലിത് ജനതയോടു പക്ഷംപിടിച്ചുകൊണ്ടുള്ള കീഴാള പരിപ്രേക്ഷ്യത്തിൽ. ദലിത് ജനതയോടൊപ്പം നിന്നുകൊണ്ടുള്ള തന്റെ ഒറ്റയാൻ യാത്ര സാഹസികത നിറഞ്ഞതാണ്. അദ്ദേഹം തളരാതെ മുന്നോട്ടു തന്നെ. എന്റെ ദലിത്സൗഹൃദ നിലപാടിനു ശക്തി പകരുന്നവരിൽ പ്രമുഖൻ ശ്രീ. എൻ കെ ജോസാണ്. ഹിസ്റ്ററി കോൺഗ്രസിന്റെ വാർഷിക ദിനവും അദ്ദേഹത്തിന്റെ ജന്മദിനവുമായ ഫെബ്രുവരി രണ്ടിനു കഴിഞ്ഞ കുറച്ചു വർഷങ്ങളായി കൊച്ചുമോളും ഞാനും പങ്കെടുത്തു സംസാരിക്കാറുണ്ട്. അദ്ദേഹവുമായി ഹൃദയവികാരം പങ്കുവയ്ക്കാറുണ്ട്. അദ്ദേഹവുമായുള്ള ഓരോ കൂടിക്കാഴ്ചയും സമ്പന്നമായ ഒരനുഭവമായി നിലകൊള്ളുന്നു.

ശ്രീ. ടി എ എസ് മേനോൻ: ജനജാഗൃതിയുടെ ആരംഭം മുതൽ ശരിക്കും ഇടപെട്ട വ്യക്തി. ജനജാഗൃതിയുടെ ലക്ഷ്യം ധ്വനിപ്പിക്കുന്ന അർഥവത്തും ലളിതവുമായ എംബ്ലം വരച്ചതും ജനജാഗൃതി പ്രസാധകസംഘത്തിന്റെ ആദ്യത്തെ നാലു പുസ്തകങ്ങളുടെ പുറംചട്ട (കവർ) ലേ ഔട്ട് ചെയ്ത് മനോഹരമാക്കിയതും മേനോൻസാറാണ്. ജനജാഗൃതിയുടെ ആദ്യകാലത്തു രൂപംകൊടുത്ത ചിത്രരചനാ പരിപാടിയുടെയും തുടക്കം മുതൽ ആത്മബന്ധം പുലർത്തിയ വ്യക്തിയാണ് അദ്ദേഹം. മാവേലിക്കര രവിവർമ്മ ആർട്സ് കോളേജ് പ്രിൻസിപ്പലായിരുന്നു മേനോൻ സാർ. ജനജാഗൃതിയുടെ മേൽനോട്ടത്തിൽ നടന്ന പരിപാടികൾക്കൊക്കെ വളരെ പ്രാധാന്യം നൽകി സഹകരിച്ചിരുന്നു. ഞങ്ങൾ ആദ്യകാലം കുട്ടികൾക്കായി ആരംഭിച്ച ചിത്രരചനാ ശിൽപ്പശാലകളിലും ഇതരപ്രവർത്തനങ്ങളിലും നേതൃത്വപരമായ പങ്ക് വഹിച്ചവരിൽ പ്രമുഖനാണദ്ദേഹം. *ഓറ* മാസികയോടു പ്രത്യേകമായൊരു താൽപ്പര്യം തന്നെ സാറിനുണ്ട്. *ഓറ* മാസികയ്ക്കു അർഥവത്തും ആകർഷകവുമായ ചിത്രങ്ങളും പുറംചട്ടയും രൂപപ്പെടുത്തുന്നതിൽ നല്ലൊരുപങ്ക് അദ്ദേഹം വഹിച്ചിട്ടുണ്ട്.

പത്തനംതിട്ട മഞ്ഞനിക്കര വാലുതറയിൽ വി വി കെ യിലെ സോളമനച്ചൻ അനുസ്മരണഹാളിൽ പ്രതിഷ്ഠിക്കാൻ സോളമനച്ചന്റെ പടം ജീവത്തായി വരച്ചുതന്ന മേനോൻ സാർ എന്നും ഞങ്ങൾക്കാദരണീയനാണ്. അങ്ങനെ മേനോൻസാർ സ്നേഹബന്ധം കൊണ്ടും ഉൾക്കാമ്പുള്ള ചിന്തകൾ കൊണ്ടും ഞങ്ങൾക്കു വേണ്ട ഉത്തേജനവും സഹായവും നൽകിയതിനെ നന്ദിയോടെയാണ് സ്മരിക്കുന്നത്.

ശ്രീ. ശിവരാമൻ ചെറിയനാട്: പ്രസിദ്ധ കഥാകൃത്തും നല്ലൊരധ്യാപകനും, ഇപ്പോൾ സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിഡന്റും, നിരവധി സാംസ്കാരിക സംഘടനകളിൽ നേതൃത്വപരമായ പങ്കു വഹിക്കുന്ന, പുരോഗമന-ഇടതുപക്ഷ ചിന്താഗതിയുള്ള വ്യക്തിയുമാണ് ശ്രീ. ശിവരാമൻ ചെറിയനാട്. ജനജാഗൃതിയുടെ രൂപീകരണത്തിനുശേഷം ജനജാഗൃതിയുമായി കുടുംബബന്ധം പുലർത്തുന്നു. ഓറ മാസികയുടെ വളർച്ച അദ്ദേഹത്തിന്റെ ഹൃദയദാഹമായിരുന്നു. *ഓറ* മാസികയിൽ ഏതാണ്ടു രണ്ടുമൂന്നു വർഷക്കാലം *സാക്ഷിമൊഴികൾ* എന്ന ശ്രദ്ധേയമായ ഹാസ്യവിമർശന പംക്തി എഴുതുകയും മാസികയുടെയും ജനജാഗൃതിയുടെയും പ്രവർത്തനങ്ങളിൽ വേണ്ട നിർദേശങ്ങളും സഹകരണവും നൽകി ശക്തിപകരുകയും ചെയ്ത വ്യക്തിയാണദ്ദേഹം. ജനജാഗൃതി പ്രസാധകസംഘം അദ്ദേഹത്തിന്റെ കഥാസമാഹാരമായ *അസിധാര* പ്രസിദ്ധീകരിച്ചു. ഞങ്ങളുടെ വളർച്ചയിൽ നിസ്സീമമായ പങ്കുവഹിക്കുന്നയാളാണ് ശ്രീ. ശിവരാമൻ ചെറിയനാട്. ഓറയുടെ മുന്നോട്ടുള്ള നീക്കത്തിൽ ഇപ്പോഴും ബന്ധപ്പെട്ടു സഹകരിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.

ഡോ. ധർമരാജ് അടാട്ട്: മാവേലിക്കര ബിഷപ്പ് മൂർ കോളേജിലെ സംസ്കൃതവിഭാഗം പ്രൊഫസറായിരുന്നപ്പോഴാണ് ജനജാഗൃതിയുമായി ബന്ധപ്പെടുന്നത്. തൃശൂർ അടാട്ട് എന്ന സ്ഥലത്താണു ജനനം. ഇപ്പോൾ കാലടി സംസ്കൃത സർവകലാശാലയിൽ ജോലി ചെയ്യുന്നു. ഭാര്യയ്ക്കും അവിടെത്തന്നെ ജോലി. ശ്രീ. എൻ ജി ശാസ്ത്രിസാർ മുഖേനയാണ് അടാട്ടുസാർ ജനജാഗൃതിയുമായി ബന്ധപ്പെടുന്നത്. ഉദാത്ത ചിന്തയും ആത്മാർഥതയും നിരീക്ഷണപാടവവുമുള്ള സ്നേഹധനനാണദ്ദേഹം. ജനജാഗൃതിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യും മുമ്പേ, ഞങ്ങൾ വാടകയ്ക്കു താമസിച്ചിരുന്ന വീട്ടിൽ വച്ചു നടന്നിരുന്ന കൂട്ടായ്മകളിൽ സജീവമായി പങ്കെടുത്തിരുന്നു. തികഞ്ഞ യുക്തിചിന്തയും ഇടതുപക്ഷ പ്രസ്ഥാനങ്ങളോടുള്ള കൂറും ദിശാബോധത്തോടെയുള്ള എഴുത്തും അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. *ഓറ* മാസികയിൽ അദ്ദേഹം എഴുതിയിട്ടുള്ള ലേഖനങ്ങൾ ഈടുറ്റതും വിലപ്പെട്ടതുമാണ്. *ഗൗതമബുദ്ധൻ - ജീവിതവും ചിന്തയും* എന്ന അദ്ദേഹത്തിന്റെ പുസ്തകം പ്രസാധനം ചെയ്തതു ജനജാഗൃതിയാണ്. ജനജാഗൃതിയും *ഓറ*യുമായുള്ള ഏതാണ്ടു ഇരുപതു വർഷത്തെ ബന്ധം ഇന്നും സുദൃഢമായി തുടരുന്നു.

ഡോ. ജോർജ് കെ അലക്സുമായി തീർത്തും യാദൃച്ഛികമായിട്ടാണ് 2000 ൽ ബന്ധമുണ്ടാകുന്നത്. അദ്ദേഹത്തിന്റെ ഡോക്ടറേറ്റിന്റെ തീസിസുമായി ബന്ധപ്പെട്ടു കേരളത്തിലെ ജനകീയ പ്രതിരോധസംഘങ്ങളെപ്പറ്റിയുള്ള പഠനത്തിൽ, എന്നെ അഭിമുഖം നടത്താനാണു ജനജാഗൃതിയിൽ വന്നത്. തുടർന്നു നടന്ന ചർച്ചയും പങ്കുവയ്ക്കലും ഞങ്ങളെ പരസ്പരം അടുപ്പിച്ചു. ജനകീയസംഘങ്ങളെപ്പറ്റിയുള്ള പഠനം അദ്ദേഹത്തിനു താൽപ്പര്യമാണെന്ന് എനിക്കു തോന്നി. തുടർന്നു സോളമനച്ചൻ,

ജോസ് കളീക്കലച്ചൻ, ജോസഫ് തോമസച്ചൻ, പിന്നെ ഞാൻ എന്നീ നാലു വൈദികരുടെ നേതൃത്വത്തിൽ കൊല്ലം-പത്തനംതിട്ട-ആലപ്പുഴ ജില്ലകളിൽ രൂപീകൃതമായ ഒരു ഡസനോളം വരുന്ന ജനകീയ പ്രതിരോധസംഘങ്ങളെപ്പറ്റി സുദീർഘമായി ചർച്ച നടന്നു. അതിന്റെ വെളിച്ചത്തിൽ ഈ പ്രസ്ഥാനങ്ങളുടെ ചരിത്രം രേഖപ്പെടുത്താൻ തീരുമാനിച്ചു. മൂന്നുവർഷത്തെ ശ്രമകരമായ യത്നം. അങ്ങനെ 2004 ജൂലൈയിൽ സോളമനച്ചന്റെ വാർഷികാനുസ്മരണ സമ്മേളനത്തിൽ വച്ചു *കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ വിമോചന വിശ്വാസപ്രസ്ഥാനങ്ങ (1970-2003)ളുടെ ചരിത്രം: വിശ്വാസവും പോരാട്ടവും* എന്ന ചരിത്രരേഖ ഡോ. ജോർജ് കെ അലക്സ് എഴുതിയത് ജനകീയസംഘ ഏകോപന സമിതി പ്രസിദ്ധീകരിച്ചു പ്രകാശനം ചെയ്തു.

ഈ നാലു വർഷം കൊണ്ട് ജോർജ് കെ. അലക്സ് ജനജാഗൃതിയുടെയും *ഓറ*യുടെയും ഭാഗമായിക്കഴിഞ്ഞിരുന്നു. ഏതു ചർച്ചയിലും ക്രിയാത്മകമായ നിർദേശങ്ങൾ വയ്ക്കുക മാത്രമല്ല ചെയ്തത്; തുടർന്നു, അവ പ്രാവർത്തികമാക്കാൻ തന്റെ പങ്കു നിർബന്ധപൂർവം വഹിച്ചിരുന്നു എന്നതും ശ്രദ്ധേയമാണ്. ഇന്നും ജനജാഗൃതിയുടെയും *ഓറ*യുടെയും ഏതു കാര്യത്തിലും താൽപ്പര്യപൂർവം സഹകരിക്കാൻ എപ്പോഴും തയാറാണ്. ജനജാഗൃതി സംഘത്തിന്റെ നല്ലൊരു കൂട്ടുകാരനും എന്റെ അനുജനുമായ ജോർജ് കെ അലക്സ് ഞങ്ങൾക്കൊരു സമ്പത്താണ്. ജനജാഗൃതിയുടെയും *ഓറ*യുടെയും വളർച്ചയിൽ അദ്ദേഹത്തിന്റെ പങ്കിൽ ഞങ്ങൾ പ്രതീക്ഷവയ്ക്കുന്നു.

കേരളസർക്കാരിന്റെ അഡീഷണൽ സെക്രട്ടറിയായി വിരമിച്ച ചെങ്ങന്നൂരിലെ ബുധന്നൂർ സ്വദേശിയായ അഡ്വ. കെ പി കേശവകാർണവരെ ആദ്യം പരിചയപ്പെടുത്തുന്നത് ശ്രീ. എൻ ജി ശാസ്ത്രിയാണ്. തുടർന്നുള്ള ഇടപെടൽ ഞങ്ങളെ വല്ലാതെ അടുപ്പിച്ചു. തിരുവനന്തപുരത്തു പോകുമ്പോൾ, കരമനയിലുള്ള അദ്ദേഹത്തിന്റെ വീട്ടിൽ പോയി സൗഹൃദം പുതുക്കുക ഹരമായിരുന്നു. അദ്ദേഹവുമായുള്ള ഓരോ കൂടിക്കാഴ്ചയിലും രണ്ടു കാര്യങ്ങൾ നടന്നിരുന്നു: ഒന്ന്, ആനുകാലിക കേരള-ഇന്ത്യൻ രാഷ്ട്രീയത്തെ അന്തർദേശീയ രാഷ്ട്രീയനീക്കങ്ങളുടെ വെളിച്ചത്തിൽ ഒരു ശാസ്ത്രീയ അപഗ്രഥനം. മൂർച്ചയും ഗൗരവമേറിയതുമായ നിരീക്ഷണങ്ങളാണ് അവിടെ നടന്നിരുന്നത്. രണ്ട്, അദ്ദേഹത്തിനുണ്ടായിരുന്ന ഔദ്യോഗിക സ്വാധീനം ഉപയോഗിച്ചു വ്യക്തികൾക്കും സംഘങ്ങൾക്കും എങ്ങനെ സർക്കാർ സഹായങ്ങൾ നേടിക്കൊടുക്കാൻ പറ്റുന്നു എന്നത്; പ്രത്യേകിച്ച് തന്റെ സ്വന്തം ഗ്രാമമായ എണ്ണക്കാട്. പരസ്യലോകം *ഓറ* മാസികയ്ക്ക് അന്യമായിരുന്നു. കാരണവർസാറാണ് *ഓറ* ഭാരവാഹികളെ സർക്കാരുമായി ബന്ധിപ്പിച്ച് പരസ്യലോകത്തിലേയ്ക്കു ഞങ്ങളെ കൈപിടിച്ചു നടത്തിയത്. *ഓറ*യ്ക്ക് അദ്ദേഹം പല ലേഖനങ്ങളും നൽകി. ഇന്നത്തെ തൊഴിൽനിയമങ്ങളുടെ ആധാരം പുന്നപ്ര-വയലാർ സമരത്തിന്റെ ഡിമാന്റുകളാണെന്ന് അദ്ദേഹം എഴുതിയത് എല്ലാം

കൊണ്ടും ശ്രദ്ധേയമായി; ഏറെ ചർച്ചയ്ക്കു വിധേയമായി. ഓറയ്ക്കും ജനജാഗൃതിക്കും അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരു പ്രത്യേക സ്ഥാനമുണ്ട്. ഒരു ജീവിതമേയുള്ളു; അവിടെ മറ്റുള്ളവർക്കായി ആകുന്നത്ര നന്മ ചെയ്യുകയാണു ജീവിതസാഫല്യമെന്നു കണ്ട വ്യക്തിയാണു കാരണവർസാർ. അദ്ദേഹത്തിന്റെ ആകസ്മികമായ മരണം (2007 ഏപ്രിൽ 4) ഇന്നും തീരാനഷ്ടമായി നിലകൊള്ളുന്നു. അദ്ദേഹത്തെപ്പറ്റിയുള്ള ചിന്ത ജീവിതത്തിൽ തളരാതെ മുന്നോട്ടുപോകാൻ പ്രചോദനമാണ്.

## X. ഏതു പ്രതിസന്ധിയിലും സ്നേഹത്തോടെയും കരുതലോടെയും കൂടെ നടന്നവർ

അവരുടെയൊക്കെ പ്രതിനിധികളായി സർവശ്രീ. ശോശാ ജോർജ്, എൻ തങ്കച്ചൻ ചെമ്പകത്തിനാൽ, ഒ പി പ്രസന്നകുമാർ, എം ഐ സുകുമാരൻ, ജോസഫ് കെന്നഡി, പൂങ്കാവിൽ നാണു, പഴകുളം ടി ജോൺ എന്നിവരെ അടയാളപ്പെടുത്തട്ടെ. ഇവരൊക്കെത്തന്നെ ദരിദ്രജനവിഭാഗത്തിൽപ്പെട്ടവരാണ്. സമൂഹത്തിന്റെ ഓരങ്ങളിലേക്കു തള്ളിനീക്കപ്പെട്ടവർ. പക്ഷേ ഇന്നു ഞാൻ ആയിരിക്കുന്നിടത്തെത്താൻ എന്നെ പഠിപ്പിച്ച ഗുരുശ്രേഷ്ഠരാണിവർ. ഇവരുടെ താമസ സ്ഥലങ്ങളോ/ഇടങ്ങളോ എന്റെ പാഠശാലയും. ഇവരെപ്പറ്റിയൊക്കെ പല ഇടങ്ങളിലും ചെറിയ സൂചനകൾ നൽകിയിട്ടുള്ളതുകൊണ്ട് വീണ്ടും കൂടുതൽ എഴുതാൻ തുനിയുന്നില്ല. എങ്കിലും ഓരോരുത്തരെപ്പറ്റിയും ഓരോ വാക്കെങ്കിലും കുറിക്കട്ടെ.

പത്തനംതിട്ട ലക്ഷം വീട്ടിലാണ് ശ്രീമതി ശോശാ ജോർജ് എന്ന ശോശാമ്മച്ചി താമസിക്കുന്നത്. എന്റെ ആത്മകഥയായ *കറുത്ത കുർബാന* സമർപ്പിച്ചിരിക്കുന്നത് ശോശാമ്മച്ചിക്കാണ്. എഴുതാനും വായിക്കാനും അറിയാത്ത ഒരു സാധാരണ വ്യക്തിയായ ശോശാമ്മച്ചിയെപ്പോലെ ഇത്ര ഉൾക്കാഴ്ചയോടെ സാമൂഹികവും രാഷ്ട്രീയവും മതപരവുമായ കാര്യങ്ങളെ വിശകലനം ചെയ്തു മനസിലാക്കാനും അവയെ ഏറ്റവും ലളിതമായ ഭാഷയിൽ അവതരിപ്പിക്കാനും ഒരു പണ്ഡിതനും പറ്റുകയില്ലെന്നാണ് എന്റെ അനുഭവപാഠം. എത്ര മീറ്റിങ്ങുകളിലാണ് പ്രഗത്ഭരായ പലരും പങ്കുവയ്ക്കുന്നിടത്തു ശോശാമ്മച്ചി അവരുടെ അഭിപ്രായം പങ്കുവയ്ക്കുകയും അവസാന വിലയിരുത്തലിൽ ശോശാമ്മച്ചിയുടെ ഇടപെടലായിരുന്നു ഏറ്റവും ഹൃദ്യവും ജീവദായകവുമെന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളത്. എന്നെ സംബന്ധിച്ചിടത്തോളം, എന്തും എല്ലാം തുറന്നു പറയാവുന്ന എന്റെ ജീവിക്കുന്ന അമ്മച്ചിയാണ് ശോശാമ്മച്ചി.

നാരങ്ങനാത്താണ് ശ്രീ. എൻ തങ്കച്ചൻ ചെമ്പകത്തിനാലിന്റെ നാട്. വി വി കെയുടെ ആവിർഭാവത്തോടെയാണ് തങ്കച്ചൻ രംഗത്തു സജീവമാകുന്നത്. ഇടവകയിൽ നടന്ന നേതൃത്വ പരിശീലന ക്യാമ്പിലും മാവേലിക്കര കേന്ദ്രമാക്കി നടത്തിയിരുന്ന പരിവർത്തനത്തിനു വേണ്ടിയുള്ള

വിദ്യാഭ്യാസം എന്ന തുടർപരിപാടിയിലും സാമൂഹിക പ്രവർത്തനങ്ങളിലും റോഡു പണി, പാറപൊട്ടിക്കൽ തുടങ്ങിയ സഹകരണാടിസ്ഥാനത്തിലുള്ള ഇടപെടലുകളിലും സജീവം. പത്തനംതിട്ട നാരങ്ങാനം കേന്ദ്രമാക്കി നടന്ന വിവേചനത്തിനെതിരെയുള്ള ജനകീയ ജാഥയ്ക്കും പ്രതിഷേധയോഗത്തിനും നേതൃത്വം കൊടുത്തുകൊണ്ടു മുന്നോട്ടു വന്ന തങ്കച്ചൻ സ്വതന്ത്ര തൊഴിലാളി യൂണിയൻ, വിമോചന വിശ്വാസ സംരക്ഷണ പ്രസ്ഥാനം, വി വി കെ തുടങ്ങിയ നീക്കങ്ങളിൽ തിരുവല്ല ഡൈനാമിക് ആക്ഷനോടും എന്നോടുമൊപ്പം നിന്നു, നേതൃത്വം കൊടുത്തു. ചരിത്രത്തിന്റെ ഗതിയിൽ കൂടെയുണ്ടായിരുന്നവരിൽ മിക്കവരും പിൻവാങ്ങി; അല്ല, സഭയുടെയും രാഷ്ട്രീയത്തിന്റെയും അധികാരവും സ്വാധീനവും ഉപയോഗിച്ചു പിൻമാറ്റിപ്പിച്ചു. അവിടെ ധീരതയോടെ സാമൂഹികനീതിയ്ക്കും സ്വാതന്ത്ര്യത്തിനും വേണ്ടി ഉറച്ചുനിന്ന വ്യക്തിത്വമാണു ശ്രീ തങ്കച്ചൻ. ധാരാളം പ്രലോഭനങ്ങൾ ഉണ്ടായിട്ടും, അധീശവർഗത്തിൽ നിന്നും വാഗ്ദാനങ്ങൾ ഉണ്ടായിട്ടും ബോധ്യത്തെ വെടിഞ്ഞു താനില്ല എന്ന വ്യക്തതയോടെ പ്രസ്ഥാനത്തോടും എന്നോടും കൂടെ നടക്കുക തങ്കച്ചന്റെ വലിപ്പമാണ്.

ശ്രീ. ഒ പി പ്രസന്നകുമാറുമായുള്ള ബന്ധത്തിനു ഏതാണ്ടു 28–29 വർഷത്തെ പഴക്കമുണ്ട്. നാരങ്ങാനത്തു വികസന വിദ്യാഭ്യാസ കേന്ദ്രം സ്ഥാപിച്ചപ്പോൾ ശ്രീ തങ്കച്ചനോടൊപ്പം വി വി കെയുടെ സെക്രട്ടറിയായി പ്രവർത്തിച്ചുകൊണ്ടാണ് ഞാനുമായി അടുക്കുന്നത്. മാവേലിക്കര കേന്ദ്രമാക്കി നടന്ന *പരിവർത്തനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസം* എന്ന പഠന പ്രക്രിയയിൽ ഇവർ രണ്ടു പേരും സജീവമായിരുന്നു. ജോലി തേടി 4–5 വർഷം മുംബൈയിലായിരുന്നെങ്കിലും, തിരിച്ചു നാട്ടിൽ എത്തിയിട്ടു ഏറെ താമസിയാതെ ജനജാഗൃതിയുമായി ബന്ധപ്പെട്ടു ആലപ്പുഴ താമസം ഉറപ്പിക്കുകയാണ് ചെയ്തത്. ജനജാഗൃതിയുടെ ശ്രവ്യദൃശ്യ വിഭാഗത്തിന്റെ ചുമതല ഉണ്ടായിരുന്ന ശ്രീ രവിയുടെ സഹായിയായാണ് ശ്രീ. പ്രസന്നകുമാറിനെ നിയോഗിച്ചതെങ്കിലും അദ്ദേഹവും കുടുംബവുമായി ആലപ്പുഴ പറവൂരിൽ താമസമാക്കിയതോടെ വളരെ വേഗം തന്നെ ജനജാഗൃതിയുടെ മിക്ക കാര്യങ്ങളിലും സഹകരിച്ചു പ്രവർത്തിക്കുന്ന ഒരു all-rounder ആയി മാറി. ജനജാഗൃതിയുടെ വളർച്ചയ്ക്കു അതു കാര്യമായ പങ്കു വഹിച്ചു. മീൻതോണി ഫിലിമിന്റെ നിർമാണത്തിൽ രവിക്കൊപ്പം കുറച്ചെങ്കിലും നടന്നു നീങ്ങിയതു ശ്രീ. പ്രസന്നനായിരുന്നു. കാര്യങ്ങൾ കുറച്ചേറെ നീങ്ങിയപ്പോൾ പ്രസന്നനു ചില സംശയങ്ങൾ തോന്നിയെങ്കിലും, രവിയിലുണ്ടായിരുന്ന വിശ്വാസം ഈ ആശങ്കയെ അതിലംഘിക്കുന്നതായിരുന്നു. ജനജാഗൃതിയിൽ നിന്നും രവിയെ മാറ്റിയതിനു ശേഷം, ശ്രവ്യദൃശ്യത്തിന്റെ മുഴുവൻ ചുമതലയും, *ഓറ* മാസികയുടെ ഡി ടി പി, ലേഔട്ട് തുടങ്ങിയ മറ്റു ചുമതലകളും പ്രസന്നനിലായി. ഒപ്പം ജനജാഗൃതിയുടെ സെക്രട്ടറിയും.

ശ്രീ പ്രസന്നകുമാറും ഞാനും തമ്മിൽ സുദൃഢമായ ബന്ധമാണു ള്ളത്. പക്ഷേ, ചില കാര്യങ്ങളെ നോക്കിക്കാണുന്ന രീതിയിൽ ഞങ്ങൾ ഭിന്നരാണ്. എനിക്കു കിട്ടിയ പരിശീലനത്തിന്റെയും കാഴ്ചപ്പാടിന്റെയും വെളിച്ചത്തിൽ പലകാര്യങ്ങൾ ഒന്നിച്ചോ, അടുപ്പിച്ചടുപ്പിച്ചോ ചെയ്യുന്ന സ്വഭാവം എനിക്കുണ്ട്. പ്രസന്നനു ഒന്നിൽ നിന്നു മറ്റൊന്നിലേക്ക് നീങ്ങ ണമെന്നങ്കിൽ, അൽപ്പസമയം എടുത്തു തന്നെ മാനസികമായി ഒരുങ്ങി യാലേ പറ്റൂ. കാര്യം അറിയാമെങ്കിലും, സാവകാശമുള്ള നീക്കം എന്നിൽ ചിലപ്പോൾ നീരസമുളവാക്കാറുണ്ട്. രണ്ടുപേർക്കും ഇടതുപക്ഷ കാഴ്ച പ്പാടും രാഷ്ട്രീയവുമാണുള്ളതെങ്കിലും ദലിത് പരിപ്രേക്ഷ്യത്തിൽ എവി ടെയോ ചേർച്ചയില്ലായ്മ അനുഭവപ്പെടുന്നുണ്ട്. എനിക്കു മറ്റൊരു വലി യ തകരാറുണ്ട്. ദിവസത്തിൽ ഏതാണ്ടു 15 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യും. അതും ഏതു ജോലിയും ചെയ്യും. രാത്രി 12 മണിവരെ. ഇതിനു കുഴപ്പമില്ല. പക്ഷേ കുഴപ്പം എന്റെ ചിന്തയിലാണ്. കൂടെയുള്ളവരും ഇങ്ങനെ കണക്കു കൂടാതെ ജോലി ചെയ്യണമെന്ന ധാരണ എന്റെ മന സിന്റെ ഉള്ളിന്റെ ഉള്ളിൽ എവിടെയോ കിടപ്പുണ്ട്. അതുകൊണ്ടുതന്നെ എത്ര ജോലി ചെയ്താലും മതിയാകാത്ത അവസ്ഥ. ഇതു ശരിയല്ല എന്നു പലവട്ടം സ്വയം ചിന്തിച്ചു തിരുത്താൻ ശ്രമിച്ചിട്ടും വീണ്ടും മനസ്സ് ഈ ചിന്തയ്ക്കടിമപ്പെട്ടു പോകുന്നതു കുറ്റബോധത്തോടെയാണ് ഓർക്കുക. ഇതൊക്കെയാണെങ്കിലും എന്റെ വളർച്ചയിൽ ഒത്തിരി ഇടപെടുന്ന കുടുംബമാണ് പ്രസന്നന്റേത്. എൽസബത്തും അഖിൽമോനും ആശ മോളും (ഹണി) എന്റെ ജീവന്റെ ഭാഗമാണ്. അങ്ങനെ വലിയ അഭിമാന ത്തോടെയാണ് പ്രസന്നന്റെ കുടുംബത്തെ ഓർക്കുക.

ഈ സാഹചര്യത്തിലാണ് 2009 ആഗസ്റ്റ് 29ൽ ഓറമാസികയുടെ മാനേജിങ് എഡിറ്റർ എന്ന സ്ഥാനത്തേക്കു നിയോഗിച്ചുകൊണ്ടു ശ്രീ. പ്രസന്നകുമാർ പുതിയ ചുമതല ഏറ്റെടുത്തത്. ഇതിനെപ്പറ്റി കൂടുതൽ കാര്യങ്ങൾ ഓറയെപ്പറ്റിയുള്ള അധ്യായത്തിൽ ആകാം. അങ്ങനെ എല്ലാ രീതിയിലും എന്റെ ജീവിതത്തിന്റെ ഭാഗമാണ് പ്രസന്നനും കുടുംബവും.

ശ്രീ. എം ഐ സുകുമാരൻ പത്തനംതിട്ട മഞ്ഞനിക്കര വാലുതറ സ്വദേശി. ജനകീയ വിദ്യാഭ്യാസ പ്രസ്ഥാനം (ജെ വി പി) എന്ന പേരിൽ മതനിരപേക്ഷമായ ബദൽ ബോധവൽക്കരണ പ്രക്രിയയ്ക്കു വാലുതറ യിൽ നേതൃത്വം കൊടുത്തുവരുമ്പോഴാണ് 1990കളിൽ ഞാനദ്ദേഹത്തെ ആദ്യമായി ബന്ധപ്പെടുന്നത്. ക്ലിപ്തമായി പറഞ്ഞാൽ ജെ വി പിക്കു വേണ്ടി ഒരു പൊതു ഷെഡ്, ജാതിമതഭേദമന്യേ നാട്ടുകാരുടെ സജീവ സഹകരണത്തോടെ, സോളമനച്ചന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയതിന്റെ ഉദ്ഘാടന ദിവസമാണ് ശ്രീ. എം ഐ സുകുമാരനുമായി നേരിട്ടു ബന്ധ പ്പെട്ടത്. ഈ ബന്ധം വർഷങ്ങൾ കഴിയുംതോറും പ്രസ്ഥാനത്തിന്റെ പരി ണാമപ്രക്രിയയിൽ അധിഷ്ഠിതമായി വളരുകയായിരുന്നു. നാരങ്ങാനം കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന വി വി കെ വാലുതറയിലേക്കു മാറ്റിയ പ്പോൾ, സമാന ചിന്താഗതിയും ലക്ഷ്യങ്ങളുമുള്ള രണ്ടു പ്രസ്ഥാനങ്ങൾ

ഒരേ സ്ഥലത്തു പ്രവർത്തിക്കുന്നതിൽ സാംഗത്യമില്ലെന്നു വിലയിരുത്തപ്പെട്ടു. മാത്രമല്ല, രണ്ടു പ്രസ്ഥാനങ്ങളിലെയും പ്രധാന പ്രവർത്തകർ ഒന്നുതന്നെയുമാണ്. അതുകൊണ്ട് സർക്കാർ രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രസ്ഥാനത്തിൽ രണ്ടാമത്തേതു ലയിപ്പിച്ചു ഒന്നാകുന്നതാണു ഉത്തമമെന്നു രണ്ടു പ്രസ്ഥാനത്തിന്റെയും പൊതുയോഗങ്ങൾ തീരുമാനിച്ചു. അങ്ങനെ ജെ വി പി, വി വി കെയിൽ ലയിച്ചു. ശ്രീ. എം ഐ സുകുമാരൻ വി വി കെയുടെ സെക്രട്ടറിയുമായി. ജനജാഗൃതിക്കും വ്യക്തിഗതമായി എനിക്കും സുകുമാരൻ എപ്പോഴും കൂടെ നിൽക്കുന്ന അനുഭവമാണുള്ളത്; പ്രത്യേകിച്ചു ജനജാഗൃതിയുടെ ഇരുണ്ട നാളുകളിൽ. ഇപ്പോൾ അദ്ദേഹം വി വി കെയുടെ ട്രഷററാണ്.

ശ്രീ. ജോസഫ് കെന്നഡി കൊല്ലം ജില്ലയിൽ പടപ്പക്കര എന്ന അഷ്ടമുടിക്കായലിന്റെ തീരത്തുള്ള ഗ്രാമക്കാരനാണ്. 1983 മുതലുള്ള ബന്ധമാണ് ശ്രീ കെന്നഡിയുമായുള്ളത്. പടപ്പക്കരയിൽ ഞാൻ ഔദ്യോഗിക വൈദിക ശുശ്രൂഷ നടത്തിയിരുന്നപ്പോൾ, ഇടവകയുടെ സാമൂഹികക്ഷേമപ്രവർത്തനങ്ങൾ നടത്തിയിരുന്ന പടപ്പക്കര സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സെക്രട്ടറിയായിരുന്നു ശ്രീ. കെന്നഡി; ഞാൻ പ്രസിഡന്റും. മൂന്നു വർഷങ്ങൾ കൊണ്ടു ഭവനനിർമാണം, കക്കൂസ് നിർമാണം, പച്ചക്കറിത്തോട്ടം, ആരോഗ്യബോധവൽക്കരണ ക്യാമ്പുകൾ, ലഘുനിക്ഷേപ പദ്ധതി, ചെറിയ പലിശക്കു വായ്പാ പദ്ധതി തുടങ്ങി നിരവധി ക്ഷേമപ്രവർത്തനങ്ങൾക്കു ഒന്നിച്ചു നേതൃത്വം കൊടുക്കാൻ ഞങ്ങൾക്കു സാധിച്ചിട്ടുണ്ട്. കേരളശാസ്ത്രസാഹിത്യപരിഷത്തിൽ സജീവമായിരുന്ന കെന്നഡി ഞങ്ങൾ ഒരു സംഘം വൈദികരുടെ നേതൃത്വത്തിൽ സംഘടിതമായ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ കൊല്ലം ജില്ലാ ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയന്റെ പ്രവർത്തനം ശക്തിപ്പെടുത്താനായിട്ടുള്ള കലാജാഥയിൽ സജീവ അംഗമായി. സ്തുത്യർഹമായ സേവനമാണിവിടെ കെന്നഡി കാഴ്ചവെച്ചത്. സർവശ്രീ. പി പി ജോസഫ്, തോബിയാസ്, എം വൈ ആന്റണി, ബാബു ലിയോൺസ്, എഫ്, ജസ്റ്റിൻ, ബയ്സിൽ, ക്ലമന്റ്, മാർഗ്രറ്റ്, ലില്ലിക്കുട്ടി, സ്റ്റാൻസി, കൊർണേലി, ആഗ്നസ്, ലീലാമ്മ, ഇസബെല്ല, റോസിലി തുടങ്ങിയ അനേകരുടെ സഹകരണമാണ് അന്നത്തെ പ്രവർത്തനം സജീവമാകാൻ കാരണം. ശ്രീ കെന്നഡിയെ ഇവരുടെയൊക്കെ പ്രതിനിധിയെന്നു വേണം ചിത്രീകരിക്കാൻ. പടപ്പക്കരയിൽ നിന്നും അവധിയെടുത്തു മാറിയപ്പോൾ, കൂടെ നടന്നവർ പലരും പിന്മാറുകയോ, അവർ എന്നോടൊപ്പം എടുത്തിരുന്ന വഴി മാറി ചവുട്ടി പിന്മാറുകയോ ചെയ്തപ്പോൾ, കെന്നഡി എല്ലാ പരിമിതികളോടു കൂടി ഒപ്പം നടന്നു എന്നതു എടുത്തു പറയേണ്ട കാര്യമാണ്. ഇന്നും ഈ ബന്ധം തുടരുന്നു.

ശ്രീ നാണു പൂങ്കാവിൽ പത്തനംതിട്ടയിൽ വാലുതറയിൽ വി വി കെയുടെ ആസ്ഥാനമായ സോളമനച്ചൻ അനുസ്മരണ ഹാളിനടുത്താണ് താമസം. 2008 ഒക്ടോബർ 30നു മരണമടഞ്ഞു. അദ്ദേഹവു

മായി അടുത്ത ബന്ധം ഞാൻ സ്ഥാപിച്ചത് സോളമനച്ചന്റെ മരണശേഷമാണ്. അച്ചന്റെ രണ്ടാമത്തെ വാർഷികം കൊല്ലം അന്തമണ്ണിലെ സരോവരയിൽ നടത്തുന്നതിനെപ്പറ്റി അൽപ്പം ആശങ്കയുണ്ടായപ്പോൾ, പത്തനംതിട്ട വാലുതറയിൽ വച്ചു സോളമനച്ചന്റെ വാർഷികം നടത്താമെന്നു തറപ്പിച്ചു പറഞ്ഞതു വെട്ടിയാർ എന്നു പൊതുവേ അറിയപ്പെടുന്ന ശ്രീ നാണു പൂങ്കാവിലാണ്. വ്യക്തമായ ഇടതുപക്ഷ രാഷ്ട്രീയ കാഴ്ചപ്പാടോടുകൂടി, അതേസമയം തുറന്ന മനസോടുകൂടി, സോളമനച്ചന്റെ അനുസ്മരണാഘോഷത്തെ വിലയിരുത്തി സ്വാംശീകരിക്കുന്ന വ്യക്തിത്വമായിരുന്നു ശ്രീ നാണുവിന്റേത്. രോഗവും ക്ഷീണവും സാമ്പത്തിക ക്ലേശവും അദ്ദേഹത്തെ ഏറെ ബുദ്ധിമുട്ടിച്ചപ്പോഴും, സോളമനച്ചന്റെ അനുസ്മരണത്തിലും വി വി കെയുടെ നിലനിൽപ്പിലും മുൻ നിരയിൽ നിന്നുകൊണ്ടു കാര്യങ്ങൾ ഓടിച്ച വ്യക്തിയാണദ്ദേഹം. ഏതു ഗ്രാമത്തിലും ഉള്ളതുപോലെ, ആളുകൾ തമ്മിലും പ്രസ്ഥാനങ്ങളും സംഘടനകളും തമ്മിലും സ്വരച്ചേർച്ചക്കുറവുകൾ വാലുതറയിലുമുണ്ടായിട്ടുണ്ട്. തത്ഫലമായി ചിലപ്പോഴൊക്കെ അത് വി വി കെയെയും അതിന്റെ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിച്ചിട്ടുമുണ്ട്. ആ പ്രതിസന്ധികളെ സധൈര്യം അഭിമുഖീകരിച്ചുകൊണ്ട് പുത്തൻ പാതകൾ ചൂണ്ടിക്കാട്ടി വി വി കെ യെ സജീവമായി നിലനിർത്തിയതിൽ ശ്രീ നാണു പൂങ്കാവിനുള്ള പങ്കു നിർണായകമായിരുന്നു. അദ്ദേഹത്തിന്റെ മരണം വി വി കെക്കു വാച്യാർഥത്തിൽത്തന്നെ വലിയ നഷ്ടമാണ്.

പഴകുളം ജയവിലാസം ടി ജോൺ എന്നും എന്റെയും എന്റെ പ്രവർത്തനങ്ങളുടെയും ഒപ്പമുണ്ടായിരുന്നു. എന്റെ വൈദികശുശ്രൂഷയുടെ ആരംഭമായ 1971ൽ തുടങ്ങിയ ബന്ധം അതിന്റെ പല പരിണാമദിശകളിലൂടെ ഇന്നും തുടരുന്നു. എന്റെ ആത്മകഥയായ *കറുത്തകുർബാന*യിൽ ഒരു അധ്യായം തന്നെ ജോണിനായി മാറ്റി വച്ചിരിക്കുന്നതുകൊണ്ടു ഇവിടെ വിശദീകരിക്കുന്നില്ല. എന്നും, പ്രത്യേകിച്ചു പ്രതിസന്ധി ഘട്ടങ്ങളിൽ കൂടെ നിൽക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ ആദരവോടെയാണ് ജോണിനെ സ്മരിക്കുന്നത്. ഇന്നു പ്രായാധിക്യവും രോഗവും അലട്ടുമ്പോഴും എന്റെയും ജനജാഗൃതിയുടെയും ഏതു കാര്യത്തിലും മുൻഗണനയോടെ ഉണ്ടായിരിക്കുന്നതു ജോണിന്റെ സവിശേഷതയാണ്.

മുകളിൽ സൂചിപ്പിച്ചവരൊക്കെത്തന്നെ പ്രതിസന്ധികളിൽ ധാരാളം പേർ പിന്മാറിയപ്പോൾ, കൂടെ നിന്നവരാണ്. അതേസമയം പ്രതിസന്ധിയിലും പുതിയ കാൽവയ്പിലും പുതിയ സുഹൃത്തുക്കളുണ്ടായി എന്നതു ഏറെ ആശ്വാസവും ശക്തിയും പകരുന്ന ഒന്നാണ്. എന്തു വിലകൊടുത്തും കൂടെ നടക്കാനുള്ള തീർപ്പോടുകൂടി പുതിയ നല്ലൊരു പറ്റം സുഹൃത്തുക്കളുണ്ടായത്, എന്റെ ജീവിതത്തിന്റെ വലിയ അനുഗ്രഹമായും സമ്പത്തായും ഞാൻ വിലയിരുത്തുന്നു. വളരെ ഏറെ ആളുകളുടെ പേരു ഞാൻ ഇവിടെ എടുത്തുപറയാൻ ബാധ്യസ്ഥനാണ്. അതിനു ഞാൻ മുതിരുന്നില്ല. അവർ ഓരോരുത്തരും അവരവരുടേതായ രീതി

യിൽ എന്റെ ജീവിതത്തെ ധന്യമാക്കുന്നതിൽ തനതു പങ്കുവഹിച്ചവരാണ്. ഏതു പ്രതിസന്ധിയിലും തളരാതെ പ്രത്യാശയോടെ പുത്തൻ കാൽവയ്പുകൾക്ക് വ്യക്തമായ സ്ത്രീപക്ഷകാഴ്ചപ്പാടോടുകൂടി സ്ത്രീസൗഹൃദനിലപാടുകളെടുക്കാൻ, രാഷ്ട്രീയ വ്യക്തതയോടെ ദരിദ്രപക്ഷ കാഴ്ചപ്പാടിൽ ഉറച്ചു നിൽക്കാൻ, ദലിത് പക്ഷദർശനത്തോട് ഐക്യദാർഢ്യവും ഉൾച്ചേരലും ഉറപ്പുവരുത്താൻ, പരസ്പരം ബഹുമാനിച്ചും അംഗീകരിച്ചും തുല്യതയിൽ സ്വീകരിച്ചുകൊണ്ടുള്ള സ്ത്രീപുരുഷ ബന്ധം പോഷിപ്പിക്കാൻ, സൗഹൃദത്തിന്റെ ആഴങ്ങളെ തേടാൻ, മതനിരപേക്ഷമായ ജീവിതദർശനം ഊട്ടിവളർത്താൻ, അർഥവത്തായ ബദൽ അന്വേഷിക്കാൻ ഈ പുതിയ ചങ്ങാത്തം വഴിതെളിക്കുന്നു.

## xi. എന്റെ ബന്ധുക്കളിൽ ചിലർ

വളരെ വിപുലവും വിശാലവുമായ ബന്ധുത്വശൃംഖലയുള്ള കുടുംബപശ്ചാത്തലമാണ് എനിക്കുള്ളത്. അവരിൽ എന്റെ ജ്യേഷ്ഠനായ **അലോഷ്യസ് ഡി ഫെർണാണ്ടസ്** അദ്ദേഹത്തിന്റെ ഭാര്യയും എന്റെ ചേട്ടത്തിയുമായ **ലീലാമ്മ എബ്രഹാം, എ ജോൺസൺ, ചെറുപുഷ്പം പത്രോസ്, അമലമ്മ ആന്റണി, സ്റ്റാൻലി ജൂലിയസ്, ഗേളി ആന്റോ** എന്നിവരെയാണു പ്രത്യേകം സ്മരിക്കുക.

നേരത്തെ സൂചിപ്പിച്ചതുപോലെ ഞാൻ പത്താമത്തെ സന്താനമാണ്. എന്റെ മൂത്ത രണ്ടു സഹോദരിമാരും ഒരു ജ്യേഷ്ഠനും ഞാൻ ജനിക്കുന്നതിനു മുൻപേ കല്യാണം കഴിച്ചിരുന്നു. എന്നേക്കാൾ മൂത്ത 4 ശേഷകാരുതന്നെയുണ്ടായിരുന്നു. അതിനേക്കാൾ വിപുലമാണ് അപ്പാപ്പന്റെ കുടുംബം. 4 ആണും 4 പെണ്ണും എട്ടു മക്കൾ, അവരുടെ മക്കൾ, കൊച്ചു മക്കൾ... ഇനി അമ്മാമ്മയുടെ ബന്ധത്തിലുള്ളവർ. ചുരുക്കത്തിൽ അടുത്ത രക്തബന്ധുക്കളായി 1000ൽ ഏറെ വ്യക്തികളുണ്ട്. മിക്കപേരും കുമ്പളം, കല്ലട, പടപ്പക്കര, കാഞ്ഞിരകോട്, നാന്തിരിക്കൽ എന്നീ കായലോര ഇടവകകളിൽ. അവരുമായെല്ലാം ബന്ധമുണ്ടോ? ഉണ്ട്; ബന്ധം ഇല്ലയോ? ഇല്ല; എന്ന രീതിയിൽ ഏതാണ്ടൊരു ഡിപ്ലോമാറ്റിക് ബന്ധമാണ് ഞാൻ അവരോടും അവർ എന്നോടും വച്ചു പുലർത്തിയിരുന്നത്. ആകെ ക്ഷണിക്കുന്നത് അവരുടെ വീട്ടിലെ ഒരു കല്യാണം, മരണം തുടങ്ങിയവയ്ക്ക്. കണ്ടാൽ മന്ദഹാസത്തോടെയുള്ള കുശലം പറച്ചിൽ. എങ്കിലും തന്ത്രപരമായ ആവശ്യങ്ങൾക്കു എന്റെ 'അച്ചത്തം' എന്ന ലേബൽ ഉപകാരപ്പെടുത്താൻ ഇവരിൽ പലരും മറന്നിട്ടുമില്ല. ഇങ്ങനെ ഉപരിപ്ലവ ബന്ധമാണ് എന്റെ രക്തബന്ധുക്കളുമായിട്ടു പൊതുവെ ഉണ്ടായിരുന്നത്.

പക്ഷേ ഇതിനൊരപവാദമാണ് ശ്രീ. അലോഷ്യസ് ഡി ഫെർണാണ്ടസും ശ്രീമതി ലീലാമ്മ എബ്രഹാമിനോടും (എന്റെ ജ്യേഷ്ഠനും ജ്യേഷ്ഠത്തിയും) ഉള്ള എന്റെ ബന്ധം. രക്തബന്ധമായിരിക്കാം ഈ താൽപ്പര്യത്തിനു കാരണം. എന്നാൽ ആഴത്തിലുള്ള അടുപ്പത്തിനുള്ള

യഥാർഥ കാരണം പ്രത്യയശാസ്ത്രപരമായ താൽപ്പര്യമാണ്. ഞാനുമായും എന്റെ പ്രവർത്തനങ്ങളുമായുള്ള നിരന്തര ഇടപഴകലിലൂടെ, പരമ്പരാഗത കോൺഗ്രസുകാരൻ, രാഷ്ട്രീയ സാഹചര്യങ്ങളെയും സാമൂഹിക യാഥാർഥ്യങ്ങളെയും വസ്തുനിഷ്ഠമായി പഠിച്ചു വിലയിരുത്തിയതിന്റെ വെളിച്ചത്തിൽ, ഇടതുപക്ഷത്തിന്റെ പ്രചാരകനായി മാറിയ അനുഭവമാണുണ്ടായത്. *കറുത്തകുർബാന*യിൽ ഒരധ്യായം മുഴുവനായി മാറ്റിവച്ചിരിക്കുന്നതിനാൽ, ഇവിടെ ആവർത്തിക്കുന്നില്ല. ഇവർ രണ്ടുപേരും എനിക്കും ഞാൻ ബന്ധപ്പെട്ടിരുന്ന എല്ലാ പ്രസ്ഥാനങ്ങൾക്കും പ്രചോദനവും ശക്തിയുമായിരുന്നു. ഇന്നവർ രണ്ടുപേരുമില്ല. എങ്കിലും അവരുടെ ചൈതന്യം എന്നെപ്പോലുള്ളവർക്കു ബലമാണ്.

എ ജോൺസൺ മുകളിൽ സൂചിപ്പിച്ച അണ്ണാണ്ണന്റെയും ചേട്ടത്തിയുടെയും മൂന്നുമക്കളിൽ രണ്ടാമനാണ്. എന്റെ കുടുംബത്തിൽ അടുത്ത രക്തബന്ധത്തിൽപ്പെട്ടയാൾ. ആദ്യം എസ് യു സി ഐ (SUCI) യിലും പിന്നെ എസ് എഫ് ഐ (SFI) യിലും സജീവപ്രവർത്തകനായിരുന്നു ജോണി എന്നറിയപ്പെടുന്ന ജോൺസൺ. എന്റെ വ്യത്യസ്തമായ ചലനങ്ങളോടു അനുഭാവപൂർണമായ സമീപനമാണു ജോണി എപ്പോഴും എടുത്തിരുന്നതു എന്നു പല അനുഭവങ്ങളിലൂടെയും സംഭവങ്ങളിലൂടെയും എനിക്കു മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യത്യസ്തമായ എന്റെ ഇടപെടലുകളെയും പ്രവർത്തനശൈലികളെയും ദൂരെനിന്നു നിശ്ശബ്ദതയിൽ ശ്രദ്ധിക്കുകയും ചില നിർണായ അവസരങ്ങളിൽ ഇടപെടുകയും ചെയ്യുന്ന ഒരു രീതിയാണു ജോണി സ്വീകരിച്ചിരുന്നതു എന്നാണ് എനിക്കനുഭവപ്പെട്ടത്. ധാരാളം സംഭവങ്ങൾ നിരത്തിവയ്ക്കാനുണ്ട്. ഇവിടെ മൂന്നെണ്ണത്തിൽ ചുരുക്കാമെന്നു കരുതുന്നു.

വൈദികർ എന്നാൽ എല്ലാം ത്യജിച്ചു ജനങ്ങൾക്കു വേണ്ടി 100 ശതമാനവും വലിച്ചെറിയപ്പെട്ടവൻ എന്ന ഉത്തമ ബോധ്യത്തിൽ ഏറ്റവും ലളിതമായ ജീവിതം നയിക്കുന്നകാലം. മിച്ചം ഒന്നുമില്ല. കിട്ടുന്നതൊക്കെ പാവപ്പെട്ടവർക്ക്-പ്രത്യേകിച്ച് പഠിക്കാൻ നിർവാഹമില്ലാത്ത കുട്ടികൾക്കായി-കൊടുത്തുതീർക്കുന്ന കാലം. വീട്ടിലെ എന്റെ കുടുംബസ്വത്തും അങ്ങനെ ദരിദ്രർക്കുകൊടുക്കാൻ ഞാൻ തീരുമാനിച്ചു. അണ്ണാണ്ണനുമായി ഞാൻ എന്റെ അഭിപ്രായം പങ്കുവെച്ചു. എന്തായാലും മറ്റുള്ളവരെ സഹായിക്കാനാണല്ലോ, ഒന്നിച്ചു വിലവേണ്ടെങ്കിൽ, അണ്ണാണ്ണൻ ആ വസ്തു എടുത്തുകൊള്ളാമെന്നു ധാരണയായി. ഒരു വിലയും നിശ്ചയിച്ചു. അണ്ണാണ്ണനു ആ വസ്തു എഴുതിക്കൊടുത്തു. അണ്ണാണ്ണന്റെ അനുജനും എന്റെ ജ്യേഷ്ഠനുമായ ജോസഫ് ഡി ഫെർണാണ്ടസ് അമേരിക്കയിൽ നിന്നും അവധിക്കു വന്നപ്പോൾ ഇക്കാര്യം അറിഞ്ഞു. ഞാൻ ചെയ്തതു ബുദ്ധിശൂന്യമാണെന്നു എന്നെ ഓർമിപ്പിച്ചു. പക്ഷേ എന്റെ ദരിദ്രപക്ഷ നിലപാടിൽ ഞാൻ ഉറച്ചു നിന്നു. ഒന്നു രണ്ടു വർഷങ്ങൾ കഴിഞ്ഞു ബിഷപ്പും സഭാധികാരികളുമായുള്ള എന്റെ ബന്ധം ശരിക്കും ഉലയുന്ന കാലം. പലരീതിയിലും സുരക്ഷിതത്വമില്ലായ്മ നുഴഞ്ഞുകയ

റുന്ന കാലം. എന്റെ അവസ്ഥ ജോണി നിശ്ശബ്ദതയിൽ മനസിലാക്കി. എന്നോടു ഒരു വാക്കുപോലും പറയാതെ, അണ്ണാണ്ണനെ ചെന്നു കണ്ടു 'രാജൻ ചിറ്റപ്പൻ (ഞാൻ 'രാജൻ' എന്നാണു വീട്ടിലും നാട്ടിലും അറിയപ്പെട്ടിരുന്നത്) എഴുതി തന്ന വസ്തു തിരിച്ച് എഴുതികൊടുക്കണം. വിലയായി കൊടുത്ത പൈസ ഞാൻ തിരിച്ചുതന്നു കൊള്ളാം. ചിറ്റപ്പന്റെ ഭാവിക്ക് അതാവശ്യമായി വരും' എന്നു പറഞ്ഞു. ജോണിയുടെ അഭിപ്രായ പ്രകാരം അണ്ണാണ്ണൻ ആ വസ്തു എന്റെ പേരിൽ തിരികെ എഴുതിവച്ചു. സത്യത്തിൽ ഇക്കാര്യങ്ങളൊന്നും ഞാനറിഞ്ഞതേയില്ല. എല്ലാം നടന്നുകഴിഞ്ഞു എന്റെ പേരിൽ കരം അടച്ച രസീതാണ് അണ്ണാണ്ണനും ജോണിയും എന്നെ കാണിക്കുന്നത്. നടപടി ശരിയോ തെറ്റോ എന്നു വിലയിരുത്തുന്നതിനപ്പുറം ജോണിക്കു എന്നോടുള്ള കരുതലും ഭാവിസുരക്ഷിതമായിരിക്കണമെന്നുള്ള താൽപ്പര്യവും ഈ നടപടിയിൽ വ്യക്തമാണമല്ലോ.

ജോണിയുടെ അകന്നു നിന്നുകൊണ്ടുള്ള അടുത്ത പ്രവർത്തന രീതി തുടർന്നുകൊണ്ടേയിരുന്നു. പള്ളിച്ചുമതലയില്ല. അമേരിക്കയിൽ നിന്നും തിരിച്ചുവന്ന് ജനജാഗൃതിയിൽ താമസമായി. ശ്രീ. രവിയുമായി ബന്ധപ്പെട്ടു തിരുവനന്തപുരത്തു പൊന്മുടിയിൽ 'പ്രപഞ്ചം പെറ്റുപോറ്റുന്ന ആത്മീയത' എന്ന ചിത്രം ഷൂട്ട് ചെയ്യാൻ ജോണിയും വന്നിരുന്നു. ഒരു ദിവസത്തെ ഷൂട്ടിങ് കഴിഞ്ഞപ്പോൾ രവിയുടെ കാര്യശേഷിക്കുറവിനെപ്പറ്റി ജോണി എന്നോടു സംസാരിച്ചു. വർഷങ്ങൾ കഴിഞ്ഞാണ് ആലപ്പുഴയിൽ വച്ചു *മീൻതോണി* എന്ന ഫീച്ചർ ഫിലിം നിർമിക്കുന്നത്. രവി ജനജാഗൃതിയെ വഞ്ചിച്ച കാര്യവും കേസുനടക്കുന്ന കാര്യവും ജോണിയറിഞ്ഞു. സ്വന്തമായിതന്നെ പ്രശ്നത്തിൽ മധ്യസ്ഥം വഹിക്കാൻ തീരുമാനിച്ചു മാവേലിക്കര എം ജെ എമ്മിൽ പോയി ശ്രീ. വിൻസെന്റ് ബനഡിക്റ്റുമായി സംസാരിച്ചു. പ്രശ്നത്തിന്റെ സങ്കീർണമായ കിടപ്പുമനസിലായപ്പോൾ അതു നടക്കുന്ന അവസ്ഥയല്ല എന്നു മനസിലാക്കി പിന്മാറുകയാണുണ്ടായത്. ഇവിടെയും പ്രശ്നം പരിഹരിച്ചോ ഇല്ലയോ എന്നതിനല്ല പ്രാധാന്യം; എത്രയോ ബന്ധുക്കളും ശ്രേഷ്ഠരും ഉണ്ടായിട്ടും പ്രശ്നം തീർക്കണമെന്ന ബോധ്യത്തിൽ അണ്ണാൻ കുഞ്ഞും തന്നാലായതു എന്നതുപോലെ തന്റെ പങ്കുവഹിച്ചതു സ്തുത്യർഹമായ ഒരു കാൽവെയ്പ്പാണ്.

വീണ്ടും, സഭയിൽ നിന്നും ഏറെ അകന്നു നിൽക്കുന്ന കാലം. കൊല്ലം ബിഷപ്പു സ്റ്റാൻലി റോമൻ; ഫാ. ജോസഫ് തോമസും ഞാനുമായുള്ള പ്രശ്നത്തിൽ മധ്യസ്ഥം വഹിക്കുന്ന കാലയളവ്. അതിന്റെ തുടക്കം മുതൽ ബിഷപ്പു നീതിയുടെയും സത്യത്തിന്റെയും പക്ഷം ചേരാതെ, ഫാ. ജോസഫ് തോമസിനോടൊട്ടിനിന്നിടപെടുന്ന ശൈലിയാണു കാണിച്ചത്. ഈ വിവരം തീർത്തും യാദൃശ്ചികമായി ജോണിയറിഞ്ഞു. ആയിടെ ഇന്നദിവസം ഇത്രമണിക്ക് ചെന്നു നേരിട്ടു കാണണമെന്നു പറഞ്ഞുകൊണ്ടുള്ള ബിഷപ്പിന്റെ കത്തു എനിക്ക് വന്നിരുന്നു.

അതിൽ അജണ്ട കാട്ടിയിട്ടില്ല. എന്തിനാണു വിളിക്കുന്നതെന്നു വ്യക്തമല്ല. സ്ഥാപിതസഭയെയും സഭാധികാരികളുടെ അനീതികളെയും പണാർത്തിയെയും എടുത്തുകാട്ടി പലപുസ്തകങ്ങളും ഞാൻ എഴുതിയിട്ടുണ്ട്. എന്റെ ആത്മകഥയായ *കറുത്തകുർബാന* പ്രസിദ്ധീകരിച്ചു കഴിഞ്ഞിരുന്നു. പണ്ട് കുമ്പളം ഉരുട്ടുവിളയിലെ തൊബിയാസച്ചനെ അരമനയിൽ വച്ചു തുണിവായിൽ കുത്തിക്കയറ്റിയിട്ടു മർദിച്ച കാര്യങ്ങളൊക്കെ ചരിത്രസംഭവം. നിർദേശിച്ചിരുന്ന ദിവസം ബിഷപ്പിനെ കാണാൻ ഞാൻ തീരുമാനിച്ചിരുന്നു. ജോണി ഈ വിവരം അറിഞ്ഞു. 'ഒറ്റയ്ക്കു ബിഷപ്പിനെ കാണാൻ പോകണ്ട, ഞാൻകൂടെ വരുന്നു' എന്നു ജോണി പറഞ്ഞു. നിശ്ചയിക്കപ്പെട്ട ദിവസം തിരുവനന്തപുരത്തു നിന്നും കാറിൽ ജോണി കൊല്ലത്തു ബസ്സ്റ്റാന്റിൽ വരുകയും ആലപ്പുഴയിൽ നിന്നും നിർദിഷ്ട സമയത്തു ഞാനും എത്തുകയും പിന്നെ അവിടെ നിന്നും ഞങ്ങൾ രണ്ടു പേരും ഒത്തു ബിഷപ്പിനെ കാണുകയും ചെയ്തു. അന്നു ഫാ. ജോസഫ് തോമസുമായുള്ള പ്രശ്നമല്ലാതെ മറ്റൊന്നും ബിഷപ്പു സംസാരിച്ചില്ല. എല്ലാം ശാന്തമായി നടന്നു. ഇവിടെയും ഞാൻ ആവശ്യപ്പെടാതെ എന്റെ അവസ്ഥയിൽ എന്തെങ്കിലും പ്രശ്നമുണ്ടായാലോ എന്നു നിനച്ചു തിരുവനന്തപുരത്തു നിന്നും വന്ന സന്മനസു വലുതാണ്.

ചുരുക്കത്തിൽ, എന്റെ വേറിട്ട കാഴ്ചപ്പാടും ദർശനവും അതുപോലെ ഉൾക്കൊള്ളുന്ന വ്യക്തിയല്ല ജോണി എങ്കിലും, എന്റെ നീക്കത്തിലുള്ള ആത്മാർഥതയെ പൂർണമായി ഉൾക്കൊള്ളുകയും ജോണിയുടെ ജീവിതപരിമിതിയിൽ നിന്നുകൊണ്ടു സഹകരിക്കാവുന്ന മേഖലകളിലൊക്കെ സഹകരിക്കുകയും ഒത്തു നടക്കുകയും ചെയ്യുന്ന ജോണി എനിക്കു ശക്തിയാണ്. ജനജാഗൃതിയുടെ ആദ്യ പ്രവർത്തനമായ *മതം, മതമൗലികതാവാദം, വർഗീയത* എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിനു അണിയറ പ്രവർത്തനം നടത്തിയതു ജോണിയാണ്. തുടർന്നു നൽകിയത് നിശ്ശബ്ദസഹകരണവും ഇടപെടലുമാണ്. ഇന്നു ജനജാഗൃതിയുടെയും ഓറയുടെയും കമ്മിറ്റിയംഗമായി നിലനിന്നുകൊണ്ട് സഹകരിക്കുന്നു; അവയുടെ വളർച്ചയിൽ അഭിമാനിക്കുന്ന വ്യക്തിയാണ് ജോണി.

ചെറുപുഷ്പം, അമലമ്മ, സ്റ്റാൻസി, ഗേളി എന്നീ നാലു സ്ത്രീകൾ എന്റെ ജീവിതത്തിനു ഒത്തിരി സ്നേഹവും ശക്തിയും പകർന്നവരാണ്. ചെറുപുഷ്പം എന്റെ അമ്മാച്ചന്റെ മകളാണ്- സഹോദരിയാണ്. അമലമ്മ ഏറ്റവും മൂത്ത ജേഷ്ഠന്റെ മകൾ. സ്റ്റാൻസി എന്റെ ഏറ്റവും മൂത്ത സഹോദരിയുടെ മൂന്നാമത്തെ സന്താനം. ഗേളി എന്റെ മൂത്ത കസിൻ ബ്രദറിന്റെ മൂത്തമകൾ. എല്ലാവരും ഏതാണ്ടു ഒരേ പ്രായക്കാർ. ഞങ്ങൾ ഒത്താണു നാട്ടിൽ വളർന്നത്. ഒന്നിച്ചു കളിച്ചും രസിച്ചും കളിയാക്കിയും ഒന്നിച്ചു കിടന്നുറങ്ങിയും ഒക്കെ ഒത്തു വളർന്നവർ. ഞങ്ങൾ തമ്മിലുള്ള ബന്ധം രക്തബന്ധത്തേക്കാൾ ചങ്ങാത്തമായിരുന്നു. ഏറെ സുഹൃത്തുക്കളായി ഞങ്ങൾ വളർന്നു. ഒരാൾ നഴ്സ്, രണ്ടു പേർ വീട്ടമ്മമാർ, ഒരാൾ കോളേജ് പ്രൊഫസർ- നാലുപേരും വിവാഹിതർ. കുടുംബമായപ്പോൾ,

കുടുംബത്തിലെ ജീവിത പങ്കാളികളും ഒരു പരിധിവരെ എന്റെ സുഹൃത്തുക്കളായി. അങ്ങനെ ഇന്നും എന്നോടു ബന്ധപ്പെട്ടു പോകുന്നു നാലു കുടുംബങ്ങളും. പള്ളിപ്പണി ചെയ്തുകൊണ്ടു സഭാസംവിധാനത്തിനുള്ളിൽ നിന്നിട്ടു വിമർശനാത്മക നിലപാടു എടുത്തിരുന്നപ്പോൾ, നാലു കുടുംബക്കാർക്കും എന്നോടു നല്ല മതിപ്പായിരുന്നു. അവർക്ക് എല്ലാവർക്കും എന്റെ സന്മനസും ആത്മാർഥതയും സത്യസന്ധതയും നല്ലതുപോലെ അറിയാം. എന്റെ പുതിയ കാൽവെയ്പ്പുകൾ ശരിയല്ല എന്നു തുറന്നു പറയാൻ അവർക്കാവില്ല. ഇങ്ങനെ സഭയെയും ദൈവത്തെയും നിഷേധിച്ചു നീങ്ങണോ എന്ന ചോദ്യം സ്നേഹബുദ്ധ്യാ കാണുമ്പോൾ ഉന്നയിക്കും, എന്നല്ലാതെ മനസിൽ വെറുപ്പോ വിദ്വേഷമോ ഇല്ല.

ഈ നാലു കുടുംബങ്ങളിൽ അമലമ്മയുടെ ഭർത്താവും മക്കളും ഒഴിച്ചു ബാക്കി എല്ലാവരും തന്നെ നല്ല ദൈവഭക്തരും ദൈവകൃപയിൽ കാര്യങ്ങളൊക്കെ നീങ്ങിപ്പോകുന്നു എന്നു ആത്മാർഥമായി വിശ്വസിക്കുന്നവരുമാണ്. അതുകൊണ്ടു തന്നെ എന്റെ നിരീശ്വര നിലപാടു സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. പക്ഷേ എന്റെ മനുഷ്യസ്നേഹത്തെപ്പറ്റിയും സഹജീവികളോടുള്ള ആത്മാർഥമായ ബന്ധത്തെപ്പറ്റിയും അങ്ങേയറ്റം ബോധ്യവും ആദരവും താൽപ്പര്യവുമാണുള്ളത്. സൗകര്യം കിട്ടുമ്പോൾ ഇപ്പോഴും പരസ്പരം സന്ദർശിക്കാറുണ്ടെങ്കിലും, പുതിയപരിണാമദിശയിൽ പ്രത്യയശാസ്ത്ര നിലപാടിനെപ്പറ്റി പരസ്പരം പറയാറില്ല. രണ്ടു കൂട്ടർക്കും നല്ല വ്യക്തതയുണ്ട്. ചുരുക്കത്തിൽ പഴയ സൗഹൃദം തുടരുന്നുണ്ടെങ്കിലും, ഹൃദയം തുറന്നുള്ള പങ്കുവയ്ക്കലില്ലാത്ത സ്നേഹവായ്പാണ് നടക്കുന്നത്. ഇവിടെ ഹൃദയ വികാരങ്ങൾ പങ്കുവയ്ക്കപ്പെടാത്തതുകൊണ്ട്, പണ്ടുണ്ടായിരുന്ന ഊഷ്മളാനുഭവം ഏതാണ്ടു നഷ്ടപ്പെടുന്ന തോന്നലുണ്ട്. ഇതും നിലപാടിന്റെ വിലയാണ് എന്നതിൽ സംതൃപ്തിയുമുണ്ട്.

ഇതിനൊരപവാദമാണു അമലമ്മയുടെ ഭർത്താവ് ആന്റപ്പൻ എന്നു വിളിക്കപ്പെടുന്ന ആന്റണി. അദ്ദേഹത്തിന്റെ അച്ഛൻ ഈറാണി സാർ കുമ്പളത്തെ പേരുകേട്ട മലയാളാധ്യാപകനും ചിന്തകനുമായിരുന്നു; യുക്തിചിന്തയാണു അദ്ദേഹത്തെ നയിച്ചത്. സഭ അദ്ദേഹത്തെ മഹറോൻ ചൊല്ലിയിരുന്നു. മകൻ ആന്റപ്പനും ഈ ചിന്താഗതി ചെറുപ്പത്തിലേ ഉണ്ടായിരുന്നു. അങ്ങനെ യുക്തി ചിന്തയിൽ വളർന്ന ആന്റപ്പൻ ഈശ്വരവിശ്വാസിയും പള്ളിഭക്തയുമായ അമലമ്മയെ വിവാഹം കഴിച്ചു. അവർ ഏതാണ്ടു സുഖകരമായി ജീവിക്കുന്നു; രണ്ട് ആശയ ഗതികളുടെ ഉടമകളായി. ആന്റപ്പൻ പൊതുവേ പള്ളിയിൽ പോവുകയില്ല; പക്ഷേ മക്കളുടെ പള്ളി ആവശ്യത്തിനായി നീക്കുപോക്കും വിട്ടുവീഴ്ചയും ചെയ്തുകൊണ്ടു പള്ളിയിൽ പോകേണ്ടപ്പോൾ അതു നടത്തുകയും ചെയ്യും. അഡ്ജസ്റ്റ്മെന്റ് എന്നാണതിനെ അദ്ദേഹം വിശേഷിപ്പിക്കുക. രണ്ടുമക്കളിലും കൂടുതൽ സ്വാധീനം ആന്റപ്പന്റേതാണ്, എങ്കിലും അവരും ജീവിതം അഡ്ജസ്റ്റ്മെന്റിലാണ്. ആന്റപ്പൻ ഓറ സ്ഥിരമായി വായിക്കാ

റുണ്ട്. മതനിരപേക്ഷമായ എന്റെ ലേഖനങ്ങൾ വായിച്ചിട്ടു അഭിപ്രായം ഫോണിലൂടെ പങ്കുവയ്ക്കാറുണ്ട്. 'ഹൃദയം തുറന്നു മനസിലുള്ളതു പങ്കു വയ്ക്കാനും ആശയവിനിമയം നടത്താനും സാധിക്കുന്നതു രാജനച്ചനു മായി മാത്രം' എന്നാണദ്ദേഹം പറയുക. 'രാജനച്ചനു വിശ്വസിക്കുന്നതു പറയാനും പ്രവർത്തിക്കാനുമുള്ള ധൈര്യം കിട്ടുന്നു; എനിക്കതില്ലിപ്പോൾ' എന്നും അദ്ദേഹം പറയാറുണ്ട്. ഞങ്ങളുടെ ഈ ബന്ധത്തിനു ദിവസം ചെല്ലുംതോറും വേരോട്ടം വർധിച്ചുകൊണ്ടേയിരിക്കുന്നു; പരസ്പരം പ്രചോദനവും ശക്തിയുമായി.

വ്യത്യസ്ത ലോകവീക്ഷണവും സാമൂഹ്യകാഴ്ചപ്പാടും മൂല്യസം ഹിതയും ഏറ്റുപിടിച്ചിട്ടുള്ളവരല്ലെങ്കിലും, എന്റെ നിലപാടിനോടുള്ള എന്റെ വിശ്വസ്തതയെയും സത്യസന്ധതയെയും മാനിക്കുന്ന കുറച്ചേറെ ബന്ധുക്കളുണ്ട്. സഭയ്ക്കകത്തു നിന്നുകൊണ്ടു സഭയിലെ തിന്മകളെയും അനീതികളെയും എതിർക്കുന്നതിനെ വലിയ വിമുഖതയില്ലാതെ സ്വീക രിക്കുന്നവരാണിവർ. പക്ഷേ ഇന്നത്തെ എന്റെ തീർത്തും മതനിരപേ ക്ഷവും മതരഹിതവുമായ നിലപാടിനെ സ്വീകരിക്കുന്നവർ ഇല്ലെന്നു തന്നെ പറയാം. പക്ഷേ, ഇവിടെയും എന്റെ ഉത്തരവാദിത്വത്തോടെയുള്ള സ്വാതന്ത്ര്യത്തെയും ഉത്തമബോധ്യത്തെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും അവരവരുടേതായ രീതിയിൽ പരിമിതികളോടെ പിന്തുണയ്ക്കുകയും ചെയ്യുന്നവരിൽ എന്റെ ജ്യേഷ്ഠൻ ജോസഫ് ഡി ഫെർണാണ്ടസ്, ജ്യേഷ്ഠത്തി ലില്ലി ജെ ഫെർണാണ്ടസ് അവരുടെ മകൾ ജസി ജെ ഫെർണാണ്ടസ് എന്റെ ഏറ്റവും മൂത്ത ജേഷ്ഠന്റെ മകൻ വിജ യൻ ആൻസൽ, എന്റെ കസിൻ ജ്യേഷ്ഠൻ ആഞ്ചലോസ് ഫെർണാണ്ട സിന്റെ മക്കൾ ഫാ. ഹ്യൂബർട്ട് ജോൺ ബോസ്കോ എന്നിവരെ പ്രത്യേകം ഓർക്കേണ്ടതുണ്ട്.

ഓരോരുത്തരെപ്പറ്റിയും ഒന്നോരണ്ടു വാക്കുകൾ മാത്രം കുറിക്കട്ടെ. മുതലാളിത്തത്തിൽ വിശ്വസിക്കുന്ന, അതിലൂടെ ലോകരക്ഷ സാധിത മാകുമെന്നു കരുതുന്ന, സമൂഹത്തിൽ അവശത അനുഭവിക്കുന്നവർ ക്കായി കൈ അയച്ചു സഹായിക്കുന്ന, നല്ല ഗുണമേന്മയുള്ള വിദ്യാഭ്യാ സത്തിലൂടെ കാര്യശേഷിയുള്ള ഒരു പുത്തൻ തലമുറയെ വാർത്തെടു ക്കാമെന്നു വിശ്വസിച്ച് അതിനായി കഠിനാധ്വാനം ചെയ്യുന്ന ഒരു മഹത് വ്യക്തിത്വമാണ് എന്റെ ജ്യേഷ്ഠൻ ജോസഫച്ചാൻ. എന്റെ ജീവിതദർശ നത്തിനടിസ്ഥാനമോ സോഷ്യലിസവും. പ്രത്യയശാസ്ത്രപരമായി രണ്ടു ധ്രുവത്തിലാണെങ്കിലും, ഇക്കാര്യത്തിലൊഴിച്ചു ബാക്കിയെല്ലാത്തിലും സഹകരിച്ചാണു ഞങ്ങൾ പ്രവർത്തിക്കുന്നത്. ഞങ്ങൾ രണ്ടു കാഴ്ചപ്പാ ടുകളുടെ ഉടമകളാണെന്നു രണ്ടു പേർക്കും അറിയാം; അതു പരസ്പരം അംഗീകരിച്ചുകൊണ്ടാണ് നിരന്തരം സഹകരിച്ചു പോരുന്നത്. സഭയോ ടുള്ള എന്റെ വിമർശനാത്മക സമീപനം ശരിക്കും മനസിലാക്കിയിട്ടുള്ള വ്യക്തിയാണദ്ദേഹം. ഈയിടെയായി ബിഷപ്പുമായുള്ള കത്തിടപാടുകൾ ഞാൻ അദ്ദേഹത്തെ കാണിച്ചിട്ടുണ്ട്. കഴിഞ്ഞയിടെ ബിഷപ്പു അയച്ചക

ത്തിന് ബിഷപ്പിന്റെയും എന്റെയും കാഴ്ചപ്പാടുകളും ചിന്താധാരകളും വിരുദ്ധതാൽപ്പര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണെന്നും അതുകൊണ്ട് ഈ രണ്ടു വഴികൾ പരസ്പരം കൂട്ടിമുട്ടാതെ കിടക്കുകയാണെന്നും അതംഗീകരിച്ചു പരസ്പരം സുഹൃത്തുക്കളായി കഴിയുകയായിരിക്കും ഉത്തമമെന്നും തുടർന്ന് ഇങ്ങനെയുള്ള കത്തുകൾക്കു പ്രസക്തിയില്ലെന്നും കാണിച്ച് ഞാൻ മറുപടി അയച്ചു. തുടർന്നും ബിഷപ്പിന്റെ കാനോൻ നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള കത്തു വന്നു. ഞാനതു ജ്യേഷ്ഠനെ കാണിച്ചു. എന്റെ നിലപാടെന്താണ് എന്നദ്ദേഹം ചോദിച്ചു. അതിനു സഭയുടെ ഈ നീക്കങ്ങളോടൊന്നിനോടും യാതൊരുവിധമായ താൽപ്പര്യവുമില്ലെന്നും എന്റെ ദർശനത്തിനു അവ വിരുദ്ധമാണെന്നും ഞാൻ വ്യക്തമാക്കി. അവിടെ എന്റെ സ്വതന്ത്രമായ തീരുമാനത്തെ മാനിച്ചുകൊണ്ട്, ബിഷപ്പിനു അവസാനമായൊരു കത്തയച്ച് പ്രശ്നം അവസാനിപ്പിക്കുകയായിരിക്കും നല്ലത് എന്നാണദ്ദേഹം പറഞ്ഞത്. അങ്ങനെ എന്റെ മനോഗതി വ്യക്തമാക്കിക്കൊണ്ട് 21/6/2009ൽ ബിഷപ്പിനു കത്തയച്ചു. ദൈവഭക്തനും ഈശ്വരവിശ്വാസിയും മുതലാളിത്ത താൽപ്പര്യസംരക്ഷകനുമായ ജ്യേഷ്ഠൻ എന്റെ വ്യത്യസ്തവും വേറിട്ടതുമായ നിലപാടിനോടു ഇത്തരമൊരു സമീപനം എടുത്തതു അദ്ദേഹത്തിന്റെ വലിപ്പമാണ്. അതുപോലെ ചേട്ടത്തി ലില്ലി ഫെർണാണ്ടസിനും എന്നോടു താൽപ്പര്യമാണ്. 'രാജനച്ചൻ പറയുന്നതു എനിക്കു മനസിലാകുന്നില്ല. ബോധ്യത്തിനനുസരിച്ച് നീങ്ങുക' എന്നേ ചേട്ടത്തിക്കു പറയാനുള്ളൂ.

വിജയൻ ആൻസൽ നാട്ടിലായിരുന്നപ്പോൾ നേടിയ ബിരുദം എം എസ്സ് ഡബ്ലിയു ആയിരുന്നു. കുറച്ചൊക്കെ സാമൂഹ്യപ്രവർത്തനവും അൽപ്പം ഇടതുപക്ഷ ചിന്താഗതിയും ഉണ്ടായിരുന്നു. വിജയന്റെ സൂസിയുമായുള്ള വിവാഹത്തിൽ നിർണായകമായ പങ്കുവഹിച്ചതു ഞാനാണ്. പരസ്പരം മനസിലാക്കിയുള്ള ജീവിതമാണ് അവരുടേത്. അതിൽ ഏറെ സന്തോഷമുണ്ട്. ഇപ്പോൾ അവർ വർഷങ്ങളായി അമേരിക്കയിലാണ്. എന്നാൽ എന്റെ വിമർശനാത്മക നിലപാടിനോടു താൽപ്പര്യവുമായിരുന്നു. പക്ഷേ, ഇപ്പോൾ തികഞ്ഞ ദൈവഭക്തനാണ്. ഒപ്പം സി പി എമ്മിനുള്ളിൽ ഈയിടെയായി നടക്കുന്ന ചിലപ്രശ്നങ്ങൾ അദ്ദേഹത്തെ ഇടതുപക്ഷ വിമർശകനുമാക്കി മാറ്റി. എന്നോടു വ്യക്തിഗതമായ താൽപ്പര്യം വച്ചു പുലർത്തിയിട്ട്, പ്രത്യയശാസ്ത്രപരമായി അകന്നാണിപ്പോൾ നിൽക്കുന്നതെന്ന് തോന്നുന്നു. എന്റെ മതനിരപേക്ഷ നിലപാടിനോടു യോജിപ്പില്ല. എങ്കിലും എന്നോടു താൽപ്പര്യമാണ്. ജസി ജെ ഫെർണാണ്ടസിനെപ്പറ്റിയും ജോൺ ബോസ്കോയെപ്പറ്റിയും കറുത്ത കുർബാനയിൽ പറഞ്ഞിട്ടുള്ളതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല. ഫാ. ഹ്യൂബർട്ടു എ ഫെർണന്റസ് എന്നും എന്നെ മനസിലാക്കി നീങ്ങിയ ഒരു വൈദികനാണ്. ബിഷപ്പു ഹൗസിൽ നിന്നു മെയിന്റനസ് അലവൻസോ മറ്റു സാമ്പത്തികമോ ലഭിക്കാത്ത എനിക്ക് അനുദിന ജീവിതം

ബുദ്ധിമുട്ടാണു എന്നു മനസിലാക്കി രണ്ടു-മൂന്നു പ്രാവശ്യം തന്റെ ചെറിയ പങ്ക് എന്നുപറഞ്ഞ് കുറച്ചു പൈസ നിർബന്ധിച്ചു തന്നതു നന്ദിയോടെ ഓർക്കുന്നു. മാത്രമല്ല, എന്റെ മിക്ക പുസ്തകങ്ങളും ഹ്യൂബർട്ടു അച്ചന്റെ കൈവശമുണ്ട്; മിക്കതിനും പൈസ തന്നുകൊണ്ടു തന്നെയാണു വാങ്ങിയിട്ടുള്ളത്. അദ്ദേഹത്തിനു ഒരു നിരാശ കാണാം. പലപ്പോഴും എന്നോടു പറഞ്ഞിട്ടുള്ളത്, 'ബിഷപ്പിനോടു ക്ഷമ പറഞ്ഞു രമ്യതയിലാകാം' എന്നാണ്. അതിനുള്ള എന്റെ പ്രതികരണം ക്ഷമ ചോദിക്കാൻ ഞാൻ തെറ്റൊന്നും ചെയ്തിട്ടില്ല. ഇനി രമ്യതയിലാകാൻ ബിഷപ്പും ഞാനും തമ്മിൽ ഒരിക്കലും വഴക്കിട്ടിട്ടില്ല, വ്യക്തിഗതമായി അകന്നിട്ടില്ല. പിന്നെ എങ്ങനെ, എന്തിനു രമ്യപ്പെടൽ? അതെ, ബിഷപ്പുമായി ഒരു രീതിയിലും വ്യക്തിഗതമായി എനിക്കു അകൽച്ചയില്ല. അകൽച്ച പ്രത്യയശാസ്ത്രപരമാണ്, ദർശനപരമാണ്; കാഴ്ചപ്പാടിലാണ് വിരുദ്ധത. അവിടെ നീക്കുപോക്കിനും ഏച്ചുകെട്ടലിനും വിട്ടുവീഴ്ചയ്ക്കും സ്ഥാനമില്ലല്ലോ. ചുരുക്കത്തിൽ, ഇവർക്കാർക്കും എന്റെ ഇന്നത്തെ നിലപാടിനോടു യോജിപ്പില്ലെങ്കിലും, വ്യക്തിഗതമായി എന്നെ തഴയാൻ പറ്റാത്ത ആത്മബന്ധം ഞങ്ങളെ അടുപ്പിക്കുന്നു.

എന്റെ ഒരു നിരീക്ഷണത്തോടെ ഈ അധ്യായം അവസാനിപ്പിക്കാമെന്നുതോന്നുന്നു. വിപുലമായൊരു ശൃംഖലതന്നെയുണ്ട് എനിക്കു വഴി തെളിച്ചു തന്നവരായി. ഈ ബന്ധത്തിനൊക്കെ ഒരു പ്രത്യേക സ്വഭാവമുള്ളതായി തോന്നി - പ്രത്യയശാസ്ത്ര സമാനതയും ആത്മാർഥവും സുതാര്യവുമായ ഇടപെടലും. വളരെ വിപുലമായൊരു കുടുംബപശ്ചാത്തലമുണ്ടെങ്കിലും, കൂടെ നടന്നവരോ തുലോം ചുരുക്കം. വ്യക്തമായ നിലപാടു എടുത്തപ്പോൾ അവരും ഏതാണ്ടു പിന്മാറിയ മട്ടിലായി. അണ്ണാണ്ണനും ജോണിയും ഒപ്പം നിൽക്കുന്നതു വസ്തുനിഷ്ഠമായ വിലയിരുത്തലിൽ ജ്യേഷ്ഠനും അനന്തരവനുമായതുകൊണ്ടല്ല, വ്യക്തമായ രാഷ്ട്രീയ-പ്രത്യയശാസ്ത്രത്തിന്റെ വെളിച്ചത്തിൽത്തന്നെ എന്നു നമുക്കു കാണാൻ കഴിയും. നാലു സ്ത്രീകളുമായുള്ള ബന്ധത്തിന്റെ ആധാരവും രക്തബന്ധമല്ല; മറിച്ച് ചെറുപ്പത്തിലേ കളിക്കൂട്ടുകാരായി രസിച്ചു നടന്നതിലുള്ള സൗഹൃദ ചങ്ങാത്തമാണ് എന്നു വ്യക്തമാണ്. അതേ, രക്തബന്ധത്തിനപ്പുറത്തേക്കുള്ള ഒരു വിശാല ലോകത്തിലേക്ക് ഈ വിചിന്തനം നമ്മെ ക്ഷണിക്കുന്നുണ്ട് എന്നാണ് എന്റെ നിരീക്ഷണം.

# 4

# കൊച്ചുമോൾ എന്റെ കൂട്ടുകാരി

**കൊ**ല്ലം ബിഷപ്പ് ഡോ. സ്റ്റാൻലി റോമനു 21.6.2009 ൽ ഞാൻ അയച്ച തുറന്ന കത്ത് ഓറയുടെ ജൂലൈ ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിനോടു ധാരാളം പേർ കത്തിലൂടെയും ഫോണിലൂടെയും നേരിട്ടും അനുകൂലിച്ചും പ്രതികൂലിച്ചും അഭിനന്ദിച്ചും പെട്ടെന്ന് ഇത്രയും വേണ്ടായിരുന്നെന്നും മറ്റും വിഭിന്നങ്ങളായ പ്രതികരണങ്ങളാണു കിട്ടിയത്. ഏറെപേരും ശരിയായ സമയത്താണ് സുതാര്യമായ എന്റെ നിലപാട് വ്യക്തമാക്കിയിട്ടു പിൻ വാങ്ങിയത് എന്ന അഭിപ്രായക്കാരായിരുന്നു. പ്രതികരിച്ച എല്ലാവരോടുമുള്ള എന്റെ നന്ദി നിസ്സീമമാണ്.

പ്രതികരിച്ചവരിൽ പലർക്കും അറിയേണ്ടിയിരുന്ന ഒരു കാര്യം ഞാനും കൊച്ചുമോളും തമ്മിലുള്ള ബന്ധത്തെപ്പറ്റിയാണ്. എന്റെ ആത്മകഥയായ *കറുത്ത കുർബാന* തൊട്ട് എഴുതിയിട്ടുള്ള പല ലേഖനങ്ങളിലും കുറിപ്പുകളിലും ഇതേക്കുറിച്ച് ഞാൻ പരാമർശിച്ചിട്ടുണ്ട്. എങ്കിലും ഇത് ഒരവസരമായി കണ്ട്,  ഈ ബന്ധത്തിന്റെ പരിണാമ വികാസവും, ഈ ബന്ധത്തിന്റെ പിന്നിലെ ലൈംഗിക കാഴ്ചപ്പാടും ദർശനവും വ്യക്തമാക്കുന്നത് ഉചിതമായിരിക്കും എന്നും തോന്നുന്നു.

കൂട്ടുകുടുംബമായിരുന്നില്ലെങ്കിലും ധാരാളം പേരുള്ള കുടുംബമായിരുന്നു എന്റേത്. മുമ്പു പറഞ്ഞതുപോലെ ഒത്തിരിയൊത്തിരി സ്നേഹം അനുഭവിച്ചു വളർന്ന ഒരു കുട്ടിയായിരുന്നു ഞാൻ. കുടുംബത്തിൽത്തന്നെ ഏതാണ്ട് എന്റെ പ്രായത്തിനു അൽപ്പം കൂടിയും കുറഞ്ഞതുമായ ശേഷക്കാരും ബന്ധുക്കളും തന്നെ നല്ലൊരു നമ്പറുണ്ടായിരുന്നു. എല്ലാവരുമായി കളിച്ചും അടിയിട്ടും കൂടെ കിടന്നു തോണ്ടിയും ഇക്കിളിയിട്ടും തമാശ പറഞ്ഞും മറ്റും ചെലവഴിച്ച കാലം. എനിക്ക് വയസ്സ് 11. ആയിടെ കുടുംബത്തിൽ എന്നേക്കാൾ പ്രായമുള്ള ഒരു പെൺകുട്ടിയുടെയും

ആൺകുട്ടിയുടെയും സ്പർശന സുഖം അനുഭവിച്ചതിന്റെ നിഷ്കളങ്ക ഭാവം ഇന്നും എന്റെ മനസിൽ സജീവം. ഇവയൊക്കെ എന്നെ ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധത്തിനു കളമൊരുക്കിയെന്ന് ഇന്നു ഞാൻ വിലയിരുത്തുന്നു.

എനിക്ക് 11 വയസ്സ് തികയുന്നതിനു മൂന്നു മാസങ്ങൾ ഉള്ളപ്പോഴാണ് കൊല്ലത്തു സെന്റ് റഫേൽസ് കൊച്ചുസെമിനാരിയിൽ വൈദികനാകാൻ പോകുന്നത്. ഏഴാം ക്ലാസിൽ ജയിച്ച് എട്ടിലേക്ക്. അവിടെ ആറു മാസത്തെ ഇംഗ്ലീഷ് പരിശീലനത്തിനുശേഷം 1959 ജനുവരിയിൽ കൊല്ലം തങ്കശ്ശേരിയിലുള്ള ഇൻഫന്റ് ജീസസ് ആംഗ്ലോ ഇന്ത്യൻ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ പഠനം തുടർന്നു. അവിടെ ഞങ്ങളെ ആധ്യാത്മികമായി നയിക്കാനും വളർത്താനും ഉത്തരവാദിത്വമുള്ള ആധ്യാത്മിക ഗുരു എന്നൊരു വൈദികനുണ്ടായിരുന്നു. സത്യത്തിൽ അദ്ദേഹത്തിന്റെ ചുഴിഞ്ഞ, ജിജ്ഞാസ ജനിപ്പിക്കുന്ന ചോദ്യങ്ങളും ലൈംഗികാവയവങ്ങളുമായി ബന്ധപ്പെട്ട നിർദേശങ്ങളും ഉപദേശങ്ങളും എന്നെ സ്വയംഭോഗത്തിലേക്കും അതു പിന്നെ സ്വവർഗരതിയിലേക്കും നയിച്ചു. അദ്ദേഹം എനിക്ക് നൽകിയ സംഭാവനയിതാണ്. ഒന്ന്, എന്നിൽ ലൈംഗിക വികാരങ്ങൾ ഉണർത്താൻ നല്ല പങ്കു വഹിച്ചു. രണ്ട്, അതിന്റെ പേരിൽ ശക്തമായ പാപബോധം സൃഷ്ടിക്കാനും വളർത്താനും അദ്ദേഹം നിർണായകമായ പങ്കുവഹിച്ചു. മൂന്ന്, അദ്ദേഹം തന്നെ ഈ പാപബോധനത്തിൽ നിന്ന് രക്ഷപെടാനുള്ള മാർഗമായി ഈ ലൈംഗികാനുഭവങ്ങൾ ഓരോന്നും വിശദമായി ഏറ്റുപറഞ്ഞു കുമ്പസാരിപ്പിച്ചു ശാന്തി നൽകി. സ്വയംഭോഗമെന്ന മനുഷ്യന്റെ സ്വാഭാവിക ചേതനയെ മഹാപാപമായി പഠിപ്പിച്ചിട്ട്, അതിന്റെ പാപക്കറ കുമ്പസാരത്തിലൂടെ കഴുകി കളയാതെ കുർബാനയും മറ്റും സ്വീകരിച്ചതിന്റെ ഫലമായി 10 മാസം കൊണ്ടു 14-ാം വയസിൽ ആയിരത്തിലേറെ ചാവു ദോഷം ചെയ്ത പാപഭാരവുമായി നടന്ന കഥ *കറുത്തകുർബാന* അധ്യായം 9 ൽ പറയുന്നുണ്ട്. സത്യത്തിൽ ആ വൈദികനോട് അങ്ങേയറ്റം ബഹുമാനമുള്ള വ്യക്തിയാണ് ഞാൻ. അദ്ദേഹത്തെ മോശമാക്കാനല്ല ഞാൻ ഇതു പറയുന്നത്. എങ്ങനെയാണ് സെമിനാരി ജീവിതത്തിലെ പരിശീലന കാലം തീർത്തും അശാസ്ത്രീയമായും അപക്വമായും ലൈംഗികതയെ അഭിമുഖീകരിക്കാൻ പ്രേരകമാകുന്നത് എന്ന് കാണിക്കാൻ വേണ്ടി പരാമർശിച്ചു എന്നു മാത്രം. ഇതു എന്റെ മാത്രം കഥയല്ല. സെമിനാരി ജീവിതം വേണ്ടെന്നുവച്ചവരും അതിൽ സ്ഥിരമായി തുടർന്ന്, വൈദികരായവരുമായ അനേകരുടെ ജീവിതകഥയുമായി ഏറെ സമാനതയുണ്ട് അതിന് എന്നതാണ് വസ്തുത.

വലിയ സെമിനാരിയിലും പൊതുവെ അശാസ്ത്രീയവും അബദ്ധജഡിലവുമായ സമീപനമാണു ലൈംഗികതയോടു എടുത്തിട്ടുള്ളത്. അതിന്റെ ഫലമായി സെമിനാരിക്കാർക്ക് വളരെ തിക്താനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. മനുഷ്യന്റെ സ്വാഭാവിക ലൈംഗിക ചേതനയെ അതിന്റെ

മനോഹാരിതയിലും സമഗ്രതയിലും കാണാതെ, അതിൽ ധാർമികതയും കുറ്റബോധവും പാപബോധവും കുത്തിവച്ചു ജീവിതം ദുസ്സഹമാക്കുന്നതിൽ സെമിനാരി അധികൃതർക്കും മതാധികാരികൾക്കുമുള്ള കഴിവ് അപാരമാണ്. അതെ ഇവയെല്ലാം രഹസ്യമായി സമൃദ്ധിയിൽ നടക്കുന്നുണ്ടെന്നും അവർക്കറിയാം. അതിനുള്ള കാര്യക്ഷമമായ പരിഹാരമാർഗമല്ലേ കുമ്പസാരം എന്ന 'പരിശുദ്ധ' കൂദാശ! ഏതായാലും മനുഷ്യജീവിതത്തെ അതിന്റെ സമഗ്രതയിൽ നോക്കിക്കാണുന്ന ഒരു ധർമശാസ്ത്ര പ്രൊഫസർ ഉണ്ടായിരുന്നതുകൊണ്ട് എനിക്ക് വൈദികനാകാനുള്ള സാധ്യത ലഭിച്ചു. വിശദമായി *കറുത്തകുർബാന* അധ്യായം 11 ലും ഈ കൃതിയിൽ തന്നെയും അതു സൂചിപ്പിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

വൈദികനായിരുന്നപ്പോൾ ജനങ്ങളുടെ കാര്യത്തിൽ സദാ തൽപ്പരൻ, സുമുഖനും സുന്ദരനുമായ യുവ വൈദികൻ. ഭക്തി നിർഭരമായ ആരാധനക്രമം. പള്ളി പരിപാടികളിൽ സജീവ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിൽ സാമർഥ്യം. നിരന്തരമായ ഭവന സന്ദർശനത്തിലൂടെ ആളുകളുമായി അടുത്ത ഇടപെടൽ. കുടുംബ കൂട്ടായ്മകളിൽ പ്രത്യേകമായുള്ള ഇഴുകിച്ചേരൽ. ജനങ്ങളുടെ ആത്മീയ കാര്യങ്ങളിൽ ഉത്സുകൻ. സാമാന്യം നല്ല വാക്ചാതുര്യം. വ്യക്തികളുമായി ചടുലതയിൽ അടുക്കാനുള്ള ഇടപെടൽ ശൈലി. സാമൂഹ്യപ്രവർത്തനങ്ങളിൽ കണക്കുപറയാതെയുള്ള സ്വയം വലിച്ചെറിയൽ. സമൂഹത്തിൽ വിവേചനവും ചൂഷണവും അടിച്ചമർത്തലും അനുഭവിക്കുന്നവരോടു പ്രത്യേകമായ പക്ഷം ചേരൽ. എല്ലാറ്റിനും മകുടമായി ആത്മാർഥത, സത്യസന്ധത, കഠിനാധ്വാനം ഇതായിരുന്നു എന്റെ ഔദ്യോഗിക ഇടവക ജീവിതം.

ഇവിടെ എനിക്ക് എല്ലാവരുടെയും നിർലോഭമായ സഹകരണവും ഒത്താശയുമാണ് ലഭിച്ചത്. വൈദിക ജീവിതത്തെ മടുപ്പിക്കുന്ന അനുഭവങ്ങളേ ഉണ്ടായിരുന്നില്ല. സ്ത്രീ ജനങ്ങളുടെ, പ്രത്യേകിച്ചു യുവതികളുടെ, സഹകരണവും ഒത്തുള്ള പ്രവർത്തനങ്ങളും വഴി ധാരാളം കാര്യങ്ങൾ ഇടവകളിൽ ചെയ്യാൻ സാധിച്ചു എന്ന് എടുത്തു പറയേണ്ടതുണ്ട്. ഈ അവസരങ്ങളിൽ പല കന്യാസ്ത്രീകളുമായും ധാരാളം സ്ത്രീകളുമായും, പ്രത്യേകിച്ചു യുവതികളുമായും, അടുത്തു ഇടപഴകി കാര്യങ്ങൾ നടത്തിക്കാൻ സാധിച്ചതു തൃപ്തിയോടെയാണു ഇന്നും സ്മരിക്കുക. പല യുവതികളോടും പ്രത്യേക താൽപ്പര്യം തോന്നിയിട്ടുണ്ട്, അവർക്ക് എന്നോടും. വഴിവിട്ടുപോകരുതെന്ന വ്യക്തതയിൽ അവരുടെ സാന്നിധ്യ സ്പർശന സുഖം ആവോളം ആസ്വദിച്ചിട്ടുമുണ്ട്. കളിയായിട്ടെങ്കിലും യുവതികളുമായിട്ടുള്ള എന്റെ സഹകരണം കണ്ടു കൃഷ്ണലീല എന്നു രസം പറയുന്ന യുവാക്കളുണ്ടായിരുന്നു. ഇവിടെ ബോധപൂർവം എടുത്തിരുന്ന നിലപാട്, ഒരു യുവതിയോടു മാത്രമുള്ള ഇടപെടൽ ആകരുത് എന്നായിരുന്നു. അക്കാര്യത്തിൽ ഞാൻ ശ്രദ്ധിച്ചിരുന്നു. ഇവരുമായുള്ള ഇടപെടൽ എന്നെ ഒത്തിരി വളർത്തിയെന്നു മാത്രം പറഞ്ഞിവിടെ നിറുത്തട്ടെ.

ഇടവക ജീവിതത്തിന്റെ അഞ്ചാം വർഷം തൊട്ട്, ഇടവക പ്രവർത്തനങ്ങൾക്കു സമാന്തരമായി ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, തൊഴിലാളി സംഘാടനം, തൊഴിലാളി സമരങ്ങൾ, ജനകീയ സംഘങ്ങളുടെ രൂപീകരണവും സംഘാടനവും തുടങ്ങിയ ഇടവകേതര പ്രവർത്തനങ്ങളിൽ ഇടപെട്ടു. ഇവിടെ കടന്നുവന്ന പുരുഷന്മാരും സ്ത്രീകളും സാമൂഹ്യ-മതപരമായ യാഥാർഥ്യങ്ങളെ, യാഥാസ്ഥിതിക കാഴ്ചപ്പാടിനു വിരുദ്ധമായി, ശാസ്ത്രീയമായും വസ്തുനിഷ്ഠമായും വിശകലനം ചെയ്തു നോക്കിക്കാണുന്നതിൽ പ്രത്യേകം തൽപ്പരരായിരുന്നു. ഇതു തികച്ചും വ്യത്യസ്തമായൊരു തലം തന്നെയായിരുന്നു. സഭയ്ക്കുള്ളിൽ ഇടവക തലത്തിലെ മൂല്യങ്ങളും ജനകീയ സംഘതലത്തിലെ മൂല്യങ്ങളും തമ്മിൽ പലപ്പോഴും സംഘട്ടനങ്ങളുള്ളതായി അനുഭവപ്പെട്ടു. ഇടവകയിൽ അച്ചന്റെ മേടയിൽ ഒറ്റയ്ക്കു കഴിയേണ്ടിടത്ത്, ജനകീയസംഘം മുഴുവൻ ഒരു മേൽക്കൂരയ്ക്കുള്ളിൽ ഒന്നിച്ചു കഴിയേണ്ടത് അനിവാര്യമായി വന്നു. ആളുകളുടെ എണ്ണത്തിൽ പരിമിതി വന്നു. കൂടുതൽ അടുക്കുവാനുള്ള അവസരം വർധിച്ചു. കൂടുതൽ അടുത്തു പ്രവർത്തിക്കേണ്ട ആവശ്യങ്ങളും വർധിച്ചുകൊണ്ടേയിരുന്നു. ഒപ്പം ഞങ്ങളുടെ നീക്കം മുഖ്യധാരയ്ക്കു എതിരായിരുന്നതിനാൽ, വളരെ ഏറെ പ്രതിരോധങ്ങളും എതിർപ്പുകളും നേരിടേണ്ടിയും വന്നു. മാനസികപീഡ മാത്രമല്ല ബാഹ്യവും ശാരീരികവുമായ എതിർപ്പുകളെ തന്നെ അഭിമുഖീകരിക്കേണ്ടി വന്നു. ഇവയൊക്കെ ഒത്തു നേരിടുന്ന പ്രക്രീയയിലൂടെ സംഘാംഗങ്ങൾ കൂടുതൽ അടുക്കാൻ പ്രേരകമായി. അങ്ങനെ ജനകീയ സംഘ പ്രവർത്തനങ്ങളിലൂടെ അടുത്തു പ്രവർത്തിച്ചവരിൽ ഒരാളാണ് എന്റെ ഇപ്പോഴത്തെ കൂട്ടുകാരി കൊച്ചുമോൾ. സംഘത്തിൽ അടുത്തു പ്രവർത്തിച്ച പല സ്ത്രീകൾ ഉണ്ടായിരുന്നെങ്കിലും, കൊച്ചുമോളുമായുള്ള സൗഹൃദത്തിനു എന്തോ ഒരു പ്രത്യേകത ഉണ്ടായിരുന്നു. *കറുത്തകുർബാന* അധ്യായം 33 ഇതിന്റെ പരിണാമപ്രക്രിയ വ്യക്തമാക്കുന്നുണ്ട്.

കൊച്ചുമോളും ഞാനും തമ്മിലുള്ള ബന്ധത്തെപ്പറ്റി 2002 ഏപ്രിൽ രണ്ടാം തീയതിയിലെ എന്റെ ഡയറിയിൽ എഴുതിയത് അതേപടി ഇവിടെ കുറിക്കുക ഈ ബന്ധത്തിന്റെ വ്യക്തതയ്ക്കും സുതാര്യതയ്ക്കും സഹായകമാകും എന്നു കരുതുന്നു. 'കൊച്ചുമോളും ഞാനും തമ്മിലുള്ള കഴിഞ്ഞ 25 വർഷത്തെ ബന്ധത്തെയും ഇന്നെത്തി നിൽക്കുന്ന ഇടത്തേക്കുമുള്ള പലപല പടികളെപ്പറ്റിയും ഏറെ ചിന്തിച്ചു വിലയിരുത്താൻ ഇന്നു സാധിച്ചു. വർഷങ്ങളായി പല വിമർശനങ്ങൾക്കും വിധേയമായിട്ടുണ്ട്; ഒപ്പം, വളരെ ഉത്തേജനവും പ്രോത്സാഹനവും ഈ ബന്ധത്തിനു മറ്റുള്ളവർ നൽകിയിട്ടുമുണ്ട്. ഞങ്ങൾ രണ്ടു പേരും തന്നെ പലവട്ടം വളരെ തുറന്ന മനസോടെ തന്നെ ചർച്ചനടത്തിയിട്ടുമുണ്ട്, ചിലപ്പോൾ തെറ്റി പിരിഞ്ഞിട്ടുണ്ട്; ചിലപ്പോൾ നല്ല ആഴത്തിലുള്ള ധാരണയിൽ അവസാനിച്ചിട്ടുണ്ട്.

ഈ ബന്ധത്തിൽ കാണുന്ന ഒരു വൈരുധ്യം ഈ ബന്ധത്തെപ്പറ്റി തുറന്ന ചർച്ചകൾ നടത്തുകയും ഇതിനെ സർവാത്മനാ പ്രോത്സാഹിപ്പിക്കുകയും ചെയ്ത പലരും കാലക്രമേണ എതിർക്കുകയും, വളരെ മോശമായ രീതിയിൽ ചിത്രീകരിക്കുകയും ചെയ്തതു വേദനാജനകമായ അനുഭവമായിരുന്നു. മറുവശത്ത്, നേരത്തെ സംശയബുദ്ധ്യാ കണ്ടവരിൽ പലരും കാലം പോയതോടെ, ഈ ബന്ധത്തെ കൂടെ നടന്നു പഠിച്ചു ബന്ധത്തെ ശക്തിപ്പെടുത്തി പ്രോത്സാഹിപ്പിച്ചത് ഏറ്റം വലിയ ആനന്ദാനുഭവുമായി (ഉദാ. അണ്ണാണ്ണൻ, ചേട്ടത്തി, ജോണി, സോളമനച്ചൻ, ഫാ. നിക്ളസ്, ശാസ്ത്രി സാർ, അമലമ്മ, മാഗി, പുഷ്പം തുടങ്ങിയവർ). ഇവരുടെ ധാരണയോടുള്ള ഇടപെടൽ വലിയ ശക്തിയാണ്, പ്രചോദനമാണ്.

കേരള സംസ്കാരത്തിനു വിപരീതമാണോ ഈ ബന്ധം? അത്തരത്തിൽ ഈ ബന്ധത്തിന് സാംഗത്യമുണ്ടോ? പ്രസക്തിയുണ്ടോ? എന്നും മറ്റുമുള്ള ചിന്തയ്ക്കു എന്നെതന്നെ ഞാൻ സ്വതന്ത്രമായി വിട്ടുകൊടുത്തു. ബന്ധജീവിതത്തിൽ പലപാളിച്ചകളും വന്നിട്ടുണ്ടെങ്കിലും, ഞാൻ ഈ ബന്ധത്തിൽ തൃപ്തനാണ്, ആനന്ദഭരിതനാണ്.

ഒപ്പം, നിലപാട് എടുത്ത് എന്നും കൂടെ ഉണ്ടായിരിക്കുമെന്ന് തീർത്തും വിശ്വസിച്ചവർ, വിട്ടുവീഴ്ചയ്ക്കും നയതന്ത്രബന്ധത്തിനും (adjustment and diplomatic relationship) വേണ്ടി വിശ്വസിച്ചിരുന്നു എന്നു കരുതിയ മൂല്യങ്ങളെ വിലമതിക്കാത്ത അവസ്ഥ കണ്ടപ്പോൾ ഹൃദയത്തിൽ പല ചോദ്യങ്ങളും ഉണർന്നു. (ഉദാ. തോമസ് കോച്ചേരി കോടതിയിൽ സാക്ഷിപറയുകയില്ലെന്നു തീർത്തും പറഞ്ഞത്) ബന്ധങ്ങൾക്കു മൂല്യം കൽപ്പിച്ചവരെന്നു ഞാൻ ആത്മാർഥമായി വിശ്വസിച്ചവരായിരുന്നു ഇവരൊക്കെ. പക്ഷേ യഥാർഥ പച്ചയായ ജീവിതത്തിൽ അവർ അവരുടെ താൽപ്പര്യ സംരക്ഷണാർഥം വിശ്വസിച്ച മൂല്യത്തെ ത്യജിച്ചതായും എന്റെ വിശ്വാസം അസ്ഥാനത്തായതായും അനുഭവപ്പെട്ടു. ഇവിടെയാണ് തീർത്തും അപ്രതീക്ഷിതമായി അട്ടപ്പാടിയിലെ മാണിയച്ചൻ, തീർത്തും വ്യത്യസ്തമായൊരു വീക്ഷണത്തോടെ, കടന്നു വന്നത്. വലിയ അടുപ്പമോ കാര്യമായ പങ്കുവയ്ക്കലോ ഇല്ലാതെ, ഞങ്ങളുടെ ബന്ധത്തെ മനസിലാക്കി വില കൽപ്പിക്കാൻ സാധിച്ച അദ്ദേഹത്തെ അഭിമാനത്തോടെയാണു കാണുക. തൃശ്ശൂരിലെ ഫാദർ ജേക്കബിന്റെ മനസിലാക്കലിലും തൃപ്തിയുണ്ട്.

അമേരിക്കയിലെ എന്റെ ജ്യേഷ്ഠന്റെ മകൾ ജസിയുടെ (24 വയസ്സ്) ഇടപെടലും ഈ ബന്ധത്തെപ്പറ്റിയുള്ള മനസിലാക്കലും അതു എന്തു വില കൊടുത്തും തുടരുകയും ശക്തിപ്പെടുത്തുകയുമാണ് ചരിത്രധർമമെന്നു വ്യക്തമാക്കുകയും ചെയ്ത സമീപനവും എനിക്കും കൊച്ചുമോൾക്കും ജീവൻ പകരുന്നവയാണ്.

ഈ ബന്ധം എങ്ങനെ ഇവിടെ വരെ എത്തിയെന്നു പുറകോട്ടു നോക്കിയാൽ, ഇന്നത്തെ വ്യക്തത ആദ്യം ഉണ്ടായിരുന്നില്ല. അതു സത്യ

മാണ്. വികാരിയച്ചനും ഇടവകയിലെ ഒരു നല്ല പെൺകുട്ടിയുമായുള്ള സ്നേഹബന്ധം- അതു പല ഘട്ടങ്ങളിലൂടെ, ഒന്നിച്ചുള്ള പല പ്രവർത്തനങ്ങളിലൂടെ, പല ഇടപെടലുകളിലൂടെ വളർന്നു. ഇതൊരു പ്രക്രിയയായിരുന്നു. ഈ വഴികളോരോന്നിനും അതിന്റേതായ വിലയും വലുപ്പവും ഉണ്ടായിരുന്നു, അവയെയെല്ലാമോർത്ത് അഭിമാനമേയുള്ളൂ.

സ്നേഹത്തിന്റെ മാധുര്യവും കരുതലും നിറയെ അനുഭവിക്കുമ്പോൾ തന്നെ, സംഘപ്രവർത്തനത്തിൽ കൂടെയുണ്ടായിരുന്നവരുടെ എതിർപ്പ്, കൊച്ചുമോളെ വ്യക്തിപരമായി ശരിക്കും വേദനിപ്പിച്ച സന്ദർഭങ്ങൾ ഉണ്ടായിരുന്നു. എപ്പോഴും കൂടെയുണ്ടായിരുന്നു എന്നു കരുതിയിരുന്നവരുടെ സംശയം മുതലായവ വേദനാജനകമായ അനുഭവങ്ങളായിരുന്നു. വ്യക്തതയ്ക്കുവേണ്ടി ഞങ്ങൾ രണ്ടുപേരും തമ്മിലുള്ള ദീർഘമായ സംഭാഷണങ്ങളും ചർച്ചകളും പങ്കുവയ്ക്കലും, മറ്റു സുഹൃത്തുക്കളുമൊത്തുള്ള ചർച്ചകളും പങ്കിടീലുകളും ജീവന്റെ തന്നെ ഭാഗമായ പ്രസ്ഥാനത്തിലെ പ്രവർത്തകരുമായുള്ള പങ്കുവയ്ക്കലുകളും വിലയിരുത്തലുകളും, ഞങ്ങൾ രണ്ടുപേരും ആദരവോടെ ഗുരുസ്ഥാനത്തു കണ്ടിരുന്ന ശാസ്ത്രി സാർ, റവ. എം ജെ ജോസഫ്, ഫാ. തോമസ് കോച്ചേരി തുടങ്ങിയവരുമായുള്ള തുറവികൾ, കുടുംബങ്ങളിൽ പരിമിതമായിട്ടെങ്കിലും അനുകൂലിച്ചും പ്രതികൂലിച്ചും ഉണ്ടായിട്ടുള്ള സംസാരങ്ങൾ - ഇവയൊക്കെ നൽകിയ വേദനയും സന്തോഷവും സത്യാന്വേഷണത്തിന്റെ ഭാഗമായി തന്നെയാണ് കാണുക. സത്യത്തിൽ ഈ പറയുന്ന വിശാലതയോടെയല്ല ബന്ധം തുടങ്ങിയത്; പക്ഷേ നീണ്ട 25 വർഷത്തെ ബന്ധയാത്ര വലിയ അനുഭവമായിരുന്നു. വിവാഹിതരാകാതെ സ്ത്രീയും പുരുഷനും ആഴത്തിൽ സ്നേഹിച്ച് പരസ്പരം പങ്കുവച്ച്, പരസ്പരം കരുതലോടെയും ആദരവോടെയും ജീവിക്കാമെന്നു ഇന്നു നല്ല ഉറപ്പുണ്ട്. ഈ വ്യക്തതയാണ് ഇന്നു ഞങ്ങളെ ഈവഴി നടത്തുന്നത്.' (2002 ഏപ്രിൽ 2, രാത്രി 11.20).

ചിന്ത അടുത്ത ദിവസവും തുടർന്നു. ഡയറിയിൽ ഇങ്ങനെ ഞാൻ എഴുതി. 'മറ്റൊരു കാര്യംകൂടി ചിന്തയ്ക്കു വിധേയമായി. ചിലരെങ്കിലും പറയാറുണ്ട്, ഞങ്ങളുടെ ഈ ബന്ധം ശക്തമായതോടെ പലരെയും ബന്ധവലയത്തിൽ നിന്നും മാറ്റി നിർത്തുന്നു, തഴയുന്നു- ഇതു വെറും exclusive സ്നേഹമാണ്. വേണ്ടത് എല്ലാവരെയും ഉൾച്ചേർക്കുന്ന (inclusive) സ്നേഹമാണ്.

ഈ വിമർശനത്തെ ഗൗരവമായി എടുത്തുകൊണ്ട് എന്നെത്തന്നെ ഒരു ആത്മപരിശോധനയ്ക്കു വിധേയമാക്കുകയും ഞങ്ങളുടെ ഈ ബന്ധത്തിന്റെ നല്ലതും മോശവുമായ വശങ്ങളെപ്പറ്റി, വസ്തുനിഷ്ഠമായി അപഗ്രഥനം ചെയ്യുകയുമാണിവിടെ.

സ്വാഭാവികമായി ഞാൻ എളുപ്പത്തിൽ ബന്ധങ്ങൾ സ്ഥാപിക്കും. വളരെ വേഗത്തിലാണ് ഒരു പുതിയ ആളുമായിട്ടുപോലും ബന്ധം ഉണ്ടാകുന്നത്. ഇതിൽ കളങ്കമില്ല; ഇതിന്റെ അടിസ്ഥാനം ആത്മാർഥതയാണ്.

തുറന്ന ശൈലിയായതുകൊണ്ട്, ബന്ധം സ്ഥാപിക്കുന്നതിൽ വളവോ തിരിവോ ഇല്ലായിരുന്നുതാനും. വളരെ സ്വതന്ത്രമായുള്ള ഇടപെടലുകൾ എന്റെ രണ്ടാം സ്വഭാവം പോലെയായിരുന്നു. ഇത് എന്നെ ആളുകളുമായി – സഹവൈദികരുമായി, കുടുംബങ്ങളുമായി, ഇടവക ജനങ്ങളുമായി, പൊതുസമൂഹവുമായി – നല്ല ആഴത്തിലുള്ള ബന്ധം സ്ഥാപിക്കാൻ സഹായകമായിട്ടുണ്ട്. ഇടവകയിലെ ഓരോ കുടുംബവും എന്നെ ആ കുടുംബത്തിലെ ഒരംഗമായി കരുതിയിരുന്നു. അതിന്റെ ആനന്ദം ഒന്നു വേറെ തന്നെയായിരുന്നു. ഇങ്ങനെ ഒരു പരന്ന സ്നേഹബന്ധ ശൃംഖല തന്നെ എനിക്കുണ്ടായിരുന്നു. അതു എന്നെ വളർത്തി. നിശ്ചയം.

ഇതിന്റെ ഒരു മറുവശമായി കുറച്ചുപേരോടു കൂടുതൽ മമതയും താൽപ്പര്യവും സ്നേഹവും ഉണ്ടാവുകയും ചെയതു. ഇത് ഒരു നേട്ടമായാണു ഞാൻ കാണുന്നത്. സന്തോഷത്തോടും താൽപ്പര്യത്തോടുമാണ് ഈ ബന്ധങ്ങളെ ഞാൻ വളർത്തിയത്. ഈ സുഹൃത്തുക്കളിൽ ആണുങ്ങളും പെണ്ണുങ്ങളുമുണ്ടായിരുന്നു. ചില കുടുംബങ്ങളുമായും ചില വൈദികരുമായും ഈ തരത്തിലുള്ള ആഴത്തിലുള്ള ബന്ധമുണ്ടായിരുന്നു. താൽപ്പര്യപൂർവം അതിനെ വളർത്തുകയും ചെയ്തു. വളരെ ബുദ്ധിമുട്ടുകൾ ഏറ്റെടുത്ത്, ത്യാഗം സഹിച്ച്, സമയം എടുത്താണ് ഈ ബന്ധങ്ങൾ വളർത്താൻ ശ്രമിച്ചിട്ടുള്ളത്.

ഇവിടെ പ്രത്യേകമായി ഞങ്ങൾ ഒരു ചെറു വൈദിക സംഘം (എ സോളമൻ, ജോസ് ജെ കളീക്കൽ, ജോസഫ് തോമസ്, ഞാൻ) പാരമ്പര്യത്തിനു വിരുദ്ധമായി ഒരു കാര്യം ചെയ്യാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനം മനുഷ്യാവകാശമായിരുന്നു. അതായത്, വൈദികരായ ഞങ്ങളെ കാണാൻ സ്ത്രീകൾ വന്നാൽ, വരുന്നതു വൈകിപ്പോയാൽ ഞങ്ങൾ താമസിക്കുന്ന മേടയിൽ തന്നെ താമസിപ്പിക്കുക. ഉറങ്ങാനായി അടുത്തുള്ള മഠങ്ങളോ മറ്റു കുടുംബങ്ങളോ അന്വേഷിക്കാതിരിക്കുക. ഇതു പാരമ്പര്യസങ്കൽപ്പങ്ങൾക്കു വിരുദ്ധമാകയാൽ, ഏറെ എതിർപ്പ് ഏറ്റെടുക്കേണ്ടിവന്നു. പക്ഷേ, ഇതു അടിസ്ഥാനപരമായും ഒരു മനുഷ്യാവകാശ പ്രശ്നമാണെന്നും എന്നെ കാണാൻ വരുന്ന ഒരാളെ വൈകുന്നേരം വരെ ഒത്തിരുന്നു സംസാരിച്ചിട്ട്, രാത്രിയാകുമ്പോൾ മറ്റൊരാളിന്റെ വീട്ടിൽ കൊണ്ടുപോയി ഉറക്കുക, ആ വ്യക്തിയോടു ചെയ്യാവുന്ന ഏറ്റവും വലിയ അവഹേളനമായാണു ഞാൻ കണ്ടത്. അതുകൊണ്ട് എന്തു വിലകൊടുത്തും എന്റെ അതിഥികൾക്കു – സ്ത്രീയോ പുരുഷനോ ആരും ആയിക്കൊള്ളട്ടെ – എന്റെ വീട് തുറന്നിട്ടിരിക്കും. ഈ നിലപാടു പല വിമർശനങ്ങൾക്കും വിധേയമായി. ഒരു പ്രാവശ്യമെങ്കിലും ഇടവക ജനത്തെ തന്നെ വെല്ലുവിളിക്കേണ്ടിയും വന്നു. എന്നെ കാണാൻ വരുന്ന ഒരു വ്യക്തിയെയും മറ്റൊരു സ്ഥലത്തേക്കു രാത്രി ഉറങ്ങാൻ മാറ്റുന്ന പ്രശ്നമേ ഇല്ല എന്നു ഞാൻ ശക്തമായ ഭാഷയിൽ പ്രസ്താവിച്ചു. ഇടവകകളിൽ പ്രശ്നമുണ്ടായിട്ടുണ്ട്; ബിഷപ്പിനു പരാതികൾ

പോയിട്ടുണ്ട്. എന്റെ നിലപാടു വ്യക്തമാക്കിക്കൊണ്ട് ബിഷപ്പുമായി തുറന്നു സംസാരിച്ചിട്ടുണ്ട്. ബിഷപ്പ് എന്റെ നിലപാടു അംഗീകരിച്ചില്ലെങ്കിലും, എന്തുകൊണ്ടു സ്ത്രീ മേടയിൽ രാത്രി കിടക്കാൻ പാടില്ല എന്ന കാര്യം യുക്തിസഹമായി പറഞ്ഞു ബോധ്യപ്പെടുത്താൻ ബിഷപ്പിനു സാധിച്ചില്ല; കാനോൻ നിയമം ആവർത്തിച്ചതല്ലാതെ.

അങ്ങനെ പരന്നതും ആഴത്തിലുള്ളതുമായ ഒത്തിരി നല്ല ബന്ധങ്ങൾ എനിക്കുണ്ടായിരുന്നു. ഞാൻ സന്തുഷ്ടനുമായിരുന്നു. ഇവിടെ ഒരനുഭവ കഥ വിവരിക്കട്ടെ, ഫാ. നിക്ളസും ഫാ. ജോസും ഞാനും നല്ല സുഹൃത്തുക്കൾ. ഞങ്ങൾ 'ത്രിമൂർത്തികൾ' ആയിരുന്നല്ലോ. എല്ലാ മാസവും ഞങ്ങൾ മൂവരും ഒത്തുകൂടും. പലപ്പോഴും ഞങ്ങൾ മൂവരും ഓരോ ആളിന്റെ ഇടവകയിൽ മാറിമാറി കൂടിച്ചേരും: ധ്യാനം, ഭവനസന്ദർശനം, കുടുംബയോഗം ... ഒക്കെ നടത്തും. ഒരു പ്രാവശ്യം തിരുവനന്തപുരത്തു നെല്ലിമൂടു ഇടവകയിൽ നിക്ളസ് വികാരിയായിരിക്കുമ്പോൾ, ജോസും ഞാനും രണ്ടു വഴിയിലൂടെ അവിടെ എത്തി. വൈകിട്ട് ഞങ്ങൾ മൂവരും നെല്ലിമൂട്ടിലെ ഒരു വീടു സന്ദർശിച്ചു. പതിവുപോലെ രാത്രി ഞങ്ങൾ മൂവരും പ്രാർഥിക്കുവാനിരുന്നു. പ്രാർഥന സ്വതന്ത്ര ശൈലിയിലാണ്. ഓരോരുത്തരും അവരവരുടെ ഹൃദയവികാരങ്ങൾ പങ്കുവെച്ചു. തുടർന്ന് എന്റെ ആത്മവിശ്വാസമില്ലായ്മയെ നീക്കുന്ന ഇടപെടൽ നടന്നു — വിശദമായി മുമ്പ് സൂചിപ്പിച്ചിട്ടുള്ളതാണ്. എന്തായാലും ഇത് എന്റെ ജീവിതത്തെത്തന്നെ ആകമാനം മാറ്റി. ആത്മവിശ്വാസമുള്ള വ്യക്തിയാക്കി മാറ്റി.

വർഷങ്ങൾ കഴിയുംതോറും എന്റെ ബന്ധങ്ങളിൽ ചില മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു. അതു നിരന്തരമായി നടത്തിക്കൊണ്ടിരുന്ന പഠനത്തിന്റെയും വിചിന്തനത്തിന്റെയും വെളിച്ചത്തിലാണ് — പ്രത്യേകിച്ചു സാമൂഹിക ശാസ്ത്രീയ അപഗ്രഥനവും മറ്റും. അതിലൂടെ സമൂഹം അടിസ്ഥാനപരമായി ഉള്ളവനും ഇല്ലാത്തവനും തമ്മിൽ വിഭജിക്കപ്പെട്ടിരുക്കുന്നു എന്നു വ്യക്തമായി. ഇവിടെ പക്ഷം പിടിക്കുക എന്നത് ചരിത്രധർമമാണെന്നു മനസിലായി. ദരിദ്രപക്ഷം ചേരുക അനിവാര്യമാണെന്നും നിഷ്പക്ഷത കപടമാണെന്നും അതു വലിയവന്റെ/ ഉള്ളവന്റെ പക്ഷം ചേരലിന്റെ തന്ത്രപരമായ സമീപനമാണെന്നും മനസിലായി. ഈ നിലപാട് എന്റെ ബന്ധജീവിതത്തെയും അഗാധമായി ബാധിച്ചു.

എല്ലാവരെയും കാണുമ്പോൾ പ്രകടമാക്കുന്ന 'ചിരി,' യഥാർഥ ചിരി അല്ലെന്നും ബന്ധത്തിന് ആഴമുണ്ടാകണമെങ്കിൽ നിലപാടിന്റെ വ്യക്തതയിലായിരിക്കണം ബന്ധമെന്നും ബോധ്യപ്പെട്ടു. നിലപാടു സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, വ്യക്തമായും ദരിദ്രപക്ഷം പിടിച്ചതിന്റെ അടിസ്ഥാനത്തിൽ തന്നെ, ധാരാളം ബന്ധങ്ങൾ നഷ്ടപ്പെട്ടു, ഇല്ലാതായി. ഇതൊരു പ്രക്രിയയായിരുന്നു, വേദനിപ്പിക്കുന്ന പ്രക്രിയ. നിലപാടിന്റെ വ്യക്തത ഈ വേദനയും നഷ്ടവും ഏറ്റുവാങ്ങാൻ ശക്തി പകർന്നു. ദരിദ്രർ നല്ല കൂട്ടുകാരായി, ധനികർ പലരും കൈവിട്ടകന്നു. ബന്ധുക്കൾ

സംശയദൃഷ്ട്യാ വീക്ഷിക്കാൻ തുടങ്ങി. ചില ബന്ധുക്കളും സുഹൃത്തുക്കളും കാണുമ്പോൾ ഒരു സ്വരം, പുറകിൽ മറ്റൊരു സ്വരത്തിലുള്ള തീർത്തും കപട ബന്ധശൈലി തുടരുന്നതായി അനുഭവപ്പെട്ടു. ആഴത്തിൽ ഉണ്ടായിരുന്നെന്നു കരുതിയിരുന്ന പല ബന്ധുക്കളോടും, ഈ ഇരട്ട മുഖം കണ്ടതോടെ, വിടപറയേണ്ടി വന്നു. ബന്ധജീവിതത്തിൽ ഒരു അരിപ്പു പ്രക്രിയ തന്നെ നടന്നു. ഇതു ഒഴിവാക്കലാണോ സ്വാഭാവികമായും ഒഴിഞ്ഞു മാറലാണോ എന്നു വിലയിരുത്താം. എന്തായാലും കപടനാടകത്തിന് ഞാനില്ല എന്നു വ്യക്തമായും തീരുമാനിച്ചു. മാത്രമല്ല, നിലപാടില്ലാത്തവുടെ സാമീപ്യം, പ്രത്യേകിച്ചു സ്വയം നീതികരിച്ചിട്ട്, അപരനെ നന്നാക്കിയേ അടങ്ങൂ എന്ന കാഴ്ചപ്പാടോടെ ഇടപെടുന്നവരുമായുള്ള ബന്ധപ്പെടൽ, തീർത്തും അരോചകമായും അനുഭവപ്പെട്ടു. അങ്ങനെയുള്ള മേഖലകളിലേക്കു തിരിഞ്ഞു നോക്കാതെയായി. അതിൽ വിഷമം തോന്നിയില്ല; കാരണം, നിലപാടിന്റെ അടിസ്ഥാനത്തിലായിരുന്നു ആ ഒഴിവാക്കൽ. ഇതിന്റെ സ്വാഭാവിക മറുവശമായി, നിലപാടിന്റെ അടിത്തറയിൽ പുതിയ സുഹൃത്തുക്കൾ ഉണ്ടാകാനും തുടങ്ങി. അങ്ങനെ എന്റെ സുഹൃദ് വലയത്തിനു ഒരു പുതിയ മാനവും രൂപവും സാവകാശം ഉരുത്തിരിയുകയായിരുന്നു.

'ദൈവം പിതാവ്, നമ്മളെല്ലാം മക്കൾ എങ്കിൽ സഹോദരർ' എന്ന മോഹിപ്പിക്കുന്ന വചനം ഇന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ അർഥസമ്പുഷ്ടമല്ല. ഇന്നത്തെ സാമൂഹിക-രാഷ്ട്രീയ സാഹചര്യത്തിൽ ആ വാചകത്തിൽ വഞ്ചനയുടെ മുഖം ഞാൻ ദർശിച്ചു. നാളെ അതാകാമായിരിക്കാം. അതു സ്വപ്നമാകാം. പക്ഷേ ഇന്ന്, അതിൽ കപടതയുണ്ട്. ദരിദ്രനെ ദൈവനാമത്തിൽ ചൂഷണം ചെയ്യാനുള്ള എല്ലാ താത്വിക ന്യായീകരണവുമുണ്ടതിന്. ആ വാചകത്തിൽ ദർശിക്കുന്നതു വലിയവന്റെ ഏറ്റവും വലിയ കുതന്ത്രമാണ്. ദരിദ്രനെ നിശ്ശബ്ദനാക്കാൻ, ഇന്നത്തെ ദാരിദ്ര്യത്തെ ദൈവദാനമായി ഏറ്റുവാങ്ങാൻ, ധനികന്റെ ചൂഷണത്തെയും അടിച്ചമർത്തലിനെയും തിരിച്ചറിയാതിരിക്കാൻ, ഇന്നു ദാരിദ്ര്യം അടിച്ചേൽപ്പിച്ച പ്രതിഭാസമാണെന്നും ഈ ദാരിദ്ര്യത്തിന്റെ മൂലകാരണം ധനികർ നിലനിർത്തുന്ന ഇന്നത്തെ അനീതി നിറഞ്ഞ വ്യവസ്ഥിതി തന്നെയാണെന്നും തിരിച്ചറിയാതിരിക്കാൻ, ഇവർക്കെതിരെ പ്രതികരിക്കുകയും പ്രതിഷേധിക്കുകയും ചെയ്യാതിരിക്കാൻ ഈ *ബൈബിൾ* പഠന സമീപനം സഹായകമാകുന്നു. കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ വരുന്നത് ഈ തത്വത്തിന്റെ അടിസ്ഥാനത്തിലാണ്. അതു കൊണ്ടുതന്നെ, കരിസ്മാറ്റിക് പ്രസ്ഥാനത്തിൽ ചില മൈനർ ഗുണങ്ങൾ അനുഭവപ്പെട്ടാലും, അടിസ്ഥാനപരമായി ഇന്നത്തെ അനീതി നിറഞ്ഞ വ്യവസ്ഥിതിയെ ചോദ്യം ചെയ്യാതെ നിലനിർത്തുന്നതുകൊണ്ട് അതിന്റെ അന്തസത്ത തിന്മ തന്നെയാണ്. കരിസ്മാറ്റിക് പ്രസ്ഥാനം കേരളത്തിൽ കൊണ്ടുവന്നതിന്റെ ആദ്യകാല സംഘാടനത്തിൽ ഒരു പങ്ക് വഹിച്ച

വ്യക്തിയെന്ന നിലയ്ക്കും എന്റെ ഈ വിലയിരുത്തൽ കൂടുതൽ വസ്തുനിഷ്ഠമെന്നു കരുതുന്നു.

ചുരുക്കത്തിൽ, നിലപാടിന്റെ അടിസ്ഥാനത്തിലുള്ള സുഹൃദ്ബന്ധത്തിനാണ് കൂടുതൽ വിലയെന്നു ജീവിതം കൊണ്ടു പഠിച്ചു. സ്വന്തം അനുഭവം പാഠവുമായി. അതുകൊണ്ടാണ് നിലപാടിന്റെ വിലയായി കുർബാന സമയത്തുവെടിയേറ്റു മരിച്ച ബിഷപ്പ് റൊമീറൊയെ അറിയാതെ സ്നേഹിച്ചു പോകുന്നത്. അതുകൊണ്ടാണു 12 വർഷം ഒന്നിച്ചു പഠിച്ചു അച്ചനായി, സുഹൃത്തുക്കളായി ജീവിച്ചിട്ട്, നിലപാടിനെതിരെ പത്തനംതിട്ട ഇടവകയിലെ സ്ഥലമാറ്റവുമായി ബന്ധപ്പെട്ടു ചാർജ് എടുക്കാൻ എത്തിയ സഹപാഠിയായ ഫാ. വാൾട്ടർ മോറിസിനെ, വേദനയോടെയാണെങ്കിലും, കാണേണ്ട എന്നു തീരുമാനിച്ചത്. ഇങ്ങനെ തീർത്തും അർഥവത്തായ പുതിയ സുഹൃദ്വലയം ഉണ്ടായിത്തുടങ്ങി. ഇവിടെ കൊച്ചുമോൾ വളരെ വ്യക്തതയോടെ, ഒരു ഇടതുപക്ഷ കാഴ്ചപ്പാടോടെ, ഒരു സോഷ്യലിസ്റ്റ് പരിപ്രേക്ഷ്യത്തോടെ നിലപാട് എടുത്തു പ്രസ്ഥാനത്തെ സേവിക്കുന്നതിൽ അങ്ങേയറ്റം അഭിമാനം തോന്നി. ഈ നിലപാട് ഞങ്ങളെ കൂടുതൽ ആഴത്തിൽ അടുപ്പിക്കാൻ കളമൊരുക്കി.

സ്വാഭാവികമായി എല്ലാവരുമായി അടുത്തിടപഴകുന്ന സ്വാഭാവമുള്ള എനിക്ക്, തുടർന്നുള്ള ബന്ധജീവിതത്തിൽ ചിലപ്പോഴെങ്കിലും ഈ നിലപാടുതറയും രാഷ്ട്രീയ വ്യക്തതയും മറന്നുള്ള ഇടപെടൽ ഉണ്ടായിട്ടുണ്ട്. അവിടെയെല്ലാം കൊച്ചുമോളാണ് തിരുത്തൽ ശക്തിയായി എന്റെ ജീവിതത്തിൽ കടന്നുവന്നിട്ടുള്ളത്. സ്ത്രീ പരിപ്രേക്ഷ്യത്തിൽ പ്രത്യേകിച്ച് അവ്യക്തതയോടെ എപ്പോഴൊക്കെ ഞാൻ ഇടപെട്ടിട്ടുണ്ടോ, അവിടെയൊക്കെ ശക്തമായ ഇടപെടൽ കൊച്ചുമോളുടെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ട്. ഇവിടെയൊക്കെ ഞങ്ങൾ കൂടുതൽ അടുക്കുകയായിരുന്നു. ഇവിടെ വീണ്ടും ഒരു തരത്തിൽ, സുഹൃത്തുക്കളുടെ കൊഴിച്ചിൽ ഉണ്ടായി; ഒപ്പം, പുതിയ സുഹൃത്തുക്കളുടെ സംഗമവും. ഇവിടെയെല്ലാം എപ്പോഴും ശക്തി പകർന്ന ഒരു വ്യക്തിത്വമായി കൊച്ചുമോൾ നിലകൊണ്ട്; ബന്ധത്തിനു ആഴവും ജീവനും നൽകിയിരുന്നു. ഞങ്ങൾക്കു ചിലപ്പോൾ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. അതു പ്രകടിപ്പിച്ചിട്ടുമുണ്ട്, ചിലപ്പോൾ വികാര തീവ്രതയോടെ തന്നെ. പക്ഷേ അതൊന്നും ബന്ധജീവിതത്തെ തളർത്തിയിട്ടില്ല. മറിച്ച്, ശക്തിപ്പെടുത്തിയിട്ടേയുള്ളൂ. അതാണ് ഞങ്ങളുടെ ബന്ധജീവിതത്തിന്റെ വിജയം. ഒറ്റവാക്കിൽ, ഞങ്ങളുടെ ഈ ബന്ധത്തിൽ ഞാൻ സംതൃപ്തനാണ്.' (ഏപ്രിൽ 3/2002 രാവിലെ 11മണി).

അൽപ്പം സുദിർഘമായിപ്പോയെങ്കിലും, 2002ലെ എന്റെ മനോഭാവവും നിലപാടും അന്നെഴുതിയ അതേ വാചകത്തിൽത്തന്നെ എഴുതുമ്പോൾ, അന്ന് ഈ ബന്ധത്തിന്റെ പരിണാമം എവിടെ എത്തിനിൽക്കുന്നു എന്നു വസ്തുനിഷ്ഠമായി തന്നെ വായനക്കാർക്കു മനസിലാക്കാമല്ലോ എന്ന ചിന്തയാണ് ഈ സാഹസത്തിനു എന്നെ പ്രേരിപ്പിച്ചത്. 2002 നു

ശേഷം എന്റെയും കൊച്ചുമോളുടെയും കാഴ്ചപ്പാടിൽ കാതലായ ചില വ്യതിയാനങ്ങൾ ഉണ്ടായിട്ടുണ്ട്. ഞങ്ങളുടെ ചെറിയ ഒരു സംഘത്തിന്റെ ഗൗരവമേറിയ പഠനത്തിന്റെയും തീവ്രമായ അന്വേഷണത്തിന്റെയും ഫലമാണീ മാറ്റം. ആ ചിന്തയുടെയും നീക്കത്തിന്റെയും വളർച്ചയുടെയും കഥ ചുരുക്കമായി പ്രതിപാദിച്ചാലേ ഞങ്ങളുടെ ബന്ധം ഇപ്പോൾ എവിടെ എത്തി നിൽക്കുന്നു എന്നു വ്യക്തമാകൂ.

ആരാണീ ചെറുസംഘം? ജീവിതത്തിൽ പല മേഖലകളിൽ സജീവമായി പ്രവർത്തിച്ചിരുന്നവർ. വിദ്യാസമ്പന്നർ. നേരിന്റെ മാർഗവും സത്യസന്ധതയും കൈമുതലായുള്ളവർ. വിശാലവും ആഴത്തിലുമുള്ള വായനാനുഭവമുള്ളവർ. വൈദികരും സന്യസ്ഥരും അങ്ങനെ അല്ലാത്തവരുമായ കുറച്ച് ആത്മാർഥതയുള്ളവർ. ജീവിത-സാമൂഹ്യ യാഥാർഥ്യങ്ങളെ ഗൗരവമായി നോക്കിക്കാണുന്നവർ. സാമൂഹ്യമായും രാഷ്ട്രീയമായും, ഗൗരവമായി ഇടപെട്ടു ജീവിച്ചവർ. പലമേഖലകളിലും സജീവമായി ഇടപെട്ടതിന്റെ ഫലമായി അനുഭവസമ്പന്നർ. അന്വേഷണ കുതുകികൾ.

ഞങ്ങൾ ഒത്തുകൂടി ഇന്നത്തെ സാമൂഹ്യ-രാഷ്ട്രീയ-മതപരമായ പരിസരങ്ങളെ സഗൗരവം വിലയിരുത്തി. എല്ലാ മേഖലകളും വ്യവസ്ഥാപിതമായി തന്നെ ഇരുണ്ടതും അഴുക്കു നിറഞ്ഞതുമാണെന്നും, അവിടെ ഇപ്പോൾ നടക്കുന്ന ചെറിയ അറ്റകുറ്റപ്പണികളും നവീകരണവും കൊണ്ടു കാര്യമില്ലെന്നും, വേണ്ടതു സമൂലമായ-അടിസ്ഥാനപരമായ മാറ്റം ആണെന്നും പുതിയതൊന്നു മുളച്ചുവരേണ്ടതുണ്ടെന്നുമുള്ള വ്യക്തതയിൽ ഞങ്ങൾ ഗൗരവമായി അന്വേഷണം തുടങ്ങി. എല്ലാ രണ്ടാംമാസവും മൂന്നാമത്തെ ശനിയും ഞായറും ഒത്തുകൂടി ഈ അന്വേഷണം ത്വരിതപ്പെടുത്താൻ തീരുമാനിച്ചു. എല്ലാകാര്യങ്ങൾക്കും മുമ്പിൽ, ഒന്നാമത്തെ മുൻഗണനയായി ഈ യോഗത്തെ കണ്ട് കഴിഞ്ഞ എട്ടു വർഷങ്ങളായി ഒരിക്കൽപോലും മുടങ്ങാതെ ഈ കൂടിവരവും പഠനവും പങ്കുവയ്ക്കലും നടക്കുന്നു. അതിന്റെ വെളിച്ചത്തിൽ സ്ത്രീ പുരുഷബന്ധം ഉൾപ്പെടെ വിവിധമേഖലകളെപ്പറ്റി വ്യക്തമായ ചില ധാരണകൾ ഞങ്ങൾ രൂപപ്പെടുത്തി വരുന്നു. ഈ വളരുന്ന ധാരണയ്ക്കൊപ്പം കൊച്ചുമോളും ഞാനും തമ്മിലുള്ള ബന്ധത്തിനും ആഴവും അർഥവും വർധിക്കുന്നു.

ഞങ്ങൾ പഠിച്ചു ചിന്തിച്ചു വന്ന വിവിധമേഖലകളെപ്പറ്റി ഏറ്റം ചുരുങ്ങിയ വാക്കുകളിൽക്കൂടി പ്രതിപാദിച്ചാലേ ഞങ്ങളുടെ ബന്ധത്തിന്റെ പരിണാമവും ലൈംഗിക കാഴ്ചപ്പാടും വ്യക്തമാവുകയുള്ളൂ. നിഷേധിക്കേണ്ടതും ഏറ്റു പിടിക്കേണ്ടതുമായ രണ്ടു വശങ്ങളെ കേന്ദ്രീകരിച്ചാണു ഞങ്ങളുടെ വിചിന്തനം നീങ്ങിയത്.

പ്രധാനമായും ആറു മേഖലകളെ നിഷേധിക്കേണ്ടതുണ്ട് എന്നാണ് ഞങ്ങൾ വിശകലനം ചെയ്തത്.

ഒന്ന്, ഇന്ത്യയിലെങ്കിലും നൂറ്റാണ്ടുകളുടെ ഹാങ് ഓവർ (hangover) ഉണ്ട് ജാതിക്ക്. മനുഷ്യരെല്ലാവരും തുല്യർ; അവിടെ ഒരു രീതിയിലും ഉച്ചനീചത്വമില്ല; വലിപ്പചെറുപ്പമില്ല. ജാതി-വർണ വിവേചനമില്ല. എല്ലാ

വരും മനുഷ്യർ, സഹോദരർ. ജാതിനിഷേധം ഞങ്ങളുടെ ദർശനത്തിന്റെ ഭാഗമാണ്.

രണ്ട്, മതം ഇന്നൊരു യാഥാർഥ്യമാണ്. ഇന്ത്യയിൽ 92 ശതമാനവും മതവിശ്വാസികളാണ് എന്നാണൊരു കണക്ക്. മതത്തെ ഇന്നു പൊതുവേ ഒരു തിന്മയായി കാണുന്നില്ല. പുരോഗമന വാദികൾ പോലും മതാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ത്യജിക്കണം എന്നല്ലാതെ മതത്തെ ത്യജിക്കണമെന്നു പറയുന്നില്ല. മതം വ്യക്തിഗതം, രാഷ്ട്രീയം, സാമൂഹികം, എന്ന ദ്വന്ദ്വസമീപനം അശാസ്ത്രീയമാണ്, വസ്തുതാവിരുദ്ധമാണ്. വളരെ ന്യൂനപക്ഷമായ യുക്തിവാദികൾ മതവിശ്വാസത്തെ നിഷേധിക്കുന്നു. ഈ സാമാന്യ വിശ്വാസത്തെയാണു ഞങ്ങൾ ചോദ്യം ചെയ്യുന്നത്. മതം ചരിത്രപരമായി നോക്കുമ്പോൾ മനുഷ്യ സൃഷ്ടിയാണ്. പുരോഹിത വർഗത്തിന്റെ സ്ഥാപിത സൃഷ്ടിയാണ്. മനുഷ്യസ്വാതന്ത്ര്യത്തെയും സ്വതന്ത്ര ചിന്താശക്തിയെയും മതത്തെപ്പോലെ ഇത്രമാത്രം നശിപ്പിക്കുകയും അവയ്ക്കു കൂച്ചുവിലങ്ങുകൾ ഇടുകയും ചെയ്യുന്ന മറ്റൊന്നില്ല. മത വിശ്വാസത്തിന്റെ പേരിൽ മനുഷ്യന്റെ മൗലികാവകാശമായ സ്വാതന്ത്ര്യത്തെ അടിയറവയ്ക്കുന്ന, മനുഷ്യത്വത്തെ അപമാനവീകരിക്കുന്ന ഭീകരാവസ്ഥയാണ് ഇന്നു നാം കാണുന്നത്. ബഹുഭൂരിപക്ഷം പേരും മതവിശ്വാസികളായതുകൊണ്ട്, തെറ്റു തെറ്റല്ലാതാകുന്നില്ല. മനുഷ്യനെ അപമാനവീകരിക്കുന്ന മതം നശിക്കണം. മതനിരാസം ഞങ്ങളുടെ കാഴ്ചപ്പാടിന്റെ മറ്റൊരു പ്രധാന ഘടകമാണ്.

മൂന്ന്, ദൈവത്തെ ഇന്നേവരെ ആരും കണ്ടിട്ടില്ല. ഓരോമതവും ഓരോ ദൈവത്തെ നമുക്ക് കാട്ടിത്തരുന്നു. ദൈവത്തിന്റെ തലതൊട്ടപ്പൻമാർ മതങ്ങളാണ്. എത്ര മനുഷ്യരുണ്ടോ, അത്രയും തന്നെ വിഭിന്നങ്ങളാണു ദൈവസങ്കൽപ്പങ്ങൾ. രണ്ടു പേരുടെ ദൈവസങ്കൽപ്പങ്ങൾ സമമല്ല; വിഭിന്നമാണ്. അതുകൊണ്ടുതന്നെ ദൈവത്തിനുവേണ്ടിയും ദൈവവിശ്വാസത്തിനുവേണ്ടിയും മനുഷ്യ ജീവിതം വ്യയം ചെയേണ്ടതില്ല. ഓരോ മതവും അവരുടെ ദൈവങ്ങളുടെ സ്വഭാവം വ്യക്തമാക്കുന്നു. ഉദാഹരണത്തിന്, യഹൂദരുടെയും ക്രിസ്ത്യാനികളുടെയും ദൈവം അധിനിവേശ സ്വഭാവമുള്ള ദൈവമാണ്. മോസസിന്റെ നേതൃത്വത്തിൽ ഇസ്രായേൽ ജനതയെ യഹോവയായ ദൈവം തേനുംപാലുമൊഴുകുന്ന നാട്ടിലേക്ക് നയിക്കുകയാണ്. അവിടെ തദ്ദേശവാസികൾക്കെതിരായി ദൈവം തന്നെ മുൻ നിരയിൽ നിന്നു യുദ്ധം ചെയ്തു അവരെ കീഴടക്കി രാജ്യം ഇസ്രായേലിനുകൊടുക്കുകയാണ്. പുതിയ നിയമത്തിൽ, ക്രിസ്തീയ സഭ കുരിശുയുദ്ധത്തിലൂടെയും മറ്റും ലോകമെങ്ങും ക്രൈസ്തവ സഭയെ വികസിപ്പിക്കുന്നതും നാം കണ്ടുകഴിഞ്ഞു. തദ്ദേശസംസ്കാരത്തെയും വിശ്വാസത്തെയും അന്ധവിശ്വാസത്തെയും ബിംബാരാധനയെന്നും മറ്റും പറഞ്ഞു അവഹേളിച്ചു, ശക്തി ഉപയോഗിച്ചു നശിപ്പിച്ചുകൊണ്ടാണാ വികസനം. ഇങ്ങനെ ശക്തി ഉപയോഗിച്ചു മറ്റു മനുഷ്യരെ നശിപ്പിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നത് പുണ്യമായി

പ്പോലും കാണുന്നു ക്രിസ്തീയത. ഇസ്ലാമിനും ഈ അധിനിവേശ സ്വഭാവമുണ്ട്. പരമ്പരാഗതമായി ഹിന്ദുമതത്തിനു അധിനിവേശസ്വഭാവമില്ലെങ്കിലും, ഇന്ന് അധിനിവേശത്തിന്റെയും വർഗീയതയുടെയും വിത്തുവിതയ്ക്കുന്നതിൽ ഒട്ടും പിന്നാക്കമല്ലിവർ. ചുരുക്കത്തിൽ ഓരോ മതവും അവരവരുടെ ദൈവങ്ങളെ സൃഷ്ടിക്കുകയാണ്. എല്ലാറ്റിനും ഉപരി, കാര്യകാരണമായ ആദി കാരണമായി, ആദ്യ ചാലകശക്തിയായി ഒരു അനന്തശക്തിയുണ്ടാകണമെന്നാണ് മതേതരവാദികളും വിപ്ലവകാരികളും പോലും പറയുന്നത്. ഈ കാഴ്ചപ്പാടിനെ ഞങ്ങൾ ശക്തിയായി നിഷേധിക്കുകയാണ്. പരിണാമമല്ലാതെ ദൈവമൊന്നൊന്നില്ല. ശാശ്വതവും അനന്തവുമായി യാതൊന്നുമില്ല. എല്ലാം ആപേക്ഷികം (relative) ആണ്. മാറ്റം മാത്രമേ മാറ്റമില്ലാതെയുള്ളൂ. ഈ പരിണാമ പ്രക്രിയയിൽ നാം ഓരോരുത്തരും, ഈ പ്രപഞ്ചത്തിലെ ഓരോ ജീവിയും ഓരോ അണുവും അലിഞ്ഞു ചേരുന്നതാണു അതിന്റെ സാഫല്യം.

നാല്, ജാതി, മതം, ദൈവം—ഇവയെ നിഷേധിക്കുന്നവർ കുറച്ചെങ്കിലും ചരിത്രത്തിൽ എന്നുമുണ്ടായിരുന്നു, ഇന്നുമുണ്ട്. നാലാമതായി ഞങ്ങൾ നിഷേധിക്കുന്നത് ഇന്നത്തെ കുടുംബമെന്ന സ്ഥാപനത്തെയാണ്. ഇന്നത്തെ കുടുംബം അടിസ്ഥാനപരമായി ഒരു അധികാര സംവിധാനമാണ്-ആൺകോയ്മ സംസ്കാരമാണ് അതിന്റെ നട്ടെല്ല്. സ്ത്രീയെ രണ്ടാം തരമായി, അടിമയായി, കൂച്ചു വിലങ്ങിട്ടു കെട്ടിയിടുന്ന ഏറ്റം കാര്യക്ഷമമായ ജയിലറയാണ് ഇന്നു കുടുംബം. സ്ത്രീക്കു ഏറ്റവും വലിയ സുരക്ഷിതത്വം നൽകുന്നു എന്നു ചിത്രീകരിച്ചിട്ട്, കുടുംബത്തിൽ അവളെ പൂട്ടിയിടുകയാണ്. പുരോഗമനവാദികൾ പോലും സ്ത്രീക്കു പൂർണ സ്വാതന്ത്ര്യം ഉണ്ടെന്നംഗീകരിക്കാൻ തയാറല്ല. അവർ അവരുടെ സ്ത്രീകൾക്കു സ്വതന്ത്രമായി ഇടപെടാനും ചലിക്കാനുമുള്ള സ്വാതന്ത്ര്യം 'കൊടുക്കുന്നു'- ഇവിടെ എവിടെയാണു സ്ത്രീപുരുഷ തുല്യത? പുരുഷന്മാർക്ക് എന്തവകാശം സ്ത്രീക്കു സ്വാതന്ത്ര്യം നൽകാൻ? നൽകുക എന്നു പറയുമ്പോൾ തന്നെ അസമത്വം പ്രകടമായില്ലേ.

ഞങ്ങളുടെ വ്യക്തമായ നിലപാട് സ്ത്രീയും പുരുഷനും വ്യക്തിയെന്ന നിലയ്ക്ക് പൂർണ സ്വതന്ത്രരാണ് എന്നതാണ്. സ്ത്രീപുരുഷബന്ധത്തിൽ ഈ സ്വാതന്ത്ര്യം അടിയറവയ്ക്കേണ്ടതില്ല. പക്ഷേ, ഇന്നത്തെ കുടുംബ സംവിധാനത്തിൽ ഈ സ്വാതന്ത്ര്യമില്ല. അതുകൊണ്ടു ഞങ്ങൾ കുടുംബ സംവിധാനത്തെ എതിർക്കുന്നു, ത്യജിക്കുന്നു. സ്ത്രീയും പുരുഷനും ഒന്നിച്ചു വളരണം. അവർ തമ്മിൽ ഉത്തരവാദിത്വപരമായ, പക്വമായ, സ്വാതന്ത്ര്യത്തോടെയുള്ള ബന്ധമുണ്ടാകണം. അവരുടെ തനതു സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന, കൂച്ചുവിലങ്ങിടുന്ന കുടുംബമെന്ന സ്ഥാപനത്തെ എല്ലാരീതിയിലും പൊളിച്ചെഴുതണം. കുറവുകൾ നികത്തി നവീകരിക്കാമെന്ന ഇന്നത്തെ മുഖ്യധാരാ ധാരണയെ ഞങ്ങൾ ശക്തമായി എതിർക്കുകയാണ്. അതു സാധ്യമല്ല; സമൂലമായ പൊളിച്ചെഴുത്തു തന്നെ നടക്കണം. പരസ്പരം മനസിലാകു

ന്നതും ശക്തിപകരുന്നതും കരുതലുള്ളതും അതേ സമയം സ്ത്രീയും പുരുഷനും എല്ലാരീതിയിലും തുല്യതയും സ്വാതന്ത്ര്യവും നിർണയാവ കാശവും അനുഭവിക്കുന്നതുമായൊരു സ്ത്രീ പുരുഷ ബന്ധമാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നതും വളർത്താൻ താൽപ്പര്യപ്പെടുന്നതും.

അതുപോലെ ലൈംഗികത – എല്ലാ രീതിയിലും എല്ലാ വശത്തു നിന്നും നിയന്ത്രിച്ചു, വിലങ്ങിട്ടുകെട്ടേണ്ട ഒന്നല്ലത്. ശരി-തെറ്റ്, പുണ്യം–പാപം എന്ന ധാർമിക മൂല്യങ്ങളെ ലൈംഗികതയിൽ ആരോപിക്കുന്ന അശാസ്ത്രീയമായ സമീപനത്തെ ഞങ്ങൾ എതിർക്കുന്നു. ലൈംഗികത മനുഷ്യസഹജമാണ്, സ്വാഭാവികമാണ്; പ്രകൃതിയുടെ വരദാനമാണ്; സുന്ദരമാണ്. അതിനെ ആ രീതിയിൽ സർഗാത്മകമായി സമീപിക്കാൻ കഴിയണം. അവിടെ സ്ത്രീ-പുരുഷബന്ധത്തിൽ ഇന്നത്തെ മാതിരി ഉപ യോഗിക്കലില്ല, ബലാൽസംഗമില്ല, നിർബന്ധമില്ല, അടിച്ചമർത്തലില്ല. അവിടെ പരസ്പരം സ്വതന്ത്രരായി, ഉത്തരവാദിത്വത്തോടെയുള്ള ബന്ധ പ്പെടലാണു ഞങ്ങൾ കാണുന്നത്. ഇങ്ങനെയൊരുബന്ധമാണ് കൊച്ചു മോളും ഞാനും നയിക്കുന്നത്. എല്ലാവിധമായ വ്യവസ്ഥാപിതമായ ബന്ധശൈലിയിൽ നിന്നും വ്യത്യസ്തമായി, പരസ്പരം ബഹുമാനിച്ചും ആദരിച്ചും, ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യത്തെ പരമാവധി അംഗീ കരിച്ചും, പക്വവും ഉത്തരവാദിത്വപരവുമായ സ്ത്രീപുരുഷബന്ധം ജീവ ദായകമാണ്. അത് കലർപ്പില്ലാത്ത ആനന്ദനിർവൃതി പ്രദാനം ചെയ്യും. ആ വഴിയിലേക്കാണു ഞങ്ങളുടെ യാത്ര.

അഞ്ച്, കൂലിവേല അഥവാ വേലയ്ക്കു കൂലി എന്ന സമ്പ്രദായം ഇന്ന് അനിഷേധ്യമായ യാഥാർഥ്യമാണ്. വേലയ്ക്കു എത്രവലിയ കൂലി കിട്ടിയാലും, വേലയ്ക്കു നിയമിച്ച ആളിന് അടിമപ്പണി ചെയ്യുകയാണ്. അതുകൊണ്ടാണ് മാർക്സ് മിച്ചമൂല്യമെന്നതത്വം കൊണ്ടുവന്നത്. കൂലി വേല ഇല്ലാതാകണം മനുഷ്യസ്വാതന്ത്ര്യത്തിന്; അതേസമയം അധ്വാനം മനുഷ്യന്റെ ആത്മാവിഷ്കാരത്തിനുള്ള അനിവാര്യ ഘടകമാണ്. അപ്പോൾ വേണ്ടത് അടിമ ജോലിയല്ല, സഹകരണാടിസ്ഥാനത്തിലുള്ള സ്വതന്ത്രജോലിയാണ്. അവിടെയാണ് അധ്വാനത്തിന്റെ ക്രിയാത്മക തയും മഹത്വവും വലിപ്പവും ദർശിക്കാൻ കഴിയുക.

ആറ്, ഇന്ന് എല്ലാം മേൽ-കീഴ് അധികാര ക്രമത്തിലാണ്. ആജ്ഞാ പിക്കാനും അനുസരിക്കാനും രണ്ടു തരത്തിലുള്ള ആളുകളെ സൃഷ്ടി ക്കുന്ന ഇന്നത്തെ അധികാരക്രമം ഒരു കൂട്ടരെ അടിച്ചമർത്തുന്നു; അവിടെ തുല്യതയില്ല, സ്വാതന്ത്ര്യമില്ല. ഇന്നുള്ള ഏറ്റവും നല്ല സംവിധാനമായ ജനാധിപത്യത്തിലും ഈ കീഴ്-മേൽ വ്യവസ്ഥയുണ്ട്. ഞങ്ങൾ വിഭാ വനം ചെയ്യുന്നതു കൂട്ടായ ജീവിതവും കൂട്ടായ തീരുമാനവുമാണ്. ചർച്ച യിലൂടെ ഏകാഭിപ്രായത്തിൽ വരുന്ന രീതി. പരസ്പരമുള്ള ബന്ധമോ, കളിക്കളത്തിൽ കളിക്കാർ തമ്മിലുള്ള ബന്ധംപോലെയോ ആകണം. ഓരോവ്യക്തിക്കും അവരവരുടേതായ പങ്കുണ്ട്; വ്യത്യസ്തമായ പങ്ക്. ആരും ആരെയും ഭരിക്കുന്നില്ല. അവിടെ ഓരോരുത്തരും ഉത്തരവാ

ദിത്വത്തോടെ, സ്വാതന്ത്ര്യത്തോടെ അവരവരുടെ പങ്കു വഹിക്കുന്നു. അവിടെ കളി ഏറ്റം രസകരമാകും. ആനന്ദദായകവും ആസ്വാദ്യവുമാകും.

ഈ നിഷേധങ്ങളുടെ വെളിച്ചത്തിൽ, പുതിയതിനെ അന്വേഷിച്ചു കണ്ടെത്തുക എന്ന ശ്രമകരമായ ഉദ്യമത്തിലാണു ഞങ്ങളിപ്പോൾ. പുതിയത് ഉരുത്തിരിയുന്നിടത്തു ശ്രദ്ധിക്കേണ്ടതായി പലതുമുണ്ട്. അതിന്റെ സ്വഭാവങ്ങളും സവിശേഷതകളും എന്തായിരിക്കണമെന്ന് നമുക്കൊന്നു പറഞ്ഞു നോക്കാം. വ്യക്തികൾ, സുഹൃത്തുക്കൾ, സംഘം — എല്ലാവരും സ്വതന്ത്രരായിരിക്കണം. സ്വാതന്ത്ര്യമാണു പരമപ്രധാനം.

* ജാതി-മത-വർണ-ദൈവ-ദേശ-ഭാഷ-ആചാരാനുഷ്ഠാനങ്ങളെ മുഴുവൻ നിരാകരിച്ചുകൊണ്ട്, പൂർണമായും മതനിരപേക്ഷമായ ദർശനവും ജീവിതരീതിയും സുപ്രധാനമാണ്. പരലോക പ്രധാനമല്ല; ഇഹലോകത്തിലാണ് ശ്രദ്ധമുഴുവൻ.
* പരലോക ബന്ധിതമായ ദൈവം, മാലാഖ, പിശാച്, സ്വർഗം, നരകം, പാപത്തിനു ശിക്ഷ, പുണ്യത്തിനു സമ്മാനം തുടങ്ങിയ എല്ലാ ആശയങ്ങളെയും മുച്ചൂടം നിഷേധിച്ചുകൊണ്ട്, ഈ ലോകത്തിൽ വേരുറപ്പിച്ചുകൊണ്ട്, പ്രാപഞ്ചിക ദർശനത്തിൽ നിലനിൽക്കുക.
* സ്ത്രീയെ മാനിക്കുകയും ബഹുമാനിക്കുകയും തുല്യതയിലും സ്വാതന്ത്ര്യത്തിലും നിലകൊള്ളുന്ന ലിംഗ നീതി ഉറപ്പു വരുത്തുക.
* പ്രകൃതിയുടെ താളത്തിനും ഈണത്തിനുമൊത്തു പ്രപഞ്ചത്തിലെ എല്ലാ കണ്ണികളുമായി ജീവത്തായ ബന്ധം സ്ഥാപിക്കുന്ന പ്രകൃതി സൗഹൃദ കാഴ്ചപ്പാടു വളർത്തുക.
* ആത്മത്യാഗത്തിലും സ്വയംനിയന്ത്രണത്തിലും ആനന്ദ നിഷേധത്തിലുമല്ല ഊന്നൽ. ജീവിതം നല്ലതാണ്; അതനുഭവിക്കുക, ആസ്വദിക്കുക. ലൈംഗികത ജീവന്റെ സമ്പത്താണ്. അതിനെ ആദരവോടെ കാണുക. ആരോഗ്യകരമായി ഉത്തരവാദിത്വത്തോടെയുള്ള ബന്ധം അനുഭവിക്കുക.

ഞങ്ങൾ മതവിശ്വാസികളല്ല;
ഞങ്ങൾ ദൈവവിശ്വാസികളല്ല;
ഞങ്ങൾ കുടുംബ ബന്ധിതരല്ല;
ഞങ്ങൾ ഈ പ്രകൃതിയെയും പ്രപഞ്ചത്തെയും
അതിന്റെ മാറ്റവും താളവും ഈണവും
വളർച്ചയും അനുഭവിച്ചറിഞ്ഞു
ജീവിക്കുന്നവർ; ഒരാകാശം, ഒരുഭൂമി, ഒരു
സൂര്യൻ, ഒരു പ്രപഞ്ചം- ഞങ്ങൾ അതിൽ ഒരു കണ്ണിയും.
ഇതാണ് ഞങ്ങളുടെ നിലപാട്.
വ്യക്തിഗതമായി സ്വതന്ത്ര കാഴ്ചപ്പാടിലൂടെ
എടുക്കുന്ന വ്യക്തിഗത ബദൽ നിലപാടിനൊപ്പം,
സാമൂഹ്യ ബദൽ രൂപപ്പെടുത്തണം. ഇങ്ങനെ നില-

പാട് എടുത്ത ചെറുസംഘങ്ങൾ-ആണും പെണ്ണും- രൂപപ്പെടുക അനിവാര്യ ഘടകമാണ്.

രൂപപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ബദൽ ദർശനത്തിൽ, എവിടെയാണു കൊച്ചുമോളും ഞാനും തമ്മിലുള്ള ബന്ധം എന്നു സാക്ഷ്യപ്പെടുത്തുന്നത് ഈ സാമൂഹ്യബദലിലാണ്. അവിടെ ഞങ്ങൾ രണ്ടു പേരും രണ്ടു സ്വതന്ത്ര വ്യക്തികൾ, സ്വാതന്ത്ര്യവും തുല്യതയും അനുഭവിക്കുന്ന രണ്ടു വ്യക്തികൾ. പരസ്പരം സഹകരിച്ചും കൂട്ടായി ചിന്തിച്ചും കൂട്ടായി അധ്വാനിച്ചും കൂട്ടായി ജീവിച്ചും, പരസ്പരം ഹൃദയ വികാരങ്ങളും ഉൽകണ്ഠകളും പ്രതീക്ഷകളും സ്വപ്നങ്ങളും പങ്കുവച്ചും, ഒരു വിധമായ ധാർമികച്ചുവയുമില്ലാതെ പരസ്പരമുള്ള സാന്നിധ്യ സുഖവും ലൈംഗികതയും അവോളം ആസ്വദിച്ചും ഒത്തു നീങ്ങുന്ന കൂട്ടുകാരാണു ഞങ്ങൾ. അതെ, ജീവിതസഖി അഥവാ ജീവിതപങ്കാളി എന്നൊക്കെ പറയുന്നതിനേക്കാൾ പരസ്പരം കൂട്ടകാർ എന്നു വിശേഷിപ്പിക്കാനാണ് ഞങ്ങൾക്ക് ഏറ്റവും ഇഷ്ടം. അൽപ്പം നീണ്ടുപോയെങ്കിലും, ഞങ്ങളുടെ ബന്ധത്തിന്റെ പരിണാമ പ്രക്രിയയെ സസൂക്ഷ്മം കാണാൻ ശ്രമിച്ചതിൽ തൃപ്തിയുണ്ട്. ഇങ്ങനെ സ്വയം വിലയിരുത്താനും എവിടെ നിൽക്കുന്നു എന്നു അപഗ്രഥനം ചെയ്തു തിരിച്ചറിയാനും അവസരം ഒരുക്കിത്തന്ന എന്റെ സുഹൃത്തുക്കളുടെ ജിജ്ഞാസയ്ക്കു നന്ദി പറയാതെ വയ്യ. അതേ, കൊച്ചുമോളും ഞാനും കൂട്ടുകാരാണ്, സഖാക്കളാണ്.

ഈ സാമൂഹ്യബദൽ സംഘ ജീവിതത്തിൽ സ്ത്രീകളും പുരുഷന്മാരും ഉത്തരവാദിത്തമുള്ള, പക്വതയുള്ള സ്വതന്ത്ര വ്യക്തികളാണ്. ഇവിടെ ഇണകൾ തമ്മിലുള്ള ജീവിതത്തിനു രജിസ്ട്രേഷൻ അനിവാര്യമല്ലേ എന്നതും ഞങ്ങളുടെ ചെറുസംഘം ചർച്ചാവിഷയമാക്കി. എല്ലാ രീതിയിലും പുതിയൊരു സംഘജീവിതത്തെയും കൂട്ടായ്മയെയും സ്വപ്നംകാണുന്നിടത്ത്, ഇന്നത്തെ അവസ്ഥയെ നിലനിർത്തിപ്പോരുന്ന എല്ലാ നിയമചട്ടവട്ടങ്ങളെയും നിരാകരിക്കുകയാണു വേണ്ടത് എന്നതാണു അടിസ്ഥാനതത്വം. പക്ഷേ പ്രായോഗികമായി ചിലപ്പോൾ ചില നീക്കുപോക്കുകൾക്കു വിധേയപ്പെടേണ്ടിവരും (ഉദാ: വസ്തുകൈമാറ്റത്തിനു രജിസ്ട്രേഷൻ) എന്നു മാത്രം. ഈ ദർശനവ്യക്തതയിൽ, പ്രായപൂർത്തിയായി ഉത്തരവാദിത്തത്തോടെ തീരുമാനങ്ങളെടുത്തു ഒത്തുജീവിക്കാൻ താൽപ്പര്യപ്പെടുന്നവർ പരമ്പരാഗതശൈലിക്കു വിധേയമാകേണ്ടതില്ലല്ലോ. മാത്രമല്ല, പ്രായപൂർത്തിയായ സ്ത്രീയും പുരുഷനും ഒരു മേൽക്കൂരയുടെ കീഴിൽ ഒത്തുജീവിക്കുന്നതു അവരുടെ മൗലികാവകാശമാണ്; അതിനെ സുപ്രീംകോടതി നിയമാനുസൃതമാക്കിയിട്ടുമുണ്ട്. കുടുംബം അടിസ്ഥാനപരമായി തിന്മയാണെന്നും അതു സമൂലം പൊളിച്ചെഴുതണമെന്നും ന്യായയുക്തം വാദിക്കുന്ന ഞങ്ങൾക്ക് ഉത്തരവാദിത്തത്തോടെ ഒത്തുജീവിക്കുവാൻ രജിസ്ട്രേഷൻ എന്ന നൈയാമിക ലൈസൻസ് വേണമെന്നുള്ള ചിന്ത ബാലിശമല്ലേ? ഇവിടെ കൊച്ചുമോൾ ഇങ്ങനെയാണു പ്രതികരിച്ചത്: 'അലോയിയോട് എനിക്ക് അടുപ്പം തോന്നി

യത് അദ്ദേഹത്തിന്റെ നിലപാടുകളോടുള്ള വിശ്വസ്തതയാണ്. ഞാനും അക്കാര്യത്തിൽ ഒട്ടും പുറകോട്ടല്ല. പറയുന്നതു ചെയ്യാൻ ശ്രമിക്കുന്നൊരു വ്യക്തിയാണ് അലോയി. മാർക്സിസം പഠിച്ചുകൊണ്ടാണ് ദരിദ്രപക്ഷ ഇടതു പ്രത്യയശാസ്ത്രത്തെ അദ്ദേഹം പുൽകിയത്. എന്റെ നിലപാടും വിമർശനാത്മക ഇടതുരാഷ്ട്രീയമാണ്. അതുപോലെ കടുത്ത സ്ത്രീ പക്ഷവാദിയാണു ഞാൻ. അതായതു മനുഷ്യവാദി. ലിംഗനീതി, സ്ത്രീപ ക്ഷചിന്ത, മാനവികത, പ്രകൃതിസൗഹൃദ ബന്ധം - ഇവയാണ് എന്നെ വഴിനടത്തുന്നത്. സ്ത്രീയും പുരുഷനും സമൂഹത്തിന്റെ രണ്ടു അവിഭാ ജ്യഘടകങ്ങളാണ് - പക്ഷിക്കു രണ്ടു ചിറകുകൾ പോലെ; മനുഷ്യനു രണ്ടു കണ്ണുകൾ, രണ്ടു കാലുകൾ, രണ്ടു കൈകൾ പോലെ. ഒന്നു എത്ര മെച്ചപ്പെട്ടതായാലും അപൂർണമാണ്. പൂർണതയ്ക്കു രണ്ടും വേണം. അതുപോലെ മാനവികതയുടെ പൂർണതയ്ക്ക് സ്ത്രീയുടെയും പുരു ഷന്റെയും തനതു പങ്കാളിത്തം അനിവാര്യമാണ്. അലോയി വർഷങ്ങ ളായി ഈ ചിന്തയുടെ ഉടമയാണ്. അതും എന്നെ അദ്ദേഹവുമായി കൂടു തൽ അടുപ്പിച്ചു. രൂക്ഷമായ ജീവിതാനുഭവങ്ങൾ ഇന്നത്തെ സമൂഹത്തി ലെയും മതത്തിലെയും പലതിനേയും ചോദ്യംചെയ്യാൻ പ്രേരകശക്തി യായി. അവിടെ നിലപാട് എടുക്കേണ്ടതായി വന്നു. അങ്ങനെ നിലപാ ടെടുക്കുന്നൊരു കൂട്ടുകാരൻ എല്ലാംകൊണ്ടും ശക്തിയാണ്. അങ്ങനെ യാണ് അലോയിയെ ഹൃദയത്തിൽ സൂക്ഷിച്ചതും പരസ്പരം അടു ത്തതും. ഇവിടെ ഉണ്ടായതു ബോധപൂർവമുള്ള ഒരു തീർപ്പാണ്. അവിടെ നൈയാമിക സുരക്ഷിതത്വത്തിനപ്പുറം, ഉത്തരവാദിത്തത്തോടെയുള്ള ചങ്ങാത്തത്തിനാണ് ഞാൻ വിലകൽപ്പിക്കുന്നത്; അതിന്റെ അടിസ്ഥാ നമോ സമാന നിലപാടുകളും.' തത്തുല്യമായി മറ്റു സുഹൃത്തുക്കളും അവരുടെ കാഴ്ചപ്പാടുകൾ പങ്കുവച്ചു. കൊച്ചുമോളുടെ കാഴ്ചപ്പാടാണ് എന്റേതും.

അങ്ങനെ കൊച്ചുമോളും ഞാനും കൂട്ടുകാരായി മുന്നോട്ടു നീങ്ങു ന്നിടത്ത്, ഒറ്റയ്ക്കായിരുന്നപ്പോൾ എവിടെയും പോകാം, എവിടെയും ജീവിക്കാം, പക്ഷേ അവിടെയും പരിമിതികളുണ്ടായിരുന്നു. പെട്ടയാകു മ്പോൾ, മറ്റു പരിമിതികൾ ഉണ്ടാകുന്നു, വിഭവങ്ങൾ (പണം) വേണ്ടി വരുന്നു, ആവശ്യങ്ങൾ വർധിക്കുന്നു, പരസ്പരമുള്ള കരുതലും പാര സ്പര്യവും സ്വയം നിയന്ത്രണത്തിന്റെ പ്രേരകശക്തിയാകുന്നു. പക്ഷേ അവിടെയെങ്ങും മാനസികമായും ആശയപരമായും യാതൊരുവിധമായ വിട്ടുവീഴ്ചയുമില്ലാതെ വ്യക്തമായ നിലപാടോടും സ്വാതന്ത്ര്യത്തോ ടുംകൂടി മുന്നോട്ടുപോകുന്നു; ആർദ്രമായ, ഹൃദ്യമായ ബന്ധത്തിൽ.

ഈ ബന്ധം, ഇന്നു സമൂഹവും മതവും സഭയും, ലൈംഗികത യോടും സ്ത്രീയോടും സ്ത്രീപുരുഷബന്ധത്തോടും എടുക്കുന്ന അശാ സ്ത്രീയവും അപക്വവുമായ നിലപാടിനുള്ള കുറിക്കുകൊള്ളുന്ന മറു പടി/ ഉത്തരമാണ്. ഇതിന്റെ ഫലമായി ശക്തമായ ഒറ്റപ്പെടുത്തലും വിമർശനവും ഹാസ്യമായ ഇടപെടലും കളിയാക്കലും മനസിൽ വച്ചുള്ള

പെരുമാറ്റവും പിറകിൽ നിന്നുള്ള കൊള്ളിച്ച സംസാരങ്ങളും വീട്ടുകാർ, സ്വന്തക്കാർ, ബന്ധുക്കൾ, പള്ളിക്കാർ എന്തിനു പല വിപ്ലവ സുഹൃത്തുക്കൾ വരെയുള്ളവരിൽ നിന്നുമുണ്ടാകുന്നു. 'സംസാരവും വിമർശനവും എല്ലാം കൊള്ളാം; പക്ഷേ കൂട്ടുകാരി വയസുകാലത്തു വേണ്ടായിരുന്നു. വയസുകാലത്ത് ഇതു മാത്രം വേണ്ടായിരുന്നു.' ഇങ്ങനെയുള്ള നിരീക്ഷണങ്ങൾ മറുവശത്തുകൂടെ കേൾക്കാം. ബന്ധത്തിനു ഏറെ വില കൽപ്പിക്കുന്ന വ്യക്തികൾ എന്ന നിലയിൽ, ഈ സമീപനം കൊച്ചുമോളെയും എന്നെയും വേദനിപ്പിച്ചിട്ടുണ്ട്. വൈകാരികമായി ദു:ഖം തോന്നിയിട്ടുമുണ്ട്.

സാവകാശം ഈ അവസ്ഥയെ മറികടക്കാൻ സാധിച്ചു എന്നു വേണം പറയാൻ. അല്ലലില്ലാതെ, ഉൽകണ്ഠയില്ലാതെ, അധ്വാനമില്ലാതെ കിട്ടിയ 'അച്ചത്തം' എന്ന ഒറ്റ സ്ഥാനം ഉപയോഗിച്ച് അനുഭവിക്കുന്ന കപട സുഖത്തെയും അപസ്വരങ്ങളെയും വലിച്ചെറിഞ്ഞു, വ്യക്തമായ ബോധ്യത്തിൽ തീർപ്പ് എടുക്കുകയാണ് ഉത്തമം എന്നത് ഈ ഒറ്റപ്പെടുത്തലുകളെ അതിജീവിക്കാൻ ശക്തിപകരുന്നു. എന്തോ അബദ്ധം പറ്റി ഗതികേടുകൊണ്ടുള്ള നീക്കമല്ല, മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ബോധപൂർവം തെരഞ്ഞെടുത്തതാണ് ഈ ബന്ധം. ഈ അവബോധത്തോടെയുള്ള കൂട്ടായ തീർപ്പ് എതിർപ്പുകളെ നേരിടാൻ, ഉണ്ടായിരുന്നെന്നു കരുതിയിരുന്ന ബന്ധങ്ങളെ മുറിച്ചുകളയാൻ, അർഥവത്തായ പുതിയ ബന്ധങ്ങൾ സ്ഥാപിക്കാൻ കളമൊരുക്കുന്നു. സമത്വബോധത്തോടെയും സ്വാതന്ത്ര്യബോധത്തോടെയും സഹകരിച്ചുകൊണ്ടുള്ള ഞങ്ങളുടെ ഈ ബന്ധം ഞങ്ങൾക്കു ശക്തി പകരുന്നു; സമൂഹത്തിനു അതൊരു ഊർജ സ്രോതസാകുമെന്നുള്ള പ്രതീക്ഷയുമുണ്ട്. ആ രീതിയിൽ ഈ ബന്ധജീവിതത്തിൽ ഞങ്ങൾ സംതൃപ്തരാണ്.

# 5

## സഭയും ഞാനും

**ആ**യിരത്തിത്തൊള്ളായിരത്തി എഴുപതിൽ എനിക്കു വൈദിക പട്ടം നൽകിയത് അന്നത്തെ കൊല്ലം ബിഷപ്പ് ഡോ. ജെറോം എം ഫെർണാന്റസാണ്. അദ്ദേഹത്തിന്റെ അധികാര വാഴ്ചയ്ക്കു വിധേയനായി ഏതാണ്ട് അഞ്ചു വർഷമേ പ്രവൃത്തി എടുക്കേണ്ടി വന്നുള്ളു. അന്ന് അദ്ദേഹത്തിന് എന്റെ ഇടവക ശുശ്രൂഷയിലും മറ്റു സാമൂഹ്യ ഇടപെടലുകളിലും പൊതുവേ നല്ല തൃപ്തിയായിരുന്നു; സഹവൈദികർക്കു നല്ല മതിപ്പും. ആകെ രണ്ടു കാര്യങ്ങളിലാണു ബിഷപ്പ് ജെറോം എന്നോടു ശ്രദ്ധിക്കാൻ നിർദേശിച്ചിട്ടുള്ളത്. ഒന്ന് ജനസമ്പർക്ക നേരത്തു സഭയുടെ ഔദ്യോഗിക വേഷമായ ളോഹ ധരിക്കുന്നില്ല എന്നത്. ഇതിനെപ്പറ്റി സുദീർഘമായി മറ്റൊരു സ്ഥലത്ത് പറയുന്നുണ്ട്.

രണ്ട്. വൈദികർ ആൽമായരുടെ ആധ്യാത്മിക കാര്യങ്ങളിൽ മാത്രം ഇടപ്പെട്ടിരുന്ന കാലമായിരുന്നു അന്ന്. ഞങ്ങൾ മൂന്നു വൈദികർ (ഫാ. എ സാംസൺ, ഫാ. ജോസ് ജെ കളീക്കൽ, പിന്നെ ഞാൻ) സാമൂഹ്യ പ്രവർത്തനങ്ങളിൽ ഇടപെട്ടു. കേരളത്തിൽത്തന്നെ ഇതു പുതിയ നീക്കമായിരുന്നു. ബിഷപ്പ് ഈ നീക്കങ്ങൾ വീക്ഷിച്ചുകൊണ്ട് ഒരിക്കൽ എന്നെ വിളിച്ചു പറഞ്ഞു: സാമൂഹ്യ പ്രവർത്തനം കൊള്ളാം, പക്ഷേ ആധ്യാത്മിക ജീവിതം മറന്നു പോകരുത്. അന്നാണ് അദ്ദേഹം Artificial insemination course പഠിക്കാനായിട്ട് എന്നെ ബാംഗ്ലൂരിലേക്ക് അയച്ചത്. അദ്ദേഹത്തിന്റെ ശുദ്ധ മനസിനെ ഞാൻ മാനിക്കുന്നു. ജീവിതത്തെ അതിന്റെ സമഗ്രതയിൽ കാണാനാകാതെ, മറിച്ചു കഷണങ്ങളായി മാത്രം കാണുന്ന അദ്ദേഹത്തോട് എനിക്കു സഹതാപവും ഇല്ലാതില്ല.

അദ്ദേഹം സഭയുടെ പതിവനുസരിച്ചു തന്റെ രാജി സമർപ്പിച്ചപ്പോൾ, പിന്നെ വന്ന ബിഷപ്പാണ് ഡോ. ജോസഫ് ജി. ഫെർണാന്റസ്. അദ്ദേഹം

എന്റെ മൈനർ സെമിനാരി ജിവിതത്തിൽ പരിശീനം നൽകിയ പ്രീഫറ്റ് (വൈസ് പ്രിൻസിപ്പൽ) അച്ചനായിരുന്നു. അദ്ദേഹത്തെ കൊല്ലം രൂപത യുടെ ബിഷപ്പായി നിയോഗിച്ചെന്നറിഞ്ഞയുടനെ അദ്ദേഹത്തെ അഭിന ന്ദിച്ചുകൊണ്ട്, ഞങ്ങളെ കരുതലോടെ സെമിനാരിയിൽ വഴിനടത്തിയതു പോലെ, രൂപതയെ വളർച്ചയുടെ പാതയിലേക്കു കൊണ്ടുപോകണമെന്നു ആശംസിച്ചുകൊണ്ട് ഞാനൊരു കത്തയച്ചു. അന്നദ്ദേഹം ബിഷപ്പ് ജെറോ മിന്റെ സെക്രട്ടറിയായിരുന്നു; ഒപ്പം പട്ടത്താനം കോൺവെന്റിന്റെ ചാപ്ലയിൻ എന്ന നിലയിൽ എല്ലാ ദിവസവും രാവിലെ തങ്കശ്ശേരി ബിഷപ്പു ഹൗസിൽ നിന്നും മോട്ടോർ സൈക്കിളിൽ പട്ടത്താനത്തു മഠത്തിൽ കുർ ബാന അർപ്പിക്കാൻ പോകുക പതിവായിരുന്നു. കത്തയച്ചിട്ടു നന്മ നേരാൻ നേരിട്ടു കാണാനായി പോയി. അവിടെത്തനെ കല്ലുകടിച്ചു. അദ്ദേ ഹത്തിന്റെ സ്വതസിദ്ധമായ ഫലിത രൂപത്തിൽ ആദ്യം പറഞ്ഞതിതാണ്: 'ഇനി എങ്ങനെ നാളെ മോട്ടോർ സൈക്കിളിൽ പട്ടത്താനത്തു കുർബാ നയ്ക്കു പോകും?' ധ്വനി, ഇനി കാറിലേ യാത്രയാകാൻ പറ്റൂ എന്ന്. അതിനു ഞാൻ അതേ ഫലിത രൂപത്തിൽ പറഞ്ഞു. 'രാവിലെ മോട്ടോർ സൈക്കിൾ എടുത്ത് ചവുട്ടി സ്റ്റാർട്ടു ചെയ്തു പട്ടത്താനത്തേക്കു പോകുക.' കൂടെയുണ്ടായിരുന്ന എല്ലാവരും ചിരിച്ചു എങ്കിലും എന്നിൽ എന്തോ പന്തികേടനുഭവപ്പെട്ടു. നോക്കണം, ബിഷപ്പായി അഭിഷേകം ചെയ്തിട്ടില്ല; നിയമിക്കുന്ന പേപ്പറേ വന്നിട്ടുള്ളു. അപ്പോഴേ അധികാര ത്തിന്റെ മത്ത് തലയിലേക്കു കടന്നു പിടിച്ചല്ലോ എന്ന ചിന്താഗതി എന്നെ അലട്ടി.

നിശ്ചയിക്കപ്പെട്ട ദിവസം അദ്ദേഹത്തിന്റെ അഭിഷേക ചടങ്ങ് സെന്റ് അലോഷ്യസ് സ്കൂൾ കോമ്പൗണ്ടിൽ നടന്നു. കൈയുടെ വെള്ളയിൽ തൈലം പുരട്ടിയുള്ള അഭിഷിക്ത ചടങ്ങു കഴിഞ്ഞാലുടൻ, രൂപതയിലെ എല്ലാ വൈദികരും ഓരോരുത്തരായി സ്റ്റേജിലേക്കു കടന്നു ചെന്നു അഭി ഷിക്ത ബിഷപ്പിന്റെ കൈമുത്തി അനുസരണ വാഗ്ദാനം ചെയ്യുക ഔദ്യോഗിക ചടങ്ങിന്റെ പ്രധാന ഘടകങ്ങളിൽ ഒന്നാണ്. എല്ലാ വൈദി കരും വരിവരിയായി സ്റ്റേജിലേക്കു നീങ്ങുന്നു. ഞാനും വരിയിലുണ്ട്. എല്ലാവരും കൈമുത്തി മാറിക്കൊണ്ടിരിക്കുന്നു. എന്റെ ഊഴം വന്നു. ഞാൻ കടന്നുചെന്നു അദ്ദേഹത്തെ കെട്ടിപ്പിടിച്ചു ആലിംഗനം ചെയ്തു. നടന്നുനീങ്ങി. ഇതു വൈദികരുടെ ഇടയിൽ ഒരു ചർച്ചാ വിഷയമായി. അതിനു ഞാൻ ഇങ്ങനെ പ്രതികരിച്ചു: 'എനിക്ക് ബിഷപ്പ് അധികാരിയും ഞാൻ അടിമയുമല്ല, പിതാവും മകനുമാണ്; അവിടെ ഊന്നൽ നൽകേ ണ്ടതു സ്നേഹത്തിനാണ്.'

പുതിയ ബിഷപ്പിന്റെ ആരോഹണം കഴിഞ്ഞു, മിക്ക ഇടവകകളിലും ഗംഭീര സ്വീകരണങ്ങൾ കൊടുത്തു. ചെണ്ടമേളം, താലപ്പൊലി, മറ്റു വാദ്യ മേളങ്ങൾ, ഫ്ലോട്ടുകൾ, വെടിക്കെട്ടു തുടങ്ങിയവയോടെ അലങ്കരിച്ച ലോറി യിൽ കയറ്റിയും മറ്റുമാണു സ്വീകരണം. അന്നു ഞാൻ ഇലവുംതിട്ട, ആറന്മുള, കോട്ട, കൈപ്പുഴ എന്നീ ഇടവകകളിലാണ് ശുശ്രൂഷ നടത്തുക.

അവിടത്തെ ജനങ്ങളും നമ്മുടെ ബിഷപ്പിനു സ്വീകരണം കൊടുക്കണം- മറ്റു സ്ഥലങ്ങളിൽ കൊടുത്തതിനേക്കാൾ ഗംഭീര സ്വീകരണം എന്നായി. ബിഷപ്പു വരുന്ന ദിവസവും തീരുമാനിച്ചു. പൊതുയോഗങ്ങൾ കൂടി എങ്ങനെയായിരിക്കണം സ്വീകരണം എന്നു ചർച്ചയായി. നേരത്തെ സൂചിപ്പിച്ച രീതിയിലുള്ളവയായിരിക്കണമെന്നഭിപ്രായമുണ്ടായി. അതിനോടു വ്യത്യസ്തമായി ബിഷപ്പ് പിതാവെങ്കിൽ മക്കൾ സ്നേഹവായ്പ്പോടെയാകണം സ്വീകരണം നൽകേണ്ടത് എന്നായി ഞാൻ. തുടർന്നു നടന്ന ചർച്ചയിൽ, എല്ലാവരും അന്നു പള്ളിയിൽ വരുകയും കുർബാന സ്വീകരിച്ച് സജീവമായി ശുശ്രൂഷയിൽ പങ്കുചേരുകയും ചെയ്യണമെന്നും, ബിഷപ്പ് കാറിൽ നിന്നിറങ്ങുമ്പോൾ എല്ലാവരും ഒരേ സ്വരത്തിൽ 'ഈശോമിശിഹായ്ക്കു സ്തുതി' എന്നു ഉറക്കെ അഭിവാദ്യം ചെയ്തിട്ട് ഞാൻ അദ്ദേഹത്തിന് ഒരു റോസാപ്പൂ കൊടുക്കണമെന്നും തുടർന്നു എല്ലാവരും ബിഷപ്പിനോടൊപ്പം 'ഹോസാന' പാടി പള്ളിയിൽ പ്രവേശിക്കണമെന്നും തീരുമാനിച്ചു. സ്വീകരണപരിപാടി അങ്ങനെ തന്നെ നടന്നു. തീർത്തും ഹൃദ്യമായ അനുഭവം. ഈ സ്വീകരണ രീതിയെപ്പറ്റി ബിഷപ്പു പലസ്ഥലത്തും പിന്നെ സംസാരിച്ചതായും കേട്ടു. ചുരുക്കത്തിൽ ബിഷപ്പുമായി അൽപ്പം വ്യത്യസ്തമായതെങ്കിലും, ഏതാണ്ടു നല്ല ബന്ധമാണുണ്ടായിരുന്നത്. എന്റെ ആത്മാർഥതയെ അദ്ദേഹം എന്നും മാനിച്ചിരുന്നതായാണ് എനിക്ക് അനുഭവപ്പെട്ടത്.

എന്റെ പ്രവർത്തനമേഖലകൾ വിപുലപ്പെട്ടു. ഇടവക ശുശ്രൂഷയ്ക്കൊപ്പം തൊഴിലാളിപ്രസ്ഥാനങ്ങളുമായുള്ള ബന്ധം, എന്റെ യേശുദർശനത്തിന്റെ ഭാഗമായി തന്നെ വളർന്നു. ആലപ്പുഴ ജില്ലാ ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയനും പത്തനംതിട്ട സ്വതന്ത്ര തൊഴിലാളി യൂണിയനും എന്റെ ഇടപെടൽ മേഖലകളായി. മേലാളരിൽ അത് അസ്വാരസ്യമുളവാക്കി. ഈ നീക്കത്തിൽ സഭാ മേലധികാരികൾക്കു സന്ദേഹവുമുണ്ടായി. ഈ നീക്കത്തിൽ ഞാൻ എങ്ങോട്ട് എന്ന ചോദ്യം അവർ ഉയർത്തി. ഇതിനിടെയാണ് സാമൂഹ്യാപഗ്രഥന പഠനത്തിലൂടെ സമൂഹം അടിസ്ഥാനപരമായി ഉള്ളവനും ഇല്ലാത്തവനും തമ്മിൽ വിഭജിക്കപ്പെട്ടിരിക്കുന്നു എന്നും അവിടെ നിഷ്പക്ഷത പറ്റുകയില്ലെന്നും നിർബന്ധമായും ഒരു പക്ഷം ചേരേണ്ടതുണ്ടെന്നുമുള്ള രാഷ്ട്രീയ വ്യക്തത ഉണ്ടാകുന്നത്. ഇവിടെ ഞാൻ ഇല്ലാത്തവന്റെ പക്ഷം ചേർന്നു. ഇതിനെ അടിസ്ഥാനമാക്കിയാണ് യുവതിയുവാക്കൾക്കും മുതിർന്നവർക്കും പരിവർത്തനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസ പരിശീലനവും മറ്റും കൊടുത്തത്. ഇതിൽ ഫാ. ജോസ് ജെ. കളീക്കലിന്റെ സജീവ സാന്നിധ്യവും ഇടപെടലുമുണ്ടിരുന്നു. അതിന്റെ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഞാനായിരുന്നു. ആളുകളെ വഴിതെറ്റിക്കുന്നു എന്നും ഇടതുപക്ഷത്തോടു മമതകാണിക്കുന്നു എന്നുമുള്ള ആരോപണം ഉന്നയിച്ചുകൊണ്ടുള്ള ബിഷപ്പു ജോസഫിന്റെ ആദ്യത്തെ കത്ത് (No. 787/82) 14.10.1982 ൽ ലഭിച്ചു. (അനുബന്ധം 2). അതിലെ പ്രധാന ആരോപണം

സഭാപഠനത്തോടു വിശ്വസ്തത പുലർത്തുന്നില്ലെന്നും തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ മുന്നണിയെ പിന്താങ്ങിയെന്നുമാണ്. മാത്രമല്ല, മാവേലിക്കര കേന്ദ്രമാക്കി നടക്കുന്ന സെമിനാറുകളിലൂടെ ഇടതു ചിന്താഗതി പരത്തുന്നതു ശരിയല്ലെന്നും അതിനു വിരാമമിടണമെന്നുമാണ് കത്തിന്റെ ഉള്ളടക്കം. ദൈവത്തിനും സഭയ്ക്കുവേണ്ടിയും പ്രവർത്തിക്കാനും ദൈവനാമത്തിൽ മുകളിൽ സൂചിപ്പിച്ച തരത്തിലുള്ള സെമിനാറുകൾ നടത്താതിരിക്കാനുമുള്ള ആഹ്വാനത്തോടെയാണു കത്തു അവസാനിക്കുന്നത്.

ബിഷപ്പിന്റെ ഈ നടപടി ശരിയല്ലെന്നു കാണിച്ച് കൊല്ലം രൂപതയിലെ 12 വൈദികർ കത്തയച്ചു. (അനുബന്ധം 3) മാവേലിക്കര കേന്ദ്രമാക്കി നടന്ന സെമിനാറുകളുടെ കാതൽ സാമൂഹ്യനീതിയാണെന്നും നമ്മുടെ പ്രതിബദ്ധത യേശുവിനോടും ദരിദ്രരോടുള്ള സുവിശേഷത്തോടുമാണെന്നും ദരിദ്രപക്ഷം പിടിക്കുക ക്രൈസ്തവ ധർമമാണെന്നും കാണിച്ചുകൊണ്ടുള്ളതായിരുന്നു കത്ത്. മാവേലിക്കരയിൽ നടത്തിയിരുന്ന സെമിനാറുകളുടെ നേതൃത്വപരമായ ഉത്തരവാദിത്തം എനിക്കും ഫാ. ജോസ് ജെ കളീക്കലിനും ആയിരുന്നതിനാൽ, എന്നെ അഭിസംബോധന ചെയ്തു കൊണ്ടുള്ള ബിഷപ്പിന്റെ കത്തിനു ഞങ്ങൾ രണ്ടുപേരും ഒന്നിച്ചു 27.10.1982 ൽ വിശദമായ മറുപടി കത്തു നൽകി (അനുബന്ധം 4). പുരോഹിതർ എന്ന നിലയിൽ പ്രഥമ ഉത്തരവാദിത്വവും പ്രതിബദ്ധതയും യേശുവിനോടും തന്റെ പഠനത്തോടുമാണെന്നും യേശു തഴയപ്പെട്ടവന്റെയും ദരിദ്രന്റെയും പാപിയുടെയും ചുങ്കക്കാരന്റെയും പുറജാതിക്കാരന്റെയും അടിച്ചമർത്തപ്പെട്ടവന്റെയും പക്ഷം വ്യവസ്ഥയില്ലാതെ ചേരുകയായിരുന്നെന്നും, യേശു വലിയവരായ ഫരിസേയരെയും സദൂക്യരെയും മതപുരോഹിതരെയും മഹാപുരോഹിതനെയും രാഷ്ട്രീയ നേതാക്കളെയുമൊക്കെ നിശിതമായി വിമർശിക്കുകയും വ്യവസ്ഥാപിതമായിട്ടു മാത്രം അവരുമായി ബന്ധം പുലർത്തുകയുമായിരുന്നുവെന്നും വ്യക്തമാക്കി. സഭയോടുള്ള വിശ്വസ്തതയുടെ അടിസ്ഥാനം യേശുവിനോടുള്ള വിശ്വസ്തതയാണ്. അവിടെ ദരിദ്രപക്ഷം പിടിക്കുക അനിവാര്യമെന്നു ഞങ്ങൾ വ്യക്തമാക്കി.

അതുപോലെ വിമോചന പോരാട്ടത്തിൽ ഇടപെടുന്ന പ്രസ്ഥാനങ്ങളുമായി സഹകരിക്കുക എന്നത് ദരിദ്രപക്ഷം പിടിക്കലിന്റെ പ്രായോഗികതയാണെന്നും ഇങ്ങനെ ഇടപെടുന്നവർ കൂടുതലും ഇടതുപക്ഷ ചിന്താഗതിക്കാരാണെന്നും ഞങ്ങൾ വ്യക്തമാക്കി. ഇടതുപക്ഷ മുന്നണിയും വലതുപക്ഷ മുന്നണിയും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ, യേശുദർശനവും ബൈബിൾ പഠനവുമായി കുറച്ചെങ്കിലും പ്രായോഗിക ബന്ധമുള്ളത് ഇടതുപക്ഷത്തിനാണെന്നും അടയാളപ്പെടുത്തി. വലതുപക്ഷത്തിന്റേതു മുതലാളിത്ത മൂല്യങ്ങളാണ്. യേശു വ്യക്തമായി പഠിപ്പിച്ചു ദൈവത്തെയും മാമോനെയും (മുതൽ/ മൂലധനം/പണദേവത) ഒന്നിച്ചു സേവിക്കുക സാധ്യമല്ല (മത്തായി 6:24; ലൂക്ക് 16:13). വലതുപക്ഷത്തിന്റെ അടിസ്ഥാനശില മൂലധനമാണ്. അവിടെ പ്രായോഗിക ദൈവ

നിഷേധം കൂടെപ്പിറപ്പാണ്. അതേസമയം ഇടതുപക്ഷത്തിന്റെ തീർപ്പും പക്ഷവും ദരിദ്രജനവിഭാഗങ്ങളോടാണ്; കുറഞ്ഞപക്ഷം അവരുടെ നയ പരിപാടികളെങ്കിലും. മാത്രമല്ല, തിരഞ്ഞെടുപ്പു പോലുള്ള നിർണായ ഘട്ടത്തിൽ, നിഷ്പക്ഷത വലതുപക്ഷത്തിനു ഗുണകരമാകും. അവിടെ ഇടതുപക്ഷത്തോടു ചേരുക രാഷ്ട്രീയ ഉത്തരവാദിത്തമാണെന്നും ഞങ്ങൾ വ്യക്തമാക്കി. സഭയുടെയും സുനഹദോസുകളുടെയും പഠന ങ്ങളും ബൈബിൾ ഉദ്ധരണികളും കാണിച്ചുകൊണ്ടുള്ള ആധികാരിക മറുപടിയായിരുന്നു ഞങ്ങളുടേത്. കൊല്ലം രൂപതയിലെ വടക്കൻ മേഖ ലയിൽ പ്രവർത്തിച്ചിരുന്ന എല്ലാ വൈദികർക്കും കത്തിന്റെ കോപ്പി ഞങ്ങൾ അയച്ചുകൊടുത്തു. കാരണം ഞങ്ങൾക്ക് എതിരായി ബിഷപ്പി ന്റെടുത്തു പരാതിപോയവരിൽ പലരും ഇവരായിരുന്നു. അങ്ങനെ ഞങ്ങ ളുടെ രാഷ്ട്രീയ നിലപാടു രേഖാപരമായിത്തന്നെ വ്യക്തമാക്കി.

തുടർന്നു ഞങ്ങൾ നാലു വൈദികർ ജോലി ചെയ്തിരുന്ന സ്ഥലത്തു യേശുവിന്റെ ദരിദ്രപക്ഷ നിലപാടു പ്രായോഗികമായി വ്യക്തമാക്കുന്ന പല പരിപാടികളും ആസൂത്രണം ചെയ്തു. ഇക്കാര്യത്തിൽ ഏറെ താൽപ്പര്യം കാണിച്ച് നൂതന മാർഗങ്ങൾ സ്വീകരിച്ചത് ഞാനാണ്. ജന കീയ പ്രശ്നങ്ങളെ എടുത്തു കാട്ടുന്ന മാറ്റം പാട്ടുകൾ/ വിപ്ലവഗാനങ്ങൾ സ്ഥിരമായി പള്ളിയിലെ കുർബാനയിലും മറ്റു ഭക്തകൃത്യങ്ങളിലും ഉപ യോഗിക്കാൻ തുടങ്ങി. ക്രിസ്തുവിന്റെ ജനനം ദരിദ്രർക്കു സദ്വാർത്ത യെങ്കിൽ, ക്രിസ്തുമസ് സാമാന്യജനത്തിന്റെ ആഘോഷമാക്കണമെന്നു പ്ലാനിട്ടിട്ട്, അധീശവർഗ ക്രിസ്തുമസ് കരോളിനെയും സംയുക്ത ക്രിസ്തുമസ്റാലിയെയും വെല്ലുവിളിച്ചുകൊണ്ടുള്ള ജനകീയ ക്രിസ്തു മസ് സംഘടിപ്പിച്ചു. ഇതിന്റെ നടത്തിപ്പിൽ തിരുവല്ലയിലെ റവ. എം ജെ ജോസഫിന്റെ നേതൃത്വത്തിലുള്ള ഡൈനാമിക് ആക്ഷൻ സംഘം സജീ വ പങ്കുവഹിച്ചു. കൂട്ടായ്മയുടെ ആഘോഷവും വിരുന്നുമാണ് കുർബാനയെങ്കിൽ കുർബാന ശുശ്രൂഷയിൽ എല്ലാവർക്കും പങ്കെടു ക്കാമെന്ന രീതിയിൽ സ്വതന്ത്രമായി രൂപകൽപ്പന ചെയ്തു. പള്ളിക്കെട്ടിടം നവീകരിച്ചപ്പോൾ പള്ളിയിലുണ്ടായിരുന്ന രൂപങ്ങളും കുരിശിന്റെ വഴി യുടെ ചിത്രങ്ങളും എടുത്തുമാറ്റി പള്ളിക്കകം കൂടുതൽ ജനകീയമാക്കി. അങ്ങനെ പലതും. ഇങ്ങനെയുള്ള ഓരോ നീക്കത്തെയും സമയാസമയ ങ്ങളിൽ ബിഷപ്പിനെ അറിയിക്കാൻ അധീശവർഗം നന്നേ ശ്രദ്ധിച്ചിരു ന്നു. അങ്ങനെ കാര്യങ്ങൾ നീങ്ങിയപ്പോഴാണ് പത്തനംതിട്ട ഇടവകയിൽ നിന്നുമുള്ള എന്റെ സ്ഥലമാറ്റവുമായി ബന്ധപ്പെട്ട പ്രതിരോധസമര ങ്ങൾക്കു സാമാന്യജനം തയാറായത്. അവിടെയൊക്കെ സഭാധികാരി കൾക്ക് എന്നോടു അടങ്ങാത്ത അമർഷമുണ്ടായിരുന്നു. പക്ഷേ, അവർ എന്നെ ചോദ്യം ചെയ്യാൻ തുനിഞ്ഞില്ല. ചോദ്യം ചെയ്തപ്പോഴൊക്കെ എന്റെ നിലപാടു യേശു- ബൈബിൾ ദർശനവുമായി ബന്ധിപ്പിച്ചു വ്യക്ത മാക്കിയിട്ടുമുണ്ട്. അങ്ങനെ പത്തനംതിട്ടയിൽ നിന്നും പടപ്പക്കര ഇടവ കയിലായപ്പോഴാണ് കൊല്ലം ജില്ലാ ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണി

യനിലും കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷനിലും സജീവമായി ഇടപെട്ടത്. അവരുടെ സമരപോരാട്ടങ്ങളിൽ പങ്കാളിയായതു കൊല്ലം ബിഷപ്പുഹൗസിന്റെ മൂക്കിന്റെ താഴെയായിരുന്നു. കൊല്ലം കളക്ട്രേറ്റിന്റെ മുന്നിൽ 11 ദിവസം മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നിരാഹാരം കിടന്നതു മുമ്പു സൂചിപ്പിച്ച പ്രകാരം എന്നെ സംബന്ധിച്ചിടത്തോളം ഞാൻ അർപ്പിച്ച ഏറ്റവും അർഥപൂർണമായ കുർബാന ആണെങ്കിലും, അരമനയ്ക്കു ഇതൊക്കെ വലിയ പ്രശ്നങ്ങളായിരുന്നു. ഇതിനിടെ ബിഷപ്പിന്റെ പല കത്തുകളും വരുന്നുണ്ട്; അവയ്ക്കൊക്കെ ഞാൻ മറുപടികളും കൊടുക്കുന്നുണ്ട്. വിസ്താരഭയം കാരണം വിശദീകരിക്കുന്നില്ല. എങ്കിലും സംക്ഷിപ്തം കുറിക്കട്ടെ.

ഞങ്ങൾ രൂപം കൊടുത്ത വൈ പി എ (യങ് പ്രീസ്റ്റ്സ് അസോസിയേഷൻ) പ്രവർത്തിച്ചിരുന്നതു രൂപതയുടെ സമഗ്ര വളർച്ചയിൽ താൽപ്പര്യമുള്ള ഏതു വൈദികനും പങ്കെടുക്കാമെന്ന വിശാലപ്രതലത്തിലായിരുന്നു. ഓരോ മീറ്റിങ്ങിലും, അജണ്ടയോടു താൽപ്പര്യമുള്ളവർ പങ്കെടുക്കും; വിവിധ പ്രശ്നങ്ങളോടു യോജിക്കുന്നവർ പ്രതികരിക്കും. മൂന്നു മാസത്തിൽ ഒരിക്കൽ ഏതെങ്കിലും ഒരംഗത്തിന്റെ ഭവനത്തിലായിരുന്നു കൂടിച്ചേരൽ. അതിന്റെ സംഘാടകനും സെക്രട്ടറിയും ഞാനായിരുന്നു. അറിയിപ്പിനും മറ്റു സംഘാടനചെലവിനുമായി മൂന്നു മാസത്തിലുള്ള രജിസ്ട്രേഷൻ ഫീസ്. 10 രൂപ. അതിന്റെ മിച്ചം 97 രൂപ ഇന്നും എന്റെ കൈവശമുണ്ട്. ഈ പ്രക്രീയ തുടങ്ങിയത്1981 ലാണ്. കൃത്യമായും മൂന്നു വർഷമതു തുടർന്നു. ഞങ്ങൾ കുറച്ചുപേരുടെ പ്രവർത്തന മേഖലകളെ തകർക്കത്തക്ക രീതിയിൽ 1984 ലെ കൂട്ടസ്ഥലമാറ്റം വരെ.

അങ്ങനെ 12 യോഗങ്ങൾ കൂടി. ഓരോ മീറ്റിങ്ങും കൃത്യമായ അജണ്ടയോടെ സഗൗരവമാണ് നടന്നത്. രൂപതയുടെ വിവിധ പ്രശ്നങ്ങളെ എങ്ങനെ നേരിടണം, പരിഹരിക്കണം; എങ്ങനെ രൂപതയുടെ സമഗ്ര വളർച്ചയിൽ ബിഷപ്പും വൈദികരും കാര്യക്ഷമമായി ഇടപെടണം എന്നതായിരുന്നു പൊതുപ്രമേയം. അൽപ്പംകൂടി വിശദീകരിക്കാം. ബിഷപ്പ് ജറോം വിരമിച്ച് ബിഷപ്പ് ജോസഫ് ജി ഫെർണാന്റസ് സ്ഥാനം ഏറ്റ കാലമാണത്. അതുകൊണ്ട് ആദ്യത്തെ കത്ത് രൂപതയിലെ അർഥവത്തായ വൈദിക ശുശ്രൂഷയ്ക്കും കൂട്ടായ പ്രവർത്തനത്തിൽ പുതിയ ഇടയനു ഞങ്ങളുടെ സഹകരണം വാഗ്ദാനം ചെയ്തു കൊണ്ടുള്ളതുമായിരുന്നു. അതിനായി രൂപതയിലെ എല്ലാ വൈദികരെയും ഉൾപ്പെടുത്തിയിട്ടുള്ള ജനറൽ കോൺഫറൻസ് വിളിച്ചു കൂട്ടണമെന്നും അതിൽ രൂപത ഇന്നഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളായ കാലത്തിന് നിരക്കാത്ത സെമിനാരി പരിശീലനം, സേവന സന്നദ്ധമല്ലാത്ത നമ്മുടെ ബോർഡിങ്ങുകളും ഹോസ്റ്റലുകളും, ഫാത്തിമ കോളജ് നടത്തിപ്പിലുള്ള യേശുവിരുദ്ധ താൽപ്പര്യം എന്നിവ മാറ്റൽ, സ്കൂളുകളുടെ തലപ്പത്തു നിന്നും വൈദികരെമാറ്റി അൽമായരെ അവരോധിക്കൽ, രൂപതാ പ്രസായ കത്തോലിക്കാ പ്രസിന്റെ നടത്തിപ്പിന്റെ ഉത്തരവാദിത്വത്തിൽ നിന്നും

വൈദികനെ മാറ്റി അൽമായനെ അവരോധിക്കൽ, രൂപത; വിദ്യാഭ്യാസ സെക്രട്ടറിയായി വിരമിച്ച എ ഇ ഒ - ഡി ഇ ഒ പോലുള്ള അൽമായരെ നിയമിക്കൽ, കൊട്ടിയം, പുനലൂർ, ചാരുംമൂട് എന്നീ സ്ഥലങ്ങളിലെ അനാഥശാലകളുടെ ഉത്തരവാദിത്വത്തിൽ നിന്നു വൈദികർ മാറിയിട്ടു കന്യാസ്ത്രീകളെ ഏൽപ്പിക്കൽ, കോൺവെന്റിൽ ചാപ്ലയിന്മാരായി വിരമിച്ച വൈദികരെ നിയോഗിക്കൽ, ഏറെ സ്വപ്നങ്ങളോടും താൽപ്പര്യത്തോടും വൈദികരായി പുറത്തുവരുന്ന യുവ പുരോഹിതരെ സ്വപ്നമറ്റ, സർഗശേഷി നഷ്ടപ്പെട്ട നിരാശമുറ്റിയ മുതിർന്ന വൈദികരുടെ അസിസ്റ്റന്റുകളായിട്ട് അവരുടെ സൃഷ്ട്യുന്മുഖതയെ മരവിപ്പിക്കുന്ന ഇപ്പോഴത്തെ നയശൈലിയിൽ മാറ്റം വരുത്തുക, മുതിർന്നവരുടെ അനുഭവസമ്പത്തു മാനിച്ചുകൊണ്ടുതന്നെ യുവവൈദികർക്കു സ്വതന്ത്രമായി ഉത്തരവാദിത്വങ്ങൾ ചെയ്യാനുള്ള ഇടം നൽകൽ, വൈദിക ശുശ്രൂഷയിലെ പുനർക്രമീകരണം, ഒരു പരീക്ഷണമെന്ന രീതിയിലെങ്കിലും 4-5 വൈദികർ സംഘമായി ജീവിച്ചു 4-5 ഇടവകകളുടെ ചുമതല കൂട്ടമായി നിറവേറ്റൽ തുടങ്ങിയവ സമയം എടുത്തുതന്നെ നടത്തണമെന്നും അതിനാവശ്യമായ ധീരമായ ഇടപെടൽ ബിഷപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും അതിനു പൂർണമായി കൂടെയുണ്ടായിരിക്കുമെന്നുമായിരുന്നു കത്ത്. ഞങ്ങൾ 8 വൈദികരാണ് ഒപ്പിട്ട് കത്തയച്ചത്.

ഇതിനോടു ക്രൂരമായ നിശ്ശബ്ദത പാലിച്ചിട്ടു മാസങ്ങൾ കഴിഞ്ഞപ്പോൾ വൈദികർക്കു വാർഷിക ധ്യാനത്തിനുള്ള ക്ഷണമാണു കിട്ടിയത്. നിരർഥകവും ഫലശൂന്യവുമായ വാർഷിക ധ്യാന പരിപാടിയിലേക്ക് ഞങ്ങളില്ല എന്നും, ഞങ്ങൾ അതേ ദിവസങ്ങളിൽ തന്നെ രൂപതയുടെയും ഞങ്ങളുടെയും വളർച്ചയെ മുന്നിൽ കണ്ടുകൊണ്ട് സംഘമായി മറ്റൊരു സ്ഥലത്തു തീവ്രമായ ധ്യാനം നടത്താൻ തീരുമാനിക്കുന്നതായും, ഒട്ടും താമസിയാതെ രൂപതയുടെ പൊതുനന്മയെ ലക്ഷ്യം വച്ചു ജനറൽ കോൺഫറൻസ് വിളിച്ചു കൂട്ടണമെന്നും കാണിച്ചുകൊണ്ട് പഴയ എട്ടു പേരിൽ 5 പേരും പുതിയ മുന്നു പേരും കൂടി എട്ടു വൈദികർ ഒപ്പിട്ടു കത്തയച്ചു.

ഒരു വർഷം കഴിഞ്ഞപ്പോഴാണ് ബിഷപ്പ് വൈദികരുടെ ജനറൽ കോൺഫറൻസിനു നോട്ടീസയച്ചത്. അതിൽ അജണ്ടയുമില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സൂപ്പും സൈഡ് ഡിഷുകളും പല കോഴ്സുകളും ഉൾപ്പെട്ട ഗംഭീര ഭോജ്യമല്ലാതെ മറ്റൊരു അജണ്ടയില്ലെന്നു സാരം. ഇതു ശരിയല്ല എന്നു കാട്ടിക്കൊണ്ടും കുറഞ്ഞപക്ഷം രൂപതയുടെ സാമ്പത്തിക പ്രതിസന്ധി, രൂപതാ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ നടത്തിപ്പ് ശൈലി തുടങ്ങിയവ എന്നിവയെങ്കിലും ചർച്ചചെയ്യണമെന്നും കാണിച്ചുകൊണ്ടും ഞങ്ങൾ 11 വൈദികർ കോൺഫറൻസിന് ഒരാഴ്ചമുമ്പ് പൂർണ സഹകരണം വാഗ്ദാനം ചെയ്തുകൊണ്ടുമുള്ള കത്തയച്ചു. അതിന്റെ കോപ്പി രൂപതയിലെ എല്ലാ വൈദികർക്കും ഞങ്ങൾ അയച്ചുകൊടുത്തു. ഫലമോ? ജനറൽ കോൺഫറൻസിൽ ബിഷപ്പിന്റെ

കോക്കസ് സംഘം ഞങ്ങളെ ക്രൂരമായി എതിർത്തിട്ട് നല്ല ഭക്ഷണവും നൽകി കാര്യം പര്യവസാനിപ്പിക്കുകയായിരുന്നു.

ഞങ്ങളുടെ മൂന്നു മാസത്തിലൊരിക്കലുള്ള കൂടിച്ചേരലിന് രഹസ്യ സ്വഭാവം ഒന്നും തന്നെയില്ലായിരുന്നു. പക്ഷേ, ഞങ്ങളെപ്പറ്റിയുള്ള ആരോപണം, രൂപതയെ അട്ടിമറിക്കാൻ അവർ രഹസ്യമായി കൂടി പ്ലാനിടുന്നു എന്നായിരുന്നു. അതു മനസിലാക്കിയപ്പോൾ മുതൽ 1982 അവസാനം തൊട്ട് തീയതി, സ്ഥലം, മുഖ്യ ചർച്ചാ വിഷയം, റിസോഴ്സ് പേഴ്സൺ ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര്, തുടങ്ങിയവ കാണിച്ചു കൊണ്ടുള്ള ക്ഷണക്കത്തു ഞാൻ ബിഷപ്പിനയയ്ക്കാൻ തുടങ്ങി. അവയ്ക്കൊന്നിനും ബിഷപ്പിന്റെ പ്രതികരണം ഉണ്ടായിട്ടില്ല.

കേരള ലത്തീൻ കത്തോലിക്ക മത്സ്യത്തൊഴിലാളി ഫെഡറേഷൻ കേരളാ സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ ആയി മാറ്റപ്പെട്ടത്, സഭയിലെ ചില നിക്ഷിപ്ത-ഇടുങ്ങിയ സാമുദായിക ചിന്താഗതിക്കാർക്കു അരോചകമായി തോന്നി. സ്വതന്ത്രന്മാർക്കു വേണ്ടി നിന്നവരെ ഒറ്റപ്പെടുത്താനും അപമാനിക്കാനും നിരീശ്വരരെന്നും മാർക്സിസ്റ്റുകാരെന്നും ലേബൽ ചെയ്തു മാറ്റാനുമുള്ള ശ്രമമുണ്ടായി. ഞങ്ങളുടെചെറിയ വൈദിക കൂട്ടായ്മ ഇടപെട്ടുകൊണ്ടു മത്സ്യത്തൊഴിലാളി സമൂഹം വിഭജിക്കപ്പെടാൻ പാടില്ലെന്നും ആ ജനവിഭാഗത്തിന്റെ മുഴുവൻ, അവർ ക്രിസ്ത്യാനികളോ മുസ്ലിങ്ങളോ ധീവരരോ ആയിക്കൊള്ളട്ടെ, വളർച്ചയ്ക്കും ഉന്നമനത്തിനും ആയിരിക്കണം യൂണിയന്റെ ഇടപെടലെന്നുമുള്ള നിലപാട് എടുത്തു. തുടർന്ന് ഇവ രണ്ടിനെയും പ്രത്യയശാസ്ത്രപരമായി ഒന്നിപ്പിക്കാൻ ശ്രമിച്ചു. ആ ശ്രമത്തെ ബിഷപ്പും സഭാധികാരികളും തുരങ്കം വയ്ക്കുകയാണ് ചെയ്തത്. അവിടെ ഞങ്ങൾ വ്യക്തമായും എല്ലാ സമുദായക്കാരെയും ഉൾക്കൊള്ളുന്ന കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷനിൽ അണിചേർന്നു. ജോസച്ചനും ഞാനും ഫെഡറേഷനിൽ സജീവമായി ഇടപെട്ടു. ജോസച്ചൻ ആലപ്പുഴ ജില്ല ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയന്റെ പ്രസിഡന്റും പിന്നെ സംസ്ഥാന പ്രസിഡന്റുമായി. ഞാൻ ആലപ്പുഴ ജില്ല ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയന്റെ വൈസ്-പ്രസിഡന്റും കൊല്ലം ജില്ല ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയന്റെ പ്രസിഡന്റും വരെയായി. എല്ലാ രീതിയിലും ഞങ്ങൾ 'സ്വതന്ത്ര' ഫെഡറേഷന്റെ ഭാഗമായി പ്രവർത്തിച്ചു.

ഇങ്ങനെ ഫാ. ജോസ് ജെ കളീക്കലിനെ സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുത്തു കഴിഞ്ഞപ്പോൾ രസകരമായൊരനുഭവമുണ്ടായി. തെരഞ്ഞെടുപ്പു ഫലം ബിഷപ്പും വൈദികസമൂഹവും അറിഞ്ഞു. വൈദികർ എല്ലാവരും വാർഷിക ധ്യാനം കഴിഞ്ഞു സെന്റ് റഫേൽ സെമിനാരിയിലുണ്ട്. അവർ ബിഷപ്പിന്റെ അധ്യക്ഷതയിൽ പൊതുയോഗം കൂടി. തൊട്ടുപിറ്റേ ദിവസം ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഫാ. ജോസ് ജെ കളീക്കലിന്റെ നേതൃത്വത്തിൽ കൊല്ലത്തു മത്സ്യത്തൊഴിലാളികളുടെ വൻശക്തി പ്രക

ടനം ഉണ്ടായിരിക്കും എന്ന നോട്ടീസ് അവർ ശേഖരിച്ചു പൊതുയോഗ ത്തിൽ അവതരിപ്പിച്ചു. തുടർന്നു ഇതു ഒരു കാരണവശാലും അനുവദി ക്കരുതെന്നും ജോസച്ചൻ അങ്ങനെ ജാഥനയിച്ചാൽ അതു സഭയുടെ ഔദ്യോഗിക നിലപാടിനെതിരാണെന്നും അതുകൊണ്ട് യോഗത്തി ലുണ്ടായിരുന്ന ഒട്ടുമിക്കവരും സംസാരിച്ചു. ഓരോ സംസാരത്തിനും സദ സിൽ നിന്നു സമ്മതിച്ചു കൊണ്ടുള്ള കൈയടി ഉണ്ടായി. ഏതാണ്ടു ക്രൂര മായൊരവസ്ഥ. ഫാദർ കസ്മീർ തോമസ് വളരെ നാടകീയമായ രീതി യിൽ സ്റ്റേജിലേക്ക് ഒരു കസേര എടുത്തിട്ട് അതിലിരുന്നുകൊണ്ട് ഞാനാണു കൊല്ലം ബിഷപ്പ് എന്നു പറഞ്ഞാൽ നിങ്ങൾ അംഗീകരി ക്കുമോ? എന്നു ചോദിച്ചതും, സദസ് ഏതാണ്ട് എല്ലാവരും തന്നെ കൈയ ടിച്ചു പൈശാചികമായി ആർപ്പു വിളിച്ചതും അന്നത്തെപ്പോലെ ഇന്നും എന്റെ ഓർമയിൽ സജീവമാണ്. ട്രന്റ് സജീവമായപ്പോൾ എനിക്കു സംസാരിക്കണം എന്നു കാണിച്ചുകൊണ്ടു ഞാൻ കൈ ഉയർത്തിപ്പി ടിച്ചു. ബിഷപ്പ് എനിക്ക് സംസാരിക്കാൻ അവസരം നൽകി. ഞാനെഴു ന്നേറ്റ് ഏതാണ്ടിങ്ങനെ പറഞ്ഞു: ‘ഇവിടെ പൊതുവായി അവതരിപ്പിച്ച രീതിയിൽ ജോസച്ചൻ തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അദ്ദേഹത്തെ തീർച്ച യായും ശിക്ഷിക്കണം. പക്ഷേ ശിക്ഷ നടപ്പാക്കുന്നതിനു മുൻപ് അദ്ദേ ഹത്തെ കേൾക്കുക സ്വാഭാവിക നിയമമാണ്. തീരുമാനം അതു കഴി ഞ്ഞേയാകാവൂ.’ ഞാൻ പറഞ്ഞു തീർന്നില്ല. പലരും ചാടി വീണുകൊണ്ടു പറഞ്ഞു, ‘എന്തിനദ്ദേഹത്തെ കേൾക്കണം, അദ്ദേഹം പേരെഴുതി ഒപ്പു വച്ചിരിക്കുന്ന നോട്ടീസ് ആധികാരിക തെളിവാണല്ലോ, അതിനായി സമയം കളയേണ്ട കാര്യമില്ല.’ ഈ രീതിയിൽ പോയി മിക്കവരുടെയും പ്രതികരണങ്ങൾ. ഏതാണ്ടു ശിക്ഷിക്കാനുള്ള തീരുമാനം എടുക്കുന്ന വക്കുവരെ കാര്യങ്ങൾ നീങ്ങിക്കഴിഞ്ഞു. വീണ്ടും ഞാൻ കൈ ഉയർത്തി പ്പിടിച്ചുകൊണ്ട് ഏറെ നേരം നിന്നു. ഇനി അലോഷ്യസ് സംസാരിച്ചിട്ടു കാര്യമൊന്നുമില്ല എന്നുവരെയായി സദസ്യരിലെ ബഹു. വൈദിക ശ്രേഷ്ഠർ! പക്ഷേ ബിഷപ്പ് വീണ്ടും സംസാരിക്കാൻ എന്നെ ക്ഷണിച്ചു, ഞാൻ ഇങ്ങനെ പറഞ്ഞു: ‘ശിക്ഷയ്ക്കു മുൻപ്, എത്ര വലിയ തെറ്റു ചെയ്തവനായാലും അവനെ കേൾക്കുക വെറും സ്വാഭാവിക നിയമമാണ്, സാമാന്യ നീതിയാണ്. ഇനി ഈ വൈദിക സദസ്സ് ജോസച്ചനെ ശിക്ഷി ക്കാനാണു തീരുമാനിക്കുന്നതെങ്കിൽ, എന്റെ വ്യക്തമായ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുവേണം ശിക്ഷിക്കുവാൻ. മാത്രമല്ല വിയോജിപ്പോടു കൂടിയ ഈ തീരുമാനം എഴുതിവായിച്ചിട്ടു വേണം പാസ്സാക്കുവാൻ.’ എന്റെ അഭിപ്രായം വീണ്ടും ഞാൻ ആവർത്തിച്ചു.

ബിഷപ്പ് എന്നെ ശ്രദ്ധയോടെ കേട്ടു. തുടർന്നു ബിഷപ്പ് ഇടപെട്ടു. ജോസച്ചനെ കേൾക്കേണ്ടതുണ്ട്. അതിനായി ജോസച്ചനെ ക്ഷണിച്ചു കൊണ്ടുള്ള ഒരു കത്തു ബിഷപ്പു തന്നാൽ, ആരാണ് ജോസച്ചനെ ചെന്നു കണ്ടു കത്തുകൊടുത്തു അദ്ദേഹത്തെ ഇന്നുതന്നെ ബിഷപ്പിന്റെടുത്തു ഹാജരാക്കുന്നത് എന്നുള്ള ചോദ്യത്തിനു രൂപതയിലെ പ്രധാന ചുമത

ലകൾ വഹിക്കുന്ന 6 പേർ മുന്നോട്ടു വന്നു. ഉടൻ തന്നെ യോഗം പിരിച്ചുവിട്ട്, അവർ കത്ത് ഡ്രാഫ്റ്റ് ചെയ്യാൻ തുടങ്ങി.

എന്റെ അഭിപ്രായത്തോടു യോജിപ്പുള്ള, എന്നാൽ യോഗത്തിൽ ഒരക്ഷരം മിണ്ടാതിരുന്ന, ഒരു സഹ വൈദികനെ (അദ്ദേഹത്തിന്റെ പേരു പറയുന്നില്ല, കാരണം ഇന്നദ്ദേഹം സഭാസ്ഥാപനത്തിന്റെ ഏതാണ്ടു തലപ്പത്തിരുന്നു സ്ഥാനവും സുഖവും സമ്പത്തും നുണച്ചിറക്കുന്ന ഒരു വൈദികനാണ്) ഞാൻ മോട്ടോർ സൈക്കിളിൽ ജോസച്ചൻ ഇരുന്ന സ്ഥലത്തേക്ക് വിട്ടു. അദ്ദേഹം ജോസച്ചനെയും പുറകിലിരുത്തി ആറ്റിങ്ങൽ ബസ്റ്റാൻഡിലെത്തിച്ച് തിരുവനന്തപുരത്തേക്കുള്ള ബസു കയറ്റിയിട്ടു തിരികെവന്നു വിവരം പറഞ്ഞു. നമ്മുടെ ആറംഗ കമീഷൻ മൂന്നു കാറുകളിൽ ജോസച്ചൻ സാധാരണ പോകാറുള്ള ഇടവകകളിലും കുടുംബങ്ങളിലുമൊക്കെ ബിഷപ്പിന്റെ കത്തുമായി പോയി. അവർക്കു ജോസച്ചനെ കണ്ടെത്തി കത്തുകൊടുക്കാൻ സാധിച്ചില്ല. അങ്ങനെ പിറ്റേന്നു ഉച്ചകഴിഞ്ഞു രണ്ടു മണിക്കു കൊല്ലം വാടിയിൽ നിന്നും ആരംഭിക്കുന്ന മത്സ്യത്തൊഴിലാളി ശക്തി പ്രകടന ജാഥയ്ക്കു മുമ്പിൽ ജോസച്ചൻ നിലയുറപ്പിച്ചു. ജാഥ നയിച്ചു. ഇതു സമരതന്ത്രം. ഇവിടെ ഞാനിതു വിവരിച്ചതു ബിഷപ്പ് ജോസഫിന്റെ ഉള്ളിലെ നീതിബോധത്തെ എടുത്തു കാട്ടാനാണ്. ഹൃദയത്തിൽ സത്യസന്ധതയുണ്ടെങ്കിലും ഘടനയുടെ മുമ്പിൽ നിസ്സഹായനായി, അതിന്റെ ഭാഗമായിപ്പോകുന്ന ദയനീയാവസ്ഥയുടെ ഇരയാണല്ലോ പാവം ഈ ബിഷപ്പ് എന്നോർത്തുപോയി.

ബിഷപ്പും സഭാധികാരികളുമായുള്ള ഞങ്ങളുടെ ഇടപെടലിൽ തീർത്തും മടുപ്പ് അനുഭവപ്പെട്ടു. എല്ലാ കാര്യങ്ങളും അൽപ്പം വിശദമായി കാണിച്ചുകൊണ്ടു അവസാനമായി പ്രതികരിക്കാൻ ചെറുവൈദികസംഘം തീരുമാനിച്ചു. അങ്ങനെ 1983 നവംബർ 28ൽ ഞങ്ങളുടെ താൽപ്പര്യങ്ങളും സ്വപ്നങ്ങളും ഇടപെടലുകളും വ്യതിരിക്ത പ്രവർത്തനരീതികളും കാഴ്ചപ്പാടുകളും ദർശനവുമൊക്കെ വ്യക്തമാക്കുന്ന ദീർഘമായൊരു കത്തയച്ചു. അതിൽ ഞങ്ങൾ എട്ടുപേരാണ് ഒപ്പിട്ടത്. പ്രതികരണം ഒന്നും ലഭിച്ചില്ല. തുടർന്നു ഞങ്ങൾ കൂടിയിട്ടു ഇങ്ങനെ ചിന്തിച്ചു. അനങ്ങാപ്പാറനയമാണു കത്തുകളോടു കാണിക്കുന്നത്. അതേസമയം തീർത്തും നീതിയുക്തമല്ലാത്ത കൂട്ട സ്ഥലം മാറ്റം നടത്തുകയും ചെയ്തു. അപ്പോൾ ഇനി ഇങ്ങനെ സമയം കളയേണ്ട കാര്യമില്ല. ഈ 12 കത്തുകൾ എല്ലാം അതേപടി ക്രോഡീകരിച്ചു. *A Crisis and our Faith Response* എന്ന തലക്കെട്ടിൽ ഒരു ലഘുരേഖ പുറത്തിറക്കി. 1984 മാർച്ച് 27 ൽ അതു കൊല്ലം രൂപതയിലെ എല്ലാ വൈദികർക്കും അയച്ചുകൊടുത്തുകൊണ്ട് സംഘമായുള്ള എഴുത്തിനും പ്രതികരണത്തിനും പ്രതിഷേധത്തിനും വിരാമമിട്ടു. മാത്രമല്ല, കൂട്ട സ്ഥലമാറ്റത്തിന്റെ ഓർഡറിനെ സ്വീകരിക്കാതെ സംഘമായി നിലയുറപ്പിച്ച ഞങ്ങളുടെ ഇടയിൽ നിന്നു തന്നെ വഞ്ചനയുണ്ടായപ്പോൾ, സംഘശക്തി തളർന്നു. പിന്നെ അങ്ങോട്ട് ഉണ്ടായതൊക്കെ വ്യക്തിഗതമായ ഇടപെടലുകളും

പ്രതിരോധങ്ങളുമാണ്. അവിടെയും എനിക്ക് ദീർഘമായ ഒരു കഥയുണ്ട്. അതു വളരെ ചുരുക്കിമാത്രം ഇവിടെ കുറിക്കാം.

പത്തനംതിട്ടയിൽ നിന്ന് പടപ്പക്കരയ്ക്കുള്ള സ്ഥലമാറ്റവുമായി ബന്ധപ്പെട്ടു അവിടെനടന്ന ജനകീയ നീക്കങ്ങളെപ്പറ്റിയും അതിനു ഉപോൽബലകമായി അവർ പ്രസിദ്ധീകരിച്ച കത്തുകളും, ലഘു ലേഖകളും, എല്ലാരീതിയിലും ഊർജം പകരുന്നവയായിരുന്നു. അവർ വിമോചന വിശ്വാസ സംരക്ഷണ പ്രസ്ഥാനത്തിനു (അനുബന്ധം 5) രൂപം കൊടുത്തു. അതിന്റെ കൺവീനറായ 'ശ്രീ തങ്കച്ചൻ ചെമ്പകത്തിനാൽ ലത്തീൻ കത്തോലിക്കാ സഭയിലെ കൊല്ലം രൂപതാധ്യക്ഷന് അയച്ച ഒരു തുറന്ന കത്ത്,' *പ്രതിഷേധ മെമ്മോറാണ്ടം* (അനുബന്ധം 6), 'കൊല്ലം രൂപതാധ്യക്ഷന് ഒരു തുറന്ന കത്ത് *ഈ പോക്ക് ആർക്കുവേണ്ടി?* (അനുബന്ധം 7) *സാബത്ത് മനുഷ്യനുവേണ്ടിയോ മനുഷ്യൻ സാബത്തിനു വേണ്ടിയോ?* (അനുബന്ധം 8) എന്ന മൂന്നു ലഘു ലേഖകളാണ്, മറ്റു നോട്ടീസുകൾക്കു പുറമേ അവർ പ്രസിദ്ധീകരിച്ചത്. അതിന് കൊല്ലം ബിഷപ്പിന് എന്നോടു പറയാനുണ്ടായിരുന്നത് ദലിത് ക്രൈസ്തവർ അങ്ങനെ എഴുതുകയില്ല, ഞാൻ എഴുതിക്കൊടുത്തു; അതവർ അവരുടെ പേരുവച്ചു പ്രസിദ്ധീകരിച്ചു എന്നായിരുന്നു. സത്യത്തിൽ അതിൽ ഒരു വാക്കുപോലും ഞാൻ പറഞ്ഞുകൊടുത്തതല്ല. അവർ പുറത്തിറക്കിയപ്പോൾ മറ്റുള്ളവർ കണ്ടതുപോലെ എനിക്കും വായിക്കാൻ കിട്ടി. അത്രമാത്രം.

ബിഷപ്പ് എന്റെ ഈ മൊഴി സ്വീകരിക്കാൻ തയാറായില്ല. രൂപതയുടെ വികാരി ജനറലും അതാവർത്തിച്ചു. ആദ്യം വിഷമം തോന്നി, പക്ഷേ വീണ്ടുവിചാരം എന്നെ അഭിമാന പുളകിതനാക്കി. വാസ്തവത്തിൽ എന്റെ ഒരു രീതിയിലുമുള്ള സഹകരണവും സഹായവും ഇല്ലാതെ, ബൈബിളിൽ നിന്നും രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളിൽ നിന്നുമുള്ള ഉദ്ധരണികളൊക്കെ ചേർത്തുകൊണ്ടുള്ളതും തീർത്തും പഠനാർഹമായ ദൈവശാസ്ത്ര വിചിന്തനത്തിൽ അടിയുറച്ചതുമായ ലഘുലേഖകൾ അവർ തന്നെ രൂപപ്പെടുത്തി എഴുതിയതിലുള്ള അഭിമാനം വലുതാണ്. അപ്പോൾ കഴിഞ്ഞ മൂന്ന് വർഷത്തെ എന്റെ പ്രയത്നം അസ്ഥാനത്തല്ല എന്ന ബോധ്യം സംതൃപ്തി നൽകി. അവരുടെ കുറിപ്പുകളിലുണ്ടായിരുന്ന ഉൾക്കാഴ്ചകൾ ചെറുതല്ല. ഉദാഹരണത്തിനു ചില വാചകങ്ങൾ ഉദ്ധരിക്കട്ടെ:

'ഏതാണ്ടു 2000 വർഷങ്ങൾക്കു മുൻപ് ഭരണാധികാരികളാലും പുരോഹിത വർഗത്താലും തള്ളപ്പെട്ടിരുന്ന കുഷ്ഠരോഗികൾ, അംഗഹീനർ, കുരുടർ, വേശ്യകൾ, മീൻപിടുത്തക്കാർ, ചുങ്കക്കാർ എന്നിവരുടെ ഇടയിലേക്ക് സധൈര്യം ഇറങ്ങിച്ചെല്ലുവാൻ യേശുവിനു കഴിഞ്ഞു. നഗ്നരുടെയും പീഡിതരുടെയും നിന്ദിതരുടെയും ഇടയിൽ സ്വയം വിധിയെ പഴിച്ച് നെടുവീർപ്പിടുന്ന ജനങ്ങളിലായിരുന്നു യേശു ദൈവരാജ്യത്തിന്റെ അടിസ്ഥാനം കണ്ടെത്തിയത്. ഈ അടിസ്ഥാന വർഗത്തിന്റെ ഉയർത്തെ

ഴുന്നേൽപ്പിലൂടെ സാധ്യമാകുന്ന ദൈവരാജ്യത്തിന് വേണ്ടിയായിരുന്നു യേശു ശിഷ്യന്മാരെ വിളിച്ചതും. ആ പാരമ്പര്യം ആനുകാലിക സാഹചര്യത്തിൽ തുടരുന്നതിന് ബദ്ധശ്രദ്ധനായിരുന്നു ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ്....'

'വിശ്വാസം കേവലമായ പ്രാർഥനയുടെ ഉരുവിടലല്ലെന്നും, മറിച്ച് ജീവിക്കുന്ന സാഹചര്യങ്ങളുടെ വെല്ലുവിളികളെ സ്വയം ഏറ്റെടുക്കുന്നതിലൂടെയാണ് വിശ്വാസത്തിനു ജീവൻ നൽകാൻ കഴിയുന്നതെന്നും അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചു.'

'വ്യവസ്ഥാപിത സഭയുടെ പരമ്പരാഗത ശൈലിയിൽ നിന്നും തികച്ചും വ്യത്യാസപ്പെട്ട അച്ചന്റെ പ്രവർത്തനങ്ങൾ പ്രേഷിത പ്രവർത്തനത്തിന്റെ അർഥവത്തായ പുതിയ രൂപങ്ങളെപ്പറ്റിയും ഇടവകയുടെ അർഥവ്യാപ്തിയെപ്പറ്റിയും പുതിയ മാനങ്ങൾ നൽകുന്നവയാണ്....... അദ്ദേഹത്തിന്റെ പ്രസംഗവും, അതിലുപരി അദ്ദേഹത്തിന്റെ ജീവിതവും, വിശ്വാസത്തെപ്പറ്റിയുള്ള പുത്തൻ ദർശനവുമാണ് ഞങ്ങളെ അദ്ദേഹത്തിലേക്ക് കൂടുതൽ അടുപ്പിച്ചത് ....'

'പ്രാർഥനയുടെ യാന്ത്രികമായ ഉരുവിടലല്ലായിരുന്നു അച്ചന്റെ പ്രവർത്തനം. ബന്ധിതർക്കു വിമോചനവും പീഡിതർക്കാശ്വാസം പകരുന്നതും, അതിലൂടെ മനുഷ്യന്റെ സമഗ്രമായ വിമോചനത്തിന് വഴി തെളിക്കാൻ കഴിയുന്നതുമായ ആരാധനയ്ക്ക് പുതിയ രൂപഭാവങ്ങൾ നൽകാൻ അദ്ദേഹത്തിനു കഴിഞ്ഞു. അൾത്താരയിൽ നിന്ന് ആൾക്കൂട്ടത്തിലേക്കിറങ്ങിയ അലോഷ്യസച്ചന്റെ പേരിലുള്ള കുറ്റമെന്താണെന്ന് ഞങ്ങൾക്ക് മനസിലാകുന്നില്ല .....'

ബിഷപ്പിനെ അഭിസംബോധന ചെയ്തുകൊണ്ട്, 'പിതാവേ, ജനങ്ങളിലാണ് യേശുവിനെ കണ്ടെത്തേണ്ടത്. യഥാർഥമായ ശക്തി ജനങ്ങളോടുകൂടെ ദൈവം ഇരിക്കുമ്പോഴാണ്. നമുക്ക് എല്ലാവർക്കും തോളോടുതോൾ ചേർന്ന് പുതിയ ആകാശത്തിനും പുതിയ ഭൂമിക്കും വേണ്ടി വിശ്വാസത്തിലൂടെ മുന്നേറാം.'

ഇന്നത്തെ വ്യവസ്ഥാപിതമായ സഭയെ വസ്തു നിഷ്ഠമായി വിലയിരുത്തിയിട്ടു അവർ താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിചേരുന്നു.

1. ചരിത്രത്തിൽ പ്രവർത്തിച്ച ദൈവത്തെ, സമകാലിക മനുഷ്യചരിത്രത്തിലെ പോരാട്ടങ്ങളുടെ പശ്ചാത്തലത്തിൽ മനസിലാക്കുന്നതിൽ നിന്നും സഭ ബോധപൂർവം അകന്നുനിൽക്കുന്നു.
2. വിശ്വാസം എന്നതു വാഴ്ചകളോടും ആധികാരിക ശക്തികളോടുമുള്ള ക്രിയാത്മകമായ എതിർപ്പിൽ നിന്നും ഉരുത്തിരിയുന്നതാണ്. ഇതിനനുസൃതമല്ലാത്ത ഏതു സാഹചര്യങ്ങളിലേയും എന്തു നിലപാടും യാഥാസ്ഥിതികതയുടെ നിലനിൽപ്പിനും അങ്ങനെ വിഗ്രഹാരാധനയ്ക്കും ഇടനൽകുന്നു.
3. സാമൂഹിക നീതിക്കും സാഹോദര്യത്തിനും സമത്വത്തിനും വേണ്ടി ഇന്നു നടമാടുന്ന മനുഷ്യന്റെ സത്യാന്വേഷണങ്ങളെ തള്ളിപ്പറയുന്ന

വർഗങ്ങളുടെ മർദന ഉപകരണമായി നിൽക്കുവാനുള്ള സഭയുടെ വ്യഗ്രതയാണിത്.

4. അക്രമത്തിലേക്കു തിരിയുന്ന മുതലാളിത്ത സമൂഹത്തിന്റെ സാംസ്കാരിക ഉപകരണം എന്നതിൽ നിന്നും വ്യത്യസ്തമായി, ദൈവരാജ്യം പ്രഖ്യാപിച്ച ക്രിസ്തുവിന്റെ തിരുശരീരമാണ് സഭയെന്നുള്ള കാഴ്ചപ്പാടിൽ നിന്നും വിരുദ്ധമാണിത്.

നിലവിലിരുന്ന സാമൂഹ്യ വ്യവസ്ഥിതിയെ വിമർശിച്ചുകൊണ്ട് ദൈവരാജ്യത്തിന്റെ മർമം വിളിച്ചറിയിച്ച യേശുവിന്റെ ശബ്ദമാണ്, 'കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്; ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യവുമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു (ലൂക്ക 4:18,19) എന്ന വാക്യങ്ങളിലൂടെ മുഴങ്ങികേൾക്കുന്നത്....'

'അൾത്താര പോലുള്ള 'വിശുദ്ധ' സ്ഥലങ്ങൾ പൗരോഹിത്യ മേധാവികളുടെ സ്വകാര്യസ്വത്തായിത്തീർത്തിരിക്കുകയാണ്. ദൈവത്തിന്റെ സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെക്കുറിച്ചുള്ള വേദപുസ്തക കാഴ്ചപ്പാടിന്റെ വ്യതിചലനമാണിത് (ഉൽപ്പത്തി 1:27). പുരുഷമേധാവിത്വം നിലവിലിരിക്കുന്ന സാമൂഹ്യ ജീവീതത്തിന്റെ പ്രതിഫലനമാണിത്.......'

'ആചാരാനുഷ്ഠാനങ്ങളേക്കാളും നിയമങ്ങളെക്കാളും യേശു പ്രാധാന്യം നൽകിയത് മനുഷ്യനാണ്. 'സാബത്തു മനുഷ്യനു വേണ്ടിയാണ്; മനുഷ്യൻ സാബത്തിനുവേണ്ടിയല്ല' എന്ന തിരുവചനം എവിടെയും എന്നും ഇന്നും അർഥമുള്ളതാണ്. ദൈവ നീതിക്കുവേണ്ടി 'ഉത്തരവാദിത്തപ്പെട്ട അനുസരണക്കേട്' സുവിശേഷത്തിന്റെ കാതലാണ്. അനീതിയെ ചോദ്യം ചെയ്യുന്ന പ്രവാചികതയാണ് യഥാർഥമായ ക്രിസ്ത്യാനിത്തം; സമ്പന്ന വർഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കലല്ല........'

'ഞങ്ങളുടെ ജീവിതത്തിന്റെ തുടിപ്പുകൾ ഇല്ലാത്ത ആരാധനയും ഗാനങ്ങളും മാറ്റം ചെയ്യേണ്ടതാണെന്നു ഞങ്ങൾ തീരുമാനിച്ചു. ആരോ മുൻപ് എഴുതി തയാറാക്കിയ പ്രാർഥനകളുടെ യാന്ത്രിക ഉരുവിടലുകളാണല്ലോ ഇന്നത്തെ ആരാധന. ഞങ്ങളുടെ വേദനയും പ്രത്യാശയും ഉൾക്കൊള്ളുന്ന പുത്തൻ ആരാധനാ ശൈലികളും ഗാനങ്ങളും ഞങ്ങൾ ക്രമീകരിച്ചു. അടങ്ങിക്കിടന്നിരുന്ന ജനത്തിന്റെ മുന്നേറ്റം സഭാ നേതൃത്വത്തിനിളക്കം തട്ടിച്ചു. സഭയുടെ ഏകാധിപത്യത്തിനും പ്രഭുത്വത്തിനും ഉലച്ചിൽ തട്ടുമെന്നു മനസിലാക്കിയ സഭാധികാരികൾ ശിക്ഷണ നടപടികളുമായി രംഗത്തുവന്നു.........'

'സ്ഥാപിത മതത്തിന്റെ കൽത്തുറുങ്കിൽ കുടിയിരിക്കുന്ന ഒരു ദൈവമല്ല ഞങ്ങളുടെ ദൈവം. അനീതികളെയും അടിച്ചമർത്തലുകളെയും

ചോദ്യം ചെയ്യുന്ന, പുതിയ ഭൂമിയുടെയും പുതിയ ആകാശത്തിന്റെയും സൃഷ്ടിക്കുവേണ്ടി ചരിത്രത്തിൽ പ്രവർത്തിക്കുന്ന വിമോചകനായ ദൈവമാണു ഞങ്ങളുടെ മാർഗദർശി. വേദപുസ്തകത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്ന വിമോചന വിശ്വാസം സംരക്ഷിക്കപ്പെടേണ്ടത് ഞങ്ങളുടെ കടമയാണെന്ന് ഞങ്ങൾ മനസിലാക്കുന്നു........'

മൂന്നു വർഷം പത്തനംതിട്ട ജനതയോടൊപ്പമുള്ള ജീവിതവും ചർച്ചകളും പഠനങ്ങളും നടന്നു, 'അങ്ങനെ എഴുതുകയില്ല' എന്നു ബിഷപ്പു പറഞ്ഞ അതേ ദലിത് ക്രൈസ്തവർ ഇങ്ങനെയൊക്കെ എഴുതാൻ കരുത്തും വ്യക്തതയും ആർജിച്ചതിലുള്ള അഭിമാനം വലുതാണ്. ഇന്നും അവർക്കു ഇതിനേക്കാൾ അർഥ സമ്പുഷ്ഠമായ രീതിയിൽ പ്രതികരിക്കാനും സംസാരിക്കാനും എഴുതാനും കഴിയും എന്നതാണ് വസ്തുത.

പടപ്പക്കര പരമ്പരാഗത ലത്തീൻ കത്തോലിക്കർ മാത്രം തിങ്ങി പാർക്കുന്നിടത്തേക്ക് സ്ഥലം മാറ്റിയതിനെപ്പറ്റി ബിഷപ്പിന്റെ ഏറ്റവും അടുത്ത കുറച്ചു വൈദിക ശ്രേഷ്ഠരോടു ബിഷപ്പു പറഞ്ഞതു ഇങ്ങനെ: അവിടെ (പടപ്പക്കര) അലോഷ്യസച്ചന്റെ വെളച്ചിൽ നടക്കുകയില്ല. കുർബാനകൾക്കും മറ്റു ഔദ്യോഗിക കർമങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അവിടെ ഉണ്ടായേ പറ്റൂ. അല്ലെങ്കിൽ അവിടുത്തെ ജനം കൈകാര്യം ചെയ്തു കൊള്ളും. ആ ഗ്രൂപ്പിൽ ഒരാൾ എന്നോടു താൽപ്പര്യമുള്ള വ്യക്തിയായിരുന്നു. അദ്ദേഹമാണിത് എന്നോടു പറഞ്ഞത്. തുടർന്നദ്ദേഹം 'ഇനി അലോഷ്യസച്ചൻ സൂക്ഷിച്ചുവേണം പ്രവർത്തനങ്ങൾ നടത്താൻ' എന്നും സ്നേഹ ബുദ്ധ്യാ പറഞ്ഞു. ഇതു എന്നോടു പങ്കു വെച്ചതിൽ അദ്ദേഹത്തോടു നന്ദിയുണ്ട്. പക്ഷേ ഈ അറിവ് എന്നിലുണ്ടാക്കിയ വികാരം നേരെ തിരിച്ചായിരുന്നു. ബിഷപ്പിന്റെ ഈ മനസിലിരിപ്പിനെ ഞാൻ ഒരു വെല്ലുവിളിയായി ഏറ്റെടുത്തു. പടപ്പരക്കരയിൽ കാലുകുത്തിയ നാൾ മുതൽ അവിടെ നിന്നും പിരിയും വരെ എല്ലാ കാര്യത്തിലും സജീവമായി ഇടപെട്ടു. പ്രത്യേകിച്ചു സഭേതര തൊഴിലാളി പ്രസ്ഥാനങ്ങളിലും അവരുടെ സംഘാടനത്തിലും അവരുടെ സമരങ്ങളിലുമായിരുന്നു എന്റെ സജീവ ശ്രദ്ധ. എല്ലാ ഇടവകക്കാരുടെയും ആധ്യാത്മിക കാര്യങ്ങളിൽ മിനിമം ശ്രദ്ധിച്ചിട്ട് സാമൂഹ്യ- രാഷ്ട്രീയ- തൊഴിലാളി പ്രസ്ഥാനങ്ങളിലുള്ള പ്രവർത്തനങ്ങൾക്ക്, ബൈബിളിൽ നിന്നും സഭാ പഠനങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട്, പ്രാമുഖ്യവും മുൻഗണനയും നൽകാനും ഞാൻ ശ്രദ്ധിച്ചു. എന്റെ വിലയിരുത്തലിൽ, 16 വർഷത്തെ ഔദ്യോഗിക പൗരോഹിത്യ ശുശ്രൂഷയിൽ പടപ്പക്കരയിലെ മുന്നു വർഷമാണ് ഏറ്റവും അർഥ സമ്പുഷ്ടമായ ശുശ്രൂഷ നടത്തിയതും; അതുപോലെ ശക്തമായ എതിർപ്പ് ഉണ്ടായതും. ഇതു യേശു ദർശനത്തിന്റെ അവിഭാജ്യഘടകമാണ് എന്നു എനിക്ക് നല്ല വ്യക്തതയുണ്ട്.

ഇവിടെ പടപ്പക്കരവെച്ചാണു ബിഷപ്പുമായി ഒത്തിരിയേറെ കത്തിടപാടുകൾ ഉണ്ടായത്. അവയിലേക്ക് ചെറു സൂചനകൾ മാത്രം കുറിക്കട്ടെ.

കൊല്ലം ബിഷപ്പ് ജോസഫ് 1984 ജൂലൈ 23ൽ (No. 748/84) 'മത്സ്യത്തൊഴിലാളി സംഘടനകൾ' (അനുബന്ധം 9) എന്ന സർക്കുലർ അതിനടുത്ത ഞായറാഴ്ച പൊതുജനം സമ്മേളിക്കുന്ന എല്ലാ ദേവാലയങ്ങളിലും എല്ലാ കുർബാനമധ്യത്തിലും പരസ്യമായി വായിക്കേണ്ടതാണ് എന്ന നിർദേശത്തോടെ പുറത്തിറക്കി. അതിൽ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ നേതൃനിരയിലുള്ള വൈദികരെയും കന്യാസ്ത്രീകളെയും കുത്തിപ്പറയുകയും സഭയുടെ അരുമയായ വൈദിക നേതൃത്വമുള്ള സംഘടനയെ താങ്ങിപ്പറയുകയും ചെയ്യുന്ന രീതിയാണു കണ്ടത്. അതു സമാപിക്കുന്നത് ഇങ്ങനെയാണ്. 'ആകയാൽ നേതൃത്വം സഭയുടെ പ്രബോധനങ്ങളെ അംഗീകരിച്ചുകൊണ്ട് തെറ്റായ മാർഗങ്ങൾ ഉപേക്ഷിക്കുക, നീതിയുടെയും സമാധാനത്തിന്റെയും മാർഗത്തിലൂടെ പൊതുജനനന്മയ്ക്കായി പ്രവർത്തിക്കുക; അതിനവർ തയാറായില്ലെങ്കിൽ തെറ്റായ പ്രവർത്തന ശൈലി പഠിപ്പിക്കുന്ന, ദൈവ പ്രമാണങ്ങളെയും സഭാ മേലധ്യക്ഷന്മാരുടെ ഉപദേശങ്ങളെയും, കാനോൻ നിയമങ്ങളെയും ധിക്കരിക്കുന്ന, ധിക്കരിക്കാൻ പ്രേരിപ്പിക്കുന്ന, നേതൃത്വത്തെ പൊതുജനങ്ങൾ ഉപേക്ഷിക്കണം.' തീർത്തും സുഖകരമല്ലാത്തൊരു സർക്കുലർ. ഇടവകയിൽ രണ്ടു യൂണിയനുകളും ഉണ്ട്. ഏതാണ്ടു 65-70% ജനങ്ങളും മത്സ്യത്തൊഴിലാളികൾ. സർക്കുലർ കൈയിലെത്തിയപ്പോൾ തന്നെ അതു പള്ളിയിൽ പരസ്യമായി വായിക്കുകയില്ലെന്നു ബിഷപ്പിനെ അറിയിച്ചു. കത്തിങ്ങനെ: 'വന്ദ്യ പിതാവേ, ലേഖനത്തിനു നന്ദി. ഇടവകയിൽ കൂടുതൽ പ്രശ്നമുണ്ടാകാൻ സാധ്യത ഉള്ളതുകൊണ്ടും കുർബാനയിൽ വിശ്വാസികളുടെ കൂടിവരവിന്റെ സ്വാഭാവത്തിനു നിരക്കാത്തതായതുകൊണ്ടും സർക്കുലർ നാളെ ദിവ്യബലിമധ്യത്തിൽ പരസ്യമായി വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിറുത്തുന്നു. സ്നേഹത്തോടെ- ഫാ. അലോഷ്യസ് ഡി ഫെർണാന്റസ്. ഒപ്പ്.' (1984 ജൂലൈ 28).

ഈ സർക്കുലറിനെതിരെ കൊല്ലം ജില്ല സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയൻ കൊല്ലം മെത്രാനു ഒരു തുറന്ന കത്തു തന്നെ അയച്ചു. അതു തുടങ്ങുന്നതിങ്ങനെ: 'മത്സ്യത്തൊഴിലാളി സംഘടനകൾ എന്ന തലക്കെട്ടിൽ ഇടവകകൾതോറും വായിക്കാൻ അങ്ങയച്ച ലേഖനം കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷനെ മനഃപൂർവം അവഹേളിക്കാൻ വേണ്ടിയുള്ളതാണെന്ന് ഞങ്ങൾ മനസിലാക്കുന്നു. തെറ്റായ ആരോപണങ്ങളും മുൻവിധികളും കൊണ്ട് നിറച്ച ഈ ലേഖനത്തിന്റെ ഗൂഢോദ്ദേശ്യം ഈ തൊഴിലാളി സംഘടനയെ തകർക്കാൻ വേണ്ടിയാണെന്നുള്ളത് വ്യക്തമാണ്........ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ മേഖലയിൽ വസിക്കുന്നു എങ്കിലും അവരുടെ അനുദിന ജീവിത പ്രശ്നങ്ങളിൽ ഇന്നുവരെ ഇടപെട്ടിട്ടില്ലാത്ത അങ്ങ് അരമനയിലിരുന്നുകൊണ്ട് കുറേ തത്വങ്ങളും ആരോപണങ്ങളും പാവങ്ങളുടെ തലയിൽ കെട്ടിത്താഴ്ത്തിയാൽ അവരത് അപ്പടി ആർത്തിയോടെ വെട്ടിവിഴുങ്ങുമെന്നു സങ്കൽപ്പിച്ചാൽ അതു മൗഢ്യമാണ്. വൈദികരുടെ മാത്രം നേതൃത്വത്തിലുള്ള

ഏതോ ധർമസ്ഥാപനമെന്ന് ഫെഡറേഷനെ കരുതരുതെന്ന് ഒരഭ്യർഥന യുണ്ട്. പലരും ചിന്തിക്കുന്ന രീതിയിലും പ്രവർത്തിക്കുന്ന ശൈലിയിലും പ്രകടമാക്കുന്ന ഏകാധിപത്യ പ്രവണതയെ താലോലിക്കുന്ന വൈദിക നേതൃത്വമല്ല ഞങ്ങൾക്കുള്ളത്. ഒരു കാര്യം വ്യക്തമാക്കിക്കൊള്ളട്ടെ. നിരീ ശ്വരരെന്നോ അക്രമികളെന്നോ ഞങ്ങളെ വിളിച്ചാലും ശിക്ഷണ നടപടി കൾക്ക് വിധേയരാക്കി ക്രൂശിച്ചാലും ക്രിസ്തു പഠിപ്പിച്ച ദൈവരാജ്യവും നീതിയും സമൂഹത്തിലും സഭയിലും പ്രാവർത്തികമാക്കാൻ ഞങ്ങൾ യത്നിക്കും, തീർച്ച. ആദിമ സഭയുടെ ചൈതന്യമുള്ള പാവങ്ങളുടെ സഭയായി ഇന്നത്തെ സഭയും സഭാനേതൃത്വവും മാറണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനു വേണ്ടി ജീവൻ കൊടുക്കാനും സന്നദ്ധത യുള്ള അനേകർ ഞങ്ങളോടൊപ്പമുണ്ട്. പാവങ്ങളുടെ മോചനത്തിനായി ജീവൻ അർപ്പിക്കുക എന്നത് ക്രൈസ്തവ ധർമവും പൗരോഹിത്യ ധർമ വുമായി ഞങ്ങൾ കരുതുന്നു. തൊഴിലാളി സമരത്തിൽ പങ്കു ചേരുക എന്നത് പൗരോഹിത്യ ശുശ്രൂഷയുടെയും സമർപ്പണത്തിന്റെയും ഭാഗം തന്നെയാണ്. ജീവൻ പോലും ഹോമിക്കാൻ തയാറായി രംഗത്തിറങ്ങിയ ധീരസേനാനികളായ വൈദിക നേതൃത്വത്തെ ചില നിയമങ്ങൾ കൊണ്ടു വരിഞ്ഞുകെട്ടാനും അവർക്ക് അപമാനവും കുരിശുമരണവും നൽകാനും ശ്രമിച്ചാൽപ്പോലും ഇക്കൂട്ടർ പിന്മാറില്ലെന്ന് ഓർക്കുന്നതു നന്ന്... അതേസമയം, കഴിഞ്ഞ ആറു വർഷം പ്രതീക്ഷയോടെ കാത്തിരുന്ന ഞങ്ങൾക്കു കടുത്ത നിരാശയും ദുഃഖവുമാണ് അങ്ങയുടെ ഭരണത്തിൽ ലഭിച്ചത്. പാവങ്ങളെപ്പറ്റി ആത്മാർഥമായ കരുതലില്ലാത്ത, ഉത്തരവാ ദിത്വബോധമില്ലാത്ത, നീതിബോധമില്ലാത്ത, അങ്ങയുടെ നേതൃത്വത്തിൽ ഞങ്ങൾ ലജ്ജിക്കുന്നു...' (അനുബന്ധം 10)

ഇങ്ങനെ ശക്തമായ പ്രതികരണങ്ങൾ പലവശങ്ങളിൽ നിന്നുമു ണ്ടായി. അതോടൊപ്പം ഈ ലേഖനം വായിക്കാതിരുന്ന എന്നെപ്പോലെ ഫാ. സോളമൻ കാഞ്ഞിരകോടും, ഫാ. വിൻസെന്റ് മച്ചാഡോ ചെമ്മ ക്കാടും പെരുമണിലും, ഫാ. റൊമാൻസ് ആന്റണി കല്ലടയിലും വായി ച്ചില്ല. അതിൽ പ്രതിഷേധിച്ചുകൊണ്ടു രൂപതാധ്യക്ഷന്റെ കൽപ്പനകളെ ധിക്കരിക്കുന്ന പക്ഷം ഇടവകാംഗങ്ങൾ നിങ്ങളെയും ധിക്കരിക്കേണ്ടി വരു മെന്ന് സ്നേഹബുദ്ധ്യാ മുന്നറിയിപ്പു നൽകാനാഗ്രഹിക്കുന്നു എന്നു കാണിച്ച് ചില കുഞ്ഞാടുകൾ തുറന്ന കത്തിറക്കിയിട്ട്, ബിഷപ്പിന് അതിന്റെ കോപ്പിയും അയച്ചുകൊടുത്തു. എന്റെ പടപ്പക്കര ഇടവകയിൽ ഈ നോട്ടീസ് വിതരണം ചെയ്യുകയും എന്നെ ചോദ്യം ചെയ്യാൻ പ്ലാനിട്ട് ഒരുസംഘം വികാരക്ഷോഭത്തോടെ വരികയും ചെയ്തു. അവരെ വേണ്ട വിധം ബൗദ്ധികമായി തന്നെ കാര്യങ്ങൾ പറഞ്ഞു മനസിലാക്കിയിട്ട്, എന്റെ കാനോനിക മേലധികാരിയായ ബിഷപ്പിനെ കാര്യങ്ങൾ തെര്യ പ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ട്, ഏതാണ്ടു സമാധാനപൂർവം പറഞ്ഞയക്കുകയാണ് ഞാൻ ചെയ്തത്. എന്റെ മറുപടിക്ക് പ്രതികരി ക്കാതെ ജനുവരി 9, 1985 ൽ (No. 850/85) ബിഷപ്പ് ഒരാരോപണം ഉന്ന

യിച്ചുകൊണ്ട് എനിക്കൊരു കത്തയച്ചു. വിശുദ്ധ കുർബാന പള്ളിയുടെ മൂന്നു സ്ഥലത്തുവെച്ചിട്ട്, താൽപ്പര്യമുള്ളവർക്കു വന്ന് എടുത്തു ഭക്ഷിക്കാമെന്നു ഞാൻ പള്ളിയിൽ പരസ്യപ്പെടുത്തി എന്നാണാരോപണം. അദ്ദേഹത്തിനു കിട്ടിയ റിപ്പോർട്ടു ശരിയാകണമെന്നില്ല. ഇനി അങ്ങനെ വല്ല പ്ലാനും എനിക്കുണ്ടെങ്കിൽ അതു സഭാരീതിക്ക് എതിരാണ്; അത് അനുവദനീയമല്ല. കുർബാന ഓരോരുത്തരുടെയും നീട്ടിയ നാക്കിൽ വെച്ചുകൊടുക്കുന്ന പരമ്പരാഗത രീതിതന്നെ കർശനമായി തുടരണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് കത്ത്. സത്യത്തിൽ ഇതു തീർത്തും കിംവദന്തിയാണെന്നു ഞാൻ മറുപടി അയച്ചു.

ഉടൻ അടുത്ത അഞ്ചുപേജ് വരുന്ന നീണ്ട കത്ത് 1985 ജനുവരി 16ന് (No. 534/85) അയയ്ക്കുകയാണുണ്ടായത്. ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ അതിന്റെ ഉള്ളടക്കമിതാണ്. കാനോനികമായി ശിക്ഷാനടപടി എടുക്കുന്നതിന്റെ ആദ്യപടിയായിട്ടുള്ള ഷോകോസ് നോട്ടീസും ഉപദേശവും താക്കീതുമാണീ കത്ത്. എന്റെ പ്രവർത്തന മണ്ഡലങ്ങളായിരുന്ന പത്തനംതിട്ട, മാവേലിക്കര, പടപ്പക്കര, എന്നീ സ്ഥലങ്ങളിലെ ഇടപെടലുകളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു കുറ്റാരോപണങ്ങൾ.

പത്തനംതിട്ടയിൽ എന്റെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ടു നടന്ന ജനങ്ങളുടെ എല്ലാ മുന്നേറ്റങ്ങളും എഴുത്തുകളും എന്റെ തന്നെ സൃഷ്ടിയാണെന്നാണ് ബിഷപ്പ് തറപ്പിച്ചു പറയുന്നത്. അതായതു മെമ്മേറാണ്ടവുമായി ജനത്തെ കൊല്ലം അരമനയിലേക്കു വിട്ടതും, ചാർജു കൊടുക്കാൻ വന്ന ഫൊറോനാ വികാരി ഫാദർ വിനാംസിയെയും എന്റെ പിൻഗാമിയായി ചാർജെടുക്കാൻ വന്ന എന്റെ സഹപാഠി ഫാ. വാൾട്ടർ മോറിസിനെയും പള്ളി സ്ഥലത്തിന്റെ ഗയിറ്റു പൂട്ടി അവരെ പുറത്തുനിർത്തിയിട്ടു തിരികെ പറഞ്ഞുവിട്ടതുമെല്ലാം ഞാൻ ജനത്തെ ഒരുക്കി ചെയ്യിപ്പിച്ചതാണെന്നു ബിഷപ്പിനു വ്യക്തമായി ബോധ്യപ്പെട്ടിരിക്കുന്നു. പത്തനംതിട്ടയിലെ മൂന്നു പ്രധാനപ്പെട്ട ഇടവകകളായ പുത്തൻ പീടിക, നാരങ്ങാനം, മഞ്ഞനിക്കര എന്നീ സ്ഥലങ്ങളിൽ പോയി അന്വേഷിച്ചിട്ടാണ് ഈ ആരോപണങ്ങൾ/വസ്തുതകൾ നിരത്തുന്നതെന്നും അദ്ദേഹം പറയുന്നു.

1. പള്ളിമേടയിൽ സ്ത്രീകൾ തുടർച്ചയായി താമസിക്കുന്നു: കുളി, തുണികഴുകൽ, ഭക്ഷണം, ഉറക്കം എല്ലാം അവിടെ നടക്കുന്നു. മോട്ടോർ സൈക്കിളിന്റെ പുറകിൽ സ്ത്രീകളെ വച്ചു യാത്ര ചെയ്യുന്നു. ചില സെമിനാറിന്റെ പേരിലാണ് എല്ലാം നടക്കുന്നത്. സെമിനാറിന്റെ സ്വഭാവമോ മാർക്സിസത്തെ തലയിൽ അടിച്ചേൽപ്പിച്ചിട്ട്, ജനത്തെ സഭയ്ക്കും സഭയുടെ പഠനത്തിനും എതിരെ ഉണർത്തുക എന്നതാണ്.
2. ഇതിന്റെ വെളിച്ചത്തിൽ പത്തനംതിട്ട പള്ളിയിൽ സ്ഥാപിച്ചിരുന്ന കുരിശിന്റെ വഴിയുടെ പടങ്ങളും മറ്റു രൂപങ്ങളും, കുരിശുരൂപം ഉൾപ്പെടെ എടുത്തുമാറ്റി. പകരം ആകെ ഒരു തടിക്കുരിശു മാത്രം പ്രതിഷ്ഠിച്ചു. ജ്ഞാനസ്നാനതൊട്ടി ഇടിച്ചുകളഞ്ഞു. കുർബാനയിൽ ജനകീയ

ഗാനങ്ങൾ ആലപിച്ച്, വിപ്ലവകരമായ ആശയങ്ങൾ പരത്തുന്നു. സഭയുടെ അനുഷ്ഠാനങ്ങൾക്കു വിരുദ്ധമായി സ്വതന്ത്രമായി സ്വന്തം രീതിയിൽ കുർബാന അർപ്പിക്കുന്നു. കുമ്പസാരം എന്ന കൂദാശയെ നിരുത്സാഹപ്പെടുത്തുന്നു. *ബൈബിൾ* വായന കൂടുതലും യുദ്ധത്തിനും രക്തച്ചൊരിച്ചിലിനും ഇടയാക്കിയിട്ടുള്ള പുറപ്പാടു പുസ്തകത്തിൽ നിന്നും മറ്റുമാണ്. എന്റെ പ്രസംഗങ്ങൾ മാർക്സിസം, അക്രമം, വിപ്ലവം, രക്തച്ചൊരിച്ചിൽ ഒക്കെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലാണ്.

3. നാരങ്ങാനത്ത് ഒരു വീടും സ്ഥലവുമുണ്ടെന്നും അവിടെയും പടപ്പക്കരയിൽനിന്നും ഇപ്പോഴും പോയി സെമിനാറും മറ്റും നടത്തുന്നു എന്നുപറയുന്നു. അന്യന്റെ അധികാര മേഖലയിലെ കടന്നു കയറ്റമാണിത്; അതിന് എനിക്കവകാശമില്ല.

മാവേലിക്കരയിൽ ബിഷപ്പിന്റെ നിർദേശത്തിനെതിരായി ഒരു വാടക വീട്ടിൽ എം ജെ എം എന്ന പേരിൽ ഒരു സെന്റർ തുടങ്ങിയിരിക്കുന്നു. അവിടെ ബാലികാബാലന്മാരെയും യുവതീയുവാക്കളെയും സംഘടിപ്പിച്ച് മാർക്സിസത്തെപ്പറ്റി സെമിനാറും ക്ലാസുകളും നടത്തുന്നു. പാവപ്പെട്ട ആളുകളെ തെറ്റിധരിപ്പിക്കാൻ *ബൈബിൾ* ഉദ്ധരണികൾ ഉപയോഗിക്കുന്നു. മറ്റു ചില വൈദികരും അവിടെ വന്ന് രാത്രിയും പകലും അവിടെ താമസിക്കുന്നു. സെമിനാറുകൾ കഴിഞ്ഞിട്ടും, കൊച്ചുമോളെപ്പോലുള്ള അച്ചന്റെ ഇഷ്ടരുമൊത്തും അല്ലാതെയും സ്ഥിരമായി അവിടെ സ്വൈരവിഹാരം നടത്തുകയും ചെയ്യുന്നു. മാവേലിക്കര എം ജെ എം സെന്റർ ഒരു ദുർമാതൃകാ കേന്ദ്രമായി മാറിയിരിക്കുന്നു എന്നും കർശന നടപടി എടുക്കണമെന്നും ധാരാളം പരാതി കിട്ടിയിട്ടുണ്ടെന്നും എടുത്തു കാട്ടുന്നു. അവിടെയും ആരാധനാക്രമത്തിന്റെ നിയമങ്ങൾ അനുസരിക്കാതെ കുർബാനയും മറ്റും അനുഷ്ഠിക്കുന്നു.

എം ജെ എം സെന്ററിനെപ്പറ്റി പറയുമ്പോൾ രസകരമായൊരു സംഭവം കൂടി കുറിക്കേണ്ടതുണ്ട്. പരിവർത്തനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസം എന്ന തുടർപരിപാടി നടത്തിക്കൊണ്ടിരുന്ന ഇൻഫന്റ് ജീസസ് സ്കൂൾ ഇനി അതിനായി കൊടുക്കാൻ പാടില്ലെന്ന് സ്കൂൾ നടത്തിക്കൊണ്ടിരുന്ന ബഹു. കന്യാസ്ത്രീകളോടു കൽപ്പിച്ചതിന്റെ വെളിച്ചത്തിലാണ്, മാവേലിക്കര പുതിയകാവിനടുത്ത് കല്ലുംപുറത്ത് ശ്രീ. എബ്രഹാം സാറിന്റെ വക വീടു വാടകയ്ക്ക് എടുത്തു പരിപാടി തുടർന്നു നടത്തിപ്പോന്നത്. രണ്ടുവർഷത്തിനകം സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം വച്ചു മാറിക്കൊള്ളാമെന്ന വ്യവസ്ഥയിൽ രണ്ടു കൊല്ലത്തേക്കായിരുന്നു വാടക കെട്ടിടം എടുത്തത്. ഞാനുമായിട്ടായിരുന്നു വാടക കരാർ എഴുതിയിരുന്നത്. ഏതാണ്ടു 6 മാസമായപ്പോഴേ കുറച്ചു സ്ഥലം എം ജെ എമ്മിന്റെ പേരിൽ ഞങ്ങൾ വാങ്ങിച്ചു കഴിഞ്ഞു. 8 മാസം കഴിഞ്ഞിരിക്കെ ഒരുദിവസം എബ്രഹാം സാർ എന്നെ വിളിച്ച് ഇങ്ങനെ പറഞ്ഞു: 'നിങ്ങളുടെ ബിഷപ്പിന്റെ ഒരു കത്ത് എനിക്കു കിട്ടി. ഇനി ഒരുവർഷവും നാലു മാസവും കഴിഞ്ഞേ അതിലെ വിവരം ഞാൻ പറയുകയുള്ളൂ,'

സമ്മതിച്ചു. വളരെ വേഗം എം ജെ എമ്മിന്റെ പ്ലാനും മറ്റും ശരിയാക്കി. എല്ലാവരുടെയും നിസ്സീമമായ സഹകരണത്തോടെ കെട്ടിടം പണി പൂർത്തിയാക്കി. ഒന്നരവർഷം കഴിഞ്ഞപ്പഴേ അതിന്റെ ഉൽഘാടനം നടത്തി; വാടക കെട്ടിടം ഒഴിഞ്ഞുകൊടുത്തു. അപ്പോൾ എബ്രഹാം സാർ ബിഷപ്പിന്റെ കത്ത് എന്നെ കാണിച്ചു. അതിലെ പ്രതിപാദന വിഷയമിതാണ്. 'ഫാ. അലോഷ്യസും മറ്റു സഹവൈദികരും മാർക്സിസ്റ്റുകാരാണ്. വാടകയ്ക്ക് വീടു കൊടുത്താൽ അവർ ഇറങ്ങിപ്പോവുകയില്ല. അവകാശവാദങ്ങൾ ഉന്നയിക്കും. അതുകൊണ്ട് വാടകക്കെട്ടിടത്തിൽ നിന്ന് എത്രയും വേഗം എങ്ങനെയും ഒഴിവാക്കണം. അല്ലെങ്കിൽ ഏറെ പ്രശ്നങ്ങളെ ഭാവിയിൽ നേരിടേണ്ടി വരും.' തുടർന്ന് എബ്രഹാം സാർ ഇങ്ങനെ പറഞ്ഞു: 'അലോഷ്യസച്ചനാണ് എന്നോടു രണ്ടു വർഷത്തെ അവധി പറഞ്ഞത്. വാക്കു പാലിക്കുമെന്ന് എനിക്കു നല്ല ഉറപ്പുണ്ടായിരുന്നു. അതുകൊണ്ടു ബിഷപ്പിന്റെ കത്തിനു ഞാൻ യാതൊരു വിലയും കൽപ്പിച്ചില്ല. ഒരു ബിഷപ്പിന് ഇത്ര തരംതാഴാൻ പറ്റുമോ?' ഏതായാലും വർഷം 28 കഴിഞ്ഞിട്ടും എബ്രഹാം സാറുമായുള്ള ബന്ധം ഇന്നും തുടരുന്നു.

പടപ്പക്കരയിൽ നിന്നും പല പരാതികളും ലഭിക്കുന്നുണ്ടെന്നും വിശ്വാസയോഗ്യമായവരിൽ നിന്നാണ് അദ്ദേഹത്തിന് അറിവുകളും വിവരങ്ങളും ലഭിക്കുന്നതെന്നും ആമുഖമായി പറഞ്ഞിട്ടു കുറ്റാരോപണങ്ങൾ നിരത്തുകയായി. പ്രത്യേകിച്ച് നാലു കാര്യങ്ങൾ.

1. കുമ്പസാരം എന്ന കൂദാശ ഗൗരവമായി എടുക്കുന്നില്ല. ജനം ആവശ്യപ്പെടുമ്പോൾ, പലപ്പോഴും തീർത്തും ലാഘവബുദ്ധിയോടെയാണു പ്രതികരിക്കുന്നത്.
2. പ്രസംഗത്തിൽ മാർക്സിസത്തിന്റെ ഗന്ധം ഉണ്ട്.
3. ദിവ്യകാരുണ്യത്തിന്റെ 'ആരാധന'യെ (adoration) ദിവ്യകാരുണ്യത്തിന്റെ 'വണക്കം' (veneration) എന്നു നോട്ടീസിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. ദൈവത്തിനവകാശപ്പെട്ടത് ആരാധനയാണ്, വണക്കമല്ല. പ്രൊട്ടസ്റ്റന്റിസത്തിലേക്കുള്ള ചായ്‌വായിട്ടാണു ബിഷപ്പതിനെ ചിത്രീകരിച്ചിരിക്കുന്നത്.
4. ഇടവകയിൽ സ്ഥിരമായി താമസിക്കണം എന്ന നിയമം ലംഘിച്ചുകൊണ്ടു പലപ്പോഴും ഇടവകയ്ക്കു പുറത്താണ് താമസം; പ്രവർത്തനങ്ങളോ, ഇടവകയുടെ വളർച്ചയ്ക്കുള്ള അജപാലന പ്രവർത്തനങ്ങളല്ല; മറിച്ച്, മാർക്സിസ്റ്റു സെമിനാറിലും മാറ്റുമാണ് ഇടപെടുന്നത്.

തുടർന്നു പൊതുവായിട്ട് ഒരു നിരീക്ഷണം കൂടി നടത്തി. ദരിദ്രപക്ഷം എന്നു പറയുന്നതു സത്യസന്ധവും ഉൾക്കാമ്പുള്ളതുമാകട്ടെ. *ബൈബിളും* വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളും സ്വന്തം കാഴ്ചപ്പാടിന് ഉതകുംവിധം ഉദ്ധരിക്കാതിരിക്കുക. സഭയുടെ പഠനത്തിന് അനുയോജ്യമായി മാത്രം *ബൈബിളി*നെ വ്യാഖ്യാനിക്കുക.

ഇവയുടെയെല്ലാം വെളിച്ചത്തിൽ ആറു കാര്യങ്ങൾ ചെയ്യാൻ ഉപദേശിക്കുകയും അനുസരിക്കാൻ നിർദേശിക്കുകയും ചെയ്യുന്നു.

1. മാവേലിക്കരയിലെ എം ജെ എം സെന്ററും നാരങ്ങാനത്തു തോന്ന്യാമലയിലെ സെന്ററും അടച്ചു പൂട്ടുക.
2. തിരുവല്ലായിലെ ഡൈനാമിക് ആക്ഷൻ സംഘവുമായുള്ള ബന്ധം അവസാനിപ്പിക്കുക.
3. ബിഷപ്പ് ഏൽപ്പിച്ച ജോലികൾ ചെയ്യുന്നതിൽ ശ്രദ്ധിക്കുക. ഇടവകയ്ക്കു പുറത്തുള്ള മറ്റു വിവിധ പ്രവർത്തനങ്ങൾ നിറുത്തിവയ്ക്കുക.
4. നിയമാനുസൃതം ഇടവകയിൽ സ്ഥിരതാമസം (rule of residence) ഉറപ്പുവരുത്തുക.
5 മാർക്സിസത്തോടുള്ള കമ്പം അവസാനിപ്പിക്കുക; പ്രത്യക്ഷമായോ പരോക്ഷമായോ അതു പരത്താതിരിക്കുക.
6 കളങ്കരഹിതമായ ബ്രഹ്മചര്യം പാലിക്കുക.

സുഖകരമല്ലാത്ത മറ്റു നടപടികളിലേക്കുപോകാതിരിക്കാൻ, ഇവയെ ഉപദേശമായും താക്കീതായും കണ്ടു സഹകരിക്കാനുള്ള ആഹ്വാനത്തോടെയാണ് കത്തു സമാപിക്കുന്നത്.

1985 മാർച്ച് 3 ൽ ഇതിന് ഏഴു പേജുകൾ അടങ്ങുന്ന വിശദമായൊരു മറുപടിക്കത്തു ഞാൻ ബിഷപ്പിനയച്ചു. ഇങ്ങനെയൊരു ഷോകോസ് നോട്ടീസ് തരാതെ കാര്യങ്ങൾ തുറന്ന ചർച്ചയിലൂടെ വ്യക്തത വരുത്തുന്നതായിരുന്നു കൂടുതൽ ഉത്തമമെന്ന ആമുഖത്തോടെയാണു ഞാൻ തുടക്കം കുറിച്ചത്. കാര്യങ്ങൾ പലതും വസ്തുനിഷ്ഠമല്ല; ചിലവ ഭാഗിക സത്യമാണ്; ചിലവ സത്യമേയല്ല. അവിടെ എന്റെ സത്യസന്ധതയെ ചോദ്യം ചെയ്യുകയും വ്യക്തിത്വത്തെ അപമാനി (insult)ക്കുകയും ചെയ്യുന്ന വാക്കുകൾ വേദനാജനകമാണെന്ന് വ്യക്തമാക്കി.

ബിഷപ്പ് ഉന്നയിച്ച ഓരോ കാര്യങ്ങളെപ്പറ്റിയും അക്കമിട്ട് മറുപടി പറയുന്നതിനു മുൻപ്, ദൈവം, സഭ, സമൂഹം, വൈദിക ശുശ്രൂഷ എന്നിവയെപ്പറ്റിയുള്ള എന്റെ കാഴ്ചപ്പാടും ദർശനവും വ്യക്തമാക്കുന്ന ഒരു താത്വിക അവതരണം കൊടുത്തു. ഇവയൊക്കെ എന്റെ പല പുസ്തകങ്ങളിലും എഴുതിയിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

പത്തനംതിട്ടയിലേത് ഒരു അടഞ്ഞ അധ്യായമാണ്; പോസ്റ്റുമോർട്ടം നല്ലതിനല്ല. സ്ഥലംമാറ്റ ദിവസം നടന്നതു തീർത്തും ജനകീയമായ ഒരു മുന്നേറ്റമായിരുന്നു. അവിടെയെങ്ങും എനിക്കു യാതൊരുവിധമായ പങ്കാളിത്തവും ഇല്ലായിരുന്നു. അടഞ്ഞതിനെ കുത്തിപ്പൊക്കുന്നതിൽ നിക്ഷിപ്ത താൽപ്പര്യം കണ്ടേക്കാം. പക്ഷേ അതിന് എന്നെ കിട്ടുകയില്ലെന്നു പറഞ്ഞ് ആ അധ്യായം അടച്ചു.

മാവേലിക്കരയിലും തോന്ന്യാമലയിലുമുള്ള സെന്ററുകൾ അടച്ചു പൂട്ടാൻ എനിക്ക് അധികാരമില്ല. അവ രണ്ടു സ്വതന്ത്ര രജിസ്ട്രേഡ് സൊസൈറ്റികളാണ്. ഓരോന്നിനും അതിന്റേതായ ബൈലോയും ഉദ്ദേശലക്ഷ്യങ്ങളും കമ്മറ്റിയും പൊതുയോഗവും അംഗങ്ങളുമുണ്ട്. സൊസൈറ്റി നിലനിർത്തണോ അടച്ചുപൂട്ടണമോ എന്ന് അതിന്റെ പൊതുയോഗം തീരുമാനിക്കും. തിരുമേനിക്ക് എത്ര വലിയ അധികാരം ഉണ്ടാ

യാലും ഇന്ത്യാഗവൺമെന്റിന്റെ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഒരു സൊസൈറ്റിയെ അടച്ചുപൂട്ടാൻ അധികാരമില്ല. ബിഷപ്പിന്റെ രൂപതയിലെ ഞങ്ങൾ കുറച്ചു വൈദികർ അവയിലെ അംഗങ്ങളാണ്. ആകെ ചെയ്യാവുന്നത് അങ്ങാവശ്യപ്പെട്ടാൽ ഞങ്ങൾ അംഗത്വം രാജിവയ്ക്കാം. എങ്കിലും രണ്ടു സെന്ററുകളും സ്വതന്ത്രമായി തുടർന്നും പ്രവർത്തിച്ചുകൊണ്ടിരിക്കും. ഞങ്ങൾ മാറിയാൽ സഭയുടെ പരിപ്രേക്ഷ്യമോ യേശുദർശനമോ അവരുടെ പ്രവർത്തനങ്ങൾക്കു ശക്തിപകരാൻ പറ്റാതെവരും എന്നല്ലാതെ രണ്ടു സെന്ററുകളുടെയും നടത്തിപ്പിനെ അതു ബാധിക്കുകയില്ല.

പടപ്പക്കരയെപ്പറ്റിയുള്ള പരാമർശത്തിൽ വസ്തുനിഷ്ഠത തുലോം കുറവാണെന്നു കാണിച്ചുകൊണ്ട്, മറ്റു ജോലികളിൽ ഇടപെട്ടാലും, ഇടവകയുടെ എല്ലാ ജോലികളും കൃത്യമായി ചെയ്യുന്നുവെന്നു ഞാൻ വ്യക്തമാക്കി. 1400 കുടുംബങ്ങളിൽ കൂടുതലുള്ള പടപ്പക്കരയിലെ എല്ലാ വീടുകളിലും 10 മാസങ്ങൾകൊണ്ട് രണ്ടുപ്രാവശ്യം സന്ദർശിക്കുകയും മരണം, വിവാഹം തുടങ്ങിയ പ്രധാന സംഭവങ്ങൾ നടക്കുന്ന വീടുകൾ പ്രത്യേകം സന്ദർശിക്കുകയും ആവശ്യാനുസരണം മറ്റു വീടുകളും പലവട്ടം സന്ദർശിക്കുകയും ചെയ്തകാര്യം കൂടി ഓർമിപ്പിച്ചു. തുടർന്ന് അർഥവത്തും സമ്പന്നവുമായ ഡയലോഗിലൂടെ പരസ്പരം കൂടുതൽ മനസിലാക്കി പ്രവർത്തിക്കാൻ ഇടം ഇനിയും ഉണ്ടാകട്ടെ എന്നാശിച്ചുകൊണ്ടാണ് എന്റെ കത്ത് അവസാനിച്ചത്.

ഈ കത്തിന് ഏതാണ്ട് ഒരുവർഷം നീണ്ട നിശ്ശബ്ദതയായിരുന്നു മറുപടി. പക്ഷേ സഭാധികാരികളുടെ ഇടയിൽ പിറുപിറുപ്പും വിയോജിപ്പും എതിർപ്പും ഉള്ളതായി ഞാൻ ശ്രദ്ധിച്ചിരുന്നു. പക്ഷേ അത് എനിക്കൊരു പ്രശ്നമായിരുന്നില്ല. എന്റെ ജോലിയിൽ ശരിക്കും ഇടപഴകിത്തന്നെ മുന്നോട്ടു നീങ്ങി. പടപ്പക്കരയിൽ ബിഷപ്പിന്റെ കോർപ്പറേറ്റു മാനേജ്മെന്റിന്റെ അധീനതയിൽ ഒരു ഹൈസ്കൂളുമുണ്ട്. വികാരിയച്ചനാണു പ്രാദേശിക മാനേജർ. ഫാ. ജോസഫ് തോമസാണ് അവിടെ ഹൈസ്കൂൾ ആക്കിയത്. അതിനുള്ള ഒന്നാംനില കെട്ടിടം അദ്ദേഹം നിർമിച്ചു; രണ്ടാംനില കെട്ടിടം എന്റെ ഉത്തരവാദിത്വത്തിലും.

പരസ്യമായി പ്രകടമാക്കുന്നില്ലെങ്കിലും ഉള്ളിൽ അകൽച്ചയും പകയും വിദ്വേഷവും പ്രതികാരവും ഉണ്ടെന്നുള്ളതിന് ഒരു ഉദാഹരണം. സ്കൂളിന്റെ വാർഷികാഘോഷവും രക്ഷാകർതൃദിനവും 1986 മാർച്ച് 6 ൽ ആചരിക്കുന്ന ചടങ്ങിൽ ബിഷപ്പിനെ ഹെഡ്മാസ്റ്റർ നേരിട്ടു ക്ഷണിച്ചു. അദ്ദേഹം വരാമെന്ന് ഏൽക്കുകയും ചെയ്തു. സാധാരണരീതിയനുസരിച്ച്, ലോക്കൽ മാനേജരുടെ കത്തില്ലാതെ ബിഷപ്പ് ഒരു സ്കൂളിലെയും പരിപാടി ഏൽക്കുകയോ പങ്കെടുക്കുകയോ ചെയ്യുകയില്ല. ബിഷപ്പുമായി അൽപ്പ സ്വരചേർച്ചയില്ലെന്നു മനസിലാക്കിയ ഹെഡ്മാസ്റ്റർ, എന്നെ അറിയിക്കാതെ നേരിട്ട് ബിഷപ്പിനെ കണ്ടു ക്ഷണിച്ചു; ബിഷപ്പ് വരാമെന്നു സമ്മതിച്ചു. ഹെഡ്മാസ്റ്റർ നോട്ടീസ് തയാറാക്കി പ്രിന്റു ചെയ്തു. യോഗം

നടക്കേണ്ട ദിവസത്തിന്റെ തലേന്ന് ഉച്ചകഴിഞ്ഞു 3.30ന് ഒരു കവറിലിട്ട് ഒരു നോട്ടീസ് എനിക്ക് കൊടുത്തയയ്ക്കുകയായിരുന്നു ഹെഡ്മാസ്റ്റർ ചെയ്തത്. (ഇങ്ങനെ ചെയ്തതിനുള്ള അംഗീകാരമായി ഈ ചടങ്ങുകഴിഞ്ഞ് വളരെവേഗം അദ്ദേഹത്തിന്റെ സ്വന്തം നാട്ടിലുള്ള ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററായി അദ്ദേഹത്തെ നിയമിച്ചത് ഈ സംഭവത്തിന്റെ മറുവശം.) നോട്ടീസ് വായിച്ചപ്പോൾ എനിക്കു നല്ല വിഷമം തോന്നി. ഏതു നിസ്സാര കാര്യത്തിലും വികാരിയച്ചന്റെ കത്തുവേണമെന്നു നിർബന്ധമുള്ള ബിഷപ്പ്, ഇങ്ങനെ വലിയൊരു ചടങ്ങിൽ വികാരയച്ചന്റെയും സ്കൂളിന്റെ ലോക്കൽ മാനേജരുടെയും ക്ഷണം ഇല്ലാതെ വരുമോ എന്നാശങ്കയുണ്ടായിരുന്നു. വന്നാൽ സഹകരിക്കുകയില്ലെന്നു ഞാൻ തീരുമാനിച്ചു. ഉച്ചകഴിഞ്ഞ് രണ്ടുമണിയായപ്പോൾ അടുത്ത ഇടവകയായ കാഞ്ഞിരകോടു നേരത്തെ ഏറ്റ പരിപാടിയിൽ പങ്കടുക്കാൻ പോകുകയും ചെയ്തു. ബിഷപ്പു കൃത്യം 3.30നു തന്നെ എത്തി. പരിപാടികൾ നോട്ടീസിൻ പ്രകാരം നടന്നു. അടുത്ത ദിവസം ഞാൻ ബിഷപ്പിന് എഴുതി: '6-ാം തീയതി വൈകിട്ട് പടപ്പക്കര വന്നെന്നറിഞ്ഞു, തിരുമേനിയുടെ ഈ തരത്തിലുള്ള നടപടി എന്നെപ്പോലുള്ള പാവപ്പെട്ട വികാരിമാരോടു കാണിക്കാവുന്ന ഏറ്റവും വലിയ അവഹേളനമാണ്. നിശ്ശബ്ദമായിട്ട് അതങ്ങു മറക്കാമെന്നു കരുതിയിട്ട് മനസ്സ് അനുവദിക്കുന്നില്ല. കാരണം, തിരുമേനിയുടെ ഇങ്ങനെയുള്ള വരവു, ചിലർക്കു നല്ലപിള്ള ചമയാനും ഇടവകയിൽ കൂടുതൽ പ്രശ്നങ്ങളും ഭിന്നിപ്പും സൃഷ്ടിക്കാനും മാത്രമേ സഹായകമാകൂ. തിരുമേനിയുടെ ഈ നടപടിയിലുള്ള വേദന രേഖപ്പെടുത്തിക്കൊണ്ട് കത്തു ചുരുക്കുന്നു.' ബിഷപ്പിന്റെയും മറ്റു സഭാധികാരസ്ഥാനത്തുള്ളവരുടെയും ഇങ്ങനെയുള്ള അനാവശ്യ ഇടപെടലും അവരുടെ പക്ഷം പിടിച്ചുകൊണ്ട് ഇടവകയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കുറച്ചുപേരുടെ പ്രവർത്തനങ്ങളും എന്റെ പ്രവർത്തനമണ്ഡലം കലക്കാൻ നന്നേ ശ്രമിച്ചിട്ടുണ്ട്. പക്ഷേ പടപ്പക്കരയിലാണ് എന്റെ വൈദിക ശുശ്രൂഷയുടെ ഫലമായി ഏറ്റവും ശക്തമായ അടിത്തറ ഉണ്ടായത്. സിംഹഭാഗം ജനങ്ങളും എന്റെ കൂടെയുണ്ടായിരുന്നു. എന്റെ നിരവധിയായ ഇടപെടലുകളിൽ അവർ വളരെ സന്തുഷ്ടരുമായിരുന്നു.

പടപ്പക്കര കാലുകുത്തി ഇടവകയുടെ ഉത്തരവാദിത്വം ഏറ്റുകൊണ്ടു നടത്തിയ കന്നിപ്രസംഗത്തിൽ ഞാൻ അസന്ദിഗ്ധമായി പറഞ്ഞു: 'പടപ്പക്കരയിലുള്ള എല്ലാ ഇടവകക്കാരുടെയും പള്ളി സംബന്ധമായ കാര്യങ്ങൾ കൃത്യമായി ചെയ്തിരിക്കും. പക്ഷേ, എന്റെ മുൻഗണന തൊഴിലാളിവർഗത്തോടാണ്. പടപ്പക്കരയിൽ ബഹുഭൂരിപക്ഷവും മത്സ്യത്തൊഴിലാളികളും മണൽവാരൽ തൊഴിലാളികളും കശുവണ്ടിത്തൊഴിലാളികളുമാണ്. അവരോടുള്ള എന്റെ പ്രത്യേക മമതയും സമർപ്പണവും ഞാനീ അവസരത്തിൽ പുതുക്കുന്നു...' എന്റെ ഈ പ്രസ്താവം അക്ഷരാർഥത്തിൽ ഞാൻ നിറവേറ്റുകയായിരുന്നു. ഈ പ്രവർത്തനശൈലി യേശുദർശനവുമായി അഭേദ്യമാം വിധം അലിഞ്ഞുചേർന്നതാണ് എന്നെ

നിക്കു നല്ല ബോധ്യവുമുണ്ടായിരുന്നു. അതുകൊണ്ട് എന്റെ പ്രസംഗങ്ങൾക്ക് കുറിക്കുകൊള്ളുന്ന മൂർച്ച ഉണ്ടായിരുന്നു. അതു ഇടവകയിൽ ഒരു ധ്രുവീകരണം തന്നെ സൃഷ്ടിച്ചു. സ്ഥാപന സഭയുടെ ആനുകൂല്യങ്ങളിൽ ആകൃഷ്ടരും അധീശ-സമ്പന്ന വർഗത്തിന്റെ താൽപ്പര്യ സംരക്ഷകരും ഒന്നിച്ചു. അവരാണു ബിഷപ്പിനും മറ്റും എന്റെ പ്രസംഗത്തിന്റെ ഉള്ളടക്കവും എന്റെ ഓരോ ചലനങ്ങളും അവരുടെ മഞ്ഞക്കണ്ണാടിയിലൂടെ കണ്ട് ധരിപ്പിച്ചിരിക്കുന്നത്. അതേ സമയം ഇടവകയിലെ മിക്കവരും എന്റെ പ്രസംഗത്തെയും ക്ലാസുകളെയും കൊതിയോടെ കാതോർത്തിരുന്നു.

എന്നെ വല്ലാതെ സ്പർശിച്ച ഒരോർമ. 1985 ലെ വിശുദ്ധവാരം. വലിയ വ്യാഴാഴ്ചത്തെ കാൽകഴുകൽ ശുശ്രൂഷ. സുവിശേഷം വായിച്ചു കഴിഞ്ഞുള്ള  എന്റെ പ്രസംഗം തീർത്തും വികാര തീവ്രതയുള്ളതായിരുന്നു. യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി, വ്യവസ്ഥകളില്ലാതെ വ്യക്തമായി ദരിദ്രപക്ഷം പിടിച്ചു. അധീശ വർഗത്തെ (മഹാപുരോഹിതൻ, പുരോഹിത വർഗം, ഭരണാധികാരികൾ, ഫരീസിയർ, സദൂക്യയർ, സമ്പന്നർ) വ്യവസ്ഥകളില്ലാതെ അങ്ങേയറ്റം എതിർത്തു. ഫലമോ? അദ്ദേഹത്തിനു വെറും മൂന്നു വർഷംപോലും തികയ്ക്കാൻ സാധിച്ചില്ല. നിഷ്ഠൂരമാംവിധം കൊല്ലപ്പെട്ടു. ഞാനിതാ ശുശ്രൂഷ തുടങ്ങിയിട്ട് 15 വർഷം. ഒരു പ്രശ്നവുമില്ലാതെ മുന്നേറുന്നു. പല വൈദികരും അഭിമാനിക്കുന്നത് അവർ സുരക്ഷിതരായി പലതരത്തിലുള്ള ജൂബിലികൾ ആഘോഷിക്കുന്നതിലാണ്. എന്താണിതിന്റെ അർഥം? ഞാനോ ഇവരാരുമോ യേശുവിന്റെ പാതയല്ല പിൻതുടരുന്നത്. ദരിദ്രപക്ഷം പിടിക്കുക തീർത്തും ആപത്കരമായ ഒന്നാണ്. ഞാനിട്ടിരിക്കുന്ന ഈ തിളങ്ങുന്ന ആരാധനാ വസ്ത്രം തന്നെ യേശു വിരുദ്ധമാണ്. യേശുവിനു മാറിയുടുക്കാൻ ഒരു അങ്കിപോലും അധികമായില്ലായിരുന്നു. കുഞ്ഞായിരുന്നപ്പോൾ അമ്മയായ മേരി തുന്നി ധരിപ്പിച്ച  വസ്ത്രം പ്രായമാകുന്നതനുസരിച്ച് വളർന്നു എന്നുള്ള ഒരു ഭക്തപാരമ്പര്യ കഥയാണു നിലവിലുള്ളത്. കഥ വെറും കഥയാണെങ്കിലും യേശുവിനു വസ്ത്രഭ്രമമില്ലായിരുന്നു എന്നതാണു സത്യം. യേശുദർശനത്തോട് അൽപ്പം ആത്മാർഥതയും സത്യസന്ധതയും ഉണ്ടെങ്കിൽ ഈ പളുങ്കുവസ്ത്രം ഊരി വലിച്ചെറിഞ്ഞിട്ടാണ് കുർബാന അർപ്പിക്കേണ്ടതും ജീവിക്കേണ്ടതും എന്നു ശക്തമായി പ്രസംഗിച്ചു.

ശുശ്രൂഷ കഴിഞ്ഞിട്ട്, അതിൽ പങ്കെടുത്തിരുന്ന, ഇടവകയിൽ നല്ല അംഗീകാരമുള്ള ഒരു ലേഡീ ഡോക്ടർ എന്നെ വന്നു കണ്ടിട്ടു പറഞ്ഞു: 'പറഞ്ഞതൊക്കെ സത്യം. ഞാൻ വിചാരിച്ചു അച്ചൻ ആരാധനാ വസ്ത്രങ്ങൾ വലിച്ചൂരി ദൂരെ എറിയുമെന്ന്. തീർത്തും അർഥസമ്പുഷ്ടമായ വചനം മുറിക്കലായിരുന്നു ഇന്നത്തെ പ്രസംഗം.' അതിനവരോട്: 'അങ്ങനെ ചെയ്യണമായിരുന്നു. പക്ഷേ അതിനുള്ള ധൈര്യമായിട്ടില്ല.

അതിന്റെ വിലകൊടുക്കാൻ ഞാൻ ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. കൂടെ കാണുമല്ലോ.' എന്ന് പ്രതിവചിച്ചു. 'തീർച്ചയായും' എന്നു മറുപടിയും കിട്ടി. ഇങ്ങനെ പടപ്പക്കരയിൽ എന്റെ കൂടെ നടന്നവർ അനേകരാണ്. അതായിരുന്നു അവിടത്തെ ശുശ്രൂഷയിൽ എനിക്കു കിട്ടിയ ഏറ്റവും വലിയ സമ്പത്ത്.

16 വർഷത്തെ തിരക്കു പിടിച്ച വൈദിക ശുശ്രൂഷയും തൊഴിലാളി പ്രസ്ഥാനങ്ങളുമായുള്ള സജീവ ബന്ധവും എന്നെ നന്നേ ക്ഷീണിപ്പിച്ചു. ഇതുവരെയും ഒരവധിയും എടുത്തിട്ടില്ല. 1986 ജൂൺ മുതൽ രണ്ടു മാസത്തെ അവധിക്കായി ഞാൻ ബിഷപ്പിന് അപേക്ഷ നൽകി. ക്ഷീണവും അസുഖവുമുണ്ടെങ്കിൽ, ആദ്യം വേണ്ടത് ഇടവകയിൽ തന്നെ യിരുന്നു പ്രവർത്തിക്കുകയാണ്; അല്ലാതെ എല്ലായിടത്തും വ്യർഥമായി അലഞ്ഞുതിരിഞ്ഞ് ഓടി നടക്കുക (roaming around) യല്ല. അതവസാ നിപ്പിക്കുക, മാത്രമല്ല, അവധിക്കു പോകാനാണു തീരുമാനമെങ്കിൽ പട പ്പക്കരയിലെ കാര്യങ്ങൾ ശ്രദ്ധിക്കാൻ ഞാൻ തന്നെ മറ്റൊരു വൈദികനെ കണ്ടെത്തണം എന്നുകൂടി കാണിച്ചുകൊണ്ട് ബിഷപ്പിന്റെ (1986 മെയ് 1) മറുപടി വന്നു. അതിനു പടപ്പക്കരയ്ക്കു പകരം ആളിനെ കണ്ടെത്തുക ബിഷപ്പിനാണു കൂടുതൽ സൗകര്യം എന്നു കാണിച്ചുകൊണ്ട് ഒരു സന്യാസി അച്ചൻ വരാമെന്നു സമ്മതിച്ച കാര്യം (1986 മെയ് 14) അറി യിച്ചു. ആ കത്തിൽ roaming around എന്ന ബിഷപ്പിന്റെ കമന്റിനെയും ഇടവകയിൽ താമസിച്ചു പ്രവർത്തിക്കണമെന്നുള്ള നിയമത്തേയും (rule of residence)അധികരിച്ചു, കഴിഞ്ഞ രണ്ടു വർഷം കൊണ്ടു പടപ്പക്കര ഞാൻ ചെയ്ത കാര്യങ്ങൾ അക്കമിട്ട് എഴുതിയറിച്ചു. അത് ഇവിടെ ഉദ്ധ രിക്കുന്നതു ഫലപ്രദമായിരിക്കും.

1. പടപ്പക്കരയിലുള്ള 1400 ൽ ഏറെയുള്ള എല്ലാ വീടുകളും ചിട്ടയായി മൂന്നു പ്രവശ്യം സന്ദർശിച്ചു.
2. രോഗികളെ സന്ദർശിക്കുക, രോഗശയ്യയിലായിരിക്കുന്നവർക്കു മാസ ത്തിൽ ഒരിക്കൽ കൃത്യമായും കുർബാന വീട്ടിൽ ചെന്നു കൊടു ക്കുക, രോഗീലേപനം ആവശ്യാനുസരണം നൽകുക ഇതെല്ലാം പതിവ് പ്രവർത്തന രീതിയാണ്.
3. ഇടവക തിരുനാളുകളിൽ വെടിക്കെട്ടുപോലുള്ള ആഡംബരങ്ങൾ ഇല്ലാതാക്കിയിട്ട്, *ബൈബിൾ* കൺവെൺഷനുകൾക്കു പ്രാമുഖ്യം കൊടുത്തുകൊണ്ട് കൂടുതൽ അർഥവത്താക്കി. അങ്ങനെ ആഡം ബരങ്ങൾക്കും ആഘോഷങ്ങൾക്കുവേണ്ടി ചെലവാക്കാൻ ഉദ്ദേശി ച്ചിരുന്ന പണം ശേഖരിച്ചു പാവപ്പെട്ട കുട്ടികൾക്കു ടെസ്റ്റു ബുക്കു കളും നോട്ടുബുക്കുകളും വാങ്ങിക്കൊടുത്തു. *ബൈബിൾ* വാങ്ങാൻ പൈസ ഇല്ലാത്തവർക്ക് ഈ പൈസ കൊണ്ടു *ബൈബിൾ* വാങ്ങി ക്കൊടുത്തു.....
4. 11 ദിവസം നീണ്ടുനിന്ന ഇടവക നവീകരണ ധ്യാനം അഞ്ചംഗ വൈദിക ടീമിനെ കൊണ്ടു നടത്തിച്ചു.

5. മുഴുവൻ *ബൈബിളിന്റെ* 850 പ്രതികൾ വിതരണം ചെയ്തു. 500 പേർക്കു *ബൈബിൾ* വിതരണം നടത്തിയത് നല്ലൊരു പൊതു ചടങ്ങിൽ വച്ചു രൂപതാ വികാരി ജനറൽ മൊൺ. റൊസാരിയോ ആയിരുന്നു. രൂപതയ്ക്കൊരു ജീവിക്കുന്ന മാതൃകയാണെന്ന് എന്നെപ്പറ്റി അദ്ദേഹം അന്നു പ്രസംഗിക്കുകയും ചെയ്തു.
6. *ബൈബിളിനെ* അധികരിച്ചുള്ള ലഘുലേഖകളും ചെറുഗ്രന്ഥങ്ങളും ആയിരക്കണക്കിനു വിതരണം ചെയ്തു.
7. ഇടവക ജനതയ്ക്കു *ബൈബിളിനെ* പരിചയപ്പെടുത്തിക്കൊണ്ട് അഞ്ചു ദിവസത്തെ 10 ക്ലാസുകൾ പ്രസിദ്ധ *ബൈബിൾ* പണ്ഡിതൻ ഫാ. സാമുവേൽ രായൻ എടുത്തു. തുടർന്നു നടന്ന നൂറുകണക്കിനു *ബൈബിൾ* സെമിനാറുകൾക്ക് കളമൊരുക്കിയതും ഇത്തരത്തിൽ ഓർമിപ്പിക്കുന്നു.
8. *ജീസസ് ഓഫ് നസ്റത്ത്* എന്ന ഫിലിം ഇടവക ജനങ്ങൾക്കൊക്കെ കാണത്തക്ക രീതിയിൽ ഒരുദിവസം മുഴുവൻ നാലു ഷോ നടത്തി; തുടർന്നു ചർച്ചയും നടന്നു.
9. മതബോധനക്ലാസു താരതമ്യേന മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിച്ചു സജീവമാക്കി. രൂപതയുടെ മതബോധന പരിപാടികളിൽ പടപ്പക്കരയിലെ അധ്യാപകരും വിദ്യാർഥികളും സ്തുത്യർഹമായ നിലവാരമാണു പുലർത്തിയത്.
10. രൂപത നടത്തുന്ന ദൈവവിളി ക്യാമ്പിൽ ഏറ്റവും കൂടുതൽ പങ്കാളികൾ പടപ്പക്കരയിൽ നിന്നായിരുന്നു.
11. ആരാധനക്രമത്തിൽ ജനത്തിന്റെ സജീവ പങ്കാളിത്തം ഉറപ്പുവരുത്താൻ പല പരിപാടികൾക്കും രൂപംകൊടുത്തു. അതിന്റെ ഫലം അങ്ങു പടപ്പക്കര ഔദ്യോഗിക സന്ദർശനത്തിനു വന്നപ്പോൾ നേരിട്ട് അനുഭവിച്ചതാണല്ലോ.
12. കുമ്പസാരമെന്ന കൂദാശ ക്രമമായിട്ടു ജനങ്ങൾക്കു കിട്ടാൻ വേണ്ട ക്രമീകരണം ചെയ്യുന്നു.
13. ഹൈസ്കൂളിന്റെ രണ്ടാംനില കെട്ടി ഉയർത്തി ഉപയോഗയോഗ്യമാക്കി. അതിനായി എല്ലാ വീടുകളിലും കയറിയിറങ്ങി പണവും തേങ്ങയും സ്വരൂപിച്ചതു ശ്രമകരമായൊരു പണിയായിരുന്നു.
14. തുറന്നു കിടന്ന സിമിത്തേരിയുടെ മൂന്നിലൊന്നു ഭാഗം ഭിത്തികെട്ടി. അതു ചെയ്തതോ, മരിച്ചുകഴിഞ്ഞു മുപ്പതടിയന്തിരം അഥവാ ആദ്യ വാർഷികം ആഘോഷമായി നടത്താൻ തീരുമാനിച്ചവരുമായി ദീർഘ നേരത്തെ ബോധവൽക്കരണ ചർച്ചയിലൂടെ പരിപാടി ലഘുവാക്കി മിച്ചം കിട്ടിയ പൈസ കൊണ്ടാണ്.
15. മൊത്തം ഇടവകയുടെ വിശദമായ സാമൂഹ്യ-സാമ്പത്തിക-അജപാലന സർവേ നടത്തിയിട്ടുണ്ട്. ഭാവി പരിപാടികൾ ആസൂത്രണം ചെയ്യാൻ സഹായകമാകുംവിധം അതിനെ ശരിയാംവണ്ണം ശാസ്ത്രീയമായി ക്രോഡീകരിച്ചു.
16. പടപ്പക്കര സോഷ്യൽ സർവീസ് സൊസൈറ്റിയെ സജീവ യൂണിറ്റായി രൂപാന്തരപ്പെടുത്തി. രൂപതയിൽ ഏറ്റവും കൂടുതൽ അംഗമുള്ള

യൂണിറ്റും ഏറ്റവും കൂടുതൽ ലഘു നിക്ഷേപം സ്വരൂപിച്ച യൂണിറ്റും ഏറ്റവും കൂടുതൽ ഭവനങ്ങൾ വെച്ചുകൊടുത്ത യൂണിറ്റും ഏറ്റവും കൂടുതൽ save-a-family ഗുണഭോക്താക്കളുള്ള യൂണിറ്റും പടപ്പ കരയാണ്. ഒരുവർഷത്തെ പ്രവർത്തന റിപ്പോർട്ടു വിശദമായി ഒരു ചെറുഗ്രന്ഥമായി പ്രിന്റു ചെയ്തതിന്റെ കോപ്പി കൂടി കൂടെ വച്ചു കൊടുത്തു.

ഇത്രയും പറഞ്ഞിട്ടു കൂടുതൽ ധാരണയിലും സഹകരണത്തോടും മുന്നോട്ടു പോകുന്നതിനു തുറന്ന സംഭാഷണത്തിനും ഇടപെടലിനും തിരുമേനി തയാറാകണമെന്ന എന്റെ ഹൃദയ വികാരം പ്രകടമാക്കിയി ട്ടാണു കത്ത് അവസാനിപ്പിച്ചത്.

പടപ്പക്കരയിലെ എന്റെ ജീവിതം കൂടുതൽ ദു:സഹമാക്കാൻ പടപ്പ ക്കരയിലെയും രൂപതയിലെയും ചില അധികാര സ്ഥാനങ്ങളിൽ ഇരി ക്കുന്ന വ്യക്തികളും കുറച്ചു സ്വാർഥമതികളും സ്ഥാനമോഹികളുമായ വൈദികരും മുൻകൈ എടുക്കുന്ന വിവരം ഞാൻ ബിഷപ്പിനെ അറി യിച്ചു. ശാരീരികമായിട്ടുപോലും കൈകാര്യം ചെയ്യാൻ പ്ലാനിട്ടിരിക്കുന്ന കാര്യം വ്യക്തമായി ബിഷപ്പിനെ ബോധ്യപ്പെടുത്തി. ഇതിൽ ബിഷപ്പിനു കൈയുണ്ട് എന്ന് ആരോപിക്കാൻ ഞാനാളല്ല. പക്ഷേ, എന്നെ പടപ്പക്ക രയിലേക്കു സ്ഥലം മാറ്റിയപ്പോൾ, ആളുകൾ കൈകാര്യം ചെയ്തു കൊള്ളും എന്നു പറഞ്ഞ ബിഷപ്പിന്റെ ഉൾചലനം എനിക്കു മനസി ലാക്കാം. ഏതായാലും അവധിയെപ്പറ്റി സംസാരിക്കാൻ 1986 നവംബർ 24 നു ബിഷപ്പിനെ കാണാനുള്ള അറിയിപ്പു കിട്ടി. 1986 ഡിസംബർ ഒന്നാം തിയതി തൊട്ടു രണ്ടു മാസത്തേക്ക് ഔദ്യോഗിക അവധി തന്നുകൊണ്ടു കൽപ്പന നവംബർ 25 നു പുറപ്പെടുവിച്ചു. (അനുബന്ധം - 11) അവധി ക്കാലത്തു ബന്ധപ്പെടാനുള്ള വിലാസമായി നാന്തിരിക്കലുള്ള എന്റെ ജ്യേഷ്ഠന്റെ വിലാസവും (c/o ബാബൂസ് മന്ദിരം, നാന്തിരിക്കൽ, വെള്ളി മൺ പി ഒ, കൊല്ലം ജില്ല) കൊടുത്തു. അങ്ങനെ രണ്ടു മാസത്തെ അവധി ആരംഭിച്ചു.

രണ്ടു മാസത്തെ അവധി ദിവസങ്ങളിൽ വടക്കേ ഇന്ത്യയിൽ ആദി വാസി മേഖലകളിൽ കുറച്ചു ദിവസം താമസിക്കാൻ സാധിച്ചത് അനു ഗ്രഹമായി കരുതുന്നു. പല ഗ്രാമങ്ങളിലും ഊരുകളിലും പോയി അവ രുടെ കൊച്ചു വീടുകളിൽ താമസിക്കാൻ സാധിച്ചതു ഹൃദയ സ്പർശി യായ ഓർമകളാണ്. ദിവസങ്ങൾ അതിശീഘ്രം ഓടി മറഞ്ഞു. 1987 ജനു വരി 21ൽ പിപ്പാരിയായിൽ നിന്നും 30-ാം തീയതിയോടെ നാട്ടിലെത്തു മെന്നും അവധി തീരുന്ന ഫെബ്രുവരി ഒന്നിനു തന്നെ ബിഷപ്പിനെ നേരിട്ടു കാണാൻ അരമനയിൽ എത്തുമെന്നും പറഞ്ഞുകൊണ്ട് ബിഷപ്പിനു കത്തയച്ചു. ഒന്നാം തീയതി അഭിമുഖം തരാമെന്നും അദ്ദേഹം പറഞ്ഞു. 1986 ജനുവരി 30 ൽ ഫോൺ ചെയ്തപ്പോൾ, മൂന്നാം തീയതി ചൊവ്വാഴ്ച 5 മണിക്കാണു സമയം തന്നത്.

കാണാൻ ചെന്നപ്പോൾ, അരമനയിലെ സമീപനത്തിൽ മാറ്റം ശ്രദ്ധിച്ചു. ബിഷപ്പ് ഒറ്റയ്ക്കല്ല സംസാരിക്കാൻ എത്തിയത്. രൂപതയുടെ വികാരി ജനറൽ മൊൺ. റൊസാരിയോയും കൂടെയുണ്ടായിരുന്നു. സമീ

പനം തീർത്തും ഔദ്യോഗികമായി മാറുന്ന അനുഭവം. നിരീശ്വരവാദികളോടും യുക്തവാദികളോടും സഹകരിക്കുന്നു, അവരുടെ യോഗങ്ങളിൽ സംസാരിക്കുന്നു, പ്രസംഗങ്ങളിൽ സഭയെ പരസ്യമായി വിമർശിക്കുന്നു, സഭയുടെ നിയമങ്ങൾ ലംഘിക്കുന്നു തുടങ്ങിയ പല ആരോപണങ്ങൾ അവർ നിരത്തി. അവയ്ക്കൊക്കെ ഏതാണ്ടു തൃപ്തികരമാംവിധം പ്രതികരിച്ചു. മണിക്കൂർ രണ്ടെടുത്തു. ചർച്ച വീണ്ടും തുടരാം എന്നായി ബിഷപ്പ്. അതു സമ്മതിച്ചുകൊണ്ട് അടുത്ത ചർച്ചയുടെ തീയതി നിശ്ചയിക്കണമെന്ന എന്റെ ആവർത്തിച്ചുള്ള അഭ്യർഥനയ്ക്കു 'താമസിയാതെ അറിയിക്കാം' എന്നായി ബിഷപ്പ്. പിന്നെ 40 ദിവസം കഴിഞ്ഞിട്ടും ഒരു വിവരവും കിട്ടാഞ്ഞപ്പോൾ, ഞാൻ ഓർമപ്പെടുത്താൻ കത്തയച്ചു. പിന്നെ ഒരിക്കൽ ബിഷപ്പിനെ കണ്ടപ്പോൾ കത്തു കിട്ടിയെന്നല്ലാതെ, തീയതി തീരുമാനിച്ച് അറിയിച്ചില്ല. മാസങ്ങൾ കഴിഞ്ഞു. പല കത്തുകൾ ഞാനയച്ചു. അനക്കമില്ല.

അതിനിടെ കാത്തലിക് പ്രീസ്റ്റ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (CPCI) അവരുടെ വാർഷിക സമ്മേളനത്തിൽ, കൊല്ലം ബിഷപ്പ്, ഫാ. അലോഷ്യസിനോടു കാണിക്കുന്ന അനീതിയെപ്പറ്റി ചർച്ച ചെയ്തു. അവർ ഒറ്റയ്ക്കും സംഘമായും കൊല്ലം ബിഷപ്പിന് എഴുതാനും അദ്ദേഹത്തെ വന്നു കാണാനും തീരുമാനിച്ചു. അങ്ങനെ പാലാ രൂപതയിലെ എട്ടു വൈദികർ ഒപ്പിട്ടു കത്തയച്ചതിൽ പാവങ്ങൾക്കു നീതികിട്ടാൻ വേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ അഭിവന്ദ്യ പിതാവ് പ്രോത്സാഹിപ്പിക്കണമെന്നും അദ്ദേഹത്തിന് ഇടവക നൽകണമെന്നും അഭ്യർഥിക്കുന്നതായി കാണുന്നു. ഫാ. ജെ കോൺസ്റ്റന്റയിൻ മണലേലിന്റെ നേതൃത്വത്തിൽ കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പ്രീസ്റ്റ്സ് ഫോറം ബിഷപ്പിന്റെ നടപടിയിൽ മനുഷ്യാവകാശ ലംഘനമുണ്ട് എന്നു കാണിച്ചുകൊണ്ടാണു കത്തയച്ചത്. ഒറീസയിൽനിന്നും ഫാ. ചാക്കോ പരുവനാനി കൊല്ലം ബിഷപ്പിനു അയച്ച കത്തിന്റെ കോപ്പി അന്നത്തെ കേരളമെത്രാൻ സംഘം നേതാവ് ആർച്ച് ബിഷപ്പ് കൊർനേലിയുസ് എലഞ്ഞിക്കലിനും ഇന്ത്യൻ കത്തോലിക്കാ ബിഷപ്പ്സ് കോൺഫറൻസ് പ്രസിഡന്റിനും റോമിന്റെ ഇന്ത്യൻ പ്രതിനിധിയായ ആപ്പസ്തോലിക് പ്രൊനുൻസിയോക്കും അയച്ചിരുന്നു- എത്രയും വേഗം നീതിയുക്തമായ ഇടപെടൽ അലോഷ്യസച്ചന്റെ കാര്യത്തിൽ ഉണ്ടാകണം എന്നു കാണിച്ചുകൊണ്ട്. എനിക്കു കൊല്ലം ബിഷപ്പ് മെയിന്റനസ് തരാഞ്ഞ സാഹചര്യത്തിൽ മുമ്പു സൂചിപ്പിച്ചതുപോലെ ഈ ചാക്കോച്ചനാണ് ആദ്യമായി കുറച്ചു രൂപാ സംഭാവനയായി അയച്ചു തന്നത്. അദ്ദേഹത്തിന്റെ കരുതലിനു നന്ദിപൂർവം കൂപ്പുകൈ. വേറെ പലരും സഹായഹസ്തം നീട്ടിയിട്ടുണ്ട്. അവരെയും ഇത്തരുണം സ്നേഹപൂർവം ഓർക്കുന്നു. നാഗർകോവിൽ രൂപതയിൽനിന്നും 32 വൈദികർ ഒപ്പിട്ടുകൊണ്ടുള്ള മെമ്മോറാണ്ടം അവരുടെ പ്രതിനിധികൾ ബിഷപ്പിനെ നേരിട്ടുവന്നു കണ്ടു കൊടുത്തു. ഇങ്ങനെ പലരും ഇടപെട്ടു, സംസാരിച്ചു, കത്തുകളയച്ചു; പഴയ നിശ്ശബ്ദതതന്നെ. മാസങ്ങൾ കഴിഞ്ഞു, ഫലമില്ല. ഒരുവർഷം തന്നെ കഴിഞ്ഞു.

ഇതിനിടെ വേദനാജനകമായ ചില കാര്യങ്ങളും നടന്നു. കുണ്ടറ ജ്യേഷ്ഠന്റെ വീട്ടിൽ തങ്ങിയിട്ടു, ജനകീയ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ മുഴുകി പോവുകയായിരുന്നു. പല കിംവദന്തികളും വ്യക്തിത്വത്തെ മുറിവേൽപ്പിക്കുന്ന കുറ്റാരോപണങ്ങളും പടരാൻ തുടങ്ങി. അതിനു പങ്കു വഹിച്ചവരിൽ മുഖ്യർ വൈദിക ശ്രേഷ്ഠർ തന്നെ എന്നതു കാലത്തിന്റെ കാപട്യം. മാത്രമല്ല, സഹവൈദികർ എന്നോടു തീർത്തും അപരിചിതനോടെന്നപോലെയാണു പെരുമാറിയത്. 16 വർഷം രൂപതയിൽ വിശ്രമമില്ലാതെ ചത്തു പ്രവർത്തിച്ച വ്യക്തിയാണ് ഞാൻ. മുഖ്യധാരയിൽ ആയിരുന്നപ്പോൾ രൂപതയിലുള്ള ഏതു വൈദികന്റെയും പ്രശ്നത്തിൽ ആവശ്യപ്പെടാതെ കടന്നുചെന്നു സഹായിക്കുക എന്നതു രണ്ടാം സ്വഭാവമാക്കിയ വ്യക്തിയായിരുന്നു ഞാൻ. എന്റെ ഇപ്പോഴത്തെ അവസ്ഥയിൽ സോളമനച്ചൻ, ജോസച്ചൻ, ഫാ. ജോസഫ് തോമസ് എന്നിവരൊഴികെ ഒരു വ്യക്തിപോലും എന്താണ് എനിക്ക് സംഭവിച്ചതെന്ന് അന്വേഷിക്കുവാനോ സഹായിക്കാനോ മുന്നോട്ടുവന്നില്ല. അവിടെ ഒരുകാര്യം മനസിലായി, വൈദിക ഗണം എന്നു പറയുന്ന വർഗം തീർത്തും സ്വാർഥതൽപ്പരരാണ്. സ്വന്തം കാര്യം എന്നല്ലാതെ മറ്റൊരു താൽപ്പര്യവുമില്ല. ഈ വർഗത്തിൽ ഒരാളായിപ്പോയല്ലോ എന്ന ദുഃഖം സജീവമായി.

ഇതെന്തേ ഇങ്ങനെ ഇവർ സ്വാർഥരായിപ്പോകുന്നു, ഏതാണ്ടു 9-10 വർഷത്തെ മഹോന്നത തത്വശാസ്ത്ര-ദൈവശാസ്ത്രപഠനത്തിനു ശേഷം എന്നത് എന്നിൽ പല ചിന്തകളും ഉയർത്തി. ഇവർക്ക് ഒരേയൊരു കാര്യത്തിൽ മാത്രം ശ്രദ്ധയുണ്ട് -പണ സമ്പാദനം/ അതിന്റെ സ്വരൂപിക്കൽ. അവിവാഹിതരായി ഒറ്റയ്ക്ക് ജീവിക്കുന്ന ഇവർക്കെന്തിന് ഇത്രയും പണം? ഒന്നു കിടന്നു പോയാൽ ആരും നോക്കാനില്ല; ഭാവി സുരക്ഷിതത്വം നോക്കേണ്ടേ? ഇതാണ് അവരുടെ മിക്കവരുടെയും ഉത്തരം. ആ ഉത്തരത്തിൽ തന്നെ അവരുടെ സ്വാർഥതയും പൊള്ളത്തരവും വ്യക്തമാണല്ലോ? അത് ഇവരുടെ പ്രകൃതി വിരുദ്ധ ഒറ്റത്തടി ജീവിതത്തിന്റെയും ഈ വർഗത്തിന്റെയും രണ്ടു വലിയ അപരാധം എടുത്തു കാട്ടുന്നു. ഒന്ന്, ഇന്നു പത്ര-മാധ്യമങ്ങളിലൂടെ ലോകമെമ്പാടും എടുത്തുകാട്ടുന്ന കത്തോലിക്കാ വൈദികഗണത്തിന്റെ സ്വവർഗരതി, ബാലരതി, തുടങ്ങി ലൈംഗിക വൈകൃതങ്ങളുടെ അതിപ്രസരം. രണ്ട്, അവരുടെ വ്യക്തിത്വം അവരവരിലേക്കു ചുരുങ്ങി ജീവിതം തന്നെ അർഥരഹിതമാക്കുന്ന അവസ്ഥ. ഈ രണ്ടു കാര്യങ്ങളെയും എടുത്തു കാട്ടുന്ന എത്ര എത്ര ഉദാഹരണങ്ങളാണ് എന്റെ വളരെ കുറച്ചു വർഷത്തെ മുഖ്യധാരാ വൈദിക ശുശ്രൂഷയിൽ നിന്നു നിരത്തിവയ്ക്കാനുള്ളത്. ധാരാളം കാര്യങ്ങൾ ഇടവകകളിൽ ചെയ്തെന്നു വീമ്പു പറയുന്നവർപോലും അവരുമായുള്ള സ്വകാര്യ സംഭാഷണത്തിൽ നിരാശയുടെയും അർഥശൂന്യതയുടെയും വിലാപം എത്രയോ പ്രാവശ്യം എന്നോട് പങ്കുവച്ചിട്ടുണ്ട്. എന്റെ സ്വതന്ത്ര ഇടപെടൽ ശൈലികൊണ്ടും മുഖ്യധാരാ വൈദികശുശ്രൂഷയിലും അല്ലാതെയും വർഷങ്ങൾ ജീവിച്ചതുകൊണ്ടും, വൈദിക ഗണത്തിലും അൽമാ

യരുടെ വിവിധ സംഘങ്ങളിലും ഇടകലർന്ന് ഇഴുകി ബന്ധപ്പെടാനും അടുക്കാനും അവസരങ്ങൾ ധാരാളം കിട്ടിയിട്ടുണ്ട്. അനുഭവങ്ങളിലൂടെ ഒരു നിരീക്ഷണം പങ്കുവെയ്ക്കട്ടെ. വൈദികർ മാത്രം കൂടുമ്പോൾ, പ്രത്യേകിച്ച് അൽപ്പം മദ്യം കൂടി അകത്തുചെന്നാൽ, ഇത്ര വഷളായ – ലൈംഗിക വൈകൃതങ്ങളെ ഒളിഞ്ഞും തെളിഞ്ഞും ധ്വനിപ്പിക്കുന്ന – താണതരം സംഭാഷണ രീതികൾ മറ്റെങ്ങും ഞാൻ കേട്ടിട്ടില്ല. വിവാഹ വേളയിൽ കുടുംബത്തിന്റെ ദൈവീക മാഹാത്മ്യം പ്രസംഗിക്കുന്ന വൈദികർ, അൽപ്പം കഴിയുമ്പോൾ ലൈംഗികതയെയും സ്ത്രീപുരുഷ ബന്ധത്തെയും അവഹേളിച്ചു തരംതാണ രീതിയിൽ ഫലിതങ്ങൾ പറഞ്ഞു രസിക്കുന്നതിനെ എങ്ങനെയാണ് വിശേഷിപ്പിക്കേണ്ടത്.

അഞ്ചു വർഷത്തിനു മുൻപ് ഒരു പള്ളിമേടയുടെ അടുത്തു കിടക്കുന്ന ലക്ഷംവീട്ടിലെ എന്റെ ഒരു സുഹൃത് കുടുംബം സന്ദർശിച്ചു. പള്ളി മേടയുടെ മുൻവശം മൂന്നു മോട്ടോർ സൈക്കിൾ ഇരിക്കുന്നുണ്ട്. കതകുകളെല്ലാം അടച്ചിരിക്കുന്നു. വികാരിയച്ചൻ സ്ഥലത്തുണ്ട് എന്നു എന്റെ സുഹൃത്ത് പറഞ്ഞു. അദ്ദേഹത്തെക്കൂടി കണ്ടിട്ടുപോകാമെന്നു കരുതി അവിടേയ്ക്കു കടന്നുചെന്നു. ജനലിന്റെ വിടവിലൂടെ അകത്തവർ റ്റി വി കാണുകയാണെന്നു മനസിലായി. അൽപ്പമൊന്നു ശ്രദ്ധിച്ചപ്പോൾ ബ്ലൂഫിലിം ഇട്ടു കണ്ടു രസിച്ചുകൊണ്ടിരിക്കുകയാണ്, ആറു വൈദികർ. ഒന്നു രണ്ടു മിനിട്ട് കഴിഞ്ഞ് ഞാൻ വാതിലിൽ മുട്ടി, അനക്കമില്ല. അൽപ്പം കഴിഞ്ഞു കൂടുതൽ ശക്തിയായി ഞാൻ കതകിൽ മുട്ടി. ഉച്ചകഴിഞ്ഞു വികാരിയച്ചൻ വിശ്രമിക്കുമ്പോൾ കാണാൻ വരരുതെന്നു പറഞ്ഞിട്ടില്ലേ എന്ന അശരീരി സ്വരം മുറിക്കകത്തുനിന്നു കേട്ടു. ഞാൻ പ്രതികരിച്ചു:... (പേർ വിളിച്ചിട്ടു), അലോഷ്യസാണ്; ആലപ്പുഴ ഓറയിലെ അലോഷ്യസ്. ഉടൻ അവരിലൊരാൾ റ്റി വി ഓഫ് ചെയ്തു. ഷർട്ടും മറ്റും ധരിച്ച് ഏതാണ്ട് ഒന്നു രണ്ടു മിനിട്ടു കഴിഞ്ഞപ്പോൾ വാതിൽ തുറന്ന് എന്നെ സ്വീകരിച്ചിരുത്തി. 'വല്ലപ്പോഴുമൊക്കെ അയൽ ഇടവകകളിലിരിക്കുന്ന ഞങ്ങൾ നേരംപോക്കിന് ഇവിടെ ഇങ്ങനെ കൂടാറുണ്ട്' എന്ന് ഏതാണ്ടു ജാള്യസ്വരത്തിൽ വികാരിയച്ചൻ പറഞ്ഞു. അതിനു തിരിച്ചു ഞാൻ ഇങ്ങനെ പ്രതികരിച്ചു: '1970കളിൽ ഞാൻ മുഖ്യധാരയിൽ ആയിരുന്നപ്പോൾ, ഞങ്ങൾ യുവ വൈദികർ മാസത്തിലൊരിക്കൽ സഹവൈദികരുടെ മേടകളിൽ ഒന്നിക്കുമായിരുന്നു. അവിടെ നടന്നതു രൂപതയെ എങ്ങനെ നവീകരിക്കാം, എങ്ങനെ നമ്മുടെ വൈദിക ജീവിതം കൂടുതൽ അർഥ സമ്പന്നമാക്കാം, ഓരോരുത്തരും സ്വന്തമായി വായിച്ച പുസ്തകങ്ങളിലെ ആശയങ്ങൾ എങ്ങനെ ഗ്രൂപ്പിനു മുഴുവൻ ഗുണപ്രദമാകത്തക്ക രീതിയിൽ പങ്കുവയ്ക്കാം, എങ്ങനെ ഓരോരുത്തർക്കും അപരന്റെ കാവൽക്കാരനായി നിന്നു പരസ്പരം സഹായവും താങ്ങുമാകാം, എന്നിങ്ങനെയുള്ള അജണ്ട വച്ചായിരുന്നു ഞങ്ങളുടെ കൂടിവരവ്.' 'അച്ചോ, അതൊക്കെ അന്നു നടന്നു. ഇന്ന് അതൊന്നും നടക്കുകയില്ല. ഇന്നു ഞങ്ങളുടെ നിലപാട് അടിപൊളിയായി ജീവിക്കണം എന്നു തന്നെയാണ്.' ഇതായിരുന്നു

അവരുടെ പ്രതികരണം. അസ്ഥാനത്താണു ഞാനിരിക്കുന്നത് എന്ന് ഒന്നു കൂടി മനസിലായി; ഞാൻ വേഗം വിടപറഞ്ഞു പടിയിറങ്ങി.

തിരിച്ചുപോകും വഴി ഈ ആറുപേരുടെയും മുഖങ്ങൾ മാറിമാറി എന്റെ മനസിൽ തെളിഞ്ഞുവന്നു. ഇവർ അപവാദമാണോ? ഒരിക്കലുമല്ല, വൈദികഗണം പൊതുവേ ഇങ്ങനെ സ്വാർഥരും ലൈംഗികലമ്പടരുമായിരിക്കുന്നു. ഇങ്ങനെയുള്ള നൂറുനൂറു അനുഭവങ്ങൾ ഇന്നു സഭയിൽ നിലകൊള്ളുന്നു. വൈദികരുടെ നിർബന്ധിത ബ്രഹ്മചര്യം ശരിയാണോ എന്ന ഗൗരവതരമായ ചോദ്യം എന്നിലുയർന്നു. ഈ വിഷയം വൈദികർ - സന്യസ്തർ - അൽമായർ തുടങ്ങിയവരുടെ പല ഗ്രൂപ്പിലും ഞാൻ തുറന്ന ചർച്ചയ്ക്കു വച്ചു. സഗൗരവമാണ് ആളുകൾ ഇതിൽ പങ്കെടുത്തതും, ആശയവിനിമയം നടത്തിയതും. അവയുടെ ചുരുക്കമിതാണ്. വ്യക്തികൾക്കു സ്വാതന്ത്രമുണ്ട് പല കാര്യങ്ങളും വേണമെന്നും വേണ്ടെന്നും തീരുമാനമെടുക്കാൻ. പക്ഷേ ആർക്കും മനുഷ്യന്റെ സ്വാഭാവികവും നൈസർഗികവുമായ അവസ്ഥയ്ക്കെതിരായുള്ള ഒരു തീരുമാനം, ഒരു ജീവിതാവസ്ഥ, സ്വീകരിക്കാൻ, നിർബന്ധിക്കാൻ അവകാശമില്ല; അധികാരവുമില്ല. അങ്ങനെയായാൽ അതു പ്രകൃതിനിഷേധമാണ്. അങ്ങനെയൊരു നിയമം അസാധുവുമാണ്. വൈദികർ ബ്രഹ്മചര്യം പാലിച്ചിരിക്കണം എന്നത് അങ്ങനെ ഒരു നിയമമാണ്. മനുഷ്യന്റെ സഹജ സ്വാഭാവത്തിനു വിരുദ്ധമായ നിയമം. ഇതു മാറ്റേണ്ടത്/ മാറേണ്ടത് ഏറ്റവും അനിവാര്യം.

ഇവിടെ മറിച്ചൊരുവശം പറയാനുള്ളത്, ഈ ജീവിതാവസ്ഥ സ്വീകരിക്കാൻ ആരെയും നിർബന്ധിക്കുന്നില്ല. സ്വമനസാലെ പൂർണ സ്വാതന്ത്ര്യത്തോടെയാണല്ലോ വൈദികനാകുന്നത്. പരിശീലനകാലത്ത് എപ്പോൾ തീരുമാനിച്ചാലും പിന്മാറാൻ പറ്റും. ഈ അവസ്ഥ സ്വതന്ത്രമായി സ്വീകരിക്കുന്നതാണ്. ഈ അവസ്ഥയുടെ ഘടകമായാണു നിർബന്ധിത ബ്രഹ്മചര്യം അനുഷ്ഠിക്കേണ്ടത്. ഈ ന്യായവാദം എല്ലാം കൊണ്ടും അബദ്ധജഡിലമാണ്. ഒരു ഡോക്ടറാവാൻ എം ബി ബി എസ് എങ്കിലും വേണമെന്നതു നിർബന്ധിത വ്യവസ്ഥയാണ്. ഒരധ്യാപകനാകാൻ ടി ടി സി അഥവാ ബി എഡ് എങ്കിലും വേണമെന്ന വ്യവസ്ഥ മനസിലാക്കാം. അതവരുടെ ജോലിക്ക് ആവശ്യമായ ഘടകമാണ്. അതുപോലെ ഒരു വൈദികനാകാൻ ബ്രഹ്മചര്യം വേണമെന്ന നിർബന്ധവ്യവസ്ഥ യുക്തിഭദ്രമല്ല. ഒരു വൈദികനാകാൻ *ബൈബിൾ* പഠിച്ചിരിക്കണം, ദൈവശാസ്ത്രം അറിഞ്ഞിരിക്കണം എന്നു തുടങ്ങിയ വ്യവസ്ഥ വയ്ക്കുന്നതു മനസിലാക്കാം; അതു ശരിയുമാണ്. അതുപോലൊന്നല്ല നിർബന്ധിത ബ്രഹ്മചര്യം. ഇതു മനുഷ്യന്റെ സഹജമായ വാസനയ്ക്കും പ്രകൃതിനിയമത്തിനും എതിരാണ്; പ്രകൃതിവിരുദ്ധമാണ്. അതുകൊണ്ടുതന്നെയാണ്, വ്രതമെടുത്തവർ ഒളിച്ചും പാത്തും ധാരാളം ലൈംഗിക വൈകൃതങ്ങളിൽ ഏർപ്പെടുന്നതും കാപട്യം അവരുടെ മുഖമുദ്രയായി മാറുന്നതും. അങ്ങനെ കാപട്യം, സ്വാർഥത, ഇരട്ടമുഖം- ഇവ

വൈദിക ഗണത്തിന്റെ സവിശേഷതകളായി അനുഭവങ്ങളിലൂടെ മനസിലാക്കിയ സ്ഥിതിക്ക്, സത്യസന്ധമായി ഇനിയുള്ള ജീവിതമെങ്കിലും മുന്നോട്ടു കൊണ്ടുപോകാൻ മാറി ചിന്തിക്കണ്ടേ എന്ന ചിന്ത സജീവമായി. ഈ വിഷയം ഗൗരവമായി പുനർവിചിന്തനത്തിനു വിധേയമാക്കിക്കൊണ്ടിരുന്നു.

അവധി കഴിഞ്ഞു വന്നിട്ട് ഏതൊണ്ടാരു വർഷമായി. 1987 ഡിസംബറിൽ രണ്ടാഴ്ച പൂനയിൽ വിചിന്തനത്തിലും പ്രാർഥനയിലും ചെലവഴിച്ചു. തുടർന്നു 17 വർഷം വൈദികവൃത്തി പൂർത്തിയാക്കിയ 1987 ഡിസംബർ 21 ൽ കൊല്ലം ബിഷപ്പിനും രൂപതയിലെ എല്ലാ വൈദികർക്കും എന്റെ കഴിഞ്ഞ 17 വർഷത്തെ ജീവിത പ്രവർത്തന പരിണാമം ഏതാണ്ടു വിശദമായി എഴുതി അറിയിച്ചു. എഴുതിയത് ഇംഗ്ലീഷിലാണ്. അതിലെ പലഭാഗങ്ങളും പലയിടത്തും സൂചിപ്പിച്ചിട്ടുള്ളതുകൊണ്ടും വിസ്താരഭയം നിമിത്തവും അതു തർജുമ ചെയ്യുന്നില്ല.

ഏതായാലും പല സമ്മർദങ്ങളുടെയും എന്റെ ആവർത്തിച്ചുള്ള അഭ്യർഥനയുടെയും ഫലമായി ഒരുവർഷവും ഒരുമാസവും മൂന്നു ദിവസവും കഴിഞ്ഞ്, 3.3.1987 ൽ ബിഷപ്പിനെ കാണാൻ ചെല്ലണമെന്ന ബിഷപ്പിന്റെ ഒറ്റവരി കത്തുകിട്ടി. പറഞ്ഞിരുന്ന സമയത്തു തന്നെ ഞാൻ അരമനയിലെത്തി. അവിടെ കണ്ടതു വൈദികരുടെ ഒരു വ്യൂഹമാണ്- ബിഷപ്പിന്റെ സഹായികളായിട്ടുള്ള രൂപതാ കൗൺസിലർമാർ- പഠിച്ച മൂത്ത കള്ളന്മാർ. നിശ്ചയിക്കപ്പെട്ട മുറിയിൽ ചർച്ചയ്ക്കു ചെന്നപ്പോൾ, ബിഷപ്പിനോടൊപ്പം എല്ലാ കൗൺസിലർമാരും ചർച്ചയിൽ പങ്കെടുക്കാനായി സീറ്റു പിടിച്ചിരുന്നു. ബിഷപ്പു നടുക്കത്തെ വലിയ കസേരയിൽ; മറ്റുള്ളവരെല്ലാം ഏതോ വിധിയാളരെപ്പോലെ ബിഷപ്പിനു മുൻവശത്തു വൃത്തത്തിൽ, എനിക്കും ഒരുവശത്ത് ഒരു കസേര. ആമുഖമായി ബിഷപ്പു സംസാരിച്ചിട്ടു ചർച്ച ആരംഭിക്കാമെന്നു പറഞ്ഞപ്പോൾ, ഞാൻ കൈ ഉയർത്തി. ബിഷപ്പു സംസാരിക്കാൻ അവസരം നൽകി. ഞാൻ ഇങ്ങനെ പറഞ്ഞു തുടങ്ങി: നല്ലൊരു സദസ്സ്. ചർച്ച ഗൗരവമായി നടക്കണം. നടക്കുന്ന ചർച്ച മുഴുവൻ റിപ്പോർട്ടു ചെയ്യണം. അതുകൊണ്ട് എല്ലാം കൃത്യമായി എഴുതാൻ ഒരു സെക്രട്ടറിയെ നിശ്ചയിക്കണമെന്നും റിപ്പോർട്ടിന്റെ അസ്സൽ പ്രതി എനിക്കു തരണമെന്നും ആവശ്യപ്പെട്ടു. ബിഷപ്പതു സമ്മതിച്ചു. അങ്ങനെ യോഗത്തിന്റെ സെക്രട്ടറിയായി നിയോഗിച്ചത് ഇന്നത്തെ കൊല്ലം രൂപതാ ബിഷപ്പായ ഡോ. സ്റ്റാൻലി റോമനെയായിരുന്നു.

സഗൗരവം യോഗം ആരംഭിച്ചു. ഓരോ കൗൺസിലർക്കും എന്നിൽ കുറ്റം ആരോപിക്കാൻ വകയുള്ളതുപോലെ ചോദ്യങ്ങൾ ആരംഭിച്ചു. ഉദാഹരണത്തിന് ഒരാൾ ഉന്നയിച്ച കാര്യം ഇങ്ങനെ. 'അച്ചൻ ദൈവത്തെ നിഷേധിക്കുന്നു, നിരീശ്വരവാദിയാണ്, യുക്തിവാദി സംഘത്തിൽ പ്രസംഗിക്കാൻ പോയിട്ടുണ്ട്. ഇതു നല്ലൊരു വൈദികനു നിരക്കുന്നതല്ല.' എന്റെ പ്രതികരണം 'ഞാൻ യുക്തിവാദിസംഘത്തിന്റെ യോഗത്തിൽ സംബന്ധിച്ചു പ്രസംഗിച്ചിട്ടുണ്ട്. അവിടെ സംസാരിച്ചതിന്റെ കോപ്പി എന്റെ

കൈവശമുണ്ട്. ആ പ്രസംഗം തുടങ്ങുന്നതു തന്നെ എന്റെ വൈദികധർമത്തിനു സാക്ഷ്യം നൽകിയിട്ടാണ്. മാത്രമല്ല, യുക്തിവാദി സംഘത്തിന്റെ യോഗത്തിൽ സംബന്ധിച്ചതുകൊണ്ട്, അവരുടെ പ്രത്യയശാസ്ത്രം സ്വീകരിക്കുന്നു എന്നുള്ള നിഗമനം യുക്തിക്കു നിരക്കുന്നതല്ല.' ഉടൻ മറ്റൊരാൾ അൽപ്പം ചൂടായിട്ട്, 'അച്ചൻ സഭയ്ക്കെതിരായി സംസാരിക്കുന്നു, പ്രസംഗിക്കുന്നു. ഇങ്ങനെ തുടരാൻ സാധിക്കുകയില്ല. കർശന നടപടിയാണ് എടുക്കേണ്ടത്' എന്നു ശക്തമായി പറഞ്ഞു. അതിന് ഇങ്ങനെ കാടടച്ചു സംസാരിക്കാതെ വ്യക്തമായ ഉദാഹരണങ്ങളോടെ പറയണം. വെറുതെ ആരോപണം നടത്തിയിട്ടു കാര്യമില്ല എന്നായി ഞാൻ. അദ്ദേഹം വല്ലാതെ ക്ഷുഭിതനായി. ഞാനും ചൂടായി. പലരും ചൂടായി എന്റെ നേരെ കൈകൾ ചൂണ്ടുകയും ഏതാണ്ടു പൈശാചികമായി സംസാരിക്കാനും തുടങ്ങി. അപ്പോൾ ഞാൻ ബിഷപ്പിനെ വിളിച്ചിട്ട് ശക്തമായി ചോദിച്ചു. 'ഈ യോഗം നിയന്ത്രിക്കുന്നത് അങ്ങാണോ? അതോ അങ്ങ് വെറും കാഴ്ചക്കാരനോ? കാഴ്ചക്കാരൻ മാത്രമെങ്കിൽ ഞാൻ സംസാരിക്കാനില്ല. യോഗം ഇപ്പോൾ അവസാനിപ്പിക്കുകയാണ് ഉത്തമം.' ബിഷപ്പ് ഉടൻ ഇടപെട്ടു. എന്നോട് ആദ്യം ചൂടായി സംസാരിച്ചു രംഗം വഷളാക്കിയ കൗൺസിലറെ പേരു വിളിച്ചു സംസാരം അവസാനിപ്പിക്കുവാൻ പറഞ്ഞു. ഓരോരുത്തരും ബിഷപ്പിന്റെ അനുവാദം ചോദിച്ചിട്ടേ സംസാരിക്കാവൂ എന്നു ബിഷപ്പ് നിർദേശിച്ചു. തുടർന്നു ചർച്ചയ്ക്ക് ഒരു ക്രമീകരണമുണ്ടായി, എന്റെ കമ്യൂണിസ്റ്റ് ചായ്വ്, മാർക്സിസ്റ്റ് അപഗ്രഥനം, തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ മുന്നണിക്കു വേണ്ടി നടത്തിയ പ്രവർത്തനം, യുവാക്കളെ സെമിനാർ വഴി വഴിതെറ്റിക്കൽ, സഭാധികാരികളെ കുറ്റപ്പെടുത്തലും ആക്ഷേപിക്കലും, കൂദാശനിർവഹണത്തിൽ താൽപ്പര്യക്കുറവ് എന്നുവേണ്ട ഒരുപാടു ചോദ്യങ്ങൾ. അവയ്ക്കൊക്കെ സമചിത്തതയോടെ വ്യക്തമായിത്തന്നെ എനിക്കു മറുപടി പറയാനുണ്ടായിരുന്നു. പലതും വ്യാജമായ ആരോപണമാണെന്നും ചിലകാര്യങ്ങളിൽ കുറച്ചു സത്യം ഉണ്ടെന്നും ഞാൻ വ്യക്തമാക്കി. ഉദാഹരണത്തിന്, തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ മുന്നണിക്കുവേണ്ടി പ്രവർത്തിച്ചതു 100 ശതമാനം ശരിയാണ്. പക്ഷേ, എനിക്കതിനു യേശുദർശനത്തിന്റെയും *ബൈബിൾ* പഠനത്തിന്റെയും പിൻബലമുണ്ടെന്നു ഞാൻ വിശദീകരിച്ചു. യേശു സമൂഹത്തിലെ അവശത അനുഭവിക്കുന്നവരുടെ കൂടെ ദരിദ്രപക്ഷം പിടിച്ചു. രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളിൽ ദരിദ്രപക്ഷ നയങ്ങൾ രൂപീകരിക്കുന്നതും അവർക്കായി കാര്യമായിട്ടെന്തെങ്കിലും ചെയ്യുന്നതും ഇടതുപക്ഷമാണ്. വലതുപക്ഷ രാഷ്ട്രീയം അടിസ്ഥാനപരമായി സമ്പന്നപക്ഷം ആണെന്നു തെളിവു സഹിതം വ്യക്തമാക്കി. മാത്രമല്ല, വലതു പക്ഷമാണു പ്രായോഗികമായി നിരീശ്വരത്വം വളർത്തുന്നത്. ദൈവത്തേയും മാമോനേയും ഒന്നിച്ചു സേവിക്കുക സാധ്യമല്ലെന്നു യേശു പഠിപ്പിച്ചു. വലതുപക്ഷത്തിന്റെ ദൈവം മാമോനാണ്, പണദേവതയാണ്, മൂലധനമാണ്. ഇവർ മൂലധനം സ്വരൂപിക്കു

മ്പോൾ, മൂലധനം വിതരണം ചെയ്യണമെന്നാണ് ഇടതുപക്ഷത്തിന്റെ നിലപാട്. ഇങ്ങനെ ഓരോ ആരോപണത്തെയും അധികരിച്ചു ചർച്ചയും പ്രതിചർച്ചയും നടന്നു. ബിഷപ്പ് ഒഴിച്ച്, ഉണ്ടായിരുന്ന കൗൺസിലേഴ്സ് മുഴുവൻ എന്നിൽ കുറ്റം ആരോപിച്ചുകൊണ്ടിരുന്നു. ഞാൻ അവയ്ക്കൊക്കെ പ്രതികരണവും നൽകിപ്പോന്നു. മണിക്കൂറുകൾ നീണ്ടു. ബിഷപ്പ് സംസാരിക്കാൻ ആംഗ്യം കാണിച്ചു. എല്ലാവരും നിശ്ശബ്ദം; വിധി വീഴാൻ പോകുന്ന നിമിഷം, ബിഷപ്പു ഉരുവിട്ടു: 'നമുക്കീ ചർച്ച തുടരാം.' യോഗം അവസാനിച്ചതായി ബിഷപ്പു പ്രഖ്യാപിച്ചപ്പോൾ, ഞാൻ കരം ഉയർത്തി യോഗത്തിന്റെ റിപ്പോർട്ടിന്റെ കോപ്പി ആവശ്യപ്പെട്ടു. 'വളരെ വേഗം അയച്ചുതരാം' എന്നായിരുന്നു ബിഷപ്പിന്റെ മറുപടി. എത്രയോ വർഷങ്ങൾ കഴിഞ്ഞു. പല ആവർത്തി എഴുതി ചോദിച്ചിട്ടും ചർച്ചയുടെ കോപ്പി ഈ ദിവസം വരെ അയച്ചുതന്നില്ല.

ചർച്ചയ്ക്കുശേഷം മാസം 6 കഴിഞ്ഞു. പല ഓർമപ്പെടുത്തലുകൾ നടത്തിയിട്ടും പ്രതികരണമേയില്ല. അനിശ്ചിതമായിട്ട് ഇങ്ങനെ കറങ്ങി നടക്കുന്നതിൽ അർഥമില്ല. അമേരിക്കയിലെ ബോസ്റ്റൺ യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനത്തിനു പോകാൻ ആഗ്രഹിക്കുന്നു എന്നും അതിന് അനുവാദം നൽകണമെന്നും കാണിച്ചുകൊണ്ട് 1987 ആഗസ്റ്റ് 18 ൽ ബിഷപ്പിനു കത്തയച്ചു. ഒരു ഡസനിലേറെ കത്തുകൾ അയച്ചിട്ടും പൂർണ നിശ്ശബ്ദത പാലിച്ചിരുന്ന ബിഷപ്പ്, എന്റെ ഈ കത്തിനു 1987 ആഗസ്റ്റ് 31 ൽ തന്നെ മറുപടി നൽകി. 'നിങ്ങളുടെ നിർദേശത്തോട് എനിക്കു യാതൊരു വിധമായ എതിർപ്പും ഇല്ല' (I do not have any objection to your proposal). (അനുബന്ധം 12) അങ്ങനെ ഉപരിപഠനത്തിനുള്ള അനുമതി ബിഷപ്പ് ഉടനെതന്നെ നൽകി. മാത്രമല്ല, വൈദികർ രൂപതവിട്ടു പുറത്തുപോകുമ്പോൾ, അവർ സഭയുടെ ശിക്ഷണ നടപടികളിലല്ല എന്നു കാണിക്കുന്ന സർട്ടിഫിക്കറ്റായ സെലെബ്രെത്ത് (celebret) ഉം ബിഷപ്പ് അയച്ചു തന്നു. 1988 ഏപ്രിൽ 29നു ഞാൻ അമേരിക്കയിലെ ബോസ്റ്റണിൽ എന്റെ ജ്യേഷ്ഠൻ ശ്രീ. ജോസഫ് ഡി ഫെർണാണ്ടസിന്റെ വീട്ടിൽ എത്തി. സുഖമായി എത്തിയ വിവരം ബിഷപ്പിനെ അറിയിക്കുകയും ചെയ്തു. ഏതാണ്ട് ഒരുവർഷം കഴിഞ്ഞ് ജ്യേഷ്ഠന്റെ വീട്ടിൽ നിന്നും ഏലിയറ്റ് സ്ട്രീറ്റിലേക്കു താമസം മാറ്റിയപ്പോഴും ബിഷപ്പിനെ അറിയിച്ചു. ഒരുവർഷം കൂടി വേണ്ടിവരും പഠനം പൂർത്തിയാക്കാനെന്നും എഴുതിയിരുന്നു. തുടർന്നു 1990 മേയ് 21-നു ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദത്തിന്റെ ഗ്രാജുവേഷൻ ആണെന്നും ജൂൺ അവസാനത്തോടെ നാട്ടിൽ തിരിച്ചെത്തുമെന്നും ജൂലൈ ആദ്യവാരം തന്നെ വന്നു ബിഷപ്പിനെ കാണാമെന്നും പറഞ്ഞുകൊണ്ടുള്ള കത്ത് 1990 മെയ് 20 ൽ അയച്ചു.

ഇത്ര സുതാര്യമായും ചിട്ടയായും കാര്യങ്ങൾ നീങ്ങിയിട്ടും നീക്കിയിട്ടും, രൂപതയിൽ വൈദികരുടെ ഇടയിൽ എന്തെല്ലാം കിംവദന്തികളും ആരോപണങ്ങളും അപഖ്യാതികളുമാണ് ഉണ്ടായതെന്നതു തികച്ചും

വിചിത്രമായ സംഭവവികാസമാണ്. കമന്റുകളിൽ ചിലവ മാത്രം കുറിക്കട്ടെ: 'അവൻ പോയി രക്ഷപ്പെടട്ടെ. അമേരിക്കയിൽ മദാമ്മമാരുമൊക്കെയായി ജീവിച്ച് അവിടെ കിടന്നുകൊള്ളും. ഇനി നമുക്ക് ശല്യമാവില്ലല്ലോ.' 'ലോകത്തിലെ സ്വർഗമായ അമേരിക്കയിൽ സുഖമായി പണം സമ്പാദിച്ച് അവിടെ തങ്ങിക്കൊള്ളും. പ്രത്യേകിച്ച് ജ്യേഷ്ഠന്റെ സഹായത്തോടെ ഗ്രീൻ കാർഡ് കിട്ടിയ സാഹചര്യത്തിൽ.' 'അവിടത്തെ ജീവിതം അവന്റെ വിപ്ലവമെല്ലാം നശിപ്പിക്കും. ഏതായാലും ബിഷപ്പിന്റെ തന്ത്രം ജയിച്ചു.' ഇങ്ങനെ തുടങ്ങി കമന്റുകൾ പല മേഖലകളെയും, എന്റെ വ്യക്തിജീവിതത്തെപ്പോലും സ്പർശിക്കുന്നവയായിരുന്നു. ഇവയോടൊന്നും പ്രതികരിച്ചില്ലെങ്കിലും, പുരോഹിത വർഗത്തിന്റെ അൽപ്പത്തം ഓരോ ദിവസം കഴിയുംതോറും ഞാൻ കൂടുതൽ അനുഭവിച്ചുകൊണ്ടിരുന്നു. ഇതിന്റെ ഭാഗമായിപ്പോയതിൽ എന്നോടുതന്നെ കഠിനമായ വെറുപ്പ് അനുഭവപ്പെട്ടു.

ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ് ജൂലൈ ഒന്നിനുതന്നെ കൊല്ലം അരമനയിൽ വന്നു ബിഷപ്പിന് ഒപ്പമിരുന്നു രാവിലത്തെ പ്രാതൽ കഴിച്ചു. ബിഷപ്പ് റോമിൽ പോയപ്പോൾ ഉണ്ടായ അനുഭവങ്ങളും ഞാൻ ബോസ്റ്റൺ കോളേജിലെ അനുഭവങ്ങളും മറ്റും സരസമായി സംസാരിച്ച് രസിച്ചു പ്രഭാത ഭക്ഷണം കഴിച്ചു. അതിനിടെ ബിരുദാനന്തര ബിരുദം കിട്ടിയ കാര്യവും പറഞ്ഞു. അതിനൊരു അംഗീകാരം നൽകി സംസാരിച്ചതേയില്ല. ഏതാണ്ടു മുക്കാൽ മണിക്കൂർ നേരം തമാശകളൊക്കെപ്പൊട്ടിച്ചു, കാപ്പി കഴിച്ചു. തുടർന്നു സന്തോഷത്തോടെ യാത്ര പറഞ്ഞ് അരമനയുടെ പടിയിറങ്ങി. പിന്നെ ഏതാണ്ടു 16 വർഷത്തിലേറെ കാലം അവിടെ കാലുകുത്തിയിട്ടില്ല. ബിഷപ്പു ജോസഫിനെ തിരുവനന്തപുരത്ത് ആനിമേഷൻ സെന്റർ, കൊല്ലത്തു സിസ്റ്റേഴ്സിന്റെ ജൂബിലി, പട്ടത്താനം വിശിഷ്ട വ്യക്തികളുടെ അടക്കം തുടങ്ങിയ സ്ഥലങ്ങളിൽവച്ച് നേരിട്ട് കണ്ടിട്ടുണ്ട്, ലോഹ്യം പറഞ്ഞു രസിച്ചിട്ടുണ്ട്. പക്ഷേ, എന്റെ ജീവിതം അന്വേഷിച്ചുകൊണ്ടുള്ള ഒരു വാക്കുപോലും വീണില്ല. ഞാനൊട്ടു പങ്കുവയ്ക്കാൻ മുൻകൈ എടുത്തതുമില്ല.

വർഷങ്ങൾ കഴിഞ്ഞു. ഇതിനിടെ എന്റെ നന്മയെ ആഗ്രഹിച്ചുകൊണ്ടു പല വിശ്വാസികളും പല അവസരങ്ങളിലും എന്റെ ജീവിതാവസ്ഥയെപ്പറ്റി സംസാരിക്കുന്നതിനിടയിൽ സ്നേഹബുദ്ധ്യാ പറഞ്ഞിട്ടുണ്ട്. 'ബിഷപ്പിന്റെ അടുത്തു ചെന്നു ക്ഷമപറഞ്ഞ് അദ്ദേഹവുമായി രമ്യതയിൽ ആവുക. ദേഷ്യവും വിരോധവും കളയുക.' ഇതിനോടു രണ്ടു ചിന്തയില്ലാതെ ഞാൻ ഉടൻ തന്നെ മറുപടി പറഞ്ഞതിതാണ്. "എനിക്ക് കൊല്ലം ബിഷപ്പിനോടു യാതൊരു വിരോധവും വൈരവും ദേഷ്യവും ഇല്ല. അദ്ദേഹം സ്ഥാപന സഭയുടെ പാവം ഇര. അത്രമാത്രം. ജോസച്ചനെ ശിക്ഷിക്കാൻ രൂപതാ വൈദികരുടെ പൊതുയോഗം മുതിർന്നപ്പോഴും, എന്നെ ശിക്ഷിക്കാൻ രൂപത വൈദിക കൗൺസിൽ മുതിർന്നപ്പോഴും അദ്ദേഹത്തിന്റെ നിസ്സഹായവസ്ഥ ഞാൻ തന്നെ നേരിട്ടു കണ്ടതാണ്. എനിക്കു വ്യക്തിഗതമായി ബിഷപ്പിനോടു യാതൊരു വൈരാഗ്യവു

മില്ലെന്നു മാത്രമല്ല, സ്നേഹവും സഹതാപവുമേയുള്ളൂ. ഞങ്ങൾ തമ്മിലുള്ള ഭിന്നത കാഴ്ചപ്പാടിലാണ്, പ്രത്യയശാസ്ത്ര ദർശനത്തിലാണ്. അവിടെ വിട്ടുവീഴ്ചയ്ക്കു സ്ഥാനമില്ല." ഇങ്ങനെ പറഞ്ഞാണ് ഈ നല്ല വിശ്വാസികളുമായുള്ള സംഭാഷണം അവസാനിപ്പിച്ചത്.

ചില വൈദികർ എനിക്ക് ഉപദേശം നൽകിയതു ബിഷപ്പിനോടു ക്ഷമപറഞ്ഞു വീണ്ടും രമ്യതയിലായി ഇടവക ശുശ്രൂഷയിൽ കയറുക എന്നായിരുന്നു. അതിന് എനിക്കു വ്യക്തമായ ഉത്തരമുണ്ടായിരുന്നു. എന്തു കാര്യത്തിനു ക്ഷമ പറയണം? എന്റെ മനസ്സാക്ഷിയോടും ബോധ്യത്തോടും നൂറു ശതമാനം വിശ്വസ്തത പുലർത്തിക്കൊണ്ട്, നൂറു ശതമാനം ആത്മാർഥതയോടും അർപ്പണബോധത്തോടും ഉത്തരവാദിത്വത്തോടുമാണ് ഇടവക ശുശ്രൂഷ നടത്തിയത്. ബിഷപ്പാണ് എന്നോടു അനീതി കാട്ടിയത്. 26.4.1988 മുതൽ ഒരു പൈസ പോലും അരമനയിൽ നിന്നും തന്നിട്ടില്ല, കൈപ്പറ്റിയിട്ടില്ല. പ്രായം ചെന്ന വൈദികർക്കു വേണ്ടിയുള്ള പ്രീസ്റ്റ്സ് ഹോമിന്റെ ആവശ്യത്തിനായുള്ള പ്രീസ്റ്റ്സ് വെൽഫയർ ഫണ്ടിന്റെ ആജീവനാന്ത വിഹിതം മുഴുവൻ 14.3.1979ൽ തന്നെ (രസീതു നമ്പർ 9, തീയതി 14.3.1979) കൊടുത്തിട്ട് എന്റെ മെഡിക്കൽ ബില്ലായി 6.4.88ൽ 167/- രൂപ അന്നത്തെ സെക്രട്ടറി ഫാ. ഫെലിക്സ് അരിക്കാരിപറമ്പിൽ തന്നതല്ലാതെ പിന്നെ ഒരു പൈസയും തന്നട്ടില്ല. മാത്രമല്ല, വത്തിക്കാനിൽനിന്നും എനിക്ക് ഇൻഷുറൻസായി ലക്ഷങ്ങൾ ലഭിച്ചിട്ടുള്ള കാര്യവും എനിക്കു വ്യക്തമായി അറിയാവുന്നതാണ്. ഇടവക തരാതിരുന്ന കാലയളവിൽ ഞാൻ എവിടെ താമസിക്കുന്നു, എങ്ങനെ താമസിക്കുന്നു എന്നൊന്നും അന്വേഷിക്കുകപോലും ചെയ്തിട്ടില്ല. പിന്നെ എന്തിന്റെ അടിസ്ഥാനത്തിൽ ക്ഷമ ചോദിക്കണം? എനിക്കറിയാം റോമിലേക്ക് ഒന്ന് എഴുതിയാൽ മെയിന്റനൻസ് ഞാൻ താമസിക്കുന്നിടത്തു മാസം തോറും എത്തും. എന്തു കുറ്റം ചെയ്തവനും (ഞാൻ അങ്ങനെ ഒന്നും ചെയ്തിട്ടില്ല) മെയിന്റനൻസ് നിഷേധിക്കാൻ പാടില്ല എന്നതു കാനോൻ നിയമമാണ്. പക്ഷേ എന്റെ നിലപാടിൽ പൈസയ്ക്ക് അങ്ങനെ മൂല്യം കൽപ്പിച്ചിട്ടില്ല. ഭക്തകൃത്യങ്ങളുടെ ഫീസ് പുതുക്കുന്നതിനു വൈദികരുടെ നിർദേശങ്ങൾക്കായി അരമനയിൽനിന്നും കത്തയച്ചപ്പോൾ, മുഖ്യധാരയിൽ ശുശ്രൂഷ ചെയ്തിരുന്നപ്പോൾ തന്നെ ഈ സമീപനം പഴയ ഫ്യൂഡൽ വ്യവസ്ഥിതിയുടെ തുടർച്ചയാണെന്നും വൈദികരുടെ നിലനിൽപ്പ് ഭക്തകൃത്യങ്ങൾക്കു ഫീസ് ചാർജ് ചെയ്തിട്ടില്ല സ്വരൂപിക്കേണ്ടതെന്നും ജനങ്ങൾക്കുവേണ്ടി ജീവിച്ചാൽ ജനങ്ങൾ അവരെ നോക്കിക്കൊള്ളുമെന്നും വ്യക്തമാക്കി എഴുതിയിരുന്നു. മാത്രമല്ല, ഒരു കാരണവശാലും കുർബാനയിൽ ഒറ്റ കുർബാന, പാട്ടുകുർബാന, മൂന്നിന്മേൽ കുർബാന, സമൂഹബലി, പൊന്തിഫിക്കൽ കുർബാന തുടങ്ങിയ വിവേചനവും മറ്റു ഭക്തകൃത്യങ്ങൾക്കു സാധാരണം, മധ്യമം, ആഡംബരം തുടങ്ങിയ വേർതിരിവും കല്യാണവിളിച്ചൊല്ലു ചില പ്രത്യേക കാരണങ്ങളാൽ വേണ്ടെന്നു വയ്ക്കുന്നതിനു പ്രത്യേക ഫീസ് ഈടാക്കുന്നതും മറ്റും ഒരു കാരണവശാലും നീതിയുക്തമല്ല, യേശു ചൈതന്യത്തിനു യോജിച്ചതല്ല എന്നു 23.12.1980 ൽ തന്നെ എഴുതി അറിയിച്ചിരുന്നു.

അതുകൊണ്ടു പണം തരില്ല എന്നു പറഞ്ഞ് എന്നെ തളർത്താൻ പറ്റുകയില്ല, കൂടുതൽ ശക്തിയോടെ മുന്നോട്ടു പോകുകയേയുള്ളൂ എന്നു വ്യക്തമാക്കി.

തുടർന്നു മത്സ്യത്തൊഴിലാളി പ്രസ്ഥാനത്തിലും ജനകീയ സംഘങ്ങളുമായുള്ള എന്റെ സാമൂഹ്യപ്രവർത്തനങ്ങളിലും ബിഷപ്പ് കാര്യമായി ഇടപെട്ടിട്ടില്ല. ഒരു ഇടപെടൽ നടത്തിയത് കുറിക്കണമെന്നു തോന്നുന്നു. കൊല്ലം ജില്ല ഉൾനാടൻ മത്സ്യത്തൊഴിലാളി യൂണിയന്റെ ആഭിമുഖ്യത്തിൽ കുമ്പളം സെന്റ് മൈക്കൽസ് ഹൈസ്കൂളിൽവെച്ച് 'മത്സ്യത്തൊഴിലാളികളും അവകാശസമരവും' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സെമിനാർ സംഘടിപ്പിച്ചു. അതിൽ വിഷയാവതരണം നടത്തേണ്ടിയിരുന്നത് ഫാ. തോമസ് കോച്ചേരിയായിരുന്നു. അദ്ദേഹത്തെ അതിനു വിളിക്കരുതെന്ന് ബിഷപ്പ് നിർദേശിച്ചിരുന്നു. എന്തുകൊണ്ടാണ് അങ്ങനെ എന്ന് ആരാഞ്ഞപ്പോൾ, അദ്ദേഹം സഭയോടു വിശ്വസ്തത പുലർത്താത്ത (unorthodox) കമ്യൂണിസ്റ്റ് ചിന്താഗതിക്കാരൻ ആണെന്നാണ് ബിഷപ്പ് പറഞ്ഞത്. അതിനു മറുപടി ഞാൻ ഇങ്ങനെ എഴുതി: 'ഫാ. തോമസ് കോച്ചേരി എനിക്ക് പ്രചോദനമാണ്. യേശു ദർശനത്തോടും ദരിദ്ര ജനവിഭാഗത്തോടും കണക്കുപറയാതെ അർപ്പണബോധത്തോടെ സ്വയം വലിച്ചെറിയുന്ന വളരെക്കുറച്ചു വൈദികരിൽ ഒരാളായാണു ഞാൻ കോച്ചേരിയച്ചനെ കാണുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി ജീവൻ കൊടുക്കുന്ന വ്യക്തിയാണദ്ദേഹം. അദ്ദേഹത്തെപ്പറ്റിയുള്ള അങ്ങയുടെ വിലയിരുത്തൽ പുനഃപരിശോധന നടത്തേണ്ടതുണ്ട്.' തുടർന്നു ഞങ്ങൾ കോച്ചേരിയച്ചനെ കൊണ്ടുതന്നെ സെമിനാർ നടത്തി. വലിയ പങ്കാളിത്തമുണ്ടായിരുന്നു. പങ്കാളികളുടെ വിലയിരുത്തലിൽ തുടർന്നും ഇങ്ങനെ സെമിനാറുകൾ വേണമെന്നും കഴിവതും കോച്ചേരിയച്ചൻ റിസോഴ്സ് പേഴ്സൺ ആയിരിക്കണമെന്നുമായിരുന്നു.

ചുരുക്കത്തിൽ മുഖ്യധാരാ വൈദിക ശുശ്രൂഷയിൽ നിന്നും 1986 ഡിസംബർ ഒന്നിനു മാറ്റിയതിനുശേഷം ഇവിടെ സൂചിപ്പിച്ച ചില കത്തിടപാടുകളും വിരളമായ ചർച്ചകളുമല്ലാതെ, 2001 ഡിസംബർ 16 ൽ ഇപ്പോഴത്തെ കൊല്ലം ബിഷപ്പ് സ്റ്റാൻലി റോമൻ ചാർജ് എടുക്കും വരെ ബിഷപ്പ് ജോസഫുമായി വ്യക്തിഗതമായി നല്ല ബന്ധം പുലർത്തി തന്നെയാണ് മുന്നോട്ടുപോയത്. എന്റെ ആത്മാർഥതയിലും സത്യസന്ധതയിലും അദ്ദേഹത്തിനു സംശയം ഉള്ളതായി തോന്നിയിട്ടില്ല. ഔദ്യോഗിക സ്ഥാപിത സഭയുടെ വക്താവാണദ്ദേഹം; ഞാൻ ആ സഭയുടെ നീക്കങ്ങളെ വിമർശനാത്മകമായാണു കാണുന്നത്. അവയെ ഘടനാപരമായ സഭയുടെ വക്താവും അധികാരിയും ആയിരിക്കുന്ന അവസ്ഥയിൽ അദ്ദേഹത്തിനു സ്വീകരിക്കാൻ പറ്റുകയില്ല. അങ്ങനെ സ്ഥാപിത സഭയുടെ നിസ്സഹായനായ ഇരയെന്നല്ലാതെ ബിഷപ്പിനെപ്പറ്റി മറ്റൊന്നും പറയാൻ എനിക്കില്ല.

2001 ഡിസംബറിലാണ് ബിഷപ്പ് സ്റ്റാൻലി കൊല്ലം രൂപതയുടെ സാരഥ്യം ഏറ്റെടുത്തത്. അദ്ദേഹത്തെ കൊല്ലം മെത്രാനായി നിയുക്തനായപ്പോഴേ, നേരിടേണ്ടി വരാവുന്ന വെല്ലുവിളികളെ എടുത്തുകാട്ടിക്കൊണ്ട് രണ്ടു കത്തുകളയച്ചു. അവയെപ്പറ്റിയും 15.1.2004ലെ അദ്ദേഹ

ത്തിന്റെ ആകസ്മികമായ ജനജാഗൃതി സന്ദർശനത്തെപ്പറ്റിയും വിശദമായി എന്റെ ആത്മകഥയായ *കറുത്ത കുർബാന*യിൽ പറയുന്നതു കൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല.

അദ്ദേഹത്തിന്റെ റോമിലെ പഠനം കഴിഞ്ഞു രൂപതയിൽ തിരിച്ചു വന്നിട്ട്, കൊല്ലം സെന്റ് റഫേൽസ് സെമിനാരിയിലെ ഫാദർ പ്രീഫക്റ്റ്, ബിഷപ്പിന്റെ സെക്രട്ടറി, കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളജ് പ്രിൻസിപ്പൽ, ആലുവ വലിയ സെമിനാരിയിലെ വൈസ് റക്ടർ എന്ന നിലകളിലൊക്ക ജോലിചെയ്തിരുന്നപ്പോഴൊക്കെ, തമ്മിൽ കാണുമ്പോഴൊക്കെ നല്ല ഹൃദ്യമായ ബന്ധമാണ് പുലർത്തിയിരുന്നത്. ബന്ധത്തിനു വലിയ ആഴമില്ലായിരുന്നെങ്കിലും, സഹോദരതുല്യ സ്വാതന്ത്ര്യത്തോടുള്ള ഇടപെടലുകളും ബന്ധവുമായിരുന്നു ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നത്.

ജനജാഗൃതിയിൽ വന്നു നടന്ന സംസാരത്തിൽ ഒരു കാര്യം മാത്രം എടുത്തു പറയണമെന്നു തോന്നുന്നു. അപ്രതീക്ഷിതമായ ബിഷപ്പിന്റെ ജനജാഗൃതി സന്ദർശനം. പുരോഹിതന്റെ വ്യതിരിക്ത ദൗത്യത്തെപ്പറ്റി പറഞ്ഞിടത്ത് എന്റെ ബോധ്യവും നിലപാടും ശരിക്കും വ്യക്തമാക്കിയപ്പോൾ 'പ്രായമൊക്കെ ആയിവരുകയാണ്, അലോഷ്യസ് ഒരു പുനർചിന്ത നടത്തണം. ഇനിയും തുടർന്നു കാണണമെന്നു കരുതുന്നു' എന്നും 'തീർച്ചയായും കാണാം. വന്നതിനു വളരെ നന്ദി' എന്ന എന്റെ പ്രതികരണ വാക്യങ്ങളോടെയാണ് യാത്രയാകുന്നത്. 'പ്രായമൊക്കെ ആയിവരുന്നു' എന്ന നിരീക്ഷണത്തിൽ എന്തോ അപകടസൂചനയുള്ളതായി തോന്നുന്നു. അതായതു ഞാനെന്തോ അപകടത്തിലും തെറ്റിലുമാണ്. മരണം അടുത്തുവരുന്നു. പുനർചിന്ത നടത്തണം എന്ന ധ്വനി വ്യക്തം. ഈയൊരു കമന്റ് ഞാൻ ഒരിക്കലും സ്വീകരിക്കാൻ തയാറല്ല. മരണത്തെ സധൈര്യം ഏതു നേരത്തും അഭിമുഖീകരിക്കാൻ ഞാൻ തയാറാണ്. മനസ്സാക്ഷിയെ വിട്ടു/വിറ്റു ഞാനൊന്നും ചെയ്തിട്ടില്ല. പിന്നെ എന്തിനു പ്രായത്തേയും മരണത്തേയും ഭയപ്പെടണം. മാത്രമല്ല, നിത്യജീവൻ/നിത്യശിക്ഷ എന്ന ഉമ്മാക്കി എന്നെ ബാധിക്കുന്നുമില്ല. എനിക്കു ജീവിക്കാൻ കിട്ടിയ ഒരു ജീവിതം. അതു അർഥവത്തായി, ധന്യമായി ജീവിച്ചു പ്രപഞ്ചപരിണാമത്തിൽ അലിഞ്ഞുചേരുകയാണ് എന്റെ ജീവിത സാഫല്യമെന്നു നല്ല വ്യക്തതയുണ്ടെനിക്ക്.

വീണ്ടും നാലുവർഷത്തെ നിശ്ശബ്ദത. അതിനിടയിൽ ഏതാണ്ടു രണ്ടു ഡസനോളം പുസ്തകങ്ങൾ ഞാൻ രചിച്ചു പ്രസിദ്ധീകരിച്ചു. കൂടുതലും ആത്മകഥാപരമാണ്; സഭാ വിമർശനം മുഖ്യ ചർച്ചാവിഷയവും. ഒപ്പം അർഥവത്തായ ഒരു ബദൽ ജീവിത ശൈലിയുടെ രൂപീകരണവും. അങ്ങനെ മാറി ചിന്തിക്കുന്നവരുടെയും ജീവിക്കുന്നവരുടെയും കൂട്ടായ്മകൾക്ക് നേതൃത്വം കൊടുത്തുകൊണ്ടു പോന്നു. അപ്പോഴാണ് ജനുവരി 10, 2008 മുതൽ 2008 സെപ്റ്റംബർ 20 വരെ അരമനയിൽനിന്നും പലപ്പോഴായി അഞ്ചു കത്തുകൾ ലഭിച്ചത്. അവസാനം 2009 ജൂൺ 18 ൽ ബിഷപ്പ് നേരിട്ട് ജനജാഗൃതി സന്ദർശിച്ചു. ഇവയുടെ രീതികളിലും ധ്വനിയിലും സുഗമമായ ഡയലോഗല്ല, കാനോനിക്കലും നിയമപരവുമായ ഇടപെടൽ രീതിയാണു മുഴച്ചു നിന്നത്. അവയെ ഓരോന്നിനെപ്പറ്റിയും വിശ

ദമായി ചർച്ച ചെയ്ത് സമയം നഷ്ടപ്പെടുത്തണമെന്നു തോന്നുന്നില്ല. അവയിൽ ഉന്നയിച്ച പ്രധാന വിഷയങ്ങളിലേക്ക് മാത്രം കണ്ണോടിക്കാം.

ആദ്യ ഹ്രസ്വ കത്തിൽ കുർബാന, കത്തോലിക്കാ സഭ, ബ്രഹ്മചര്യം എന്നീ വിഷയങ്ങളിൽ എന്റെ നിലപാടു വ്യക്തമാക്കാനായി കാണണമെന്നുള്ള ആഹ്വാനത്തോടെയുള്ളതായിരുന്നു. അതിന് ഇങ്ങനെയൊരു ചർച്ചയ്ക്ക് തുടക്കംകുറിക്കുന്നതിനു മുൻപ്, കഴിഞ്ഞ 20 വർഷത്തിലേറെയായി എന്നോടു കാട്ടിയ അനീതിക്കും മനുഷ്യാവകാശ ലംഘനങ്ങൾക്കും മറുപടി പറയേണ്ടതുണ്ട് എന്നു കാണിച്ചുകൊണ്ട് മറുപടി അയച്ചു. തുടർന്നു രണ്ടു ഹ്രസ്വ കത്തുകൾക്കു ഞാൻ മറുപടി അയച്ചില്ല.

4-ാം മത്തെ കത്തു സ്വകാര്യവും വ്യക്തിപരവും എന്ന തലക്കെട്ടിൽ എ-4 വലിപ്പത്തിൽ 5 പേജ് നിറയെ ടൈപ്പ് ചെയ്ത കത്താണ്. കൂടുതലും കുറ്റാരോപണങ്ങളും അതുമായി ബന്ധപ്പെട്ട കാനോൻ നിയമങ്ങളുടെ നമ്പർ ഉദ്ധരിച്ചുകൊണ്ടുള്ളതുമായിരുന്നു. കത്തുകിട്ടി ഒരാഴ്ചയ്ക്കകം വിശദീകരണം നൽകിയില്ലെങ്കിൽ, മറുപടി തരാൻ ഇല്ലെന്നു കരുതി നടപടി എടുക്കുമെന്ന താക്കീതു നൽകിക്കൊണ്ടാണു കത്തു അവസാനിപ്പിക്കുന്നത്. 2008 ആഗസ്റ്റ് 4 ലാണ് ആ കത്ത് എനിക്കു ലഭിച്ചത്. 2008 ആഗസ്റ്റ് 10 ൽ തന്നെ ഞാൻ മറുപടി കൊടുത്തു. അതിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

കത്തിൽ ആരോപിക്കുന്ന മിക്ക കാര്യങ്ങളും ഒന്നുകിൽ വാസ്തവ വിരുദ്ധം അല്ലെങ്കിൽ അർധസത്യങ്ങൾ മാത്രം. അൽപ്പസമയം എടുത്ത് അവിടെ അരമനയിലുള്ള ഫയലുകൾ നോക്കിയിരുന്നെങ്കിൽ കുറച്ചുകൂടെ വസ്തുനിഷ്ഠമായി കാര്യങ്ങൾ പറയാൻ കഴിയുമായിരുന്നു.

കത്തിന്റെ മുഖ്യ ഊന്നൽ കാനോൻ നിയമങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. എന്റെ ജീവിതത്തിലെ ഊന്നൽ യേശുദർശനത്തിനും യേശുസന്ദേശത്തിനുമാണ്; കാനോൻ നിയമങ്ങൾക്കല്ല എന്നു ഞാൻ അസന്ദിഗ്ധമായി എഴുതി അറിയിച്ചു. ചർച്ചയ്ക്കും സമവായത്തിനും ഒരു സമയമുണ്ടായിരുന്നു. ചെറിയൊരു ജീവിതത്തിൽ 20 വർഷത്തിലേറെ കാലത്തെ അനീതിയും മനുഷ്യാകാശ ലംഘനങ്ങളും ഇന്നിവിടെ ചർച്ച ചെയ്തിട്ടു കാര്യവുമില്ല. മാത്രമല്ല, ഇന്നു ഞാൻ ഞാനായിരിക്കുന്ന അവസ്ഥയിൽ തികച്ചും സന്തുഷ്ടനാണ് എന്നും വ്യക്തമാക്കി.

താങ്കൾക്ക് കാനോൻ നിയമത്തിന്റെ പാതയാണെങ്കിൽ, എന്റേതു യേശു ദൗത്യത്തിന്റെ പാതയാണ്. ദരിദ്രർക്കു സുവിശേഷം, ബന്ധിതർക്കു മോചനം, അന്ധർക്കു കാഴ്ച, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യം (ലൂക്ക. 4:18). ഈ രണ്ടു വഴികളും തമ്മിൽ കൂട്ടിമുട്ടുകയില്ല. താങ്കളുടെ പദപ്രയോഗങ്ങളും ചിന്താരീതിയും പ്രത്യയശാസ്ത്രവും എന്റെ പദാവലികളും ചിന്താരീതിയും പ്രത്യയശാസ്ത്രവും വിഭിന്നംമാത്രമല്ല, വിപരീതവുമാണ്. അതുകൊണ്ട് സുഹൃത്തുക്കളായി പിരിയേണ്ട സമയമാണിത്. അതേ സമയം ജനജാഗ്യതി അങ്ങേയ്ക്കും അങ്ങയുടെ സഹപ്രവർത്തകർക്കും എപ്പോഴും തുറന്നിട്ടിരിക്കും; എപ്പോഴും സ്വാഗതം ഏകിക്കൊണ്ട്. ഇതിനോടൊപ്പം എന്റെ ജീവിത ദർശനം വ്യക്തമാക്കുന്ന എന്റെ

ലഘു ജീവിതയാത്രാവിവരണവും 70 അനുബന്ധങ്ങളും കത്തിനോടൊപ്പം വെയ്ക്കുന്നു. എന്റെ ജീവിതത്തിലുടനീളം താങ്കളും താങ്കളുടെ സഹപ്രവർത്തകരും ചെയ്ത എല്ലാകാര്യങ്ങൾക്കും നന്ദി അർപ്പിക്കാൻ കൂടി ഈ അവസരം ഉപയോഗിക്കട്ടെ. സഹോദരരും, സുഹൃത്തുക്കളുമായി തുടർന്നും മുന്നേറാം. സഹോദരഭാവനയോടെ നിർത്തുന്നു.

സെപ്റ്റംബർ 20നു ബിഷപ്പിന്റെ മൂന്നു പേജ് നീണ്ടകത്ത് ഇതിനു മറുപടിയായി ലഭിച്ചു. അതിന്റെ ടോൺ കുറച്ചുകൂടെ ശാന്തവും ഉപദേശ രൂപത്തിലുമായിരുന്നു. പക്ഷേ, അതിലും മൂന്ന് ആരോപണങ്ങൾ നടത്തുന്നുണ്ട്. പക്ഷേ, അതു മൂന്നും സത്യമല്ല എന്നതാണു വസ്തുത. അതിനു 5.10.2008 ൽ തന്നെ ചെറിയൊരു മറുപടി അയച്ചു. 'ഇനിയും ഇങ്ങനെ അങ്ങോട്ടും ഇങ്ങോട്ടും കത്തും വിശദീകരണങ്ങളും ന്യായീകരണങ്ങളും നടത്തുന്നത് ആരോഗ്യകരമല്ല. എന്റെ നിലപാട് എന്റെ എഴുത്തുകളിലൂടെയും, പ്രസിദ്ധീകരിച്ച പുസ്തകങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും ഓറമാസികയിലൂടെയും വ്യക്തമാക്കിയിട്ടുണ്ട്. വ്യക്തതകൾക്കുവേണ്ടി ഉന്നയിച്ച മൂന്ന് ആരോപണങ്ങളെപ്പറ്റി ഓരോ വാക്കുമാത്രം. തിരുവമ്പാടിയിലെ ഇടക്കാല തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനുവേണ്ടി വോട്ടു പിടിക്കാൻ തിരുവമ്പാടിയിൽ പോയെന്നും 'ഫാദർ' എന്നു പരിചയപ്പെടുത്തി മഠങ്ങളിൽ പോയി വോട്ടു പിടിച്ചെന്നും എഴുതിയതു പച്ച കള്ളമാണ്. ഞാൻ അവിടെ പോയിട്ടേയില്ല. സുനാമി ഫണ്ടു കൊല്ലം രൂപതാധികാരികൾ ദുരുപയോഗിച്ചു എന്നു ഞാൻ പറഞ്ഞെന്നതു ശരിയേയല്ല. സുനാമി ഫണ്ടിനെപ്പറ്റി ഇതുവരെ എങ്ങും ഒരു സൂചനപോലും ഞാൻ നടത്തിയിട്ടേയില്ല. കൊല്ലം തീരദേശ യുവജനവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കാൽനട ജാഥയിൽ ഞാൻ ഔദ്യോഗിക ളോഹ ധരിച്ചുകൊണ്ടു പ്രസംഗിച്ചു എന്നതു വാസ്തവവിരുദ്ധമാണ്. ളോഹ തൊട്ടിട്ടു വർഷം 20 കഴിഞ്ഞിരിക്കുന്നു. ളോഹയിട്ടുകൊണ്ടല്ല പ്രസംഗം നടത്തിയത്.

വസ്തുതകൾ തിട്ടപ്പെടുത്താതെ ഇങ്ങനെ ആരോപണങ്ങൾ നടത്തുന്നതു ഭൂഷണമല്ലെന്നുമാത്രം പറയട്ടെ, കത്തിടപാടുകളുടെ അന്ത്യമിതാണെന്നു പ്രതീക്ഷിച്ചുകൊണ്ടും തുടർന്നും സുഹൃത്തുക്കളായും സഹോദരരായും പോകാമെന്നു പ്രതീക്ഷിച്ചുകൊണ്ടും കത്തു ചുരുക്കുന്നു.'

ഏതാണ്ടു 9 മാസത്തെ ഇടവേളയ്ക്കുശേഷം 18.6.2009 ൽ ബിഷപ്പ് സ്റ്റാൻലിയുടെ അപ്രതീക്ഷിത സന്ദർശനത്തെപ്പറ്റി മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. രണ്ടു കാര്യങ്ങളിലൂന്നിയാണു ബിഷപ്പ് സംസാരിച്ചത്. ഒന്ന്, സഭയ്ക്ക് എതിരായി ലേഖനങ്ങളൊക്കെ എഴുതുമ്പോൾ 'ഫാദർ' എന്നു വെച്ചുകൊണ്ടാണ് എഴുതുന്നത്. അത് ആളുകളിൽ തെറ്റിധാരണ ജനിപ്പിക്കും. രണ്ട്, ഞാൻ ഒരു സ്ത്രീയുമായി ജീവിക്കുന്നു. കത്തോലിക്കാസഭയുടെ നിയമമനുസരിച്ച് സസ്പെൻഷനാണ് ശിക്ഷ. ഇവ രണ്ടിനോടും ഞാൻ വളരെ ലളിതമായി ഉത്തരം പറഞ്ഞു. 'ഫാദർ' പറയുന്നതു വലിയ പ്രശ്നമാണെങ്കിൽ, ഇനി മുതൽ 'ഫാദർ' എന്നു വയ്ക്കുകയില്ല. അടുത്തുതന്നെ ഏഴു പുസ്തകങ്ങൾ പുറത്തുവരും. അവയിൽ ഫാദർ

എന്നു വയ്ക്കുകയില്ല. ഇനി കത്തോലിക്കാ സഭയുടെ നിയമം എനിക്ക് ബാധകമല്ല. ഇന്നത്തെ കത്തോലിക്ക സഭയും മറ്റു ക്രിസ്തീയ സഭകളും യേശുവിന്റെ ദരിദ്രരുടെ കൂട്ടായ്മയായ ദാസ സഭയല്ല. അധീശ-സമ്പന്ന വർഗത്തിനു സേവ ചെയ്യുന്ന സഭയാണ്. ഈ സഭയെ ഞാൻ നിരാകരിക്കുന്നു. അതുകൊണ്ടുതന്നെ അതിന്റെ ഒരംഗമായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പിന്നെ പ്രായപൂർത്തിയായ, പക്വത വന്ന രണ്ടു വ്യക്തികൾ തമ്മിൽ ഒന്നിച്ചു താമസിക്കുക എന്നതു മനുഷ്യന്റെ മൗലികാവകാശമാണ്; ഇന്ത്യൻ ഭരണഘടന അതിനു പൂർണ സംരക്ഷണം നൽകുന്നു. അവിടെ മറ്റൊരു ശക്തിക്കു കടന്നുകയറാൻ പറ്റുകയില്ല; അവകാശമില്ല.

അപ്പോൾ തെറ്റിൽ കഴിയാൻ തീരുമാനിക്കുകയാണോ? ഇനിയൊരു നിത്യജീവിതത്തെപ്പറ്റി ചിന്തിക്കുക; പ്രായമായിവരികയല്ലേ എന്നായിരുന്നു ബിഷപ്പിന്റെ നിരീക്ഷണം. 'തെറ്റിൽ കഴിയുന്നു' എന്ന വിശേഷണം എനിക്ക് ഒട്ടും പിടിച്ചില്ല. എന്നെ വിധിക്കാൻ ബിഷപ്പിന് ഒരവകാശവുമില്ല. ഈ ശൈലി ശരിയല്ലെന്നു ഞാൻ അൽപ്പം വൈകാരികമായിട്ടുതന്നെ പ്രതികരിച്ചു. സംസാരം നിറുത്തി ബിഷപ്പു യാത്ര പറഞ്ഞു.

ഇനി ഈ രീതി തുടരുന്നത് ഒരു രീതിയിലും ശരിയല്ല എന്ന വ്യക്തതയിൽ 2009 ജൂൺ 21 ൽ എന്റെ രാജിക്കത്തു ബിഷപ്പിനയച്ചുകൊടുത്തു. അതിൽ ഒരു വൈദികനോ ക്രിസ്ത്യാനിയോ ആയിരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല എന്നു സുവ്യക്തമാക്കിക്കൊണ്ടാണ് എഴുതിയത്. കത്തിന്റെ ശരിപ്പകർപ്പ് താഴെ കൊടുക്കുന്നു.

'ബഹുമാനപ്പെട്ട ബിഷപ്പിന്.

നന്മ നേരുന്നു.

2009 ജൂൺ 18 ലെ അങ്ങയുടെ ജനജാഗൃതി സന്ദർശനത്തിന്റെ പശ്ചാത്തലത്തിലാണ് ഈ തുറന്ന കത്ത്.

ആയിരത്തിത്തൊള്ളായിരത്തി എഴുപത് ഡിസംബർ 21 ന് ഞാൻ വൈദികനായി. ഏതാണ്ടു 16 വർഷം ഇടവകകളിൽ സേവനം അനുഷ്ഠിച്ചു. കൊല്ലം ബിഷപ്പ് ജോസഫ് ജി. ഫെർണാണ്ടസിന്റെ കാലത്ത് എനിക്ക് 'സെലബ്രത്ത്' തന്നുകൊണ്ട് 1988 മെയ് 25 ൽ കത്തയച്ചിരുന്നു. ആ കത്തിനു ശേഷം നീണ്ട 20 വർഷം അരമനയിൽ നിന്നു യാതൊരു ബന്ധപ്പെടലും ഉണ്ടായില്ല; മെയിന്റനൻസ് പോലും തന്നിട്ടില്ല. പിന്നീട് അങ്ങയുടെ മെത്രാഭിഷേകവുമായി ബന്ധപ്പെട്ട് 2001 ഒക്ടോബർ 30 ൽ ചില കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള ആശയവിനിമയങ്ങൾ നടന്നു. ഏഴു വർഷം കഴിഞ്ഞ് 2008 ജനുവരി 10 മുതൽ വീണ്ടും കത്തുകളിലൂടെത്തന്നെ ചില ഇടപെടലുകളും നടന്നു. അതിന്റെ സമാപനമെന്നോണം 2008 ആഗസ്റ്റ് 10 ൽ എന്റെ നിലപാട് വ്യക്തമാക്കിക്കൊണ്ടുള്ള കത്തും 'My Search into Alternative Ministry' എന്ന തലക്കെട്ടിൽ ഏതാണ്ടു സുദീർഘമായിത്തന്നെ എന്റെ ജീവിതപരിണാമവും ദർശനവും ലോകവീക്ഷണവും വ്യക്തമാക്കിക്കൊണ്ടുള്ള അനുബന്ധവും ഉൾക്കൊള്ളിച്ചിരുന്നു. മാത്രമല്ല, എന്റെ 20 ഓളം പുസ്തകങ്ങളിലൂടെയും ഓറ മാസികയിലൂടെയും മറ്റു പ്രസിദ്ധീകരണങ്ങളിൽ എഴുതിയ ലേഖ

നങ്ങളിലൂടെയും ജനമധ്യേ എന്റെ നിലപാട് സുതാര്യമായി അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്റെ ഇന്നത്തെ അവസ്ഥയിൽ ഞാൻ സംതൃപ്തനും സന്തുഷ്ടനുമാണെന്ന് വ്യക്തമാക്കുകയും ചെയ്തിരുന്നു. അവിടംകൊണ്ട് കാര്യങ്ങൾ മംഗളകരമായി പര്യവസാനിച്ചു എന്നായിരുന്നു എന്റെ ധാരണ. എന്നാൽ കഴിഞ്ഞാഴ്ചയിലെ അങ്ങയുടെ സന്ദർശനം ആശ്ചര്യമാണ് ആദ്യം ഉളവാക്കിയത്. അങ്ങയുടെ മേലധികാര വ്യവസ്ഥയായ പേപ്പസിയുടെ നിർദേശമനുസരിച്ചാണ് വന്നത് എന്ന് അങ്ങു വ്യക്തമാക്കി. നമ്മൾ തമ്മിൽ സംസാരിച്ചതിന്റെ വെളിച്ചത്തിൽ എന്റെ നിലപാട് ഒന്നുകൂടി വ്യക്തമാക്കട്ടെ.

ഔദ്യോഗികസഭയുമായി ഒത്തുപോകാത്ത വൈദികരെ ഒന്നുകിൽ തിരിച്ച് സഭയിലേക്ക് കൊണ്ടുവരിക അല്ലെങ്കിൽ പുറത്താക്കുക എന്ന വത്തിക്കാൻ നയത്തിന്റെ ദൗത്യവാഹകനായിരുന്നുവല്ലോ അങ്ങ്. ഞാൻ വ്യക്തമായിത്തന്നെ പറയുന്നു: ഇന്നത്തെ കത്തോലിക്കാസഭ യേശുവിന്റെ സഭയല്ല. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ സഭയാണ്. കാപട്യമാണ് അതിന്റെ മുഖമുദ്ര. ഈ സഭയെ ഞാൻ അംഗീകരിക്കുന്നില്ല. ഈ സഭയുടെ ഒരു വൈദികനായിരിക്കാനും വയ്യ. പക്ഷേ അങ്ങയുടെ വാദം മറിച്ചായിരുന്നല്ലോ. അതായത്, സഭയാണ് യേശുവിനെ നമ്മൾക്ക് കാട്ടിത്തന്നത്; സഭയോടാണ് നമ്മുടെ വിശ്വസ്തത. അതിനോട് എനിക്കൊട്ടും യോജിപ്പില്ല. എന്താണ് സഭ ചെയ്തത്? ഒരു മനുഷ്യക്കുഞ്ഞായി ജനിച്ചുവീണ എന്നെ ഒരു മനുഷ്യനായും പ്രപഞ്ചജീവിയായും വളർത്താതെ, ക്രൈസ്തവമാതാപിതാക്കളിൽ ജനിച്ചുപോയി എന്ന ഒറ്റക്കാരണത്താൽ ജ്ഞാനസ്നാനം ചെയ്ത് ക്രിസ്ത്യാനിയാക്കി, ക്രിസ്തീയ വിശ്വാസത്തിലും പാരമ്പര്യത്തിലും ആചാരാനുഷ്ഠാനങ്ങളിലും മാതാപിതാക്കളും സഭയും എന്നെ പരുവപ്പെടുത്തുകയായിരുന്നു. ഈ പരുവപ്പെടുത്തൽ എന്നെ ഒരു വൈദികൻ വരെയാക്കി. സ്വതന്ത്രമായി ചിന്തിക്കാനും ചരിക്കാനും ഒക്കാത്ത രീതിയിൽ ചങ്ങലയ്ക്കിട്ടു. എല്ലാത്തിനും 'ക്രിസ്തീയ' മതിലുകൾ ഉണ്ടാക്കി. കോൺസ്റ്റന്റയിന്റെ ഈ സമ്പന്ന-അധികാര ക്രൈസ്തവസഭ എന്നോടു കാട്ടിയ ഏറ്റവും വലിയ ക്രൂരതയാണിത്. അതെ, അക്ഷന്തവ്യമായ അപരാധം.

തീർത്തും മനുഷ്യത്വരഹിതമായ ഈ പരുവപ്പെടുത്തലിലൂടെ എനിക്കു കിട്ടിയത് അർഥശൂന്യമായ രണ്ട് സാമുദായിക മുദ്രകളാണ് - 'ക്രിസ്ത്യാനി'യും 'ഫാദറും'. ഇവ എനിക്കാവശ്യമില്ല. സത്യത്തിൽ, ഇവ രണ്ടിൽ നിന്നുമുള്ള സ്വാതന്ത്ര്യം കൊതിച്ചുകൊണ്ടുള്ളതാണ് എന്റെ ഭാവിയിലേയ്ക്കുള്ള ജീവിതം. എന്നാൽ വിക്രമാദിത്യന്റെ കഴുത്തിൽ തൂങ്ങിക്കിടക്കുന്ന വേതാളത്തെപ്പോലെ ഈ ഫാദർ-ക്രിസ്ത്യാനി വിളി ഒഴിയാബാധയായി കൂടിയിരിക്കുന്നു. ജനമധ്യത്തിലും സാമൂഹ്യവ്യവഹാരങ്ങളിലും ഞാൻ കൃത്യമായി 'ലേബൽ' ചെയ്യപ്പെടുന്നു. ഈ മത-പൗരോഹിത്യ പ്രതിനിധാനങ്ങളെ പൂർണമായി ഒഴിവാക്കാൻ ഞാനെന്താണ് ചെയ്യേണ്ടത്?

നമ്മുടെ കൂടിക്കാഴ്ചയിൽ മറ്റൊരു പ്രശ്നം കൂടി - ക്രൈസ്തവ പുരോഹിതന് സ്ത്രീയുമായുള്ള ബന്ധം - രണ്ടാമതായി അങ്ങ് ഉന്നയി

ച്ചുവല്ലോ. അവിടെയും പലകുറി എന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഇന്നത്തെ ക്രൈസ്തവസഭ യേശുവിന്റെ സഭയല്ലാത്തതുകൊണ്ട് അതിനെ അംഗീകരിക്കാത്ത വ്യക്തി, അതിന്റെ വെറുമൊരു നിയമത്തെ അനുസരിക്കുന്നതിൽ എന്തെങ്കിലും യുക്തിയുണ്ടോ? സാംഗത്യമുണ്ടോ? ഞാൻ 'തെറ്റിൽ കഴിയുന്നു' എന്ന് ആവർത്തിച്ചു പറയുന്ന അങ്ങയുടെ ശൈലി ലൈംഗികതയോടും സ്ത്രീജീവിതത്തോടുമുള്ള അങ്ങയുടെ അപക്വവും അശാസ്ത്രീയവുമായ സമീപനത്തിന്റെ ബഹിർസ്ഫുരണ മല്ലാതെ മറ്റെന്താണ്?

വിചിത്രമെന്നു പറയട്ടെ, ഏതാണ്ട് മുക്കാൽ മണിക്കൂർ നീണ്ടുനിന്ന നമ്മുടെ സംസാരത്തിൽ ഫാദർ പ്രയോഗവും സ്ത്രീപ്രശ്നവും ഒഴിച്ച് ഒരു വൈദികന് പരമ്പരാഗതമായും കൗദാശികമായും ഉണ്ടെന്നു സങ്കൽ പ്പിക്കുന്ന യാതൊന്നിലേക്കും അങ്ങ് വിരൽ ചൂണ്ടാഞ്ഞതു തന്നെ ഈ വൈദികപദവിയുടെ നിരർഥകതയെയാണ് എന്നിൽ ഒരിക്കൽക്കൂടി ഊട്ടിയുറപ്പിച്ചത്.

ഒന്നു കൂടി വ്യക്തമാക്കട്ടെ, ഇന്നത്തെ സമ്പന്ന-അധീശ-ക്രൈസ്ത വസഭയിലെ ഒരംഗമോ, ഒരു വൈദികനോ ആയിരിക്കാൻ ഞാൻ ആഗ്ര ഹിക്കുന്നില്ല. മാത്രമല്ല, മരണാനന്തരം എന്റെ ഭൗതിക ശരീരഭാഗങ്ങൾ ആർക്കൊക്കെ പ്രയോജനപ്പെടുമോ എന്നു പരിശോധിച്ച് അങ്ങനെ ചെയ്യേ ണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്ന സമ്മതപത്രം ഞാൻ നിയമപരമായി അധികാരികൾക്ക് സമർപ്പിക്കുകയും എന്റെ ആത്മകഥയായ *കറുത്ത കുർബാനയിൽ* പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

വിശ്വസാഹോദര്യത്തിനു വേണ്ടി നിലകൊള്ളുന്ന ഒരു സാമൂഹ്യ ജീവിയായി, ഒരു മനുഷ്യജീവിയായി, പ്രാപഞ്ചിക പരിണാമത്തിന്റെ കണ്ണി യായി അലിഞ്ഞുചേരുക. അതാണ് എന്റെ ജീവിതസാഫല്യം.

ഒരു പുരോഹിതനെന്ന നിലയിലോ മതപരമായ നിലയിലോ ജീവി ക്കാനിഷ്ടപ്പെടാത്ത ഞാൻ സഭയുമായുള്ള എല്ലാ ബന്ധങ്ങളും ഇതോടെ അവസാനിപ്പിക്കട്ടെ. ഇതെന്റെ രാജിക്കത്തായി സ്വീകരിക്കുക.

സ്നേഹാദരങ്ങളോടെ,



*അലോഷ്യസ് ഡി ഫെർണാന്റസ്'*

*ഓറ* 2008 ജൂലൈ ലക്കത്തിൽ 'ബഹു. കൊല്ലം രൂപതാ ബിഷപ്പ് ഡോ. സ്റ്റാൻലി റോമന്, രൂപതയിലെ ഒരു മുൻ വൈദികന്റെ തുറന്ന കത്ത്' എന്ന തലക്കെട്ടിൽ ഇതു പ്രസിദ്ധീകരിച്ചു. അതിനു ധാരാളം പ്രതികരണങ്ങൾ കിട്ടി. അവയിൽ ഒന്നു മാത്രം കുറിച്ചുകൊണ്ട് ഈ അധ്യായം അവസാനിപ്പിക്കാം.

വർഷങ്ങളായി ജനകീയസംഘങ്ങളുടെയും പ്രത്യേകിച്ചു ജനജാ ഗൃതിയുടെ ആരംഭം തൊട്ടുതന്നെ അതിന്റെയും സുഹൃത്തും എഴുത്തു

കാരനും കവിയുമായ ശ്രീ. പുലിയൂർ രവീന്ദ്രൻ ഏതാണ്ടിങ്ങനെ പ്രതികരിച്ചു: 'അച്ചന്റെ ജീവിതത്തിൽ നന്മയിലേയ്ക്കു പല വഴിത്തിരിവുകൾ ഉണ്ടായിട്ടുണ്ടല്ലോ. അങ്ങനെ ഒരു വഴിത്തിരവാണീ 'പുരോഹിത-ക്രിസ്ത്യാനി' ഉപേക്ഷിക്കൽ. എനിക്ക് ഇപ്പോഴും എപ്പോഴും അലോഷ്യസ് അലോഷ്യസച്ചൻ തന്നെ. ഇനിയും അച്ചൻ എന്നേ അഭിസംബോധന ചെയ്യുകയുള്ളൂ. അന്ന് ഏതാണ്ട് 51 വർഷം മുമ്പ് മൈനർ സെമിനാരി ജീവിതത്തിന്റെ ആരംഭത്തിൽ നിർബന്ധിച്ചു തീറ്റിച്ച പന്നിയിറച്ചി (*കറുത്ത കുർബാന* എന്ന എന്റെ ആത്മകഥയിൽ എന്റെ സെമിനാരി ജീവിതത്തിലെ ആദ്യദിനത്തെ അനുഭവത്തെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്) ദഹിക്കാതെ വർഷങ്ങളായിട്ടും ഈ നാളുകളിലൊക്കെ കിടക്കുകയായിരുന്നു; അസ്വസ്ഥതകളും ബുദ്ധിമുട്ടും സൃഷ്ടിച്ചുകൊണ്ട്. പന്നിയിറച്ചിയുടെ രുചി കാരണം ഛർദിച്ചുകളയാൻ വൈമനസ്യവും. ഒരു വൈരുധ്യഭാവത്തിന്റെ അനുഭവം. അവസാനം ഈ ജൂൺ 21 നു ദൃഢമായൊരു തീരുമാനം. അതു ഛർദിക്കുകതന്നെ. അലോഷ്യസച്ചൻ അതു ചെയ്തു. ഇപ്പോൾ എന്തൊരു സുഖാനുഭവം. ഇങ്ങനെ പതിനായിരക്കണക്കിനു വൈദികരും സന്യാസീ-സന്യാസിനികളും കന്യാസ്ത്രീകളും പന്നിയിറച്ചി കഴിച്ചിട്ട് ദഹിക്കാതെ അസ്വസ്ഥത അനുഭവിക്കുന്നവരായി ഇന്നുമുണ്ട്. അവർക്കു ഛർദിച്ചുകളയുവാനുള്ള ആർജവമോ തന്റേടമോ ധൈര്യമോ ഇല്ല. സഹിച്ചുതന്നെ ജീവിച്ചിട്ട്, അതിന്റെ രുചി അനുഭവിച്ച് കാപട്യത്തിൽ കഴിയുന്നു. അച്ചന്റെ കരുത്തുറ്റ തീരുമാനം അവർക്കു ചിലപ്പോൾ പ്രചോദനം ആയേക്കാം. അങ്ങനെ ചെയ്തതു വലിയൊരു കാര്യമാണ്. അച്ചനെ ഓർത്ത് അഭിമാനം മാത്രമേയുള്ളൂ.'

അതേ, ഇനി ഞാൻ ഒരു ക്രിസ്ത്യാനിയോ ഒരു ഫാദറോ അല്ല. വെറും മനുഷ്യൻ, പ്രപഞ്ച പരിണാമത്തിലെ ഒരു കണ്ണി. ഇനി എനിക്കു സഭയുമായി യാതൊരുവിധമായ ബന്ധവുമില്ല. ഒരു സ്വതന്ത്ര ജീവി. അത്രമാത്രം.

## 6

# ജനജാഗ്യതിയുടെ രൂപപ്പെടൽ

**29.08.2009** എല്ലാംകൊണ്ടും സമ്പന്നമായൊരു ദിനം. എന്റെ 63-ാം ജന്മദിനം. അന്നു ഓറ മാസികയുടെ നിർവഹണ ചുമതല കൈമാറ്റം നടന്നു. കഴിഞ്ഞ 27 വർഷമായി, ഓറയുടെ സ്ഥാപനം മുതൽ ഇന്നുവരെ ഓറയിൽ ഉണ്ടായിരുന്ന ഒരേയൊരു വ്യക്തി ഞാനാണ്. ഇനി ഇതിന്റെ ചുമതല യുവതലമുറയ്ക്കു കൈമാറേണ്ടത് അത്യാവശ്യമാണ്,



*ഡോ. സുകുമാർ അഴീക്കോട് ജനജാഗൃതി ഭവനിൽ*

അനിവാര്യമാണ്. അതിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ 4 വർഷത്തെ ആവർത്തിച്ചുള്ള ചർച്ചയുടെയും തുടർന്നു മൂന്നു മാസങ്ങൾക്കു മുമ്പുള്ള തീരുമാനത്തിന്റെയും വെളിച്ചത്തിലാണ് ഈ ചടങ്ങു നടന്നത്. ഇതിനായി ഒത്തിരിയേറെ ഗൗരവതരമായ ചർച്ചകളും പ്ലാനിങ്ങും തീരുമാനങ്ങളും കഴിഞ്ഞ കുറേ ആഴ്ചകളായി നടക്കുന്നുണ്ടായിരുന്നു. ഇതേത്തുടർന്ന് ശ്രീ. ഒ പി പ്രസന്നകുമാറിനെ ഓറയുടെ മാനേജിങ് എഡിറ്റർ ആയി നിയോഗിച്ചുകൊണ്ട് എന്റെ ജന്മദിനാഘോഷവേളയിൽ പ്രൊഫ. വി സി ജോൺ പ്രധാനരേഖകൾ ശ്രീ പ്രസന്നകുമാറിനു കൈമാറി നിർവഹിച്ചു. ഓറയുടെയും ജനജാഗൃതിയുടെയും പൊതുയോഗാംഗങ്ങളും ഉറ്റ സുഹൃത്തുക്കളും എന്റെ കുറച്ചു ബന്ധുക്കളും കൂടിയായപ്പോൾ സദസ്സ് ചെറുതെങ്കിലും തീർത്തും സമ്പന്നമായിരുന്നു. യോഗത്തിൽ പങ്കെടുത്ത എല്ലാവരും തന്നെ ശ്രീ. ഒ പി പ്രസന്നകുമാറിനു താങ്ങും ശക്തിയും പകർന്നുകൊണ്ടു തുടർ സഹകരണം വാഗ്ദാനം ചെയ്തു. ശ്രീ. പ്രസന്നകുമാർ പുതിയ ചുമതല ഏറ്റുകൊണ്ടു പൊതുജനസമക്ഷം സംസാരിക്കുകയും ചെയ്തു. അങ്ങനെ എല്ലാംകൊണ്ടും പ്രതീക്ഷ ഉണർത്തുന്ന, ഓറയുടെ ഭാവിക്കു സുരക്ഷിതത്വം നൽകുന്ന മനോഹര നിമിഷങ്ങളായേ എനിക്കതിനെ വിശേഷിപ്പിക്കാൻ പറ്റൂ.

ഇതു പറയുമ്പോൾ, 20 വർഷങ്ങൾക്കു മുൻപ് ഇതേ ദിവസം (29.8.1989) ഉണ്ടായ ഒരു സംഭവം ഇവിടെ വിവരിക്കേണ്ടതുണ്ട്. അമേരിക്കയിൽ ഞാൻ പഠിച്ചുകൊണ്ടിരുന്നപ്പോഴാണ്, ഫാ. സോളമനും ഫാ. ജോസ് ജെ കളീക്കലും കൂടി ആലപ്പുഴ പറവൂരിൽ 50 സെന്റ് വസ്തു വാങ്ങാൻ തീരുമാനിച്ചത്. ഭാഗികമായി അതിനുള്ള പൈസ അവിടെ നിന്നും ഞാൻ അയച്ചുകൊടുത്തു. ബാക്കി പൈസ ഞാൻ തിരികെ വന്നിട്ടു ബന്ധപ്പെട്ടവർക്കു നേരിട്ടു കൊടുത്താണ് ബാധ്യത തീർത്തത്. ഞാൻ തിരിച്ചു വന്ന സാഹചര്യത്തിൽ, ജനകീയസംഘ പ്രവർത്തനത്തിൽ എന്റെ പ്രത്യേക പ്രവർത്തനം എന്തായിരിക്കണമെന്നു ഞങ്ങൾ ലീഡേഴ്സ് ചർച്ച ചെയ്തു. ആലപ്പുഴയിൽ പുതിയൊരു ജനകീയ സംഘം എന്റെ മേൽനോട്ടത്തിലാകണമെന്ന തീരുമാനമായി.

എന്റെ ഒരു വ്യക്തിഗത താൽപ്പര്യമായിരുന്നു 1989 ആഗസ്റ്റ് 29 ൽ ആദ്യമായി ആലപ്പുഴയ്ക്കുപോയി ജനജാഗൃതിയുടെ തുടക്കത്തിനുള്ള ക്രമീകരണം ചെയ്യൽ. അതിനു ഞാൻ പ്ലാനിട്ടത് ഇങ്ങനെ. 28.8.1989 ൽ ഞങ്ങളുടെ നേതൃത്വത്തിൽ ആദ്യം തുടങ്ങിയ ജനകീയ സംഘമായ മാവേലിക്കരയിലെ എം ജെ എമ്മിൽ വന്നിട്ട്, പിറ്റേന്നു രാവിലെ സുഹൃത്തുക്കളൊക്കെ കൂടി ഹൃദയ വികാരങ്ങൾ പങ്കുവച്ച്, (പ്രാർഥിച്ചു) ഒത്തു ഭക്ഷിച്ചിട്ടു ഞാൻ ആലപ്പുഴയ്ക്കു പോവുക. അപ്പോൾ എം ജെ എം സെന്റർ എന്റെ ഹൃദയത്തിൽ നിറഞ്ഞുനിൽക്കുകയാണ്. അതിന്റെ തുടക്കത്തിനും വളർച്ചയ്ക്കും മറ്റു പലരോടൊപ്പം നിർണായകമായ പങ്കു വഹിച്ച വ്യക്തിയാണ് ഞാൻ. എന്റെ ഈ താൽപ്പര്യം എം ജെ എമ്മിന്റെ

അന്നത്തെയും ഇന്നത്തെയും കോ-ഓഡിനേറ്ററായ ശ്രീ. വിൻസന്റ് ബനഡിക്റ്റിനെ അറിയിച്ചു. 29-ാം തീയതി രാവിലെയുള്ള കൂടിച്ചേരലിനു വേണ്ട എല്ലാ ക്രമീകരണവും ചെയ്യുമെന്നു ഞാൻ പ്രതീക്ഷിച്ചു. 28-ാം തീയതി വൈകിട്ട് എം ജെ എമ്മിൽ ഞാൻ വന്നപ്പോൾ അവിടെ ആരുമില്ല. കുറച്ചിരുട്ടിയപ്പോൾ ശ്രീ. വിൻസന്റ് വന്നു; കുറച്ചു സമയം കുശലം പറഞ്ഞിരുന്നു. എനിക്കു രാത്രി ഉറങ്ങാൻ കിടക്ക ശരിയാക്കിയിട്ടു വിൻസന്റ് തന്റെ വീട്ടിലേക്കുപോയി. പിറ്റേന്നും ഒരു കൂടിച്ചേരലിനു ക്രമീകരിച്ചിട്ടില്ല. എന്റെ പ്രതീക്ഷ അസ്ഥാനത്താണ് എന്നെനിക്ക് മനസിലായി. ശ്രീ. വിൻസന്റ് തന്റെ വീട്ടിലേക്ക് പോയിക്കഴിഞ്ഞിട്ട്, എം ജെ എമ്മിന്റെ തുടക്കത്തിൽ പശ്ചാത്തല ക്രമീകരണമായ രണ്ടുവർഷം നീണ്ടുനിന്ന പരിവർത്തനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസം തൊട്ട് അതിന്റെ പരിണാമ വളർച്ചയുടെ ഓരോ ഘട്ടവും എന്റെ മനസിലൂടെ കടന്നുപോയി. ഇപ്പോൾ അതു സ്വന്തം കാലിൽ നിൽക്കാൻ വേണ്ടി ശക്തിയാർജിച്ചു കഴിഞ്ഞിരുന്നു. ഒറ്റപ്പെടലിന്റെ വേദന ശക്തമായിരുന്നെങ്കിലും, എം ജെ എമ്മിന്റെ വളർച്ചയിലും നിലനിൽപ്പിലും എന്റെ പങ്കു 100 ശതമാനവും ആത്മാർഥമായും അർപ്പണബോധത്തോടെയും ചെയ്തു എന്നതിൽ സംതൃപ്തിയുണ്ടായി. രാത്രി ആഹാരം കഴിക്കാൻ പോയില്ല. എം ജെ എമ്മിന്റെ സ്വപ്ന വലയത്തിൽ ഏറെനേരം കിടന്ന് എപ്പോഴോ അറിയാതെ മയങ്ങിപ്പോയി. രാവിലെ ഉണർന്ന് കുളിച്ചു മിടുക്കനായി ആലപ്പുഴയ്ക്കു മോട്ടോർ സൈക്കിളിൽ ഒറ്റയ്ക്കു യാത്രയായി. അമ്പലപ്പുഴയിൽ വന്നു തട്ടുകടയിൽ നിന്നും ദോശയും കട്ടൻ ചായയും കുടിച്ചുകൊണ്ടു പറവൂരിൽ എത്തി. ആരെയും ഭയപ്പെടുത്തുന്ന കാടു പിടിച്ചു കിടക്കുന്ന ജനജാഗൃതി മണ്ണിൽ കാലുകുത്തി. ഉൽക്കണ്ഠയും പ്രതീക്ഷയുമായിരുന്നു അന്നത്തെ ഹൃദയ വികാരം. അവിടെ ജനജാഗൃതി പിറന്നു വീണു.

മറ്റൊരു കാര്യം കൂടി പങ്കുവെച്ചാലേ, ഈ അനു



ജനജാഗൃതി ഉദ്ഘാടനവേളയിൽ
പി ഗോവിന്ദപ്പിള്ള സംസാരിക്കുന്നു

ഭവം പൂർണമാകൂ. ഈ സംഭവത്തിനു ശേഷം കുറച്ചു ദിവസങ്ങൾ കഴിഞ്ഞു ഫാ. ജോസ് ജെ കളീക്കലിനെ കണ്ടപ്പോൾ എന്റെ ജന്മദിനമായ 1989 ആഗസ്റ്റ് 29 ൽ എം ജെ എമ്മിൽ വച്ചു എനിക്കുണ്ടായ ഇച്ഛാഭംഗത്തെപ്പറ്റി പങ്കുവെച്ചു. അപ്പോൾ ജോസ് പറഞ്ഞകാര്യം വിലപ്പെട്ടതായി അന്നും ഇന്നും ഞാൻ കരുതുന്നു. 'കാര്യം ചെയ്തു തീർത്താൽ, ഇറങ്ങി നടക്കണം. വിലയിരുത്താം, പക്ഷേ, പുറകോട്ടു നോക്കരുത്. എം ജെ എമ്മിനോടുള്ള നമ്മുടെ ധർമം തീർന്നു കഴിഞ്ഞു. ഇനി പുറകോട്ടില്ല. മുന്നോട്ടു തന്നെ. പുത്തൻ പ്രവർത്തന മേഖലയിലേക്ക്,' അതു കഴിഞ്ഞ് എം ജെ എമ്മിന്റെ ഒരു കാര്യത്തിലും കടന്നുചെന്ന് ഇടപെട്ടിട്ടില്ല. എം ജെ എമ്മിന്റെ കമ്മറ്റി-പൊതുയോഗങ്ങളിലും വിലയിരുത്തലിലും കൃത്യമായി പങ്കെടുക്കുകയും അവിടെ എന്റെ അഭിപ്രായം തുറന്നു പറയുകയും ചെയ്തുപോന്നു. അതു ശ്രീ. വിൻസന്റിനു അനിഷ്ടമായി പലപ്പോഴും അനുഭവപ്പെട്ടു. അതിന്മേൽ അഭിപ്രായ വ്യത്യാസവുമുണ്ടായിട്ടുണ്ട്. അങ്ങനെ തുടരുന്നതിൽ അർഥമില്ലെന്നു വ്യക്തമായപ്പോൾ, ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് എം ജെ എം കമ്മിറ്റിയിൽ നിന്നുള്ള എന്റെ രാജിക്കത്തു കൊടുത്തു. അതു കഴിഞ്ഞ് എം ജെ എമ്മിന്റെ പൊതുയോഗം കൂടുന്നതായി അറിയിച്ചിട്ടില്ല. എം ജെ എം കമ്മിറ്റി എന്റെ രാജി സ്വീകരിച്ചതായും അറിയിച്ചിട്ടില്ല. എനിക്കു നിരന്തരം ബന്ധമുണ്ടായിരുന്നതും ഇപ്പോഴും ബന്ധം തുടരുന്നതുമായ മൂന്നു എം ജെ എം പൊതുയോഗാംഗങ്ങളുണ്ട്. അവരിൽ രണ്ടുപേർ കമ്മറ്റി അംഗങ്ങളുമാണ്. ഇത്രയും വർഷങ്ങളായിട്ടും അവർക്കു ഇതുവരെ പൊതുയോഗ അറിയിപ്പ് ലഭിച്ചിട്ടില്ല. അവരിൽ ഒരാൾ പൊതുയോഗം വിളിക്കണമെന്നു രേഖാമൂലം ആവശ്യപ്പെട്ടുകൊണ്ടു എം ജെ എം കോ-ഓർഡിനേറ്ററി (ശ്രീ. വിൻസന്റ് ബനഡിക്റ്റ്)നു കത്തുകൊടുത്തു. വർഷങ്ങൾ കഴിഞ്ഞിട്ടും ഒരറിയിപ്പും ലഭിച്ചില്ല. എം ജെ എമ്മിന്റെ അയൽവാസിയാണ് ഓറയുമായി സ്ഥിരം ബന്ധപ്പെടുന്ന പ്രൊഫ. വി സി ജോൺ. ഓറയുടെ ആവശ്യത്തിനായി മാസത്തിൽ ഒരിക്കലെങ്കിലും അദ്ദേഹത്തിന്റെ വീട്ടിൽ പോകാറുണ്ട്. അവിടെ നിന്നുകൊണ്ട് എം ജെ എമ്മിനെ ഒന്നു വീക്ഷിക്കും. ഹൃദയഭേദകമായ കാഴ്ചയാണ് അവിടെ കാണുക. എം ജെ എം തുടങ്ങിയതു ഒരു വാടക കെട്ടിടത്തിലാണ്-കല്ലുമലയിൽ അബ്രഹം സാറിന്റെ വീട്. അദ്ദേഹത്തിന് ഇപ്പോൾ കണ്ണീരിന്റെ കഥയേ എം ജെ എമ്മിനെപ്പറ്റി പറയുവാനുള്ളൂ. കേൾക്കുമ്പോൾ വേദനയുണ്ട്. പക്ഷേ, ജോസിന്റെ വാക്കുകൾ ഉടൻ മനസിൽ എത്തും: 'തിരിഞ്ഞു നോക്കരുത്; യാത്ര മുന്നോട്ടു തന്നെ.'

തീർത്തും ശുഭകരമായൊരു സംഭവത്തിനോടനുബന്ധിച്ചു 21 വർഷങ്ങൾക്കു മുൻപ് നടന്ന നിഷേധാത്മകമായൊരുനുഭവം ഇവിടെ പങ്കുവെച്ചതിന്റെ സാംഗത്യം എന്ത് എന്നു ചോദിച്ചേക്കാം. സാംഗത്യമുണ്ടെന്നാണ് എന്റെ വ്യക്തമായ നിലപാട്. അന്നത്തേത് നിരാശാജനകമായ അനുഭവമെങ്കിൽ ഇന്നത്തേതു പ്രത്യാശാനിർഭരമാണ്. സുദീർഘമായ

വിചിന്തനത്തിന്റെയും ചർച്ചയുടെയും പ്ലാനിങ്ങിന്റെയും കുഞ്ഞാണ് ഇവിടെ പിറന്നു വീണിരിക്കുന്നത്. ഓറയ്ക്ക് ഇന്ന് 27 വയസ്സ് പ്രായപൂർത്തിയാവുകമാത്രമല്ല, പക്വത ആർജിച്ചിരിക്കുകയാണ്. ഇനി തലതൊട്ടപ്പൻ കയറി കളിക്കാൻ പാടില്ല. കാര്യം ചെയ്തു കഴിഞ്ഞാൽ, ഇറങ്ങി നടക്കണം; പുതിയ പ്രവർത്തന മേഖലകളിലേക്ക്, ബലിഷ്ഠമായ കരങ്ങളിൽ ഏൽപ്പിച്ചുകൊണ്ട്. അതാണിവിടെ നടക്കുന്നത്.

ഈ നടപടിയിൽ ബന്ധപ്പെട്ടവരിൽ ചിലരെങ്കിലും ഓറയുടെ ഭാവിയെപ്പറ്റി അൽപ്പം ഉൽക്കണ്ഠ പ്രകടിപ്പിച്ചു. ഉൽക്കണ്ഠയ്ക്കു സ്ഥാനമില്ല എന്നാണ് എന്റെ വ്യക്തമായ അഭിപ്രായം. ഇതൊരു ജീവത്തായ പ്രക്രിയയാണ്. അതു നടക്കേണ്ടതാണ്. പരിണാമ പ്രക്രിയയുടെ നിയമമാണിത്. തിരിഞ്ഞു നോക്കരുത് എന്നതു ശക്തമായ താക്കീതും. എന്റെ സ്വഭാവശൈലിയുമായി തുലനം ചെയ്യുമ്പോൾ, ഇതു അത്ര എളുപ്പമുള്ള കാര്യമല്ല. ശ്രീ. പ്രസന്നകുമാർ തന്നെ ഞങ്ങളുടെ ഒരു സ്വകാര്യ ചർച്ചയിൽ പറഞ്ഞു: 'ഇങ്ങനെയൊക്കെ നടന്നാലും അച്ചൻ വീണ്ടും ഇടപെട്ടുകൊണ്ടിരിക്കും. അത് അച്ചന്റെ സ്വഭാവമാണ്.' അദ്ദേഹം പറഞ്ഞതിൽ കാര്യമുണ്ട് എന്നതു വസ്തുതയാണ്. എങ്കിലും എടുത്ത തീരുമാനത്തോടു വിശ്വസ്തത പുലർത്താൻ തന്നെ തീരുമാനിച്ചിരിക്കുകയാണ്; സമയം വിധി എഴുതട്ടെ.

ഇതു ഓറയുടെ കാര്യത്തിൽ മാത്രമല്ല, ജനജാഗൃതിയുടെ കാര്യത്തിലും നടക്കണം. അതിന്റെ പ്രക്രിയ എന്തായിരിക്കണം, എങ്ങനെ ആയിരിക്കണം എന്നാണിപ്പോൾ എന്റെ ചിന്ത. ജനജാഗൃതിയുടെ നാളെയെപ്പറ്റി ചിന്തിക്കുമ്പോൾ ജനജാഗൃതിയുടെ ഇന്നിനെപ്പറ്റി ഒരു തുറന്ന വിലയിരുത്തൽ അത്യാവശ്യമാണെന്നു തോന്നുന്നു.

അമേരിക്കയിലെ പഠനകാലത്തെ അവധി സമയത്ത് ഏതാണ്ട് ഒരു മാസം ബ്രസീലിൽ ചെലവഴിക്കാൻ അവസരമുണ്ടായി. ഈ ബ്രസീലിയൻ അനുഭവത്തിന്റെ ആദ്യഫലമാണു ജനജാഗൃതി എന്നു വിശേഷിപ്പിക്കാം. മുമ്പു പ്രതിപാദിച്ചിട്ടുള്ളതു പോലെ ഫാ. എ സോളമൻ, ഫാ. ജോസ് ജെ കളീക്കൽ, ഫാ. ജോസഫ് തോമസ്, ഞാൻ എന്നീ നാലു പേരടങ്ങുന്ന ചെറു വൈദിക സംഘത്തിന്റെ നേതൃത്വത്തിൽ എം ജെ എം, വി വി കെ, ജെ വി പി, ആടസ് എസ് സി ഡി കടമ്പനാട്ട്, എസ് സി ഡി ചണ്ണപ്പേട്ട, ഡി പി ഐ എഫ് സി എന്നീ ഏഴ് ജനകീയ പ്രതിരോധ സംഘങ്ങൾ രജിസ്റ്റർ ചെയ്തു കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇവയുടെ വിലയിരുത്തലിൽ ശക്തമായി ഉരുത്തിരിഞ്ഞ ഒരു കാര്യം ഇതാണ്. ഇവ ഓരോന്നും സ്വതന്ത്രമായി രജിസ്റ്റർ ചെയ്ത സംഘടനകളാണ്; ഓരോന്നിനും അതിന്റേതായ ലക്ഷ്യങ്ങളും പ്രവർത്തനമേഖലകളുമുണ്ട്. എങ്കിലും എല്ലാത്തിനും ചില പൊതു സ്വഭാവവുമുണ്ട്. ഇവിടെ ഇനി വേണ്ടത് ഒരു ഏകോപന സെന്ററാണ്. അവിടെ എല്ലാ സംഘങ്ങൾക്കും വരാനും ഹൃദയവികാരങ്ങൾ പങ്കുവയ്ക്കുവാനും കൂടുതൽ ശക്തരായി തിരിച്ചുപോകാനും സാധിക്ക



*ജനജാഗൃതിയുടെ ആഭിമുഖ്യത്തിൽ പ്ലാച്ചിമട ഉയർത്തുന്ന പ്രശ്നങ്ങളെ ആസ്പദമാക്കി നടന്ന സെമിനാർ എം സി ജോസഫൈൻ ഉദ്ഘാടനം ചെയ്യുന്നു*

ണം. അങ്ങനെ ഒരു കോ-ഓഡിനേഷൻ സെന്ററിന്റെ ആവശ്യകത മനസിലാക്കി, പ്രകൃതിരമണീയമായൊരു സ്ഥലം കൊല്ലം-പത്തനംതിട്ട ജില്ലകളിൽ എവിടെയെങ്കിലും കണ്ടെത്താൻ ഞങ്ങൾ തീരുമാനിച്ചു. അങ്ങനെ പല സ്ഥലത്തും ഞങ്ങൾ അന്വേഷിച്ചു; പല സ്ഥലങ്ങളും കണ്ടു. അവസാനം കൊല്ലം ജില്ലയിൽ കലയപുരത്തു പുത്തുർ മുക്കിനടത്ത് അന്തമൺ എന്ന സ്ഥലത്ത് ആകാമെന്നു തീരുമാനമായി. അതിന്റെ ആദ്യപടി എന്ന രീതിയിൽ മുകളിൽ സൂചിപ്പിച്ച ഞങ്ങൾ നാലു വൈദികർ ചേർന്നു എഫ് ആർ സി എസ് (ഫോറം ഫോർ റിന്യൂവൽ ഓഫ് ക്രിസ്ത്യൻ സോളിഡാരിറ്റി) ട്രസ്റ്റ് രൂപീകരിച്ചു. ട്രസ്റ്റിന്റെ പേരിൽ വസ്തുവാങ്ങാനും തീരുമാനിച്ചു. അങ്ങനെ ഫാ. ജോസ് ജെ കളീക്കലും ഞാനും ഒരേക്കർ സ്ഥലം കണ്ടു വില പറഞ്ഞ് അഡ്വാൻസും കൊടുത്തു. സാവകാശം ഈ വസ്തുവിനോടൊപ്പം കുറച്ചു വസ്തുകൂടി അവിടെ വാങ്ങാൻ തീരുമാനിച്ചു. തുടർന്നാണ് വിമോചന ദൈവശാസ്ത്രത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഉപരിപഠനാർഥം ഞാൻ അമേരിക്കയിൽ പോയത്. അവിടെ ബോസ്റ്റൺ കോളജിൽ ചേർന്നു. രണ്ടു വർഷത്തെ പഠനം. ഇതിനിടെയാണ് ഫാ. സോളമൻ തന്റെ 25 വർഷത്തെ രൂപതാ വൈദിക ശുശ്രൂഷയ്ക്ക് ശേഷം രണ്ടു വർഷത്തെ അവധിയെടുത്തു വടക്കേ ഇന്ത്യയിൽ പല സ്ഥലങ്ങളിലും ആദിവാസികളോടൊപ്പം അവരുടെ ഊരുകളിൽ താമസിച്ചത്. അവിടെ സാമാന്യ ജനത്തിന്റെ ഹൃദയത്തുടിപ്പ് രുചിച്ചറിഞ്ഞു. ബാംഗ്ലൂരിലും ചെന്നൈയിലും സാമൂഹ്യപ്രതിരോധ റിഫ്രെഷർ കോഴ്സുകളിലും പങ്കെടുത്തു. അതു കഴിഞ്ഞ് തിരിച്ചു വന്നിട്ട് വീണ്ടും ഇടവക ജീവിതത്തിലേക്ക് പോകുന്നത് യുക്തിക്കും ബുദ്ധിക്കും നിര

ക്കുന്നതല്ല എന്നു കണ്ട്, എഫ് ആർ സി എസ് ന്റെ പേരിൽ അന്തമണ്ണിൽ വാങ്ങിയ സ്ഥലത്ത് എല്ലാ ജനകീയ സംഘങ്ങളുടെയും കോ-ഓർഡിനേഷൻ സെന്ററായി സരോവരയ്ക്ക് രൂപംനൽകി അവിടെ താമസമാക്കി. എല്ലാം കൊണ്ടും തീർത്തും ലളിതമായ ജീവിത രീതിയാണ് ഫാ. സോളമൻ അവിടെ അവലംബിച്ചത്. ഈ സമയത്താണ് ഒരു പ്രത്യേക സാഹചര്യത്തിൽ ആലപ്പുഴയിലെ പറവൂരിൽ കുറച്ച് സ്ഥലം ലഭിക്കാനുള്ള അവസരമുണ്ടായത്. ഫാ. ജോസ് ജെ കളീക്കൽ ഈ വിവരം എന്നെ അറിയിക്കുകയും ചെയ്തു. അങ്ങനെ അമേരിക്കയിൽ പെട്രോൾ പമ്പിൽ പാർട്ട് ടൈം ജോലി ചെയ്തു കിട്ടിയ ഒരുലക്ഷം രൂപ അയച്ചു കൊടുത്തു. അതുകൊടുത്തിട്ട് ആലപ്പുഴ പറവൂരിൽ 50 സെന്റ് വസ്തു എഴുതിച്ചു, ബാക്കി പൈസ കടം പറഞ്ഞു. അതു ഞാൻ അമേരിക്കയിൽ നിന്നു തിരിച്ചെത്തിയപ്പോൾ തന്നെ കൊടുത്തു തീർത്തു.

അമേരിക്കയിലെ 25 മാസത്തെ ജീവിതത്തിൽ, എന്റെ ഭാവി പ്രവർത്തനങ്ങൾക്കു ദിശാബോധം നൽകിയ പല കാര്യങ്ങൾ ഉണ്ടായെങ്കിലും എടുത്തു പറയേണ്ട മൂന്നു സംഭവങ്ങൾ ഉണ്ട്.

ഒന്ന്, പ്രശസ്ത ലാറ്റിൻ അമേരിക്കൻ വിമോചന ദൈവശാസ്ത്രജ്ഞനായ ഫാ. ഗുസ്താവോ ഗുറ്റിയേറസിന്റെ ഒരു ടേമിലെ ക്ലാസിൽ പങ്കെടുക്കാൻ സാധിച്ചത്. *ബൈബിളി*നെയും ദൈവശാസ്ത്രത്തെയും ജീവിത യാഥാർഥ്യങ്ങളുമായി ബന്ധിപ്പിച്ച് എടുത്ത ക്ലാസുകൾ ഇന്നും മനസിൽ നിറഞ്ഞു നിൽക്കുന്നു. ജനങ്ങളും അവരുടെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ-വ്യക്തിപരമായ ഇടപെടലുകൾ ദൈവശാസ്ത്രജ്ഞന്റെ പാഠശാലയാണെന്നും ദന്തഗോപുരത്തിൽ ഇരുന്നു ദൈവശാസ്ത്രം രചിക്കുന്നവൻ കപടശാസ്ത്രം മെനയുകയാണെന്നും അദ്ദേഹം തറപ്പിച്ചു പറഞ്ഞത് ഇന്നും ഇടിനാദം പോലെ കർണപുടങ്ങളിൽ മുഴങ്ങുന്നു.

രണ്ട്, ബോസ്റ്റൻ കോളജിലെ വലിയ അവധി സമയത്ത് മൂന്നാഴ്ചത്തേക്കു ലാറ്റിനമേരിക്കൻ രാജ്യങ്ങളിലൊന്നായ ബ്രസീലിൽ പോകാൻ സാധിച്ചതാണ്. ഇതു വലിയൊരനുഭവമായിരുന്നു. അടിസ്ഥാന ക്രിസ്ത്യൻ സമൂഹങ്ങളുടെ ഈറ്റില്ലമെന്നറിയപ്പെട്ടിരുന്ന ലാറ്റിനമേരിക്കയിലെ ബ്രസീലിൽ, കാര്യങ്ങൾ നേരിട്ട് കണ്ടു മനസിലാക്കാമല്ലോ എന്നാശിച്ചാണവിടെ എത്തിയത്. രണ്ടു കാര്യങ്ങളാണ് എന്റെ പ്രത്യേക ശ്രദ്ധപിടിച്ചു പറ്റിയത്. അടിസ്ഥാന ക്രിസ്ത്യൻ സമൂഹത്തിന്റെ ഒരു യൂണിറ്റ് കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ അതിന്റെ പിന്നിൽ നേതൃത്വത്തിന്റെ കഠിനവും നിരന്തരവും ത്യാഗപൂർണവും തളരാതെയുള്ളതുമായ നീണ്ടകാല ഇടപെടൽ ഉണ്ടാകണം. അങ്ങനെ രൂപപ്പെടുന്ന യൂണിറ്റ് സജീവമായിരിക്കും. മറ്റൊന്ന്, അവിടത്തെ ആശയവിനിമയ നെറ്റുവർക്കിങ് ആണ്. ഒരു സ്ഥലത്ത് അർഥപൂർണമായ ഒരു ബൈബിൾ പഠനമോ, രാഷ്ട്രീയ-സാംസ്കാരിക സമ്മേളനമോ നടന്നാൽ, അടുത്ത ദിവസം കൊണ്ടു തന്നെ അവിടെ നടന്ന കാര്യങ്ങൾ സാഹിത്യത്തിന്റെ

പല രൂപത്തിൽ, സമൂഹത്തിൽ പല ബൗദ്ധികതലത്തിൽ ആയിരിക്കുന്നവരെ അഭിസംബോധന ചെയ്തു കൊണ്ട്, ഗൗരവമേറിയ ലേഖനസമാഹാരങ്ങളായി, കാർട്ടൂണുകളായി, ലളിതമായ സചിത്ര കുറിപ്പുകളായി, പടങ്ങളായി, ചിത്രങ്ങളായി – അങ്ങനെ പല രീതിയിൽ പ്രത്യക്ഷപ്പെടും. അതു രണ്ടു ദിവസം കൊണ്ടു ബ്രസീൽ എന്ന മഹാരാജ്യത്തിന്റെ എല്ലാ കോണുകളിലും എത്തിയിരിക്കും. ആധുനിക സാങ്കേതിക വിദ്യയുടെ അതിപ്രസരമില്ലാതെ, ഇത്ര ഹൃദ്യമായി പ്രതിപാദിച്ചുകൊണ്ട് രാജ്യം മുഴുവൻ എത്തുന്നതു വിസ്മയം ജനിപ്പിക്കുന്ന കാര്യമായാണ് ഇന്നും ഞാൻ സ്മരിക്കുന്നത്.

മൂന്ന്, കിഴക്കൻ ജർമനി സന്ദർശിക്കുവാൻ കിട്ടിയ അവസരം. അന്നു കിഴക്കും പടിഞ്ഞാറും ജർമനികൾ ഏകോപിപ്പിച്ചിട്ടില്ല. പക്ഷേ അതിനുള്ള തീരുമാനം ആയിട്ടുണ്ട്. അതുകൊണ്ട് കിഴക്കൻ ജർമനി സന്ദർശനം വലിയ ബുദ്ധിമുട്ടില്ലാതെ സാധിച്ചു. അവിടെ കണ്ടകാര്യങ്ങളിൽ രണ്ടെണ്ണം പ്രത്യേകം പ്രസ്താവയോഗ്യമാണ്. അമേരിക്കയെയോ മറ്റു യൂറോപ്യൻ രാജ്യങ്ങളെയോ അപേക്ഷിച്ചു സ്ത്രീപുരുഷ സമത്വം ഏതാണ്ടു ചുമതലാബോധത്തോടെ ദർശിച്ചത് അവിടെയാണ്. ഉത്തരവാദിത്വങ്ങൾ പരസ്പരം പങ്കുവെച്ചുകൊണ്ടുള്ള രീതി ശ്രദ്ധേയമായി. മറ്റൊന്ന്, സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ മനുഷ്യസമൂഹത്തിന്റെ അടിസ്ഥാനാവശ്യങ്ങൾ പരിമിതമായ രീതിയിൽ നിറവേറ്റപ്പെടുന്നു എന്നു വായിച്ചേ അറിഞ്ഞിട്ടുണ്ടായിരുന്നുള്ളൂ. അവിടെ അവർക്കെല്ലാവർക്കും ആഹാരം, എല്ലാവർക്കും പാർപ്പിടം, എല്ലാവർക്കും വസ്ത്രം, എല്ലാവർക്കും യാത്രാസൗകര്യം, എല്ലാവർക്കും വിശ്രമം, പരസ്പരമുള്ള നിലവാരത്തിൽ സമാനത എന്നൊക്കെ അവർ ഇങ്ങോട്ടു നേരിട്ടു സംസാരിച്ചു. അവിടെത്തന്നെ അധികാര ദുഷ്പ്രഭുത്വമുണ്ടായിരുന്നതിന്റെ തിക്തഫലം അനുഭവിക്കേണ്ടിവന്നെങ്കിലും, ഈയൊരവസ്ഥ ഒരു സോഷ്യലിസ്റ്റ് രാജ്യത്തിന്റെ സാധ്യത, ഇന്നല്ലെങ്കിൽ നാളെ യാഥാർഥ്യമാകും എന്ന പ്രതീക്ഷ പ്രായോഗികമായി എന്നിൽ ഉണർത്തി. ഒപ്പം മുതലാളിത്തം ഒരിക്കലും എല്ലാ ജനതയ്ക്കും അർഥപൂർണവും തുല്യവും നീതിയുക്തവുമായൊരവസ്ഥ സൃഷ്ടിക്കുകയില്ലെന്നും പണത്തിന്റെ അടിമയായേ നീങ്ങാൻ പറ്റൂ എന്നുമുള്ള ബോധം രൂഢമൂലമാക്കുകയും ചെയ്തു.

ഇങ്ങനെയുള്ള സ്വപ്നങ്ങളോടും ചിന്തകളോടുമാണ് അമേരിക്കയിൽ നിന്നും ഉപരിപഠനാനന്തരം 1990 മേയ് അവസാനം നാട്ടിൽ തിരിച്ചെത്തിയത്. സാമൂഹ്യമാറ്റത്തിൽ ജനവും മാധ്യമവും വഹിക്കുന്ന നിർണായക പങ്കു വ്യക്തമാക്കുന്ന ഒരു ഇടപെടൽമേഖല കണ്ടെത്താനുള്ള എന്റെ സ്വപ്നം എന്റെ സുഹൃത്തുക്കളും എഫ് ആർ സി എസ് അംഗങ്ങളുമായ ഫാ. എ സോളമൻ, ഫാ. ജോസ് ജെ കളീക്കൽ, ഫാ. ജോസഫ് തോമസ് എന്നിവരുമായി സുദീർഘം ചർച്ചചെയ്തു. ഈ വിചിന്തനങ്ങളും ചർച്ചകളും നടക്കുന്നതിനിടയിൽ, ഫാ. ജോസ് ജെ കളീക്കലിന്റെ മേടയിൽ താമസിച്ചുകൊണ്ട്, അന്ന് എഫ് ആർ സി എസിന്റെ

മേൽ നോട്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എല്ലാ ജനകീയ സംഘങ്ങളുടെയും വിലയിരുത്തലും ഭാവി പരിപാടികളുടെ ആസൂത്രണവും നടത്തുന്നതിൽ മുഖ്യപങ്കുവഹിച്ചു. ജനജാഗൃതിയുടെ രൂപീകരണത്തിനു വഴിതെളിച്ചത് സരോവരയിൽവച്ചു നടന്ന ചർച്ചയാണ്. എഫ് ആർ സി എസ് അംഗങ്ങൾ കൂടെയുണ്ടാകുമെന്ന ധാരണയിൽ, കമ്മിറ്റിയിൽ ഞാനല്ലാതെ മറ്റു വൈദികർ വേണ്ട എന്നു തീരുമാനിച്ചു. ഉത്തരവാദിത്വവും അർപ്പണബോധവും കർമശേഷിയുമുള്ള അൽമായ സുഹൃത്തുക്കളെ കണ്ടെത്തുകയാണ് വേണ്ടത് എന്ന ധാരണയുമായി. അങ്ങനെ ശ്രീ. എൻ ജി ശാസ്ത്രി, സിസ്റ്റർ ക്ലയർ മുതുകാട്ടിൽ, ശ്രീ. പി ആർ രവി, ശ്രീ. വിൻസന്റ് ബനഡിക്റ്റ് എന്നിവരുടെ സഹകരണം തേടാൻ തീരുമാനിച്ചു. പുതിയ പ്രസ്ഥാനത്തിന്റെ അടിസ്ഥാനം ആലപ്പുഴ പറവൂരിലാകാനും തീരുമാനിച്ചു. അതിനിടയിൽ എന്തായിരിക്കണം പുതിയ പ്രസ്ഥാനത്തിന്റെ പേര് എന്നുള്ള ചർച്ചയിൽ ജനത്തിൻ ഉണർവും ജാഗ്രതയും വളർത്താൻ മാധ്യമം ചെലുത്തുന്ന സ്വാധീനത്തെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കെ ഫാ. സോളമൻ 'ജനജാഗ്രത' എന്ന പേരു നിർദേശിച്ചു. ഞങ്ങൾ നാലു പേരിൽ സൗന്ദര്യത്തിനു പ്രാമുഖ്യം കൊടുക്കുന്ന വ്യക്തി ഫാ. ജോസാണ്. അദ്ദേഹം പറഞ്ഞു കൂടുതൽ ഇമ്പം 'ജനജാഗൃതി' ആയിരിക്കും. അങ്ങനെ പ്രസ്ഥാനത്തിനു 'മാധ്യമം സാമൂഹ്യമാറ്റത്തിന്' എന്ന ലക്ഷ്യത്തോടെ 'ജനജാഗൃതി' എന്നു നാമകരണം ചെയ്തു. അങ്ങനെ മാധ്യമത്തിനു മുൻതൂക്കം നൽകുന്ന, വിമോചന വിശ്വാസ പ്രസ്ഥാനങ്ങളുമായും ജനകീയ സംഘങ്ങളുമായും ഇടപെട്ട് മുന്നേറുന്നവർക്കൊക്കെ ശക്തിപകരുന്ന ഒരു പഠന പ്രചരണ സാംസ്കാരിക പ്രസ്ഥാനമായി ജനജാഗൃതി ജനിച്ചു വീണു.

ജനജാഗൃതിയുടെ ആദ്യപരിപാടിയായി പ്രശസ്ത ചിന്തകനായ ശ്രീ. കെ മഹേശ്വരൻ നായർ രചിച്ച *മതം, മതമൗലികതാവാദം, വർഗീയത* എന്ന പുസ്തകം ജനജാഗൃതി പ്രസിദ്ധീകരിച്ചു. 1991 ഏപ്രിൽ 30ന് തിരുവനന്തപുരം പി സി ഒ (പ്രോഗ്രാം ഫോർ കമ്യൂണിറ്റി ഓർഗനൈസേഷൻ) യിൽ വെച്ച് ഞങ്ങൾ പിതൃതുല്യം ആദരിക്കുന്ന മാർക്സിസ്റ്റ് ആചാര്യനായ പി ഗോവിന്ദപിള്ള പ്രസ്തുത പുസ്തകം പ്രകാശനം ചെയ്തു. 1991 മെയ് 8 ന് എ. 310/91 നമ്പറായി ജനജാഗൃതി രജിസ്റ്റർ ചെയ്തു. ജനജാഗൃതിയുടെ ഔദ്യോഗിക പ്രവർത്തനം 1991 ജൂൺ 15 ൽ ആലപ്പുഴ പറവൂരിൽ ഒരു വാടകക്കെട്ടിടത്തിൽ തുടങ്ങി.

ഉദ്ഘാടന ചടങ്ങിൽ ജനജാഗൃതിയുടെ ലക്ഷ്യം ഏതാണ്ടിങ്ങനെ അടയാളപ്പെടുത്തി. ഫാ. സോളമനാണ് അതു വ്യക്തമാക്കിയത്. 'ജനമാണ് എല്ലാറ്റിന്റെയും അടിസ്ഥാനം. ഭാഷയും അക്ഷരങ്ങളും ജനത്തിൽ നിന്നും ഉരിത്തിരിഞ്ഞതാണ്. അക്ഷരങ്ങളിലൂടെ ഭൂത-ഭാവി തലമുറകളുമായി സൂക്ഷ്മബന്ധങ്ങളും വർത്തമാന തലമുറയുമായി സ്ഥൂലബന്ധങ്ങളും ഉണ്ടായിവരുന്നു.... നമ്മിൽ നട്ടുവളർത്തേണ്ട സമ്മാനമാണ് അക്ഷരം. അതു ജനങ്ങളിൽ വേരൂന്നി വളരും. ജനത്തിന്റെ സർഗശക്തി

നെഞ്ചേറ്റിയും ആവാഹിച്ചും, ലാളന ഏറ്റുവാങ്ങിയും വളരണം, പൂക്കണം, കനിയാകണം; ആ കനി ഒരത്ഭുത കനിയായിരിക്കും.' (1991 ജൂൺ 15 ലെ ജനജാഗൃതിയുടെ പ്രതിഷ്ഠയിൽ നിന്നും). അതേ, ജനജാഗൃതി ഒരു വിസ്മയ കനിയായി വളരും, തീർച്ച.

വളരെ താമസിയാതെ ജനജാഗൃതിക്കു സ്വന്തമായി ഒരു ഭവനമുണ്ടാക്കാൻ തീരുമാനിച്ചു. പുന്നപ്ര വയലാർ സമര സേനാനിയും താലിക്കു പകരം അരിവാൾ ചുറ്റിക തന്റെ സഹധർമിണിയുടെ കഴുത്തിൽ അണിയിക്കുകയും തന്റെ മൂന്നു മക്കളുടെയും വിവാഹം മതനിരപേക്ഷമായി നടത്തുകയും ചെയ്ത ആദർശ കമ്യൂണിസ്റ്റുമായ സഖാവ് വി കെ കരുണാകരനാണ് (21. 6. 1991) തറക്കല്ലിട്ടത്. പുന്നപ്ര മണ്ണിൽ ഒരു ഭവനം തീർക്കുമ്പോൾ ആ മണ്ണിനു ജീവന്റെ മണം പകർന്ന ഒരു വ്യക്തിതന്നെ അടിസ്ഥാനശിലയിട്ടതിലുള്ള അഭിമാനം വലുതാണ്. ഒരുവർഷം പൂർത്തിയായപ്പോഴേക്കും 1992 മെയ് 30 ൽ കെട്ടിടത്തിന്റെ ഉദ്ഘാടനം നടന്നു. കേരളത്തിൽ ജനകീയ പ്രതിരോധ സംഘങ്ങളുടെ പിതാവും പ്രശസ്ത ദൈവശാസ്ത്രജ്ഞനും *ബൈബിൾ* പണ്ഡിതനും നാഗാലാന്റ് ഗവർണറുമായിരുന്ന ഡോ. എം എം തോമസ് ആണ് ആ ചടങ്ങിനു തുടക്കം കുറിച്ചത്. ജനശക്തിക്ക് ഇന്നത്തെ അനീതി നിറഞ്ഞ ക്രമങ്ങളെ തകർക്കാനാകും എന്നും പുതിയ വഴി വെട്ടിത്തുറക്കാനാകും എന്നും പ്രതീകാത്മകമായി കാണിക്കുന്ന ഒരു സ്കിറ്റിലൂടെ നടത്തിയ ഉദ്ഘാടനം ഇന്നും സജീവമായി മനസിൽ പ്രത്യാശയായും എന്നാൽ ചോദ്യചിഹ്നമായും നിലനിൽക്കുന്നു. 'ജനജാഗൃതി അജ്ഞതയ്ക്കെതിരെ പടവാളെടുക്കുന്നു, അക്ഷരങ്ങളിലൂടെ, പ്രസിദ്ധീകരണങ്ങളിലൂടെ; പുരുഷാധിപത്യത്തിനെതിരെ, സ്ത്രീപക്ഷ കാഴ്ചപ്പാട്' തുടങ്ങിയുള്ള പങ്കാളികളുടെയെല്ലാം ദൃഢ വാഗ്ദാനം സമ്മേളനത്തിന്റെ മാറ്റു വർധിപ്പിച്ചു. അവിടെവച്ചു തന്നെ ജനജാഗൃതിയുടെ അടുത്ത രണ്ടു പുസ്തകങ്ങൾ (പ്രൊഫ. കടമ്മനിട്ട വസുദേവൻ പിള്ളയുടെ *പടയണിയിലെ പാളക്കോലങ്ങൾ*, ശ്രീ. ശിവരാമൻ ചെറിയനാടിന്റെ *അസിധാര*) പ്രകാശനം ചെയ്തു. അങ്ങനെ ജനജാഗൃതിക്കു പുന്നപ്ര മണ്ണിൽ വേരോട്ടമായി.

**ജനജാഗൃതി പ്രസാധക സംഘം** അങ്ങനെ ഈടുറ്റതും വിജ്ഞാനപ്രദവുമായ ഏതാണ്ട് 35 ഓളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. അതുപോലെ 1982 ൽ കുണ്ടറ കേന്ദ്രമാക്കി വിമോചന ദൈവശാസ്ത്രത്തിന്റെ ജിഹ്വയെന്ന നിലയിൽ ആരംഭിച്ച *ഓറ* (ഓൾഗൻ ഫോർ റാഡിക്കൽ ആക്ഷൻ - ORA) മാസിക 1991 മുതൽ ജനജാഗൃതിയുടെ പൂർണ ഉത്തരവാദിത്വത്തിൽ പുറത്തിറക്കാൻ തുടങ്ങി. ഓറയെപ്പറ്റി മറ്റൊരു അധ്യായം തന്നെ ഉള്ളതുകൊണ്ട് ഇവിടെ വിശദീകരിക്കുന്നില്ല. പുസ്തക പ്രസിദ്ധീകരണത്തിൽ ഞങ്ങൾ പ്ലാനിട്ട രീതിയിൽ വിതരണ ശൃഖംല വിപുലപ്പെടുത്താൻ സാധിക്കാതെ വന്നതിനാൽ ഇപ്പോൾ വളരെ ശ്രദ്ധാപൂർവം വല്ലപ്പോഴുമേ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുള്ളൂ.

കഴിഞ്ഞ 18 വർഷങ്ങൾകൊണ്ടു ജനജാഗൃതിക്കു സാംസ്കാരിക

കേരളത്തിൽ മായാത്ത മുദ്ര പതിക്കാൻ സാധിച്ചു എന്നതിൽ അഭിമാനമുണ്ട്. ഓറയുടെ പ്രവർത്തനം ജനജാഗൃതിയിലായപ്പോൾ, ചെറിയൊരു ലെറ്റർ പ്രസ്സ് ഉണ്ടായാൽ 15 ദിവസത്തെ പണി നമുക്കു തന്നെ ചെയ്യാനാകുമെന്നുള്ളതിനാലും, ആ ഉദ്യമം ഓറയുടെ ലേ ഔട്ട് കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുന്നതിനോടൊപ്പം, അൽപ്പം സാമ്പത്തിക പ്രയോജനവുമുണ്ടാകുമെന്നതിനാലും ഗൗരവപൂർവം ഞങ്ങൾ പ്രസ്സിന്റെ വിവിധ വശങ്ങളെപ്പറ്റി വിലയിരുത്തി. അങ്ങനെ 1992 മെയ് ഒന്ന് സാർവദേശീയ തൊഴിലാളി ദിനത്തിൽ, ശ്രീ. ഈ ജി പീറ്റർ എന്ന മത്സ്യത്തൊഴിലാളിയെക്കൊണ്ടു സരോവര പ്രിന്റേഴ്സ് എന്ന പേരിൽ ഒരു ലറ്റർ പ്രസ്സിനു തുടക്കം കുറിച്ചു. ഇതു പ്രസിദ്ധീകരണ രംഗത്തു നല്ല സംഭാവന ചെയ്തു.

പ്രസിദ്ധീകരണ വിഭാഗത്തിലെ ജനജാഗൃതിയുടെ ഇടപെടലിനോടൊപ്പം, മറ്റു പല മേഖലകളിലും ജനജാഗൃതി വ്യക്തിമുദ്ര പതിപ്പിച്ചു. അവയിലേക്കു ചെറിയൊരു എത്തിനോട്ടമേ വിസ്താര ഭയം നിമിത്തം ഇവിടെ നടത്തുന്നുള്ളൂ.

**ശ്രവ്യ- ദൃശ്യ വിഭാഗം:** മാധ്യമ പ്രചാര മേഖലയിൽ, പ്രസിദ്ധീകരണത്തോടൊപ്പം മനുഷ്യരെ ഹഠാദാകർഷിക്കുന്ന മാധ്യമാണ് ശ്രവ്യ-ദൃശ്യ മേഖല. വായനയിൽ ഒരു ഇന്ദ്രിയത്തെ ഉപയോഗിക്കുമ്പോൾ, ഇവിടെ കേൾക്കുകയും കാണുകയും ചെയ്യുകയാണല്ലോ? ഇതിന്റെ പ്രാധാന്യം മനസിലാക്കി, ഈ മേഖലയിൽ മുന്നോട്ടു പോകാൻ, ഏറെ പരിമിതികൾ ഉണ്ടെങ്കിലും, അൽപ്പമൊക്കെ ജനജാഗൃതിക്കു സാധിച്ചു.

ആദ്യമായി ഞങ്ങൾ നിർമിച്ചത് *പ്രപഞ്ചം പെറ്റു പോറ്റുന്ന ആത്മീയത* എന്ന ഓഡിയോ കാസറ്റാണ്. പ്രപഞ്ചം എത്ര മനോഹരം, എത്ര അപാരം, എത്ര വിസ്മയാവഹം. അവിടെ ഓരോ പുല്ലിലും തുരുമ്പിലും, ഓരോ വസ്തുവിലും ആശ്ചര്യത്തിന്റെ രഹസ്യങ്ങൾ കുടികൊള്ളുന്നു. ഈ പ്രപഞ്ചത്തെ ചൂഷണം ചെയ്ത് നശിപ്പിക്കുന്നത് മനുഷ്യന്റെ സ്വാർഥതയും അധിനിവേശ ത്വരയുമാണ്. മനുഷ്യൻ ഈ തിന്മ ചെയ്യുന്നതുകൊണ്ട്, അവനു തന്നെ ഈ തിന്മയുടെ പ്രക്രിയയിൽനിന്നു മാറാനും പ്രപഞ്ച കണ്ണിയിലെ അവിഭാജ്യവും അത്യുദാത്തവുമായ ഘടകമായി മാറാനും പറ്റുമെന്നതാണ് കാസറ്റിന്റെ ഉള്ളടക്കം. പ്രശസ്ത ദൈവശാസ്ത്രജ്ഞൻ ഫാ. സാമുവൽ രായൻ എസ് ജെ ഞങ്ങൾക്കു നൽകിയ മൂന്നു ദിവസത്തെ ക്ലാസിൽ നിന്നാണ് സ്ക്രിപ്റ്റിനു രൂപം നൽകിയത്. മലയാളകവികളുടെ പ്രപഞ്ച ബന്ധിയായ കവിതകൾക്കു രാഗവും താളവും ഈണവും കൊടുത്തുകൊണ്ടാണ് അദ്ദേഹത്തിന്റെ സംസാരം ഉൾച്ചേർത്ത് ഇത് നിർമിച്ചത്. ചുരുക്കത്തിൽ എല്ലാംകൊണ്ടും അതു ജനതയിൽ ഒരു നവീനാനുഭവം സൃഷ്ടിച്ചു. ഒത്തിരി അഭിനന്ദനങ്ങൾ കിട്ടിയ ചെറിയൊരു സംരംഭമായിരുന്നു *പ്രപഞ്ചം പെറ്റു പോറ്റുന്ന ആത്മീയത*, മത്സ്യമേഖലയെ അധികരിച്ച് *മീൻ തോണിയും* നാടൻ കലയെ ആസ്പദമാക്കിയ *നാടൻ പാട്ടുകളുമാണ്* ജനജാഗൃതി നിർമിച്ച മറ്റു രണ്ടു

ആഡിയോ കാസറ്റുകൾ. ഇവയെപ്പറ്റി പിന്നെ പരാമർശമുണ്ടാകും. ഒത്തിരിയേറെ സ്വപ്നങ്ങളോടെ മത്സ്യത്തൊഴിലാളികൾ അഭിമുഖീക്കുന്ന പ്രശ്നങ്ങളെ ഊന്നിയിട്ടുള്ള ഒരു ഫീച്ചർ ചലചിത്രത്തിനു പ്ലാനിട്ടതിനെപ്പറ്റി മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ജനജാഗൃതിയുടെ ആദ്യകാല പ്രവർത്തകനും ജോയിന്റ് സെക്രട്ടറിയുമായിരുന്ന ശ്രീ. പി ആർ രവിയായിരുന്നു സംവിധായകൻ. അങ്ങനെ 1999 അവസാനം ഫിലിം പുറത്തിറങ്ങി. ഗുണനിലവാരം മോശമായിരുന്നെന്നു മാത്രമല്ല, തുടക്കത്തിലേ തന്ത്രപരമായി പ്ലാനിട്ടു ചലച്ചിത്രം രവി തന്റെ പേരിലാക്കി; അവസാനം അദ്ദേഹം അതിന്റെ റൈറ്റ് വിറ്റതും മുമ്പ് എഴുതിയതിനാൽ വിശദീകരിക്കുന്നില്ല. അങ്ങനെ എല്ലാ രീതിയിലും കബളിപ്പിക്കപ്പെട്ടു.

ജനജാഗൃതിയുടെ സ്വപ്നങ്ങളിലൊന്നായിരുന്നു *മീൻതോണി* ചലച്ചിത്രം. അതുപോലെ ജെ ജെ മിനിസ്റ്റുഡിയോ, സ്നേഹാലയം എന്ന വൃദ്ധസദനം, ഉദ്യോഗസ്ഥകൾക്കുവേണ്ടി സ്ത്രീ ഹോസ്റ്റൽ, പ്രകൃതി ചികിത്സാകേന്ദ്രം, പെട്രോൾ പമ്പ് തുടങ്ങി പല വലിയ സ്വപ്നങ്ങളുമുണ്ടായിരുന്നു. ഇവിടെ *മീൻതോണി* എന്ന സ്വപ്നം മാത്രമല്ല തകർന്നത്; അതോടൊപ്പം കടുത്ത സാമ്പത്തികബാധ്യത മൂലം, ജനജാഗൃതിക്കുണ്ടായിരുന്ന മറ്റു സ്വപ്നങ്ങളെയും വെണ്ണീറാക്കാൻ ഇടയായി എന്നതാണ് സത്യം. ഇപ്പോൾ മാനസികമായിട്ട് അന്നത്തെ ആഘാതത്തിൽ നിന്ന് ഉയർത്തെഴുന്നേറ്റെങ്കിലും, സാമ്പത്തിക ഭാരം ഇന്നും തുടരുന്നു. ഇതോടെ ജനജാഗൃതിയുടെ മുന്നോട്ടുള്ള നീക്കത്തിനു തന്നെ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. തുടർന്നിങ്ങോട്ട് കാര്യമായ സാമ്പത്തികബാധ്യത ഇല്ലാതെ ചെയ്യാവുന്ന തീർത്തും പരിമിതമായ നിലയിലുള്ള ശ്രവ്യ-ദൃശ്യപ്രവർത്തനങ്ങൾ മാത്രമേ ജനജാഗൃതി ചെയ്യുന്നുള്ളൂ.

**ശിൽപ്പശാലകൾ:** മാധ്യമം സാമൂഹ്യമാറ്റത്തിന് എന്നു പ്രഖ്യാപിക്കുമ്പോൾ ജനജാഗൃതി ഊന്നൽ നൽകിയ മറ്റൊരു മേഖലയാണ് വിവിധ തരത്തിലെ ശിൽപ്പശാലകൾ. കലാകാരന്മാർക്കു വേണ്ടിയുള്ള ദ്വിദിന - ത്രിദിന ക്യാമ്പുകൾ പലവട്ടം നടത്തിയിട്ടുണ്ട്. അവരുടെ കലാ സൃഷ്ടിയാകുന്നതിനു മുൻപു സമകാലിക സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക - മതപരമായ യാഥാർഥ്യങ്ങളെക്കുറിച്ചുള്ള ചർച്ചയും സംവാദവും അവരുടെ സൃഷ്ടികൾക്ക് ആഴവും ഗുണമേന്മയും വർധിപ്പിച്ചു. കാർട്ടൂൺ ക്യാമ്പുകൾ ജനജാഗൃതിയുടെ പ്രത്യേകത തന്നെയായിരുന്നു. മൂന്നു കാർട്ടൂൺ പുസ്തകങ്ങൾ തന്നെ ജനജാഗൃതി പ്രസാധക സംഘം പുറത്തിറക്കിയിട്ടുണ്ട്. ഇപ്പോൾ ജനജാഗൃതിയിൽ പ്രദർശിപ്പിച്ചിരിക്കുന്ന എല്ലാ ചിത്രങ്ങളും ശിൽപ്പങ്ങളും ഇങ്ങനെയുള്ള ശിൽപ്പശാലകളുടെ സംഭാവനയാണ്. പല കൊച്ചു കലാകാരന്മാരെയും അവരുടെ വരയുടെ പാതയിൽ ജനജാഗൃതി പിടിച്ചു നടത്തിയെന്ന് അവർ തന്നെ സാക്ഷ്യപ്പെടുത്തുന്നത് ഞങ്ങൾക്കു സന്തോഷദായകമാണ്.

**മത്സ്യ മേഖലയിലെ ഇടപെടൽ:** 1981 മുതൽ 1987 വരെ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷനുമായി നേതൃത്വപരമായി

ത്തന്നെ ബന്ധം ഉണ്ടായിരുന്നു. അവരുടെ സമരത്തിനു ഓറ മാസിക എന്നും സഹായവും പിന്തുണയും ചെയ്തിരുന്നു. ആ നയം കുറച്ചു കൂടെ ചിട്ടയായിട്ട് ഓറ മാസികയുടെ പ്രവർത്തനം ജനജാഗൃതി ഏറ്റെടുത്തിടം തൊട്ടു ചെയ്തു പോരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ഏതു പ്രശ്നവും പുറംലോകത്ത് എത്തിക്കുന്നതിലും ചർച്ചയ്ക്കു കളമൊരുക്കുന്നതിലും ഓറ താൽപ്പര്യം കാട്ടിയിരുന്നു. 2000 തൊട്ട് എല്ലാവർഷവും നവംബർ ലക്കം ഓറ മത്സ്യത്തൊഴിലാളി പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കുന്നു. ഫിഷറീസ് അഡീഷണൽ ഡയറക്ടറായി ഇപ്പോൾ വിരമിച്ച ഡോ. ഡി സഞ്ജീവ്ഘോഷ് കഴിഞ്ഞ കുറേ വർഷങ്ങളായി എല്ലാ ലക്കത്തിലും ആധികാരികമായി പഠിച്ച് രൂപപ്പെടുത്തിയ ശാസ്ത്രീയമായ ലേഖനങ്ങൾ 'ഫിഷറീസ് കോളം' പംക്തിയിലൂടെ പുറത്തിറക്കുന്നുമുണ്ട്. കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ അനിഷേധ്യ നേതാവും കൊല്ലം കടലോരത്തു നിറഞ്ഞുനിൽക്കുകയും ചെയ്യുന്ന ശ്രീ. എ ആൻഡ്രൂസ് (എല്ലാവരുടെയും ആൻഡ്രൂസ് ചേട്ടൻ) മത്സ്യമേഖലയിലെ അനുഭവങ്ങളും പ്രശ്നങ്ങളും ഓറയിലൂടെ എഴുതുന്നു. ആ ലേഖനങ്ങൾ സമാഹരിച്ചു *എണ്ണിയാൽ തീരാത്ത നൊമ്പരങ്ങൾ* എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

മത്സ്യത്തൊഴിലാളിയായ, ജീവിതകാലം മുഴുവൻ മത്സ്യത്തൊഴിലാളികളുടെ വളർച്ചയ്ക്കായി പ്രയത്നിച്ച ശ്രീ ജി പീറ്റർ മത്സ്യമേഖലയെ അടിസ്ഥാനപ്പെടുത്തി എഴുതിയ കവിതകളാണു ജനജാഗൃതിയുടെ നേതൃത്വത്തിൽ പുറത്തിറക്കിയ 'മീൻ തോണി' എന്ന ഓഡിയോ കാസറ്റിലുള്ളത്. മത്സ്യമേഖലയിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഈ കാസറ്റ് ഏറെ ഉപകരിച്ചു. ഈ കാസറ്റിലെ ഗാനങ്ങൾ സംഘമായി കടലോരത്തുകൂടെ ആലപിച്ചു ജാഥ നടത്തി ജനങ്ങളുടെ ശ്രദ്ധപിടിച്ചു പറ്റിയ അനുഭവം ജനജാഗൃതിയെ മനസിലാക്കാൻ ജനതയ്ക്കു സാധിച്ചു. ചുരുക്കത്തിൽ, നിശ്ശബ്ദമെങ്കിലും മത്സ്യമേഖലയിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്ന ഗൗരവമായ പ്രവർത്തനങ്ങളും ഇടപെടലുകളുമാണ് ജനജാഗൃതി കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്.

**സാംസ്കാരിക സമ്മേളനങ്ങളും സംവാദസദസുകളും:** ജനജാഗൃതിയുടെ ഏറ്റവും സവിശേഷമായ ഇടപെടൽ സാംസ്കാരിക മേഖലയാണ്. മാധ്യമത്തിന്റെ സാംസ്കാരിക മേഖലയിലെ സ്വാധീനം ഒട്ടും ചെറുതല്ല. മിക്കപ്പോഴും, കുറഞ്ഞതു രണ്ടുമാസത്തിലൊരിക്കൽ, പുസ്തക പഠനമായി, രാഷ്ട്രീയ ചർച്ചയായി, ആഗോളവൽക്കരണ വിശകലനമായി, മതസംവിധാനത്തിന്റെ വിലയിരുത്തലായി, വിദ്യാഭ്യാസ ചർച്ചയും വിശകലനവുമായിട്ടുള്ള സാംസ്കാരിക സമ്മേളനങ്ങൾ സംഘടിപ്പിക്കാറുണ്ട്. വളരെ പഠനാർഹമായ പ്രബന്ധങ്ങൾ അവതരിപ്പിച്ചുകൊണ്ടുള്ള സംവാദങ്ങളും സെമിനാറുകളും സമ്പന്നമായ അനുഭവങ്ങളായി മാത്രമെ ഓർക്കാൻ കഴിയൂ. ഇങ്ങനെയുള്ള സെമിനാറുകളിലും സമ്മേളനങ്ങളിലും മുഖ്യ പ്രഭാഷണം നടത്തിയ വ്യക്തികളെ കേട്ടാൽ ഇവ

യുടെ പ്രാധാന്യവും വലിപ്പവും വ്യക്തമാകും. അങ്ങനെ ഇവയ്ക്കു നേതൃത്വം കൊടുത്ത കുറച്ചു വ്യക്തികളുടെ പേരുകൾ കുറിക്കട്ടെ. ഡോ. സുകുമാർ അഴീക്കോട്, സഖാവ് പി ഗോവിന്ദപ്പിള്ള, പ്രൊഫ. തിരുനല്ലൂർ കരുണാകരൻ, ശ്രീ. തെങ്ങമം ബാലകൃഷ്ണൻ, പ്രൊഫ. എം കെ സാനു, ബിഷപ്പ് പൗലോസ് മാർ പൗലോസ്, ശ്രീ. ജോസഫ് പുലിക്കുന്നേൽ, ശ്രീ. കുരീപ്പുഴ ശ്രീകുമാർ, ശ്രീ. കല്ലേലി രാഘവൻ പിള്ള, ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ, ശ്രീ. പുതുപ്പള്ളി രാഘവൻ, പ്രൊഫ. നൈനാൻ കോശി, ഫാ. (ഡോ). സാമുവൽ രായൻ എസ്സ് ജെ, ശ്രീ. ഏഴാച്ചേരി രാമചന്ദ്രൻ, പ്രൊഫ. സാറാ ജോസഫ്, ശ്രീമതി ഒ വി ഉഷ, ശ്രീമതി പാർവതി ദേവി, പ്രൊഫ. ജോസഫൈൻ, അഡ്വ. സി എസ് സുജാത, ശ്രീ. എം എ ബേബി, ഡോ. തോമസ് ഐസക്, പ്രൊഫ. കെ വിജയൻ നായർ, പ്രൊഫ. എരുമേലി പരമേശ്വരൻ പിള്ള, സ. പി കെ വാസുദേവൻ നായർ, ശ്രീ. ബിനോയ് വിശ്വം, ബിഷപ്പു ഗീവർഗീസ് മാർ കുറിലോസ്, റവ. എം ജെ ജോസഫ്, ശ്രീ. എം എൻ കുറുപ്പ്, ഡോ. പി കെ പോക്കർ, ജസ്റ്റിസ് ഡി ശ്രീദേവി, ശ്രീ. ശിവരാമൻ ചെറിയനാട്, ശ്രീ. കടമ്മനിട്ട വാസുദേവൻപിള്ള, ശ്രീ. ചുനക്കര ജനാർദനൻ നായർ, ശ്രീ മധു ഇറവങ്കര, ശ്രീ ദേവദത്ത് ജി. പുറക്കാട്, ശ്രീമതി മീനാക്ഷി തമ്പാൻ, ശ്രീ. ചെറിയാൻ ഫിലിപ്പ്, ശ്രീമതി ഏലിയാമ്മ വിജയൻ, ശ്രീമതി നളിനി നായിക്, ശ്രീമതി മേഴ്സി അലക്സാണ്ടർ, ഡോ. ധർമരാജ് അടാട്ട്. ഇങ്ങനെ നീളുന്നു ജനജാഗൃതിക്ക് ശക്തിയും ഓജസും പകർന്നവർ. ഇതു ഞങ്ങളുടെ സമ്പത്താണ്.

**കളിക്കൂട്ടവും ബാലസംഘവും ശിശുവാടിയും:** മാധ്യമത്തിന്റെ ഏറ്റവും ശക്തമായ സ്വാധീനം കുട്ടികളിലാണ്. അവരിൽ കളിയിലൂടെയും വരയിലൂടെയും പാട്ടിലൂടെയും ആശയവിനിമയം നടത്തി മൂല്യങ്ങൾ ആവാഹിക്കാൻ കഴിയത്തക്കരീതിയിൽ അവധികാലത്തു ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ക്യാമ്പുകളും മാസത്തിൽ ഒരിക്കലുള്ള കൂടിവരവും ഒത്തിരിയേറെ ഉണർവ് സൃഷ്ടിച്ചിട്ടുണ്ട്. ഔദ്യോഗിക പഠനശൈലികളൊക്കെ മാറ്റിവെച്ചിട്ട് കുട്ടികളോടൊപ്പം കളിക്കാനും രസിക്കാനും പാടാനും ആടാനും പറ്റുന്ന അധ്യാപകരുടെ ഇഴുകിച്ചേരൽ കളരികൾക്കു ആവേശം പകർന്നു. ഇപ്പോൾ ജോലികിട്ടി ഉന്നത സ്ഥാനങ്ങളിലിരിക്കുന്നവർ ഹൃദ്യതയോടെ ഓർക്കുന്നത് ജനജാഗൃതിയുടെ കളിക്കൂട്ടത്തിൽ അവർക്കു ലഭിച്ച സാമൂഹ്യാവബോധവും പ്രോത്സാഹനവും ഉണർവുമാണെന്നാണ്; പലരും ഇന്നു സാക്ഷ്യം നൽകുന്നത്.

ആയിരത്തിത്തൊള്ളായിരത്തിത്തൊണ്ണൂറ്റി ഒന്നിൽ ജനജാഗൃതി ആരംഭിച്ച ഒരു വർഷത്തിനിടയിൽ ജനജാഗൃതിയുടെ മൂന്നു വശത്തായി മൂന്നു ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂളുകൾ തുടങ്ങി; വിവിധ സമുദായങ്ങളുടെ മേൽനോട്ടത്തിൽ. ഈ സംഭവത്തെ ഒരു വെല്ലുവിളിയായി എടുത്ത് 'കളിയിലൂടെ മലയാളത്തിൻ പഠനം' എന്ന മുദ്രാവാക്യത്തോടെ കുഞ്ഞുങ്ങൾക്കായി 'ശിശുവാടി' എന്ന ബദൽ നേഴ്സറിക്ക് 1992 ൽ അടി

ത്തറയിട്ടു. വാശിയോടെയാണീ പരിപാടിക്ക് തുടക്കം കുറിച്ചത്. 'ടോട്ടോച്ചാൻ' ഒക്കെ വായിച്ചുകൊണ്ടുള്ള കളിയിലൂടെ മലയാളത്തിലുള്ള പഠനം എല്ലാംകൊണ്ട് ഹൃദ്യത നൽകുന്ന അനുഭവമായിരുന്നു. മൂന്നു വർഷം ഇതു ഭംഗിയായി നടന്നു. അപ്പോഴാണ് സ. ഇ കെ നായനാരുടെ നേതൃത്വത്തിലുള്ള സർക്കാർ ജനകീയാസൂത്രണ പരിപാടിയിലൂടെ അംഗൻവാടികളിൽ ശ്രദ്ധകേന്ദ്രീകരിച്ചത്. 'കളിയിലൂടെ പഠനം' എന്ന മുദ്രാവാക്യം ഏറ്റെടുത്തു ടീച്ചേഴ്സിനു പരിശീലനം കൊടുത്തും കളിക്കാനും രസിക്കാനുമുള്ള ഉപകരണങ്ങൾ അംഗൻവാടികൾക്കു നൽകിയും മാതൃഭാഷയിൽ നേഴ്സറി പ്രോത്സാഹിപ്പിച്ചു. മാത്രമല്ല, അവിടെ കുട്ടികൾക്കു പാലും മുട്ടയും നൽകിയുമാണ് സർക്കാർ പ്രവർത്തിച്ചിരുന്നത്. ഇങ്ങനെ ഒരു സാഹചര്യം സർക്കാർ രൂപപ്പെടുത്തിയപ്പോൾ, വീണ്ടും വാശിപിടിച്ചു തുടരുന്നതു അർഥശൂന്യവും ഇരട്ടിപ്പും വ്യർഥമായ അധ്വാനവുമാണെന്നു വിലയിരുത്തി ഞങ്ങൾ ശിശുവാടി നിർത്തുകയായിരുന്നു.

ഒരു സന്തോഷവാർത്തകൂടി കുറിക്കട്ടെ, ഞങ്ങളുടെ ശിശുവാടിയിലെ ആദ്യ ബാച്ചിലെ വിദ്യാർഥി അഖിൽ തോമസാണ് 2006 ൽ ജില്ലയിൽ നടന്ന പ്രസംഗമത്സരത്തിൽ ഒന്നാം സ്ഥാനം നേടി ആ വർഷത്തെ ചാച്ചാജി(നെഹ്റു)യായി തെരഞ്ഞെടുക്കപ്പെട്ടതും നവംബർ 14 ലെ ശിശുദിനാഘോഷ റാലി നയിച്ചതും, അന്നത്തെ പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചതും. ഇതു ഞങ്ങളുടെ മലയാളം ശിശുവാടിക്കു കിട്ടിയ വലിയ അംഗീകാരമാണ്.

**നാടൻകലാ മേഖല:** ജനജാഗൃതി സാംസ്കാരിക മേഖലയെന്നു പറയുമ്പോൾ, കൂടുതൽ ഊന്നൽ നൽകിയത് നാടൻ കലാരംഗത്തിനാണ്. ശ്രീ. രാഘവൻ മാസ്റ്റർ സംവിധാനം ചെയ്തു ജനജാഗൃതി പുറത്തിറക്കിയ 'നാടൻ പാട്ടുകൾ' എന്ന ഓഡിയോ കാസറ്റായിരുന്നല്ലോ ഈ ദിശയിലുള്ള ജനജാഗൃതിയുടെ ആദ്യ സംരംഭം. ഓരോ സ്ഥലത്തേയും നാടൻപാട്ടുകൾക്ക് ഒരേ ഈരടികൾ ആയാലും രാഗത്തിനും താളത്തിനും ഈണത്തിനും പ്രാദേശിക വ്യത്യാസമുണ്ടാവുക നാടൻപാട്ടുകളുടെ പ്രത്യേകതയാണല്ലോ?. ഈ കാസറ്റു കേട്ടിട്ടു നാടൻകലയുടെ ഇമ്പം ഇല്ലെന്ന് ഒരു പ്രദേശത്തെ നാടൻ പാട്ടുകൾ അവതരിപ്പിക്കുന്ന ടീം എന്നോടു പറഞ്ഞത് ഓർക്കുന്നു. പക്ഷേ, ഈ പാട്ടുകൾ രാഘവൻ മാസ്റ്ററിലൂടെ പുറത്തിറങ്ങിയപ്പോൾ അവയ്ക്കുണ്ടായ മാധുര്യം ഒന്നു വേറെയാണ്. കൊല്ലം രൂപതയിലെ അറിയപ്പെടുന്ന ഗായകസംഘാടകനായ ഫാ. വിൻസന്റ് മച്ചാഡോ ഈ കാസറ്റു വിലയ്ക്കുവാങ്ങി. പിന്നെ മാസങ്ങൾ കഴിഞ്ഞു യാദൃച്ഛികമായിട്ടു കണ്ടപ്പോൾ ഇങ്ങനെ പറഞ്ഞു: "നാടൻ പാട്ടുകൾ ഉഗ്രനായിട്ടുണ്ട്. മനസിൽ ഭാരം പേറുമ്പോൾ ഈ കാസറ്റ് ഓൺ ചെയ്യും, മനസിലെ ഭാരം അലിഞ്ഞുപോകുന്ന അനുഭവം. മാത്രമല്ല നല്ല ഗൗരവത്തോടെ എന്തെങ്കിലും വായിക്കുകയോ എഴുതുകയോ ചെയ്യുമ്പോൾ, ഈ പാട്ടുകൾ വളരെ ചെറിയ സ്വരത്തിൽ പശ്ചാ

ത്തല സംഗീതംപോലെ അലയടിക്കുമ്പോൾ, ചെയ്യുന്ന ജോലിക്കു ഉണർവും ഉത്തേജനവും കിട്ടുന്നു. ഗുണകരമായ പല സൃഷ്ടിക്കും കാരണം ഈ കാസറ്റാണ്. നന്ദിയുണ്ട്." പറഞ്ഞറിയിക്കാൻ പറ്റാത്ത സംതൃപ്തിയാണ് എനിക്കുണ്ടായത്.

കേരളത്തിൽ നാടൻപാട്ടുകൾ ജനകീയമാക്കാൻ ഏറ്റവും കൂടുതൽ ശ്രമിച്ച പ്രതിരോധ സംഘമാണു തിരുവല്ല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഡൈനാമിക് ആക്ഷൻ. അവർ മൂന്നു നാടൻപാട്ടുകളുടെ ഓഡിയോ കാസറ്റുകളും നാലു ജനകീയ ഗാനങ്ങൾ അടങ്ങുന്ന പാട്ടുകളുടെ ഓഡിയോ കാസറ്റുകളും പുറത്തിറക്കി. ആലപ്പുഴ മേഖലയിൽ നാടൻ പാട്ടുകളുടെ ആലാപനം പൊതുവേദിയിൽ ഇല്ലായിരുന്നു എന്നു വേണം പറയാൻ- കുട്ടനാടിന്റെ തനിമയായ കൊയ്ത്തുപാട്ടുകളും മറ്റും ധാരാളം ഉണ്ടായിട്ടും. ജനജാഗൃതിയുടെ ഉൽഘാടനത്തോടനുബന്ധിച്ചു നടന്ന ഒറ്റരാത്രി കലാസംഗമത്തിൽ തിരുവല്ല സംഘം ചെയ്തതു തീർത്തും ആകർഷകമായി. സന്നിഹിതരായിരുന്ന ജനങ്ങളെ മുഴുവനും ലയിപ്പിച്ചുകൊണ്ടുള്ള നാടൻപാട്ടുകളുടെ അവതരണം ജനങ്ങൾക്കു ഹരമായി. അതുകഴിഞ്ഞു ധാരാളം നാടൻപാട്ടുകളുടെ കാസറ്റുകൾ വാങ്ങാൻ ആലപ്പുഴ നിവാസികൾ ജനജാഗൃതിയെ സമീപിച്ചിട്ടുണ്ട്. മാത്രമല്ല ഏതാണ്ടു രണ്ടു ഡസനിലധികം പൊതുപരിപാടികളിൽ ഡൈനാമിക് ആക്ഷന്റെ നാടൻപാട്ടു സംഘത്തിന്റെയോ ശ്രീ. സി ജെ കുട്ടപ്പന്റെ (നേരത്തെ ഡൈനാമിക് ആക്ഷൻ റ്റീമിലെ അംഗം) നേതൃത്വത്തിലുള്ള തായില്യത്തിന്റെയോ നാടൻപാട്ടുകൾ അവതരിപ്പിക്കാൻ ജനജാഗൃതി കളമൊരുക്കിയിട്ടുണ്ട്.

അതുപോലെ മലയോരത്തെ കേന്ദ്രമാക്കിയുള്ള 'പടയണി' എന്ന അനുഷ്ഠാന കലയെ ആലപ്പുഴ ദേശത്തു വേരോടിക്കുന്നതിൽ നല്ലൊരു പങ്കു ജനജാഗൃതി വഹിച്ചു. ആദ്യമായി ജനജാഗൃതിയുടെ ഉൽഘാടന ദിവസത്തെ കലാരാത്രിയിൽ ശ്രീ. കടമ്മനിട്ട രാമകൃഷ്ണന്റെയും പ്രൊഫ. കടമ്മനിട്ട വാസുദേവൻപിള്ളയുടെയും നേതൃത്വത്തിൽ കടമ്മനിട്ട പടയണി ജനജാഗൃതി അങ്കണത്തിൽ അവതരിപ്പിച്ചു. പാളക്കോലം തുള്ളിക്കൊണ്ട് ഓലച്ചൂട്ടു കത്തിച്ച് കോലമെടുത്തു താളബന്ധമായ പാട്ടുകൾക്കനുസരിച്ച് ചുവടുവെച്ചുകൊണ്ടു വേദിയിൽ പ്രവേശിച്ചതോടെ ജനം ആവേശം കൊള്ളുകയും അവർ വേദിയിൽ ആർപ്പുവിളിക്കുകയും അവർ ഇളകി ആർത്ത് ആനന്ദിക്കുകയും ചെയ്തു. പടയണിയുടെ ഓരോ ഗാനവും അഭിനേതാക്കളുടെ ചലനവും കാണികളെ തീർത്തും ഇളക്കി മറിച്ചു വേറൊരു ലോകത്തിലേക്കു നയിക്കുകയായിരുന്നു. ഈ അനുഷ്ഠാന കലയുടെ സമകാലിക വക്താവ് പ്രൊഫ. വാസുദേവൻപിള്ളയാണ്. അദ്ദേഹം മലയോര പ്രദേശങ്ങളിൽ ധാരാളം സ്ഥലത്ത് ഇതു നടത്തിയിട്ടുണ്ട്. അദ്ദേഹത്തോട് ഈ കലയെപ്പറ്റി എഴുതണമെന്നു ജനജാഗൃതി നിരന്തരം നിർബന്ധിച്ചതിന്റെ ഫലമായി, ജനജാഗൃതി പ്രസാധക സംഘം, അദ്ദേഹത്തിന്റെ *പടേനിയിലെ പാളക്കോലങ്ങൾ* എന്ന

ലഘുഗ്രന്ഥം പ്രസിദ്ധീകരിച്ചു. മലയോര അനുഷ്ഠാനകല ആലപ്പുഴ പറവൂർ കടലോരമേഖലയിൽ ആദ്യമായി അവതരിപ്പിച്ചതിലുള്ള സന്തോഷവും അഭിമാനവും പ്രൊഫ. വാസുദേവൻപിള്ള തന്നെ അന്ന് പൊതുവേദിയിൽ പ്രഖ്യാപിക്കുകയും അതിനു കളമൊരുക്കിയ ജനജാഗൃതിയെ അഭിനന്ദിക്കുകയും ചെയ്തു. തീർന്നില്ല, ഒരു കാര്യം തുറന്നു പറയട്ടെ. ജനജാഗൃതി പ്രസാധകസംഘം പ്രസിദ്ധീകരിച്ച പുസ്തകങ്ങളിൽ ഏറ്റവും കൂടുതൽ വിറ്റുപോയതു *പടേനിയിലെ പാളക്കോലങ്ങളാണ്*, അതും ആലപ്പുഴയിൽ മാത്രമല്ല. ജനജാഗൃതി വഴി മൂന്നു നാലു പൊതുപരിപാടികളിൽ പ്രൊഫ. കടമ്മനിട്ട വാസുദേവൻ പിള്ളയും സംഘവും ആലപ്പുഴമേഖലയിൽ പടയണി അവതരിപ്പിച്ചിട്ടുണ്ട്. ജനജാഗൃതി നടത്തുന്ന ഏതു പൊതുപരിപാടിയെയും അർഥ സംപുഷ്ടമാക്കുന്നതിൽ നാടൻ പാട്ടുകളും ജനകീയ ഗാനങ്ങളും ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്. ഉറങ്ങിക്കിടക്കുന്നവരെ ഉണർത്താൻ ചിലവേദിയിൽ പാട്ടുകൾ പാടാറുണ്ട്, ഇത് അങ്ങനെയല്ല. ഈ ഗാനങ്ങളും ഈണങ്ങളും താളങ്ങളും പൊതുപരിപാടിയുടെ അവിഭാജ്യ ഘടകമാണ്. അതില്ലാതെ ഒരു പരിപാടി ജനജാഗൃതിക്ക് ഭാവന ചെയ്യാൻപോലും പറ്റുകയില്ല.

**സ്ത്രീ ശാക്തീകരണം:** ജനജാഗൃതിയുടെ അന്തസത്ത എല്ലാക്കാര്യങ്ങളെയും സ്ത്രീപക്ഷ കാഴ്ചപ്പാടോടെ കാണുകയും വിലയിരുത്തുകയും ഇടപെടുകയും ചെയ്യുകയെന്നതാണ്. എല്ലാ വർഷവും അന്തർദേശീയ സ്ത്രീദിനത്തോടനുബന്ധിച്ച് ശ്രദ്ധേയമായ പൊതുപരിപാടിക്കു ജനജാഗൃതി രൂപംകൊടുത്തുവരുന്നു. ഒറ്റവാക്കിൽ, സ്ത്രീ പ്രശ്നത്തിൽ ജനജാഗൃതി പ്രത്യേക ശ്രദ്ധവെയ്ക്കുന്നുണ്ടെന്നർഥം. അഞ്ചു വർഷത്തെ പ്രവർത്തന വിലയിരുത്തലിൽ, സ്ത്രീയുടെ സമഗ്ര വളർച്ചയും ഉന്നമനവും ഉറപ്പുവരുത്താൻ, അവരുടെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസപരവും ആരോഗ്യപരവും വ്യക്തിപരവും രാഷ്ട്രീയവുമായ വളർച്ചയെ ത്വരിതപ്പെടുത്താൻ വേണ്ടി ഒരു സ്വതന്ത്ര സ്ത്രീസംഘടനതന്നെ ഉണ്ടാകണമെന്ന് ധാരണയായി. അങ്ങനെ 1995 മെയ് 24ന് രജി. നമ്പർ എ. 217/95 ആയി 'സമന്വയം കേരളം' എന്ന സംഘടന രജിസ്റ്റർ ചെയ്തു. വ്യക്തിത്വ വികാസത്തിനും നേതൃത്വത്തിനും ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ട്, ബുക്ക് ബൈൻഡിങ്, കൂൺ കൃഷി, വെളിച്ചെണ്ണ നിർമാണം, സോപ്പു നിർമാണം, ആടുവളർത്തൽ, സമതാ സ്റ്റോഴ്സ്, കുറ്റിമുല്ല കൃഷി തുടങ്ങിയ തൊഴിൽ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചു. വിപണിവില ഒരു പ്രശ്നമായ നിലയ്ക്ക് കാര്യമായ വളർച്ച ഉണ്ടായില്ല. ഇതിനോടൊപ്പം സാംസ്കാരിക കലാപരിപാടികളിൽ പരിശീലനവും കൊടുത്തിരുന്നു.

വീണ്ടും ഹോംനേഴ്സിങ് പരിപാടി തുടങ്ങാൻ തീരുമാനിച്ചു. റെഡ്ക്രോസ് ഉപയോഗിക്കുന്ന അതേ സിലബസ്സ്, തീവ്രയത്നപരിപാടിയായി രണ്ടാഴ്ച താമസിച്ചുകൊണ്ടുള്ള പരിശീലനം കൊടുത്തു. ഹോംനേഴ്സിങ് പരിപാടി സ്തുത്യർഹമാംവിധം നടപ്പിലാക്കി. ഏതാണ്ട്

അഞ്ഞൂറിലധികംപേർക്ക് ഇതിനകം പരിശീലനം കൊടുത്തിട്ടുണ്ട്. ഇവരെ വീടുകളിൽ ജോലിക്കു വിടുക മാത്രമല്ല, അവരുടെ വ്യക്തിപരവും സാമൂഹ്യവും സാംസ്കാരികവുമായ വളർച്ചയെ മുൻനിർത്തി വ്യക്തിത്വ വികസന ക്ലാസുകൾ, കലാപരിപാടികൾ, തെരുവു നാടകങ്ങൾ, വില്ലടിച്ചാൻ പാട്ടു തുടങ്ങിയവയിൽ പരിശീലനം കൊടുക്കുകയും ചെയ്തു. സമന്വയം കലാസംഘം പുന്നപ്ര വയലാർ വാരാഘോഷ പരിപാടി, മറ്റു ജനകീയ സംഘങ്ങളുടെ പരിപാടിയിലൊക്കെ അവരുടെ കലാവിരുന്നുകൾ അവതരിപ്പിച്ചു അംഗീകാരം നേടിയിട്ടുണ്ട്. എത്രയോ പേരുടെ കുടുംബത്തിന്റെ കടബാധ്യത തീർക്കാൻ, എത്രയോ യുവതികളുടെ ഭാവി സുരക്ഷിതമാക്കാൻ സമന്വയം സാഹചര്യം ഒരുക്കി എന്നു കാണുന്നതിൽ ഞങ്ങൾ അതീവ സന്തുഷ്ടരാണ്. ഇവിടെയും പ്രശ്നങ്ങൾ ഉണ്ടാവുകയായി, ഈ മേഖലയും ആഗോളവൽക്കരണത്തിന്റെ പിടിയിലാകുന്നു. ഇതു ഒരു പണ സമ്പാദന മാർഗമായി കാണുകയും 'മിടുക്കരായ' ചില വ്യക്തികൾ വളരെ ലാഘവ ബുദ്ധ്യാ ഹോം നഴ്സിങ് ആരംഭിക്കുകയും ഒരു പരിശീലനവും കൊടുക്കാതെ വരുന്ന വ്യക്തികളെ അതേപടി വീടുകളിലേക്ക് അയക്കാൻ തുടങ്ങുകയും ചെയ്തു. പ്രത്യേക പരിശീലനം ഇല്ലാതെ 'ഉടൻ ജോലി, ഉടൻ ശമ്പളം' എന്ന നയവുമായി ജോലി പ്രതീക്ഷിച്ചു വരുന്നവർക്കു താൽക്കാലികമായ സാമ്പത്തികനേട്ടം അത്രമാത്രം. എന്നാൽ ഒരു കാരണവശാലും പരിശീലനം കൊടുക്കാതെ സമന്വയം ആരെയും ജോലിക്കു വിടുകയില്ല എന്ന കർശന നിലപാടുതന്നെ സ്വീകരിച്ചു. ഫലമോ? സമന്വയത്തിൽ ആളുകൾ വരുന്നതു വിരളമായി; സാവകാശം വരവ് നിലച്ചു എന്നു തന്നെ പറയാം. അങ്ങനെ 2008 ഓടെ ഹോംനഴ്സിങ് ഏതാണ്ടില്ലാതായി. ഇപ്പോൾ വീണ്ടും സമന്വയത്തിന്റെ പ്രവർത്തനം സജീവമാക്കാൻ ശ്രമിക്കുന്നു.

ആലപ്പുഴ പറവൂർ കേന്ദ്രമാക്കി സമന്വയം ഇങ്ങനെ ഇടപെട്ടുകൊണ്ടിരിക്കെത്തന്നെ, കേരളമൊട്ടാകെയുള്ള സ്ത്രീ സംഘടനയുമായി സമന്വയത്തിനു നല്ലൊരു ഐക്യമത്യം (rapport) ഉണ്ടാക്കാൻ സാധിച്ചു എന്നതു ശ്രദ്ധേയമായ കാര്യമാണ്. കേരളത്തിലെ സ്ത്രീ സംഘടനകളുടെ ഏകോപന സംഘടനയായ 'കേരളാ സ്ത്രീവേദി'യിൽ സമന്വയം സജീവ അംഗമായി നിൽക്കുന്നു. പല സമരമുഖത്തും നിർണായകമായ ഇടപെടൽ സമന്വയം നടത്തി. ഇതിനെല്ലാം നേതൃത്വം കൊടുത്തതും കൊടുക്കുന്നതും ശ്രീമതി കൊച്ചുമോൾ എം റ്റി ആണ്.

**ജനജാഗൃതിയുടെ ഇതര പ്രവർത്തനങ്ങൾ:** മുകളിൽ സൂചിപ്പിച്ചതല്ലാതെ സാമൂഹ്യമാറ്റത്തിനു കാലാനുസൃതം ഇടപെടാൻ ലഭിക്കുന്ന അവസരങ്ങളിലൊക്കെ ജനജാഗൃതി ഇടപെടുമായിരുന്നു. പുരോഗമന പ്രസ്ഥാനങ്ങളോടൊക്കെത്തന്നെ ദൃഢമായ ബന്ധമാണ് ജനജാഗൃതിക്കുള്ളത്. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, കേരള സ്ത്രീവേദി, ജനകീയ സംഘ ഏകോപന സമിതി, അന്വേഷി, പുരോഗമന കലാ സാഹിത്യ സംഘം, കേരള യുക്തിവാദി സംഘം, ഉപഭോക്തൃ സംരക്ഷണ സമിതി, വനിത സാഹിതി, അഖിലേന്ത്യാ ജനാധിപത്യ മഹിളാ

അസോസിയേഷൻ, ജനകീയ കൂട്ടായ്മ ആലപ്പുഴ, ദർശനം കഞ്ഞിപ്പാടം, തുല്യതയ്ക്കുവേണ്ടിയുള്ള മതേതര പ്രവർത്തനങ്ങളുടെ വേദി തുടങ്ങി സമാന ചിന്താഗതിയുള്ള പ്രസ്ഥാനങ്ങളും വ്യക്തികളുമായി സജീവ ബന്ധമാണ് ജനജാഗൃതിക്കുള്ളത്.

**ഹ്രസ്വ അവലോകനം:** ഫാ. ഡൊമിനിക് ജോർജ് എസ് ജെയും സിസ്റ്റർ ആലീസ് ലൂക്കോസും കൂടിയ external team 1993 സെപ്റ്റംബറിൽ നടത്തിയ ജനജാഗൃതി വിലയിരുത്തൽ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു: 'ദരിദ്രരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും പക്ഷത്തു നിന്നുകൊണ്ട് മനുഷ്യത്വത്തിനും അർഥവത്തും പ്രസക്തവുമായൊരു ബദൽ സംസ്കാരത്തിനും ഊന്നൽ നൽകിക്കൊണ്ടുമുള്ള പ്രസിദ്ധീകരണ - ശ്രവ്യദൃശ്യ മാധ്യമങ്ങളുടെ ഉപയോഗം ജനജാഗൃതിയുടെ അനിവാര്യതയും കാലിക പ്രസക്തിയും സജീവമായി നിലനിർത്തുന്നു.' 1995 ലെ ജനജാഗൃതിയുടെ വാർഷിക റിപ്പോർട്ടിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു: "ഇന്ത്യയിലെ പാർശ്വവർത്തിത ജനങ്ങളിൽനിന്നും ഒരു യഥാർഥ ദൈവശാസ്ത്രം ഉരുത്തിരിയണം. ഇതു സത്യത്തിൽ യഥാർഥ മനുഷ്യശാസ്ത്രമാണ്. ഈ അന്വേഷണത്തിൽ ജനജാഗൃതി അതിന്റെ എളിയ കടമ നിർവഹിക്കുന്നു."

ചുരുക്കത്തിൽ, പാർശ്വവൽക്കരിക്കപ്പെട്ട ജനവും ദരിദ്രരും അടിച്ചമർത്തപ്പെട്ടവരും വിവേചനത്തിനു അടിമയാക്കപ്പെട്ടവരുമാണ് ജനജാഗൃതിയുടെ പ്രചോദനം. അവരുടെ മോചനമാണു ജനജാഗൃതിയുടെ രാഷ്ട്രീയം. മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ ഒന്നുംതന്നെ ഒറ്റപ്പെട്ട, നിഷ്പക്ഷ ഇടപെടലുകളല്ല. അവയുടെ പിന്നിലൊക്കെത്തന്നെ ഒരു രാഷ്ട്രീയ കാഴ്ചപ്പാടുണ്ട്- പീഡിപ്പിക്കപ്പെടുന്നവന്റെ രാഷ്ട്രീയം. അതുകൊണ്ടുത്തന്നെ അവയുടെ സ്വാധീനത്തിനു ദൂരവ്യാപക ഫലമുണ്ട്. ഇതിന്റെയൊക്കെ പ്രകാശനമായിട്ടുവേണം ജനജാഗൃതിയുടെ മതമില്ലാത്ത ജീവൻ എന്ന പാഠപുസ്തക വിവാദത്തിലെ ഇടപെടലിനെ കാണേണ്ടത്. അതുപോലെ ഭൂരഹിതരായ ദലിത്- ആദിവാസി- ദലിത് ക്രൈസ്തവരുടെ ചെങ്ങറ സമരം, മുത്തങ്ങ സമരം, സാമൂഹ്യനീതിക്കും യോഗ്യതയ്ക്കും മുൻഗണനകൊടുത്തുകൊണ്ട് കേരള സ്വാശ്രയ വിദ്യാഭ്യാസ ബിൽ- 2006, പരിസ്ഥിതി നശിപ്പിക്കുന്ന കരിമണൽ ഖനനത്തിനെതിരെയുള്ള സമരം തുടങ്ങിയ ഇടപെടലുകളെ അടയാളപ്പെടുത്താൻ മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഓരങ്ങളിലേക്ക് തള്ളി നീക്കപ്പെട്ട ജനതയുടെ കലകളെയും സംസ്കാരത്തെയും ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ഒരു ബദൽ സംസ്കൃതിക്കുവേണ്ടിയുള്ള ജനജാഗൃതിയുടെ പ്രവർത്തനത്തിനു ഒരു രാഷ്ട്രീയ പരിവേഷംതന്നെ വന്നിട്ടുണ്ട്. അതുപോലെ ഇന്നു നിലനിൽക്കുന്ന വ്യവസ്ഥിതി എല്ലാരീതിയിലും അനീതിയിലും അക്രമത്തിലും അധിനിവേശത്തിലും അടിസ്ഥാനപ്പെടുത്തിയതാണെന്ന വലതുപക്ഷദർശനത്തിനെതിരെ, സാമൂഹ്യനീതിയിലും സാഹോദര്യത്തിലും സ്വാതന്ത്ര്യത്തിലും പാരസ്പര്യത്തിലും സഹകരണത്തിലും അടിയുറച്ച ഇടതുപക്ഷ ദർശനത്തിലൂന്നിയ ഒരു പുതിയ വ്യവസ്ഥിതിയെ

സ്വപ്നം കണ്ടുകൊണ്ടുള്ള കൊച്ചു കാൽവെയ്പുകളാണ് ജനജാഗൃതി നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെ രാഷ്ട്രീയ വ്യക്തതയോടുകൂടിയ ഒരു മാധ്യമ ബദലിനു ജനജാഗൃതി ചരിത്രത്തിൽ സാക്ഷ്യം വഹിക്കുന്നു.

ജനജാഗൃതി അതിന്റെ യാത്ര തുടരുന്നു. സഗൗരവം തുറന്ന മനസോടുകൂടിയ അന്വേഷണം നടത്തിക്കൊണ്ട് പഠനത്തിലൂടെ, ചർച്ചയിലൂടെ, വിചിന്തനങ്ങളിലൂടെ അങ്ങനെ ബദൽ കൂട്ടായ്മകൾ രൂപപ്പെടുകയാണ് ആവശ്യം.

# 7

# ഓറ മാസിക പ്രവർത്തനം

യേശു ജനക്കൂട്ടത്തോടു പറഞ്ഞു: "പടിഞ്ഞാറു മേഘം ഉയരുന്നതു കണ്ടാൽ മഴ വരുന്നു എന്നു നിങ്ങൾ പറയുന്നു; അങ്ങനെ സംഭവിക്കുകയും ചെയ്യുന്നു. തെക്കൻ കാറ്റടിക്കുമ്പോൾ അത്യുഷ്ണം ഉണ്ടാകും എന്നു നിങ്ങൾ പറയുന്നു; അതു സംഭവിക്കുന്നു. കപടനാട്യക്കാരേ, ഭൂമിയുടെയും ആകാശത്തിന്റെയും ഭാവഭേദം വ്യാഖ്യാനിക്കാൻ നിങ്ങൾക്കറിയാം. എന്നാൽ ഈ കാലത്തിന്റെ അടയാളങ്ങൾ (sign of the times) വ്യാഖ്യാനിക്കാൻ നിങ്ങൾക്കു അറിയാത്തത് എന്തുകൊണ്ട്?" (ലൂക്ക 12:54-56). രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പുരോഗമനപ




*ഓറ മാസിക സംഘടിപ്പിച്ച 'തൊഴിൽ തൊഴിലാളി ട്രേഡ് യൂണിയൻ ആഗോളീകരണത്തിന്റെ പശ്ചാത്തലത്തിൽ' എന്ന സംവാദം സി ഐ ടി യു പ്രസിഡന്റ് കെ എൻ രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു.*

രമായ പ്രമാണരേഖകളൊക്കെത്തന്നെ കാലത്തിന്റെ അടയാളങ്ങൾ രേഖപ്പെടുത്തുന്നവയാണ് എന്നാണു പൊതുവായ വ്യാഖ്യാനം. പോപ്പ് ജോൺ xxiii-ാമൻ കാലത്തിന്റെ അടയാളങ്ങൾ വിളിച്ചോതുന്ന സൂനഹദോസായിട്ടാണതിനെ വിശേഷിപ്പിക്കുന്നത്. 1980 കൾ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളും നിർദേശങ്ങളും സഭയിൽ പ്രായോഗികമാക്കിക്കൊണ്ടിരിക്കുന്ന കാലമാണ്. ഈ പശ്ചാത്തലത്തിൽ കൊല്ലം രൂപതയിലെ ഫാ. റൊമാൻസ് ആന്റണി, ഫാ. വാൾട്ടർ മോറിസ്, ഫാ. അഗസ്റ്റിൻ ഐസക്, ഫാ. അലോഷ്യസ് ഡി ഫെർണാണ്ടസ് എന്ന നാലു വൈദികർ കാലത്തിന്റെ അടയാളങ്ങൾ വായിച്ചെടുക്കാൻ ശ്രമിക്കുന്നതിന്റെ ഫലമായി 1982 ൽ *ഓറ* (Organ for Radical Action - ORA) എന്ന ചെറുമാസികയ്ക്കു രൂപം കൊടുത്തു. *ഓറ*യുടെ ആദ്യ ലക്കം 1982 നവംബറിൽ പുറത്തിറക്കി. *മാധ്യമം* ഇംഗ്ലീഷാണ് (അനുബന്ധം 13). ഞങ്ങൾ നാലു പേർ പത്രാധിപസമിതിയിൽ ഉണ്ടായിരുന്നെങ്കിലും, മുഖ്യപത്രാധിപരായി ലേഖനങ്ങളും മറ്റും സ്വരൂപിച്ചു എഡിറ്റു ചെയ്തു പ്രിന്റ് ചെയ്യുന്ന ജോലി മുഖ്യമായും ചെയ്തിരുന്നതു ഫാ. റൊമാൻസാണ്. അതിന്റെ ബിസിനസ്സ് വശമാണ് കൂടുതലും ഞാൻ ശ്രദ്ധിച്ചിരുന്നത്.

**(a) ഓറ- ഒന്നാം ഘട്ടം:** ആദ്യ ലക്കത്തിലെ മുഖവചനത്തിൽ ഓറയുടെ ലക്ഷ്യം ഞങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ടാൻസാനിയായുടെ പ്രസിഡന്റായിരുന്ന ജൂലിയസ് നെരേരെയെക്കുറിച്ച് 1971 ജൂൺ മാസത്തിൽ മേരിനോൾ മാസികയിൽ ഇങ്ങനെ എഴുതി: "ദൈവത്തിന്റെ ഛായയിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു എന്നു നാം പറയുന്നു. ബഹുഭൂരിപക്ഷം വരുന്ന പീഡിതരും അജ്ഞരും അന്ധവിശ്വാസികളും ദരിദ്രരും ചൂഷിതരും അവശരുമായ മനുഷ്യരുടെ ഛായ ദൈവത്തിന്റേതാണ് എന്നു പറഞ്ഞാൽ ഞാനതു നിഷേധിക്കുന്നു. അങ്ങനെയൊരു ദൈവത്തെയും. എല്ലാ മനുഷ്യർക്കും മനുഷ്യത്വത്തോടെ, സന്തോഷത്തോടെ ജീവിക്കുന്നൊരവസ്ഥയിൽ ദൈവഛായയെന്നു പറഞ്ഞാൽ മനസിലാകും. ഇവിടെ ഈ അനീതിക്കും അക്രമത്തിനുംകാരണം ഇന്നത്തെ അവസ്ഥയാണ്. അതുമാറണം. ഞങ്ങളുടെ മുന്നോട്ടുള്ള നീക്കത്തിനു ഈ ചിന്ത പ്രചോദനമായി. ഓറയുടെ ലക്ഷ്യം ചുരുക്കി ഇവിടെ കുറിക്കട്ടെ."

നമ്മുടെ ക്രിസ്തീയ വിശ്വാസം ഇന്നത്തെ കാലത്തിനും പരിസരത്തിനും ഉതകുന്ന രീതിയിലാക്കാനുള്ള ഉദ്യമമായിരുന്നു *ഓറ*. ഉറക്കെ ചിന്തിക്കാനും സ്വതന്ത്രവും തുറന്നതുമായ സംവാദത്തിനും വേണ്ടിയുള്ള ഒരു വേദിക്ക് *ഓറ* കളമൊരുക്കുന്നു. ഇന്നിന്റെ സാഹചര്യത്തിലുള്ള ദൈവത്തിന്റെ സജീവസാന്നിധ്യമാണ് ക്രിസ്തീയ വിശ്വാസം. ദൈവം കാലത്തിലും നേരത്തിലും മാംസം ധരിച്ചതുപോലെ, ഓരോ കാലത്തും നേരത്തും സ്ഥലത്തും ജനതയിലും സഭ മാംസം ധരിക്കണം. നാം ജീവിക്കുന്ന സാമൂഹ്യ-രാഷ്ട്രീയ പരിസരത്താണു വിശ്വാസം അർഥസമ്പുഷ്ടമാകേണ്ടത്. കൊല്ലം രൂപതയാകുന്ന പ്രാദേശികസഭ എവിടെ നിൽക്കുന്നു എന്നതു പ്രസക്തമായ ചോദ്യമാണ്. പരമ്പരാഗത മത്സ്യ

ത്തൊഴിലാളികളും ദലിതരുമാണ് നമ്മുടെ രൂപതയുടെ സിംഹഭാഗം ജനങ്ങളും. നമ്മുടെ മൂലധനം, നമ്മുടെ സ്ഥാപനങ്ങൾ, നമ്മുടെ മറ്റു വിഭവങ്ങൾ ഈ ജനതയുടെ താൽപ്പര്യ സംരക്ഷണാർഥമോ? അതോ...? വിശ്വാസസംഹിതയോടുള്ള ഏറാംമൂളല്ല വിശ്വാസം; മറിച്ച്, ദൈവത്തിന്റെ രക്ഷണീയ ഇടപെടലിൽ സാമൂഹ്യ-രാഷ്ട്രീയ പരിസരത്തെ അപഗ്രഥിച്ചുകൊണ്ടുള്ള മാറ്റ പ്രവർത്തന പ്രക്രിയയിലുള്ള ഇഴുകിച്ചേരലാണ് വിശ്വാസം. ഈ വിശ്വാസം ലോകത്തെയും സമൂഹത്തെയും മനുഷ്യനെയും പരിവർത്തിപ്പിക്കുന്നു. അതേ, ഒരു തണുത്ത/ മരവിച്ച 'ആമേൻ' - ഏറ്റു പറച്ചിലല്ല വിശ്വാസം; മറിച്ച്, ഇന്നിന്റെ അടയാളങ്ങൾ വായിച്ചറിഞ്ഞുകൊണ്ടുള്ള അർപ്പണ ജീവിതമാണ് വിശ്വാസം. വിശ്വാസം സമൂലമായ മാറ്റം ആവശ്യപ്പെടുന്നു. ഇവിടെ വിട്ടുവീഴ്ചയില്ല. യേശുവിനെ അനുധാവനം ചെയ്യാൻ വന്ന സമ്പന്നൻ ദു:ഖത്തോടെ തിരിഞ്ഞു നടന്നു (ലൂക്ക 18:23); സക്കേവൂസ് സമൂലമാറ്റത്തിനു തയാറായി; രക്ഷപ്രാപിക്കുന്നു. സുവിശേഷത്തിന്റെ വിളി പരിപൂർണമായ, സമൂലമായ മാറ്റമാണ് വിഭാവനം ചെയ്യുന്നത്. അതേ, സമൂല മാറ്റപ്രക്രിയയുടെ ജിഹ്വയാണ് *ഓറ*.

*ഓറ*യുടെ ഡിസംബർ ലക്കവും ഇംഗ്ലീഷിലാണു പുറത്തിറങ്ങിയത്. വായനക്കാരുടെ ഗൗരവമായ ചോദ്യം ഉയർന്നു. നിങ്ങൾ ആർക്കുവേണ്ടിയാണീ മാസിക ഇറക്കുക? ബഹുഭൂരിപക്ഷം വരുന്ന ദരിദ്ര ജനതയ്ക്കോ വളരെ കുറച്ചുവരുന്ന വിദ്യാസമ്പന്നർക്കോ? ഈ പ്രതികരണം ഞങ്ങളുടെ ദരിദ്രപക്ഷ കാഴ്ചപ്പാടു പുനർചിന്തയ്ക്കു വിധേയമാക്കി. മാസിക മലയാളത്തിലേക്കാക്കി. ജനുവരി ഫെബ്രുവരി ലക്കങ്ങളിൽ ഒന്നു രണ്ടു ചെറിയ കുറിപ്പുകൾ മാത്രം ഇംഗ്ലീഷിൽ. തുടർന്നു പൂർണമായും മലയാളത്തിലായി. പക്ഷേ, ദില്ലിയിൽനിന്നും അനുവദിച്ചു രജിസ്റ്റർ ചെയ്തു കിട്ടിയ പേരു ORA (Organ for Radical Action) യാണ്. ആ പേരിൽത്തന്നെ മാസിക നിലനിർത്തിക്കൊണ്ടു മലയാളത്തിലായി *ഓറ*. രണ്ടാമത്തെ ലക്കത്തിനുതന്നെ *ഓറ*യുടെ അർഥം ധ്വനിപ്പിക്കുന്ന ഒരു ലോഗോ പുറംതാളിൽ കൊടുത്തു - തുറന്നുവച്ചിരിക്കുന്ന *ബൈബിൾ*, കൈചങ്ങല പൊട്ടിച്ച രണ്ടു കരങ്ങൾ. *ബൈബിളി*ലൂടെ പൂർണ വിമോചനം എന്ന രണ്ടാശയങ്ങളും ധ്വനിപ്പിക്കുന്നതായിരുന്നു, *ഓറ*യുടെ കവർ ചിത്രം. *ബൈബിളി*ന്റെ പ്രാധാന്യം കണക്കിലെടുത്തു, ഓരോ മാസത്തെയും ലക്കം തുടങ്ങുന്നതു *ബൈബിളി*ലെ ഒരു ഉദ്ധരണിയും ചെറിയ വിചിന്തനവുമായാണ്. ഉള്ളിൽ ലാറ്റിൻ അമേരിക്കൻ വിമോചന ദൈവശാസ്ത്രജ്ഞരുടെ പുസ്തകങ്ങളിൽനിന്നും ചില കുറിപ്പുകൾ, ഇവയുടെ വെളിച്ചത്തിൽ കേരള/കൊല്ലം സഭയുടെ പ്രശ്നങ്ങളുടെ അപഗ്രഥനം - ഇവയ്ക്കാണ് ആദ്യം ഞങ്ങൾ ഊന്നൽ നൽകിയത്. ഈ പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനമോ ദരിദ്രപക്ഷ ദർശനവും നിലപാടുമാണ്.

ഈ അടിസ്ഥാന ദരിദ്രപക്ഷ നിലപാടു വ്യക്തമാക്കി 1993 ഫെബ്രുവരി (പുസ്തകം 1, ലക്കം 4) യിൽ ഇങ്ങനെ എഴുതുന്നു: ഇന്നു സഭയി

ലാകമാനം ദരിദ്രരുടെ പക്ഷം ചേരാനുള്ള ധീരമായ ഒരു നീക്കം നടക്കുന്നതു കാണാം. ഈ പശ്ചാത്തലത്തിൽ ദാരിദ്ര്യത്തെക്കുറിച്ച് ശരിയായ ഒരു വേദാർഥ വിശദീകരണം നടത്തുക അത്യന്താപേക്ഷിതമാണ്. ദരിദ്രരുടെ പക്ഷം ചേരുന്നതിനുള്ള വേദപുസ്തകാടിസ്ഥാനം മനസിലാക്കുക ഉചിതമായിരിക്കും. ആരാണ് ദരിദ്രർ? ദൈവം അവരോട് എന്തു നിലപാടു സ്വീകരിക്കുന്നു?.

**ദരിദ്രർ:** വിശുദ്ധഗ്രന്ഥം 'ദാരിദ്ര്യ'ത്തെക്കുറിച്ച് പൊതുവെ ഒന്നും പറയുന്നില്ല. മറിച്ച്, ദരിദ്രരെക്കുറിച്ച്, അവരുടെ കണ്ണീരിന്റെയും കദനത്തിന്റെയും കരളലിയിക്കുന്ന കഥയാണ് വിശുദ്ധഗ്രന്ഥത്തിനു പറയാനുള്ളത്; നീതിക്കുവേണ്ടിയുള്ള അവരുടെ തീരാത്ത ദാഹത്തെക്കുറിച്ചും പോരാട്ടത്തെക്കുറിച്ചും പറയുന്നുണ്ട്.

'ദരിദ്രർ' എന്നു നാം മലയാളത്തിൽ ഉപയോഗിക്കുന്ന പദത്തിനു *ബൈബിളി*ന്റെ മൂലഭാഷയായ ഗ്രീക്കിലും ഹീബ്രുവിലും പല പദങ്ങളുണ്ട്. ഈ പദങ്ങളിലേക്ക് ഒന്നു കണ്ണോടിക്കുക ഉചിതമാണ്.

പ്തോക്കോസ് (Ptochos) എന്ന ഗ്രീക്കുപദമാണ് ദരിദ്രർ എന്നർഥത്തിൽ വേദഗ്രന്ഥത്തിൽ കൂടുതലായി ഉപയോഗിക്കുന്ന പദം. മൂലപദമായ Ptozzein സൂചിപ്പിക്കുന്നതുപോലെ പ്തോക്കോസിന്റെ അർഥം ഭയന്ന് ഒളിക്കുക, ഭയത്തോടെ കൂനിക്കൂടിനിൽക്കുക എന്നെല്ലാമാണ്. യാതൊരാലംബവുമില്ലാതെ, പരിത്യജിക്കപ്പെട്ട ഒരവസ്ഥ. പരമദരിദ്രം. അന്നന്നത്തെ അപ്പം യാചിച്ച് സമ്പാദിക്കുന്നവരെ വിശേഷിപ്പിക്കുന്ന പദമാണിത്. സെപ്റ്റജിന്റിൽ (പഴയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷ) 120 തവണ ഈ പദം ഉപയോഗിച്ചിരിക്കുന്നു.

**പേനസ് (Penes) :** കഠിനാധ്വാനം ചെയ്തിട്ടും അനുദിന ചെലവിനു ബുദ്ധിമുട്ടുന്നവരെയാണ് ഈ പദം വിവക്ഷിക്കുന്നത്. സെപ്റ്റജിന്റിൽ ഉപയോഗിക്കുന്ന ഈ രണ്ടു പദങ്ങളും, മൂലഭാഷയായ ഹീബ്രൂവിൽ ദരിദ്രർ എന്നർഥമുള്ള അഞ്ചു പദങ്ങളുടെ വിവർത്തനമാണ്.

**അനി (Ani):** പഴയ നിയമത്തിന്റെ ഹീബ്രൂ ഭാഷ്യത്തിൽ ദാരിദ്ര്യത്തെ സൂചിപ്പിക്കുവാൻ സമൃദ്ധമായി ഉപയോഗിച്ചിരിക്കുന്ന പദമാണ്. ബഹുവചനം-'അനിയിം.' ഈ പദം 100-ൽ ഏറെ തവണ ഉപയോഗിച്ചിട്ടുണ്ട്. അനിയുടെ ധാതുവായ അനയുടെ അർഥം കുനിയുക, ആശ്രയിച്ചു നിൽക്കുക, കണക്കുബോധിപ്പിക്കുക എന്നെല്ലാമാണ്. അനി എന്ന സംജ്ഞകൊണ്ടു, ഉപജീവനമാർഗങ്ങൾ അന്യായമായി നിഷേധിക്കപ്പെട്ടവരെയാണ്, ചൂഷണത്തിനും മർദനത്തിനും വിധേയമായവരെയാണു വിവക്ഷിക്കുന്നത്. സാമ്പത്തിക പരിത്യക്താവസ്ഥ മാത്രമല്ല ഇവിടെ ഉദ്ദേശിക്കുന്നതു; മറിച്ച് എല്ലാ മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെട്ട ഒരവസ്ഥയാണത്; സമൂഹത്തിൽ അധികാരവും സ്വാധീനവുമുള്ളവരുടെ ദയാദാക്ഷിണ്യവും പാർത്തു കഴിയുന്ന ഹതഭാഗ്യർ.

**എബിയോൺ (ebyon):** എന്നപദം സൂചിപ്പിക്കുന്നത് പ്രാഥമികാവശ്യങ്ങൾക്കായി ദൈനംദിനം യാചിക്കേണ്ടിവരുന്ന, സ്വന്തമായി ഒന്നും ഇല്ലാത്തവരെയാണ്. ജീവിതം ഇവർക്കു കണ്ണുനീരും നെടുവീർപ്പുമാണ്.

**ദാൽ** (dal): ശാരീരീകമായി ശോഷിച്ച, ക്ഷയിച്ച, വിശപ്പും രോഗവും മൂലം നിവർന്നു നിൽക്കാൻ കഴിയാത്ത രൂപസൗഭാഗ്യമില്ലാത്തവരെയാണ് ഈ പദംകൊണ്ടു സൂചിപ്പിക്കുന്നത്. സമൂഹത്തിന്റെ ഏറ്റവും താഴെക്കിടയിലുള്ള, വിലയും നിലയും ഇല്ലാത്ത; സമൂഹത്തിന്റെ അതിരുകൾക്കപ്പുറം പുറം തള്ളപ്പെട്ടവരാണിവർ.

**റോഷ്** (rosh): ധനികരാൽ നിരന്തരം പീഡനം സഹിക്കുന്നവരും, വസ്തുവകകളെല്ലാം ശക്തിയുള്ളവരാൽ കവർച്ച ചെയ്യപ്പെട്ടവരുമാണ് ഇക്കൂട്ടർ. ഇവർക്കു സ്വന്തമായി ഒന്നുമില്ല.

**നിഷ്കെൻ** (nisken): എന്ന പദം യാചകനെ സൂചിപ്പിക്കുന്നു.

മുകളിൽ വിവരിച്ച പദങ്ങളെല്ലാം ചൂഷണത്തിന്റെ നുകത്തിന്റെ കീഴിൽ ദുരിതമനുഭവിക്കുന്ന ഒരു ജനവിഭാഗത്തെയാണു സൂചിപ്പിക്കുന്നത്. രാജഭരണകാലംമുതൽ നിലവിൽവന്ന ആസൂത്രിത ചൂഷണത്തിൽനിന്നും ഉരുത്തിരിഞ്ഞ പുതിയ മർദക സാഹചര്യങ്ങളെ വിശേഷിപ്പിക്കുവാൻ മെനഞ്ഞെടുത്ത പദങ്ങളാണിവ. ദാവീദിന്റെയും സോളമന്റെയും പിന്നീടുള്ള രാജാക്കന്മാരുടെയും ഭരണകാലത്ത് ഇസ്രായേലിൽ പ്രബലമായ നിർബന്ധ സൈനിക സേവനം, അടിമവേല, ഭീമമായ നികുതി ഭാരം വഴിയുള്ള പീഡനം, ക്രമാതീതമായ പലിശ നിരക്കോടുകൂടിയ വായ്പാ സമ്പ്രദായം, ദാക്ഷിണ്യമില്ലാത്ത അവകാശം ഒഴിപ്പിക്കൽ- ഇവയെല്ലാം ഗ്രാമീണ ജനതയെ സമ്പൂർണ ദാരിദ്ര്യത്തിലാഴ്ത്തി. അതേ സമയം, ഒരു ന്യൂനപക്ഷം അധികാരവും സ്വാധീനവും ഉപയോഗിച്ചു സമ്പത്ത് കുന്നുകൂട്ടുകയും സകല സുഖഭോഗ സൗകര്യങ്ങളിലും നീരാടുകയും ചെയ്തു. ദരിദ്രരെ വെള്ളിക്കും നിരാംലംബരെ ഒരു ജോഡി ചെരുപ്പിനും വിലയ്ക്കുവാങ്ങി, അവശരെ ചവിട്ടിമെതിച്ച (ആമോസ് 8:4,6) ഒരു സാമൂഹ്യസാമ്പത്തിക വ്യവസ്ഥിതി വളർന്നു വന്നു. ദരിദ്രർക്കു യാതൊരു സംരക്ഷണവും ലഭിച്ചിട്ടില്ല; അവരുടെ അവകാശങ്ങൾ ഓരോന്നായി അവരിൽനിന്നും എടുത്തുമാറ്റപ്പെട്ടു. ഭൂമിയും ഭവനവും സമ്പത്തും ഇല്ലാത്തവർ ശക്തന്മാരുടെ കൈയിലെ കളിപ്പാവകളായി മാറി, അവർക്കുവേണ്ടി അടിമവേല ചെയ്തു. അങ്ങനെ അവർ നിത്യദാരിദ്ര്യത്തിന്റെ നീർക്കയത്തിലേക്കു വലിച്ചെറിയപ്പെട്ടു. ഇക്കൂട്ടരാണ് വേദപുസ്തകത്തിലെ ദരിദ്രർ. അനാഥരും വിധവകളും പരദേശികളും എല്ലാം ദരിദ്രർ എന്ന ഗണത്തിൽ ഉൾപ്പെട്ടു. ഇവരാരുംതന്നെ ഒരു ആത്മീയ അവസ്ഥയുടെ പ്രതീകങ്ങളോ ഉദാഹരണങ്ങളോ അല്ല; മറിച്ച്, ക്രൂരമായ ചൂഷണ വ്യവസ്ഥിതിക്കു വിധേയരായവരാണ് എന്നുള്ള സത്യമാണ് ഈ വേദാർഥ വിശദീകരണത്തിൽനിന്നും നമുക്കു മനസിലാകുന്നത് (പേജ് 7-9). ഈ ദരിദ്രപക്ഷം പിടിച്ചതിന്റെ വിലയായിരുന്നു യേശുവിന്റെ കൊലപാതകം. കാൽവരിയിലെ ഈ മരണം ഒരു സംഘട്ടനത്തിന്റെ അന്ത്യമായിരുന്നു; ഒരു മതവിദ്വേഷിയുടെ, അധികാരവിധ്വംസകന്റെ വിട്ടുവീഴ്ചയില്ലാത്ത പ്രതിഷേധിയുടെ അന്ത്യം (ഓറ 1983 മാർച്ച് നമ്പർ. 5 പേജ് 10)

യേശുവിന്റെ ദരിദ്രപക്ഷ നിലപാട് ഇങ്ങനെ താത്വികമായി എടുത്തു പറയുക മാത്രമല്ല ഓറ ചെയ്തത്. തത്വവും പ്രയോഗവും സമന്വയിപ്പിക്കുന്നതിൽ ശ്രദ്ധചെലുത്തിയിരുന്നു. അങ്ങനെ ദരിദ്രപക്ഷം പിടിച്ചുകൊണ്ട് ജനത്തിന്റെ പോരാട്ടങ്ങളിൽ പങ്കുചേരുക ഓറയുടെ ഉൾവിളിയായാണു ഞങ്ങൾ കണ്ടത്. അങ്ങനെ സജീവമായി ഇടപെടുകയും ജനകീയ സമരത്തിനു ദൈവശാസ്ത്രാടിത്തറ പാകിയതുമായ സമരങ്ങളായിരുന്നു പരമ്പരാഗത മത്സ്യത്തൊഴിലാളികളുടേത്. അവിടെ ധാരാളം സംഭവങ്ങൾ വിവരിക്കാനുണ്ട്. ഒരു കാര്യത്തിലേക്കു മാത്രം വിരൽ ചൂണ്ടട്ടെ.

തിരുവനന്തപുരം ജില്ലയിൽ മുട്ടടയിലുള്ള റിഡംപ്റ്ററിസ്റ്റു സന്യാസ സമൂഹത്തിൽപ്പെട്ട, മത്സ്യത്തൊഴിലാളികളുടെ ജീവിതവുമായി താദാത്മ്യപ്പെട്ടു അവരിലൊരാളായി കടലിൽപോയി മീൻ പിടിച്ചു ജീവിച്ചുകൊണ്ട് അവരുടെ സംഘടനാ പ്രവർത്തനങ്ങളിൽ ഒൻപതു വർഷങ്ങളായി വ്യാപൃതനായിരുന്ന ഫാ. തോമസ് കോച്ചേരിയെ കേരളത്തിൽനിന്നു തന്നെ സ്ഥലം മാറ്റാൻ തിരുവനന്തപുരം അതിരൂപത ബിഷപ്പു റവ. ഡോ. ജേക്കബ് അച്ചാരുപറമ്പിൽ ആവശ്യപ്പെടുകയും അവരുടെ പ്രൊവിൻഷ്യാൽ (സന്യാസ സഭാധികാരി) നടപടി സ്വീകരിക്കുകയും ചെയ്ത സമയം മുഖവചനം തന്നെ എഴുതി ഓറ ഇതിനോടു ശക്തമായി പ്രതികരിച്ചു. തെറ്റായ ആരോപണങ്ങൾ ഉന്നയിച്ചു മത്സ്യത്തൊഴിലാളികളുടെ ഇടയിലെ സംഘടനാ പ്രവർത്തനങ്ങളെ അവിഹിതമായി ബോധപൂർവം നശിപ്പിക്കാനുള്ള തൽപ്പരകക്ഷികളുടെ നീക്കത്തിനു സഭാധികാരികളുടെ ചൂട്ടുപിടിത്തമായിരുന്നു ഈ നടപടി. സാമൂഹ്യപരിവർത്തനവും സഭാനവീകരണവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വൈദികരും കന്യാസ്ത്രീകളും വിശ്വാസികളും ഉൾക്കൊള്ളുന്ന ക്രിസ്ത്യൻസ് ഫോർ റാഡിക്കൽ ആക്ഷൻ (CRA) ബിഷപ്പിന്റെ ഈ അനീതിനിറഞ്ഞ നീക്കത്തോടു പ്രതികരിച്ചു. ചോദ്യങ്ങൾ ഉയർത്താനും വെല്ലുവിളികൾ മുഴക്കാനും നിരവധിപേരുടെ സുരക്ഷിത സങ്കേതങ്ങളിൽ അപകടം വിതയ്ക്കാനും ഫാ. കോച്ചേരിയുടെ പ്രവർത്തനത്തിലൂടെ മത്സ്യത്തൊഴിലാളി യൂണിയനും ജനകീയ പ്രസ്ഥാനവും കാരണമായി. ജനത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് സഭാസ്ഥാപനപരതയ്ക്കു അസ്വീകാര്യമായി. നിലപാടുകൾ ചോദിക്കാതെ, സംവാദമില്ലാതെ, നോവുറ്റ ജനതയുടെ ആവശ്യങ്ങൾ കണക്കിലെടുക്കാതെ, സമാനഹൃദയരുടെ നീറുന്ന അഭ്യർഥനയ്ക്കു ചെവികൊടുക്കാതെ മാടമ്പിപ്രഭുത്വങ്ങളുടെ ഭാഷ്യം ഒരുക്കി നാടുകടത്തൽ ഉത്തരവുമായി വന്ന സഭാനേതൃത്വം തീർത്തും ഹീനമായതു തിരഞ്ഞെടുത്തു എന്നു ഓറ ഉറക്കെപ്പറഞ്ഞു. ഒരു തൊഴിലാളി പ്രവർത്തകനു നേരെയുള്ള സഭയുടെ നിന്ദ്യമായ ഈ നടപടിയിൽ ഓറ പ്രതിഷേധിക്കുന്നു എന്നും വ്യക്തമാക്കി (ഓറ. 1983 ഏപ്രിൽ ലക്കം6 പേജ് 2-6). ഈ സംഭവത്തിന്റെ വെളിച്ചത്തിൽ 'ശിഷ്യൻ ഗുരുവിനേക്കാൾ വലിയവനല്ല' എന്ന എന്റെ ലേഖനത്തിൽ ഒരേ സമയം മർദകനും യേശുവിശ്വാ

സിയുമായിരിക്കുക അസാധ്യമാണ്....... ദൈവവിശ്വാസം പ്രഘോഷിക്കുകയും അനീതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതു ഈശ്വര നിഷേധമാണ്....... തിരുവനന്തപുരം രൂപതാധ്യക്ഷൻ ഫാ. കോച്ചേരിയെ പുറത്താക്കാൻ കാട്ടുന്ന വ്യഗ്രത സഭാനേതൃത്വം സാമൂഹ്യപ്രശ്നങ്ങളിൽ കാട്ടുന്ന ദ്വന്ദ്വഭാവത്തിനു മകുടോദാഹരണമാണ്........ കോച്ചേരിയച്ചൻ ഒരു പ്രതീകമാണ്; യേശുവിന്റെ നിലപാടിനോടു കൂറുപുലർത്തുന്ന എല്ലാവരുടേയും പ്രതീകം (പേജ് 11-16). സത്യത്തിൽ ഈ നീക്കം ഒരു വിമോചന വിശ്വാസ പോരാട്ടമായിത്തന്നെ രൂപാന്തരപ്പെട്ടു.

പത്രാധിപസമിതിയിൽ തുടരാൻ ഫാ. അഗസ്റ്റിൻ ഐസക്കിനു അസൗകര്യമുള്ളതുകൊണ്ട് അദ്ദേഹം പിൻമാറി. പകരം ഫാ. ഫെർഡിനന്റ് പീറ്ററും ഫാ. ബെനഡിക്റ്റ് പോളും പുതിയ അംഗങ്ങളായി ചേർന്നു. അങ്ങനെ പത്രാധിപസമിതിയുടെ എണ്ണം അഞ്ചായി.

ഓറയുടെ ഒന്നാമത്തെ വാർഷികം 1983 ഡിസംബർ 27നു കൊല്ലം ഡോൺ ബോസ്കോ യൂത്തുസെന്ററിൽ വെച്ച് ആഘോഷിക്കുകയുണ്ടായി. മുഖ്യാതിഥി ഫാ. ജോസഫ് കോട്ടുകാപ്പള്ളി എസ് ജെ ആനുകാലിക സംഭവങ്ങളിൽ ക്രൈസ്തവവിശ്വാസത്തിന്റെ പ്രസക്തിയെപ്പറ്റിയും മാർക്സിസവും ക്രൈസ്തവ വിശ്വാസവും തമ്മിലുള്ള സമഭാവങ്ങളെപ്പറ്റിയും സവിസ്തരം സംസാരിച്ചു. തുടർന്നു വളരെ തുറന്ന ചർച്ചയാണു നടന്നത്. വിമോചനത്തിന്റെ സുവിശേഷം കൂടുതൽ ആവേശത്തോടെ പ്രഘോഷിക്കാൻ ഓറയ്ക്കു കഴിയണം എന്നു വിലയിരുത്തപ്പെട്ടു. തുടർന്നു എന്തിലാണു നാം യാഥാർഥത്തിൽ വിശ്വസിക്കുന്നതു എന്നതു ക്രോഡീകരിച്ചിട്ട് അതു പൊതുവായി പ്രഖ്യാപിച്ചു.

നിലപാട് വ്യക്തമാക്കുവാൻ ഞങ്ങൾ വിശ്വസിക്കുന്നതു എന്താണ് എന്നത് ഇവിടെ ഉദ്ധരിക്കുന്നതു നല്ലതായിരിക്കും.

• "ഇന്നു നിലവിലിരിക്കുന്ന അനീതി നിറഞ്ഞ സാമൂഹ്യക്രമം മാറ്റണമെന്നു നിർബന്ധിക്കുന്ന ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. സകല മനുഷ്യർക്കുവേണ്ടിയും ലോകത്തെയും അതിലുള്ള സമ്പത്തും സൃഷ്ടിച്ചവനായ ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

• നീതിയും സമത്വവും നിലനിൽക്കുന്ന ഒരു രാഷ്ട്രത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. മറ്റുള്ളവരുടെ ഉയർച്ചയ്ക്കായി സ്വയത്തെ ത്യജിക്കുന്ന ജനങ്ങളിൽ ഞങ്ങൾ വിശ്വസിക്കുന്നു. ആത്മവിശ്വാസമുള്ളവരും ജീവിതത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ തയാറുള്ളവരുമായ ജനങ്ങളിൽ ഞങ്ങൾ വിശ്വസിക്കുന്നു. സ്നേഹവും പരസ്പരബഹുമാനവും നിലനിൽക്കുന്ന സമൂഹത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. തങ്ങളുടെ വളർച്ചയ്ക്കായി അപരനെ തുണയ്ക്കുന്ന ജനങ്ങളിൽ ഞങ്ങൾ വിശ്വസിക്കുന്നു.

• മനുഷ്യന്റെ ആകമാനമായ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന സഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു. ഓരോ മനുഷ്യരുടെയും പ്രത്യേകതകളോടുകൂടി ദൈവം മനുഷ്യനെ തന്റെ രൂപത്തിലും സാദൃശ്യത്തിലും

സൃഷ്ടിച്ചിരിക്കുന്നതിനാൽ, മനുഷ്യസമുദായത്തിൽ ഉണ്ടാകേണ്ട സമത്വത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

• ജനങ്ങളിലാണ് യഥാർഥ അധികാരം നിക്ഷിപ്തമായിരിക്കുന്നതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ ഞങ്ങൾ സമന്മാരായതുകൊണ്ട് നീതിയുടെ യാഥാർഥ്യത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. അനീതിക്കും അഴിമതിക്കും മറ്റെല്ലാവിധ ചൂഷണങ്ങൾക്കുമെതിരായി ജനം എടുക്കുന്ന നിലപാടിൽ ഞങ്ങൾ വിശ്വസിക്കുന്നു. വിമോചനത്തിനുവേണ്ടിയുള്ള ജനത്തിന്റെ സമരങ്ങളിൽ ഞങ്ങൾ വിശ്വസിക്കുന്നു.

• സ്വത്തിന്റെ പൊതു ഉടമസ്ഥതയിൽ മാത്രമേ എല്ലാ മനുഷ്യർക്കും ജീവിതം ആസ്വദിക്കുവാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ട്, സ്വത്തിന്റെ പൊതുഉടമസ്ഥതയിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദരിദ്രരുമായുള്ള ബോധപൂർവമായ ഏകീഭാവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. സാകല്യമായ സമത്വത്തിലുള്ള ആത്മാർഥതയിലും എല്ലാവരുടെയും മാനുഷിക നിലയിലുള്ള മൂല്യത്തിലും ഞങ്ങൾ വിശ്വസിക്കുന്നു.

• എല്ലാ മനുഷ്യർക്കും ആഹാരവും വസ്ത്രവും പാർപ്പിടവും വിദ്യാഭ്യാസവും ആരോഗ്യവും തൊഴിലും ലഭ്യമാവുക എന്നതു ശ്രേഷ്ഠതരമായ മൂല്യമായി ഞങ്ങൾ വിശ്വസിക്കുന്നു. അഭിപ്രായ സ്വാതന്ത്ര്യത്തിലും അധ്വാനത്തിനനുസൃതമായതിനപ്പുറം മാനവികതയിലൂന്നിയ കൂലിയിലും സ്ത്രീപുരുഷ സമത്വത്തിലും ഞങ്ങൾ വിശ്വസിക്കുന്നു ആമേൻ. *ഓറ* പ്രവർത്തകർ (പേജ് 35-36, *ഓറ* 1983 നവംബർ വാല്യം 1 ലക്കം 12).

അങ്ങനെ പുത്തൻ തീരുമാനങ്ങളുമായി നിശ്ചയദാർഢ്യത്തോടെ *ഓറ* രണ്ടാം വർഷത്തിലേക്കു കടന്നു. എന്തായിരിക്കണം *ഓറ*യുടെ ദിശ എന്നു മുഖ്യപത്രാധിപർ ഫാ. റൊമാൻസ് ആന്റണി 'സംവിധാനങ്ങളേ വിട' എന്ന തലക്കെട്ടോടുകൂടിയ മുഖവചനത്തിൽ ഇങ്ങനെ പറയുന്നു: "യേശുവിന്റെ സുവിശേഷം കാലഹരണപ്പെട്ട സംവിധാനങ്ങളിൽ സംവഹിക്കുകയാണ് സഭ. സാബത്തു മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ സാബത്തിനുവേണ്ടിയല്ല. എല്ലാ സംവിധാനങ്ങളും കാലത്തിനൊപ്പം മാറ്റപ്പെടണം."

സഭ സംവിധാനങ്ങളുടെ അടിമയായി മാറുമ്പോൾ,
യേശു അന്യവൽക്കരിക്കപ്പെടുന്നു.
സംവിധാനങ്ങളുടെ പുറത്തു നിന്നവനാണ് യേശു......
യഹൂദ മത സംവിധാനത്തിന്റെ പുറത്ത്............
പൗരോഹിത്യ സംവിധാനത്തിന്റെ പുറത്ത്............
വിശുദ്ധിയുടെയും മാന്യതയുടെയും പുറത്ത്..........
സാബത്തിന്റെയും സംവിധാനങ്ങളുടെയും പുറത്ത്.........
നിയമസംഹിതയുടെ നാലുകെട്ടിനു പുറത്ത്............
അധികാരസ്ഥാനങ്ങളുടെ, പ്രഭുത്വങ്ങളുടെ പുറത്ത്..........
വിശുദ്ധ നഗരത്തിനു പുറത്തു മരിച്ചവൻ!.................
സംവിധാനങ്ങളെ വിട! വിട! (*ഓറ* 1984 മാർച്ച് പേജ് 2).

രണ്ടാം വാല്യത്തോടെ വായനക്കാരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്ന 'പത്രാധിപർക്ക്' എന്ന പംക്തി ആരംഭിച്ചു. ഓറയുടെ ദരിദ്രപക്ഷ നിലപാടിനെ ശ്ലാഘിച്ചുകൊണ്ട് ഉൾക്കാമ്പുള്ള നിർദേശങ്ങളാണു വായനക്കാരിലൂടെ ഞങ്ങൾക്കു ലഭിച്ചു തുടങ്ങിയത്.

ഓറയുടെ ദരിദ്രപക്ഷ നിലപാടിൽ മത്സ്യത്തൊഴിലാളികളോടൊപ്പം ശ്രദ്ധ കേന്ദ്രീകരിച്ച മറ്റൊരു ജനവിഭാഗമാണ് ഹരിജൻ എന്നറിയപ്പെട്ടിരുന്ന ദലിത് ജനം. വർഷങ്ങളായി രാഷ്ട്രീയ-സാമൂഹ്യ-മതപരമായി അവഗണന അനുഭവിച്ചിരുന്ന ഹരിജൻ ക്രൈസ്തവർ സംഘടിച്ച്, അവർക്കു നിഷേധിക്കപ്പെട്ടിരുന്ന സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ-മതപരമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി സെന്റ് ആന്റണീസ് സ്കൂളിൽ ഫാ. റൊമാൻസ് ആന്റണിയുടെ അധ്യക്ഷതയിൽ ഒരു യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ കൊല്ലം രൂപത (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ) യിലെ ഹരിജൻ കത്തോലിക്കർക്കു ഒരു സംഘടന രൂപീകരിക്കാൻ തീരുമാനിച്ചു. രൂപതയിലെ എല്ലാ മിഷൻ കേന്ദ്രങ്ങളിലെയും പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് സെപ്റ്റംബർ 10 ന് അടൂർവച്ചു വിപുലമായൊരു യോഗം കൂടാനും തീരുമാനിച്ചു. ഭാവി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ഫാ. ജെറോം അഗസ്റ്റിനെ രക്ഷാധികാരിയായും ശൂരനാടു ഗ്രിഗറിയെ കൺവീനറായും ഫാ. ജോസ് ജെ കളീക്കൽ, ഫാ. റൊമാൻസ്, പിന്നെ ഞാൻ തുടങ്ങിയ മൂന്നു വൈദികരും നാലു ദലിത് നേതാക്കളെയും കൂട്ടി ഏഴംഗ ആഡ്ഹോക് കമ്മിറ്റിയെയും തിരഞ്ഞെടുത്തു; പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു.

ആയിരത്തിത്തൊള്ളായിരത്തി എൺപത്തി മൂന്ന് സെപ്റ്റംബർ 10നു എല്ലാ സ്ഥലത്തെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിപുലമായ ഒരു യോഗം നടന്നു. ജനം ആവേശഭരിതരായാണു യോഗത്തിൽ പങ്കെടുത്തത്. പക്ഷേ, ആ യോഗത്തെ സഭാ നേതൃത്വം ഫാ. ഫെലിക്സ് അരിക്കാരിപറമ്പിലിന്റെ നേതൃത്വത്തിൽ ശരിക്കും അട്ടിമറിച്ചു. എപ്രകാരമെന്നാൽ അദ്ദേഹം ഏതാണ്ടു അസന്ദിഗ്ധമായി പറഞ്ഞുവെച്ചു, ദലിത് ക്രൈസ്തവർക്കായി അഭിവന്ദ്യ ബിഷപ്പ് പിതാവിന്റെ നേതൃത്വത്തിൽ പണ്ടേ ഒരു സംഘടനയുണ്ട്-കെ ആർ എം എസ് (കൊല്ലം രൂപതാ മിഷൻ സമാജ്). ഹരിജനങ്ങളെ ഉദ്ധരിക്കാൻവേണ്ടി രൂപം കൊടുത്തതാണ്. ഇപ്പോൾ കുറച്ചുനാളായി നിർജീവമാണ്. അതിനെ നിർബന്ധമായും ഇന്നു പുനരുജ്ജീവിപ്പിക്കുകയാണ് വേണ്ടത് എന്നായി ഫാ. ഫെലിക്സ്. വിപുലമായ അർഥത്തിൽ മിഷൻ ഇടവകയിലെ എല്ലാ ഇടവക വൈദികരും ഇതിന്റെ അംഗങ്ങളാണ്. പിന്നെ കുറച്ചു ഏറാൻമൂളി ഉപദേശികളുമാണ് പൊതുയോഗാംഗങ്ങൾ. ഇപ്പോൾ ദലിത് ക്രൈസ്തവർ ഉണർന്നു സംഘടിക്കാൻ പ്ലാനിട്ടപ്പോൾ, അതിനെ ശാസ്ത്രീയമായി അടിച്ചൊതുക്കാൻ സഭാ നേതൃത്വം ആസൂത്രണം ചെയ്തൊരു വേലയായിരുന്നു ഇത്. ഏതാണ്ടിങ്ങനെ മത്സ്യത്തൊഴിലാളികളുടെ സ്വതന്ത്ര സംഘടനയെപ്പൊളിക്കാൻ സഭാ നേതൃത്വം ഇടപെട്ടതാണ്. ഈ പാവപ്പെട്ട ദലിത്

ക്രൈസ്തവർ 'ഇനിയും ഞങ്ങളെ വഞ്ചിക്കാൻ അനുവദിക്കുകയില്ല' എന്നു പറഞ്ഞു (ഓറ 1984 മെയ് പേജ് 17-19).

ഈ യോഗത്തിൽ ബിഷപ്പിന്റെ പേരു പറഞ്ഞുകൊണ്ടുള്ള ഫാ. ഫെലിക്സ് കെ ആർ എം എസിന്റെ അധികാരിയാണെന്നുള്ള ഭാവവും നീക്കവും അരോചകമായി തോന്നി. എന്റെ പ്രതിഷേധം അവിടെ പറയുകയും കാര്യകാരണസഹിതം ഫാ. ഫെലിക്സിനു 29.9.1983 ൽ സുദീർഘമായി എഴുതുകയും ചെയ്തു. പുനരുദ്ധരിച്ച കൊല്ലം രൂപതാ മിഷൻ സമാജിന്റെ കോൺടാക്റ്റ് കമ്മിറ്റിയുടെ യോഗം ടി അസോസിയേഷന്റെ നിയമാവലിക്കു രൂപം കൊടുക്കാനും അവശ ക്രൈസ്തവ വികസന കോർപ്പറേഷന്റെ പദ്ധതികളെപ്പറ്റി പഠിക്കാനും 24.11.83 ൽ യോഗം കൂടുന്ന വിവരം കാണിച്ചു 19.11.83 ൽ അയച്ച കത്തു കിട്ടി. അതിനു മറുപടിയായി അദ്ദേഹത്തിനു ഞാനൊരു തുറന്ന കത്തയച്ചു. ദലിത് ക്രൈസ്തവരെ വഞ്ചിക്കുന്ന ഈ നീക്കത്തെ എടുത്തു കാട്ടുന്ന ആ കത്ത് ഇവിടെ കുറിക്കട്ടെ.

ഫാ. ഫെലിക്സ് അരിക്കാരിപറമ്പിലിനു ഒരു തുറന്ന കത്ത്

പ്രിയ ഫാദർ ഫെലിക്സ്,

23.11.1983

19.11.83 ലെ ബിഷപ്പിന്റെ നിർദേശ പ്രകാരം ഞാൻ ക്ഷണിക്കുന്നു എന്ന കുറിപ്പോടുകൂടിയ കത്തുകിട്ടി. നന്ദിയുണ്ട്.

കത്തിലെ ഉള്ളടക്കം വളരെ വിചിത്രമായിരിക്കുന്നു. പുന:രുദ്ധരിച്ച കൊല്ലം രൂപതാ മിഷൻ സമാജിനെ കേരള ഹരിജൻ ക്രിസ്ത്യൻ അസോസിയേഷൻ എന്നു താങ്കൾ പറയുന്നു. ആരാണ് കൊല്ലം രൂപതാ മിഷൻ സമാജിനെ പുനരുദ്ധരിച്ചത്? കഴിഞ്ഞ 13 വർഷങ്ങളായിട്ട് കൊല്ലം രൂപതയുടെ മിഷൻ പ്രദേശങ്ങളിൽ ജോലി ചെയ്തുവരുന്ന ഒരു രൂപതാ വൈദികനാണു ഞാൻ. കെ ആർ എം എസിന്റെ സജീവ പ്രവർത്തകൻ. അതിന്റെ എല്ലാ യോഗങ്ങളിലും അർഥവത്തായി പങ്കെടുത്തിട്ടുള്ളവനാണ് ഞാൻ. എപ്പോൾ ഇതിനെ പുന:രുദ്ധരിച്ചു? എങ്ങനെ? എന്തുകൊണ്ട്? എന്തിനുവേണ്ടി ഇതിനെ പുനരുദ്ധരിച്ചു? ഇവ ഒന്നും തന്നെ ഞാൻ അറിഞ്ഞിട്ടില്ല. സ്വേച്ഛാധിപത്യത്തിന്റെയും സർവാധികാര പ്രവണതയുടെയും ഭാഗമാണിത്. നശിച്ച ഫ്യൂഡലിസത്തിന്റെ അവശിഷ്ടമാണിത്. ഇതു തീർത്തും അക്രൈസ്തവും നിർമനുഷ്യത്വപരവുമാണ്. ഇതു ജനവഞ്ചനയുടെ ഭാഗമായി ഞാൻ കാണുന്നു. ഈ ജനവഞ്ചനാപ്രക്രിയയിൽ, ജനങ്ങളെ ബോധപൂർവം തളർത്തുന്ന ഈ നീക്കത്തിൽ, എനിക്കു പങ്കില്ല. യോഗത്തിനു വരാത്തതിൽ ക്ഷമിക്കണം. ഈ വിവരം യോഗത്തിൽ പങ്കെടുക്കുന്നവരെയെല്ലാം അറിയിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ടു കത്തു ചുരുക്കുന്നു.

എന്ന്,

നീതിയുടെ ഐക്യത്തിൽ

ഫാ. അലോഷ്യസ് ഡി ഫെർണാണ്ടസ്'

copy to : അഭിവന്ദ്യ കൊല്ലം മെത്രാന്.

തുടർന്നു ദലിത് കത്തോലിക്കരും മറ്റു ഇതര ക്രിസ്തീയ വിഭാഗക്കാരും സംഘടിക്കേണ്ടതു കാലത്തിന്റെ ആവശ്യമായിക്കണ്ട്, ഹരിജൻ ക്രിസ്ത്യൻ ഫോറം (HCF) എന്ന സംഘടനയ്ക്കു 1984 ജൂൺ ഏഴിന് ഏനാത്തു ഹോളി സ്പിരിറ്റ് പാരിഷ് ഹാളിൽക്കൂടിയ പ്രതിനിധി സമ്മേളന (ഏനാത്തു സമ്മേളനം) ത്തിൽ വച്ചാണ് അവർ എച്ച് സി എഫിനു രൂപം കൊടുക്കുന്നത്. ഫാ. ജെറോം അഗസ്റ്റിനാണു മുൻനിരയിൽ നിന്നത്. ഒപ്പം ഫാ. ജോസ് ജെ കളീക്കലും. *ഓറ* പൂർണ പിന്തുണയും കൊടുത്തു.

സംഘടനയുടെ ലക്ഷ്യങ്ങളായി അംഗീകരിച്ചവ ചുവടെ:

1. ഹരിജൻ ക്രിസ്ത്യാനികളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക.
2. ഹരിജൻ ക്രിസ്ത്യാനികളുടെ ഇടയിലുള്ള വിഭാഗീയ ചിന്തകൾ അകറ്റി അവരെ ഒരു കുടക്കീഴിൽ അണി നിരത്തുക.
3. വിദ്യാഭ്യാസ- സാമ്പത്തിക ഉദ്യോഗ രംഗങ്ങളിൽ അർഹമായ സ്ഥാനം കരസ്ഥമാക്കുക.
4. ഹരിജൻ ക്രിസ്ത്യാനികളെന്ന കാരണത്താൽ മതത്തിന്റെ പേരിലുള്ള അവഗണനയും വിവേചനവും അവസാനിപ്പിക്കുക; മറ്റു ഹരിജനവിഭാഗങ്ങൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ശ്രമിക്കുക.
5. നിഷേധിക്കപ്പെട്ട അവകാശങ്ങൾ പിടിച്ചു പറ്റുന്നതിനു പ്രക്ഷോഭ പരിപാടികൾ ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിക്കുക.

ശ്രീ ജോൺ എം എസ് സി കൺവീനറും ശ്രീ ശൂരനാട് ഗ്രിഗറി ജോയിന്റ് കൺവീനറുമായുള്ള ഒരു കമ്മിറ്റിക്കു രൂപം കൊടുത്തു-ആദ്യപടിയായി കൊല്ലം രൂപതയിൽ എല്ലാ മിഷൻ ഇടവകകളിലും എച്ച് സി എഫ് ശാഖകൾ രൂപീകരിക്കാനും തീരുമാനിച്ചു. അതിന്റെ ചെറിയൊരു ഓഫീസ് ഇന്നും കൊട്ടാരക്കര പുത്തൂർമുക്കിനടുത്തുണ്ട്.

ആയിരത്തിത്തൊള്ളായിരത്തി എൺപത്തിനാല് ഏപ്രിലോടുകൂടി *ഓറ* പത്രാധിപസമിതിയിൽനിന്നും ഫാ. വാൾട്ടർ മോറിസ് പിൻവാങ്ങി. വീണ്ടും ഞങ്ങൾ നാലുപേരായി സമിതിയിൽ. 1984 ൽ മത്സ്യത്തൊഴിലാളികൾ സജീവമായി സമരരംഗത്ത്. എല്ലാ മാധ്യമങ്ങളും ഈ സമരങ്ങളെ എടുത്തുകാട്ടി മുഖപ്രസംഗങ്ങൾവരെ എഴുതി. അവയെല്ലാം ശേഖരിച്ചു ക്രോഡീകരിച്ച്, *ഓറ*യുടെ 1984 ജൂൺ ലക്കം ഒരു മത്സ്യത്തൊഴിലാളി വിശേഷാൽപ്പതിപ്പാക്കി. കേരള കത്തോലിക്കാ ബിഷപ്പ്സ് കോൺഫറൻസ് സെക്രട്ടറി ലോറൻസ് മാർ അപ്രേമിനു *ഓറ* പത്രാധിപസമിതി ഒരു കത്തയച്ചു-നീതിക്കുവേണ്ടിയുള്ള കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ സമരത്തിനു കെ സി ബി സിയുടെ എല്ലാവിധമായ പിൻതുണയും നൽകണമെന്നു അഭ്യർഥിച്ചുകൊണ്ട്. അങ്ങനെ മത്സ്യത്തൊഴിലാളികളോടൊപ്പം അവരുടെ സമരത്തിൽ *ഓറ* സജീവം. ഫാ. സാമുവൽ രായൻ സുദീർഘമായി എഴുതിയ മത്സ്യത്തൊ

ഴിലാളി സമരത്തിന്റെ *ദൈവ ശാസ്ത്ര-ബൈബിൾ അടിത്തറയും* ഫാ. ജോസ് ജെ കളീക്കൽ ദീർഘമായിത്തന്നെ എഴുതിയ *സമരവിചിന്തനവും* ഓറാപത്രാധിപസമിതി അംഗമായ ഞാൻ കൊല്ലം കളക്ട്രേറ്റിനു മുന്നിൽ 11.6.1984ൽ നിരാഹാരം ആരംഭിക്കുന്നതിനു മുൻപ് കൊല്ലം മെത്രാനു അയച്ച തുറന്ന കത്തും ഓറ 1984 ജൂലൈ ലക്കത്തിൽ പ്രസിദ്ധീകരിച്ചു. അങ്ങനെ പ്രയോഗവും തത്വവും നിരന്തരം സമന്വയിപ്പിക്കുന്നതിൽ ഓറ ശ്രദ്ധ ചെലുത്തിയിരുന്നു.

ഓറയുടെ വായനക്കാരുടെ പ്രതികരണത്തിൽ സഭയുടെ സാമൂഹ്യ പ്രബോധനങ്ങളും ലാറ്റിൻ അമേരിക്കൻ അനുഭവങ്ങളും വേണമെന്ന നിർദേശമുണ്ടായി. അതിന്റെ ഭാഗമായി ഭാരതീയ മെത്രാന്മാരുടെ സാമൂഹ്യപ്രബോധനങ്ങൾ വിശദമായിത്തന്നെ പ്രസിദ്ധീകരിച്ചു. പോർക്കളത്തിൽ ഏറ്റുപിടിക്കേണ്ട ചില തത്വങ്ങളായി താഴെപറയുന്നവ ഏതാണ്ടു ഐകകണ്ഠ്യേന സ്വീകാര്യമായി.

* ക്രിസ്തുവിന്റെ സുവിശേഷം കേവലമായ ആധ്യാത്മികതയല്ല; അടിച്ചമർത്തപ്പെട്ടവരുടെ വിമോചനത്തിന്റെ സന്ദേശമാണ്.
* അടിച്ചമർത്തപ്പെട്ടവരുടെ വിമോചനം ഒരു സാമൂഹ്യപ്രക്രിയയാണ്.
* മർദക ഘടനകളെ പിഴുതെറിഞ്ഞാലേ മർദിതരുടെ മോചനം സാധ്യമാകൂ.
* വിമോചനത്തിനുവേണ്ടി ക്രിസ്തുവിനോടൊത്ത് ദരിദ്ര-മർദിതപക്ഷം ചേരുക.
* മുതലാളിത്തം ക്രിസ്തുവിരുദ്ധമാണ്, പ്രകൃതിവിരുദ്ധമാണ്.
* സ്വത്ത് പൊതുവാണ്; പൊതുവായ ഉപയോഗത്തിനുള്ളതാണ്.
* വിശക്കുന്നവന്റെ മുൻപിൽ ദൈവം അപ്പമായി അവതരിക്കണം.
* അധികാര വികേന്ദ്രീകരണമില്ലാതെ ജനപങ്കാളിത്തം അസാധ്യമാണ്.
* നിലവിലുള്ള മനുഷ്യവിരുദ്ധ മത-രാഷ്ട്രീയാധികാര സ്ഥാനങ്ങളെയും സ്ഥാപനങ്ങളെയും ചോദ്യം ചെയ്യുക.
* മനുഷ്യസ്നേഹികളുമായി കൂട്ടു ചേരുക.

ഈ ഏറ്റുപിടിക്കലിന്റെ പിന്നിലെ ചേതോ വികാരം ഹ്രസ്വമായി ഇങ്ങനെ വിവരിക്കാം.

* ക്രിസ്തു സമഗ്ര വിമോചകൻ.
* സമഗ്ര വിമോചനം ബഹുജന മുന്നേറ്റത്തിലൂടെ മാത്രം.
* ഓരോ മനുഷ്യനെയും നന്നാക്കി സമൂഹത്തെ നന്നാക്കാൻ കഴിയുകയില്ല.
* സാമൂഹ്യമാറ്റത്തിലൂടെ മാത്രമേ മനുഷ്യനെ നന്നാക്കാനാകൂ.
* ഘടനാപരമായ തിന്മ ഏറ്റവും വലിയ പാപം.
* സാമൂഹ്യനീതിയാണ് വേണ്ടത്, ദാനധർമമല്ല.
* അപ്പത്തിനുവേണ്ടി പണിയുന്ന ദേവാലയ ശുശ്രൂഷയും തൊഴിലാളി തന്നെ.
* അവശർ സംഘടിച്ചാലേ, അവശത പരിഹരിക്കാനാകൂ.

ഇപ്രകാരം ഓറയും സഹയാത്രികരായ കുറച്ചു വൈദികരും കന്യാസ്ത്രീകളും ഒപ്പം കുറച്ചു അൽമായരും നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ സജീവമായി രംഗത്തുള്ളത് ഔദ്യോഗിക വ്യവസ്ഥാപിത സഭയ്ക്കു സഹിച്ചില്ല. അവരുടെ ഔദ്യോഗിക ബോഡിയായ കെ സിബിസി 1984 ജൂലൈ 10 ന് വിജയപുരം ബിഷപ്സ് ഹൗസിൽ സമ്മേളിച്ച് വൈദികരും സന്യാസി-സന്യാസിനികളും സമരങ്ങളിലും പ്രകടനങ്ങളിലും (agitations and public demonstrations) പങ്കെടുക്കുന്നതിനു താഴെ പറയുന്ന നിയന്ത്രണങ്ങളും തീരുമാനങ്ങളും എടുത്തു. പ്രസക്തഭാഗം ചുവടെ.

"..... പരിശുദ്ധ പിതാവിന്റെ അടുത്ത കാലത്തുള്ള പ്രസ്താവനകളുടെ വെളിച്ചത്തിലും പൂർണമായ ചർച്ചകളുടെ അടിസ്ഥാനത്തിലും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു:

1. ഒരു സാഹചര്യത്തിലും മരണംവരെയുള്ള നിരാഹാരവും അക്രമപ്രയോഗവും, ഈ മാർഗങ്ങൾ ഉൾപ്പെട്ട പ്രതിഷേധങ്ങളിലും പ്രകടനങ്ങളിലും പങ്കെടുക്കുന്നതും അനുവദനീയമല്ല.
2. തദ്ദേശ മെത്രാന്മാരുടെ മുൻകൂട്ടിയുള്ള സമ്മതത്തോടുകൂടി മാത്രമേ സന്യാസിനികൾ (women religious) പൊതു പ്രകടനങ്ങളിലും പ്രതിഷേധങ്ങളിലും പങ്കെടുക്കാൻ പാടുള്ളൂ.
3. പൊതു പ്രകടനങ്ങളിലും പ്രതിഷേധങ്ങളിലും സന്യാസ വൈദികർ (men religious) പങ്കെടുക്കുന്നത് അവരവരുടെ ശ്രേഷ്ഠാധികാരി(major superior)യുടെയും തദ്ദേശമെത്രാന്റെയും മുൻകൂട്ടിയുള്ള സമ്മതത്തോടുകൂടിയായിരിക്കണം.
4. പൊതു പ്രകടനങ്ങളിലും പ്രതിഷേധങ്ങളിലും രൂപതാവൈദികർ പങ്കെടുക്കുന്നത് തദ്ദേശ മെത്രാന്റെ മുൻകൂട്ടിയുള്ള സമ്മതത്തോടുകൂടിയായിരിക്കണം.

ഈ നിർദേശങ്ങൾ പാലിക്കുകയും നിങ്ങളുടെ അധികാര സീമയിൽപ്പെട്ടവരെ ഇവയെപ്പറ്റി ഉദ്ബോധിപ്പിക്കുകയും ഇക്കാര്യത്തിൽ അവരുടെ വിശ്വാസത്തിനെതിരായുള്ള ഭീഷണികളെപ്പറ്റി താക്കീത് നൽകുകയും ചെയ്യുക."

കേരളസഭയുടെ നീതിക്കുവേണ്ടിയുള്ള ഇടപെടലിനെ സാരമായി ബാധിക്കുന്ന ഒരു തീരുമാനം എന്ന നിലയ്ക്കു, ഓറ മാസിക ഇതിനെപ്പറ്റി ഒരു തുറന്ന ചർച്ച സംഘടിപ്പിച്ചു. എല്ലാം പ്രസിദ്ധീകരിക്കാൻ വിസ്തരഭയം അനുവദിച്ചില്ല. എങ്കിലും 1984 നവംബർ ഓറ ലക്കം 54 പേജുവരുന്ന ഒരു വിശേഷാൽപ്പതിപ്പായി പ്രസിദ്ധീകരിച്ചു. അതിശക്തവും ചിന്തോദ്ദീപകവുമായ പ്രതികരണങ്ങളും നിരീക്ഷണങ്ങളുമാണു ലഭിച്ചത്. പ്രതികരിച്ചവരുടെ പേരുകൾ കേൾക്കുമ്പോൾത്തന്നെ എത്ര ഗൗരവത്തോടെയാണ് ഈ ചർച്ച നടന്നതെന്നു വ്യക്തമാകും. ഡോ. എം എം തോമസ്, ഡോ. മൈക്കിൾ കാരിമറ്റം, ഫാ. തോമസ് കോച്ചേരി, തോമസ് ജി എം കൊല്ലം, ദോദമ്മ ചെറിയാൻ ഇടകടത്തി, ഫാ. ജയിംസ്

കുലാസ്, ജെ ലോറൻസ് വാടി, ഫാ. സാമുവൽ രായൻ എസ് ജെ, സിസിലി ജോർജ് പത്തനംതിട്ട, ഫാ. സ്റ്റാൻ ലൂർദ്ദു സ്വാമി എസ് ജെ ഐ എസ് ഐ ബാംഗ്ലൂർ, വിദ്യാജ്യോതി ബാംഗ്ലൂർ, എം ജെ എം സെന്റർ മാവേലിക്കര, ഐകഫ്, സി ആർ എ മലബാർ, സി ആർ എ തൃശൂർ എന്നിവരുടെ പ്രതികരണങ്ങളാണു പ്രസിദ്ധീകരിച്ചത്. ഒപ്പം, സി ആർ എ കേരളയുടെ ഔദ്യോഗികമായ പ്രതികരണമായി 1984 സെപ്റ്റംബർ 21 നു ചങ്ങനാശ്ശേരിയിൽനിന്നും ഇറങ്ങിയ താത്വികവും ദൈവ ശാസ്ത്രപരവുമായ വിചിന്തനവും പ്രസിദ്ധീകരിച്ചു. എല്ലാ പ്രതികരണ ങ്ങളും കെ സി ബി സി യുടെ നിലപാടിനെ എതിർത്തുകൊണ്ടുള്ളതാ യിരുന്നു. കാലത്തിന്റെ അടയാളങ്ങളുടെ മുമ്പിൽ കണ്ണടച്ചുനിൽക്കുന്ന വർ. ദരിദ്രരാഷ്ട്രങ്ങളിലെ സഭയുടെ സമകാലീന ദൗത്യത്തെക്കുറിച്ച് അറിവുള്ളവരാണു കേരള മെത്രാൻമാർ. രണ്ടാം വത്തിക്കാൻ സൂനഹ ദോസ്, മെത്രാന്മാരുടെ സിനഡ്, ഏഷ്യൻ മെത്രാന്മാരുടെ സമ്മേളനം, കെ സി ബി സി തുടങ്ങി നീതിക്കുവേണ്ടി പോർക്കളത്തിൽ ഇറങ്ങാൻ ആഹ്വാനം ചെയ്ത പല സുപ്രധാന സമ്മേളനങ്ങളിലും കേരള മെത്രാ ന്മാർ പങ്കെടുത്തിട്ടുണ്ട്. ഈ സമ്മേളനങ്ങളിലെ തീരുമാനങ്ങൾക്കും *ബൈബിൾ* പഠനത്തിനും യേശുദർശനത്തിനും ദരിദ്രപക്ഷനിലപാടിനും കടകവിരുദ്ധമാണ് കെ സി ബി സിയുടെ ഈ തീരുമാനങ്ങൾ എന്നു ഓാറ അതിശക്തവും വ്യക്തവുമായ ഭാഷയിൽ രേഖപ്പെടുത്തി. അന്ത്യോ ക്യയിലെ വി ഇഗ്നേഷ്യസിന്റെ കത്തിൽ ജീവാർപ്പണം തിന്മയല്ല എന്നു സുവ്യക്തമാക്കുന്നതു ഞങ്ങൾ രേഖപ്പെടുത്തി.

ഇതുപോലെ ഓാറ പഠനവിഷയമാക്കിയ മറ്റൊരു രേഖയാണ് വത്തി ക്കാൻ പ്രബോധ തിരുസംഘം പ്രസിദ്ധീകരിച്ച *വിമോചന ദൈവശാ സ്ത്രത്തിന്റെ ചിലവശങ്ങളെപ്പറ്റിയുള്ള പ്രബോധനം.* ഈ പ്രബോധനം മൊത്തത്തിൽ വിമോചന ദൈവശാസ്ത്രത്തോടു നിഷേധാത്മകമായ സമീപനമാണു കൈക്കൊണ്ടിരിക്കുന്നത്. ഇതിനിടയിൽ കേരള ഔദ്യോ ഗിക സഭയിൽ വിചിത്രമായൊരു സംഭവം നടന്നു. വത്തിക്കാൻ രണ്ടിന്റെ പ്രമാണ രേഖകൾ, മെത്രാന്മാരുടെ സിനഡിന്റെ പ്രഖ്യാപനം, ഏഷ്യൻ ബിഷപ്പ്സ് കോൺഫറൻസിന്റെ പഠനങ്ങൾ, കെ സി ബി സിയുടെ സാമൂഹ്യ പ്രധാനമായ പ്രമാണരേഖകൾ- ഇവയ്ക്കൊന്നിനും കിട്ടാഞ്ഞ പ്രാധാന്യത്തോടെ വത്തിക്കാന്റെ ഈ രേഖയിന്മേൽ കേരളത്തിൽ അങ്ങോളമിങ്ങോളം വിപുലമായ ചർച്ചകൾ മെത്രാന്മാരുടെ നേതൃത്വ ത്തിൽത്തന്നെ സംഘടിപ്പിക്കുകയുണ്ടായി. എന്തുമാത്രം അവർ ജനത്തെയും യേശുവിനെയും ഭയപ്പെടുന്നു എന്നതിന്റെ തെളിവാണി ത്. അവർക്കു യേശുവിന്റെ ഉൾക്കാമ്പ് ഇല്ലാത്തതുകൊണ്ടു നിയമ ത്തിന്റെ സുരക്ഷയ്ക്കുവേണ്ടിയുള്ള അവരുടെ പരക്കംപാച്ചിൽ കണ്ടു ഓാറയ്ക്കു സഹതാപം തോന്നി.

വത്തിക്കാൻ പുറത്തിറക്കിയ പ്രബോധനമായതുകൊണ്ട് അതർഹി ക്കുന്ന ഗൗരവത്തോടെ ഓാറയും ചർച്ചകൾ നടത്തുകയും പഠനങ്ങൾ

പുറത്തിറക്കുകയും ചെയ്തു. 1985 ജനുവരി- ഫെബ്രുവരി *ഓറ* ഇതിനെപ്പറ്റിയുള്ള 60 പേജുള്ള വിശേഷാൽ പതിപ്പാണ് ഇറക്കിയത്. അതിൽ പ്രശസ്ത ദൈവശാസ്ത്രജ്ഞരായ ഡോ. മൈക്കിൾ കാരിമറ്റം, ഡോ. ജോസഫ് കൊട്ടുകാപ്പള്ളി എസ് ജെ, സെബാസ്റ്റ്യൻ വടക്കുമ്പാടൻ, പ്രൊഫ. കെ റ്റി സെബാസ്റ്റ്യൻ, ഫാ. എ അടപ്പൂർ എസ് ജെ, ശ്രീ. അജിത് റായി, ഫാ. എം സി ജോസഫ് എസ് ജെ, ശ്രീ. റ്റി വി ജോസഫ്, ശ്രീ. ബാബു, ലിയോൺസ് എന്നിവരുടെയും *ഓറ* പത്രാധിപസമിതിയുടെ പഠനങ്ങളും സവിസ്തരം കൊടുത്തിട്ടുണ്ട്. ഫാ. സെബാസ്റ്റ്യൻ കാപ്പൻ എസ് ജെയുടെ 'സഭയും വിമോചന ദൈവശാസ്ത്രവും മാർക്സിസവും' എന്ന സുദീർഘമായ പഠനം ഓറയുടെ അഞ്ചുലക്കങ്ങളിലായി കൊടുത്തിരിക്കുന്നത് എല്ലാംകൊണ്ടും ശാസ്ത്രീയമായ സംരംഭമായിക്കാണണം. ചർച്ചയുടെ ചുരുക്കം ഇങ്ങനെ പറയാം: സഭയുടെ മുഖം സുവിശേഷ സന്ദേശത്തോടു കൂടുതൽ അനുരൂപപ്പെടുത്തുകയും നവീകരണംവഴി സഭയെ ജനമധ്യത്തിൽ അവതരിപ്പിക്കുകയുമാണ് നമ്മുടെ ദൗത്യം. ചരിത്രത്തിന്റെ ഈ വിനാഴികയിൽ സഭയുടെ രൂപം എപ്രകാരമായിരിക്കണം എന്നതിനാണ് മുൻതൂക്കം. വിമോചന ദൈവശാസ്ത്രം കുറ്റമറ്റതല്ല. വളരുന്ന ഒരു ദൈവശാസ്ത്ര ചിന്താധാരയാണ്. കാലഘട്ടത്തിന്റെ സ്വരമാണത്. യൂറോപ്പിലെ സഭ ഒരുക്കിയ ദൈവശാസ്ത്രത്തിനുപകരം ഏഷ്യയിലെയും ദക്ഷിണ അമേരിക്കയിലെയും ആഫ്രിക്കയിലെയും സഭകൾ ഒരുക്കുന്ന പുത്തൻ ദൈവശാസ്ത്ര ചിന്താധാരയാണ് വിമോചന ദൈവശാസ്ത്രം. മൂന്നാം ലോകം നീതിക്കുവേണ്ടി മുറവിളി കൂട്ടുമ്പോൾ, അവിടങ്ങളിലെ സഭകൾക്കു നിശ്ശബ്ദമായിരിക്കുവാൻ കഴിയുമോ? നിശ്ശബ്ദത ഇവിടെ പാപമാണ്. യേശുവിന്റെ സഭ ദരിദ്രരുടെ സഭയാണ്. ദരിദ്രരുടെ മോചനത്തിനായുള്ള സഭ.... ഈ ശാഖ വളർന്നു സഭയെ ഉജ്ജീവിപ്പിക്കട്ടെ (*ഓറ* 1985 ജനുവരി- ഫെബ്രുവരി പേജ് 12).

സഭയുടെ ദരിദ്രപക്ഷ നിലപാടിനെ വിലയിരുത്താൻ *ഓറ* എടുത്തുകാട്ടിയത് 1985 ൽ തിരുവനന്തപുരത്തെ കാർമൽ സ്കൂളിൽ X -ാം ക്ലാസിലെ വിദ്യാർഥിനിയായ വന്ദനാമേനോനെ സ്കൂൾ അധികൃതർ പ്രതികാരബുദ്ധ്യാ തോൽപ്പിച്ചതിന്റെ മനോവേദനയിൽ വന്ദനയുടെ അമ്മ രമണീമേനോൻ ആത്മഹത്യചെയ്ത വാർത്തയാണ്. തിരുവനന്തപുരത്തു കടലോരത്തു 1963 ൽ പിന്നോക്ക സമുദായ (ലത്തീൻ കത്തോലിക്കർ)ത്തിന്റെ ഉന്നമനത്തിനായി ലയോള കോളേജ് സ്ഥാപിച്ചതിനെ ഇന്നവർ മുന്നോക്ക കോളേജായി മാറ്റിയതു ദരിദ്ര ജനവിഭാഗത്തോടുള്ള വെല്ലുവിളിയാണെന്ന് *ഓറ* വ്യക്തമാക്കി. സഭയുടെ വിദ്യാഭ്യാസ-ആതുരശുശ്രൂഷാ സ്ഥാപനങ്ങൾ എങ്ങനെ സ്വാർഥം, അഹന്ത, അധികാര ഗർവം, പണാർത്തി, സ്വജനപക്ഷപാതം തുടങ്ങിയവയ്ക്കു അടിമപ്പെട്ടുപോയിരിക്കുന്നു എന്നും ഗൗരവമായ പുനഃപരിശോധന ഇല്ലെങ്കിൽ ഇന്നത്തെ ഔദ്യോഗിക സഭയ്ക്കു യാതൊരു മൂല്യവും ഇല്ലെന്നും അന്നു ഞങ്ങൾ എടുത്തുകാട്ടി. അതവർ ചെവിക്കൊണ്ടില്ലെന്നു മാത്രമല്ല, ഈ

യേശുവിരുദ്ധ പാതയിൽ ബഹുദൂരം സഞ്ചരിച്ച് ഇന്ന് സഭയുടെ സ്ഥാപനങ്ങൾ അസൂയാവഹമായ കച്ചവടസ്ഥലങ്ങളായി മാറിയിരിക്കുന്നു. കേരള വിദ്യാഭ്യാസ മന്ത്രി സ. എം എ ബേബി അവരുടെ അധികാര-ധനാർത്തിയുടെ മുൻപിൽ ഏതാണ്ടു നിസ്സഹായനായി നോക്കി നിൽക്കുന്ന അവസ്ഥയും.

ഇങ്ങനെയുള്ള ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവേശം പകരാൻ ലാറ്റിൻ അമേരിക്കൻ ദൈവശാസ്ത്രജ്ഞരുടെ പുസ്തകങ്ങളിലെ പ്രസക്തഭാഗങ്ങൾ, സമരകഥകൾ ഒക്കെ ഓറയിൽ ഉൾച്ചേർക്കാൻ ഞങ്ങൾ ശ്രമിച്ചു. അങ്ങനെ *എൽസാൽവദോർ-തോരാത്ത കണ്ണീർ* എന്ന ജനരോദന പംക്തിക്കു തന്നെ രൂപം കൊടുത്തു. *ചോരപുരണ്ട രാത്രികൾ, എവിടെയാണു നമ്മുടെ നാഥൻ?, നിക്കരാഗ്വാ-കെടാത്ത അഗ്നി, നിക്കരാഗ്വാ-സ്വാതന്ത്ര്യത്തിന്റെ യാത്ര* തുടങ്ങിയ വിമോചന പോരാട്ടകഥകളും ബോഫിന്റെ *തൂക്കുമരങ്ങൾക്കന്ത്യമില്ല* എന്ന ശ്ലീഹപ്പാതയുടെ ഓരോ ഭാഗവും ഓരോ ലക്കത്തിൽ തർജമ ചെയ്തു പ്രസിദ്ധീകരിച്ചു. നല്ല പ്രതികരണമാണു കിട്ടിയത്.

## (b) ഓറ- രണ്ടാംഘട്ടം:

1986 ജനുവരിയിൽ ഓറയുടെ 4-ാം വാല്യത്തിന്റെ ആദ്യലക്കം പുറത്തിറക്കി. ഓറ കനത്ത സാമ്പത്തിക പ്രതിസന്ധിയിൽ; മാത്രമല്ല, ഓറയുടെ ദിശയിൽ മാറ്റമുണ്ടാകണമെന്ന അഭിപ്രായം പലയിടത്തുനിന്നുമുണ്ടായി. രണ്ടുമാസം മാസിക പ്രസിദ്ധീകരിച്ചില്ല. എന്റെ ശക്തമായ പ്രേരണയും സാമ്പത്തിക പ്രശ്നം എന്റെ ഉത്തരവാദിത്വത്തിൽ പരിഹരിക്കുമെന്നു ഫാ. റൊമാൻസ് ആന്റണിക്കു വാക്കു നൽകിയതിന്റെ വെളിച്ചത്തിലാണ് വാല്യം 4-ലിലെ രണ്ടാം ലക്കം ഏപ്രിൽ 1986 ൽ ഇറക്കുന്നത്. ഈ ലക്കത്തിനൊപ്പം വായനക്കാരുടെ അഭിപ്രായവും നിർദേശങ്ങളും അറിയാൻ ഒരു ചോദ്യാവലിയും അയച്ചിരുന്നു. നല്ല പ്രതികരണങ്ങൾ കിട്ടി. അവയുടെ വെളിച്ചത്തിൽ ഓറയോടു താൽപ്പര്യമുള്ള കുറച്ചു വൈദികരും അൽമായരും ഒത്തുകൂടി ഒരു വിലയിരുത്തൽ നടന്നു. അതിനിടെ ഫാ. റൊമാൻസ് ഓറയുടെ പ്രധാന ഉത്തരവാദിത്വത്തിൽനിന്നും ഒഴിയണം എന്നാഗ്രഹം പ്രകടിപ്പിച്ചു.

ഓറയുടെ വളർച്ചയുടെ പാതയിൽ ഒരു നിർണായക ഘട്ടമായതുകൊണ്ട്, താൽപ്പര്യമുള്ളവരുടെ കൂടിച്ചേരലുകൾ പലവട്ടം നടക്കേണ്ടി വന്നു. ഇവയുടെ സ്വയം നിയോഗിത കൺവീനറായി ഞാൻ പ്രവർത്തിച്ചു. അങ്ങനെ 1986 ൽത്തന്നെ മെയ് 30, ജൂൺ 9, ജൂലൈ 1, ജൂലൈ 7 എന്നീ ദിവസങ്ങളിൽ ഓറയുടെ ഭാവിയെപ്പറ്റി കൂലംകഷമായ ചർച്ചകളും തീരുമാനങ്ങളും എടുത്തു. അവയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

* ഓറയ്ക്കു ചരിത്രപരമായൊരു ധർമം നിറവേറ്റാനുണ്ട്. അതുകൊണ്ട് എത്രത്യാഗം സഹിക്കേണ്ടി വന്നാലും *ഓറ* തുടരണം എന്നതായിരുന്നു മുഖ്യതീരുമാനം.
* ഓറയുടെ പത്രാധിപ സമിതിയിൽ അൽമായരെയും കൂടെച്ചേർത്തുകൊണ്ട് വിപുലപ്പെടുത്താൻ തീരുമാനിച്ചു. അങ്ങനെ തമ്പാൻ കളക്കുടി, പി ജെ ജോസഫ്, റിച്ചാർഡ് ഡിക്രൂസ്, എ ബേബി, ക്ലമന്റ് ലോപ്പസ് എന്നിവരെ കൂടാതെ ഫാ. ജോസഫ് തോമസ്, ഫാ. ജോസ് ജെ കളീക്കൽ, ഫാ. എ സോളമൻ, ഫാ. വിൻസന്റ് മച്ചാഡോ എന്നീ വൈദികരെക്കൂടെ ചേർത്ത്, ആകെ 13 അംഗ പത്രാധിപ സമിതിക്കു രൂപം കൊടുത്തു.
* വാല്യം 4ന്റെ മൂന്നാം ലക്കം 1986 ജൂലൈയിൽ പുറത്തിറക്കാൻ തീരുമാനിച്ചു. പേജുകൾ കുറഞ്ഞാലും മാസികയുടെ കെട്ടിലും മട്ടിലും മുഖ്യധാര മാസികയുടെ ഡമ്മി 1/4 ൽ ആയിരിക്കണം പുറത്തുവരേണ്ടത്.
* ഫാ. റൊമാൻസ് ആന്റണി മുഖ്യപത്രാധിപർ ആയി തുടരാൻ പറ്റുകയില്ലെന്നു വ്യക്തമാക്കിയ സ്ഥിതിക്കു ഫാ. ജോസഫ് തോമസിനെ ചീഫ് എഡിറ്ററായി നിയോഗിച്ചു തീരുമാനിച്ചു.
* മാസിക എല്ലാ മാസവും കൃത്യമായി ആദ്യ ആഴ്ചയിൽ ഇറക്കണം. വായനക്കാരുടെ കോളം വേണം. ഒരു ലക്കത്തിൽ ഒരു ശാസ്ത്രീയ ലേഖനം മതിയാകും. വീക്ഷണവും വിശേഷവും (views and news) ഉണ്ടായിരിക്കണം. ദേശീയവും അന്തർദേശീയവുമായ പ്രശ്നങ്ങൾ പ്രതിപാദിച്ചിരിക്കണം. ഒരു ഫീച്ചർ കവർ സ്റ്റോറിയായി വേണം. ഇതിന്റെ വെളിച്ചത്തിൽ കവർ ഡിസൈൻ ചെയ്യണം. വിമോചന ദൈവശാസ്ത്രത്തെപ്പറ്റിയുള്ള പുതിയ പുസ്തകങ്ങൾ പരിചയപ്പെടുത്തണം. ജനകീയ സഭ/ദരിദ്രരുടെ സഭയെപ്പറ്റി ഒരു സ്ഥിരപംക്തി ഉണ്ടാകണം. ഫലിതങ്ങൾ, ചെറുകഥകൾ, കവിതകൾ, ബോക്സുകൾ തുടങ്ങിയവ ഉണ്ടാകണം. സാമൂഹ്യ മാറ്റത്തിനു പ്രചോദനമാകുന്ന *ബൈബിൾ* വിചിന്തനം ഉണ്ടാകണം. സഭാനവീകരണ സംഭവങ്ങൾ തുറന്നു കാട്ടണം. ഔദ്യോഗിക സഭയും ജനവും തമ്മിലുള്ള പ്രശ്നങ്ങൾ വെളിച്ചത്തുകൊണ്ടുവരണം. ആനുകാലിക പ്രശ്നങ്ങൾ ചർച്ചചെയ്യണം. സ്ത്രീപക്ഷം പിടിച്ചുകൊണ്ടുള്ള ലേഖനങ്ങൾ ഉണ്ടാകണം.
* *ഓറ* മാസികയുടെ ഉപ-ശീർഷകം എന്ന രീതിയിൽ *ഓറ - വിമോചന ദൈവശാസ്ത്രത്തിന്റെ ജിഹ്വ* എന്നായിരിക്കണമെന്നു തീരുമാനിച്ചു.
* ജനകീയ സംഘങ്ങളുടെ വാർത്തയും റിപ്പോർട്ടും പ്രസിദ്ധീകരിക്കുക.
* എല്ലാമാസവും രണ്ടാം ഞായറാഴ്ച 11 മണിക്കു പത്രാധിപ സമിതി കൂടുവാൻ തീരുമാനിച്ചു.

* സാമ്പത്തിക ബുദ്ധിമുട്ടു നേരിടാൻ പുറകിലെ രണ്ടു പേജിൽ പരസ്യമാകാമെന്നു തീരുമാനിച്ചു. പരസ്യം തെരഞ്ഞെടുക്കുന്നതിൽ ശ്രദ്ധ വേണമെന്നും നിർദേശമുണ്ടായി.
* മാസികയുടെ പേരു ഓറ എന്നു മലയാളത്തിൽ ആക്കാൻ തീരുമാനിച്ചു. ഉൾപേജിൽ Organ for Radical Action (ORA) എന്ന പൂർണ രൂപവും നൽകണം.
* പത്രാധിപസമിതിയിലെ അംഗങ്ങൾ അവരവരുടെ സ്വാധീനം ഉപയോഗിച്ച് ഇത്ര വീതം വരിക്കാരെ വർധിപ്പിക്കാമെന്നു സ്വയം വാക്കു നൽകി.
* പത്രാധിപസമിതി റിപ്പോർട്ട് വരവ്-ചെലവു കണക്ക്, രസീത്, വൗച്ചർ തുടങ്ങിയവ കൃത്യമായി സൂക്ഷിക്കണം.
* ഇങ്ങനെയുള്ള പ്രായോഗിക നിർദേശങ്ങൾക്കുശേഷം ഏറ്റവും പ്രധാനപ്പെട്ട ഓറയുടെ പ്രത്യയശാസ്ത്ര ചർച്ച നടന്നു. നേരിട്ടുള്ള പ്രത്യക്ഷ കക്ഷി രാഷ്ട്രീയമില്ല എന്ന നയമാണ് ഓറയ്ക്കുള്ളത്. എന്നാൽ ഓറയ്ക്കു വ്യക്തമായ രാഷ്ട്രീയമുണ്ടുതാനും. എന്താണത്? അടിച്ചമർത്തപ്പെട്ട ജനതയുടെ ഉയർത്തെഴുന്നേൽപ്പിന്റെ രാഷ്ട്രീയം; തീർത്തും ദരിദ്രപക്ഷംപിടിച്ചുകൊണ്ടുള്ള രാഷ്ട്രീയം. നിരന്തരം ചർച്ചയ്ക്കു വിധേയമാകേണ്ട വിഷയമാണിതെന്ന് തീരുമാനിച്ചു.

അങ്ങനെ പുതിയ പത്രാധിപസമിതിയുടെ ആഭിമുഖ്യത്തിൽ ഓറയുടെ രണ്ടാംഘട്ട പ്രസിദ്ധീകരണം 1986 ജൂലൈയിൽ 'നിന്റെ കീഴിലുള്ള അടിമത്തത്തിനായി ഞാനെന്റെ നിർഭാഗ്യത്തെ കൈമാറുകയില്ലെന്ന് നന്നായി അറിഞ്ഞുകൊള്ളുക. പിതാവ് സിയൂസിന്റെ ദൂതനാകുന്നതിലും ഭേദം ആജീവനാന്തം ഈ പാറക്കെട്ടിൽ ചങ്ങലയ്ക്കിട്ടു കിടക്കുകയാണെന്ന് ഞാൻ കരുതുന്നു" എന്ന പ്രൊമിത്യൂസിന്റെ വാക്കുകളോടെയാണ് ആരംഭിച്ചത്. പിതാവിനെ ധിക്കരിച്ചു ഭൂമിയിലേക്കു അഗ്നിയും വെളിച്ചവും കൊണ്ടുവന്നു എന്നതാണ് പ്രൊമിത്യൂസിന്റെ കുറ്റം. നീതിക്കും വിമോചനത്തിനുംവേണ്ടി പോരാടുന്നവരെല്ലാം പ്രൊമിത്യൂസിനെയാണ് മാതൃകയാക്കേണ്ടത്. ആരെയും ധിക്കരിച്ചുകൊണ്ടു പുതിയ സമൂഹ സൃഷ്ടിക്കായി പ്രയത്നിക്കേണ്ടതുണ്ട്.

പുതിയ വിമോചന ഊന്നലോടുകൂടി ശക്തമായി ഓറ ഇപ്രകാരം മുന്നോട്ടു നീങ്ങിയപ്പോൾ, ഫാ. റൊമാൻസ് ആന്റണിയും ഫാ. ബെനഡിക്റ്റ് പോളും എഡിറ്റോറിയൽ ടീമിൽനിന്നും മാറണമെന്നു കാണിച്ചുകൊണ്ട് കത്തുകൾ നൽകി. അവ 1986 ആഗസ്റ്റ് 10 ലെ പത്രാധിപസമിതിയോഗം അംഗീകരിച്ചു. തുടർന്നുള്ള ലക്കങ്ങളിൽ അവരുടെ പേരുകൾ നീക്കം ചെയ്യാനും തീരുമാനിച്ചു.

ആയിരത്തിത്തൊള്ളായിരത്തി എൺപത്തിയാറ് സെപ്റ്റംബറിൽ ഫാ. ഫെർഡിനന്റ് പീറ്ററും രാജി സമർപ്പിച്ചു. 1986 സെപ്റ്റംബർ 14 ലെ പത്രാധിപസമിതി രാജി അംഗീകരിച്ചു. പുതിയതായി തിരുവനന്തപുരത്തു

നിന്നും ഫാ. എ പങ്ക്റേഷ്യസിനെയും ഫാ. ജോസ് മുളങ്ങാട്ടിനെയും എഡിറ്റോറിയൽ ബോർഡിലേക്ക് സ്വീകരിച്ചു. ഈ യോഗത്തിൽ വച്ച് ആദ്യമായി വാർഷികവരിക്കു (15 രൂപ) പുറമേ ആയുഷ്കാല അംഗത്വം (500 രൂപ) നിശ്ചയിച്ചു. പത്രാധിപസമിതിയിലെ അംഗങ്ങളായിരിക്കണം ആദ്യത്തെ ആയുഷ്ക്കാല വരിക്കാർ എന്നും തീരുമാനിച്ചു.

വിമോചന ദൈവശാസ്ത്രത്തിൽ ഊന്നൽ നൽകിക്കൊണ്ട് ഫാ. ജോസ് ജെ കളീക്കലിന്റെ ഒരു *സാധാരണക്കാരന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ*, പി ജെ ജോസഫിന്റെ *ദരിദ്രരുടെ സഭ*, ഫാ. ജോസഫ് തോമസിന്റെ *വേദവാക്യം - കാലത്തിന്റെ വ്യാഖ്യാനം* തുടങ്ങിയ പംക്തികൾ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റി.

മാസംതോറുമുള്ള പത്രാധിപസമിതിയുടെ യോഗത്തിലെ ചർച്ചകളിലൂടെ *ഓറ*യ്ക്കു മറ്റൊരു സവിശേഷമായ ഗുണംകൂടി ഉണ്ടായിരിക്കണമെന്ന കാര്യം ഉരുത്തിരിഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. *ഓറ* എന്നും ദരിദ്രപക്ഷത്തു നിൽക്കുന്നു, വിമോചന ദൈവശാസ്ത്രത്തിന്റെ ജിഹ്വയായി നിലകൊള്ളുന്നു. ഒപ്പം, *ഓറ* എന്നും വർഗീയതയ്ക്കെതിരെ പടവാൾ ഉയർത്തുന്ന - മതനിരപേക്ഷതയ്ക്കുവേണ്ടി നിലപാടെടുക്കുന്ന- മാസികയായി രൂപാന്തരപ്പെടുന്നത് *ഓറ*യുടെ വളർച്ചയെ കാണിക്കുന്നു. *ഓറ* വായനക്കാരുടെ കൂടിച്ചേരലുകളും ചർച്ചകളും ഈ ദർശനത്തിനു ആക്കം കൂട്ടി. ഈ നിലപാടു കാത്തു സൂക്ഷിച്ചുകൊണ്ടുതന്നെ ഇടതുപക്ഷ രാഷ്ട്രീയ ഇടപെടലുകൾ തിരഞ്ഞെടുപ്പുപോലുള്ള നിർണായക സമയങ്ങളിൽ *ഓറ* ഏറ്റു പിടിച്ചു - 'ഇവിടെ നിൻ വാക്കുറങ്ങാതിരിക്കുന്നു; ഇവിടെ നിൻ വാക്കു കാവലായ് നിൽക്കുന്നു.' അതുപോലെ ശക്തമായി ഉരുത്തിരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ദർശനമാണ് സ്ത്രീപക്ഷ കാഴ്ചപ്പാട്. 'സ്ത്രീകൾ സഭയിൽ മിണ്ടാതിരിക്കട്ടെ' എന്ന ബൈബിൾ ഭാഷ്യത്തെ അതിശക്തമായി *ഓറ* അപലപിച്ചിട്ടു, 1987 ലെ മെത്രാന്മാരുടെ സിനഡിനു സഭയുടെ സ്ത്രീസമീപനത്തോടു കാതലായ മാറ്റമുണ്ടാകണമെന്നു കാണിച്ചുകൊണ്ടു കത്തെഴുതി. സ്ത്രീത്വത്തെ പിച്ചിചീന്തിയ തങ്കമണിയിലെ (1986ൽ) സംഭവത്തിൽ *ഓറ* വ്യക്തമായ നിലപാടെടുത്ത്, സ്ഥലത്തുപോയി ബന്ധപ്പെട്ടവരെ നേരിൽക്കണ്ടു *ഓറ*യുടെ പിൻബലം നൽകിയത് ഞങ്ങളുടെ സ്ത്രീപക്ഷ നിലപാടിന് ആക്കവും ആഴവും വർധിച്ചു. അങ്ങനെ *ഓറ*യ്ക്കു വിപുലമായൊരു താത്വിക അടിത്തറ രൂപപ്പെടുകയായിരുന്നു.

അൽമായർക്കു കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന കാഴ്ചപ്പാടിൽ, പത്രാധിപസമിതിയിൽ നിന്നുമാറണമെന്ന ഫാ. വിൻസന്റ് മച്ചാഡോയുടെ കത്തുവായിച്ച് രാജി 1982 ഫെബ്രുവരി 22 ൽ സ്വീകരിച്ചു. അന്ന് *ഓറ* വായനക്കാരുടെ ഒത്തുചേരലുമുണ്ടായിരുന്നു. അവിടെ ഉരുത്തിരിഞ്ഞ ചിന്തകൾ:

* വേദവാക്യത്തെ വ്യാഖ്യാനിക്കുന്ന പംക്തി തീർത്തും മടുപ്പ് തോന്നിക്കുന്നു; അതു നിറുത്തിയിട്ട് ആനുകാലിക-രാഷ്ട്രീയസംഭവങ്ങൾക്കു ഊന്നൽ നൽകുക.
* സ്ത്രീകളുടെ പംക്തി ആരംഭിക്കുക.
* പുത്തൻ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക. സംവാദങ്ങൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുക.
* കൂട്ടായ സംരംഭമായതുകൊണ്ട്, വായനക്കാർ-എഴുത്തുകാർ തമ്മിലുള്ള അതിർ വരമ്പില്ലാതാക്കുക. വായനക്കാരെ എഴുത്തുകാരാക്കുക. എഴുത്തുകാരെ വായനക്കാരാക്കുക.
* പ്രതികൾ കൂട്ടാൻവേണ്ടി നിലവാരം താഴ്ത്തരുത്; ദർശനം ബലികഴിക്കരുത്.
* ഓറയ്ക്കു ഒരു ജനകീയതയുണ്ട്. വായിക്കുമ്പോൾ പ്രതികരണം ജനിപ്പിക്കുന്ന സജീവ കഥകൾ, ജീവിതരേഖകൾ ഉണ്ടാകണം.
* ഓറയുടെ പ്രചരണാർഥം വിവിധ സ്ഥലങ്ങളിലുള്ള സമാന ചിന്താഗതിയുള്ള സംഘങ്ങളും ഓറ പ്രവർത്തകരും ഒന്നിച്ചു പരിപാടികൾക്കു രൂപം കൊടുക്കുക.
* ജാതി വിരുദ്ധ മാനവികത എന്ന കവർ സ്റ്റോറിയോടെ ഒരു വിശേഷാൽപ്പതിപ്പിറക്കുക. അങ്ങനെ മതത്തെ ചാരി നിൽക്കുന്ന പ്രവണത ഉപേക്ഷിച്ച്, മനുഷ്യനെ ചാരി നിൽക്കുക, മനുഷ്യ വിമോചനത്തിന് മുൻതൂക്കം നൽകുക.
* എഡിറ്റോറിയൽ ബോർഡ് എല്ലാ മാസവും കൃത്യമായി കൂടുന്ന സാഹചര്യത്തിൽ ഓറ കൂട്ടുത്തരവാദത്തിന്റെ ഉൽപ്പന്നമാണ് എന്ന വ്യക്തതയിൽ പത്രാധിപസമിതിയിലെ എല്ലാ അംഗങ്ങളുടെയും പേരു ചേർക്കണ്ട എന്നും മുഖ്യപത്രാധിപരായ ഫാ. ജോസഫ് തോമസിന്റെ പേരുമാത്രം മതിയെന്നും 23.8.1987ലെ യോഗത്തിൽ തീരുമാനിച്ചു. സെപ്റ്റംബർ ലക്കം മുതൽ അതു പ്രാവർത്തികമാക്കുക.

ഓറയുടെ ദാർശനിക നിലപാടിനെ വ്യക്തമാക്കുന്ന ഒരു കരടു രേഖയ്ക്കു ശ്രീ എ ജയിംസ് രൂപം കൊടുത്തു. അതു സഗൗരവം 23.8.87 ലെ പത്രാധിപസമിതി ചർച്ച ചെയ്തു. നേരത്തെ അംഗീകരിച്ച കാഴ്ചപ്പാടുകൾക്കു പുറമേ, ഇന്നത്തെ ഇന്ത്യൻ അവസ്ഥയിൽ മാനവമോചനത്തിനു മതവും മാർക്സിസവും സമന്വയിച്ചുകൊണ്ടുള്ള ഒരു ശാസ്ത്രീയ കാഴ്ചപ്പാട് ഓറയുടെ അടിസ്ഥാന ദർശനമായിരിക്കണമെന്നു വ്യക്തമാക്കപ്പെട്ടു. ക്രിസ്തുവിനുവേണ്ടി 'ക്രിസ്തീയത' അഥവാ 'ക്രിസ്ത്യാനിറ്റി' ഉപേക്ഷിച്ചുകൊണ്ട് ക്രിസ്തുദർശനവും മാർക്സിയൻ ദർശനവും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സമീപനം ആയിരിക്കണം ഓറയുടേത്.

ഓറയുടെ നടത്തിപ്പിലെ സാമ്പത്തിക ബുദ്ധിമുട്ടു കുറയ്ക്കാൻ, മാസികയ്ക്കു ന്യൂസ് പ്രിന്റ് ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാ

റിനു അപേക്ഷ കൊടുക്കാൻ (1988 ഏപ്രിൽ 26) തീരുമാനിച്ചു. അപേക്ഷ ഫോം വാങ്ങി എല്ലാം പൂരിപ്പിച്ചുകൊണ്ടു ആവശ്യമായ രേഖകളുമായി ബന്ധപ്പെട്ട ഓഫീസറെ സമീപിച്ചപ്പോൾ ഞങ്ങൾ സമർപ്പിച്ച മൂന്നു വർഷത്തെ ഓഡിറ്റഡ് സ്റ്റേറ്റുമെന്റ് അനുസരിച്ച് വളരെ കുറച്ചു പേപ്പറേ ലഭിക്കുകയുള്ളൂ എന്നും ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് അധികത്തിലാക്കി കൊണ്ടുവരണമെന്നും അതിനു ഏതെങ്കിലും ഓഡിറ്റർക്ക് അൽപ്പം പൈസ കൊടുത്താൽ അവർ ഉണ്ടാക്കിത്തരുമെന്നും പറഞ്ഞു. വസ്തുനിഷ്ഠമായ കണക്കും സ്റ്റേറ്റുമെന്റുമാണു സമർപ്പിച്ചത് എന്നു ഞങ്ങൾ വ്യക്തമാക്കി. അല്ലാതെ വളഞ്ഞവഴി സ്വീകരിക്കാൻ തയാറല്ല എന്നും ഞങ്ങൾ പറഞ്ഞു. എങ്കിൽ ഇതിനായി മെനക്കെടാതിരിക്കുക യായിരിക്കും ഉത്തമമെന്നായിരുന്നു ഉദ്യോഗസ്ഥന്റെ മറുപടി. പലരും മാസിക നടത്തുന്നത് അധികം കിട്ടുന്ന ന്യൂസ് പ്രിന്റ് ബ്ലാക്കിൽ വിറ്റാണെന്നും അദ്ദേഹം പറഞ്ഞു. ഇങ്ങനെ ഒരു നീക്കത്തിനു ഓറ കൂട്ടു നിൽക്കുന്നത് ഓറയുടെ ദർശനത്തിനും പ്രവർത്തകരുടെ ആദർശത്തിനും യോജിച്ചതല്ല എന്ന ബോധ്യത്തിൽ ന്യൂസ് പ്രിന്റിനു വേണ്ടിയുള്ള നിയമപരമായ ഉദ്യമം വേണ്ടെന്നു തീരുമാനിച്ചുറച്ചു.

ഓറയുടെ അപ്പോഴത്തെ ബിസിനസ് മാനേജറും ഓറയുടെ മുഴുവൻ കാര്യങ്ങളുടെയും സംഘാടന ജോലി ചെയ്തുകൊണ്ടിരിക്കുന്ന വ്യക്തിയുമായ ഞാൻ ഉപരിപഠനാർഥം അമേരിക്കയിലേക്കു പോകുന്ന കാര്യം പത്രാധിപസമിതി സഗൗരവം ചർച്ച ചെയ്തു. എന്റെ അസാന്നിധ്യത്തിൽ ഓറയുടെ നടത്തിപ്പിൽ എല്ലാവരും സഹകരണം വാഗ്ദാനം ചെയ്തെങ്കിലും, കാര്യക്ഷമമായ നടത്തിപ്പിന് ശ്രീ. എ ജയിംസിനെ മാസികയ്ക്കുവേണ്ട ലേഖനങ്ങൾ ശേഖരിച്ച് എഡിറ്റു ചെയ്തു പ്രൂഫ് നോക്കി പ്രസിൽ കൊടുത്ത് പ്രിന്റ് ചെയ്യിപ്പിക്കുന്ന പ്രഥമ ഉത്തരവാദിത്വവും ശ്രീ അലോഷ്യസ് ഡി ഫെർണാണ്ടസി (റിട്ട. അധ്യാപകൻ) നെ ഓറയുടെ ബിസിനസ് മാനേജരുടെ ചുമതലയും ഏൽപ്പിച്ചു. ഓറ പ്രിന്റു ചെയ്തു കഴിഞ്ഞാൽ അതു മടക്കി റാപ്പർ ചെയ്തു വിലാസവും സ്റ്റാമ്പും ഒട്ടിച്ച് പോസ്റ്റു ചെയ്യുന്നതിന്റെ ഉത്തരവാദിത്വം അലോഷ്യസ് സാറിന്റെയും ഡി പി ഐ എഫ് സി പ്രവർത്തകരുടെയും ആയിരുന്നു. 25 മാസത്തെ എന്റെ വിദേശ പഠനകാലം കഴിഞ്ഞു തിരിച്ചെത്തുംവരെ ഇവരുടെ നേതൃത്വത്തിൽ മാസിക മുടക്കം കൂടാതെ ഭംഗിയായി എല്ലാമാസവും പുറത്തിറക്കിയത് അഭിമാനത്തോടെയാണ് ഇവിടെ സ്മരിക്കുക. ഏറെ പരിമിതികൾ ഉണ്ടായിരുന്നിട്ടും കൃത്യമായി സംഘടിപ്പിക്കാനും പ്രസിദ്ധീകരിക്കാനും ശ്രീ. എ ജയിംസ് കാണിച്ച ശുഷ്കാന്തിയും നിശ്ചയദാർഢ്യവും എടുത്തുപറയേണ്ടതു തന്നെയായിരുന്നു. ആ കാലയളവിൽ ഓറയെ വഴിനടത്തിയ എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു.

1989 ഓടെ പാരിസ്ഥിതിക പ്രശ്നങ്ങളിലും ഇടപെടേണ്ടതു ഓറയുടെ ധർമ്മമായി മനസിലായി. മത്സ്യത്തൊഴിലാളി ദേശീയ ഫോറത്തിന്റെ 'ജലം സംരക്ഷിക്കൂ ജീവൻ സംരക്ഷിക്കൂ' എന്ന മുദ്രാവാക്യം അതിന്റെ എല്ലാ അർഥത്തിലും സ്വീകരിച്ചുകൊണ്ടു മുഖവചനവും കവർസ്റ്റോറിയും മറ്റു സമരകഥകളും ഓറയിൽ ഇടംപിടിച്ചു. തുടർന്ന് ഓറ പാരിസ്ഥിതിക കാര്യങ്ങളിൽ ഏറെ ശ്രദ്ധ ചെലുത്തിപ്പോരുന്നു (ഉദാ: നർമദാ ബച്ചാവോ ആന്ദോളൻ)

## (c) ഓറ- മൂന്നാം ഘട്ടം:

ആയിരത്തിത്തൊള്ളായിരത്തിത്തൊണ്ണൂറ് ജൂൺ മാസത്തിൽ ഞാൻ വിദേശത്തുനിന്നു തിരിച്ചെത്തിയതിനു പിന്നാലെ, 1990 ജൂലൈ 18 ൽ പത്രാധിപ സമിതി കൂടി ഓറയുടെ നടത്തിപ്പുത്തരവാദിത്വം ഞാൻ ഏറ്റെടുത്തു. 1990 ഡിസംബറിൽ കേരളത്തിലെ ജനകീയ സംഘങ്ങളുടെ ഒത്തുചേരലായ നാട്ടുകൂട്ടം പരിപാടിയുടെ വിമോചന ദിശ *ഓറയിൽ* ശരിക്കും പ്രതിഫലിപ്പിച്ചുകൊണ്ടുള്ള കുറിപ്പുകൾ *ഓറയുടെ* നിലപാടുതറ വ്യക്തമാക്കുന്നതായിരുന്നു; 1991 ജനുവരിലക്കം *പിറവിക്കൊരു നാട്ടുകൂട്ടം* എന്ന വിശേഷാൽ പതിപ്പായിരുന്നു. അവിടെ ഊന്നൽ കൊടുത്തതോ മണ്ഡൽ കമ്മിഷനും (ദലിതനും)സ്ത്രീക്കു മായിരുന്നു. തൽഫലമായി മാർച്ചിൽ സ്ത്രീ വിശേഷാൽ പതിപ്പും ഏപ്രിലിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടു- ഒരു പഠനം എന്ന വിശേഷാൽ പതിപ്പും *ഓറ* പുറത്തിറക്കി.

ആയിരത്തിത്തൊള്ളായിരത്തി ഒന്ന് ജനുവരിയോടുകൂടി *ഓറയുടെ* മുഴുവൻ പ്രവർത്തനവും ആലപ്പുഴ പറവൂർ കേന്ദ്രമാക്കിയ ജനജാഗൃതി ഭവനിലായി. അതോടെ *ഓറയുടെ* പ്രായോഗിക നടത്തിപ്പിന്റെ പൂർണ ഉത്തരവാദിത്വം എന്നിൽ നിക്ഷിപ്തമായി. ഓറയുടെ താത്വിക ദർശനത്തിനും വിമോചനധാരയ്ക്കും വിശാലമായ പ്രതലം തുറന്നുകൊണ്ടു ക്രൈസ്തവമതത്തിന്റെ വിമോചനാംശത്തോടൊപ്പം, ഇസ്ലാമിന്റെ വിപ്ലവാത്മകമായ സാമൂഹ്യ വീക്ഷണം, ഉപനിഷത്തിന്റെ സാമൂഹ്യപരത, *ഭഗവത്ഗീതയിലെ* വിമോചന ധാര തുടങ്ങിയ ഇതര മതങ്ങളുടെ വിമോചനാംശം തുറന്നു കാട്ടാൻ *ഓറ* ബദ്ധശ്രദ്ധകാട്ടുന്നു. പുതിയൊരു മേഖലതന്നെ *ഓറയ്ക്കിവിടെ* തുറന്നു കിട്ടിയിരിക്കുകയാണ്.

ചലനാത്മകമായ ഈ വിമോചനധാരയുടെ മതനിരപേക്ഷ സ്വഭാവം കൂടുതൽ കൂടുതൽ പ്രകടമാവുകയായിരുന്നു, 'വിമോചനം ബുദ്ധനിലൂടെ' എന്ന ദർശനത്തിലൂടെ. ഫാ. സെബാസ്റ്റ്യൻ കാപ്പൻ സുദീർഘമായി 'ബുദ്ധന്റെ സാമൂഹ്യ വിമർശനം' എന്ന തലക്കെട്ടിൽ മതാചാരങ്ങളല്ല, സഹാനുഭൂതിയാണു വേണ്ടതെന്നും, വർണവ്യവസ്ഥയിൽനിന്നു സമത്വത്തിലേക്കുള്ള യാത്ര അനിവാര്യമാണെന്നും, മുഴുവൻ മനുഷ്യവംശത്തിന്റെ ആകെ ഭാവിയെ അന്വേഷണവിധേയമാക്കിയാണീ യാത്ര നടത്തേണ്ടതെന്നും വ്യക്തമാക്കിയിട്ട് ഈ മതനിരപേക്ഷ-മാനവ പരിപ്രേക്ഷ്യം പ്രകാശിപ്പിക്കുന്നു.

ഓറയുടെ ദാർശനിക പരിപ്രേക്ഷ്യത്തിലെ ഘടകങ്ങളായി ഉരുത്തിരിഞ്ഞവയെ നമുക്കിങ്ങനെ ക്രോഡീകരിക്കാം - ദരിദ്രപക്ഷ, വർഗീയ വിരുദ്ധ, ഇടതുപക്ഷ, മതേതര, സ്ത്രീപക്ഷ, പരിസ്ഥിതി സൗഹൃദ (ഹരിത), മനുഷ്യാവകാശ, മതനിരപേക്ഷ പരിപ്രേക്ഷ്യം. ഈ ദർശനം രൂപപ്പെട്ടു വരുന്നതേയുള്ളൂ. ഈ സാഹചര്യത്തിൽ ഞങ്ങൾ ഓറയിലൂടെ വിപുലമായൊരു ചർച്ച സംഘടിപ്പിച്ചു. വിഷയം: 'വിമോചന ദൈവശാസ്ത്രം, ഇന്നലെ-ഇന്ന്-നാളെ.' ആ ചർച്ചയിൽ ധാരാളംപേർ സജീവമായി പങ്കുചേർന്നു. അവരിൽ ശ്രീ. എം ജെ ജോർജ് മൂലേച്ചാലിൽ, എൻ കെ ജോസ്, പ്രൊഫ. പി മീരാക്കുട്ടി, ഗീവർഗീസ് മാർ ഒസ്താത്യോസ് മെത്രാപ്പൊലീത്ത, ജോർജ് ജോസഫ് കോയിക്കര, സി മേഴ്സി കുറ്റിയാനി എം എം എസ്, ഫാ. തോമസ് കോച്ചേരി, റവ. എ ജെ ജോസഫ്, ശ്രീ. ജോസഫ് പുലിക്കുന്നേൽ, സി. ആലിസ്, ജോസഫ് ജെ. കുളിരാനി, കെ ഐ എബ്രഹാം എന്നിവർ നൽകിയ ആശയ സംഭാവന ചെറുതല്ല.

അതുപോലെതന്നെ സ്ത്രീപക്ഷ കാഴ്ചപ്പാടിന്റെ വ്യക്തതയിലേക്ക്, സ്ത്രീകൾ ക്രിസ്തുമത കാഴ്ചപ്പാടിൽ, സ്ത്രീ *ബൈബിളിൽ*, സ്ത്രീയുടെ മനുഷ്യാവകാശം, സ്ത്രീ-പുരുഷ സമത്വം, സ്ത്രീയും മാധ്യമവും തുടങ്ങി നിരവധി സ്ത്രീബന്ധിത വിഷയത്തിൽ ഗൗരവമായ ചർച്ചയ്ക്കും സംവാദത്തിനും ഈ കാലത്തിനുള്ളിൽ *ഓറ* നേതൃത്വം കൊടുത്തു.

അങ്ങനെ വിപുലമായൊരു കാൻവാസിലാണ് *ഓറ* പ്രവർത്തിച്ചുകൊണ്ടിരുന്നത്. ആലപ്പുഴ കേന്ദ്രമാക്കിയാണ് പുറത്തിറങ്ങുക. പഴയ പത്രാധിപ സമിതിയിലുണ്ടായിരുന്ന ആരുംതന്നെ മാസികയുടെ നടത്തിപ്പിൽ വർഷങ്ങളായി ഇടപെട്ടിരുന്നില്ല. ചീഫ് എഡിറ്ററായി ഫാ. ജോസഫ് തോമസിന്റെ പേരിലാണ് മാസിക ഇറങ്ങിക്കൊണ്ടിരിക്കുന്നതെങ്കിലും, അദ്ദേഹം എല്ലാമാസവും മാസിക കാണുന്നതുതന്നെ പോസ്റ്റുവഴി മാസിക അദ്ദേഹത്തിന്റെയടുത്ത് എത്തുമ്പോഴായിരുന്നു. മുഴുവൻ ചുമതലയും എന്റെ ചുമലിലായി. ഞാൻ ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതോ ആലപ്പുഴ ജനജാഗൃതിയിലും. ഈ ഘട്ടത്തിൽ ശ്രീ. എൻ ജി ശാസ്ത്രിയുടെ നേതൃത്വത്തിൽ ജനജാഗൃതി സംഘം എന്റെ സഹായത്തിനെത്തി. അങ്ങനെ 1991 ജൂൺ മുതൽ പ്രായോഗികമായി *ഓറ* ജനജാഗൃതിയുടെ മേൽ നോട്ടത്തിലാണ് പ്രസിദ്ധീകരിച്ചു പുറത്തിറക്കുന്നത്. പഴയ സഹകാരികളായി ഉണ്ടായിരുന്നതു ബിസിനസ് മാനേജരായിരുന്ന അലോഷ്യസ് സാറും പോസ്റ്റിങ്ങിന്റെ ചുമതല ഏറ്റു ചെയ്തിരുന്ന കൊച്ചുമോളുമാണ്. അവർ അവരുടെ ചുമതല അഭംഗുരം നിറവേറ്റിയിരുന്നതിനെ ഏറെ ബഹുമാനപൂർവമാണ് കാണുന്നത്. അലോഷ്യസ് സാർ ഈ ചുമതല 1997 നവംബർ- തന്റെ മരണം വരെ സ്തുത്യർഹമാംവിധം നിറവേറ്റി. കൊച്ചുമോൾ ഇന്നും ആ ചുമതല ഭംഗിയായി നിറ

വേറ്റിക്കൊണ്ടിരിക്കുന്നു. സാവകാശം ജനജാഗൃതിയുടെ അജണ്ടയിൽ ഒരു അവിഭാജ്യഘടകമായി മാറി ഓറയുടെ നടത്തിപ്പ്.

തൊഴിലാളി പ്രസ്ഥാനങ്ങളുടെ ഈറ്റില്ലമായ പുന്നപ്രയാണ് ജനജാഗൃതിയും ഒപ്പം ഓറയും വേരുറപ്പിച്ചിരിക്കുന്നത്. ഓറയുടെ തൊഴിലാളി താൽപ്പര്യം ഞങ്ങളുടെ ഗൗരവമായ ചിന്താവിഷയമായി; അതിന്റെ പിന്നിലെ രാഷ്ട്രീയവും. രാഷ്ട്രീയത്തിന്റെ പരിശുദ്ധിയിലേക്ക് ഞങ്ങളെ പിടിച്ചു നടത്തിയതു പുന്നപ്രയിലും വയലാറിലും പുതിയൊരു ലോകമെന്ന സ്വപ്നമല്ലാതെ മറ്റൊന്നും പ്രതീക്ഷിക്കാതെ ജീവാർപ്പണം ചെയ്ത ആയിരക്കണക്കിനു രക്തസാക്ഷികളും ആ സമരത്തിൽ പങ്കെടുത്തും ഇന്നും ജീവിക്കുന്ന സമരസേനാനികളുമാണ്. 1991 ജൂൺ 15നു പുന്നപ്ര മണ്ണിൽ ജനജാഗൃതി പിറന്നു വീണു.

അതെ, രാജവാഴ്ചയും ദിവാൻ ഭരണവും ഇല്ലാതാക്കി, തിരുവിതാംകൂറിൽ ഉത്തരവാദ ഭരണം സ്ഥാപിക്കുന്നതിനും ഇന്ത്യൻ സ്വാതന്ത്ര്യത്തിനുംവേണ്ടി സുധീരം പോരാടി, മാറിൽ വെടിയുണ്ടകൾ ഏറ്റുവാങ്ങി ചോരയൊഴുക്കി വീരചരമം പ്രാപിച്ച അനശ്വര രക്തസാക്ഷികൾ അന്ത്യവിശ്രമം കൊള്ളുന്ന മണ്ണിൽ, പുന്നപ്രയിലെ പറവൂർ എന്ന സ്ഥലത്താണ് ജനജാഗൃതി സ്ഥാനം ഉറപ്പിച്ചത്; ഒപ്പം *ഓറ*യും. ഈ സമരത്തോടും സ്ഥലത്തോടും ഈ ധീരസമര സേനാനികളോടുമുള്ള *ഓറ*യുടെയും ജനജാഗൃതിയുടെയും ആദരവും കടപ്പാടും എങ്ങനെ പ്രകാശിപ്പിക്കണമെന്നു ഞങ്ങൾ സംഘമായി ചിന്തിച്ചു. അതിന്റെ പരിണിതഫലമാണു 1991 ലെ *ഓറ* ഒക്ടോബർ ലക്കം – 100 പേജു വരുന്ന *പുന്നപ്ര വയലാർ വിശേഷാൽ*പ്പതിപ്പ്. ഓറയുടെ കവർ ചിത്രത്തിലെ വാക്കുകൾ:

'പുളകം കൊള്ളുന്നില്ലേ നിങ്ങൾക്കു സഖാക്കളേ,
ചുടുരക്തത്തിൻ ഗന്ധമാർന്നൊരീമണ്ണിൽ നിൽക്കെ
ഇവിടെപ്പൊരുതിയോരിന്ത്യതൻ പ്രിയ സുതർ
ഇവിടെ മരിച്ചവർ ഭാരത വീരാത്മാക്കൾ
ഇവിടെ കാലം സാക്ഷി നിൽക്കുന്നു, കാറ്റിൻ കേൾപ്പൂ
ഘന സാന്ദ്രമാം മഹാ സംഘ കാഹള ധ്വനി.'

'നവ ലോകത്തിനായി, നല്ലനാളേക്കായ് പ്രാണൻ
വെടിയാൻ കൂട്ടാക്കാത്ത മർത്യർ തൻ മാനസ്തംഭം
ഇവിടെത്തുടങ്ങുക നമ്മൾ, മോചനത്തിന്റെ പുതുനേട്ടങ്ങൾ
കൊയ്യും വിപ്ലവ മുന്നേറ്റങ്ങൾ, ഇടിനാദമായ്
വാനം ഞെട്ടുമാറുയരട്ടെ, ഹൃദയത്തുടിപ്പുകളെന്നപോൽ
പ്രതിജ്ഞകൾ! മരണം തോൽപ്പിക്കാത്തൊരീ
മഹാസ്മരണകൾ.'

'സ്മൃതി മണ്ഡപങ്ങളിലെത്തി നാം
ഓരോ കുമ്പിൾ കുരുതിപ്പൂക്കൾ
കൊണ്ടിന്നിവരെ വന്ദിക്കുക.'

രണ്ടു രീതിയിലാണ് *ഓറ* ഇതിനെ സമീപിച്ചത് ഒന്ന്, പുന്നപ്ര സമര

പോരാളികളുമായുള്ള അഭിമുഖവും കൂടിക്കാഴ്ചകളും. അങ്ങനെ ശ്രീ പുതുപ്പള്ളി രാഘവനുമായി സുദീർഘമായൊരു അഭിമുഖവും സർവശ്രീ എച്ച് കെ ചക്രപാണി, പള്ളിപറമ്പിൽ ജോസഫ്, കൂനാഞ്ഞിലിക്കൽ സുകുമാരൻ, കുടിയാഞ്ചേരി എൽസീന, വെള്ളപ്പിനാട് ഡോമിനിക്, കെ മീനാക്ഷി, കറുകപറമ്പിൽ യോഹന്നാൻ, വാരിയംപറമ്പിൽ കൃഷ്ണൻ, വി കെ കരുണാകരൻ എന്നിവരുമായുള്ള കൂടിക്കാഴ്ച കുറിപ്പുകളുമാണു ആദ്യഭാഗം. രണ്ട്, ഈ സമരത്തിന്റെ കാലിക പ്രസക്തിയെപ്പറ്റി സർവശ്രീ പി ഗോവിന്ദപ്പിള്ള, പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപ്പിള്ള, ഡോ. ധർമ്മ രാജ് അടാട്ട്, പ്രൊഫ. കെ വിജയൻ നായർ, ഫാ. നിക്ളസ് എം, എ. ജയിംസ്, എൻ കെ ജോസ്, അഡ്വ. കെ പി കേശവകാരണവർ എന്നിവരുടെ പ്രതികരണങ്ങൾ ചേർത്തു. ഒപ്പം, ഈ സമരത്തിനു നേതൃത്വം കൊടുത്ത സ. വി എസ് അച്ചുതാനന്ദന്റെയും സ. എം ടി ചന്ദ്രസേനന്റെയും ഈ ഓറ വിശേഷാൽ പതിപ്പിനുള്ള ആശംസകളും ചേർത്തു.

സമരത്തിൽ പങ്കെടുത്ത ധാരാളം സമരസേനാനികൾ ഉള്ളതുകൊണ്ട്, വയലാർ വിശേഷാൽപ്പതിപ്പായി മേയ് ലക്കം ഇറക്കാനും തീരുമാനിച്ചു. സ. ഇ എം എസിന്റെയും ശ്രീ പത്മഭൂഷൻ തകഴി ശിവശങ്കരപ്പിള്ളയുടെയും ആശംസകളോടെയാണ് അതു പ്രസിദ്ധീകരിച്ചത്. സർവശ്രീ കളത്തിൽ പത്മനാഭൻ, കൂമ്പയിൽ കെ കെ വേലായുധൻ, പുതുവൽ നികർത്തിൽ വി കെ തേവൻ, കെ കെ കമലാക്ഷി എന്നിവരുമായുള്ള അഭിമുഖങ്ങളും ശ്രീ പി ടി ഭാസ്കരപ്പണിക്കർ, ശ്രീ ജി സുധാകരൻ എന്നിവരുടെ രാഷ്ട്രീയ വിശകലനവും ചേർത്ത ഈടുറ്റ ലക്കമായിരുന്നു അത്. അങ്ങനെ പുന്നപ്ര-വയലാർ സമരസഖാക്കളുടെ മുൻപിൽ നിരന്തരം ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാണ് *ഓറ* മുന്നോട്ട് നീങ്ങുന്നത്. തുടർന്നും എല്ലാവർഷവും ഓറ ഒക്ടോബർ ലക്കം പുന്നപ്രവയലാർ സമരവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ളതാണ്.

*ഓറ* കൃത്യമായി എല്ലാമാസവും രണ്ടാം തീയതി തന്നെ പോസ്റ്റു ചെയ്തു വായനക്കാരിലേക്ക് എത്തിക്കുന്നെങ്കിലും, അതിന്റെ ഉള്ളടക്കത്തെപ്പറ്റിയും മറ്റും ചിലകോണുകളിൽനിന്നും നിഷേധാത്മക വിമർശനമുണ്ടായി. അങ്ങനെ '*ഓറയുടെ ഭാവി*' എന്ന ഒറ്റ അജണ്ട വച്ചിട്ട്, തിരുവനന്തപുരം രൂപതയിൽനിന്നും ഫാ. ജയിംസ് കുലാസിന്റെ കോ-ഓഡിനേഷനിൽ, അന്തമൺ സരോവരയിൽവച്ചു ഓറയുടെ നടത്തിപ്പിൽ നിർണായകമായ പങ്കുവഹിച്ചിട്ടുള്ള നേതൃത്വത്തെയെല്ലാം ക്ഷണിച്ചുകൊണ്ടുള്ള ഒരു വിലയിരുത്തൽ യോഗം 30.06.1992 ൽ കൂടി. ചർച്ച അർഥവത്താകാൻ ഫാ. ജോസ് ജെ കളീക്കലും ഞാനും ഓറയുടെ കഴിഞ്ഞ പത്തു വർഷത്തെ പരിണാമചരിത്രം ഹ്രസ്വമായി അവതരിപ്പിച്ചിട്ടു ചർച്ച തുടങ്ങി.

ഈ യോഗം വ്യക്തമായും ഓറയുടെ ഒരു വഴിത്തിരിവാകകൊണ്ട്, അതിൽ പങ്കെടുത്തവരുടെ പേരുകൾക്ക് പ്രാധാന്യമുണ്ട്. ജയിംസ് കുലാസ്, എ സോളമൻ, ജോസ് ജെ കളീക്കൽ, ജോസഫ് തോമസ്,

വിൻസന്റ് ബനഡിക്റ്റ്, എൻ തങ്കച്ചൻ ചെമ്പകത്തിനാൽ, പി ആർ രവി, എൻ ജി ശാസ്ത്രി, അലോഷ്യസ് ഡി ഫെർണാണ്ടസ് എന്നിവരാണ് പങ്കെടുത്തുവർ.

ചർച്ച സജീവമായി. ദർശനപരമായ സംവാദമാണവിടെ നടന്നത്. വിമോചന ദൈവശാസ്ത്രത്തിന്റെ ജിഹ്വ എന്നുപറയുന്ന ഓറ അതിന്റെ ലക്ഷ്യം മറന്നുകൊണ്ടു എന്തു കിട്ടിയാലും പ്രസിദ്ധീകരിക്കുന്ന രീതിയായെന്നും, സഭയിൽ നവീകരണം എന്ന ദർശനം ഏതാണ്ടു പാടെ കളഞ്ഞെന്നും ശക്തമായ വിമർശനമുണ്ടായി. കഴിഞ്ഞ രണ്ടുവർഷങ്ങളായി പ്രത്യേകിച്ചു ഓറയിൽ വിമോചന ദൈവശാസ്ത്രം ലുപ്തമാണ്; മത്സ്യമേഖല എതാണ്ടു അന്യം നിന്നപോലെ; ദളിത് മേഖലയ്ക്കു അൽപ്പം ഊന്നൽ. എന്നാൽ വിമോചനധാര നിലനിർത്തുകയാണ് ഓറയുടെ തനിമ. ഈയൊരു ചിന്താധാരയ്ക്കു നേതൃത്വം കൊടുത്തതു ജോസ് കളീക്കലാണ്. രണ്ടുപേർ അതിനു പിൻബലവും കൊടുത്തു. ഈ ധാരയെ ശക്തമായി എതിർത്തുകൊണ്ട് വിമോചനദൈവശാസ്ത്രം ഇന്ത്യൻ പശ്ചാത്തലത്തിൽ എന്തെന്നു വിശദീകരിച്ചുകൊണ്ടാണ് ഞാൻ സംസാരിച്ചത്. ഇന്ത്യൻ സാഹചര്യത്തിൽ വിമോചനധാര നൂറുശതമാനവും മതനിരപേക്ഷം (secular) ആയിരിക്കണം. വ്യവസ്ഥാപിതമതങ്ങൾക്കും വ്യവസ്ഥാപിത ദൈവങ്ങൾക്കും അതീതമായൊരു ദൈവികതയ്ക്കാണ്, മതാത്മകതയ്ക്കാണ് ഊന്നൽ നൽകേണ്ടത്. 'വേദനിക്കുന്ന മനുഷ്യന്റെ മോചനം' അതാണു വിമോചനധാരയുടെ മുഖ്യലക്ഷ്യം. ഇന്ത്യൻ സാഹചര്യത്തിൽ വിമോചനധാര എന്തെന്നു വ്യക്തമാക്കുന്ന പാട്ടാണു യോഗാരംഭത്തിൽ പാടിയ 'വിണ്ടലമാകെ ഇരുളുന്നല്ലോ....' എന്നത്. അതിൽ മനുഷ്യന്റെ വേദന-പീഡനം-അടിച്ചമർത്തൽ, എതിർക്കേണ്ട അധീശചൂഷക ശക്തി, പോരാട്ടം, വർഗീയതയ്ക്കെതിരെ തൊഴിലാളി വർഗത്തിന്റെയും ദരിദ്രജനങ്ങളുടെയും ഒന്നിച്ചുള്ള മുന്നേറ്റം എന്നീ വിമോചന ധാരയുടെ ഘടകങ്ങളെല്ലാം സമന്വയിക്കപ്പെട്ടിരിക്കുന്നു എന്നു ഞാൻ വ്യക്തമാക്കി. ഈ രീതിയിൽ ഓറയുടെ ഇപ്പോഴത്തെ നീക്കം ശരിയായ ദിശയിൽത്തന്നെ എന്ന് ഞാൻ വിശദീകരിച്ചു. ഈ അഭിപ്രായത്തോടു നാലുപേർ അനുകൂലിച്ചും സംസാരിച്ചു. ദർശനപരമായി ഞാൻ പറഞ്ഞതിനോടാണ് മോഡറേറ്റർ ജയിംസ് കുലാസ് അനുകൂലിച്ചതെങ്കിലും അദ്ദേഹം എതാണ്ടൊരു മധ്യവഴിവെട്ടാൻ ശ്രമിച്ചു. അതിനെ ജോസും ഞാനും എതിർത്തു. മുൻതൂക്കം മതനിരപേക്ഷ ദർശനത്തിനായതുകൊണ്ട് ആ രീതിയിൽ മുന്നോട്ടുപോകുവാൻ തീരുമാനിച്ചു. മാത്രമല്ല ജനകീയ ആധ്യാത്മികത, ഭൗമദർശനം, ബദൽ വികസന മാതൃകകൾ, സ്ത്രീപരിപ്രേക്ഷ്യം, ദളിത് മേഖല, മത്സ്യമേഖല എന്നീ ആറു മണ്ഡലങ്ങൾക്ക് ഓറ ഊന്നൽ നൽകണമെന്നും അന്നു ധാരണയായി. അങ്ങനെ മതങ്ങളിലെ വിമോചന ധാരകളോടൊപ്പം മനുഷ്യന്റെ ആനുകാലിക സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക-വിദ്യാഭ്യാസ-സാംസ്കാരിക-സാഹിത്യ-കലാപരമായ മണ്ഡലങ്ങളിലെ വിമോചന ധാരകളി

ലേക്കും ശ്രദ്ധതിരിക്കണമെന്നും എപ്പോഴും എല്ലാ നീക്കങ്ങളും പൂർണ്ണമായും മതനിരപേക്ഷമായിരിക്കണമെന്നും ധാരണയായി. പക്ഷേ, ഓറ വിമോചന ദൈവശാസ്ത്ര ജിഹ്വയായി നിൽക്കണമെന്ന ഇടുങ്ങിയ വാദഗതിക്കാർ പ്രായോഗികമായി, പിന്നെ സഹകരിച്ചിട്ടില്ല. 5.7.1992 ൽ എഫ് ആർ സി എസി ന്റെയും ജനജാഗൃതിയുടെയും സംയുക്തയോഗം ചേർന്ന്, ഓറയുടെ മുഖ്യ ഉത്തരവാദിത്വം എന്നെ ഏൽപ്പിച്ചു. അവിടെ ആറുമാസം കഴിഞ്ഞിട്ടു വിപുലമായൊരു ഓറവായനക്കാരുടെ കൂടിച്ചേരലിൽ വിലയിരുത്തൽ നടക്കണമെന്നു ധാരണയുമുണ്ടായി.

21.3.1993 ൽ വായനക്കാരുടെ സമ്മേളനത്തിൽ 'വായനക്കാർ വേണം, കൊടുക്കാൻ വിഭവം ഉണ്ടാവണം, വിഭവം നന്നാവണം, വിഭവം നന്നാക്കാനുള്ള ചട്ടക്കൂടുവേണം' എന്നു പറഞ്ഞുകൊണ്ട് ശ്രീ. എസ് കെ പാണ്ഡവത്തു വിലയിരുത്തൽ ഉൽഘാടനം ചെയ്തു. ധാരാളം നിർദേശങ്ങൾവന്നു. വളരെ പ്രധാനപ്പെട്ടവ മാത്രം കുറിക്കട്ടെ:

- വായനക്കാരുടെ പ്രതികരണം അനിവാര്യം.
- വർഗീയതയ്ക്കു അനുകൂലമായ ഒരുവാക്കുപോലും ഓറയിൽ വരരുത്.
- മുൻമാസത്തെ ലോകവാർത്താവലോകനം വേണം.
- പുസ്തക പരിചയപ്പെടുത്തൽ പംക്തി ഉണ്ടാകണം.
- ഒരു ജില്ലയിലെ ഒരു സാമൂഹ്യ പ്രശ്നം ഹൈലൈറ്റ് ചെയ്യുക.
- തൊഴിലാളി വർഗതാൽപ്പര്യ സംരക്ഷണ ലേഖനങ്ങൾ ഉണ്ടാകണം.
- പരിസ്ഥിതി, സ്ത്രീ എന്നീവിഷയങ്ങളിൽ എല്ലാമാസവും ഒരു ലേഖനം വീതം ഉണ്ടാകണം.
- കറുപ്പിന്റെ പ്രസക്തിക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള നവോത്ഥാന ലേഖനങ്ങൾ
- 1993 ൽ ഓറ 5000 കടംബങ്ങളിലേക്കു തീവ്രപ്രചരണ പരിപാടിയിലൂടെ
- ഹാസ്യ വിമർശന പംക്തി
- മത്സ്യമേഖലയെ അധികരിച്ച ലേഖനം
- ഭിന്നസ്വരങ്ങളുടെ പ്രകാശനം

ഇവയെ സഗൗരവം എടുത്തുകൊണ്ട് പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ശ്രീ. ശിവരാമൻ ചെറിയനാടിന്റെ ഹാസ്യവിമർശന പംക്തി *സാക്ഷിമൊഴികൾ* എന്ന പേരിലും, പുന്നപ്ര വയലാറുമായി ബന്ധിപ്പിച്ച് *ഭിന്നമുഖങ്ങൾ* എന്ന തുടർ ലേഖനങ്ങൾ ശ്രീ. കെ പി വാസവനും മത്സ്യരോഗത്തെപ്പറ്റി ശ്രീ. വിൻസന്റ് ബനഡിക്റ്റും എഴുതുന്നതിന് വേണ്ട ക്രമീകരണം ചെയ്തു. കറുപ്പിന്റെ പ്രസക്തിയെപ്പറ്റി ഞാൻ പലകുറി എഴുതി. സ്ത്രീ പ്രശ്നത്തെപ്പറ്റി കൊച്ചുമോൾ, മേഴ്സി അലക്സാണ്ടർ, ഏലിയാമ്മ വിജയൻ, നളിനി നായ്ക് തുടങ്ങി അനേകർ സഹകരിച്ചു.

ഡോ. എം പി ജോസഫ് അടിസ്ഥാന ക്രൈസ്റ്റ് സമൂഹത്തെ അധികരിച്ച് എഴുതി. പരിസ്ഥിതിയെപ്പറ്റി ശ്രീ. ജോൺ ഫെർണാണ്ടസും ലേഖനങ്ങൾ എഴുതി. രാഷ്ട്രീയ വിശകലനത്തിനു നേതൃത്വം കൊടുത്തത് സ. പി കെ കരുണാകരനായിരുന്നു. 'വേണ്ടിനി മാരകായുധം വേണ്ടത് പണിയായുധം' എന്ന മുദ്രാവാക്യത്തോടെ 1994 മേയ്ദിന വിശേഷപതിപ്പിൽ സ. ഇ എം എസ്, ഗുരു നിത്യചൈതന്യയതി, ഡോ. സുകുമാർ അഴിക്കോട്, സി പി നാരായണൻ, സി ഭാസ്കരൻ, ഡോ. എൻ വി പി ഉണിത്തിരി, പ്രൊഫ. ഹൃദയകമാരി, സ. പി കെ വാസുദേവൻ നായർ, പ്രൊഫ. എരുമേലി പരമേശ്വരൻപിള്ള തുടങ്ങിയുള്ള പ്രഗത്ഭരാണ് അധ്വാനത്തെപ്പറ്റി ശാസ്ത്രീയമായി എഴുതിയത്. ഇത് ഒരു മുതൽക്കൂട്ടാണ്. അതുപോലെ മാറ്റത്തിന്റെ കാഹളധ്വനിയായിരുന്ന നവോത്ഥാന നായകരായ സ്വാമിവിവേകാനന്ദൻ, ഡോ. അംബേദ്കർ, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ, സി കേശവൻ, നാരായണഗുരു എന്നിവരുടെ മുഖചിത്രത്തോടെ 'കറുപ്പി' ന്റെ പ്രത്യയശാസ്ത്രം വ്യക്തമാക്കിയത് സമ്പന്നമായ നേട്ടമാണ്. അങ്ങനെ *ഓറ* സാവകാശം കൂടുതൽ അർഥ പൂർണമാകുന്നതിൽ സന്തോഷം.

ഓറയുടെ ഉടമസ്ഥത എഫ് ആർ സി എസിനാണെങ്കിലും ഇന്നുവരെ എഫ് ആർ സി എസ് രജിസ്റ്റർ ചെയ്തിട്ടില്ലായിരുന്നു. അതു രജിസ്റ്റർ ചെയ്യണമെന്നുള്ള നിർദേശം ചർച്ചചെയ്തു തീരുമാനം എടുത്തു. ബൈലോയും അംഗീകരിച്ചു. അങ്ങനെ Forum for Renewal and Christian Solidarity" (FRCS) എന്ന സംഘടനയ്ക്കു രൂപംകൊടുത്തു. സർവശ്രീ. എൻ ജി ശാസ്ത്രി പ്രസിഡന്റും അലോഷ്യസ് ഡി ഫെർണാണ്ടസ് സെക്രട്ടറിയും കൊച്ചുമോൾ എം റ്റി ട്രഷററുമായും തെരഞ്ഞെടുക്കപ്പെട്ടു. രജിസ്ട്രേഷൻ നമ്പർ A.19/1994. വിമോചന ദൈവശാസ്ത്രത്തിന്റെ പ്രമുഖവക്താവും യേശുവിന്റെ മാനുഷിക മുഖം വരച്ചുകാട്ടിയ മഹാചിന്തകനും ഓറയുടെ സുഹൃത്തും പ്രചോദകനും വഴികാട്ടിയുമായിരുന്ന ഫാ. സെബാസ്റ്റ്യൻ കാപ്പന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് 1994 ഡിസംബറിൽ *കാപ്പനച്ചൻ സ്മരണാഞ്ജലി* എന്ന *ഓറ* വിശേഷാൽപ്പതിപ്പു പുറത്തിറക്കി. ഡോ. എം എം തോമസ്, പി ഗോവിന്ദപ്പിള്ള, റ്റി വി ജോസഫ്, ഒ വി ഉഷ, സെബാസ്റ്റ്യൻ വട്ടമറ്റം, ജെ കോട്ടുകാപ്പള്ളി, സെബാസ്റ്റ്യൻ പൈനാടത്ത്, സി ജെ അന്നമ്മ, ശോഭാ നാരായണൻ, സോണി താഴത്തേൽ തുടങ്ങി 12 പേരുടെ ലേഖനങ്ങൾ ഈ ലക്കത്തിനു ശാശ്വതമാനം പ്രദാനം ചെയ്തു. അതുപോലതന്നെ പ്രൊഫ. കെ വിജയൻ നായരുടെ *വായനാപർവം* പംക്തി വിജ്ഞാന സമ്പന്നമായിരുന്നു. ബദൽ ആരോഗ്യപോഷണമെന്നനിലയിൽ പ്രൊഫ. കെ കെ ശിവരാമന്റെ *എന്താണു ഹോമിയോപ്പതി* എന്ന പംക്തിയും മണ്ണഞ്ചേരി കെ കരുണാകരന്റെ *കലവറയില്ലാതെ* എന്ന ആത്മകഥാകഥനവും പംക്തിയായി പ്രസിദ്ധീകരിച്ചതു ഗുണപ്രദമായി.

ഓറയുടെ പരിണാമ ദിശയിൽ രണ്ടാം ഘട്ടംതൊട്ട് സജീവ സാന്നിധ്യവും എഫ് ആർ സി എസി ന്റെ പ്രസിഡന്റുമായിരുന്നു ഫാ. എ സോളമൻ. 'ഓറയുടെ ചൈതന്യമായിരുന്നു സോളമനച്ചൻ. പൗരോഹിത്യം അദ്ദേഹത്തിനു അത്യുന്നത പദവികൾ വാഗ്ദാനം ചെയ്തു. എന്നാൽ ഇതു ജനതയിൽ നിന്നകറ്റുന്നു എന്നു ബോധ്യമായപ്പോൾ അദ്ദേഹം ജനമധ്യത്തിലേക്കിറങ്ങി. അവരുടെ സ്വപ്നങ്ങളും വിയർപ്പുതുള്ളികളും ഏറ്റെടുത്ത് അവരോടൊപ്പം നടന്നു നീങ്ങി. ആ മഹാനുഭാവൻ ഇന്നു നമ്മോടൊപ്പമില്ല. 1995 ജൂലൈ നാലിനു മരണമടഞ്ഞു. ആ സ്മരണയിൽ *ഓറ പ്രത്യേക പതിപ്പ്* ഞങ്ങൾ പുറത്തിറക്കുന്നു. - *ഓറ* 1995 ആഗസ്റ്റുലക്കത്തിന്റെ തുടക്കമാണിത്. 'സോളമനച്ചനെ ഓർക്കുമ്പോൾ' എന്ന മുഖ്യതലക്കെട്ടിൽ ഫാ. ജേക്കബ് തച്ചറാട്ടിൽ ഫാ. എം നിക്ളസ്, ഡോ. എം എം തോമസ്, ഡോ. ഡി സഞ്ജീവഘോഷ്, ഫാ. ജോസ് ജെ കളീക്കൽ, റവ. എം ജെ ജോസഫ്, പി കെ ബാലചന്ദ്രൻ, വി വി ജോസഫ്, ശ്യാമള, ശോശ ജോർജ്, ഈ ജി പീറ്റർ, സിസ്റ്റർ ഫിലിമിൻ മേരി, ബേബി മേഴ്സി, ക്രൂസ് ജെ, വിൻസന്റ് ബനഡിക്റ്റ്, എ ബേബി, എൻ ജി ശാസ്ത്രി എന്നിവർ ഹൃദയനിർഭരമായി എഴുതിയതു ധന്യമായ അനുഭവമായി. അതുപോലെ സോളമൻ സുഹൃത്തുക്കളിലൂടെ എന്നു പൊതു തലക്കെട്ടിൽ വിൻസെന്റ് കൊഴുവനാൽ, ത്രേസ്യാമ്മ ലൂക്ക്, എ ഷാഹുൽ ഹമീദ്, സിസ്റ്റർ റോസ് വൈപ്പന, അലോഷ്യസ് നാന്തിരിക്കൽ, ഇസബെല്ല യേശുദാസ്, ടി ലീലാമ്മ, ഗ്രേസിക്കുട്ടി വൈ, പി വി സ്റ്റാൻസി, ജോസഫ് കെന്നഡി, റോസിലിൻ, വത്സലാംബിക എ, ആർ ഐഷ, ഇന്ദു, ജോൺ പി കടമ്പനാട്, റോബർട്ട് ബഞ്ചമിൻ, മേരി നിർമല, ആഗ്നസ് ക്ലീറ്റസ്, വിൻസന്റ് മച്ചാഡോ, ഇ ഷീല, സി ജെ അന്നമ്മ, ഒ പി അനിൽകുമാർ, കൊച്ചുമോൾ എം റ്റി, സിക്സ്റ്റസ് പി സി എ ബഞ്ചമിൻ, പി ജി പത്രോസ്, ജോണി എഫ്, പി ഗോവിന്ദപ്പിള്ള, പിന്നെ ഞാനും ഞങ്ങളുടെ ഹൃദയവികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ടെഴുതി. ചുരുക്കത്തിൽ വളരെ അർഥസമ്പുഷ്ടമായൊരു സ്മരണികയാണ് സോളമനച്ചനായി ഓറ കഴ്ചവച്ചത്. എല്ലാ വർഷവും ജൂലൈ മാസം സോളമനച്ചന്റെ അനുസ്മരണം സമുചിതമായി ആഘോഷിക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ടവ ഓറയിൽ പ്രതിഫലിപ്പിച്ചുകൊണ്ടു സോളമനച്ചനോടുള്ള ഓറയുടെ കടപ്പാടു പ്രകടമാക്കുന്നുമുണ്ട്.

ആലപ്പുഴയുടെ രാഷ്ട്രീയരംഗത്ത്, പ്രത്യേകിച്ചു കയർ ഫാക്ടറിത്തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയും മധ്യത്തിൽ നിറഞ്ഞുനിന്ന ജനകീയ നേതാവായിരുന്നു സൈമണാശാൻ. അദ്ദേഹത്തെ മുഖ്യധാരാരാഷ്ട്രീയം, പല നിക്ഷിപ്ത താൽപ്പര്യങ്ങൾ കൊണ്ടെന്നുവേണം പറയാൻ, തമസ്കരിച്ചിരുന്നു. അദ്ദേഹം മരിച്ചിട്ടു ഡിസംബർ 1995 ൽ 10 വർഷമാകുകയാണ്. അദ്ദേഹത്തെ ഉയർത്തിക്കാട്ടുക തൊഴിലാളിവർഗത്തിന്റെ ഉയർത്തെഴുന്നേൽപ്പിന്റെ ഭാഗമാണ്. ആ ദൗത്യ

നിർവഹണത്തിൽ ഓറയുടെ പങ്കെന്ന രീതിയിൽ സൈമണാശാൻ വിശേഷാൽ പതിപ്പായി ഡിസംബർ ലക്കം ഇറക്കി. നല്ല സ്വീകരണമാണു കിട്ടിയത്.

ആഴക്കടൽ മത്സ്യബന്ധനത്തിൽ വൈദേശിക ഇടപെടലും ആഗോളവൽക്കരണവും കാതലായി ബാധിക്കുന്നതുകണ്ടു മനംനൊന്താണ് 1996 ജനുവരിലക്കം 'നമ്മുടെ കടൽ വിദേശകുത്തകകൾക്ക് അടിയറവയ്ക്കുന്നതിനെതിരെ' എന്ന മുദ്രാവാക്യത്തോടെ മത്സ്യമേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടും മത്സ്യത്തൊഴിലാളി സമരത്തിനുപിൻബലം നൽകിക്കൊണ്ടും വിശേഷാൽപ്പതിപ്പ് പുറത്തിറക്കിയത്. മാർച്ചുമാസത്തെ പതിപ്പു സ്ത്രീപതിപ്പായും മേയ്മാസത്തേത് തൊഴിലാളിപതിപ്പായും പുറത്തിറക്കി. 1996 ഒക്ടോബർ പുന്നപ്രവയലാറിന്റെ 50-ാം വർഷം സ. ഇ എം എസ്, പുതുശ്ശേരി രാമചന്ദ്രൻ, കെ കേശവൻ പോറ്റി, കെ പി വാസവൻ, കെ എസ് ബെൻ, പി ജി പുരുഷോത്തമൻപിള്ള എക്സ് എം എൽ എ, ഹരിഹരൻ പൂഞ്ഞാർ, കെ പി പ്രകാശം, മാവേലിക്കര വാസുദേവൻ, കെ തേവൻ വയലാർ, എം റ്റി ചന്ദ്രസേനൻ, സിക്സ്റ്റസ് പി സി, പുതുപ്പള്ളി രാഘവൻ തുടങ്ങിയ പ്രമുഖരെ നിരത്തിയാണ് പുന്നപ്ര വയലാർ അമ്പതാംവർഷം വിശേഷാൽപതിപ്പു പ്രകാശനം ചെയ്തത്. 1997 സെപ്റ്റംബർ 5 ന് മദർ തെരേസ മരണമടഞ്ഞു. വളരെ അർഥവത്തായി ഓറയുടെ ഒക്ടോബർ ലക്കം പുന്നപ്ര-വയലാർ സഖാക്കളെയും മദർതെരേസയെയും ഒന്നിപ്പിച്ചുകൊണ്ട് എങ്ങനെ സമരത്തെയും സേവനത്തെയും സമന്വയിപ്പിക്കാമെന്നുള്ള വിചിന്തനങ്ങൾ ജനശ്രദ്ധപിടിച്ചുപറ്റി.

1997 നവംബർ ഏഴിനു കഴിഞ്ഞ പത്തുവർഷങ്ങളായി ഓറയുടെ ബിസിനസ് മാനേജരായി പ്രശസ്ത സേവനം ചെയ്ത നാന്തിരിക്കൻ അലോഷ്യസ് സാർ മരിച്ചതിലുള്ള ഓറയുടെ ബാഷ്പാഞ്ജലികൾ അർപ്പിച്ചു. തുടർന്ന് എല്ലാവർഷവും നടക്കുന്ന അദ്ദേഹത്തിന്റെ അനുസ്മരണത്തിനു ഓറയിൽ ഒരിടം ഉണ്ട്. 1998 മാർച്ചിലെ സ്ത്രീദിനപതിപ്പിന് അഡ്വ. പി വി വിജയമ്മ, പ്രൊഫ. എം ഡി രത്നമ്മ, കൊച്ചുമോൾ എം ടി, സിസ്റ്റർ ക്ലയർ മുതുകാട്ടിൽ, റവ. എം ജെ ജോസഫ്, ആലീസ് ബേബി, പ്രൊഫ. പി മീരാക്കുട്ടി, എ കെ എ റഹ്മാൻ, അഡ്വ. കെ അച്യുതവാരിയർ, സിസ്റ്റർ മേഴ്സി കുട്ടിയാനി, മഞ്ജുള കൊല്ലം, പിന്നെ ഞാനും-തുടങ്ങിയവരുടെ സംഭാവന ശ്രദ്ധേയമായി. 'സ്ത്രീദിന വിശേഷം' എന്നതലക്കെട്ടിൽ സി പി സുധാകരന്റെ 19 കുറിപ്പുകൾ സ്ത്രീദിനപതിപ്പിന്റെ മുഖം വർണാഭമാക്കി.

1998 മാർച്ച് 19 ഉം മാർച്ച് 24 ഉം ഓറപ്രവർത്തകരായ ഞങ്ങളെ അക്ഷരാർഥത്തിൽ കണ്ണീരിലാഴ്ത്തി. ലോകംകണ്ട രണ്ട് അതുല്യ പ്രതിഭകളാണ് മാർച്ചുമാസത്തിൽ നഷ്ടമായത്-സ. ഇ എം എസും ബിഷപ്പു പൗലോസ് മാർ പൗലോസും. ഒരാൾ മാർക്സിസത്തിൽ അവഗാഹം നേടിയ പ്രായോഗിക കമ്യൂണിസ്റ്റാചാര്യൻ, അപരനോ ദൈവശാസ്ത്ര പാരംഗതനായ പുരോഹിത ശ്രേഷ്ഠൻ. മർദിതർക്കും പീഡിതർക്കും ആദ

രണീയരാണവർ. രണ്ടുപേരും ആശയപരമായും വ്യക്തിപരമായും വളരെ അടുത്തബന്ധം പുലർത്തിയിരുന്നവർ. രണ്ടുപേരും ഓറയുടെ ഉറ്റ സുഹൃത്തുക്കളും മാർഗദർശികളും ഗുരുക്കന്മാരും. ഓറയുടെ ഏപ്രിൽ ലക്കം അവർക്കായാണ് സമർപ്പിച്ചത്.

## (d) ഓറ നാലാംഘട്ടം:

ഓറയുടെ 16-ാം ജന്മദിനം ജൂൺ 1998. കഴിഞ്ഞ 12 വർഷങ്ങളായി ഓറയുടെ ചീഫ് എഡിറ്ററായിരുന്ന ഫാ. ജോസഫ് തോമസ് ആ പദവിയിൽനിന്നും വിരമിക്കുന്നു എന്നു പറഞ്ഞുകൊണ്ടു 21.4.98 ൽ തന്റെ രാജിക്കത്തു നൽകി. എഫ് ആർ സി എസും, ഓറയും അദ്ദേഹത്തിന്റെ വിശിഷ്ട സേവനത്തിനുള്ള നന്ദിയും കടപ്പാടും ഊന്നിപ്പറഞ്ഞുകൊണ്ട് 20.05.1998 ൽ രാജി സ്വീകരിച്ചു. തുടർന്നു അനുഭവസമ്പന്നനായ അധ്യാപകനും യൂണിയൻ നേതാവും സാമൂഹ്യ പ്രവർത്തകനും വാഗ്മിയുമായ ശ്രീ. എൻ ജി ശാസ്ത്രിയെ ചീഫ് എഡിറ്ററായും ശ്രീ. സി പി സുധാകരനെ ജനറൽ എഡിറ്ററായും എന്നെ മാനേജിങ് എഡിറ്ററായും നിയോഗിച്ചിട്ടു പുതിയ പത്രാധിപസമിതിക്കു രൂപംകൊടുത്തു. ഫാ. ജോസഫ് തോമസിനുപ്പകരം എഫ് ആർ സി എസിലേക്കു ശ്രീ. ഒ പി പ്രസന്നകുമാറിനെയും തിരഞ്ഞെടുത്തു. വ്യക്തമായും ഓറയുടെ ഒരു പുതിയ ഘട്ടമായിരുന്നു അത്. ഓറയുടെ മതേതര ദർശനത്തിനു പൂർണമായ അർഥം പേരിലും ദർശിക്കണമെന്ന വ്യക്തതയിൽ ഫോറം ഫോർ റിന്യൂയൽ ആന്റ് ക്രിസ്റ്റ്യൻ സോളിഡാരിറ്റിയെ 'ഫോറം ഫോർ റിന്യൂയൽ ആന്റ് കമ്യൂണിറ്റി സോളിഡാരിറ്റി' എന്നാക്കി. അങ്ങനെ ക്രിസ്ത്യൻ എന്ന പദം തന്നെ എടുത്തുമാറ്റാനുള്ള നടപടികൾ 6.12.1998 ൽ സ്വീകരിച്ചു. തുടർച്ചയായി യോഗത്തിൽ പങ്കെടുക്കാത്ത സർവശ്രീ വിൻസന്റ് ബനഡിക്റ്റിനെയും, പി ആർ രവിയെയും മാറ്റിയിട്ടു സർവശ്രീ പി സി സിക്സ്റ്റസിനെയും ശോഭനാഭാസ്കരനെയും എഫ് ആർ സി എസിലേക്കു സ്വീകരിച്ചു. അങ്ങനെ സ്ഥാപനപരമായിത്തന്നെ ഓറയിൽ ഗൗരവതരമായൊരു അഴിച്ചുപണിയുണ്ടായി.

ഓറയുടെ ദർശനപരമായ പരിണാമത്തിലും ചില പ്രത്യേക ഊന്നലുകൾ ഈ ഘട്ടത്തിൽ ഉണ്ടായി. മതനിരപേക്ഷത ഓറയുടെ ജീവനാഡിയായിമാറി. 'മണ്ണ് ഇച്ചീച്ചി, മണ്ണിൽ പണിയുന്ന മനുഷ്യരും' എന്ന 'വെളുത്ത'വന്റെ ധിക്കാരത്തെ ഓറ സർവശക്തിയോടും എതിർത്തുകൊണ്ട് 'കറുപ്പി'ന്റെ പക്ഷം പിടിച്ചു. കറുപ്പ് ഉയർപ്പിന്റെ പ്രതീകമെന്നും ആരാധന ജനത്തിന്റെ ആഘോഷമാണെന്നും ഓറ പ്രഖ്യാപിച്ചു. എല്ലാവിധമായ അന്ധവിശ്വാസത്തിനും ഉച്ചനീചത്വത്തിനും എതിരെ വിരൽചൂണ്ടി. ഇവിടെ രാഷ്ട്രീയ നിഷ്പക്ഷത ആത്മഹത്യാപരമെന്ന് ഉറക്കെപ്പറഞ്ഞു. ആദിവാസിയുടെ, മനുഷ്യ ജനതയുടെ, ഭൂമിയിന്മേലുള്ള അവകാശം എടുത്തുകാട്ടിക്കൊണ്ടു 'നാഗാലാന്റ് ഗോത്രങ്ങളുടെ കഥയും വ്യഥയും' എന്നൊരു പംക്തി തന്നെ ശ്രീ. ഇ എം ജോസിനെക്കൊണ്ട്

ഓറ പുറത്തിറക്കി; ഒപ്പം അവരുടെ സമരകഥകളും. പൂക്കളെയും പൂമ്പാറ്റകളെയും പ്രകൃതിയെയും കണ്ടറിഞ്ഞു ഓടിച്ചാടിക്കളിക്കേണ്ട ബാല ഓമനകളെ ഓറ നെഞ്ചേറ്റി. 'കായൽ തീരത്തെ അശാന്തി'എടുത്തുകാട്ടികൊണ്ടു ജെ ജയയുടെ മത്സ്യത്തൊഴിലാളികളുടെ തുടർക്കഥ വിജ്ഞാനപ്രദവും ഹൃദയസ്പർശിയുമായി.

ഓറയുടെ നിലപാടിനെപ്പറ്റി സുദീർഘമായ ചർച്ചയുടെയും വിചിന്തനത്തിന്റെയും സമാപനമായി ഞങ്ങൾ കരങ്ങളുയർത്തി പ്രതിജ്ഞ എടുത്തു. അത് ഇപ്രകാരമാണ്:

'നമ്മെ ജീവിപ്പിച്ചു വളർത്തുന്ന ജീവനെ ഞങ്ങൾ സംരക്ഷിക്കും;
ഈ മണ്ണിന്റെ ഉർവരത ഞങ്ങൾ സംരക്ഷിക്കും;
ഈ വെള്ളത്തിന്റെ ശുദ്ധി ഞങ്ങൾ സംരക്ഷിക്കും;
ഈ കാടിന്റെ വൈവിധ്യം ഞങ്ങൾ സംരക്ഷിക്കും;
ഈ സ്ത്രീത്വത്തിന്റെ തനിമ ഞങ്ങൾ സംരക്ഷിക്കും;
ഈ അടിസ്ഥാന ജനത്തിന്റെ കരുത്ത് ഞങ്ങൾ സംരക്ഷിക്കും.
ഈ ദീപം ഏറ്റുവാങ്ങി പൊലിയാതെ ഞങ്ങൾ സംരക്ഷിക്കും'

ഇതൊരു തീർപ്പായിരുന്നു- ഞങ്ങളുടെ ധർമത്തെപ്പറ്റിയും ഉത്തരവാദിത്വത്തെപ്പറ്റിയുമുള്ള അവബോധത്തിൽ നിന്നുരുത്തിരിയുന്ന തീർപ്പ്. ചുരുക്കത്തിൽ നീതിക്കുവേണ്ടി ശബ്ദമുയർത്തുന്ന, സാമൂഹ്യ-രാഷ്ട്രീയ-മത നേതൃത്വത്തെ ശക്തിയുക്തം വിമർശിക്കുകയും എതിർക്കുകയും ധിക്കരിക്കുകയും ചെയ്യുന്ന, അതേസമയം ദരിദ്രരെയും ദുഃഖിതരെയും ചൂഷിതരെയും സ്ത്രീകളെയും കുഞ്ഞുങ്ങളെയും ഉള്ളഴിഞ്ഞു സ്നേഹിക്കുകയും അവരുടെ ശബ്ദമായി മാറുകയും ചെയ്യുന്ന ഓറയുടെ വർഗപക്ഷക്കൂട്ടുചേരൽ സുദൃഢമാക്കിയ തീർപ്പ്. ഖുർആന്റെ ഭാഷ്യത്തിൽ 'നിന്റെ നെറ്റിത്തടത്തിലെ വിയർപ്പിന്റെ ഫലമായി നീ നേടിയ ആഹാരം കഴിക്കുന്നതിനു മുൻപ് വലതുവശത്തുള്ള 40 വീടുകളും ഇടതുവശത്തുള്ള 40 വീടുകളും കേൾക്കെ വിളിച്ചു ചോദിക്കുക ഒരു വയർ വിശന്നിരിക്കുന്നവരുണ്ടോ എന്ന്. അങ്ങനെയുണ്ടെങ്കിൽ അവനാഹാരം കൊടുക്കാതെ നീ കഴിക്കുന്നതു പാപമാണ്' (ഓറ 1998 സെപ്റ്റംബർ Vol. 16, No. 4 P.11) എന്നു പറയുന്നുണ്ട്. അങ്ങനെ തീർത്തും ജനബന്ധിതവും രാഷ്ട്രീയവുമായ ഒരു തീർപ്പാണു ഓറവിഭാവനം ചെയ്തു നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഈ രാഷ്ട്രീയ നിലപാടിന്റെ പ്രകാശനമായാണ് ശ്രീ ചുനക്കര ജനാർദനൻ നായരുടെ 'ശകലം കുശലം' എന്ന രാഷ്ട്രീയ പംക്തി ഓറ വരവേറ്റത്. അതായത് ബഹുഭൂരിപക്ഷം വരുന്ന സാമാന്യ ജനതയ്ക്കു സാമൂഹ്യമായ അംഗീകാരവും സാമ്പത്തികമായ സുരക്ഷിതത്വവും രാഷ്ട്രീയമായ സ്വാതന്ത്ര്യവും ഭരണപരമായ അധികാരവും കൈവരുത്താനുള്ള ഒരു സമര പ്രക്രിയയ്ക്കു ഊഴിയം (പ്രതിഫലമില്ലാതെ അദ്ധ്വാനം) ചെയ്യുകയാണ് ഓറ ചെയ്തുവരുന്നത്. ഇവിടെ ഓറയുടെ ദർശന വ്യാപ്തിയിൽ ജനാധിപത്യത്തിന്റെ അമൂല്യമായ വശത്തിലേക്കും ഞങ്ങളുടെ ശ്രദ്ധതിരിഞ്ഞു. ഈ ജനാധിപത്യ പ്രക്രിയ

യിൽ മത്സ്യത്തൊഴിലാളികളുടെ നിർണായകമായപങ്ക് എടുത്തുകാട്ടിക്കൊണ്ടുള്ളതായിരുന്നു കേരള മുഖ്യമന്ത്രിയായിരുന്ന സ. ഇ കെ നായനാർ, പ്രതിപക്ഷ നേതാവ് എ കെ ആന്റണി, ഫിഷറീസ് മന്ത്രി സ. ടി കെ രാമകൃഷ്ണൻ, ഇടതുപക്ഷ-ജനാധിപത്യ മുന്നണി കേരള സംസ്ഥാന കമ്മറ്റി കൺവീനർ സ. വി എസ് അച്ചുതാനന്ദൻ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രപ്പോലീത്ത എന്നിവരുടെ ആശംസകളോടെ 1998 നവംബറിൽ 88 പേജുള്ള മത്സ്യത്തൊഴിലാളിദിനം വിശേഷാൽപ്പതിപ്പ് (ഓറ വാല്യം 16, ലക്കം 6). വളരെ ശ്രദ്ധ പിടിച്ചുപറ്റിയ ലക്കമായിരുന്നു അത്. മതേതരവും മതനിരപേക്ഷവുമായ ആത്മീയത കേരള നവോത്ഥാനത്തിനു അടിത്തറയായിരിക്കണമെന്നും ഓറ പ്രഖ്യാപിച്ചു. ആ ചിന്തയ്ക്കു ശക്തി പകരുന്നവരായി ഡോ. എൻ എ കരീം, പി ഗോവിന്ദപ്പിള്ള, പ്രൊഫ. തിരുനെല്ലൂർ കരുണാകരൻ, റവ. എം ജെ ജോസഫ്, പ്രൊഫ. നൈനാൻ കോശി, പ്രൊഫ. എം കെ സാനു, ഡോ. സുകുമാർ അഴീക്കോട് തുടങ്ങിയവർ *ഓറ*യിലൂടെ പ്രതികരിച്ചു.

ഓറയുടെ നിലപാടുവ്യക്തമാക്കുന്ന ഒരു കഥ (വാല്യം 16 ലക്കം 8, ജനുവരി 1999, പേജ് 35) ഇവിടെ കുറിക്കട്ടെ "ഞങ്ങൾ ആഫ്രിക്കയിലെ കാപ്പിരികൾ. അവരോ വെള്ളക്കാർ. അവർ ഞങ്ങളുടെ രാജ്യത്തുവന്നു, ബൈബിളും കക്ഷത്തുവച്ചുകൊണ്ട്. അവർ ഞങ്ങളോടു പറഞ്ഞു: കണ്ണടച്ചിരുന്ന് പാട്ടുപാടി പ്രാർഥിക്കുക' അവർ വെള്ളക്കാരല്ലേ അവർ വല്യവർ. അവർ പറഞ്ഞതുപോലെ തന്നെ ഞങ്ങൾ ചെയ്തു. പിന്നെ അവർ പറഞ്ഞു; 'കണ്ണുതുറക്കുക' ഞങ്ങൾ കണ്ണു തുറന്നു. കണ്ടകാഴ്ച ഇതാണ്. അവരുടെ കക്ഷത്തിലിരുന്ന *ബൈബിൾ* ഞങ്ങളുടെ കൈയിൽ; ഞങ്ങളുടെ സ്വന്തമായിരുന്ന ഭൂമിയും അതിലെ വിഭവങ്ങളും അവരുടെ കൈയിലും!" ഈ അവസ്ഥയിലാണ് ഓറ മർദിത ജനതയുടെ പക്ഷം പിടിച്ചുകൊണ്ടു നീങ്ങുന്നത്. ഈ *ബൈബിളാ*ണ് പൊയ്കയിൽ യോഹന്നാൻ ഉപദേശി തന്റെ അനുയായികളോടൊപ്പം തീയിലേയ്ക്കു വലിച്ചെറിഞ്ഞു ചുട്ടുചാമ്പലാക്കിയത്. അതേ, ജീവനും ഭൂമിക്കും വേണ്ടിയുള്ള ജനത്തിന്റെ സമരത്തിൽ *ഓറ* പങ്കുചേരുന്നു. വിശ്വാസത്തിന്റെ മതേതര വിപ്ലവമാനമാണ് *ഓറ* എടുത്തുകാട്ടുന്നത്. ശ്രീ. എൻ ജി ശാസ്ത്രി സാറിന്റെ സാരഥ്യം സാഹിത്യത്തിലെ വിമോചന ധാരയിലേക്കും *ഓറ*യെ പടിപടിയായി നയിച്ചു. അതുപോലെ ലൈംഗികതയും സ്ത്രൈണഭാവവും വിൽപ്പനച്ചരക്കായിത്തീർന്നിരിക്കുന്ന ഇന്ന് സ്ത്രീപ്രശ്നം വെറുമൊരു ലിംഗ പ്രശ്നമല്ല, സാമൂഹ്യവും രാഷ്ട്രീയവുമായ ഒരു പ്രശ്നമാണെന്ന ഉത്തമ ബോധ്യത്തിൽ സ്ത്രീത്വത്തെ ഉൾക്കൊണ്ട് അംഗീകരിക്കുന്ന ഒരു മാനവസംസ്കാരത്തെയാണ് *ഓറ* ഉയർത്തികാട്ടുന്നത്. ഈ കാഴ്ചപാടിന്റെ അടിസ്ഥാനത്തിലാണ് 'ജീവന്റെ സംരക്ഷണം' എന്ന പ്രധാന തലകെട്ടിൽ ഓറ 1999 മാർച്ച് ലക്കം സ്ത്രീദിന വിശേഷാൽപ്പ

തിപ്പായിട്ടു പുറത്തിറക്കിയത്. ഈടുറ്റ 11 ലേഖനങ്ങൾ ഈ ലക്കത്തെ സമ്പന്നമാക്കി. അതെ, ഓറ എന്നും സ്ത്രീയോടൊപ്പം.

1999 മാർച്ച് 14. കടലിൽ മീൻ പിടിക്കാൻ പോയ ഈ ജി പീറ്റർ കടലിന്റെ താളമായി മാറിയ ദിനം. ജനജാഗൃതിയുടെയും ഓറയുടെയും ഉറ്റസുഹൃത്ത്. തന്റെ വിപുലമായ ജീവിതാനുഭവം പങ്കുവയ്ക്കാൻ അദ്ദേഹം ഉപയോഗിച്ച മാധ്യമം പ്രസംഗങ്ങൾ, ലേഖനങ്ങൾ, കവിതകൾ, ഗാനങ്ങൾ എന്നിവയായിരുന്നു. ശ്രദ്ധേയമായതു തന്റെ 'മീൻമണക്കുന്ന' ഗാനങ്ങൾ തന്നെയാണ്. അദ്ദേഹത്തിന്റെ ഒരുപറ്റം ഗാനങ്ങൾക്ക് ഈണം നൽകിയാണ് 'മീൻതോണി' എന്ന കാസറ്റ് പുറത്തിറക്കിയത്. ഇതിൽ ഞങ്ങൾക്കു ചാരിതാർഥ്യമുണ്ട്. പീറ്റർ ചേട്ടന്റെ മരണം ഓറയ്ക്ക് വലിയ നഷ്ടമാണ്. അദ്ദേഹത്തെ ഞങ്ങൾ എല്ലാവർഷവും സ്ത്രീദിനാഘോഷവുമായി ബന്ധിപ്പിച്ചു അനുസ്മരിക്കുന്നതിൽ അഭിമാനിക്കുന്നു. ഫാ. ജേക്കബ് തച്ചറാട്ടിൽ ഇ ജി പീറ്ററിനെപ്പറ്റി ഓറയിൽ ഇങ്ങനെ എഴുതി, "ഇ ജി പീറ്റർ അനുസ്മരണമോ? എന്താ ഇത്? ഞാനൊന്നുമറിഞ്ഞില്ലല്ലോ. നെഞ്ചിൽ തീയുണ്ടായിരുന്ന ആ സുഹൃത്തോ? തിരുവനന്തപുരത്ത് എന്നോടൊപ്പം നിരാഹാരത്തിന് കൂട്ടിരുന്ന ആ വലിയ മനുഷ്യനോ? ഇന്നില്ലെന്നോ? ഓ, വലിയ പ്രയാസം തോന്നുന്നു. വയ്യ വയ്യ. ഒപ്പം നിന്നവരും ഒരുമിച്ചു നടന്നവരും നമ്മെ ഒറ്റയ്ക്കാക്കി പോകുകയാണ്" (വാല്യം 16, ലക്കം 11 എപ്രിൽ 1999 പേജ് 25). മരിക്കുന്നതിന് ഒന്നരമാസം മുൻപ്, കൃത്യമായി പറഞ്ഞാൽ 1999 ജനുവരി 26 ൽ, ഓറ വായനക്കാരുടെ കൂടിച്ചേരലിൽ പീറ്റർ ചേട്ടൻ തന്റെ സ്വതസിദ്ധമായ ഭാഷയിലും ഈണത്തിലും ഓറയ്ക്കു അഭിവാദ്യം അർപ്പിച്ചത് ഇങ്ങനെയാണ്:

"ചരിത്രം കുറിച്ചിട്ട പുന്നപ്ര മണ്ണിലാസ്ഥാന-
മുറപ്പിച്ച ഓറയ്ക്കഭിവാദ്യം
വിമോചനദൈവശാസ്ത്രത്തിന്റെ ജിഹ്വയായ്
മതാന്ധതയ്ക്കെന്നും വെളിച്ചം വിതറുന്നു
മാധ്യമമേറെയും കൈയൊഴിഞ്ഞീടുന്ന
മത്സ്യത്തിൻ മേഖലയ്ക്കെന്നും നീ താങ്ങാണ്.
നീതിക്കുവേണ്ടീട്ടുഴലും ജനതയുടെ
നാവായ് താങ്ങായിട്ടെന്നും നീ നിൽക്കുന്നു.
ജനങ്ങളിൽ ജാഗ്രത കാംക്ഷിക്കുന്നോർക്ക്
സഹജീവിയായ് പുലരുന്ന ഓറയ്ക്ക്
പുതുവത്സരത്തിന്റെ പുതുപൂക്കൾ വിരിയട്ടെ
നേരുന്നു നേരുന്നിതായിരം മംഗളം."

ഓറയും പീറ്റർ ചേട്ടനും തമ്മിലുള്ള ഹൃദയബന്ധം ഒന്നു വേറിട്ടതായിരുന്നു. ഓറയുടെ വളർച്ചയിൽ അദ്ദേഹം വഹിച്ച നിസ്തുലമായ പങ്കിനു നന്ദിയുടെ പൂച്ചെണ്ടുകൾ.

ഓറ സഗൗരവം കാൽവച്ച മറ്റൊരു മേഖലയാണ് വിദ്യാഭ്യാസം. മത മേലധ്യക്ഷന്മാരുടെ ദലിത് ക്രിസ്ത്യാനികളോടുള്ള ഇരട്ടത്താപ്പു നയം വ്യക്തമാക്കി. അവരുടെ ഉന്നമനത്തിനായി മുറവിളികൂട്ടുന്ന സഭാ മേലധ്യക്ഷന്മാർ ദലിതന് അവകാശപ്പെട്ട സംവരണം അവരുടെ സ്ഥാപനങ്ങളിൽ നൽകുന്നില്ല. ഇങ്ങനെ മുറവിളിക്കാതെ, അവരുടെ സ്ഥാപനങ്ങളിൽ (സ്കൂൾ, കോളേജുകൾ, ടെക്നിക്കൽ സ്കൂളുകൾ തുടങ്ങിയവ) സൗജന്യമായി പഠിപ്പിക്കുകയും ജയിച്ചുവരുമ്പോൾ ജോലിനൽകുകയും ചെയ്താൽ തന്നെ ദലിത് പ്രശ്നം ഒത്തിരി പരിഹരിക്കില്ലേ എന്ന് ഓറ ഉറക്കെ ചോദിച്ചു. വിദ്യാഭ്യാസ മേഖലയിൽ ആകെക്കൂടെ അഴിച്ചുപണിയും പരിഷ്കരണവും പുതിയ പാഠ്യപദ്ധതിയും വിദ്യാർഥി കേന്ദ്രീകൃത പരിപ്രേക്ഷ്യവുമുണ്ടാകണമെന്നു ഓറ പ്രഖ്യാപിച്ചു.

ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി സമൂഹത്തോടുള്ള ഓറയുടെ നിലപാട് ഇങ്ങനെ വ്യക്തമാക്കി: 'നൂറുശതമാനം കയറ്റുമതി ഉന്നംവച്ചുകൊണ്ടുള്ള മത്സ്യനയം ജനവിരുദ്ധവും ദേശവിരുദ്ധവുമാണ്. കനത്ത ഋണബാധ്യതയാണ് മത്സ്യരംഗത്ത് യന്ത്രവൽക്കരണം രാഷ്ട്രത്തിന് സമ്മാനിച്ചത്. ആയിരക്കണക്കിനു തൊഴിൽ രഹിതരും താറുമാറായ പരിസ്ഥിതിയുമായി ബാക്കിപത്രം. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കണ്ണിലൂടെയുള്ള ഒരു മത്സ്യനയമാണ് ഇനി ആവശ്യം' (ഓറ വോള്യം 17 ലക്കം 2 ജൂലൈ 1999 പേജ് 13). വീണ്ടും ഓറയുടെ നിലപാടുവ്യക്തമാക്കുന്ന കറുപ്പിനോടുള്ള താദാത്മ്യം ഒരു നാടൻ പാട്ടിന്റെ നാലു വരികളിലൂടെ വ്യക്തമാക്കട്ടെ.

"കറുത്ത തൈവത്തെ കൊല്ലണ തമ്പ്രാന്റെ തൈവം
കുഞ്ഞോളെ കൊല്ലാണ്ടിരിക്കുമെന്നാരതുകണ്ടു?
കുഞ്ഞോളെ കൊല്ലണ തൈവത്തെനമുക്കും കൊല്ലാം
കറുത്ത തൈവത്തിനായൊരു പാട്ടും പാടാം" (ഓറ വാല്യം 17 ലക്കം 3 ആഗസ്റ്റ് 1999 പേജ് 2).

ഓറയുടെ ഈ നിലപാടിന് ആക്കം കൂട്ടിയ ഒരു ദർശനം ബ്രസീലിലെ ഒലിൻഡയിലെ ബിഷപ്പ് ഡോം ഹെൽഡർ കാമറയുടെ ഒരു വാക്യമാണ്: 'പാവപ്പെട്ടവർക്കു ഞാൻ ഭക്ഷണം കൊടുക്കുമ്പോൾ നിങ്ങളെന്നെ വിശുദ്ധനെന്നു വിളിക്കുന്നു; "പാവപ്പെട്ടവർക്കെന്തേ ഭക്ഷണം ഇല്ലാത്തത് എന്നു ഞാൻ ചോദിക്കുമ്പോൾ നിങ്ങളെന്നെ കമ്യൂണിസ്റ്റെന്നു വിളിക്കുന്നു." ഓറ നിരന്തരം എന്തുകൊണ്ട് ദാരിദ്ര്യം? എന്തുകൊണ്ട് പട്ടിണി? എന്തുകൊണ്ട് രോഗം? എന്തുകൊണ്ട് തൊഴിലില്ലായ്മ? എന്തുകൊണ്ട് എന്നു ചോദിക്കുന്നു (ഓറ വോള്യം 17 ലക്കം 5, ഒക്ടോബർ 1999 പേജ് 39).

## (e) ഓറ അഞ്ചാം ഘട്ടം

കഴിഞ്ഞ 18 വർഷത്തെ പരിണാമ പ്രക്രിയയിലെ ഓറയുടെ ദർശനവും നിലപാടും ഏതാണ്ടു വ്യക്തമായി കഴിഞ്ഞിരിക്കുന്ന സാഹചര്യ

ത്തിൽ 2000 ജനുവരിയോടെ സാഹസികമായൊരു കുതിച്ചുചാട്ടം നടത്താൻ തന്നെ പത്രാധിപ സമിതി തീരുമാനിച്ചു. അതിനുള്ള ഗൃഹപാഠം ഞങ്ങൾ മാസങ്ങൾക്കു മുമ്പേ തുടങ്ങി. വിശദമായൊരു വിലയിരുത്തൽ ചോദ്യാവലി ഓറ വായനക്കാർക്കു അയച്ചുകൊടുത്തു. ഓറയുടെ വളർച്ച ആത്മാർഥമായി ആഗ്രഹിക്കുന്ന 100 പേരെ പ്രത്യേകം തിരഞ്ഞെടുത്തിട്ട് അവരുടെ പ്രതികരണം എഴുതിത്തരണമെന്നും അഭ്യർഥിച്ചു. 24 പേർ മറുപടി എഴുതിയിരുന്നു. അവയുടെ സംക്ഷിപ്തം ക്രോഡീകരിച്ചു വായനക്കാരുടെ കൂടിച്ചേരലിലെ സദസിൽ അവതരിപ്പിച്ചുകൊണ്ടാണു ചർച്ച ആരംഭിച്ചത്. ദർശനം പത്രാധിപർ ശ്രീ. ഡി പങ്കജാക്ഷകുറുപ്പായിരുന്നു മോഡറേറ്റർ. ധാരാളം ഉൾക്കാഴ്ച നൽകുന്ന നിർദേശങ്ങളും അവയുടെ അടിസ്ഥാനത്തിൽ തീരുമാനങ്ങളുമുണ്ടായി. സവിശേഷശ്രദ്ധ അർഹിക്കുന്നതു മാത്രം കുറിക്കട്ടെ. കുറുപ്പുചേട്ടൻ ഇങ്ങനെ പറഞ്ഞു: "ഇന്നത്തെ ലോകവ്യവസ്ഥിതി വിഷലിപ്തമാണ്. കാരണം സ്വകാര്യമാത്രപരത, വിഭാഗിയത വർഗീയത, ഞാൻ മാത്രം എന്ന 'അഹം' - ഇവയാണ് ഇന്നു മനുഷ്യകുലത്തെയും വ്യവസ്ഥിതിയെയും നിയന്ത്രിക്കുന്നത്. ഓറ ഇതിനെതിരെയുള്ള പോരാട്ടമാകണം. ഇന്നു നിലകൊള്ളുന്ന ഓറയുടെ വിശേഷണമായ 'വിമോചന ദൈവശാസ്ത്ര ജിഹ്വയെ 'മനുഷ്യ വിമോചന ജിഹ്വ' അഥവാ ശബ്ദം എന്നു മാറ്റാൻ തീരുമാനിച്ചു. 'ഇടതുപക്ഷം' എന്നാൽ 'മനുഷ്യപക്ഷം' അഥവാ 'ജനപക്ഷം' എന്നാണു മനസിലാക്കുക. അപ്പോൾ ഇടതുപക്ഷത്ത് സി പി എം, സി പി ഐ, എം എൽ തുടങ്ങിയ ഗ്രൂപ്പുകൾ മാത്രമല്ല, സ്ത്രീ-ദലിത്-മത്സ്യമേഖല, പരിസ്ഥിതി, വർണവിവേചനം തുടങ്ങി അവശതയും പീഡനവും വിവേചനവും അനുഭവിക്കുന്നവരുടെ വിശാല പ്രതലമാണത്. 'സ്വർഗത്തിൽ നിന്നുള്ള നാറ്റം കൊണ്ട് ഭൂമിയിൽ ജീവിക്കാൻ കഴിയുന്നില്ല' എന്നൊരു നൈജീരിയൻ കവി പാടി. അതേ, ദൈവ-മത സങ്കൽപ്പങ്ങളെ മൗലികമായി വിമർശിക്കുകയും വലിച്ചെറിയുകയും ചെയ്യുന്ന മനുഷ്യ-ഭൂമി-പ്രപഞ്ച കേന്ദ്രീകൃത ബദലാണ് വളർത്തി എടുക്കേണ്ടത്. ഇവിടെ യാതൊരു വിധമായ വിട്ടുവീഴ്ചക്കും സ്ഥാനമില്ല. എന്തെല്ലാം എതിർപ്പുകൾ നേരിടേണ്ടിവന്നാലും, വിട്ടുവീഴ്ചയ്ക്കു തയാറാകാതെ ഓറ മനുഷ്യവിമോചന ശബ്ദമായും സത്യത്തിന്റെ വെളിച്ചമായും എന്നും നിലകൊള്ളണം. അപ്രിയസത്യങ്ങൾ തമസ്കരിച്ചു ഓറയുടെ തനിമ നഷ്ടപ്പെടുത്തരുത്. അങ്ങനെ ഒരു നവസമൂഹരചനയാണ് ഓറയുടെ ലക്ഷ്യം.

ഈ ലക്ഷ്യപ്രാപ്തി മുന്നിൽവച്ചുകൊണ്ടു ചില പ്രായോഗിക തീരുമാനങ്ങളും എടുത്തു:

1) ഓറയുടെ അച്ചടി ലറ്റർപ്രസിൽ നിന്നും ഓഫ്സെറ്റാക്കുക.
2) വാർത്തകൾ കഥകളായി ചേർക്കുക, കഥാത്മകതയും ചിത്രീകരണവും വൈവിധ്യവും വായനക്ഷമത (readability) വർധിപ്പിക്കുന്നതുകൊണ്ട്, എന്ത് എഴുതി എന്നതിനേക്കാൾ എങ്ങനെ എഴുതി അവതരിപ്പിച്ചു എന്നതിനു പ്രധാന്യം കൊടുക്കുക.

3) ഓരോമാസവും ഒരു പ്രത്യേക കവർസ്റ്റോറിക്കു പ്രാധാന്യവും ഊന്നലും കൊടുത്ത് എഴുതുക. ഇതു വൈവിധ്യം വർധിപ്പിക്കും.
4) മാസികയുടെ കവർ ബഹുവർണമാക്കുക.
5) 3-5 പേജുവരെ പരസ്യമാകാം. രണ്ടാം പേജും അവസാനത്തെ രണ്ടു പേജും പരസ്യമല്ലാതെ മാറ്റർ ചേർക്കരുത്.
6) കഴിഞ്ഞ ലക്കത്തെപ്പറ്റിയുള്ള പ്രതികരണം നിർബന്ധമായും ചേർക്കുക.
7) ഓറയുടെ 'റീഡേഴ്സ് ഫോറം' രൂപീകരിക്കുക.
8) ഓറ പ്രിന്റ് ചെയ്തിട്ടു മാസംതോറും വിവിധ ഗ്രാമങ്ങളിൽ പ്രകാശനം ചെയ്യുക.
സാമൂഹ്യ-രാഷ്ട്രീയ വിഷയങ്ങൾ ചർച്ചചെയ്യുക. റീഡേഴ്സ് ഫോറം ഇതിനു മുൻകൈയെടുക്കുക. ആദ്യപടിയായി കുട്ടനാട്ടിൽ ശ്രീ. പി എം മാത്യു അതിനുവേണ്ട നടപടി എടുക്കും.
9) ഓറയെ ഏറ്റുവാങ്ങി നടത്തുവാൻ അർപ്പിതനായ ഒരാളെ അടിയന്തരമായി കണ്ടെത്തുക.

ചുരുക്കത്തിൽ, ഓറവായനക്കാരുടെ കൂടിച്ചേരൽ ഇങ്ങനെ പറഞ്ഞു സമാപിച്ചു: "ഓറ ഒരു സമരമാണ്. ഒരു കാരണവശാലും നിറുത്തരുത്. പോരാട്ടം നിരന്തരം തുടരുക. ലാഭത്തിനുവേണ്ടിയല്ല ഓറ പ്രസിദ്ധീകരിക്കുക. ഉണ്ടാക്കുന്നവരും വിൽക്കുന്നവരും വാങ്ങുന്നവരും സമരത്തിലാണ്. ഇതാണ് ഓറയുടെ സവിശേഷത. തൃപ്തി അനന്തര ഫലവും."

അങ്ങനെ ഓറ കൂടുതൽ അർഥവത്തും ജന പ്രശ്നബന്ധിതവും, കൂടുതൽ ശാസ്ത്രീയവും കമനീയവും ആക്കേണ്ടതു ചരിത്രപരമായ അനിവാര്യതയാണെന്നു മനസിലാക്കി 2000 ജനുവരി മുതൽ ഓഫ്സെറ്റിൽ ബഹുവർണ കവറിൽ ഓരോ പ്രത്യേക കവർസ്റ്റോറിയിൽ ഊന്നി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. ഇങ്ങനെ ഒരു പുതിയ കാൽവയ്പ് എടുക്കാൻ ഇന്നത്തെ കമ്മറ്റിക്കു സാങ്കേതിക വിദ്യ പോരാത്തതുകൊണ്ട് ലേബർ ഇന്ത്യയിൽ പ്രവർത്തിച്ച് പരിചയ സമ്പത്തുള്ള ശ്രീ. ടോംസൺ വർഗീസിന്റെ സഹായം തേടാനും തീരുമാനിച്ചു. അദ്ദേഹത്തിന്റെ സഹായത്തോടെ ഓറയുടെ മുഖച്ഛായതന്നെ മാറ്റാൻ സാധിച്ചു. ഓറയ്ക്കു എഡിറ്റോറിയൽ ടീമിനു പുറമേ, ശക്തമായൊരു ഉപദേശക സമിതിക്കും കറസ്പോണ്ടന്റ് ടീമിനും, നിയമോപദേഷ്ടാവ്, സർക്കുലേഷൻ മാനേജർ, ബിസിനസ്സ് മാനേജർ തുടങ്ങിയ വിവിധ തസ്തികകൾക്കും രൂപം കൊടുത്തു.

അങ്ങനെ ജനുവരി, ഫെബ്രുവരി, മാർച്ച് ലക്കങ്ങൾ ലേബർ ഇന്ത്യയിലും ഏപ്രിൽ തൊട്ടു മാവേലിക്കര നമ്പോത്തിൽ ഓഫ്സെറ്റിലും പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. 2000 ഡിസംബർ മുതൽ ഡി ടി പി യുടെ പൂർണ ഉത്തരവാദിത്വം ശ്രീ. ഒ പി പ്രസന്നകുമാറും പ്രൂഫ് നോട്ടം ശ്രീ. സി പി സുധാകരനും ഭംഗിയായി നിറവേറ്റിവരുന്നു. കവറിന്റെയും അകത്തുള്ള ചിത്രീകരണത്തിന്റെയും കാർട്ടൂണിന്റെയും ചുമതല പ്രൊഫ. വി സി ജോണിനും പ്രൊഫ. ടി എ എസ് മേനോനും ഏറ്റെ

ടുത്തു. പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാൻ ഓറയിൽ ഒരു പംക്തി നിർബന്ധമാക്കി; അതുവഴി വളർന്നവർ അനേകം. നല്ല കഥകളും കവിതകളും ലഭിക്കുന്നതിനും ധാരാളം പേരുടെ സഹകരണം കിട്ടുന്നതിനുമായി കഥ-കവിത മത്സരം 2001 സംഘടിപ്പിച്ചു. നല്ല സഹകരണമാണ് കിട്ടിയത്. തുടർന്നു ഓറ മാസിക ചെറുകഥ-കവിത മത്സരം പലപ്പോഴും സംഘടിപ്പിച്ചു. നല്ല സഹകരണമാണു ലഭിച്ചിട്ടുള്ളത്.

ഓരോ മാസവും ഓരോ പ്രത്യേക വിഷയത്തിലൂന്നിയ കവർസ്റ്റോറിയും വൈവിധ്യമാർന്ന മറ്റു വിഷയങ്ങളും കഥയും കവിതകളും കാർട്ടൂണുകളും ഒക്കെ ഓറയെ ആകർഷകമാക്കി. ഒരു വർഷത്തെ വിലയിരുത്തലിൽ സംതൃപ്തിയാണ് ഉണ്ടായത്. സാമ്പത്തിക പ്രതിസന്ധി മൂർച്ഛിച്ചെങ്കിലും ദിവസവും കിട്ടുന്ന അരഡസനിലേറെ കത്തുകൾ ഓറയെ ആരൊക്കെയോ, എവിടെയൊക്കെയോ സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണ്. നേരത്തെ നല്ല ലേഖനങ്ങൾക്കു ബുദ്ധിമുട്ടുണ്ടായിരുന്നു. ഇന്നു ഒരു പൈസപോലും പാരിതോഷികം പറ്റാതെ കേരളത്തിലെ സാമൂഹിക-വിദ്യാഭ്യാസ-സാംസ്കാരിക നേതാക്കളൊക്കെത്തന്നെ ഓറയ്ക്കു അവരുടെ സൃഷ്ടികൾ നൽകുന്നത് ഓറയ്ക്ക് അവരുടെ ഹൃദയത്തിലൊരു സ്ഥാനം ഉള്ളതുകൊണ്ടാണല്ലോ.

ഓറ കൂടുതൽ ജനബന്ധിതമായപ്പോൾ പല ഇടങ്ങളിൽ നിന്നും ഓറയുടെ പേരു മലയാളീകരിക്കുന്നതല്ലേ ഉചിതം എന്ന അഭിപ്രായമുണ്ടായി. പത്രാധിപസമിതി ഈ അഭിപ്രായത്തെ ഗൗരവമായി എടുത്തു. മാസികയുടെ നിലപാടും ലക്ഷ്യവും ഉള്ളടക്കവും പ്രകാശിപ്പിക്കുന്ന ഒരു പേരായിരിക്കണമെന്നു ധാരണയായി. പലപേരുകളും നിർദേശിച്ചു. ഓറയുടെ 2001 ആഗസ്റ്റു ലക്കത്തിൽ വായനക്കാരുടെ അഭിപ്രായം ചോദിച്ചുകൊണ്ടുള്ള അഭ്യർഥനയും കൊടുത്തു. ചിലർ പുതിയ പേരുകൾ നിർദേശിച്ചെങ്കിലും, ബഹുഭൂരിപക്ഷം വായനക്കാരും 'ഓറ' എന്ന പേരു മാറ്റുന്നതിനോടു യോജിച്ചില്ല. അങ്ങനെ 'ഓറ' എന്ന പേരിൽത്തന്നെ മാസിക തുടരാൻ തീരുമാനിച്ചു.

കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും ഓറ ശ്രദ്ധേയമായിടത്ത്, സാമ്പത്തികം പ്രശ്നം തന്നെയായി. അതിനെ മറികടക്കാൻ ആയുഷ്കാല വരിസംഖ്യയായ 1250/- രൂപ, ഓറയുടെ 21-ാം വയസിൽ (2003) 1000/- രൂപയാക്കി ഒരു തീവ്രയത്നം നടത്തുവാൻ തീരുമാനിച്ചു. എല്ലാവരും സജീവമായി സഹകരിച്ചു. 150 ആയുഷ്കാല (15 വർഷം) വരിക്കാരെ അങ്ങനെ ചേർക്കാൻ സാധിച്ചു.

ഓറയുടെ കഴിഞ്ഞ 9 വർഷത്തെ കവർസ്റ്റോറികളുടെ വൈവിധ്യവും വലിപ്പവും മനസിലാക്കാൻ അവയുടെ പേരുമാത്രം ശ്രദ്ധിച്ചാൽ മതിയാകും. അവ ഒരോന്നിലും പ്രസിദ്ധീകരിച്ച കേരളത്തിൽ കിട്ടാവുന്ന പ്രഗത്ഭമതികളായ വ്യക്തികളുടെ ലേഖനങ്ങൾ ഓറയെ എന്തുമാത്രം സമ്പന്നമാക്കിയെന്നു പറയേണ്ടതില്ലല്ലോ (അനുബന്ധം 14).

വല്ലപ്പോഴുമുള്ള പ്രത്യേക പതിപ്പുകളൊഴിച്ചാൽ 40 പേജുകൾ മാറ്ററുള്ള ഓറ മാസികയിൽ ഏതാണ്ട് 20 ൽ ഏറെ പേജുകൾ ഒരു

കവർസ്റ്റോറി വിഷയത്തെ കേന്ദ്രീകരിച്ചുകൊണ്ട്, അതിന്റെ വിവിധ വശങ്ങൾ എടുത്തു കാട്ടുന്ന ലേഖനങ്ങളാണ്. അതും ആ വിഷയത്തിൽ വൈദഗ്ധ്യവും പ്രാഗത്ഭ്യവുമുള്ള പണ്ഡിതരെക്കൊണ്ട് എഴുതിപ്പിച്ചത്. ഇത് ഓറയുടെ സവിശേഷതയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഓരോ മാസത്തെയും ഓറ മാസിക ഒരു പ്രത്യേക വിശേഷാൽപ്പതിപ്പാണ്. കേരളത്തിലെ മുഖ്യധാരാമാസികകൾക്കോ ചെറു മാസികകൾക്കോ ഈയൊരു പ്രത്യേകതയില്ല. ഇതാണ് ഓറയുടെ തനതു സവിശേഷത. എത്രയോ അധ്യാപകരും വിദ്യാർഥികളും രാഷ്ട്രീയക്കാരും പ്രാസംഗികരും അവരുടെ ക്ലാസിന്, ലേഖനത്തിന്, പ്രസംഗത്തിനു ഒക്കെ ഓറയുടെ വ്യത്യസ്ത വിഷയങ്ങൾ കൈകാര്യം ചെയ്ത ലക്കങ്ങൾ വളരെ പ്രയോജനം ചെയ്തിട്ടുണ്ടെന്നു സാക്ഷ്യം നൽകിയിട്ടുണ്ട്. ശ്രദ്ധാപൂർവം കവർസ്റ്റോറി നിശ്ചയിക്കുക ഒരു പ്രധാന ധർമമാണ്. ഇവ പല കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ട് - അവയിൽ ഏറ്റവും പ്രധാനപ്പെട്ടതു ഓറയുടെ നിലപാടിനും ദർശനത്തിനും ഉതകുന്നവയായിരിക്കണം, സമകാലിക പ്രശ്നങ്ങളോടു ബന്ധപ്പെട്ടവയായിരിക്കണം എന്നതാണ്. അങ്ങനെയാണ് എല്ലാ വോള്യത്തിലും ഓരോ ലക്കം വീതം സ്ത്രീ പ്രശ്നം, ദലിത് പ്രശ്നം, മത്സ്യത്തൊഴിലാളി പ്രശ്നം, പിരിസ്ഥിതി പ്രശ്നം, വിദ്യാഭ്യാസ പ്രശ്നം, ബദൽ പ്രശ്നം എന്നിവയെ ഉൾക്കൊള്ളുന്നവയായിരിക്കും എന്നു നിശ്ചയിച്ചത്. ബാക്കി ആറു ലക്കങ്ങളിൽ സമയാസമയങ്ങളിൽ പ്രസക്തമായ വിഷയങ്ങളായിരിക്കും അടയാളപ്പെടുത്തുക. കഴിഞ്ഞ 9 വർഷങ്ങളായി നടത്തിയിട്ടുള്ള എല്ലാ ഓറവായനക്കാരുടെ കൂടിച്ചേരലിലും കവർസ്റ്റോറി എന്തുവിലകൊടുത്തും തുടരണമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ചുരുക്കത്തിൽ കവർസ്റ്റോറിയുടെ സമ്പന്നത ഓറയുടെ സമ്പത്താണ്.

കഴിഞ്ഞ ആറു വർഷങ്ങളായി അന്തർദേശീയം എന്ന പംക്തി എഴുതുന്നതു സ. എം എ ബേബിയാണ്. ഓരോ മാസത്തെയും ഏറ്റവും പ്രധാനപ്പെട്ട അന്തർദേശീയ പ്രശ്നം സ്തുത്യർഹമായ രീതിയിൽ തൊഴിലാളി താൽപ്പര്യത്തിൽ അധിഷ്ഠിതമായി രചിക്കുക അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. അടിച്ചമർത്തപ്പെട്ടവന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടും സാമ്പത്തിക വിശകലനം നടത്തികൊണ്ടുള്ള പംക്തിയാണ് കോഴഞ്ചേരി സെന്റ് തോമസ് കോളേജ് റിട്ട. പ്രിൻസിപ്പൽ പ്രൊഫ. പി ജെ ഫിലിപ്പ് ഓറയ്ക്കു സംഭാവന ചെയ്തത്. സാഹിത്യ മേഖലയിൽ അനുദിനം നടക്കുന്ന ചലനങ്ങളെ തന്റെ വ്യക്തി സവിശേഷതകളോടെ രേഖപ്പെടുത്തിയിട്ടുള്ള പംക്തിയാണ് ഡോ. ഡി വിനയചന്ദ്രന്റെ കുറിപ്പുകൾ.

5.12.2003 ൽ ഓറയുടെ റീഡേഴ്സ് ഫോറം നടത്തിയ കൂടിച്ചേരലിൽ പ്രൊഫ. എം കെ സാനു 'മാധ്യമരംഗത്തെ പുത്തൻ പ്രവണതകൾ' എന്ന വിഷയത്തെ അധികരിച്ചു സംസാരിച്ചിട്ട് എങ്ങനെ ഓറ കൂടുതൽ പ്രസക്തമാക്കാമെന്നു ചിന്തിച്ചത് അവിസ്മരണീയമായ അനുഭവമായി നിലകൊള്ളുന്നു. അന്നത്തെ ചർച്ചയിൽ പൊന്തിവന്ന ചില സവിശേഷങ്ങളായ നിർദേശങ്ങൾ ചുവടെ കൊടുക്കുന്നു.

1. ലേ-ഔട്ട്, അച്ചടിയിൽ സ്പെയ്സ് കൊടുക്കണം.
2. യാത്ര, ക്യാമ്പുകൾ, അനുഭവം, സംഭവം എന്നിവ അടിസ്ഥാനപ്പെടുത്തിയ കുറിപ്പുകൾ നൽകണം.
3. തയ്യൽക്കാർ, കൃഷിക്കാർ, ദലിതർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവരുടെ ആത്മകഥാകാര്യങ്ങൾ പ്രസിദ്ധീകരിക്കുക.
4. പുതിയ എഴുത്തുകാരെയും കലാകാരന്മാരെയും പരിചയപ്പെടുത്തുക – 'എന്റെ ജീവിത പഥങ്ങൾ' എന്ന പംക്തിയിലൂടെ.
5. ഏറ്റവും പ്രധാനപ്പെട്ട പുസ്തകങ്ങളെക്കുറിച്ച് ആധികാരിക പഠനവും മറ്റു പുസ്തകങ്ങളെക്കുറിച്ചു ചെറുകുറിപ്പുകളും മതിയാകും.
6. എണ്ണത്തിലല്ല, മൂല്യത്തിലാണു ശ്രദ്ധവേണ്ടത്. ധാരാളം ആളുകൾ വായിക്കാൻ വേണ്ടി നിലപാടുമാറ്റരുത്.
7. വാർഷികപ്പതിപ്പു ശ്രദ്ധയോടെ പ്ലാൻ ചെയ്താൽ പരസ്യങ്ങളിലൂടെ സാമ്പത്തികം ഒരു പരിധിവരെ ശരിയാകും.
8. ബദൽ രാഷ്ട്രീയചിന്ത മാസികയിൽ ഉണ്ടാകണം. അങ്ങനെ ഈടുറ്റ ലേഖനങ്ങളും വ്യക്തമായ രാഷ്ട്രീയ നിലപാടുകൊണ്ടും വേറിട്ടു നിൽക്കുന്ന മാസികയാക്കുക.
9. നല്ലൊരു ബഹുവർണ ബ്രോഷർ തയാറാക്കുക.
10. കവർസ്റ്റോറിയുടെ വിഷയങ്ങൾ നേരത്തെ നിശ്ചയിക്കുക.

ഓറ മാസികയുടെ ഉടമസ്ഥതയുള്ള എഫ് ആർ സി എസ് (Forum for Renewal and Community Solidarity) അതിന്റെ മൗലിക ലക്ഷ്യമായ 'മാധ്യമം സാമൂഹ്യമാറ്റത്തിന്' എന്നതിനോടു ഏറ്റവും അടുത്തു അർഥം വരുന്ന ഒരു പുതിയ സംഘടന രജിസ്റ്റർ ചെയ്യുന്നതു ഉത്തമമാകും എന്ന ചിന്ത കമ്മറ്റിയിൽ ഉയർന്നുവന്നു. സുദീർഘമായ ചർച്ച നടന്നു. 'റിന്യൂവൽ'ന്റെ ധ്വനി വെറും പുതുക്കൽ മാത്രമേയുള്ളു എന്നും 'റീ കൺസ്ട്രക്ഷൻ' ആയാൽ അതിൽ പുതിയ സാമൂഹ്യ നിർമിതിയുണ്ടെന്നും, 'ക്രിസ്ത്യ'നിൽ മതത്തിന്റെ ചുവയുണ്ടെന്നും അതിനു പകരം 'കമ്യൂണിറ്റി' ആയാൽ മതനിരപേക്ഷ സ്വഭാവം പ്രകടമാകുമെന്നും അഭിപ്രായമുണ്ടായി. അവിടെ കൂട്ടായ്മയ്ക്കും ഐക്യദാർഢ്യത്തിനും പുതുസൃഷ്ടിക്കും മുൻതൂക്കമുണ്ടാകുമെന്നും ധാരണയായി. അങ്ങനെ Forum for Reconstruction and Community Solidarity (FRCS)എന്നു നാമകരണം ചെയ്യാനും അതു രജിസ്റ്റർ ചെയ്യാനും തീരുമാനിച്ചു. അതിലേക്കു ബൈലോയും നിയമാവലിയും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ഉണ്ടാക്കാൻ യോഗം എന്നെ ചുമതലപ്പെടുത്തി.

ഇപ്പോൾ ഉള്ള പ്രവർത്തകർ പ്രായംകൊണ്ടു കൂടുതൽ ക്ഷീണിതരാകുന്ന അവസ്ഥയാണ്. പുതിയ ആളിന്റെ സഹായം അനിവാര്യമായി വന്നു. അങ്ങനെ ശ്രീ. അനിൽ *ബ്രൗൺലി*യെ ഡി റ്റി പിയിൽ സഹായിക്കാനും ഇംഗ്ലീഷിൽ നിന്നു മൊഴിമാറ്റം നടത്താനും മറ്റും കുറച്ചുനാളത്തെ സഹകരണം കിട്ടി. തുടർന്നു ശ്രീ. പി വി വേണുഗോപാലിന്റെ സഹകരണം ഏതാണ്ടു രണ്ടും വർഷത്തേക്കു കിട്ടി. അത് ഓറയുടെ സുഗമമായ നടത്തിപ്പിനു ഏറെ സഹായകമായിരുന്നു.

2004 ഡിസംബർ 26 നു ഓറയുടെ നിലപാടിനു കൂടുതൽ വ്യക്തത

വരാനുള്ള ചർച്ച നടന്നു. എന്നും ഒരു പ്രതിരോധ മാസികയായി ഓറ നിലകൊള്ളണം. ദരിദ്രപക്ഷം അതിന്റെ മുഖമുദ്രയും; അരാഷ്ട്രീയതയും വർഗീയതയും അതിന്റെ ശത്രുക്കളും. എല്ലാ സമീപനത്തിലും ഒരു സ്ത്രീ-ദലിത് പരിപ്രേക്ഷ്യം വച്ചു പുലർത്താൻ ബോധപൂർവം ശ്രമമുണ്ടാകണം. ഈ ചർച്ചയുടെ വെളിച്ചത്തിൽ (എ) ഓറ ലേഖകരുടെയും സുഹൃത്തുക്കളുടെയും വേദിക്കു രൂപം കൊടുക്കുക; (ബി) തഴയപ്പെടുന്ന വ്യക്തികളെ, തൊഴിലാളികളെ പരിചയപ്പെടുത്തികൊണ്ടുള്ള സഞ്ചാരപഥം എന്നൊരു പംക്തി തുടങ്ങുക; (സി) ഓറയുടെ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടു പ്രത്യേക വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ ലക്കത്തിനും അസോസിയേറ്റ് എഡിറ്റേഴ്സിനെ നിയോഗിക്കുക എന്ന തീരുമാനങ്ങൾ എടുത്തു.

അങ്ങനെ വിപുലമായൊരു യോഗം 25.5.2005 ൽ കൂടി. ദരിദ്രപക്ഷ -ജനപക്ഷത്തു നിൽക്കുന്ന സാമൂഹ്യപ്രവർത്തകർക്കു ദിശാബോധവും വ്യക്തതയും പകരാനും അവരുടെ പ്രവർത്തനങ്ങൾക്കു ആവശ്യമായ അറിവു പകരാനും ഓറ ഉന്നം വയ്ക്കുന്നു. ഓറയുടെ 23-ാം പിറന്നാൾ പതിപ്പോടുകൂടി (ജൂൺ 2005) ഡോ. മൈക്കിൾ തരകൻ ചരിത്രലക്കത്തിനും, പ്രൊഫ. എരുമേലി പരമേശ്വരൻപിള്ള വിദ്യാഭ്യാസലക്കത്തിനും, പ്രൊഫ. ആർ പി രമണൻ മനുഷ്യാവകാശ ലക്കത്തിനും, ശ്രീ നാരായൻ ആദിവാസി ലക്കത്തിനും, ഡോ. ഡി സഞ്ജീവഘോഷ് മത്സ്യമേഖല ലക്കത്തിനും, പ്രൊഫ. എം കെ പ്രസാദും, ശ്രീ. ജോജി കൂട്ടുമ്മേലും പരിസ്ഥിതി ലക്കത്തിനും, ഡോ. പി ജെ ഫിലിപ്പ് സാമ്പത്തിക ലക്കത്തിനും, ഡോ. ജോർജ് കെ അലക്സ് ദലിത് ലക്കത്തിനും, പ്രൊഫ. ഇന്ദുലാൽ സാഹിത്യലക്കത്തിനും, ഡോ. റ്റി കെ ആനന്ദിയും എം റ്റി കൊച്ചുമോളും സ്ത്രീപക്ഷ ലക്കത്തിനും നേതൃത്വം കൊടുക്കുമെന്ന ധാരണയായി. ഇതു ഓറയുടെ വളർച്ചയുടെ സുപ്രധാനഘട്ടമായി ഞങ്ങൾ കാണുന്നു.

അതിനിടെ ഒരു സന്തോഷവാർത്ത. ഏറ്റവും നല്ല മാസികയ്ക്കുള്ള 'പീരിയോഡിക്കൽസ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ മാധ്യമ അവാർഡ് 2005' ഓറയ്ക്കു ലഭിച്ചു. അതു ഓറ കൂടുതൽ മെച്ചപ്പെടുത്താൻ ഞങ്ങളെ ഏറെ ബാധ്യസ്ഥരാക്കി.

ഓറയുടെ ഉടമസ്ഥതയുള്ള സംഘടനയുടെ സെക്കുലർ ധ്വനി കൂടുതൽ വ്യക്തമാക്കുന്ന Forum for Reconstruction and Community Solidarity (FRCS) ലേക്ക് സർവശ്രീ. എൻ ജി ശാസ്ത്രി, സി പി സുധാകരൻ, അലോഷ്യസ് ഡി ഫെർണാണ്ടസ്, ഒ പി പ്രസന്നകുമാർ, എം ടി കൊച്ചുമോൾ, ഡെൽസൺ എം സ്കറിയ, ആന്റണി പാലയ്ക്കൽ എന്നിവർ അംഗങ്ങളായി സംഘടന 1995 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രധർമ്മ സംഘങ്ങൾ രജിസ്റ്റർ ആക്കൽ ആക്ട് അനുസരിച്ച് No.A 188/07 ആയി രജിസ്റ്റർ ചെയ്തു. ഒരു വർഷം കഴിഞ്ഞ് ഡോ. ആന്റണി പാലയ്ക്കലിനുള്ള അസൗകര്യം അറിയിച്ച സാഹചര്യത്തിൽ തൽസ്ഥാനത്തേക്കു ശ്രീ. എ ജോൺസനെ തെരഞ്ഞെടുത്തു.

ഓറയുടെ ജൂബിലി വർഷം (ജൂൺ 2000 മുതൽ മേയ് 2008 വരെ)

എങ്ങനെ അർഥപൂർണമാക്കാമെന്നു ചർച്ച ചെയ്യാൻ പല കൂടിച്ചേരലുകൾ നടത്തി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലാണ് ഓറയ്ക്കു വേരോട്ടമുള്ളത്. കേരളത്തിലാകെ പ്രത്യേകിച്ചും വടക്കൻ ജില്ലകളിൽ വേരോട്ടമുണ്ടാക്കുകയാണ് ജൂബിലി വർഷത്തിൽ മുഖ്യഉന്നം. അതിലേക്ക് പൊതു ചർച്ചയ്ക്കായി കമ്മറ്റി വിശദമായ ഒരു കരടു രൂപം ഉണ്ടാക്കി. കാർഷിക കേരളത്തിനു ഊന്നൽ നൽകിയിട്ടുള്ള ഒരു വർഷത്തെ തീവ്രയത്നമായിരിക്കണമെന്ന ധാരണയാണ് ഉണ്ടായത്. അങ്ങനെ ഓറയുടെ ലഘു ചരിത്രവും കാർഷിക കേരള പദ്ധതിരേഖയും എഴുതിയുണ്ടാക്കി (അനുബന്ധം 15)

ഈ കരടുരേഖ വച്ചു കേരളത്തിൽ എല്ലാ ജില്ലകളിലും സജീവവും പ്രായോഗികവുമായ ചർച്ചയുണ്ടാകണമെന്നും അതിന്റെ ആദ്യപടിയായി ഓറയുടെ അഭ്യുദയകാംക്ഷികളുമായി ചർച്ച ചെയ്യണമെന്നു തീരുമാനിച്ചു. അങ്ങനെ 3.6.2007 ൽ കൂടിയ യോഗം ഈ മുഴുവൻ പ്രോഗ്രാമിന്റെയും മുഖ്യ കോ.ഓർഡിനേറ്ററായി ശ്രീ. ഡൽസൺ എം സ്കറിയായെ ചുമതലപ്പെടുത്തി; കാര്യക്ഷമമായി പ്രവർത്തിക്കാൻ വേണ്ട മറ്റു ആളുകളെ നിയമിക്കാനുള്ള അധികാരത്തോടെ. ഓറയുടെ സബ് എഡിറ്ററായും ശ്രീ. ഡെൽസനെ നിയോഗിച്ചു. ഓറയുടെ 25-ാം ജന്മദിനപ്പതിപ്പായി 'കാർഷിക കേരളം പ്രത്യേക പതിപ്പ്' പുറത്തിറക്കാൻ തീരുമാനിച്ചു. അതിൽ കേരളത്തിലെ കാർഷിക മേഖലയിൽ ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞരെയും കൃഷിമന്ത്രിയെയും മറ്റു ബന്ധപ്പെട്ടവരെയും കൂട്ടിച്ചേർക്കാനും തീരുമാനിച്ചു. അതിന്റെ ചുമതല സർവശ്രീ എൻ ജി ശാസ്ത്രി, മോഹൻലാൽ, അലോഷ്യസ് എന്നിവർക്കായിരിക്കും. അങ്ങനെ അർഥവത്തായ ഒരു വിശേഷാൽ പതിപ്പു പുറത്തിറക്കുകയും ചെയ്തു. ഓറയുടെ അടിസ്ഥാന നിലപാടു കാത്തുസൂക്ഷിച്ചുകൊണ്ടു അന്വേഷണാത്മകതയ്ക്കു ഇടം കണ്ടെത്തണമെന്നും ഫീച്ചർ, അഭിമുഖം, ജീവിതകഥ തുടങ്ങിയവയിലൂടെ സജീവത നിലനിർത്തണമെന്നും ധാരണയായി. ഏറെ പ്രതീക്ഷയോടെ ഒത്തിരിയേറെ സ്വപ്നം കണ്ട ജൂബിലി പരിപാടികളിൽ 2008 ജനുവരിലക്കം വിദ്യാഭ്യാസവും ന്യൂനപക്ഷവും എന്ന കവർസ്റ്റോറിയോടു കൂടെയുള്ള അർഥവത്തായ വാർഷികപ്പതിപ്പും, ലേഔട്ടിൽ ചില ആകർഷകമായ മാറ്റങ്ങളും ചില ഫീച്ചറുകളും ഓറ കഥാ-കവിതാ മത്സരം 2007 ഉം അതിലെ വിയജികൾക്കുള്ള പാരിതോഷികം നൽകലും സർവശ്രീ മോഹൻലാൽ, ദേവസ്യ, സുദർശനഭായി തുടങ്ങിയ ചില വ്യക്തികളുടെ താൽപ്പര്യപൂർവമായ ഇടപെടലുമല്ലാതെ മറ്റു കാര്യങ്ങളൊന്നും തന്നെ ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചില്ല എന്ന് ഏറ്റു പറയേണ്ടിയിരിക്കുന്നു.

ഓറ 26-ാം വർഷത്തിലേക്കു കടക്കുന്നു. ഓറ കൂടുതൽ സമ്പന്നമാക്കാനായി ആദ്യം വിവിധ മേഖലകളുടെ ഉത്തരവാദിത്തം ഏറ്റിരുന്ന അസോസിയേറ്റു എഡിറ്റർമാരുടെയും മുഖ്യപത്രാധിപസമിതിയുടെയും സംയുക്ത യോഗം കൂടി എങ്ങനെ 26-ാം വോള്യം അർഥഗർഭമാക്കാം

എന്നു വിപുലമായി ചർച്ച നടത്തി. 'ബദൽ ജീവിത സാധ്യതകൾ-ഒരന്വേഷണം' എന്ന വിശേഷാൽ ലക്കത്തോടെ പുതിയ വോള്യം ആരംഭിക്കാമെന്നു തീരുമാനിച്ചു. ചുമതല ഡെൽസനായിരിക്കും. വരും വർഷം ഓറയുടെ ഉള്ളടക്കത്തിൽ ശ്രദ്ധിക്കേണ്ടത് എന്തായിരിക്കണമെന്നു ചിന്തിച്ചു. ഓറ ആരുടെയും വാലല്ല, സ്വതന്ത്രമാധ്യമമാണ്. പക്ഷേ വ്യക്തമായും ദരിദ്രപക്ഷവീക്ഷണത്തെ ആഞ്ഞു പുൽകുന്നു. മതനിരപേക്ഷത അതിന്റെ ജീവനാഡിയാണ്. വർഗീയതക്കു സഹായകമാകുന്ന ഒരു വാക്കുപോലും അതിലുണ്ടാകുവാൻ പാടില്ല. ദരിദ്രപക്ഷം എന്നു പറയുമ്പോൾ അവശതയനുഭവിക്കുന്ന എല്ലാ ജനവിഭാഗത്തോടുമുള്ള പക്ഷം ചേരലാണ്. മതനിരപേക്ഷ നിലപാട് ആയതുകൊണ്ടുതന്നെ മതവിമർശനവും മതരഹിത-ചിന്താധാരയും ഓറയുടെ ചർച്ചാ വിഷയമാണ്. ഈ നിലപാടു ഉറപ്പിക്കുക അങ്ങ് ആകാശത്തിലോ തൃശങ്കുസ്വർഗത്തിലോ അല്ല; ഇവിടെ ഈ ഭൂമിയിൽ തന്നെ. അതിന് അതിന്റെ രാഷ്ട്രീയമുണ്ട്, അതു ഇടതുപക്ഷ രാഷ്ട്രീയമാണ്. പക്ഷേ ഒരു ഇടുതുപക്ഷ രാഷ്ട്രീയ പാർട്ടിയുടെ ഭാഗമായുമല്ല. ദരിദ്ര ജനവിഭാഗങ്ങൾക്കു അനുഗുണമായ നയങ്ങൾ സ്വീകരിക്കുന്ന പാർട്ടിയോട് ആഭിമുഖ്യമുണ്ട്. അരാഷ്ട്രീയമായ നിലപാട് ഓറയ്ക്കു ഒരിക്കലും ഉണ്ടായിരിക്കില്ല. ഓറയുടേത് ഒരു ക്രിയേറ്റിവ് ലെഫ്റ്റിന്റെ പങ്കാണ്. ഇന്ന് ഇടതുപക്ഷ രാഷ്ട്രീയ പാർട്ടികളെ നിശിതമായി വിമർശിച്ച് എഴുതുന്ന ധാരാളം മാസികകളുണ്ട്. പക്ഷേ അവയിലെ ലേഖനങ്ങളെ വിലയിരുത്തുമ്പോൾ അവരുടെ വിമർശനം കൊള്ളാം, പക്ഷേ അവർ മറ്റൊരു ബദൽ നിർദേശിക്കന്നതേയില്ല. ഫലമോ? മനസിൽ അരാഷ്ട്രീയ ചിന്താധാര ഉണ്ടാകാനേ അവ ഉപകരിക്കുന്നുള്ളു. ഓറയ്ക്കു അങ്ങനെ ഒരു നിലപാട് ഉണ്ടാകാൻ പാടില്ല. രാഷ്ട്രീയ വ്യക്തത ഒന്നുകൊണ്ടു മാത്രമാണ് ഓറ വ്യതിരിക്തമായി നടന്നു നീങ്ങുന്നത്. ഈ വ്യക്തതയിൽ ഓറയുടെ സൗഹൃദസംഗമങ്ങൾക്കു രൂപം കൊടുക്കണം. ഓറയുടെ ഉള്ളടക്കം ഇന്നു ഗൗരവതരമാണ്—ഏതാണ്ടൊരു സെമി—ഗവേഷണസ്വഭാവം. ഏതു വിഷയത്തിലും ഇതു കാത്തു സൂക്ഷിക്കുക. ഇങ്ങനെ സെമി-അക്കാദമിക് ഉള്ളടക്കത്തോടുകൂടി മാസിക പ്രസിദ്ധീകരിക്കാൻ ശേഷിയും വൈഭവമുള്ള മറ്റാളുകളുടെ സേവനം തേടുക. പ്രശ്നാധിഷ്ഠിത ഫീച്ചറും ജനകീയ സംഘങ്ങളുടെ വാർത്തകളും ഓറയുടെ മുഖത്തിനു കാന്തികൂട്ടും. അർഥപൂർണമല്ലെങ്കിൽ കഥയും കവിതയും വേണ്ടെന്നുവച്ചാലും പ്രശ്നമില്ല. ഈയൊരു പ്രതലത്തിലാണു തുടർന്നുണ്ടായ നടപടികളൊക്കെ നടന്നത്.

അതിനിടയിൽ എഫ് ആർ സി എസിനു ആദായനികുതിവകുപ്പിൽ നിന്നും സ്ഥിരം നമ്പർ ലഭിച്ചു AAATF 2678 M. ഒപ്പം, ഓറയ്ക്കു ഒരു വെബ്സൈറ്റ് ഉണ്ടാകുന്നതു ഫലപ്രദമാകുമെന്നും ധാരണയായി. ഓറയുടെ 26 വോള്യങ്ങളും സി ഡിയിലാക്കാനും തീരുമാനിച്ചു.

## (f) ഓറ ആറാം ഘട്ടം

ഓറ 27-ാം ജന്മദിനത്തിലേക്ക് കടക്കുകയാണ്. ഓറയ്ക്ക് ഒരു നിർണയകമായ വഴിത്തിരിവ് ഇവിടെയുണ്ടാവുകയാണ്. ഇന്നത്തെ എഫ് ആർ സി എസ് സെക്രട്ടറിയും മാനേജിങ് എഡിറ്ററുമായ ഞാൻ ഓറയുടെ സ്ഥാപക അംഗങ്ങളിൽ ഒരാളും ഇന്നുവരെ ഓറയുടെ കൂടെ നടന്ന വ്യക്തിയുമാണ്. ഓറയുടെ മുഖ്യഉത്തരവാദിത്തം വരും തലമുറ ഏറ്റെടുത്തു നടത്തേണ്ടതിന്റെ അനിവാര്യത എഫ് ആർ സി എസ് യോഗം ചർച്ചചെയ്തു. അങ്ങനെ ഓറ ശ്രീ. ഒ പി പ്രസന്നകുമാറിന്റെ നേതൃത്വത്തിലാകാമെന്ന ധാരണയായി. അങ്ങനെയുള്ള ഭരണനിർവഹണ കൈമാറ്റം 29.8.2009 ൽ നടത്താനും തീരുമാനിച്ചു. അങ്ങനെ കൈമാറുന്നതിനുമുൻപ് ഓറയുടെ ചരിത്രം, ദർശനം, നിലപാട്, ലക്ഷ്യങ്ങൾ, ഓറയുടെ നിലവിലുള്ള അവസ്ഥ, ഭാവിസ്വപ്നങ്ങൾ ഒക്കെ കാണിക്കുന്ന ഒരു കരട്രേഖ രൂപപ്പെടുത്താൻ സർവശ്രീ എൻ ജി ശാസ്ത്രി, സി പി സുധാകരൻ, അലോഷ്യസ് ഡി ഫെർണാണ്ടസ് എന്നിവരെ ചുമതലപ്പെടുത്തി. അങ്ങനെ ഉണ്ടാകുന്ന കരടുരേഖ എഫ് ആർ സി എസ്, ഓറ മുഖ്യപത്രാധിപ സമിതി, അസോസിയേറ്റ് എഡിറ്റേഴ്സ്, ഓറ സഹകാരികൾ എന്നിവരുടെ സംയുക്ത യോഗത്തിൽ ചർച്ചചെയ്തു വേണ്ട മാറ്റങ്ങൾ വരുത്താനും തീരുമാനിച്ചു. അങ്ങനെ കാര്യങ്ങൾ നടന്നു. അംഗീകരിച്ച 'ഓറ മാസികയുടെ ഭാവി ഭരണ നിർവഹണം - റിപ്പോർട്ടും തീരുമാനങ്ങളും' 29.8.2009 ൽ നടന്ന ഓറയുടെ ഭരണ നിർവഹണ കൈമാറ്റ യോഗത്തിൽ അവതരിപ്പിച്ചു അംഗീകാരം നേടി. അതിന്റെ സംക്ഷിപ്തം ചുവടെ:

### ദർശനം, ചരിത്രം, നിലപാട്

1982 ൽ കൊല്ലം കത്തോലിക്കാ രൂപതയിലെ ഒരു ചെറുവൈദിക സംഘം, ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ ഉത്ഭവിച്ച് ലോകമെങ്ങും വ്യാപിച്ച വിമോചനദൈവശാസ്ത്രത്തിന്റെ ചുവട് പിടിച്ച്, കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ ചരിത്രപ്രസിദ്ധമായ സമരപോരാട്ടങ്ങൾക്ക് ദൈവശാസ്ത്രമാനം നൽകിക്കൊണ്ട് ഓറ മാസികയ്ക്കു തുടക്കം കുറിച്ചു. അതോടെ വിമോചന ദൈവശാസ്ത്ര ജിഹ്വ എന്ന നിലയിൽ അതു വളർന്നു. അതിന്റെ പത്രാധിപസമിതി വിപുലപ്പെടുത്തി, സഭയിലും സമൂഹത്തിലും ഉയർന്നുവന്ന അസംഘടിത തൊഴിലാളിവിഭാഗങ്ങളുടെ ജനകീയസമരങ്ങൾക്ക് താത്വികാടിത്തറ പാകി. സമൂഹത്തിൽ പ്രാന്തവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെയും അവരുടെ വിമോചനപ്പോരാട്ടങ്ങളുടെയും ദൃഢസ്വരമായി ഓറ നിലകൊണ്ടു.

ഓറയുടെ പരിണാമദിശയിൽ, വിവിധ സംസ്കാരങ്ങളും വിശ്വാസങ്ങളും ചിന്താധാരകളും ജാതിമത നിലപാടുകളും ഒന്നുചേർന്ന ഒരു വികസ്വരരാഷ്ട്രത്തിൽ വിമോചന രഥ്യ എന്നു പറയുന്നത് എന്തിന്റെ തട്ടകത്തിൽ നിന്നുരുത്തിരിയുന്നതാകണം എന്ന ചിന്ത സജീവമാകുകയും

ആയതിലേക്ക് ഉതകുന്ന സുതാര്യവും സത്യസന്ധവും ശാസ്ത്രീയവുമായ കാഴ്ചപ്പാടോടെ ഒരു ബദൽ പ്രസിദ്ധീകരണമെന്ന നിലയിൽ മനുഷ്യവിമോചന ശബ്ദമായി ഓറയെ മാറ്റിയെടുക്കാൻ തീരുമാനിക്കുകയും ചെയ്തു.

പലവിധ എതിർപ്പുകളെയും പ്രതിലോമശക്തികളെയും നേരിട്ടുകൊണ്ടാണു ഓറയുടെ പ്രസിദ്ധീകരണം തുടർന്നുപോരുന്നത്. സാമൂഹിക-രാഷ്ട്രീയ-കലാ-സാഹിത്യ-സാംസ്കാരിക-കാർഷിക-ആരോഗ്യ-വിദ്യാഭ്യാസ-പാരിസ്ഥിതിക-സ്ത്രീവിമോചക കാര്യങ്ങളെപ്പറ്റിയെല്ലാം, ഒരു രാഷ്ട്രീയപ്പാർട്ടിയുടെയും ചട്ടുകമാകാതെ, സ്വതന്ത്രവും നീതിപൂർവകവും വിമർശനാത്മകവും ക്രിയാത്മകവുമായ സമീപനം സ്വീകരിച്ചുകൊണ്ടാണു മാസിക പ്രവർത്തനം തുടരുന്നത്.

**ലക്ഷ്യങ്ങൾ**

വ്യക്തമായ ദരിദ്രപക്ഷനിലപാടോടെ, മതേതരത്വത്തെ സ്വായത്തമാക്കിക്കൊണ്ട്, ദൈവത്തിന്റെ പേരിൽ പൗരോഹിത്യം നടത്തുന്ന ചൂഷണങ്ങളെയും അന്ധവിശ്വാസ-അനാചാര പ്രചാരണങ്ങളെയും വർഗീയ-തീവ്രവാദ ചിന്താധാരകളെയും എതിർത്തുകൊണ്ട്, ജീർണസംസ്കൃതിക്കെതിരെ നിലപാടെടുത്ത്, അവയോടെല്ലാം ദിശാബോധത്തോടെ പ്രതികരിച്ചും വിമോചനപ്പോരാട്ടങ്ങളിൽ പങ്കെടുത്തുകൊണ്ടുമാണ് കഴിഞ്ഞ 27 വർഷമായി ഈ മാസിക മുന്നേറുന്നത്. സമത്വാധിഷ്ഠിതമായ പുരോഗതിക്കുതകുംവിധമുള്ള ആശയങ്ങളും സാമൂഹിക മാറ്റത്തിനുതകുന്ന ചിന്താധാരകളും ഉൾക്കൊണ്ടു പ്രകടിപ്പിക്കുക എന്നതാണ് മാസികയുടെ ലക്ഷ്യം.

ഓറ മാസിക മുതലാളിത്തത്തിനും ആഗോളീകരണത്തിനും എതിരെ പ്രതികരിക്കുന്നു. പ്രാന്തവൽക്കരിക്കപ്പെട്ടവരുടെയും ദരിദ്രരുടെയും ജീവിതപുരോഗതിയെ ഉന്നംവയ്ക്കുന്നു. ചൂഷണത്തിനിരയായി സ്വത്വം നിഷേധിക്കപ്പെട്ടു ജീവിക്കാൻ വിധിക്കപ്പെട്ട ബഹുഭൂരിപക്ഷത്തിന്റെ ഒപ്പം നീങ്ങുന്നു. അവരുടെ സമരപോരാട്ടങ്ങളിൽ പങ്കുചേരുന്നു. അവരുടെ മോചനമെന്ന രാഷ്ട്രീയമാണു നമുക്കു സ്വീകാര്യം. എന്നാൽ തികച്ചും അടിമകളായി നിലനിന്നിരുന്ന ഭൂരിഭാഗം ജനതയെ ഫ്യൂഡലിസത്തിന്റെ കരാളഹസ്തങ്ങളിൽ നിന്നു മോചിപ്പിച്ച്, ഒരുപിടി മണ്ണിന്റെ ഉടമകളാക്കാൻ വേണ്ടി ജീവത്യാഗം ചെയ്തവരുടെ രാഷ്ട്രീയ സിദ്ധാന്തത്തെ തള്ളിപ്പറയാൻ നമുക്കാവില്ല. അജ്ഞതയുടെ ആഴങ്ങളിലേക്കു തള്ളിനീക്കപ്പെട്ടവർക്കു കൂടി വിദ്യാഭ്യാസം പ്രാപ്യമാക്കിക്കൊണ്ടു മതേതര-പൊതുവിദ്യാഭ്യാസത്തിനു ഊന്നൽ നൽകിയ രാഷ്ട്രീയത്തെ ആദരിച്ചേ മതിയാകൂ. ആ പ്രവണതകളെ തമസ്കരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാതെ, ഉണ്ടായ വീഴ്ചകളെ ശക്തമായി വിമർശിച്ചുകൊണ്ട്, ക്രിയാത്മകമായി ഇടപെടുകയാണു നമുക്കു കരണീയം. അരാഷ്ട്രീയത ഒന്നുകൊണ്ടും അഭിലഷണീയമല്ല. പുരോഗമന-ഇടതുപക്ഷ ചിന്താ

ധാരകളോടൊപ്പം പുനർവായനയ്ക്കുതകുന്നതും സർഗാത്മകവുമായ രചനകളാകണം നാം തെരഞ്ഞെടുക്കേണ്ടത്. ആ ദിശയിൽ രചന നടത്തുന്നവരുമായി നാം നിലനിർത്തിപ്പോരുന്ന ബന്ധം സുദൃഢമാക്കി പരിപോഷിപ്പിക്കേണ്ടതുണ്ട്. ഒപ്പം ആരോഗ്യകരമായ അഭിപ്രായരൂപീകരണത്തിനായി വിവാദാസ്പദമായ രചനകളും നമുക്കു സ്വീകരിക്കാം. ചുരുക്കത്തിൽ ദർശനദാർഢ്യതയും രാഷ്ട്രീയ വ്യക്തതയുമുള്ള ഒരു ഇടതു ബദലിനുള്ള അന്വേഷണമാണു നമ്മുടെ മുഖ്യ ലക്ഷ്യം.

ഈ അടിസ്ഥാനരേഖയിൽ അടിയുറച്ചുകൊണ്ട് പുതിയ ഭരണനിർവഹണസമിതി കാര്യങ്ങൾ മുന്നോട്ടു നടത്തണമെന്നും അതിലേക്ക് എല്ലാവരുടെയും സഹകരണം ഉണ്ടായിരിക്കുമെന്ന വാക്കോടെ പ്രൊഫ. വി സി ജോണിൽ നിന്നും ശ്രീ. ഒ പി പ്രസന്നകുമാർ ഓറയുടെ ബാങ്ക് പാസ്സ്ബുക്കും ചെക്കുബുക്കും കൈപ്പറ്റി. ഈ ഭരണ നിർവഹണ, കൈമാറ്റ സംരംഭം മംഗളകരമായി 29.8.2009 ൽ തന്നെ നടന്നു. അതു ഹൃദ്യമായൊരു ഒത്തുചേരലായിരുന്നു എന്നു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഓറയെ സ്നേഹിക്കുന്നവരുടെ സംഗമമെന്ന നിലയിൽ എല്ലാവരും തന്നെ അവരുടെ ഹൃദയവികാരങ്ങൾ അവിടെ പ്രകടമാക്കി.

ഈ ചടങ്ങിനോടനുബന്ധിച്ചു ഓറയുടെ സാമ്പത്തിക സ്വയം പര്യാപ്തതയിലേക്കുള്ള ശക്തമായൊരു മാർഗം ആയുഷ്കാല വരിക്കാരാണെന്ന വ്യക്തതയിൽ, കേരളത്തിലെ ലൈബ്രറികൾക്ക് ആരുടെയെങ്കിലും ഓർമയ്ക്കായി ഓറയെ സ്പോൺസർചെയ്യിച്ചു ആയുഷ്കാല വരിക്കാരെ വർധിപ്പിക്കാൻ തീരുമാനിച്ചിരുന്നു. അതിന്റെ ഉൽഘാടനമായി ശ്രീ. ഡെൽസൺ എം സ്കറിയ തന്റെ പിതാവിന്റെ സ്മരണാർഥം രണ്ടു ലൈബ്രറികൾക്ക് ഓറ സ്പോൺസർ ചെയ്ത വിവരം പ്രൊഫ. വി സി ജോൺ പ്രഖ്യാപിക്കുകയും അതിന്റെ ഔദ്യോഗിക പേപ്പറുകൾ പുതിയ മാനേജിങ് എഡിറ്റർക്കു കൈമാറി നിർവഹിക്കുകയും ചെയ്തു.

8.11.2009 ലെ എഫ് ആർ സി എസ് യോഗത്തിൽ അവതരിപ്പിച്ച ഓറയുടെ സംക്ഷിപ്ത വർഷിക റിപ്പോർട്ടുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാമെന്നു കരുതുന്നു. 'കഴിഞ്ഞ 27 വർഷമായി എല്ലാ മാസവും രണ്ടാം തീയതിതന്നെ മാസിക വരിക്കാർക്കും മറ്റു ബന്ധപ്പെട്ടവർക്കും അയച്ചുകൊടുക്കാൻ സാധിച്ചിട്ടുണ്ട്. അതിന്റെ പിന്നിൽ ധാരാളം പേരുടെ ത്യാഗോജ്ജ്വലമായ പ്രയത്നമുണ്ട്. കുറച്ചുപേരെയെങ്കിലും പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഈടുറ്റ ലേഖനങ്ങളും മറ്റു സൃഷ്ടികളും സമായാസമയങ്ങളിൽ ലഭിക്കാൻ സർവശ്രീ. എൻ ജി ശാസ്ത്രി, സി പി സുധാകരൻ തുടങ്ങിയവർ വഹിച്ച പങ്കു വലുതാണ്. ഡെൽസൺ എം സ്കറിയായും ഒ പി പ്രസന്നകുമാറും എഡിറ്റുചെയ്യുന്നതിലും ഡി റ്റി പി ചെയ്തു ഭംഗിയായി ലേഔട്ട് ചെയ്യുന്നതിലും പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിനെ അഭിമാനത്തോടെയാണു ഓർക്കുക. എഡിറ്റോറിയൽ ടീമിന്റെ ഭാഗത്തു നിന്നും പ്രന്റിങ് നടത്തുന്ന ഉത്തരവാദിത്വമുള്ളവരുടെ ഭാഗത്തു നിന്നും പല പരിമിതികൾ ഉണ്ടായിട്ടുണ്ടെങ്കിലും, കൃത്യമായി പോസ്റ്റു ചെയ്യത്തക്ക രീതിയിൽ മാസിക ജനജാഗൃതിഭവനിൽ എത്തിക്കുന്ന ശ്രീ. ന

മ്പോത്തിൽ ഗോപാലകൃഷ്ണനെയും പ്രത്യേകം സ്മരിക്കുന്നു. ഓറ ഓഫീസിൽ എത്തിയാൽ അവ കൃത്യസമയത്തുതന്നെ വേണ്ട ക്രമീകരണങ്ങളെല്ലാം ചെയ്തു ആർ എം എസിൽ എത്തിക്കുന്ന ശ്രീമതി കൊച്ചുമോളുടെ നിഷ്ഠ സ്തുത്യർഹമാണ്. എത്ര താമസിച്ചു മാറ്റർ കൊടുത്താലും, ഓറയുടെ പ്രസിദ്ധീകരണത്തിനു കോട്ടം വരാത്തരീതിയിൽ അർഥവത്തായ പടങ്ങളും കാർട്ടൂണുകളും വരച്ചുതന്നിരുന്ന തരുന്ന പ്രൊഫ. റ്റി എ എസ് മേനോനും പ്രൊഫ. വി സി ജോണിനും പ്രത്യേകം നന്ദി. സ്ഥിരം പംക്തി കൃത്യമായി തന്നു കൊണ്ടിരിക്കുന്ന ചെമ്മനം ചാക്കോ (ഒറ്റയാന്റെ സുവിശേഷം), രാജു ജോൺ (തടവറയിൽ നിന്ന്), മധു ഇറവങ്കര (ഫെയ്ഡ് ഇൻ), സ്വാമിദാസ് (ദില്ലിക്കാഴ്ചകൾ), ഡോ. സഞ്ജീവഘോഷ് (ഫിഷറീസ് കോളം), തോമസ് കോച്ചേരി (നേരും നേരും), സ. എം എ ബേബി (അന്തർദേശീയം), സി പി എസ് (ചെറുകുറി) തുടങ്ങിയ ഓരോ വ്യക്തിയെയും പ്രത്യേകം പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. കഴിഞ്ഞ 27 വർഷത്തെ ഓറയുടെ ജീവിതത്തിൽ അതിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും വേണ്ടി ആയിരക്കണക്കിനു വ്യക്തികളുടെ ആത്മാർഥവും നിസീമവുമായ സേവനവും സഹകരണവും ലഭിച്ചിട്ടുണ്ട്. അവരെയൊക്കെ സ്നേഹപൂർവം ഓർക്കുന്നു.

# 8

# ബദൽ കൂട്ടായ്മകൾ

ഇരുപതാം നൂറ്റാണ്ടിന്റെ അവസാന പകുതിയുടെ ആദ്യദശകങ്ങൾ പകുതി മനുഷ്യകുലത്തിന്റെ പ്രത്യാശകളെ പൂവണിയിക്കുന്നതായിരുന്നു. എന്നാൽ അവസാന ദശകങ്ങളിൽ അവ കൊഴിയുന്നതായും നാം കണ്ടു. ഒരു വശത്ത് അമേരിക്കയുടെ മാർഷൻ പ്ലാൻ ഫണ്ടിങ്ങിന്റെ സഹായത്തോടെ സ്വതന്ത്ര വിപണി പുന:സംഘടിപ്പിക്കപ്പെട്ടതും, മറു വശത്ത് ആസൂത്രിത സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ സോവിയറ്റുയൂണിയന്റെ നേതൃത്വത്തിൽ ചില രാജ്യങ്ങൾ വികസിപ്പിക്കപ്പെട്ടതും നമുക്കനുഭവവേദ്യമായി. ലോകപുരോഗതിക്കായി സ്വീകരിക്കപ്പെട്ട രണ്ടു വ്യത്യസ്ത വീക്ഷണങ്ങളായിരുന്നു അവ.

ശീതയുദ്ധത്തിന്റെയും നിയോകോളോണിയലിസത്തിന്റെയും വിത്തുകൾ ലോകമെങ്ങും വേരു പിടിച്ചു തുടങ്ങിയിരുന്നു. പഴയ കൊളോ




ബദൽ നിർമിതിക്കായ് കുടുംബസംഗമം എം എ ബേബി ഉദ്ഘാടനം ചെയ്യുന്നു

ണിയൽ പ്രതീക്ഷയുടേയും സാമ്രാജ്യത്വ വിരുദ്ധതയുടേയും പരിസരങ്ങളിൽ രൂപപ്പെട്ട, സമത്വം സ്വാതന്ത്ര്യം സാഹോദര്യം സമാധാനം എന്നിവയിൽ അധിഷ്ഠിതമായ ദർശനങ്ങൾ ഉയർന്നു വന്നു. അധീശാധികാരികളെ ചോദ്യം ചെയ്യാൻ മഹാത്മാഗാന്ധിയും മാവോസെതുങ്ങും ഹോചിമിനും പോപ്പ് ജോൺ ഇരുപത്തിമൂന്നാമനും സംഭാവന ചെയ്ത ദർശനങ്ങൾ സഹായമായി. ജവഹർലാൽ നെഹ്റു, ചൗ എൻ ലായ് സുക്കാർണോ, ക്വാമ എൻക്രൂമ, പാട്രിസ് ലുമുംബ, ജൂലിയസ് നെരേരെ, അബ്ദുൾ നാസർ, ഫിദൽ കാസ്ട്രോ, ടിറ്റോ എന്നിവരുടെ നേതൃത്വത്തിൽ രൂപം കൊണ്ട ചേരിചേരാ പ്രസ്ഥാനവും ബന്ദൂങ്ങ് പ്രഖ്യാപനവും പഞ്ചശീലതത്വങ്ങളും ആവേശദായകമായിരുന്നു. സഹവർത്തിത്വം, യുദ്ധവിരുദ്ധത, സാമ്രാജ്യത്വ വരുദ്ധത - ഇവ ശക്തി പ്രാപിച്ചു. ലോകജനസാമാന്യത്തിന്റെ അഭിലാഷങ്ങൾക്കെല്ലാം അഭൂതപൂർവമായ കരുത്തുണ്ടാവുകയും മൂന്നാം ലോകരാഷ്ട്രങ്ങളിൽ മിക്കയിടത്തും സോഷ്യലിസം ഏതാണ്ടു കൈയെത്തുന്ന ദൂരത്തായി, ഇനി ഒന്നു ആഞ്ഞു തുഴഞ്ഞാൽ പുതിയ ആകാശവും പുതിയ ഭൂമിയും കരഗതമാവും എന്ന തോന്നലുണ്ടായി.

അയ്ക്കഫ്, എസ് സി എം, അയിപ്സോ, രാഷ്ട്രീയ വിദ്യാർഥി-തൊഴിലാളി പ്രസ്ഥാനങ്ങൾ, ദലിത് മുന്നേറ്റങ്ങൾ, സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ, പരിസ്ഥിതി സംരക്ഷണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ, ഇടതു പക്ഷ ചായ്വുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, പുരോഗമന കലാ-ശാസ്ത്ര-സാഹിത്യ പ്രസ്ഥാനങ്ങൾ, ഇതര സർക്കാരേതര ഗ്രൂപ്പുകൾ തുടങ്ങിയവർ നല്ല നാളെയുടെ സാക്ഷാൽക്കാരത്തിനായി സ്വയം അർപ്പിക്കുകയായിരുന്നു അക്കാലത്ത്. ഈദൃശ പ്രസ്ഥാന-പ്രവർത്തനങ്ങളിൽ മുഴുകിയ ഒരു വ്യക്തി കൂടിയാണു ഞാൻ.

മേൽപ്പറഞ്ഞ പ്രതീക്ഷകളുടെ നാമ്പുകളെ കരിയിച്ചുകൊണ്ടാണു യു എസ് എസ് ആറിന്റെ പതനമുണ്ടായത്. അമേരിക്കൻ സാമ്രാജ്യത്വത്തെ കേന്ദ്രീകരിച്ചുണ്ടായ ഏകധ്രുവ സമീപനം വീക്ഷണവ്യതിയാനത്തെ ത്വരിതപ്പെടുത്തുകയായിരുന്നു. പബ്ലിക് സെക്ടർ-ആസൂത്രണ വ്യവസ്ഥയിലധിഷ്ഠിതമായ ദർശനങ്ങൾ ചോദ്യം ചെയ്യപ്പെടാൻ തുടങ്ങി. വിവിധ പുരോഗമന-ജനകീയ പ്രസ്ഥാനങ്ങൾക്കുള്ളിൽ വൈരുധ്യങ്ങളുടലെടുക്കുവാനും മുതലാളിത്തമൂല്യങ്ങൾ സർവസ്പർശിയാകാനും ഇടയായതും അതു മുതൽക്കാണ്. ഞാനുൾപ്പെട്ട പ്രസ്ഥാനങ്ങളും ഈ വൈരുധ്യത്തിന്റെ ഇരയായവയാണ്.

കർഷക-കർഷകത്തൊഴിലാളി ഗ്രാമീണ ജനവിഭാഗങ്ങളുടെ താൽപ്പര്യങ്ങൾക്കു പ്രാധാന്യം നൽകുന്ന, പരിസ്ഥിതിയെ കണക്കിലെടുക്കുന്ന, ലിംഗസമത്വം ഉറപ്പുവരുത്തുന്ന, അധീശത്വ ധാരണകളിലധിഷ്ഠിതമായ വിദ്യാഭ്യാസ പ്രക്രിയയെ നിരാകരിക്കുന്ന (ഉദാ: പോളോ ഫ്രെയർ), പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളെ യാഥാർഥ്യവൽക്കരിക്കുന്ന (ഉദാ: മാർട്ടിൻ ലൂഥർകിങ്), സാമൂഹ്യമാറ്റ

ത്തിനായി വിപ്ലവാത്മക പ്രവർത്തനങ്ങൾ അംഗീകരിക്കുന്ന (ഉദാ: ചാരു മജുംദാർ), നിലവിലിരിക്കുന്ന വ്യവസ്ഥിതിയെ ചോദ്യം ചെയ്യാൻ പർല മെന്റേതര നേർപ്രവർത്തനം സ്വീകരിക്കുന്ന (ഉദാ: ജയപ്രകാശ് നാരായണൻ), ദൈവവിജ്ഞാനീയത്തെ രാഷ്ട്രീയവൽക്കരിക്കുന്ന (ഉദാ: ലിയനാർഡ് ബോഫ്) സമഗ്രസാമൂഹ്യോന്നമനമെന്ന കാഴ്ചപ്പാടുകൾ ജന സഞ്ചയത്തിൽ വേണ്ടത്ര ഫലപ്രാപ്തിയിലാകാതെ പോയി. ഗാട്ടുകാരാറും ആഗോളവൽക്കരണ-ഉദാരവൽക്കരണ-സ്വകാര്യവൽക്കരണ നയവും ചുവടുറപ്പിച്ചു. രാഷ്ട്രീയ പാർട്ടികൾ ഇടത്-വലതുൾപ്പടെ, ജനത്തെ മറന്നുകൊണ്ടുള്ള പാർലമെന്ററി അധികാരമോഹത്തിനു വിധേയരായി. സ്വതന്ത്ര പ്രസ്ഥാനങ്ങൾക്കു നിസംഗതയും ബാധിച്ചു. ചോദ്യം ചെയ്യൽ എന്ന പാരമ്പര്യം പത്തി താഴ്ത്തിത്തുടങ്ങി. എല്ലാത്തിനെയും വ്യക്തി കേന്ദ്രീകൃതമായി സമീപിക്കാനുള്ള ത്വര, സാമൂഹ്യയാഥാർഥ്യങ്ങളോടു പുറം തിരിഞ്ഞു നിൽക്കൽ, അരാഷ്ട്രീയതയിൽ ആശ്വാസം കണ്ടെത്തൽ, എന്തിനോടുമുള്ള ഒരു വിരക്തി തുടങ്ങിയ പുതുപ്രവണതകൾ മനുഷ്യരാശി ചോരയും നീരും കൊടുത്തു വളർത്തിയെടുത്ത ചിരന്തനാശയങ്ങൾക്കെല്ലാം മുറിവേൽപ്പിച്ചു കഴിഞ്ഞിരിക്കുന്നു.

സാമ്രാജ്യത്വ വിരുദ്ധതയിൽ നിന്നും ഉരുത്തിരിഞ്ഞ ദർശനങ്ങളും, ദേശരാഷ്ട്രത്തിലും ആസൂത്രണത്തിലും അധിഷ്ഠിതമായ ലോകവീക്ഷണവും ഇന്നു ലോകത്തിനു നഷ്ടമായി. ഇവ രണ്ടിനേയും ഒരു പരിധി വരെ ക്രിയാത്മകമായി വിമർശിച്ചുപോന്നിരുന്ന (creative left)തും സമഗ്രസാമൂഹ്യ വീക്ഷണം സ്വീകരിച്ചതുമായ പ്രസ്ഥാനങ്ങളും ഗ്രൂപ്പുകളും ഇന്നു പാർശ്വവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ നേർ ഇരയാണു ഞാനും ഞാനുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങളും.

കൂടാതെ, ഇന്ത്യയിലെപ്പോലുള്ള സമൂഹങ്ങളിൽ വർഗീയതയുടെയും ജാതീയതയുടേയും പുതിയ സൂക്തങ്ങൾ വിമോചനമന്ത്രങ്ങളുടെ രൂപത്തിൽ ആവിർഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ഉയർത്തുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഈയൊരു വിശാല സാമൂഹ്യ-രാഷ്ട്രീയ -മതപരമായ പ്രതലത്തിൽ നിന്നുകൊണ്ടാണ് ബദൽ സാധ്യതകളെപ്പറ്റിയും ബദൽ കൂട്ടായ്മകളെപ്പറ്റിയും ഉറക്കെ ചിന്തിക്കാൻ ഒരുമ്പെടുന്നത്.

ചുരുക്കത്തിൽ, ദരിദ്രന്റെ അവസാന തുട്ടുകൂടി പിടിച്ചെടുത്ത് ധൂർത്തടിച്ച് തിമിർക്കുന്ന സമ്പന്നവർഗം, അരാഷ്ട്രീയതയുടെ മിഥ്യാസ്വപ്നങ്ങളിൽ കുടുങ്ങി അണുകുടുംബലോകങ്ങളിൽ കണ്ണുംപൂട്ടിയിരിക്കുന്ന മധ്യവർഗസമൂഹം, അധികാരത്തിന്റെ മത്തുപിടിച്ച അധീശ വർഗം, യാഥാസ്ഥിതികത്വത്തെ പെറ്റുകൂട്ടുന്ന മതസംവിധാനവും പുരോഹിതവർഗവും, മനുഷ്യനെ മനുഷ്യനല്ലാതാക്കി തീർക്കുന്ന നാറിയ ജാതി വ്യവസ്ഥയുടെ തേരോട്ടം, ഇതിനെയെല്ലാം ഒളിഞ്ഞും തെളിഞ്ഞും കൂട്ടുപിടിക്കുകയും ജനകീയ ഉത്തരവാദിത്വങ്ങൾ മറക്കുകയും ചെയ്യുന്ന സമകാലിക രാഷ്ട്രീയം, വിവേചനത്തിന്നും അടിച്ചമർത്തലിനും ചൂഷണത്തിനും നിരന്തരം വിധേയരാക്കപ്പെടുന്ന സ്ത്രീത്വവും ദളിതത്വവും പ്രകൃ

തിയും. ഇവിടെ പ്രതീക്ഷവച്ച നവോത്ഥാന-കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ അവരുടെ മധ്യവൽക്കരണത്തിന്റെ ഫലമായി ഇന്നു കുറ്റകരമായ നിശബ്ദത പാലിക്കുന്നു. ഇത്തരം സാമൂഹ്യയഥാർത്ഥ്യങ്ങളിൽ അസ്വസ്ഥരായി ജീവിതത്തിൽ വേറിട്ടു നിൽക്കുന്നവരെ ഇന്നത്തെ മത -രാഷ്ട്രീയ സാമൂഹ്യ ലോകം ഓരങ്ങളിലേയ്ക്കു തള്ളിനീക്കുന്നു. ഇവരോടാണ് എനിക്കു സംവദിക്കാനുള്ളത്.

ഒറ്റപ്പെട്ടവരായ നമ്മൾ ഇങ്ങനെ ഏകത്വത്തിൽ അഭിരമിച്ചാൽ മതിയോ? നമ്മുടെ മനസിൽ നിറയുന്ന അസ്വസ്ഥതകളും വീണ്ടു വിചാരങ്ങളും, രോഷങ്ങളും നിഷേധങ്ങളും, ആശയങ്ങളും ഭാവിയെപ്പറ്റിയുള്ള സ്വപ്നങ്ങളും ചർച്ച ചെയ്യപ്പെടേണ്ടേ? നമ്മുടെ ഓരോരുത്തരുടേയും താൽപ്പര്യ മേഖലകൾ മറ്റു സഹയാത്രികരുമായി പങ്കുവയ്ക്കേണ്ടേ? ജാതിക്കും മതത്തിനും വർണത്തിനും ലിംഗത്തിനും സമ്പത്തിനും ഇടുങ്ങിയ കക്ഷിരാഷ്ട്രീയത്തിനും അതീതമായി നമ്മൾ ഒത്തു ചേരണ്ടേ? നമ്മുടെ വ്യക്തിതാൽപ്പര്യമേഖലകൾക്കപ്പുറം മറ്റു മേഖലകളിലേക്കും നാം കണ്ണു തുറന്ന് ഒരു സമഗ്ര വീക്ഷണം രൂപപ്പെടുത്തേണ്ടേ? മുഖ്യധാരാസമൂഹത്തിന്റെ പരിഹാസങ്ങളെ നേരിട്ടുകൊണ്ട്, ഭാവിലോകത്തെ സ്വപ്നം കാണാനും സാമൂഹ്യനീതിക്കും മാലിന്യവിമുക്ത പരിസ്ഥിതിക്കും മതനിരപേക്ഷസമൂഹത്തിനും വിശാലമായ പ്രാപഞ്ചികതയ്ക്കും വേണ്ടി വാദിക്കാനും പോരാടാനും പ്രതിരോധിക്കാനും നമ്മുടെ സാമൂഹ്യ അസ്തിത്വം ഉറപ്പിക്കുവാനും ചിലരെങ്കിലും ഉത്തരവാദിത്തോടെ അവശേഷിക്കുന്നുണ്ടെന്നു സമൂഹം വിലയിരുത്തേണ്ടേ?

ഇവിടെ ഒരു കാര്യം തുറന്നു പറയട്ടെ. എനിക്കിന്നു വയസ്സ് 63. ഓർമയായതു മുതലുള്ള അനുഭവങ്ങൾ പ്രത്യേകിച്ചു കഴിഞ്ഞ 39 വർഷത്തെ വൈദിക ജീവിത ഇടപെടലുകൾ വഴി, സത്യസന്ധതയും ആത്മാർഥതയുമുള്ള, അർപ്പണബോധവും സാമൂഹ്യപരതയുമുള്ള, ഒറ്റപ്പെട്ട വ്യക്തികളെ ധാരാളമായി അടുത്തറിയാൻ സാധിച്ചിട്ടുണ്ട്. സമൂഹം അവരെ ഓരങ്ങളിലേക്കു തള്ളി നീക്കിയിട്ടിരിക്കുന്നു. എങ്കിലും അവരുടെ സ്വത്വവും തനിമയും നഷ്ടപ്പെടുത്താതെ പുതിയപാതകൾ അന്വേഷിക്കുകയാണവർ. പലപ്പോഴും ഹൃദയം തുറക്കാൻ വ്യക്തികളോ ആശയവിനിമയം നടത്താൻ സാഹചര്യങ്ങളോ ഇല്ലാതെ ഒറ്റയ്ക്കാണീ വ്യതിരിക്ത യാത്ര. ഇവർ ഏതു മേഖലയിലായാലും, വ്യക്തിഗതമായ ഇച്ഛാശക്തിയോടെ സംഘാത്മകതയിൽ ഉറച്ചുനിന്ന് രാഷ്ട്രീയ വ്യക്തതയോടെ സാമൂഹ്യ നീതിക്കായും വിശ്വ സാഹോദര്യത്തിനായും ശബ്ദിക്കേണ്ടതുണ്ട് എന്നാണ് എന്റെ ജീവിതവീക്ഷണം. അങ്ങനെ വേറിട്ടു ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്നവരുടെ ബദൽ സംഘാത്മകതയുടെ സാധ്യതകളാണ് ബദൽ കൂട്ടായ്മകൾ കൊണ്ടുദ്ദേശിക്കുന്നത്.

സാമൂഹ്യമാറ്റപ്രക്രിയയിൽ ഗൗരവതരമായും ആത്മാർഥമായും സത്യസന്ധമായും ഇടപെട്ടു നീങ്ങിയ എന്നെപ്പോലെയുള്ളവർക്ക് ഇന്നത്തെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ-മതപരമായ യാഥാർഥ്യങ്ങളെ

യും, വ്യവസ്ഥിതിയെയും വസ്തുനിഷ്ഠമായി ഹൃദയത്തിൽ സ്വീകരിക്കാൻ പറ്റാതെ വീർപ്പുമുട്ടുന്ന അവസ്ഥയാണുണ്ടായത്. രാഷ്ട്രീയ വ്യക്തത ഞങ്ങളെ മുന്നോട്ടു കൊണ്ടുപോകുന്നിടത്ത്, വസ്തുനിഷ്ഠ സാമൂഹ്യ-മതപര-രാഷ്ട്രീയ യാഥാർത്ഥ്യങ്ങൾ ഞങ്ങളെ പുറകോട്ടടിക്കുന്നു. തൽഫലമായുള്ള പിരിമുറുക്കം (stress) ഒട്ടും തന്നെ ചെറുതല്ല. അവിടെയാണ് സാമൂഹ്യമാറ്റ പ്രക്രിയയിൽ വർഷങ്ങളായി താൽപ്പര്യപൂർവം കുറച്ചു വ്യക്തികൾ ഏതാണ്ടു 10 വർഷങ്ങൾക്കു മുമ്പ് ഒത്തുകൂടുകയും ഹൃദയത്തുടിപ്പുകൾ പങ്കുവയ്ക്കുകയും ചെയ്തത്. സമ്പന്നമായ ഒത്തുചേരലുകൾ. ഗൗരവമായുള്ള അന്വേഷണം. എല്ലാ രണ്ടു മാസങ്ങളിലും മൂന്നാം ശനിയാഴ്ചയും ഞായറാഴ്ചയും ഓരോ സുഹൃത്തിന്റെ വീട്ടിൽ കൂടി ഈ അന്വേഷണം സഗൗരവം തുടർന്നു. വായനയും പഠനവും വിചിന്തനവും പ്രയോഗിക ജീവിത പന്ഥാവും നിരന്തര ചിന്താവിഷയമായി.

ഞങ്ങൾ ആദ്യം ചിന്തയ്ക്കും പഠനത്തിനും കൊണ്ടുവന്നത്, എന്തായിരിക്കണം നമ്മുടെ ലോകവീക്ഷണം, എന്തായിരിക്കണം നമ്മുടെ മൂല്യസംഹിത എന്നിവയെപ്പറ്റിയായിരുന്നു. കാരണം ദർശന വ്യക്തതയും വീക്ഷണകൃത്യതയും ഇല്ലാത്ത ഏതു നീക്കവും അടിത്തറ ഇല്ലാതെ ഉപരിപ്ലവമാകയാൽ അട്ടിമറിക്കപ്പെടാം. അതുകൊണ്ടുതന്നെ തീക്ഷ്ണമായുള്ള അന്വേഷണമാണ് ലോകവീക്ഷണവ്യക്തതയ്ക്കു വേണ്ടി നടത്തിയത്. അതിന്റെ അടിസ്ഥാന സവിശേഷതകളായി വിശേഷിപ്പിക്കാവുന്നത് ഇവയാണ്.

പ്രഥമവും പ്രധാനവുമായി ഈ ലോകവീക്ഷണം നൂറു ശതമാനവും മതേതരവും മതനിരപേക്ഷവുമായിരിക്കണം. എല്ലാം ഈലോകബന്ധിതമാണ്. ഈ ലോകജീവിതം അർഥസമ്പുഷ്ടമാക്കുകയാണ് നമ്മുടെ ഓരോരുത്തരുടെയും കടമ/ധർമം. പരലോകബന്ധിതമായി പറയാറുള്ള ദൈവവും, ദൈവവുമായി ബന്ധപ്പെട്ടു പറയാറുള്ള നരകം-സ്വർഗം, പിശാച്-മാലാഖ, പാപം-പുണ്യം, മനക്കടി-മനസ്സുഖം തുടങ്ങിയവയും മനുഷ്യജീവിതപ്രശ്നങ്ങൾക്കു പരിഹാരമല്ലെന്നു മാത്രമല്ല, അവ ജീവിതം കൂടുതൽ സങ്കീർണവും പ്രശ്നനിർഭരവും പിരിമുറുക്കം ഉണ്ടാക്കുന്നവയുമാണ്. ചുരുക്കത്തിൽ യഥാർഥ്യമായത് ഈ ലോകം മാത്രമാണ്. പരലോകം എല്ലാ രീതിയിലും മനുഷ്യസൃഷ്ടിയാണ്; കുറച്ചു പേർക്ക് ബഹുഭൂരിപക്ഷത്തിന്റെ പേരിൽ സുഖമായി ജീവിക്കുവാൻ, ബഹുഭൂരിപക്ഷം വരുന്നവരുടെ ജീവിതം കൂടുതൽ ദുസ്സഹവും അടിമത്തപരവുമാക്കാൻ, ബോധപൂർവം ആസൂത്രണം ചെയ്യപ്പെട്ട മനുഷ്യനിർമിതി.

ഇവിടെ ആദ്യം പ്രശ്നമായി ഉയർന്നു വരുന്നതു ദൈവം എന്ന സങ്കൽപ്പമാണ്. ലക്ഷക്കണക്കിനു വർഷങ്ങളായി മനുഷ്യൻ ഈ ലോകത്തു ജീവിക്കുന്നു. ഇന്നുവരെ ആരും ദൈവത്തെ കണ്ടിട്ടില്ല; ദൈവം ആരാണെന്ന് ആർക്കും അറിയുകയുമില്ല. മനുഷ്യന്റെ അജ്ഞതയെയും പരിമിതികളെയും ചൂഷണം ചെയ്തുകൊണ്ടു 'കുറച്ചു മിടുക്കർ' ഇന്നു

നിലനിർത്തുന്ന ഒരു സങ്കൽപ്പമാണു ദൈവം. ദൈവത്തെപ്പറ്റിയുള്ള മനുഷ്യരുടെ ധാരണകളും സങ്കൽപ്പങ്ങളും എത്ര കോടാനുകോടി ജനങ്ങളുണ്ടായിരുന്നോ അത്രതന്നെയുണ്ടെന്നതാണു വാസ്തവം. കാരണം ഓരോ വ്യക്തിയുടേയും ദൈവ്സങ്കൽപ്പങ്ങൾ വ്യത്യസ്തമാണ്, പലപ്പോഴും വിരുദ്ധവുമാണ്. പിന്നെ പൊതുവേ ദൈവത്തെ കാണുന്നതു ഒരു 'പൂർണ,' 'ഏറ്റവും നല്ല,' 'നന്മയുടെ നിറകുട'മായ മനുഷ്യനായാണ്. കാരണം പരിമിതനായ മനുഷ്യനു സ്വപ്നം കാണാവുന്ന/സങ്കൽപ്പിക്കാവുന്ന ഒന്നാണ് അപരിമേയമായ ഒന്നിനെ. സത്യത്തിൽ അതവന്റെ മനോസൃഷ്ടിയാണ്. ദൈവം ഉണ്ട് എന്നും ഇല്ല എന്നും തെളിയിക്കുകതന്നെ യുക്തിരഹിതമാണ്. കാരണം എല്ലാ അറിവിന്റെയും അടിസ്ഥാനം ഇന്ദ്രിയഗോചരമാണ്. ഇന്ദ്രിയവുമായി ബന്ധപ്പെടാത്ത അറിവില്ല. ദൈവം ഇന്ദ്രിയഗോചരമല്ല. ദൈവം ഉണ്ടായിരിക്കാം, ഇല്ലായിരിക്കാം എന്ന അജ്ഞേയ സമീപനവുമുണ്ടിന്ന്. ഇതൊരു വൃഥായുള്ള ബൗദ്ധികവ്യായാമമല്ലാതെ മറ്റെന്താണ്. ദൈവം നമ്മുടെ ഒരു കാര്യത്തിലും ഇടപെടുന്നില്ല, ഇടപെടുകയുമില്ല. കാരണം? ഉത്തരം ഒന്നേയുള്ളൂ; അങ്ങനെ ഒന്നില്ല എന്നതുതന്നെ. ഇതു മനസിലാക്കിയ മിടുക്കരായ മതാചാര്യന്മാർ നിശ്ശബ്ദനായ, പ്രതികരിക്കാത്ത, ചോദ്യംചെയ്യാത്ത ദൈവങ്ങളെ/ദൈവത്തെ പള്ളികളിലും അമ്പലങ്ങളിലും മോസ്കിലും, എന്തിന് അവനവന്റെ മനസിലും കുടിയിരുത്തിയിട്ട് എല്ലാ സാമൂഹ്യതിന്മകൾക്കും അനീതികൾക്കും ആക്രമണങ്ങൾക്കും കൂട്ടുനിൽക്കുന്നു. ദൈവം ശിക്ഷിക്കും, രക്ഷിക്കും. അനുഗ്രഹിക്കും, സംരക്ഷിക്കും എന്നൊക്കെയുള്ള വിശ്വാസവും ധാരണയും ബഹുഭൂരിപക്ഷം വരുന്ന ജനതയിൽ കുത്തിവച്ചിട്ട് ഈ ധാരണയെ പരിപോഷിപ്പിക്കുകയാണീ 'മിടുക്കർ.' സർവനന്മസ്വരൂപനും, സർവവല്ലഭനും സർവശക്തനും അനാദിയും ആദ്യകാരണവും നിത്യവിധിയാളനും തുടങ്ങിയുള്ള വിശേഷണങ്ങൾ കൊണ്ടു ദൈവത്തെ പൊതിഞ്ഞിട്ട്, നമ്മുടെ മൗലികമായ സ്വാതന്ത്ര്യത്തെ അടിയറവ് വയ്പിക്കുന്ന ഇവരുടെ മിടുക്ക് അപാരമാണ്. ഇല്ലാത്ത ഒന്നിനെ സജീവമായി സങ്കൽപ്പിച്ചിട്ടു സ്വന്തം വ്യക്തിത്വത്തെ അടിമപ്പെടുത്തുന്ന ദൈവസങ്കൽപ്പം എല്ലാം കൊണ്ടും യുക്തിരഹിതമാണ്. ഇവിടെ വേണ്ടതു അറിവല്ല, തിരിച്ചറിവാണ്.

ഈ കേവല സങ്കൽപ്പത്തെ യഥാർഥമാക്കുന്ന വിരുതുണ്ട് മതസംവിധാനത്തിനും അതിനെ നിലനിർത്തുന്ന പൗരോഹിത്യവർഗത്തിനും. അതുകൊണ്ടാണ് പ്രസിദ്ധ ചിന്തകനായ നീത്ഷേ പുരോഹിതഗണത്തിനെതിരെ സന്ധിയില്ലാ സമരം ചെയ്തത്. അദ്ദേഹത്തെ തന്നെ നമുക്ക് കേൾക്കാം. "ഞാൻ പുരോഹിതന്മാർക്കെതിരെ യുദ്ധം പ്രഖ്യാപിക്കുന്നു. പൗരോഹിത്യ വാസനയുടെ നാമ്പുകൾ എവിടെയും കാണാം. എവിടെ പുരോഹിതരക്തം സിരകളിലുണ്ടോ, അവിടെയെല്ലാം തെറ്റിന്റെയും അസത്യത്തിന്റെയും മുഖം കാണാം. ഇതിൽ നിന്നും ഉരുത്തിരിയുന്ന ദുരന്ത

ത്തിന്റെ പേരാണ് 'വിശ്വാസം.' ഈ പുരോഹിത വാസനയെ ഞാൻ ആഴത്തിൽ ചികഞ്ഞു നോക്കിയിട്ടുണ്ട്. ഭൂമിയിൽ നിലവിലുള്ളതിൽ വച്ചേറ്റവും വ്യാപകവും ആഴത്തിൽ പതിഞ്ഞിട്ടുള്ളതുമായ തട്ടിപ്പ് ഇതാണ്. പുരോഹിതൻ സത്യമെന്നു കരുതുന്നത് നുണയായിരിക്കും" (ആന്റിക്രൈസ്റ്റ് പേജ് 18).

സത്യമിതാണെങ്കിലും, ഇന്നു മതം എല്ലാ രീതിയിലും സ്ഥാപിതമാണ്. മനുഷ്യവംശത്തെ ആകെത്തന്നെ നിരന്തരം സ്വാധീനിക്കുകയും ഏതാണ്ട് അടിമപ്പെടുത്തുകയും ചെയ്യുന്ന അതിശക്തമായ ഒരു ഭീകര പ്രതിഭാസമായി മാറിയിരിക്കുന്നു മതം. ഇന്നു ഭാരതത്തിൽ ഏതാണ്ടു 99 ശതമാനം ജനതയും മതവിശ്വാസികളാണ്; ലോകജനതയിൽ ബഹുഭൂരിപക്ഷവും. ഈ സംഘടിത മതഘടനയെ നിലനിർത്തുന്നതോ പൗരോഹിത്യവും. അങ്ങനെ മതവും പുരോഹിതഗണവും അവിഭാജ്യമാം വിധം ബന്ധപ്പെട്ടു നിലകൊള്ളുന്നു.

എങ്ങനെയാണു മതസംവിധാനം മനുഷ്യരെ ചൂഷണം ചെയ്യുന്നത് എന്നു പലവീക്ഷണ കോണുകളിൽ നിന്നും വിശദീകരിക്കാം. ഈ വിഷയത്തെപ്പറ്റി വാല്യങ്ങൾ എഴുതിയാലും തീരില്ല. വിസ്താരഭയം നിമിത്തം ആ സാഹസത്തിനു തുനിയുന്നില്ല. എങ്കിലും മനുഷ്യനെ മതം നിരന്തരം മുതലെടുക്കുന്ന രണ്ടു ഘടകങ്ങളിലേക്കു മാത്രം അൽപ്പമൊന്നു വിരൽ ചൂണ്ടട്ടെ - മനുഷ്യന്റെ അജ്ഞതയും പരിമിതിയും.

ഈ രണ്ടു കാര്യങ്ങളും യഥാർഥമാണ്. മനുഷ്യന് അറിവില്ലായ്മയുണ്ട്. അവനു ബുദ്ധിയുണ്ട്. അവൻ നിരന്തരം അറിവു തേടിക്കൊണ്ടേ ഇരിക്കണം. സത്യാന്വേഷണം മനുഷ്യത്വത്തിന്റെ സ്വാഭാവമാണ് . അതുപോലെ മനുഷ്യന് പരിമിതികൾ ഏറെയുണ്ട്. മതപുരോഹിത വർഗം ഇവിടയാണു കേറിപ്പിടിച്ചത്. അറിവിന്റെയും ജ്ഞാനത്തിന്റെയും ഏതാണ്ട് ഉറവിടംപോലെ മതപുരോഹിതർ അറിവില്ലെന്നു സ്വയം കരുതുന്ന പാവം ജനങ്ങളുടെ മുമ്പിൽ സ്വയം അവതരിക്കുകയാണ്. മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലയിലും ഇവർ കടന്നുകയറുകയാണ്. മതസംവിധാനത്തെ ഒരു സാമൂഹ്യ യാഥാർഥ്യമായി പ്രഖ്യാപിച്ചുകൊണ്ട്, മനുഷ്യന്റെ ജനനം, പേരിടീൽ, വിവാഹം, രോഗം, മരണം—എന്തിനു മരണാനന്തരാവസ്ഥവരെ അവർ കൈവച്ചുകഴിഞ്ഞു. ഒരു സ്ത്രീയുടേയും പുരുഷന്റെയും സ്നേഹത്തിന്റെ ഫലമായി ഒരു മനുഷ്യക്കുഞ്ഞായി ജനിച്ചുവീഴുന്ന കുഞ്ഞിന് , ഇന്ന് ഏതാണ്ടു 99 ശതമാനവും ഒരു മനുഷ്യജീവിയായിട്ടു വളർന്നു വരാൻ സാധിക്കാത്ത രീതിയിലാണ് മതങ്ങളും പൗരോഹിത്യവും സംവിധാനങ്ങൾ സൃഷ്ടിച്ചിരിക്കുന്നത്. ജനിച്ചുവീഴുന്ന കുഞ്ഞിനു ജ്ഞാനസ്നാനം, പേരിടീൽ, സുന്നത്ത് തുടങ്ങിയ മതചടങ്ങുകളിലൂടെ മനുഷ്യക്കുഞ്ഞിനെ വിഭജിച്ച് വേർതിരിച്ച് ഒരു ക്രിസ്ത്യാനിക്കുഞ്ഞ്, ഒരു ഹൈന്ദവ കുഞ്ഞ്, ഒരു മുസ്ലിം കുഞ്ഞ് എന്നിങ്ങനെയാക്കുന്ന അക്ഷന്തവ്യമായ പാതകമാണ് ഇന്നു മതങ്ങൾ ചെയ്യുന്നത്. മാതാപിതാക്കളെ ആ രീതിയിൽ മതങ്ങൾ പരുവപ്പെടുത്തിക്കഴി

ഞ്ഞു. ജനിച്ചു വീണ മനുഷ്യക്കുഞ്ഞിനെ ഏതെങ്കിലും (പൊതുവേ മാതാപിതാക്കളുടെ) മതത്തിൽ എത്രയും വേഗം ചില അർഥശൂന്യമായ ചടങ്ങുകളിലൂടെ ചേർത്തില്ലെങ്കിൽ, ഏതാണ്ടു വലിയ കൃത്യവിലോപം നടത്തിയെന്ന രീതിയിലാണു മാതാപിതാക്കളെ പഠിപ്പിച്ചിരിക്കുന്നത്. ഏതെങ്കിലും മാതാപിതാക്കൾ അവരുടെ കുഞ്ഞുങ്ങളെ ഇങ്ങനെ ഏതെങ്കിലും മതത്തിനു അടിമപ്പെടുത്തുന്നില്ല എന്നു തീരുമാനിച്ചു നീങ്ങിയാൽ, മതപുരോഹിത കൂട്ടുകെട്ട് അവരെ ഒറ്റപ്പെടുത്തി നശിപ്പിച്ചില്ലാതാക്കും. ഇതാണിന്നു നടക്കുന്നത്. കുട്ടിയുടെ ജീവിതത്തിന്റെ പ്രധാനപ്പെട്ട ഓരോ ഘട്ടങ്ങൾ നിർണയിച്ച് അവിടെയെല്ലാം മതപൗരോഹിത്യം സജീവമായി ഇടപെട്ട്, മതാചാരങ്ങൾക്ക് അനുസൃതമായി അവനെ/ അവളെ രൂപപ്പെടുത്തുന്നു.

മതങ്ങളുടേയും പുരോഹിതഗണത്തിന്റെയും ഏറ്റവും നികൃഷ്ടമായ ഇടപെടൽ നടക്കുന്നതു വിവാഹവേളയിലാണ്. ഒരു സ്ത്രീയും പുരുഷനും പ്രേമബദ്ധരാവുക അവരുടെ മതാംഗത്വം നോക്കിയല്ല. അവർ പരസ്പരം ഇഷ്ടപ്പെടുക അവരുടെ സഹജഭാവമാണ്, മൗലികാവകാശമാണ്. അതു അവരവരുടെ മതത്തിൽ നിന്നുതന്നെയാകണം എന്നു ശഠിക്കുന്നതു മനുഷ്യന്റെ മൗലികാവകാശത്തിന്മേലുള്ള കടന്നുകയറ്റമാണ്. ഇത്ര ക്രൂരമായ മനുഷ്യവകാശ ധ്വംസനം വേറെയില്ല. ഇതു തെറ്റാണ് എന്നു കാണുവാൻ പോലുമുള്ള മനസ്സാന്നിധ്യം ഇല്ലാത്ത രീതിയിലാണിന്നു മതവിശ്വാസികളെ പരുവപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല, ഇങ്ങനെ സ്വന്തം മതങ്ങളിൽ നിന്നു തന്നെ തന്റെ ജീവിതപങ്കാളിയെ തെരഞ്ഞെടുക്കണം എന്നതു ദൈവനിശ്ചയമാണെന്നു പഠിപ്പിക്കാൻ പോലുമുള്ള (മൂഢ) ധൈര്യം ഇന്നത്തെ മതപുരോഹിതവർഗത്തിനു കൈവന്നിരിക്കുന്നു എന്നു കാണുമ്പോഴാണ് ഈ വർഗത്തിന്റെ കാപട്യത്തിന്റെ ആഴം മനസിലാവുക.

ഇതിനേക്കാൾ കഠിനവും നികൃഷ്ടവുമാണ് മനുഷ്യന്റെ മരണത്തിനും മരണാനന്തരത്തിനും മേലുള്ള മതസംവിധാനത്തിന്റെ സ്വാധീനം. മോഹിപ്പിക്കുന്ന സ്വർഗവും പേടിപ്പിക്കുന്ന നരകവും വരച്ചുകാട്ടി മതപുരോഹിതവർഗം ചമച്ചുണ്ടാക്കിയ ഭക്ത്യാനുഷ്ഠാനങ്ങൾക്കും കർമ്മാദികൾക്കും വിധേയപ്പെടുത്തി മനുഷ്യനെ അടിമയാക്കി നിർത്തുന്ന ആസൂത്രിതമായ ബുദ്ധിവൈഭവമാണിവർ കാട്ടുക. ഇക്കാര്യത്തിൽ ഏറ്റവും നികൃഷ്ടമായ രീതി കത്തോലിക്കാ സഭ ഉൾപ്പെടുന്ന എപ്പിസ്കോപ്പൽ സഭാവിഭാഗങ്ങൾക്കാണുള്ളത്. ഒരാൾ രോഗിയായാൽ, 'നല്ല' മരണം ലഭിക്കാൻ വേണ്ടി ഒരു കൂദാശതന്നെ അവർ ഉണ്ടാക്കിയിരിക്കുന്നു—'രോഗീലേപനം'. എന്താണ് അതിലൂടെ സംഭവിക്കുന്നത്? രോഗിക്കു മതിയായ ആരോഗ്യമുണ്ടെങ്കിൽ വൈദികന്റെ അടുത്ത് കുമ്പസാരിച്ചു കുർബാന സ്വീകരിച്ചിട്ട്, പാപമോചനത്തിന്റെ തൈലം രോഗിയിൽ പൂശുകയാണ്. ഇനി കുമ്പസാരവും കുർബാനയും നടത്താൻ സാധിക്കാത്ത അവസ്ഥയിലാണെങ്കിൽ ഈ തൈലാഭിഷേകത്തിന്റെ

ഫലമായി ആ അഭിഷേകം/പൂശൽ രോഗിയുടെ എല്ലാ പാപങ്ങളും പൊറുക്കുമെന്നും സ്വർഗത്തിന് അവകാശി ആകുമെന്നുമാണ് ഈ (കപട) മതപുരോഹിതവർഗം പാവം ജനങ്ങളെ പഠിപ്പിച്ചിരിക്കുന്നത്. ജനം അതു വിശ്വസിച്ചു ചെയ്യുന്നു. ഇതൊരപരാധമാണ്. കത്തോലിക്കർക്കറിയാം രോഗീലേപനലക്ഷ്യം 'നല്ല മരണം' ആണെന്ന്. അങ്ങനെ ഒരു പുരോഹിതൻ ഒരു രോഗിയെ സമീപിക്കുമ്പോൾ, ആ രോഗിക്കു അൽപ്പമെങ്കിലും അവബോധമുണ്ടെങ്കിൽ, താൻ മരിക്കാൻ പോകുന്നു എന്ന ചിന്ത അയാളിൽ ജനിപ്പിക്കുകയും രോഗസൗഖ്യമെന്ന വിദൂര സാധ്യതപോലും ഇല്ലാതാക്കി എത്രയും വേഗം ആ രോഗിയെ കൊല്ലിക്കുകയാണ് ഈ കർമത്തിലൂടെ ചെയ്യുക. കഴിഞ്ഞ 39 വർഷത്തെ വൈദിക ജീവിതത്തിൽ, എന്റെ സഹവൈദീകരായിരുന്ന പലരുടേയും ക്രൂരവിനോദഭാഷയെ ഞാനൊന്ന് അയവിറക്കട്ടെ: "ഞാൻ അന്ത്യകൂദാശ (രോഗീലേപനത്തിന്റെ മറ്റൊരു പേര്) കൊടുത്ത എല്ലാവരും തന്നെ താമസിയാതെ മരിച്ചു!"

മരിച്ചിട്ടും തീരുന്നില്ലല്ലോ മതത്തിന്റെ ഇടപെടലും സ്വാധീനവും. 'മരിച്ചയാൾ മരിച്ചു കഴിഞ്ഞു' എന്നു യുക്തിയോടെ ചിന്തിക്കുന്ന ഏതൊരു വ്യക്തിക്കും കാര്യങ്ങൾ സുവ്യക്തമാണ്. പക്ഷേ മരണാനന്തരം നടത്തപ്പെടുന്ന മതശുശ്രൂഷകൾ എത്ര അർഥശൂന്യമെന്നു അതു നടത്തിക്കൊണ്ടിരിക്കുന്നത് ഒന്നു വീക്ഷിച്ചാൽ മനസിലാകും. എല്ലാ മതത്തിലും ഈ അർഥശൂന്യത നാം കാണുന്നു. എന്റെ അനുഭവത്തിൽ കത്തോലിക്കസഭയിൽ ഇതിന്റെ അർഥശൂന്യത കൂടുതൽ പ്രകടമാണ്; കാരണം, അവിടുത്തെ പൗരോഹിത്യഗണത്തിന്റെ സ്ഥാപനപരത അത്ര മാത്രം രൂക്ഷമാണ് എന്നതാണ്. മരിച്ച വ്യക്തിക്കു പോകാൻ നരകവും സ്വർഗവും അല്ലാതെ മൂന്നാമതൊരു സ്ഥലം സഭ കണ്ടുപിടിച്ചിട്ടുണ്ട്- ശുദ്ധീകരണ സ്ഥലം. മറ്റു മതങ്ങൾക്ക് ഇങ്ങനെയൊരു സ്ഥലം കണ്ടു പിടിക്കാനുള്ള ബുദ്ധിവൈഭവം ഇല്ലാതെ പോയി! എന്താണ് ശുദ്ധീകരണ സ്ഥലം? നരകത്തിൽ പോകത്തക്ക രീതിയിലുള്ള കഠിന പാപങ്ങൾ ചെയ്തിട്ടില്ല; എന്നാൽ സ്വർഗത്തിൽ പോകത്തക്കരീതിയിലുള്ള പുണ്യങ്ങളുമായിട്ടില്ല. ആൾ മരിച്ചും പോയി. ഇനി ജീവിച്ചിരിക്കുന്ന ബന്ധുക്കളുടേയും മിത്രങ്ങളുടേയും ജോലിയാണ് മരിച്ചു ശുദ്ധീകരണ സ്ഥലത്തു കിടക്കുന്ന ആ വ്യക്തിക്കായി പ്രാർഥിച്ചും പാപപരിഹാരം ചെയ്തും അദ്ദേഹത്തെ സ്വർഗത്തിലെത്തിക്കുക. അതിനായി 3-ന്റെ കുർബാന, 7-ന്റെ കുർബാന, 30-ന്റെ കുർബാന, ആണ്ടു കുർബാന, ഒപ്പീസുകൾ തുടങ്ങിയ വിവിധങ്ങളായ ഭക്ത്യഭാസങ്ങൾ. ഇവയുടെ എല്ലാം യഥാർഥ ഗുണഭോക്താക്കളോ പുരോഹിതഗണവും.

മതവും പുരോഹിത ഗണവും ഇതു മാത്രമല്ല ഇന്നു ചെയ്യുന്നത്, അവർ സാമൂഹ്യ-രാഷ്ട്രീയ മേഖലകളിലൊക്കെത്തന്നെ അവരുടെ ദുഃസ്വാധീനം ചെലത്തുന്നതും നാം കണ്ടുകൊണ്ടിരിക്കുന്നു. കേരള രാഷ്ട്രീയത്തിൽ, എന്തിന് ഇന്ത്യൻ രാഷ്ട്രീയത്തിൽ പോലും, ആരായിരിക്കണം അവരുടെ സ്ഥാനാർഥി എന്നു നിർദേശിക്കുകയും സമർഥി

ക്കുകയും ചെയ്യുന്ന അവസ്ഥവരെ ഇന്നു സംജാതമാണ്. അവരുടെ വർഗ-സമുദായ താൽപ്പര്യത്തിനു ഹാനികരമാകാൻ സാധ്യതയുള്ള, എന്നാൽ ബഹുഭൂരിപക്ഷം വരുന്ന സാമാന്യജനതയ്ക്കു ഗുണകരമായ, കാലാകാലങ്ങളിലെ വിദ്യാഭ്യാസ പരിഷ്കാരങ്ങളെ നിരന്തരം എതിർക്കുകയും വിശ്വാസികളുടെ മതവികാരത്തെ വേഗത്തിൽ ഇളക്കിവിട്ടു മതേതര പുരോഗമന സർക്കാരുകളെ നിലം പതിപ്പിക്കുന്നതിൽ എല്ലാ വളഞ്ഞ വഴികളും സ്വീകരിച്ച/സ്വീകരിക്കുന്ന പുരോഹിത മതസംവിധാനത്തിന്റെ അധാർമികമായ അധികാരപ്രമത്തത എത്ര അപാരം!

ഇവിടെയാണു നാം ബദലിനെപ്പറ്റി ചിന്തിക്കേണ്ടത്. ബദലിനെ ഗൗരവമായി എടുക്കുന്ന ഏതൊരു വ്യക്തിയുടെയും മുമ്പിൽ മതനിരാസമല്ലാതെ മറ്റു യാതൊന്നിനും സ്ഥാനമില്ല. മതവും മതസംവിധാനങ്ങളും മതപൗരോഹിത്യവുമായി യാതൊരുവിധമായ വിട്ടുവീഴ്ചകൾക്കും ഇവിടെ സ്ഥാനമില്ല. ജനനം മുതൽ മരണാനന്തരം വരെ എല്ലാ ജീവിത പരിണാമ ഘട്ടങ്ങളും തീർത്തും മതനിരപേക്ഷമാകണം. മതബന്ധിതമായതും പൗരോഹിത്യബന്ധിതവുമായ സകലതിനേയും തിരസ്കരിക്കാനുള്ള വ്യക്തതയും മനക്കരുത്തും നമുക്കുണ്ടായേ പറ്റൂ. ഇവിടെ ഒറ്റപ്പെടലിന്റെ സാധ്യത വളരെയുണ്ടാകും. കാർക്കശ്യത്തോടെയുള്ള സത്യസന്ധതയായിരിക്കണം നമ്മെ നയിക്കേണ്ടത്. അപകടകരമായ ഈ നിലപാടിനുള്ള ശക്തി നാം നേരിനെ ആഞ്ഞു പുൽകുന്നു എന്നല്ലാതെ സാമൂഹ്യാംഗീകാരമല്ല. ഇന്നത്തെ അവസ്ഥയിൽ ആ സാമൂഹ്യാംഗീകാരം ലഭിക്കുകയുമില്ല.

1879 ൽ രോഗാതുരനായ നീത്ഷേ തന്റെ സഹോദരിയോട് പറഞ്ഞു: "ഞാൻ മരിക്കുമ്പോൾ എന്റെ ശവപ്പെട്ടിക്കടുത്ത് എന്റെ സുഹൃത്തുക്കൾ മാത്രമേ നിൽക്കാവൂ. ഉൽകണ്ഠാകുലരായ ജനങ്ങൾ അതിനടുത്ത് വരരുത്. പുരോഹിതനോ, അതുപോലുള്ള കപടദീക്ഷക്കാരോ എന്റെ ശവമാടത്തിൽ പോലും വരരുത്. എനിക്കവരോട് പ്രതികരിക്കാനാവില്ലല്ലോ. വിശ്വപ്രകൃതിയെ ഉപാസിച്ചുകൊണ്ട്, ശാന്തിയോടെ ഞാൻ സത്യസന്ധനായി കിടന്നുകൊള്ളട്ടെ" (*ആന്റി ക്രൈസ്റ്റ്* പേജ് 67).

മതത്തോടും മതപുരോഹിത വർഗത്തോടും നമുക്കുണ്ടായിരിക്കേണ്ട കാഴ്ചപ്പാടിന് ഒരു ദിശാബോധം നൽകുന്ന വാക്കുകളാണു നീത്ഷേയുടേത്. എല്ലാവിധമായ സഭ/മതാചാരങ്ങൾക്കും അതീതമായി മതനിരപേക്ഷ മനുഷ്യജന്മം, മതനിരപേക്ഷ വിവാഹം, മതനിരപേക്ഷ രോഗിശുശ്രൂഷ, മതനിരപേക്ഷ മരണവും മരണാനന്തരവും പുൽകാനുള്ള കരളുറപ്പാണ് ഒരു ബദലിനെപ്പറ്റി ചിന്തിക്കുന്ന നമുക്ക് ഉണ്ടാകേണ്ടത്. മതവിശ്വാസത്തിന്റെയും പൗരോഹിത്യമാമൂലുകളുടെയും മേലങ്കി വലിച്ചെറിഞ്ഞുകൊണ്ട്, സത്യസന്ധതയുടെ നഗ്നതയിൽ ജീവിതത്തെ ആഞ്ഞു പുൽകുകയാണാവശ്യം. ഇവിടെ വിലപ്പെട്ട ചോദ്യങ്ങൾ ചോദിക്കേണ്ടിവരും. കലാപകാരിയായി, നിഷേധിയായി ചുവടുവെയ്ക്കേണ്ടി വരും. അങ്ങനെ ദൈവസങ്കൽപ്പത്തെ നിഷേധിക്കുന്നതിനൊപ്പം,

സത്യസന്ധമായുള്ള ബദൽ അന്വേഷകർ മതത്തെയും അതിനെ ഊട്ടി വളർത്തുന്ന പൗരോഹിത്യസംവിധാനത്തെയും നഖശിഖാന്തം നിഷേധിക്കേണ്ടിവരും. എല്ലാ രീതിയിലും ഒരു മതനിരപേക്ഷ ജീവിതമായിരിക്കും നാം പുണരുക.

നമ്മൾ ജീവിക്കുന്നത് ഇന്ത്യയിലാണ്. ഇന്ത്യയിൽ ജാതിവിവേചനം നിരോധിച്ചുകൊണ്ടുള്ള നിയമമുണ്ട്. പക്ഷേ ഇന്നും ഇന്ത്യൻ സമൂഹത്തിൽ ജാതീയത സജീവവും പ്രകടവുമാണ്. മനുഷ്യനെ വലുതും ചെറുതും, മാന്യവും നിന്ദ്യവും എന്നുള്ള വേർതിരിവിനു ദൈവിക അടിത്തറ തന്നെയുണ്ടെന്നാണ് ധാരണ. നാലു ജാതികൾ മാത്രമല്ല, ശൂദ്രരേക്കാൾ താണവരാണു പഞ്ചമർ. ഇന്നവർക്ക് പട്ടികജാതി-പട്ടികവർഗക്കാരെന്നു ഔദ്യോഗിക ഭാഷ്യം. എല്ലാവരും മനുഷ്യർ, തുല്യർ/സമർ എന്നതാണ് യാഥാർത്ഥ്യം. പക്ഷേ ഇന്നു ജാതിതിരിച്ചു സമുദായസംഘാടനമാണ് പൊതുവേ നടന്നുകൊണ്ടിരിക്കുന്നത്. ഇതു ശരിയല്ലെന്നു ആരു ചോദിച്ചാലും പറയും. പക്ഷേ ഉള്ളിന്റെ ഉള്ളിൽ ജാതീയത ഉറഞ്ഞു കിടപ്പുണ്ട് എന്നത് അനുഭവസത്യം. അർഥവത്തായ ഒരു ബദലിനെപ്പറ്റി ചിന്തിക്കുന്നിടത്ത് ജാതിയ്ക്കും ജാതീയതയ്ക്കും യാതൊരു വിധമായ സ്ഥാനവുമില്ല. ജാതി ഉന്മൂലനമാണ് അവരുടെ ലക്ഷ്യം. ജാതിനിരാസം അവരുടെ ജീവശ്വാസമാണ്. അങ്ങനെ ജാതി-മത-ദൈവ നിഷേധദർശനത്തിന്റെ ഉടമയാവണം ബദൽ അന്വേഷകർ എന്നതാണ് ഞങ്ങൾ കണ്ടെത്തിയ തിരിച്ചറിവ്.

ഞങ്ങളുടെ ചെറുസംഘം കഴിഞ്ഞ 10 വർഷങ്ങളായി നടത്തിയ വായനയുടേയും പഠനത്തിന്റെയും വിചിന്തനത്തിന്റെയും വെളിച്ചത്തിൽ, ജാതി-മത-ദൈവങ്ങൾ വിതയ്ക്കുന്ന സർവനാശങ്ങളെപ്പറ്റി ചുരുക്കി അക്കമിട്ടു പറയുന്നത് വ്യക്തതയ്ക്കു സഹായകമാകും.

1. അന്ധവിശ്വാസങ്ങളും അചാരാനുഷ്ഠാനങ്ങളും കൊണ്ടു ബുദ്ധിയെ നശിപ്പിക്കുന്നു.
2. ആത്മാവിനെക്കൊണ്ടു ശരീരത്തെ നശിപ്പിക്കുന്നു.
3. ഭക്തികൊണ്ടു വികാരതീവ്രതകളെ നശിപ്പിക്കുന്നു.
4. അനുസരണയും വിധേയത്വവും കൊണ്ടു സ്വാതന്ത്ര്യം നശിപ്പിക്കുന്നു.
5. കപടസദാചാരങ്ങളും അനാചാരങ്ങളുംകൊണ്ട് ലൈംഗികതയുടെ സ്വാഭാവികതയും നൈസർഗീകതയും നശിപ്പിക്കുന്നു.
6. പരലോക വിശ്വാസങ്ങൾകൊണ്ട് ഇഹലോകജീവിതം അപ്രസക്തമാക്കി നശിപ്പിക്കുന്നു.
7. സ്വർഗനരക മോഹരീതികളാൽ ആത്മവിശ്വാസവും സമചിത്തതയും നശിപ്പിക്കുന്നു
8. ദൈവദാനങ്ങൾകൊണ്ട് എല്ലാ സർഗശേഷികളെയും നശിപ്പിക്കുന്നു.
9. പാപപരിഹാര പ്രായശ്ചിത്തങ്ങൾകൊണ്ട് ശരീരത്തെ പീഡിപ്പിച്ച് ക്ഷീണിപ്പിച്ച് ആരോഗ്യം നശിപ്പിക്കുന്നു.

10. ആത്മീയതകൊണ്ട് പ്രാപഞ്ചിക ജീവിതാനുഭൂതികളും എല്ലാവിധ ഹർഷപുളക സാധ്യതകളും നശിപ്പിക്കുന്നു; മനുഷ്യനെ വെറും ഉന്മാദികളാക്കി നശിപ്പിക്കുന്നു.
11. ഏകാന്ത ധ്യാനസാധനകൾ പാരസ്പര്യവും സംഘബോധവും നശിപ്പിക്കുന്നു.
12. അത്ഭുതങ്ങൾകൊണ്ടു ആത്മവിശ്വാസത്തെയും അധ്വാനശേഷികളെയും നശിപ്പിക്കുന്നു.
13. പരലോകാത്മക സന്യാസ-ബ്രഹ്മചര്യ തപസ്യകൾ കൊണ്ട് ലോകത്തോടും പ്രപഞ്ചജീവിതത്തോടും വെറുപ്പുണ്ടാക്കി ജീവിതം തന്നെ നശിപ്പിക്കുന്നു.
14. ബാഹ്യപരാശക്തിയിലാശ്രയിച്ചുകൊണ്ട് ആന്തരികശേഷികളും കഴിവുകളും നശിപ്പിക്കുന്നു.
15. പാപബോധവും കുറ്റബോധവും കൊണ്ട് മനുഷ്യരെ മനോരോഗികളാക്കി മാറ്റി നശിപ്പിക്കുന്നു.
16. ഏകവും സനാതനവും സാർവത്രികവുമായ സത്യങ്ങൾകൊണ്ടു മനുഷ്യരെ ഭിന്നിപ്പിച്ചു തമ്മിലടിപ്പിച്ച് വിധേയരാക്കി നശിപ്പിക്കുന്നു.
17. സഹനത്യാഗ നഷ്ടബോധങ്ങൾകൊണ്ട് മുഖപ്രസാദവും പ്രസന്നതയും നഷ്ടപ്പെടുത്തി മനുഷ്യരെ മ്ലാനമുഖികളാക്കി നശിപ്പിക്കുന്നു.
18. എന്റെ മതവും വിശ്വാസവും മെച്ചവും സത്യവും എന്ന ചിന്തകൊണ്ടും പ്രവൃത്തികൊണ്ടും മതമൗലികതാവാദികളാക്കി നശിപ്പിക്കുന്നു.
19. നന്മ-തിന്മ, ദൈവം-ലൂസിഫർ, മാലാഖ-പിശാച്, ദേവൻ-അസുരൻ, മലക്ക്-ഇബ്ലീസ്, സ്വർഗം-നരകം തുടങ്ങിയ ആത്മീയ ദ്വന്ദ്വം പ്രചരിപ്പിച്ച് മനുഷ്യരെ ക്രുദ്ധരും ചാവേറുകളും യുദ്ധവെറിയരും കൊലപാതകികളുമാക്കി നശിപ്പിക്കുന്നു.
20. ചുരുക്കത്തിൽ, ജാതി-മത-ദൈവങ്ങൾ മനുഷ്യന് അടിമത്തം പ്രദാനം ചെയ്തുകൊണ്ട് എല്ലാ രീതിയിലും അവനെ നശിപ്പിക്കുന്നു.

ഇതൊരു നിഷേധാത്മക സമീപനമല്ലേ എന്ന ചോദ്യം സ്വാഭാവികമായി ഉയരാം. പക്ഷേ ഞങ്ങളുടെ പഠനങ്ങളും വിചിന്തനങ്ങളും മുകളിൽ പറഞ്ഞ നാശോന്മുഖ കാര്യത്തിൽ ഒതുങ്ങിക്കൂടിയതല്ല. തീർത്തും സർഗാത്മക സമീപനമാണു ഞങ്ങൾ സ്വീകരിച്ചത്. പരാശ്രിതമായി തുടങ്ങി ജനിച്ച് വളരുന്ന മനുഷ്യജീവി ജൈവീകമായ ആവശ്യനിർവഹണ സംതൃപ്തികളുടെ ഒരു നീണ്ട പരമ്പരയിലൂടെ സ്വാശ്രയത്വം എന്ന സ്വാതന്ത്ര്യാവസ്ഥയിലേക്ക് എത്തിച്ചേർന്നാലാണ് അവൻ/അവൾ മനുഷ്യനാകുന്നത്. ജൈവപാരസ്പര്യവും സഹജീവാനുഭൂതിയും സാധ്യമാകുന്നതും സജീവമാകുന്നതും ഈ മനുഷ്യാവസ്ഥയിൽ മാത്രമാണ്. ഈ സ്വതന്ത്രപര്യാപ്ത മനുഷ്യരാകൽ പ്രക്രിയയിലാണ് സൗഖ്യം, ശാന്തി, സാഫല്യം, സമചിത്തത തുടങ്ങിയവയൊക്കെ അടങ്ങിയിരിക്കുന്നത്. സ്വന്തം നീരിക്ഷണ-ഗവേഷണങ്ങളും അനുഭവ-അനുമാന-വി

വേചനങ്ങളും വഴി ലഭിക്കുന്ന തിരിച്ചറിവുകളും ഉൾക്കാഴ്ചകളും അനുസരിച്ച് ക്രിയാത്മകമായും സർഗാത്മകമായും ജീവിക്കുകയും പ്രവത്തിക്കുകയും ചെയ്യുന്നതാണു വ്യക്തിയുടെ സാഫല്യം. ഈ സൗഖ്യ-സുഖസാഫല്യം കണ്ടെത്തേണ്ടതു വ്യക്തിതന്നെയാണ്. സാഹചര്യങ്ങൾക്കും മറ്റുള്ളവർക്കും സഹായകമാകാം, പ്രതികൂലവുമാകാം. ഏതായാലും വ്യക്തി മനസുവച്ചാൽ അതു നേടിയിരിക്കും. ചരിത്രം എത്ര ഉദാഹരണങ്ങളാണു നമുക്ക് കാട്ടിത്തരുന്നത്. അംഗവൈകല്യമുള്ളവർ, തീരാവ്യാധിയുള്ളവർ, നിർധനർ, ദീർഘകാലം തടവറയിൽ വിധിക്കപ്പെട്ടവർ, ശത്രു മധ്യത്തിൽ ജീവിക്കേണ്ടിവന്നവർ (ഉദാ: അംബേദ്കർ, അയ്യങ്കാളി, ചെഗുവേര, സദ്ദാം ഹുസൈൻ, സ്റ്റീഫൻ ഹോക്കിങ്, ഹെലൻ കെല്ലർ, നെൽസൺ മണ്ടേല) തുടങ്ങി എത്ര പേരാണു മനുഷ്യന്റെ വലിപ്പം അവന്റെ ആത്മവിശ്വാസത്തിലും സമചിത്തതയിലുമാണെന്ന് വ്യക്തമാക്കുന്നത്.

എന്താണു സുഖം/സ്വർഗം? എന്താണു ദു:ഖം/നരകം? എന്നതിനു ഒരു കഥപറയാം. ജപ്പാനിലെ ചാവേറുകളുടെ പേരാണ് സമുറായികൾ; സായിപ്പിനാണെങ്കിൽ 'സൂയിസൈഡ് സ്ക്വാഡ്.' ജപ്പാനിലെ ഒരു സമുറായിയാണു കഥാനായകൻ. വാളും കത്തിയുമായി കൊലയ്ക്ക് ഇരയെ ത്തേടി ഊരുചുറ്റുന്ന ഒരു അഹങ്കാരി വീരൻ. ഈ ഊരുചുറ്റലിനിടെ അയാളൊരു സെൻമാസ്റ്ററുടെ (ബുദ്ധസന്യാസി) ആശ്രമം കണ്ടു. അവൻ അവിടെ കടന്നു ചെന്നു സെൻഗുരുവിനോട് ഒരു ചോദ്യം: 'നിങ്ങൾ വലിയ ഗുരുവല്ലേ? നിങ്ങൾക്കറിയുമോ എന്താണ് നരകം? എന്താണു സ്വർഗം?' ശാന്തനെന്നറിയപ്പെടുന്ന സെൻഗുരു പരുഷമായി മറുപടി നൽകി: 'തന്നെപ്പോലെയുള്ള അഹങ്കാരികൾക്കായി കളയാൻ എനിക്കു സമയമില്ല. പോകാൻ നോക്ക്.' തന്റെ മുറിവേറ്റ അഹങ്കാരവുമായി ആ യോദ്ധാവ് വെടികൊണ്ട പന്നിയെപ്പോലെ വാളൂരി ഗുരുവിനെ കൊല്ലാൻ ചീറിയടുത്തു. ഗുരു ശാന്തനായി ഒരപേക്ഷ: 'കൊല്ലുന്നതിനു മുൻപ് രണ്ടു വാചകം പറയാൻ സമയം തരുമോ?' സമുറായി സമ്മതിച്ചു. ഗുരു പറഞ്ഞു: 'നിങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയുണ്ടല്ലോ - ഊരിയ വാളുമായി എന്റെ കഴുത്തറക്കാൻ നിൽക്കുന്ന ഈ അവസ്ഥ - ഇതാണ് നരകം.' ഇളിഭ്യനായ സമുറായി വാൾ ഉറയിലിട്ടു ശാന്തനായി. 'ഇതാണു സ്വർഗം.' ഗുരു രണ്ടാം വാചകവും പറഞ്ഞു. അതെ 'നമുക്ക് നാമേ പണിവതു നാകം നരകവുമതുപോലെ.'

ആർക്കും മറ്റൊരാൾക്കു സ്വർഗം കൊടുക്കുവാനോ നരകം ഉണ്ടാക്കുവാനോ കഴിയില്ല. സ്വർഗവും നരകവും സുഖവും ദുഃഖവും അവരവരുടെ ശേഷികളിൽപ്പെടുന്നതാണ്. ആർക്കും ആരെയും രക്ഷിക്കാൻ കഴിയില്ല. സ്വയമേ രക്ഷപ്പെടാൻ കഴിയൂ. സ്വന്തം ശരീരത്തിന്റെയും തലച്ചോറിന്റെയും ശേഷികളെ തിരിച്ചറിയുക. ബുദ്ധി, ഭാവന, ഓർമ, അനുമാനം, സർഗശേഷികൾ, വിവേചനം, ആത്മവിശ്വാസം— ഒക്കെ വീണ്ടെടുത്ത് സമനിലയിലെത്തുക. ഓർക്കുക, ഇടതു-വലതു ചാവേറുകളുടെ

ഭൗതിക സ്വർഗവും മത വിപ്ലവകാരികളുടെ പരലോക സ്വർഗവും മദ്യമയക്കുമരുന്നുകാരുടെ ഉന്മാദ സ്വർഗവും— മൂന്നും ഒരു പോലെ മിഥ്യയാണ്, കാപട്യമാണ്, ദുഃഖവർധിനിയാണ്. അഭയം തേടേണ്ടതു സ്വന്തം ശക്തിയിലാണ്. അല്ലാതെ ദൈവത്തിലോ മതത്തിലോ മദ്യത്തിലോ മയക്കുമരുന്നിലോ വിപ്ലവനേതാക്കളിലോ ആൾ ദൈവങ്ങളിലോ സോളാർ ഗുരുക്കളിലോ NIR ദേവിദേവന്മാരിലോ അവർ സൃഷ്ടിക്കുന്ന കൂട്ട മോഹാലസ്യ ധ്യാനകേന്ദ്രങ്ങളിലോ അല്ല. അവിട അഭയം തേടുന്നവർ ആത്മവിശ്വാസവും സർഗശേഷിയും സമചിത്തതയും നശിച്ചു നിത്യമനോരോഗികളും, വിധേയരും അടിമകളുമാകാനേ ഇടയുള്ളു. ഇവിടെ വേണ്ടത് ഇതാണ്. അവരവരുടെ ഇടങ്ങളിൽ ജീവിതമാകുന്ന വിദ്യാലയത്തിൽ അനുഭവങ്ങളാകുന്ന അധ്യാപകനിലൂടെ പ്രകൃതിയാകുന്ന പാഠപുസ്തകത്തിൽനിന്ന് പഠിച്ചറിഞ്ഞ് പ്രബുദ്ധരായി അധ്വാനത്തിലൂടെയും സർഗാത്മക പ്രവർത്തനങ്ങളിലൂടെയും ആത്മാവിഷ്കാരവും ജീവപോഷണവും നടത്തി സ്നേഹത്തിലൂടെ ജീവിച്ച് സംഘസൗഹൃദത്തിലൂടെയും ജീവപാരസ്പര്യത്തിലൂടെയും ജന്മസാഫല്യമടയുക.

ഈ ആന്തരിക ശേഷികളിൽ അധിഷ്ഠിതമായ തിരിച്ചറിവുകൾ വിലയിരുത്തപ്പെട്ടത് അക്കമിട്ടു കുറിക്കുന്നതു ഗുണകരമായിരിക്കും എന്നു തോന്നുന്നു.

1. സത്യം ആപേക്ഷികവും പ്രാദേശികവും പരിണാമാത്മകവുമാണ്.
2. പ്രകൃതിജന്യമാണ് സ്വാതന്ത്ര്യം; ക്രമം മനുഷ്യജന്യവും.
3. പ്രകൃതി വൈവിധ്യവും ഇണക്കവും പൊരുത്തവും താളവുമാണ്.
4. ചെറുതും ലളിതവും മനോഹരമാണ്.
5. സംഘവും സംഗമവും ജീവപോഷണമാണ്; സംഘടനയും ക്രമവും ജീവശോഷകവും.
6. സമചിത്തത ഉന്മാദത്തേക്കാൾ സർഗാത്മകം; സ്വാതന്ത്ര്യം ക്രമത്തെക്കാളും.
7. താളം വേഗത്തേക്കാൾ ജീവപോഷകം.
8. സഹകരണം മത്സരത്തേക്കാൾ ശ്രേഷ്ഠം.
9. സേവനശുശ്രൂഷകൾ വീരകൃത്യങ്ങളേക്കാൾ അത്യുത്തമം
10. പ്രകൃതിയുടെ മർമരങ്ങൾ മാനവ ഉപകരണ സംഗീതത്തേക്കാൾ വിശിഷ്ടം.
11. ക്ഷമ ശിക്ഷയേക്കാൾ ശ്രേഷ്ഠം.
12. സൗഹൃദം നേതൃത്വത്തേക്കാൾ ശ്രേഷ്ഠം.
13. ചെറുത് വലുതിനേക്കാൾ മനോഹരം.
14. ലാളിത്യം സങ്കീർണതയെക്കാൾ ജീവപോഷകം.
15. ആദരവ് അവജ്ഞയെക്കാൾ ജീവദായകം.
16. ലൈംഗികാസ്വാദനം ബ്രഹ്മചര്യാധിഷ്ഠിത ലൈംഗികാടിച്ചമർത്തലിനെക്കാൾ ജീവപോഷകം.

17. അധ്വാനഫലം ദാനധർമങ്ങളെക്കാൾ ശ്രേഷ്ഠം.
18. വേദന വെറുപ്പിനേക്കാൾ മഹനീയം.
19. സ്വാതന്ത്ര്യം ക്രമത്തേക്കാൾ സർഗാത്മകം.

അങ്ങനെ മുഖ്യധാരാ ഒഴുക്കിന് ആധാരമായ ജാതി-മത-ദൈവധാരണകളെ നിരാകരിച്ചുകൊണ്ടുള്ള വേറിട്ടൊരു യാത്രയ്ക്കു ഞങ്ങൾ തുടക്കം കുറിച്ചു. ഇവയെ നിരാകരിക്കുന്നതിനൊടൊപ്പം, മനുഷ്യനെയും പ്രപഞ്ചത്തെയും മുൻനിർത്തിക്കൊണ്ടുള്ള ഒരു പുത്തൻ വീക്ഷണവും ഉയർത്തിപ്പിടിച്ചുകൊണ്ടാണീയാത്ര.

കുടുംബം:-തുടർന്നു ഞങ്ങളുടെ ചിന്തയും പഠനവും നീങ്ങിയതു പൊതുവേ ആരും തന്നെ കൈവയ്ക്കാത്ത ഒരു മേഖലയിലേക്കാണ്-കുടുംബം എന്ന സംവിധാനം അഥവാ സ്ഥാപനം. ഇന്നു കുടുംബം എന്ന സ്ഥാപനം ചോദ്യാതീതമായി അംഗീകരിച്ചിരിക്കുന്ന ഒന്നാണ്. എല്ലാ സംഘടിത നീക്കങ്ങളുടേയും നവീകരണ പദ്ധതികളുടെയും അടിസ്ഥാന യൂണിറ്റായി എടുത്തു കാട്ടുന്നത് കുടുംബത്തെയാണ്. സംഘമായി, ഗോത്രമായി ഒന്നിച്ചു ജീവിച്ചിരുന്ന മനുഷ്യൻ, ചരിത്ര പരിണാമത്തിന്റെ ഒരു ഘട്ടത്തിൽ സ്വകാര്യസ്വത്തിലേക്കും സ്വന്തമാക്കൽ പ്രക്രിയയിലേക്കും നീങ്ങുന്നു. ഈ സ്വകാര്യവൽക്കരണത്തിന്റെ ഏറ്റവും ക്ലിപ്തവും മൂർത്തവുമായ ഭാവമായി മാറുന്നു കുടുംബം. അവിടെയും നടക്കുന്നു പരിണാമം-കൂട്ടുകുടംബത്തിൽ നിന്നും അണുകുടുംബത്തിലേയ്ക്ക്. ഈ സ്വകാര്യ-സ്വന്തമാക്കൽ പ്രക്രിയ ഏറ്റവും നീചമായ രീതിയിൽ സ്വാർത്ഥതയുടെ ആൾരൂപമായി മാറുന്നു കുടുംബത്തിൽ. അതുപോലെ, സ്ത്രീകളും പുരുഷന്മാരും സന്തോഷകരമായി ഒന്നിച്ചു ജീവിച്ചിരുന്നിടത്ത്, കുടുംബത്തിന്റെ ആവിർഭാവത്തോടെ പുരുഷകോയ്മ വർത്തമാനമാക്കപ്പെടുകയാണ്. മരുമക്കത്തായ സമ്പ്രദായത്തിലും അമ്മാവനായ പുരുഷനാണ് യഥാർത്ഥത്തിൽ മേൽക്കോയ്മ. അങ്ങനെ പുരുഷ മേധാവിത്വവും കുടുംബത്തിന്റെ പരിണിത ഫലമാണ്. അവിടെ തുല്യത അന്യം നിൽക്കുന്നു. സ്ത്രീ അടിച്ചമർത്തപ്പെടുന്ന രണ്ടാംകിട വസ്തുവായി തരം താഴ്ത്തപ്പെടുന്നു. ഇന്നു വസ്തുവൽക്കരണവും ഉപയോഗവും മുതലാളിത്തത്തിന്റെ അനിവാര്യഫലങ്ങളെന്നു വിശേഷിക്കുമ്പോൾ, വസ്തുവൽക്കരണ ഉപയോഗ സങ്കൽപ്പനത്തി (concept) ന്റെ ഉറവിടം കുടുംബമാണ് എന്നു ചരിത്രം പഠിപ്പിക്കുന്നു. സ്ത്രീയെ ഒരു വസ്തുവായി ഉപയോഗിക്കുന്ന രീതി കുടുംബത്തിൽ സർവസാധാരണം. കുടുംബത്തിലെ ചോദ്യാതീതമായ തുല്യതയില്ലാത്ത ആൺകോയ്മയുടെ സ്വാഭാവിക ഇടപെടൽ ശൈലിയാണ് സ്ത്രീയെ വസ്തുവാക്കി അവന്റെ സ്വാർഥ താൽപ്പര്യത്തിനും സുഖത്തിനുമായി അവളെ ഉപയോഗിക്കുക എന്നത്.

സാമൂഹ്യ പരിണാമ പ്രക്രിയയിൽ ആധുനികസമൂഹത്തിന്റെ സവിശേഷതകളായി എടുത്തുകാട്ടുന്നവയിൽ മുഖ്യം ജനാധിപത്യമാണ്. നമ്മുടെ ഇന്നത്തെ കുടുംബസംവിധാനത്തിൽ ജനാധിപത്യമില്ല. മിക്ക

തീരുമാനങ്ങളും എടുക്കുന്നത് പുരുഷനാണ്; അവിടെ സ്ത്രീക്ക് ഒരു സ്വരവുമില്ല. സ്ത്രീക്ക് തീരുമാനം എടുക്കുന്നതിനും നടപ്പാക്കുന്നതിനും പുരുഷന്റെ അനുവാദം വേണം. അവൾ പുരുഷനോട് കടപ്പെട്ടിരിക്കണം. മറിച്ച്, പുരുഷനു സ്വന്തമായി തീരുമാനം എടുക്കാനുള്ള അവകാശമുണ്ട്; അവൻ സ്ത്രീയോട് കടപ്പെടുന്നില്ല. അവന് അവളോട് അനുവാദമോ സമ്മതമോ വാങ്ങേണ്ട ഒരു കാര്യവുമില്ല—ലൈംഗിക ബന്ധത്തിൽ പോലും. അവൻ അത്ര സ്വതന്ത്രനാണു കുടുംബത്തിൽ; അവളോ ബന്ധിതയും. ഇനി ഏതെങ്കിലും പുരുഷൻ സ്ത്രീയുമായി ചർച്ചചെയ്യുകയും തീരുമാനങ്ങളിൽ പങ്കാളിയാക്കുകയും ചെയ്യുന്നെങ്കിൽ, അത് അവന്റെ മഹാമനസ്കത, അല്ലാതെ അവളുടെ അവകാശമായി കണ്ടിട്ടല്ല. അതുകൊണ്ടുതന്നെയാണ്, സ്ത്രീപുരുഷന്മാർ തമ്മിൽ അൽപ്പം പങ്കുവെയ്ക്കലും സ്വതന്ത്ര ഇടപെടലും ഉള്ള ആധുനിക കുടുംബത്തിൽ പുരുഷൻ അറിയാതെ പറഞ്ഞുപോകുന്നത് 'അവൾക്കു എവിടെ പോകാനും എപ്പോൾ വരാനും പൂർണ സ്വാതന്ത്ര്യം ഞാൻ കൊടുത്തിരിക്കയാണ്. എവിടെ പോകുന്നു എന്നു പറഞ്ഞാൻ മാത്രം മതി എന്ന്.' സ്ത്രീസ്വാതന്ത്ര്യത്തെപ്പറ്റിയും സ്ത്രീ-പുരുഷതുല്യതയെപ്പറ്റിയും വാതോരാതെ സംസാരിക്കുന്ന പുരോഗമനവാദിയുടെ സംസാരമാണിത് എന്നോർക്കണം. ഇവിടെ എന്റെ ചോദ്യമിതാണ് അവൾക്കു സ്വാതന്ത്ര്യം 'കൊടുക്കാൻ' ഇവൻ ആര്? സ്ത്രീ എവിടെ പോകുന്നു എന്നറിയാനുള്ള അവകാശം ഇവന് എവിടെ നിന്നു കിട്ടി? അവൾക്കു സ്വാതന്ത്ര്യം കൊടുക്കാൻ അവന് അവകാശമുണ്ടെങ്കിൽ, അതുപോലെ അവന് സ്വാതന്ത്ര്യം കൊടുക്കാൻ അവൾക്കും അവകാശം ഉണ്ടായിരിക്കണമല്ലോ. പക്ഷേ സത്യത്തിൽ അങ്ങനെയല്ലല്ലോ നടക്കുക. അവന് നിബന്ധനയില്ലാത്ത പൂർണ സ്വാതന്ത്ര്യം; അവൾക്കോ, നിബന്ധനയോടെയാണ് സ്വാതന്ത്ര്യം. ചുരുക്കത്തിൽ ഒട്ടും തന്നെ ജനാധിപത്യമില്ലാത്ത, ജനാധിപത്യ വിരുദ്ധമായ ഒരു സ്ഥാപനമാണ് കുടുംബം.

അങ്ങനെ ഇന്നത്തെ കുടുംബ സംവിധാനം എല്ലാ രീതിയിലും ജനാധിപത്യ വിരുദ്ധമാണ്, സ്വാർഥതയുടെ കേളീരംഗമാണ്, പുരാഷാധിപത്യപരമാണ്, വസ്തുവൽകൃതമാണ്, ഉപയോഗപ്രധാനമാണ്, വിവേചനപരമാണ്,.... ചുരുക്കത്തിൽ എല്ലാ രീതിയിലും തിന്മയിലധിഷ്ഠിതമാണ് ഇന്നത്തെ കുടുംബ വ്യവസ്ഥ. തീർന്നില്ല കുടുംബസംവിധാനത്തിന്റെ കൊടും ക്രൂരത. സ്വാകാര്യസ്വത്തും അതിന്റെ പിൻതുടർച്ചാവകാശവും ഇന്ന് നിക്ഷിപ്തമായിരിക്കുന്നത് രക്തബന്ധത്തിലുള്ള നൈയാമിക കുടുംബാംഗങ്ങൾക്കാണ്. ബ്രിട്ടീഷ് കോളനിവൽക്കരണഭരണത്തിൽ ഭാരതത്തിനു നൽകിയ ദൂരവ്യാപകമായ, ഭവിഷ്യത്തുള്ള, ശരിയല്ലാത്ത സംഭാവനയാണ് സ്വകാര്യസ്വത്തു സംവിധാനം. സ്വകാര്യസ്വത്തിന്മേലുള്ള വ്യക്തിയുടെ അവകാശം ഏതാണ്ട് കേവലമാണ് എന്നു പഠിപ്പിക്കുന്ന സംവിധാനം ഇന്ത്യയിൽ അവർ നിയമപരമായി പ്രാവർത്തികമാക്കി. നിർഭാഗ്യമെന്നു പറയട്ടെ, അതേ നിയമം കൂടുതൽ കർശനമായി നാം

ഇന്നും അനുസരിക്കുന്നു; തുടരുന്നു. ഈ തിന്മ നിലനിർത്താൻ കുടുംബം അനിവാര്യമാണ്. അങ്ങനെ കുടുംബവും സ്വകാര്യസ്വത്തു കൈമാറ്റ-വിതരണവും അഭേദ്യമാംവിധം ബന്ധപ്പെട്ടുകിടക്കുന്നു. സ്വകാര്യസ്വത്തിന്മേലുള്ള നൈയാമിക അവകാശികൾ രക്തബന്ധത്തിലുള്ളവരാണ്. അങ്ങനെ വീണ്ടും കുടുംബം സാമൂഹ്യമാറ്റ പ്രക്രിയയ്ക്ക് വിരുദ്ധമായ സംവിധാനമായി നിലകൊള്ളുന്നു.

അടുത്ത തെറ്റിദ്ധാരണയാണ് കുഞ്ഞുങ്ങളുടെ സുഗമമായ വളർച്ചയ്ക്കും സർഗാത്മകവികാസത്തിനും കുടുംബം അനിവാര്യമാണ് എന്ന ചിന്ത. സത്യത്തിൽ കുടുംബമല്ല വേണ്ടത്, സ്ത്രീ-പുരുഷന്മാരുടെ സാന്നിധ്യവും ഇടപെടലും കുട്ടികളുടെ വളർച്ചയ്ക്ക് അനിവാര്യമാണെന്നു പറയാം. അമ്മയുടെയോ അച്ഛന്റെയോ മാത്രം സംരക്ഷണത്തിലല്ല കുഞ്ഞുങ്ങൾ വളരേണ്ടത്; സമൂഹത്തിൽ ആണ് കുഞ്ഞുങ്ങൾ വളരേണ്ടത്. അവിടെ സ്ത്രീകളും പുരുഷന്മാരും കുട്ടികളുടെ വളർച്ചയിൽ ഭാഗഭാക്കാവുകയാണ് വേണ്ടത്. ഇന്നു പൊതുവേ, ഇങ്ങനെ ഒരു കാഴ്ചപ്പാടല്ല ഉള്ളത്. ഇന്നത്തെ കുട്ടികളുടെ വളർച്ചയിലുള്ള പാളിച്ചയുടേയും അപക്വതയുടെയും കാരണമായി മനശ്ശാസ്ത്രജ്ഞർ ഉൾപ്പടെ പൊതുവേ പറയുന്നത് കുട്ടികളുടെ വളർച്ചയിൽ അച്ഛന്മാർ വേണ്ടത്ര പങ്കു വഹിക്കാത്തതുകൊണ്ടാണ് എന്നാണ്. കുഞ്ഞുങ്ങളുടെ വളർച്ചയുടെ ഉത്തരവാദിത്വം ഏതാണ്ടൊരു തൊഴിൽ വിഭജനം പോലെ നിക്ഷിപ്തമായിരിക്കുന്നത് സ്ത്രീകളിലാണെന്ന ധാരണയാണിന്നു പൊതുവേ ഉള്ളത്. അതാണു കുട്ടികളുടെ അനാരോഗ്യകരമായ വളർച്ചയ്ക്കു നിദാനമെന്നും ധാരണയുണ്ട്. മനുഷ്യക്കുഞ്ഞായി ജനിച്ചു വീഴുന്ന ഒരു കുഞ്ഞ്, മാതാപിതാക്കളായ ഒരു ദമ്പതിയുടെ മാത്രം ഉത്തരവാദത്തിൽ വളരേണ്ടതല്ല. ആ കുഞ്ഞിന്റെ പൂർണ വളർച്ച ആ കുഞ്ഞിനോട് താൽപ്പര്യമുള്ള സ്ത്രീകളുടേയും പുരുഷന്മാരുടേയും കൂട്ടായ്മയിലാണ് സാധിതമാകുക. ഇവിടെ രക്തബന്ധത്തിനും അണുകുടുംബ സ്ത്രീ-പുരുഷ ബന്ധത്തിനുമല്ല സ്ഥാനം; മറിച്ച്, സ്ത്രീ-പുരുഷ സംഘാത്മകതയ്ക്കാണ് പ്രാധാന്യം. കുഞ്ഞ് സമൂഹത്തിന്റെ, സംഘത്തിന്റെ സമ്പത്താണ്. ഇന്ന് കുഞ്ഞിനെ വളർത്തുന്ന അമ്മയ്ക്കും അച്ഛനും, അവർ പ്രായമാകുമ്പോൾ അവരെ സംരക്ഷിക്കാനുള്ള ബാധ്യത നൽകിക്കൊണ്ടാണ് വളർത്തുന്നത്. നിസ്വാർഥമായ സ്നേഹത്തിന്റെ പ്രതീകമായാണ് പലപ്പോഴും അമ്മയുടേയും അച്ഛന്റേയും കുഞ്ഞിനോടുള്ള സ്നേഹത്തെ വിശേഷിപ്പിക്കുന്നതെങ്കിലും, ആ നിസ്വാർഥതയുടെ ഉള്ളിൽ ഒരു സ്വാർഥത ഒളിഞ്ഞു കിടക്കുന്നതായി കാര്യങ്ങൾ വസ്തുനിഷ്ഠമായി വിശകലനം ചെയ്താൽ മനസിലാകും. മാത്രമല്ല സ്വകാര്യസ്വത്ത് എന്ന ദുരവസ്ഥയെ സ്ഥായിയായി നലനിർത്താൻ ഉപയോഗിക്കുന്ന ഏറ്റവും ഫലപ്രദമായ മാർഗമാണ് രക്തബന്ധത്തിൽ അടിസ്ഥാനപ്പെടുത്തിയ മാതാപിതാക്കൾ-മക്കൾ ബന്ധം. സ്വകാര്യസ്വത്തിന്റെ പിൻതുടർച്ചാവകാശം നിലനിർത്തുന്നതിനുള്ള വഴിയെന്നല്ലാതെ, ഇവിടെ മറ്റ് യാതൊരു വിധ

മായ പവിത്രതയുമില്ല. മനുഷ്യകുലത്തേയും മാനവികതയേയും സഗൗരവം കാണുന്ന ഏതൊരു വ്യക്തിയും വിമർശനത്തിനും ചോദ്യം ചെയ്യലിനും കാര്യമായി വിധേയമാക്കേണ്ടതാണ് രക്തബന്ധമെന്നു വിശേഷിപ്പിക്കുന്ന പ്രതിഭാസത്തെ. കുട്ടി സമൂഹത്തിന്റെയും സംഘത്തിന്റെയും ഭാഗമായും ഉത്തരവാദിത്വത്തിലും വളരട്ടെ; രക്തബന്ധത്തിന്റെ കട്ടി താനെ ഇല്ലാതാകും.

മറ്റൊരു ഭീകരമായ തെറ്റിദ്ധാരണയാണ് കുടുംബസംവിധാനത്തിൽ ഇന്നു നിലകൊള്ളുന്ന തൊഴിൽ വിഭജനം. ചില തൊഴിലുകൾ സ്ത്രീകൾക്കായും ചിലവ പുരുഷന്മാർക്കായും മാറ്റി വച്ചിരിക്കുന്ന അവസ്ഥയാണിന്നു കാണുന്നത്. വസ്തുനിഷ്ഠമായി കാര്യങ്ങൾ വിലയിരുത്തിയാൽ, പ്രസവിക്കുന്നതും മുലയൂട്ടുന്നതും ഒഴിച്ച് ബാക്കി എല്ലാ പ്രവൃത്തികളും സ്ത്രീകൾക്കും പുരുഷന്മാർക്കും ചെയ്യാൻ സുഗമമായി പറ്റുമെന്നത് യഥാർത്ഥ്യം. പക്ഷേ ഇന്നു നാം അങ്ങനെയല്ല ചെയ്യുന്നത്. സ്ത്രീ ഇരട്ട ചൂഷണത്തിന് വിധേയമാക്കപ്പെടുന്നു. ഔദ്യോഗിക ജോലികളുള്ള സ്ത്രീയും പുരുഷനും(ഉദാഹരണത്തിന്, അധ്യാപകർ) ഒരുപോലെ അധ്യാപനം നടത്തുന്നു. തിരിച്ചുവീട്ടിലെത്തിയാൽ സ്ത്രീ വീട്ടിലെ സകല ജോലികളും-തൂക്കുക, തുടയ്ക്കുക, പാചകം ചെയ്യുക (അരയ്ക്കുക, മീൻ-ഇറച്ചിവെട്ടി കറിവയ്ക്കുക), പാത്രങ്ങൾ തേച്ചുകഴുകുക, ആട് പട്ടി കോഴി തുടങ്ങിയവയെ നോക്കുക, വീട്ടിലെ വൃദ്ധരെ, മക്കളെ പരിചരിക്കുക.... ഒക്കെ ചെയ്യണം. ഭർത്താവായ പുരുഷനോ ടിവി കാണാം, അയൽവാസികളുമായി സൊറ പറയാം, സ്ത്രീ പാചകം ചെയ്ത ഭക്ഷണം ആദ്യം കഴിക്കാം (മത്സ്യത്തിന്റെയും മറ്റും നടുക്കണ്ടം തന്നെ ഭക്ഷിച്ചുകൊണ്ട്). ഭാര്യ അവളുടെ ജോലി തുടരുകയാണ് – എല്ലാ ജോലിയും തീരുമ്പോൾ ഏതാണ്ട് പാതിരാത്രി. അതിരാവിലെ അദ്യം ഉണരേണ്ടതും സ്ത്രീയാണ്. തുടർന്നു ഭർത്താവിനുള്ള കട്ടൻ കാപ്പി, കുട്ടികൾക്കുള്ള ഡ്രസ്സുകൾ ക്രമീകരിക്കൽ, പ്രഭാതഭക്ഷണം, ഉച്ചയ്ക്കത്തേക്കുള്ള ഭക്ഷണമുണ്ടാക്കൽ, മറ്റു പരിചരണങ്ങൾ, ഇതൊക്കെ കഴിഞ്ഞിട്ട് സ്കൂളിലേക്കു പോകാനുള്ള ഒരുക്കം. ഭർത്താവോ രാവിലെ കട്ടൻ കാപ്പിയും കുടിച്ച് അലസനായി എഴുന്നേറ്റ് പത്രം വായിച്ചിരിക്കുന്നു. ഏറ്റവും ഭീകരാവസ്ഥ ഇതാണ് – ഇവന്റെ വസ്ത്രങ്ങൾ, അടിവസ്ത്രം ഉൾപ്പടെ, അവൾ കഴുകി വൃത്തിയാക്കി – ധരിക്കാൻ എടുത്തുകൊടുക്കേണ്ട അവസ്ഥ. മറിച്ച് അവളുടെ വസ്ത്രം കഴുകേണ്ടത് അവളുടെ മാത്രം ഉത്തരവാദിത്വം. ഇവിടെ എങ്ങും ഒരു ദൂഷ്യവും അനീതിയും ക്രൂരതയും കാണാത്ത ഇന്നത്തെ കുടുംബ സംവിധാനത്തിന് ശരിക്കും അടിസ്ഥാനപരമായ എന്തോ തകരാറില്ലേ?

ഇവിടെ മറ്റൊരു പുതിയ പ്രതിഭാസം ഉരുത്തിരിയുന്നതായി ഇന്നു കാണുന്നു. പുരോഗമന ചിന്താഗതിയുള്ള ഇന്നത്തെ പലപുരുഷന്മാരും അടുക്കള ജോലിയിലും മറ്റും ഭാര്യയെ സഹായിക്കാൻ എത്തുന്നതായി



ജനജാഗൃതി ബദൽ സംഗമത്തിൽ സാറാ ജോസഫ്
ഫാ. അലോഷ്യസ് ഫെർണാന്റസിനൊപ്പം

കാണുന്നു. ഇതു വലിയ കാര്യമായി അദ്ദേഹവും, പലപ്പോഴും സ്ത്രീകളും എടുത്തുകാട്ടാറുമുണ്ട്. പക്ഷേ ഇവിടെ എന്റെ ചോദ്യമിതാണ്. സ്ത്രീയെ 'സഹായിക്കുക' എന്ന് വിശേഷിക്കുമ്പോൾ തന്നെ, ആ വിധ ജോലികളൊക്കെ ചെയ്യേണ്ടത് സ്ത്രീ തന്നെയാണെന്നും, നല്ല ജോലി ത്തിരക്കായതുകൊണ്ട് ഒരു കൈത്താങ്ങു നൽകുന്നതാണെന്നുമല്ലാതെ, അവയൊക്കെ അവളെപ്പോലെതന്നെ തന്റെയും ചുമതലയാണ് എന്നു കാണുന്ന കാഴ്ചപാടില്ലെന്നു വ്യക്തമല്ലേ?

ഇങ്ങനെയുള്ള ജോലി വിഭജനം സ്ത്രീയുടെ ചലനസ്വാതന്ത്ര്യത്തെ എന്തുമാത്രം വിനാശകരമായും പ്രതികൂലമായും ബാധിക്കുന്നുവെന്ന് അൽപ്പമൊന്നു ശ്രദ്ധിച്ചാൽ മനസിലാകും. പുരുഷൻ നല്ലതെന്നു പറയുന്ന സ്ത്രീയുടെ വസ്ത്രധാരണവും ഡ്രെസ്സ്കോഡും എന്തുമാത്രം അവളെ അടിമയാക്കുന്നു എന്നും അവളെ അവളിലേക്കു മാത്രം തിരിക്കുന്നുവെന്നും മനസിലാക്കാൻ ഏറെ ബുദ്ധിമുട്ടേണ്ടതില്ല. അതിനുള്ള ഏറ്റവും ലളിതമായ ഉദാഹരണമാണ് കേരളത്തിന്റെ തനിമയെന്നു കൊട്ടിഘോഷിക്കുന്ന സാരി. സ്ത്രീ സാരി ഉടുത്താൽ, അവളുടെ വയറും മാറും മറയ്ക്കാൻ നിരന്തരം സാരിത്തുമ്പു പിടിച്ചുകൊണ്ടിരിക്കണം; ബസിലും മറ്റും കരങ്ങൾ ഉയർത്തിപ്പിടിച്ചു നിൽക്കേണ്ടിവന്നാൽ കുടകൊണ്ടും ഹാൻഡ്ബാഗ് കൊണ്ടും സാരിത്തുമ്പുകൊണ്ടും സർവഥാ തന്നിൽ ശ്രദ്ധ കേന്ദ്രീകരിച്ചു നിൽക്കണം; പാവാടയും സാരിയുടെ ചുറ്റലും അവൾക്ക് എത്രമാത്രം പോകാമെന്ന ലക്ഷ്മണരേഖ വരച്ചിരിക്കുന്നു. അവൾ കുനിഞ്ഞ് മുറ്റം തൂക്കുമ്പോൾ, തറ തുടയ്ക്കുമ്പോൾ, എന്തിനു എന്തെങ്കിലും ഒരു സാധനം തറയിൽനിന്നെടുക്കുമ്പോൾ, മറ്റുള്ളവർ

വയറു കാണുന്നുണ്ടോ, മാറു കാണുന്നുണ്ടോ, കണങ്കാലു കാണുന്നുണ്ടോ—ഇങ്ങനെ എന്തെല്ലാമാണവൾ ശ്രദ്ധിക്കേണ്ടത് — തുടങ്ങി അവളുടെ അസ്വാതന്ത്ര്യത്തിനു കണക്കില്ല. ഇന്നത്തെ തൊഴിൽവിഭജന അധികാര ഘടനയിൽ നിലയുറപ്പിച്ചിരിക്കുന്ന കുടുംബസംവിധാനത്തിൽ സ്ത്രീക്ക് ഇത്തരം അസ്വാതന്ത്ര്യങ്ങളുടെ കൂച്ചുവിലങ്ങിൽ കിടന്ന് നരകിക്കുകയല്ലാതെ മറ്റൊരു മാർഗമില്ല. അതുകൊണ്ടുതന്നെ ഈ സംവിധാനം നശിക്കേണ്ടതുണ്ട്.

ഇന്നത്തെ കുടുംബസംവിധാനത്തിന്റെ മറ്റൊരു ഭീതിദമായ അവസ്ഥയാണ് സ്ത്രീയുടെ അദൃശ്യവൽക്കരണം. സ്ത്രീയാണ് 70-75 ശതമാനം ജോലിയും ചെയ്യുന്നത് എന്നു കണക്കുകൾ വ്യക്തമാക്കുന്നു. പക്ഷേ അവൾക്ക് അംഗീകാരമില്ല. ഏതുകാര്യത്തിന്റെയും പിന്നിൽ കണക്കുപറച്ചിലില്ലാതെ, വിലപേശലില്ലാതെ, രാപകൽ അധ്വാനിക്കുന്നത് സ്ത്രീയാണ്. അതിന്റെ ഫലമായി കിട്ടുന്ന നേട്ടങ്ങളുടെ അവകാശിയോ പുരുഷനും. പൊതുസമൂഹത്തിൽ പ്രത്യക്ഷപ്പെടാൻ, അധികാരവും സമ്പത്തും കൈകാര്യം ചെയ്യാൻ, തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ സജീവ പങ്കാളിയാകാൻ, എന്തിനു മറ്റു സ്ത്രീ-പുരുഷന്മാരുമായി ബന്ധപ്പെടാൻ അവൾക്ക് അവകാശമില്ല. അവിടെയൊക്കെ അവൾ അദൃശ്യവൽക്കരിക്കപ്പെടുകയാണ്. ഈ അദൃശ്യവൽക്കരണത്തിന്റെ ഏറ്റം ക്രൂരമായ ഭാവമാണ്, ഒരു സ്ത്രീയും പുരുഷനും ഇന്നു വിവാഹം കഴിച്ച് കുടുംബമായാൽ, അവൾ ജനിച്ചു പഠിച്ചു വളർന്നു വന്ന മാതാപിതാക്കൾ -ബന്ധുക്കൾ- സുഹൃത്തുക്കൾ ഒക്കെ തമസ്കരിക്കപ്പെടുന്നു; മാത്രമല്ല, ഭർത്താവിന്റെ മാതാപിതാക്കൾ-ബന്ധുക്കൾ-സുഹൃത്തുക്കളുമായുള്ള ബന്ധപ്പെടൽ. നോക്കണം ഇന്നത്തെ കുടുംബ സംവിധാനം സ്ത്രീയുടെ കുടുംബ പാരമ്പര്യത്തെത്തന്നെ തമസ്കരിക്കുന്നു. അവൾ പറിച്ചു നടപ്പെടുകയാണ്; പുരുഷകോയ്മയുടെ അധീനതയിൽ.

ചുരുക്കത്തിൽ ഇന്നത്തെ കുടുംബം എന്ന സ്ഥാപനത്തെ പൊളിച്ചെഴുതണം. സ്ത്രീപുരുഷ തുല്യതയിലും ധാരണയിലും സ്വാതന്ത്ര്യത്തിലും സഹകരണത്തിലും സഹവർത്തിത്വത്തിലും പാരസ്പര്യത്തിലും പരസ്പര ബഹുമാനിക്കലിലും കരുതലിലും ഊന്നിയ, സ്ത്രീ-പുരുഷ പ്രണയത്തിൽ അടിസ്ഥാനപ്പെടുത്തിയ പുതിയൊരു സ്ത്രീപുരുഷ ബന്ധമാണിവിടെ ഉരുത്തിരിയേണ്ടത്. ഇങ്ങനെയുള്ള സ്ത്രീ-പുരുഷന്മാരുടെ കൂട്ടായ ജീവിതമാവും ഭാവി ഭാസുരവും സുരക്ഷിതവുമാക്കുക.

കൂലിവേല:- ബൈബിളിന്റെ ആരംഭത്തിൽ, പ്രപഞ്ചത്തിന്റെ സൃഷ്ടിയെപ്പറ്റി ഒരു കഥയുണ്ട്. പ്രപഞ്ചത്തിലുള്ള സർവതും ദൈവം ആറു ദിവസം കൊണ്ടു സൃഷ്ടിച്ചെന്നും സൃഷ്ടിയുടെ മകുടമായി മനുഷ്യനെ ആറാം ദിവസമാണു സൃഷ്ഠിച്ചതെന്നും ഏഴാം ദിവസം ദൈവം വിശ്രമിച്ചു എന്നുമാണു കഥ. എന്റെ കാഴ്ചപ്പാടിൽ ഇത് എഴുത്തുകാരന്റെ വെറും ഭാവനാകഥയാണെങ്കിലും അവിടെ അധ്വാനത്തെപ്പറ്റി രസകര

മായൊരു കാര്യം പറയുന്നു. മനുഷ്യന്റെ ജീവിത ദൗത്യവുമായി അവിടെ പറയുന്നത് നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷിക്കുക; അധ്വാനിച്ച് ഈ ഭൂമിയെ സമ്പന്നമാക്കുക. അതായതു സൃഷ്ടിയെപ്പറ്റിയുള്ളതു വെറും കഥയാണെങ്കിലും, അധ്വാനത്തെപ്പറ്റിയുള്ള ഉൾക്കാഴ്ച ഉന്നതമാണ്. അധ്വാനിക്കുന്നത് സ്വന്തം മുതൽ കൂട്ടാനല്ല; മറിച്ചു, ജീവിക്കാൻ വേണ്ടി, ഭൂമി കൂടുതൽ ധന്യമാക്കാൻ വേണ്ടി. ഇവിടെ അധ്വാനം വിൽക്കപ്പെടുന്നില്ല. ഓരോരുത്തരും അധ്വാനിക്കുന്നത് സമൂഹത്തിന്റെ ഉന്നമനത്തിനു വേണ്ടിയാണ്; തന്റേതന്നെ സ്വത്വസാക്ഷാൽക്കാരത്തിനു വേണ്ടിയാണ്.

മാർക്സിസത്തിന്റെ അടിസ്ഥാന കാഴ്ചപ്പാടിൽ മുഖ്യം മനുഷ്യാധ്വാനം അന്യവൽക്കരിക്കപ്പെടുന്നു എന്നതാണ്. മനുഷ്യന്റെ ഏറ്റവും വലിയ സവിശേഷതയായ അധ്വാനശേഷി ഇന്നു കമ്പോളത്തിലെ ഒരു വിൽപ്പനച്ചരക്കായി തരം താഴ്ത്തപ്പെട്ടിരിക്കുന്നു. വിൽക്കാനും വാങ്ങാനും സാധിക്കുന്ന ഒരു ചരക്ക്. അങ്ങനെ മുതലാളി അഥവാ ബൂർഷ്വാ തൊഴിലാളിയുടെ അഥവാ പ്രോലിറ്റേറിയറ്റിന്റെ അധ്വാനശേഷിയെ വിലയ്ക്കു വാങ്ങുകയാണ്. അങ്ങനെ അധ്വാനക്കമ്പോളത്തിൽ കൂടുതൽ കാര്യശേഷിയുള്ള, അധ്വാനശേഷിയുള്ള തൊഴിലാളിയുടെ അധ്വാനത്തെ വില പേശി സ്വന്തമാക്കുന്ന അവസ്ഥയാണിന്നുള്ളത്. അവിടെ തൊഴിലാളി തന്നെ അടിമയായി മാറ്റപ്പെടുന്നു.

ഇതു മനസിലാക്കാൻ ഒരു ചെറിയ ഉദാഹരണം വഴി നമുക്ക് ശ്രമിക്കാം. ഒരു മുതലാളിക്ക് ആയിരം രൂപയുടെ തടിയുണ്ടെന്നു കരുതുക; അതുപോലെ അതിൽ പണിയേണ്ട ഉളിയും ചുറ്റികയും ആണിയും ചിന്തേർ ഉപകരണവും മറ്റും അദ്ദേഹത്തിന്റെ കൈവശം ഉണ്ട് എന്നും അതിന് അഞ്ഞൂറു രൂപ ആയെന്നും കരുതുക. അവ അതുപോലെ ഇരിക്കുകയേയുള്ളു. അവിടെ ആശാരിയായ തൊഴിലാളി ഈ പണിയായുധങ്ങൾ ഉപയോഗിച്ച് ആ തടിയിൽ പണിഞ്ഞു 10 ഡസ്കും 2 മേശയും 5 കസേരകളും ഉണ്ടാക്കി എന്നും കരുതുക. അവയെല്ലാം കൂടി 8000 രൂപയ്ക്കു വിറ്റു. ആശാരിക്ക് ആയിരത്തി അഞ്ഞൂറു രൂപ പണിക്കൂലിയായി ഉടമസ്ഥൻ കൊടുക്കുകയും ചെയ്തു. അതായത് തടിവില 1000, ഉപകരണങ്ങളുടെ വില 500, പണിക്കൂലി 1500, അങ്ങനെ ആകെ 3000 രൂപ ചെലവായപ്പോൾ 8000 രൂപ കിട്ടി. അതായത് 5000 രൂപ അധികം കിട്ടി. അതു തടിയുടെയും ഉപകരണങ്ങളുടെയും ഉടമസ്ഥൻ അവന്റെ അവകാശമായി സ്വന്തമാക്കുകയാണ്. പക്ഷേ, ആ തടിക്കു അധികമൂല്യം ഉണ്ടായത് ആശാരിയുടെ അധ്വാനഫലം കൊണ്ടാണ്. അവനു കിട്ടിയതോ വെറും 1500 രൂപായും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, തടിയുടെയും ഉപകരണത്തിന്റെയും ഉടമസ്ഥൻ ആശാരിയുടെ അധ്വാനശേഷിയെ വിലയ്ക്കു (1500 രൂപയ്ക്ക്) വാങ്ങുകയായിരുന്നു. അവന്റെ അധ്വാനം അങ്ങനെ വിൽപ്പന ചരക്കായി തരം താഴ്ത്തപ്പെടുകയാണ്. ഇനി ഇതിലെ അമിതലാഭം കണ്ടിട്ട് ആശാരിക്കു 1000 രൂപ അധികമായി കൊടുത്തെന്നിരിക്കട്ടെ. അതായതു ബോണസായി 1000 രൂപ കൂടി കൊടുക്കുന്നു. അവി

ടെയും ഉടമസ്ഥനു 4000 അധികം കിട്ടുന്നു. അതിനുള്ള കാരണം ആശാരിയുടെ അധ്വാനശേഷിയെ വിലയ്ക്കു വാങ്ങിയതു കൊണ്ടാണ്. പണിക്കൂലി വർധിപ്പിച്ചാലും, മിച്ചമൂല്യത്തിന്റെ ഉടമസ്ഥൻ തടിയുടെയും ഉപകരണങ്ങളുടെയും ഉടമസ്ഥൻ തന്നെയാണ്.

എന്താണിതു പഠിപ്പിക്കുന്നത്? അധ്വാനശേഷി വില്ക്കപ്പെടുന്ന ഒരു സമൂഹത്തിൽ, അധ്വാനിക്കുന്ന തൊഴിലാളി എന്നും അടിമയായിരിക്കും. അവിടെ തൊഴിൽശേഷി അന്യം നിൽക്കുകയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പണിക്കൂലി/ ശമ്പളം എത്ര വർധിപ്പിച്ചാലും, ലാഭവിഹിതം ബോണസായി കിട്ടിയാലും, അധ്വാനിക്കുന്ന തൊഴിലാളി എന്നും തൊഴിൽ നൽകുന്ന മുതലാളിയുടെ ആശ്രിതനായിരിക്കും, അടിമയായിരിക്കും. അതായത്, ആ അധ്വാനം അവന്റെ സ്വത്വത്തെ വളർത്തുന്ന, ആത്മാവിഷ്കാരത്തിനു ഉതകുന്ന ഒന്നായിരിക്കുകയില്ല. മറിച്ച്, ആത്യന്തികമയി അവന്റെ അധ്വാനശേഷി വിൽക്കപ്പെടുന്നതു കൊണ്ട്, മുതലാളിയുടെ/തൊഴിൽ ദാതാവിന്റെ അടിമയായിരിക്കും. ഇനി ഇന്നത്തെ വിവരസാങ്കേതിക വിദ്യയുടെ മേഖലയിൽ ഒരു മാസത്തെ ശമ്പളം 50,000 രൂപയും അതിലധികവുമാണ്. ഓർക്കുക, ഇവിടെയും എത്ര അധികം ശമ്പളം കൂലി കിട്ടിയാലും, തൊഴിൽ ദാതാവായ വ്യക്തിയുടെയോ കമ്പനിയുടേയോ അടിമതന്നെയാണ് ഈ വലിയ ശമ്പളം വാങ്ങുന്ന തൊഴിലാളിയും.

മനുഷ്യന്റെ സവിശേഷതയാണ് അധ്വാനം. അധ്വാനം അവന്റെ സർഗശേഷിയെ വളർത്തുന്നു, പോഷിപ്പിക്കുന്നു. അവന്റെ വ്യക്തിത്വ പ്രകാശനംതന്നെ അധ്വാനത്തിലൂടെ നടക്കുന്നു. എങ്ങനെയാണിതു സാധിതമാവുക? കൂലിവേലയാകാതെ, മണ്ണിൽ/ അസംസ്കൃതവസ്തുക്കളിൽ കൂട്ടായ സഹകരണാധ്വാനമാണ് ഉണ്ടാകേണ്ടത്. ഓരോരുത്തരും അവരവരുടെ കഴിവും ശേഷിയും ഉപയോഗിച്ച് സമൂഹത്തിന്റെ അവശ്യത്തിനായി സ്വയം അധ്വാനിക്കുന്നു. അധ്വാനഫലം എല്ലാവരും ആവശ്യാനുസരണം പങ്കുവെച്ചനുഭവിക്കുന്നു. ഇവിടെ അടിമത്തമല്ല, സ്വാതന്ത്ര്യാനുഭവമാണു ഫലം; ക്ഷീണവും മടുപ്പുമല്ല, സഹകരണവും സംതൃപ്തിയുമാണ് ഫലം. വളരെ എളുപ്പത്തിലങ്ങു പറഞ്ഞു വച്ചെങ്കിലും, വളരെ ഗൗരവത്തോടെ ആഴത്തിലുള്ള വിചിന്തനത്തിനു വിധേയമാക്കേണ്ട ഒരു വിഷയമാണ് കൂലിവേലയ്ക്ക് ബദലായുള്ള സഹകരണാധ്വാനം.

<u>**കളിക്കൂട്ട നിയന്ത്രണം**</u>:- രണ്ടു പേർ ഒന്നിച്ചു പ്രവർത്തിക്കുമ്പോൾ, അറിയാതെ ഒരാൾ നേതാവാകും, അധികാരിയാകും; അവിടെ ചെറിയ തോതിലെങ്കിലും ഘടനയുണ്ടാകും. അധികാരദുർവിനിയോഗം ഉണ്ടാകും. അപ്പോൾ ലക്ഷക്കണക്കിന് അംഗത്വമുള്ള രാഷ്ട്രീയ പാർട്ടിയിലോ കോടിക്കണക്കിനു അംഗത്വമുള്ള ക്രൈസ്തവസഭയിലോ മറ്റു സമുദായങ്ങളിലോ അധികാരിയുള്ളതിലോ ശക്തമായ ഘടനയുള്ളതിലോ അധികാരദുർവിനിയോഗം നടക്കുന്നതിലോ അത്ഭുതപ്പെടാനില്ല

എന്നുള്ള ന്യായീകരണം ഇന്നു പൊതുവേ അംഗീകരിച്ചിട്ടുള്ളതാണ്. ഈയൊരു അധികാര വ്യവസ്ഥയെയാണ് ഇവിടെ ചോദ്യം ചെയ്യാൻ ശ്രമിക്കുന്നത്.

മനുഷ്യൻ സാമൂഹ്യജീവിയാണ്. സാമൂഹ്യജീവി സാമൂഹ്യഘട നയ്ക്കു വിധേയമാണ്. അവിടെ അധികാരപ്രയോഗം അനിവാര്യമാണ്. ഇങ്ങനെയൊരു ചിന്താധാരയുമുണ്ട്. മറ്റൊരു ചൊല്ല്, 'അധികാരം ദുഷിച്ച താണ്, കേവല അധികാരം കേവലമായി ദുഷിക്കുന്നു' എന്നതാണ്. ഒരു വശത്തുകൂടി അധികാരം തിന്മയാണ്, ദുഷ്യമാണ് എന്നു പറയുമ്പോ ഴും, മറുവശത്ത് അധികാരവും ഘടനയും സാമൂഹ്യ ജീവിതത്തിന്റെ അനിവാര്യതയാണ് എന്ന ചിന്തയാണ് ഈ ധാരണകളുടെ പിന്നിലുള്ളത് എന്നു വ്യക്തം. ഇവയ്ക്കൊരു ബദലില്ലേ?

ഏകാധിപത്യം, മേൽ-കീഴ് ശ്രേണീകൃത അധികാര വ്യവസ്ഥ, പ്രാതിനിധ്യ ജനാധിപത്യ ക്രമം, എന്തിന് തൊഴിലാളിവർഗ സർവാധി പത്യവും ഇന്നു ദുരന്തവും ഭാരവുമായി സാധാരണക്കാർക്ക് പൊറുതി മുട്ടലായി മാറിയിരിക്കുന്നു എന്നതു വർത്തമാനയാഥാർഥ്യം. ഈ നീക്കം ശരിയല്ല; ഇവയൊന്നും തന്നെ സാമാന്യജനത്തിന് അർഹിക്കുന്ന പ്രാധാ ന്യവും സ്വാതന്ത്ര്യവും തനത് വ്യക്തിത്വവും പ്രദാനം ചെയ്യുന്നില്ല എന്നതും എല്ലാവരും സമ്മതിക്കുന്ന പച്ചയായ സത്യമാണ്. ഇവയ് ക്കൊരു ബദലില്ലേ?

ഇവയുടെയൊക്കെ ബദലായി ചരിത്രത്തിൽ ഉന്നയിച്ചിട്ടുള്ളതു മൂന്നു തരം ഭരണക്രമങ്ങളാണ്. ഏറ്റവും കുറച്ചു നിയമങ്ങളുള്ള സംവിധാനം (least rule system ) എന്നതാണ് ആദ്യത്തെ ബദൽ . നിയമങ്ങളും ചട്ട ങ്ങളുമാണ് മനുഷ്യനെ അടിമയാക്കുന്നത് എന്ന വ്യക്തതയിലുള്ള നീക്ക മാണിത്. മനുഷ്യൻ സാബത്തിനു വേണ്ടിയല്ല; സാബത്ത് മനുഷ്യനു വേണ്ടിയാണ് എന്ന തത്വമാണിതിന്റെ പിന്നിലുള്ളത്. രണ്ടാമത്തേതായി എടുത്തുകാട്ടുന്നത് നിയമമേ അനാവശ്യമാണ്, നിയമം വേണ്ട (no rule) എന്ന ചിന്താധാരയാണാധാരം. ഇത് അരാജകത്വം സൃഷ്ടിക്കുമെന്ന് എടു ത്തുപറയേണ്ടതില്ലല്ലോ. മൂന്നാമത്തേത്, സ്വരാജ് അഥവാ സ്വന്തമായ നിയമവും നിയന്ത്രണവും(self rule) നടത്തുന്നു. എന്തുവേണം? എന്തു വേണ്ട? എങ്ങനെയായിരിക്കണം കാര്യങ്ങൾ? ഏതു വഴി സ്വീകരിക്കണം? ഏതു സ്വീകരിക്കേണ്ട? എന്നു തുടങ്ങിയവയൊക്കെ തീരുമാനിക്കുന്നത് ആ വ്യക്തിതന്നെയാണ്. ഇവിടെ വ്യക്തിയാണ് എല്ലാം തീരുമാനിക്കു ന്നത്. ഇവയൊക്കെത്തന്നെ മനുഷ്യനെ, ഒരു വ്യക്തി എന്ന നിലയിലും ഒരു സാമൂഹ്യജീവി എന്ന നിലയിലും, കടിഞ്ഞാൺ ഇടുന്നു; അവനെ അധീനനാക്കുന്നു; അവന്റെ സ്വതന്ത്രവും പക്വവും ഉത്തരവാദപരവുമായ ഇടപെടലിനു ഇടങ്കോൽ നിർമിക്കുന്നു. ഇവയ്ക്കൊരു ബദലില്ലേ?

ഇങ്ങനെ ഇന്നു നിലവിലുള്ളതും അവമാറി മറ്റൊന്നാകണം എന്ന് ചരിത്രത്തിൽ പറഞ്ഞിട്ടുള്ളവയെയുമൊക്കെ വിമർശനവിധേയമാക്കി മറ്റൊരു ബദലിനു സാധ്യമില്ലേ എന്നാണ് നമ്മൾ ചിന്തിക്കുന്നത്. മുക ളിൽ സുചിപ്പിച്ച പലതരത്തിലുള്ള മേൽകീഴ് ശ്രേണീബദ്ധ ഭരണക്രമ

(hierarchy )ത്തിനു ബദലായി കളിക്കൂട്ട സഹകരണ ക്രമം (hetararchy) എന്നൊരു ദർശനമാണു ഞങ്ങൾ മുന്നോട്ടു വയ്ക്കുന്നത്. കാര്യം അൽപ്പം കൂടി വിശദമാക്കാം. കളിയിൽ കളിക്കാർ എല്ലാവരും തുല്യരാണ്. ജീവിതത്തിൽ വിവിധ മേഖലകളിൽ വലുതും ചെറുതുമായ പല സ്ഥാനങ്ങൾ കൈയാളുന്ന വ്യക്തികളായിരിക്കും, പല മത വിശ്വാസികളായിരിക്കും, മതത്തിലും ദൈവത്തിലും വിശ്വസിക്കാത്തവരായിരിക്കും, കറുത്തവരായിരിക്കും വെളുത്തവരായിരിക്കും, അൽമേനിയായിരിക്കും ബിഷപ്പായിരിക്കും, മാർപ്പാപ്പയായിരിക്കും – എല്ലാവരും കളിയിൽ നൂറു ശതമാനവും തുല്യരായിരിക്കും. എല്ലാവരും തുല്യർ ആണെന്നു പറയുമ്പോൾ എല്ലാവരും ഒരേ ജോലി ഒരേ രീതിയിൽ ചെയ്യുന്നു എന്നല്ല അർഥം വയ്ക്കുന്നത്. ഓരോരുത്തരും കളി അർഥസമ്പുഷ്ടമാക്കാൻ അവരവരുടെ പങ്ക് ഉത്തരവാദിത്തത്തോടെ നിറവേറ്റുകയാണ് ചെയ്യേണ്ടത്. വിഭിന്നമാണെങ്കിലും ഓരോരുത്തരുടേയും പങ്കിന് തുല്യ പ്രധാന്യമാണുള്ളത്. നമ്മുടെ കൈവെള്ളയിലെ അഞ്ചുവിരലുകൾ ശ്രദ്ധിക്കുക. എല്ലാം വ്യത്യസ്തം; പക്ഷേ എല്ലാത്തിനും തുല്യ പ്രധാന്യമാണുള്ളത്; ഓരോന്നിനും അതിന്റേതായ ജോലിയുണ്ട്. അതുപോലെ കളിയിൽ ഫ്രണ്ടും ബാക്കും റഫറിയും ഒക്കെ ഒരുപോലെ പ്രധാനപ്പെട്ടതാണ്, വ്യത്യസ്ത ധർമങ്ങളാണ് ചെയ്ത് തീർക്കാനുള്ളതെങ്കിലും. അതേ കീഴ്-മേൽ അധികാരക്രമത്തിന് പകരം കളിക്കൂട്ടചൈതന്യ(game spirit)മാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്. ഇവിടെ വളർത്തിയെടുക്കേണ്ട മൂല്യങ്ങൾ മാത്സര്യവും അടിച്ചമർത്തലുമല്ല, മറിച്ച് സ്പോർട്സ്മാൻഷിപ്പാണ്; അധികാരം ചെലുത്തലല്ല, സഹകരണമാണ്; സ്വന്തമായി സ്വരൂപിക്കലല്ല, പങ്കുവയ്ക്കലും പങ്കാളിത്തവുമാണ്; കീഴ്-മേൽ കോയ്മയല്ല, സഹയാത്രാബോധമാണ്; അധികാരി-അധീനാവബോധമല്ല, സഖിത്വമാണ്. ഈ ദർശനത്തിൽ ഇന്നത്തെ സമൂഹക്രമം മൂല്യമായി കാണുന്ന ഭരണം, നിയന്ത്രണം, അനുസരണം, അധികാരം, വിധേയത്വം, അധീശത്വം, കീഴാളത്തം തുടങ്ങിയ വാക്കുകൾക്കോ, ആശയങ്ങൾക്കോ കളിക്കൂട്ട സഹകരണക്രമത്തിൽ സ്ഥാനമേയില്ല.

ഇങ്ങനെയൊരു അവസ്ഥയിൽ ലോകത്തുനിന്നും യുദ്ധവും കലാപവും അടിച്ചമർത്തലും-അധിനിവേശവും സമര-പോരാട്ട വേദികളും ഇല്ലാതെയാകും. ലോകവും സമൂഹവും ഒരു കളിക്കളമാവുകയാണ്; ആളുകളോ കളിക്കൂട്ടങ്ങളും. ഇവടെയുണ്ടായിരിക്കേണ്ട ഏക പുണ്യം സംഘ-കളിക്കൂട്ട ചൈതന്യമായ സ്പോർട്സ്മാൻഷിപ്പ് അഥവാ സ്പോർട്സ്‌വുമൺഷിപ്പ് ആണ്. ഇവിടെ വധശിക്ഷയ്ക്കോ മറ്റേതൊരു തരത്തിലെ ശിക്ഷയ്ക്കോ സ്ഥാനമില്ല; സമൂഹനന്മയെ കണക്കിലെടുത്തുകൊണ്ട് സ്വയം പ്രേരിതരായി അഹിംസയും ക്ഷമയും സ്വന്തമാക്കാം. ഇവിടെ വാശിയും വൈരാഗ്യവുമില്ല. സ്വബോധത്തോടെയുള്ള തീരുമാനങ്ങളും നിലപാടുകളുമുണ്ടുതാനും. ഇവിടെ ഉണ്ടായിരിക്കുന്ന ഏറ്റവും വലിയ സവിശേഷത അപരനോടുള്ള ബഹുമാനവും ആദരവും അംഗീ

കാരവുമാണ്. സഹവർത്തിത്വവും സഹകരണവും അതിൽനിന്നുദിക്കുന്ന സ്വയംപ്രേരിതക്രമവുമാണിവിടെ പ്രധാനം. ഇവിടെ പരസ്പരമുള്ള താളവും ഈണവും ഇണക്കവും ഇമ്പവും സൗഹൃദവും സ്നേഹസൗന്ദര്യാനുഭൂതികളും കൂടുതൽ സജീവമാകുന്നു. അങ്ങനെ വിവിധതരം മേൽ-കീഴ് ശ്രേണീബദ്ധ ഭരണക്രമങ്ങൾക്ക് ബദലായി സഹകരണാടിസ്ഥാനത്തിലുള്ള സ്വതന്ത്രകളിക്കൂട്ടക്രമം എല്ലാം കൊണ്ടും പുത്തൻ സമൂഹസൃഷ്ടിയിൽ വലിയ പങ്കുവഹിക്കും.

അങ്ങനെ ബദൽ ജീവിതരീതിയെപ്പറ്റി ചിന്തിച്ചിടത്തും എല്ലാ രീതിയിലും മാറി നടക്കേണ്ട ആറുമേഖലകളെയാണ് ഞങ്ങൾ നിർവചിച്ചു വ്യക്തമാക്കിയത്—മതം, ജാതി, ദൈവം, കുടുംബം, കൂലിപ്പണി, മേൽ-കീഴ് അധികാരക്രമം. ഇവയെ ഒക്കെ നിഷേധിച്ചുകൊണ്ട്, മനുഷ്യനിലും ഭൂമിയിലും പ്രകൃതിയിലും പ്രപഞ്ചത്തിലും ഊന്നിയ ഒരു പുതിയ ബദലിന് നാം രൂപം കൊടുക്കേണ്ടതുണ്ട്. ഈ ബദൽ നിർമിതിക്കു അടിത്തറയായി നിൽക്കേണ്ട ദർശനം എന്തായിരിക്കണം എന്നുകൂടി അൽപ്പം ചിന്തിക്കുന്നത് നല്ലതാണ്. അക്കമിട്ടുതന്നെ കുറിക്കട്ടെ.

**ഒന്ന്,** പ്രകൃതി പരിണാമദർശന(naturalism)മാണടിസ്ഥാനം. പ്രകൃതി-പ്രപഞ്ച പ്രതിഭാസം എല്ലാം സമൃദ്ധിയിലേക്കും നന്മയിലേക്കും പരിപാലിച്ചു നിലനിർത്തുന്നതാണ്. പ്രകൃതിയിൽ പരിണമിച്ചുണ്ടായ മനുഷ്യൻ സ്വമേധയാ തന്നിൽത്തന്നെ നന്മയാണ്. നന്മയിലേക്കാണ് ചാഞ്ഞിരിക്കുക. ഇവിടെ മനുഷ്യൻ ജനിക്കുന്നത് പാപത്തിലാണ്, സ്വമേധയാ തിന്മയിലേക്കാണ് അഭിവാഞ്ഛ എന്ന മത ചിന്താഗതി തീർത്തും അസംബന്ധമാണ്. മനുഷ്യൻ അടിസ്ഥാനപരമായും മൗലികമായും നന്മയിലേക്കു ചാഞ്ഞു നിൽക്കുന്നതിന്റെ പ്രകാശനമാണ് മനസ്സാക്ഷി അന്തരംഗസ്വരവും വ്യക്തിസ്വാതന്ത്ര്യവും.

**രണ്ട്,** പ്രകൃതി പരിണാമദർശനം പോലെതന്നെ സുപ്രധാനമാണ് അലൗകിക മതത്തെ നിഷേധിക്കുന്ന മതേതര-മതനിരപേക്ഷ ദർശനം (secularism). ഭൗതികജീവിതത്തിൽ ഊന്നാതെയുള്ള അഭൗമിക-അധ്യാത്മിക-ലൗകിക മതങ്ങളും അവയുടെ അനന്തരഫലങ്ങളായ ആചാരാനുഷ്ഠാനങ്ങളും ആരാധനയും അബദ്ധജടില അന്ധവിശ്വാസങ്ങളും ഇവയ്ക്കെല്ലാം ചൂട്ടുപിടിക്കുന്ന പൗരോഹിത്യവും സന്യാസവും മനുഷ്യകുലത്തെ ചൂഷണം ചെയ്യുന്നു, അടിമത്തം പ്രദാനം ചെയ്യുന്നു; അവയുടെയെല്ലാം ബാഹ്യചിഹ്നമായി അടയാളപ്പെടുത്തുന്നതോ കാപട്യവും. മനുഷ്യന്റെ രണ്ടു അടിസ്ഥാനവികാരങ്ങളായ ഭീതിയെയും മോഹവികാരത്തെയുമാണ് മതങ്ങൾ ദുരുപയോഗിച്ചു ചൂഷണം ചെയ്യുന്നത്. സ്വർഗം പറഞ്ഞു മോഹിപ്പിക്കുകയും നരകം എടുത്തുകാട്ടി ഭയപ്പെടുത്തുകയും ചെയ്തുകൊണ്ട്, അലൗകികമായ ആത്മാവിനെ ഉണ്ടാക്കി മരണാനന്തര സുഖ-ശിഷ്ട ജീവിതം സുനിശ്ചിതമെന്ന മതത്തിന്റെ സൂത്രവാക്യം എത്ര ആസൂത്രിതമെന്നു അല്പം ചിന്തിച്ചാൽ മനസിലാകും. ഈ ചിന്തയ്ക്കു അടിത്തറയിടുന്ന ദൈവസങ്കൽപ്പം മനു

ഷ്യനെ എല്ലാരീതിയിലും ചൂഷണം ചെയ്ത് അലൗകിക അത്മാവിലും, സ്വർഗത്തിലും, നരകത്തിലുമുള്ള വിശ്വാസത്തിൽ ഉറപ്പിക്കുന്നു. ഈ അവസ്ഥയെയാണ് നാം മതനിഷേധ ദർശനത്തിലൂടെ നിരാകരിക്കുന്നത്.

**മൂന്ന്,** പ്രകൃതിയുടെ പ്രഥമ സദ്രൂപം സ്ത്രീയാണ്. ഇവിടെ നാം ഊന്നൽ നൽകുന്നത് പ്രകൃതി സ്ത്രൈണ ഭാവ ദർശന (eco-feminism) മാണ്. ഈ സ്ത്രീദർശന കാഴ്ചപ്പാടു നമ്മുടെ പുതിയ ദർശനത്തിന്റെ ഉൾക്കാമ്പാണ്. എല്ലാത്തിനേയും നോക്കിക്കാണുന്നത് ഒരു പ്രത്യേക സ്ത്രീകാഴ്ചപ്പാടോടുകൂടിയായിരിക്കും. അവിടെ അമ്മ, പരിപാലക, സ്നേഹോഷ്മള, ഉർവര, മഹാമനസ്ക, അഹിംസാത്മക, ക്ഷമാശീല, സഹാനുഭൂത തുടങ്ങിയ നിലകളിലാണ് നാം കാണുക. ഇതു തീർത്തും വ്യത്യസ്തമായൊരു കാഴ്ചപ്പാടാണ്.

**നാല്,** വിശിഷ്ട വ്യക്തി സ്വാതന്ത്ര്യ ദർശന(qualified individualism)ത്തിനാണ് നാം പ്രാധാന്യം കൊടുക്കുന്നത്. മാനവചരിത്രത്തിൽ എന്നും വ്യക്തിസ്വാതന്ത്ര്യവും സാമൂഹ്യസ്വാതന്ത്ര്യവും തമ്മിൽ നിരന്തര സംവാദങ്ങളും പോരാട്ടങ്ങളും നടന്നുകൊണ്ടേയിരിക്കുന്നു എന്നതാണ് ചരിത്ര വസ്തുത. അവിടെ പൊതുവേ എടുക്കുന്ന ഒരു എളുപ്പ തത്വം-സാമൂഹ്യസ്വാതന്ത്ര്യവും വ്യക്തിസ്വാതന്ത്ര്യവും തമ്മിൽ സംഘട്ടനം ഉണ്ടാകുമ്പോൾ, വ്യക്തിസ്വാതന്ത്ര്യം സാമൂഹ്യസ്വാതന്ത്ര്യത്തിനു കീഴടങ്ങുക എന്നതാണ്. ഈ നിലപാടിനെ നാം ചോദ്യം ചെയ്യുന്നു.വ്യക്തിയുടെ സൗഖ്യവും വ്യക്തിയുടെ സ്വാതന്ത്ര്യവും അതിപ്രധാനമാണ്; അതുപോലെതന്നെ സാമൂഹ്യാധികാരവും നിയന്ത്രണവും പ്രധാനപ്പെട്ടതാണ്. പക്ഷേ, ഭിന്നതയിൽ സാമൂഹ്യാധികാരത്തിന് വ്യക്തിസ്വാതന്ത്ര്യത്തെയും മനസ്സാക്ഷിയേയും അടിയറ വയ്ക്കുന്നതിൽ അപാകത കാണുന്നുണ്ട്. സാമൂഹ്യപരതയ്ക്കു വലിയ പ്രാധാന്യമുണ്ടെങ്കിലും, വ്യക്തിയുടെ സ്വാകാര്യതയും സ്വതന്ത്ര ഇടവും സ്വതന്ത്ര സമയവും (personal privacy, free space and free time) അനിഷേധ്യമാണ്. ഈയൊരു സവിശേഷതവച്ചുകൊണ്ടാണ് വിശിഷ്ട വ്യക്തിസ്വാതന്ത്ര്യമെന്നു ഈ കാഴ്ചപ്പാടിനെ വിശേഷിപ്പിച്ചത്.

**അഞ്ച്,** വിശിഷ്ട സോഷ്യലിസം (qualified socialism) അഥവാ വിശിഷ്ട സമതാദർശനത്തിന് ഏറെ പ്രധാന്യമുണ്ട്. വ്യക്തിക്കു സ്വാതന്ത്ര്യവും സൗഖ്യവും ഉരുവാകുന്നതും സഫലമാകുന്നതും സമൂഹത്തിൽ കൂടിയുമാണ്. സമൂഹ സാഫല്യത്തിലൂടെ മാത്രമാണ് വ്യക്തി സാഫല്യം സാധ്യമാകുന്നത്. വ്യക്തിക്കു മാത്രമായിട്ട് ഒരു സാഫല്യവുമില്ല. 'അപരന്റെ മൂക്കിൻ തുമ്പിൽ എന്റെ സ്വാതന്ത്ര്യം അവസാനിക്കുന്നു' എന്നത് ഒരു സൂത്രവാക്യമാണ്. ഈ വിശിഷ്ട സമതാ ദർശനമാണ് അഹിംസയുടെയും അനന്തക്ഷമയുടെയും ആഴമേറിയ സഹാനുഭൂതിയുടെയും അടിത്തറയും ഉത്ഭവസ്ഥാനവും. വ്യക്തി മനസാക്ഷിയും സ്വാതന്ത്ര്യവും നിയന്ത്രണവും പോലെ അനിഷേധ്യമാണ് സാമൂഹ്യമനസ്സാക്ഷിയും സാമൂഹ്യ സ്വാതന്ത്ര്യവും നിയന്ത്രണവും.വ്യക്തി മനസാക്ഷി ആഴത്തി

ലുള്ള ചിന്തയിലും ധ്യാനത്തിലും തെളിയുമ്പോൾ, സാമൂഹ്യമനസ്സാക്ഷി സത്സംഗ ഭാഷണത്തിലും സമന്വയത്തിലും തെളിയുന്നു. വ്യക്തിയുടെ സ്വാകാര്യതയും സ്വകാര്യ ഇടവും നില നിർത്തുന്നത് സ്വകാര്യസ്വത്ത് പ്രോത്സാഹിപ്പിച്ചുകൊണ്ടല്ല. പ്രകൃതി ഒരിക്കലും സ്വകാര്യ സ്വത്തല്ല; അങ്ങനെ ആവരുത്, ആക്കരുത്. പ്രകൃതി പൊതുസ്വത്താണ്. സോഷ്യലിസത്തിന്റെ അടിസ്ഥാനവുമതാണ്. നമ്മുടെ അടിസ്ഥാന മനോഭാവമിതാണ്: 'ഞാൻ ഭൂമിയുടേതാണ്; ഭൂമി എന്റേതല്ല. ഞാൻ നിന്റേതാണ്, നീ എന്റേതല്ല.' നമ്മുടെ ജീവിതചിന്തയെയും സാമൂഹ്യദർശനത്തെയും ആകെ പിടിച്ചു കുലുക്കുന്ന ഒരു സമീപനമാണിവിടെ നാം ഏറ്റു പിടിക്കുന്നത്.

**ആറ്,** സാമൂഹ്യ-സാമ്പത്തിക വിശകലന ശാസ്ത്ര ദർശനം (socio-economic analysis ) സാമൂഹ്യയഥാർഥ്യങ്ങളെ എങ്ങനെ ശാസ്ത്രീയമായി നോക്കിക്കാണുന്നു എന്ന് വ്യക്തമാക്കുന്നു. പല രീതിയിലാണ് സാമ്പത്തിക ശാസ്ത്രത്തെ സമീപിക്കുന്നത്. അവയിൽ പ്രധാനമായും 'അന്നന്നപ്പ്' അതിജീവന സാമ്പത്തിക ശാസ്ത്രമായും (subsistence and sustainable economy) കമ്പോളാധിഷ്ഠിത ഹൈറ്റെക് സാമ്പത്തിക ശാസ്ത്രമായും (market and high-tech economy) ഉള്ളവനും ഇല്ലാത്തവനും എന്ന അടിസ്ഥാന സാമൂഹ്യ-സാമ്പത്തിക അപഗ്രഥന ശാസ്ത്രമായും(socio -economic analysis)- അങ്ങനെ പല രീതിയിൽ സമൂഹങ്ങളെയും അവയുടെ പ്രശ്നങ്ങളെയും സമീപിക്കേണ്ടതും വിലയിരുത്തേണ്ടതുമുണ്ട്. ഇവിടെ മൂന്നാമത്തെ സമീപനത്തോടാണ് നമുക്ക് ആഭിമുഖ്യം. വിഭജിക്കപ്പെട്ട സമൂഹത്തിൽ, പക്ഷം ചേരൽ അനിവാര്യ ഘടകമായി മാറുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിഭജനമെന്നു പറയുമ്പോൾ, അധികാരം ഉള്ളവനും ഇല്ലാത്തവനും തമ്മിൽ, സമ്പത്ത് ഉള്ളവനും ഇല്ലാത്തവനും തമ്മിൽ, അംഗീകാരം ഉള്ളവനും ഇല്ലാത്തവനും തമ്മിൽ, സംസ്കാരം ഉള്ളവനും ഇല്ലാത്തവനും തമ്മിൽ-അങ്ങനെ ഏതു മൂലധനവും ഉള്ളവനും ഇല്ലാത്തവനും തമ്മിലാണ് വിഭജനം. ഇവിടെ പക്ഷംചേരൽ അനിവാര്യമെന്നു പറയുമ്പോൾ, ഒരു ബദൽ ദർശനത്തിനു രൂപം കൊടുക്കുന്ന വ്യക്തിക്കു ദരിദ്രപക്ഷം പിടിക്കുകയല്ലാതെ മറ്റുമാർഗം അവന്റെ മുമ്പിലില്ല. ഇവരുടെ താൽപ്പര്യങ്ങളോ വിഭിന്നം മാത്രമല്ല, കടകവിരുദ്ധം തന്നെയാണ്. അപ്പോൾ പക്ഷം പിടിക്കലിൽ വിരുദ്ധതയുടെ ഒരംശം കൂടെയുണ്ട്. വിരുദ്ധ താൽപ്പര്യങ്ങളായതുകൊണ്ടു നിർബന്ധമായും വർഗസംഘട്ടനം അനിവാര്യമെന്നു കാണേണ്ടതില്ല. വിരുദ്ധ താൽപ്പര്യമുള്ളിടത്തു, ദരിദ്രപക്ഷം ചേർന്നുകൊണ്ടുള്ള സംഘ ജീവിതം അർഥവത്തായ ബദലും ചൂഷകരോടുള്ള ഫലവത്തായ മറുപടിയുമാകും.

**ഏഴ്,** സാംസ്കാരിക-സാമൂഹ്യ വിശകലന ശാസ്ത്ര ദർശന (socio-cultural analysis )ത്തിനു ഇന്നു ഒരു പ്രത്യയശാസ്ത്രവും വേണ്ടത്ര

പ്രാധാന്യം കൊടുക്കുന്നില്ല. പക്ഷേ മനുഷ്യമനസിനെ ഏറ്റവും ആഴത്തിൽ സ്പർശിക്കുന്നതാണ് സംസ്കാരം. അതു ജീവിത വ്യവഹാരങ്ങളെ ആകെ മാറ്റി മറിക്കും. ലോകത്തിലെ ഏറ്റവും വലിയ രണ്ടു സോഷ്യലിസ്റ്റ് പരീക്ഷണങ്ങൾ നടന്നത് റഷ്യയിലും ചൈനയിലുമാണല്ലോ. റഷ്യയിൽ കാലത്തിന്റെ കുത്തൊഴുക്കിൽ ആ പരീക്ഷണം പരാജയപ്പെട്ടപ്പോൾ, ഇന്നും കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ചൈനയിൽ സോഷ്യലിസ്റ്റ് പരീക്ഷണം തുടരാൻ പലകാരണങ്ങളുള്ളതിൽ അതിപ്രധാനമായ ഒന്നായി എടുത്തുകാട്ടുന്നതു ചൈനയിലെ സാംസ്കാരിക വിപ്ലവമാണ്. അതുശരിയോ തെറ്റോ എന്നു വിശകലനം ചെയ്യാനല്ല ഞാൻ ഇവിടെ ഒരുമ്പെടുന്നത്. അതെന്തായാലും ശരി, സാമൂഹ്യമാറ്റ പ്രക്രിയയിൽ സാംസ്കാരിക ഇടപെടലിനു വലിയ പ്രാധാന്യമുണ്ട് എന്നതു വസ്തുതയാണ്.

ഇന്നു പലതരം സാംസ്കാരിക വിശകലനങ്ങൾ സജീവമാണെങ്കിലും, അവയെ ഒക്കെ കോർത്തിണക്കി അതിവേഗതാ-വെട്ടിപ്പിടുത്ത സംസ്കാരം (high speed and conquest culture) എന്നും താളപ്പൊരുത്ത സംസ്കാരം (rhythm and harmony culture) എന്നും രണ്ടായി തിരിക്കാം. ഇന്നു സജീവമായി മുഖ്യധാരയെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നതാണ് അതിവേഗതാ-അധിനിവേശ സംസ്കാരം. ഇന്നത്തെ മുഖ്യധാരാ പ്രസിദ്ധീകരണ-ശ്രാവ്യദൃശ്യമാധ്യമങ്ങൾ ഒക്കെതന്നെ പ്രോത്സാഹിപ്പിക്കുന്നതു ഈ സംസ്കാരരീതിയാണ്. മനുഷ്യജീവിതത്തെ സാവകാശബുദ്ധ്യാ കാണാനോ ഇടപെടാനോ സാധിക്കാത്ത വിധം ജീവിതംതന്നെ സ്പീഡായി മാറിയിരിക്കുന്നു. മനുഷ്യനിന്നു ഒന്നിനും സമയമില്ല. ഒരു കാര്യത്തിനും കാത്തു നിൽക്കാൻ തയാറല്ല. ഏതു കാര്യവും ഉടൻ നടന്നു കിട്ടണം. 'ക്യൂ'വിൽ നിൽക്കണമെന്ന വ്യവസ്ഥയുണ്ടെങ്കിലും, കഴിവതും 'ക്യൂ'വിനെ അതിലംഘിച്ചുകൊണ്ട് കടത്തിവെട്ടാൻ പറ്റുന്നിടത്തെല്ലാം അതു ചെയ്തിരിക്കും. എവിടെയും സ്പീഡ് സംസ്കാരത്തിന്റെ സ്വാധീനവലയത്തിലാണ് ആധുനിക മനുഷ്യൻ. 'സ്പീഡ്' മാത്രമല്ല, അതിവേഗത്തിൽ വെട്ടിപ്പിടിച്ച് അധിനിവേശം നടത്തുന്ന സംസ്കാരമാണ് വർത്തമാന കാലത്തിൽ സജീവമായിട്ടുള്ളത്. ഇതിന്റെ സ്വാധീനം അപാരമാണ്. മാത്സര്യം, സ്വാർഥത, വെട്ടിപ്പിടുത്തം, വ്യക്തിഗത കാര്യക്ഷമത, നിരന്തരമുള്ള നെട്ടോട്ടം, വേഗത്തിലുള്ള ചലനം, അപരരെ തഴഞ്ഞുകൊണ്ടുള്ള വ്യക്തിഗത മുന്നേറ്റം-ഇവയൊക്കെ ഈ സംസ്കാരത്തിന്റെ സവിശേഷതകളാണ്. ഇതിലൊന്നും ഒരു അപാകതയും കാണുന്നില്ല എന്നു മാത്രമല്ല, എല്ലാത്തിനേയും അതിവേഗം മാറ്റിമറിച്ചു വെട്ടിപ്പിടിക്കുന്നതിനുള്ള ന്യായീകരണവും നീതീകരണവും ഈ സംസ്കാരം പ്രദാനം ചെയ്യുന്നു. ഇതാണു മുതലാളിത്ത-കുത്തക ചൂഷണത്തെ നീതീകരിച്ചു ശക്തിപ്പെടുത്തുന്ന പ്രത്യയശാസ്ത്രം.

ഈ നീക്കത്തിനു കടകവിരുദ്ധമായ സംസ്കാരമാണ് താളപ്പൊരുത്ത സംസ്കാരം. ഇതിനു ഏറ്റവും നല്ല ഉദാഹരണമാണ് ആദിവാസി

കളുടെ സംസ്കാരം. ഈ സംസ്കാരത്തിന്റെ ഉടമകൾക്ക് അവരുടേതായ സാവകാശബുദ്ധിയും താളവും ചലനവും എല്ലാമുണ്ട്. ഇവിടെ സഹവർത്തിത്വവും സഹകരണവും പങ്കുവെയ്ക്കലും പരോന്മുഖതയും താളവും ഈണവും ഒക്കെ നിറഞ്ഞു നിൽക്കുന്ന അനുഭവമാണ്. ഇത് അവരുടെ ബന്ധജീവിതത്തെയും പൊതുജീവിതത്തെയും സാരമായി ബാധിക്കുന്നതാണ്. ഈ രണ്ടു സംസ്കാരങ്ങളുടെയും വ്യത്യാസം ഇവരുടെ ജീവിതത്തിൽ തന്നെ ഉടനീളം കാണാൻ പറ്റും. ഏറ്റം ലളിതമായൊരു ഉദാഹരണം എടുക്കാം. അതിവേഗതാ വെട്ടിപ്പിടുത്ത സംസ്കാരത്തിലെ ഗാനങ്ങളും നൃത്തവും ഏതാണ്ടു ഭീതി ജനിപ്പിക്കും വിധം ശബ്ദായമാനവും ശക്തമായിട്ടുള്ള ശരീര ചലനങ്ങളും മെഗാഷോയും ഒക്കെ നിറഞ്ഞു നിൽക്കുന്ന അനുഭവമാകുന്നിടത്ത്, താളപൊരുത്ത സംസ്കാരത്തിലെ നാടൻ പാട്ടുകൾക്കും നൃത്തത്തിനും ഈണത്തിൽ ലയിക്കുന്ന അനുഭവമാണ്. ശരീരവടിവൊത്തുള്ള ചലനം, ഗാനത്തിനൊപ്പിച്ചുള്ള വേഗത്തിലുള്ള ചലനം കാരണം നാമതിൽ അലിഞ്ഞു ചേരുന്നു. പാട്ടിലും നൃത്തത്തിലും ജനം ഒന്നടങ്കം ഒത്തുചേരുന്നു. ഒരു സംഘഗാനവും സംഘനൃത്തവുമായി അതു രൂപാന്തരപ്പെടുകയാണ്, സ്വാഭാവികമായിത്തന്നെ. ഇങ്ങനെ മനുഷ്യനെയും പ്രപഞ്ചത്തെയും അവിടത്തെ താളത്തെയും ഈണത്തെയും ഹൃദയാസ്വീകരിക്കുന്ന ഒരു സാംസ്കാരിക തനിമയാണ് ഞങ്ങൾ ഉന്നം വയ്ക്കുന്നത്.

**എട്ട്,** ലൈംഗിക ശാസ്ത്രദർശനവും ലിംഗവിശകലനവും(sexology and gender analysis) പൊതുവേ ചർച്ചയ്ക്കു വയ്ക്കാറുള്ള വിഷയമല്ല. മാത്രമല്ല, ലൈംഗികതയോടുള്ള സമീപനം പൊതുവേ നിഷേധാത്മകമാണ്. അതു ഉറക്കെ പൊതുചർച്ചയ്ക്കു വരേണ്ട വിഷയമല്ല; തീർത്തും രഹസ്യാത്മകതയോടെ ഗോപ്യമായി കാണേണ്ടതും ഇടപെടേണ്ടതുമായ ഒന്നായാണ് പലപ്പോഴും കാണുക. മാത്രമല്ല, ലൈംഗികതയും ലിംഗപരതയുമായി ബന്ധപ്പെട്ടു മതങ്ങൾ പാപചിന്തയും ധാർമിക-അധാർമിക ബോധവും ബോധപൂർവം ആസൂത്രിതമായി സൃഷ്ടിക്കുന്നു. ഫലമോ? ഇതുമായി ബന്ധപ്പെട്ടവ മുഴുവൻ പാപമയമാകുന്നു. പുണ്യമെന്നു പറയുന്നത് ഈ ലൈംഗീകമായ സ്വാഭാവിക വാഞ്ഛയെ നിയന്ത്രിക്കുന്നതും ബോധപൂർവ്വം നിഷേധിക്കുന്നതുമാണ്. പിന്നെയുണ്ടാകുന്ന ലൈംഗിക ഇടപെടലുകളും ഇണചേരലുകളും പലപ്പോഴും നിവർത്തിയില്ലാത്തതുകൊണ്ടും നിയന്ത്രിക്കാൻ പറ്റാത്തതുകൊണ്ടുമാണത്രേ. അതിന്റെ അടിസ്ഥാനത്തിലാണ്, കത്തോലിക്കാ പാരമ്പര്യത്തിൽ, ബ്രഹ്മചര്യത്തിനു വിവാഹബന്ധത്തേക്കാൾ ഉന്നതസ്ഥാനം നൽകി പ്രതിഷ്ഠിച്ചിരിക്കുന്നത്. ആരെങ്കിലും സെക്സിനെപ്പറ്റിയും ലൈംഗികതയെപ്പറ്റിയും എഴുതുകയോ പറയുകയോ പ്രസംഗിക്കുകയോ ,ചെയ്താൽ, ഇന്നത്തെ പൊതുസമൂഹം അദ്ദേഹത്തെ ലൈംഗിക അരാജകവാദിയായി മുദ്രകുത്തുകയാണ് പതിവ്. അങ്ങനെയാണല്ലോ ഓഷോയെപ്പറ്റി കേൾക്കുന്നതിനു മുൻപേ ലൈംഗിക അരാജകവാദി എന്നു വിശേഷിപ്പി

ക്കാറുള്ളത്. എനിക്കുതന്നെ ഈ അനുഭവമുണ്ടായിട്ടുണ്ട്. ലൈംഗികത യെപ്പറ്റി ക്ലാസ്സ് എടുക്കുകയും ഈ വിഷയം തുറന്ന ചർച്ചയ്ക്കു വിധേ യമാക്കണമെന്നു പറയുകയും ചെയ്തപ്പോൾ എന്നെ 'മറ്റേ' കണ്ണു കൊണ്ടു കാണാൻ തുടങ്ങി. ഏറ്റവും രസകരമായ അവസ്ഥ മറ്റൊന്നാണ്. ഇങ്ങനെ എന്നെ മുദ്രകുത്തി ലേബൽ ചെയ്ത പല 'നല്ല'വരായ വൈദി കരുടെയും കന്യാസ്ത്രീകളുടെയും അൽമായ വിശ്വാസികളുടെയും വ്യക്തിഗത ജീവിതത്തിലെ ലൈംഗിക പാപ്പരത്വവും അരാജകത്വവും പാളിച്ചയും വൈകൃതവും എനിക്കുതന്നെ വ്യക്തിഗതമായി അറിയാവു ന്നതാണ്. പക്ഷേ, അവയൊക്കെ ഗോപ്യമാണ്; എന്റെ സംസാരമോ പര സ്യവും. പരസ്യമായി ലൈംഗികതയെപ്പറ്റി പരാമർശിക്കുന്നതാണ് അവർക്ക് അരോചകമായി അനുഭവപ്പെട്ടത്. ഈ ഇരട്ടത്താപ്പു നയ ത്തെയും സമീപനത്തെയും നഖശിഖാന്തം എതിർക്കേണ്ടതുണ്ട്.

ലൈംഗികതയെപ്പറ്റിയുള്ള നിഷേധാത്മക സമീപനത്തിനു ശക്ത മായൊരു ബദൽ അനിവാര്യമാണ്. എല്ലാ ജീവികളെയും വിശിഷ്യാ മനു ഷ്യരെ അഗാധതലത്തിൽ സമഗ്രമായും സത്താപരമായും അജീവനാന്തം സ്പർശിക്കുന്ന, ജീവിതസൗഖ്യത്തിനും സാഫല്യത്തിനും പൂർണത യ്ക്കും ആവശ്യമായ സർഗശേഷിയും പ്രക്രിയയുമാണ് ലൈംഗികത അഥവാ മൈഥുനം.കഴിഞ്ഞ കുറച്ചു വർഷങ്ങളായി ലൈംഗിക മേഖല യിൽ കാര്യമായ, ഗൗരവതരമായ പഠനങ്ങളും ഗവേഷണങ്ങളും അന്വേ ഷണങ്ങളും നടന്നുകൊണ്ടിരിക്കുന്നു. അഗാധവും നിരന്തരവുമായ നിരീ ക്ഷണ പരീക്ഷണ ഗവേഷണ പഠനങ്ങളിലൂടെ ലഭിക്കുന്ന പുതിയ വസ്തുനിഷ്ഠ അറിവിന്റെയും തിരിച്ചറിവിന്റെയും വെളിച്ചത്തിൽ ലൈംഗി കതയെപ്പറ്റിയുള്ള ധാരണകളെ പുനർനിർവചിക്കാനും പുനർഅടയാള പ്പെടുത്താനും സാധിക്കണം. ലൈംഗികത സുന്ദരവും ജീവദായകവും ജീവിതത്തെ ആകമാനം ക്രിയാത്മകമായും സർഗാത്മകമായും സ്വാധീ നിക്കുന്നതുമായ സവിശേഷമായ പ്രതിഭാസമാണെന്നുള്ള ചിന്തയാ ണിന്നു നാം സ്വായത്തമാക്കേണ്ടത് എന്നാണ് എന്റെ ചിന്ത.

ബദൽകൂട്ടായ്മകളെപ്പറ്റി ഇങ്ങനെയൊക്കെ പറഞ്ഞത് ഇതിനെപ്പറ്റി യുള്ള അവസാനവാക്കല്ല. ഇന്നത്തെ രാഷ്ട്രീയ- സാമൂഹ്യ-സാംസ്കാ രിക-സാമ്പത്തിക-മതപര-പ്രത്യയശാസ്ത്രപരമായ അവസ്ഥയ്ക്ക് ഒരു ബദൽ അനിവാര്യമാണെന്ന വ്യക്തതയിൽ ഗൗരവമായ അന്വേഷണം നടത്തുന്നതിന്റെ പശ്ചാത്തലത്തിൽ കിട്ടിയ ചെറുവെളിച്ചമാണിവിടെ കുറിയ്ക്കാൻ ശ്രമിച്ചത്. ഈ അന്വേഷണം നിതരാം തുടരണം.

ഈ ബദൽ അന്വേഷണം കൂടുതൽ ഫലപ്രദമാക്കാനും അന്വേഷ ണത്തിന് ഒരു ദിശാബോധം സൃഷ്ടിക്കാനും ഉതകുമാറ് ഒരു 'വിശകല നത്തിനുള്ള ചോദ്യങ്ങൾ' എന്ന തലകെട്ടിൽ പേപ്പർ തയാറാക്കി. (അ നുബന്ധം 16).

ഈ ചോദ്യങ്ങൾ പൂർണമല്ല; ക്രമാനുസൃതവുമല്ല. കൂടുതൽ വ്യക്ത തയ്ക്കും വിശകലനത്തിനും പുതിയ പുതിയ ചോദ്യങ്ങൾ ഉയർത്താവു

ന്നതാണ്. അങ്ങനെ ബദലന്വേഷണം ഒരു തുറന്ന അധ്യായമായാണ് നാം കാണേണ്ടത്.

ഈ ചോദ്യങ്ങളുടെ അടിസ്ഥാനത്തിലും നേരത്തെ സൂചിപ്പിച്ച വിവിധ ഘടകങ്ങളുടേയും മൂല്യങ്ങളുടെയും വെളിച്ചത്തിലും ഞങ്ങൾ ചെറുസംഘം നടത്തിയ വിചിന്തനത്തിന്റെയും ചർച്ചയുടെയും ഫലമായി ചിലകാര്യങ്ങളിൽ കുറച്ചു വ്യക്തത കിട്ടി; അന്വേഷണം തുടരുകയാണ്. ഈ ബദൽ അന്വേഷണം സമതാ സ്വാശ്രയ ജീവിത സംഘ (socialist self-reliant living collective)ത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ഈ ചർച്ചകളിൽ നിന്നു കിട്ടിയ ഉൾക്കാഴ്ചകൾ ഹ്രസ്വമായി കുറിക്കുന്നത് വ്യക്തതയ്ക്ക് സഹായകമാകുമെന്നു കരുതുന്നു.

* ജാതി, മതം, ദൈവം, ദേശീയത, കുടുംബം, മനുഷ്യാധ്വാന ക്രയ വിക്രയമായ കൂലിപ്പണി, മേൽ-കീഴ് അധികാര ക്രമം-ഇവയ്ക്കുപരി ഒരു വിശ്വാസസംഹിതയും ഭൗമ ദർശനവും പ്രപഞ്ചവീക്ഷണവും മൂല്യ സംഹിതയും ജീവിതശൈലിയും പ്രവർത്തന പരിപാടികളും ഗൗരവ മായി എടുക്കുന്നവരുടെ സംഘമായിരിക്കണം ബദൽ അന്വേഷകർ.

* പ്രകൃതി സ്നേഹവും പ്രകൃതി ജീവനവും സ്ത്രൈണഭാവ (അമ്മ ഭാവ) മൂല്യങ്ങളും ഇതിന്റെ അനിവാര്യ ഘടകങ്ങളാണ്. അഹിംസ, ക്ഷമ, സഹാനുഭൂതി എന്നീ ത്രിമൂല്യങ്ങൾ ഇതിന്റെ അടിത്തറയാണ്.

* ചൂഷണത്തിനും നിയന്ത്രണത്തിനും അടിമയാക്കലിനും അവ നില നിർത്തുന്ന പിൻതുടർച്ചാവകാശത്തിനുമുള്ള ശക്തിയും ഉപാധിയും എന്ന നിലയ്ക്ക് സ്വകാര്യസ്വത്ത് (സമ്പത്ത്/capital)എല്ലാവരും ഉപേക്ഷി ക്കുന്നു, തത്വത്തിലും പ്രയോഗത്തിലും. എന്നാൽ വ്യക്തിസ്വകാര്യതയും സ്വകാര്യ ഇടവും സ്വതന്ത്ര സമയവും ഉറപ്പുവരുത്താനാവശ്യമായ സ്വകാര്യ സാധന സാമഗ്രികൾ ഓരോരുത്തർക്കും നിർബന്ധമായും ഉണ്ടായിരിക്കണം. എല്ലാം വിറ്റ് പൊതുസ്വത്ത് എന്നത് തത്വത്തിലും പ്രയോഗത്തിലും അപ്രായോഗികമാണ്, അസ്വീകാര്യവുമാണ്. ഇവിടെ യുണ്ടായിരിക്കേണ്ട അടിസ്ഥാന തത്വം: ചെറുതും ലളിതവും എന്നതാണ്. ഇത് പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ടാണെങ്കിലും ദർശനവ്യക്തത ഇവ്വി ധമാണ്.

* സംഘത്തിലെ ഓരോരുത്തർക്കും എപ്പോൾ വെണമെങ്കിലും ചേരാനും പിരിയാനും ശക്തിയും സ്വാതന്ത്ര്യവും ഭൗതിക വകകളും ഉറപ്പുവരുത്തുന്ന സംവിധാനങ്ങൾ ഈ കൂട്ടായ്മയുടെ സവിശേഷത.

* എല്ലാവരുടെയും സ്വാതന്ത്ര്യത്തിനു പ്രാധാന്യം നൽകുന്നിടത്ത്, സ്ത്രീകളുടെ സ്വാതന്ത്ര്യവും സ്വാശ്രയത്വവും സ്വകാര്യതയും സ്വകാ ര്യഇടവും പ്രത്യേകമായി ഉറപ്പുവരുത്തേണ്ടതുണ്ട്.

* കുഞ്ഞുങ്ങൾ ഉണ്ടാകുന്നത് പങ്കാളികളുടെ തീരുമാനത്തേക്കാളു പരി, നിയുക്ത സമൂഹത്തിന്റെയും ലോകസമൂഹത്തിന്റെയും ആവശ്യാ ധിഷ്ഠിത തീരുമാനപ്രകാരം മാത്രമായിരിക്കണം. പിൻതുടർച്ചാവകാശം നിലനിർത്താനല്ല കുഞ്ഞുങ്ങൾ ഉണ്ടാകേണ്ടത്. രക്തബന്ധങ്ങളും വിധേ

യത്വങ്ങളും ബാധ്യതകളും ജൈവബന്ധങ്ങൾക്കു വഴിമാറണം. കുഞ്ഞുങ്ങളുടെ പാലനവും ശുശ്രൂഷയും ബോധവൽക്കരണവും രക്തബന്ധങ്ങളിലൂടെയല്ലാതെ നിയുക്തസാമൂഹ്യ സംവിധാനത്തിലൂടെ ആയാൽ, ഇന്നു നിലവിലുള്ളതിൽ നിന്നു വളരെ മെച്ചപ്പെട്ട രീതിയിൽ ആരോഗ്യകരമായി സാമൂഹ്യബോധത്തോടെയും ലോകവീക്ഷണത്തോടെയും കുട്ടികളെ വളർത്താൻ സാധിക്കും. അനിയന്ത്രിത ജനപ്പെരുപ്പം നമ്മുടെ ഭൂമിക്കു താങ്ങാൻ പറ്റുന്നില്ല. ജനപ്പെരുപ്പം, ബഹുലക്ഷം അനാഥശിശുക്കൾ, വൃദ്ധർ, അനാഥർ, വികലാംഗർ-ഒക്കെ നമ്മുടെ ചിന്തയ്ക്കു വിഷയങ്ങളാകണം. കുഞ്ഞിനെ ശാരീരികമായി ജനിപ്പിക്കാതെ തന്നെ ആവശ്യമെങ്കിൽ അനാഥ കുഞ്ഞുങ്ങളെ പരിപാലിക്കാനും പരിലാളിക്കാനും ശുശ്രൂഷിക്കാനും വളർത്താനും വേണ്ട മാനസിക പക്വത സംഘാംഗങ്ങൾക്ക് ഉണ്ടാകണം.

* കൂലിക്കു വേല ചെയ്യരുത്, വേലയ്ക്ക് കൂലി കൊടുക്കരുത്. അടിമത്തത്തിന്റെ ആനവാതിലാണ് കൂലിപ്പണി. കൂലിപ്പണി വേലയെ വേദനയാക്കുന്നു. മനുഷ്യാധ്വാനം അഹ്ലാദത്തിൽ ചെയ്യേണ്ടതും അഹ്ലാദത്തിന് വേണ്ടി മാത്രം ചെയ്യേണ്ടതുമാണ്. ആത്മാവിഷ്കാരത്തിലും സംതൃപ്തിയിലുമാണ് അഹ്ലാദമടങ്ങിയിരിക്കുന്നത്. കൂലികൊടുത്താൽ അഹങ്കാരം വർധിക്കുന്നു. കൂലി വാങ്ങിയാൽ അഭിമാനം നശിക്കുന്നു. വേല വാങ്ങിയാൽ മിച്ചമൂല്യം പ്രകൃതിയെതന്നെ ചരക്കാ(commodity)ക്കുന്നു. വേല വിറ്റാൽ ആത്മാവിഷ്കാരം അസാധ്യമാകുന്നു.

* മനുഷ്യന്റെ ഏറ്റവും മൗലിക അന്യവൽക്കരണം (alienation) നടക്കുന്നതു മനുഷ്യാധ്വാനത്തിന്റെ ക്രയവിക്രയത്തിലാണ്. മനുഷ്യന്റെ ഏറ്റവും മൗലികമായ സംതൃപ്തിയും സാഫല്യവും അടങ്ങിയിരിക്കുന്നത് മനുഷ്യാധ്വാനത്തിലാണ്. ജീവപോഷണാർഥവും ആത്മാവിഷ്കാരത്തിനുമായി നടത്തുന്ന പ്രകൃതിയുമായുള്ള സൗഹൃദ ഇടപഴകലും പ്രകൃതിയുടെ വളർച്ച-തളർച്ച മാറ്റങ്ങളിലെ സൗഹൃദ പങ്കാളിത്തവുമാണ് അധ്വാനം. ഈ അധ്വാനം യാതൊരു കാരണവശാലും ക്രയവിക്രയം ചെയ്യാവുന്ന ചരക്കായി കാണാവുന്നതല്ല. വേശ്യാവൃത്തിയിലെ സ്ത്രീശരീരക്രയവിക്രയത്തേക്കാൾ ഹീനവും ക്രൂരവുമായ സമൂല അന്യവൽക്കരണമാണ് മനുഷ്യാധ്വാന ക്രയവിക്രയത്തിൽ സംഭവിക്കുക (Labour-trade is worse than flesh trade).

* ഇന്നു ബഹുഭൂരിപക്ഷം കായികാധ്വാനക്കാരും ഒരു ന്യൂനപക്ഷം മാനസികാധ്വാനക്കാരുമാണ്. ഇവിടെ ആരും സംതൃപ്തരും സ്വസ്ഥരും സ്വതന്ത്രരും ശാന്തരും ആവുകയില്ല. അന്യവൽക്കരണമാണു ഫലം. ചിന്തയില്ലാത്ത കായികാധ്വാനക്കാർ (തൊഴിലാളികൾ) അന്ധരും കായികാധ്വാനമില്ലാത്ത ചിന്തകർ മുടന്തരും മച്ചികളും ആയിത്തീരും. മനുഷ്യമനസിനെയും മസ്തിഷ്കത്തെയും തുറന്നു പ്രവർത്തിപ്പിക്കുന്ന പ്രധാന താക്കോലാണ് (master key) മനുഷ്യന്റെ അനന്തസ്വതന്ത്രകൈകൾ. ഈ ചിന്തയാണ്/ഈ യാഥാർഥ്യമാണ് നമ്മെ സഹകരണ അധ്വാ

നത്തിന്റെയും പങ്കാളിത്ത ഉപഭോഗത്തിന്റെയും പൊതുവായ മിച്ചമൂല്യത്തിന്റെയും സ്വത്തിന്റെയും അനിവാര്യതയിലേക്ക് നയിക്കുന്നത്.

* സ്വാതന്ത്ര്യത്തിന്റെയും ഇച്ഛാശക്തിയുടെയും മാന്യതയുടെയും അന്ത്യമാണ് കുടുംബ പ്രവേശം,പ്രത്യേകിച്ചു സ്ത്രീകൾക്ക്. മലയാളത്തിൽ പുരുഷൻ സ്ത്രീയെ കെട്ടുകയാണല്ലോ. കാലിചന്തയിൽ കയർ മാറുന്നതും കല്യാണവുമായി എന്തു വ്യത്യാസം? ലൈംഗികതയുടെ ക്രയവിക്രയം കൂടിയാണിവിടെ നടക്കുന്നത്.

* ഒരു പുരുഷകർത്താവും (subject) ഒരു സ്ത്രീ കാര്യവും (object) എങ്ങനെ സ്നേഹിക്കും? സ്ത്രീ ബലഹീന, പ്രജനനയന്ത്രം, ഭോഗവസ്തു, മോഹിനി, അശുദ്ധ എന്നീ പഞ്ചനിലയിൽ പുരുഷന് സൂക്ഷിക്കാനുള്ള ബാധ്യതയാണ്. ബാധ്യത എപ്പോഴും ആരെങ്കിലും ഏൽക്കണം. അല്ലെങ്കിൽ ആരെയെങ്കിലും ഏൽപ്പിക്കണം. ഏൽപ്പിക്കൽ കൂലിയാണ് സ്ത്രീധനം. സ്ത്രീക്കു സ്വത്വമോ(identity) സ്വകീയതയോ (autonomy) സ്വാശ്രയമോ(self-reliance) സ്വകാര്യതയോ(privacy) സ്വകാര്യ ഇടമോ (private space) ലൈംഗികാവകാശമോ (sexual identity right) നിലവിലുള്ള സമൂഹത്തിലോ സമൂഹ വ്യവഹാരങ്ങളിലോ കൽപ്പിച്ചിട്ടില്ല. ഈ അവസ്ഥയ്ക്കു ഏതാണ്ടു നൈയാമികമായി കളമൊരുക്കുന്നത് ഇന്നത്തെ കുടുംബസംവിധാനമാണ്/കുടുംബമെന്ന സ്ഥാപനമാണ്.

* ലൈംഗികതയുടെ കേളീരംഗമായി പറയാറുണ്ടെങ്കിലും, സത്യത്തിൽ ലൈംഗികതയുടെ ചുടലക്കളമാണ് കുടുംബം. ഇന്നത്തെ കുടുംബസംവിധാനത്തിൽ രതിമൂർഛ അറിഞ്ഞിട്ടുള്ള സ്ത്രീകൾ വിരളമാണ്; കാരണം അവർ പുരുഷന്റെ വെറുമൊരു ഉപഭോഗവസ്തുവാണ്. കുടുംബത്തിലാണ് ഏറ്റവും കൂടുതൽ ക്രൂരവും ബീഭത്സവുമായ ലൈംഗിക പീഡനവും അടിച്ചമർത്തലും ബലാത്സംഗവും നടക്കുന്നത് എന്നത് പല സർവേകളും പൊതുധാരണയും പഠിപ്പിക്കുന്നു. അവൾക്ക് കുടുംബം ഒരു തടവറയാണ്-ശക്തമായ അദൃശ്യ അഴികളുള്ള തടവറ. വേദനാജനകമായ ഒരവസ്ഥയാണിത്. മുഖ്യധാരാ വിപ്ലവപ്രസ്ഥാനങ്ങൾ, യുക്തിവാദ-നിരീശ്വര പ്രസ്ഥാനങ്ങൾ, കീഴാള മോചന പ്രസ്ഥാനങ്ങൾ - ഇവയൊക്കെത്തന്നെ സനാതനമെന്നും ബദലില്ലാത്ത വ്യവസ്ഥയെന്നും തെറ്റിദ്ധരിച്ച് കുടുംബത്തെ വിമർശനവിധേയമാക്കുന്നില്ലെന്നു മാത്രമല്ല, കുടുംബനവീകരണ പ്രവർത്തനങ്ങളിലൂടെ കുടുംബവ്യവസ്ഥിതിയെ ഊട്ടി ഉറപ്പിക്കുകയാണ് ചെയ്യുന്നത്.

* ഇവിടെ മനുഷ്യകേന്ദ്രിത ചിന്തയ്ക്കു ബദലായി ജീവകേന്ദ്ര സംഘമാവുക. നാം അന്വേഷിക്കുക ജൈവ-പ്രാപഞ്ചിക ബദൽകൂട്ടായ്മയാണ് (cosmic and bio-centric). ചെറുതെങ്കിലും രക്തബന്ധ-ജാതി-മതാതീത സ്ത്രീപുരുഷമനുഷ്യകൂട്ടായ്മയിലാണ് 'മനുഷ്യത' എന്ന ജീവിതസാഫല്യം പൂവണിയുക. പ്രകൃതിയുമായുള്ള ജൈവസൗഹൃദ ഇടപഴകലിലൂടെയേ, പ്രപഞ്ചവും പ്രപഞ്ചവസ്തുക്കളും ജീവജാലങ്ങളുമായി പൊരുത്തവും ഇണക്കവും ഈണവും ഇമ്പവും ജീവദായക

മായ ആനന്ദവും കണ്ടെത്തുകയുള്ളു. ഈ വിശാല ജൈവപ്രതലത്തിലേ, സ്ത്രീ-പുരുഷ ബന്ധവും സ്നേഹവും അർഥപൂർണമാകൂ. ഇവിടെ സ്ത്രീപുരുഷ ലൈംഗികതയിൽ സ്ത്രീ പങ്കാളിയുടെ ഇഷ്ടവും മനസും സമ്മതവും ക്ഷണവും ലൈംഗികതയെ മാനവമാക്കുന്നു.

- ഒൻപതാം നൂറ്റാണ്ടിൽ ആമിനാ ബസ്രി എന്നൊരു സൂഫി ഇറാക്കിലെ ബസ്റാ പട്ടണത്തിൽ ജീവിച്ചിരുന്നു. അവരുടെ ജീവിതാവസാന കാലഘട്ടത്തിൽ ഒരു വിശേഷപ്രവൃത്തി ചെയ്തിരുന്നു. ചില ദിവസങ്ങളിൽ ഒരു കൈയിൽ ഒരു കൂടം നിറയെ വെള്ളവും മറുകൈയിൽ കത്തി ജ്വലിക്കുന്ന പന്തവുമായി പട്ടണത്തിൽ നടക്കാനിറങ്ങുമായിരുന്നു. 'ഇതെന്തേ സ്വാമിനി' എന്നന്വേഷിച്ചവരോട് അവരുടെ മറുപടി: "ഞാൻ നരകത്തിലേയ്ക്ക് പോവുകയാണ്; അവിടച്ചെന്ന് ഈ വെള്ളമൊഴിച്ച് നിത്യാഗ്നി കെടുത്തിക്കളയും. അനന്തരം സ്വർഗത്തിലേക്ക് ചെന്ന് ഈ ജ്വലിക്കുന്ന പന്തമുപയോഗിച്ച് അത് തീയിട്ടു നശിപ്പിക്കും. മോഹിപ്പിക്കുവാൻ സ്വർഗവും പേടിപ്പിക്കാൻ നരകവും മനുഷ്യനാവശ്യമില്ല." ഈ കഥ മതത്തെയും ദൈവത്തെയും സ്വർഗം നരകം, മലാഖ, പിശാച്, നന്മസ്വത്വം തിന്മസ്വത്വം, ആത്മാവും നിത്യജീവനും മരണാനന്തര ജീവിതവും തുടങ്ങിയ അനുബന്ധകാര്യങ്ങളൊക്കെ മനുഷ്യനെ അടിസ്ഥാനപരമായി മോഹിപ്പിക്കാനും പേടിപ്പിക്കാനും വിധേയരാക്കാനുമുള്ള ആസൂത്രിത തന്ത്രമല്ലാതെ മറ്റൊന്നുമില്ല എന്നു വ്യക്തമാക്കുന്നു.

* ജനനം, പേരിടൽ, ചോറൂട്ട്, മുടിമുറിക്കൽ, എഴുത്തിനിരുത്ത്, ലിംഗപൂർത്തി, പ്രായപൂർത്തി, ലൈംഗികപങ്കാളിത്തം, കുടുംബം, സപ്തതി, വാർധക്യം, രോഗം, വിശ്രമം, മരണം, ശവസംസ്കാരം- ഇവ എല്ലാ മനുഷ്യരുടെയും സാമൂഹ്യ ജീവിതത്തിൽ അനിവാര്യ സംഭവങ്ങളും കർമങ്ങളുമാണ്. ഇവയുടെയെല്ലാം കുത്തകാവകാശം ഇന്ന് മതവും കുലവും ജാതിയും സമുദായവും കൈയടക്കിയിരിക്കുന്നു, പുരോഗമനപ്രസ്ഥാനങ്ങളും നവോത്ഥാനപ്രസ്ഥാനങ്ങളും വിപ്ലവസംഘങ്ങളും മറ്റു രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഈ മേഖലയെ അവഗണിക്കുകയോ വേണ്ടത്ര പരിഗണിക്കാതിരിക്കുകയോ ഉപരിപ്ലവമായി മാത്രം കൈകാര്യം ചെയ്യുകയോ ചെയ്യുന്നതായി നാം കാണുന്നു.

ഏറ്റവും വിചിത്രമായൊരു ചർച്ചയാണ് ഈയിടെ രൂപം കൊണ്ടിരിക്കുന്നത്. കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർകിസിസ്റ്റ്)യുടെ തെറ്റു തിരുത്തൽ രേഖയിൽ പാർട്ടിയുടെ ഉന്നതനേതാക്കളും ജനപ്രതിനിധികളും എങ്കിലും മതനിരപേക്ഷമായും മതത്തിനതീതമായും പെരുമാറണമെന്ന് പറഞ്ഞത്, ഇന്ത്യൻ ഭരണഘടനയ്ക്കു വിരുദ്ധമാണെന്നു വരെ പറയാനും പ്രചരിപ്പിക്കാനും തയാറാകുന്ന ഒരു യഥാസ്ഥിതിക ചിന്താധാര ഇന്നു വളർന്നു വരുന്നു. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നത് മതനിരപേക്ഷതയാണ്-മതത്തിൽ വിശ്വസിക്കാനും അതു പ്രചരിപ്പിക്കാനും അതുപോലെ മതത്തിൽ വിശ്വസിക്കാതിരിക്കാനും അതു പ്രചരിപ്പിക്കാനുമുള്ള അവകാശവും അധികാരവും ഓരോ ഇന്ത്യൻ പൗരനു

മുണ്ട്. അതുപോലെ സംഘടനാ സ്വാതന്ത്ര്യവും ഭരണഘടന ഉറപ്പുവരുത്തുന്നു. സംഘടനകളും രാഷ്ട്രീയപാർട്ടികളുമെല്ലാം മതാധിഷ്ഠിതമായിരിക്കണമെന്നു ഭരണഘടന അനുശാസിക്കുന്നില്ലെന്നു മാത്രമല്ല, സർക്കാരുമായി ബന്ധപ്പെടുന്ന സംഘടനകളുടെയെല്ലാം അനിഷേധ്യമായ വ്യവസ്ഥ അവ ജാതി-മത-വർണങ്ങൾക്കു അതീതമായിരിക്കണം എന്നാണ്. അങ്ങനെ നിരീശ്വരത്വം സംഘടനയുടെ പ്രത്യയശാസ്ത്രമായി സ്വീകരിച്ച ഒരു സംഘടനയ്ക്ക് ഇന്ത്യൻ ഭരണഘടന പൂർണ സംരക്ഷണമാണ് നൽകുന്നത്. ഡോ. കെ എസ് മനോജി(എക്സ് എം പി)നു മാർക്സിസ്റ്റു പാർട്ടി വിടുകയോ വിടാതിരിക്കുകയോ സജീവമായിരിക്കുകയോ നിർജീവമായിരിക്കുകയോ ചെയ്യാം. അത് അദ്ദേഹത്തിന്റെ സ്വാതന്ത്ര്യവും യുക്തിയും. അതേ സമയം മാർക്സിസ്റ്റു പാർട്ടിയുടെ പ്രമുഖരും ജനപ്രതിനിധികളുമെങ്കിലും പാർട്ടിയുടെ പ്രത്യയശാസ്ത്രത്തോട് വിശ്വസ്തതപുലർത്തിയിരിക്കണം എന്നുള്ള വ്യവസ്ഥ എങ്ങനെ ഭരണഘടനാ വിരുദ്ധമാകും! ഈ നിലപാട് വിചിത്രമല്ലേ!

* ഒരു കാര്യം നാം മനസിലാക്കണം. ജീവിത ചക്രകർമങ്ങൾക്ക് മനുഷ്യസംസ്കാര നിർമിതിയിലും ആവിഷ്കാരത്തിലും നിർണായകമായ പങ്കാണുള്ളത്. ഇവയിലൂടെയാണ് സംസ്കാരമൂല്യങ്ങളും ധാരണകളും നിർമിക്കപ്പെടുന്നതും പുനർവിന്യസിക്കപ്പെടുന്നതും. ഇന്നു മത-ജാതി-കുല-സമുദായ ബോധങ്ങളും ചിന്തകളും മേൽക്കുമേൽ അനുനിമിഷം കൂടുതൽ രൂഢമൂലമാക്കപ്പെടുന്നു. ഈ ജിവിതചക്രചടങ്ങുകളിലൂടെയും കർമങ്ങളിലൂടെയുമാണ് ജാതിയും മതങ്ങളും മനുഷ്യരെ അതിസ്വാഭാവികവും പ്രകൃത്യതീതവുമായ വിശ്വാസങ്ങളിലേക്കും പരലോക/ജീവിതബന്ധിയല്ലാത്ത സ്വർഗമോക്ഷത്തിലേയ്ക്കും നരകഭീതിയിലേയ്ക്കും, പാപ-പുണ്യ, ശുദ്ധ-അശുദ്ധ ബോധത്തിലേക്കും തൽഫലമായിട്ടുള്ള അടിമത്ത-വിധേയത്വത്തിലേക്കും നയിക്കുക. എതെങ്കിലും മതത്തിൽ വിശ്വസിക്കുന്ന സ്ത്രീപുരുഷരിൽ നിന്നു ഒരു കുഞ്ഞു ജനിച്ചാൽ, ഇന്നു നമ്മുടെ സമൂഹവും മതാപിതാക്കളും ആ കുഞ്ഞിനോട് കാട്ടുന്ന ഏറ്റവും വലിയ ക്രൂരത, ആ കുഞ്ഞിനെ അങ്ങനെ പരുവപ്പെടുത്തുകയാണ്. ഒരു മനുഷ്യക്കുട്ടിയായി വളരാനുള്ള മൗലികമായ അവകാശത്തെയാണ് ഈ മാതാപിതാക്കളും സമൂഹവും പച്ചയായി ലംഘിക്കുന്നത്. ഈ പരുവപ്പെടുത്തലിനു ഒരു ന്യായികരണവുമില്ല. ഒരു രീതിയിലും യുക്തിക്കും നീതിക്കും നിരക്കുന്നതുമല്ല. ഇവിടെ എന്താണ് നാം ചെയ്യുക?

സാമൂഹ്യജീവിതചക്രകർമങ്ങൾ, മനുഷ്യൻ ഒരു സാമൂഹ്യജീവി എന്ന നിലയിൽ അനിവാര്യമാണ്. അവയെ ലൗകികീകരിക്കുക (secularize) യും വിശ്വാനുരൂപമാക്കുക(naturalise)യും ലോകബന്ധിയാക്കുക(this worldly) യും ചെയ്യുക പ്രകൃതി സ്നേഹികളുടെയും പരിണാമ വിശ്വാസികളുടയെും സമസ്തലോക സൗഭാഗ്യത്തിൽ പ്രത്യാശ അർപ്പി

ക്കുന്നവരുടെയും സുപ്രധാന പരിപാടിയായി മാറേണ്ടതുണ്ട്. ഈ ജീവിത ചക്ര മുഹൂർത്തങ്ങളൊക്കെതന്നെ പ്രാപഞ്ചികപരിണാമ വിശ്വാനുരൂപ മായി നടത്താൻ സാമൂഹ്യസംവിധാനങ്ങൾ ബദലായി രൂപപ്പെടേണ്ട തുണ്ട്.

ഇതേ നടപടിക്രമങ്ങളിലൂടെ തന്നെയാണ് ഇന്നത്തെ സമൂഹത്തിലെ അടിസ്ഥാന വൈരുധ്യങ്ങളായ കുടുംബം, കുലം, ജാതി, സമുദായം, ഗ്രാമം, സംസ്ഥാനം, രാജ്യം/ രാഷ്ട്രം തുടങ്ങിയവയെ മറികടന്ന് നാം ഭൂമിക്കാരാവുക, വിശ്വപൗരരാവുക, സഹജീവികളാവുക, പ്രപഞ്ച ബിന്ദു വാവുക. ഇതിനടിസ്ഥാനമായി നിൽക്കുന്നത് ജൈവകേന്ദ്ര-പ്രപഞ്ച ലോകവീക്ഷണവുമാണ്. ഒരു വസ്തുവും, ഒരു ജീവിയും ജീവനും മനു ഷ്യനും നമുക്ക് അന്യമല്ല, അന്യനുമല്ല, അന്യയുമല്ല. സമസ്തലോക പ്രപഞ്ച സൗഖ്യവും ശാന്തിയും അതിലൂടെമാത്രം സ്വസൗഖ്യവും ശാന്തിയും നമ്മുടെ ജീവിതലക്ഷ്യം. ഇവിടെ സ്വമന:സാക്ഷിയും സാമൂ ഹ്യമനസാക്ഷിയും കൈകോർക്കുന്നു, വ്യക്തിസ്വാതന്ത്ര്യവും സൗഹൃ ദസമന്വയവും(concensus) പരസ്പരം അലിഞ്ഞു ചേരുന്നു.

അതെ, ബദൽ അന്വേഷണം തുടരുകയാണ്.

“അനന്തമജ്ഞാതം അവർണനീയം
ഈ ലോക ഗോളം തിരിയുന്ന മാർഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്ന്
നോക്കുന്ന മർത്യൻ കഥയെന്തറിഞ്ഞു” എന്നു കവി പാടിയതു

പോലെ പ്രപഞ്ചപ്രകൃതിയുടെ മുന്നിൽ ഒരു ആശ്ചര്യഭാവവും ചെറു തെന്ന ബോധവും നാം ഇവിടെ തിരിച്ചു പിടിക്കുകയാണ്. അതിന്റെ ഫല മായി പ്രകൃതിയിലുള്ള ഏറ്റവും കുറഞ്ഞ, പരിമിതമായ ഇടപെടലും (an attitude of wonder, a sense of being small and an attitude of least intervention in nature's process) നമ്മുടെ ലക്ഷ്യമാകുന്നു. ഇങ്ങനെ ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്നവരുടെ ചെറുകൂട്ടായ്മകളുടെ സംഘം ചേരൽ ശക്തമായ ബദലുകളാകും.

വർഷങ്ങൾ നീണ്ട ഈ ചർച്ചകളിലും ചിന്താവേദിയിലും ഉയർന്നു വന്ന വലിയ ചോദ്യം ഇതിന്റെ പ്രായോഗിക പരിപാടി എങ്ങനെ എന്നാ യിരുന്നു. നിരവധി നിർദേശങ്ങൾ ഉണ്ടായവയിൽ പ്രധാനപ്പെട്ട ചെലവ യിലേക്കു ശ്രദ്ധ ക്ഷണിക്കട്ടെ.

1. ജാതി-മത-രക്തബന്ധരഹിത ‘മിശ്ര’ സിവിൽ വിവാഹത്തെ/ഉത്ത രവാദിത്വപരമായ സ്ത്രീപുരുഷകൂട്ടായ്മയെ പ്രോത്സാഹിപ്പിക്കുക.
2. മത-ജാതി രഹിത സംസ്കാരത്തിൽ ജീവിക്കുന്ന മാതാപിതാക്ക ളുടെ മക്കൾക്കു ഒരു ബദൽ സമൂഹവിദ്യാഭ്യാസത്തിനു രൂപംകൊ ടുക്കുക.
3. പുരുഷനെ ഭർത്താവായോ അച്ഛനായോ സഹോദരനായോ മക നായോ മേധാവിത്വം കൽപ്പിച്ച് ദാസ്യത്വത്തിലിരിക്കാൻ തയാറി ല്ലാത്ത, സ്വകാര്യതയും സ്വകാര്യഇടവും സ്വാശ്രയത്വവും ലൈംഗി കതയും സ്വന്തം അവകാശമാണെന്ന് കരുതുന്ന, സ്വാതന്ത്ര്യവും ചങ്കൂ

റ്റവും കരൾബലവും കരബലവും നട്ടെല്ലുമുള്ള സ്ത്രീകളാണ് ബദൽ കൂട്ടായ്മയുടെ നട്ടെല്ല്. അങ്ങനെയുള്ളവരുടെ ബദൽ സൗഹൃദ കൂട്ടായ്മ ഉണ്ടാകണം.

4. സ്ത്രീയെ സ്വത്താക്കുന്ന, സ്വന്തമാക്കുന്ന, ചൂഷകമോഹന വസ്തുവാക്കുന്ന, അടിച്ചമർത്തുന്ന ബന്ധങ്ങൾ ആഗ്രഹിക്കാത്ത പുരുഷ സുഹൃത്തുക്കളുടെ കൂട്ടായ്മയുണ്ടാകണം.
5. ഇങ്ങനെ പരസ്പരം അവർ ആയിരിക്കുന്ന രീതിയിൽ അംഗീകരിച്ചാദരിക്കുന്ന ഉത്തരവാദിത്വമുള്ള സ്ത്രീപുരുഷന്മാരുടെ കൂട്ടായ്മയാണീ ബദലിനു ആധാരം.
6. ജൈവഘടനയിലെ സമസ്തകോശങ്ങളെയും ഒന്നൊഴിയാതെ അത്യുച്ചത്തിൽ ഇക്കിളിയിട്ടുണർത്തിയും പ്രകമ്പനം കൊള്ളിച്ചും പുനരുജ്ജീവിപ്പിക്കാനും, കൂടുതൽ പ്രവർത്തനസജ്ജമാക്കാനും സ്വസ്ഥമാക്കാനും നിർവൃതി നൽകാനും ഏറ്റവും കൂടുതൽ സാധ്യതയുള്ള ലൈംഗികതയ്ക്കു ബലപ്രയോഗം, ചതി, കച്ചവടം, അടിച്ചമർത്തൽ ഇവയിലൊഴികെ യാതൊരു വിലക്കുകളും തടസ്സങ്ങളും ഇല്ലാതെ, അതിന്റെ അനന്തസാധ്യതകളെ തുറന്നിടുന്ന ഒരു വിശാല ദർശനത്തിനു രൂപം കൊടുക്കുക. അതിന്റെ ഫലമായി ലൈംഗികതയെ നിഷേധാത്മകമായി കാണാതെ, അതുമായി ബന്ധപ്പെട്ട ജനനപൂർവ സന്തോഷങ്ങൾ, വേദന-ആഘാത മുക്തിയിൽ നിന്നുള്ള സന്തോഷം, കളി-ചിരി തുടങ്ങിയ അടിസ്ഥാന മൗലിക സന്തോഷങ്ങൾ, ഐന്ദ്രിയ സന്തോഷങ്ങൾ, വൈകാരികസന്തോഷങ്ങൾ, ലൈംഗിക സന്തോഷങ്ങൾ, മാനസിക സന്തോഷങ്ങൾ, അനുഭവങ്ങളെ അയവിറക്കൽ സന്തോഷങ്ങൾ തുടങ്ങിയ എല്ലാ വിധമായ സന്തോഷാനുഭവത്തിനായിരിക്കും ബദൽ സൗഹൃദ കൂട്ട വിദ്യാഭ്യാസ പരിപാടിയിൽ പ്രമുഖ സ്ഥാനം.
7. ബദൽ സൗഹൃദകൂട്ട വൃദ്ധ-രോഗി-വികലാംഗ ശുശ്രൂഷാ സംവിധാനങ്ങളും പ്രകൃതി സൗഹൃദ മരണ സംസ്കാര സംവിധാനങ്ങളും ആവശ്യാനുസരണം സൃഷ്ടിക്കപ്പെടണം.
8. കൊച്ചു ബദൽ സംഘങ്ങൾ സാവകാശം തക്ക സമയത്തു ബദൽ ഗ്രാമമായി രൂപാന്തരപ്പെടും.
9. പ്രഭാതത്തിലും പ്രദോഷത്തിലുമുള്ള പ്രകൃതിവന്ദനവും പരസ്പരാഭിവാദ്യവും ഒന്നിച്ചുമാത്രമുള്ള കൂട്ടഭക്ഷണവും അനുദിനമുള്ള ഊഷ്മള പരിപാടികളായിരിക്കും. ഒന്നിച്ചുള്ള ഭക്ഷണം ഓണവും സമൃദ്ധിയും ഉണ്ടാക്കും; ഒറ്റയ്ക്കുമുള്ള ഭക്ഷണം ഭിന്നിച്ചു നശിക്കാൻ ഇടയാകും. രോഗികൾക്കൊഴിച്ച് എല്ലാവർക്കും ഒരിടത്താകുമ്പോൾ ഒന്നിച്ചൊരേ ഭക്ഷണം അഭികാമ്യം. അവിടെയും നിർബന്ധം പാടില്ല. ഓരോരുത്തരുടെയും വ്യക്തിഗത ആവശ്യങ്ങൾ പരിഗണിക്കേണ്ടതുണ്ട്.
10. രക്തബന്ധ ബാധ്യതകളേക്കാൾ സൗഹൃദകൂട്ട ബാധ്യതകൾ സജീവമാകണം. ഏതു ആവശ്യത്തിലും പ്രശ്നത്തിലും പ്രതിസന്ധി

യിലും സൗഹൃദകൂട്ടത്തിനാണു മുൻഗണന. രക്തബന്ധകൂട്ടായ്മയ്ക്കു വളരെയേറെ പരിമിതികളുണ്ട്.വളരെ ത്യാഗപൂർവം പരിചരിച്ച് വിരിയിച്ചിട്ട് ഊട്ടിവളർത്തുന്ന കോഴിക്കുഞ്ഞുങ്ങൾ ആഹാരം തേടിത്തിന്നാറായാൽ, കൊത്തിപറപ്പിക്കുന്ന തള്ളക്കോഴിയാകണം നമുക്ക് മാതൃക. കുട്ടികൾ വളരേണ്ടത് സമൂഹത്തിലാണ്; ഇനി കുടുംബത്തിൽ വളർന്നാൽപ്പോലും, പ്രായപൂർത്തിയായാൽ, സ്വന്തം കാലിൽ നിൽക്കാറായാൽ അവരുടെ വഴിക്കു വിടാനുള്ള നിസ്വാർഥ മനോഭാവം മാതാപിതാക്കൾ കാട്ടണം. അതാണവരോടുള്ള സ്നേഹം; അല്ലാതെ, എന്നും അവരെ ആശ്രിതരായി നിലനിർത്തുകയല്ല; വാർധക്യത്തിൽ മാതാപിതാക്കൾ മക്കളുടെ ആശ്രിതരാകുന്നതുമല്ല യഥാർഥ സ്നേഹം. ഈ ചിന്ത വളർത്തുന്നതിനു സൗഹൃദക്കൂട്ടായ്മയുടെ മഹത്വം പ്രായോഗികമായി നിർണായകമായ പങ്കുവഹിക്കും.

11. കഴിയുന്നിടത്തൊക്കെ അധ്വാനം വേതനത്തിനും ലാഭത്തിനുമാകാതെ, ആത്മാവിഷ്കാരത്തിനും ആഹ്ലാദത്തിനും സമസ്തതയുടെ ജീവപോഷണത്തിനും ഒറ്റയ്ക്കും സഹകരിച്ചുകൂട്ടായിട്ടും ചെയ്യുക.
12. പ്രപഞ്ച പ്രകൃതിയുമായുള്ള സൗഹൃദഇടപഴകലിനു മുന്തിയ പ്രാമുഖ്യം. സത്യാന്വേഷണത്തിലൂടെയുള്ള വീണ്ടുവിചാരവും അയവിറക്കലും വ്യക്തമായ വഴികാട്ടിയാകും. ഉള്ളത് യഥാർഥ്യം; അറിയുന്നത് സത്യം. സത്യം സാകല്യതയാണ്; സത്യം ഇണക്കവും പൊരുത്തവും ഇമ്പവും ഈണവും കൂടിയാണ്.നന്മയും സൗന്ദര്യവും ഇതിന്റെ പരിണതികളാണ്. സത്യം പൊരുത്തമാണ്,നന്മ ഈണമാണ്, സൗന്ദര്യം ഇമ്പമാണ് (harmony,tune & tone)
13. മനുഷ്യരായാൽ സ്വകാര്യതയും സ്വതന്ത്രഇടവും സ്വതന്ത്രസമയവും, സാമൂഹ്യനിലയും വിലയും അടിത്തറയും ഒരുപോലെ അനിവാര്യമാണ്. സ്വകാര്യതയും സ്വകാര്യ ഇടവും ഉപേക്ഷിക്കുന്നത് ആത്മഹത്യയാണ്. സാമൂഹ്യനിലയും വിലയും അടിത്തറയും അവഗണിക്കുന്നത് സമൂഹഹത്യയിലൂടെ ആത്മഹത്യതന്നെ. ഈ രണ്ടു മാനങ്ങളും (public & private,common & personal) ഒന്നുപോലെ ഉറപ്പാക്കേണ്ടതുണ്ട്.
14. വ്യക്തിയാവുകയെന്നാൽ വ്യത്യസ്തമായിരിക്കുക, താനായിരിക്കുക, മറ്റൊരാളാകാതിരിക്കുക, അനുകരിക്കാതിരിക്കുക, അനുധാവനം ചെയ്യാതിരിക്കുക, അനുസരിക്കാതിരിക്കുക. അതായത് ഞാൻ ഞാനായിരിക്കുക, നീ നീയായിരിക്കുക. ഇതു സാധിതമാവുക സ്വാനുഭവ അയവിറക്കലിലൂടെ ലഭിക്കുന്ന ഉൾപ്രേരണകളിലൂടെയും ഉൾവിളികളിലൂടെയും ഉൾക്കാഴ്ചകളിലൂടെയുമാണ്. അങ്ങനെ 'നീ നിന്റെ വിളക്കും സത്യവും വഴിയുമാകുന്നു; ഞാൻ എന്റേതും.' എന്നാൽ ബന്ധപ്പെടലും ബന്ധവും, ബന്ധുവും ബന്ധുവാക്കലുമാണ് മനുഷ്യന്റെ പ്രാഥമികമായ, സത്താപരമായ പ്രവൃത്തി. ഇവിടെയാണു സ്വാതന്ത്ര്യം ഉരുവാകുന്നതും സജീവമാകുന്നതും. അതായത്, വെറൊരാളെ ബലമായി സ്വന്തമാക്കുന്നത് അടിമത്തം. ബന്ധങ്ങൾ എപ്പോഴും ഒന്നുകിൽ മോചനം അല്ലെങ്കിൽ അടിമയാക്കൽ.

'ഞാൻ നിന്റേതാണ്' എന്നത് സ്വാതന്ത്ര്യം; 'നീ എന്റെതാണ്' എന്നത് അടിമത്തം. 'ഞാൻ/നമ്മൾ ഭൂമിയുടേതാണ്' എന്നത് അമ്മത്തം (motherliness); 'ഭൂമി എന്റേതാണ്/നമ്മുടേതാണ്' എന്നത് അച്ഛത്തം (partiarchy). അങ്ങനെ വ്യക്തിസ്വാതന്ത്ര്യത്തിൽ സാമൂഹ്യപരത അനിവാര്യഘടകമായി പരസ്പരം നിലകൊള്ളുന്നു.

15. സാമൂഹ്യജീവിയായ മനുഷ്യന്റെ സാമൂഹ്യപരത ബന്ധങ്ങളിലും ബന്ധപ്പെടലിലുമാണ് സാർഥകമാകുന്നത്. ഏറ്റവും ശക്തവും സമഗ്രവും സൗഖ്യദായകവുമായ ബന്ധപ്പെടൽ പ്രവൃത്തി ലൈംഗിക ബന്ധപ്പെടലാണ്. ലൈംഗികതയുടെ സത്താപരമായ പ്രഥമലക്ഷ്യം ജൈവഘടനയുടെ ഊർജവത്ക്കരണവും പുനരുജ്ജീവനവും ശാന്തി സൗഖ്യവും ആഴമേറിയ സൗഹൃദം സ്ഥാപിക്കലുമാണെന്ന തിരിച്ചറിവും അത്യന്താപേക്ഷിതമാണ്. സാമൂഹ്യാവശ്യത്തെ പ്രതി മാത്രം ലൈംഗികത പ്രജനനത്തിനു എന്ന വ്യക്തതയും അനിവാര്യം. ഈ സമീപനം തീർത്തും ക്രിയാത്മകവും ഗുണമേന്മയുള്ളതുമാണ്.

16. ഇങ്ങനെ സ്വതന്ത്രരായവരുടെ ഉത്തരവാദിത്തപരമായ സംഗമമാണ്/കൂടിച്ചേരലാണ്/കൂട്ടായ്മയാണ്, ചെറിയ സംഘജീവിതത്തിനു ആധാരം. ബോധ്യത്തിൽ അടിയുറച്ച കൊച്ചു കൊച്ചു പുതു സംഘങ്ങൾ ഒരു ബദൽ സമൂഹത്തിന്റെ നാന്ദിയായി മാറുന്നു.

അങ്ങനെ അർഥവത്തായ ബദൽസമൂഹത്തെപ്പറ്റിയുള്ള സ്വപ്നങ്ങളും ചിന്തകളും തുടരുന്നതിനോടൊപ്പം, ബദൽ സംഘജീവിത ഉദ്യമങ്ങൾ നടത്തുന്നതിനുള്ള ഗൃഹപാഠമാണിവിടെ നടക്കുക; അതിന്റെ പണിപ്പുരയിലാണ്, ഞങ്ങളിപ്പോൾ. വർഷങ്ങളായി നടത്തിയ ചർച്ചകളെ ക്രോഡീകരിച്ചുകൊണ്ടു ഞങ്ങൾ 11 പേർ ഒപ്പിട്ടു പ്രസിദ്ധീകരിച്ച 'സംഘജീവിത കൂട്ടായ്മയിലെ ധാരണകൾ അഥവാ ബദൽ അന്വേഷണത്തിലെ ദർശനസമാനതകൾ' എന്ന തലകെട്ടിൽ ഒരു കരടുരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം 17)

ബദൽ ദർശനകൂട്ടായ്മയുടെ ആശയങ്ങൾ ഏതാണ്ടു ക്രോഡീകരിച്ചുകൊണ്ട് മാണി പി ഡി ഒരു കവിത എഴുതിയിട്ടുണ്ട്. അതു ഉദ്ധരിച്ചുകൊണ്ട് ഈ അധ്യായം അവസാനിപ്പിക്കാമെന്നു കരുതുന്നു.

**നവദർശന ഗീതം**

ഒരിക്കലും കൂലിക്കായ് വേലചെയ്യരുതേ
ഒരിക്കലും ദരിദ്രരെ തള്ളിപ്പറയരുതേ
ഒരിക്കലും വമ്പൻമുമ്പിൽ മുട്ടുകുത്തരുതേ
മുട്ടിലിഴഞ്ഞു ജീവിക്കേണ്ട കൂട്ടരേ
സ്വന്തം കാലിൽ നിവർന്ന് നിന്ന്
പൊരുതിമരിക്കുക ചങ്കൂറ്റം-2
അതിലാണതിലാണാഭിമാനം
മനുഷ്യജീവിതസാഫല്യം-ഒരിക്കലും....

നമുക്ക് വേണ്ട, നമുക്ക് വേണ്ട
മോഹിപ്പിക്കും സ്വർഗം വേണ്ട
പേടിപ്പിക്കും നരകം വേണ്ട
നമുക്ക് വേണ്ട നമുക്ക് വേണ്ട .
ചാരാനൊരു ദൈവം വേണ്ട
ഭിന്നിപ്പിക്കും വിധേയരാക്കും
മതജാതികളും വേണ്ടേ വേണ്ട.
ഭൂമിവെടിഞ്ഞു നമ്മെ
മാനം നോക്കികളാക്കിത്തീർക്കും
ആത്മീയതയും വേണ്ടേ വേണ്ട.
നമുക്ക് വേണ്ട നമുക്ക് വേണ്ട
സർഗശക്തിയെ മുരടിപ്പിക്കും
ശിക്ഷാവിധികൾ വേണ്ടേ വേണ്ട.
മനുഷ്യപ്രകൃതിയെ തമസ്കരിക്കും
ബലപ്രയോഗങ്ങൾ
അടിമത്തം നിർമിക്കും
അധികാരക്രമവും
നമുക്ക് വേണ്ട നമുക്ക് വേണ്ട
സ്വാതന്ത്ര്യം കൊല്ലുന്ന
കുടുംബവും വേണ്ട
ചൂഷണം ചെയ്യുന്ന
കൂലിപ്പണി വേണ്ട- ഒരിക്കലും..
നമുക്ക് വേണം നമുക്ക് വേണം
അഭിമാനിക്കാൻ സത്യം
ആഹ്ലാദിക്കാൻ നന്മ
ആസ്വദിക്കാൻ സൗന്ദര്യം
നമുക്ക് വേണം നമുക്ക് വേണം
വിശ്വസിക്കാൻ പ്രപഞ്ചപരിണാമം
പ്രത്യാശിക്കാൻ പ്രപഞ്ചസൗഭാഗ്യം
നമുക്ക് വേണം നമുക്ക് വേണം
ഊറ്റം കൊള്ളാൻ പുളകിതരാകാൻ
ജീവാനുഭൂതികൾ നമുക്ക് വേണം
വേണം വേണം നമുക്ക് വേണം
സ്വാതന്ത്ര്യം നിലനിർത്താൻ
സംഘജീവിത സഹകരണം
സംഘശേഷികൾ വികസിപ്പിക്കാൻ
വേണം വേണം സഹകരണാധ്വാനം.
നമുക്കുവേണം നമുക്ക് വേണം
സ്വതന്ത്ര സൗഹൃദ ബന്ധങ്ങൾ

നമുക്ക് വേണം പ്രവർത്തനം
ആത്മാവിഷ്കാരത്തിനുതകും
ജീവപോഷക കളികൾ
കലകൾ നിർമിതികൾ
സ്വതന്ത്ര സേവന ശുശ്രൂഷ- ഒരിക്കലും......
നമുക്ക് പാടാം നമുക്ക് പാടാം
നീയാ നിൻ പ്രകാശവും
ജീവനും വഴിയും
ഞാനായെൻ പ്രകാശവും
ജീവനും വഴിയും
നമുക്കു പാടാം നമുക്ക് പാടാം
നീയാ നിൻ ഗുരുനാഥ(ൻ)
ഞാനാണെൻ ആചാര്യ(ൻ)
നമുക്ക് പാടാം നമുക്ക് പാടാം
നീ നിന്നെ അനുസരിക്കു
ഞാൻ എന്നെ അനുസരിക്കും
നമുക്ക് പാടാം നമുക്ക്പാടാം
സത്യമഹിംസ ക്ഷമയും കനിവും
നമ്മുടെ വഴികൾ അവ മാത്രം
ലോക ശാന്തിക്കവമാത്രം
നമുക്ക് പാടാം നമുക്ക് പാടാം
സമസ്ത ലോകവും സൗഭാഗ്യം
സമസ്ത ലോകമേ സൗഭാഗ്യം- ഒരിക്കലും.......

# 9

# ഇന്നു ഞാൻ - പൗരോഹിത്യരാജി-ദിശ -സ്വപ്നം-നിലപാട് ... ഇനി ഞാൻ

ഒരു നിമിഷംകൊണ്ട് ഒരു ജീവിതായുസ്സ് ജീവിച്ചു തീർക്കാം എന്നാണെന്റെ ചിന്ത- ബോധ്യത്തോട് വിശ്വസ്തത പുലർത്തിക്കൊണ്ടുള്ള സത്യസന്ധതയോടെയുള്ള ജീവിതം.

തുടക്കം ഒരനുഭവ കഥയാകട്ടെ. തീർത്തും സെക്കുലറായ ഒരു ദർശനത്തിന്റെ ഉടമയായ ഞാൻ, ജാതി-മത-ദൈവസങ്കൽപ്പങ്ങളെ നിരാകരിച്ചു കൊണ്ടു വർഷങ്ങളായി നീങ്ങുന്നിടത്ത്, ലേഖനങ്ങളോ പുസ്തകങ്ങളോ എഴുതുമ്പോൾ 'ഫാ.' (ഫാദർ) എന്ന് വയ്ക്കുന്നത് ഇരട്ടത്താപ്പു നയമല്ലേ? കുറഞ്ഞപക്ഷം അതിലൊരു സാംഗത്യക്കുറവില്ലേ? എന്നു ചില നല്ല സുഹൃത്തുക്കൾ പ്രശ്നം ഉന്നയിക്കാറുണ്ടായിരുന്നു. അതിനു പൊതുവേ ബന്ധപ്പെടുമ്പോഴൊക്കെ വെറും അലോഷ്യസ് എന്നേ സ്വയം പരിചയപ്പെടുത്താറുള്ളു എന്നും, ആ പരിചയപ്പെടൽ മതിയാവുകയില്ല എന്നു വ്യക്തമാകുന്ന സ്ഥലത്ത്/സന്ദർഭത്തിൽ മാത്രം 'ഫാ.' പ്രായോഗികതയ്ക്കു വേണ്ടിയേ ഉപയോഗിക്കാറുള്ളു എന്നും വിശദീകരണം ഉണ്ടായിരുന്നുവെങ്കിലും, മനസിനു തൃപ്തികരമായ മറുപടി അല്ല അതെന്ന ചിന്ത എന്നെ അലട്ടിയിരുന്നു. മാത്രമല്ല നാലഞ്ചു ജനകീയ പ്രസ്ഥാനങ്ങളുടെ മുഖ്യ ഉത്തരവാദിത്വം ഉള്ള എനിക്ക്, ഔദ്യോഗിക രേഖകളിലൊക്കെ ഫാ. അലോഷ്യസ് ഡി ഫെർണാന്റസ് എന്നാണുള്ളത്. അവിടെ ഒരു പ്രശ്നമുണ്ടാകണ്ട എന്ന ചിന്തയും പൊതുവായ കാര്യങ്ങളിൽ 'ഫാ.' ഉപയോഗിക്കാൻ പ്രേരകമായി എന്നുമാത്രം. മാത്രമല്ല, കഴിഞ്ഞ ഏതാണ്ടു 40 വർഷങ്ങളോളം ഇങ്ങനെ പേരിനോടും ഒപ്പിനോടും 'ഫാ.' ഉപയോഗിച്ച്, അതെന്റെ പേരിന്റെ ഭാഗമായി കഴിഞ്ഞിരിക്കുന്നു. ഞാനത് വേണ്ടെന്ന് വച്ചാലും ഏതാണ്ട് തീരാവ്യാധിപോലെ ജനം എന്നെ 'ഫാ.' വച്ചേ അഭിസംബോധന ചെയ്യുകയുള്ളു എന്നും

മനസിലായി. വീണ്ടും മുഖ്യധാരയിൽനിന്നും ഭിന്നമായ എന്റെ വിചിന്തനങ്ങളും ദർശനവും എഴുത്തും കൂടുതൽ ആളുകളുടെ അടുത്ത് ചർച്ചാവിഷയമാകുന്നതിനും 'ഫാ.' ഉപയോഗം ഫലപ്രദമാണെന്ന് അനുഭവത്തിലൂടെ വ്യക്തമായി. എന്റെ അത്മകഥയായ *കറുത്തകുർബാന*-ഞാൻ നടന്ന വഴികൾ' ഇത്രമാത്രം ചർച്ചാവിഷയമായതും പലരേയും ഹഠാദാകർഷിച്ചതും 'ഫാ.' വച്ച് എഴുതിയതിനാലാണെന്നും പലരും സാക്ഷ്യം നൽകിയിട്ടുണ്ട്.

ഇങ്ങനെയൊക്കെ ആണെങ്കിലും എന്റെ മനസ്സാക്ഷിക്ക് കൂടുതൽ സുഖം 'ഫാ.' വേണ്ട എന്നതിലാണ്. അതിന്റെ അടിസ്ഥാനത്തിൽ എന്റെ *വിൽക്കാനുണ്ട് ബ്രഹ്മചര്യം* എന്ന ഗ്രന്ഥത്തിന്റെ കർത്താവിനൊടൊപ്പം 'ഫാ.' വേണ്ട എന്ന എന്റെ അഭിപ്രായത്തെ അതിന്റെ പ്രസാധകരായ 'അടയാളം പബ്ലിക്കേഷൻസി'ന്റെ ചുമതലക്കാരൻ ശ്രീ. ടി ആർ അരവിന്ദൻ ശക്തിയുക്തം എതിർത്തുകൊണ്ട് 'ഫാ.' എന്നുതന്നെ വയ്ക്കണമെന്ന് അഭിപ്രായപ്പെട്ടു. അദ്ദേഹം ഏതാണ്ട് ഇങ്ങനെ ന്യായം പറഞ്ഞു: വൈദികരുടെ ഇടയിലെ ലൈംഗിക അരാജകത്വം, സഭയിലെ കാപട്യം, ലൈംഗിക കള്ളക്കളി ഒക്കെ ഫാദർ എഴുതുന്നതിനെക്കാൾ പതിന്മടങ്ങ് ശക്തമായും ഭംഗിയായും ഡോക്ടർ സുകുമാർ അഴിക്കോടിനെക്കൊണ്ടോ സാനുമാഷിനെക്കൊണ്ടോ എഴുതിപ്പിക്കാം. പക്ഷേ, ജനം അതു വായിക്കുകയില്ല. അതിനു അർഹിക്കുന്ന പ്രാധാന്യം കൊടുക്കുകയില്ല. പക്ഷേ അലോഷ്യസ് 'ഫാ.' വച്ചു എഴുതിയാൽ അവ വായിക്കും, ചർച്ചയാകും. സമൂഹത്തിന്റെ മതേതര- മതനിരപേക്ഷ പ്രക്രിയ ത്വരിതപ്പെടുത്തുക എന്ന സാമൂഹ്യമാറ്റത്തിന്റെ ആത്യന്തിക ലക്ഷ്യപ്രാപ്തിക്കായി 'ഫാ.' ഉപകരിക്കും. അങ്ങനെ അദ്ദേഹത്തിന്റെ നിർബന്ധപ്രകാരം വീണ്ടും 'ഫാ.' ഉപയോഗിച്ചാണ് ആ പുസ്തകം പ്രസിദ്ധീകരിച്ചത്. ദേശാഭിമാനി ദിനപത്രം, മാധ്യമം വാരിക, മാതൃഭൂമി വീക്കിലി, ജനയുഗം ദിനപത്രം, മലയാളം വാരിക, ചിന്താ വീക്കീലി തുടങ്ങിയവയിലും 'ഫാ.' വച്ചാണ് എഴുതിപ്പോന്നിരുന്നത്.

അങ്ങനെ ഈ വിഷയത്തിൽ വ്യക്തിഗതമായി ഒരു ആന്തരിക പിരിമുറുക്കവും (tension) അവ്യക്തതയും പേറിക്കൊണ്ടിരിക്കുമ്പോഴാണ്, കൊല്ലം ബിഷപ്പു ഡോ: സ്റ്റാൻലി റോമൻ 18.06.2009-ൽ ജനജാഗൃതി സന്ദർശിച്ചത്. അന്നത്തെ സംസാരത്തിൽ എന്നിൽ രണ്ടു കുറ്റങ്ങളാണ് അദ്ദേഹത്തിനു അരോപിക്കാനുണ്ടായിരുന്നത്. ഒന്ന്, ഞാൻ 'ഫാ.' വെച്ച് സഭയെ വിമർശിച്ച് എഴുതി സഭയെ കളങ്കപ്പെടുത്തുന്നു. രണ്ട്, ഒരു വൈദികൻ ഒരു സ്ത്രീയുമായി കഴിയുന്നു. ഈ രണ്ട് ആരോപണങ്ങളും തീർത്തും നിസ്സാരമായിട്ടാണ് എനിക്കനുഭവപ്പെട്ടത്. (മുമ്പു വിശദീകരിച്ചിട്ടുള്ളതു ഓർക്കുന്നുണ്ടാവുമല്ലോ).

ആ രണ്ടു കാര്യത്തോടുമുള്ള എന്റെ വീക്ഷണവും പ്രതികരണവും അവിടെവച്ചുതന്നെ ബിഷപ്പിനെ അറിയിച്ചു. ഇന്നത്തെ പൗരോഹിത്യവും ക്രൈസ്തവസഭയും റോമിന്റെ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റയി

ന്റേതാണ്; ഇവയ്ക്കു യേശുവുമായി പുലബന്ധംപോലുമില്ലെന്നു യുക്തി സഹമായും ചരിത്രപരമായും ഞാൻ വ്യക്തമാക്കി. ഈ സഭയിൽ എനിക്കു വിശ്വാസമില്ലെന്നും ഈ സഭയെ എനിക്കു ആവശ്യമില്ലെന്നും സുവ്യക്തമാക്കി പറഞ്ഞു. അതുകൊണ്ട് ഇനി ലേഖനങ്ങൾ, പുസ്തക ങ്ങൾ ഒക്കെ എഴുതുമ്പോൾ 'ഫാ.' വച്ചായിരിക്കുകയല്ല എഴുതുന്നത് എന്നും 2009 നവംബറിൽ പുറത്ത് വരാൻ പോകുന്ന ഏഴു പുസ്തകങ്ങ ളിലും 'ഫാ.' വച്ചായിരിക്കുകയല്ല, വെറും പേരു മാത്രം വച്ചേ പ്രസിദ്ധീ കരിക്കുകയുള്ളു എന്നും വ്യക്തമാക്കി. ഇനി സ്ത്രീയുമായി ജീവിക്കു ന്നത് എന്റെ മൗലികാവകാശമാണ്. ഞാൻ രഹസ്യമായി ഒളിച്ചും പാ ത്തുമല്ല ജീവിക്കുന്നത്; പരസ്യമായിട്ടു ഉഭയസമ്മതപ്രകാരമാണ്. മാത്ര മല്ല, വൈദികൻ സ്ത്രീയുമായി ജീവിച്ചാൽ സസ്പെൻഷൻ ആണ് ശിക്ഷാനടപടി എന്ന ഉമ്മാക്കികാട്ടൽ എന്റടുത്തു വേണ്ടെന്നും പറഞ്ഞു. കാരണം, ഇന്നത്തെ ക്രൈസ്തവസഭയെ പൂർണമായും നിരാകരിക്കുന്ന ഒരു വ്യക്തിയുടെ മുമ്പിൽ, ആ സഭയുടെ ഒരു നിയമം ഉദ്ധരിച്ചുകൊണ്ട് ശിക്ഷാനടപടിയെപ്പറ്റി സംസാരിക്കുന്നതിലുള്ള അർഥശൂന്യത എത്ര അപാരം! പിന്നെ സ്ത്രീയുമായുള്ള ജീവിതം 'പാപത്തിൽ കഴിയുന്നു' എന്നു വിശേഷിപ്പിക്കാൻ ബിഷപ്പിന് ഒരു അവകാശവും അധികാരവു മില്ല. അതു പാപമാണോ പുണ്യമാണോ എന്നു തീരുമാനിക്കേണ്ടത് ഞാനാണ്, ഞങ്ങളാണ്. ഉത്തരവാദിത്തത്തോടെയുള്ള സ്ത്രീപുരുഷ ബന്ധം പുണ്യവും ധന്യവുമാണെന്നാണ് എന്റെ ഉത്തമബോധ്യം. മിക്ക വൈദിക-സന്യാസ-കന്യാസ്ത്രീ വ്യൂഹത്തിന്റെ കപട സദാചാര ബോധ ത്തിന്റെ മുമ്പിൽ എന്റെ സ്വതന്ത്രവും തുറന്നതുമായ സ്ത്രീപുരുഷ ബന്ധം ഒരു വെല്ലുവിളിയായാണു നിലകൊള്ളുന്നത്. അവിടെ 'പാപ'മെന്ന ചെപ്പടിവിദ്യ ഇങ്ങോട്ട് ഇറക്കണ്ട എന്നാണെന്റെ ചിന്താഗതി. ഈ ബന്ധത്തിൽ ഞാൻ തൃപ്തനാണ്.വീണ്ടും 'ഞാൻ പാപത്തിൽ കഴിയുന്ന' എന്ന താക്കീതോടുകൂടി പിരിയാൻ ശ്രമിച്ചപ്പോൾ എന്റെ എതിർപ്പു ശക്തമായ ഭാഷയിൽ പ്രകടമാക്കി. ഇതിന്റെ പശ്ചാത്തലത്തിൽ ബിഷപ്പിനു 21. 6. 2009 ൽ രാജിക്കത്തയച്ചതു നേരത്തെ സൂചിപ്പിച്ചല്ലോ. അതിനു ഇന്നുവരെ യാതൊരു മറുപടിയും ലഭിച്ചില്ല. മറുപടി ലഭിച്ചാലും ഇല്ലെങ്കിലും, എന്റെ നിലപാട് തീർത്തും സുവ്യക്തമാംവിധം സ്പഷ്ട മാണ്.

ബിഷപ്പിനുള്ള ആ കത്തിലെ ഒരു വാചകം എന്റെ ദിശ വ്യക്തമാ ക്കുന്നു: 'വിശ്വസാഹോദര്യത്തിനു വേണ്ടി നിലകൊള്ളുന്ന ഒരു സാമൂ ഹ്യജീവിയായി, ഒരു മനുഷ്യജീവിയായി, പ്രാപഞ്ചികപരിണാമപ്രക്രിയ യിലെ ഒരു കണ്ണിയായി അലിഞ്ഞുചേരുക - അതാണ് എന്റെ ജീവിത സാഫല്യം.' അതെ, ഞാനൊരു ഫാദറല്ല, ക്രിസ്ത്യാനിയല്ല; ഒരു മനു ഷ്യൻ, ഒരു വിശ്വപൗരൻ, ഒരു ഭൗമികജീവി, പ്രപഞ്ചപരിണാമ പ്രതിഭാ സത്തിലെ ഒരു കണ്ണി അഥവാ ഒരു ബിന്ദു, ഒരു പരമാണു. പക്ഷേ ഈ ബിന്ദുവിനു അഥവാ അണുവിനു അനിവാര്യവും വച്ചുമാറാൻ പറ്റാത്ത

തുമായ തനതു സവിശേഷതയുണ്ട് എന്നതാണിതിന്റെ വലിപ്പം അഥവാ മഹത്വം. ഇവിടെ എനിക്കുള്ള മനോഭാവമോ ചെറുതിന്റെ ആശ്ചര്യം മാത്രം. ഇവിടെ ആത്മാവിനോ ദൈവത്തിനോ മറ്റു അതിസ്വാഭാവിക കാര്യങ്ങൾക്കോ സംഭവങ്ങൾക്കോ യാതൊരുവിധമായ സ്ഥാനവുമില്ല. വില ഒന്നിനു മാത്രം - ഈ ലോകത്തിന്, ഈ പ്രകൃതിക്ക്, ഈ പ്രപഞ്ച കടാഹത്തിന്, അതിനെ നിലനിർത്തുകയും നടത്തുകയും ചെയ്യുന്ന ഓരോ കണ്ണിക്കും.

ഇവിടെ ചിന്തനീയമായ ഒരു വിഷയമുണ്ട്. എന്തുകൊണ്ടു വലിയ വിപ്ലവകാരികളായിരുന്ന പലരും അവരുടെ ജീവിതാന്ത്യത്തിൽ വലിയ ദൈവഭക്തരായി രൂപാന്തരപ്പെടുന്നു? 'നല്ല' മരണത്തിനുവേണ്ടി ആത്മീയതയിൽ അഭയം പ്രാപിക്കുന്നു? ഇതിനു എത്രയെത്ര ഉദാഹരണങ്ങളാണു നമ്മുടെ മുമ്പിലുള്ളത്. എന്നിൽ തന്നെ വ്യക്തിഗതമായി സ്വാധീനം ചെലുത്തി മാറ്റത്തിനുവേണ്ടി നിൽക്കാൻ പ്രചോദനം നൽകിയവരൊക്കെത്തന്നെ ഇന്നു 'സ്വർഗസൗഭാഗ്യം' കാത്തു കൊന്തയുരുട്ടി, നിരന്തരം സ്തോത്രം ഉരുവിട്ടു, ശരണംവിളിച്ച്, ഭജൻ ആലപിച്ച്, ഏഴു നേരവും നിസ്കരിച്ചു (പ്രാർഥിച്ചു) നിർവാണം പ്രാപിക്കാൻ പ്രതീക്ഷയോടെ കാത്തിരിക്കുന്നു. മാത്രമല്ല, പലരും എനിക്കു താക്കീത് നൽകുന്നതുപോലെ പറഞ്ഞിട്ടുണ്ട് 'ഇതൊക്കെ യുവത്വത്തിന്റെ ചോരത്തിളപ്പ്. സമയം വരും. അടങ്ങിയൊതുങ്ങി ദൈവത്തെ വിളിച്ചു നല്ല മരണത്തിനായി കാത്തിരിക്കുന്ന സമയം.' എന്തിനു കൊല്ലം ബിഷപ്പ് സ്റ്റാൻലി റോമൻ എന്നെ കണ്ടു സംവദിക്കാൻ വന്നപ്പോൾ രണ്ടു പ്രാവശ്യം നൽകിയത്. 'പ്രായമായി വരുന്നു; ഇനി ആത്മരക്ഷയെപ്പറ്റി ചിന്തിക്കേണ്ട സമയമായി' എന്ന താക്കീതാണ്. എനിക്കു വലിയ ആവേശമായിരുന്ന ഫാ. ജോസഫ് വടക്കൻ തന്റെ അവസാനകാലം നിരന്തരം കൊന്തയുരുട്ടി നീങ്ങിയതു കണ്ടപ്പോൾ അദ്ദേഹത്തെ ഓർത്തു സഹതാപമാണു തോന്നിയത്. കേരളസഭയെയും, ഇന്ത്യൻ ക്രൈസ്തവസഭയെ മൊത്തത്തിലും ആഗോളസഭയെപ്പോലും ശക്തമായ ഭാഷയിൽ വെല്ലുവിളിച്ചിരുന്ന 'വൈദികമിത്രം' എന്ന ഇംഗ്ലീഷ് മാസികയുടെ ചീഫ് എഡിറ്റർ ഫാ. ക്രിസ്റ്റി ഡാനിയൽ എന്റെ അധ്യാപകനായിരുന്നു; അദ്ദേഹമെനിക്കു ആവേശമായിരുന്നു. ഇന്നദ്ദേഹം കൊല്ലം രൂപതയുടെ കൊട്ടിയത്തുള്ള പ്രീസ്റ്റ്സ് ഹോമിൽ പ്രാർഥനയിൽ സ്വർഗം കാത്തിരിക്കുന്ന അവസ്ഥ വേദനയോടെയേ കാണാൻ പറ്റുന്നുള്ളു. അതുപോലെ വിമോചനദൈവശാസ്ത്ര പരീക്ഷണങ്ങളിൽ ഇറങ്ങിത്തിരിച്ചിടത്ത്, അതിന് എന്നിൽ ദൈവശാസ്ത്ര അടിത്തറ പാകാൻ നിർണായകമായ പങ്കുവഹിച്ച ഫാ. ഡോ. സാമുവൽ രായൻ ഇന്നു ഗൗരവമായ തുടരന്വേഷണമില്ലാതെ പത്തുപതിനഞ്ചു വർഷങ്ങൾക്കു മുമ്പു പറഞ്ഞതു വീണ്ടും ആവർത്തിച്ചുകൊണ്ടു നീങ്ങുന്നതു കാണുമ്പോൾ വല്ലാത്തൊരു ഹൃദയമരവിപ്പാണു തോന്നുക. സത്യം ചലനാത്മകമല്ലേ? അന്വേഷണം നിരന്തരം തുടരേണ്ടേ? നൂതനസത്യങ്ങളെ നാം ഏറ്റുപിടിക്കേണ്ടേ? ഇവിടെയാണ്

പ്രാപഞ്ചികദർശനത്തിന്റെ ശാസ്ത്രീയതയും നീതിയുക്തിയും സാംഗത്യവും വലിപ്പവും വിലയും വ്യക്തമാകുന്നത്.

കൊല്ലം ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ 2009 ജൂണിൽ ജനജാഗൃതി സന്ദർശിച്ചപ്പോൾ ഉയർത്തിയ മറ്റൊരു ആരോപണം ഇതാണ്: മരണാനന്തരം ട്രാൻസ്പ്ലാന്റ് ചെയ്യാൻ സാധ്യതയുള്ള കണ്ണ്, കിഡ്നി, ഹൃദയം തുടങ്ങിയ എന്റെ ശരീരാവയവങ്ങൾ ആവശ്യക്കാർക്കു കൊടുത്തുകൊണ്ട്, ബാക്കി ശരീരം വരുംതലമുറയുടെ വളർച്ചയ്ക്കു സഹായകമാകും വിധം മെഡിക്കൽ വിദ്യാർഥികൾക്കു പഠിക്കാൻ സർക്കാർ മെഡിക്കൽ കോളേജിലെ അനാട്ടമി വകുപ്പിനു കൊടുക്കണമെന്നു കാണിച്ചുകൊണ്ടു പ്രസിദ്ധപ്പെടുത്തിയ 'ലാസ്റ്റ് വിൽ' ശരിയായില്ല. അങ്ങനെ കൊടുക്കണമായിരുന്നെങ്കിൽ ബിഷപ്പിന്റെ നേരത്തേയുള്ള അനുവാദം വാങ്ങേണ്ടിയിരുന്നു എന്നായിരുന്നു. അതിനു വ്യക്തമായി ഞാൻ മറുപടി കൊടുത്തു. എന്റെ ശരീരം മരണാനന്തരം എന്തുചെയ്യണമെന്നു തീരുമാനിക്കേണ്ടതു ഞാനാണ്. എനിക്കതിനു ആരുടെയും അനുവാദം ആവശ്യമില്ല. മാത്രമല്ല, എന്റെ ശവശരീരവുമായി ബന്ധപ്പെട്ടു യാതൊരുവിധമായ മതാചാര ചടങ്ങുകളും നടക്കാൻ പാടില്ല എന്നെനിക്കു നിർബന്ധമുണ്ട്. ആത്മാവോ നിത്യജീവനോ സ്വർഗമോ നരകമോ തത്തുല്യമായി അഭൗമികമായതോ യാതൊന്നും ഇല്ല എന്നു മനസിലാക്കിയ എനിക്ക് ഒരു മതാധ്യക്ഷന്റെ അനുവാദം പോലെ ഭോഷ്ക് വേറെയുണ്ടോ. ഈ പ്രപഞ്ചത്തിൽ ജനിച്ചുവീണ എനിക്കുള്ള ധന്യത, ഈ പ്രപഞ്ചത്തിൽ അർഥവത്തായി ജീവിക്കുക എന്നതല്ലാതെ മറ്റൊന്നില്ല. അങ്ങനെ ജീവിച്ചു പ്രാപഞ്ചികാനുഭവമായി മാറുകയാണ് ജീവിതസാഫല്യം.

പ്രപഞ്ചവുമായി അലിഞ്ഞുചേരുക എന്റെ സ്വപ്നമാണ്. ഭൂമിയെ, ജലത്തെ, വായുവിനെ ഒക്കെത്തന്നെ ഇത്രമാത്രം ക്രൂരമായി വേട്ടയാടുന്ന ഈ കാലഘട്ടത്തിൽ പ്രകൃതിസൗഹൃദമെന്നു സഗൗരവം ചിന്തിക്കുകതന്നെ സുഖകരമായ കാര്യമല്ല. ഭൗമ ഉച്ചകോടി തൊട്ടിങ്ങോട്ടു പ്ലാസ്റ്റിക് കിറ്റ് ഉപരോധം വരെ ഒട്ടനവധി പ്രകൃതിസൗഹൃദസമരങ്ങളും നീക്കങ്ങളും മറ്റും നടക്കുന്നുണ്ടെങ്കിലും, പ്രകൃതി നിർദാക്ഷിണ്യം പീഡിപ്പിക്കപ്പെടുകയാണെന്നതാണ് വസ്തുത. ഇവിടെയാണു ഞാൻ പ്രകൃതിയുമായും പ്രപഞ്ചവുമായും ഒന്നായി ലയിക്കാനുള്ള എന്റെ ഉൽക്കടമായ ആഗ്രഹം പ്രകടിപ്പിക്കുക. ഈ പരിമിതികളൊക്കെയുണ്ടെങ്കിലും പ്രാപഞ്ചിക പരിണാമ പ്രതിഭാസത്തിൽ സജീവമായി കണ്ണിചേരുകയല്ലാതെ മറ്റൊരു സ്വപ്നം എനിക്കില്ല.

പക്ഷേ, പ്രായോഗികമായി നോക്കുമ്പോൾ ഇന്നു ഞാൻ ജീവിക്കുന്നതു കൃത്യമായ സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക-മതപര-പ്രത്യയശാസ്ത്രപരമായ ഘടനകൾക്കുള്ളിലാണ്, അവയെ വെല്ലുവിളിച്ചുകൊണ്ട്. ഇവിടെ എന്റെ ഭാവിദിശ ഇനിയും ഉരുത്തിരിയേണ്ടതായിട്ടുണ്ട്. മതസംവിധാനത്തിന്റെ മുഖ്യധാരയിൽ നിന്നും പൂർണമായും പുറത്തായ

സ്ഥിതിക്ക്, സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക ഘടനകൾക്കുള്ളിലെ വീർപ്പുമുട്ടലിനിടയ്ക്ക്, ഇനി എന്ത് എന്ന ചോദ്യം ഗൗരവമായി എന്നെ തുറിച്ചുനോക്കുന്നു.

സ്വപ്നം പുതിയൊരു സമൂഹമാണ്,ലോക പരിസ്ഥിതി-സ്ത്രീ സൗഹൃദ സമൂഹമാണ്. ജാതി-മത-ദൈവ-കുടുംബ-കൂലിവേല-മേല്കീഴ് അധികാര വ്യവസ്ഥയ്ക്കു അതീതമായ കൊച്ചു സംഘങ്ങളുടെ രൂപീകരണവും അവയുടെ നെറ്റുവർക്കിലൂടെ ഉയർന്നുവരുന്ന ഒരു പുതിയ സമൂഹവും. ഇതു ക്ഷിപ്രസാധ്യമല്ല. ഇതിലേക്കു ജനം ഉണരേണ്ടതുണ്ട്, ഉയരേണ്ടതുണ്ട്. ഇതു നീണ്ടൊരു പ്രക്രിയയാണ്. ഭാവി പരിപാടികളിൽ എങ്ങനെ ഈ പ്രക്രിയ ത്വരിതപ്പെടുത്താം എന്ന ചിന്തയ്ക്കായിരിക്കും ഇവിടെ പ്രസക്തി.

ദരിദ്രപക്ഷപാതിത്വത്തിൽ അടിയുറച്ച യേശുദർശനത്തെയും അതിന്റെ വിമോചനദൗത്യത്തെയും കണ്ടറിഞ്ഞ്, ഔദ്യോഗിക പൗരോഹിത്യ വഴികളിൽ നിന്ന് വേറിട്ടുനടക്കാൻ തീരുമാനിച്ച ഞാൻ, പരമ്പരാഗത മത്സ്യത്തൊഴിലാളി സമരമുഖത്തും ദലിത്ജീവിതമേഖലകളിലും കൂടുതൽ കർമനിരതനായി. വിവിധങ്ങളായ ജനകീയസംഘങ്ങളുടെ രൂപീകരണത്തിലും അവയുടെ ഐക്യവേദിയായ ജനകീയസംഘ ഏകോപനസമിതിയുടെ വളർച്ചയിലും മൗലികമായി ഇടപെട്ടു. ക്രിസ്തുദർശനത്തിലെ മാർക്സിയൻ ചിന്താധാരകളെയും മാർക്സിയൻ പ്രത്യയശാസ്ത്രത്തിലെ ക്രിസ്തുദർശനങ്ങളെയും മനുഷ്യവിമോചനത്തിനായി സമന്വയിപ്പിച്ചു വളർത്തുന്നതിൽ ബദ്ധശ്രദ്ധനായി. അതിന്റെയെല്ലാം വെളിച്ചത്തിൽ സ്ഥാപിതസഭയുടെ സ്ഥാപിത-സമ്പന്ന താൽപ്പര്യങ്ങളെ എടുത്തുകാട്ടി പൊളിച്ചെഴുതുന്നതിന്റെ ഭാഗമായി സാമൂഹ്യമാറ്റത്തിനായി ഓറ മാസികയിലൂടെ കഴിഞ്ഞ 27 വർഷങ്ങളായി തൂലിക ചലിപ്പിച്ചു വരുന്നു. സഭയുടെ ഔദ്യോഗിക പൗരോഹിത്യ ചിഹ്നങ്ങളുടെയും അധികാരങ്ങളുടെയും യേശുവിരുദ്ധതയും അപമാനവികതയും ബോധ്യപ്പെട്ട്, 39 വർഷത്തെ പൗരോഹിത്യജീവിതത്തിൽ നിന്നു തിരുത്തലിന്റെ പാഠങ്ങൾ ഉൾക്കൊണ്ട്, മതനിരപേക്ഷതയിലും സ്വാതന്ത്ര്യത്തിലും പാരസ്പര്യത്തിലും മാനവികതയിലും ലിംഗസമത്വത്തിലും സംഘാത്മകതയിലും പ്രാപഞ്ചികതയിലും ഊന്നിയ ജനകീയബദലുകൾക്കു അനുഗുണമായ മുപ്പതോളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഇങ്ങനെ വ്യത്യസ്തമായ പാത സ്വീകരിച്ചിരിക്കുന്ന ഇന്നിന്റെ സാഹചര്യത്തിൽ എഴുത്തിന്റെയും പ്രവർത്തനങ്ങളുടെയും ദിശ പ്രാപഞ്ചികപരിണാമപ്രക്രിയയ്ക്ക് അനുയോജ്യമായതാവണം എന്നതു ദർശനവ്യക്തതയോടുള്ള വിശ്വസ്തതയും സൂക്ഷ്മമായ നിലപാടിന്റെ പ്രകാശനവുമാണ്.

ഈ ദർശന-നിലപാടിന്റെ വെളിച്ചത്തിൽ താഴെ കുറിക്കുന്ന പരിപാടികൾക്കാണിപ്പോൾ പ്ലാനിട്ടിരിക്കുന്നത്. പ്ലാനുകൾ പുതുക്കാനും വിപുലപ്പെടുത്താനും കൂടുതൽ കാര്യക്ഷമതയോടെ പ്രാവർത്തികമാക്കാനും

പറ്റുമെന്നുള്ള ബോധ്യത്തിലാണ് ഈ കരടുപ്ലാൻ ഇവിടെ അവതരിപ്പിക്കുന്നത്.

1. കേരളത്തിലെ ബദൽ സഞ്ചാരികളെ പരിചയപ്പെടുത്തുന്ന പുസ്തകങ്ങളാണിന്ന് ഉണ്ടാകേണ്ടത്. എല്ലാ മാസവും ഒരാളെ ഓറയിൽ പരിചയപ്പെടുത്തുകയും ഏതാണ്ടു ഒരു വർഷമാകുമ്പോഴേക്കും കുറച്ചുപേരുടെ നേർരേഖകൾ കൂടെ ചേർത്തുകൊണ്ട് 20-25 പേരുടെ വഴികൾ ഉൾക്കൊള്ളുന്ന പുസ്തകം പ്രസിദ്ധീകരിക്കാം.

വേറിട്ടകാഴ്ചകളിൽ നിന്നും കുറച്ചുകൂടി ആഴത്തിലേക്കു നീങ്ങുന്ന, പ്രത്യയശാസ്ത്രവിശകലനത്തോടെ വിവിധ മേഖലകളിൽ (ഉദാ: കൃഷി, കല, ശാസ്ത്രം, സാമൂഹ്യം തുടങ്ങിയവ) വേരോട്ടം നടത്തിയവരെയാകണം പരിചയപ്പെടുത്താൻ. നൂറുശതമാനവും അർപ്പണത്തോടെ, എന്നാൽ നിരന്തരം തങ്ങളെത്തന്നെ പുതുക്കുന്നവരെയാകണം തിരഞ്ഞെടുക്കേണ്ടത്. കേരളത്തിന്റെ എല്ലാ ജില്ലകളിൽ നിന്നും ഇങ്ങനെ വേറിട്ടു സഞ്ചരിക്കുന്നവരെ കണ്ടുപിടിക്കുകതന്നെ ശ്രമകരമായൊരു യത്നമാണ്.

അവരുടെ ജീവിതരേഖ രേഖപ്പെടുത്തുമ്പോൾ അവരുടെ ജീവിതചര്യകൾ, ജീവിതശൈലികൾ, അവരുടെ പ്രത്യയശാസ്ത്രം - ഒക്കെ ചർച്ചാവിഷയമാകണം. അവരുടെ ദർശനവും പ്രവർത്തനവും എന്ത്, അവർ പ്രത്യയശാസ്ത്രവും പ്രവർത്തനമേഖലയും സമന്വയിപ്പിക്കുന്നവരാണോ എന്ന അപഗ്രഥനമുണ്ടാകണം. അവരുടെ വിവിധ ഫോട്ടോകൾ, പുസ്തകങ്ങൾ, ലഘുലേഖകൾ, ലേഖനങ്ങൾ തുടങ്ങിയവ സ്വരൂപിക്കുന്നതിലും ശ്രദ്ധയുണ്ടാകണം. ഇതിനു സഹായകമാകുന്ന ചോദ്യാവലി ചുവടെ ചേർക്കുന്നു: -

1. ജീവിതചരിത്രക്കുറിപ്പ് (ജനനം, നാട്, മാതാപിതാക്കൾ, കുടുംബം, വിദ്യാഭ്യാസം തുടങ്ങിയവ)
2. വ്യക്തി ജീവിക്കുന്ന ഇടം (സാമൂഹ്യ-രാഷ്ട്രീയ-മതപരമായ പശ്ചാത്തലം).
3. വ്യക്തി നിലവിലെ സമൂഹത്തിൽ അടയാളപ്പെടുത്തുന്നത് (ജീവിതം, ആശയം, സ്വത്വം, ഇടപെടൽ, കൃതികൾ, പ്രവർത്തനങ്ങൾ തുടങ്ങിയവ).
4. ദർശനവ്യാപ്തി ഏതെല്ലാം തലത്തിൽ വ്യാപിക്കുന്നു? (കുടുംബം, പരിസ്ഥിതി, സ്ത്രീപുരുഷബന്ധം, രാഷ്ട്രീയം തുടങ്ങിയ ഏതെല്ലാം തലത്തിലെന്നു വ്യക്തമാക്കുക).
5. വ്യക്തി അനുഭവങ്ങൾ - മുഖ്യധാരയുമായുള്ള ബന്ധത്തിൽ (ആശയസംഘട്ടനം, നേട്ടങ്ങൾ, പഠിച്ച പാഠങ്ങൾ, രസകരമായ-ധന്യമായ-ദുരന്തപരമായ അനുഭവങ്ങൾ).
6. ബദൽ ദർശനം എങ്ങനെ സമൂഹത്തെ ബാധിക്കുന്നു? മുന്നോട്ടുള്ള ദിശ/യാത്ര?
7. പ്രത്യേകം പറയാനുള്ളത്.

അങ്ങനെ തുടങ്ങിവച്ച പംക്തിയെ ഇങ്ങനെ വിശേഷിപ്പിക്കാം. 'മുഖ്യ ധാരയോടൊപ്പം ഒഴുകാത്തവർ ... ജാതി-മത-ദൈവചിന്തകൾക്കപ്പുറം മാനവികതയെയും പ്രാപഞ്ചികതയെയും അടയാളപ്പെടുത്തുന്നവർ ... സ്വജീവിതം സാമൂഹ്യ അസ്തിത്വത്തിനും പ്രതിബദ്ധതയ്ക്കുമായി നീക്കിവെച്ച വേറിട്ട സഞ്ചാരികൾക്ക് ഒരിടം - നേരു ചികയുന്നവർ.' ഇതിനു 2009 സെപ്തംബറിൽ തുടക്കംകുറിച്ചു. അങ്ങനെ 'മുൾപ്പടർപ്പിലെ നന്മയുടെ വിത്ത്' എന്നു വിശേഷിപ്പിച്ചുകൊണ്ട് എം എ ജോണിനെ സെപ്തംബറിലും, 'കരുണയുടെ കാതലായി' കഞ്ഞിപ്പാടം പങ്കജാക്ഷ ക്കുറുപ്പിനെ ഒക്ടോബറിലും, 'ജീവിക്കുന്ന ചോദ്യമായി' ആർ ചന്ദ്രനെ നവംബറിലും, 'ഗോപാലകൃഷ്ണന്റെ മാനവബദൽ' എന്ന രീതിയിൽ പറക്കോടു പുത്തൻവീട്ടിൽ ഗോപാലകൃഷ്ണനെ ഡിസംബറിലും 'സത്യത്തെ തല്ലിക്കൊന്നവരും ജോസഫിന്റെ ദൈവശാസ്ത്രവും' എന്ന തലക്കെട്ടിൽ മോനിപ്പള്ളിയിൽ ജോസഫിനെ 2010 ജനുവരിയിലും 'സഹീർ-ആനി-തെരഷ്കോവ' എന്ന പേരിൽ തുമ്പോളി സഹീർ കുടും ബത്തെ ഫെബ്രുവരിയിലും 'സഭയ്ക്കെതിരെ ജനത്തിനു വെളിച്ചം' എന്ന തലക്കെട്ടിൽ പ്രൊഫ. കെ എം എബ്രഹാമിനെ മാർച്ചിലും 'ലളിതം യുക്തം ഈ ജീവിതം' എന്ന തലക്കെട്ടിൽ പി കെ പുരുഷോത്തമനെ ഏപ്രിലിലും 'അയ്യരമ്മ - ഒരു വിസ്മയം' എന്ന തലക്കെട്ടിൽ അട്ടപ്പാടി ആനക്കട്ടിയിലെ എസ് വസന്തയെ മേയിലും 'കൊച്ചുചെറുക്കനും തുമ്പയും കൂന്താലിയും സംതൃപ്തിയും' എന്ന തലക്കെട്ടിൽ അട്ടപ്പാടി വിശ്വമൈത്രിയിലെ അമ്മാവനെ ജൂണിലും, 'അണയാത്ത കനൽക്കട്ട' എന്ന തലക്കെട്ടിൽ ആലപ്പുഴ കുട്ടനാട്ടിലെ കാഞ്ചനവല്ലിയെ ജൂലൈയി ലും, 'മെമ്പർഷിപ്പില്ലാത്ത കമ്യൂണിസ്റ്റുകാരി - തിരിഞ്ഞുനോക്കാൻ സമ യമില്ലാത്ത പോരാളി' എന്നു വിശേഷിപ്പിച്ചുകൊണ്ടു മാവേലിക്കരയിലെ ഹൗലത്ത് ബീവിയെ ആഗസ്റ്റിലും ഓറയിലൂടെ പരിചയപ്പെടുത്തിക്കഴി ഞ്ഞു. ഈ പ്രക്രിയ തുടരുകയാണ്.

2. എന്റെ ആത്മകഥയായ 'കറുത്തകുർബ്ബാന - ഞാൻ നടന്നവഴി കൾ' എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ ഞാൻ എഴുതി: 'ഇത് ഒര ന്വേഷണമാണ് ... ആദ്യന്തം എഴുത്തിനു വിശ്വാസത്തിന്റെ മാനമുണ്ട്. അത് എന്റെ ജീവിതത്തിന്റെ ഒരു മുഖമാണ്. ആ ഒരു മുഖം മാത്രമേ ഇവിടെ പ്രധാനമായും അനാവരണം ചെയ്തിട്ടുള്ളു എന്ന വലിയ പരി മിതി ഈ പുസ്തകത്തിനുണ്ട്. വിമോചനപോരാട്ടത്തിന്റെയും ജനകീ യമുന്നേറ്റത്തിന്റേതുമായ മറ്റൊരു മുഖം ഇനിയും പ്രകാശം കാണേണ്ട തുണ്ട് എന്നാണെന്റെ ചിന്ത.' (പേജ് 14 - ഒരു വാക്കിൽ നിന്നും). ഈ മുഖം അനാവരണം ചെയ്യുക എന്നതിന് എന്റെ ഇപ്പോഴത്തെ സാഹച ര്യത്തിൽ ഏറെ പ്രാധാന്യമുണ്ട് എന്നാണു തോന്നുന്നത്.

അങ്ങനെ, പൗരോഹിത്യപട്ടം പൂർണമായി ഉപേക്ഷിച്ച, മുഖ്യധാരയുടെ നടപ്പുവഴികളിൽ നിന്നു മാറിനടക്കുന്ന, മാർക്സിയൻ ചിന്താധാരയിൽ അടിയുറച്ചുനിന്നുകൊണ്ട് ഒരു ബദൽ ജീവിത വാഴ്വിനെ സ്വപ്നം കാണുന്ന എന്റെ ജീവിതക്കുറിപ്പുകൾ ഏഴുതേണ്ടതു അനിവാര്യതയായി അനുഭവപ്പെട്ടു. അങ്ങനെയാണു ഒൻപതു അധ്യായങ്ങളുള്ള ഈ കുറിപ്പു 2009 ജൂണിൽ എഴുതാൻ ആരംഭിച്ചത്. എന്റെ ജീവിതത്തിന്റെ ഈ പ്രത്യേക ദിശാസന്ധിയിൽ എന്റെ കഥ - എന്റെ ജീവൻ എന്ന ഈ ആത്മപ്രകാശത്തിനു പ്രത്യേക പ്രാധാന്യമുണ്ടെന്നാണു എന്റെ പ്രതീക്ഷ.

3. എന്റെ ജീവിത പരിണാമം, സഭയും ബിഷപ്പുമായുള്ള ഇടപെടൽ, വ്യത്യസ്ത പ്രവർത്തനമേഖലകൾ, ഇപ്പോഴത്തെ അവസ്ഥ, ഇനിയുള്ള ദിശ-സ്വപ്നം, നിലപാട്. ഒറ്റവാക്കിൽ എന്റെ ജീവിതകഥ ഇംഗ്ലീഷിൽ എഴുതാൻ ഒരു ശ്രമം നടത്തുക.

4. സമാനചിന്താഗതിയുള്ളവർ, മാറി ചിന്തിക്കുന്നവർ, വഴിമാറി നടക്കുന്നവർ അനേകരുണ്ട്. അവരുടെ കൂട്ടുകെട്ടിനും നെറ്റുവർക്കിനും പ്രചോദനമാകാമോ? അതിനൊരു സാധ്യത തെളിക്കാൻ പറ്റുമോ? അവരുടെ ഈ ഒറ്റപ്പെട്ട ജീവിതം ഒരു സംസ്കാരവും ജീവിതശൈലിയുമായി മാറാൻ എന്തൊക്കെ പരിപാടികളാണു ചെയ്യേണ്ടത്? ഇങ്ങനെയുള്ള ചോദ്യങ്ങൾക്കു പ്രതികരണമായി 'സമഗ്ര ജീവിതവീക്ഷണത്തോടെ ഒരു ബദൽ അന്വേഷണം' എന്ന മുദ്രാവാക്യത്തോടെ, മാറി ചിന്തിക്കുന്നവരുടെയും ജീവിക്കുന്നവരുടെയും കൂടിച്ചേരലിനു രൂപംകൊടുക്കുക. ഈ ബദൽ അന്വേഷകർക്കായി രണ്ടു മാസത്തിലൊരിക്കൽ രണ്ടു ദിവസം എന്ന ക്രമത്തിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ഒരു തുടർപരിപാടിക്കു രൂപംകൊടുക്കുക ഉത്തമം. വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ് നാമിവിടെ ഉന്നംവയ്ക്കുന്നത്. തർക്കവും വിവാദവുമല്ല, പങ്കുവയ്ക്കലും വ്യക്തതയ്ക്കു വേണ്ടിയുള്ള സംവാദവുമാണു സംഗമം വിഭാവനം ചെയ്യുന്നത്. ശ്രദ്ധയോടെയും ആദരവോടെയും അപരനെ കേൾക്കുന്ന കലയാണ് അനിവാര്യമായ നിലപാടുതറ. കൂട്ടുകാരനോ കൂട്ടുകാരിയോ ഉള്ളവർ, കഴിവതും രണ്ടുപേരും (കുഞ്ഞുങ്ങളുണ്ടെങ്കിൽ അവരും) സംഗമത്തിൽ പങ്കാളികളാവുന്നതാണ് എല്ലാം കൊണ്ടും ഫലപ്രദം.

അങ്ങനെ ആദ്യത്തെ കൂടിച്ചേരൽ 2009 ഡിസംബർ 27, 28 തീയതികളിൽ ജനജാഗൃതിഭവനിൽവച്ചു നടന്നു. ആകെ 17 പേർ പങ്കെടുത്തു. സർവശ്രീ മാണി പി ഡി, മോഹൻലാൽ കെ കെ, കൊച്ചുമോൾ എം റ്റി, അലോഷ്യസ് എന്നിവരാണ് ചർച്ചയ്ക്കും പങ്കുവയ്ക്കലിനും ദിശാബോധം നൽകിയവർ. പങ്കെടുത്ത എല്ലാവരും തന്നെ സ്വയം വെളിപ്പെടുത്തി സംസാരിച്ചപ്പോൾ സംഘാംഗങ്ങൾ അറിയാതെ അടുക്കുകയാ

യിരുന്നു. ഹൃദയം തുറന്നുള്ള പങ്കുവയ്ക്കൽ, ഒന്നിച്ചുള്ള ഭക്ഷണം, പുതിയ പാത തേടാനുള്ള ഉൽക്കടമായ ദാഹം - എല്ലാം ഒത്തുചേർന്നപ്പോൾ സമ്പന്നമായൊരു സംഗമമായി രൂപാന്തരപ്പെട്ടു. 2010 ഫെബ്രുവരി 13, 14 ലെ തുടർപരിപാടിയിൽ ഇവരെല്ലാവരും എന്നു മാത്രമല്ല, പുതിയതായി താൽപ്പര്യമുള്ളവരെക്കൂടി ചേർക്കുമെന്ന വാഗ്ദാനത്തോടെയാണു ക്യാമ്പംഗങ്ങൾ തിരികെ പോയത്. 2010 ഫെബ്രുവരിയിലെ ചർച്ചയും പങ്കുവയ്ക്കലും കൂടുതൽ പ്രായോഗികതലത്തിലേക്കു നീങ്ങി. പ്രാദേശികതലത്തിൽ സമാനചിന്താഗതിക്കാരുടെ കൂടിച്ചേരലുകളും സംഘടിപ്പിക്കാൻ ധാരണയായി. പങ്കാളികളിൽ പലർക്കും അസൗകര്യമുണ്ടായതിനാൽ 2010 ഏപ്രിലിലെ കൂടിച്ചേരൽ 17, 18 തീയതികളിലേക്കു മാറ്റി. ചുരുക്കത്തിൽ, ഈ തുടർപരിപാടിക്ക് ശ്രദ്ധേയമായ ഗുണമുണ്ടാകും എന്നാണു പ്രതീക്ഷ.

5. പ്രകൃതിയുമായുള്ള ലയനത്തിന്റെ ഭാഗമായി, പ്രകൃതി പച്ചപ്പിന്റെ സൃഷ്ടിയിലുള്ള പങ്കാളിത്തമായി, രാവിലെ ഒരു സഞ്ചിയിൽ 100-200 മാങ്ങാണ്ടി/പറങ്കിയണ്ടി/ചക്കക്കുരു ഒരു ചെറിയ കൈക്കൂന്താലിയും കോരിയുമായി പൊതുറോഡിലൂടെ നടന്ന് വഴിയോരങ്ങളിൽ ഇവ കുഴിച്ചിടുക. പച്ചപ്പിന്റെ നിശ്ശബ്ദ വിപ്ലവം. ജീവിതം ധന്യമാകുന്ന അനുഭവമാകുമത്.

6. കുറഞ്ഞത് ഒരു മാസം നീണ്ടുനിൽക്കുന്ന തുടർച്ചയായിട്ടുള്ള യാത്ര. ലക്ഷ്യം ഒന്നേയുള്ളു - മാറി ചിന്തിക്കുന്നവരെയും ജീവിക്കുന്നവരെയും സന്ദർശിക്കൽ. ഒരാളെ കണ്ടു ജീവിതം പങ്കുവയ്ക്കുന്നതിനിടയിൽ അടുത്ത ആളുകളുടെ പേരുവിവരം ലഭിക്കും. തുടർന്നു അവിടേക്കായിരിക്കും നീക്കം. ഒരു മാസം കൊണ്ടു വളരെ സമ്പന്നമായ അനുഭവങ്ങളുള്ള ഒരു നീണ്ടനിര വ്യക്തികളെ/ഇണകളെ/കുടുംബങ്ങളെ/സംഘങ്ങളെ കണ്ടെത്താൻ സാധിക്കും. നിർബന്ധമായും നടത്തേണ്ട ഒരു പരീക്ഷണമാണിത്.

7. മുഖ്യധാരാ വാരികകളായ *മലയാളം, മാധ്യമം, മാതൃഭൂമി, കേരള ശബ്ദം, ദേശാഭിമാനി, പച്ചക്കുതിര* തുടങ്ങിയവയിൽ ഇന്റർവ്യൂ, സംഭാഷണം, ഫീച്ചർ തുടങ്ങിയവയുടെ സാധ്യത ഗൗരവതരമായി അന്വേഷിക്കുക. ഒപ്പം, ചാനലുകളിൽ വേറിട്ട കാഴ്ച, മുഖാമുഖം പോലെയുള്ള ഫീച്ചറുകളുടെ പ്രക്ഷേപണസാധ്യത ആരായുക. അതുപോലെ ദിനപത്രങ്ങളുടെ ഞായറാഴ്ച വിശേഷാൽപ്പതിപ്പുകളിൽ ഫീച്ചറിന്റെ സാധ്യതകൾ തെരയുക.

8. പുതിയ കേന്ദ്രം ഉണ്ടാക്കുക എളുപ്പമാണ്. പകരം ഗ്രാമം മുഴുവൻ നമ്മുടെ സ്വന്തം എന്ന ചിന്തയിൽ എന്തുകൊണ്ടു അടുത്ത സ്ഥലത്തു പോയി സൗജന്യമായി പണിചെയ്തുകൂടാ? അടുത്ത വീട്ടിലെ മുറ്റം തൂത്തുകൂടാ? സൗജന്യമായി സേവനവും സമയവുംകൊടുത്തു

കൂട? ജോലിക്കു കൂലി അപരാധമാണ്. എവിടെ നിൽക്കുന്നുവോ അവിടെ നിഷ്കാമകർമത്തിൽ വ്യാപരിക്കുക. ചിലപ്പോൾ വട്ടനെന്നു മുദ്രകുത്തപ്പെടും. പക്ഷേ, ഇതു പുതിയൊരു സംസ്കാരം വളർത്തും, തീർച്ച.

9. സമാനചിന്താഗതിക്കാരെ, വഴിമാറി നടക്കുന്നവരെ കണ്ടെത്തി അവരുടെ സംസാരത്തിലൂടെ ഫീച്ചർ/പരിചയപ്പെടുത്തൽ (ഫോട്ടോ സഹിതം) എഴുതി ഉണ്ടാക്കുക. ഉദാഹരണത്തിന് മാസത്തിൽ 10 പേരുടെ ഫീച്ചർ. 20 പേരുടെ ഫീച്ചർ വച്ചു ഒരു പുസ്തകം. വർഷത്തിൽ 6 പുസ്തകങ്ങൾ. ഇവരുടെ സമയാസമയങ്ങളിലുള്ള കൂടിച്ചേരലുകളും പങ്കുവയ്ക്കലുകളും അവർക്കു ശക്തി പകരും. ഇതു ശരിക്കും സംഘടിപ്പിച്ചാൽ, പരസ്പരം ശക്തിപകരുന്ന സമ്പന്നമായ അനുഭവമായി മാറും. ഈ കൂടിച്ചേരലിൽ പ്രചോദന സംഭാഷണത്തിനുള്ള റിസോഴ്സ്പേഴ്സൺസായി ശ്രീ. എം എ ജോൺ, മാണി പി ഡി തുടങ്ങിയവരെ സ്വീകരിക്കാവുന്നതാണ്.

10. ഒരു ബ്ലോഗ് സൃഷ്ടിക്കുക. അതിലെ മുഖ്യ ഇനങ്ങൾ താഴെ കൊടുക്കുന്നു.

1. ജീവിതരേഖ, പ്രപഞ്ചസിംഫണിയിലെ പരിചയപ്പെടുത്തലും പുസ്തകങ്ങളുടെ പേരുകളും.
2. വർത്തമാനകാല ലേഖനങ്ങൾ അൽഫോൻസാമ്മ തൊട്ടു തുടങ്ങുക (ഓറ നവം. 2008 പേജ് 17)
3. അലോഷ്യസിന്റെ പുസ്തകലോകം
   - കറുത്ത കുർബാന വച്ചു തുടങ്ങുക സമർപ്പണം, ഉള്ളടക്കം, അധ്യായം 9, പ്രൊഫ. സാറാജോസഫിന്റെ പുസ്തകപരിചയം
   - ഓരോ ആഴ്ചയിലും ഒരു ബുക്കു വീതം പരിചയപ്പെടുത്തുക, വായനക്കാരുടെ പ്രതികരണവും
4. അഭിമുഖങ്ങൾ
   - മാധ്യമത്തിൽ വന്നതു വച്ചു തുടങ്ങുക
   - മലയാളം, സായാഹ്നം മുതലായവ
5. ബദൽ വാർത്തകളും കത്തുകളും - തുടക്കം മാറി ചിന്തിക്കുന്നവരുടെയും ജീവിക്കുന്നവരുടെയും കൂടിച്ചേരൽ വച്ചാകാം.

11. മാറി ചിന്തിക്കുന്നവരായ കുറച്ചുപേർ വ്യക്തികൾ, ഇണകൾ ഒന്നിച്ചു ജീവിക്കാനും പങ്കുവയ്ക്കാനും ഒന്നിച്ചധ്യാനിക്കാനും ഒന്നിച്ചു ജീവസന്ധാരണം നടത്താനും ഒന്നിച്ചു കുട്ടികളെ വളർത്താനും ഒന്നിച്ചു ഭക്ഷിക്കാനും ഒപ്പം ഓരോരുത്തരുടെയും സ്വകാര്യതയും സ്വകാര്യയിടവും അംഗീകരിച്ചു മാനിക്കാനും തയാറുള്ള കുറച്ചുപേരുടെ സംഘജീവിതം ഈ ബദൽജീവിതത്തിന്റെ മൂർത്ത അടയാളമായിരിക്കും. അതിലേക്കു ഗൗരവമായ ചിന്തയ്ക്കു സ്വയം വിധേയപ്പെടുക. ഇതിന്റെ ഒരു സ്വാഭാവിക off-shoot ആണു രക്തബന്ധത്തിനതീതമായി സൗഹൃദച

ങ്ങാത്തത്തിനുള്ള സ്ഥാനം. അതെ, ഈ സംഘജീവിത(അനുബന്ധം 18)ത്തിന്റെ ആധാരവും അടിസ്ഥാനവും ആഴത്തിലുള്ള സൗഹൃദബന്ധ ങ്ങൾ തന്നെ. എന്റെ കൂട്ടുകാരിയും ഈ സംഘവുമായിരിക്കും എന്റെ താൽപ്പര്യമനുസരിച്ചുള്ള എന്റെ മരണാനന്തര മതനിരപേക്ഷ മൃതദേഹം മറവുചെയ്യൽ നടത്തുക. (അനുബന്ധം 19)

അതെ, അപൂർണമായ എന്റെ കഥ എന്റെ ജീവിതമാണ്. പ്രപഞ്ച ത്തോളം വിശാലവും, അതേസമയം പരമാണുപോലെ ചെറുതുമായ എന്റെ ജീവിതകഥ തുടരുന്നു - നിങ്ങളോടൊപ്പം, ഭൂമിയോടൊപ്പം, പ്രപ ഞ്ചത്തോടൊപ്പം; കടലിലെ തിരമാലകൾ തീരത്തെ, കരയെ നിരന്തരം തളരാതെ തഴുകുന്ന പോലെ, മന്ദമാരുതൻ നിതരാം തലോടുന്ന പോലെ. ഒപ്പം തിരമാലകൾ ആഞ്ഞടിക്കുംപോലെയും കൊടുങ്കാറ്റു വീശി അടിക്കും പോലെ ജീവിതം തുടരട്ടെ. ജീവന്റെ തുടിപ്പിന്റെ ലഹരിയിൽ പ്രാപഞ്ചികപരിണാമ പ്രക്രിയയിൽ ഒരു കണ്ണിയായി അലിഞ്ഞുചേരും വരെ എന്റെ കഥ തുടരട്ടെ.

**അനുബന്ധം – 1**

# മോചക ജീവക മുന്നേറ്റം, മാവേലിക്കര
## (പരിവർത്തനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസം)

സുഹൃത്തേ,

കഴിഞ്ഞ അഞ്ചുവർഷക്കാലമായി ഒരു പുത്തൻ സമൂഹത്തിന്റെ സൃഷ്ടി സ്വപ്നം കണ്ടുകൊണ്ട്, വ്യക്തിവികാസത്തെ മുൻനിർത്തി പരിവർത്തനത്തിനുവേണ്ടി നടത്തിവരുന്ന വിദ്യാഭ്യാസം 1983 മുതൽ സാമൂഹ്യ ഉത്തരവാദിത്വത്തോടുകൂടി 'മോചക ജീവക മുന്നേറ്റം' എന്ന പേരിൽ അറിയപ്പെടുന്നു.

നാം ജീവിക്കുന്ന സമൂഹത്തിൽ ധാരാളം ചലനശക്തികൾ പ്രവർത്തനനിരതമാണ്. സാമൂഹ്യരാഷ്ട്രീയ മതാത്മക മണ്ഡലങ്ങളിൽ എല്ലാം തന്നെയും പുതിയ ശാക്തികച്ചേരികളുടെ ഉരുത്തിരിയലും പോരാട്ടങ്ങളും നാം അനുദിനം അനുഭവിച്ചുകൊണ്ടിരിക്കുന്നു. നമ്മളുടെ ഉത്തരവാദിത്വങ്ങൾ, വിശ്വാസപരമായ അടിസ്ഥാനങ്ങൾ, ഇവയൊക്കെ പരസ്പരം എങ്ങനെ പ്രതികരിക്കും എന്ന ചോദ്യം നമ്മെ പലപ്പോഴും അലട്ടാറുണ്ട്. വിശ്വാസബോധ്യങ്ങൾ ചരിത്രഗതികളുമായി തട്ടി നിലം പതിക്കാതിരിക്കണമെങ്കിൽ കാലികമായ ചിന്തകളും പ്രതികരണങ്ങളും അനുസ്യൂതമായ വിലയിരുത്തലുകളുമെല്ലാം നമ്മിൽത്തന്നെയും സമൂഹത്തിലും സംഭവിക്കേണ്ടതുണ്ട്. ഒട്ടുമിക്കപ്പോഴും വിശ്വാസപരത നിഷ്ക്രിയത്വത്തിന് സമമായി നിന്ന് നമ്മെ പിന്നോക്കം വലിക്കാറുണ്ട്. പ്രത്യേകിച്ചു നാം ജീവിക്കുന്ന ദരിദ്രമായ സാമൂഹ്യപശ്ചാത്തലങ്ങളിൽ വിശ്വാസം കൽപ്പിക്കുന്ന ബന്ധുത മാത്രം ബലമായിക്കാണുന്നുവെന്നതുകൊണ്ട് സമൂഹത്തിലെ ചെറിയ വിള്ളലുകൾ പോലും നമ്മെ പരിഭ്രാന്തരാക്കുകയാണ് പതിവ്. വിശ്വാസത്തിന്റെ അടിസ്ഥാനങ്ങൾക്ക് ചോദ്യമില്ലാത്ത അവസ്ഥയാണ് ഭദ്രമെന്ന് ചിന്തിക്കുന്നവരാണ് നമ്മളിലേറെപ്പേരും. ചോദ്യം ചെയ്യലുകളും വിലയിരുത്തലുകളും സമൂഹത്തെ തളർത്തുന്നുവെന്ന് ചിന്തി

ക്കുന്നവരെ പുറംകാലുകൊണ്ട് തള്ളി ചരിത്രഗതി അതിന്റെ വഴിക്കു പോകുമ്പോൾ നമ്മുടെ നിഷ്ക്രിയത്വം ഭീകരരൂപം പൂണ്ട് സംഹാരമന്ത്രം ഉരുവിടുകയും താണ്ഡവമാടുകയുമൊക്കെ ചെയ്യുന്നത് നമുക്കും അനുഭവമാണ്. ഈ സാഹചര്യങ്ങളൊക്കെ കണക്കിലെടുത്ത്, ചരിത്രഗതിയോട് അനുരൂപപ്പെട്ട്, മുന്നേറ്റത്തിന്റെ കൈയാളുകളാകാൻ നാം എടുക്കുന്ന തീരുമാനത്തിന്റെ പ്രവർത്തനരൂപമാണ് 'മോചക ജീവക മുന്നേറ്റം.'

കമിഴ്ന്നുകിടന്ന് ചരിത്രത്തെ ഏറ്റുവാങ്ങുന്ന ഒരഭ്യാസത്തിൽ നാം വിശ്വസിക്കുന്നില്ല. അടിസ്ഥാനവർഗത്തിന്റെ സമഗ്രമോചനം മുന്നിൽ കണ്ടുകൊണ്ട് സജീവതയോട് പ്രതികരിച്ചുനിന്ന് - പോരാടി നിന്ന് - ചരിത്രത്തെ രൂപപ്പെടുത്തുന്ന ക്രിയാത്മക ശക്തികളെന്ന നിലയ്ക്ക്, ശക്തിയും അറിവും ആയോധനവും നേടുന്നതിന് നാം നടത്തുന്ന ഒരു ശ്രമമാണ് ഈ പ്രസ്ഥാനം. വിയോജിപ്പുകളും വിലക്കുകളും വിധ്വംസക പ്രവർത്തനങ്ങളും ഒന്നും തന്നെ നമ്മെ നിഷ്ക്രിയരാക്കുകയില്ല. തളർത്തുകയില്ല. വിശ്വാസങ്ങളിൽ ആഴപ്പെടുവാനും ബോധ്യങ്ങളിൽ വളരുവാനും പ്രവർത്തനങ്ങളിൽ പരിചയപ്പെടുവാനും ഉദ്ദേശിച്ചുകൊണ്ടുള്ള 1983 ലെ നമ്മുടെ പ്രവർത്തന പരിപാടി നിങ്ങളുടെ മുമ്പിൽ വയ്ക്കുകയാണ്. നല്ല സഹകരണവും പൂർണമായ പങ്കാളിത്തവും പ്രതീക്ഷിക്കട്ടെ.

ആയിരത്തിത്തൊള്ളായിരത്തി എൺപത്തി രണ്ട് ഡിസംബറിൽ ചെറിയനാട്ടു വിജയേശ്വരി സ്കൂളിൽ നടന്ന സെമിനാറിൽ വച്ച് 1983 ലെ കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിന് 11 പേർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി രൂപീകരിച്ചു. അതിൻ പ്രകാരം 1983 ജനുവരി 1 -ാം തീയതി പുത്തൻപീടികയിൽ വച്ച് കമ്മിറ്റി കൂടുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ സ്വീകരിക്കുകയും ചെയ്തു.

1. 1983 ലെ സെമിനാർ വിഷയം: -
   ജനമുന്നേറ്റം കലാ-സാംസ്കാരിക മാധ്യമങ്ങളിലൂടെ
2. തീയതികൾ:
   ഫെബ്രുവരി 12 - 13, ഏപ്രിൽ 11 - 17, ജൂൺ 18 - 19, ആഗസ്റ്റ് 13 - 15, ഒക്ടോബർ 15 - 16, ഡിസംബർ വിലയിരുത്തൽ 27 - 28.
3. രജിസ്ട്രേഷൻ ഫീസ്:
   ഏകദിന സെമിനാർ - 2 രൂപ
   ദ്വിദിന സെമിനാർ - 5 രൂപ
4. സെമിനാർ കേന്ദ്രം: മാവേലിക്കര
5. സമയം:
   ആരംഭം - രാവിലെ 9. 30
   സമാപനം - വൈകിട്ട് 4. 30
   സമയം ക്ലിപ്തമായി പാലിച്ചിരിക്കുമല്ലോ.
6. ഭാരവാഹികൾ

1. സെക്രട്ടറി - ഗ്രേസി വറുഗീസ്, മാടമ്പിൽ വീട്, മല്ലപ്പുഴശ്ശേരി, ആറന്മുള പി. ഒ.
2. നിർവാഹകസമിതി
   ദാനിയേൽ ദാനിയേൽ, നാമക്കുഴി വീട്, അയത്തിൽ, ഇലവുംതിട്ട - 689625
   ജെയിംസ് കളീക്കൽ, മറ്റംവടക്ക്, മാവേലിക്കര - 3
   തങ്കച്ചൻ എൻ ചെമ്പകത്തിനാൽ വീട്, പരിയാരം പി ഒ, ഇലന്തൂർ - 689643

**നിർദേശങ്ങൾ**

1. 'മോചക ജീവക മുന്നേറ്റം' രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക.
2. സെമിനാറിൽ പങ്കെടുക്കുന്നവർ അവരവരുടെ സ്ഥലങ്ങളിൽ പഠനക്കളരികൾ ക്രമീകരിക്കുക.
3. ആവശ്യാനുസരണം പ്രാദേശിക മീറ്റിങ്ങുകൾ സംഘടിപ്പിക്കുക.
4. ക്ലാസ്സുകളെപ്പറ്റിയുള്ള ഒരു സംക്ഷിപ്തരൂപം രേഖാമൂലം സെക്രട്ടറിയെ ഏൽപ്പിക്കുക.
5. സെമിനാറിനു വരാൻ സാധിക്കാത്തവർ രേഖാമൂലം വിവരം അറിയിക്കുക.
6. ഫെബ്രുവരി മാസത്തെ സെമിനാറിൽ പങ്കെടുക്കുന്നവരെ മാത്രം തുടർന്നുള്ള സെമിനാറുകൾക്ക് ക്ഷണിക്കും.
7. മേയ്ദിനം സമുചിതമായി ആചരിക്കുക.

എന്ന്,

ഗ്രേസി വറുഗീസ്
സെക്രട്ടറി

അനുബന്ധം - 2

# കൊല്ലം ബിഷപ്പിന്റെ 14. 10. 1982 ലെ കത്ത്

✠
J. M. J.

*Monsignor Joseph G. Fernandez*
*Bishop of Quilon*

Phone: (0474) 3550

Bishop's House,
Quilon, Kerala, India.
Pin. 691001.

No. 787/82. 14-10-1982

To

Rev. Fr. Aloysius D Fernandez
Pathanamthitta

Dear Rev. Fr. Aloysius

Since some years - 2 or 3 - you were conducting some seminars for the youth of the northern area of our diocese. Some of the Rev. Fathers of that area were apprehensive about these seminars. But I had no evidence as to whether there was anything unorthodox. Hence I did not interfere.

It is now reliably learned that the seminar is going the leftist way. I regret to have to say that this is wrong and hence not to be

fostered. Last May your Reveng with some other made a public appeal in the news paper asking the public to vote for the Marxist led Leftist Front. It was unfortunate. I thought your part in it was unitentional and may be casual. But now it seems you are moving further in that line. The last seminar you conducted during the Pooja holidays in our Mavelikara English Medium School is reported to have been guided by the Dynamic Action Group of Thiruvalla which is definitely marxist in views.

Dear Fr. Aloysius please give up all your appreciation for this group and stop all your connections with it. I exhort you in the name of God to stop those seminars. Please do not lead our Youth to the marxist area. You do know that marxism is atheistic and is condemned by the Church. Let us be faithful ministers of the Church and of God, faithful to the teachings of the church and of God. I know you wish to be active. But be active for God-not against God, for the Church-not against the Church.

I am asking the Sisters not to allow the school for these seminars. Please take to prayer and open your heart to the Holy spirit without perconceived ideas so that He may guide you. I pray for you.

With cordial blessing,

Yours fraternally in Jesus

+ Fernandez

Bishop of Quilon

cc: To all the Rev. Fathers
Northern Area.

# 12 കൊല്ലം രൂപതാ വൈദികർ ബിഷപ്പിനു അയച്ച കത്ത്

Dear Bishop,

We came to know about your letter addressed to Fr. Aloysius D Fernandez asking him to stop the seminars for youth at Mavelikara. We would like to express our reactions to the same.

We regret to note that you did not call those involved and discuss the matter at length before levelling such serious allegations as mentioned in your letter; instead, you took action depending totally on certain 'reliable sources'. Such a step will only be detrimental to the spirit of fraternal relationship between the bishop and his priests, the spirit of dialogue and co-operation and trust in your priests.

We understand that the seminars at Mavelikara were motivated by a desire to conscientise our people. The Alleppey Zonal meeting of QSSS had arrived at such a decision at its meeting on 21, 1978 at Charummood.

The main thrust of the education programme at Mavelikara was Social justice in its varioús Biblical viewpoints and the application of the Biblical massage of Liberation in our present socio-political context. Analysis of society is a must in the pursuit of social justice and the Marxian analysis of society is accepted as valid tool for scientific social analysis. Therefore it is wrong to level charges of Atheism, Marxism and unorthodoxy, while in fact it is just the opposite: i.e., an effort 'to reveal the authentic face of God and religion' (Guadium et Spes, no. 19).

We also dissent your efforts to deny the diocesan schools to conduct programmes for the benefit of the Anawim.

We cannot be indifferent to the global struggle for a new Society; more so while the Church repeatedly reaffirms its commitment to the cause of the downtrodden. Our commitment too is to Christ and to his Good News to the Poor. We affirm our option to the cause of the poor. Hope you will appreciate our stand.

Yours in Christ,

| | | |
|---|---|---|
| 1. | Fr. Joseph Thomas | s/d |
| 2. | Fr. Jose J Kaleekal | s/d |
| 3. | Fr. Vincent Maccado | s/d |
| 4. | Fr. Romance Antony | s/d |
| 5. | Fr. Antony John | s/d |
| 6. | Fr. Jose Puthenveedu | s/d |
| 7. | Fr. Walter Morris | s/d |
| 8. | Fr. Ferdinand Peter | s/d |
| 9. | Fr. Solomon A. | s/d |
| 10. | Fr. Jerome Augustine | s/d |
| 11. | Fr. Augustine Isaac | s/d |
| 12. | Fr. Benedict Paul | s/d |

അനുബന്ധം - 4

## ഫാ. ജോസ് ജെ കളീക്കലും ഫാ. അലോഷ്യസ് ഡി ഫെർണാന്റസും സംയുക്തമായി 27. 10. 1982ൽ ബിഷപ്പിനയച്ച മറുപടിക്കത്ത്

From

**Fr. Aloysius D. Fernandez**
Guardian Angel Church
Pathanamthitta - 689 645
Quilon Dist.
&
**Fr. Jose Kaleekal**
Our Lady of Lourdes Church
Cheriyanad 689 511
Alappuzha Dist.

Pathanamthitta
27. 10. 1982

Dear Bishop,

Received with thanks your letter dt. 14. 10. 1982 (ref. No. 786/82). Since the points you raise in the letter directly concern the two of us, we think it opportune that we both together respond to it.

Your letter has pointed out two major issues - one, unorthodoxy; the other. the public support of the leftist front. Regarding these, we would like to give the following explanations.

**1. Unorthodoxy:** As Catholic priests, our primary commitment is to Jesus and to his teaching. Every other concern, we find as secondary. Hence, any talk about orthodoxy has to be tested against this commitment to Christ. All through the Bible, we see that God has

taken sides with the oppressed (Micah 6:10-11; Is. 3:12-15; Amos 5: 10-11). Jesus, the concrete and ultimate manifestation of God's love, through his lifestyle and proclamation has made this option, clear beyond any doubt (Lk. 16: 19-32). He not only called the poor blessed but he himself was poor and lived with the poor. He was with the marginalized of his time and proclaimed that God is on their side. That is what we understand by his promise of the Kingdom to the poor.

On the other side, we find that he took a clear stance against the rich. The curses and woes he hurled at them explain his basic option (Mt. 23: 1-33; Lk. 11: 37-53; 20: 45-47). From his disciples, he demanded similar option without counting the cost (Mt. 8: 19-22; Lk. 9: 57-62).

Having this picture of Jesus and his call in mind, we cannot but stand with the oppressed of our day if we want to be orthodox to his teaching and to his mission. We are aware that this option will bring us into conflict with persons and structures which keep the poor always in a state of oppression and exploitation. This is only natural because Jesus also had to face the very same fate. In fact, it was his own religious leaders who sided with the rich and the ruling class that ostracized him; rejected him and finally put him to death. Hence we are not surprised to see that some people find our option questionable. The option we expressed in our classes and dealings is motivated by a sincere and authentic desire to follow the foot-steps of the Lord who identified with the marginalized & stood for their cause.

**2. Support of the Leftist Front:** Our radical option forces us to join hands with persons and movements that work for the liberation of the oppressed (LK.4:18-19; 9:49-50; MK.9:38-40). This does not mean that we blindly swallow any ideology or that we have sold ourselves to any political party. It is true that during the last election, we had publicly supported the Left Front. Being neutral meant a culpable irresponsibility. There is not a position as neutral at all (-in fact, you have sided with the Rightist Front-). We had to take a stance. In spite of the drawbacks and shortcomings of the Marxist led Left Front, we found that they basically stood for the oppressed; that they were against communalism and totalitarian tendencies. Their position, we believe, is more with the Gospel values. The fact that we gave support to the Left Front does not mean that we subscribe to Marxian philosophy of dialectical materialism which is basically atheistic.

Here we would like to pose the question whether the Right Front is theistic; what one means by theism and atheism. In the Bible we find that the oppression of the poor is equivalent to the denial of God (Is. 1:3-17; Hos.cc.2, 3, 4&6). On the other hand, defending the cause of the poor and giving justice to the oppressed is seen as acknowledging God (Jer. 22:16). In fact, it is impossible to be believer and at the same time an oppressor (James 2:14-17). Jesus has categorically affirmed that one cannot be a believer and a capitalist at the same time; one has to choose between God and money (Mt.6:24; LK.16:13). In the light of these and similar Bible passages, we believe that today to side with the Rightist Front, which basically stands for capitalist values, is equivalent to the denial of God.

Further, we would like to being to your notice that the very Church that has condemned Marxism in the times past, has officially invited her children through the documents of Vatican II for a critical collaboration with the atheists. It is also noteworthy that the Church has acknowledged that her attitude in the past has contributed to the growth of atheism in the modern world. (Cfr.Gaudium et Spes: numbers 19, 20&21). This being the official stand of the Church, we are surprised to see that you ask to give up all our appreciation for and stop all our connections with people and groups that struggle and suffer for the liberation of the oppressed of our country (Act. 4:16-19).

In conclusion, we thank you once again for the frankness you showed in expressing your apprehensions concerning our stand. We do sincerely hope that this explanation would sufficiently clarify our position and that you would wholeheartedly support and encourage our involvement for the cause of the oppressed and that you would give the necessary directives to the Rev. Sisters to open up the school for similar programmes.

Yours ever sincerely in Lord Jesus,

sd/- sd/

Fr. Aloysius D. Fernandez & Fr. Jose J Kaleekal

cc.

To all Rev. Fathers, Northern area, Quilon diocese.

To the Headmistress, Infant Jesus School, Mavelikara.

അനുബന്ധം - 5

# വിമോചന വിശ്വാസ സംരക്ഷണ പ്രസ്ഥാനം

**കൊ**ല്ലം ലത്തീൻ കത്തോലിക്കാ രൂപതയിലെ ചില വൈദിക രുടെ പേരിൽ പെട്ടെന്നുണ്ടായ സ്ഥലംമാറ്റ നടപടിയെപ്പറ്റി ചിന്തിക്കുവാൻ ഒത്തുകൂടിയ സഭാജനങ്ങളുടെ കൂട്ടായ തീരുമാനത്തിന്റെ ഒരു പ്രകാശ നമാണ് 'വിമോചന വിശ്വാസ സംരക്ഷണപ്രസ്ഥാനം.'

പിന്നെ പത്തനംതിട്ട മിഷൻ ഡിസ്ട്രിക്റ്റ് കേന്ദ്രമാക്കി വിവിധ ഇട വകകളിൽ സേവനമനുഷ്ഠിക്കുന്ന ഫാദർ അലോഷ്യസ് ഡി ഫെർണാണ്ടസ് ഉൾപ്പെടെ നിരവധി വൈദികരുടെ പേരിൽ രൂപതാനേ തൃത്വം എടുത്ത നടപടിയുടെ പിന്നിലുള്ള അടിസ്ഥാന കാരണങ്ങൾ കാണിക്കുന്ന ഒരു മെമ്മോറാണ്ടം ഞങ്ങൾ ബിഷപ്പിനു നേരിൽ കണ്ടു സമർപ്പിച്ചു. ചരിത്രത്തിൽ മനുഷ്യവിമോചനത്തിനു വേണ്ടി പ്രവർത്തിച്ച ദൈവത്തിന്റെ തുടർച്ചയും പൂർത്തീകരണവും, യേശുക്രിസ്തുവിൽ ഇന്നു തുടരുവാൻ ആനുകാലിക ചരിത്രം നമ്മെ വെല്ലുവിളിക്കുന്നു. പ്രേഷിതപ്രവർത്തനത്തിന്റെ ഈ ദൗത്യത്തിൽ ജനങ്ങളോടൊപ്പം പങ്കു ചേർന്നു എന്നുള്ളതാണ് ഈ നടപടികളുടെ പിന്നിൽ മറഞ്ഞിരിക്കുന്ന വസ്തുത. ഈ ചിന്ത സഭയെക്കുറിച്ചും വിശ്വാസത്തെപ്പറ്റിയും കൂലങ്ക ഷമായ അന്വേഷണങ്ങൾക്കും പഠനങ്ങൾക്കും ഞങ്ങളെ നിർബന്ധിച്ചു. ഇത്തരം ചിന്തയുടേയും പഠനങ്ങളുടേയും അടിസ്ഥാനത്തിലാണ് പിതാ വിന് ഞങ്ങൾ മെമ്മോറാണ്ടം സമർപ്പിച്ചത്. മെമ്മോറാണ്ടം സ്വീകരിച്ച പിതാവ് തീരുമാനം പിന്നീട് അറിയിക്കാം എന്ന് വാക്കാൽ ഉറപ്പു തന്നു. എങ്കിലും വാക്കുപാലിക്കാൻ താല്പര്യപ്പെട്ടില്ല. അസംഘടിതരും സ്വയം നിർണയാവകാശം നിഷേധിക്കപ്പെട്ടവരുമായ ഒരുകൂട്ടം ജനങ്ങളെ തള്ളി ക്കളയുന്ന സ്ഥാപിതസഭയുടെ പാരമ്പര്യത്തിന്റെ ഭാഗമായി ഇതിനെ ഞങ്ങൾ കാണുന്നു. വിശ്വാസപരമായി ഞങ്ങൾക്കു കിട്ടിയ ഈ ദർശനം

തുടർന്നും നിലനിർത്തുന്നതിന്റെ ആവശ്യകത ബോധ്യപ്പെട്ട ഞങ്ങൾ 'വിമോചന വിശ്വാസ സംരക്ഷണ പ്രസ്ഥാനം' എന്ന പേരിൽ സംഘടനാതലത്തിൽ തന്നെ രൂപംകൊണ്ടു. സഭാജനങ്ങളുടേതായിട്ട് ബിഷപ്പിനു നൽകിയ മെമ്മോറാണ്ടത്തെപ്പറ്റിയോ ഫാദർ അലോഷ്യസ് ഡി. ഫെർണാണ്ടസിന്റെ സ്ഥലംമാറ്റത്തെപ്പറ്റിയോ പത്തനംതിട്ട മിഷൻ ഡിസ്ട്രിക്റ്റിലേക്ക് സ്ഥലംമാറിവരാൻ താൽപ്പര്യപ്പെടുന്ന ഫാ. വാൾട്ടർ മോറിസിന്റെ ഇവിടേക്കുള്ള വരവിനെപ്പറ്റിയോ തീരുമാനം എടുക്കുന്ന ജനങ്ങളുടെ വേദി 'വിമോചന വിശ്വാസ സംരക്ഷണ പ്രസ്ഥാനം' ആയിരിക്കും.

എന്ന്,

വിമോചന വിശ്വാസ സംരക്ഷണപ്രസ്ഥാനത്തിനു വേണ്ടി,

കൺവീനേഴ്സ്,

1. എൻ തങ്കച്ചൻ ചെമ്പകത്തിനാൽ, പരിയാരം പി ഒ, ഇലന്തൂർ, പത്തനംതിട്ട (ജില്ല), പിൻ - 689643.
2. ദാനിയേൽ, വടക്കേക്കര വീട്, ഊന്നുകൽ പി ഒ
3. പാലയ്യ, കുമ്പഴ എസ്റ്റേറ്റ്, ചെങ്ങറ പി ഒ
4. പത്രോസ് പി ജി, പള്ളത്തു പ്ലാവുനിൽക്കുന്നതിൽ, പുത്തൻ പീടിക പി ഒ

**ബന്ധപ്പെടേണ്ട ഓഫീസ്:**

വിമോചന വിശ്വാസ സംരക്ഷണ പ്രസ്ഥാനം
C/o വികസന വിദ്യാഭ്യാസ കേന്ദ്രം
തോന്ന്യാമല പി ഒ, പത്തനംതിട്ട (ജില്ല)
പിൻ - 689668

അനുബന്ധം - 6

# പ്രതിഷേധ മെമ്മോറാണ്ടം

**കൊല്ലം ലത്തീൻ കത്തോലിക്ക രൂപതയിലെ അഭിവന്ദ്യ പിതാവു സമക്ഷം ടി രൂപതയിലെ പത്തനംതിട്ട മിഷ്യൻ ഡിസ്ട്രിക്ടിൽപ്പെട്ട പുത്തൻപീടിക, മഞ്ഞനിക്കര, നാരങ്ങാനം, ഇടകടത്തി, ചിറ്റാർ, ചെങ്ങറ എന്നീ സ്ഥലങ്ങളിലെ ഇടവകാംഗങ്ങൾ സമർപ്പിക്കുന്ന മെമ്മോറാണ്ടം.**

ടി രൂപതയിലെ വിവിധ സ്ഥലങ്ങളിൽ സുവിശേഷത്തിന്റെ കാഴ്ചപ്പാടിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന വൈദികരായ ജോസ് ജെ കളീക്കൽ, റൊമാൻസ് ആന്റണി, അലോഷ്യസ് ഡി ഫെർണാണ്ടസ് എന്നിവരെ പെട്ടെന്നു സ്ഥലംമാറ്റാനുള്ള അങ്ങയുടെ നടപടിയെ ഞങ്ങൾ ഉൽക്കണ്ഠയോടെ വീക്ഷിക്കുന്നു. ചരിത്രത്തിൽ പ്രവർത്തിച്ച യേശുക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ അർഥം, ആനുകാലിക സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങളുടെ മധ്യത്തിൽ മനസിലാക്കിത്തരുന്നതിൽ ഞങ്ങളോടൊപ്പം നിന്നു പ്രവർത്തിച്ച പുരോഹിതനാണ് അലോഷ്യസ് ഡി ഫെർണാണ്ടസ്. നിലവിലുള്ള സഭയുടെ പരലോകത്തെ ലക്ഷ്യമാക്കിയുള്ള വിശ്വാസപ്രഖ്യാപനത്തിൽനിന്നും വിരുദ്ധമാണ് ഈ ദർശനം. ഇതിന്റെ അടിസ്ഥാനത്തിൽ മനുഷ്യത്വം നിഷേധിക്കപ്പെട്ട ഒരുകൂട്ടം ജനങ്ങളുടെ മനുഷ്യത്വത്തിനു വേണ്ടിയുള്ള പോരാട്ടത്തിലാണ് ഇവർ ഏർപ്പെട്ടിരുന്നതെന്ന് ഞങ്ങൾക്കു വ്യക്തമാണ്. ഈ നിലപാടാണ് ഇവർക്കെതിരെയുള്ള ശിക്ഷാനടപടിയായ സ്ഥലംമാറ്റ ഉത്തരവിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ഘടകം എന്നു ഞങ്ങൾ മനസിലാക്കുന്നു.

കാനോനികനിയമങ്ങളോ പ്രാഥമിക മനുഷ്യനീതിയോ പോലും ഈ സ്ഥലംമാറ്റ നടപടിയിൽ സ്വീകരിച്ചിട്ടില്ല എന്നത് അത്യന്തം വേദനാജന

കമാണ്. പരാതികളുള്ള വൈദികരുമായി ചർച്ചകൾ നടത്തുന്നതിനോ, അതിലുപരി കമീഷൻ മുഖാന്തിരം പരിഹാരം കണ്ടെത്തുന്നതിനോ പോലും പിതാവു തയാറായില്ല എന്നുള്ളത് അപലപനീയമാണ്. ഏഴെട്ടുവർഷം തുടർച്ചയായി ഒരേ ഇടവകയിൽ വൈദികസേവനം തുടരാനനുവദിച്ചിരുന്ന കീഴ്‌വഴക്കങ്ങൾ പോലും, വിശ്വാസപരമായി വ്യത്യസ്ത നിലപാടുകൾ എടുത്തു എന്നതു മൂലം, ഈ സ്ഥലംമാറ്റ ഉത്തരവിൽ കൂടി അസാധുവായിരിക്കുകയാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രാമാണികരേഖയിലെ 'സഭ ആധുനികയുഗത്തിൽ' എന്ന ഭാഗത്തു പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ അന്തഃസത്തയിൽ നിന്നും ഉള്ള വ്യതിചലിക്കലാണ് പെട്ടെന്നുണ്ടായ ഈ തീരുമാനം.

സഭയോടുള്ള ജനങ്ങളുടെ വിശ്വാസത്തേയും സ്നേഹത്തേയും ദുരുപയോഗപ്പെടുത്തുന്ന നടപടിയാണിത്. അനാരോഗ്യകരമായി വളരുന്ന ഇത്തരം പ്രവണതകൾ സഭയുടെ കരുതിക്കൂട്ടിയുള്ളതും സ്വേച്ഛാധിപത്യപരവുമായ അടിച്ചമർത്തൽ സ്വഭാവത്തെയാണ് എടുത്തുകാട്ടുന്നത്. ഇത്തരം നടപടികൾ സുവിശേഷവിരുദ്ധമായ സംസ്കാരത്തെ വളർത്തുവാൻ ഉപകരിക്കുന്നവയാണ്.

മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ സഭാവിശ്വാസികളായ ഞങ്ങൾ താഴെപ്പറയുന്ന നിഗമനങ്ങളിൽ ചെന്നെത്തുന്നു.

1. ചരിത്രത്തിൽ പ്രവർത്തിച്ച ദൈവത്തെ, സമകാലിക മനുഷ്യചരിത്രത്തിലെ പോരാട്ടങ്ങളുടെ പശ്ചാത്തലത്തിൽ മനസിലാക്കുന്നതിൽ നിന്നും സഭ ബോധപൂർവം അന്യപ്പെട്ടുനിൽക്കുന്നു.

2. വിശ്വാസം എന്നത് വാഴ്ചകളോടും അധികാരശക്തികളോടുമുള്ള ക്രിയാത്മകമായ എതിർപ്പിൽനിന്നും ഉരുത്തിരിയുന്നതാണ്. ഇതിനനുസൃതമല്ലാത്ത ഏതു സാഹചര്യങ്ങളിലേയും എന്തു നിലപാടും യാഥാസ്ഥിതികതയുടെ നിലനിൽപ്പിനും, അങ്ങനെ വിഗ്രഹാരാധനയ്ക്കും ഇട നൽകുന്നു.

3. സാമൂഹിക നീതിക്കും സാഹോദര്യത്തിനും സമത്വത്തിനും വേണ്ടി ഇന്നു നടമാടുന്ന മനുഷ്യന്റെ സത്യാന്വേഷണങ്ങളെ തള്ളിപ്പറയുന്ന സമ്പന്നവർഗങ്ങളുടെ മർദന ഉപകരണമായി നിൽക്കുവാനുള്ള സഭയുടെ വ്യഗ്രതയാണിത്.

4. അക്രമത്തിലേക്കു തിരിയുന്ന മുതലാളിത്ത സമൂഹത്തിന്റെ സാംസ്കാരിക ഉപകരണം എന്നതിൽനിന്നും വ്യത്യസ്തമായി ദൈവരാജ്യം പ്രഖ്യാപിച്ച ക്രിസ്തുവിന്റെ തിരുശ്ശരീരമാണ് സഭയെന്നുള്ള കാഴ്ചപ്പാടിൽനിന്നും വിരുദ്ധമാണിത്.

മേൽപ്പറഞ്ഞതിന്റെയൊക്കെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട ഫാദർ അലോഷ്യസ് ഡി ഫെർണാന്റസിന്റേയും മറ്റു വൈദികരുടേയും സ്ഥലംമാറ്റ നടപടിയിൽ ഞങ്ങൾ പ്രതിഷേധിക്കുന്നു. മേൽപ്പറഞ്ഞ വൈദിക

രുടെ സ്ഥലംമാറ്റ നടപടി എത്രയും വേഗം പിൻവലിക്കണമെന്നും ഞങ്ങൾ ശക്തിയായി ആവശ്യപ്പെടുന്നു.

എന്ന്

പത്തനംതിട്ട ഇടവകകൾക്കു വേണ്ടി,

16. 3. 1984

പത്രോസ് പി ജി, പുത്തൻപീടിക (ഒപ്പ്)
എൻ തങ്കച്ചൻ ചെമ്പകത്തിനാൽ, നാരങ്ങാനം (ഒപ്പ്)
വി സി സെബാസ്റ്റ്യൻ, മഞ്ഞനിക്കര (ഒപ്പ്)
ജോസഫ്, ചിറ്റാർ (ഒപ്പ്)
പാലയ്യാ, ചെങ്ങറ (ഒപ്പ്)
ദോദമ്മ സി സി, ഇടകടത്തി (ഒപ്പ്)

അനുബന്ധം - 7

# കൊല്ലം ലത്തീൻകത്തോലിക്കാസഭയിലെ രൂപതാധ്യക്ഷന് ഒരു തുറന്ന കത്ത് - ഈ പോക്ക് ആർക്കുവേണ്ടി?

മേലാളന്മാരുടെ നേതൃത്വത്തിലുള്ള ഹരിജനമർദനത്തിന്റേയും അടിച്ചമർത്തലിന്റേയും കഥകൾ ഭീകരമായി പടർന്നിരുന്ന പശ്ചാത്തലത്തിലാണ്, കീറിയ കുപ്പായവും തോളിൽ മുഷിഞ്ഞ തുണിസഞ്ചിയുമായി വ്യതിരിക്തമായ ശൈലി പ്രകടിപ്പിച്ച് അന്നത്തെ നിയുക്ത ഇടവകപട്ടക്കാരൻ 1980 ജനുവരി 19 ന് നാരങ്ങാനത്തേക്ക് വന്നത്. സാധാരണ പുരോഹിതന്മാരെപ്പോലെ ഈ മനുഷ്യനും ഇടവകക്കാരെയും പള്ളിയെയും ചുറ്റുപാടുകളെയും അധികം താമസിയാതെ പഠിച്ചു. എന്നാൽ ഞങ്ങൾക്ക് അത് കാര്യമായി സാധിച്ചില്ല.

സവർണമേധാവിത്വത്തിൻ കീഴിൽ മനുഷ്യത്വം നിഷേധിക്കപ്പെട്ട് അടിമകളെപ്പോലെ ജീവിച്ചിരുന്ന ഒരുകൂട്ടം ജനങ്ങൾ. കൂലിവേല സമ്പ്രദായത്തിന്റെ ചൂഷണാധിഷ്ഠിതമായ ഘടനയിൽത്തന്നെ കൂടുതൽ ഭീകരമായ ചൂഷണങ്ങൾ അനുഭവിച്ചിരുന്നവർ. കൂലിനിരക്കിലുള്ള ഏറ്റക്കുറച്ചിലുകൾ. ജാതിയുടെയും മതത്തിന്റെയും പേരിലുള്ള വിവേചനങ്ങൾ. ഇങ്ങനെ മനുഷ്യത്വനിഷേധങ്ങളുടെ ഒരു പരമ്പരകളുടെ പശ്ചാത്തലത്തിലാണ് ബഹു. അച്ചന്റെ ഇടവകപ്രവർത്തനങ്ങളുടെ തുടക്കം.

ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ഭരണാധികാരികളാലും പുരോഹിതന്മാരാലും തള്ളപ്പെട്ടിരുന്ന കുഷ്ഠരോഗികൾ, അംഗഹീനർ, കുരുടർ, വേശ്യകൾ, മീൻപിടുത്തക്കാർ, ചുങ്കക്കാർ എന്നിവരുടെ ഇടയിലേക്ക് സധൈര്യം ഇറങ്ങിച്ചെല്ലുവാൻ യേശുവിന് കഴിഞ്ഞു. നഗ്നരുടെയും പീഡിതരുടെയും നിന്ദിതരുടെയും ഇടയിൽ, സ്വയംവിധിയെ പഴിച്ച് നെടുവീർപ്പിടുന്ന ജനങ്ങളിലായിരുന്നു യേശു ദൈവരാജ്യത്തിന്റെ അടിസ്ഥാനം കണ്ടെത്തിയത്. ഈ അടിസ്ഥാനവർഗത്തിന്റെ ഉയിർത്തെ

ഴുന്നേൽപ്പിലൂടെ സാധ്യമാകുന്ന ദൈവരാജ്യത്തിന് വേണ്ടിയായിരുന്നു യേശു ശിഷ്യന്മാരെ വിളിച്ചതും. ആ പാരമ്പര്യം ആനുകാലിക സാഹചര്യത്തിൽ തുടരുന്നതിന് ബദ്ധശ്രദ്ധനായിരുന്നു ഫാദർ അലോഷ്യസ് ഡി ഫെർണാണ്ടസ്. അദ്ദേഹം ഇവിടുത്തെ ജനങ്ങളുമായി ഇടപഴകി ജനജീവിതത്തിന്റെ വേദന മനസിലാക്കിയപ്പോൾ, പാരമ്പര്യത്തിന്റെ വേലിക്കെട്ടുകൾ തകർക്കാതിരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അധ്വാനം മാത്രം കൈമുതലായുള്ള ജനങ്ങളുടെ, ഫാക്ടറിത്തൊഴിലാളികളുടെ ഇടയിൽ, കശുവണ്ടി തൊഴിലാളികളുടെയിടയിൽ, മത്സ്യത്തൊഴിലാളികളുടെയിടയിൽ, സമൂഹത്തിലെ താഴേക്കിടയിലുള്ള ജനങ്ങളുടെ ഇടയിൽ കർഷകത്തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിക്കുകയും വിമോചനത്തിന്റെ ആദ്യപടി ആരംഭിക്കുകയും ചെയ്തു. വിശ്വാസത്തെ കേവലമായ പ്രാർഥനയുടെ ഉരുവിടലല്ലെന്നും മറിച്ച്, ജീവിക്കുന്ന സാഹചര്യങ്ങളുടെ വെല്ലുവിളികളെ സ്വയം ഏറ്റെടുക്കുന്നതിലൂടെയാണ് വിശ്വാസത്തിന് ജീവൻ നൽകുവാൻ കഴിയുന്നുമതെന്നദ്ദേഹം ഞങ്ങളെ പഠിപ്പിച്ചു.

വ്യവസ്ഥാപിത സഭയുടെ പരമ്പരാഗത ശൈലിയിൽനിന്നും തികച്ചും വ്യത്യസ്തപ്പെട്ട അച്ചന്റെ പ്രവർത്തനങ്ങൾ പ്രേഷിതപ്രവർത്തനത്തിന്റെ അർഥവത്തായ പുത്തൻ രൂപങ്ങളെപ്പറ്റിയും ഇടവകയുടെ അർഥവ്യാപ്തിയെപ്പറ്റിയും പുതിയമാനങ്ങൾ നൽകുന്നവയാണ്. ആദ്യമൊക്കെ ഞങ്ങൾക്ക് അച്ചന്റെ ചിന്താഗതികളെ മനസിലാക്കാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹത്തിന്റെ പ്രസംഗവും ജീവിതവും വിശ്വാസത്തെപ്പറ്റിയുള്ള പുത്തൻ ദർശനവുമാണ് ഞങ്ങളെ അദ്ദേഹത്തിലേക്ക് കൂടുതൽ അടുപ്പിച്ചത്. പ്രാർഥനയുടെ യാന്ത്രികമായ ഉരുവിടലല്ലായിരുന്നു അച്ചന്റെ പ്രവർത്തനം. ബന്ധിതർക്ക് വിമോചനവും പീഡിതർക്ക് ആശ്വാസവും പകരുന്നതും അതിലൂടെ മനുഷ്യന്റെ സമഗ്രമായ വിമോചനത്തിന് വഴി തെളിക്കാനും കഴിയുമെന്നതിലൂടെ ആരാധനയ്ക്ക് പുതിയ രൂപഭാവങ്ങൾ നൽകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അൾത്താരയിൽ നിന്ന് ആൾക്കൂട്ടത്തിലേക്കിറങ്ങിയ അലോഷ്യസച്ചന്റെ പേരിലുള്ള കുറ്റമെന്താണെന്ന് ഞങ്ങൾക്ക് മനസിലാകുന്നില്ല. അച്ചനെ കാരണംകൂടാതെ സ്ഥലംമാറ്റുന്നത് ശരിയല്ല. അനീതിക്കെതിരെ ജീവൻ പണയംവയ്ക്കുന്ന പ്രവാചകപാരമ്പര്യം അവകാശപ്പെടുന്ന സഭാമേലധികാരികളുടെ ഇത്തരം നടപടിയെ പ്രവാചകീയ പാരമ്പര്യത്തിൽ നിന്നുകൊണ്ടുതന്നെ വീണ്ടും ചിന്തിക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു.

അടിച്ചമർത്തലുകളും പീഡനങ്ങളും ഒന്നിനും ശാശ്വത പരിഹാരമല്ലെന്ന് നമ്മെ ചരിത്രം ഓർമിപ്പിക്കുന്നു. കാലം നമ്മെ ഏൽപ്പിച്ചിരിക്കുന്ന ക്രൈസ്തവ ഉത്തരവാദിത്വം മറന്നുകൊണ്ടുള്ള 'കയ്യാംകളി' സഭയ്ക്ക് വീണ്ടും ചരിത്രത്തിൽ കറുത്തപാടുകൾ മാത്രമേ സൃഷ്ടിക്കുവാനാവൂ.

പിതാവെ! ജനങ്ങളിലാണ് യേശുവിനെ കണ്ടെത്തേണ്ടത്. യഥാർഥമായ ശക്തി ജനങ്ങളോടുകൂടെ ദൈവം ആയിരിയ്ക്കുമ്പോഴാണ്. നമുക്ക് എല്ലാവർക്കും തോളോടുതോൾ ചേർന്ന് പുതിയ ആകാശത്തിനും പുതിയ ഭൂമിക്കും വേണ്ടി വിശ്വാസത്തിലൂടെ മുന്നേറാം.

'അങ്ങ് ചിന്തിക്കൂ .... ഈ പോക്ക് എങ്ങോട്ട് ?'

**തങ്കച്ചൻ ചെമ്പകത്തിനാൽ, നാരങ്ങാനം.**

**അനുബന്ധം – 8**

# സാബത്ത് മനുഷ്യനുവേണ്ടിയോ മനുഷ്യൻ സാബത്തിനു വേണ്ടിയോ?

'കപടനാട്യക്കാരെ, ഭൂമിയുടേയും ആകാശത്തിന്റേയും ഭാവഭേദം വ്യാഖ്യാനിക്കാൻ നിങ്ങൾക്ക് അറിയാം? എന്നാൽ ഈ കാലത്തെ വ്യാഖ്യാനിക്കാൻ നിങ്ങൾക്ക് അറിയാത്തതെന്തുകൊണ്ട്? എന്തുകൊണ്ട് നിങ്ങൾ ശരിയായി വിധിക്കുന്നില്ല?' (ലൂക്ക് 12: 56,57).

നിലവിലിരുന്ന സാമൂഹ്യവ്യവസ്ഥിതിയെ വിമർശിച്ചുകൊണ്ട് ദൈവരാജ്യത്തിന്റെ മർമം വിളിച്ചറിയിച്ച യേശുവിന്റെ ശബ്ദമാണിത്. ദൈവികനീതിയോടുള്ള കടപ്പാടാണ്, അധികാരിവർഗ അടിച്ചമർത്തലിന്റെയും ചൂഷണത്തിന്റെയും നേരെ ധൈര്യമായി ഇത്തരമൊരു നിലപാടെടുക്കാൻ യേശുവിനെ പ്രേരിപ്പിച്ചത്, പരസ്യമായിത്തന്നെ യേശു അതു വ്യക്തമാക്കുന്നുണ്ട്. 'കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്; ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു' (ലൂക്ക് 4: 18,19). എന്റെ ഉള്ളം കർത്താവിനെ മഹത്വപ്പെടുത്തുന്നു എന്നു പറഞ്ഞുകൊണ്ട് സ്തോത്രഗീതം പാടുന്ന കന്യാമറിയത്തിന്റെ പ്രാർഥനയുടെ പൊരുൾ ഇതിന്റെ വെളിച്ചത്തിലാണ് മനസിലാക്കേണ്ടത് (ലൂക്ക്. 1:46–53).

**ഇന്നത്തെ സഭ**

ഇതിന്റെ വെളിച്ചത്തിൽ ഇന്നത്തെ സഭയെ എങ്ങനെ കാണാം? ക്രിസ്തുവിന്റെ ദൗത്യനിർവഹണമാണോ അതോ അധികാരത്തോടുകൂടി ഭരിക്കാൻ ആ രാജ്യം പടുത്തുയർത്തുകയാണോ സഭയുടെ കടമ? സുവിശേഷം എന്നത് സമ്പന്നവർഗത്തിന്റെ താൽപ്പര്യം കാത്തുസൂക്ഷിക്ക

ലാണോ? ദരിദ്രരെ കൂടുതൽ ദരിദ്രരും സമ്പന്നരെ കൂടുതൽ സമ്പന്നരും ആക്കിത്തീർക്കുന്ന ഇന്നത്തെ വ്യവസ്ഥിതിയിൽനിന്ന് പാവപ്പെട്ടവരും അടിച്ചമർത്തപ്പെട്ടവരും ചൂഷണം ചെയ്യപ്പെട്ടവരുമായ ജനത്തെ രക്ഷിക്കുന്ന പ്രവർത്തനത്തിലേർപ്പെടാൻ സഭ ബാധ്യസ്ഥമല്ലേ? കൊല്ലം രൂപതയിലെ ചില സമീപകാല സംഭവങ്ങളാണ് ഇത്തരമൊരു അന്വേഷണത്തിന് വഴിതെളിച്ചത്.

അധികാരവർഗത്തിന്റെ നിലനിൽപ്പിനനുസൃതമായി ക്രിസ്തീയ ദൗത്യം നിർവഹിക്കുന്ന ഒരു സഭയാണ് ഇന്നുള്ളത്. ഇതിനു സഹായകരമായ വിധത്തിൽ വിശ്വാസത്തെ വളച്ചൊടിക്കുകയും ജനങ്ങളെ അതിനുവേണ്ടിയുള്ള ഉപകരണങ്ങളാക്കിത്തീർക്കുകയുമാണു ചെയ്യുന്നത്. അധികാരകേന്ദ്രീകരണവും സ്ഥാപനപരതയും ലക്ഷ്യമായിത്തീർന്നിട്ടുള്ള ഇന്നത്തെ സഭയിൽ ദൈവികനീതി പ്രതീക്ഷിക്കുന്നതു തന്നെ അസ്ഥാനത്താണ്. ദരിദ്രജനങ്ങളുടെ ഉയർത്തെഴുന്നേൽപ്പാണ് വിശ്വാസത്തിന്റെ കാതൽ എന്ന് സാന്ദർഭികമായി സമ്മതിക്കുമെങ്കിലും സമ്പന്നരുടെ വളർച്ചയെ സഹായിക്കുന്ന ചരിത്രമാണ് ഇന്നുള്ളത്. അതുകൊണ്ടുതന്നെ ദരിദ്രജനങ്ങളുടെ ഏതു മുന്നേറ്റത്തേയും തകർക്കുകയെന്നത് സഭയുടെ പരിപാടിയാകുന്നു. പാവപ്പെട്ട ജനങ്ങളുടെ ഒരു സംഘടനയും മനുഷ്യവിമോചനപ്രവർത്തനങ്ങളും നടക്കരുതെന്നാണ് സഭയുടെ നിർബന്ധം. അവകാശങ്ങൾ നിഷേധിക്കപ്പെട്ട ദരിദ്രജനം അടിച്ചമർത്തപ്പെട്ടവരായി എന്നും കഴിയണമെന്നുള്ള അധികാരിവർഗത്തിന്റെ താൽപ്പര്യമാണിത്.

## ജനങ്ങളും നിയമങ്ങളും

സങ്കീർണങ്ങളായ നിയമങ്ങളുടെ നൂലാമാലകളിൽ സഭാജനങ്ങൾ ഇന്ന് തളച്ചിടപ്പെട്ടിരിക്കുകയാണ്. ജനങ്ങൾ അവരുടെ പ്രശ്നങ്ങൾ പറയുമ്പോൾ സഭാനേതൃത്വം പറയുന്നതുപോലെ അനുസരിച്ചാൽ മതി എന്നുള്ള കൽപ്പനയാണ് തിരിച്ചുള്ള മറുപടി. ആചാരാനുഷ്ഠാനങ്ങളിൽ അന്ധമായി വിശ്വസിക്കുന്ന ഒരുകൂട്ടം ഏറാൻമൂളികളായി സഭാജനങ്ങളെ ആക്കിത്തീർക്കുക എന്നതാണ് 'അനുസരണം' എന്നതുകൊണ്ട് സഭ ഉദ്ദേശിക്കുന്നത്. കുരിശുവരയ്ക്കാനും കുമ്പസാരിക്കാനും കുമ്പിട്ടു നിൽക്കാനും നേർച്ചകാഴ്ചകളർപ്പിക്കാനും തിരുനാളാചരിക്കാനും വെടിക്കെട്ടു നടത്താനുമായി സഭാജനങ്ങളെ രൂപപ്പെടുത്തുന്ന സംവിധാനങ്ങളാണ് സഭയിലിന്നുള്ളത്. പെരുന്നാളുകൾ പോലുള്ള മതാചാരങ്ങളെല്ലാം സമ്പന്നരുടെ പൊങ്ങച്ച പ്രദർശനത്തിനും പണം വാരിക്കൂട്ടാനുമുള്ള ഉപാധികൾ മാത്രമാണ്. പണസമ്പാദനം പ്രധാന ലക്ഷ്യമാക്കിയിരിക്കുന്ന ഇന്നത്തെ സമൂഹത്തിന്റെ തനിപ്പകർപ്പാണിത്.

തീരുമാനങ്ങളെടുക്കുന്നതിൽ സഭയിലെ ദരിദ്രജനങ്ങൾക്ക് പങ്കില്ല. മറ്റാരോ എടുക്കുന്ന തീരുമാനങ്ങൾ പാവപ്പെട്ട ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നു. ജനങ്ങൾ തെരഞ്ഞെടുത്ത കമ്മിറ്റികൾക്കോ അവയുടെ

തീരുമാനങ്ങൾക്കോ പ്രവർത്തനങ്ങൾക്കോ വിലകൽപ്പിക്കാതെ ഏകാധിപത്യപമായ രീതിയിൽ പൗരോഹിത്യതീരുമാനങ്ങൾ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന പ്രവണതയാണ് ഇന്നു കാണുന്നത്. സമ്പത്തും സ്വാധീനവുമുള്ള ഒരു ന്യൂനപക്ഷം പാവപ്പെട്ടവരായ ബഹുഭൂരിപക്ഷം ജനങ്ങളെ തങ്ങളുടെ താൽപ്പര്യസംരക്ഷണത്തിനായി ഉപയോഗിക്കുന്ന മുതലാളിത്ത പ്രതിഭാസമാണിത്.

സഭാജീവിതത്തിൽ പുരുഷന്മാർക്ക് അമിതപ്രാധാന്യം നൽകിക്കൊണ്ടുള്ള സമീപനരീതിയാണിന്നുള്ളത്. ആരാധനകളിലും മറ്റും കാഴ്ചക്കാരായി മാത്രം സ്ത്രീജനങ്ങളെ മാറ്റിനിറുത്തിയിരിക്കുകയാണ്. വേദഭാഗങ്ങൾ വായിക്കുന്നതിനോ ആരാധനയുടെ മറ്റു കാര്യങ്ങളിൽ സജീവമായി പങ്കാളികളാകുന്നതിനോ സാധിക്കാത്ത രീതിയിൽ കർക്കശമാക്കപ്പെട്ടവയാണ് സഭാനിയമങ്ങൾ. അൾത്താരപോലുള്ള 'വിശുദ്ധ' സ്ഥലങ്ങൾ പൗരോഹിത്യമേധാവികളുടെ സ്വകാര്യസ്വത്തായിത്തീർന്നിരിക്കുകയാണ്. ദൈവത്തിന്റെ സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെക്കുറിച്ചുള്ള വേദപുസ്തക കാഴ്ചപ്പാടിന്റെ വ്യതിചലനമാണിതെല്ലാം (ഉൽപ്പത്തി 1:27). പുരുഷമേധാവിത്വം നിലവിലിരിക്കുന്ന സാമൂഹ്യജീവിതത്തിന്റെ പ്രതിഫലനമാണിത്. മതമേധാവികളാൽ കുരിശിൽ കൊലചെയ്യപ്പെട്ട യേശുവിനെ ആരാധിക്കുകയും കുരിശിനെ പൂജിക്കുകയും ചെയ്യുന്ന ഇന്നത്തെ സഭയ്ക്ക് കുരിശിലേറ്റപ്പെട്ട യേശുവിന്റെ ദൗത്യമെന്തെന്ന് മനസിലാക്കാൻ കഴിയാതെവരുന്നത് വിരോധാഭാസമാണ്.

## യേശുവിന്റെ സമീപനം

ആചാരാനുഷ്ഠാനങ്ങളെക്കാളും നിയമങ്ങളെക്കാളും മനുഷ്യനാണ് യേശു പ്രാധാന്യം നൽകിയത്. 'സാബത്ത് മനുഷ്യനു വേണ്ടിയാണ്. മനുഷ്യൻ സാബത്തിനുവേണ്ടിയല്ല' എന്ന തിരുവചനം എവിടെയും എന്നും അർഥമുള്ളതാണ്. ദൈവീകനീതിക്കുവേണ്ടി 'ഉത്തരവാദിത്വപ്പെട്ട അനുസരണക്കേട്' സുവിശേഷത്തിന്റെ കാതലാണ്. അനീതിയെ ചോദ്യം ചെയ്യുന്ന പ്രവാചകീയതയാണ് യഥാർഥമായ ക്രിസ്ത്യാനിത്വം; സമ്പന്നവർഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കലല്ല. പത്തനംതിട്ട മിഷൻ ഇടവകയിലെ ആലംബഹീനരായ ജനങ്ങളുടെ നേർക്കുള്ള സഭാനേതൃത്വത്തിന്റെ പെരുമാറ്റശൈലിയാണ് ഇങ്ങനെ ചിന്തിക്കുവാൻ പ്രേരിതമാക്കിയത്.

## ഇടവക പശ്ചാത്തലം

കാർഷികമേഖലയിൽ പണിയെടുക്കുന്ന പാവപ്പെട്ട ഒരുകൂട്ടം ജനങ്ങളാണ് ഈ ഇടവകയിലെ അംഗങ്ങൾ. സവർണമേധാവിത്വത്തിന്റെ കീഴിൽ മനുഷ്യത്വം നിഷേധിക്കപ്പെട്ട് അടിമകളെപ്പോലെ ഞങ്ങൾ ഒരു കാലത്ത് ജീവിച്ചിരുന്നു. ഈ രാജ്യത്തെ എല്ലാവരുടെയും നിലനിൽപ്പിനു

വേണ്ടി രക്തം വിയർപ്പാക്കി കൂലിപ്പണി ചെയ്യുന്നവരാണ് ഞങ്ങൾ. ഞങ്ങളുടെ വിയർപ്പിന്റെ ഫലം മറ്റാളുകൾ തട്ടിയെടുക്കുമ്പോൾ, ഞങ്ങളോ നിത്യവും പട്ടിണിയിലും ദാരിദ്ര്യത്തിലും കഴിയുകയാണ്. പ്രാഥമിക ജീവിതാവശ്യങ്ങൾ നിഷേധിക്കപ്പെട്ട് അഭിപ്രായം പറയുന്നതിനോ ഇറങ്ങിക്കേറി നടക്കുന്നതിനോ സ്വാതന്ത്ര്യമില്ലാത്തവരായി ഞങ്ങൾ കഴിഞ്ഞുകൂടുന്നു.

ഇങ്ങനെ വികൃതമാക്കപ്പെട്ട മനുഷ്യസാഹചര്യത്തിലാണ് ഫാ. സോളമൻ ഇടവകവികാരിയായി വരുന്നത്. ക്രിസ്തീയസ്നേഹത്തിന്റെ പുത്തൻ മുഖം ഞങ്ങൾ അനുഭവിക്കാൻ തുടങ്ങിയത് അന്നുമുതലാണ്. പാരമ്പര്യ ക്രിസ്ത്യാനികൾക്ക് സഹിക്കാൻ പാടില്ലാത്തതായിരുന്നു ഞങ്ങളുടെ വളർച്ച. വർഷങ്ങൾക്കു ശേഷം ഫാ. അലോഷ്യസ് ഞങ്ങളുടെ ഇടവകവികാരിയായി കടന്നുവന്നു. അവകാശബോധമുള്ള ജനങ്ങളായി വളരുവാൻ അച്ചന്റെ പ്രേഷിതപ്രവർത്തനം ഞങ്ങൾക്കുപകരിച്ചു. വേദപഠനത്തിന്റെ വെളിച്ചത്തിൽ പാവപ്പെട്ടവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും കൂടെ പക്ഷംചേരുന്ന വിമോചകനായ ഒരു ദൈവത്തെ അനുഭവിച്ചറിയാൻ ഈ കാലഘട്ടം ഉപകരിച്ചു. ദരിദ്രരുടെ മുന്നേറ്റത്തോടുള്ള പക്ഷപാതിത്വം വിശ്വാസത്തിന്റെ അടിസ്ഥാന സ്വഭാവമാണെന്ന് ഞങ്ങൾ പഠിച്ചു.

മോചനം നൽകാമെന്നു പറഞ്ഞു സഭയിൽ ചേർത്ത ഞങ്ങളെ വീണ്ടും അടിമത്തത്തിൽ തളച്ചിട്ടിരിക്കുന്ന പ്രമാണിചിന്തയോട് പ്രതിഷേധം പ്രകടിപ്പിക്കേണ്ടത് യഥാർഥമായ ക്രിസ്തീയ വിശ്വാസത്തിന്റെ കടമയാണെന്ന് ഞങ്ങൾ മനസിലാക്കി. ജാതിയുടെയും മതത്തിന്റെയും പേരിൽ പുറന്തള്ളപ്പെട്ടിരുന്ന ഞങ്ങൾക്ക് ഇത് പുതിയൊരനുഭവമായിരുന്നു. ഞങ്ങളെ അടിമകളാക്കുന്ന എല്ലാവിധ പാപങ്ങളിൽ നിന്നുമുള്ള മോചനമാണ് രക്ഷയെന്ന് ഞങ്ങൾ പഠിച്ചു. രക്ഷയും വിശ്വാസവും ആത്മീയമാണെന്നും വ്യക്തിപരമാണെന്നും, കഷ്ടപ്പാടുകൾ ദൈവവിധിയാണെന്നും പഠിപ്പിക്കുന്ന ചിന്തകളെ ഞങ്ങൾ എതിർത്തു. ഇസ്രായേല്യരുടെ മോചനത്തിനുവേണ്ടി ഭരണാധികാരികളായ ഫറവോവർഗത്തെ എതിർത്ത ദൈവം ഞങ്ങളെ ഉപേക്ഷിക്കയില്ലെന്നുള്ളത് ഞങ്ങളുടെ പ്രത്യാശയാണ്. ഞങ്ങളുടെ ജീവിതത്തിന്റെ തുടിപ്പുകൾ ഇല്ലാത്ത ആരാധനയും ഗാനങ്ങളും മാറ്റം ചെയ്യേണ്ടതാണെന്ന് ഞങ്ങൾ തീരുമാനിച്ചു. ആരോ മുമ്പ് എഴുതി തയാറാക്കിയ പ്രാർഥനകളുടെ യാന്ത്രിക ഉരുവിടലുകൾ ആണല്ലോ ഇന്നത്തെ ആരാധന. ഞങ്ങളുടെ വേദനയും പ്രത്യാശയും ഉൾക്കൊള്ളുന്ന പുത്തൻ ആരാധനാശൈലികളും ഗാനങ്ങളും ഞങ്ങൾ പരീക്ഷിച്ചു. അടങ്ങിക്കിടന്നിരുന്ന ജനത്തിന്റെ മുന്നേറ്റം സഭാനേതൃത്വത്തിനിളക്കം തട്ടിച്ചു. സഭയുടെ ഏകാധിപത്യത്തിനും പ്രഭുത്വത്തിനും ഉലച്ചിൽ തട്ടുമെന്നു മനസിലാക്കിയ സഭാധികാരികൾ ശിക്ഷണനടപടികളുമായി രംഗത്തുവന്നു. ഇടവകവികാരിയെ കീഴ്വഴക്കങ്ങൾക്കെല്ലാം എതിരായി സ്ഥലംമാറ്റാൻ സഭാനേതൃത്വം തീരു

മാനിച്ചു. ജനത്തിന്റെ മുന്നേറ്റത്തെ വ്യക്തികളുടെ പ്രവർത്തനങ്ങളായി വിലയിരുത്തുന്ന സമീപനമായിരുന്നു സഭയുടേത്.

വിമോചനവിശ്വാസത്തിനെതിരായി സ്ഥാപിതതാൽപ്പര്യക്കാർ നടത്തുന്ന ഏതു ശ്രമത്തേയും എതിർക്കേണ്ടതാണെന്നു തീരുമാനിച്ച ഇടവകജനങ്ങൾ 'വിമോചന വിശ്വാസ സംരക്ഷണ പ്രസ്ഥാനം' (VVSP) എന്ന സംഘടനയ്ക്ക് രൂപംനൽകി. വിവിധ മിഷൻ കേന്ദ്രങ്ങളിലെ അഞ്ഞൂറോളം പേർ ഒപ്പിട്ട മെമ്മോറാണ്ടം അഭിവന്ദ്യപിതാവിന് ഞങ്ങൾ നൽകി. ഒരാഴ്ചക്കകം മറുപടി തരാം എന്നു വാക്കുപറഞ്ഞ പിതാവ് നാളിതുവരെ ഒരക്ഷരവും അത്തരം കാര്യങ്ങളെപ്പറ്റി പറഞ്ഞിട്ടില്ല.

ആഴ്ചകൾ കഴിഞ്ഞു. പുതിയ വികാരിയായി ഫാ. വാൾട്ടർ മോറീസ് അധികാരം ഏറ്റെടുത്തു. വി വി എസ് പിയുടെ അഭ്യർഥന സ്വീകരിക്കാതെ അധികാരം ഏൽക്കാൻ വന്ന അച്ചനെ ജനങ്ങൾ തടഞ്ഞതിന്റെ പേരിലുള്ള വാശിയും വൈരാഗ്യവും ആദ്യമേ പ്രകടമായിരുന്നു. ഞങ്ങളുടെ വേദനയിലും പട്ടിണിയിലും സുഖത്തിലും ഞങ്ങളോടൊപ്പം ഉണ്ടാവും എന്ന് അച്ചൻ വാക്കുതന്നു. എന്നാൽ തുടർന്നുള്ള പ്രവർത്തനരീതികൾ ഈ ഉറപ്പിന് വിപരീതമായിട്ടാണ് കണ്ടത്.

ഒന്നായിരുന്ന ജനങ്ങളെ എങ്ങനെയെങ്കിലും ഭിന്നിപ്പിക്കുക എന്നത് അച്ചന്റെ ഉദ്ദേശ്യമായിരുന്നു. അതിനുവേണ്ടി ഏതു കാര്യവും ചെയ്യുവാൻ അച്ചൻ മടി കാട്ടിയില്ല. വികസനപ്രവർത്തനങ്ങൾ എന്ന പേരിൽ ആട്, കോഴി, പശു, വീട്, പാൽപ്പൊടി, ഗോതമ്പ്, പെൺകുട്ടികളെ കെട്ടിച്ചയയ്ക്കുന്നതിനുള്ള ധനസഹായം തുടങ്ങിയ ഔദാര്യങ്ങൾ നൽകി ജനങ്ങളെ ഭിന്നിപ്പിക്കുവാൻ ശ്രമിച്ചു. വിശ്വാസത്തിന്റെ പേരിലുള്ള പ്രശ്നങ്ങളെ വ്യക്തിപരമായ പ്രശ്നമാക്കിത്തീർക്കാനുള്ള ശ്രമങ്ങൾ നടന്നു. പാരമ്പര്യക്രിസ്ത്യാനികളുടെയും ചട്ടമ്പികളുടെയും കേന്ദ്രമായി പള്ളിയും മേടയും. ജനങ്ങൾ തെരഞ്ഞെടുത്ത കമ്മിറ്റിയെ അവഗണിച്ചു തീരുമാനങ്ങൾ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചു. ഇതിനു തൊട്ടുമുമ്പ് ഇടവക വികാരിയായിരുന്ന ഫാ. അലോഷ്യസിന്റെ വ്യക്തിത്വത്തെ ഹനിക്കുന്ന പ്രസ്താവനകൾ പരസ്യമായി പ്രകടിപ്പിക്കാനും ഇന്നത്തെ വികാരി ശ്രമിച്ചു. അച്ചനെ കാണാൻ ജനങ്ങളാരും മേടയിൽ ചെല്ലരുതെന്നും അത്യാവശ്യമായി പറയേണ്ട കാര്യങ്ങൾ കുശിനിക്കാരനോടു പറഞ്ഞാൽ മതിയെന്നും പള്ളികളിൽ അറിയിച്ചു. അച്ചന്റെ ഇത്തരം നിലപാടുകൾ തെറ്റാണെന്നു ജനങ്ങൾ ചൂണ്ടിക്കാട്ടിയതിനു ശിക്ഷയായി രണ്ടുമാസത്തോളം നാരങ്ങാനം പള്ളി പൂട്ടിയിട്ടു. മഞ്ഞനിക്കരയിലും ആരാധന നടത്താൻ അച്ചൻ വിസമ്മതം പ്രകടിപ്പിച്ചു. ഇതിന്റെയെല്ലാം ഉത്തരവാദിത്വം ജനങ്ങളുടെ മേൽ കെട്ടിവെക്കാൻ ശ്രമിക്കയാണുണ്ടായത്.

ഇങ്ങനെ പ്രശ്നകലുഷിതമായ സാഹചര്യത്തിലാണ് അഭിവന്ദ്യപിതാവ് ഇടവക സന്ദർശനം നടത്തിയത്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വന്നു എന്ന വ്യാജേന ചില ചട്ടങ്ങളും പ്രമാണങ്ങളും ജനങ്ങൾ പാലിക്കണം എന്നു കൽപ്പിക്കുവാൻ മാത്രമേ അതുപകരി

ച്ചുള്ളൂ. ജനങ്ങൾ ആവശ്യങ്ങൾ ഉന്നയിച്ചപ്പോൾ അതിനു ചെവികൊടുക്കാതെ, അച്ചൻ പരാതിപ്പെട്ടപ്പോൾ ഇടവകസന്ദർശനം നടത്താൻ പിതാവിനു തിടുക്കമായിരുന്നു. ജനങ്ങളുടെ പ്രശ്നങ്ങളല്ല പിതാവിനു പ്രശ്നം; പുരോഹിതശ്രേഷ്ഠന്മാരുടെ മാനസിക വിഭ്രാന്തികളാണ്. ഇടവകാംഗങ്ങളുടെ യാതൊരുവിധ ഗൗരവപരമായ പ്രശ്നങ്ങൾക്കും ചെവികൊടുക്കുവാൻ തിരുമേനി തയാറായില്ല. മറിച്ച് ആരാധനാസമയങ്ങളിൽ സ്ത്രീകൾ *ബൈബിൾ* വായിക്കരുതെന്നും ജനങ്ങളുടെ വേദനയുടെയും കഷ്ടപ്പാടിന്റെയും അടിച്ചമർത്തലിന്റെയും പ്രതിഷേധത്തിന്റെയും സ്വരം ഉയർത്തുന്ന പാട്ടുകൾ ആരാധനയിൽ ഉപയോഗിക്കരുതെന്നും അഥവാ പാടണമെങ്കിൽ മാർപ്പാപ്പയുടെ അനുവാദം വാങ്ങണമെന്നും, ജനങ്ങളെ ആത്മീയാനുഭൂതിയിലേക്ക് നയിക്കുന്നതിന് ചുവരുകൾ തോറും കുരിശും രൂപങ്ങളും കൂടുതലുണ്ടാകണമെന്നും, സഭ പാരമ്പര്യമായി ആചരിച്ചു വരുന്ന നൊവേനകളും പെരുന്നാളുകളും തുടർന്നു നടത്തണമെന്നും, ഇടവകവികാരി പറയുന്നതനുസരിച്ച് ജനങ്ങൾ അച്ചനുമായി സഹകരിച്ചുപോകണമെന്നുമാണ് തിരുമേനിക്ക് പറയുവാനുണ്ടായിരുന്ന മറുപടി.

ഇതിന്റെയൊക്കെ വെളിച്ചത്തിൽ ഞങ്ങൾ മനസിലാക്കുന്നത് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതല്ലായിരുന്നു പിതാവിന്റെ സന്ദർശനത്തിന്റെ ഉദ്ദേശ്യമെന്നാണ്.

നിയമസംരക്ഷകരും യാന്ത്രികവാദികളുമായ ഇത്തരത്തിലുള്ള പൗരോഹിത്യവർഗത്തിനു നേരെയല്ലേ യേശു പ്രതികരിച്ചത് (ലൂക്ക്. 11: 42-52)?

ഇങ്ങനെയുള്ളവർക്ക് യേശു മറുപടി തരുന്നു: 'ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽ നിന്നു വളരെ ദൂരെയാണ്. വ്യർഥമായി അവർ എന്നെ ആരാധിക്കുന്നു; മനുഷ്യരുടെ കൽപ്പനകൾ പ്രമാണങ്ങളായി പഠിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ കൽപ്പന ഉപേക്ഷിച്ച്, മനുഷ്യരുടെ പാരമ്പര്യം നിങ്ങൾ മുറുകെ പിടിക്കുന്നു. നിങ്ങളുടെ പാരമ്പര്യം പാലിക്കാൻ വേണ്ടി നിങ്ങൾ കൗശലപൂർവം ദൈവകൽപ്പന അവഗണിക്കുന്നു'7 (മാർക്കോ. 7: 6-9).

സ്ഥാപിതമതത്തിന്റെ കൽത്തുറുങ്കിൽ കുടിയിരിക്കുന്ന ഒരു ദൈവമല്ല ഞങ്ങളുടെ ദൈവം. അനീതികളേയും അടിച്ചമർത്തലുകളേയും ചോദ്യംചെയ്യുന്ന, പുതിയ ഭൂമിയുടേയും ആകാശത്തിന്റേയും സൃഷ്ടിക്കു വേണ്ടി ചരിത്രത്തിൽ പ്രവർത്തിക്കുന്ന, വിമോചകനായ ദൈവമാണ് ഞങ്ങളുടെ മാർഗദർശി. വേദപുസ്തകത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്ന വിമോചനവിശ്വാസം സംരക്ഷിക്കപ്പെടേണ്ടത് ഞങ്ങളുടെ കടമയാണെന്ന് ഞങ്ങൾ മനസിലാക്കുന്നു.

2. 10. 1984 — വിമോചന വിശ്വാസ സംരക്ഷണ പ്രസ്ഥാനം കേന്ദ്രകമ്മിറ്റി, തോന്ന്യാമല

അനുബന്ധം – 9

# മത്സ്യത്തൊഴിലാളിസംഘടനകൾ

## കൊല്ലം ബിഷപ്പിന്റെ 23. 7. 1984 ലെ സർകുലർ നമ്പ. 748/84

വന്ദ്യവൈദികരേ, വത്സല സഹോദരരേ,

സമൂഹത്തിൽ വളരെയേറെ അവശതകളും അവഗണനയും അനുഭവിക്കുന്ന ഒരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. അവരുടെ മോചനത്തിനായി സേവനം ചെയ്യുക ശ്ലാഘനീയമാണ്. അവരെ സംഘടിപ്പിച്ച് പ്രവർത്തിക്കുന്നതിനായി തുടങ്ങിയിട്ട് ഒരു വ്യാഴവട്ടക്കാലമായി. ഇക്കാലയളവിൽ കുറെയെല്ലാം നേട്ടങ്ങൾ കൈവരുത്താൻ സാധിച്ചിട്ടുണ്ട്. അവരെ സംഘടിപ്പിച്ചു പ്രവർത്തിക്കുമ്പോൾ കക്ഷിരാഷ്ട്രീയത്തിനതീതമായി നിൽക്കണമെന്ന നമ്മുടെ പൊതുവായ തീരുമാനത്തിന് മാറ്റമുണ്ടാകാൻ പാടില്ല. പ്രത്യക്ഷമായിട്ടെന്നല്ല, പരോക്ഷമായിട്ടുപോലും യാതൊരു രാഷ്ട്രീയപാർട്ടിയുമായി സഖ്യംപാടില്ലെന്ന കാര്യം ഊന്നിപ്പറഞ്ഞിട്ടുള്ളതുമാണ്.

കുറഞ്ഞൊരു കാലമായി ഒന്നായി നിന്ന സംഘടനയെ രണ്ടായി പിളർക്കുകയും, അതോടെ പരസ്പരം ശത്രുതയും അസമാധാനവും സംജാതമാകുകയും ചെയ്തു. ഈ രണ്ടു വിഭാഗങ്ങളെയും യോജിപ്പിക്കാൻ നടത്തിയ ശ്രമങ്ങളെല്ലാം പരാജയപ്പെടുകയാണുണ്ടായത്. മാത്രമല്ല പിളർപ്പ് ശക്തമാക്കാനുള്ള നീക്കമാണ് കണ്ടത്. രണ്ടു കൂട്ടരുടേയും ലക്ഷ്യം ഒന്നുതന്നെയെന്ന് അവർ ഉറക്കെപ്പറയുന്നു. എങ്കിൽ എന്തുകൊണ്ട് യോജിച്ചുനിന്ന് കൂടുതൽ ശക്തമായി പ്രവർത്തിച്ചുകൂടാ? പ്രത്യയശാസ്ത്രത്തിൽ വിശ്വാസമുണ്ടോ? മാർഗങ്ങൾ വ്യത്യസ്തങ്ങളാണോ? അതോ, നേതൃത്വത്തിനു വേണ്ടിയുള്ള മത്സരമാണോ? ഇതരസമുദായങ്ങളിലും മത്സ്യത്തൊഴിലാളികളുണ്ട്; അവർക്കും അവശതകളുണ്ട്; പരിഹാരമാവശ്യവുമാണ്. അതിനുള്ള സംഘടനകളുമുണ്ട്. എന്നാൽ അവർ

തമ്മിൽത്തല്ലുന്നില്ല; കൊള്ളയും കൊള്ളിവയ്പ്പും നടത്തുന്നില്ല. അവരും നമ്മളും തമ്മിൽ എന്തൊരന്തരം!

നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് ഉപയോഗിക്കുന്ന മാർഗങ്ങൾ നീതിയുക്തവും ക്രൈസ്തവധർമത്തിന് യോജിച്ചതുമായിരിക്കണം. പ്രത്യേകിച്ച് ബഹു. വൈദികർ നേതൃത്വംകൊടുത്തു പ്രവർത്തിക്കുന്ന സംഘടനകൾ യാതൊരു രാഷ്ട്രീയ പ്രലോഭനങ്ങൾക്കോ അന്യായമായ പ്രവർത്തനശൈലിക്കോ വിധേയമാകരുത്. നമ്മുടെ പ്രവർത്തനശൈലികൊണ്ട് നമ്മുടെ കൂട്ടുകെട്ട് ആരുമായിട്ടാണെന്ന് വ്യക്തമാകും. അപ്രകാരം തന്നെ, മത്സ്യത്തൊഴിലാളികൾക്ക് സർക്കാരിൽ നിന്നു കിട്ടേണ്ട അവകാശങ്ങൾക്കു വേണ്ടി സമരം ചെയ്യുമ്പോൾ സഭയേയും സഭാനേതൃത്വത്തേയും അവഹേളിച്ചുകൊണ്ടുള്ള പ്രസ്താവനകളും പ്രസംഗങ്ങളും എന്തിനു വേണ്ടിയാണ്? ആരുടെ ശൈലിയാണിതെന്ന് പറയേണ്ടതില്ലല്ലോ. തങ്ങളോടു യോജിക്കാത്ത ഏവരേയും താറടിക്കുന്ന പ്രവണതയുടെ പിന്നിലുള്ള ലക്ഷ്യം വ്യക്തമാണ്. വൃക്ഷത്തെ അതിന്റെ ഫലം കൊണ്ടറിയാം.

വിവിധ സംഘടനകൾക്കിടയിൽ വിദ്വേഷം ജനിപ്പിക്കുന്നതിനും സംഘട്ടനങ്ങൾക്ക് കാരണമാകുന്നതിനുമുള്ള പ്രവണത നശിപ്പിക്കണം. പ്രതിപക്ഷബഹുമാനം പുലർത്തുക, അപരന്റെ ജീവനും വസ്തുവകകൾക്കും നാശം വരുത്താതിരിക്കുക, മാത്രമല്ല, അവയെ സംരക്ഷിക്കുക എന്നിവയെല്ലാം ക്രിസ്തീയസ്നേഹം നമ്മോടാവശ്യപ്പെടുന്ന കടമകളാണ്. വികാരങ്ങളല്ല നമ്മെ ഭരിക്കേണ്ടത്, നയിക്കേണ്ടത്. ക്രിസ്തു നമ്മിൽ വസിക്കുന്നുവെങ്കിൽ നമ്മിൽ സ്നേഹമുണ്ടായിരിക്കും; സ്നേഹം നമ്മെ നയിക്കും, സമാധാനത്തിന്റെയും നീതിയുടെയും മാർഗത്തിലൂടെ മുന്നേറാൻ സഹായിക്കും, ന്യായമായ മാർഗത്തിലൂടെ അവകാശങ്ങൾ നേടിയെടുക്കാൻ പ്രോത്സാഹനം നൽകും. താൽക്കാലികമായ അൽപ്പലാഭത്തിനു വേണ്ടി ക്രൈസ്തവമൂല്യങ്ങളെ കാറ്റത്തു പറത്തിക്കളയരുത്. ക്രിസ്തുവിന്റെ പ്രബോധനങ്ങളെ സഭ പഠിപ്പിക്കുന്ന രീതിയിൽ സ്വീകരിക്കണം. അവയ്ക്കു സ്വന്തമായ വ്യാഖ്യാനങ്ങൾ നൽകി സത്യത്തെ വികലമാക്കരുത്.

ഇക്കഴിഞ്ഞ മേയ്, ജൂൺ മാസങ്ങളിലെ മത്സ്യത്തൊഴിലാളി സമരത്തിന്റെ വിവിധ രംഗങ്ങൾ നിങ്ങളുടെ ഓർമയിൽ നിന്നു മാഞ്ഞുപോകാൻ സമയമായിട്ടില്ല. പ്രസ്തുത സമരത്തിന്റെ ആരംഭത്തിൽ തന്നെ കൊല്ലത്ത് ഒരു യന്ത്രവൽക്കൃതബോട്ട് പിടിച്ചു കത്തിച്ചുകളഞ്ഞു. മറ്റൊരു ദിവസം രണ്ടു ബോട്ടു പിടിച്ചുകൊണ്ടുവന്നെങ്കിലും ചില 'പ്രത്യേക' കാരണങ്ങളാൽ കത്തിച്ചില്ല. തീരദേശത്തുള്ള രണ്ടു യൂണിയനിലെയും അംഗങ്ങൾ തമ്മിൽ വഴക്കുണ്ടായി; അടിയും വെട്ടും കുത്തുമൊക്കെ നടന്നു. വീടുകൾ തല്ലിത്തകർത്തു. സർക്കാരിൽനിന്ന് അവകാശങ്ങൾ നേടിയെടുക്കുന്നതിനാണോ ഇത്? ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് പ്രേരണ കൊടുക്കുന്നത് എങ്ങനെയാണ് നീതീകരിക്കുക?

ഈയവസരത്തിലാണ് കേരള മെത്രാന്മാർ രംഗത്തേക്കു കടന്നുവന്നത്. അവകാശങ്ങൾ മിക്കവയും ന്യായയുക്തങ്ങളാണെങ്കിലും സമരക്കാർ പ്രയോഗിച്ചുകൊണ്ടിരിക്കുന്ന മാർഗങ്ങളിൽ ചിലതു സ്വീകാര്യമല്ലായെന്ന് മെത്രാന്മാർ പ്രസ്താവിച്ചതു തെറ്റാണോ? മെത്രാന്മാരുടെ പ്രതിനിധി സംഘം മുഖ്യമന്ത്രിയെക്കണ്ട് മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾ ന്യായയുക്തങ്ങളാണെന്നും അവ ഉടനെ അനുവദിക്കേണ്ടതാണെന്നും നിവേദനം നടത്തിയതും, പല കാര്യങ്ങളും മുഖ്യമന്ത്രിയെക്കൊണ്ടു സമ്മതിപ്പിച്ചതും അറിഞ്ഞിട്ടും അറിയാത്ത മട്ടിൽ അവരെ കുറ്റപ്പെടുത്തിയുള്ള പ്രസ്താവനകളിറക്കുകയും, പാവപ്പെട്ട തൊഴിലാളികളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തതും മനപ്പൂർവമായ നടപടിയാണെന്നതിൽ സംശയമില്ല. 'മരണം വരെ നിരാഹാരം' എന്ന നിശ്ചയം ദൈവപ്രമാണങ്ങൾക്കു നിരക്കാത്തതാണെന്നു മെത്രാന്മാർ പ്രസ്താവിച്ചതു തെറ്റാണെന്നും ഇക്കാര്യത്തിൽ മെത്രാന്മാരെ അനുസരിക്കാൻ തങ്ങൾക്കു കടമയില്ലെന്നും സമരനേതൃത്വം ചെയ്ത പ്രസ്താവന നേതൃത്വത്തിന്റെ അച്ചടക്കരാഹിത്യത്തിന്റെ പ്രകടമായ തെളിവാണ്. ദൈവപ്രമാണങ്ങൾ ദൈവജനത്തെ പഠിപ്പിക്കുന്നതിന് ചുമതലപ്പെട്ടവർ മെത്രാന്മാരാണ്. സമരം നടത്തുന്നതിനെ മെത്രാന്മാർ വിലക്കിയിട്ടില്ല; ഉന്നയിക്കപ്പെട്ട അവകാശങ്ങൾ അനാവശ്യങ്ങളാണെന്നോ, അവകാശങ്ങൾ നേടിയെടുക്കേണ്ടത് ആവശ്യമല്ലെന്നോ അവർ പറഞ്ഞില്ല. നേതൃത്വം കൊടുക്കുന്ന ബഹു. വൈദികർ പൊടുന്നനെ പിന്മാറണമെന്നാവശ്യപ്പെട്ടില്ല. തെറ്റായ മാർഗങ്ങൾ പ്രയോഗിക്കരുതെന്നു മാത്രം നിർദേശിച്ചു. അതിലെ അപാകതയെന്താണ്? സമരനേതൃത്വത്തിന്റെ തെറ്റായ നടപടികളോട് യോജിക്കാത്ത മെത്രാന്മാരെയും വൈദികരെയും സന്യാസിനീ സന്യാസികളെയും പൊതുജനങ്ങളെയും മറ്റുള്ളവരുടെ മുമ്പിൽ അപഹാസ്യരാക്കാനുള്ള പ്രസ്താവനകളും, വ്യാജപ്രചരണങ്ങളും നല്ലതല്ലെന്നു പറയാതിരിക്കാൻ നിർവാഹമില്ല. വി പൗലോസിന്റെ വാക്കുകൾ ഈയവസരത്തിൽ ഓർക്കുന്നതു കൊള്ളാം. 'ദൈവവചനത്തിൽ മായം ചേർത്തു കച്ചവടം ചെയ്യുന്ന അനേകരുണ്ട്. അവരെപ്പോലെയല്ല ഞങ്ങൾ. മറിച്ച്, ദൈവസന്നിധിയിൽ വിശ്വസ്തരും ദൈവത്താൽ നിയോഗിക്കപ്പെട്ടവരുമെന്ന നിലയിൽ ക്രിസ്തുവിൽ ഞങ്ങൾ സംസാരിക്കുന്നു' (2 കൊറി. 2/17).

ക്രിസ്തു വിമോചകനായിട്ടാണ് ലോകത്തിൽ വന്നത്. എന്നാൽ ഭൗതികമാത്രമായ ഒരു വിമോചനമല്ല അവിടുന്നു കണ്ടത്. മനുഷ്യനെ പാപത്തിൽ നിന്നും അതിന്റെ ഫലമായ നിത്യശിക്ഷയിൽ നിന്നും മോചിക്കുകയായിരുന്നു അവിടുത്തെ മുഖ്യലക്ഷ്യം. ബഹു. വൈദികരും ഭൗതികമാത്രമായ വിമോചനത്തിനു വേണ്ടി നിയോഗിക്കപ്പെട്ടിട്ടില്ല. ആധ്യാത്മികതയെ മറന്നുകൊണ്ടു ഭൗതികത്വത്തിനു വേണ്ടി മാത്രം പ്രവർത്തിക്കുന്ന വൈദികർ വഴിതെറ്റിപ്പോകുന്നു. പരിശുദ്ധ പിതാവു ജോൺപോൾ രണ്ടാമന്റെ വാക്കുകൾ ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. അദ്ദേഹം

വൈദികരോടും സന്യസ്തരോടുമായി പറയുന്നു: 'നിങ്ങൾ സാമൂഹികമോ രാഷ്ട്രീയമോ ആയ കാര്യങ്ങൾക്ക് നേതാക്കളല്ല; ഭൗതികാധികാരമുള്ള ഉദ്യോഗസ്ഥന്മാരുമല്ല. ഭൗതികപ്രശ്നങ്ങളുടെ വിശാലമായ മേഖലയിൽ അമിതമായ താൽപ്പര്യം പ്രകടിപ്പിക്കുകവഴി സുവിശേഷാത്മകമായ സേവനം ചെയ്യുകയാണെന്ന തെറ്റിദ്ധാരണയ്ക്ക് നാം വശംവദരാകരുത്. നിങ്ങളെ ക്രിസ്തുവിന്റെ ദാസരും ദൈവരഹസ്യങ്ങളുടെ കാര്യസ്ഥന്മാരുമായി ജനങ്ങൾ കാണുകയാണ് പ്രാധാന്യമേറിയ സംഗതി' (John Paul II at Manila on 17. 2. 81).

സഭാനിയമങ്ങളും പൊതുജനങ്ങളറിഞ്ഞിരിക്കണം. ബഹു. വൈദികർ ലൗകിക സംഘടനകളിൽ പ്രവർത്തിക്കുന്നത് എവിടെവരെയാകാമെന്നു നിശ്ചയിക്കേണ്ടതു രൂപതാധ്യക്ഷന്റെ അവകാശമാണ്. തങ്ങൾക്ക് ഏൽപ്പിച്ചിരിക്കുന്ന അജപാലന കർമങ്ങൾക്കു വിഘ്നം വരുന്ന രീതിയിൽ മറ്റു പ്രവർത്തനങ്ങളിൽ അവർ ഏർപ്പെട്ടുകൂടാ (കാനോൻ നിയമം 278/–3). അതുപോലെ അവർ നീതിയുടെ അടിസ്ഥാനത്തിൽ പൊതുജനമധ്യേ സമാധാനവും സൗഹൃദവും പുലർത്തണം (കാ.നി. 287/–1). സഭയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനോ പൊതുവായ നന്മയ്ക്കോ ആവശ്യമെന്ന് സഭാധികാരികൾ തീരുമാനിക്കുമ്പോഴല്ലാതെ വൈദികർ രാഷ്ട്രീയത്തിലോ ട്രേഡ്‌യൂണിയനിലോ സജീവമായി പ്രവർത്തിക്കരുത് (കാ. നി. 287/2).

ആകയാൽ നേതൃത്വം സഭയുടെ പ്രബോധനങ്ങളെ അംഗീകരിച്ചുകൊണ്ട് തെറ്റായ മാർഗങ്ങളുപേക്ഷിക്കുക; നീതിയുടെയും സമാധാനത്തിന്റെയും മാർഗത്തിലൂടെ പൊതുജനനന്മയ്ക്കായി പ്രവർത്തിക്കുക. അതിനവർ തയാറല്ലെങ്കിൽ തെറ്റായ പ്രവർത്തനശൈലി പഠിപ്പിക്കുന്ന, ദൈവപ്രമാണങ്ങളെയും സഭാമേലധ്യക്ഷന്മാരുടെ ഉപദേശങ്ങളെയും കാനോൻ നിയമങ്ങളെയും ധിക്കരിക്കുന്ന, ധിക്കരിക്കാൻ പ്രേരിപ്പിക്കുന്ന നേതൃത്വത്തെ പൊതുജനങ്ങൾ ഉപേക്ഷിക്കണം.

സഭയോടു യോജിച്ചുനിന്നുകൊണ്ട് ദൈവത്തെ സ്നേഹിച്ചും പരസ്പരം സ്നേഹിച്ചും ജീവിതവിജയത്തിനായി പരിശ്രമിക്കാം.

ഈ ലേഖനം കിട്ടിക്കഴിഞ്ഞു വരുന്ന ഞായറാഴ്ച പൊതുജനങ്ങൾ സമ്മേളിക്കുന്ന എല്ലാ ദേവാലയങ്ങളിലും എല്ലാ ദിവ്യബലിയിലും പരസ്യമായി വായിക്കേണ്ടതാണെന്ന് ഇതിനാൽ നിർദേശിക്കുന്നു.

ഏവർക്കും പൈതൃകമായി ആശിസുകൾ നേരുന്നു.

എന്ന്,

കൊല്ലം
23. 7. 84

ജോസഫ് ജി ഫെർണാന്റസ്
കൊല്ലം മെത്രാൻ

അനുബന്ധം - 10

# കൊല്ലം ബിഷപ്പിനു കൊല്ലം ജില്ല സ്വതന്ത്രമത്സ്യത്തൊഴിലാളിയൂണിയന്റെ 29. 7. 1984 ലെ തുറന്ന കത്ത്

'മത്സ്യത്തൊഴിലാളി സംഘടനകൾ' എന്ന തലക്കെട്ടിൽ ഇടവകകൾ തോറും വായിക്കാൻ അങ്ങയച്ച ലേഖനം കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷനെ മനഃപൂർവം അവഹേളിക്കാൻ വേണ്ടിയുള്ളതാണെന്ന് ഞങ്ങൾ മനസിലാക്കുന്നു. തെറ്റായ ആരോപണങ്ങളും മുൻവിധികളും കൊണ്ടു നിറച്ച ഈ ലേഖനത്തിന്റെ ഗൂഢോദ്ദേശ്യം ഈ തൊഴിലാളി സംഘടനയെ തകർക്കുവാൻ വേണ്ടിയാണെന്നുള്ളത് വ്യക്തമാണ്. അർഹിക്കുന്ന അവഗണനയോടെ തള്ളേണ്ടതാണെങ്കിലും ഇത് കൊല്ലം രൂപതാധ്യക്ഷന്റേതാകയാൽ ക്രൈസ്തവരായ ഞങ്ങൾ ഗൗരവത്തോടെ വീക്ഷിക്കുകയും ഇതിനെതിരെ ശക്തമായി പ്രതിഷേധിക്കുകയും ചെയ്യുന്നു. കത്തോലിക്കരുടേതോ കൊല്ലം രൂപതയുടേതോ മാത്രമല്ലാത്ത - കേരളാടിസ്ഥാനത്തിൽ ഹിന്ദുക്കളും മുസ്ലിങ്ങളും ഉൾപ്പെടുന്ന ഒരു രജിസ്ട്രേഡ് ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിനെതിരെ ആരോപണങ്ങൾ അടിച്ചേൽപ്പിക്കുവാനും പൊതുജനസമക്ഷം പ്രകടിപ്പിക്കുന്ന ഈ ധിക്കാരപരമായ നടപടിയെ ഞങ്ങൾ ന്യയമായും ചോദ്യംചെയ്യുന്നു. മത്സ്യത്തൊഴിലാളികളുടെ തൊഴിൽമേഖലയിൽ വസിക്കുന്നു എങ്കിലും അവരുടെ അനുദിന ജീവിതപ്രശ്നങ്ങളിൽ ഇന്നുവരെ ഇടപെട്ടിട്ടില്ലാത്ത അങ്ങ് അരമനയിലിരുന്നുകൊണ്ട് കുറെ തത്വങ്ങളും ആരോപണങ്ങളും പാവങ്ങളുടെ പക്കലേക്ക് കെട്ടിത്താഴ്ത്തിയാൽ അത് അപ്പടി ആർത്തിയോടെ വെട്ടിവിഴുങ്ങുമെന്നു സങ്കൽപ്പിച്ചാൽ അത് മൗഢ്യമാണ്. വൈദികരുടെ മാത്രം നേതൃത്വത്തിലുള്ള ഏതോ ധർമസ്ഥാപനമെന്ന് ഇതിനെയും കരുതരുതെന്ന് ഒരഭ്യർഥനയുണ്ട്.

**വൈദികനേതൃത്വം**

പലരും ചിന്തിക്കുന്ന രീതിയിലും പ്രവർത്തിക്കുന്ന ശൈലിയിലും പ്രകടമാക്കുന്ന ഏകാധിപത്യ പ്രവണതയെ താലോലിക്കുന്ന വൈദിക നേതൃത്വമല്ല ഞങ്ങൾക്കുള്ളത്. ഞങ്ങളുടെ നേതൃത്വം ബഹുഭൂരിപക്ഷവും ഹിന്ദുക്കളും മുസ്ലിങ്ങളും അടങ്ങുന്ന തൊഴിലാളിവിഭാഗത്തിനാണ്. കഴിഞ്ഞസമരത്തിൽ പത്രങ്ങൾ വൈദികനേതൃത്വത്തെ ഒരു പക്ഷേ പെരുപ്പിച്ചു കാണിച്ചുവെങ്കിലും ഈ സംഘടനയുടെ യഥാർഥ മുൻതൂക്കം തൊഴിലാളികളുടേതു തന്നെ. ഇതിന്റെ പരമാധികാര സമിതിയായ അൻപതിലേറെ പേരുള്ള ജനറൽ കൗൺസിലിൽ നാലോ അഞ്ചോ പേർ മാത്രമാണ് വൈദികരായുള്ളത്. കൂട്ടായ നേതൃത്വത്തിലാണ് ഞങ്ങൾ വിശ്വസിക്കുന്നതും പ്രവർത്തിക്കുന്നതും. സംഘടനയിൽ ഏകാധിപത്യപ്രവണത വളർത്തിയവരെ തൂത്തെറിയേണ്ടിവന്നു. സംഘടന രണ്ടാക്കാൻ പ്രാധന കാരണമിതായിരുന്നു. ഭൂരിപക്ഷ തീരുമാനം അവഗണിച്ച് ഏകാധിപത്യ പ്രവണതയുമായി മുന്നോട്ടുപോയ പ്രസിഡന്റിനെ തൊഴിലാളികൾ ഉപേക്ഷിച്ചു. ഗവണ്മെന്റിന്റെയും മതാധ്യക്ഷന്മാരുടെയും പിന്തുണയും QSSS പോലുള്ള രൂപതാ സംഘടനകളുടെ നിർലോഭമായ സാമ്പത്തികസഹായങ്ങളും ഉണ്ടായിരുന്നിട്ടും തൊഴിലാളികൾ അവരെ കാര്യമായി പിന്തുണച്ചില്ലാ എന്നത് വ്യക്തമല്ലേ? ഇന്നു കേരളത്തിലാകെ അഷ്ടമുടിക്കായലിന്റെ തീരത്തു മാത്രമുള്ള ചില മാളങ്ങളിൽ കഴിഞ്ഞുകൂടുന്നവർ പോലും കൈവിട്ടുപോകുമോ എന്ന ഭയത്തിലാണിപ്പോൾ ഇവർ. ഇത്തരം ധർമസ്ഥാപനങ്ങളും കടലാസ് സംഘടനകളും കേരളത്തിൽ പലയിടത്തുമുണ്ട്. എന്നാൽ തൊഴിലാളികളുടെ ശക്തിയിലും അനുഭവത്തിലും ബോധ്യത്തിലും മാത്രം വിശ്വസിക്കുന്നവർക്ക് കടലാസ് പുലികളെ ഭയപ്പെടേണ്ട കാര്യമില്ല.

ഒരു കാര്യം വ്യക്തമാക്കിക്കൊള്ളട്ടെ. നിരീശ്വരരെന്നോ അക്രമികളെന്നോ ഞങ്ങളെ വിളിച്ചാലും ശിക്ഷണനടപടികൾക്ക് വിധേയരാക്കി ക്രൂശിച്ചാലും ക്രിസ്തു പഠിപ്പിച്ച ദൈവരാജ്യവും നീതിയും സമൂഹത്തിലും സഭയിലും പ്രാവർത്തികമാക്കാൻ ഞങ്ങൾ യത്നിക്കും തീർച്ച. ആദിമസഭയുടെ ചൈതന്യമുള്ള പാവങ്ങളുടെ സഭയായി ഇന്നത്തെ സഭയും സഭാനേതൃത്വവും മാറണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനു വേണ്ടി ജീവൻ കൊടുക്കാനും സന്നദ്ധതയുള്ള അനേകർ ഞങ്ങളോടൊപ്പമുണ്ട്. പാവങ്ങളുടെ മോചനത്തിനായി ജീവനർപ്പിക്കുക എന്നത് ക്രൈസ്തവധർമവും പൗരോഹിത്യധർമവും ആയി ഞങ്ങൾ കരുതുന്നു. തൊഴിലാളിസമരത്തിൽ പങ്കുചേരുക എന്നത് പൗരോഹിത്യ ശുശ്രൂഷയുടെയും സമർപ്പണത്തിന്റെയും ഭാഗം തന്നെയാണ്. ജീവൻ പോലും ഹോമിക്കാൻ തയാറായി രംഗത്തിറങ്ങിയ ധീരസേനാനികളെ ചില നിയമങ്ങൾകൊണ്ട് വരിഞ്ഞുകെട്ടാനും അവർക്ക് അപമാനവും കുരിശുമരണവും നൽകാനും ശ്രമിച്ചാൽപ്പോലും ഇക്കൂട്ടർ പിന്മാറില്ലെന്ന് ഓർക്കുന്നത് നന്ന്.

## കക്ഷിരാഷ്ട്രീയം

ഞങ്ങൾ യാതൊരു രാഷ്ട്രീയപാർട്ടികളുടെയും കീഴ്ഘടകമായി ഒരിക്കലും പ്രവർത്തിക്കുകയില്ലാ. എന്നാൽ വ്യക്തമായും ഞങ്ങൾ പാവങ്ങളുടെ പക്ഷത്താണ്. തൊഴിലാളികളുടെ പക്ഷത്താണ്. മുതലാളി പക്ഷത്തുനിൽക്കാൻ ഒരിക്കലും ഞങ്ങളെ കിട്ടില്ല. തൊഴിലാളികളുടെ അവകാശങ്ങൾക്കു വേണ്ടി - നീതിക്കുവേണ്ടി പോരാടുന്നവരാരുണ്ടോ അവരുമായൊക്കെ തൊഴിലാളി താൽപ്പര്യത്തിൽ സഹകരിക്കാൻ ഞങ്ങൾ ഒരുക്കമാണ്. അവിടെ ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ ഞങ്ങൾ നോക്കില്ല. കഴിഞ്ഞ സമരത്തിൽ സഹകരിക്കുവാൻ എല്ലാ കക്ഷികളേയും ഞങ്ങൾ ക്ഷണിച്ചതാണ്. പക്ഷേ അവസാനം ഇടതുപക്ഷകക്ഷികളാണ് രംഗത്തുവന്നത്.

ചില രാഷ്ട്രീയകക്ഷികൾക്ക് മാത്രമേ വോട്ടു ചെയ്യാവൂ എന്ന് പരസ്യമായി പ്രഖ്യാപിക്കുന്ന അധികാരികൾക്ക് കക്ഷിരാഷ്ട്രീയത്തിനതീതമായി തൊഴിലാളികൾ നിൽക്കണമെന്നു പറയുവാൻ അവകാശമുണ്ടോ? അതോ തങ്ങൾ ഉദ്ദേശിക്കുന്ന പക്ഷത്തേക്ക് കിട്ടാത്തതു കൊണ്ടാണോ?

## മരണം വരെ സത്യാഗ്രഹം

ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികളെ പട്ടിണിക്കിട്ട് കൊല്ലുന്ന സാഹചര്യം സൃഷ്ടിക്കുന്നത് കൊലപാതകമല്ലേ? അതിനുള്ള ഉത്തരവാദിത്വം ആർക്കാണ്? അതിനെതിരെ എന്തുകൊണ്ട് ധാർമികരോഷമുണരുന്നില്ല? അവരുടെ മോചനത്തിനായി അവകാശങ്ങൾ നേടിയെടുക്കാൻ ആവശ്യമെങ്കിൽ ജീവൻ കൊടുത്തുപോലും പോരാടുവാൻ തീരുമാനിച്ചത് സ്നേഹത്തിന്റെ ഏറ്റവും വലിയ പ്രകടനവും ധാർമികമൂല്യവുമാണെന്ന സത്യം എന്തുകൊണ്ടു മറക്കുന്നു. 'സ്നേഹിതനു വേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല.' സ്വയം ആത്മാർപ്പണം ചെയ്ത യേശുവിന്റെയും രാഷ്ട്രപിതാവായ ഗാന്ധിജിയുടെയും മാർഗം തന്നെയാണിത്. 'അവകാശങ്ങൾ നേടുന്നതുവരെ സത്യാഗ്രഹം' എന്നാണ് സമരസമിതി പോസ്റ്ററിൽ എഴുതിയിരുന്നത് 'മരണം വരെ സത്യാഗ്രഹം' എന്ന് ആദ്യമായി പറഞ്ഞതു പത്രങ്ങളാണ്.

## ഞങ്ങൾ മായം ചേർത്തില്ല

ദൈവവചനം ഉൾക്കൊള്ളുന്ന മൂല്യങ്ങൾ - നീതിയും സാഹോദര്യവും സ്നേഹവും സമത്വവും സ്വാതന്ത്ര്യവും മോചനവും എന്നീ ആധ്യാത്മിക മൂല്യങ്ങളാണ് ഞങ്ങൾ ഉയർത്തിക്കാട്ടിയിട്ടുള്ളത്. ഇതാണ് യഥാർഥമായ ആധ്യാത്മീയത. ഇവിടെ ആത്മീയമെന്നും ഭൗതികമെന്നും വേർതിരിക്കുക ശരിയല്ല. ആത്മീയമൂല്യങ്ങൾ ഭൗതികതയിൽ പ്രവർത്തിക്കുന്നു.

**സഭയേയും സഭാനേതൃത്വത്തേയും അവഹേളിച്ചില്ല**

മെത്രാന്മാർ തൊഴിലാളി പ്രശ്നങ്ങളിൽ സ്വയം താൽപ്പര്യം കാണിച്ച് ചർച്ചയ്ക്കായി മുന്നോട്ടുവന്നപ്പോൾ ഞങ്ങൾ അതിനെ സ്വാഗതം ചെയ്തു. എന്നാൽ കരുണാകരനെപ്പോലുള്ള രാഷ്ട്രീയക്കാരൻ ഇവരെ പാവകളിപ്പിച്ച് മുതലെടുക്കില്ലേ എന്ന ഭയം ഞങ്ങൾക്കുണ്ടായിരുന്നു.

**അക്രമം - നീതി - സമാധാനം**

പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വലകളും വള്ളങ്ങളും തീരക്കടലിലേക്ക് പരിധി ലംഘിച്ചുവന്ന യന്ത്രവൽക്കൃത ബോട്ടുകൾ അനുദിനം നശിപ്പിച്ച് അവരെ പട്ടിണിയിൽനിന്നും പട്ടിണിയിലേക്ക്, ഇല്ലായ്മയിൽനിന്നും കൂടുതൽ ഇല്ലായ്മയിലേക്ക് നയിച്ചുവെന്നത് കൊല്ലം കടൽപ്പുറത്ത് നിത്യസംഭവമായിരുന്നു. ഇതവസാനിപ്പിക്കാൻ നിർബന്ധിതരായ തൊഴിലാളികൾ ജീവിക്കാൻ വേണ്ടി മാത്രം ഒന്നോ രണ്ടോ ബോട്ടുകൾ കത്തിച്ചാൽ അത് അക്രമമെന്ന് കൊട്ടിഘോഷിക്കുന്നവരുടെ ധാർമികമൂല്യങ്ങളെ - മനഃസാക്ഷിയെ ഞങ്ങൾ ചോദ്യംചെയ്യുന്നു. തൊഴിലാളികൾക്കെതിരായി അനുദിനം നടന്ന ക്രൂരമായ അക്രമത്തിനെതിരായി അവർ പ്രകടിപ്പിച്ച സാഹസികതയിലും സഹനത്തിലും മൂല്യമില്ലേ? താത്വികമായി പറഞ്ഞാൽ പോലും വലിയ തിന്മയെ - ക്രൂരമായ അക്രമത്തെ അകറ്റുവാൻ തൊഴിലാളികൾ ഇങ്ങനെ ചെയ്തത് .തെറ്റല്ലെന്നു വ്യക്തമല്ലേ?

**കിടമത്സരം - വിദ്വേഷം - കലഹം**

തമ്മിൽത്തല്ലും കൊള്ളയും കൊള്ളിവയ്പും ഭവനഭേദനവുമെല്ലാം നടത്തിയതാരാണ്? അനുഭവിച്ച തൊഴിലാളികൾക്ക് അത് നേരിട്ടറിയാം. സാമൂഹ്യവിരുദ്ധരെ പ്രോത്സാഹിപ്പിച്ചതും അക്രമം അഴിച്ചുവിട്ടതും ഏതു കൂട്ടരാണെന്നും അവരെ പിന്തുണച്ചത് ഏത് രാഷ്ട്രീയപ്പാർട്ടിയാണെന്നും പകൽപോലെ വ്യക്തമല്ലേ. ഇതൊന്നും കാണാൻ കണ്ണോ കേൾക്കാൻ ചെവിയോ ഇല്ലാത്ത അധികാരികൾക്ക് അത് മനസിലാകില്ല. നമ്മുടെ വ്യക്തമായ നയം തൊഴിലാളികൾ ഏത് യൂണിയനിൽപ്പെട്ടവരായാലും തമ്മിൽ ദ്രോഹിക്കാതെ സഹകരിക്കണം എന്നതാണല്ലോ.

**'ഫലത്തിൽ നിന്ന് വൃക്ഷം'**

ഫലത്തിൽ നിന്ന് വൃക്ഷത്തെ മനസിലാക്കാൻ ഞങ്ങൾ വളരെ നാളായി ശ്രമിക്കുകയായിരുന്നു. ബെൻസിഗറിലും കാത്തലിക് പ്രസ്സിലുമൊക്കെ എന്തുസംഭവിച്ചു? നീതിപൂർവമായ അന്വേഷണവും പരിഹാരവും ഉണ്ടായോ? ഞങ്ങൾ വൃക്ഷത്തെ മനസിലാക്കുന്നു. നീതിയും അനീതിയും സത്യവും അസത്യവും വേർതിരിച്ചറിയുവാനുള്ള നീതിബോധം മത്സ്യത്തൊഴിലാളികളിൽ വളർന്നുകഴിഞ്ഞു. അന്ധമായ അനു

സരണയുടെ കാലം കഴിഞ്ഞുപോയി. ഫലത്തിൽ നിന്നും വൃക്ഷത്തെ മനസിലാക്കാൻ കഴിവില്ലാത്തവരെക്കുറിച്ചുള്ള പ്രതികരണം എന്തായിരിക്കണം. ഫലം പുറപ്പെടുവിക്കാത്ത വൃക്ഷത്തെ എന്തുചെയ്യണം?

**കൊല്ലം മെത്രാന്റെ വിമോചനം**

കഴിഞ്ഞ 6 വർഷം പ്രതീക്ഷയോടെ കാത്തിരുന്ന ഞങ്ങൾക്ക് കടുത്ത നിരാശയും ദുഃഖവുമാണ് അങ്ങയുടെ ഭരണത്തിൽ. പാവങ്ങളെപ്പറ്റി ആത്മാർഥമായ കരുതലില്ലാത്ത - ഉത്തരവാദിത്വബോധമില്ലാത്ത - നീതിബോധമില്ലാത്ത നേതൃത്വത്തിൽ ഞങ്ങൾ ലജ്ജിക്കുന്നു.

അവസാനമായി അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങൾ എന്ന പുസ്തകത്തിൽ (4:19) രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവം മാത്രമേ ഞങ്ങൾക്ക് ഓർമിപ്പിക്കുവാനുള്ളൂ.

പത്രോസും യോഹന്നാനും മഹാപുരോഹിതനോട് ചോദിച്ചു 'ഞങ്ങൾ മനുഷ്യനെയോ അതോ ദൈവത്തെയോ അനുസരിക്കേണ്ടത്?'

ജില്ലാ കമ്മിറ്റിക്കുവേണ്ടി
കൊല്ലം ജെ ജെറോം
29. 7. 84 സെക്രട്ടറി

**അനുബന്ധം - 11**

## ഫാ. അലോഷ്യസിന് അവധി അനുവദിച്ചു കൊണ്ടുള്ള ബിഷപ്പിന്റെ 25. 11. 1986 ലെ കത്ത്

✠
J. M. J.

Monsignor Joseph G. Fernandez
Bishop of Quilon

Phone: (0474) 3550

Bishop's House,
Quilon, Kerala, India
Pin: 691007

No. 1259/86: Nov. 25, 1986

To

Padappakkara
Fr. Aloysius D.P.P.
Relvd., Fr. Peter Jose
Apptd interim Parish Priest.

Rev. Fr. Aloysius D. Fernandez, Parish Priest of Padappakkara, has been repeatedly asking the Bishop to be transferred from the said parish. On 17th inst he sent his letter to the Bishop urgently asking that he be transferred or at least given a leave for two months immediately, and this due to the special situation in the parish. The Bishop invited Fr. Aloysius to ascertain from him the situation in the

parish and it was mutually agreed that he be relieved from the parish immediately and granted leave.

In the circumstance Rev. Fr. Aloysius D. Fernandez is hereby relieved of his charge as Parish Priest of Padappakkara w.e.f. Monday December 1st 1986 on which date the said Rev. Fr. Aloysius D. Fernandez shall hand over charge of the said parish to Very Rev. Fr. Peter Jose who is hereby given charge of the parish as Interim Parish Priest of Padappakkara, without prejudice to his being Parish Priest of Kanjiracode. This with all the rigths and duties of a Parish Priest.

We hereby also appoint Very Rev. Fr. C. P. Philip Our Delegate for the presiding over of the handing over charge by Fr. Aloysius D. Fernandez to Fr. Peter Jose.

Rev. Fr. Aloysius D. Fernandez is hereby granted leave for a period of two months w.e.f. December 1st 86.

With prayers and cordial blessing.

+ Fernandez.

**BISHOP OF QUILON**

To,

1. Rev. Fr. Aloysius D. Fernandez, Padappakkara.
2. Very Rev. Fr. Peter Jose, Kanjiracode.

cc. Very Rev. Fr. C. P. Philip, Delegate.

അനുബന്ധം - 12

# അമേരിക്കയിൽ പഠനത്തിനു പോകാൻ അനുവദിച്ചുകൊണ്ടുള്ള ബിഷപ്പിന്റെ 31. 8. 1987 ലെ കത്ത്

J. M. J.

Monsignor Joseph G. Fernandez
Bishop of Quilon

Phone: (0474) 3550

Bishop's House,
Quilon, Kerala, India
Pin: 691007

August 31, 1987

To

Rev. Fr. Aloysius D. Fernandez
Babu's Mandiram
Nandirickal
Vellimon P. O. 691511

Dear Rev. Fr. Aloysius,

I am in thankful receipt of your letter of 18th inst., asking me if I would agree with your proposal for you to proceed to the States for higher studies in Thelogy at the Boston Catholic University.

I do not have any objection to your proposal.

As for letters for the same, I do not know what letter you need. Please let me know the details.

God bless you & His Holy Mother guide you.

Yours fraternally in Jesus & Mary.

+ Jfernandez

BISHOP OF QUILON.

# 'ഓറ'യുടെ ലക്ഷ്യം വ്യക്തമാക്കുന്ന 1982ലെ ആദ്യ എഡിറ്റോറിയൽ

**ORA**
**'Organ for Radical Action'**

"When you see a cloud looming up in the west you say at once that rain is coming, and so it does. And when the wind is from the south you say it will be hot, and it is. Hypocrites! You know how to interpret the face of the earth and the sky. How is it you do not know to interpret the SIGNS OF THE TIMES" (LK. 12:54-55)

No. 1 November 1982 ORA is an effort to make Christian faith relevant to our times and to our milieu. "The Church is not an archaeological museum, but the old fountain that gives water to the generation of today as it has given to those of old." (Pope John XXIII). But in reality we are confronted by a church struggling hard to cling on to the comforts of a by gone age unaware of the "joys and hopes, the grief's and the anxieties of the men of this age" (Gaudium et spes). ORA offers a forum to think aloud this paradox-a forum for free and frank discussion.

Christian faith is a dynamic presence of God in a given context. Like the son of God who became flesh, the church too must be incarnated in each place, time and people. "The church as mystery is an event in the life of a people: it is the actualisation of the whole mystery of the church in a place." Only through such a contexualisation can the church christian faith-become relevant. Have

we ever made serious efforts to make the church incarnate in the socio-economic milieu of Quilon diocese? Have we a local church in this incarnational dimension?

Ours is a diocese of fishermen who for centuries have had sacraments and poverty side by side and harijans who have embraced faith with all hopes. But to whom are our apostolate directed to? our resources ... personnel especially our women religious ... our institutions ... all cater not to this church of the fisher folk not to harijans, but too ....? This is the question asked in the streets, bubbling in our minds. We have suppressed the question for so long. Let us now face it bravely .... ORA offers as forum for such a vital encounter, between our apostolate and the socio-economic milieu of our people-to form a true 'local church.'

Long was it that we described faith as an assent to a determinate body of doctrine or a mute Amen. Today "faith in understood as a commitment to action (PRAXIS)", an urge towards transformative action emerging from a critical and dialectical reflection of society in the light of God's redemptive word.

Such a faith involves conversion and self-realisation of man, transformation of society and the world. Hence orthodoxy becomes a matter of creative dynamism.

Faith is a response to the World-word of God. The word is sought "not only in the past-scripture and Traditional but also in the present world-signs of the times." The faith is not a frozen Amen but a live commitment to the historic moment-here and now.

Faith is a call to 'Radical Action'. Gospel message is a call to conversion. "Repent for the kingdom of God is at hand". Conversion is a total decisive change. There is no place for halfhearted attempts and compromises. "The rich man went away sad" (LK. 18:23). Zacchaeus on the other hand was ready for a radical change. The clarion call of the Gospel is a call for RADICAL ACTION-action for change.

ORA is an Organ for Radical Action.

**Romance Antony**

**അനുബന്ധം – 14**

# 'ഓറ' മാസിക കവർസ്റ്റോറികൾ

## 2000 ജനുവരി മുതൽ 2010 സെപ്തംബർ വരെ

| വർഷം | മാസം | വാള്യം | ലക്കം | കവർസ്റ്റോറി |
|---|---|---|---|---|
| 2000 | ജനുവരി | 17 | 8 | അധികാര വികേന്ദ്രീകരണത്തിന്റെ അലയൊലികൾ |
| | ഫെബ്രുവരി | 17 | 9 | വ്യവസായ വാണിജ്യ മേഖല-പ്രശ്നങ്ങൾ, പരിഹാരങ്ങൾ |
| | മാർച്ച് | 17 | 10 | സ്ത്രീ തഥ്യയും മിഥ്യയും |
| | ഏപ്രിൽ | 17 | 11 | ലോകാരോഗ്യദിനം-സവിശേഷതകൾ |
| | മേയ് | 17 | 12 | തൊഴിൽ സംസ്കാരം |
| | ജൂൺ | 18 | 1 | പ്രകൃതിയോടിണങ്ങിയാൽ... |
| | ജൂലൈ | 18 | 2 | വിദ്യാഭ്യാസ സംസ്കാരം |
| | ആഗസ്റ്റ് | 18 | 3 | മാധ്യമ സംസ്കാരം |
| | സെപ്റ്റംബർ | 18 | 4 | നമ്മുടെ നവോത്ഥാന നായകരിൽ ചിലർ |
| | ഒക്ടോബർ | 18 | 5 | ജനകീയ സമരങ്ങൾ |
| | നവംബർ | 18 | 6 | മത്സ്യമേഖല |
| | ഡിസംബർ | 18 | 7 | ശാസ്ത്രം സാമൂഹ്യമാറ്റത്തിന് |
| 2001 | ജനുവരി | 18 | 8 | മാറ്റത്തിന്റെ കവികളിൽ ചിലർ |
| | ഫെബ്രുവരി | 18 | 9 | ടൂറിസം |
| | മാർച്ച് | 18 | 10 | സ്ത്രീ ദിനം |
| | ഏപ്രിൽ | 18 | 11 | ആരോഗ്യം: ആയുർവേദം ഇന്ന് |
| | മേയ് | 18 | 12 | വിദ്യാഭ്യാസം: തത്വവും ലക്ഷ്യവും പ്രയോഗവും |

| | | | | |
|---|---|---|---|---|
| | ജൂൺ | 19 | 1 | കേരള നിയമസഭാതെരഞ്ഞെടുപ്പ്-മുന്നും പിന്നും |
| | ജൂലൈ | 19 | 2 | വ്യക്തിവികാസം വിവിധ തലങ്ങളിൽ |
| | ആഗസ്റ്റ് | 19 | 3 | സംവരണം |
| | സെപ്റ്റംബർ | 19 | 4 | ചരിത്രം പക്ഷപാതരഹിതമോ? |
| | ഒക്ടോബർ | 19 | 5 | ജനകീയ സമരങ്ങൾ-വയലാർ |
| | നവംബർ | 19 | 6 | നവംബർ 21 ലോക മത്സ്യത്തൊഴിലാളി ദിനം |
| | ഡിസംബർ | 19 | 7 | മതതീവ്രവാദം! ഭീകരവാദം! യുദ്ധം! |
| 2002 | ജനുവരി | 19 | 8 | മതങ്ങളുടെ അന്തസ്സത്ത |
| | ഫെബ്രുവരി | 19 | 9 | ശാസ്ത്രം-രക്ഷകനോ ശിക്ഷകനോ? |
| | മാർച്ച് | 19 | 10 | സ്ത്രീപക്ഷ ചിന്തകൾ |
| | ഏപ്രിൽ | 19 | 11 | ജാതി നിർമൂലനം |
| | മേയ് | 19 | 12 | വർഗസമരവും ട്രേഡ് യൂണിയനുകളും |
| | ജൂൺ | 20 | 1 | പഠനത്തിന്റെ വഴികൾ: പ്രശ്നങ്ങളും സമീപനങ്ങളും |
| | ജൂലൈ | 20 | 2 | സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അനിവാര്യത |
| | ആഗസ്റ്റ് | 20 | 3 | മാറുന്ന ഭക്ഷണശീലങ്ങൾ |
| | സെപ്റ്റംബർ | 20 | 4 | മാധ്യമങ്ങളും സ്ത്രീപക്ഷ ചിന്തകളും |
| | ഒക്ടോബർ | 20 | 5 | ട്രേഡ് യൂണിയനിസം: ഒരു പുനർചിന്ത |
| | നവംബർ | 20 | 6 | മലയാള സാഹിത്യ ചിന്തകൾ |
| | ഡിസംബർ | 20 | 7 | മതഘടനയിലെ നവീകരണം |
| 2003 | ജനുവരി | 20 | 8 | മനോരോഗങ്ങൾ: വസ്തുതയും പരിഹാരവും |
| | ഫെബ്രുവരി | 20 | 9 | മലയാളം തളരുന്നുവോ? |
| | മാർച്ച് | 20 | 10 | ആഗോളീകരണങ്ങളും ജലാശയങ്ങളും |
| | ഏപ്രിൽ | 20 | 11 | ചരിത്രത്തിലെ തിരുത്തലുകൾ മുത്തങ്ങായിൽ നിന്നും |
| | മേയ് | 20 | 12 | മതപരിവർത്തനം ആശാസ്യമോ? |
| | ജൂൺ | 21 | 1 | മാധ്യമങ്ങളിലെ സത്യവും അസത്യവും |
| | ജൂലൈ | 21 | 2 | ദേശീയോത്സവങ്ങളും ജനതയും |
| | ആഗസ്റ്റ് | 21 | 3 | സാങ്കേതിക വിദ്യാഭ്യാസം അവസാനവാക്കോ? |

| | | | | |
|---|---|---|---|---|
| | സെപ്റ്റംബർ | 21 | 4 | മതവും മതാതീത ആത്മീയതയും |
| | ഒക്ടോബർ | 21 | 5 | വയലാർ കവിതയിലെ ജീവിതമൂല്യങ്ങൾ |
| | നവംബർ | 21 | 6 | ഏകീകൃത സിവിൽ കോഡ് |
| | ഡിസംബർ | 21 | 7 | ഭൂമിയും ആദിവാസിയും |
| 2004 | ജനുവരി | 21 | 8 | കേരള ചരിത്രത്തിൽ കുട്ടനാട് |
| | ഫെബ്രുവരി | 21 | 9 | ഹിന്ദുക്കളും ജാതിവ്യവസ്ഥയും |
| | മാർച്ച് | 21 | 10 | സ്ത്രീമുന്നേറ്റത്തിന്റെ അനുഭവ പാഠങ്ങൾ |
| | ഏപ്രിൽ | 21 | 11 | മതസമന്വയം |
| | മേയ് | 21 | 12 | തകർക്കപ്പെടുന്ന ജലസ്രോതസുകൾ |
| | ജൂൺ | 22 | 1 | പെരുകുന്ന വിദ്യാലയങ്ങൾ, തകരുന്ന വിദ്യാഭ്യാസം |
| | ജൂലൈ | 22 | 2 | ഹാസ്യസാഹിത്യം ജീവിതത്തിൽ |
| | ആഗസ്റ്റ് | 22 | 3 | ഗുരുവിന്റെ നൂറ്റമ്പതാമത് ജയന്തിയിലേക്ക് |
| | സെപ്റ്റംബർ | 22 | 4 | അതിവേഗമഹാപാത: കേരളത്തിനൊരു ചരമഗീതം |
| | ഒക്ടോബർ | 22 | 5 | കയർ മേഖലയിൽ തൊണ്ട് പ്രശ്നങ്ങളും സാധ്യതകളും |
| | നവംബർ | 22 | 6 | ടൂറിസം: പ്രശ്നങ്ങളും സാധ്യതകളും |
| | ഡിസംബർ | 22 | 7 | റോഡപകടങ്ങൾ-ഒരു സാമൂഹ്യപ്രശ്നം |
| 2005 | ജനുവരി | 22 | 8 | ആത്മഹത്യയുടെ അകത്തളങ്ങൾ |
| | ഫെബ്രുവരി | 22 | 9 | സുനാമിദുരന്തത്തിന്റെ ബാക്കി പത്രം |
| | മാർച്ച് | 22 | 10 | സ്ത്രീയും പേറ്റന്റ് നിയമവും |
| | ഏപ്രിൽ | 22 | 11 | മലയാളി വളരുന്നു, മതത്തിൽ നിന്നും മന്ത്രത്തിലേക്ക് |
| | മേയ് | 22 | 12 | തൊഴിൽ, തൊഴിലാളി, ട്രേഡ് യൂണിയൻ ആഗോളീകരണത്തിന്റെ പശ്ചാത്തലത്തിൽ |
| | ജൂൺ | 23 | 1 | ജലം, ജീവൻ, സുരക്ഷ-ചില ജനപക്ഷ ചിന്തകൾ |
| | ജൂലൈ | 23 | 2 | യുവതേ, പേറുക വന്നീപന്തങ്ങൾ |
| | ആഗസ്റ്റ് | 23 | 3 | വിദ്യാഭ്യാസവും ദേശീയതയും |
| | സെപ്റ്റംബർ | 23 | 4 | ഫോക് ലോർ |
| | ഒക്ടോബർ | 23 | 5 | ജനകീയ സമരങ്ങൾ ഇന്നലെ ഇന്ന് |

| | | | | |
|---|---|---|---|---|
| | നവംബർ | 23 | 6 | മത്സ്യത്തൊഴിലാളി സമൂഹം- വികസനത്തിന്റെ അരനൂറ്റാണ്ട് കഴിഞ്ഞിട്ടും |
| | ഡിസംബർ | 23 | 7 | മതങ്ങൾ-പൗരോഹിത്യത്തിന്റെ ബലിമൃഗങ്ങൾ |
| 2006 | ജനുവരി | 23 | 8 | ചരിത്രം മറ്റൊരു കണ്ണിലൂടെ |
| | ഫെബ്രുവരി | 23 | 9 | മനുഷ്യാവകാശങ്ങൾ, മരീചിക? |
| | മാർച്ച് | 23 | 10 | സ്ത്രീദിന ചിന്തകൾ |
| | ഏപ്രിൽ | 23 | 11 | പാരിസ്ഥിതിക പരിപ്രേക്ഷ്യം ജീവിതത്തിൽ |
| | മേയ് | 23 | 12 | മാറുന്ന തൊഴിൽ സംസ്കാരം |
| | ജൂൺ | 24 | 1 | വികസനത്തിന്റെ സാമൂഹ്യലക്ഷ്യം |
| | ജൂലൈ | 24 | 2 | ദുരാചാരങ്ങൾക്കെതിരെ കേരളത്തിലെ നവോത്ഥാന നായകർ |
| | ആഗസ്റ്റ് | 24 | 3 | കേരളത്തിലെ വിദ്യാഭ്യാസം- ഒരു സമസ്യ |
| | സെപ്റ്റംബർ | 24 | 4 | കേരള വിദ്യാഭ്യാസരംഗത്തു ക്രൈസ്തവരുടെ പങ്ക്-അന്നും ഇന്നും |
| | ഒക്ടോബർ | 24 | 5 | പുന്നപ്രവയലാർ സമരത്തിന്റെ പരിണാമം ആറു ദശകങ്ങളിലൂടെ |
| | നവംബർ | 24 | 6 | മത്സ്യമേഖലയും 11-ാം പഞ്ചവത്സര പദ്ധതിയും |
| | ഡിസംബർ | 24 | 7 | മാധ്യമങ്ങളുടെ സാമൂഹ്യപരത |
| 2007 | ജനുവരി | 24 | 8 | അധികാരത്തിന്റെ ചരിത്രം |
| | ഫെബ്രുവരി | 24 | 9 | ജലസ്രോതസുകളുടെ രക്ഷയ്ക്ക് ജനപങ്കാളിത്തം |
| | മാർച്ച് | 24 | 10 | ആഗോളീകരണം, സ്ത്രീ, തൊഴിൽ |
| | ഏപ്രിൽ | 24 | 11 | ഇന്ത്യൻ മുസ്ലിങ്ങളും സച്ചാർകമ്മറ്റി റിപ്പോർട്ടും |
| | മേയ് | 24 | 12 | കോടതിയുടെ വിശ്വാസ്യത |
| | ജൂൺ | 25 | 1 | കാർഷിക കേരളം |
| | ജൂലൈ | 25 | 2 | ഭക്ഷ്യ സുരക്ഷയും ജൈവവൈവിധ്യവും |
| | ആഗസ്റ്റ് | 25 | 3 | കേരള കാർഷിക വികസന നയം |
| | സെപ്റ്റംബർ | 25 | 4 | ദലിതരും മണ്ണിന്റെ രാഷ്ട്രീയവും |
| | ഒക്ടോബർ | 25 | 5 | പുന്നപ്രവയലാർ: വർഗസമരത്തിന്റെ കാലിക പ്രസക്തി |

| | | | | |
|---|---|---|---|---|
| | നവംബർ | 25 | 6 | ജലാശയ മലിനീകരണവും അദൃശ്യ മത്സ്യനശീകരണവും |
| | ഡിസംബർ | 25 | 7 | വർഗീയത, മിത്ത്, ചരിത്രം |
| 2008 | ജനുവരി | 25 | 8 | വിദ്യാഭ്യാസവും ന്യൂനപക്ഷാവകാശവും |
| | ഫെബ്രുവരി | 25 | 9 | പൊതുനിരത്ത് കുരുതിക്കളമോ? |
| | മാർച്ച് | 25 | 10 | മലയാളിസ്ത്രീ എങ്ങോട്ട്? |
| | ഏപ്രിൽ | 25 | 11 | മഹാഭാരത വായനകൾ |
| | മേയ് | 25 | 12 | രണ്ടാം ഭൂപരിഷ്കരണത്തിന്റെ അനിവാര്യത |
| | ജൂൺ | 26 | 1 | അതിജീവനത്തിന്റെ ബദൽ സാധ്യതകൾ |
| | ജൂലൈ | 26 | 2 | വിദ്യാഭ്യാസമേഖല പരിഷ്കരണങ്ങളും പ്രതിസന്ധികളും |
| | ആഗസ്റ്റ് | 26 | 3 | വിനോദവ്യവസായവും കേരളവും |
| | സെപ്റ്റംബർ | 26 | 4 | 123- ഇന്ത്യ വിൽപ്പനച്ചരക്കാകുമ്പോൾ |
| | ഒക്ടോബർ | 26 | 5 | സമരവും ജനതയും:പുന്നപ്ര വയലാറിന്റെ വെളിച്ചത്തിൽ |
| | നവംബർ | 26 | 6 | ജലപരിഷ്കരണ നിയമം - കടലിന്റെ മക്കൾക്കായി 'കര' ഒരുങ്ങുന്നു |
| | ഡിസംബർ | 26 | 7 | വർഗീയ കലാപങ്ങളുടെ മന:ശാസ്ത്രം |
| 2009 | ജനുവരി | 26 | 8 | ദലിത് സാഹിത്യ വർത്തമാനം |
| | ഫെബ്രുവരി | 26 | 9 | നമ്മുടെ ബ്യൂറോക്രസി |
| | മാർച്ച് | 26 | 10 | സ്വാതന്ത്ര്യസമരത്തിലെ സ്ത്രീ പങ്കാളിത്തം |
| | ഏപ്രിൽ | 26 | 11 | വിണ്ടുകീറിയ ഭൂമിയും ഹരിത രാഷ്ട്രീയവും |
| | മേയ് | 26 | 12 | സംസ്കാരം, പ്രതിനിധാനം പ്രതിഷേധം |
| | ജൂൺ | 27 | 1 | വിദ്യാഭ്യാസത്തിന്റെ രാഷ്ട്രീയം |
| | ജൂലൈ | 27 | 2 | മലയാള എഴുത്തും വായനയും |
| | ആഗസ്റ്റ് | 27 | 3 | കേരളത്തിലെ ഭൂസമരങ്ങൾ |
| | സെപ്റ്റംബർ | 27 | 4 | ചരിത്രം തമസ്കരിച്ചത് |
| | ഒക്ടോബർ | 27 | 5 | രാഷ്ട്രീയ പ്രതിബദ്ധത പുന്നപ്ര വയലാറിന്റെ പശ്ചാത്തലത്തിൽ |

| | | | | |
|---|---|---|---|---|
| | നവംബർ | 27 | 6 | മത്സ്യമേഖലയും ആസിയാൻ കരാറും |
| | ഡിസംബർ | 27 | 7 | മനുഷ്യാവകാശം |
| 2010 | ജനുവരി | 27 | 8 | കുടുംബജീവിതം പൊളിച്ചെഴുതിയാൽ |
| | ഫെബ്രുവരി | 27 | 9 | കുടിയൊഴിപ്പിക്കലുകൾ |
| | മാർച്ച് | 27 | 10 | സ്ത്രീ: നവകാലത്തിന്റെ സാധ്യതകളും വെല്ലുവിളികളും |
| | ഏപ്രിൽ | 27 | 11 | സംവരണവും സാമൂഹ്യനീതിയും |
| | മേയ് | 27 | 12 | പുതിയകാലത്തെ നിർവചിക്കേണ്ടതു സ്വത്വരാഷ്ട്രീയമോ വർഗരാഷ്ട്രീയമോ? |
| | ജൂൺ | 28 | 1 | ദേശീയവിദ്യാഭ്യാസനയം കേരളത്തിൽ |
| | ജൂലൈ | 28 | 2 | മലയാളിയുടെ സദാചാരം |
| | ആഗസ്റ്റ് | 28 | 3 | ചരിത്രത്തിന്റെ പുനർവായനകൾ |
| | സെപ്തംബർ | 28 | 4 | ആസന്നമായ തെരഞ്ഞെടുപ്പും നിലപാടുകളും തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയം |
| | ഒക്ടോബർ | 28 | 5 | പുന്നപ്ര-വയലാർ - ഓർമ്മകളുടെ ജ്വലനം |
| | നവംബർ | 28 | 6 | കേരളത്തിന്റെ ഉൾനാടൻ-കടലോര മത്സ്യമേഖലകൾ - ഒരു പൊതു അവലോകനം |
| | ഡിസംബർ | 28 | 7 | ദലിത്‌വർത്തമാനങ്ങൾ |
| 2011 | ജനുവരി | 28 | 8 | നവകവിത ജീവിതമെഴുതുമ്പോൾ |
| | ഫെബ്രുവരി | 28 | 9 | യുക്തി ഇല്ലാത്ത കേരളം |
| | മാർച്ച് | 28 | 10 | സ്ത്രീ: കുടുംബം, പൊതു ഇടം |
| | ഏപ്രിൽ | 28 | 11 | ഇടതുപക്ഷം തെരഞ്ഞെടുക്കപ്പെടേണ്ടത് |
| | മെയ് | 28 | 12 | അസംഘടിത തൊഴിൽമേഖല |
| | ജൂൺ | 29 | 1 | പരിസ്ഥിതിയുടെ വർത്തമാനം |
| | ജൂലൈ | 29 | 2 | മലയാളം ഒന്നാംഭാഷയാകുമ്പോൾ |

അനുബന്ധം - 15

# 'ഓറ'യുടെ ലഘുചരിത്രം

**തുടക്കം**

**കൊ**ല്ലം കത്തോലിക്കാ രൂപതയിലെ, ദരിദ്രപക്ഷത്തിന് ഊന്നൽ നൽകുന്ന ഒരു ചെറു വൈദികസംഘത്തിന്റെ ഉത്തരവാദിത്വത്തിൽ 1982 ലാണ് *ഓറ* മാസിക ആരംഭിച്ചത്. ലാറ്റിനമേരിക്കയിൽ ജനിച്ചുവളർന്ന വിമോചന ദൈവശാസ്ത്രത്തിന്റെ ചുവടുപിടിച്ചുകൊണ്ട്, കേരള സ്വതന്ത്രമത്സ്യത്തൊഴിലാളി ഫെഡറേഷന്റെ ചരിത്രപ്രസിദ്ധമായ 1980 കളിലെ സമരപോരാട്ടങ്ങൾക്ക് ഒരു ദൈവശാസ്ത്രമാനം നൽകുന്ന നിലപാട് *ഓറ* സ്വീകരിച്ചു.

**വിമോചന ദൈവശാസ്ത്ര ജിഹ്വയാകുന്നു**

1986 ൽ അൽമായ സുഹൃത്തുക്കളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പത്രാധിപസമിതി വിപുലപ്പെടുത്തി. സഭയിലും സമൂഹത്തിലും ഉയർന്നുവന്ന ജനകീയസമരങ്ങൾക്ക് താത്വിക അടിത്തറ പാകിക്കൊണ്ട് *ഓറ* മാസിക അതിന്റെ വ്യക്തിത്വം പ്രകടിപ്പിച്ചു. സമൂഹത്തിൽ പ്രാന്തവൽക്കരിക്കപ്പെട്ട വിവിധ ജനവിഭാഗങ്ങളുടെയും അവരുടെ വിമോചനപ്പോരാട്ടത്തിന്റെയും സ്വരമായി *ഓറ* നിലകൊണ്ടു. അങ്ങനെ *ഓറ* വിമോചന ദൈവശാസ്ത്രത്തിന്റെ ജിഹ്വയായി മാറി.

**മതേതരത്വത്തിലേക്ക് - ദരിദ്രപക്ഷപാതിത്വം**

*ഓറ*യുടെ പരിണാമപ്രക്രിയയിൽ, പത്രാധിപസമിതി മതേതരസ്വഭാവം മുറുകെപ്പിടിച്ചു. വർഗീയതയ്ക്കെതിരെ മാനവഐക്യം എന്നത് *ഓറ*യുടെ മുഖമുദ്രയായി - സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളിലും വളർന്നുവരുന്ന സാംസ്കാരിക ജീർണതയ്ക്കെതിരെ, ഉദാത്തമായ മാനു

ഷികമൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട്, ദരിദ്രപക്ഷം ചേർന്നുനിന്ന്, സ്ത്രീ-മത്സ്യത്തൊഴിലാളി-ദലിത്-ആദിവാസി-പരിസ്ഥിതിപക്ഷ ദർശനത്തിന് ഊന്നൽനൽകി.

## മനുഷ്യവിമോചനത്തിന്റെ ശബ്ദമാകുന്നു

ബഹുമുഖമതങ്ങളും വിശ്വാസങ്ങളും സംസ്കാരങ്ങളും സമ്മേളിച്ചിരിക്കുന്ന ഒരു ദരിദ്രരാഷ്ട്രമാണല്ലോ ഇന്ത്യ. ഇവിടെ എന്തായിരിക്കണം വിമോചനത്തിന്റെ പാത എന്ന ഗൗരവമായ അന്വേഷണത്തിന്റെ ഭാഗമായി *ഓറ* മനുഷ്യവിമോചന ശബ്ദമായി പ്രവർത്തിച്ചുവരുന്നു.

'മാധ്യമം സാമൂഹ്യമാറ്റത്തിന്' എന്ന ലക്ഷ്യത്തോടെ ഒരു ബദൽ പ്രസിദ്ധീകരണമെന്ന നിലയിൽ പല എതിർപ്പുകളെയും നേരിട്ടുകൊണ്ടുതന്നെ, ഒരു രാഷ്ട്രീയപാർട്ടിക്കും സ്വത്വം അടിയറവയ്ക്കാതെ, ക്രിയാത്മകവും വിമർശനാത്മകവുമായ സമീപനം സ്വീകരിച്ച്, സ്വതന്ത്രസ്വഭാവത്തോടെ - ഒപ്പം വ്യക്തമായ ദരിദ്രപക്ഷ-സ്ത്രീപക്ഷ രാഷ്ട്രീയ കാഴ്ചപ്പാടോടെ, കഴിഞ്ഞ 24 വർഷമായി *ഓറ* എല്ലാ മാസവും രണ്ടാം തീയതി കൃത്യമായി പ്രസിദ്ധീകരിച്ചുവരുന്നു.

## 'ഓറ' - 25-ാം വർഷത്തിലേക്ക്

2000 ജനുവരി മുതൽ ഓരോ മാസവും ഓരോ പ്രത്യേക കവർസ്റ്റോറിക്ക് ഊന്നൽ നൽകി, ആ വിഷയത്തിൽ പ്രഗത്ഭരും പണ്ഡിതരും അർപ്പണസ്വഭാവമുള്ളവരുമായവരുടെ ഈടുറ്റലേഖനങ്ങൾ കൊണ്ട് *ഓറ* സമ്പന്നമാക്കപ്പെടുന്നു. കേരളത്തിലെ സാഹിത്യ-സാംസ്കാരിക-സാമൂഹ്യ-രാഷ്ട്രീയ-പരിസ്ഥിതി മണ്ഡലങ്ങളിലെ മഹത്‌വ്യക്തികൾ അവരുടെ വിലപ്പെട്ട സംഭാവനകൾ - സൃഷ്ടികളായും സമ്പത്തായും - നൽകി *ഓറയെ* നിലനിർത്തുന്നു. ഈ ജനകീയ അടിത്തറയാണ് *ഓറയുടെ* ജീവൻ. *ഓറയുടെ* ഈ അടിത്തറ യാഥാർത്ഥ്യബോധത്തോടെ വിപുലപ്പെടുത്തി, എങ്ങനെ മലയാളിയുടെ മനസിൽ സ്ഥിരപ്രതിഷ്ഠമാക്കാൻ പറ്റുമെന്നാണ് ഈ 25-ാം വർഷത്തെ അന്വേഷണം.

അനുബന്ധം - 16

# സംഘജീവിതത്തിനായി വിശകലനത്തിനുള്ള ചോദ്യങ്ങൾ

1. പ്രകൃതി ഉൾക്കാഴ്ചകൾക്ക് താഴെ മാത്രം ഗുരുക്കളും ദൈവങ്ങളും വേദങ്ങളും *ബൈബിളും ഖുർ-ആനും* ഒക്കെ കാണേണ്ടേ?
- ചിന്തയിലൂടെയും ധ്യാനത്തിലൂടെയും സ്വന്തം ഉൾക്കാഴ്ചകളിലൂടെ സ്വയം ഗുരുവാകുന്നതല്ലേ ഏറ്റവും മഹോന്നത മനുഷ്യ പ്രവൃത്തി?
- പശുക്കൾ ജീവപോഷണം നടത്തുന്നത് അയവിറക്കിയല്ലേ? ആഴത്തിലുള്ള ചിന്തയും ധ്യാനവും ഇതല്ലേ ചെയ്യുക?
- പ്രാർഥനയ്ക്കു പകരം ഉള്ളുണർന്ന-ആശ്ചര്യ-ആഹ്ലാദ-നന്ദി-അഭിനന്ദന-നന്മ-സൗഖ്യ-സ്നേഹാർദ്ര -ആശംസാപരിപാടികൾ പോരേ?
- ദൈവ-മനുഷ്യ-പുരുഷ കേന്ദ്രികൃത ദർശനമോ, പ്രകൃതി-ജൈവ-സ്ത്രൈണ കേന്ദ്രികൃത ദർശനമോ ഗുണകരം? കൂടുതൽ സമ്പന്നം?
- ഇന്നുള്ള കുടുംബ വ്യവസ്ഥ ഗുണകരമോ ദോഷകരമോ?
- മതം, ജാതി, ദേശീയത, ദൈവം, മനുഷ്യാധ്വാന ക്രയവിക്രയം (കൂലിപ്പണി) - ഇപ്പോൾ ഗുണകരമോ ദോഷകരമോ?

2. മയക്കുമരുന്ന്, പുകയില, മദ്യം, ലഹരിപാന സുഖം-ഇവകൾ ഗുണകരമോ ദോഷകരമോ?
- സ്വാശ്രയ സ്വതന്ത്ര സ്ത്രീകൂട്ടങ്ങൾ സ്വീകാര്യമോ?
- ലൈംഗികസ്വാതന്ത്ര്യം സ്വീകാര്യമോ?
- സ്ത്രീയുടെ ഇഷ്ടം,സമ്മതം,ക്ഷണം-ഇവ ലൈംഗിക ഇടപെടലിനു നിർബന്ധവ്യവസ്ഥയായി അംഗീകരിക്കുമോ?
- സ്വതന്ത്ര,സ്നേഹ,പ്രണയ,ലൈംഗിക മധുപാനസുഖം എങ്ങനെ?

3. നന്മ-തിന്മ സമരം, ദു:ഖം പങ്കിടൽ, ദു:ഖിപ്പിച്ചു സന്തോഷിപ്പിക്കൽ, കഠിനാധ്വാനം, ത്യാഗം, എളിമപ്പെടൽ, എതിരാളിയെ/പ്രകൃതിയെ കീഴടക്കൽ-ഒക്കെയായിട്ടാണോ ജീവിതത്തെ കണക്കാക്കുന്നത്? അതോ, ആനന്ദം പങ്കിടൽ, ആനന്ദിപ്പിച്ചാനന്ദിക്കൽ, നിരന്തര താള ലയകളിരസങ്ങൾ, സൃഷ്ടി പോഷണ സംതൃപ്തികൾ, കുതിപ്പും കിതപ്പും-ഒക്കെയായിട്ടാണോ ജീവിതത്തെ കാണുന്നത്?
4. ദോഷദൃഷ്ടി, പരാജയസ്മരണ, മത്സരഭാവം വിജയമോഹം-ഒക്കെ യാണോ വ്യഗ്രതകൾ? അതോ, ഗുണദൃഷ്ടി, സംതൃപ്ത സ്മരണ കൾ, സഹകരണ ഭാവം, സൗഹൃദാനന്ദ മോഹം-ഒക്കെയോ?
5. സ്വകാര്യസ്വത്തു മോഹം, അധികാര നിയന്ത്രണ ഭാവം, വിധി യാള-ശിക്ഷക ഭാവം, ആചാര്യ ഗുരു ഭാവം,മേധാവിത്വ-അധീന ഭാവസങ്കൽപ്പങ്ങൾ-ഒക്കെ ത്യജിക്കേണ്ടതല്ലേ?
- വ്യക്തിസ്വകാര്യതയ്ക്ക് അനിവാര്യമായ സ്വകാര്യ ഇടവും വസ്തു വകകളും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതല്ലേ?
- പൊതുസ്വത്തും സമസ്ത ലോക സൗഭാഗ്യ സ്വപ്നങ്ങളുമല്ലേ പാടുള്ളൂ?
6. പ്രകൃതി-പ്രപഞ്ച-പരിണാമോർജ്ജ പ്രവാഹം വിശ്വാസമാക്കാമോ?
- സത്യം, ശിവം (നന്മ), സൗന്ദര്യം, സമ്പൂർണ്ണ അഹിംസ, അനന്ത ക്ഷമ, അന്തരാള സഹാനുഭൂതി (gut level compassion), പ്രത്യാ ശാമൂല്യങ്ങളായ സത്യം, നീതി, ധർമ്മം, സ്വാശ്രയ-അധ്വാന-സമ ത്വ-സന്തോഷ-പ്രണയങ്ങൾ-ഇവയ്ക്ക് അനുയോജ്യമായ ജീവിത ശൈലിയായിക്കൂടേ?
7. പ്രകൃതി സസ്യാഹാര ശൈലിയോ, ഹിംസ-മാംസാഹാര ശൈലിയോ കൂടുതൽ സ്വീകാര്യം?
8. മനുഷ്യ പ്രജനനം ബോധനിശ്ചയ പ്രകാരമോ ദൈവനിശ്ചയപ്രകാ രമോ അവിചാരിത സംഭവമോ?
- പ്രജനനവും കുട്ടികളും പങ്കാളികളുടെ സ്വകാര്യ അവകാശമോ? അതോ, അവിതർക്കിതമായി മനുഷ്യൻ സാമൂഹ്യജീവിയായതു കൊണ്ട്, പൊതുസാമൂഹ്യാവശ്യാധിഷ്ഠിത, നിയുക്ത സമൂഹ തീരു മാനാധിഷ്ഠിത അവകാശമോ?
- കുട്ടികളുടെ പ്രജനനവും പരിപോഷണവും പാലനവും കുടുംബ ത്തിലോ അതോ നിയുക്ത സമൂഹത്തിലോ കൂടുതൽ ഗുണകരം?
- വൃദ്ധ-വികലാംഗ രോഗിപരിചരണങ്ങൾ കുടുംബത്തിലോ നിയുക്ത സമൂഹത്തിലോ സ്വീകാര്യം?
9. ലൈംഗികതയുടെ പ്രഥമ സ്വാഭാവിക ലക്ഷ്യം പ്രജനനമോ, അതോ, പങ്കാളികളുടെ ക്ഷേമവും സുഖവുമോ, ജൈവഘടനയുടെ (organism)പുനരുജ്ജീവനവും സംതൃപ്തിയും പ്രവർത്തനക്ഷമത യുമോ?

- കുടുംബ വ്യവസ്ഥയ്ക്കുള്ളിൽ മാത്രം ലൈംഗിക പ്രവർത്തനം പരിമിതപ്പെടുത്തുന്നത് ഗുണകരമോ?
- അവിവാഹിതരായി ജീവിക്കാൻ തീരുമാനിച്ച സ്ത്രീപുരുഷന്മാർ തമ്മിലുള്ള ബന്ധത്തെ എങ്ങനെ കാണുന്നു?
- കുട്ടികളുടെ, കൗമാര പ്രായക്കാരുടെ, അവിവാഹിതരുടെ, മറ്റു കുടുംബേതരുടെ ലൈംഗികാവകാശങ്ങൾ എപ്രകാരമാണ് കാണുക?
- സ്വവർഗരതി, സ്വയംഭോഗം, മുതിർന്നവർ-കുട്ടികൾ തമ്മിൽ രതി, മനുഷ്യേതര ജീവികളുമായി രതി, ഉപകരണ രതി, സിനിമാ രതി തുടങ്ങിയവയോടുള്ള നിലപാടെന്ത്?

10. ദൈവം, മാലാഖ, പിശാച്, മോക്ഷം, നരകം, ആത്മാവ്, മരണാനന്തര ജീവിതം പുനർജന്മം- ഇവ സമ്പുഷ്ടവും സന്തുഷ്ടവുമായ മനുഷ്യജീവിത വളർച്ചാക്രമീകരണത്തിന് അനിവാര്യമെന്നു വിചാരിക്കുന്നുണ്ടോ?

- പ്രകൃതിയിൽനിന്ന് പരിണമിച്ച, കാലത്തിൽ പ്രകൃതിയിൽ(മണ്ണിൽ) തന്നെ ഉൾച്ചേരുന്ന ഒരു ജീവിത വീക്ഷണം യുക്തിക്കും ബുദ്ധിക്കും പ്രജ്ഞയ്ക്കും (ഉൾക്കാഴ്ച) അനുയോജ്യമല്ലേ?
- നന്മ-തിന്മാശക്തികളുടെ സംഘർഷഭൂമികയായി ജീവിതത്തെ കാണേണ്ടതുണ്ടോ?
- നന്മതിന്മകളേയും ദുഃഖസന്തോഷങ്ങളേയും ജനിമൃതികളേയും ജീവന്റെ തുടിപ്പും കുതിപ്പും കിതപ്പും താളലയങ്ങളുമായി മനസിലാക്കാൻ കഴിയില്ലേ?
- ജനിമൃതികൾക്കു ദൈവ-മത സഹായങ്ങൾ അനിവാര്യമാണോ?
- പ്രകൃതി മനുഷ്യബന്ധം ശത്രുതയോ മത്സരമോ കീഴടക്കലോ ഉപയോഗമോ? അതോ, ആദരവോ അത്ഭുതമോ സൗഹൃദമോ സഹകരണമോ?

# ബദൽ അന്വേഷണത്തിലെ ദർശനസമാനതകൾ

വർഷങ്ങൾ പിന്നിട്ട ഒരുമിച്ചുകൂടലിന്റെയും ഒന്നിച്ചിരുന്നുള്ള ആശയ പങ്കുവയ്ക്കലിന്റെയും ഫലമായി സൗഹൃദത്തിന്റെ ചില പുത്തൻ മാനങ്ങൾ രൂപപ്പെട്ടു. അതുവഴി ദർശനങ്ങളിലുള്ള സമാനതയ്ക്കു വ്യക്തതയും ആഴവും ഏറി. തികച്ചും വ്യത്യസ്തമായ ഒരു ലോകവീക്ഷണവും മൂല്യസംഹിതയുമാണ് ഈ സംഘത്തിന്റെ – കൂട്ടുകൂടലിന്റെ – ചാലകശക്തിയെന്ന് അടിവരയിട്ടു പറയേണ്ടിയിരിക്കുന്നു.

പ്രസ്തുത ലോകവീക്ഷണത്തിന്റെ കാതൽ യാതൊന്നിനേയും മാറ്റി നിർത്താതെ, എന്നുവച്ചാൽ all-inclusive ആയുള്ള പ്രപഞ്ചദർശനമല്ലാതെ മറ്റൊന്നല്ല. പ്രപഞ്ചത്തിന്റെ താളത്തിനൊത്തു നീങ്ങുമ്പോൾ (feel and become one with the cosmic harmony), മാറ്റവും പരിണാമവുമല്ലാതെ വേറൊന്നും അനുഭവവേദ്യമല്ല എന്ന സത്യം വ്യക്തമാകുന്നു. ഇവിടെ ജനനവും വളർച്ചയും തളർച്ചയും മരണവും, സ്നേഹവും സ്വാതന്ത്ര്യവും സൗഹൃദവും ഇണചേരലും – എല്ലാം പ്രപഞ്ചതാളാത്മകതയായിത്തീരുന്നു. ഇവിടെ ഉൽകൃഷ്ട മാനവികതയും പ്രാപഞ്ചികതയും സമഞ്ജസം കൈകോർത്തു നീങ്ങുന്നു.

ബദൽ അന്വേഷണത്തിന്റെ നിലപാടുതറ വിശാലമായൊരു പ്രപഞ്ചദർശനമാണ്. ഈ വീക്ഷണത്തിന്റെ വെളിച്ചത്തിൽ നിലവിലിരിക്കുന്ന എല്ലാ പ്രത്യയശാസ്ത്രങ്ങളെയും പ്രസ്ഥാനങ്ങളെയും സ്ഥാപനങ്ങളെയും മത-സാമുദായിക-സാംസ്കാരിക സംഘടനകളെയും വിശ്വാസങ്ങളെയും വിലയിരുത്തേണ്ടതുണ്ട്. നീക്കുപോക്കുകൾക്കു വേണ്ടിയല്ല, സമൂലമായൊരു മാറ്റത്തിനുവേണ്ടിയാണീ പ്രക്രിയ. എല്ലാത്തിനോടും എല്ലാംകൊണ്ടും ഒരു തുറന്ന മനോഭാവമാണീ പ്രക്രിയയുടെ അടിസ്ഥാന സമീപനം.

സംഘജീവിത കൂട്ടായ്മയുടെ ഈ വിശാല ദർശനത്തിന്റെ സമാന തകളും പൊതുധാരണകളും അക്കമിട്ടുതന്നെ കുറിക്കട്ടെ.

1. മതം, ആചാരാനുഷ്ഠാനങ്ങൾ(പൂജ, ബലി, നേർച്ചകാഴ്ചകൾ, ഭക്തി, മുതലായവ), പുരോഹിതവർഗം, മരണാനന്തരജീവിതം (ശിക്ഷ: നരകം, പ്രതിഫലം: സ്വർഗം തുടങ്ങിയവ) - ഇവയൊക്കെ ആസൂത്രിത ചൂഷണത്തിന്റെയും അടിമത്തത്തിന്റെയും സ്ഥാപിത പ്രകടനങ്ങളാണെന്നതിൽ സംവാദവും ചർച്ചയും ആവശ്യമെന്നു തോന്നുന്നില്ല.
2. വ്യക്തിയുടെ സർഗാത്മകതയും സ്വാതന്ത്ര്യവും താളാത്മകതയും ഇല്ലാതാക്കുകയോ അംഗീകരിക്കാതിരിക്കുകയോ ചെയ്യുന്ന എല്ലാ സംവിധാനങ്ങളും ഇല്ലാതാകണം. ജാതി, സമുദായം, മതം, ദൈവ വിശ്വാസം, സൃഷ്ടിവിശ്വാസം, കൂലിപ്പണി/ഉദ്യോഗം അഥവാ മനുഷ്യാധ്വാന ക്രയവിക്രയം, ശിക്ഷ, ജയിൽ, സ്വർഗം, നരകം, നേതാവും അധികാരക്രമവും, പരലോക വിശ്വാസം, മരണാനന്തര ജീവിത വിശ്വാസം - ഇവകൾ മനുഷ്യവളർച്ചയ്ക്കു ദോഷകരമാണ്. അഥവാ മനുഷ്യന്റെ വികലമായ വളർച്ചയ്ക്ക് കാരണമാണ്. ഇവയ്ക്കൊക്കെ ബദലുകൾ ഉണ്ടാകണം.
3. പ്രഥമവും പ്രധാനവുമായി സെക്കുലർ സമീപനമായിരിക്കും സ്വീകരിക്കുക. ആത്മീയതയും ദൈവികതയും പ്രകൃത്യതീത ജീവിതവും മരണാന്തര പരലോകജീവിതവുമൊക്കെ ഈ സെക്കുലർ സമീപനത്തിൽ തീർത്തും അപ്രസക്തമാണ്. ജനനം മുതൽ മരണസംസ്കാരം വരെയുള്ള ജീവിത ചക്രകർമങ്ങളോടും സംഭവങ്ങളോടും മതരഹിത സമീപനമാണ് സ്വീകരിക്കുക. ആത്മാവ്, മരണാനന്തര ജീവിതം, സ്വർഗനരകങ്ങൾ, ഭൂതപ്രേതങ്ങൾ, മലാഖ-പിശാച്, ദൈവം തുടങ്ങിയവകൾ മനുഷ്യമസ്തിഷ്ക സൃഷ്ടികളും സങ്കൽപ്പങ്ങളും മോഹങ്ങളും മാത്രം.
4. പ്രകൃതി, പ്രപഞ്ചം, പ്രാണി, പെണ്ണ്, ആണ് എന്നുള്ള ഒരു ഹയറാർക്കിക്കോ തരംതിരിവിനോ സ്ഥാനമില്ലിവിടെ. ഒരിക്കലും നേതാവാകരുത്; നേതാവിനെ അന്വേഷിക്കുകയുമരുത്. സംഘജീവിതത്തിനു താൽപ്പര്യമുള്ളവരുടെ ബന്ധുത്വമാണ് ലക്ഷ്യംവയ്ക്കുന്നത്. സമഭാവനയുടെ തികവാണ് സംഘജീവിതം.
5. സ്വാതന്ത്ര്യവും സഹവർത്തിത്വവും സാധിതമാകാൻ വിധേയത്വവും മേധാവിത്വവും, ഗുരുവും ശിഷ്യനും, നേതാവും അണികളും, മേലാളരും കീഴാളരും, ആജ്ഞയും അനുസരണവും ഇല്ലാതായി സുതാര്യതയും സമഭാവനയും പങ്കുവയ്ക്കലും കരുതലും സൗഹൃദവും വളർന്നു പുഷ്പിച്ച് പൂവണിയുന്ന ഒരവസ്ഥയാണ് ലക്ഷ്യം.
6. സൃഷ്ടിയല്ല, പരിണാമമാണ് പ്രപഞ്ചത്തിന്റെ തുടക്ക-നിലനിൽപ്പുകൾക്ക് കാരണം. അവിടെ അധ്വാനമാണ് ജീവിതവളർച്ച, നിലനിൽപ്പുകൾക്ക് ആധാരം.

7. അധ്വാനം വിറ്റു കാശാക്കുന്ന രീതിയാണിന്നുള്ളത്. ഈ അവസ്ഥ മാറണം. കാരണം അധ്വാനത്തോടൊപ്പം സർഗാത്മകതയും ക്രിയാത്മകതയും സ്വാതന്ത്ര്യവും വിൽപ്പനച്ചരക്കാകുന്നു. അങ്ങനെ കൂലിവേല അടിമവേലയാകുന്ന സ്ഥിതിവിശേഷം മാറി, ആത്മാവിഷ്കാരത്തിന്റെയും സഹകരണത്തിന്റെയും പങ്കുവയ്ക്കലിന്റെയും രീതികൾ ഉണ്ടാകണം.
8. കുടുംബ സംവിധാനം എന്നും സ്വാർഥതയുടെ പഠനക്കളരിയും പുരുഷമേധാവിത്വത്തിന്റെ പ്രകടമായ വേദിയുമാണ്. ഇവിടെ ആരോഗ്യകരവും ജനാധിപത്യപരവും ഉത്തരവാദിത്തപരവുമായ സ്ത്രീ-പുരുഷ ബന്ധത്തിൽ അടിയുറച്ച ബദലുകൾ അനിവാര്യമാണ്.
9. പങ്കാളിയുടെ ആരോഗ്യം, ഇഷ്ടം, സന്തോഷം, നീതി, സ്വാതന്ത്ര്യം ഇവ ഉറപ്പുവരുത്തിയിട്ട്, ലൈംഗികതയിലെ ഏകബഹുപങ്കാളിത്തത്തിൽ സ്വാതന്ത്ര്യമുണ്ടായിരിക്കും. ചുരുക്കത്തിൽ, സ്വതന്ത്ര ലൈംഗികതയല്ല, ഉത്തരവാദിത്വപരമായ ലൈംഗികതയാണ് ഉന്നം വയ്ക്കുന്നത്.
10. സ്വകാര്യസ്വത്തിനും ഉപയോഗത്തിനും പരിധി നിശ്ചയിക്കുന്നത് വ്യക്തികൾ തന്നെയായിരിക്കണം. പുറമേ നിന്നുള്ള ആജ്ഞയും അനുശാസനകളും വ്യക്തിസ്വകാര്യതയിലേയ്ക്കുള്ള കടന്നുകയറ്റമായിരിക്കും. അതിനാൽ ഒരു പൊതുനിയമം അപ്രായോഗികമായിരിക്കും. (പൊതുസ്വത്തിനെ മാതൃകയാക്കി എടുത്തുകാണിക്കുന്ന ക്രിസ്തീയ സന്യാസത്തിൽ വന്ന പാളിച്ച എല്ലാവർക്കും അറിയാവുന്നതാണല്ലോ). ഓരോരുത്തരും അവരവരുടെ നേതാവും ഗുരുവും നിയന്താവും നിയമപാലകനുമാകണം. എങ്കിലും സ്വകാര്യസ്വത്തിനെപ്പറ്റി ഇങ്ങനെ പറയാം. വ്യക്തിസ്വകാര്യതയ്ക്കും സ്വാതന്ത്ര്യത്തിനും സ്വതന്ത്രാധ്വാനത്തിനും ആത്മാവിഷ്കാരത്തിനും ജീവസന്ധാരണത്തിനും ആവശ്യമായ സ്വകാര്യ ഇടവും വസ്തുക്കളും ഒഴിച്ചുള്ള സ്വകാര്യസ്വത്തിന്റെ നിരാസവും ഉപേക്ഷിക്കലും അനിവാര്യം. എല്ലാ സ്വകാര്യസ്വത്തിന്റെയും മരണാനന്തര കൈമാറ്റം രക്തബന്ധുക്കൾക്കല്ല, സംഘത്തിനു മാത്രം. എന്തിലും അടിസ്ഥാന നിയമം ലളിതം, ചെറുത് എന്നതാണ്.
11. ലോകത്തിൽ മനുഷ്യജനസംഖ്യ വലിയ പ്രശ്നമാണ്. ഇപ്പോൾ തന്നെ അസഹ്യമാംവിധം അധികമാണ്. പ്രജനനകാര്യത്തിൽ സാമൂഹ്യ ഉത്തരവാദിത്വ പരിഗണനകൾ പരമപ്രധാനമാണ്; വ്യക്തിതാൽപ്പര്യങ്ങൾക്കു രണ്ടാം സ്ഥാനം മാത്രം. കുട്ടികളുണ്ടായാൽ സംഘപരിപാലനം നിർബന്ധമാണ്. അല്ലാതെയുള്ള അനുദിന സമൂഹ-വ്യക്തിഗത തർക്കങ്ങളിൽ അന്തിമ തീരുമാനം വ്യക്തിക്കായിരിക്കും, സമൂഹാധികാരിക്കല്ല. ഇതു നടക്കുന്നതോ പരസ്പര ധാരണാ സദ്സംഗത്തിലൂടെയും.

12. മത-ദൈവവിശ്വാസങ്ങളും അവരുടെ നിയമക്രമ ആരാധനാ വ്യവസ്ഥകളുമായുള്ള നീക്കുപോക്കുകൾ അപകടകരമാണ്; പ്രതികൂല ഫലങ്ങൾ ഉണ്ടാക്കുന്നതാണ്. നിലനിൽപ്പിന് അവശ്യം വരുന്നിടത്തോളം സർക്കാർ നിയമക്രമ-സാമൂഹ്യ നിയന്ത്രണ വ്യവസ്ഥകളോടു അനിവാര്യമായ ചെറിയ നീക്കുപോക്കുകൾ മാത്രമാവുക.

13. ചുരുക്കത്തിൽ, മതമില്ലാതെ, മതാചാരങ്ങളില്ലാതെ, പുരോഹിതനും പൂജാരിയും മുല്ലായും ഇല്ലാതെ, നരകത്തെ പേടിക്കാതെ, സ്വർഗത്തെ മോഹിക്കാത, ഇക്കാണുന്ന പ്രപഞ്ചത്തിന്റെ താളത്തിനൊത്തു ജീവിച്ചുകൊണ്ട്, സ്വാതന്ത്ര്യവും സൗഹൃദവും തികവിൽ ആസ്വദിച്ചു ജീവിക്കുക സാധ്യമാണ്. ഇങ്ങനെ ജീവിക്കുന്നവരുടെ സംഘങ്ങൾ, കൂട്ടായ്മകൾ ഉണ്ടാകണം. കുടുംബമല്ല, ചെറുതും ലളിതവുമായ സംഘമാണ് യഥാർഥ മനുഷ്യസമൂഹത്തിന്റെ അടിസ്ഥാന ഘടകം.

**ലളിതവും ചെറുതുമായ സംഘജീവിതത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ ചുവടെ ചേർക്കുന്നു.**

a) സഹകരണാധ്വാനം
b) സഹകരണ ശിശുപരിപാലനം
c) സഹകരണഭക്ഷണം
d) സഹകരണ ജീവസന്ധാരണം
e) അനുദിന ധാരണാ സദ്സംഗം
f) ശിക്ഷാ നിരാസം
g) സ്വയം ശിക്ഷണം അഥവാ സ്വയംഭരണം
h) തിരിച്ചറിവിനായി ജീവിതാനുഭവങ്ങളുടെ അനുദിന പുനർവിചിന്തനം

അങ്ങനെ ചെറിയ കൂട്ടായ്മകൾ/കൂട്ടങ്ങൾ ഉണ്ടാകേണ്ടതും അവയുടെ പാരസ്പര്യവും സഹകരണവും ഉണ്ടാകേണ്ടതും ആവശ്യമാണ്.

**ചർച്ച ചെയ്ത് അംഗീകരിച്ചവർ**

1. തോമസ് വെട്ടിക്കൽ (ഒപ്പ്)
2. മാണി പി ഡി (ഒപ്പ്)
3. അനി അലക്സാണ്ടർ (ഒപ്പ്)
4. അലോഷ്യസ് ഡി ഫെർണാണ്ടസ് (ഒപ്പ്)
5. മനോജ് വി എ (ഒപ്പ്)
6. മെൽസം ചന്ദ്രൻ (ഒപ്പ്)
7. എ ബാലകൃഷ്ണൻ (ഒപ്പ്)
8. സലോമി ജോൺ (ഒപ്പ്)
9. കൊച്ചുമോൾ എം റ്റി (ഒപ്പ്)
10. ഗോപാലകൃഷ്ണൻ (ഒപ്പ്)
11. ആനി മാത്യു (ഒപ്പ്)

അനുബന്ധം - 18

# സംഘജീവിതത്തെപ്പറ്റിയുള്ള അന്വേഷണം കുറച്ചുകൂടി മുന്നോട്ട്

പ്രകൃതി ഊർജ (cosmic energy)ത്തിലുള്ള അലിഞ്ഞുചേരലാണെന്റെ ജീവിതസാഫല്യം. പ്രകൃതിക്കു നിയമമില്ല, താളമേയുള്ളൂ. പ്രകൃതിയുടെ താളത്തെ അടിസ്ഥാനമാക്കിയുള്ള ജീവിതമാണെന്റെ തീവ്രമായ ആഗ്രഹം. ജീവനുള്ളതും ഇല്ലായെന്നു നമ്മൾ പറയുന്നതുമായ സർവതുമാണ് പ്രകൃതി. അതു വലിയൊരു കൂട്ടായ്മയാണ്. അതിലൊരു കണ്ണിയായാൽ ജീവിതം ധന്യമായി.

ഇവിടെ പ്രകൃതി പ്രപഞ്ചം, ജീവൻ, പരിണാമം - ഇവയൊക്കെയാണു പ്രധാന സംജ്ഞകൾ. ഇവിടത്തെ മൂല്യങ്ങളോ സത്യം, നന്മ, സൗന്ദര്യം, സ്വാതന്ത്ര്യം, സഹിഷ്ണുത, സഹാനുഭൂതി, ശാന്തി തുടങ്ങിയവയാണ്.

ഇന്നു ബോധശക്തി(ദൈവം)യെ പ്രതിഷ്ഠിച്ചുകൊണ്ട് 'സൃഷ്ടി, സ്ഥിതി, സംഹാരം' നിയമമാക്കുകയാണ്. അതു ശരിയല്ല. ഇവിടെ ഒന്നിനും സംഹാരം ഉണ്ടാകുന്നില്ല. 'മാറ്റം' എന്ന ഒരേയൊരു രൂപമേ അർഥവത്താകൂ. ഇന്നു ജീവിക്കുന്ന നാം നാളെ വേറെ രൂപത്തിൽ ജീവിക്കുന്നു. മാറ്റവും വൈവിധ്യവുമേയുള്ളു. അസ്തിത്വപരിണാമമാണു നടക്കുന്നത്. അറിവും മാറിക്കൊണ്ടിരിക്കുന്നു. മാറ്റമില്ലാത്തത് ഒന്നു മാത്രം - മാറ്റം മാത്രം.

നമ്മുടെ ഈ ചിന്തയ്ക്കു വ്യാപനം വേണ്ടേ എന്ന ചോദ്യത്തിനു, വ്യാപനത്തേക്കാൾ അനുരണനം ഉണ്ടാകുമെന്നു പറയുന്നതാകണം ശരി. ജീവിതമാണു സന്ദേശം. ജീവിക്കുന്നതു പറയാം എന്നല്ലാതെ 'നമ്മൾ ചെയ്യണം' എന്നുള്ള നിർബന്ധം വേണ്ട. നമ്മുടെ ചെയ്തിയാണ്. ഇന്നത്തെ എല്ലാ നാശത്തിനും കാരണം. ആദിവാസി മഴ നനഞ്ഞിട്ടു പനിയാകുന്നില്ല. നമ്മൾ കുട ഉപയോഗിച്ചിട്ടും പനിപിടിക്കുന്നു. പ്രകൃ

തിയുമായി ഇണങ്ങി ജീവിക്കുവാനാണ് നാം ബാധ്യസ്ഥർ. നാം ലോകത്തിനു വേണ്ടിയാണ്, തിരിച്ചല്ല.

പ്രപഞ്ചമെന്നത് അനുസ്യൂതമായ ഒഴുക്കാണ്, മാറ്റത്തിനു വിധേയപ്പെട്ടുകൊണ്ടുള്ള ജീനിന്റെ/ജീവന്റെ ഒഴുക്ക്. പിന്നെ അവിടെ എന്തിനു ദൈവമെന്ന മറ്റൊരു വലിയ ശക്തി? സത്യത്തിൽ ദൈവം ഒരു സങ്കൽപ്പമാണ്, മനുഷ്യന്റെ സൃഷ്ടിയാണ്. മതങ്ങളെ നിലനിർത്തുന്ന പൊടിമരുന്നായി ദൈവം നിലകൊള്ളുന്നു. സത്യത്തിൽ ദൈവവും മതവും മനുഷ്യസൃഷ്ടികൾ മാത്രം. വേണ്ടതു മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും പ്രകൃതിയും തമ്മിലും അഹിംസാപരമായ ഇണക്കവും പൊരുത്തവും ബന്ധവും സാമൂഹ്യപരതയുമാണ്. നന്മ-തിന്മയുടെ ദ്വന്ദ്വ കാഴ്ചപ്പാടല്ല, മറിച്ച്, നന്മയിലൂന്നിയ സമഗ്രമായ, സമൂലമായ ലോകവീക്ഷണമാണ് നമ്മെ നയിക്കേണ്ടത്.

ഇവിടെ നവീകരണമോ നവോത്ഥാനമോ പാച്ചുവർക്കോ അല്ല, സമൂലമായ മാറ്റമാണ്, പുതിയ സൃഷ്ടിയാണ് ബദലായി രൂപപ്പെടേണ്ടത്. ഈ അതിജീവനപ്രക്രിയയിൽ, പുതിയതിന്റെ സൃഷ്ടിയിൽ വേണ്ടിവരുന്ന പ്രതിരോധം അനിവാര്യമാണ്; സമൂഹത്തോടും സാമൂഹ്യഘടനയോടും കലഹിക്കേണ്ടിവരും, പുതിയ സൃഷ്ടിയെ മുൻനിറുത്തിക്കൊണ്ട്. ഈ കലഹം വ്യക്തമായ ലക്ഷ്യത്തോടെയാണ്. ഈ പ്രക്രിയയെ അപഗ്രഥനം ചെയ്യുമ്പോൾ, നവീകരണം വിട്ടു മാറ്റത്തിലേക്കു വരുന്നതിനു പരിണാമപ്രക്രിയയിലൂടെ, വിപ്ലവത്തിലൂടെ പുതിയ സൃഷ്ടിയിൽ എത്തുകയാണു സംഭവിക്കുന്നത് (evolution-revolution-new creation). ഈ പുതിയ ബദൽ ജീവിതസൃഷ്ടിക്കു പുതിയ ലോകവീക്ഷണം, പുതിയ ചിന്താഗതി, പുതിയ ജീവിതശൈലി, പുതിയ പ്രവർത്തനരീതി - ഒക്കെ രൂപപ്പെടേണ്ടതുണ്ട്.

ഈ പുതിയ സൃഷ്ടി നടക്കുന്നതു പരലോകത്തല്ല. ഇവിടെ ഈ ലോകത്തു തന്നെയാണ്. അതുകൊണ്ട് ഇന്നത്തെ അവസ്ഥയെ അഭിസംബോധന ചെയ്തിട്ടേ മുന്നോട്ടു നീങ്ങാൻ സാധിക്കൂ. ഇന്നത്തെ നാറുന്ന സാമൂഹ്യാവസ്ഥയിൽ അസ്വസ്ഥരും അസംതൃപ്തരുമായവരുടെ ഒരു കൂട്ടായ്മ തന്നെയാണു നമ്മുടേത്; ഇന്നത്തെ അവസ്ഥയോടുള്ള വിദ്വേഷവും കലഹവും നമ്മുടെ രക്തത്തിലുണ്ട്. അതുകൊണ്ടാണ് പുതിയതിനെ, തൃപ്തി നൽകുന്ന ഒന്നിനെ അന്വേഷിക്കുക. അവിടെ സുപ്രധാന പങ്കുവഹിക്കുന്നതു നമ്മൾ ഓരോരുത്തരുടെയും നിലപാടാണ്. വ്യക്തമായ നിലപാടും സമാനചിന്തയുമുള്ളവരുടെ സഹവർത്തിത്വവും സഹജീവിതവും കൂട്ടായ്മയും പുതിയ ബദൽ സൃഷ്ടിയെ ത്വരിതപ്പെടുത്തും.

ഈ പുതിയ സൃഷ്ടി മതേതര-നവമാനവീക സൗഹൃദക്കൂട്ടായ്മയാകണം. കൂട്ടായ ജീവിതം, കൂട്ടായ അധ്വാനം, കൂട്ടായ ജീവസന്ധാരണം, കൂട്ടായ പങ്കുവയ്ക്കൽ - ഇവ നവമാനവ സംസ്കൃതിയുടെ ജൈവഘടകങ്ങളായിരിക്കും. ഇവിടെ വ്യക്തിയുടെ സ്വകാര്യതയും സ്വകാര്യ

ഇടവും സ്വാതന്ത്ര്യവും അംഗീകരിച്ചുകൊണ്ടുള്ള ഗ്രൂപ്പ് സ്വത്വത്തിനും സാമൂഹ്യപരതയ്ക്കുമാണ് പ്രാമുഖ്യം/മുൻതൂക്കം.

ഇവിടെ ശ്രദ്ധയോടെ യാഥാർത്ഥ്യങ്ങളെ അവയുടെ സമഗ്രതയിൽ, അവയുടെ തനിമയിൽ, നിറകണ്ണാടിയിലൂടെ അല്ലാതെ, വസ്തുനിഷ്ഠമായി കാണാൻ കഴിയണം. ഇന്ന് ലോകമാകെ ഒരു വലിയ ജയിലായിരിക്കുന്നു. ജയിൽവാർഡനെ അനുസരിച്ചു കീഴ്പ്പെട്ടു സുഖമായി ജീവിക്കുക എന്നതാണ് ഇന്ന് അംഗീകരിച്ചിട്ടുള്ള ഏക വഴി. നമ്മുടെ നിലപാടിൽ പല വഴികളുണ്ട്. ജയിലിൽനിന്നും പുറത്തുചാടുക. പുതിയ വഴികൾ നാം വെട്ടും. ബദൽ ജീവിതരീതി നാം കണ്ടെത്തും. ശുഭാപ്തിവിശ്വാസത്തോടെയുള്ള മുന്നോട്ടുള്ള നീക്കം ഈ അന്വേഷണത്തിൽ പ്രധാനമാണ്. അവിടെ പ്രകൃതി, പ്രാണൻ, പരിണാമം - ഇവയെ അടിസ്ഥാനമാക്കിയുള്ള ജീവിതമാണ്. വ്യക്തിസ്വത്വത്തിനും കുടുംബസ്വത്വത്തിനുമപ്പുറം സമൂഹസ്വത്വമാണു വിലപ്പെട്ടതെന്ന ബോധ്യത്തിൽ സംഘജീവിതക്കൂട്ടായ്മയ്ക്കാണു ലക്ഷ്യംവച്ചു മുന്നേറുന്നത്. ജീവന്റെ പാരസ്പര്യമാണു വലുത്. കുഞ്ഞുങ്ങളുടെ വിധേയത്വത്തിന്റെയും സ്ത്രീകളുടെ അടിമത്വത്തിന്റെയും പുരുഷന്മാരുടെ മേധാവിത്വത്തിന്റെയും ലൈംഗികതയുടെ അശുദ്ധവൽക്കരണത്തിന്റെയും പ്രതീകമായ കുടുംബസംവിധാനത്തെ പൊളിച്ചെഴുതിക്കൊണ്ട്, ജൈവപാരസ്പര്യത്തിൽ നിന്ന് ഉരുത്തിരിയുന്ന ഗണജീവിത (group living) മാണു നാം വിവക്ഷിക്കുക. അങ്ങനെ കുടുംബത്തിനുള്ള അർഥവത്തായ ബദലാകും സംഘജീവിതം.

ഈ സംഘജീവിതത്തിനു പ്രശ്നം നമ്മൾ തന്നെയാണ് - നമ്മുടെ കണക്കു കൂട്ടലുകളും കുറയ്ക്കലുകളും മറ്റും, നമ്മുടെ കുറ്റാരോപണങ്ങൾ, നമ്മുടെ വിലക്കുകളും അരുതായ്മകളും ഒക്കെയാണ് പ്രശ്നം. പ്രകൃതിയുടെ താളമാണ് ഈ സംഘജീവിതത്തിനു നിത്യ കൂട്ടുകാരി. ഓരോരുത്തരെയും അവരവരുടെ വഴിക്കുവിടുന്ന സ്വാതന്ത്ര്യത്തിന്റെ ബഹുമുഖതയുള്ളപ്പോഴും, സഹവർത്തിത്വത്തിന്റെയും ബഹുസ്വരതയുടെയും മാറ്റത്തിന്റെയും ശംഖനാദം കേട്ടനുഭവിക്കുന്ന അവസ്ഥയാണ് ഇതിന്റെ സ്വീകാര്യത. ഇവിടെ താളം, പൊരുത്തം, ഇണക്കം എന്നിവയ്ക്കു മൂല്യം ഏറുന്നു. ഇതിന്റെ പിന്നിലെ പ്രാപഞ്ചിക ഊർജം രൂപത്തിലും ഭാവത്തിലും (സ്ഥൂല തലത്തിൽ) വ്യത്യാസമെങ്കിലും, സൂക്ഷ്മതലത്തിൽ ഒന്നാണ്. അങ്ങനെ ഏകതാനതയും ബഹുലതയും/ബഹുത്വവും അലിഞ്ഞുചേരുന്ന ഒരു സാകല്യസംഗമമാണ് നാമിവിടെ അനുഭവിക്കുക. ഇതിന്റെ അടിസ്ഥാനമായി നിൽക്കുന്നതോ പഞ്ചഭൂതവും അവയിലേയ്ക്കുള്ള നമ്മുടെ ഇഴുകി-ഒഴുകി-ലയിച്ചുകൊണ്ടുള്ള ഒന്നാകലും, അതിലൂടെയുള്ള ജീവിതസാഫല്യവും.

ഇവിടെ വേണ്ടത് ആശയപരമായി ആയുധമണിയുകയാണ്. ഇന്നു നമ്മൾ ഒരു നാഗരികതയിലാണ്. ഇതിനെ നന്നാക്കാൻ ഒരുമ്പെട്ടു ജീവിതം കളയേണ്ട. ഒരു വിമാനയാത്രയിൽ വിമാനം അപകടത്തിലാ

യെന്നു ബോധ്യപ്പെട്ടാൽ പൈലറ്റിനെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല; ഉള്ള പാരച്യൂട്ട് സംഘടിപ്പിച്ചു പുറത്തു ചാടുക. ആ ചാട്ടത്തിൽ സാഹസികത (risk) ഉണ്ട്. എങ്കിലും അതുതന്നെയാണു കരണീയമായ മാർഗം. അതുപോലെ ദിശതെറ്റി ഓടിക്കൊണ്ടിരിക്കുന്ന ട്രയിനിലാണു നാം എങ്കിൽ, നമ്മുടെ ലക്ഷ്യസ്ഥാനത്തെത്തണമെങ്കിൽ ആ വണ്ടിയിൽ തന്നെ തിരിഞ്ഞുനടന്നിട്ടു കാര്യമില്ല; വണ്ടിയിൽനിന്നും പുറത്തുചാടണം; വണ്ടി മാറിക്കയറണം, ബദൽ ഇടം കണ്ടെത്തണം. ഈ ഒരാശയമാണ് ഡാനിയൽ ക്യൂൻ തന്റെ *Beyond Civilization* എന്ന പുസ്തകത്തിലൂടെ വ്യക്തമാക്കുന്നത്. ഇവിടെ ആദ്യം വേണ്ടത് ഞാൻ ഈ വ്യവസ്ഥാപിത അവസ്ഥയ്ക്കു ഫിറ്റ് അല്ല എന്ന ബോധ്യമാണ്. ഞാൻ ഒരു റിബലാണെന്ന വ്യക്തത. തുടർന്നു സംഘബോധത്തിലൂടെയുള്ള ബന്ധുത്വമാണുണ്ടാവുക. ഞാൻ നിങ്ങളുടേതാണ്, ഭൂമിയുടേതാണ് എന്ന വ്യക്തതയാണു സംഘജീവിതത്തിനു ആധാരം. എല്ലാവരും കൂട്ടമായി ജീവിക്കുന്ന സംഘജീവിതത്തിനും പ്രതിസന്ധിയും ബുദ്ധിമുട്ടുമുണ്ട്. പക്ഷേ അതിനെ അതിജീവിക്കാൻ പറ്റണം. ഇവിടെ വിജയപരാജയത്തേക്കാൾ, ഒന്നിച്ചു പ്രവർത്തിക്കുന്ന സംസ്കാരമാണുണ്ടാകേണ്ടത്. ഭൂരിപക്ഷ-ന്യൂനപക്ഷ തീരുമാനമല്ല, വ്യക്തിസ്വാതന്ത്ര്യമാണ് അന്തിമസ്വരം. വ്യക്തിയുടെ സുസ്ഥിതിക്കു വേണ്ടിയാണ് സംഘം. സാമൂഹ്യപരത അർഥപൂർണമാകുന്നതു വ്യക്തിസ്വാതന്ത്ര്യം സംരക്ഷിക്കുമ്പോഴാണ്.

ഇന്ന് എല്ലാം ഘടനാപരമായിത്തന്നെ അനീതി തന്നെ. അവിടെ അടിസ്ഥാന മാറ്റം അനിവാര്യം. ഈ മാറ്റം സാധിതമാക്കുക പരിണാമ പ്രക്രിയയിലൂടെ തന്നെ. നമ്മുടെ ധർമം ഈ പ്രക്രിയയിൽ ഉൾച്ചേരുകയാണ്. സംഘജീവിതധാരണ പോലും ഈ പരിണാമത്തിനു വിധേയമാണ്. പ്രകൃതിസൗഹൃദ ജീവിതമാണു ലക്ഷ്യം. മരണം പോലും പ്രകൃതിസൗഹൃദമാകണം. അവിടെ മതത്തിനും സമുദായത്തിനും നാം ജനിച്ചുവീണ കുടുംബത്തിനും യാതൊരു പങ്കുമില്ല; അവകാശവുമില്ല. എന്റെ മരണാനന്തരം എങ്ങനെയെന്നു ഞാൻ തീരുമാനിക്കും; എന്റെ സംഘത്തിന് എനിക്കായി അതു നിറവേറ്റിത്തരുവാനുള്ള ഉത്തരവാദിത്വമുണ്ട്. അത് ഒരു സാമൂഹ്യബദലായി മാറുകയാണ്. മരണം ഒരു പ്രപഞ്ചലയനമാണ്. സ്നേഹിച്ചവർക്ക് ശാരീരിക അടുപ്പം ഇല്ലാതാകുന്നതിന്റെ വേദനയുണ്ടെങ്കിലും, ദുഃഖിക്കാനൊന്നുമില്ല. പ്രപഞ്ച ഊർജത്തിലുള്ള സജീവലയനമല്ലേ നമ്മുടെ ജീവിതസാഫല്യം. യുക്തിവാദിക്കു മനുഷ്യത്വം വരേ വരാൻ പറ്റൂ. നമ്മുടെ ദർശനം ജൈവപ്രാപഞ്ചിക (biocentric & cosmic)മാണ്. അവിടെ മരണം പ്രാപഞ്ചിക ലയനമാണ്. അതു സൗഹൃദത്തിനു വിശാലമായ പുത്തൻ മാനങ്ങൾ സൃഷ്ടിക്കുന്നു.

നമ്മുടെ ഈ പുതിയ സംഘജീവിതത്തിൽ നമ്മുടെ പദപ്രയോഗങ്ങൾ (terminology) തന്നെ മാറേണ്ടതുണ്ട്. സ്ത്രീയെ രണ്ടാംതരം എന്നു ധ്വനിപ്പിക്കുന്ന ഒരു പദവും രസത്തിനു പോലും ഉപയോഗിക്കരുത്. ഭാഗ്യം

-നിർഭാഗ്യം, വിജയം-പരാജയം, മത്സരം, നേതൃത്വം, ലാഭം-നഷ്ടം തുടങ്ങിയ പദങ്ങൾ ഒന്നും നമ്മുടെ നിഘണ്ടുവിലില്ല.

സംഘജീവിതം ബദൽ കൂട്ടായ്മയാണ്. ഇരുട്ടിനെ എതിർക്കാം, ഒരു തിരി കത്തിക്കാം. പഴയതിനെ എതിർത്തു തല്ലിപ്പൊളിക്കാം, പുതിയതു സൃഷ്ടിക്കാം. പ്രതിരോധത്തിനുവേണ്ടി ജീവൻ കളയുന്നതോ വിളക്കു കത്തിച്ചു പ്രകാശം പരത്തി സൃഷ്ടിക്കുന്നതോ ഏതാണു കരണീയം എന്നു ഗൗരവമായി ചിന്തിച്ചു തീരുമാനമെടുക്കണം. പുതിയ സൃഷ്ടി പ്രകാശം പരത്തുമ്പോൾ അന്ധകാരം ഇല്ലാതാവുക സ്വാഭാവികമല്ലേ.

ആദ്യം ഉണ്ടായിരുന്നത് ദൈവം-പിശാച്, നന്മ-തിന്മ, പുണ്യം-പാപം, സ്വർഗം-നരകം തുടങ്ങിയ വൈരുധ്യാത്മക ആത്മീയവാദമാണ്. പിന്നെ മാർക്സാണു വൈരുധ്യാത്മക ഭൗതികവാദത്തെപ്പറ്റി ശാസ്ത്രീയമായി പഠിപ്പിച്ചത്. നമ്മുടെ ദർശനത്തിലെ സംഘജീവിതം ഇവയെ നിഷേധിക്കുന്നു, സമൂലമാറ്റം വിഭാവനം ചെയ്യുന്നു. വൈവിധ്യവും താളവും ഒരുപോലെ പ്രധാനപ്പെട്ടതാണ്. കളിക്കൂട്ടബന്ധം പോലെയാണു സംഘജീവിതബന്ധം. ഓരോരുത്തർക്കും വ്യത്യസ്തമായ തനതു പങ്കുണ്ട്; ഓരോരുത്തരുടേയും പങ്കു വിലപ്പെട്ടതുമാണ്. പ്രകൃതിയുടെ ജീവന്റെ താളത്തിന്റെ സ്വഭാവവും ഇതുതന്നെ. പ്രകൃതിയുടെ പ്രഥമഭാവം അടുപ്പം, ഇണക്കം, ലയനമാണ്; വൈവിധ്യത്തിന്റെ മനോഹാരിത കാത്തുസൂക്ഷിച്ചുകൊണ്ട്. നമ്മുടെ സംഘജീവിതത്തിന്റെ സ്വഭാവവുമിതുതന്നെ.

സംഘജീവിതത്തിൽപ്പെട്ട ഒരു വ്യക്തി മരിച്ചാൽ, അനുസ്മരണം അഥവാ അദ്ദേഹത്തിന്റെ ഓർമ നിലനിർത്തൽ എന്ന പ്രക്രിയയ്ക്കു ബദൽ ദർശനത്തിൽ പ്രസക്തി എന്ത് എന്ന ചോദ്യത്തെ അഭിസംബോധന ചെയ്യേണ്ടതുണ്ട്. ഏതായാലും വ്യക്തിയുടെ സ്തുതിപാടലും ആരാധനയും പാടില്ല. പുതുതലമുറയ്ക്കു പ്രചോദനമായും, ആ വ്യക്തി നിലപാടെടുത്തു ശക്തിപ്പെടുത്തിയ ആശയത്തെ ഹൈലൈറ്റ് ചെയ്യാനുള്ള ഒരവസരമായും ഓർമയെ കാണാം. അതു ചരിത്രത്തിനു മുതൽക്കൂട്ടാണ്. ഭാവി, ഭൂതം, വർത്തമാനം എന്നതിൽ വർത്തമാനത്തിനാണു മുൻതൂക്കം. ഭൂതം എന്തായാലും റിലേറ്റീവ് പ്രാധാന്യമേയുള്ളൂ. പഴയതിനോടു അമിതമായ അറ്റാച്ച്മെന്റ് ശരിയാകില്ല. പരിണാമമാണു പ്രധാനം. ഭൂതം, വർത്തമാനം, ഭാവി എന്നത് അനുസ്യൂത പരിണാമ പ്രവാഹമാണ്. അവിടെ വ്യക്തിക്കുള്ളതിനേക്കാൾ പ്രാധാന്യം ആ വ്യക്തി നിലകൊണ്ട ദർശനത്തിനും ആശയസംഹിതയ്ക്കുമാണ്. ആദിവാസി സംസ്കാരത്തിൽ നാമിതു ദർശിക്കുന്നു. അവിടെ സംഘജീവിതത്തിനാണ് പ്രാമുഖ്യവും വിലയും. വ്യക്തിയുടെ അനുഭവം കാര്യങ്ങൾക്കു മൂർച്ച നൽകിയേക്കാം. അമേരിക്കയിലെ സിയാറ്റിലെ മൂപ്പന്റെ കത്ത് പ്രപഞ്ചബന്ധിത ജീവിതത്തിനു വേണ്ട മൂർച്ച പകരുന്നു. അതിന്റെ മൂല്യം ആനുപാതികമാണ്. യഥാർഥ മൂല്യം സംഘജീവിതത്തിനു തന്നെ.

നമ്മൾ ചെറിയൊരു ഗ്രൂപ്പു സംഘജീവിതം പ്രായോഗികമാക്കാൻ തീരുമാനിച്ചാൽ, എന്തൊക്കെയാണു ശ്രദ്ധിക്കാനുള്ളത് എന്നു ചിന്തി

ച്ചുനോക്കാം. അങ്ങനെ ഒരു സംഘം ജീവിതമാരംഭിച്ചാൽ പുതിയ വ്യക്തികൾ തീർച്ചയായും വരും. ചില ധാരണകൾ കുറിക്കട്ടെ.

- സംഘമായിത്തന്നെ പദ്ധതിക്കു രൂപംകൊടുക്കണം.
- നിലപാടിൽ വ്യക്തതയുണ്ടാകണം; സമാനതയും.
- പരിപാടികൾ വർക്ക്ഔട്ട് ചെയ്യാൻ അതിന്റെ രീതിശാസ്ത്രം സുതാര്യമായി കണ്ടുപിടിക്കണം.
- സംഘത്തിൽ ബന്ധപ്പെടുന്നവരുടെ ബോധമനസ്സ് ഉയരണം.
- കൃത്യമായ പ്ലാനിങ് വേണം.
- സ്വതന്ത്രമായ ഇടവും കൂട്ടായ്മയും ഉണ്ടാകണം.
- അധ്വാനം, വിശ്രമം, രോഗം, മരണം, ശവസംസ്കാരം - ഒക്കെ ഒത്തു ചിന്തിക്കണം.
- സാമ്പത്തികം, സന്യാസം പോലെ പൊതു പൂളിങ് അല്ല; ഓരോരുത്തരും അവരവരുടെ നിയന്ത്രണത്തിൽ സൂക്ഷിച്ചിട്ട്, പൊതുകാര്യത്തിന് ഉപയോഗിക്കുക; മരണാനന്തരം പൊതുവാകുന്ന രീതിയിൽ വ്യവസ്ഥ ചെയ്തിട്ട്.
- സാമ്പത്തികസ്വാതന്ത്ര്യം അനിവാര്യഘടകമാണ്. ആശ്രിതർ തുല്യരല്ലാത്ത അവസ്ഥ ഉണ്ടാക്കും.
- ഭക്ഷണത്തിൽ മുഖ്യ ഊന്നൽ പൊതുമേശയ്ക്ക് ഉണ്ടെങ്കിലും സ്വാതന്ത്ര്യമുണ്ടായിരിക്കും, അവരവരുടെ ആവശ്യവും സന്തോഷവുമനുസരിച്ചു മാറി ഭക്ഷിക്കാൻ.
- സംഘജീവിതത്തിൽ വ്യക്തിയുടെ സർഗാത്മകതയ്ക്കു പ്രാധാന്യമുണ്ട്.
- മണ്ണും കൃഷിയും ഏറ്റവും പ്രധാനം. എല്ലാവരും ഒത്തു സഹകരിച്ചു പ്രവർത്തിക്കുക, അധ്വാനിക്കുക.
- വ്യക്തിതാൽപ്പര്യങ്ങൾ ആദരവോടെ അംഗീകരിക്കുക.
- വ്യക്തിയുടെ സർഗാത്മകത വളരാനും സ്വാതന്ത്ര്യം അനുഭവിക്കാനുമുള്ള സാഹചര്യമുണ്ടാകണം.
- സംഘജീവിതത്തിന് ഒരു ധാരണയുണ്ടാകണം; ലീഡറെ അനുസരിക്കുന്ന ചിട്ട (ഓർഡർ) വേണ്ട.
- ഓരോരുത്തരുടെയും സ്വാതന്ത്ര്യത്തോടെയുള്ള ഉത്തരവാദിത്വത്തോടെയുള്ള ഡിസോർഡർ നല്ലതാണ്.
- ധാരണയുടെ ഫ്ളെക്സിബിലിറ്റി ഉണ്ടാകണം.
- നിയന്ത്രണമല്ല, താങ്ങാണ് ഉണ്ടാകേണ്ടത്.
- സർഗാത്മകയും സ്വാതന്ത്ര്യവും പ്രപഞ്ചം പോലെ വലുതാണ്.
- താമസം വ്യത്യസ്ത കൂരയിൽ സഹകരിച്ചാകാം; ഒരു കൂരയിൽ തന്നെ എല്ലാവരുമാകാം. ഇത് ഉരുത്തിരിയണം.
  (nearby, one campus, one roof - മൂന്നു സാധ്യതകൾ)
- വ്യത്യസ്തതകൾ സഗൗരവം കണ്ട് അംഗീകരിക്കുക.

- കൊണ്ടും കൊടുത്തും പോകണം; സ്വാതന്ത്ര്യം ബലികഴിച്ചിട്ടു പാടില്ല.
- ഒരുമിച്ചു ആശയങ്ങൾ പങ്കുവയ്ക്കുന്നു, ഒരുമിച്ചു പ്രവർത്തനങ്ങൾക്കു രൂപംകൊടുക്കുന്നു, ഒരുമിച്ചുള്ള ഭക്ഷണം കഴിവതും നടത്തുന്നു. ശുശ്രൂഷ, യാത്ര, ജോലി, ആഹാരം - ഒക്കെ കൂട്ടായ്മയുടെ അനുഭവമാക്കി മാറ്റുന്ന അവസ്ഥ.
- പൊതു ഇടത്തിനും സ്വകാര്യ ഇടത്തിനും തുല്യപ്രാധാന്യം ഉറപ്പു വരുത്തണം.
- ചെറുതും ലളിതവും. ഇവയുടെ മാനദണ്ഡം നിശ്ചയിക്കേണ്ടതു ഓരോ വ്യക്തിയാണ്. ഇവിടെയും ഫ്ളക്സിബിലിറ്റി വേണം. അംഗീകരിക്കണം.
- നാം സ്വയം നിർമിക്കണം, നിർമിക്കപ്പെടുകയല്ല വേണ്ടത്.

അനുബന്ധം - 19

7154

## മരണാനന്തര ഒസ്യത്ത്
## (21. 9. 1998 ൽ എഴുതിയത്)

**JANAJAGRTHY**

Reg: No. A. 310/91
Paravoor, Alappuzha - 688014, Keralam, S. India.
Phone: 0477 - 257602

On the 21st day of September 1998. I, Fr. Aloysius D. Fernandez, Janajagrthy Bhavan, Paravoor, Alappuzha 688014 declare it as my desire and 'Will' to donate my body, both as whole or as part as the case may be, to the Department of Anatomy, Alappuzha Medical College or to any other Medical College closest to the place of my death. It is approved and signed by only brother Mr. Joseph D. Fernandez (s/d-) and my only sister Mrs. Varithal Samson called Baby (s/d-) who are my legal successors at presant. The two witnesses are: (1) my elder brother's son Mr. Johnson A. (s/d-) and one of the staff of Janajagrthy, Paravoor, Alappuzha where I am working now, namely Mr. N. G. Sasthri Valiyaparambil, Peringalipuram (s/d-).

(s/d-)

Fr. Aloysius D Fernandez

PC Library & Research Center

Signature of legal successors:

1. Joseph D. Fernandez s/d-
2. Varithal Samson s/d-

Signature of the witnesses:

1. Johnson A. s/d-
2. N. G. Sasthri s/d-

ഒരു പുരോഹിതന്റെ ആത്മകഥ

# എന്റെ കഥ എന്റെ ജീവൻ



ഫാ. അലോഷ്യസ് ഡി ഫെർണാന്റസ്

*പറയുന്നതു വിശ്വസിക്കുക, വിശ്വസിക്കുന്നതു പ്രാവർത്തികമാക്കുക, എപ്പോഴും മാനവരാശിയുടെ മോചനം ലക്ഷ്യമാക്കുക – എന്നീ മുദ്രാവാക്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ടു ജീവിതത്തിന് അർഥം നൽകാൻ അനവരതം പരിശ്രമിച്ചുപോന്ന ഒരു മനസിന്റെ സ്പന്ദനമാണ് ഈ ഗ്രന്ഥം വായിക്കുന്നവർക്ക് അനുഭവപ്പെടുക.*

*'ഈ ഗ്രന്ഥത്തെ ആരു സ്പർശിക്കുന്നുവോ അയാൾ ഒരു മനുഷ്യനെയാണ് സ്പർശിക്കുന്നത്' എന്ന് ഒരു പാശ്ചാത്യകവി എഴുതിയിട്ടുള്ള വാക്കുകൾ ഫാ. അലോഷ്യസിന്റെ ആത്മകഥാസദൃശമായ ഈ ഗ്രന്ഥത്തിനു നല്ലതുപോലെ ഇണങ്ങുന്നു.*

അവതാരികയിൽ എം കെ സാനു

അധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കുമൊപ്പം യാത്ര ചെയ്ത ഒരു പുരോഹിതന്റെ പോരാട്ടം നിറഞ്ഞ ജീവിതമാണ് ഈ പുസ്തകം. പ്രണയത്തെ വാഴ്ത്തി വിഭജിക്കാത്തവർക്ക് നൽകുന്ന ജീവന്റെ അപ്പമാണ് ഈ കൃതി.

ISBN 81-262-0765-5

9788126207657 07

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം

വില: ₹ 225

ഒരു പുരോഹിതന്റെ ആത്മകഥ

# എന്റെ കഥ എന്റെ ജീവൻ

921 ALO

ഫാ. അലോഷ്യസ് ഡി ഫെർണാന്റസ്

Indic Digital Archive Foundation
gpura.org